Prayer Hymns And Lyrics

Aleyamma Jo



# THE BOOK OF
# COMMON PRAYER

(*ABRIDGED*)

---

# പ്രാൎത്ഥനാക്രമം

---

KOTTAYAM
PRINTED AT THE C. M. S. PRESS
1939

# സംഗതിവിവരം


| | പുറം. |
|---|---|
| കാലത്തെ പ്രാൎത്ഥനാക്രമം | 1 |
| വൈകുന്നേരത്തെ പ്രാൎത്ഥനാക്രമം | 21 |
| അത്താനാസ്യോസിന്റെ വിശ്വാസപ്രമാണം | 34 |
| ലിത്താനി | 33 |
| പ്രാൎത്ഥനകളും സ്തോത്രങ്ങളും | 46 |
| അപേക്ഷകൾ | 56 |
| കൎത്താവിന്റെ അത്താഴം | 89 |
| ശിശുക്കൾക്കുള്ള പരസ്യബപ്തിസ്മ | 118 |
| പൈതങ്ങൾക്കുള്ള രഹസ്യബപ്തിസ്മ | 127 |
| മുതിൎന്നവൎക്കുള്ള ബപ്തിസ്മ | 132 |
| ചോദ്യോത്തരം | 144 |
| സ്ഥിരീകരണം | 152 |
| വിവാഹത്തിന്റെ ആചാരക്രമം | 156 |
| രോഗികളെ ദൎശിക്കുന്നതിനുള്ള ക്രമം | 166 |
| രോഗികളുടെ വിശുദ്ധസംസൎഗ്ഗക്രമം | 177 |
| മരിച്ചവരെ അടക്കുന്ന ക്രമം | 179 |
| പ്രസവസ്തോത്രം | 187 |
| ഭയനിൎദ്ദേശം | 191 |
| സങ്കീൎത്തനങ്ങൾ | 199 |

THE ORDER FOR

# MORNING PRAYER

## DAILY THROUGHOUT THE YEAR

---

സംവത്സരം മുഴുവനും നാൾതോറും
ചൊല്ലേണ്ടുന്ന

# കാലത്തെ പ്രാൎത്ഥനാക്രമം

---

¶ കാലത്തെ പ്രാൎത്ഥന തുടങ്ങുമ്പോൾ ശുശ്രൂഷകൻ തിരുവെഴുത്തുകളിൽനിന്നു താഴെ ചേൎത്തിരിക്കുന്നവയിൽ ഒന്നൊ അധികമൊ വാക്യങ്ങൾ ഉറക്കെ വായിക്കേണം. പിന്നെ അവൻ ആ വാക്യങ്ങളുടെ പിന്നാലെ എഴുതിയിരിക്കുന്നതു ചൊല്ലേണം.

ദുഷ്ടൻ താൻ ചെയ്ത ദുഷ്ടത വിട്ടുതിരിഞ്ഞു നീതിയും ന്യായവും പ്രവൎത്തിക്കുന്നു എങ്കിൽ, അവൻ തന്നെത്താൻ ജീവനോടെ രക്ഷിക്കും.

യെഹെ. ൧൮. ൨൭.

എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു; എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു.

സങ്കീ. ൫൧. ൩.

എന്റെ പാപങ്ങളെ കാണാതവണ്ണം നിന്റെ മുഖം മറെക്കേണമേ; എന്റെ അകൃത്യങ്ങളെ ഒക്കെയും മായിച്ചുകളയേണമേ.

സങ്കീ. ൫൧. ൯.

ദൈവത്തിന്റെ ഹനനയാഗങ്ങൾ തകൎന്നിരിക്കുന്ന മനസ്സു; തകൎന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ, നീ നിരസിക്കയില്ല.

സങ്കീ. ൫൧. ൧൭.

വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ തന്നേ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിവിൻ, അവൻ

കൃപയും കരുണയും ദീൎഘക്ഷമയും മഹാ ദയയുമുള്ളവനല്ലോ
അവൻ അനൎത്ഥത്തെക്കുറിച്ചു അനുതപിക്കും.

യോവേൽ. ൨. ൧

ഞങ്ങളുടെ ദൈവമായ കൎത്താവിന്റെ പക്കൽ കരു
യും മോചനവും ഉണ്ടു; ഞങ്ങളോ അവനോടു മത്സരി
അവൻ ഞങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്ന ന്യായപ്രമാണ
കാരം നടപ്പാൻ ഞങ്ങൾ ഞങ്ങളുടെ ദൈവമായ യഹോവ
ടെ വചനം കേട്ടനുസരിച്ചില്ല. ദാനീ. ൯. ൯,

യഹോവേ, ഞാൻ ഇല്ലാതെയായ്പോകാതിരിക്കേണ്ട
ന്നു നീ എന്നെ കോപത്തോടെയല്ല ന്യായത്തോടെയത്രേ
ക്ഷിക്കേണമേ. യിരെ. ൧൦. ൨൪; സങ്കീ. ൬

സ്വൎഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെ
വിൻ. വിശു. മത്താ. ൩.

ഞാൻ എഴുന്നേറ്റു അപ്പന്റെ അടുക്കൽ ചെന്നു അ
നോടു: അപ്പാ, ഞാൻ സ്വൎഗ്ഗത്തോടും നിന്നോടും പാപം ചെ
യ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്നു പേരിന്നു ഞാ
യോഗ്യനല്ല എന്നു പറയും. വിശു. ലൂക്കൊ. ൧൫. ൧൮, ൧

യഹോവേ, അടിയനെ ന്യായവിസ്താരത്തിൽ പ്രവേ
പ്പിക്കരുതേ; ജീവനുള്ളവൻ ആരും തിരുസന്നിധിയിൽ നീ
മാനാകയില്ലല്ലോ. സങ്കീ. ൧൪൩.

നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ
മ്മെത്തന്നേ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയാ
നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോ
ടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ
ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും
കുന്നു. ൧ വിശു. യോഹ. ൧. ൮,

പ്രിയപ്പെട്ട സഹോദരന്മാരേ, നമ്മുടെ സ്വൎഗ്ഗസ്ഥ പിതാ
യ സൎവ്വശക്തിയുള്ള ദൈവത്തിന്റെ അളവററ നന്മയും ക
ണയുംകൊണ്ടു നമുക്കു പാപമോചനം ലഭിപ്പാനായിട്ടു, ന
ടെ പലവിധ പാപങ്ങളെയും ദുഷ്ടതയെയും നാം അവ
നിന്നു മറെക്കാതെ, താഴ്മയും, വിനയവും, അനുതാപവും,

നുസരണവുമുള്ള ഹൃദയത്തോടെ ഏററുപറയണം എന്നു തിരുവെഴുത്തിൽ പല ഭാഗങ്ങളിലും നമ്മെ ഉത്സാഹിപ്പിക്കുന്നു. നാം എല്ലായ്പോഴും ദൈവത്തിന്റെ മുമ്പാകെ നമ്മുടെ പാപങ്ങളെ വിനയത്തോടെ അറിയിക്കേണ്ടതാകുന്നു, എങ്കിലും, അവന്റെ കൈകളിൽനിന്നു നമുക്കു ലഭിച്ചിട്ടുള്ള വലിയ ഉപകാരങ്ങളെ കുറിച്ചു അവന്നു സ്തോത്രം ചെയ്വാനും, അവന്റെ ഏററവും യോഗ്യമായ മഹത്വം പ്രസിദ്ധമാക്കുവാനും, അവന്റെ മഹാ വിശുദ്ധവചനം കേൾപ്പാനും, ശരീരത്തിന്നും ആത്മാവിന്നും ആവശ്യമുള്ള വസ്തുക്കളെ ചോദിപ്പാനും നാം യോഗം കൂടുമ്പോൾ പ്രത്യേകം അങ്ങനെ ചെയ്യേണ്ടതാകുന്നു. ആയതു കൊണ്ടു ഇപ്പോൾ ഇവിടെയുള്ളവരെല്ലാവരും വിശുദ്ധഹൃദയത്തോടും, വിനയശബ്ദത്തോടും, സ്വർഗ്ഗീയ കൃപയുടെ സിംഹാസനത്തിങ്കലേക്കു എന്നോടുകൂടെ പോന്നു, എന്റെ പിന്നാലെ ചൊല്ലേണമെന്നു നിങ്ങളോടു ഞാൻ യാചിക്കുന്നു:

യോഗം മുഴുവനും മുട്ടുകുത്തി ശുശ്രൂഷകന്റെ പിന്നാലെ ചൊല്ലേണ്ടുന്ന പൊതുവിലുള്ള പാപസ്വീകാരം.

സർവ്വശക്തിയും മഹാ കരുണയുമുള്ള പിതാവേ, ഞങ്ങൾ കാണാതെപോയ ആടുകളെ പോലെ നിന്റെ വഴികളിൽനിന്നു തെററി ചിന്നിയിരിക്കുന്നു. ഞങ്ങളുടെ സ്വന്ത ഹൃദയങ്ങളിലെ വിചാരങ്ങളെയും മോഹങ്ങളെയും ഞങ്ങൾ ഏററവും അനുസരിച്ചു നടന്നിരിക്കുന്നു. ഞങ്ങൾ നിന്റെ വിശുദ്ധ കല്പനകളെ ലംഘിച്ചിരിക്കുന്നു. ഞങ്ങൾ ചെയ്യേണ്ടുന്ന കാര്യങ്ങളെ ചെയ്യാതെ വിട്ടു; ഞങ്ങൾ ചെയ്യരുതാത്ത കാര്യങ്ങളെ ചെയ്തിരിക്കുന്നു; ഞങ്ങളിൽ സൌഖ്യവുമില്ല. എന്നാലും, കർത്താവേ, അരിഷ്ടന്മാരായി കുററക്കാരാകുന്ന ഞങ്ങളോടു കരുണയുണ്ടാകേണമേ. ദൈവമേ, തങ്ങളുടെ പിഴകളെ ഏററു പറയുന്നവരോടു ക്ഷമിക്കേണമേ. ഞങ്ങളുടെ കർത്താവായ യേശുമശിഹാമൂലം നീ മനുഷ്യവർഗ്ഗത്തോടു അറിയിച്ചിരിക്കുന്ന വാഗ്ദത്തപ്രകാരം അനുതപിക്കുന്നവരെ വീണ്ടും കൈക്കൊള്ളേണമേ. മഹാ കരുണയുള്ള പിതാവേ, നിന്റെ പരിശുദ്ധ നാമത്തിന്റെ മഹത്വത്തിന്നായിട്ടു ഞങ്ങൾ ഇനിമേൽ ദൈവഭക്തിയോടും, നീതിയോടും, സുബോധത്തോടും നടക്കേണ്ടതിന്നു മശിഹാ നിമിത്തം കൃപ ചെയ്യേണമേ. ആമെൻ.

¶ ജനങ്ങൾ മുട്ടുകുത്തി തന്നേ നില്ക്കുമ്പോൾ പ്രെസ്ബിറ്റർ എഴുന്നേറ്റു നിന്നുകൊണ്ടു അവൻ മാത്രം അറിയിക്കേണ്ടുന്ന പാപമോചനം.

**ന**മ്മുടെ കൎത്താവാകുന്ന യേശുമശിഹായുടെ പിതാവായ സൎവ്വശക്തിയുള്ള ദൈവം പാപി മരിക്കേണമെന്നല്ല, അവൻ തന്റെ ദുഷ്ടത വിട്ടുതിരിഞ്ഞു ജീവിക്കേണമെന്നു അത്രെ ആഗ്രഹിക്കുന്നതു; അനുതപിക്കുന്ന ജനങ്ങളോടു അവരുടെ പാപങ്ങളുടെ മോചനവും മാപ്പും അറിയിപ്പാൻ അവൻ തന്റെ ശുശ്രൂഷകന്മാൎക്കു അധികാരവും കല്പനയും കൊടുത്തിരിക്കുന്നു; നേരായി മാനസാന്തരപ്പെട്ടു തന്റെ വിശുദ്ധ സുവിശേഷത്തെ വ്യാജം കൂടാതെ വിശ്വസിക്കുന്ന എല്ലാവരോടും അവൻ ക്ഷമിച്ചു പാപമോചനം ചെയ്യുന്നു. അതുകൊണ്ടു നാം ഈ സമയത്തു ചെയ്യുന്ന കാൎയ്യങ്ങൾ അവന്നു ഇഷ്ടമായിരിപ്പാനും, മേലാൽ നമ്മുടെ ശിഷ്ടായുസ്സു നിൎമ്മലമായും ശുദ്ധമായും ഇരിപ്പാനും, നാം ഒടുക്കം അവന്റെ നിത്യ സന്തോഷത്തിലേക്കു പ്രവേശിപ്പാനും തക്കവണ്ണം അവൻ നമുക്കു സത്യമാനസാന്തരത്തെയും തന്റെ പരിശുദ്ധാത്മാവിനെയും തരേണമെന്നു നാം നമ്മുടെ കൎത്താവായ യേശുമശിഹാമൂലം അവനോടു യാചിക്ക.

¶ ഇവിടെയും മറ്റുള്ള സകല അപേക്ഷകളുടെയും അവസാനത്തിങ്കലും ജനങ്ങൾ **ആമെൻ** എന്നു ഏറ്റുചൊല്ലേണം.

¶ അതിന്റെ ശേഷം, ജനങ്ങൾ മുട്ടുകുത്തി നില്ക്കെ ശുശ്രൂഷകനും മുട്ടുകുത്തി കൎത്താവിന്റെ പ്രാൎത്ഥന, കേൾക്കത്തക്ക ശബ്ദത്തിൽ ചൊല്ലേണം. അവർ ഇവിടെയും ദൈവാരാധനയിൽ ഇതു ചൊല്ലേണ്ടതായ മറ്റെല്ലാ ഭാഗങ്ങളിലും അവനോടുകൂടെ ചൊല്ലേണം.

**സ്വ**ൎഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെ പോലെ ഭൂമിയിലും ചെയ്യപ്പെടേണമേ. ഞങ്ങളുടെ ദിവസവുമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരേണമേ. ഞങ്ങളുടെ നേരെ കുറ്റം ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ കുറ്റങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിലേക്കു കടത്താതെ, ദോഷത്തിൽനിന്നു രക്ഷിക്കേണമേ. രാജ്യവും, ശക്തിയും, മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ ആകുന്നു. ആമെൻ.

¶ അതിൻെറ ശേഷം അവൻ ചൊല്ലേണ്ടതു,

കത്താവേ, ഞങ്ങളുടെ അധരങ്ങളെ തുറക്കേണമേ.

പ്രതിവാക്യം. എന്നാൽ ഞങ്ങളുടെ വായ് നിൻെറ സ്തുതിയെ വൎണ്ണിക്കും.

പ്രെസ്ബിററർ. ദൈവമേ, ഞങ്ങളെ രക്ഷിപ്പാൻ വേഗം വരേണമേ.

പ്രതിവാക്യം. കത്താവേ, ഞങ്ങൾക്കു സഹായിപ്പാൻ ശീഘ്രം വരേണമേ.

¶ ഇവിടെ എല്ലാവരും എഴുന്നേററു നിന്നിട്ടു പ്രെസ്ബിററർ ചൊല്ലേണ്ടതു,

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ;

പ്രതിവാക്യം. ആദിയിങ്കലും, ഇപ്പോഴും, എന്നേക്കുമുള്ള പ്രകാരം തന്നേ. ആമെൻ.

പ്രെസ്ബിററർ. കത്താവിനെ സ്തുതിപ്പിൻ.

പ്രതിവാക്യം. കത്താവിൻെറ നാമം സ്തുതിക്കപ്പെടട്ടെ.

¶ അതിൻെറശേഷം ൯൫ താഴെയുള്ള സങ്കീൎത്തനം ചൊല്ലുകയൊ പാടുകയൊ വേണം; എന്നാൽ പെസഹാഞായറാഴ്ചെക്കു വേറെ ഒരു ആന്ഥം നിശ്ചയിച്ചിട്ടുണ്ടു. മാസംതോറും പത്തൊമ്പതാം തിയ്യതി ൯൫ സങ്കീൎത്തനം ഇവിടെ അല്ല, അന്നത്തേക്കുള്ള സങ്കീൎത്തനങ്ങളുടെ കൂട്ടത്തിൽ വായിക്കേണം.

## VENITE, EXULTEMUS DOMINO
### സങ്കീൎത്തനം ൯൫

**വ**രുവിൻ, നാം യഹോവെക്കു ഉല്ലസിച്ചു ഘോഷിക്ക; നമ്മുടെ രക്ഷയുടെ പാറെക്കു ആൎപ്പിടുക.

നാം സ്തോത്രത്തോടെ അവൻെറ സന്നിധിയിൽ ചെല്ലുക; സങ്കീൎത്തനങ്ങളോടെ അവന്നു ഘോഷിക്ക.

യഹോവ മഹാദൈവമല്ലോ; അവൻ സകല ദേവന്മാൎക്കും മീതെ മഹാരാജാവു തന്നേ.

ഭൂമിയുടെ അധോഭാഗങ്ങൾ അവൻെറ കയ്യിൽ ആകുന്നു; പൎവ്വതങ്ങളുടെ ശിഖരങ്ങളും അവന്നുള്ളവ.

സമുദ്രം അവന്നുള്ളതു്; അവൻ അതിനെ ഉണ്ടാക്കി; കരയെയും അവന്റെ കൈകൾ മനഞ്ഞിരിക്കുന്നു.

വരുവിൻ, നാം വണങ്ങി നമസ്കരിക്ക; നമ്മെ നിർമ്മിച്ച യഹോവയുടെ മുമ്പിൽ മുട്ടുകുത്തുക.

അവൻ നമ്മുടെ ദൈവമാകുന്നു; നാമോ അവൻ മേയിക്കുന്ന ജനവും അവന്റെ കൈക്കലെ ആടുകളും തന്നേ.

ഇന്നു നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നുവെങ്കിൽ, മെരീബയിലെപ്പോലെയും മരുഭൂമിയിൽ മസ്സാനാളിലെപ്പോലെയും നിങ്ങളുടെ ഹൃദയത്തെ കഠിനമാക്കരുതു.

അവിടെവെച്ചു നിങ്ങളുടെ പിതാക്കന്മാർ എന്നെ പരീക്ഷിച്ചു; എന്റെ പ്രവൃത്തി അവർ കണ്ടിട്ടും എന്നെ ശോധന ചെയ്തു.

നാല്പതു ആണ്ടു എനിക്കു ആ തലമുറയോടു നീരസം ഉണ്ടായിരുന്നു; അവർ തെററിപ്പോകുന്ന ഹൃദയമുള്ളോരു ജനം എന്നും എന്റെ വഴികളെ അറിഞ്ഞിട്ടില്ലാത്തവരെന്നും ഞാൻ പറഞ്ഞു.

ആകയാൽ അവർ എന്റെ സ്വസ്ഥതയിൽ പ്രവേശിക്കയില്ലെന്നു ഞാൻ എന്റെ ക്രോധത്തിൽ സത്യം ചെയ്തു.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ;

ആദിയിങ്കലും, ഇപ്പോഴും, എന്നേക്കുമുള്ള പ്രകാരം തന്നേ. ആമെൻ.

¶ അതിന്റെ ശേഷം സങ്കീർത്തനങ്ങൾ നിശ്ചയിച്ചിരിക്കുന്ന ക്രമപ്രകാരം ചൊല്ലേണം; സംവത്സരം മുഴുവനും, ഓരോ സങ്കീർത്തനത്തിന്റെ അവസാനത്തിങ്കലും **കർത്താവിന്റെ സകല സൃഷ്ടികളുമേ** ഇത്യാദി, **യിസ്രായേലിന്റെ ദൈവമായ കർത്താവു** ഇത്യാദി, **എന്റെ ഉള്ളം കർത്താവിനെ** ഇത്യാദി, **ഇപ്പോൾ നാഥാ** ഇത്യാദി, ൪ം കീർത്തനങ്ങളുടെ അവസാനത്തിലും ചൊല്ലേണ്ടുന്നതു എന്തെന്നാൽ:

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ;

**പ്രതിവാക്യം.** ആദിയിങ്കലും, ഇപ്പോഴും, എന്നേക്കുമുള്ള പ്രകാരം തന്നേ. ആമെൻ.

¶ പിന്നെ (ആ നാളിന്നു പ്രത്യേക പാഠങ്ങൾ നിയമിച്ചിട്ടില്ലെങ്കിൽ) പഞ്ചാംഗത്തിൽ നിയമിച്ചിരിക്കുന്നപ്രകാരം പഴയനിയമത്തിൽനിന്നു എടുക്കപ്പെട്ട ഒന്നാംപാഠം തെളിവായി കേൾക്കത്തക്കവണ്ണം വായിക്കേണം; വായിക്കുന്നവൻ കൂടിയിരിക്കുന്ന എല്ലാവരും നന്നായി കേൾക്കത്തക്കവണ്ണം നേരെ തിരിഞ്ഞു നില്ക്കയും വേണം. അതിന്റെശേഷം സംവത്സരം മുഴുവനും നാൾതോറും **ദൈവമേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു** എന്നുള്ള കീൎത്തനം ചൊല്ലുകയൊ പാടുകയൊ വേണം.

¶ ജ്ഞാപകം.—ഓരോ പാഠം തുടങ്ങുന്നതിന്നു മുമ്പെ ശുശ്രൂഷകൻ **ഇവിടെ ഇന്ന പുസ്തകത്തിൽ ഇന്ന അദ്ധ്യായം,** അല്ലെങ്കിൽ, **ഇന്ന അദ്ധ്യായത്തിൽ ഇന്ന വാക്യം തുടങ്ങുന്നു** എന്നും അതാതു പാഠം കഴിഞ്ഞാൽ **ഇവിടെ ഒന്നാമത്തെ**| അല്ലെങ്കിൽ **രണ്ടാമത്തെ പാഠം അവസാനിക്കുന്നു** എന്നും പറയേണം.

## TE DEUM LAUDAMUS

**ദൈ**വമേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു; കൎത്താവു നീ ആകുന്നു എന്നു ഞങ്ങൾ അനുസരിച്ചുകൊള്ളുന്നു.

നിത്യപിതാവായ നിന്നെ ഭൂമി എല്ലാം വന്ദിക്കുന്നു.

സകല ദൈവദൂതന്മാരും, പരമണ്ഡലങ്ങളും, അവയിലുള്ള സകല അധികാരങ്ങളും നിന്നെ നോക്കി ആൎക്കുന്നു.

സൈന്യങ്ങളുടെ ദൈവമായ കൎത്താവു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ;

ആകാശവും ഭൂമിയും നിന്റെ പ്രഭാവമഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു,

കെരൂബുകളും സാറാഫുകളും നിന്നെ നോക്കി ഇടവിടാതെ ആൎക്കുന്നു.

അപ്പൊസ്തലന്മാരുടെ പ്രഭാവസമൂഹം നിന്നെ സ്തുതിക്കുന്നു.

പ്രവാചകന്മാരുടെ ഉത്തമസംഘം നിന്നെ സ്തുതിക്കുന്നു.

രക്തസ്സാക്ഷിക്കാരുടെ ശ്രേഷ്ഠസൈന്യം നിന്നെ സ്തുതിക്കുന്നു.

അളവില്ലാത്ത മഹത്വമുള്ള പിതാവായ നിന്നെയും,

നിന്റെ വന്ദിതനായ സത്യൈക പുത്രനെയും,

ആശ്വാസപ്രദനായ പരിശുദ്ധാത്മാവിനെയും,

ലോകത്തിൽ എല്ലാടവുമുള്ള വിശുദ്ധ സഭ അനുസരിച്ചുകൊള്ളുന്നു.

മശിഹായേ, നീ മഹത്വത്തിന്റെ രാജാവാകുന്നു.

നീ പിതാവിന്റെ നിത്യപുത്രനാകുന്നു.

മനുഷ്യരെ രക്ഷിപ്പാൻ നീ ഭരമേററപ്പോൾ, കന്യകയുടെ ഗൎഭത്തെ വെറുത്തില്ല.

നീ മരണത്തിന്റെ മൂൎച്ചയെ ജയിച്ചപ്പോൾ, എല്ലാ വിശ്വാസികൾക്കും സ്വൎഗ്ഗരാജ്യത്തെ തുറന്നു.

നീ ദൈവത്തിന്റെ വലത്തുഭാഗത്തു പിതാവിന്റെ പ്രഭാവത്തോടെ ഇരിക്കുന്നു.

ഞങ്ങളുടെ വിധികൎത്താവായി നീ വരുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ആകയാൽ നിന്റെ വിലയേറിയ രക്തംകൊണ്ടു നീ വീണ്ടെടുത്തവരായ നിന്റെ അടിയാൎക്കു സഹായിക്കേണം എന്നു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു.

അവരെ എന്നേക്കുമുള്ള മഹത്വത്തിൽ നിന്റെ വിശുദ്ധന്മാരോടുംകൂടെ എണ്ണിക്കൊള്ളേണമേ.

കൎത്താവേ, നിന്റെ ജനങ്ങളെ രക്ഷിച്ചു, നിന്റെ അവകാശത്തെ അനുഗ്രഹിക്കേണമേ.

അവരെ ഭരിച്ചു എന്നേക്കും അവരെ ഉയൎത്തേണമേ.

ദിനംപ്രതി ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു.

നിന്റെ നാമത്തെ കാലാവസാനംകൂടാതെ എന്നും ഞങ്ങൾ വന്ദിക്കയും ചെയ്യുന്നു.

കൎത്താവേ, ഇന്നു ഞങ്ങളെ പാപംകൂടാതെ കാത്തരുളേണമേ.

കത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

കത്താവേ, ഞങ്ങൾ നിങ്കൽ ആശ്രയിക്കുന്നപ്രകാരം നിൻെറ കരുണ ഞങ്ങളുടെമേൽ ഉണ്ടായിരിക്കേണമേ.

കത്താവേ, ഞാൻ നിങ്കൽ ആശ്രയിച്ചിരിക്കുന്നു: ഞാൻ ഒരിക്കലും ലജ്ജപ്പെടരുതേ.

¶ അല്ലെങ്കിൽ ഠരം കീത്തനം വേണം.

## BENEDICITE, OMNIA OPERA

കത്താവിൻെറ സകല സൃഷ്ടികളുമേ, കത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

കത്താവിൻെറ ദൂതന്മാരേ, കത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

ആകാശങ്ങളേ, കത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

ആകാശവിതാനത്തിന്നു മീതെയുള്ള വെള്ളങ്ങളേ, കത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

കത്താവിൻെറ സകല ശക്തികളുമേ, കത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

സൂൎയ്യചന്ദ്രന്മാരേ, കത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

ആകാശത്തിലെ നക്ഷത്രങ്ങളേ, കത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

മഴയും മഞ്ഞുമേ, കത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

ദൈവത്തിൻെറ കാററുകളേ, കത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

അഗ്നിയും ഉഷ്ണവുമേ, കത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

ശീതകാലവും ഉഷ്ണകാലവുമേ, കൎത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

മഞ്ഞും ഉറച്ച മഞ്ഞുമേ, കൎത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

ഉറച്ച മഞ്ഞും ശീതവുമേ, കൎത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

ഉറച്ച വെള്ളവും ഹിമവുമേ, കൎത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

രാപ്പകലുകളേ, കൎത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

ഇരുളും വെളിവുകളേ, കൎത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

മിന്നൽകളും മേഘങ്ങളുമേ, കൎത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

ഭൂമി കൎത്താവിനെ വാഴ്ത്തട്ടെ: അത്രയുമല്ല, അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തട്ടെ.

പൎവ്വതങ്ങളും കുന്നുകളുമേ, കൎത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

ഭൂമിയിലെ സകല സസ്യവൎഗ്ഗങ്ങളുമേ, കൎത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

കിണറുകളേ, കൎത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

സമുദ്രങ്ങളും നദികളുമേ, കൎത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

വെള്ളത്തിൽ ചരിക്കുന്ന തിമിംഗലാദി ജന്തുക്കൾ സകലവുമേ, കൎത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

ആകാശത്തിലെ സകല പറവകളുമേ, കൎത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

സകല മൃഗങ്ങളും കന്നുകാലികളുമേ, കൎത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

മാനുഷമക്കളേ, കൎത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

യിസ്രായേൽ കൎത്താവിനെ വാഴ്ത്തട്ടെ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തട്ടെ.

കൎത്താവിന്റെ പുരോഹിതന്മാരേ, കൎത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

കൎത്താവിന്റെ ദാസന്മാരേ, കൎത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

നീതിമാന്മാരുടെ ആത്മാക്കളും ദേഹികളുമേ, കൎത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

ഹൃദയശുദ്ധിയും വിനയവുമുള്ള മനുഷ്യരേ, കൎത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

ഹനന്യാവും അസൎയ്യാവും മിശായേലുമേ, കൎത്താവിനെ വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വപ്പെടുത്തുവിൻ.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ;

ആദിയിങ്കലും, ഇപ്പോഴും, എന്നേക്കുമുള്ളപ്രകാരം തന്നേ. ആമെൻ.

¶ അതിന്റെ ശേഷം പുതിയനിയമത്തിൽനിന്നു എടുത്ത രണ്ടാംപാഠവും അപ്രകാരം തന്നേ വായിക്കേണം. അതു കഴിഞ്ഞശേഷം ൦രം താഴെയുള്ള കീൎത്തനം ചൊല്ലേണം: ഈ കീൎത്തനം പാഠമായിട്ടു വരുന്ന ദിവസത്തിലും **വിശു. യോഹന്നാൻ സ്നാപകന്റെ** നാളിൽ ഇതു സുവിശേഷമായി വരുന്നതുകൊണ്ടു അന്നും ഇതു ഇവിടെ ചൊല്ലാതിരിക്കേണം.

## BENEDICTUS

### വിശു. ലൂക്കൊസു ൧. ൬൮.

**യിസ്രായേലിന്റെ** ദൈവമായ കൎത്താവു അനുഗ്രഹിക്കപ്പെട്ടവൻ. അവൻ തന്റെ ജനത്തെ സന്ദൎശിച്ചു ഉദ്ധാരണം ചെയ്കയും

ആദിമുതൽ തന്റെ വിശുദ്ധ പ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്തുപോലെ

നമ്മുടെ ശത്രുക്കളുടെ വശത്തുനിന്നും നമ്മെ പകെക്കുന്ന ഏവരുടെയും കയ്യിൽനിന്നും നമ്മെ രക്ഷിപ്പാൻ

തന്റെ ദാസനായ ദാവീദിന്റെ ഗൃഹത്തിൽ നമുക്കു രക്ഷയുടെ കൊമ്പു ഉയൎത്തുകയും ചെയ്തിരിക്കുന്നതു,

നമ്മുടെ പിതാക്കന്മാരോടു കരുണ പ്രവൎത്തിക്കേണ്ടതിന്നും

നമ്മുടെ ശത്രുക്കളുടെ കയ്യിൽനിന്നു രക്ഷിക്കപ്പെട്ടു

നാം ആയുഷ്കാലം ഒക്കെയും ഭയം കൂടാതെ തിരുമുമ്പിൽ വിശുദ്ധിയിലും നീതിയിലും തന്നെ ആരാധിപ്പാൻ നമുക്കു കൃപ നല്കുമെന്നു

അവൻ നമ്മുടെ പിതാവായ അബ്രാഹാമിനോടു ചെയ്ത സത്യവും തന്റെ വിശുദ്ധ നിയമവും ഓൎത്തുകൊണ്ടും ആകുന്നു.

നീയോ പൈതലേ, അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും. കൎത്താവിന്റെ വഴി ഒരുക്കുവാനും

നമ്മുടെ ദൈവത്തിന്റെ ആൎദ്രകരുണയാൽ അവന്റെ ജനത്തിന്നു പാപമോചനത്തിൽ രക്ഷാപരിജ്ഞാനം കൊടുപ്പാനുമായി നീ അവന്നു മുമ്പായി നടക്കും.

ഇരുളിലും മരണനിഴലിലും ഇരിക്കുന്നവൎക്കു പ്രകാശിച്ചു, നമ്മുടെ കാലുകളെ സമാധാനമാൎഗ്ഗത്തിൽ നടത്തേണ്ടതിന്നു

ആ ആൎദ്രകരുണയാൽ ഉയരത്തിൽനിന്നു ഉദയം നമ്മെ സന്ദൎശിച്ചിരിക്കുന്നു.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ ;

ആദിയിങ്കലും, ഇപ്പോഴും, എന്നേക്കുമുള്ളപ്രകാരം തന്നേ. ആമെൻ.

¶ അല്ലെങ്കിൽ ൧൦൦ സങ്കീൎത്തനം വേണം.

## JUBILATE DEO

### സങ്കീൎത്തനം ൧൦൦

സകല ഭൂവാസികളുമായുള്ളോരേ,യഹോവെക്കു ആൎപ്പിടുവിൻ.

സന്തോഷത്തോടെ യഹോവയെ സേവിപ്പിൻ; സംഗീതത്തോടെ അവന്റെ സന്നിധിയിൽ വരുവിൻ.

യഹോവ തന്നേ ദൈവം എന്നറിവിൻ, അവൻ നമ്മെ ഉണ്ടാക്കി; നാം അവനുള്ളവർ ആകുന്നു; അവന്റെ ജനവും അവൻ മേയിക്കുന്ന ആടുകളും തന്നേ.

അവന്റെ വാതിലുകളിൽ സ്തോത്രത്തോടും അവന്റെ പ്രാകാരങ്ങളിൽ സ്തുതിയോടും കൂടെ വരുവിൻ; അവന്നു സ്തോത്രം ചെയ്തു അവന്റെ നാമത്തെ വാഴ്ത്തുവിൻ.

യഹോവ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളതു; അവന്റെ വിശ്വസ്തത തലമുറതലമുറയായും ഇരിക്കുന്നു.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ;

ആദിയിങ്കലും, ഇപ്പോഴും, എന്നേക്കുമുള്ള പ്രകാരം തന്നേ. ആമെൻ.

¶ അതിന്റെ ശേഷം **വിശുദ്ധ അത്താനാസ്യോസിന്റെ** വിശ്വാസപ്രമാണം ചൊല്ലുവാൻ നിയമിച്ചിരിക്കുന്നതൊഴികെയുള്ള എല്ലാ ദിവസങ്ങളിലും ശുശ്രൂഷകനും ജനങ്ങളും നിന്നുകൊണ്ടു അപ്പൊസ്തലവിശ്വാസപ്രമാണം ചൊല്ലുകയൊ പാടുകയൊ വേണം.

സൎവ്വശക്തിയുള്ള പിതാവായി, ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചവനായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.

അവന്റെ ഏകപുത്രനായി, നമ്മുടെ കൎത്താവായ യേശുമശിഹായിലും ഞാൻ വിശ്വസിക്കുന്നു. ഇവൻ പരിശുദ്ധാത്മാവിനാൽ കന്യകമറിയയിൽ ഉല്പാദിക്കപ്പെട്ടു ജനിച്ചു, പൊന്തിയോസു പീലാത്തോസിന്റെ കീഴിൽ കഷ്ടപ്പെട്ടു, ക്രൂശിക്കപ്പെട്ടു, മരിച്ചു അടക്കപ്പെട്ടു; അവൻ പാതാളത്തിലേക്കു ഇറങ്ങി, മൂന്നാം ദിവസം മരിച്ചവരിൽനിന്നു പിന്നെയും ഉയിൎത്തെഴുന്നേറ്റു; അവൻ സ്വൎഗ്ഗത്തിലേക്കു കയറി, സൎവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നു; അവിടെനിന്നു അവൻ ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിപ്പാൻ വരികയും ചെയ്യും.

പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു; വിശുദ്ധ

കാതോലിക സഭയിലും; വിശുദ്ധന്മാരുടെ സംസൎഗ്ഗത്തിലും; പാപമോചനത്തിലും; ശരീരത്തിന്റെ പുനരുത്ഥാനത്തിലും, നിത്യജീവനിലും ഞാൻ വിശ്വസിക്കുന്നു. **ആമെൻ.**

¶ അതു കഴിഞ്ഞശേഷം എല്ലാവരും ഭക്തിയോടെ മുട്ടുകുത്തി താഴെയുള്ള പ്രാൎത്ഥനകൾ ചൊല്ലേണം; ശുശ്രൂഷകൻ മുമ്പെ ഉറക്കെ ചൊല്ലേണ്ടതു,

കൎത്താവു നിങ്ങളോടു കൂടെ ഇരിക്കട്ടെ.

**പ്രതിവാക്യം.** നിന്റെ ആത്മാവോടു കൂടെയും.

**ശുശ്രൂഷകൻ.** നാം പ്രാൎത്ഥിക്ക.

കൎത്താവേ, **ഞങ്ങളോടു കരുണയുണ്ടാകേണമേ.**

മശിഹായേ, **ഞങ്ങളോടു കരുണയുണ്ടാകേണമേ.**

കൎത്താവേ, **ഞങ്ങളോടു കരുണയുണ്ടാകേണമേ.**

¶ പിന്നെ ശുശ്രൂഷകനും ശേഷം പട്ടക്കാരും ജനങ്ങളും കൎത്താവിന്റെ പ്രാൎത്ഥന ഉറക്കെ ചൊല്ലേണം.

സ്വൎഗ്ഗത്തിലുള്ളവനായ **ഞങ്ങളുടെ** പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെ പോലെ ഭൂമിയിലും ചെയ്യപ്പെടേണമേ. **ഞങ്ങളുടെ ദിവസവുമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരേണമേ.** ഞങ്ങളുടെ നേരെ കുറ്റം ചെയ്യുന്നവരോടു ഞങ്ങൾ **ക്ഷമിക്കുന്നതുപോലെ**, ഞങ്ങളുടെ കുറ്റങ്ങളെ **ഞങ്ങളോടും ക്ഷമിക്കേണമേ.** ഞങ്ങളെ പരീക്ഷയിലേക്കു **കടത്താതെ**, ഞങ്ങളെ ദോഷത്തിൽനിന്നു രക്ഷിക്കേണമേ. **ആമെൻ.**

¶ അതിന്റെ ശേഷം പ്രെസ്ബിറ്റർ നിന്നുകൊണ്ടു ചൊല്ലേണ്ടതു,

കൎത്താവേ, നിന്റെ **കരുണ ഞങ്ങളെ കാണിക്കേണമേ.**

**പ്രതിവാക്യം.** നിന്റെ രക്ഷ ഞങ്ങൾക്കു നല്കേണമേ.

[**പ്രെസ്ബിറ്റർ.** കൎത്താവേ, ചക്രവൎത്തിയെ രക്ഷിക്കേണമേ.

**പ്രതിവാക്യം.** ഞങ്ങൾ നിന്നോടു അപേക്ഷിക്കുമ്പോൾ കൃപയോടെ കേൾക്കേണമേ.]

**പ്രെസ്ബിറ്റർ.** നിന്റെ ശുശ്രൂഷകന്മാരെ നീതി ധരിപ്പിക്കേണമേ.

**പ്രതിവാക്യം.** നീ തിരഞ്ഞെടുത്ത ജനങ്ങളെ സന്തോഷിപ്പിക്കേണമേ.

**പ്രെസ്ബിററർ.** കൎത്താവേ, നിന്റെ ജനങ്ങളെ രക്ഷിക്കേണമേ

**പ്രതിവാക്യം.** നിന്റെ അവകാശത്തെ അനുഗ്രഹിക്കേണമേ.

**പ്രെസ്ബിററർ** കൎത്താവേ, ഞങ്ങളുടെ കാലത്തു സമാധാനം തരേണമേ.

**പ്രതിവാക്യം.** എന്തുകൊണ്ടെന്നാൽ, ദൈവമേ, ഞങ്ങൾക്കവേണ്ടി പൊരുതുവാൻ നീയല്ലാതെ മററാരുമില്ല.

**പ്രെസ്ബിററർ.** ദൈവമേ, ഞങ്ങളുടെ ഹൃദയങ്ങളെ വെടിപ്പാക്കേണമേ.

**പ്രതിവാക്യം.** ഞങ്ങളിൽനിന്നു നിന്റെ പരിശുദ്ധാത്മാവിനെ എടുക്കയും അരുതേ.

¶ അതിന്റെ ശേഷം മൂന്നു അപേക്ഷകൾ ചൊല്ലേണം; ഒന്നാമത്തേതു ആ ദിവസത്തേക്കുള്ളതായി വിശുദ്ധ സംസൎഗ്ഗത്തിന്നു നിയമിച്ചിട്ടുള്ളതും, രണ്ടാമത്തേതു സമാധാനത്തിന്നു വേണ്ടിയുള്ളതും; മൂന്നാമത്തേതു നന്നായി നടപ്പാൻ കൃപെക്കു വേണ്ടിയുള്ളതും ആകുന്നു. അവയിൽ ഒടുക്കത്തെ രണ്ടു അപേക്ഷകളും ഒരിക്കലും മാറാതെ, സംവത്സരം മുഴുവനും നാൾതോറും, കാലത്തെ പ്രാൎത്ഥനയിൽ എല്ലാവരും മുട്ടുകുത്തികൊണ്ടു താഴെ വരുന്നപ്രകാരം ചൊല്ലേണം.

## രണ്ടാമത്തെ അപേക്ഷ, സമാധാനത്തിന്നവേണ്ടിയുള്ളതു.

സമാധാനത്തിന്റെ കൎത്താവും ഐകമത്യത്തിൽ ഇഷ്ടപ്പെട്ടുന്നവനുമായ ദൈവമേ, നിന്നെ അറിയുന്നതിൽ ഞങ്ങളുടെ നിത്യജീവൻ ഇരിക്കുന്നു. നിന്നെ സേവിക്കുന്നതു പൂൎണ്ണസ്വാതന്ത്ര്യമാകുന്നു; നിന്റെ സംരക്ഷണത്തിൽ ഞങ്ങൾ ഉറപ്പോടെ ആശ്രയിച്ചു, ഞങ്ങൾ യാതൊരു പ്രതിയോഗികളുടെയും ശക്തിയെ ഭയപ്പെടാതെ ഇരിപ്പാനായിട്ടു ഞങ്ങളുടെ ശത്രുക്കളുടെ ആക്രമങ്ങളിൽ ഒക്കെയും നിന്റെ താഴ്മയുള്ള ദാസരായ ഞങ്ങളെ ഞങ്ങളുടെ കൎത്താവായ യേശുമശിഹായുടെ ബലംമൂലം കാത്തുകൊള്ളേണമേ. ആമെൻ.

## മൂന്നാമത്തെ അപേക്ഷ, കൃപെക്കുവേണ്ടിയുള്ളതു

സൎവ്വശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ സ്വൎഗ്ഗസ്ഥപിതാവായ കൎത്താവേ, ഈ ദിവസത്തിന്റെ ആരംഭംവരെ നീ ഞങ്ങളെ സുഖത്തോടെ കൊണ്ടുവന്നിരിക്കുന്നു: നിന്റെ മഹാശക്തികൊണ്ടു ഇന്നും ഞങ്ങളെ കാത്തുകൊള്ളേണമേ; ഇന്നേദിവസം ഞങ്ങൾ യാതൊരു പാപത്തിലും വീഴാതെയും, യാതൊരു ആപത്തിലും അകപ്പെടാതെയും, നിന്റെ മുമ്പാകെ നീതിയായുള്ളതിനെ എല്ലാപ്പോഴും ചെയ്യാനായിട്ടു ഞങ്ങളുടെ സകല ക്രിയകളും നിന്റെ ഭരണത്താൽ നടത്തപ്പെടേണ്ടതിന്നു, ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം കൃപ ചെയ്യേണമേ. ആമെൻ.

¶ പാട്ടുള്ള സ്ഥലങ്ങളിൽ ഇതിന്റെശേഷം ആന്ഥം പാടേണം.

¶ അതിന്റെ ശേഷം, ലിത്താനി വായിക്കാത്ത ദിവസങ്ങളിൽ, ഈ താഴെയുള്ള അഞ്ചു പ്രാൎത്ഥനകൾ വായിക്കേണ്ടുന്നതാകുന്നു; എന്നാൽ ലിത്താനി വായിക്കുമ്പോൾ ഒടുക്കമുള്ള രണ്ടു പ്രാൎത്ഥനകൾ അവിടത്തെ ക്രമം അനുസരിച്ചു വായിച്ചുകൊള്ളേണം.

## ചക്രവൎത്തിക്കുവേണ്ടിയുള്ള പ്രാൎത്ഥന

ഞങ്ങളുടെ സ്വൎഗ്ഗസ്ഥപിതാവായ കൎത്താവേ, നീ ഉന്നതനും, വല്ലഭനും, രാജാധിരാജനും, കൎത്താധികൎത്താവും ആകുന്നു. നീ മാത്രം പ്രഭുക്കൾക്കു അധിപതിയാകുന്നു; നീ നിന്റെ സിംഹാസനത്തിൽനിന്നു ഭൂമിയിൽ വസിക്കുന്ന എല്ലാവരെയും നോക്കിക്കാണുന്നു; ഇന്ത്യയുടെ ചക്രവൎത്തിയും ഞങ്ങളുടെ കാരുണ്യമേറിയ അധിപതിയുമായ ജോൎജ്ജ് രാജാവിനെ ദയയോടെ നോക്കേണമെന്നും, അവൻ എപ്പോഴും നിന്റെ ഹിതത്തിന്നു അനുസരണമുള്ളവനും നിന്റെ വഴിയിൽ നടക്കുന്നവനും ആയി ഇരിക്കേണ്ടതിന്നു നിന്റെ പരിശുദ്ധാത്മാവിന്റെ കൃപകൊണ്ടു അവനെ നിറെക്കേണമെന്നും ഞങ്ങൾ മനഃപൂൎവ്വമായി നിന്നോടു അപേക്ഷിക്കുന്നു. സ്വൎഗ്ഗീയ ദാനങ്ങളെ അവന്നു അനവധിയായി കൊടുത്തു, സൌഖ്യത്തോടും ഐശ്വൎയ്യത്തോടും ദീൎഘായുസ്സായിരിപ്പാൻ അവന്നു അരുളേണമേ, അവൻ തന്റെ ശത്രുക്കളെ എല്ലാം അടക്കി ജയിപ്പാൻ അവനെ ബലപ്പെടുത്തി, ഒടുക്കം ഈ ആയുസ്സു കഴിഞ്ഞശേഷം നിത്യാ-

നന്ദവും ഭാഗ്യവും അവന്നു ലഭിക്കേണ്ടതിന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം കൃപ നല്കേണമേ. ആമെൻ.

## രാജകുഡുംബത്തിന്നു വേണ്ടിയുള്ള പ്രാൎത്ഥന

സകല നന്മെക്കും ഉറവയാകുന്ന സൎവ്വശക്തനായ ദൈവമേ, ഞങ്ങളുടെ കാരുണ്യമേറിയ എലീശബേത്ത് രാജകുമാരിയേയും അമ്മറാണിയായ മേറിരാജ്ഞിയെയും, രാജകുഡുംബത്തെ ഒക്കെയും അനുഗ്രഹിക്കേണമെന്നു ഞങ്ങൾ നിന്നോടു താഴ്മയായി അപേക്ഷിക്കുന്നു; നിന്റെ പരിശുദ്ധാത്മാവിനെ അവൎക്കു കൊടുത്തു, സ്വൎഗ്ഗീയകൃപയിൽ അവരെ സമ്പന്നരാക്കി, സകല ഭാഗ്യവും അവൎക്കു നല്കി, ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം നിന്റെ നിത്യരാജ്യത്തേക്കു അവരെ കൊണ്ടുവരേണമേ. ആമെൻ.

## പട്ടക്കാൎക്കും ജനങ്ങൾക്കും വേണ്ടിയുള്ള പ്രാൎത്ഥന

സൎവ്വശക്തനും നിത്യനുമായ ദൈവമേ, നീ മാത്രമേ മഹാ അത്ഭുതങ്ങളെ പ്രവൎത്തിക്കുന്നുള്ളു; ഞങ്ങളുടെ എപ്പിസ്കോപ്പാമാരുടെ മേലും, പട്ടക്കാരുടെമേലും, അവരുടെ വിചാരത്തിന്നു ഭരമേല്പിച്ചിരിക്കുന്ന സകല സഭക്കാരുടെമേലും നിന്റെ കൃപയുടെ സുഖകരമായുള്ള ആത്മാവിനെ അയക്കേണമേ; അവർ നിന്നെ സത്യമായി പ്രസാദിപ്പിക്കേണ്ടുന്നതിന്നു അവരുടെമേൽ നിന്റെ അനുഗ്രഹമാകുന്ന നിരന്തരമായ മഞ്ഞു പൊഴിക്കേണമേ; കൎത്താവേ, ഞങ്ങളുടെ കാൎയ്യസ്ഥനും മദ്ധ്യസ്ഥനുമായ യേശുമശിഹായുടെ ബഹുമാനത്തിന്നായിട്ടു ഇതിനെ നല്കേണമേ. ആമെൻ.

## വിശു. ക്രിസൊസ്തോമിന്റെ പ്രാൎത്ഥന

സൎവ്വശക്തിയുള്ള ദൈവമേ, ഒരു സമയത്തു ഏകമനസ്സോടെ ഞങ്ങളുടെ പൊതുവായ അപേക്ഷകളെ കഴിപ്പാൻ നീ ഞങ്ങൾക്കു കൃപ തന്നിരിക്കുന്നു; രണ്ടോ മൂന്നോ പേർ നിന്റെ നാമത്തിൽ കൂടുമ്പോൾ അവരുടെ അപേക്ഷകളിൻപ്രകാരം നല്കും എന്നു വാഗ്ദത്തവും ചെയ്തിരിക്കുന്നു; ഇപ്പോൾ കൎത്താവേ, നിന്റെ അടിയാരുടെ ആഗ്രഹങ്ങളെയും അപേക്ഷകളെ

യും അവൎക്കു ഏററവും ഉപകാരം ആകുംവണ്ണം നിവൃത്തി വരുത്തി, ഇഹലോകത്തിൽ സത്യത്തിന്റെ പരിജ്ഞാനത്തെയും, പരലോകത്തിൽ നിത്യജീവനെയും ഞങ്ങൾക്കു തരേണമേ. ആമെൻ.

## ൨ കൊരി. ൧൩.

ഞങ്ങളുടെ കൎത്താവായ യേശുമശിഹായുടെ കൃപയും, ദൈവത്തിന്റെ സ്നേഹവും, പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും ഞങ്ങൾ എല്ലാവരോടുംകൂടി എന്നേക്കും ഇരിക്കേണമേ. ആമെൻ.

**സംവത്സരം മുഴുവനും നാൾതോറും ചൊല്ലേണ്ടുന്നു കാലത്തെ പ്രാൎത്ഥനാക്രമം ഇവിടെ അവസാനിക്കുന്നു.**

# THE ORDER FOR
# EVENING PRAYER
## DAILY THROUGHOUT THE YEAR

---

## സംവത്സരം മുഴുവനും നാൾതോറും
## ചൊല്ലേണ്ടുന്ന
# വൈകുന്നേരത്തേ പ്രാൎത്ഥനാക്രമം

---

¶ വൈകുന്നേരത്തേ പ്രാൎത്ഥന തുടങ്ങുമ്പോൾ ശുശ്രൂഷകൻ ഠരം താഴെയുള്ള തിരുവെഴുത്തുകളിൽ നിന്നു താഴെ ചേൎത്തിരിക്കുന്നവയിൽ ഒന്നൊ അധികമൊ വാക്യങ്ങൾ ഉറക്കെ വായിക്കേണം. പിന്നെ അവൻ ആ വാക്യങ്ങളുടെ പിന്നാലെ എഴുതിയിരിക്കുന്നതു ചൊല്ലേണം.

ദുഷ്ടൻ താൻ ചെയ്ത ദുഷ്ടത വിട്ടുതിരിഞ്ഞു നീതിയും ന്യായവും പ്രവൎത്തിക്കുന്നു എങ്കിൽ, അവൻ തന്നെത്താൻ ജീവനോടെ രക്ഷിക്കും.
യെഹെ. ൰൮. ൨൭.

എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു; എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു.
സങ്കീ. ൫൰൧. ൩.

എന്റെ പാപങ്ങളെ കാണാതവണ്ണം നിന്റെ മുഖം മറെക്കേണമേ; എന്റെ അകൃത്യങ്ങളെ ഒക്കെയും മായിച്ചുകളയേണമേ.
സങ്കീ. ൫൰൧. ൯.

ദൈവത്തിന്റെ ഹനനയാഗങ്ങൾ തകൎന്നിരിക്കുന്ന മനസ്സു; തകൎന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ, നീ നിരസിക്കയില്ല.
സങ്കീ. ൫൰൧. ൰൭.

വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ തന്നേ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിവിൻ, അവൻ കൃപയും കരുണയും ദീൎഘക്ഷമയും മഹാ ദയയുമുള്ളവനല്ലോ; അവൻ അനൎത്ഥത്തെക്കുറിച്ചു അനുതപിക്കും.
യോവേൽ ൨. ൰൩.

ഞങ്ങളുടെ ദൈവമായ കൎത്താവിന്റെ പക്കൽ കരുണയും മോചനവും ഉണ്ടു; ഞങ്ങളോ അവനോടു മത്സരിച്ചു. അവൻ ഞങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്ന ന്യായപ്രമാണപ്രകാരം നടപ്പാൻ ഞങ്ങൾ ഞങ്ങളുടെ ദൈവമായ യഹോവയുടെ വചനം കേട്ടനുസരിച്ചില്ല. ദാനീ. ൯. ൯, ൧൦.

യഹോവേ, ഞാൻ ഇല്ലാതെയായ്പോകാതിരിക്കേണ്ടതിന്നു നീ എന്നെ കോപത്തോടെയല്ല ന്യായത്തോടെയത്രേ ശിക്ഷിക്കേണമേ. യിരെ. ൧൦. ൨൪; സങ്കീ. ൬. ൧.

സ്വൎഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ. വിശു. മത്താ. ൩. ൨.

ഞാൻ എഴുന്നേറ്റു അപ്പന്റെ അടുക്കൽ ചെന്നു അവനോടു: അപ്പാ, ഞാൻ സ്വൎഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്നു പേരിന്നു ഞാൻ യോഗ്യനല്ല എന്നു പറയും. വിശു. ലൂക്കൊ. ൧൫. ൧൮, ൧൯.

യഹോവേ, അടിയനെ ന്യായവിസ്താരത്തിൽ പ്രവേശിപ്പിക്കരുതേ; ജീവനുള്ളവൻ ആരും തിരുസന്നിധിയിൽ നീതിമാനാകയില്ലല്ലോ. സങ്കീ. ൧൪൩. ൨.

നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നേ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. ൧ വിശു. യോഹ. ൧. ൮, ൯.

പ്രിയപ്പെട്ട സഹോദരന്മാരേ, നമ്മുടെ സ്വൎഗ്ഗസ്ഥപിതാവായ സൎവ്വശക്തിയുള്ള ദൈവത്തിന്റെ അളവററ നന്മയും കരുണയുംകൊണ്ടു നമുക്കു പാപമോചനം ലഭിപ്പാനായിട്ടു, നമ്മുടെ പലവിധ പാപങ്ങളെയും ദുഷ്ടതയെയും നാം അവങ്കൽ നിന്നു മറെക്കാതെ, താഴ്മയും, വിനയവും, അനുതാപവും, അനുസരണവുമുള്ള ഹൃദയത്തോടെ ഏറ്റുപറയേണം എന്നു തിരുവെഴുത്തിൽ പല ഭാഗങ്ങളിലും നമ്മെ ഉത്സാഹിപ്പിക്കുന്നു. നാം

എല്ലായ്പോഴും ദൈവത്തിന്റെ മുമ്പാകെ നമ്മുടെ പാപങ്ങളെ
വിനയത്തോടെ അറിയിക്കേണ്ടതാകുന്നു, എങ്കിലും, അവന്റെ
കൈകളിൽനിന്നു നമുക്കു ലഭിച്ചിട്ടുള്ള വലിയ ഉപകാരങ്ങളെ
കുറിച്ചു അവന്നു സ്തോത്രം ചെയ്വാനും, അവന്റെ ഏററവും
യോഗ്യമായ മഹത്വം പ്രസിദ്ധമാക്കുവാനും, അവന്റെ മഹാ
വിശുദ്ധവചനം കേൾപ്പാനും, ശരീരത്തിന്നും ആത്മാവിന്നും
ആവശ്യമുള്ള വസ്തുക്കളെ ചോദിപ്പാനും നാം യോഗം കൂടു
മ്പോൾ പ്രത്യേകം അങ്ങനെ ചെയ്യേണ്ടതാകുന്നു. ആയതു
കൊണ്ടു ഇപ്പോൾ ഇവിടെയുള്ളവരെല്ലാവരും വിശുദ്ധഹൃദയ
ത്തോടും, വിനയശബ്ദത്തോടും, സ്വൎഗ്ഗീയ കൃപയുടെ സിംഹാ
സനത്തിങ്കലേക്കു എന്നോടുകൂടെ പോന്നു, എന്റെ പിന്നാലെ
ചൊല്ലേണമെന്നു നിങ്ങളോടു ഞാൻ യാചിക്കുന്നു:

¶ യോഗം മുഴുവനും മുട്ടുകുത്തി ശുശ്രൂഷകന്റെ പിന്നാലെ ചൊല്ലേണ്ടുന്ന
പൊതുവിലുള്ള പാപസ്വീകാരം.

സൎവ്വശക്തിയും മഹാ കരുണയുമുള്ള പിതാവേ, ഞങ്ങൾ കാ
ണാതെപോയ ആടുകളെ പോലെ നിന്റെ വഴികളിൽനിന്നു
തെറ്റി ചിന്നിയിരിക്കുന്നു. ഞങ്ങളുടെ സ്വന്ത ഹൃദയങ്ങളി
ലെ വിചാരങ്ങളെയും മോഹങ്ങളെയും ഞങ്ങൾ ഏററവും അ
നുസരിച്ചു നടന്നിരിക്കുന്നു. ഞങ്ങൾ നിന്റെ വിശുദ്ധ കല്പ
നകളെ ലംഘിച്ചിരിക്കുന്നു. ഞങ്ങൾ ചെയ്യേണ്ടുന്ന കാൎയ്യങ്ങ
ളെ ചെയ്യാതെ വിട്ടു; ഞങ്ങൾ ചെയ്യരുതാത്ത കാൎയ്യങ്ങളെ
ചെയ്തിരിക്കുന്നു; ഞങ്ങളിൽ സൌഖ്യവുമില്ല. എന്നാലും, ക
ൎത്താവേ, അരിഷ്ടന്മാരായി കുററക്കാരാകുന്ന ഞങ്ങളോടു കരു
ണയുണ്ടാകേണമേ. ദൈവമേ, തങ്ങളുടെ പിഴകളെ ഏററു
പറയുന്നവരോടു ക്ഷമിക്കേണമേ. ഞങ്ങളുടെ കൎത്താവായ
യേശുമശിഹാമൂലം നീ മനുഷ്യവൎഗ്ഗത്തോടു അറിയിച്ചിരിക്കുന്ന
വാഗ്ദത്തപ്രകാരം അനുതപിക്കുന്നവരെ വീണ്ടും കൈക്കൊള്ളേ
ണമേ. മഹാ കരുണയുള്ള പിതാവേ, നിന്റെ പരിശുദ്ധ
നാമത്തിന്റെ മഹത്വത്തിന്നായിട്ടു ഞങ്ങൾ ഇനിമേൽ ദൈ
വഭക്തിയോടും, നീതിയോടും, സുബോധത്തോടും നടക്കേണ്ട
തിന്നു മശിഹാ നിമിത്തം കൃപ ചെയ്യേണമേ. ആമെൻ.

¶ ജനങ്ങൾ മുട്ടുകുത്തി തന്നേ നില്ക്കുമ്പോൾ പ്രെസ്ബിററർ എഴുന്നേററു നിന്നുകൊണ്ടു അവൻ മാത്രം അറിയിക്കേണ്ടുന്ന പാപമോചനം.

നമ്മുടെ കൎത്താവാകുന്ന യേശുമശിഹായുടെ പിതാവായ സൎവ്വശക്തിയുള്ള ദൈവം പാപി മരിക്കേണമെന്നല്ല, അവൻ തന്റെ ദുഷ്ടത വിട്ടുതിരിഞ്ഞു ജീവിക്കേണമെന്നു അത്രെ ആഗ്രഹിക്കുന്നതു; അനുതപിക്കുന്ന ജനങ്ങളോടു അവരുടെ പാപങ്ങളുടെ മോചനവും മാപ്പും അറിയിപ്പാൻ അവൻ തന്റെ ശുശ്രൂഷകന്മാൎക്കു അധികാരവും കല്പനയും കൊടുത്തിരിക്കുന്നു; നേരായി മാനസാന്തരപ്പെട്ടു തന്റെ വിശുദ്ധ സുവിശേഷത്തെ വ്യാജം കൂടാതെ വിശ്വസിക്കുന്ന എല്ലാവരോടും അവൻ ക്ഷമിച്ചു പാപമോചനം ചെയ്യുന്നു. അതുകൊണ്ടു നാം ഈ സമയത്തു ചെയ്യുന്ന കാൎയ്യങ്ങൾ അവന്നു ഇഷ്ടമായിരിപ്പാനും, മേലാൽ നമ്മുടെ ശിഷ്ടായുസ്സു നിൎമ്മലമായും ശുദ്ധമായും ഇരിപ്പാനും, നാം ഒടുക്കം അവന്റെ നിത്യ സന്തോഷത്തിലേക്കു പ്രവേശിപ്പാനും തക്കവണ്ണം അവൻ നമുക്കു സത്യമാനസാന്തരത്തെയും തന്റെ പരിശുദ്ധാത്മാവിനെയും തരേണമെന്നു നാം നമ്മുടെ കൎത്താവായ യേശുമശിഹാമൂലം അവനോടു യാചിക്ക. ആമെൻ.

¶ അതിന്റെ ശേഷം, ശുശ്രൂഷകൻ മുട്ടുകുത്തി കൎത്താവിന്റെ പ്രാൎത്ഥന, ചൊല്ലേണം. ജനങ്ങളും മുട്ടുകുത്തി അവന്റെ പിന്നാലെ ചൊല്ലേണം.

സ്വൎഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെ പോലെ ഭൂമിയിലും ചെയ്യപ്പെടേണമേ. ഞങ്ങളുടെ ദിവസവുമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരേണമേ. ഞങ്ങളുടെ നേരെ കുററം ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ കുററങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിലേക്കു കടത്താതെ, ഞങ്ങളെ ദോഷത്തിൽനിന്നു രക്ഷിക്കേണമേ. രാജ്യവും, ശക്തിയും, മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ ആകുന്നു. ആമെൻ.

¶ അതിന്റെ ശേഷം അവൻ ചൊല്ലേണ്ടതു,

കൎത്താവേ, ഞങ്ങളുടെ അധരങ്ങളെ തുറക്കേണമേ.

**പ്രതിവാക്യം.** എന്നാൽ ഞങ്ങളുടെ വായ് നിന്റെ സ്തുതിയെ വൎണ്ണിക്കും.

**പ്രെസ്ബിററർ.** ദൈവമേ, ഞങ്ങളെ രക്ഷിപ്പാൻ വേഗം വരേണമേ.

**പ്രതിവാക്യം.** കൎത്താവേ, ഞങ്ങൾക്കു സഹായിപ്പാൻ ശീഘ്രം വരേണമേ.

¶ ഇവിടെ എല്ലാവരും എഴുന്നേററു നിന്നിട്ടു പ്രെസ്ബിററർ ചൊല്ലേണ്ടതു,

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ;

**പ്രതിവാക്യം.** ആദിയിങ്കലും, ഇപ്പോഴും, എന്നേക്കുമുള്ള പ്രകാരം തന്നേ. ആമെൻ.

**പ്രെസ്ബിററർ.** കൎത്താവിനെ സ്തുതിപ്പിൻ.

**പ്രതിവാക്യം.** കൎത്താവിന്റെ നാമം സ്തുതിക്കപ്പെടട്ടെ.

¶ അതിന്റെ ശേഷം സങ്കീൎത്തനങ്ങൾ നിയമിച്ചിരിക്കുന്ന ക്രമത്തിൽ ചൊല്ലുകയോ പാട്ടുകയോ വേണം. പിന്നെ പഴയനിയമത്തിൽനിന്നുള്ള പാഠം നിയമിച്ചിരിക്കുന്നപ്രകാരം. അതിന്റെ ശേഷം **എന്റെ ഉള്ളം കൎത്താവിനെ** എന്നു തുടങ്ങുന്നതായി അനുഗ്രഹിക്കപ്പെട്ട കന്യക മറിയയുടെ പാട്ടു താഴെയുള്ളപ്രകാരം ചൊല്ലേണം.

## MAGNIFICAT

### വിശു. ലൂക്കൊ. ൧.

എന്റെ ഉള്ളം കൎത്താവിനെ മഹിമപ്പെടുത്തുന്നു;

എന്റെ ആത്മാവു എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു.

അവൻ തന്റെ ദാസിയുടെ താഴ്ച കടാക്ഷിച്ചിരിക്കുന്നുവല്ലോ: ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും.

ശക്തനായവൻ എനിക്ക വലിയവ ചെയ്തിരിക്കുന്നു: അവന്റെ നാമം പരിശുദ്ധം തന്നേ.

അവനെ ഭയപ്പെടുന്നവൎക്ക അവന്റെ കരുണ തലമുറ തലമുറയോളം ഇരിക്കുന്നു.

തന്റെ ഭുജംകൊണ്ടു അവൻ ബലം പ്രവൎത്തിച്ചു: ഹൃദയ വിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചിരിക്കുന്നു.

പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽനിന്നു ഇറക്കി: താണവരെ ഉയൎത്തിയിരിക്കുന്നു.

വിശന്നിരിക്കുന്നവരെ നന്മകളാൽ നിറെച്ചു: സമ്പന്നന്മാരെ വെറുതെ അയച്ചുകളഞ്ഞിരിക്കുന്നു.

നമ്മുടെ പിതാക്കന്മാരോടു അരുളിച്ചെയ്തതുപോലെ അബ്രാഹാമിന്നും അവന്റെ സന്തതിക്കും എന്നേക്കും കരുണ ഓൎക്കേണ്ടതിന്നു:

തന്റെ ദാസനായ യിസ്രായേലിനെ തുണെച്ചിരിക്കുന്നു.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ;

ആദിയിങ്കലും, ഇപ്പോഴും, എന്നേക്കുമുള്ള പ്രകാരം തന്നേ. ആമെൻ.

¶ അല്ലെങ്കിൽ, മാസത്തിൽ പത്തൊമ്പതാം തിയ്യതി ഒഴികെയുള്ള ദിവസങ്ങളിൽ പിൻവരുന്ന സങ്കീൎത്തനം വായിക്കേണം; ആ തിയ്യതിയിലോ ൯൮ാം സങ്കീൎത്തനം അന്നത്തേക്കുള്ള സങ്കീൎത്തനങ്ങളുടെ കൂട്ടത്തിൽ വായിക്കുന്നതാകുന്നു.

## CANTATE DOMINO

### സങ്കീ. ൯൮.

യഹോവെക്ക ഒരു പുതിയ പാട്ടു പാടുവിൻ: അവൻ അത്ഭുതങ്ങളെ പ്രവൎത്തിച്ചിരിക്കുന്നു: അവന്റെ വലങ്കയ്യും അവന്റെ വിശുദ്ധ ഭുജവും അവന്നു ജയം നേടിയിരിക്കുന്നു.

യഹോവ തന്റെ രക്ഷയെ അറിയിച്ചും ജാതികൾ കാണ്കെ തന്റെ നീതിയെ വെളിപ്പെടുത്തിയുമിരിക്കുന്നു.

അവൻ യിസ്രായേൽഗൃഹത്തിന്നു തന്റെ ദയയും വിശ്വസ്തതയും ഓൎത്തിരിക്കുന്നു: ഭൂമിയുടെ അറുതികളൊക്കെയും നമ്മുടെ ദൈവത്തിന്റെ രക്ഷ കണ്ടിരിക്കുന്നു.

സകല ഭൂവാസികളുമായുള്ളോരേ, യഹോവെക്കു ആൎപ്പിടുവിൻ: കൊട്ടിഘോഷിച്ചു കീൎത്തനം ചെയ്വിൻ.

കിന്നരത്തോടെ യഹോവെക്കു കീൎത്തനം ചെയ്വിൻ: കിന്നരത്തോടും സംഗീതസ്വരത്തോടും കൂടെ തന്നേ.

കാഹളങ്ങളോടും തുത്തൂരനാദത്തോടും കൂടെ രാജാവായ യഹോവയുടെ സന്നിധിയിൽ ഘോഷിപ്പിൻ!

സമുദ്രവും അതിന്റെ നിറവും ഭൂതലവും അതിൽ വസിക്കുന്നവരും മുഴങ്ങട്ടെ.

പ്രവാഹങ്ങൾ കൈ കൊട്ടട്ടെ: പൎവ്വതങ്ങൾ ഒരുപോലെ യഹോവയുടെ മുമ്പാകെ ഉല്ലസിച്ചു ഘോഷിക്കട്ടെ.

അവൻ ഭൂമിയെ വിധിപ്പാൻ വരുന്നു: ഭൂലോകത്തെ നീതിയോടും ജാതികളെ നേരോടുംകൂടെ വിധിക്കും.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ;

ആദിയിങ്കലും, ഇപ്പോഴും, എന്നേക്കുമുള്ള പ്രകാരം തന്നേ. ആമെൻ.

¶ അതിന്റെശേഷം പുതിയനിയമത്തിൽനിന്നുള്ള പാഠം നിയമിച്ചിരിക്കുന്നപ്രകാരം. പിന്നെ **ഇപ്പോൾ നാഥാ** എന്നുള്ള ശിമെയോന്റെ പാട്ടു.

## NUNC DIMITTIS

### വിശു. ലൂക്കൊ. ൨. ൨൯.

ഇപ്പോൾ നാഥാ, തിരുവചനംപോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയക്കുന്നു.

ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ മഹത്വവുമായി

നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണു കണ്ടുവല്ലോ.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ;

ആദിയിങ്കലും, ഇപ്പോഴും, എന്നേക്കുമുള്ള പ്രകാരം തന്നേ. ആമെൻ.

¶ അല്ലെങ്കിൽ മാസത്തിൽ പന്ത്രണ്ടാം തിയ്യതി ഒഴികെയുള്ള ദിവസങ്ങളിൽ താഴെ വരുന്ന സങ്കീർത്തനം ചൊല്ലേണം.

## DEUS MISEREATUR

### സങ്കീ. ൬൭.

ദൈവം നമ്മോടു കൃപചെയ്തു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ; അവൻ തന്റെ മുഖത്തെ നമ്മുടെമേൽ പ്രകാശിപ്പിക്കുമാറാകട്ടെ.

നിന്റെ വഴി ഭൂമിയിലും നിന്റെ രക്ഷ സകല ജാതികളുടെ ഇടയിലും അറിയേണ്ടതിന്നു തന്നേ.

ദൈവമേ, ജാതികൾ നിന്നെ സ്തുതിക്കും: സകല ജാതികളും നിന്നെ സ്തുതിക്കും.

ജാതികൾ സന്തോഷിച്ചു ഘോഷിച്ചുല്ലസിക്കും: നീ വംശങ്ങളെ നേരോടെ വിധിച്ചു ഭൂമിയിലെ ജാതികളെ ഭരിക്കുന്നവല്ലോ.

ദൈവമേ, ജാതികൾ നിന്നെ സ്തുതിക്കും: സകല ജാതികളും നിന്നെ സ്തുതിക്കും.

ഭൂമി അതിന്റെ അനുഭവം തന്നിരിക്കുന്നു: ദൈവം, നമ്മുടെ ദൈവം തന്നേ, നമ്മെ അനുഗ്രഹിക്കും.

ദൈവം നമ്മെ അനുഗ്രഹിക്കും: ഭൂമിയുടെ അറുതികൾ ഒക്കെയും അവനെ ഭയപ്പെടും.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ;

ആദിയിങ്കലും, ഇപ്പോഴും, എന്നേക്കുമുള്ള പ്രകാരം തന്നേ. ആമെൻ.

¶ അതിൻെറ ശേഷം ശുശ്രൂഷകനും ജനങ്ങളും നിന്നുകൊണ്ടു അപ്പൊസ്തുലവിശ്വാസപ്രമാണം ചൊല്ലുകയൊ, പാടുകയൊ വേണം.

സൎവ്വശക്തിയുള്ള പിതാവായി, ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചവനായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.

അവൻെറ ഏകപുത്രനായി, നമ്മുടെ കൎത്താവായ യേശുമശിഹായിലും ഞാൻ വിശ്വസിക്കുന്നു. ഇവൻ പരിശുദ്ധാത്മാവിനാൽ കന്യകമറിയയിൽ ഉല്പാദിക്കപ്പെട്ടു ജനിച്ചു, പൊന്തിയോസു പീലാത്തോസിൻെറ കീഴിൽ കഷ്ടപ്പെട്ടു, ക്രൂശിക്കപ്പെട്ടു, മരിച്ചു അടക്കപ്പെട്ടു; അവൻ പാതാളത്തിലേക്കു ഇറങ്ങി, മൂന്നാം ദിവസം മരിച്ചവരിൽനിന്നു പിന്നെയും ഉയിൎത്തെഴുന്നേറ്റു; അവൻ സ്വൎഗ്ഗത്തിലേക്കു കയറി, സൎവ്വശക്തിയുള്ള പിതാവായ ദൈവത്തിൻെറ വലത്തുഭാഗത്തു ഇരിക്കുന്നു; അവിടെനിന്നു അവൻ ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിപ്പാൻ വരികയും ചെയ്യും.

പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു; വിശുദ്ധ കാതോലിക സഭയിലും; വിശുദ്ധന്മാരുടെ സംസൎഗ്ഗത്തിലും; പാപമോചനത്തിലും; ശരീരത്തിൻെറ പുനരുത്ഥാനത്തിലും, നിത്യജീവനിലും ഞാൻ വിശ്വസിക്കുന്നു. ആമെൻ.

¶ അതു കഴിഞ്ഞശേഷം എല്ലാവരും ഭക്തിയോടെ മുട്ടുകുത്തി താഴെയുള്ള പ്രാൎത്ഥനകൾ ചൊല്ലേണം; ശുശ്രൂഷകൻ മുമ്പെ ഉറക്കെ ചൊല്ലേണ്ടതു,

കൎത്താവു നിങ്ങളോടു കൂടെ ഇരിക്കട്ടെ.

പ്രതിവാക്യം. നിൻെറ ആത്മാവോടു കൂടെയും.

ശുശ്രൂഷകൻ. നാം പ്രാൎത്ഥിക്ക.

കൎത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

മശിഹായേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

കൎത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

¶ പിന്നെ ശുശ്രൂഷകനും ശേഷം പട്ടക്കാരും ജനങ്ങളും കൎത്താവിൻെറ പ്രാൎത്ഥന ഉറക്കെ ചൊല്ലേണം.

സ്വൎഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിൻെറ നാ

മം പരിശുദ്ധമാക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെ പോലെ ഭൂമിയിലും ചെയ്യപ്പെടേണമേ. ഞങ്ങളുടെ ദിവസവുമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരേണമേ. ഞങ്ങളുടെ നേരെ കുററം ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ കുററങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിലേക്കു കടത്താതെ, ഞങ്ങളെ ദോഷത്തിൽനിന്നു രക്ഷിക്കേണമേ. ആമെൻ.

¶ അതിന്റെ ശേഷം പ്രെസ്ബിററർ നിന്നുകൊണ്ടു ചൊല്ലേണ്ടതു,

കൎത്താവേ, നിന്റെ കരുണ ഞങ്ങളെ കാണിക്കേണമേ.

**പ്രതിവാക്യം.** നിന്റെ രക്ഷ ഞങ്ങൾക്കു നല്കേണമേ.

**പ്രെസ്ബിററർ.** കൎത്താവേ, ചക്രവൎത്തിയെ രക്ഷിക്കേണമേ.

**പ്രതിവാക്യം.** ഞങ്ങൾ നിന്നോടു അപേക്ഷിക്കുമ്പോൾ കൃപയോടെ കേൾക്കേണമേ.

**പ്രെസ്ബിററർ.** നിന്റെ ശുശ്രൂഷകന്മാരെ നീതി ധരിപ്പിക്കേണമേ.

**പ്രതിവാക്യം.** നീ തിരഞ്ഞെടുത്ത ജനങ്ങളെ സന്തോഷിപ്പിക്കേണമേ.

**പ്രെസ്ബിററർ.** കൎത്താവേ, നിന്റെ ജനങ്ങളെ രക്ഷിക്കേണമേ.

**പ്രതിവാക്യം.** നിന്റെ അവകാശത്തെ അനുഗ്രഹിക്കേണമേ.

**പ്രെസ്ബിററർ.** കൎത്താവേ, ഞങ്ങളുടെ കാലത്തു സമാധാനം തരേണമേ.

**പ്രതിവാക്യം.** എന്തുകൊണ്ടെന്നാൽ, ദൈവമേ, ഞങ്ങൾക്കു വേണ്ടി പൊരുതുവാൻ നീയല്ലാതെ മററാരുമില്ല.

**പ്രെസ്ബിററർ.** ദൈവമേ, ഞങ്ങളുടെ ഹൃദയങ്ങളെ വെടിപ്പാക്കേണമേ.

**പ്രതിവാക്യം.** ഞങ്ങളിൽനിന്നു നിന്റെ പരിശുദ്ധാത്മാവിനെ എടുക്കയും അരുതേ.

¶ അതിൻെറശേഷം താഴെ വരുന്നപ്രകാരമുള്ള മൂന്ന അപേക്ഷകൾ ചൊല്ലെണം; ഒന്നാമത്തേതു ആ ദിവസത്തിന്നുള്ളതു; രണ്ടാമത്തേതു സമാധാനത്തിന്നു വേണ്ടിയുള്ളതു; മൂന്നാമത്തേതു സകല ആപത്തുകൾക്കും വിരോധമായി സഹായത്തിന്നു വേണ്ടിയുള്ളതു. അവയിൽ ഒടുക്കത്തെ അപേക്ഷകൾ രണ്ടും മാററം കൂടാതെ വൈകുന്നേരത്തെ പ്രാൎത്ഥനയിൽ നാൾതോറും ചൊല്ലെണം.

## വൈകുന്നേരത്തെ പ്രാൎത്ഥനയിൽ രണ്ടാമത്തെ അപേക്ഷ

ദൈവമേ, സകല വിശുദ്ധ ആഗ്രഹങ്ങളും, സകല നല്ല ആലോചനകളും, സകല നീതിയുള്ള പ്രവൃത്തികളും നിങ്കൽ നിന്നല്ലോ വരുന്നതു; നിൻെറ കല്പനകളെ അനുസരിച്ചു നടപ്പാനായിട്ടു ഞങ്ങളുടെ ഹൃദയങ്ങൾ ഒരുങ്ങിയിരിപ്പാനും, ഞങ്ങൾ നിന്നാൽ ശത്രുഭയം കൂടാതെ കാക്കപ്പെട്ടു ആശ്വാസത്തോടും ശാന്തതയോടും ഞങ്ങളുടെ കാലം കഴിപ്പാനും, ലോകത്തിന്നു തരുവാൻ കഴിയാത്ത സമാധാനം ഞങ്ങളുടെ രക്ഷിതാവായ യേശുമശിഹായുടെ യോഗ്യതകൾ മൂലം നിൻെറ അടിയാരായ ഞങ്ങൾക്കു നല്കേണമേ. ആമെൻ.

## മൂന്നാമത്തെ അപേക്ഷ, സകല ആപത്തുകൾക്കും വിരോധമായി സഹായത്തിന്നു വേണ്ടിയുള്ളതു

കൎത്താവേ, ഞങ്ങളുടെ ഇരുളിനെ വെളിച്ചമാക്കി നിൻെറ മഹാ കരുണകൊണ്ടു ഇന്നു രാത്രിയിലെ സകല ആപത്തുകളിൽനിന്നും അപകടങ്ങളിൽനിന്നും നിൻെറ ഏക പുത്രനും ഞങ്ങളുടെ രക്ഷിതാവുമായ യേശുമശിഹായുടെ സ്നേഹം നിമിത്തം ഞങ്ങളെ കാക്കേണമെന്നു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

¶ പാട്ടുള്ള സ്ഥലങ്ങളിൽ ഇതിൻെറശേഷം ആന്ഥം പാടെണം.

## ചക്രവൎത്തിക്കുവേണ്ടിയുള്ള പ്രാൎത്ഥന

ഞങ്ങളുടെ സ്വൎഗ്ഗസ്ഥ പിതാവായ കൎത്താവേ, നീ ഉന്നതനും, വല്ലഭനും, രാജാധിരാജനും, കൎത്താധികൎത്താവും ആകുന്നു. നീ മാത്രം പ്രഭുക്കൾക്കു അധിപതിയാകുന്നു; നീ നിൻെറ സിംഹാസനത്തിൽനിന്നു ഭൂമിയിൽ വസിക്കുന്ന എല്ലാവരെയും നോക്കിക്കാണുന്നു; ഇണ്ട്യയുടെ ചക്രവൎത്തിയും ഞങ്ങ

ളുടെ കാരുണ്യമേറിയ അധിപതിയുമായ ജ്യോർജ്ജ് രാജാവിനെ ദയയോടെ നോക്കേണമെന്നും, അവൻ എപ്പോഴും നിന്റെ ഹിതത്തിന്നു അനുസരണമുള്ളവനും നിന്റെ വഴിയിൽ നടക്കുന്നവനും ആയി ഇരിക്കേണ്ടതിന്നു നിന്റെ പരിശുദ്ധാത്മാവിന്റെ കൃപകൊണ്ടു അവനെ നിറെക്കേണമെന്നും ഞങ്ങൾ മനഃപൂൎവ്വമായി നിന്നോടു അപേക്ഷിക്കുന്നു; സ്വൎഗ്ഗീയ ദാനങ്ങളെ അവന്നു അനവധിയായി കൊടുത്തു, സൌഖ്യത്തോടും, ഐശ്വൎയ്യത്തോടും ദീൎഘായുസ്സായിരിപ്പാൻ അവന്നു അരുളേണമേ; അവൻ തന്റെ ശത്രുക്കളെ എല്ലാം അടക്കി ജയിപ്പാൻ അവനെ ബലപ്പെടുത്തി, ഒടുക്കം ഈ ആയുസ്സു കഴിഞ്ഞശേഷം നിത്യാനന്ദവും ഭാഗ്യവും അവന്നു ലഭിക്കേണ്ടതിന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം കൃപ നല്കേണമേ. ആമെൻ.

## രാജകുടുംബത്തിന്നുവേണ്ടിയുള്ള പ്രാൎത്ഥന

സകല നന്മെക്കും ഉറവയാകുന്ന സൎവ്വശക്തനായ ദൈവമേ, ഞങ്ങളുടെ കാരുണ്യമേറിയ എലിശബേത്ത് രാജകുമാരിയേയും അമ്മറാണിയായ മേറിരാജ്ഞിയെയും രാജകുടുംബത്തെ ഒക്കെയും അനുഗ്രഹിക്കണമെന്നു ഞങ്ങൾ നിന്നോടു താണ്മയായി അപേക്ഷിക്കുന്നു. നിന്റെ പരിശുദ്ധാത്മാവിനെ അവൎക്കു കൊടുത്തു, സ്വൎഗ്ഗീയ കൃപയിൽ അവരെ സമ്പന്നരാക്കി, സകല ഭാഗ്യവും അവൎക്കു നല്കി, ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം നിന്റെ നിത്യരാജ്യത്തേക്കു അവരെ കൊണ്ടുവരേണമേ. ആമെൻ.

## പട്ടക്കാൎക്കും ജനങ്ങൾക്കും വേണ്ടിയുള്ള പ്രാൎത്ഥന

സൎവ്വശക്തനും നിത്യനുമായ ദൈവമേ, നീ മാത്രമെ മഹാ അത്ഭുതങ്ങളെ പ്രവൎത്തിക്കുന്നുള്ളു; ഞങ്ങളുടെ എപ്പിസ്കോപ്പാമാരുടെ മേലും, പട്ടക്കാരുടെ മേലും, അവരുടെ വിചാരത്തിന്നു ഭരമേല്പിച്ചിരിക്കുന്ന സകല സഭക്കാരുടെ മേലും നിന്റെ കൃപയുടെ സുഖകരമായുള്ള ആത്മാവിനെ അയക്കേണമേ; അവർ നിന്നെ സത്യമായി പ്രസാദിപ്പിക്കേണ്ടുന്നതിന്നു അവരുടെ മേൽ നിന്റെ അനുഗ്രഹമാകുന്ന നിരന്തരമായ മഞ്ഞു പൊ

ഴിക്കേണമേ; കത്താവേ, ഞങ്ങളുടെ കാൎയ്യസ്ഥനും മദ്ധ്യസ്ഥനുമായ യേശുമശിഹായുടെ ബഹുമാനത്തിന്നായിട്ടു ഇതിനെ നല്കേണമേ. ആമെൻ.

## വിശു. ക്രിസൊസ്തൊമിൻെറ പ്രാത്ഥന

സൎവ്വശക്തിയുള്ള ദൈവമേ, ഒരു സമയത്തു ഏകമനസ്സോടെ ഞങ്ങളുടെ പൊതുവായ അപേക്ഷകളെ കഴിപ്പാൻ നീ ഞങ്ങൾക്കു കൃപ തന്നിരിക്കുന്നു; രണ്ടോ മൂന്നോ പേർ നിൻെറ നാമത്തിൽ കൂടുമ്പോൾ അവരുടെ അപേക്ഷകളിൻപ്രകാരം നല്കും എന്നു വാഗ്ദത്തവും ചെയ്തിരിക്കുന്നു; ഇപ്പോൾ കത്താവേ, നിൻെറ അടിയാരുടെ ആഗ്രഹങ്ങളെയും അപേക്ഷകളെയും അവൎക്കു ഏററവും ഉപകാരം ആകുംവണ്ണം നിവൃത്തി വരുത്തി, ഇഹലോകത്തിൽ സത്യത്തിൻെറ പരിജ്ഞാനത്തെയും, പരലോകത്തിൽ നിത്യജീവനെയും ഞങ്ങൾക്കു തരേണമേ.

ആമെൻ.

## ൨ കൊരി. ൧൩.

ഞങ്ങളുടെ കത്താവായ യേശുമശിഹായുടെ കൃപയും, ദൈവത്തിൻെറ സ്നേഹവും, പരിശുദ്ധാത്മാവിൻെറ കൂട്ടായ്മയും ഞങ്ങൾ എല്ലാവരോടും കൂടി എന്നേക്കും ഇരിക്കേണമേ.

ആമെൻ.

സംവത്സരം മുഴുവനും നാൾതോറും ചൊല്ലേണ്ടുന്ന വൈകുന്നേരത്തെ പ്രാത്ഥനാക്രമം ഇവിടെ അവസാനിക്കുന്നു.

# THE ATHANASIAN CREED

## കാലത്തെ പ്രാൎത്ഥനാസമയത്തു

¶ ക്രിസ്തുമസ്, മഹത്വപ്രകാശം, വിശ്രു. മത്ഥിയാസ്, പെസഹാ, സ്വൎഗ്ഗാരോഹണം, പെന്തെക്കോസ്തു, വിശ്രു. യോഹന്നാൻ സ്നാപകൻ, വിശ്രു. യാക്കോബു, വിശ്രു. ബൎത്തൊലോമായി, വിശ്രു. മത്തായി, വിശ്രു. ശിമോനും, വിശ്രു. യൂദായും, വിശ്രു. അന്ത്രെയാസ്, ത്രിത്വ ഞായറാഴ്ച എന്നീ പെരുനാളുകളിൽ കാലത്തെ പ്രാൎത്ഥനാസമയത്തു അപ്പൊസ്തൂല വിശ്വാസപ്രമാണത്തിന്നു പകരം വിശ്രു. **അത്താനാസ്യോസിൻെറ വിശ്വാസപ്രമാണം** എന്നു സാധാരണ പറയുന്നതായ, നമ്മുടെ ഈ ക്രിസ്തീയവിശ്വാസസ്വീകാരം ശുശ്രൂഷകനും ജനങ്ങളും നിന്നുകൊണ്ടു പാടുകയൊ, ചൊല്ലുകയൊ ചെയ്യണം.

## QUICUNQUE VULT.

**ര**ക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവൻ ആരോ, അവൻ സകലത്തിന്നും മുമ്പായി കാതോലിക വിശ്വാസത്തെ കൈക്കൊള്ളുന്നതു ആവശ്യമാകുന്നു.

**ആ** വിശ്വാസത്തെ ആരെങ്കിലും പൂൎണ്ണമായും നിഷ്കളങ്കമായും പ്രമാണിക്കാഞ്ഞാൽ, അവൻ സംശയം കൂടാതെ എന്നേക്കും നശിച്ചുപോകും.

കാതോലിക വിശ്വാസം എന്നതു നാം ഏകദൈവത്തെ ത്രിത്വത്തിലും, ത്രിത്വത്തെ ഏകത്വത്തിലും വന്ദിക്കുന്നതു തന്നേ;

**മൂ**ൎത്തികളെ സമ്മിശ്രമാക്കാതെയും തത്വത്തെ വിഭാഗിക്കാതെയും ഇരിക്കേണം.

**എ**ന്തെന്നാൽ പിതാവു വേറെ, പുത്രൻ വേറെ, പരിശുദ്ധാത്മാവു വേറെ.

**എ**ങ്കിലും പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും ദൈവത്വം ഒന്നു തന്നേ; മഹത്വം സമവും, പ്രഭാവം സമനിത്യവും ആകുന്നു.

**പി**താവു ഏതുപ്രകാരമുള്ളവനോ, പുത്രനും അപ്രകാരമുള്ളവൻ, പരിശുദ്ധാത്മാവും അപ്രകാരമുള്ളവൻ.

പിതാവു സൃഷ്ടിക്കപ്പെടാത്തവൻ, പുത്രനും സൃഷ്ടിക്കപ്പെടാത്തവൻ പരിശുദ്ധാത്മാവും സൃഷ്ടിക്കപ്പെടാത്തവൻ.

പിതാവു അഗോചരൻ, പുത്രനും അഗോചരൻ, പരിശുദ്ധാത്മാവും അഗോചരൻ.

പിതാവു നിത്യൻ, പുത്രനും നിത്യൻ, പരിശുദ്ധാത്മാവും നിത്യൻ.

എങ്കിലും മൂന്നു നിത്യന്മാരല്ല, ഒരു നിത്യനത്രെ.

അപ്രകാരം തന്നേ മൂന്നു അഗോചരന്മാരല്ല, മൂന്നു സൃഷ്ടിക്കപ്പെടാത്തവരുമല്ല; ഒരു സൃഷ്ടിക്കപ്പെടാത്തവനേയുള്ളു, ഒരു അഗോചരനുമേയുള്ളു.

അപ്രകാരം തന്നേ പിതാവു സൎവ്വശക്തൻ, പുത്രനും സൎവ്വശക്തൻ, പരിശുദ്ധാത്മാവും സൎവ്വശക്തൻ.

എങ്കിലും മൂന്നു സൎവ്വശക്തന്മാരല്ല, ഒരു സൎവ്വശക്തനത്രെ.

അപ്രകാരം തന്നേ പിതാവു ദൈവം, പുത്രനും ദൈവം, പരിശുദ്ധാത്മാവും ദൈവം.

എങ്കിലും മൂന്നു ദൈവങ്ങളല്ല, ഒരു ദൈവമത്രെ.

അപ്രകാരം തന്നേ പിതാവു കൎത്താവു, പുത്രനും കൎത്താവു, പരിശുദ്ധാത്മാവും കൎത്താവു.

എങ്കിലും മൂന്നു കൎത്താക്കന്മാരല്ല, ഒരു കൎത്താവത്രെ.

എന്തെന്നാൽ ഓരോ ആൾ തനിയേ തന്നേ ദൈവമെന്നും, കൎത്താവെന്നും അനുസരിച്ചു പറയുന്നതിന്നു ക്രിസ്തീയസത്യം നമ്മെ ഏതുപ്രകാരം നിൎബ്ബന്ധിച്ചിരിക്കുന്നുവോ;

അപ്രകാരം തന്നേ മൂന്നു ദൈവങ്ങൾ എങ്കിലും മൂന്നു കൎത്താക്കന്മാരെങ്കിലും ഉണ്ടു് എന്നു പറയരുതു എന്നു കാതോലികമതം നമ്മോടു കല്പിച്ചിരിക്കുന്നു.

പിതാവു ഒരുത്തനാലും ഉണ്ടാക്കപ്പെട്ടവനും അല്ല, സൃഷ്ടിക്കപ്പെട്ടവനും അല്ല, ജനിപ്പിക്കപ്പെട്ടവനും അല്ല.

പുത്രൻ പിതാവിൽനിന്നു മാത്രമാകുന്നു; ഉണ്ടാക്കപ്പെട്ടവനും അല്ല, സൃഷ്ടിക്കപ്പെട്ടവനും അല്ല, ജനിപ്പിക്കപ്പെട്ടവനത്രെ.

പരിശുദ്ധാത്മാവു പിതാവിൽനിന്നും, പുത്രനിൽനിന്നും ആകുന്നു; ഉണ്ടാക്കപ്പെട്ടവനും അല്ല, സൃഷ്ടിക്കപ്പെട്ടവനും അല്ല, ജനിപ്പിക്കപ്പെട്ടവനും അല്ല, പുറപ്പെടുന്നവനത്രെ.

ആകയാൽ ഒരു പിതാവേയുള്ളു, മൂന്നു പിതാക്കന്മാരില്ല; ഒരു പു

ത്രനേയുള്ളൂ, മൂന്നു പുത്രന്മാരില്ല; ഒരു പരിശുദ്ധാത്മാവേയുള്ളൂ, മൂന്നു പരിശുദ്ധാത്മാക്കളില്ല.

ഈ ത്രിത്വത്തിൽ മുമ്പനും പിമ്പനും ഇല്ല, വലിയവനും ചെറിയവനും ഇല്ല.

എന്നാൽ മൂവരും മുഴുവനും സമനിത്യന്മാരും സമന്മാരുമാകുന്നു.

അതുകൊണ്ടു മേൽ ചൊല്ലിയപ്രകാരം സകലത്തിലും ത്രിത്വത്തിൽ ഏകത്വത്തെയും ഏകത്വത്തിൽ ത്രിത്വത്തെയും വന്ദിപ്പാനുള്ളതാകുന്നു.

ആകയാൽ രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവൻ ഇങ്ങനെ ത്രിത്വത്തെ കുറിച്ചു നിരൂപിക്കേണം.

അത്രയുമല്ല, അവൻ നമ്മുടെ കർത്താവായ യേശുമശിഹായുടെ മനുഷ്യാവതാരത്തെയും ശരിയായി വിശ്വസിക്കുന്നതു നിത്യരക്ഷക്കു ആവശ്യമുള്ളതാകുന്നു.

ശരിയായ വിശ്വാസമോ, നാം ദൈവത്തിന്റെ പുത്രനായി, നമ്മുടെ കർത്താവായ യേശുമശിഹാ ദൈവമെന്നും, മനുഷ്യനെന്നും വിശ്വസിച്ചു, അനുസരിച്ചുകൊള്ളുന്നതു ആകുന്നു.

അവൻ ലോകങ്ങൾക്കു മുമ്പെ പിതാവിന്റെ തത്വത്തിൽനിന്നു ജനിപ്പിക്കപ്പെട്ട ദൈവവും, ലോകത്തിൽ തന്റെ മാതാവിന്റെ തത്വത്തിൽനിന്നു ജനിച്ച മനുഷ്യനും ആകുന്നു.

അവൻ പൂർണ്ണ ദൈവവും ജ്ഞാന ആത്മാവോടും മനുഷ്യശരീരത്തോടും കൂടിയ പൂർണ്ണ മനുഷ്യനും ആകുന്നു.

തന്റെ ദൈവത്വം സംബന്ധിച്ചു പിതാവിനോടു സമനും തന്റെ മനുഷ്യത്വം സംബന്ധിച്ചു പിതാവിനെക്കാൾ താണവനും ആകുന്നു.

അവൻ ദൈവവും മനുഷ്യനുമാകുന്നു; എങ്കിലും രണ്ടല്ല, ഒരു മശിഹായത്രെ.

ദൈവത്വത്തെ മാംസമായിട്ടു മാററുകകൊണ്ടല്ല, ദൈവത്വത്തിലേക്കു മനുഷ്യത്വത്തെ ധരിക്കകൊണ്ടു തന്നേ ഒരുവൻ.

തത്വത്തിന്റെ സമ്മിശ്രംകൊണ്ടല്ല, മൂർത്തിയുടെ ഏകത്വംകൊണ്ടു തന്നേ ഒരുവൻ.

എന്തെന്നാൽ ജ്ഞാന ആത്മാവും ശരീരവും ഒരു മനുഷ്യനാകുന്നതു പോലെ തന്നേ ദൈവവും മനുഷ്യനും ഒരു മശിഹാ ആകുന്നു.

അവൻ നമ്മുടെ രക്ഷക്കുവേണ്ടി കഷ്ടപ്പെട്ടു, പാതാളത്തിലേക്കു ഇറങ്ങി, മരിച്ചവരിൽനിന്നു മൂന്നാം ദിവസം പിന്നെയും ഉയിർത്തെഴുന്നേററു.

അവൻ സ്വൎഗ്ഗത്തിലേക്കു കരേറി സൎവ്വശക്തിയുള്ള ദൈവമായ പിതാവിന്റെ വലത്തുഭാഗത്തു ഇരിക്കുന്നു; അവിടെനിന്നു അവൻ ജീവനുള്ളവരേയും മരിച്ചവരേയും ന്യായം വിധിപ്പാൻ വരും.

അവന്റെ വരവിങ്കൽ സകല ജനങ്ങളും തങ്ങളുടെ ശരീരങ്ങളോടെ തിരികെ ഉയിൎത്തെഴുന്നേല്ക്കും; അവർ തങ്ങളുടെ സ്വന്ത പ്രവൃത്തികളെക്കുറിച്ചു കണക്കു ബോധിപ്പിക്കേണ്ടിവരും.

നന്മ ചെയ്യുവർ നിത്യജീവനിലേക്കും, തിന്മ ചെയ്യുവർ നിത്യ അഗ്നിയിലേക്കും പോകയും ചെയ്യും.

കാതോലിക വിശ്വാസം ഇതാകുന്നു; ഇതിനെ ആരെങ്കിലും പരമാൎത്ഥതയോടെ വിശ്വസിക്കാഞ്ഞാൽ, അവന്നു രക്ഷിക്കപ്പെട്ടുവാൻ കഴികയില്ല.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ;

ആദിയിങ്കലും, ഇപ്പോഴും, എന്നേക്കുമുള്ള പ്രകാരം തന്നേ. ആമെൻ.

# THE LITANY

## ലിത്താനി

¶ കാലത്തെ പ്രാൎത്ഥന കഴിഞ്ഞിട്ടു ഞായറാഴ്ചയും, ബുധനാഴ്ചയും, വെള്ളിയാഴ്ചയും, മേലധികാരി കല്പിക്കുന്ന മററു സമയത്തും **ലിത്താനി** എന്ന പൊതുവിലുള്ള പ്രാൎത്ഥന പാടുകയോ ചൊല്ലുകയോ ചെയ്യേണ്ടതാകുന്നു.

**സ്വ**ൎഗ്ഗസ്ഥപിതാവായ ദൈവമേ, അരിഷ്ടപാപികളായ ഞങ്ങളോടു കരുണയുണ്ടാകേണമേ.

**സ്വ**ൎഗ്ഗസ്ഥപിതാവായ ദൈവമേ, അരിഷ്ടപാപികളായ ഞങ്ങളോടു കരുണയുണ്ടാകേണമേ.

**ലോ**കരക്ഷകനായ പുത്രനാം ദൈവമേ, അരിഷ്ടപാപികളായ ഞങ്ങളോടു കരുണയുണ്ടാകേണമേ.

**ലോ**കരക്ഷകനായ പുത്രനാം ദൈവമേ, അരിഷ്ടപാപികളായ ഞങ്ങളോടു കരുണയുണ്ടാകേണമേ.

**പി**താവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവാം ദൈവമേ, അരിഷ്ട പാപികളായ ഞങ്ങളോടു കരുണയുണ്ടാകേണമേ.

**പി**താവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവാം ദൈവമേ, അരിഷ്ടപാപികളായ ഞങ്ങളോടു കരുണയുണ്ടാകേണമേ.

**പ**രിശുദ്ധതയും, പുകഴ്ചയും, മഹത്വവുമുള്ള ത്രിത്വമേ, മൂവരായ ഏക ദൈവമേ, അരിഷ്ടപാപികളായ ഞങ്ങളോടു കരുണയുണ്ടാകേണമേ.

**പ**രിശുദ്ധതയും, പുകഴ്ചയും, മഹത്വവുമുള്ള ത്രിത്വമേ, മൂവരായ ഏകദൈവമേ, അരിഷ്ടപാപികളായ ഞങ്ങളോടു കരുണയുണ്ടാകേണമേ.

കൎത്താവേ, ഞങ്ങളുടെ കുററങ്ങളെ എങ്കിലും, ഞങ്ങളുടെ പിതാക്കന്മാരുടെ കുററങ്ങളെ എങ്കിലും ഓൎക്കരുതേ; ഞങ്ങളുടെ പാപങ്ങൾക്കായിട്ടു പ്രതികാരം ചെയ്കയും അരുതേ; കൃപയുള്ള കൎത്താവേ, ഞങ്ങളോടു കനിവുണ്ടാകേണമേ; ഏററവും വിലയേറിയ നിന്റെ രക്തംകൊണ്ടു നീ വീ

ണ്ടെടുത്തിരിക്കുന്നവരായി നിന്റെ ജനങ്ങളായ ഞങ്ങളോടു കനിവുണ്ടായി എന്നേക്കും കോപിക്കയും അരുതേ.

കൃപയുള്ള കൎത്താവേ, ഞങ്ങളോടു കനിവുണ്ടാകേണമേ.

സകല ദോഷത്തിൽനിന്നും, ഉപദ്രവത്തിൽനിന്നും; പാപത്തിൽനിന്നും, പിശാചിന്റെ കൌശലങ്ങളിലും ആക്രമങ്ങളിലും നിന്നും; നിന്റെ ക്രോധത്തിൽനിന്നും, നിത്യശിക്ഷയിൽനിന്നും,

കൃപയുള്ള കൎത്താവേ, ഞങ്ങളെ രക്ഷിക്കേണമേ.

ഹൃദയത്തിന്റെ സകല അന്ധതയിൽനിന്നും; അഹങ്കാരത്തിൽ നിന്നും, വൃഥാഭിമാനത്തിൽനിന്നും, കപടഭക്തിയിൽനിന്നും; അസൂയയിൽനിന്നും, പകയിൽനിന്നും ൟൎഷ്യയിൽനിന്നും സകലവിധ സ്നേഹമില്ലായ്മയിൽനിന്നും,

കൃപയുള്ള കൎത്താവേ, ഞങ്ങളെ രക്ഷിക്കേണമേ.

ദുൎന്നടപ്പിൽനിന്നും, മററും മരണകരമായ സകല പാപത്തിൽനിന്നും; ലോകത്തിന്റെയും, ജഡത്തിന്റെയും, പിശാചിന്റെയും സകല വഞ്ചനകളിൽനിന്നും,

കൃപയുള്ള കൎത്താവേ, ഞങ്ങളെ രക്ഷിക്കേണമേ.

ഇടിത്തീയിൽനിന്നും, കൊടുങ്കാററിൽനിന്നും; പകൎച്ചവ്യാധിയിൽനിന്നും, വസന്തയിൽനിന്നും, ക്ഷാമത്തിൽനിന്നും; യുദ്ധത്തിൽനിന്നും, കൊലയിൽനിന്നും, പെട്ടെന്നുള്ള മരണത്തിൽനിന്നും,

കൃപയുള്ള കൎത്താവേ, ഞങ്ങളെ രക്ഷിക്കേണമേ.

സകല കലഹത്തിൽനിന്നും, രഹസ്യമായുള്ള കൂട്ടുകെട്ടിൽനിന്നും, രാജമത്സരത്തിൽനിന്നും; സകല വ്യാജോപദേശത്തിൽനിന്നും, വേദവിപരീതത്തിൽനിന്നും, മതഭിന്നതയിൽനിന്നും; ഹൃദയ കാഠിന്യത്തിൽനിന്നും, നിന്റെ വചനത്തോടും കല്പനയോടും ഉള്ള നിന്ദയിൽ നിന്നും,

കൃപയുള്ള കൎത്താവേ, ഞങ്ങളെ രക്ഷിക്കേണമേ.

നിന്റെ വിശുദ്ധാവതാര മൎമ്മംകൊണ്ടും; നിന്റെ വിശുദ്ധ ജനനംകൊണ്ടും, പരിച്ഛേദനകൊണ്ടും; നിന്റെ ബപ്തീസ്മകൊണ്ടും, ഉപവാസംകൊണ്ടും, പരീക്ഷകൊണ്ടും,

കൃപയുള്ള കൎത്താവേ, ഞങ്ങളെ രക്ഷിക്കേണമേ.

നിന്റെ പ്രാണവേദനകൊണ്ടും, രക്തവിയൎപ്പുകൊണ്ടും; നിന്റെ കുരിശുകൊണ്ടും, കഷ്ടപ്പാടുകൊണ്ടും; നിന്റെ വിലയേറിയ മരണംകൊ

ണ്ടും, കവറടക്കംകൊണ്ടും; നിന്റെ മഹത്വമുള്ള ഉയിൎത്തെഴുന്നേല്പുകൊണ്ടും, സ്വൎഗ്ഗാരോഹണംകൊണ്ടും; പരിശുദ്ധാത്മാവിന്റെ വരവുകൊണ്ടും,

കൃപയുള്ള കൎത്താവേ, ഞങ്ങളെ രക്ഷിക്കേണമേ.

ഞങ്ങളുടെ അനൎത്ഥകാലത്തിൽ ഒക്കെയും; ഐശ്വൎയ്യകാലത്തിൽ ഒക്കെയും; മരണസമയത്തിലും വിധിനാളിലും,

കൃപയുള്ള കൎത്താവേ, ഞങ്ങളെ രക്ഷിക്കേണമേ.

ദൈവമായ കൎത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമെന്നു പാപികളായ ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു; ലോകത്തിൽ എങ്ങുമുള്ള നിന്റെ വിശുദ്ധസഭയെ നേൎവഴിയിൽ ഭരിച്ചുനടത്തുവാൻ നിനക്കു ഇഷ്ടമുണ്ടാകേണമേ.

കൃപയുള്ള കൎത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.

നിന്നെ നേരായി ആരാധിക്കുന്നതിലും, നീതിയും വിശുദ്ധിയുമുള്ള നടപ്പിലും, നിന്റെ ദാസനും ഞങ്ങളുടെ കാരുണ്യമേറിയ അധിപതിയും, ഇണ്ട്യയുടെ ചക്രവൎത്തിയുമാകുന്ന ജ്യോൎജ്ജ് രാജാവിനെ ഉറപ്പിച്ചു കാപ്പാൻ നിനക്കു ഇഷ്ടമുണ്ടാകേണമേ.

കൃപയുള്ള കൎത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.

നിന്നെയുള്ള വിശ്വാസത്തിലും, ഭയത്തിലും, സ്നേഹത്തിലും അവന്റെ ഹൃദയത്തെ ഭരിപ്പാനും, അവൻ നിന്നിൽ എന്നും ആശ്രയിച്ചു, നിന്റെ ബഹുമാനത്തെയും മഹത്വത്തെയും എപ്പോഴും അന്വേഷിപ്പാനും നിനക്കു ഇഷ്ടമുണ്ടാകേണമേ.

കൃപയുള്ള കൎത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.

അവനെ കാത്തു പാലിപ്പാനും, അവന്റെ സകല ശത്രുക്കളുടെ മേലും അവന്നു ജയം നല്കുവാനും നിനക്കു ഇഷ്ടമുണ്ടാകേണമേ.

കൃപയുള്ള കൎത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.

ഞങ്ങളുടെ കാരുണ്യമേറിയ എലിശബേത്ത് രാജകുമാരിയേയും അമ്മറാണിയായ മേറിരാജ്ഞിയെയും, രാജകുടുംബത്തെ ഒക്കെയും അനുഗ്രഹിച്ചു പാലിപ്പാൻ നിനക്കു ഇഷ്ടമുണ്ടാകേണമേ.

കൃപയുള്ള കൎത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.

നിന്റെ വചനത്തിലെ സത്യ അറിവും ബോധവുംകൊണ്ടു സകല എപ്പിസ്കോപ്പാമാരെയും പ്രെസ്ബിറ്ററന്മാരെയും ദിയാക്കോന്മാരെയും പ്ര

കാശിപ്പിപ്പാനും, അപ്രകാരം അവർ തങ്ങളുടെ പ്രസംഗംകൊണ്ടും നടപ്പുകൊണ്ടും അതിനെ തെളിയിച്ചു കാട്ടുവാനും നിനക്കു ഇഷ്ടമുണ്ടാകേണമേ.

ക്രുപയുള്ള കൎത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.

രാജമന്ത്രികൾക്കും സകല പ്രഭുക്കന്മാൎക്കും കൃപയും ജ്ഞാനവും വിവേകവും കൊടുപ്പാൻ നിനക്കു ഇഷ്ടമുണ്ടാകേണമേ.

ക്രുപയുള്ള കൎത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.

നീതിയെ നടത്തുവാനും സത്യത്തെ പാലിപ്പാനും ന്യായാധിപതിമാൎക്കു കൃപകൊടുത്തു, അവരെ അനുഗ്രഹിച്ചു കാപ്പാൻ നിനക്കു ഇഷ്ടമുണ്ടാകേണമേ.

ക്രുപയുള്ള കൎത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.

[വൈസറോയി, ഗവൎണരന്മാർ, ൟ നാട്ടിലെ പൊളിററിക്കൽ ഏജൻറ് മുതലായി ചക്രവൎത്തിയുടെ കീഴിൽ അധികാരമുള്ള എല്ലാവരും നിൻെറ മഹത്വത്തിന്നായിട്ടു സകലവും ചെയ്യേണ്ടതിന്നു അവൎക്കു കൃപയരുളുവാൻ നിനക്കു ഇഷ്ടമുണ്ടാകേണമേ.

ക്രുപയുള്ള കൎത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.

ൟ നാട്ടിൻെറ മഹാരാജാവിനെയും, അവൻെറ കീഴിൽ അധികാരമുള്ള എല്ലാവരെയും നിൻെറ സത്യംകൊണ്ടു പ്രകാശിപ്പിച്ചു നടത്തുവാൻ നിനക്കു ഇഷ്ടമുണ്ടാകേണമേ.

ക്രുപയുള്ള കൎത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.]

നിൻെറ സകല ജനങ്ങളെയും അനുഗ്രഹിച്ചു കാപ്പാൻ നിനക്കു ഇഷ്ടമുണ്ടാകേണമേ.

ക്രുപയുള്ള കൎത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.

സകല രാജ്യങ്ങൾക്കും ഒരുമയും സമാധാനവും ഐകമത്യവും നല്കുവാൻ നിനക്കു ഇഷ്ടമുണ്ടാകേണമേ.

ക്രുപയുള്ള കൎത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.

നിന്നെ സ്നേഹിച്ചു ഭയപ്പെട്ടു, നിൻെറ കല്പനകളിൻപ്രകാരം ഉത്സാഹത്തോടെ നടപ്പാനുള്ള ഹൃദയത്തെ ഞങ്ങൾക്കു തരുവാൻ നിനക്കു ഇഷ്ടമുണ്ടാകേണമേ.

ക്രുപയുള്ള കൎത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.

നിൻെറ വചനത്തെ സൌമ്യതയോടെ കേൾപ്പാനും, അതിനെ നല്ല പ്രിയത്തോടെ കൈക്കൊൾവാനും, ആത്മാവിൻെറ ഫലങ്ങളെ തരു

വാനും, നിൻെറ സകല ജനങ്ങൾക്കും കൃപ വൎദ്ധിപ്പിപ്പാൻ നിനക്കു ഇഷ്ടമുണ്ടാകേണമേ.

കൃപയുള്ള കൎത്താവേ, ഞങ്ങളെ ചെവികൊള്ളേണമേ.

തെററിയവരെയും വഞ്ചിക്കപ്പെട്ടവരെയും എല്ലാം സത്യവഴിയിലേക്കു തിരിച്ചുവരുത്തുവാൻ നിനക്കു ഇഷ്ടമുണ്ടാകേണമേ.

കൃപയുള്ള കൎത്താവേ, ഞങ്ങളെ ചെവികൊള്ളേണമേ.

നില്ക്കുന്നവരെ ബലപ്പെടുത്തുവാനും, മനസ്സുറപ്പില്ലാത്തവരെ സഹായിച്ചു ആശ്വാസിപ്പിപ്പാനും, വീഴുന്നവരെ എഴുന്നേല്പിപ്പാനും, ഒടുക്കം സാത്താനെ ഞങ്ങളുടെ പാദങ്ങൾക്കു കീഴിൽ ചതച്ചുകളവാനും നിനക്കു ഇഷ്ടമുണ്ടാകേണമേ.

കൃപയുള്ള കൎത്താവേ, ഞങ്ങളെ ചെവികൊള്ളേണമേ.

ആപത്തിലും ആവശ്യത്തിലും അനൎത്ഥത്തിലും ഇരിക്കുന്ന എല്ലാവൎക്കും തുണയും സഹായവും ആശ്വാസവും നല്കുവാൻ നിനക്കു ഇഷ്ടമുണ്ടാകേണമേ.

കൃപയുള്ള കൎത്താവേ, ഞങ്ങളെ ചെവികൊള്ളേണമേ.

കരയിൽ കൂടെയൊ വെള്ളത്തിൽ കൂടെയൊ സഞ്ചരിക്കുന്ന എല്ലാവരെയും, പ്രസവവേദനപ്പെടുന്ന സ്ത്രീകളെ ഒക്കെയും, സകല രോഗികളെയും, ചെറുപൈതങ്ങളെയും കാത്തു രക്ഷിപ്പാനും; എല്ലാ തടവുകാരോടും ബദ്ധന്മാരോടും കരുണ ചെയ്വാനും നിനക്കു ഇഷ്ടമുണ്ടാകേണമേ.

കൃപയുള്ള കൎത്താവേ, ഞങ്ങളെ ചെവികൊള്ളേണമേ.

പിതാവില്ലാത്ത പൈതങ്ങളെയും, വിധവമാരെയും, നിരാധാരക്കാരെയും, പീഡിതരെയും എല്ലാം കാത്തു പരിപാലിപ്പാൻ നിനക്കു ഇഷ്ടമുണ്ടാകേണമേ.

കൃപയുള്ള കൎത്താവേ, ഞങ്ങളെ ചെവികൊള്ളേണമേ.

സകല ജനങ്ങളോടും കരുണയുണ്ടാകുവാൻ നിനക്കു ഇഷ്ടമുണ്ടാകേണമേ.

കൃപയുള്ള കൎത്താവേ, ഞങ്ങളെ ചെവികൊള്ളേണമേ

ഞങ്ങളുടെ ശത്രുക്കളോടും, ഉപദ്രവക്കാരോടും, ദൂഷണക്കാരോടും ക്ഷമിച്ചു, അവരുടെ ഹൃദയങ്ങളെ തിരിപ്പാൻ നിനക്കു ഇഷ്ടമുണ്ടാകേണമേ.

കൃപയുള്ള കൎത്താവേ, ഞങ്ങളെ ചെവികൊള്ളേണമേ.

ഭൂമിയിലുള്ള വിവിധ ഫലങ്ങളെ അതാതു സമയത്തു ഞങ്ങൾക്കു അനുഭവിപ്പാൻ തക്കവണ്ണം ഞങ്ങളുടെ ഉപകാരത്തിന്നായിട്ടു തരുവാനും സൂക്ഷിപ്പാനും നിനക്കു ഇഷ്ടമുണ്ടാകേണമേ.

കൃപയുള്ള കൎത്താവെ, ഞങ്ങളെ ചെവിക്കൊള്ളേണമേ.

ഞങ്ങൾക്കു സത്യമാനസാന്തരം തരുവാനും, ഞങ്ങളുടെ പാപങ്ങളും ഉപേക്ഷകളും അറിയായ്മകളും എല്ലാം ക്ഷമിപ്പാനും, നിന്റെ വിശുദ്ധ വചനപ്രകാരം ഞങ്ങളുടെ നടപ്പുകളെ നന്നാക്കുവാനായി നിന്റെ പരിശുദ്ധാത്മാവിന്റെ കൃപകൊണ്ടു ഞങ്ങളെ ധരിപ്പിപ്പാനും നിനക്കു ഇഷ്ടമുണ്ടാകേണമേ.

കൃപയുള്ള കൎത്താവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.

ദൈവത്തിന്റെ പുത്രാ, ഞങ്ങളെ ചെവിക്കൊള്ളേണമേ.

ദൈവത്തിന്റെ പുത്രാ, ഞങ്ങളെ ചെവിക്കൊള്ളേണമേ.

ലോകത്തിന്റെ പാപങ്ങളെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടേ;

നിന്റെ സമാധാനം ഞങ്ങൾക്കു തരേണമേ.

ലോകത്തിന്റെ പാപങ്ങളെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടേ;
ഞങ്ങളോടു കരുണ ഉണ്ടാകേണമേ.

മശിഹായേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.
മശിഹായേ, ഞങ്ങളെ ചെവിക്കൊള്ളേണമേ.

കൎത്താവേ, ഞങ്ങളോടു കരുണ ഉണ്ടാകേണമേ.
കൎത്താവേ, ഞങ്ങളോടു കരുണ ഉണ്ടാകേണമേ.

മശിഹായേ, ഞങ്ങളോടു കരുണ ഉണ്ടാകേണമേ.
മശിഹായേ, ഞങ്ങളോടു കരുണ ഉണ്ടാകേണമേ.

കൎത്താവേ, ഞങ്ങളോടു കരുണ ഉണ്ടാകേണമേ.
കൎത്താവേ, ഞങ്ങളോടു കരുണ ഉണ്ടാകേണമേ.

¶ അതിന്റെ ശേഷം പ്രെസ്ബിറററും ജനങ്ങളും കൂടെ കൎത്താവിന്റെ പ്രാൎത്ഥന ചൊല്ലണം.

സ്വൎഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെപ്പോലെ ഭൂമിയിലും ചെയ്യപ്പെടേണമേ. ഞങ്ങളുടെ ദിവസവുമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരേണമേ. ഞങ്ങളുടെ നേരെ കുററം ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ കുററങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിലേക്കു കടത്താതെ, ഞങ്ങളെ ദോഷത്തിൽനിന്നു രക്ഷിക്കേണമേ. ആമെൻ.

പ്രെസ്ബിററർ. കൎത്താവേ, ഞങ്ങളുടെ പാപങ്ങൾക്കു ഒത്തവണ്ണം ഞങ്ങളോടു ചെയ്യരുതേ.

പ്രതിവാക്യം. ഞങ്ങളുടെ അകൃത്യങ്ങൾക്കു ഒത്തവണ്ണം ഞങ്ങളോടു പകരം ചെയ്കയും അരുതേ.

നാം പ്രാൎത്ഥിക്ക.

നുറുങ്ങിയ ഹൃദയത്തിലെ ദീൎഘശ്വാസത്തെയും, സങ്കടപ്പെടുന്നവരുടെ ആഗ്രഹത്തെയും നിരസിക്കാത്ത കരുണയുള്ള പിതാവായ ദൈവമേ, ഉപദ്രവങ്ങളും അനൎത്ഥങ്ങളും ഞങ്ങളെ കഷ്ടപ്പെടുത്തുമ്പോൾ ഒക്കെയും ഞങ്ങൾ നിന്റെ മുമ്പാകെ ചെയ്യുന്ന പ്രാൎത്ഥനകൾക്കു കരുണയോടെ സഹായിക്കേണമേ; പിശാചിന്റെയൊ, മനുഷ്യന്റെയൊ, വഞ്ചനയാലും ഉപായത്താലും ഞങ്ങൾക്കു വിരോധമായി ഉണ്ടാകുന്ന ദോഷങ്ങൾ ഇല്ലാതെയായിത്തീൎന്നു, നിന്റെ നന്മയുള്ള വിചാരണയാൽ ചിന്നിപ്പോകേണ്ടതിന്നും, അങ്ങനെ നിന്റെ അടിയാരായ ഞങ്ങൾ യാതൊരു പീഡകളാലും ഉപദ്രവിക്കപ്പെടാതെ നിന്റെ വിശുദ്ധ സഭയിൽ എപ്പോഴും നിനക്കു സ്തോത്രം ചെയ്യേണ്ടതിന്നും, ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങളുടെ പ്രാൎത്ഥന കൃപയോടെ കേൾക്കയും ചെയ്യേണമേ.

കൎത്താവേ, എഴുന്നേറ്റു, ഞങ്ങൾക്കു സഹായിച്ചു, നിന്റെ നാമം നിമിത്തം ഞങ്ങളെ രക്ഷിക്കേണമേ.

ദൈവമേ, ഞങ്ങളുടെ പിതാക്കന്മാരുടെ നാളിലും അവൎക്കു മുമ്പെയുള്ള കാലത്തിലും നീ ചെയ്ത മഹത്തായ കാൎയ്യങ്ങളെ അവർ ഞങ്ങളോടു അറിയിച്ചിരിക്കുന്നു; ഞങ്ങൾ ഞങ്ങളുടെ ചെവികൾകൊണ്ടു കേട്ടുമിരിക്കുന്നു.

കൎത്താവേ, എഴുന്നേറ്റു, ഞങ്ങൾക്കു സഹായിച്ചു; നിന്റെ ബഹുമാനം നിമിത്തം ഞങ്ങളെ രക്ഷിക്കേണമേ.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ;

പ്രതിവാക്യം. ആദിയിങ്കലും, ഇപ്പോഴും, എന്നേക്കുമുള്ള പ്രകാരം തന്നേ. ആമെൻ.

മശിഹായേ, ഞങ്ങളുടെ ശത്രുക്കളിൽനിന്നു ഞങ്ങളെ കാത്തു രക്ഷിക്കേണമേ.

ഞങ്ങളുടെ അനൎത്ഥങ്ങളെ കൃപയോടെ നോക്കേണമേ.

ഞങ്ങളുടെ ഹൃദയങ്ങളിലെ ദുഃഖങ്ങളെ കനിവോടെ നോക്കേണമേ.

നിന്റെ ജനങ്ങളുടെ പാപങ്ങളെ കരുണയോടെ ക്ഷമിക്കേണമേ.

കരുണയോടെ കടാക്ഷിച്ചു ഞങ്ങളുടെ പ്രാൎത്ഥനകളെ കേൾക്കേണമേ.

ദാവീദിന്റെ പുത്രാ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

മശിഹായേ, ഇപ്പോഴം, എപ്പോഴം ഞങ്ങളെ ചെവിക്കൊള്ളേണമേ.

മശിഹായേ, ഞങ്ങളെ കൃപയോടെ ചെവിക്കൊള്ളേണമേ ; കൎത്താവായ മശിഹായേ, ഞങ്ങളെ കൃപയോടെ ചെവിക്കൊള്ളേണമേ.

പ്രെസ്ബിററർ. കൎത്താവേ, നിന്റെ കരുണയെ ഞങ്ങളിൽ പ്രകാശിപ്പിക്കേണമേ.

പ്രതിവാക്യം. ഞങ്ങൾ നിന്നിൽ ആശ്രയിക്കുന്നപ്രകാരം തന്നേ.

നാം പ്രാൎത്ഥിക്ക.

പിതാവേ, ഞങ്ങളുടെ ബലഹീനതകളെ കരുണയോടെ നോക്കേണമെന്നും, ഞങ്ങൾക്ക ഏററവും ന്യായമായി വരേണ്ടതായ സകല ദോഷങ്ങളെയും ഞങ്ങളിൽനിന്നു നിന്റെ നാമത്തിന്റെ മഹത്വത്തിന്നായിട്ടു അകററിക്കളയേണമെന്നും ഞങ്ങൾ നിന്നോടു താഴ്മയായി അപേക്ഷിക്കുന്നു; ഞങ്ങളുടെ സകല ഉപദ്രവങ്ങളിലും ഞങ്ങൾ ഞങ്ങളുടെ പൂൎണ്ണ ആശ്രയത്തെയും വിശ്വാസത്തെയും നിന്റെ കരുണയിൽ വെച്ചു, നിനക്കു ബഹുമാനത്തിന്നും മഹത്വത്തിന്നുമായി വിശുദ്ധിയോടും നിൎമ്മലതയോടും നടന്നു എപ്പോഴം നിന്നെ സേവിക്കേണ്ടതിന്നു, ഞങ്ങളുടെ ഏക മദ്ധ്യസ്ഥനും കാൎയ്യസ്ഥനും കൎത്താവുമായ യേശുമശിഹാ മൂലം കൃപ ചെയ്യേണമേ. ആമെൻ.

## വിശു. ക്രിസൊസ്തൊമിന്റെ പ്രാൎത്ഥന

സൎവ്വശക്തിയുള്ള ദൈവമേ, ഒരു സമയത്തു ഏക മനസ്സോടെ ഞങ്ങളുടെ പൊതുവായ അപേക്ഷകളെ കഴിപ്പാൻ നീ ഞങ്ങൾക്കു കൃപ തന്നിരിക്കുന്നു ; രണ്ടോ മൂന്നോ പേർ നിന്റെ നാമത്തിൽ കൂടുമ്പോൾ അവരുടെ അപേക്ഷകളിൻപ്രകാരം നല്കും എന്നു വാഗ്ദത്തവും ചെയ്തിരിക്കുന്നു ; ഇപ്പോൾ കൎത്താവേ, നിന്റെ അടിയാരുടെ ആഗ്രഹങ്ങളെയും അപേക്ഷകളെയും അവൎക്കു ഏററവും ഉപകാരം ആകുംവണ്ണം നിവൃത്തിവരുത്തി, ഇഹലോകത്തിൽ സത്യത്തിന്റെ പരിജ്ഞാനത്തെയും പരലോകത്തിൽ നിത്യജീവനെയും ഞങ്ങൾക്കു തരേണമേ. ആമെൻ.

൨ കൊരി. ൧൩.

ഞങ്ങളുടെ കൎത്താവായ യേശുമശിഹായുടെ കൃപയും, ദൈവത്തിന്റെ സ്നേഹവും, പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും ഞങ്ങൾ എല്ലാവരോടും കൂടി എന്നേക്കും ഇരിക്കേണമേ. ആമെൻ.

ഇവിടെ ലിത്താനി അവസാനിക്കുന്നു.

## PRAYERS AND THANKSGIVINGS,
UPON SEVERAL OCCASIONS.

## ചില പ്രത്യേക കാലങ്ങളിൽ ചെയ്യേണ്ടുന്ന പ്രാൎത്ഥനകളും സ്തോത്രങ്ങളും

¶ ലിത്താനിയിലും, കാലത്തെയും വൈകുന്നേരത്തെയും പ്രാൎത്ഥനാക്രമത്തിലും ഒടുക്കമുള്ള രണ്ടു പ്രാൎത്ഥനകൾക്കു മുമ്പെ ഇവ ചൊല്ലണം.

# PRAYERS
# പ്രാൎത്ഥനകൾ

### മഴെക്കുവേണ്ടി

ദൈവമേ, സ്വൎഗ്ഗസ്ഥപിതാവേ, നിന്റെ രാജ്യത്തെയും അതിന്റെ നീതിയെയും അന്വേഷിക്കുന്ന എല്ലാവൎക്കും ശരീരപോഷണത്തിന്നു ആവശ്യമുള്ള വസ്തുക്കളെ ഒക്കെയും നല്കുമെന്നു നിന്റെ പുത്രനായ യേശുമശിഹായെക്കൊണ്ടു വാഗ്ദത്തം ചെയ്യിച്ചപ്രകാരം, ഞങ്ങളുടെ ആശ്വാസത്തിന്നായിട്ടും, നിന്റെ മഹത്വത്തിന്നായിട്ടും, ഭൂമിയിലെ ഫലങ്ങളെ ഞങ്ങൾ അനുഭവിക്കത്തക്കവണ്ണം, ഞങ്ങളുടെ ഠരം ആവശ്യത്തിലേക്കു മതിയാകുന്ന മഴയും വൎഷവും അയക്കേണമെന്നു ഞങ്ങൾ ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

### മഴതോൎച്ചെക്കായിട്ടു.

സൎവ്വശക്തിയുള്ള കൎത്താവായ ദൈവമേ, നീ മനുഷ്യന്റെ പാപം ഹേതുവായിട്ടു പൂൎവ്വത്തിൽ എട്ടു ആളുകളെ ഒഴികെ, ലോകത്തെ ഒക്കെയും ജലപ്രളയത്താൽ നശിപ്പിച്ചശേഷം, മേലാൽ ലോകത്തെ വീണ്ടും അങ്ങിനെ നശിപ്പിക്കയില്ല എന്നു നിന്റെ മഹാ കരുണകൊണ്ടു വാഗ്ദത്തം ചെയ്തിട്ടുണ്ടല്ലൊ. ഞങ്ങളുടെ അകൃത്യങ്ങൾ ഹേതുവായി മഴയാലും വെള്ളത്താലുമുള്ള ബാധെക്കു ഞങ്ങൾ ന്യായപ്രകാരം പാത്രങ്ങളായിതീൎന്നിരിക്കുന്നു എങ്കിലും, ഞങ്ങൾ നേരായി മാനസാന്തരപ്പെട്ടു അതാതു കാലത്തു ഭൂമിയിലെ ഫലങ്ങളെ ഞങ്ങൾ അനുഭവിക്കത്തക്കവണ്ണം നീ ഞങ്ങൾക്കു നല്ല തോൎച്ചയെ തരേണമേ; നിന്റെ ശിക്ഷകൊണ്ടു ഞങ്ങളുടെ നടപ്പുകളെ നന്നാ

ക്കുവാനും, നിന്റെ കരുണെക്കുവേണ്ടി നിനക്കു സ്തോത്രവും സ്തുതിയും ചെയ്യാനും ഞങ്ങൾ പഠിക്കുമാറാകേണമെന്നു ഞങ്ങൾ ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം നിന്നോടു വിനയമായി അപേക്ഷിക്കുന്നു. ആമെൻ.

## ധാന്യക്കുറവും ക്ഷാമവുമുള്ള കാലത്തേക്കു.

ദൈവമേ, സ്വൎഗ്ഗസ്ഥപിതാവേ, മഴ പെയ്കയും ഭൂമി ഫലം തരികയും, മൃഗങ്ങൾ വൎദ്ധിക്കയും, മത്സ്യങ്ങൾ പെരുകുകയും ചെയ്യുന്നതു നിന്റെ ദാനംകൊണ്ടു ആകുന്നു. നിന്റെ ജനങ്ങളുടെ ദുഃഖങ്ങളെ നോക്കേണമെന്നു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു; ഇപ്പോൾ ഞങ്ങൾ ഞങ്ങളുടെ അകൃത്യങ്ങൾ ഹേതുവായിട്ടു ഏററവും ന്യായമായി സഹിക്കുന്ന ക്ഷാമവും ധാന്യക്കുറവും മാറി, നിന്റെ ദയകൊണ്ടു വില സഹായമായും സുഭിക്ഷമായും തീരത്തക്കവണ്ണം ഞങ്ങളുടെ കൎത്താവായ യേശുമശിഹായുടെ സ്നേഹം നിമിത്തം കൃപ ചെയ്യേണമേ; അവന്നു നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ സകല ബഹുമാനവും മഹത്വവും ഇപ്പോഴും എന്നേക്കും ഉണ്ടായിരിക്കേണമേ. ആമെൻ.

### അല്ലെങ്കിൽ ഈ പ്രാൎത്ഥന.

കരുണയുള്ള പിതാവായ ദൈവമേ, നീ എലീശാ പ്രവാചകന്റെ കാലത്തു ശമരിയായിൽ ഉണ്ടായ വലിയ ധാന്യക്കുറവും ക്ഷാമവും പെട്ടെന്നു സുഭിക്ഷമായും വില സഹായമായും ആക്കിത്തീൎത്തുവല്ലൊ. ഞങ്ങളുടെ പാപങ്ങൾ ഹേതുവായിട്ടു ഇപ്പോൾ അപ്രകാരമുള്ള അനൎത്ഥംകൊണ്ടു ശിക്ഷിക്കപ്പെടുന്നവരായ ഞങ്ങൾ അതുപോലെ തന്നേ തത്സമയത്തു വേണ്ടുന്ന സഹായം കണ്ടെത്തുവാനായിട്ടു ഞങ്ങളോടു കരുണയുണ്ടാകേണമേ; നിന്റെ സ്വൎഗ്ഗീയ അനുഗ്രഹംകൊണ്ടു ഭൂമിയിലെ ഫലങ്ങളെ വൎദ്ധിപ്പിക്കേണമേ; ഞങ്ങൾ നിന്റെ ഔദാൎയ്യമുള്ള നന്മ പ്രാപിച്ചിട്ടു ആയതിനെ നിനക്കു മഹത്വത്തിന്നും, അഗതികൾക്കു സഹായത്തിന്നും, ഞങ്ങൾക്കു ആശ്വാസത്തിന്നുമായിട്ടു ഉപയോഗിപ്പാൻ ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം കൃപ ചെയ്യേണമേ. ആമെൻ.

## യുദ്ധവും കലഹവുമുള്ള കാലത്തേക്കു.

സകല രാജാക്കന്മാരുടെയും രാജാവായി സകലത്തിന്നും അധിപതിയായി സൎവ്വശക്തനായ ദൈവമേ, യാതൊരു സൃഷ്ടിക്കും നിന്റെ ശക്തിയോടു മറുത്തുനില്പാൻ കഴിയുന്നതല്ല; പാപികളെ ന്യായമായി ശിക്ഷിക്കുന്നതും നേരായി മാനസാന്തരപ്പെടുന്നവരോടു കരുണ ചെയ്യുന്നതും നിനക്കുള്ളതാകുന്നുവല്ലോ. ഞങ്ങളെ ഞങ്ങളുടെ ശത്രുക്കളുടെ കൈകളിൽനിന്നു കാത്തു വിടുവിക്കേണമെന്നു ഞങ്ങൾ നിന്നോടു താഴ്മയായി അപേക്ഷിക്കു

ന്നു. അവരുടെ അഹങ്കാരത്തെ താഴ്ത്തേണമേ ; അവരുടെ അസൂയയെ ശമിപ്പിച്ചു, അവരുടെ ഉപായങ്ങളെ അബദ്ധമാക്കേണമേ ; ഇപ്രകാരം ഞങ്ങൾ നിന്റെ രക്ഷണത്തെ ആയുധമായി ധരിച്ചു, സകല ആപത്തുകളിൽനിന്നും എപ്പോഴും രക്ഷിക്കപ്പെട്ടു, സകല ജയത്തെയും നല്കുന്നവനായ നിന്നെ സ്തുതിക്കേണ്ടതിന്നു നിന്റെ ഏക പുത്രനും ഞങ്ങളുടെ കൎത്താവുമായ യേശുമശിഹായുടെ യോഗ്യതകൾ മൂലം കൃപ ചെയ്യേണമേ. ആമെൻ.

## പകൎച്ചവ്യാധിയും വസന്തരോഗവും ഉണ്ടാകുന്ന കാലത്തേക്കു.

സൎവ്വശക്തനായ ദൈവമേ, വനത്തിൽവെച്ചു മോശെയോടും അഹരോനോടും നിന്റെ സ്വന്ത ജനങ്ങൾ ദുശ്ശാഠ്യമായി മത്സരിക്കകൊണ്ടു അവരുടെമേൽ നീ നിന്റെ ക്രോധത്താൽ പകൎച്ചവ്യാധിയെ വരുത്തി ; അത്രയുമല്ല, ദാവീദുരാജാവിന്റെ കാലത്തു പകരുന്ന വ്യാധികൊണ്ടു എഴുപതിനായിരം പേരെ നീ കൊല്ലിച്ചു. എങ്കിലും നിന്റെ കരുണയെ ഓൎത്തു ശേഷമുള്ളവരെ രക്ഷിച്ചുവല്ലോ ; മഹാ രോഗംകൊണ്ടും മരണംകൊണ്ടും ഇപ്പോൾ ബാധിക്കപ്പെടുന്ന അരിഷ്ടപാപികളായ ഞങ്ങളോടു കനിവുണ്ടായി, നീ അക്കാലത്തു പ്രതിശാന്തി കൈക്കൊണ്ടു, ശിക്ഷിക്കുന്നതിനെ നിൎത്തേണമെന്നു നശിപ്പിക്കുന്ന ദൂതനോടു കല്പിച്ചതുപോലെ, ഇപ്പോഴും ഈ പകൎച്ചവ്യാധിയെയും ഉഗ്രരോഗത്തെയും ഞങ്ങളിൽനിന്നു നീക്കിക്കളവാൻ ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഇഷ്ടമുണ്ടാകേണമേ. ആമെൻ.

¶ പട്ടം ഏല്പാനിരിക്കുന്നവൎക്കു വേണ്ടി എമ്പർ ആഴ്ചവട്ടങ്ങളിൽ ദിവസേന ചൊല്ലേണ്ടുന്ന പ്രാൎത്ഥന.

സൎവ്വശക്തിയുള്ള ദൈവമേ, ഞങ്ങളുടെ സ്വൎഗ്ഗസ്ഥപിതാവേ, നീ നിന്റെ പ്രിയപുത്രന്റെ വിലയേറിയ രക്തംകൊണ്ടു ലോകത്തിൽ എങ്ങുമുള്ളോരു തിരുസഭയെ നിനക്കായിട്ടു സമ്പാദിച്ചിരിക്കുന്നു ; അതിനെ കരുണയോടെ നോക്കി നിന്റെ ആട്ടിൻകൂട്ടത്തിന്നു എപ്പിസ്കോപ്പാമാരും ഇടയന്മാരുമായ നിന്റെ ഭൃത്യന്മാർ ഒരുവന്റെമേലും പെട്ടെന്നു കൈകളെ വെക്കാതെ, നിന്റെ സഭയിലെ വിശുദ്ധ ശുശ്രൂഷ ചെയ്വാൻ യോഗ്യതയുള്ള ആളുകളെ വിശ്വസ്തതയോടും, വിവേകത്തോടും തിരഞ്ഞെടുക്കേണ്ടതിന്നു ഒരം സമയത്തു അവരുടെ മനസ്സുകളെ നടത്തി ഭരിക്കേണമേ ; ഏതു വിശുദ്ധസ്ഥാനത്തിന്നും നിയമിക്കപ്പെടുന്നവർ തങ്ങളുടെ നടപ്പുകൊണ്ടും ഉപദേശംകൊണ്ടും നിന്റെ മഹത്വത്തെ പ്രകാശിപ്പിച്ചു കാട്ടുവാനും, സകല മനുഷ്യരുടെയും രക്ഷയ്ക്കായി പ്രയത്നം ചെയ്വാനും അവൎക്കു നിന്റെ കൃപയും സ്വൎഗ്ഗീയ അനുഗ്രഹവും ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം നല്കേണമേ. ആമെൻ.

### അല്ലെങ്കിൽ ഇതു.

സൎവ്വശക്തനായി സകല നല്ല ദാനങ്ങളെയും തരുന്നവനായ ദൈവമേ, ദിവ്യവിചാരണകൊണ്ടു തിരുസഭയിൽ പല സ്ഥാനങ്ങളെയും നിയമിച്ചിരിക്കുന്നു; ഇവയിൽ ഏതു സ്ഥാനത്തിന്നും ശുശ്രൂഷെക്കും വിളിക്കപ്പെടുവാനുള്ള എല്ലാവൎക്കും നിന്റെ കൃപ നല്കേണമേ; അവർ തിരുനാമത്തിന്നു മഹത്വത്തിന്നായിട്ടും നിന്റെ വിശുദ്ധ സഭയുടെ പ്രയോജനത്തിന്നായിട്ടും നിന്റെ മുമ്പാകെ വിശ്വസ്തതയോടെ ശുശ്രൂഷ ചെയ്യേണ്ടതിന്നു അവരെ നിന്റെ സത്യോപദേശംകൊണ്ടു നിറെച്ചു, കുറ്റമില്ലാത്ത നടപ്പുകൊണ്ടു അവരെ ധരിപ്പിക്കേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു താഴ്മയായി അപേക്ഷിക്കുന്നു. ആമെൻ.

¶ മുമ്പിലത്തെ പ്രാൎത്ഥനകളിൽ ഏതിന്റെ എങ്കിലും പിന്നാലെ ചൊല്ലാവുന്ന ഒരു പ്രാൎത്ഥന.

എപ്പോഴും കരുണയുണ്ടാകയും ക്ഷമിക്കയും ചെയ്യുന്ന സ്വഭാവവും ലക്ഷണവുമുള്ള ദൈവമേ, ഞങ്ങളുടെ താഴ്മയുള്ള അപേക്ഷകളെ കൈക്കൊള്ളേണമേ; ഞങ്ങൾ ഞങ്ങളുടെ പാപചങ്ങലകൊണ്ടു തളെച്ചു ബന്ധിക്കപ്പെട്ടവരാകുന്നു, എങ്കിലും ഞങ്ങളുടെ മദ്ധ്യസ്ഥനും കാൎയ്യസ്ഥനുമായ യേശുമശിഹായുടെ ബഹുമാനത്തിന്നായിട്ടു നിന്റെ മഹാ കരുണയോടുകൂടിയ കനിവുകൊണ്ടു ഞങ്ങളെ അഴിച്ചുവിടേണമേ. ആമെൻ.

¶ പാൎലിയമെന്തു എന്ന പ്രധാന ആലോചനസംഘം കൂടിയിരിക്കുന്ന കാലത്തു അവൎക്കുവേണ്ടി ചൊല്ലേണ്ടുന്ന പ്രാൎത്ഥന.

മഹാ കരുണയുള്ള ദൈവമേ, ഈ രാജ്യത്തിന്നുവേണ്ടി പൊതുവിലും, ഞങ്ങളുടെ ഭക്തിയും കാരുണ്യവുമേറിയ ചക്രവൎത്തിയുടെ കീഴിൽ ഈ സമയത്തു കൂടിയിരിക്കുന്ന പാൎലിയമെന്തെന്ന പ്രധാന ആലോചനസംഘത്തിന്നുവേണ്ടി പ്രത്യേകവും ഞങ്ങൾ നിന്നോടു താഴ്മയായി അപേക്ഷിക്കുന്നു; നിന്റെ മഹത്വത്തിന്റെ അഭിവൃദ്ധിക്കായിട്ടും, നിന്റെ സഭയുടെ നന്മെക്കായിട്ടും, ഞങ്ങളുടെ രാജ്യാധിപതിയുടെയും അവന്റെ രാജ്യങ്ങളുടെയും രക്ഷണത്തിന്നും, ബഹുമാനത്തിന്നും, ക്ഷേമത്തിന്നും ആയിട്ടും അവരുടെ ആലോചനകളെ ഒക്കെയും ക്രമപ്പെടുത്തി സാധിപ്പിപ്പാൻ നിനക്കു ഇഷ്ടം തോന്നേണമേ; അവരുടെ പ്രയത്നങ്ങളാൽ സകല കാൎയ്യങ്ങളും ഏറ്റവും നല്ലതും സ്ഥിരമുള്ളതുമായ അടിസ്ഥാനങ്ങളിന്മേൽ ക്രമമാക്കി ഉറപ്പിക്കപ്പെട്ടു, അതിനാൽ ഞങ്ങളുടെ ഇടയിൽ സമാധാനവും, സൌഭാഗ്യവും, നേരും, ന്യായവും, സത്യമാൎഗ്ഗവും, ദൈവഭക്തിയും എല്ലാ തലമുറകൾക്കുമായി സ്ഥിരപ്പെടുമാറാകേണമേ; ഇവയെയും മറ്റു ആവശ്യമുള്ള സകലത്തെയും, അവൎക്കും, ഞങ്ങൾക്കും, നിന്റെ സഭെക്കു മുഴുവന്നുംവേ

ണ്ടി ഞങ്ങളുടെ വാഴ്ത്തപ്പെട്ട കൎത്താവും രക്ഷിതാവുമായ യേശുമശിഹായുടെ നാമത്തിലും മദ്ധ്യസ്ഥതയാലും ഞങ്ങൾ താഴ്മയോടെ യാചിക്കുന്നു. ആമെൻ.

¶ സകലവിധത്തിലുമുള്ള മനുഷ്യൎക്കുംവേണ്ടി ചൊല്ലേണ്ടുന്ന പ്രാൎത്ഥന. ലിത്താനി ചൊല്ലുവാൻ നിയമിച്ചിട്ടില്ലാത്ത ദിവസങ്ങളിൽ ചൊല്ലേണ്ടുന്നതു്.

സകല മനുഷ്യവൎഗ്ഗത്തിന്റെയും സ്രഷ്ടാവും പരിപാലകനുമായ ദൈവമേ, സകല വിധത്തിലും അവസ്ഥയിലും ഉള്ള മനുഷ്യൎക്കുംവേണ്ടി ഞങ്ങൾ നിന്നോടു താഴ്മയായി അപേക്ഷിക്കുന്നു; അവൎക്കു നിന്റെ വഴികളെയും, സകല രാജ്യക്കാൎക്കും നിന്റെ രക്ഷയെയും അറിയിപ്പാൻ നിനക്കു ഇഷ്ടമുണ്ടാകേണമേ; ഞങ്ങൾ കാതോലിക സഭയുടെ നന്മെക്കുവേണ്ടി വിശേഷാൽ പ്രാൎത്ഥിക്കുന്നു; ആയതു നിന്റെ നല്ല ആത്മാവിനാൽ നടത്തി ഭരിക്കപ്പെട്ടു, തങ്ങൾ ക്രിസ്ത്യാനികൾ എന്നു അനുസരിച്ചു പറയുന്ന എല്ലാവരും സത്യവഴിയിലേക്കു നടത്തപ്പെട്ടു, ആത്മാവിന്റെ ഐക്യതയിലും സമാധാനബന്ധത്തിലും, നീതിയുള്ള നടപ്പിലും വിശ്വാസത്തെ പ്രമാണിക്കുമാറാകേണമേ. ഒടുക്കം മനസ്സിലൊ, ശരീരത്തിലൊ, അവസ്ഥയിലൊ, വല്ല പ്രകാരത്തിലും അനൎത്ഥമൊ ഞെരുക്കമൊ സഹിക്കുന്ന എല്ലാവരെയും [* വിശേഷാൽ തങ്ങൾക്കുവേണ്ടി ഞങ്ങൾ പ്രാൎത്ഥിക്കേണമെന്നു അപേക്ഷിച്ചിട്ടുള്ളവരെയും] ഞങ്ങൾ നിന്റെ പിതൃദയയിലേക്കു ഭരമേല്പിക്കുന്നു; അവരുടെ കഷ്ടതകളിൽ ക്ഷമയെയും അവരുടെ സകല ദുഃഖങ്ങളിൽനിന്നും സന്തോഷമുള്ള തീൎച്ചയെയും നല്കി, അവരുടെ പലവിധ ആവശ്യങ്ങളിൻപ്രകാരം അവരെ ആശ്വസിപ്പിച്ചു സഹായിപ്പാൻ നിനക്കു ഇഷ്ടമുണ്ടാകേണമേ. ഇപ്രകാരം ഞങ്ങൾ യേശുമശിഹാ നിമിത്തം തന്നേ യാചിക്കുന്നു. ആമെൻ.

* ഇതു, സഭയുടെ പ്രാൎത്ഥനെക്കായി ആരെങ്കിലും അപേക്ഷിച്ചിട്ടുള്ളപ്പോൾ ചൊല്ലുവാനുള്ളതാകുന്നു.

## [ചക്രവൎത്തിക്കും പാൎലിയമെന്തിന്നും വേണ്ടിയുള്ള പ്രാൎത്ഥന

¶ കാലത്തെയും വൈകുന്നേരത്തെയും പ്രാൎത്ഥനയിൽ ചക്രവൎത്തിക്കും രാജകുടുംബത്തിന്നും പാൎലിയമെന്തിന്നും വേണ്ടിയുള്ള പ്രാൎത്ഥനകൾക്കു പകരം അനുവദിച്ചിട്ടുള്ളതു്.

കൎത്താവേ, രാജാക്കന്മാരുടെ രാജാവും കൎത്താക്കന്മാരുടെ കൎത്താവുമായി ഞങ്ങളുടെ സ്വൎഗ്ഗസ്ഥപിതാവേ, ഈ രാജ്യത്തിന്റെ ചക്രവൎത്തിയും ഞങ്ങളുടെ കാരുണ്യമേറിയ അധിപതിയും ആയ ജോൎജ്ജ് രാജാവിനെ

യും, ഞങ്ങളുടെ ദയയുള്ള എലിശബേത്ത് രാജകുമാരിയെയും അമ്മ റാണിയായ മേറി രാജ്ഞിയെയും, രാജകുടുംബത്തിലുള്ള എല്ലാവരെയും കൃപയോടെ കടാക്ഷിക്കേണമെന്നു ഞങ്ങൾ നിന്നോടു മനഃപൂൎവ്വമായി അപേക്ഷിക്കുന്നു. പാൎലിയമെന്റു എന്ന പ്രധാന ആലോചനാസംഘത്തെ സകല ആലോചനകളിലും നടത്തി സഹായിക്കേണമെന്നും ഞങ്ങൾ പ്രാൎത്ഥിക്കുന്നു. ഇവിടെ ഇണ്ട്യയിൽ വൈസറോയി, ഗവൎണ്ണരന്മാർ, ജഡ്ജിമാർ, ഈ രാജ്യത്തിലെ പൊളിററിക്കൽ ഏജൻറു മുതലായി ഞങ്ങളുടെ ചക്രവൎത്തിയുടെ കീഴിൽ അധികാരമുള്ള എല്ലാവരും നിൻെറ വിശുദ്ധ നാമത്തിൻെറ ബഹുമാനത്തിന്നും, നിൻെറ സഭയുടെയും ജനങ്ങളുടെയും നന്മയ്ക്കും ആയിട്ടു സകലകാൎയ്യങ്ങളെയും ജ്ഞാനത്തോടും, നീതിയോടും, കരുണയോടും, ക്രമപ്പെടുത്തി നടത്തുമാറാകേണമെന്നും ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം ഞങ്ങൾ അപേക്ഷിക്കുന്നു. ആമെൻ.

## മഹാരാജാവിന്നു വേണ്ടിയുള്ള പ്രാൎത്ഥന

രാജാക്കന്മാൎക്കും സകല അധികാരികൾക്കും വേണ്ടി പ്രാൎത്ഥിക്കേണമെന്നു തിരുവചനത്തിൽ ഞങ്ങളോടു കല്പിച്ചിരിക്കുന്ന സൎവ്വശക്തനായ ദൈവമേ, ഈ സംസ്ഥാനത്തിൻെറ അധിപതിയാകുന്ന മഹാരാജാവിനെയും, രാജ്യത്തുള്ള ഉദ്യോഗസ്ഥന്മാരെയും കരുണയോടെ കടാക്ഷിക്കേണമേ. നിൻെറ സ്വൎഗ്ഗീയ വെളിച്ചംകൊണ്ടു രാജാവിൻെറ ഹൃദയത്തെ പ്രകാശിപ്പിച്ചു, അവൻെറ ശ്രമങ്ങൾ എല്ലാം നിൻെറ മഹത്വത്തിന്നും പ്രജകളുടെ ഗുണത്തിന്നും ആയി തീരുവാൻ കൃപയരുളേണമെന്നു ഞങ്ങളുടെ ഏക മദ്ധ്യസ്ഥനും രക്ഷിതാവുമായ യേശുമശിഹാമൂലം ഞങ്ങൾ താഴ്മയോടെ അപേക്ഷിക്കുന്നു. ആമെൻ.

## സുവിശേഷപ്രസിദ്ധിക്കു വേണ്ടിയുള്ള പ്രാൎത്ഥന

സകല മനുഷ്യരെയും ഉണ്ടാക്കിയവനും, ഉണ്ടാക്കീട്ടുള്ള ഒന്നിനെയും പകെക്കാതെ, പാപി മരിക്കണമെന്നല്ല, അവൻ മനസ്സുതിരിഞ്ഞു ജീവിക്കണമെന്നു ആഗ്രഹിക്കുന്നവനും ആയ കരുണയുള്ള ദൈവമേ, നിൻെറ സത്യത്തെ കുറിച്ചുള്ള അറിവു ഇല്ലാത്തവരായ എല്ലാവരോടും കരുണയുണ്ടായി, സകല അറിയായ്മയെയും ഹൃദയകാഠിന്യത്തെയും നിൻെറ വചനത്തെക്കുറിച്ചുള്ള നിന്ദയെയും അവരിൽ നിന്നു നീക്കിക്കളയേണമേ. വാഴ്ത്തപ്പെട്ട കൎത്താവേ, ഇങ്ങനെ അവർ സാക്ഷാൽ യിസ്രായേല്യരിൽ ശേഷിച്ചവരോടു കൂടെ രക്ഷിക്കപ്പെട്ടു, നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്നവനായി, ഞങ്ങളുടെ കൎത്താവായ യേശുമശിഹായാകുന്ന ഒരു ഇടയന്നു കീഴിൽ

ഒരു കൂട്ടമായ തീരേണ്ടതിന്നു അവരെ നിന്റെ തൊഴുത്തിലേക്കു കൂട്ടിവരുത്തേണമേ. ആമെൻ.

അല്ലെങ്കിൽ ഇതു.

ഭൂതലത്തിലെങ്ങും കുടിയിരിപ്പാൻ സകല മനുഷ്യജാതിയെയും ഒരുത്തനിൽനിന്നു ഉണ്ടാക്കിയവനും, ദൂരത്തുള്ളവരും സമീപത്തുള്ളവരുമായ എല്ലാവൎക്കും സമാധാനത്തെ സുവിശേഷിപ്പാനായിട്ടു നിന്റെ വാഴ്ത്തപ്പെട്ട പുത്രനെ അയച്ചവനുമായ ദൈവമേ, ഈ ദേശത്തിലെ ജനങ്ങൾ എല്ലാവരും നിന്നെ അന്വേഷിക്കുന്നതിന്നും കണ്ടെത്തുന്നതിന്നും കൃപ ചെയ്യേണമേ. സ്വൎഗ്ഗസ്ഥനായ പിതാവേ, സകല ജഡത്തിന്മേലും നിന്റെ ആത്മാവിനെ പകരും എന്നുള്ള വാഗ്ദത്തം ഞങ്ങളുടെ രക്ഷിതാവായ യേശുമശിഹാ മൂലം വേഗത്തിൽ നിവൃത്തിയാക്കേണമേ. ആമെൻ.

---

# THANKSGIVINGS

# സ്തോത്രങ്ങൾ

## ¶ പൊതുവിലുള്ള സ്തോത്രം.

സൎവ്വശക്തിയുള്ള ദൈവമേ, സകല കരുണകളുടെയും പിതാവേ, അയോഗ്യരായ അടിയാരോടും സകല മനുഷ്യരോടും [*പ്രത്യേകം നീ ചെയ്ത കരുണകളെക്കുറിച്ചു ഇപ്പോൾ സ്തുതികളെയും സ്തോത്രങ്ങളെയും ചെയ്വാൻ ആഗ്രഹിക്കുന്നവരോടും] നിനക്കുള്ള സകല നന്മെക്കായിട്ടും ആൎദ്രകരുണെക്കായിട്ടും ഞങ്ങൾ നിനക്കു മഹാ വിനയവും മനഃപൂൎവ്വവും ആയുള്ള സ്തോത്രം ചെയ്യുന്നു. ഞങ്ങളെ സൃഷ്ടിച്ചതിന്നും പരിപാലിക്കുന്നതിന്നും ഈ ആയുസ്സിലെ സകല അനുഗ്രഹങ്ങൾക്കും വേണ്ടിയും; എല്ലാററിന്നും മേലായി ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ലോകത്തെ വീണ്ടെടുത്ത നിന്റെ വിലമതിച്ചുകൂടാത്ത സ്നേഹത്തിന്നു വേണ്ടിയും; കൃപാവഴികൾക്കു വേണ്ടിയും; മഹത്വത്തിന്റെ പ്രത്യാശെക്കു വേണ്ടിയും; ഞങ്ങൾ നിന്നെ സ്തുതിക്കുന്നു, ഞങ്ങളുടെ ഹൃദയങ്ങൾ മായം കൂടാതെ നന്ദിയുള്ളവയായി തീരേണ്ടതിന്നും നിന്നെ സേവിക്കുന്നതിന്നു ഞങ്ങളെ ഏല്പിച്ചു, ഞങ്ങളുടെ നാളുകൾ ഒക്കെയും വിശുദ്ധിയോടും നീതിയോടും നിന്റെ മുമ്പാകെ നടന്നു, അങ്ങനെ ഞങ്ങളുടെ അധരങ്ങൾകൊണ്ടു മാത്രമല്ല, ഞങ്ങളുടെ നടപ്പിലും കൂടെ നിന്റെ സ്തുതിയെ പ്രസിദ്ധിപ്പെടുത്തേണ്ടതിന്നും, നിന്റെ സകല കരുണകളെയും കുറിച്ചു തക്കതായ ബോധം ഞങ്ങൾക്കു തരേണമെന്നു, ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു; അവന്നും, നിനക്കും, പരിശുദ്ധാത്മാവിന്നും, സകല ബഹുമാനവും മഹത്വവും, കാലാവസാനം കൂടാതെ ഉണ്ടായിരിക്കേണമേ. ആമെൻ.

* ഇതു തങ്ങൾക്കു വേണ്ടി പ്രാൎത്ഥനകൾ ചെയ്യിച്ചിട്ടുള്ളവർ വല്ലവരും സ്തോത്രം ചെയ്വാനായിട്ടു അപേക്ഷിക്കുമ്പോൾ ചൊല്ലേണ്ടുന്നതാകുന്നു.

### മഴെക്കു വേണ്ടി.

നിന്റെ കൃപയുള്ള വിചാരണകൊണ്ടു ഭൂമി മനുഷ്യൎക്കു ഉപകാരത്തിന്നായിട്ടു ഫലം തരുവാൻ തക്കവണ്ണം മുൻമഴയും പിൻമഴയും അതിൽ പെയ്യിക്കുന്ന ഞങ്ങളുടെ സ്വൎഗ്ഗസ്ഥപിതാവായ ദൈവമേ, അയോഗ്യരായ അടിയാൎക്കു വലിയ ആശ്വാസത്തിന്നായിട്ടും, നിന്റെ പരിശുദ്ധ നാമത്തിന്റെ മഹത്വത്തിന്നായിട്ടും, ഞങ്ങളുടെ കൎത്താവായ യേശുമശിഹായിൽ നിനക്കുള്ള കരുണകൾമൂലം നിന്റെ അവകാശത്തിന്മേൽ ഞങ്ങളുടെ അത്യാവശ്യകാലത്തു സന്തോഷകരമായ മഴയെ അയച്ചു, ഉണങ്ങിയ ഭൂമിയെ

തണുപ്പിപ്പാൻ ഇഷ്ടം തോന്നിയിരിക്കകൊണ്ടു ഞങ്ങൾ നിനക്കു വിനയമുള്ള സ്തോത്രം ചെയ്യുന്നു. ആമെൻ.

മഴത്തോർച്ചെക്കു വേണ്ടി.

കൎത്താവായ ദൈവമേ, ഈയിടെ അതിവൎഷത്താലും പെരുവെള്ളത്താലു മുണ്ടായ ബാധകൊണ്ടു നീ ഞങ്ങളെ ന്യായമായി താഴ്ത്തുകയും നിന്റെ കരുണകൊണ്ടു സമയോചിതവും സുഖകരവുമായ കാലഭേദം വരുത്തുകയും ചെയ്കതിനാൽ ഞങ്ങളുടെ മനസ്സുകളെ ശാന്തമാക്കി ആശ്വസിപ്പിച്ചിരിക്കുന്നു; നിന്റെ ഈ കരുണെക്കായി ഞങ്ങൾ നിന്റെ പരിശുദ്ധനാമത്തെ സ്തുതിച്ചു മഹത്വപ്പെടുത്തുന്നു; നിന്റെ പ്രീതിവാത്സല്യത്തെ തലമുറതലമുറയായി എപ്പോഴും ഞങ്ങൾ അറിയിക്കയും ചെയ്യും; ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം തന്നേ. ആമെൻ.

സുഭിക്ഷതെക്കു വേണ്ടി.

മഹാ കരുണയുള്ള പിതാവേ, നീ നിന്റെ കൃപയുള്ള നന്മകൊണ്ടു തിരുസഭയുടെ ഭക്തിയുള്ള പ്രാൎത്ഥനകളെ കേട്ടു ഞങ്ങളുടെ ക്ഷാമത്തെയും ധാന്യക്കുറവിനെയും മാററി വിലസഹായവും സുഭിക്ഷതയും വരുത്തിയിരിക്കുന്നു; നിന്റെ ഈ പ്രത്യേക ഔദാൎയ്യത്തിന്നുവേണ്ടി ഞങ്ങൾ നിനക്കു വിനയമുള്ള സ്തോത്രം ചെയ്യുന്നു. നിന്റെ മഹത്വത്തിന്നും ഞങ്ങളുടെ ആശ്വാസത്തിന്നുമായിട്ടു ഞങ്ങളുടെ നാടു സമൃദ്ധിയായി ഫലങ്ങളെ തരേണ്ടുന്നതിന്നു, ഇനിമേലാലും നിന്റെ പ്രീതിവാത്സല്യത്തെ ഞങ്ങൾക്കു ഇടവിടാതെ കാണിക്കേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

സമാധാനത്തിന്നും ശത്രുക്കളിൽ നിന്നുള്ള വിടുതലിന്നും വേണ്ടി.

സൎവ്വശക്തനായ ദൈവമേ, നീ നിന്റെ അടിയാൎക്കു ശത്രുക്കളുടെ നേരെ രക്ഷയുടെ ബലമുള്ള കോട്ടയായിരിക്കുന്നു. ഞങ്ങളെ ചുററിയിരുന്ന വലിയ ആപത്തുകളിൽ നിന്നു ഞങ്ങളെ രക്ഷിച്ചതിന്നായി ഞങ്ങൾ നിനക്കു സ്തുതിയും സ്തോത്രവും ചെയ്യുന്നു; ഞങ്ങൾ അവറ്റിന്നു ഇരയായി ഭവിക്കാഞ്ഞതു നിന്റെ ദയയാകുന്നു എന്നു ഞങ്ങൾ അനുസരിച്ചുകൊള്ളുന്നു; നീ ഞങ്ങളുടെ രക്ഷിതാവും ബലമുള്ള സഹായിയുമാകുന്നു എന്നു ലോകം ഒക്കെയും അറിവാൻ തക്കവണ്ണം ഇപ്രകാരമുള്ള കരുണകളെ ഇനിയും ഞങ്ങൾക്കു ഇടവിടാതെ നല്കേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

സ്വദേശത്തു ആകപ്പാടെ സമാധാനം വരുത്തിയതിന്നു വേണ്ടി.

നിത്യനായ ദൈവമേ, ഞങ്ങളുടെ സ്വൎഗ്ഗസ്ഥപിതാവേ, നീ മാത്രമെ

ഒരു ഭവനത്തിലുള്ള ജനങ്ങളെ ഏകമനസ്സോടെ ഇരുത്തുകയും, മക്കന്മാരും അടങ്ങാത്തവരുമായ ജനങ്ങളുടെ ദുർമ്മദത്തെ ശമിപ്പിക്കുകയും ചെയ്യുന്നുളളു; ഞങ്ങളിലുണ്ടായ മത്സര കലഹങ്ങളെ ശമിപ്പിപ്പാൻ നിനക്കു ഇഷ്ടം ഉണ്ടായതുകൊണ്ടു ഞങ്ങൾ നിൻെറ പരിശുദ്ധ നാമത്തെ സ്തുതിക്കുന്നു. ഞങ്ങൾ ഇനിമേൽ നിൻെറ വിശുദ്ധ കല്പനകളെ അനുസരിച്ചു നടക്കേണ്ടതിന്നും, പൂൎണ്ണ ഭക്തിയോടും നേരോടും ശാന്തതയും സമാധാനവുമുള്ളവരായി ജീവിച്ചു, നീ ഞങ്ങളോടു ചെയ്യുന്ന കരുണകൾക്കു വേണ്ടി ഞങ്ങളുടെ സ്തുതിയും സ്തോത്രവുമാകുന്ന യാഗത്തെ ഇടവിടാതെ നിനക്കു അൎപ്പിക്കേണ്ടതിന്നും ഞങ്ങൾക്കു എല്ലാവൎക്കും കൃപതരേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ ഏററവും താണ്മയായി നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

### പകച്ച വ്യാധിയിൽ നിന്നും മററു വസന്തരോഗങ്ങളിൽ നിന്നും ഉള്ള രക്ഷെക്കു വേണ്ടി.

കൎത്താവായ ദൈവമേ, ഞങ്ങളുടെ പാപങ്ങൾ നിമിത്തം ഈയിടെ ഉണ്ടായ നിൻെറ ഭയങ്കരമായുള്ള കഠിന ദൎശനംകൊണ്ടു നീ ഞങ്ങളെ മുറിവേല്പിക്കയും, ഞങ്ങളുടെ അതിക്രമങ്ങൾ ഹേതുവായിട്ടു ഞങ്ങളെ ക്ഷയിപ്പിക്കയും ചെയ്തു എങ്കിലും, ഇപ്പോൾ, ന്യായവിധിക്കിടയിൽ തന്നെ കരുണയെ ഓൎത്തു മരണത്തിൻെറ വായിൽനിന്നു ഞങ്ങളുടെ ആത്മാക്കളെ വീണ്ടെടുത്തു രക്ഷിച്ചിരിക്കുന്നതിനാൽ ഞങ്ങളെ, ഞങ്ങളുടെ ആത്മാക്കളെയും ശരീരങ്ങളെയും തന്നെ, ദയയുള്ള പിതാവായ നിനക്കു ഞങ്ങൾ ജീവയാഗമായിട്ടു അൎപ്പിച്ചു, തിരുസഭയുടെ നടുവിൽ നിൻെറ കരുണകളെ ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം എപ്പോഴും സ്തുതിച്ചു മഹത്വപ്പെടുത്തുന്നു. ആമെൻ.

### അല്ലെങ്കിൽ ഇതു.

മഹാ കരുണയുള്ള പിതാവേ, നിൻെറ ന്യായപ്രമാണത്തിൽ കല്പിച്ചിരിക്കുന്ന ശിക്ഷകൾ ഒക്കെയും ഞങ്ങളുടെ വല അതിക്രമങ്ങളും ഹൃദയ കാഠിന്യവും ഹേതുവായിട്ടു ന്യായപ്രകാരം ഞങ്ങളുടെമേൽ വരേണ്ടതെന്നു ഞങ്ങൾ നിൻെറ മുമ്പാകെ താണ്മയായി അനുസരിച്ചുകൊള്ളുന്നു. എങ്കിലും ഞങ്ങളുടെ ക്ഷീണവും അയോഗ്യവുമായ മനത്താഴ്ചയെ നോക്കി, ഞങ്ങളെ എത്രയും ദുഃഖിപ്പിച്ചിരുന്നതായ പകച്ചവ്യാധിയെ ശമിപ്പിപ്പാനും, ഞങ്ങളുടെ ഭവനങ്ങളിൽ സന്തോഷത്തിൻെറയും സൗഖ്യത്തിൻെറയും ശബ്ദം തിരികെ വരുത്തുവാനും, നിൻെറ ആൎദ്രകരുണകൊണ്ടു ഇഷ്ടം തോന്നിയിരിക്കയാൽ, ഞങ്ങൾ നിൻെറ ദിവ്യമഹത്വത്തിങ്കലേക്കു സ്തുതിയും സ്തോത്രവുമാകുന്ന യാഗം അൎപ്പിക്കയും നീ ഇപ്രകാരം ഞങ്ങളെ പാലിച്ചു സംരക്ഷിച്ചതിന്നുവേണ്ടി ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം നിൻെറ മഹത്വമുള്ള നാമത്തെ സ്തുതിച്ചു പുകഴ്ത്തുകയും ചെയ്യുന്നു. ആമെൻ.

THE

# COLLECTS, EPISTLES, AND GOSPELS,

## TO BE USED THROUGHOUT THE YEAR

---

## സംവത്സരം മുഴുവനും ഉപയോഗിപ്പാനുള്ള

# അപേക്ഷകളും, ലേഖനങ്ങളും, സുവിശേഷങ്ങളും

---

¶ ജ്ഞാപകം. എല്ലാ ഞായറാഴ്ചകൾക്കും വിജിൽ ഉള്ള പെരുനാളുകൾക്കും നിയമിച്ചിരിക്കുന്ന അപേക്ഷകൾ അതതിന്റെ തലേനാൾ സന്ധ്യാശുശ്രൂഷയിലും ചൊല്ലണം.

### ആഗമനത്തിൽ ഒന്നാം ഞായറാഴ്ച

അപേക്ഷ.

സർവ്വശക്തിയുള്ള ദൈവമേ, നിന്റെ പുത്രനായ യേശുമശിഹാ മഹാ വിനയത്തോടെ ഞങ്ങളെ ദർശിപ്പാൻ വന്ന ഈ മർത്ത്യാവസ്ഥയിലെ കാലത്തിൽ ഞങ്ങൾ ഇരുട്ടിന്റെ പ്രവൃത്തികളെ ഉപേക്ഷിച്ചു, വെളിച്ചത്തിന്റെ ആയുധവർഗ്ഗത്തെ ധരിച്ചുകൊണ്ടു, ഒടുക്കത്തെ ദിവസം അവൻ ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിപ്പാൻ തന്റെ പ്രഭാവ മഹത്വത്തോടെ വീണ്ടും വരുമ്പോൾ, ഞങ്ങൾ അമർത്ത്യാവസ്ഥയിലേക്കു ഉയിർത്തെഴുന്നേല്ക്കേണ്ടതിന്നു, നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ ഇപ്പോഴും എപ്പോഴും ജീവിച്ചുവാഴുന്നവൻമൂലം ഞങ്ങൾക്കു കൃപ തരേണമേ. ആമെൻ.

¶ ക്രിസ്തുമസിനു തലേനാൾ വൈകുന്നേരംവരെ ആഗമനത്തിൽ എല്ലാദിവസവും മറ്റുള്ള അപേക്ഷകളോടുകൂടെ ഈ അപേക്ഷ ചൊല്ലേണ്ടതാകുന്നു.

ലേഖനം. റോമ. ൧൩. ൮ മുതൽ.
സുവിശേഷം. വിശു. മത്താ. ൨൧. ൧ മുതൽ.

### ആഗമനത്തിൽ രണ്ടാം ഞായറാഴ്ച

അപേക്ഷ.

ഞങ്ങളുടെ ഉപദേശത്തിന്നായിട്ടു വിശുദ്ധ തിരുവെഴുത്തുകളെ ഒക്കെയും എഴുതിച്ചവനായ വാഴ്ത്തപ്പെട്ട കർത്താവേ, ഞങ്ങൾ അവയെ കേട്ടു, വാ

യിച്ചു, വിചാരിച്ചു, പഠിച്ചു, ഉള്ളിൽ ധ്യാനിച്ചുകൊണ്ടു നീ ഞങ്ങളുടെ രക്ഷിതാവായ യേശുമശിഹായിൽ നിത്യജീവനെ കുറിച്ചു ഞങ്ങൾക്കു തന്നിരിക്കുന്ന ഭാഗ്യകരമായ പ്രത്യാശയെ നിന്റെ വിശുദ്ധ വചനത്താൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും ഞങ്ങൾ തഴുകി എപ്പോഴും മുറുകെ പിടിക്കേണ്ടതിന്നു കൃപ ചെയ്യേണമെ. ആമെൻ.

ലേഖനം. റോമ. ൧൫. ൪ മുതൽ.
സുവിശേഷം. വിശു. ലൂക്കൊ. ൨൧. ൨൫ മുതൽ.

## ആഗമനത്തിൽ മൂന്നാം ഞായറാഴ്ച

അപേക്ഷ.

കർത്താവായ യേശുമശിഹായേ, നിന്റെ ഒന്നാമത്തെ വരവിൽ നിന്റെ മുമ്പാകെ വഴി ഒരുക്കുവാൻ നിന്റെ ദൂതനെ നീ അയച്ചുവല്ലോ; ലോകത്തെ ന്യായംവിധിപ്പാനുള്ള നിന്റെ രണ്ടാമത്തെ വരവിൽ ഞങ്ങൾ നിന്റെ മുമ്പാകെ ഇഷ്ടമുള്ളോരു ജനമായി കാണപ്പെടുവാൻ തക്കവണ്ണം, നിന്റെ മർമ്മങ്ങളുടെ ശുശ്രൂഷക്കാരും ഗൃഹവിചാരകന്മാരും അനുസരണമില്ലാത്തവരുടെ ഹൃദയങ്ങളെ നീതിമാന്മാരുടെ ജ്ഞാനത്തിലേക്കു തിരിക്കുന്നതിനാൽ നിന്റെ വഴി ഒരുക്കി നന്നാക്കേണ്ടതിന്നു കൃപ ചെയ്യേണമെന്നു പിതാവിനോടും, പരിശുദ്ധാത്മാവിനോടും കൂടെ എന്നും ഏക ദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്ന നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. ൧കൊരി. ൪. ൧ മുതൽ.
സുവിശേഷം. വിശു. മത്താ. ൧൧. ൨ മുതൽ.

## ആഗമനത്തിൽ നാലാം ഞായറാഴ്ച

അപേക്ഷ.

കർത്താവെ, നിന്റെ ശക്തിയെ പ്രകാശിപ്പിച്ചു ഞങ്ങളുടെ ഇടയിൽ വന്നു, മഹാശക്തിയോടെ ഞങ്ങൾക്കു സഹായിക്കേണമെന്നു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ഞങ്ങൾക്കു മുമ്പാകെ വെച്ചിരിക്കുന്ന ഓട്ടത്തെ ഓടുന്നതിൽ ഞങ്ങളുടെ പാപങ്ങളും ദുഷ്ടതയും ഞങ്ങളെ ഏററവും തടഞ്ഞു വിഘ്നപ്പെടുത്തുന്നതുകൊണ്ടു ഞങ്ങളുടെ കർത്താവായ നിന്റെ പുത്രന്റെ പ്രതിശാന്തി മൂലം നിന്റെ ധാരാളമായുള്ള കൃപയും കരുണയും ഞങ്ങളെ വേഗത്തിൽ സഹായിച്ചു രക്ഷിക്കേണമെ. അവന്നും, നിനക്കും, പരിശുദ്ധാത്മാവിന്നും ബഹുമാനവും മഹത്വവും കാലാവസാനംകൂടാതെ ഉണ്ടായിരിക്കേണമെ. ആമെൻ.

ലേഖനം. ഫിലി. ൪. ൪ മുതൽ.
സുവിശേഷം. വിശു. യോഹ. ൧. ൧൯ മുതൽ.

# ക്രിസ്തുമസ് നാൾ

എന്നു സാധാരണയായി വിളിച്ചുവരുന്ന

## നമ്മുടെ കൎത്താവിന്റെ ജനനദിവസം

അപേക്ഷ.

ഞങ്ങൾക്കുള്ള സ്വഭാവത്തെ എടുപ്പാനായിട്ടും, ഇക്കാലത്തിൽ എന്നപോലെ ഒരു നിൎമ്മലകന്യകയിൽ ജനിപ്പാനായിട്ടും, ഏകജാതനായ പുത്രനെ ഞങ്ങൾക്കു തന്നിട്ടുള്ള സൎവ്വശക്തനായ ദൈവമേ, ഞങ്ങൾ വീണ്ടും ജനിച്ചു പുത്രത്വംകൊണ്ടും കൃപകൊണ്ടും നിന്റെ മക്കളായി തീൎന്നു, നിന്റെ പരിശുദ്ധാത്മാവിനാൽ ദിവസംതോറും പുതുതാക്കപ്പെടേണ്ടതിന്നു, നിന്നോടും ആ ആത്മാവിനോടും കൂടെ എന്നും ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്നവനായി ഞങ്ങളുടെ കൎത്താവായ ആ യേശുമശിഹാമൂലം കൃപ ചെയ്യേണമേ. ആമെൻ.

ലേഖനം. എബ്രാ. ൧. ൧ മുതൽ.

സുവിശേഷം. വിശു. യോഹ. ൧. ൧ മുതൽ.

## വിശു. സ്തെഫാനൊസിന്റെ നാൾ,

അപേക്ഷ.

കൎത്താവേ, നിന്റെ സത്യത്തിന്നുവേണ്ടിയുള്ള സാക്ഷ്യംനിമിത്തം ഇവിടെ ഭൂമിയിൽ ഞങ്ങൾ സഹിക്കുന്ന സകല കഷ്ടങ്ങളിലും ഞങ്ങൾ സ്വൎഗ്ഗത്തിലേക്കു മേലോട്ടു ഉറ്റുനോക്കി, വെളിപ്പെടുവാനിരിക്കുന്ന മഹത്വത്തെ വിശ്വാസത്താൽ കാണേണ്ടതിന്നു കൃപ ചെയ്യേണമേ; ഞങ്ങളുടെ ഏക മദ്ധ്യസ്ഥനും കാൎയ്യസ്ഥനുമാകുന്ന നിന്റെ നിമിത്തം കഷ്ടപ്പെടുന്ന എല്ലാവൎക്കും സഹായിപ്പാൻ, ദൈവത്തിന്റെ വലത്തുഭാഗത്തു നില്ക്കുന്ന വാഴ്ത്തപ്പെട്ട യേശുവേ, നിന്റെ ഒന്നാമത്തെ രക്തസാക്ഷിയായ വിശുദ്ധ സ്തെഫാനൊസു തന്നെ കൊലചെയ്യുവൎക്കുവേണ്ടി നിന്നോടു പ്രാൎത്ഥിച്ചതുപോലെ, ഞങ്ങളും പരിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞവരായി ഞങ്ങളെ ഉപദ്രവിക്കുന്നവരെ സ്നേഹിപ്പാനും അനുഗ്രഹിപ്പാനും പഠിക്കേണ്ടതിന്നു കൃപ അരുളേണമേ. ആമെൻ.

¶ അതിന്റെ ശേഷം ക്രിസ്തുമസിനുള്ള അപേക്ഷ ചൊല്ലേണം. അതു ആണ്ടുപിറപ്പിന്റെ തലേനാൾ വൈകുന്നേരംവരെ ദിവസവും ചൊല്ലണം.

ലേഖനമായിട്ടു. അപ്പൊ. പ്ര. ൭. ൫൫ മുതൽ.

സുവിശേഷം. വിശു. മത്താ. ൨൩. ൩൪ മുതൽ.

## വിശു. യോഹന്നാൻ സുവിശേഷകന്റെ നാൾ

### അപേക്ഷ.

കരുണയുള്ള കൎത്താവേ, നിന്റെ അനുഗ്രഹിക്കപ്പെട്ട അപ്പൊസ്തലനും സുവിശേഷകനും ആയ വിശുദ്ധ യോഹന്നാന്റെ ഉപദേശത്താൽ നിന്റെ സഭ പ്രകാശിപ്പിക്കപ്പെട്ടു, ഒടുക്കം നിത്യജീവനാകുന്ന പ്രകാശത്തിൽ എത്തുവാൻ തക്കവണ്ണം, അതു നിന്റെ സത്യമാകുന്ന വെളിച്ചത്തിൽ നടക്കേണ്ടതിന്നു, അതിന്മേൽ നിന്റെ പ്രകാശത്തിന്റെ ശോഭയുള്ള രശ്മികളെ വീശിക്കേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. ൧ വിശു. യോഹ. ൧. ൧ മുതൽ
സുവിശേഷം. വിശു. യോഹ. ൨൧. ൧൯ മുതൽ

## നിൎമ്മലശിശുക്കളുടെ നാൾ

### അപേക്ഷ.

ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും വായിൽനിന്നു ബലം നിയമിച്ചു, കുട്ടികൾ തങ്ങളുടെ മരണംകൊണ്ടു നിന്നെ മഹത്വപ്പെടുത്തുവാൻ സംഗതിവരുത്തിയ സൎവ്വശക്തനായ ദൈവമേ, ഞങ്ങളിലുള്ള ദുൎഗ്ഗുണങ്ങളെ ഒക്കെയും മരിപ്പിച്ചു കൊന്നുകളയേണമേ; അങ്ങനെ ഞങ്ങളുടെ നിൎമ്മലമായ നടപ്പുകൊണ്ടും, മരണത്തോളവും സ്ഥിരമായി നില്ക്കുന്ന വിശ്വാസംകൊണ്ടും, ഞങ്ങൾ നിന്റെ പരിശുദ്ധനാമത്തെ മഹത്വപ്പെടുത്തേണ്ടതിന്നു, ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം നിന്റെ കൃപയാൽ ഞങ്ങളെ ബലപ്പെടുത്തേണമേ. ആമെൻ.

ലേഖനമായിട്ടു. വെളി. ൧൪. ൧ മുതൽ.
സുവിശേഷം. വിശു. മത്താ. ൨. ൧൩ മുതൽ

## ക്രിസ്തുമസ്സിന്റെ പിന്നത്തെ ഞായറാഴ്ച

### അപേക്ഷ.

ഞങ്ങൾക്കുള്ള സ്വഭാവത്തെ എടുപ്പാനായിട്ടും ഇക്കാലത്തിൽ എന്നപോലെ ഒരു നിൎമ്മല കന്യകയിൽ ജനിപ്പാനായിട്ടും, ഏകജാതനായ പുത്രനെ ഞങ്ങൾക്കു തന്നിട്ടുള്ള സൎവ്വശക്തനായ ദൈവമേ, ഞങ്ങൾ വീണ്ടും ജനിച്ചു, പുത്രത്വംകൊണ്ടും കൃപകൊണ്ടും നിന്റെ മക്കളായി തീൎന്നു, നിന്റെ പരിശുദ്ധാത്മാവിനാൽ ദിവസംതോറും പുതുതാക്കപ്പെടേണ്ടതിന്നു, നിന്നോടും ആ ആത്മാവിനോടും കൂടെ എന്നും ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്നവനായ ഞങ്ങളുടെ കൎത്താവായ ആ യേശുമശിഹാമൂലം കൃപചെയ്യേണമേ. ആമെൻ.

ലേഖനം. ഗലാ. ൪. ൧ മുതൽ
സുവിശേഷം. വിശു. മത്താ. ൧. ൧൮ മുതൽ

## മശിഹായുടെ പരിച്ഛേദന

### അപേക്ഷ.

നിന്റെ വാഴ്ത്തപ്പെട്ട പുത്രൻ മനുഷ്യവംൎഗ്ഗത്തിനുവേണ്ടി പരിച്ഛേദന എല്ലാനും ന്യായപ്രമാണത്തെ അനുസരിപ്പാനും ഇടവരുത്തിയ സൎവ്വശക്തനായ ദൈവമേ, ഞങ്ങളുടെ ഹൃദയങ്ങളും സകല അവയവങ്ങളും ലൌകികവും ജഡമയവും ആയ സകല മോഹങ്ങൾക്കും മരിച്ചു. ഞങ്ങൾ എല്ലാ കാൎയ്യങ്ങളിലും നിന്റെ വാഴ്ത്തപ്പെട്ട ഹിതത്തെ അനുസരിക്കേണ്ടതിന്നു, ആത്മാവിന്റെ സത്യപരിച്ഛേദനയെ നിന്റെ പുത്രനായി ഞങ്ങളുടെ കൎത്താവായ ആ യേശുമശിഹാമൂലം ഞങ്ങൾക്കു നല്കേണമേ.

ആമെൻ.

ലേഖനം. റോമ. ൪. ൮ മുതൽ

സുവിശേഷം. വിശു. ലൂക്കൊ. ൨. ൧൫ മുതൽ.

¶ ഈ അപേക്ഷയും ലേഖനവും സുവിശേഷവും മഹത്വപ്രകാശനാൾ വരെ ദിവസവും ഉപയോഗിക്കേണ്ടതാകുന്നു.

## മഹത്വപ്രകാശം

### അതായതു

### മശിഹാ ജാതികൾക്കു വെളിപ്പെട്ടതു്.

### അപേക്ഷ.

ഒരു നക്ഷത്രത്താൽ ജാതികളെ വഴി കാണിച്ചു നിന്റെ ഏകജാതനായ പുത്രനെ അവൎക്കു വെളിപ്പെടുത്തിയ ദൈവമേ, ഇപ്പോൾ നിന്നെ വിശ്വാസംകൊണ്ടു അറിയുന്നവരായ ഞങ്ങൾ ഈ ആയുസ്സു കഴിഞ്ഞശേഷം നിന്റെ മഹിമയുള്ള ദൈവത്വത്തെ അനുഭവിപ്പാൻ ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം കരുണയോടെ അരുളേണമേ. ആമെൻ.

ലേഖനം. എഫെ. ൩. ൧ മുതൽ.

സുവിശേഷം. വിശു. മത്താ. ൨. ൧ മുതൽ.

## മഹത്വപ്രകാശത്തിന്നു പിമ്പ

## ഒന്നാം ഞായറാഴ്ച

### അപേക്ഷ.

കൎത്താവേ, നിന്നെ നോക്കിവിളിക്കുന്നവരായ നിന്റെ ജനങ്ങളുടെ പ്രാൎത്ഥനകളെ കരുണയോടെ കൈക്കൊള്ളേണമെന്നു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ഇന്നിന്ന കാൎയ്യങ്ങളെ ചെയ്യേണ്ടതാകുന്നു എന്നു അ

വർ കണ്ടു അറിവാനും, അവയെ വിശ്വാസ്യതയോടെ നിവൎത്തിപ്പാൻ അവൎക്കു കൃപയും ശക്തിയും ലഭിപ്പാനും ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം കൃപയരുളേണമേ. ആമെൻ.

ലേഖനം. റോമ. ൧൨. ൧ മുതൽ.

സുവിശേഷം. വിശു. ലൂക്കൊ. ൨. ൪൧ മുതൽ.

## മഹത്വപ്രകാശത്തിന്നു പിമ്പു രണ്ടാം ഞായറാഴ്ച

അപേക്ഷ.

സ്വൎഗ്ഗത്തിലും ഭൂമിയിലും ഉള്ള സകലത്തെയും ഭരിക്കുന്ന സൎവ്വശക്തനും നിത്യനുമായ ദൈവമേ, നിന്റെ ജനങ്ങളുടെ അപേക്ഷകളെ കരുണയോടെ കേട്ടു, ഞങ്ങളുടെ ആയുസ്സിൻ നാളൊക്കെയും ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം നിന്റെ സമാധാനം ഞങ്ങൾക്കു തരേണമേ. ആമെൻ.

ലേഖനം. റോമ. ൧൨. ൬ മുതൽ.

സുവിശേഷം. വിശു. യോഹ. ൨. ൧ മുതൽ.

## മഹത്വപ്രകാശത്തിന്നു പിമ്പു മൂന്നാം ഞായറാഴ്ച

അപേക്ഷ.

സൎവ്വശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ ബലഹീനതകളെ കരുണയോടെ കടാക്ഷിച്ചു, ഞങ്ങളുടെ എല്ലാ ആപത്തുകളിലും ആവശ്യങ്ങളിലും ഞങ്ങളെ സഹായിച്ചു കാത്തുകൊൾവാൻ ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം നിന്റെ വലത്തുകൈ നീട്ടേണമേ. ആമെൻ.

ലേഖനം. റോമ. ൧൨. ൧൬ മുതൽ.

സുവിശേഷം. വിശു. മത്താ. ൮. ൧ മുതൽ.

## മഹത്വപ്രകാശത്തിന്നു പിമ്പു നാലാം ഞായറാഴ്ച

അപേക്ഷ.

ഞങ്ങളുടെ സ്വഭാവത്തിന്റെ ക്ഷീണത ഹേതുവായി എല്ലായ്പ്പോഴും സ്ഥിരമായി നില്പാൻ കഴിയാതവണ്ണം ഞങ്ങൾ പല വലിയ ആപത്തുകളുടെ ഇടയിൽ അകപ്പെട്ടിരിക്കുന്നു എന്നു അറിയുന്ന ദൈവമേ, സകല അപകടങ്ങളിലും ഞങ്ങളെ താങ്ങി, സകല പരീക്ഷകളിലും കൂടി കടക്കത്തക്ക ശക്തിയെയും രക്ഷണത്തെയും ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾക്കു നല്കേണമേ. ആമെൻ.

ലേഖനം. റോമ. ൧൩. ൧ മുതൽ.

സുവിശേഷം. വിശു. മത്താ. ൮. ൨൩ മുതൽ.

## മഹത്വപ്രകാശത്തിന്നു പിമ്പു അഞ്ചാം ഞായറാഴ്ച

### അപേക്ഷ.

കൎത്താവേ, നിന്റെ സ്വൎഗ്ഗീയ കൃപെക്കായുള്ള ആശയിൽ മാത്രം ശരണപ്പെടുന്നവർ നിന്റെ മഹാ ശക്തിയാൽ എന്നും കാക്കപ്പെടേണ്ടതിന്നു, നിന്റെ കുടുംബമാകുന്ന സഭയെ ഇടവിടാതെ നിന്റെ സത്യമാൎഗ്ഗത്തിൽ പാലിക്കേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. കൊലൊ. ൩. ൧൨ മുതൽ.

സുവിശേഷം. വിശു. മത്താ. ൧൩. ൨൪ മുതൽ.

## മഹത്വപ്രകാശത്തിന്നു പിമ്പു ആറാം ഞായറാഴ്ച

### അപേക്ഷ.

ദൈവമേ, പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാനായിട്ടും, ഞങ്ങളെ ദൈവമക്കളായും നിത്യജീവന്നു അവകാശികളായും ആക്കുവാനായിട്ടും നിന്റെ വാഴ്ത്തപ്പെട്ട പുത്രൻ പ്രത്യക്ഷനായി; ഞങ്ങൾക്കു ഠരം പ്രത്യാശ ഉണ്ടാകകൊണ്ടു അവൻ ശക്തിയോടും വളരെ തേജസ്സോടും പിന്നെയും പ്രത്യക്ഷനാകുമ്പോൾ ഞങ്ങൾ അവന്റെ നിത്യത്വവും മഹത്വമുള്ള രാജ്യത്തിൽ അവനെപോലെ ആയിത്തീരുവാനായിട്ടു, അവൻ നിൎമ്മലനായിരിക്കുന്നതുപോലെ ഞങ്ങളെ തന്നേ നിൎമ്മലീകരിപ്പാൻ ഞങ്ങൾക്കു കൃപ നല്കേണമെന്നു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. അവിടെ, പിതാവേ, നിന്നോടും പരിശുദ്ധാത്മാവേ, നിന്നോടും കൂടെ അവൻ എന്നും ഏക ദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്നു. ആമെൻ.

ലേഖനം. ൧ വിശു. യോഹ. ൩. ൧ മുതൽ.

സുവിശേഷം. വിശു. മത്താ. ൨൪. ൨൩ മുതൽ.

## എഴുപതാം ഞായറാഴ്ച

### അതായതു

### നോമ്പിന്നു മുമ്പെയുള്ള മൂന്നാം ഞായറാഴ്ച

### അപേക്ഷ.

കൎത്താവേ, ഞങ്ങളുടെ കുററങ്ങൾ നിമിത്തം ന്യായമായി ശിക്ഷിക്കപ്പെടുന്ന ഞങ്ങൾ നിന്റെ നാമമഹത്വത്തിന്നായിട്ടു നിന്റെ നന്മയാൽ കരുണയോടെ വിടുവിക്കപ്പെടേണ്ടതിന്നു, നിന്റെ ജനങ്ങളുടെ പ്രാൎത്ഥനകളെ ദയയോടെ കേൾക്കേണമെന്നു നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ, എന്നും ഏക ദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴ

ന്നവനായി ഞങ്ങളുടെ രക്ഷിതാവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോട അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. ൧ കൊരി. ൯. ൨൪ മുതൽ.

സുവിശേഷം. വിശു. മത്താ. ൨൰. ൧ മുതൽ.

## അറുപതാം ഞായറാഴ്ച

അതായതു

നോമ്പിന്നു മുമ്പെയുള്ള രണ്ടാം ഞായറാഴ്ച

അപേക്ഷ.

ഞങ്ങൾ ചെയ്യുന്ന യാതൊരു കാൎയ്യത്തിലും ഞങ്ങളുടെ ആശ്രയം വെക്കുന്നില്ല എന്നു കാണുന്ന കൎത്താവായ ദൈവമേ, ഞങ്ങൾ നിന്റെ ശക്തിയാൽ സകല അനൎത്ഥത്തിൽനിന്നും കാക്കപ്പെടേണ്ടതിന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം കരുണയോടെ അരുളേണമേ. ആമെൻ.

ലേഖനം. ൨ കൊരി. ൰൧. ൰൯ മുതൽ.

സുവിശേഷം. വിശു. ലൂക്കൊ. ൮. ൪ മുതൽ.

## അമ്പതാം ഞായറാഴ്ച

അതായതു

നോമ്പിന്നു മുമ്പെയുള്ള ഞായറാഴ്ച

അപേക്ഷ.

സ്നേഹം കൂടാതെയുള്ള ഞങ്ങളുടെ പ്രവൃത്തികളൊക്കെയും പ്രയോജനമില്ലാത്തവയാകുന്നു എന്നു ഞങ്ങൾക്കു ഉപദേശിച്ചിരിക്കുന്ന കൎത്താവേ, സ്നേഹം സമാധാനത്തിന്റെയും സകല സുകൃതങ്ങളുടെയും സാക്ഷാൽ ബന്ധനമാകകൊണ്ടും, ഇതു കൂടാതെ ജീവിച്ചിരിക്കുന്നവൻ ആരായാലും നിന്റെ മുമ്പാകെ മരിച്ചവനെന്നു എണ്ണപ്പെടുന്നതുകൊണ്ടും, നിന്റെ പരിശുദ്ധാത്മാവിനെ അയച്ചു, സ്നേഹമാകുന്ന അതിശ്രേഷ്ഠദാനത്തെ ഞങ്ങളുടെ ഹൃദയങ്ങളിലേക്കു പകരേണമേ. നിന്റെ ഏകപുത്രനായ യേശുമശിഹാ നിമിത്തം ഇതിനെ ചെയ്യേണമേ. ആമെൻ.

ലേഖനം. ൧ കൊരി. ൰൩. ൧ മുതൽ.

സുവിശേഷം. വിശു. ലൂക്കൊ. ൰൮. ൩൧ മുതൽ.

## ചാമ്പൽ ബുധനാഴ്ച

എന്നു സാധാരണ പറഞ്ഞു വരുന്നതായി

## നോമ്പിൽ ഒന്നാം ദിവസം

### അപേക്ഷ.

നീ ഉണ്ടാക്കീട്ടുള്ള ഒന്നിനെയും പകെക്കാതെ അനുതപിക്കുന്ന എല്ലാവരുടെയും പാപങ്ങളെ ക്ഷമിക്കുന്ന സൎവ്വശക്തനും നിത്യനുമായ ദൈവമേ, ഞങ്ങൾ ഞങ്ങളുടെ പാപങ്ങളെ കുറിച്ചു യോഗ്യമായി സങ്കടപ്പെട്ടു, ഞങ്ങളുടെ അരിഷ്ടതയെ ഏററുപറഞ്ഞു, സകല കരുണയുമുള്ള ദൈവമാകുന്ന നിന്നിൽനിന്നു പൂൎണ്ണ മോചനവും മാപ്പും ലഭിക്കേണ്ടതിന്നു, ഞങ്ങളിൽ പുതുതായും നുറുങ്ങിയതായുമുള്ള ഹൃദയങ്ങളെ ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം സൃഷ്ടിക്കേണമേ. ആമെൻ.

¶ ഈ അപേക്ഷ നോമ്പിൽ എല്ലാ ദിവസവും അന്നത്തേക്കു നിയമിച്ചിരിക്കുന്ന അപേക്ഷെക്കു പിമ്പു ചൊല്ലുവാനുള്ളതാകുന്നു.

ലേഖനമായിട്ടു. യോവേൽ ൨. ൧൨ മുതൽ.

സുവിശേഷം. വിശു. മത്താ. ൬. ൧൬ മുതൽ.

## നോമ്പിൽ ഒന്നാം ഞായറാഴ്ച

### അപേക്ഷ.

ഞങ്ങൾക്കുവേണ്ടി നാല്പതു പകലും നാല്പതു രാവും ഉപവസിച്ചവനായ കൎത്താവേ, ഞങ്ങളുടെ ജഡം ആത്മാവിന്നു കീഴടക്കപ്പെട്ടു, നീതിയിലും സത്യവിശുദ്ധിയിലും നിനക്കു ബഹുമാനത്തിന്നും മഹത്വത്തിന്നുമായി നിന്റെ ദിവ്യ തോന്നിപ്പുകളെ എപ്പോഴും അനുസരിച്ചു നടപ്പാൻ തക്കവണ്ണമുള്ള വൎജ്ജനം ആചരിക്കേണ്ടതിന്നു ഞങ്ങൾക്കു കൃപ നല്കേണമെന്നു, പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ കാലാവസാനം കൂടാതെ ഏകദൈവമായി ജീവിച്ചുവാഴുന്ന നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. ൨ കൊരി. ൬. ൧ മുതൽ.

സുവിശേഷം. വിശു. മത്താ. ൪. ൧ മുതൽ.

## നോമ്പിൽ രണ്ടാം ഞായറാഴ്ച

### അപേക്ഷ.

ഞങ്ങളാൽ തന്നേ ഞങ്ങൾക്കു സഹായിപ്പാൻ ഒട്ടും ശക്തിയില്ലെന്നു കാണുന്ന സൎവ്വശക്തനായ ദൈവമേ, ശരീരത്തിന്നു ഉണ്ടാകുന്ന സകല അ

ങ്ങളിൽനിന്നും, ആത്മാവിനെ ആക്രമിച്ചു ഉപദ്രവിക്കുന്ന സകല ദുഷ്ചിന്തകളിൽനിന്നും ഞങ്ങൾ കാക്കപ്പെടേണ്ടതിന്നു, പുറമേ ശരീരത്തിലും അകമേ ആത്മാവിലും ഞങ്ങളുടെ കർത്താവായ യേശുമശിഹാമൂലം ഞങ്ങളെ കാത്തുകൊള്ളേണമേ. ആമെൻ.

ലേഖനം. ൧ തെസ്സ. ൪. ൧ മുതൽ.

സുവിശേഷം. വിശു. മത്താ. ൧൫. ൨൧ മുതൽ.

## നോമ്പിൽ മൂന്നാം ഞായറാഴ്ച

### അപേക്ഷ.

സർവ്വശക്തിയുള്ള ദൈവമേ, നിന്റെ വിനയമുള്ള ഭൃത്യന്മാരുടെ മനഃപൂർവ്വമായുള്ള ആഗ്രഹങ്ങളെ നോക്കി കാണേണമെന്നും, ഞങ്ങളുടെ സകല ശത്രുക്കൾക്കും വിരോധമായി ഞങ്ങൾക്കു കാവലാകുവാൻ നിന്റെ മഹത്വത്തിന്റെ വലത്തുകൈ നീട്ടേണമെന്നും ഞങ്ങളുടെ കർത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. എഫെ. ൫. ൧ മുതൽ.

സുവിശേഷം. വിശു. ലൂക്കൊ. ൧൧. ൧൪ മുതൽ.

## നോമ്പിൽ നാലാം ഞായറാഴ്ച

### അപേക്ഷ.

സർവ്വശക്തിയുള്ള ദൈവമേ, ഞങ്ങളുടെ ദോഷപ്രവൃത്തികൾ ഹേതുവായിട്ടു ന്യായപ്രകാരം ശിക്ഷിക്കപ്പെടുവാൻ യോഗ്യതയുള്ള ഞങ്ങളെ നിന്റെ കൃപയുടെ ആശ്വാസത്താൽ കരുണയോടെ തണുപ്പിക്കേണമെന്നു, ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. ഗലാ. ൪. ൨൧ മുതൽ.

സുവിശേഷം. വിശു. യോഹ. ൬. ൧ മുതൽ.

## നോമ്പിൽ അഞ്ചാം ഞായറാഴ്ച

### അപേക്ഷ.

സർവ്വശക്തനായ ദൈവമേ, നിന്റെ ജനങ്ങളെ കരുണയോടെ കടാക്ഷിച്ചു നിന്റെ മഹാ നന്മകൊണ്ടു അവരെ ശരീരത്തിലും ആത്മാവിലും

എപ്പോഴും ഭരിച്ചു കാക്കേണമെന്നു, ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. എബ്രാ. ൯. ൧൧ മുതൽ.

സുവിശേഷം. വിശു. യോഹ. ൮. ൪൬ മുതൽ.

## പെസഹായിക്കു തലേ ഞായറാഴ്ച

അപേക്ഷ.

മാനുഷവൎഗ്ഗത്തോടുള്ള നിന്റെ ആർദ്രസ്നേഹംകൊണ്ടു, നിന്റെ പുത്രനും ഞങ്ങളുടെ രക്ഷിതാവുമായ യേശുമശിഹായെ, എല്ലാ മനുഷ്യരും അവന്റെ വലിയ താഴ്മയുടെ ദൃഷ്ടാന്തത്തെ പിന്തുടരേണ്ടതിന്നു ഞങ്ങളുടെ ജഡത്തെ ധരിപ്പാനും കുരിശിന്മേൽ മരണം സഹിപ്പാനും അയച്ചവനായി സൎവ്വശക്തനും നിത്യനുമായ ദൈവമേ, ഞങ്ങൾ അവന്റെ ക്ഷമയുടെ ദൃഷ്ടാന്തത്തെ പിന്തുടരുവാനും അവന്റെ പുനരുത്ഥാനത്തിൽ പങ്കുള്ളവരായി തീരുവാനും ഞങ്ങളുടെ കൎത്താവായ ആ യേശുമശിഹാമൂലം കൃപ ചെയ്യേണമേ. ആമെൻ.

ലേഖനം. ഫിലി. ൨. ൫ മുതൽ.

സുവിശേഷം. വിശു. മത്താ. ൨൭. ൧ മുതൽ.

## പെസഹായിക്കു തലേ തിങ്കളാഴ്ച

ലേഖനമായിട്ടു. യെശ. ൬൩. ൧ മുതൽ.

സുവിശേഷം. വിശു. മക്കൊ. ൧൪. ൧ മുതൽ.

## പെസഹായിക്കു തലേ ചൊവ്വാഴ്ച

ലേഖനമായിട്ടു. യെശ. ൫൦. ൫ മുതൽ.

സുവിശേഷം. വിശു. മക്കൊ. ൧൫. ൧ മുതൽ.

## പെസഹായിക്കു തലേ ബുധനാഴ്ച

ലേഖനം. എബ്രാ. ൯. ൧൬ മുതൽ.

സുവിശേഷം. വിശു. ലൂക്കൊ. ൨൨. ൧ മുതൽ.

## പെസഹായിക്കു തലേ വ്യാഴാഴ്ച

ലേഖനം. ൧ കൊരി. ൧൧. ൧൭ മുതൽ

സുവിശേഷം. വിശു. ലൂക്കൊ. ൨൩. ൧ മുതൽ.

# വലിയ വെള്ളിയാഴ്ച

## അപേക്ഷകൾ.

സർവ്വശക്തനായ ദൈവമേ, നിന്റെ കുടുംബത്തിന്നു വേണ്ടി, ഇപ്പോൾ നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏക ദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്നവനായി ഞങ്ങളുടെ കർത്താവായ യേശുമശിഹാ, ഒററിക്കൊടുക്കപ്പെടുവാനും ദുഷ്ടന്മാരുടെ കൈകളിൽ ഏല്പിക്കപ്പെടുവാനും കുരിശിന്മേൽ മരണം സഹിപ്പാനും സമ്മതിച്ചുവല്ലോ. ഈ കുടുംബത്തെ കൃപയോടെ കടാക്ഷിക്കേണമെന്നു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

സർവ്വശക്തനും നിത്യനുമായ ദൈവമേ, നിന്റെ ആത്മാവു ശരീരമാകുന്ന സഭയെ മുഴുവനും ഭരിച്ചു ശുദ്ധീകരിക്കുന്നുവല്ലോ; നിന്റെ വിശുദ്ധ സഭയിലെ എല്ലാ വിധത്തിലുമുള്ള മനുഷ്യൎക്കുംവേണ്ടി, അതിലുള്ള ഓരോരുത്തൻ അവനവന്റെ വിളിയിലും ശുശ്രൂഷയിലും നിന്നെ സത്യമായും ദൈവഭക്തിയായും സേവിക്കേണ്ടതിന്നു ഞങ്ങൾ നിന്റെ മുമ്പാകെ കഴിക്കുന്ന അപേക്ഷകളെയും പ്രാൎത്ഥനകളെയും ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ യേശുമശിഹാമൂലം കൈക്കൊള്ളേണമേ. ആമെൻ.

സകല മനുഷ്യരെയും ഉണ്ടാക്കിയവനും ഉണ്ടാക്കീട്ടുള്ള ഒന്നിനെയും പകെക്കാതെ, പാപി മരിക്കേണമെന്നല്ല, അവൻ മനസ്സുതിരിഞ്ഞു ജീവിക്കേണമെന്നു ആഗ്രഹിക്കുന്നവനും ആയ കരുണയുള്ള ദൈവമേ, സകല യെഹൂദന്മാരോടും, മററമ്മതക്കാരോടും, അവിശ്വാസികളോടും മതവിപരീതക്കാരോടും കരുണയുണ്ടായി, സകല അറിയായ്മയെയും, ഹൃദയകാഠിന്യത്തെയും, നിന്റെ വചനത്തെക്കുറിച്ചുള്ള നിന്ദയെയും അവരിൽനിന്നു നീക്കിക്കളയേണമേ; വാഴ്ത്തപ്പെട്ട കർത്താവേ, ഇങ്ങനെ അവർ സാക്ഷാൽ യിസ്രായേല്യരിൽ ശേഷിച്ചവരോടുകൂടെ രക്ഷിക്കപ്പെട്ടു, നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ ഏക ദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്നവനായി, ഞങ്ങളുടെ കർത്താവായ യേശുമശിഹായാകുന്ന ഒരു ഇടയന്നു കീഴിൽ ഒരു കൂട്ടമായി തീരേണ്ടതിന്നു അവരെ നിന്റെ തൊഴുത്തിലേക്കു കൂട്ടിവരുത്തേണമേ. ആമെൻ.

ലേഖനം. എബ്രാ. ൧൦. ൧ മുതൽ.

സുവിശേഷം. വിശു. യോഹ. ൧൮. ൧ മുതൽ.

# പെസഹായിക്കു തലേനാൾ

## അപേക്ഷ.

കർത്താവേ, നിന്റെ വാഴ്ത്തപ്പെട്ട പുത്രനായി ഞങ്ങളുടെ രക്ഷിതാവായ

യേശുമശിഹായുടെ മരണത്തിലേക്കു ഞങ്ങൾ ബപ്തീസ്മ കഴിഞ്ഞപ്രകാരം തന്നേ, ഞങ്ങളുടെ ദുർവ്വികാരങ്ങളെ ഇടവിടാതെ മരിപ്പിച്ചു അവനോടു കൂടെ അടക്കപ്പെടേണ്ടതിന്നും, ശവക്കുഴിയിലും മരണവാതിലിലും കൂടി ഞങ്ങളുടെ സന്തോഷപുനരുത്ഥാനത്തിലേക്കു കടക്കേണ്ടതിന്നും, ഞങ്ങൾക്കു വേണ്ടി മരിച്ചു അടക്കപ്പെട്ടു തിരികെ ഉയിർത്തെഴുന്നേററവനായി, നിൻെറ പുത്രനും ഞങ്ങളുടെ കൎത്താവുമായ യേശുമശിഹായുടെ യോഗ്യതകൾമൂലം കൃപ ചെയ്യേണമേ. ആമെൻ.

ലേഖനം. ൧ വിശു. പത്രൊ ൩. ൧൭ മുതൽ.
സുവിശേഷം. വിശു. മത്താ. ൨൭. ൫൭ മുതൽ.

## പെസഹാ ഞായറാഴ്ച

¶ കാലത്തെ പ്രാൎത്ഥനയിൽ **വരുവിൻ നാം യഹോവെക്കു** എന്നുള്ള സങ്കീൎത്തനത്തിന്നു പകരം, ഈ താഴെയുള്ള ആന്ഥം പാടുകയൊ വായിക്കയൊ വേണം.

നമ്മുടെ പെസഹക്കുഞ്ഞാടു അറുക്കപ്പെട്ടിരിക്കുന്നു: ക്രിസ്തു തന്നേ.

ആകയാൽ നാം പഴയ പുളിമാവുകൊണ്ടല്ല, തിന്മയും ദുഷ്ടതയും ആയ പുളിമാവുകൊണ്ടുമല്ല, സ്വച്ഛതയും സത്യവുമായ പുളിപ്പില്ലായ്മകൊണ്ടു തന്നേ ഉത്സവം ആചരിക്ക. ൧ കൊരി. ൫. ൭, ൮.

ക്രിസ്തു മരിച്ചിട്ടു ഉയിർത്തെഴുന്നേററിരിക്കയാൽ ഇനി മരിക്കയില്ല; മരണത്തിന്നു അവൻെറ മേൽ ഇനി കൎത്തൃത്വം ഇല്ല.

അവൻ മരിച്ചതു പാപസംബന്ധമായി ഒരിക്കലായിട്ടു മരിച്ചു; അവൻ ജീവിക്കുന്നതോ ദൈവത്തിന്നു ജീവിക്കുന്നു.

അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തു യേശുവിൽ ദൈവത്തിന്നു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നേ എണ്ണുവിൻ. റോമ. ൬. ൯.

ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽനിന്നു ഉയിൎത്തിരിക്കുന്നു.

മനുഷ്യൻമൂലം മരണം ഉണ്ടാകയാൽ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻമൂലം ഉണ്ടായി.

ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും. ൧ കൊരി. ൧൫. ൨൦.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ.

ആദിയിങ്കലും, ഇപ്പോഴും, എന്നേക്കുമുള്ളപ്രകാരം തന്നേ. ആമെൻ.

അപേക്ഷ.

നിൻെറ ഏകജാതനാം പുത്രനായ യേശുമശിഹാ മൂലം മരണത്തെ ജയിച്ചു നിത്യജീവൻെറ വാതിലിനെ ഞങ്ങൾക്കു തുറന്നിരിക്കുന്ന സൎവ്വശക്തനായ ദൈവമേ, ഞങ്ങളെ മുമ്പിടുന്ന നിൻെറ പ്രത്യേക കൃപയാൽ നീ നല്ല ആഗ്രഹങ്ങളെ ഞങ്ങളുടെ മനസ്സുകളിൽ ഉണ്ടാക്കുന്നപ്രകാരം തന്നേ, നിൻെറ ഇടവിടാതുള്ള സഹായത്താൽ ഞങ്ങൾ ആയവയെ നന്നായി ഫലപ്പെടുത്തുമാറാകേണമെന്നു നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ എന്നും ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്നവനായി ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു വിനയമായി അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. കൊലൊ. ൩. ൧ മുതൽ.

സുവിശേഷം. വിശു. യോഹ. ൨൦. ൧ മുതൽ.

## പെസഹാ ആഴ്ച്ചവട്ടത്തിൽ തിങ്കളാഴ്ച്ച

അപേക്ഷ.

നിൻെറ ഏകജാതനാം പുത്രനായ യേശുമശിഹാമൂലം മരണത്തെ ജയിച്ചു നിത്യജീവൻെറ വാതിലിനെ ഞങ്ങൾക്കു തുറന്നിരിക്കുന്ന സൎവ്വശക്തനായ ദൈവമേ, ഞങ്ങളെ മുമ്പിടുന്ന നിൻെറ പ്രത്യേക കൃപയാൽ നീ നല്ല ആഗ്രഹങ്ങളെ ഞങ്ങളുടെ മനസ്സുകളിൽ ഉണ്ടാക്കുന്നപ്രകാരം തന്നേ, നിൻെറ ഇടവിടാതുള്ള സഹായത്താൽ ഞങ്ങൾ ആയവയെ നന്നായി ഫലപ്പെടുത്തുമാറാകേണമെന്നു നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ എന്നും ഏകദൈവമായി, കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്നവനായി ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു വിനയമായി അപേക്ഷിക്കുന്നു. ആമെൻ.

ലേഖനമായിട്ടു. അപ്പൊ. പ്ര. ൧൦. ൩൪ മുതൽ.

സുവിശേഷം. വിശു. ലൂക്കൊ. ൨൪. ൧൩ മുതൽ.

## പെസഹാ ആഴ്ച്ചവട്ടത്തിൽ ചൊവ്വാഴ്ച്ച

അപേക്ഷ.

നിൻെറ ഏകജാതനാം പുത്രനായ യേശുമശിഹാ മൂലം മരണത്തെ ജയിച്ചു നിത്യജീവൻെറ വാതിലിനെ ഞങ്ങൾക്കു തുറന്നിരിക്കുന്ന സൎവ്വശക്തനായ ദൈവമേ, ഞങ്ങളെ മുമ്പിടുന്ന നിൻെറ പ്രത്യേക കൃപയാൽ നീ നല്ല ആഗ്രഹങ്ങളെ ഞങ്ങളുടെ മനസ്സുകളിൽ ഉണ്ടാക്കുന്നപ്രകാരം തന്നേ, നിൻെറ ഇടവിടാതുള്ള സഹായത്താൽ ഞങ്ങൾ ആയവയെ നന്നാ

യി ഫലപ്പെട്ടത്തുമാറാക്കേണമെന്നു നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ എന്നും ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്നവനായി, ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം ഞങ്ങൾ നിന്നോടു വിനയമായി അപേക്ഷിക്കുന്നു. ആമെൻ.

ലേഖനമായിട്ടു. അപ്പൊ. പ്ര. ൧൩. ൨൬ മുതൽ.

സുവിശേഷം. വിശ്രു. ലൂക്കൊ. ൨൪. ൩൬ മുതൽ.

## പെസഹായിക്കു പിൻവരുന്ന ഒന്നാം ഞായറാഴ്ച

### അപേക്ഷ.

ഞങ്ങളുടെ പാപങ്ങൾ നിമിത്തം മരിപ്പാനും, ഞങ്ങളുടെ നീതീകരണത്തിന്നായി ഉയിൎത്തെഴുന്നേല്പാനും നിൻെറ ഏകപുത്രനെ തന്നിട്ടുള്ള സൎവ്വശക്തനായ പിതാവേ, ഞങ്ങൾ തിന്മയും ദുഷ്ടതയുമാകുന്ന പുളിമാവിനെ നീക്കിക്കളഞ്ഞു, വിശുദ്ധ നടപ്പോടും സത്യത്തോടും നിന്നെ എപ്പോഴും സേവിക്കേണ്ടതിന്നു, നിൻെറ ആ പുത്രനും ഞങ്ങളുടെ കൎത്താവുമായ യേശുമശിഹായുടെ യോഗ്യതകൾ മൂലം ഞങ്ങൾക്കു കൃപ തരേണമേ. ആമെൻ.

ലേഖനം. ൧ വിശ്രു. യോഹ. ൫. ൪ മുതൽ.

സുവിശേഷം. വിശ്രു. യോഹ. ൨൦. ൧൯ മുതൽ.

## പെസഹായിക്കു പിൻവരുന്ന രണ്ടാം ഞായറാഴ്ച

### അപേക്ഷ.

ഞങ്ങൾക്കു പാപത്തിന്നു യാഗമായും, ദൈവഭക്തിയുള്ള നടപ്പിന്നു ദൃഷ്ടാന്തമായും ഇരിപ്പാൻ നിൻെറ ഏകപുത്രനെ തന്നിട്ടുള്ള സൎവ്വശക്തനായ ദൈവമേ, അവൻെറ വിലമതിച്ചുകൂടാത്ത ആ ഉപകാരത്തെ ഞങ്ങൾ എപ്പോഴും മഹാ നന്ദിയോടെ കൈക്കൊള്ളുവാനായിട്ടും, അവൻെറ മഹാ വിശുദ്ധ നടപ്പിൻെറ വാഴ്ത്തപ്പെട്ട കാൽചുവടുകളെ പിന്തുടരുവാൻ ഞങ്ങൾ തന്നേ ദിവസവും ശ്രമിപ്പാനായിട്ടും ഞങ്ങളുടെ കൎത്താവായ ആ യേശുമശിഹാമൂലം ഞങ്ങൾക്കു കൃപ തരേണമേ. ആമെൻ.

ലേഖനം. ൧ വിശ്രു. പത്രൊ. ൨. ൧൯ മുതൽ.

സുവിശേഷം. വിശ്രു. യോഹ. ൧൦. ൧൧ മുതൽ.

## പെസഹായിക്കു പിൻവരുന്ന മൂന്നാം ഞായറാഴ്ച

### അപേക്ഷ.

തെറ്റിൽ ഇരിക്കുന്നവർ നീതിയുടെ വഴിയിലേക്കു തിരിച്ചു വരേണ്ടതിന്നായിട്ടു അവൎക്കു നിൻെറ സത്യത്തിൻെറ വെളിച്ചം കാട്ടുന്ന സൎവ്വശക്ത

നായ ദൈവമേ, മശിഹായുടെ മാൎഗ്ഗത്തിൻ കൂട്ടായ്മയിലേക്കു കൈക്കൊള്ള പ്പെട്ടവരെല്ലാവരും തങ്ങളുടെ മതസ്വീകാരത്തിന്നു വിപരീതമുള്ള കാൎയ്യ ങ്ങളെ അകററിക്കളവാനും, ആയതിനോടു ചേരുന്നവയെ എല്ലാം പിന്തു ടരുവാനും ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം അവൎക്കു കൃപ ചെ യ്യേണമേ. ആമെൻ.

ലേഖനം. ൧ വിശു. പത്രൊ. ൨. ൧൧ മുതൽ.

സുവിശേഷം. വിശു. യോഹ. ൧൬. ൧൬ മുതൽ.

## പെസഹായിക്കു പിൻവരുന്ന നാലാം ഞായറാഴ്ച

അപേക്ഷ.

സൎവ്വശക്തനായ ദൈവമേ, പാപികളാകുന്ന മനുഷ്യരുടെ വഴങ്ങാത്ത ഇ ച്ഛകളെയും മനസ്സുകളെയും ക്രമപ്പെടുത്തുവാൻ കഴിയുന്നവൻ നീ മാത്രമ ല്ലോ; നിന്റെ ജനങ്ങൾ നീ കല്പിക്കുന്നതിനെ പ്രിയപ്പെടുകയും വാഗ്ദ ത്തം ചെയ്യുന്നതിനെ ആഗ്രഹിക്കയും ചെയ്യു, അങ്ങനെ ഇഹലോകത്തി ലെ പലവിധമായുള്ള അനേകം മാററങ്ങളുടെ ഇടയിൽ ഞങ്ങളുടെ ഹൃ ദയങ്ങൾ സത്യ സന്തോഷത്തെ കണ്ടെത്തുന്ന ഇടത്തു സ്ഥിരമായി ഉറപ്പി ക്കപ്പെടുവാനായിട്ടു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം കൃപ ചെയ്യേണമേ. ആമെൻ.

ലേഖനം. വിശു. യാക്കൊ. ൧. ൧൭ മുതൽ.

സുവിശേഷം. വിശു. യോഹ. ൧൬. ൫ മുതൽ.

## പെസഹായിക്കു പിൻവരുന്ന അഞ്ചാം ഞായറാഴ്ച

അപേക്ഷ.

സകല നന്മകളെയും തരുന്നവനായ കൎത്താവേ, നിന്റെ താഴ്മയുള്ള ഭൃത്യന്മാരായ ഞങ്ങൾ നിന്റെ വിശുദ്ധ നിശ്വാസത്താൽ നല്ല കാൎയ്യങ്ങളെ നിരൂപിപ്പാനായിട്ടും നിന്റെ കരുണയുള്ള നടത്തിപ്പിനാൽ ആയവയെ നിവൎത്തിപ്പാനായിട്ടും ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം കൃപ അരുളേണമേ. ആമെൻ.

ലേഖനം. വിശു. യാക്കൊ. ൧. ൨൨ മുതൽ.

സുവിശേഷം വിശു. യോഹ. ൧൬. ൨൩ മുതൽ.

## സ്വൎഗ്ഗാരോഹണനാൾ

അപേക്ഷ.

സൎവ്വശക്തനായ ദൈവമേ. നിന്റെ ഏകജാതനായ പുത്രനായി ഞങ്ങ ളുടെ കൎത്താവായ യേശുമശിഹാ സ്വൎഗ്ഗങ്ങളിലേക്കു കയറിയിരിക്കുന്നു എ

ന്നു ഞങ്ങൾ വിശ്വസിക്കുന്നപ്രകാരം തന്നേ, ഞങ്ങളും ഹൃദയം കൊണ്ടും മനസ്സുകൊണ്ടും അവിടേക്കു കയറി, നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി, കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്ന ആ കൎത്താവിനോടുകൂടെ ഇടവിടാതെ വസിക്കേണ്ടതിന്നു കൃപ ചെയ്യേണമെന്നു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

ലേഖനമായിട്ടു. അപ്പൊ. പ്ര. ൧. ൧ മുതൽ.

സുവിശേഷം. വിശു. മൎക്കൊ. ൧൬. ൧൪ മുതൽ.

## സ്വൎഗ്ഗരോഹണത്തിന്റെ പിന്നത്തെ ഞായറാഴ്ച

അപേക്ഷ.

മഹത്വത്തിന്റെ രാജാവായ ദൈവമേ, നിന്റെ ഏകപുത്രനായ യേശു മശിഹായെ സ്വൎഗ്ഗത്തിൽ നിന്റെ രാജ്യത്തേക്കു മഹാ ജയഘോഷത്തോടെ ഉയൎത്തിയല്ലോ; ഞങ്ങളെ ആശ്വാസമില്ലാത്തവരായി വിട്ടേക്കാതെ ഞങ്ങളെ ആശ്വസിപ്പിപ്പാൻ നിന്റെ പരിശുദ്ധാത്മാവിനെ അയച്ചു, നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്നവനായി, ഞങ്ങളുടെ രക്ഷിതാവായ മശിഹാ മുമ്പിൽകൂട്ടി പോയിരിക്കുന്ന സ്ഥലത്തേക്കു തന്നേ ഞങ്ങളെയും ഉയൎത്തേണമെന്നു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. ൧ വിശു. പത്രൊ. ൪. ൭ മുതൽ.

സുവിശേഷം. വിശു. യോഹ. ൧൫. ൨൬ മുതൽ ൧൬. ൪ വരെ.

## പെന്തെകൊസ്തു് ഞായറാഴ്ച

അപേക്ഷ.

ഈ കാലത്തിൽ എന്നപോലെ, നിന്റെ വിശ്വാസമുള്ള ജനങ്ങൾക്കു നിന്റെ പരിശുദ്ധാത്മാവിന്റെ പ്രകാശത്തെ അയച്ചു, അവരുടെ ഹൃദയങ്ങൾക്കു ഉപദേശിച്ചവനായ ദൈവമേ, ആ ആത്മാവുകൊണ്ടു തന്നേ ഞങ്ങൾക്കു സകല കാൎയ്യങ്ങളിലും നല്ല വിവേകം ഉണ്ടാകുവാനും അവന്റെ വിശുദ്ധ ആശ്വാസത്തിൽ എപ്പോഴും സന്തോഷിപ്പാനും, നിന്നോടുകൂടെ ആ ആത്മാവിന്റെ ഐക്യതയിൽ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്നവനായി, ഞങ്ങളുടെ രക്ഷിതാവായ യേശു മശിഹായുടെ യോഗ്യതകൾ മൂലം ഞങ്ങൾക്കു കൃപ ചെയ്യേണമേ. ആമെൻ.

ലേഖനമായിട്ടു. അപ്പൊ. പ്ര. ൨. ൧ മുതൽ.

സുവിശേഷം. വിശു. യോഹ. ൧൪. ൧൫ മുതൽ.

## പെന്തെകൊസ്തു് ആഴ്ചവട്ടത്തിൽ തിങ്കളാഴ്ച

### അപേക്ഷ.

ൟ കാലത്തിൽ എന്നപോലെ നിൻെറ വിശ്വാസമുള്ള ജനങ്ങൾക്കു നിൻെറ പരിശുദ്ധാത്മാവിൻെറ പ്രകാശത്തെ അയച്ചു, അവരുടെ ഹൃദയങ്ങൾക്കു ഉപദേശിച്ചവനായ ദൈവമേ, ആ ആത്മാവുകൊണ്ടു തന്നേ ഞങ്ങൾക്കു സകല കാൎയ്യങ്ങളിലും നല്ല വിവേകം ഉണ്ടാകുവാനും അവൻെറ വിശുദ്ധ ആശ്വാസത്തിൽ എപ്പോഴും സന്തോഷിപ്പാനും നിന്നോടുകൂടെ ആ ആത്മാവിൻെറ ഐക്യതയിൽ ഏകദൈവമായി കാലാവസാനംകൂടാതെ ജീവിച്ചുവാഴുന്നവനായി ഞങ്ങളുടെ രക്ഷിതാവായ യേശുമശിഹായുടെ യോഗ്യതകൾ മൂലം ഞങ്ങൾക്കു കൃപ ചെയ്യേണമേ. ആമെൻ.

ലേഖനമായിട്ടു. അപ്പൊ. പ്ര. ൧൦. ൩൪ മുതൽ.

സുവിശേഷം. വിശു. യോഹ. ൩. ൧൬ മുതൽ.

## പെന്തെകൊസ്തു് ആഴ്ചവട്ടത്തിൽ ചൊവ്വാഴ്ച

### അപേക്ഷ.

ൟ കാലത്തിൽ എന്നപോലെ നിൻെറ വിശ്വാസമുള്ള ജനങ്ങൾക്കു നിൻെറ പരിശുദ്ധാത്മാവിൻെറ പ്രകാശത്തെ അയച്ചു, അവരുടെ ഹൃദയങ്ങൾക്കു ഉപദേശിച്ചവനായ ദൈവമേ, ആ ആത്മാവുകൊണ്ടു തന്നേ ഞങ്ങൾക്കു സകല കാൎയ്യങ്ങളിലും നല്ല വിവേകം ഉണ്ടാകുവാനും അവൻെറ വിശുദ്ധ ആശ്വാസത്തിൽ എപ്പോഴും സന്തോഷിപ്പാനും, നിന്നോടുകൂടെ ആ ആത്മാവിൻെറ ഐക്യതയിൽ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്നവനായി ഞങ്ങളുടെ രക്ഷിതാവായ യേശുമശിഹായുടെ യോഗ്യതകൾമൂലം ഞങ്ങൾക്കു കൃപ ചെയ്യേണമേ. ആമെൻ.

ലേഖനമായിട്ടു. അപ്പൊ. പ്ര. ൮. ൧൪ മുതൽ.

സുവിശേഷം. വിശു. യോഹ. ൧൦. ൧ മുതൽ.

## ത്രിത്വത്തിൻെറ ഞായറാഴ്ച

### അപേക്ഷ.

സത്യ വിശ്വാസത്തെ അനുസരിച്ചു പറയുന്നതിനാൽ നിത്യതയുള്ള ത്രിത്വത്തിൻെറ മഹത്വത്തെ അറിയിപ്പാനും, ദിവ്യമഹത്വത്തിൻെറ ശക്തിയിൽ ഏകത്വത്തെ വന്ദിപ്പാനും, നിൻെറ അടിയാൎക്കു കൃപ തന്നിരിക്കുന്ന സൎവ്വശക്തനും നിത്യനുമായ ദൈവമേ, ൟ വിശ്വാസത്തിൽ ഞങ്ങളെ സ്ഥിരതയുള്ളവരാക്കേണമെന്നും സകല അനൎത്ഥങ്ങളിൽനിന്നും ഞങ്ങളെ

എപ്പോഴും കാത്തു രക്ഷിക്കേണമെന്നും, ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്ന നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമെൻ.

ലേഖനമായിട്ടു. വെളി. ൪. ൧ മുതൽ.

സുവിശേഷം. വിശു. യോഹ. ൩. ൧ മുതൽ.

## ത്രിത്വത്തിന്നു പിൻവരുന്ന ഒന്നാം ഞായറാഴ്ച

അപേക്ഷ.

തങ്കൽ ആശ്രയിക്കുന്ന എല്ലാവരുടെയും ബലമായിരിക്കുന്ന ദൈവമേ, ഞങ്ങളുടെ പ്രാൎത്ഥനകളെ കരുണയോടെ കൈക്കൊള്ളേണമേ. ഞങ്ങളുടെ മൎത്ത്യസ്വഭാവത്തിന്റെ ക്ഷീണത ഹേതുവായി നിന്നെ കൂടാതെ ഒരു നല്ല കാൎയ്യവും ചെയ്വാൻ ഞങ്ങൾക്കു കഴിയായ്കകൊണ്ടു, ഞങ്ങൾ നിന്റെ കല്പനകളെ പ്രമാണിക്കുന്നതിൽ മനസ്സുകൊണ്ടും പ്രവൃത്തികൊണ്ടും നിന്നെ പ്രസാദിപ്പിപ്പാനായിട്ടു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം നിന്റെ കൃപാസഹായം ഞങ്ങൾക്കു തരേണമേ. ആമെൻ.

ലേഖനം. ൧ വിശു. യോഹ. ൪. ൭ മുതൽ.

സുവിശേഷം. വിശു. ലൂക്കൊ. ൧൬. ൧൯ മുതൽ.

## ത്രിത്വത്തിന്നു പിൻവരുന്ന രണ്ടാം ഞായറാഴ്ച

അപേക്ഷ.

കൎത്താവേ, നിന്നോടുള്ള സ്ഥിരമായ ഭയത്തിലും സ്നേഹത്തിലും നീ വളൎത്തുന്നവരെ വീഴ്ചകൂടാതെ സഹായിച്ചു ഭരിക്കുന്നുവല്ലോ; നിന്റെ നല്ല വിചാരണയുടെ സംരക്ഷണയിൻകീഴിൽ ഞങ്ങളെ കാത്തു നിന്റെ പരിശുദ്ധനാമത്തെ ഇടവിടാതെ ഭയപ്പെട്ടു സ്നേഹിപ്പാൻ ഞങ്ങൾക്കു കൃപ അരുളേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. ൧ വിശു. യോഹ. ൩. ൧൩ മുതൽ.

സുവിശേഷം. വിശു. ലൂക്കൊ. ൧൪. ൧൬ മുതൽ

## ത്രിത്വത്തിന്നു പിൻവരുന്ന മൂന്നാം ഞായറാഴ്ച

അപേക്ഷ.

കൎത്താവേ, ഞങ്ങളെ കരുണയോടെ ചെവിക്കൊള്ളേണമെന്നും, ഞങ്ങൾക്കു പ്രാൎത്ഥിപ്പാൻ മനഃപൂൎവ്വമായുള്ള ആഗ്രഹം തന്നിരിക്കുന്ന നീ സകല

ആപത്തുകളിലും അനൎത്ഥങ്ങളിലും നിന്റെ ശക്തിയുള്ള സഹായത്താൽ ഞങ്ങളെ കാത്തു ആശ്വസിപ്പിക്കേണം എന്നും, ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. ൧ വിശു. പത്രൊ. ൫. ൫ മുതൽ.

സുവിശേഷം. വിശു. ലൂക്കൊ. ൧൫. ൧ മുതൽ.

## ത്രിത്വത്തിന്നു പിൻവരുന്ന നാലാം ഞായറാഴ്ച

അപേക്ഷ.

നിങ്കൽ ആശ്രയിക്കുന്ന എല്ലാവരുടെയും രക്ഷകനായ ദൈവമേ, നിന്നെ കൂടാതെ ഒന്നും ബലമുള്ളതായും ശുദ്ധിയുള്ളതായും ഇരിക്കുന്നില്ല. നിന്റെ കരുണയെ ഞങ്ങളിൽ ഏററവും വൎദ്ധിപ്പിച്ചു, നീ ഞങ്ങളുടെ അധിപതിയും വഴികാട്ടിയും ആയിരുന്നു, ഞങ്ങൾ ഒടുക്കത്തു നിത്യമായുള്ള കാൎയ്യങ്ങളെ നഷ്ടമാക്കാതവണ്ണം ഈ ജീവന്നടുത്ത കാൎയ്യങ്ങളിൽ കൂടി കടക്കുമാറാകേണമേ; സ്വൎഗ്ഗസ്ഥപിതാവേ, ഞങ്ങളുടെ കൎത്താവായ യേശുമശിഹാ നിമിത്തം ഇതു ചെയ്തരുളേണമേ. ആമെൻ.

ലേഖനം. റോമ. ൮. ൧൮ മുതൽ.

സുവിശേഷം. വിശു. ലൂക്കൊ. ൬. ൩൬ മുതൽ.

## ത്രിത്വത്തിന്നു പിൻവരുന്ന അഞ്ചാം ഞായറാഴ്ച

അപേക്ഷ.

കൎത്താവേ, നിന്റെ സഭ ദൈവഭക്തിക്കടുത്ത സകല ശാന്തതയിലും നിന്നെ സന്തോഷത്തോടെ സേവിപ്പാൻ തക്കവണ്ണം ഒരം ലോകത്തിലെ സംഭവങ്ങൾ നിന്റെ ഭരണത്താൽ സമാധാനത്തോടെ ക്രമപ്പെടുത്തുമാറാകേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. ൧ വിശു. പത്രൊ. ൩. ൮ മുതൽ.

സുവിശേഷം. വിശു. ലൂക്കൊ. ൫. ൧ മുതൽ.

## ത്രിത്വത്തിന്നു പിൻവരുന്ന ആറാം ഞായറാഴ്ച

അപേക്ഷ.

മനുഷ്യബുദ്ധിക്കു അപ്പുറമായുള്ള നന്മകളെ നിന്നെ സ്നേഹിക്കുന്നവൎക്കു വേണ്ടി ഒരുക്കീട്ടുള്ള ദൈവമേ, ഞങ്ങൾ നിന്നെ സകലത്തെക്കാളും അധികമായി സ്നേഹിച്ചു, ഞങ്ങൾക്കു ആഗ്രഹിക്കാകുന്ന എല്ലാററിനെയും കവി

യുന്ന നിൻെറ വാഗ്ദത്തങ്ങൾ ലഭിക്കത്തക്കവണ്ണം നിന്നോടുള്ള സ്നേഹത്തെ ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം ഞങ്ങളുടെ ഹൃദയങ്ങളിൽ പകരേണമേ. ആമെൻ.

ലേഖനം. റോമ. ൬. ൩ മുതൽ.

സുവിശേഷം. വിശു. മത്താ. ൫. ൨൦ മുതൽ.

## ത്രിത്വത്തിന്ന പിൻവരുന്ന ഏഴാം ഞായറാഴ്ച

അപേക്ഷ.

സകല നന്മകളുടെയും കാരണനും ദാതാവുമായി, സകല ശക്തിയും ബലവും ഉള്ള കൎത്താവേ, നിൻെറ നാമത്തോടുള്ള സ്നേഹത്തെ ഞങ്ങളുടെ ഹൃദയങ്ങളിൽ നട്ടു, സത്യമായ ദൈവഭക്തിയെ ഞങ്ങളിൽ വൎദ്ധിപ്പിച്ചു, സകല നന്മകൊണ്ടും ഞങ്ങളെ പോഷിപ്പിച്ചു, ഇവയിൽ തന്നെ നിൻെറ മഹാ കരുണകൊണ്ടു ഞങ്ങളെ നിലനിറുത്തേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം ഞങ്ങൾ അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. റോമ. ൬. ൧൯ മുതൽ.

സുവിശേഷം. വിശു. മൎക്കൊ. ൮. ൧ മുതൽ.

## ത്രിത്വത്തിന്ന പിൻവരുന്ന എട്ടാം ഞായറാഴ്ച

അപേക്ഷ.

ഒരിക്കലും വീഴ്ചകൂടാതെയുള്ള നിൻെറ വിചാരണകൊണ്ടു സ്വൎഗ്ഗത്തിലും ഭൂമിയിലുമുള്ള സകലത്തെയും ക്രമപ്പെടുത്തുന്ന ദൈവമേ, ദോഷമുള്ള കാൎയ്യങ്ങളെ ഒക്കെയും ഞങ്ങളിൽനിന്നു അകററുവാനും, ഞങ്ങൾക്കു ഉപകാരമുള്ളവയെ തരുവാനും ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം ഞങ്ങൾ നിന്നോടു താഴ്മയായി അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. റോമ. ൮. ൧൨ മുതൽ.

സുവിശേഷം. വിശു, മത്താ. ൭. ൧൫ മുതൽ.

## ത്രിത്വത്തിന്ന പിൻവരുന്ന ഒമ്പതാം ഞായറാഴ്ച

അപേക്ഷ.

കൎത്താവേ, നിന്നെ കൂടാതെ യാതൊരു നന്മയും ചെയ്വാൻ കഴിയാത്തവരായ ഞങ്ങൾ നിൻെറ ഇഷ്ടപ്രകാരം നടപ്പാൻ പ്രാപ്തരാകേണ്ടതിന്നു ഉത്തമമായുള്ള കാൎയ്യങ്ങളെ എപ്പോഴും നിരൂപിപ്പാനും ചെയ്വാനുമുള്ള ആ

ത്മാവിനെ ഞങ്ങൾക്കു തരേണമെന്നു, ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. ൧ കൊരി. ൧൦. ൧ മുതൽ.

സുവിശേഷം. വിശു. ലൂക്കൊ. ൧൬. ൧ മുതൽ.

## ത്രിത്വത്തിന്നു പിൻവരുന്ന പത്താം ഞായറാഴ്ച

അപേക്ഷ.

കൎത്താവേ, നിന്റെ താഴ്മയുള്ള ഭൃത്യന്മാരുടെ പ്രാൎത്ഥനകൾക്കു നിന്റെ കരുണയുള്ള ചെവികൾ തുറന്നിരിക്കേണമേ. അവരുടെ അപേക്ഷകൾ അവൎക്കു ലഭിക്കേണ്ടതിന്നു നിനക്കു പ്രസാദമുള്ള കാൎയ്യങ്ങളെ ചോദിപ്പാൻ ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം അവൎക്കു കൃപ ചെയ്യേണമേ. ആമെൻ.

ലേഖനം. ൧ കൊരി. ൧൨. ൧ മുതൽ.

സുവിശേഷം. വിശു. ലൂക്കൊ. ൧൯. ൪൧ മുതൽ.

## ത്രിത്വത്തിന്നു പിൻവരുന്ന പതിനൊന്നാം ഞായറാഴ്ച

അപേക്ഷ.

കരുണയും കനിവും കാട്ടുന്നതിൽ ഏററവും പ്രത്യേകമായി നിന്റെ സൎവ്വശക്തിയുള്ള അധികാരത്തെ വെളിപ്പെടുത്തുന്ന ദൈവമേ, ഞങ്ങൾ നിന്റെ കല്പനകളാകുന്ന വഴിയിൽ കൂടി ഓടി, നിന്റെ കൃപയുള്ള വാഗ്ദത്തങ്ങൾ ലഭിപ്പാനും, നിന്റെ സ്വൎഗ്ഗീയ നിക്ഷേപത്തിന്നു അവകാശികൾ ആകുവാനും ഞങ്ങൾക്കു വേണ്ടുന്ന കൃപയെ ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾക്കു കരുണയോടെ തരേണമേ. ആമെൻ.

ലേഖനം. ൧ കൊരി. ൧൫. ൧ മുതൽ.

സുവിശേഷം. വിശു. ലൂക്കൊ. ൧൮. ൯ മുതൽ.

## ത്രിത്വത്തിന്നു പിൻവരുന്ന പന്ത്രണ്ടാം ഞായറാഴ്ച

അപേക്ഷ.

പ്രാൎത്ഥിപ്പാൻ ഞങ്ങൾക്കുള്ളതിനെക്കാൾ കേൾപ്പാൻ എപ്പോഴും അധികം ഒരുക്കമുള്ളവനും, ഞങ്ങൾക്കു ആഗ്രഹമോ യോഗ്യതയോ ഉള്ളതിനെക്കാളും അധികം തരുന്നവനുമായി സൎവ്വശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെമേൽ നിന്റെ കരുണയെ പരിപൂൎണ്ണമായി ചൊരിഞ്ഞു, ഞങ്ങളുടെ മനസ്സാക്ഷി ഭയപ്പെടുന്ന കാൎയ്യങ്ങളെ ഞങ്ങളോടു ക്ഷമിച്ചു, നിന്റെ പുത്രനും ഞങ്ങളുടെ കൎത്താവുമായ യേശുമശിഹായുടെ യോഗ്യതകളും മദ്ധ്യ

സ്ഥതയും മൂലമായിട്ട അല്ലാതെ ചോദിപ്പാൻ ഞങ്ങൾക്ക യോഗ്യതയില്ലാത്ത നന്മകളെ ഞങ്ങൾക്കു തരേണമേ. ആമെൻ.

ലേഖനം. ൨ കൊരി. ൩. ൪ മുതൽ.
സുവിശേഷം. വിശു. മർക്കൊ. ൭. ൩൧ മുതൽ.

## ത്രിത്വത്തിന്ന പിൻവരുന്ന പതിമൂന്നാം ഞായറാഴ്ച

അപേക്ഷ.

സൎവ്വശക്തിയും കരുണയുമുള്ള ദൈവമേ, നിന്റെ വിശ്വാസമുള്ള ജനങ്ങൾ നിനക്കു സത്യവും സ്തുത്യവും ആയുള്ള സേവ ചെയ്യുന്നതു നിന്റെ ദാനം കൊണ്ട മാത്രം ആകുന്നു; ഞങ്ങൾ ഒടുക്കത്തു നിന്റെ സ്വൎഗ്ഗീയ വാഗ്ദത്തങ്ങളെ വീഴ്ചകൂടാതെ ലഭിക്കത്തക്കവണ്ണം ഒരം ആയുസ്സിൽ നിന്നെ വിശ്വസ്തതയോടെ സേവിപ്പാൻ കൃപ ചെയ്യേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹായുടെ യോഗ്യതകൾമൂലം ഞങ്ങൾ നിന്നോട്ട അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. ഗലാ. ൩. ൧൬ മുതൽ.
സുവിശേഷം. വിശു. ലൂക്കൊ. ൰. ൨൩ മുതൽ.

## ത്രിത്വത്തിന്ന പിൻവരുന്ന പതിന്നാലാം ഞായറാഴ്ച

അപേക്ഷ.

സൎവ്വശക്തനും നിത്യനുമായ ദൈവമേ, ഞങ്ങൾക്കു വിശ്വാസത്തെയും, പ്രത്യാശയെയും, സ്നേഹത്തെയും വൎദ്ധിപ്പിച്ചു തരേണമേ. നീ വാഗ്ദത്തം ചെയ്യുന്നതു ഞങ്ങൾക്കു ലഭിക്കത്തക്കവണ്ണം നീ കല്പിക്കുന്നതിനെ സ്നേഹിക്കേണ്ടതിന്ന ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം കൃപ തരേണമേ. ആമെൻ.

ലേഖനം. ഗലാ. ൫. ൧൬ മുതൽ.
സുവിശേഷം. വിശു. ലൂക്കൊ. ൧൭. ൧൧ മുതൽ.

## ത്രിത്വത്തിന്ന പിൻവരുന്ന പതിനഞ്ചാം ഞായറാഴ്ച

അപേക്ഷ.

കൎത്താവേ, നിന്റെ നിരന്തര കരുണകൊണ്ട നിന്റെ സഭയെ കാത്തുകൊള്ളേണമെന്നും, ബലഹീന മനുഷ്യൻ നിന്നെ കൂടാതെയിരുന്നാൽ വീണുപോകുന്നതു നിശ്ചയമാകകൊണ്ട നിന്റെ സഹായത്താൽ ഞങ്ങളെ എപ്പോഴും സകല ഉപദ്രവങ്ങളിൽനിന്നും കാത്തു, ഞങ്ങളുടെ രക്ഷെക്കു പ്രയോജനമുള്ള സകല കാൎയ്യങ്ങളിലേക്കും ഞങ്ങളെ നടത്തിക്കേണമെന്നും, ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോട്ട അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. ഗലാ. ൬. ൧൧ മുതൽ.
സുവിശേഷം. വിശു. മത്താ. ൬. ൨൪ മുതൽ.

## ത്രിത്വത്തിന്ന പിൻവരുന്ന പതിനാറാം ഞായറാഴ്ച

അപേക്ഷ.

കൎത്താവേ, നിന്റെ ഇടവിടാതുള്ള കരുണ നിന്റെ സഭയെ ശുദ്ധീകരിച്ച കാത്തുകൊള്ളേണമെന്നും, നിന്റെ സഹായം കൂടാതെ അതിന്ന ക്ഷേമത്തോടെ നില്പാൻ കഴിയായ്കയാൽ നിന്റെ തുണയും നന്മയുംകൊണ്ട അതിനെ എപ്പോഴും പാലിക്കേണമെന്നും ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം ഞങ്ങൾ നിന്നോട്ട അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. എഫെ. ൩. ൧൩ മുതൽ.

സുവിശേഷം. വിശു. ലൂക്കൊ. ൭. ൧൧ മുതൽ.

## ത്രിത്വത്തിന്ന പിൻവരുന്ന പതിനേഴാം ഞായറാഴ്ച

അപേക്ഷ.

കൎത്താവേ, നിന്റെ കൃപ ഞങ്ങളെ എപ്പോഴും മുമ്പിട്ടുകയും പിന്തുടരുകയും ചെയ്യേണമെന്നും, സകല നല്ല പ്രവൃത്തികൾക്കും ഞങ്ങളെ ഇടവിടാതെ ജാഗ്രതയുള്ളവരാക്കേണമെന്നും, ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം ഞങ്ങൾ നിന്നോട്ട അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം എഫെ. ൪. ൧ മുതൽ.

സുവിശേഷം. വിശു. ലൂക്കൊ. ൧൪. ൧ മുതൽ.

## ത്രിത്വത്തിന്ന പിൻവരുന്ന പതിനെട്ടാം ഞായറാഴ്ച

അപേക്ഷ.

കൎത്താവേ, നിന്റെ ജനങ്ങൾ ലോകത്തിന്റെയും ജഡത്തിന്റെയും പിശാചിന്റെയും പരീക്ഷകളോട്ട എതിൎത്തുനില്പാനും, വെടിപ്പുള്ള ഹൃദയങ്ങളോടും മനസ്സുകളോടും ഏകദൈവമായ നിന്നെ പിന്തുടരുവാനും അവൎക്ക കൃപ കൊടുക്കേണമെന്ന ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം ഞങ്ങൾ നിന്നോട്ട അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. ൧ കൊരി. ൧. ൪ മുതൽ.

സുവിശേഷം. വിശു. മത്താ. ൨൨. ൩൪ മുതൽ.

## ത്രിത്വത്തിന്ന പിൻവരുന്ന പത്തൊൻപതാം ഞായറാഴ്ച

അപേക്ഷ.

ദൈവമേ, നിന്നെ കൂടാതെ നിന്നെ പ്രസാദിപ്പിപ്പാൻ ഞങ്ങൾക്ക പ്രാപ്തിയില്ലായ്കകൊണ്ട, നിന്റെ പരിശുദ്ധാത്മാവ സകല കാൎയ്യങ്ങളിലും ഞ

ങ്ങളുടെ ഹൃദയങ്ങളെ നടത്തി ഭരിക്കേണ്ടതിന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം കരുണയോടെ അരുളേണമേ. ആമെൻ.

ലേഖനം. എഫെ. ൪. ൧൭ മുതൽ.

സുവിശേഷം. വിശു. മത്താ. ൯. ൧ മുതൽ.

## ത്രിത്വത്തിന്നു പിൻവരുന്ന ഇരുപതാം ഞായറാഴ്ച

അപേക്ഷ.

സൎവ്വശക്തിയും മഹാ കരുണയും ഉള്ള ദൈവമേ, ഞങ്ങളെ ഉപദ്രവിക്കുന്നവ സകലത്തിൽനിന്നും നിന്റെ ധാരാളമായുള്ള നന്മകൊണ്ടു ഞങ്ങളെ കാക്കേണമെന്നും, ഞങ്ങൾ ശരീരത്തിലും ആത്മാവിലും ഒരുങ്ങിയിരുന്നു നിനക്കു ഇഷ്ടമുള്ള കാൎയ്യങ്ങളെ സന്തോഷത്തോടെ നിവൎത്തിക്കുമാറാകേണമെന്നും ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. എഫെ. ൫. ൧൫ മുതൽ.

സുവിശേഷം. വിശു. മത്താ. ൨൨. ൧ മുതൽ.

## ത്രിത്വത്തിന്നു പിൻവരുന്ന ഇരുപത്തൊന്നാം ഞായറാഴ്ച

അപേക്ഷ.

കരുണയുള്ള കൎത്താവേ, നിന്റെ വിശ്വാസമുള്ള ജനങ്ങൾ തങ്ങളുടെ സകല പാപങ്ങളിൽനിന്നും ശുദ്ധീകരിക്കപ്പെട്ടു, ശാന്തമനസ്സോടെ നിന്നെ സേവിപ്പാനായിട്ടു അവൎക്കു പാപമോചനവും സമാധാനവും നല്കേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. എഫെ. ൬. ൧൦ മുതൽ.

സുവിശേഷം. വിശു. യോഹ. ൪. ൪൬ മുതൽ.

## ത്രിത്വത്തിന്നു പിൻവരുന്ന ഇരുപത്തിരണ്ടാം ഞായറാഴ്ച

അപേക്ഷ.

കൎത്താവേ, നിന്റെ കുടുംബമാകുന്ന സഭയെ ഇടവിടാതുള്ള ദൈവഭക്തിയിൽ കാത്തു നിന്റെ രക്ഷണത്താൽ അതു സകല അനൎത്ഥങ്ങളിൽനിന്നും ഒഴിഞ്ഞു നിന്റെ നാമത്തിന്റെ മഹത്വത്തിന്നായിട്ടു നല്ല പ്രവൃത്തികളിൽ നിന്നെ ഭക്തിയോടെ സേവിക്കുമാറാകേണമെന്നു ഞങ്ങളുടെ

കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. ഫിലി. ൧. ൩ മുതൽ.

സുവിശേഷം. വിശു. മത്താ. ൧൮. ൨൧ മുതൽ.

## ത്രിത്വത്തിന്നു പിൻവരുന്ന ഇരുപത്തിമൂന്നാം ഞായറാഴ്ച

അപേക്ഷ.

സകല ദൈവഭക്തിക്കും കാരണനായി ഞങ്ങളുടെ സങ്കേതവും ബലവുമായിരിക്കുന്ന ദൈവമേ, നിന്റെ സഭയുടെ ഭക്തിയുള്ള പ്രാൎത്ഥനകളെ കേൾപ്പാൻ ഒരുങ്ങിയിരിക്കേണമെന്നും, ഞങ്ങൾ വിശ്വാസത്തോടെ ചോദിക്കുന്ന കാൎയ്യങ്ങൾ ഞങ്ങൾക്കു സാദ്ധ്യമായി ലഭിക്കേണ്ടതിന്നു കൃപ ചെയ്യേണമെന്നും ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

ലേഖനം. ഫിലി. ൩. ൧൭ മുതൽ.

സുവിശേഷം. വിശു. മത്താ. ൨൨. ൧൫ മുതൽ.

## ത്രിത്വത്തിന്നു പിൻവരുന്ന ഇരുപത്തിനാലാം ഞായറാഴ്ച

അപേക്ഷ.

കൎത്താവേ, ഞങ്ങളുടെ ക്ഷീണതകൊണ്ടു ഞങ്ങൾ ചെയ്തുപോയിട്ടുള്ള പാപങ്ങളുടെ ബന്ധനങ്ങളിൽനിന്നു നിന്റെ ധാരാളമായുള്ള നന്മയാൽ ഞങ്ങൾ എല്ലാവരും രക്ഷിക്കപ്പെടേണ്ടുന്നതിന്നു, നിന്റെ ജനങ്ങളായ ഞങ്ങളെ ഞങ്ങളുടെ കുററങ്ങളിൽനിന്നു മോചിക്കേണമെന്നു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. സ്വൎഗ്ഗസ്ഥപിതാവേ, ഞങ്ങളുടെ വാഴ്ത്തപ്പെട്ട കൎത്താവും രക്ഷിതാവും ആയ യേശുമശിഹാമൂലം ഇതിനെ നല്കേണമേ. ആമെൻ,

ലേഖനം. കൊലൊ. ൧. ൩ മുതൽ.

സുവിശേഷം. വിശു. മത്താ. ൯. ൧൮ മുതൽ.

## ത്രി.ത്വ.ത്തിന്നു പിൻവരുന്ന ഇരുപത്തഞ്ചാം ഞായറാഴ്ച

അപേക്ഷ.

കൎത്താവേ, നിന്റെ വിശ്വാസമുള്ള ജനങ്ങൾ നല്ല പ്രവൃത്തികളാകുന്ന ഫലങ്ങളെ ധാരാളം പുറപ്പെടുവിച്ചിട്ടു, നിന്നാൽ ധാരാളം സമ്മാനിക്കപ്പെടേണ്ടുന്നതിന്നു അവരുടെ മനസ്സുകളെ ജ്വലിപ്പിക്കേണമെന്നു, ഞ

ങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

ലേഖനമായിട്ടു. യിരെ. ൨൩. ൫ മുതൽ.

സുവിശേഷം. വിശു. യോഹ. ൬. ൫ മുതൽ.

¶ ആഗമനത്തിൽ ഒന്നാം ഞായറാഴ്ചെക്കു മുമ്പു ഇതിലധികം ഞായറാഴ്ചകൾ ഉണ്ടായിരുന്നാൽ, മശിഹായുടെ മഹത്വപ്രകാശനാൾ കഴിഞ്ഞുള്ള ഞായറാഴ്ചകളിൽ ഉപയോഗിക്കാതെ വിട്ടിട്ടുള്ള അപേക്ഷകളാദിയായവ ഇവിടെ ആവശ്യംപോലെ ഉപയോഗിക്കേണ്ടതാകുന്നു. എന്നാൽ ഞായറാഴ്ചകൾ കുറവായിരുന്നാൽ, ഇവിടെ അധികമുള്ള അപേക്ഷകളാദിയായവ വായിക്കാതെ, ഈ ഒടുവിലത്തെ അപേക്ഷയും ലേഖനവും സുവിശേഷവും ആഗമനത്തിന്റെ തലേ ഞായറാഴ്ച എപ്പോഴും വായിക്കേണ്ടുന്നതാകുന്നു.

## വിശുദ്ധ അന്ത്രെയാസിന്റെ നാൾ

### അപേക്ഷ.

സൎവ്വശക്തനായ ദൈവമേ, നിന്റെ പുത്രനായ യേശുമശിഹായുടെ വിളി ഉടനെ അനുസരിച്ചു താമസം കൂടാതെ അവനെ പിന്തുടരുവാൻ തക്കവണ്ണം നിന്റെ വിശുദ്ധ അപ്പൊസ്തലനായ അന്ത്രെയാസിന്നു കൃപ നല്കിയപ്രകാരം തിരുവചനത്താൽ വിളിക്കപ്പെടുന്ന ഞങ്ങളും നിന്റെ വിശുദ്ധ കല്പനകളെ അനുസരണത്തോടെ നിവൎത്തിപ്പാനായിട്ടു തൽക്ഷണം ഞങ്ങളെ തന്നേ ഏല്പിച്ചു കൊടുക്കേണ്ടുന്നതിന്നു ഞങ്ങളുടെ കൎത്താവായ ആ യേശുമശിഹാമൂലം ഞങ്ങൾക്കു എല്ലാവൎക്കും കൃപ തരേണമേ. ആമെൻ.

ലേഖനം. റോമ. ൧൦. ൯ മുതൽ.

സുവിശേഷം. വിശു. മത്താ. ൪. ൧൮ മുതൽ.

## വിശുദ്ധ തോമസ് അപ്പൊസ്തലൻ

### അപേക്ഷ.

ക്രിസ്തുമതത്തിന്റെ അധിക സ്ഥിരതെക്കുവേണ്ടി നിന്റെ പുത്രന്റെ ഉയിൎത്തെഴുന്നേല്പിനെ കുറിച്ചു സംശയിപ്പാൻ നിന്റെ വിശുദ്ധ അപ്പൊസ്തലനായ തോമസിനെ അനുവദിച്ചവനായി സൎവ്വശക്തനും നിത്യനും ആയ ദൈവമേ, ഞങ്ങളുടെ വിശ്വാസം നിന്റെ മുമ്പാകെ ഒരിക്കലും ശാസിക്കപ്പെടാതെ ഇരിക്കത്തക്കവണ്ണം നിന്റെ പുത്രനായ യേശുമശിഹായിൽ പൂൎണ്ണമായും യാതൊരു സംശയം കൂടാതെയും വിശ്വസിപ്പാൻ ഞ

ങ്ങൾക്കു കൃപ ചെയ്യേണമേ; കർത്താവേ, ആ യേശുമശിഹാമൂലം ഞങ്ങളെ ചെവിക്കൊളളുകയും ചെയ്യേണമേ. അവന്നു, നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ സകല ബഹുമാനവും മഹത്വവും ഇപ്പോഴും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമെൻ.

ലേഖനം. എഫെ. ൨. ൧൯ മുതൽ.

സുവിശേഷം. വിശു. യോഹ. ൨൦. ൨൪ മുതൽ.

## വിശുദ്ധ പൌലൊസിൻെറ മനസ്സുതിരിവു

### അപേക്ഷ.

അനുഗ്രഹിക്കപ്പെട്ട അപ്പൊസ്തലനായ വിശുദ്ധ പൌലൊസിൻെറ പ്രസംഗംകൊണ്ടു ഭൂലോകത്തിൽ എല്ലാടവും സുവിശേഷത്തിൻെറ വെളിച്ചം പ്രകാശിപ്പിച്ചവനായ ദൈവമേ, ഞങ്ങൾ അവൻെറ അത്ഭുത മനസ്സുതിരിവിനെ ഓൎത്തുകൊണ്ടു, അവൻ പഠിപ്പിച്ച ആ വിശുദ്ധ ഉപദേശത്തെ പിഞ്ചെല്ലുന്നതിനാൽ ആ മനസ്സുതിരിവിനെപ്രതി ഞങ്ങൾക്കു നിന്നോടുളള നന്ദിയെ കാണിപ്പാൻ ഞങ്ങൾക്കു കൃപ ചെയ്യേണമെന്നു ഞങ്ങളുടെ കർത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

ലേഖനമായിട്ടു. അപ്പൊ. പ്ര. ൯. ൧ മുതൽ.

സുവിശേഷം. വിശു. മത്താ. ൧൯. ൨൭ മുതൽ.

## വിശുദ്ധ കന്യകമറിയയുടെ ശുദ്ധീകരണം

### എന്നു സാധാരണ പറയുന്നതായി

### ദൈവാലയത്തിൽ ക്രിസ്തുവിൻെറ സമൎപ്പണം

### അപേക്ഷ.

സൎവ്വശക്തനും നിത്യനും ആയ ദൈവമേ, നിൻെറ ഏകജാതനായ പുത്രൻ ഇന്നേദിവസം ഞങ്ങളുടെ സ്വാഭാവിക ശരീരത്തോടു ദൈവാലയത്തിൽ സമൎപ്പിക്കപ്പെട്ടപ്രകാരം തന്നേ, ഞങ്ങൾ വിശുദ്ധിയും വെടിപ്പുമുളള ഹൃദയങ്ങളോടെ നിങ്കലേക്കു സമൎപ്പിക്കപ്പെടുമാറാകേണമെന്നു, നിൻെറ പുത്രനും ഞങ്ങളുടെ കർത്താവുമായ ആ യേശുമശിഹാമൂലം തന്നേ നിൻെറ മഹിമയോടു ഞങ്ങൾ വിനയമായി അപേക്ഷിച്ചുകൊളളുന്നു. ആമെൻ.

ലേഖനമായിട്ടു. മലാഖി ൩. ൧ മുതൽ.

സുവിശേഷം. വിശു. ലൂക്കൊ. ൨. ൨൨ മുതൽ.

## വിശുദ്ധ മത്ഥിയാസിൻെറ നാൾ

അപേക്ഷ.

യെഹൂദാ എന്ന ദ്രോഹിക്കു പകരം നിൻെറ വിശ്വസ്ത ഭൃത്യനായ മത്ഥിയാസിനെ പന്ത്രണ്ടു അപ്പൊസ്തലന്മാരുടെ എണ്ണത്തിൽ ഉൾപ്പെടുവാൻ തിരഞ്ഞെടുത്തവനായ സൎവ്വശക്തിയുള്ള ദൈവമേ, നിൻെറ സഭയെ എപ്പോഴും കള്ള അപ്പൊസ്തലന്മാരിൽനിന്നു കാത്തു വിശ്വസ്തതയും സത്യവുമുള്ള ഇടയന്മാരെക്കൊണ്ടു ക്രമപ്പെടുത്തി നടത്തിക്കേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ അപേക്ഷിക്കുന്നു. ആമെൻ.

ലേഖനമായിട്ടു. അപ്പൊ. പ്ര. ൧. ൧൫ മുതൽ.

സുവിശേഷം. വിശ്രു. മത്താ. ൧൧. ൨൫ മുതൽ.

## അനുഗ്രഹിക്കപ്പെട്ട കന്യകമറിയയോടുള്ള അരുളപ്പാടു

അപേക്ഷ.

കൎത്താവേ, ഒരു ദൈവദൂതൻെറ വചനത്താൽ ഞങ്ങൾ നിൻെറ പുത്രനായ യേശുമശിഹായുടെ അവതാരത്തെ അറിഞ്ഞിരിക്കുന്നപ്രകാരം തന്നേ, ഞങ്ങൾ അവൻെറ കുരിശുകൊണ്ടും കഷ്ടാനുഭവംകൊണ്ടു അവൻെറ പുനരുത്ഥാനത്തിൻെറ തേജസ്സിലേക്കു പ്രവേശിക്കുമാറാകേണ്ടുന്നതിന്നു, നിൻെറ കൃപയെ ഞങ്ങളുടെ ഹൃദയങ്ങളിലേക്കു പകരേണമെന്നു ഞങ്ങളുടെ കൎത്താവായ ആ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

ലേഖനമായിട്ടു. യെശ. ൭. ൧൦ മുതൽ.

സുവിശേഷം. വിശ്രു. ലൂക്കൊ. ൧. ൨൬ മുതൽ.

## വിശുദ്ധ മൎക്കൊസിൻെറ നാൾ

അപേക്ഷ.

സുവിശേഷകനായ വിശുദ്ധ മൎക്കൊസിൻെറ സ്വൎഗ്ഗിക ഉപദേശംകൊണ്ടു നിൻെറ തിരുസഭയെ പഠിപ്പിച്ച സൎവ്വശക്തനായ ദൈവമേ, ഞങ്ങൾ വ്യൎത്ഥോപദേശത്തിൻെറ ഓരോ കാററിനാൽ അലഞ്ഞുഴലുന്ന ശിശുക്കളെപ്പോലെ ആകാതെ നിൻെറ വിശുദ്ധ സുവിശേഷത്തിൻെറ സത്യത്തിൽ സ്ഥിരപ്പെട്ടിരിക്കേണ്ടതിന്നു, ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾക്കു കൃപ തരേണമേ. ആമെൻ.

ലേഖനം. എഫെ. ൪. ൭ മുതൽ.

സുവിശേഷം. വിശ്രു. യോഹ. ൧൫. ൧ മുതൽ.

## വിശുദ്ധ ഫിലിപ്പൊസിന്റെയും വിശുദ്ധ യാക്കോബിന്റെയും നാൾ

### അപേക്ഷ.

സൎവ്വശക്തിയുള്ള ദൈവമേ, നിന്നെ സത്യമായി അറിയുന്നതു നിത്യജീവനാകുന്നു; നിന്റെ പുത്രനായ യേശുമശിഹാ വഴിയും സത്യവും ജീവനുമാകുന്നു എന്നു ഞങ്ങൾ പൂൎണ്ണമായി അറിഞ്ഞു, നിന്റെ വിശുദ്ധ അപ്പൊസ്തലന്മാരായ ഫിലിപ്പൊസിന്റെയും യാക്കോബിന്റെയും കാൽച്ചുവടുകളെ പിന്തുടൎന്നു നിത്യജീവങ്കലേക്കുള്ള വഴിയിൽ ഞങ്ങൾ സ്ഥിരമായി നടക്കേണ്ടുന്നതിന്നു നിന്റെ പുത്രനും ഞങ്ങളുടെ കൎത്താവും ആയ ആ യേശുമശിഹാമൂലം തന്നേ ഞങ്ങൾക്കു കൃപ ചെയ്യേണമേ. ആമെൻ.

ലേഖനം. വിശു. യാക്കോ. ൧. ൧ മുതൽ.

സുവിശേഷം. വിശു. യോഹ. ൧൪. ൧ മുതൽ.

## വിശുദ്ധ ബൎന്നബാസ് അപ്പൊസ്തലൻ

### അപേക്ഷ.

വിശുദ്ധ അപ്പൊസ്തലനായ ബൎന്നബാസിന്നു പരിശുദ്ധാത്മാവിന്റെ അസാമാന്യ വരങ്ങളെ നല്കിയ സൎവ്വശക്തിയുള്ള കൎത്താവായ ദൈവമേ, നിന്റെ പലവിധ വരങ്ങളും അവയെ നിന്റെ ബഹുമാനത്തിന്നും മഹത്വത്തിന്നുമായി എപ്പോഴും ഉപയോഗിപ്പാനുള്ള കൃപയും ഇല്ലാത്തവരായി ഞങ്ങളെ കൈവിടരുതെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

ലേഖനമായിട്ടു. അപ്പൊ. പ്ര. ൧൧. ൨൨ മുതൽ.

സുവിശേഷം, വിശു. യോഹ. ൧൫. ൧൨ മുതൽ.

## വിശുദ്ധ യോഹന്നാൻ സ്നാപകന്റെ നാൾ

### അപേക്ഷ.

ദിവ്യ വിചാരണയാൽ അത്ഭുതമായി ജനിച്ച നിന്റെ ഭൃത്യനായ യോഹന്നാൻസ്നാപകനെ മാനസാന്തര പ്രസംഗത്താൽ ഞങ്ങളുടെ രക്ഷിതാവായ നിന്റെ പുത്രന്റെ വഴിയെ ഒരുക്കുവാൻ അയച്ച സൎവ്വശക്തനായ ദൈവമേ, അവൻ പ്രസംഗിച്ചതുപോലെ ഞങ്ങൾ നേരായി മാനസാന്തരപ്പെട്ടു അവന്റെ ദൃഷ്ടാന്തപ്രകാരം എപ്പോഴും സത്യം സംസാരിക്കയും ദോഷ

ത്തെ ധൈൎയ്യത്തോടെ ശാസിക്കയും സത്യത്തെപ്രതി ക്ഷമയോടെ കഷ്ടമ നുഭവിക്കയും ചെയ്വാൻ തക്കവണ്ണം അവൻെറ ഉപദേശത്തെയും വിശുദ്ധ നടപ്പിനെയും പിന്തുടരുവാൻ ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം ഞങ്ങൾക്കു സഹായിക്കേണമേ. ആമെൻ.

ലേഖനമായിട്ടു. യെശ. ൪൦. ൧ മുതൽ.

സുവിശേഷം. വിശു. ലൂക്കൊ. ൧. ൫൭ മുതൽ.

## വിശുദ്ധ പത്രൊസിൻെറ നാൾ

അപേക്ഷ.

സൎവ്വശക്തിയുള്ള ദൈവമേ, നിൻെറ പുത്രനായ യേശുമശിഹാമൂലം നിൻെറ അപ്പൊസ്തലനായ വിശുദ്ധ പത്രൊസിന്നു പല വിശേഷ വരങ്ങളെ കൊടുക്കയും, നിൻെറ ആട്ടിൻകൂട്ടത്തെ താല്പൎയ്യത്തോടെ മേയിപ്പാൻ അവനോടു കല്പിക്കയും ചെയ്തുവല്ലോ; നിത്യതേജസ്സിൻെറ കിരീടം ലഭിക്കത്തക്കവണ്ണം സകല എപ്പിസ്കോപ്പാമാരും ഇടയന്മാരും നിൻെറ വിശുദ്ധ വചനത്തെ പ്രസംഗിപ്പാനും ജനങ്ങൾ ആയതിനെ അനുസരണത്തോടെ പിന്തുടരുവാനും സംഗതി വരുത്തേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

ലേഖനമായിട്ടു. അപ്പൊ. പ്ര. ൧൨. ൧ മുതൽ.

സുവിശേഷം. വിശു. മത്താ ൧൬. ൧൩ മുതൽ.

## വിശുദ്ധ യാക്കോബ് അപ്പൊസ്തലൻ

അപേക്ഷ.

കരുണയുള്ള ദൈവമേ, നിൻെറ അപ്പൊസ്തലനായ വിശുദ്ധ യാക്കോബ് തൻെറ പിതാവിനെയും തനിക്കുണ്ടായിരുന്ന സകലത്തെയും വിട്ടു, നിൻെറ പുത്രനായ യേശുമശിഹായുടെ വിളിയെ താമസം കൂടാതെ അനുസരിച്ചു അവനെ അനുഗമിച്ചതുപോലെതന്നേ, ഞങ്ങളും ലൌകികവും ജഡമയവുമായുള്ള മോഹങ്ങളെ ഒക്കെയും ഉപേക്ഷിച്ചു, നിൻെറ വിശുദ്ധ കല്പനകളെ അനുസരിച്ചു നടപ്പാൻ എപ്പോഴും ഒരുങ്ങിയിരിക്കേണ്ടതിന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം കൃപ അരുളേണമേ. ആമെൻ.

ലേഖനമായിട്ടു. അപ്പൊ പ്ര. ൧൧. ൨൭—൧൨. ൩.

സുവിശേഷം, വിശു മത്താ. ൨൦. ൨൦ മുതൽ.

## വിശുദ്ധ ബൎത്തലൊമായി അപ്പൊസ്തലൻ

അപേക്ഷ.

അപ്പൊസ്തലനായ ബൎത്തലൊമായിക്ക നിന്റെ വചനത്തെ സത്യമായി വിശ്വസിപ്പാനും പ്രസംഗിപ്പാനും കൃപ കൊടുത്ത സൎവ്വശക്തനും നിത്യനുമായ ദൈവമേ, അവൻ വിശ്വസിച്ച ആ വചനത്തെ സ്നേഹിപ്പാനും, ആയതിനെ പ്രസംഗിപ്പാനും, കൈക്കൊള്ളുവാനും നിന്റെ സഭെക്ക കൃപ നല്കേണമെന്ന ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോട അപേക്ഷിക്കുന്നു. ആമെൻ.

ലേഖനമായിട്ടു. അപ്പൊ. പ്ര. ൫. ൧൨ മുതൽ.

സുവിശേഷം. വിശു. ലൂക്കൊ. ൨൨. ൨൪ മുതൽ.

## വിശുദ്ധ മത്തായി അപ്പൊസ്തലൻ

അപേക്ഷ.

അപ്പൊസ്തലനും സുവിശേഷകനും ആകുവാൻ നിന്റെ വാഴ്ത്തപ്പെട്ട പുത്രനെക്കൊണ്ട മത്തായിയെ ചുങ്കസ്ഥലത്തുനിന്ന വിളിപ്പിച്ച സൎവ്വശക്തനായ ദൈവമേ, ഞങ്ങൾ സകല അത്യാഗ്രഹത്തെയും, അമിതമായ ദ്രവ്യസ്നേഹത്തെയും ഉപേക്ഷിപ്പാനും, നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഏകദൈവമായി കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്നവനായി, നിന്റെ പുത്രനായ ആ യേശുമശിഹായെ അനുഗമിപ്പാനും ഞങ്ങൾക്ക കൃപ തരേണമേ. ആമെൻ.

ലേഖനം. ൨ കൊരി. ൪. ൧ മുതൽ.

സുവിശേഷം. വിശു. മത്താ. ൯. ൯ മുതൽ.

## വിശുദ്ധ മിഖായേലും സകല ദൈവദൂതന്മാരും

അപേക്ഷ.

ദൈവദൂതന്മാരുടെയും മനുഷ്യരുടെയും ശുശ്രൂഷകളെ അത്ഭുതമായോരു ക്രമത്തിൽ നിയമിച്ച സ്ഥാപിച്ചിരിക്കുന്നവനായ നിത്യദൈവമേ, നിന്റെ വിശുദ്ധ ദൂതന്മാർ സ്വൎഗ്ഗത്തിൽ എപ്പോഴും നിനക്ക സേവ ചെയ്യുന്നതുപോലെ തന്നേ, അവർ നിന്റെ കല്പനപ്രകാരം ഭൂമിയിൽ ഞങ്ങൾക്ക സഹായിച്ച, ഞങ്ങളെ കാക്കേണ്ടതിന്ന ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം കരുണയോടെ അരുളേണമേ. ആമെൻ.

ലേഖനമായിട്ടു. വെളി. ൧൨. ൭ മുതൽ.

സുവിശേഷം. വിശു. മത്താ. ൧൮. ൧ മുതൽ.

## വിശുദ്ധ ലൂക്കൊസ് സുവിശേഷകൻ

അപേക്ഷ.

വൈദ്യനും സുവിശേഷത്തിൽ പുകഴ്ചയുള്ളവനുമായ ലൂക്കൊസിനെ സു
വിശേഷകനും ആത്മ വൈദ്യനും ആകുവാൻ വിളിച്ച സൎവ്വശക്തനായ
ദൈവമേ, അവൻ കൊടുത്ത ഉപദേശമാകുന്ന ആരോഗ്യകരമായുള്ള
ഔഷധങ്ങൾകൊണ്ടു ഞങ്ങളുടെ ആത്മാക്കളുടെ രോഗങ്ങളെല്ലാം സൌ
ഖ്യമാകേണ്ടതിന്നു, നിന്റെ പുത്രനും ഞങ്ങളുടെ കൎത്താവുമായ യേശുമ
ശിഹായുടെ യോഗ്യതകൾ മൂലം നിനക്കു ഇഷ്ടം തോന്നേണമേ. ആ
മെൻ.

ലേഖനം. ൨തിമൊ. ൪. ൫ മുതൽ.
സുവിശേഷം. വിശു. ലൂക്കൊ. ൧൦. ൧ മുതൽ.

## അപ്പൊസ്തലന്മാരായ വിശുദ്ധ ശിമോനും വിശുദ്ധ യൂദാവും

അപേക്ഷ.

യേശുമശിഹാ തന്നേ പ്രധാന മൂലക്കല്ലായി അപ്പൊസ്തലന്മാരുടെയും പ്ര
വാചകന്മാരുടെയും അടിസ്ഥാനത്തിന്മേൽ തിരുസഭയെ പണിയിച്ചിരിക്കു
ന്ന സൎവ്വശക്തനായ ദൈവമേ, ഞങ്ങൾ നിനക്കു ഇഷ്ടമുള്ള വിശുദ്ധ മന്ദിര
മായി തീരുവാൻ തക്കവണ്ണം അവരുടെ ഉപദേശത്താൽ ആത്മാവിന്റെ
ഐക്യതയിൽ ഒന്നിച്ചു ചേൎക്കപ്പെടേണ്ടതിന്നു ഞങ്ങളുടെ കൎത്താവായ
യേശുമശിഹാ മൂലം കൃപ ചെയ്യേണമേ. ആമെൻ.

ലേഖനം. യൂദാ ൧.
സുവിശേഷം. വിശു. യോഹ. ൧൫. ൧൭ മുതൽ.

## സകല വിശുദ്ധന്മാരുടെയും നാൾ

അപേക്ഷ.

സൎവ്വശക്തനായ ദൈവമേ, നീ നിന്റെ പുത്രനും ഞങ്ങളുടെ കൎത്താവുമായ
മശിഹായുടെ ജ്ഞാനശരീരത്തിൽ ഏകമായ സംസൎഗ്ഗത്തിലും കൂട്ടായ്മയിലും
നിന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ കൂട്ടിച്ചേൎത്തിരിക്കുന്നുവല്ലോ; നിന്നെ
മായം കൂടാതെ സ്നേഹിക്കുന്നവൎക്കായിട്ടു നീ ഒരുക്കീട്ടുള്ള പറഞ്ഞുതീരാത്ത
ആനന്ദങ്ങളിൽ പ്രവേശിപ്പാൻ തക്കവണ്ണം ഞങ്ങൾ സകല സുകൃതവും
ദൈവഭക്തിയുമുള്ള നടപ്പിൽ നിന്റെ അനുഗ്രഹിക്കപ്പെട്ട വിശുദ്ധന്മാരെ
അനുഗമിക്കേണ്ടതിന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം കൃപ
നല്കേണമേ. ആമെൻ.

ലേഖനമായിട്ടു. വെളി. ൭. ൯ മുതൽ.
സുവിശേഷം. വിശു. മത്താ. ൫. ൧ മുതൽ.

THE ORDER OF THE

# ADMINISTRATION OF THE LORD'S SUPPER

OR

# HOLY COMMUNION

---

# കൎത്താവിന്റെ അത്താഴം

## എന്ന വിശുദ്ധസംസൎഗ്ഗത്തിന്റെ ആചാരക്രമം

---

¶ വിശുദ്ധ സംസൎഗ്ഗത്തിൽ അനുഭവക്കാരാകുവാൻ ഭാവിക്കുന്ന എല്ലാവരും തലേ ദിവസം എങ്കിലും തങ്ങളുടെ പേരുകളെ പട്ടക്കാരനോടു അറിയിക്കണം.

¶ അവരിൽ വല്ലവനും സഭക്കാൎക്കു വിരുദ്ധം ഉണ്ടാകത്തക്കവണ്ണം പരസ്യമായും പ്രസിദ്ധമായുമുള്ള ദുൎന്നടപ്പുകാരനെന്നോ, തന്റെ അയല്ക്കാരോടു വാക്കുകൊണ്ടെങ്കിലും ക്രിയകൊണ്ടെങ്കിലും അന്യായം ചെയ്തിട്ടുള്ളവനെന്നോ പട്ടക്കാരനു അറിവുകിട്ടിയാൽ അവനെ വിളിപ്പിച്ചു, വിരുദ്ധപ്പെട്ടിരിക്കുന്ന സഭക്കാൎക്കു സമ്മതം വരത്തക്കവണ്ണം അവൻ നേരായി മാനസാന്തരപ്പെട്ടു, അവന്റെ മുമ്പിലത്തെ ദുൎന്നടപ്പിനെ മാററിയിരിക്കുന്നു എന്നു പരസ്യമായി അറിയിക്കയും, ആരോടു എങ്കിലും അന്യായംചെയ്തിരുന്നാൽ അവൎക്കു പ്രതിഫലം ചെയ്തിരിക്കുന്നു എന്നോ, കഴിയുന്ന വേഗത്തിൽ അങ്ങനെ ചെയ്തുകൊള്ളുവാൻ ഉറപ്പായി നിശ്ചയിച്ചിരിക്കുന്നു എന്നോ, സമ്മതിക്കയും ചെയ്യുന്നതുവരെ, ഒരു പ്രകാരത്തിലും കൎത്താവിന്റെ മേശയിങ്കലേക്കു വരുവാൻ തുനിയരുതു എന്നു അവനോടു പറയണം.

¶ വല്ലവരും തമ്മിൽ ൟൎഷ്യയും പകയും ഉണ്ടെന്നു പട്ടക്കാരൻ കണ്ടാൽ ആയവർ തമ്മിൽ നിരപ്പായി എന്നു അറിയുംവരെ അവർ കൎത്താവിന്റെ മേശയിങ്കൽ ഓഹരിക്കാരാകുവാൻ അനുവദിക്കാതെ, അവരോടും മേൽപ്രകാരം തന്നേ ചെയ്യണം. ഇങ്ങനെ തമ്മിൽ വിപരീതമുള്ളവരിൽ ഒരുത്തൻ തനിക്കു വിരോധമായി മററവൻ ചെയ്തതിനെ ഒക്കെയും മനഃപൂൎവ്വമായി ക്ഷമിപ്പാനും, താൻ അവനോടു ചെയ്തതിന്നു പ്രതിഫലം ചെയ്വാനും മനസ്സായിരുന്നിട്ടു, മററവൻ ദൈവഭക്തിക്കടുത്ത ഒരുമെക്കു അനുസരിക്കാതെ, പിന്നെയും തന്റെ ശഠതയോടും ൟൎഷ്യയോടും പാൎക്കുന്നു എങ്കിൽ, അപ്പോൾ ശുശ്രൂഷകൻ മാനസാന്തരപ്പെടുന്നവനെ വിശുദ്ധസംസൎഗ്ഗത്തിന്നു കൈക്കൊള്ളുകയും ശഠനായുള്ളവനെ വിരോധിക്കയും ചെയ്യേണ്ടതാകുന്നു. ൟ വകുപ്പിൽ എങ്കിലും, ഇതിന്നു മുമ്പിലത്തെ വകുപ്പിൽ എങ്കിലും കാണിച്ചിരിക്കുന്നപ്രകാരം പ്രെസ്ബിററർ വല്ലവനെയും വിരോധിച്ചാൽ ഏറിയാൽ പതിന്നാലു ദിവസത്തിന്നകം ൟ സംഗതിവിവരം മേലധികാരിയോടു അറിയിക്കണം. മേലധികാരി ആ കുററം ചെയ്തവനോടു കാനോൻപ്രകാരം പ്രവൎത്തിക്കയും ചെയ്യണം.

¶ വിശുദ്ധ സംസർഗ്ഗം ആചരിക്കുന്ന സമയത്തു പള്ളിയുടെ നടുവിലെങ്കിലും, കാലത്തെയും വൈകുന്നേരത്തെയും പ്രാർത്ഥന ചൊല്ലുവാൻ നിശ്ചയിച്ചിരിക്കുന്ന ചാൻസെലിൽ എങ്കിലും മേശ വെച്ചു, അതിന്മേൽ നേരിയ വെള്ളശീല വിരിച്ചു ആ മേശയുടെ വടക്കുഭാഗത്തു പ്രെസ്ബിററർ നിന്നുകൊണ്ടു കൎത്താവിന്റെ പ്രാർത്ഥനയും പിൻവരുന്ന അപേക്ഷയും ചൊല്ലുകയും ജനങ്ങൾ മുട്ടുകുത്തി നില്ക്കയും വേണം.

സ്വൎഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെ പോലെ ഭൂമിയിലും ചെയ്യപ്പെടേണമേ. ഞങ്ങളുടെ ദിവസവുമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരേണമേ. ഞങ്ങളുടെ നേരെ കുററം ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ കുററങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിലേക്കു കടത്താതെ, ഞങ്ങളെ ദോഷത്തിൽനിന്നു രക്ഷിക്കേണമേ. ആമെൻ.

അപേക്ഷ.

സൎവ്വശക്തനായ ദൈവമേ, നിനക്കു സകല ഹൃദയങ്ങളും തുറന്നിരിക്കുന്നവയും, സകല ആഗ്രഹങ്ങളും അറിയപ്പെട്ടവയും, നിന്നിൽനിന്നു രഹസ്യങ്ങൾ ഒന്നും മറവില്ലാത്തതും ആകുന്നുവല്ലോ; ഞങ്ങൾ നിന്നെ പൂൎണ്ണമായി സ്നേഹിപ്പാനും, നിന്റെ പരിശുദ്ധ നാമത്തെ യോഗ്യമായി മഹത്വപ്പെടുത്തുവാനും, നിന്റെ പരിശുദ്ധാത്മാവിന്റെ നിശ്വാസത്താൽ ഞങ്ങളുടെ ഹൃദയങ്ങളിലെ നിനവുകളെ ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം വെടിപ്പാക്കേണമേ. ആമെൻ.

¶ അതിന്റെ ശേഷം പ്രെസ്ബിററർ ജനങ്ങളുടെനേരെ തിരിഞ്ഞു **പത്തു കല്പനകൾ** മുഴുവൻ തെളിവായി ചൊല്ലുകയും, ജനങ്ങൾ മുട്ടുകുത്തികൊണ്ടു തന്നേ ഓരോ കല്പനയുടെ പിന്നാലെ തങ്ങൾ മുമ്പെ അതു ലംഘിച്ചുപോയതിന്നായിട്ടു കരുണയെയും, മേലാൽ അതിനെ കാപ്പാൻ കൃപയെയും, ഠരം താഴെ വരുന്ന പ്രകാരം ദൈവത്തോടു യാചിക്കയും വേണം.

ശുശ്രൂഷകൻ

ദൈവം ഈ വചനങ്ങളെ അരുളിച്ചെയ്തു പറഞ്ഞതു: യഹോവയായ ഞാൻ നിന്റെ ദൈവമാകുന്നു: ഞാൻ അല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുതു.

**ജനങ്ങൾ.** കൎത്താവേ, ഞങ്ങളോടു കരുണയുണ്ടായി, ഈ കല്പനയെ കാപ്പാൻ ഞങ്ങളുടെ ഹൃദയങ്ങളെ വണക്കേണമേ.

**ശുശ്രൂഷകൻ.** നിനക്ക ഒരു വിഗ്രഹം ഉണ്ടാക്കരുതു; മീതെ സ്വൎഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്ക കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെ പ്രതിമയും അരുതു; നീ അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുതു; എന്തെന്നാൽ നിന്റെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള ദൈവമാകുന്നു; എന്നെ പകെക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെമേൽ സന്ദൎശിക്കയും, എന്നെ സ്നേഹിച്ചു, എന്റെ കല്പനകളെ പ്രമാണിക്കുന്നവൎക്ക ആയിരം തലമുറവരെ ദയ കാണിക്കയും ചെയ്യുന്നു.

**ജനങ്ങൾ.** കൎത്താവേ, ഞങ്ങളോടു കരുണയുണ്ടായി, ഈ കല്പനയെ കാപ്പാൻ ഞങ്ങളുടെ ഹൃദയങ്ങളെ വണക്കേണമേ.

**ശുശ്രൂഷകൻ.** നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുതു; എന്തെന്നാൽ തന്റെ നാമം വൃഥാ എടുക്കുന്നവനെ യഹോവ ശിക്ഷിക്കാതെ വിടുകയില്ല.

**ജനങ്ങൾ.** കൎത്താവേ, ഞങ്ങളോടു കരുണയുണ്ടായി, ഈ കല്പനയെ കാപ്പാൻ ഞങ്ങളുടെ ഹൃദയങ്ങളെ വണക്കേണമേ.

**ശുശ്രൂഷകൻ.** ശബ്ബത്ത് നാളിനെ ശുദ്ധികരിപ്പാൻ ഓൎക്ക. ആറു ദിവസം അദ്ധ്വാനിച്ചു, നിന്റെ വേല ഒക്കെയും ചെയ്ക; എന്നാൽ ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു. അന്നു നീയും, നിന്റെ പുത്രനും പുത്രിയും, നിന്റെ വേലക്കാരനും വേലക്കാരത്തിയും, നിന്റെ കന്നുകാലികളും, നിന്റെ പടിവാതില്ക്കകത്തുള്ള പരദേശിയും ഒരു വേലയും ചെയ്യരുതു. എന്തെന്നാൽ ആറു ദിവസംകൊണ്ടു യഹോവ ആകാശവും, ഭൂമിയും, സമുദ്രവും, അവയിലുള്ളതൊക്കെയും ഉണ്ടാക്കി, ഏഴാം ദിവസം സ്വസ്ഥമാ

യിരുന്നു; അതുകൊണ്ടു യഹോവ ശബ്ബത്ത്നാളിനെ അനുഗ്രഹിച്ചു, ശുദ്ധീകരിച്ചിരിക്കുന്നു.

ജനങ്ങൾ. കൎത്താവേ, ഞങ്ങളോടു കരുണയുണ്ടായി, ൟ കല്പനയെ കാപ്പാൻ ഞങ്ങളുടെ ഹൃദയങ്ങളെ വണക്കേണമേ.

ശുശ്രൂഷകൻ. നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നിനക്കു ദീൎഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക.

ജനങ്ങൾ. കൎത്താവേ, ഞങ്ങളോടു കരുണയുണ്ടായി, ൟ കല്പനയെ കാപ്പാൻ ഞങ്ങളുടെ ഹൃദയങ്ങളെ വണക്കേണമേ.

ശുശ്രൂഷകൻ. നീ കൊലചെയ്യരുതു.

ജനങ്ങൾ. കൎത്താവേ, ഞങ്ങളോടു കരുണയുണ്ടായി, ൟ കല്പനയെ കാപ്പാൻ ഞങ്ങളുടെ ഹൃദയങ്ങളെ വണക്കേണമേ.

ശുശ്രൂഷകൻ. നീ വ്യഭിചാരം ചെയ്യരുതു.

ജനങ്ങൾ. കൎത്താവേ, ഞങ്ങളോടു കരുണയുണ്ടായി, ൟ കല്പനയെ കാപ്പാൻ ഞങ്ങളുടെ ഹൃദയങ്ങളെ വണക്കേണമേ.

ശുശ്രൂഷകൻ. നീ മോഷ്ടിക്കരുതു.

ജനങ്ങൾ. കൎത്താവേ, ഞങ്ങളോടു കരുണയുണ്ടായി, ൟ കല്പനയെ കാപ്പാൻ ഞങ്ങളുടെ ഹൃദയങ്ങളെ വണക്കേണമേ.

ശുശ്രൂഷകൻ. നീ നിന്റെ കൂട്ടുകാരന്റെ നേരെ കള്ളസ്സാക്ഷ്യം പറയരുതു.

ജനങ്ങൾ. കൎത്താവേ, ഞങ്ങളോടു കരുണയുണ്ടായി, ൟ കല്പനയെ കാപ്പാൻ ഞങ്ങളുടെ ഹൃദയങ്ങളെ വണക്കേണമേ.

**ശുശ്രൂഷകൻ.** നീ നിന്റെ കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുതു; കൂട്ടുകാരന്റെ ഭാൎയ്യയെയും, അവന്റെ ദാസനെയും ദാസിയെയും, അവന്റെ കാളയെയും കഴുതയെയും, കൂട്ടുകാരന്നുള്ള യാതൊന്നിനെയും മോഹിക്കരുതു.

ജനങ്ങൾ. കൎത്താവേ, ഞങ്ങളോടു കരുണയുണ്ടായി, നിന്റെ ൟ കല്പനകളെ ഒക്കെയും ഞങ്ങളുടെ ഹൃദയങ്ങളിൽ എഴുതേണമെന്നു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു.

¶ പിന്നെ പ്രെസ്ബിറ്ററർ മുമ്പിലത്തേപോലെ നിന്നുകൊണ്ടു ചക്രവൎത്തിക്കുവേണ്ടിയുള്ള ൟ അപേക്ഷകളിൽ ഒന്നു ചൊല്ലുമ്പോൾ പറയേണ്ടതു,

## നാം പ്രാൎത്ഥിക്ക

നിത്യരാജ്യവും അന്തമില്ലാത്ത അധികാരവുമുള്ള സൎവ്വശക്തനായ ദൈവമേ, സഭ മുഴുവനോടും കരുണയുണ്ടാകേണമേ; ഇണ്ട്യയുടെ ചക്രവൎത്തിയും ഞങ്ങളുടെ രാജ്യാധിപതിയും നിന്റെ തിരഞ്ഞെടുക്കപ്പെട്ട ദാസനുമായ ജോൎജ്ജ് രാജാവു, (താൻ ആരുടെ ശുശ്രൂഷക്കാരൻ എന്നു അറിഞ്ഞു,) എല്ലാററിന്നും മേലായി നിന്റെ ബഹുമാനത്തെയും മഹത്വത്തെയും അന്വേഷിപ്പാൻ അവന്റെ ഹൃദയത്തെ ഭരിക്കേണമെന്നും, ഞങ്ങളും അവന്റെ പ്രജകൾ എല്ലാവരും (അവന്നുള്ള അധികാരം ആരുടേതു എന്നു വേണ്ടുംവണ്ണം വിചാരിച്ചു,) നിന്റെ അനുഗ്രഹിക്കപ്പെട്ട വചനപ്രകാരവും നിയമപ്രകാരവും, നിന്നിലും നിനക്കായിട്ടും, അവനെ വിശ്വസ്തതയോടെ സേവിച്ചു, ബഹുമാനിച്ചു, വിനയത്തോടെ അനുസരിച്ചു നടക്കുന്നവർ ആകേണമെന്നും നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ എന്നും ഏകദൈവമായി, കാലാവസാനം കൂടാതെ ജീവിച്ചു വാഴുന്നവനായി ഞങ്ങളുടെ കൎത്താവായ യേശുമശീഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

അല്ലെങ്കിൽ ഇതു

സൎവ്വശക്തനും നിത്യനുമായ ദൈവമേ, രാജാക്കന്മാരുടെ ഹൃദയങ്ങൾ നിന്റെ ആജ്ഞയിലും അധികാരത്തിലും ഇരിക്കുന്നു എന്നും, നിന്റെ ദിവ്യജ്ഞാനത്തിന്നു നന്നെന്നു തോന്നുന്നപ്രകാരം നീ അവയെ വഴക്കുകയും നടത്തിക്കയും ചെയ്യുന്നു എ

ന്നും നിന്റെ തിരുവചനത്താൽ ഞങ്ങൾക്ക ഉപദേശിക്കപ്പെട്ടിരിക്കുന്നു: നിന്റെ ദാസനായി, ഇണ്ട്യയുടെ ചക്രവർത്തിയും ഞങ്ങളുടെ രാജ്യാധിപതിയുമായ ജോർജ്ജ് രാജാവു, തന്റെ സകല നിനവുകളിലും വാക്കുകളിലും, പ്രവൃത്തികളിലും എപ്പോഴും നിന്റെ ബഹുമാനത്തെയും മഹത്വത്തെയും അന്വേഷിപ്പാനായിട്ടും, അവന്റെ വിചാരത്തിന്ന ഭരമേല്പിക്കപ്പെട്ടവരായ നിന്റെ ജനങ്ങളെ ക്ഷേമത്തോടും, സമാധാനത്തോടും, ദൈവഭക്തിയോടും പരിപാലിപ്പാൻ ജാഗ്രതപ്പെടുവാനായിട്ടും അവന്റെ ഹൃദയത്തെ വഴക്കി ഭരിക്കേണമെന്ന ഞങ്ങൾ നിന്നോട വിനയമായി അപേക്ഷിക്കുന്നു. കരുണയുള്ള പിതാവേ, നിന്റെ ഇഷ്ടപുത്രനും ഞങ്ങളുടെ കർത്താവുമായ യേശുമശിഹാ നിമിത്തം ഇതിനെ നല്കേണമേ. ആമെൻ.

¶ അതിന്റെ ശേഷം ആ ദിവസത്തേക്കുള്ള അപേക്ഷ ചൊല്ലേണം. അപേക്ഷ കഴിഞ്ഞ ഉടനെ പ്രെസ്ബിറ്റർ **ലേഖനം** അല്ലെങ്കിൽ **ലേഖനത്തിന്ന പകരം നിയമിക്കപ്പെട്ട വേദഭാഗം——പുസ്തകത്തിൽ——അദ്ധ്യായത്തിൽ——വാക്യം തുടങ്ങി എഴുതിയിരിക്കുന്നതാകുന്നു** എന്ന പറഞ്ഞു ലേഖനം വായിക്കേണം. ലേഖനം കഴിഞ്ഞ ഉടനെ അവൻ **ഇവിടെ ലേഖനം കഴിഞ്ഞു** എന്ന പറയേണം. അതിന്റെ ശേഷം, (ജനങ്ങൾ എഴുന്നേറ്റു നിന്നുകൊണ്ടു) അവൻ **വിശുദ്ധ സുവിശേഷം——പുസ്തകത്തിൽ——അദ്ധ്യായത്തിൽ——വാക്യം തുടങ്ങി എഴുതിയിരിക്കുന്നതാകുന്നു** എന്ന പറഞ്ഞു സുവിശേഷം വായിക്കേണം. സുവിശേഷം കഴിഞ്ഞ ഉടനെ ജനങ്ങൾ മുമ്പിലത്തെ പോലെ തന്നെ നിന്നുകൊണ്ടു ഒരം താഴെ വരുന്ന വിശ്വാസപ്രമാണം പാടുകയൊ ചൊല്ലുകയൊ വേണം.

സർവ്വശക്തിയുള്ള പിതാവായി, ആകാശത്തെയും ഭൂമിയെയും, കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായുള്ള സകലത്തെയും സൃഷ്ടിച്ചവനായ ഏക ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകജാതനായ പുത്രനായി, ഏക കർത്താവായ യേശുമശിഹായിലും ഞാൻ വിശ്വസിക്കുന്നു; അവൻ സർവ്വലോകങ്ങൾക്കും മുമ്പെ തന്റെ പിതാവിൽനിന്ന ജനിപ്പിക്കപ്പെട്ടവൻ, ദൈവത്തിൽനിന്ന ദൈവം, പ്രകാശ

ത്തിൽനിന്നു പ്രകാശം, സത്യദൈവത്തിൽനിന്നു സത്യദൈവം, ജനിപ്പിക്കപ്പെട്ടവൻ, ഉണ്ടാക്കപ്പെട്ടവനല്ല, പിതാവിനോടു ഏക തത്വമുള്ളവൻ, അവനാൽ സകലവും ഉണ്ടായി, അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷെക്കും വേണ്ടി സ്വർഗ്ഗത്തിൽനിന്നു ഇറങ്ങി, പരിശുദ്ധാത്മാവിനാൽ കന്യക മറിയയിൽ നിന്നു അവതരിച്ചു മനുഷ്യനായിതീൎന്നു, പൊന്തിയോസു പീലാത്തോസിന്റെ കീഴിൽ നമുക്കവേണ്ടി ക്രൂശിക്കപ്പെട്ടു, അവൻ കഷ്ടപ്പെട്ടു, അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻപ്രകാരം മൂന്നാംദിവസം ഉയിൎത്തെഴുന്നേററു, സ്വർഗ്ഗത്തിലേക്കു കയറി, പിതാവിന്റെ വലത്തുഭാഗത്തു ഇരിക്കുന്നു. അവൻ ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിപ്പാൻ മഹത്വത്തോടെ വീണ്ടും വരും; അവന്റെ രാജ്യത്തിന്നു അവസാനം ഉണ്ടാകയില്ല.

കൎത്താവും ജീവിപ്പിക്കുന്നവനും, പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നവനും, പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു മഹത്വപ്പെടുന്നവനും, പ്രവാചകരെക്കൊണ്ടു പറയിച്ചവനുമായ പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. കാതോലികവും അപ്പൊസ്തൂലികവുമായ ഏക സഭയെയും ഞാൻ വിശ്വസിക്കുന്നു. പാപമോചനത്തിന്നുള്ള ഏക ബപ്തിസ്മയെ ഞാൻ അനുസരിക്കുന്നു. മരിച്ചവരുടെ പുനരുത്ഥാനത്തിന്നും വരുവാനുള്ള ലോകത്തിലെ ജീവനും ഞാൻ കാത്തിരിക്കുന്നു. ആമെൻ.

¶ അതിന്റെ ശേഷം പട്ടക്കാരൻ ആ ആഴ്ചവട്ടത്തിൽ ഇന്ന പെരുനാളുകൾ എങ്കിലും നോമ്പുകൾ എങ്കിലും ആചരിക്കപ്പെട്ടുവാൻ ഉണ്ടെന്നുള്ളതു ജനങ്ങളോടു അറിയിക്കെണം. വിശുദ്ധസംസർഗ്ഗം ഉണ്ടെങ്കിൽ അതു ഇന്നപ്പോൾ എന്നും പ്രസിദ്ധിപ്പെടുത്തെണം; രാജകല്പനകളും, സാധനങ്ങളും, സഭാഭ്രംശങ്ങളും വായിക്കപ്പെടെണം. ദൈവശുശ്രൂഷ സമയത്തു ശുശ്രൂഷകനാൽ അല്ലാതെ ഒന്നും പള്ളിയിൽ അറിയിക്കയോ പ്രസിദ്ധമാക്കുകയോ ചെയ്യരുതു. ൟ പുസ്തകത്തിലെ ക്രമങ്ങളിൽ നിശ്ചയിച്ചിട്ടുള്ളതോ, രാജാവിനാലെങ്കിലും സ്ഥലത്തെ മേലധികാരിയാലെങ്കിലും കല്പിച്ചിട്ടുള്ളതോ അല്ലാതെ അവനാലും അരുതു.

¶ അതിന്റെ ശേഷം പ്രസംഗം പറകയോ, മുമ്പെ മേലധികാരത്താൽ കല്പിച്ചതായിട്ടോ, മേലാൽ കല്പിക്കുന്നതായിട്ടോ ഉള്ള ഹോമിലികളിൽ ഒന്നു വായിക്കയോ വേണം.

¶ അതിൻെറ ശേഷം പ്രെസ്ബിററർ കർത്താവിൻെറ മേശയിങ്കലേക്ക തിരിച്ചു ചെന്നു, തൻെറ യുക്തംപോലെ താഴെയുള്ള ധർമ്മശേഖര വാക്യങ്ങളിൽ ഒന്നൊ, അധികമൊ ചൊല്ലെണം.

മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു, നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ. വിശു. മത്താ. ൫.

പുഴവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുതു; പുഴവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ. വിശു. മത്താ. ൬.

മനുഷ്യർ നിങ്ങൾക്ക ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതൊക്കെയും നിങ്ങൾ അവർക്കും ചെയ്വിൻ; ന്യായപ്രമാണവും പ്രവാചകന്മാരും ഇതു തന്നേ. വിശു. മത്താ. ൭.

എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ എവനുമല്ല, സ്വർഗ്ഗസ്ഥനായ എൻെറ പിതാവിൻെറ ഇഷ്ടം ചെയ്യുന്നവനത്രെ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു്. വിശു. മത്താ. ൭.

സക്കായി നിന്നു കർത്താവിനോടു: കർത്താവേ, എൻെറ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നുണ്ടു; വല്ലതും ചതിവായി വാങ്ങീട്ടുണ്ടെങ്കിൽ നാലു മടങ്ങു മടക്കിക്കൊടുക്കുന്നു എന്നു പറഞ്ഞു.
വിശു. ലൂക്കൊ. ൧൯.

സ്വന്ത ചെലവിന്മേൽ യുദ്ധസേവ ചെയ്യുന്നവൻ ആർ? മുന്തിരിത്തോട്ടം ഉണ്ടാക്കി അതിൻെറ ഫലം തിന്നാതിരിക്കുന്നവൻ ആർ? ആട്ടിൻകൂട്ടത്തെ മേയിച്ചു കൂട്ടത്തിൻെറ പാൽകൊണ്ടു ഉപജീവിക്കാതിരിക്കുന്നവൻ ആർ? ൧ കൊരി. ൯.

ഞങ്ങൾ ആത്മികമായതു നിങ്ങൾക്ക വിതെച്ചിട്ടു നിങ്ങളുടെ ഐഹികമായതു കൊയ്യുന്നതു വലിയ കാര്യമോ! ൧ കൊരി. ൯.

ദൈവാലയ കർമ്മങ്ങൾ നടത്തുന്നവർ ദൈവാലയംകൊണ്ടു ഉപജീവിക്കുന്നു എന്നും യാഗപീഠത്തിങ്കൽ ശുശ്രൂഷ ചെയ്യുന്നവർ യാഗപീഠത്തിലെ വഴിപാടുകളിൽ ഓഹരിക്കാർ ആകുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ? അതുപോലെ കർത്താവും സുവിശേഷം അറിയിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കേണം എന്നു കല്പിച്ചിരിക്കുന്നു. ൧ കൊരി. ൯.

ലോഭമായി വിതെക്കുന്നവൻ ലോഭമായി കൊയ്യും; ധാരാളമായി വിതെക്കുന്നവൻ ധാരാളമായി കൊയ്യും എന്നു ഓൎത്തുകൊൾവിൻ. അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുതു; നിർബ്ബന്ധത്താലുമരുതു; സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു. ൨ കൊരി. ൯.

വചനം പഠിക്കുന്നവൻ പഠിപ്പിക്കുന്നവന്നു എല്ലാ നന്മയിലും ഓഹരി കൊടുക്കെണം. വഞ്ചനപ്പെടാതിരിപ്പിൻ; ദൈവത്തെ പരിഹസിച്ചുകൂടാ; മനുഷ്യൻ വിതെക്കുന്നതു തന്നേ കൊയ്യും. ഗലാ. ൬.

അവസരം കിട്ടുംപോലെ നാം എല്ലാവൎക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക. ഗലാ. ൬.

അലംഭാവത്തോടുകൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നു താനും. ഇഹലോകത്തിലേക്കു നാം ഒന്നും കൊണ്ടുവന്നിട്ടില്ല; ഇവിടെനിന്നു യാതൊന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ല. ൧ തിമൊ. ൬.

ഈ ലോകത്തിലെ ധനവാന്മാരോടു: നന്മ ചെയ്വാനും സൽപ്രവൃത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാൎയ്യമുള്ളവരുമായി സാക്ഷാലുള്ള ജീവനെ പിടിച്ചുകൊള്ളേണ്ടതിന്നു വരുംകാലത്തേക്കു നല്ലോരു അടിസ്ഥാനം നിക്ഷേപിച്ചുകൊൾവാനും ആജ്ഞാപിക്ക. ൧ തിമൊ. ൬.

ദൈവം നിങ്ങളുടെ പ്രവൃത്തിയും വിശുദ്ധന്മാരെ ശുശ്രൂഷിച്ചതിനാലും ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തോടു കാണിച്ച സ്നേഹവും മറന്നുകളവാൻ തക്കവണ്ണം അനീതിയുള്ളവനല്ല. എബ്രാ. ൬.

നന്മ ചെയ്വാനും കൂട്ടായ്മ കാണിപ്പാനും മറക്കരുതു. ഈ വക യാഗത്തിലല്ലോ ദൈവം പ്രസാദിക്കുന്നതു. എബ്രാ. ൧൩.

ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും തന്റെ സഹോദരന്നു മുട്ടുള്ളതു കണ്ടിട്ടു അവനോടു മനസ്സലിവു കാണിക്കാഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും? ൧ യോഹ. ൩.

നിന്റെ ദ്രവ്യങ്ങളിൽനിന്നു ഭിക്ഷ കൊടുക്ക; ഒരു ദരിദ്രനിൽനിന്നും നിന്റെ മുഖം ഒരിക്കലും തിരിക്കാതെയും ഇരിക്ക; എന്നാൽ കൎത്താവിന്റെ മുഖം നിന്നിൽനിന്നു തിരിക്കപ്പെടുകയില്ല. തോബിയാ ൪.

നിന്റെ പ്രാപ്തിപോലെ കരുണയുള്ളവനായിരിക്ക. നിനക്കു വളരെ ഉണ്ടെങ്കിൽ വളരെ കൊടുക്ക; നിനക്കു അല്പമെയുളളു എങ്കിൽ ആ അല്പത്തിൽനിന്നു സന്തോഷത്തോടെ കൊടുപ്പാൻ ജാഗ്രതപ്പെടുക; എന്തെന്നാൽ അതിനാൽ ആവശ്യമുള്ള നാളിൽ നിനക്കു തന്നേ നീ നല്ല പ്രതിഫലത്തെ സംഗ്രഹിക്കുന്നു. തോബിയാ ൪.

എളിയവനോടു കൃപ കാട്ടുന്നവൻ യഹോവെക്കു വായ്പ കൊടുക്കുന്നു; അവൻ ചെയ്ത നന്മെക്കു അവൻ പകരം കൊടുക്കും. സദൃശ. ൧൯.

എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ; അനൎത്ഥ ദിവസത്തിൽ യഹോവ അവനെ വിടുവിക്കും. സങ്കീ. ൪൧.

¶ ഈ വാക്യങ്ങളെ വായിക്കുന്ന സമയത്തു ദിയാക്കോന്മാരോ കൈക്കാരന്മാരോ ആ സംഗതിക്കായി നിയമിക്കപ്പെടുന്ന തക്ക ആളുകളോ ആ വകെക്കായി ഇടവകയാൽ കരുതിയിട്ടുള്ള യോഗ്യമായ ഒരു പാത്രത്തിൽ ദരിദ്രന്മാൎക്കായിട്ടു ധൎമ്മങ്ങളെയും, ജനങ്ങളുടെ മറ്റുള്ള കാഴ്ചകളെയും വാങ്ങി, വണക്കത്തോടെ പ്രെസ്ബിറ്ററുടെ അടുക്കലേക്കു കൊണ്ടുവരേണം. അവൻ വിശുദ്ധ മേശയിന്മേൽ അതിനെ വിനയത്തോടെ സമൎപ്പിക്കേണം.

¶ വിശുദ്ധ സംസൎഗ്ഗം ഉള്ളപ്പോൾ പ്രെസ്ബിറ്ററർ തന്റെ അഭിപ്രായപ്രകാരം വേണ്ടുന്ന അപ്പവും വീഞ്ഞും ഈ സമയത്തു മേശയിന്മേൽ വെക്കേണം.

¶ അതിന്റെ ശേഷം പ്രെസ്ബിറ്ററർ ചൊല്ലേണ്ടതു,

ഇവിടെ ഭൂമിയിൽ പോരാടുന്ന ക്രിസ്തുസഭയുടെ സൎവ്വസ്ഥിതിക്കും വേണ്ടി നാം പ്രാൎത്ഥിക്ക.

സകല മനുഷ്യൎക്കും വേണ്ടി പ്രാൎത്ഥനകളും, യാചനകളും, സ്തോത്രങ്ങളും ചെയ്യേണമെന്നു നിന്റെ വിശുദ്ധ അപ്പൊസ്തലനെക്കൊണ്ടു ഞങ്ങൾക്കു ഉപദേശിപ്പിച്ചിരിക്കുന്ന സൎവ്വശക്തനും നിത്യനുമായ ദൈവമേ, നീ മഹാ കരുണയോടെ, ഞങ്ങൾ തിരുസന്നിധിയിൽ അൎപ്പിക്കുന്ന [*ഞങ്ങളുടെ ധൎമ്മങ്ങളെയും വഴിപാടുകളെയും സ്വീകരിക്കേണമെന്നും] ഞങ്ങളുടെ ഈ പ്രാൎത്ഥനകളെ കൈക്കൊള്ളേണമെന്നും, സത്യത്തിന്റെയും ഒരുമയുടെയും ഐകമത്യത്തിന്റെയും ആത്മാവുകൊണ്ടു ലോകത്തിലെങ്ങുമുള്ള തിരുസഭയെ ഇടവിടാതെ ഉത്സാഹിപ്പിക്കേണമെന്നും ഞങ്ങൾ നിന്നോടു താഴ്മയായി അപേക്ഷിക്കുന്നു. നിന്റെ പരിശുദ്ധനാമത്തെ അനുസരിച്ചു പറയുന്ന എല്ലാവരും നിന്റെ വിശുദ്ധ വചനത്തിലെ സത്യത്തിൽ യോജിച്ചു, ഒരുമയോടും ദൈവഭക്തിക്കടുത്ത സ്നേഹത്തോടും വസിക്കേണ്ടതിന്നു കൃപ അരുളേണമേ. ക്രിസ്തുമതക്കാരായ സകല രാജാക്കന്മാരെയും, പ്രഭുക്കളെയും, രാജ്യാധികാരികളെയും ഇണ്ട്യയുടെ ചക്രവൎത്തിയും ഞങ്ങളുടെ രാജ്യാധിപതിയും നിന്റെ ദാസനുമായ ജ്യോർജ്ജു രാജാവിന്റെ കീഴിൽ ഞങ്ങൾ ദൈവഭക്തിയോടും സമാധാനത്തോടും ഭരിക്കപ്പെടേണ്ടതിന്നു പ്രത്യേകമായി അവനെയും കാത്തു രക്ഷിക്കേണമെന്നു ഞങ്ങൾ നി

* ധൎമ്മങ്ങളൊ വഴിപാടുകളോ ഇല്ലെന്നുവരികിൽ അപ്പോൾ [ഞങ്ങളുടെ ധൎമ്മങ്ങളെയും വഴിപാടുകളെയും സ്വീകരിക്കേണമെന്നും] എന്നുള്ള വാക്കുകളെ ചൊല്ലരുതു്.

ന്നോടു അപേക്ഷിക്കുന്നു. ദുഷ്ടതയുടെയും ദുൎമ്മാൎഗ്ഗത്തിന്റെയും ശിക്ഷെക്കും, സത്യമതത്തിന്റെയും സുകൃതത്തിന്റെയും പരിപാലനത്തിന്നും ആയി അവന്റെ ആലോചനസംഘം മുഴുവനും, അവന്റെ കീഴിൽ അധികാരമുള്ള എല്ലാവരും നേരായും പക്ഷപാതം കൂടാതെയും ന്യായത്തെ നടത്തിപ്പാനായിട്ടു അവൎക്കു കൃപ നല്കേണമേ. സ്വൎഗ്ഗസ്ഥപിതാവേ, സകല എപ്പിസ്കോപ്പാമാരും പട്ടക്കാരും തങ്ങളുടെ നടപ്പുകൊണ്ടും ഉപദേശംകൊണ്ടും നിന്റെ സത്യവും ജീവനുമുള്ള വചനത്തെ പ്രസിദ്ധിപ്പെടുത്തുവാനും, നിന്റെ വിശുദ്ധ സക്രമെന്തുകളെ ശരിയായും ക്രമമായും ആചരിപ്പാനും അവൎക്കു കൃപ നല്കേണമേ. നിന്റെ സകല ജനങ്ങളും, പ്രത്യേകം ഇവിടെ കൂടിയ ഈ സഭയും, സൌമ്യഹൃദയത്തോടും നല്ല ഭക്തിയോടും, നിന്റെ വിശുദ്ധവചനത്തെ കേട്ടു കൈക്കൊണ്ടു, അവരുടെ ആയുസ്സുള്ള നാൾ ഒക്കെയും വിശുദ്ധിയിലും നീതിയിലും നിന്നെ സത്യമായി ആരാധിപ്പാൻ അവൎക്കു നിന്റെ സ്വൎഗ്ഗീയ കൃപ നല്കേണമേ. കൎത്താവേ, സ്ഥിരമില്ലാത്ത ഈ ആയുസ്സിൽ ഉപദ്രവമോ, ദുഃഖമോ, ഞെരുക്കമോ, രോഗമോ, മറ്റു വല്ല അനൎത്ഥമോ ഉള്ള എല്ലാവരെയും നിന്റെ നന്മകൊണ്ടു ആശ്വസിപ്പിച്ചു സഹായിക്കേണമെന്നു ഞങ്ങൾ നിന്നോടു ഏറ്റവും വിനയമായി അപേക്ഷിക്കുന്നു. നിന്നിലുള്ള വിശ്വാസത്തോടും ഭയഭക്തിയോടും ഈ ആയുസ്സിനെ വിട്ടുപോയവരായ നിന്റെ എല്ലാ ഭൃത്യന്മാൎക്കായിട്ടും ഞങ്ങൾ നിന്റെ വിശുദ്ധനാമത്തെ സ്തുതിക്കയും ചെയ്യുന്നു; അവരോടുകൂടെ ഞങ്ങളും നിന്റെ സ്വൎഗ്ഗീയരാജ്യത്തിന്നു ഓഹരിക്കാരാകേണ്ടതിന്നു അവരുടെ നല്ല ദൃഷ്ടാന്തങ്ങളെ പിന്തുടരുവാൻ ഞങ്ങൾക്കു കൃപ തരേണമെന്നും നിന്നോടു അപേക്ഷിക്കുന്നു. പിതാവേ, ഞങ്ങളുടെ ഏക മദ്ധ്യസ്ഥനും കാൎയ്യസ്ഥനുമായ യേശുമശിഹാ നിമിത്തം ഇതിനെ നല്കേണമേ. ആമെൻ.

* ശുശ്രൂഷകൻ പ്രസംഗം കഴിഞ്ഞിട്ടു വിശുദ്ധസംസൎഗ്ഗത്തെക്കുറിച്ചു അറിവുകൊടുക്കുമ്പോൾ ഈ താഴെയുള്ള പ്രബോധനം വായിക്കേണം. അറിവു കൊടുക്കുന്നതു എല്ലായ്പോഴും വിശുദ്ധസംസൎഗ്ഗത്തിന്നു തലേ ഞായറാഴ്ച എങ്കിലും പെരുനാളിൽ എങ്കിലും വേണ്ടുന്നതാകുന്നു.

പ്രിയപ്പെട്ടവരേ, വരുന്ന——ആഴ്ച ദൈവസഹായംകൊണ്ടു ഞാൻ സന്മാൎഗ്ഗവും ദൈവഭക്തിയുമുള്ള മനസ്സോടിരിക്കുന്ന എല്ലാവൎക്കും മശിഹായു

ടെ ശരീരത്തിന്റെയും രക്തത്തിന്റെയും ആശ്വാസകരമായുള്ള സക്രമെ
ന്തു കഴിപ്പാൻ ഭാവിച്ചിരിക്കുന്നു. അതിനെ അവന്റെ പുണ്യകരമായ
ക്രൂശിനെയും കഷ്ടപ്പാടിനെയും കുറിച്ചുള്ള ഓൎമ്മെക്കായി കൈക്കൊള്ളേണ്ട
താകുന്നു; ഇവയാൽ മാത്രം നാം നമ്മുടെ പാപങ്ങളുടെ മോചനം ലഭി
ച്ചു സ്വൎഗ്ഗരാജ്യത്തിന്നു അവകാശികളായി തീരുന്നു. ആകയാൽ സൎവ്വശ
ക്തനായി നമ്മുടെ സ്വൎഗ്ഗസ്ഥപിതാവായ ദൈവം തന്റെ പുത്രനും ന
മ്മുടെ രക്ഷിതാവുമായ യേശുമശിഹായെ നമുക്കു പകരം മരിപ്പാൻ മാത്രമ
ല്ല, ആ വിശുദ്ധ സക്രമെന്തിൽ നമ്മുടെ ആത്മിക ഭക്ഷണവും ഉപജീവ
നവും ആകുവാനും കൂടെ തന്നിരിക്കകൊണ്ടു നാം അവന്നു മഹാ താണ്മ
യും മനഃപൂൎവ്വവുമായുള്ള സ്തോത്രം ചെയ്യുന്നതു നമ്മുടെ മുറയാകുന്നു.
അതിനെ യോഗ്യമായി കൈക്കൊള്ളുന്നവൎക്കു അതു മഹാദിവ്യവും ആശ്വാ
സകരവുമായുള്ളതും, അയോഗ്യമായി കൈക്കൊൾവാൻ തുനിയുന്നവൎക്കു
മഹാ ആപത്തായുള്ളതും ആകകൊണ്ടു, നിങ്ങൾ അതിനിടയിൽ ആ വി
ശുദ്ധ മൎമ്മത്തിന്റെ ശ്രേഷ്ഠതയെയും, ആയതിനെ അയോഗ്യമായി കൈ
ക്കൊള്ളുന്നതിനാലുള്ള മഹാ അപകടത്തെയും വിചാരിക്കേണമെന്നും,
നിങ്ങളുടെ സ്വന്ത മനസ്സാക്ഷികളെ തിരഞ്ഞു ശോധന ചെയ്യേണമെന്നും,
അതു അശ്രദ്ധയായിട്ടും, ദൈവത്തോടു കപടം കാണിക്കുന്നവരുടെ വിധ
ത്തിലും അല്ല, വിശുദ്ധ വേദപുസ്തകത്തിൽ ദൈവത്താൽ കല്പിക്കപ്പെട്ടിരി
ക്കുന്ന കല്യാണവസ്ത്രത്തെ ധരിച്ചു, നിങ്ങൾ ശുദ്ധതയോടും സ്വച്ഛതയോ
ടും ഈ സ്വൎഗ്ഗീയ വിരുന്നിന്നു വരുവാനും, ആ വിശുദ്ധ മേശെക്കു യോ
ഗ്യതയുള്ള ഓഹരിക്കാരായി കൈക്കൊള്ളപ്പെടുവാനും തക്കവണ്ണം ആയിരി
ക്കേണമെന്നു നിങ്ങൾക്കു ബുദ്ധിചൊല്ലുന്നതു എനിക്കുള്ള മുറയാകുന്നു.

അതിന്നുള്ള വഴിയും മുഖാന്തരവും ഇതു ആകുന്നു: ഒന്നാമതു, ദൈ
വത്തിന്റെ കല്പനകളുടെ പ്രമാണംകൊണ്ടു നിങ്ങളുടെ ജീവിതവും നട
പ്പും ശോധനചെയ്തു, നിങ്ങൾ മനസ്സുകൊണ്ടോ വാക്കുകൊണ്ടോ പ്രവൃത്തി
കൊണ്ടോ ഏതെങ്കിലും കുററം ചെയ്തിരിക്കുന്നു എന്നു കണ്ടാൽ, ആ കുററ
ത്തെക്കുറിച്ചു സങ്കടപ്പെട്ടു നിങ്ങളുടെ നടപ്പിനെ നന്നാക്കേണ്ടുന്നതിന്നു
നല്ലവണ്ണം നിശ്ചയിച്ചു, സൎവ്വശക്തനായ ദൈവത്തോടു ഏററുപറയേ
ണം. പിന്നെയും, നിങ്ങളുടെ കുററങ്ങൾ ദൈവത്തിന്നു വിരോധമായി
ട്ടു മാത്രമല്ല നിങ്ങളുടെ കൂട്ടുകാൎക്കു വിരോധമായിട്ടും കൂടെയുള്ളതെന്നു ക
ണ്ടാൽ, നിങ്ങൾ അവരോടു നിരപ്പായി നിങ്ങൾ ചെയ്ത ഉപദ്രവങ്ങൾക്കും
തെററുകൾക്കുമായിട്ടു നിങ്ങളാൽ കഴിയുന്നേടത്തോളം പരിഹാരം ചെയ്തു
തൃപ്തിപ്പെടുത്തുവാൻ ഒരുങ്ങിയിരിക്കേണം. നിങ്ങളുടെ കുററങ്ങളെ ദൈ
വം ക്ഷമിക്കേണമെന്നു നിങ്ങൾ ഇച്ഛിക്കുന്നതുപോലെ തന്നേ നിങ്ങളോ
ടു കുററം ചെയ്തവരോടു ക്ഷമിപ്പാനും ഒരുങ്ങിയിരിക്കേണം; അല്ലെങ്കിൽ
ഈ വിശുദ്ധസംസൎഗ്ഗത്തിൽ അനുഭവക്കാരാകുന്നതിനാൽ നിങ്ങളുടെ ശി
ക്ഷാവിധിയെ വൎദ്ധിപ്പിക്കുന്നതല്ലാതെ യാതൊരു പ്രയോജനവുമില്ല. അ

തുകൊണ്ടു നിങ്ങളിൽ ആരെങ്കിലും ദൈവദൂഷണക്കാരനോ, ദൈവത്തിന്റെ വചനത്തെ തടുക്കയോ നിന്ദിക്കയോ ചെയ്യുന്നവനോ, വ്യഭിചാരിയോ ആകുന്നു എങ്കിലും, ൟൎഷ്യയോ അസൂയയോ മററു വല്ല മഹാ കുററമോ ഉണ്ടു എങ്കിലും, നിങ്ങൾ ൟ വിശുദ്ധ സക്രമെന്തു കൈക്കൊണ്ടതിന്റെ ശേഷം, പിശാചു യൂദായിലേക്കു പ്രവേശിച്ചതുപോലെ നിങ്ങളിലേക്കു പ്രവേശിച്ചു, നിങ്ങളെ സകല അകൃത്യങ്ങൾ കൊണ്ടും നിറെച്ചു, ശരീരത്തെയും ആത്മാവിനെയും നശിപ്പിക്കാതിരിപ്പാനായിട്ടു നിങ്ങളുടെ പാപങ്ങളെ കുറിച്ചു മാനസാന്തരപ്പെടുവിൻ; അല്ലെങ്കിൽ വിശുദ്ധമേശയിങ്കലേക്കു വരാതിരിപ്പിൻ.

എന്നാൽ ദൈവത്തിന്റെ കരുണയിൽ പൂൎണ്ണ ആശ്രയത്തോടും ശാന്ത മനസ്സാക്ഷിയോടും കൂടെ അല്ലാതെ ൟ വിശുദ്ധസംസൎഗ്ഗത്തിന്നു ഒരുത്തരും വരാതെ ഇരിക്കുന്നതു ആവശ്യമാകകൊണ്ടു, ൟ വഴിയായി തന്റെ മനസ്സാക്ഷിയെ ശാന്തതപ്പെടുത്തുവാൻ കഴിയാതെ വിശേഷാൽ ആശ്വാസമോ ആലോചനയോ വേണമെന്നു നിങ്ങളിൽ യാതൊരുത്തന്നു എങ്കിലും തോന്നിയാൽ അവൻ ദൈവത്തിന്റെ വിശുദ്ധ വചനത്തിന്റെ ശുശ്രൂഷായും ആത്മീയ ആലോചനയും ഗുണദോഷവുംകൊണ്ടു പാപമോചനാനുഗ്രഹം ലഭിച്ചിട്ടു തന്റെ മനസ്സാക്ഷിയെ ശാന്തതപ്പെടുത്തി സകല ചഞ്ചലവും സംശയവും അകററെണ്ടതിന്നു എന്റെ അടുക്കലോ ദൈവവചനത്തിൽ വിവേകവും വിദ്യയുമുള്ള മററൊരു ശുശ്രൂഷകന്റെ അടുക്കലോ വന്നു തന്റെ ദുഃഖത്തെ അറിയിക്കട്ടെ.

* വിശുദ്ധസംസൎഗ്ഗത്തിന്നു വരുവാൻ ജനങ്ങൾക്കു ഉപേക്ഷയുണ്ടെന്നു കണ്ടാൽ മേലത്തേതിന്നു പകരം ൟ വരുന്ന പ്രബോധനം വായിക്കേണം.

പ്രിയപ്പെട്ടവരേ, വരുന്ന——ആഴ്ച ദൈവകൃപകൊണ്ടു ഞാൻ കൎത്താവിന്റെ അത്താഴം ആചരിപ്പാൻ ഭാവിച്ചിരിക്കുന്നു; അതിന്നു ഇപ്പോൾ ഇവിടെയുള്ള നിങ്ങളെ എല്ലാവരെയും ഞാൻ ദൈവത്തിന്റെ നാമത്തിൽ ക്ഷണിക്കുന്നു; ദൈവത്താൽ തന്നേ എത്രയും പ്രിയത്തോടെ ക്ഷണിക്കപ്പെട്ടവരാകകൊണ്ടു, നിങ്ങൾ അതിന്നു വരാതിരിക്കരുതു എന്നു കൎത്താവായ യേശുമശിഹാ നിമിത്തം ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു. ഒരു മനുഷ്യൻ ഒരു നല്ല വിരുന്നിന്നു വട്ടം കൂട്ടി, തന്റെ മേശയെ സകലവിധ പദാൎത്ഥംകൊണ്ടും അലങ്കരിച്ചു. വിരുന്നുകാർ വന്നു ഇരിക്കേണമെന്നല്ലാതെ ഒന്നും കുറവില്ലാതെ ഇരിക്കുമ്പോൾ, ക്ഷണിക്കപ്പെട്ടവർ വരുന്നതിന്നു യാതൊരു കാരണവും കൂടാതെ മഹാ നന്ദികേടായി വിസമ്മതിച്ചാൽ അതു എത്രയും മനോവ്യസനവും സ്നേഹഭംഗവുമായുള്ള കാൎയ്യമാകുന്നു എന്നു നിങ്ങൾക്കു അറിയാമല്ലോ. ഇപ്രകാരമുള്ള സംഗതിയിൽ നിങ്ങളിൽ ആൎക്കു ദണ്ഡം തോന്നാതെ ഇരിക്കും? തന്നോടു മഹാ അന്യായവും ദ്രോഹവും കാണിച്ചു എന്നു ആർ നിരൂപിക്കാതെ ഇരിക്കും! ആയതുകൊണ്ടു മ

ശിഹായിൽ ഏററവും പ്രിയപ്പെട്ടവരേ, നിങ്ങൾ ഈ വിശുദ്ധ അത്താഴത്തിൽ നിന്നു പിൻമാറി ദൈവത്തിന്റെ ക്രോധത്തെ നിങ്ങളുടെ മേൽ വരുത്താതിരിപ്പാൻ നല്ലവണ്ണം ജാഗ്രതപ്പെടുവിൻ. ഞാൻ ലൌകിക കാൎയ്യത്താൽ വിഘ്നപ്പെട്ടിരിക്കകൊണ്ടു കൎത്താവിന്റെ അത്താഴം കൈക്കൊള്ളുവാൻ കഴികയില്ലെന്നു ഒരുത്തൻ പറയുന്നതു എളുപ്പമാകുന്നു, എങ്കിലും ഇപ്രകാരമുള്ള ഒഴികഴിവുകൾ ദൈവത്തിന്റെ മുമ്പാകെ അത്ര എളുപ്പത്തിൽ സ്വീകരിച്ചു അനുവദിക്കപ്പെടുകയില്ല. ഞാൻ ഒരു മഹാ പാപിയാകകൊണ്ടു വരുവാൻ ഭയപ്പെടുന്നു എന്നു ഒരുത്തൻ പറഞ്ഞാൽ നിങ്ങൾ മാനസാന്തരപ്പെട്ടു, നന്നാകാത്തതു എന്തുകൊണ്ടു? ദൈവം നിങ്ങളെ ക്ഷണിക്കുമ്പോൾ വരികയില്ല എന്നു പറവാൻ നിങ്ങൾ ലജ്ജിക്കുന്നില്ലയോ? നിങ്ങൾ ദൈവത്തിങ്കലേക്കു തിരിയേണ്ടുന്ന സമയത്തു ഒരുങ്ങീട്ടില്ല എന്നു ഒഴികഴിവു പറയാമോ? ഇപ്രകാരമുള്ള വ്യാജ ഒഴികഴിവുകൾ ദൈവത്തിന്റെ മുമ്പാകെ എത്രത്തോളം ഫലിക്കും എന്നു നിങ്ങൾ തന്നേ താല്പൎയ്യമായി വിചാരിപ്പിൻ. നിലം വാങ്ങിയതുകൊണ്ടോ, കാളകളെ പരീക്ഷിപ്പാൻ ആഗ്രഹിച്ചതുകൊണ്ടോ, വിവാഹം ചെയ്തതുകൊണ്ടോ, സുവിശേഷവിരുന്നിന്നു വരുവാൻ മനസ്സില്ലാതെ ഇരുന്നവർ ക്ഷമിക്കപ്പെടാതെ, ആ സ്വൎഗ്ഗീയ വിരുന്നിന്നു യോഗ്യതയില്ലാത്തവരെന്നു വിചാരിക്കപ്പെട്ടുവല്ലോ. ഞാനോ ഒരുങ്ങിയിരിക്കും; എന്റെ സ്ഥാനം പ്രമാണിച്ചു ഞാൻ ദൈവത്തിന്റെ നാമത്തിൽ നിങ്ങളെ ക്ഷണിക്കുന്നു, മശിഹായുടെ പേൎക്കു ഞാൻ നിങ്ങളെ വിളിക്കുന്നു, നിങ്ങൾ നിങ്ങളുടെ സ്വന്ത രക്ഷയെ കുറിച്ചു താല്പൎയ്യപ്പെടുന്നു എങ്കിൽ നിങ്ങൾ ഈ വിശുദ്ധസംസൎഗ്ഗത്തിൽ ഓഹരിക്കാരാകേണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. ദൈവത്തിന്റെ പുത്രനു, നിങ്ങളുടെ രക്ഷെക്കുവേണ്ടി ക്രൂശിന്മേലുള്ള മരണത്താൽ തന്റെ ആത്മാവിനെ ഏല്പിപ്പാൻ കൃപ തോന്നിയപ്രകാരം തന്നേ, നിങ്ങളും അവൻ കല്പിച്ചതിൻവണ്ണം അവന്റെ മരണയാഗത്തെ ഓൎക്കുന്നതിന്നായിട്ടു വിശുദ്ധസംസൎഗ്ഗത്തിൽ ഓഹരിക്കാരാകുന്നതു നിങ്ങളുടെ മുറയാകുന്നു; അതു ചെയ്യാതിരുന്നാൽ നിങ്ങൾ മനഃപൂൎവ്വമായി കൎത്താവിന്റെ മേശയിങ്കൽനിന്നു ഒഴിഞ്ഞു, ആ സ്വൎഗ്ഗീയഭോജനമാകുന്ന വിരുന്നിന്നു വരുന്ന നിങ്ങളുടെ സഹോദരന്മാരിൽനിന്നു വേൎപിരിയുമ്പോൾ, നിങ്ങൾ ദൈവത്തിന്നു വിരോധമായി എത്ര വലിയ അന്യായം ചെയ്യുന്നു എന്നും, എത്ര കഠിന ശിക്ഷ ഇതു നിമിത്തം നിങ്ങളുടെ തലകൾക്കു മീതെ തൂങ്ങിയിരിക്കുന്നു എന്നും നിങ്ങൾ തന്നേ വിചാരിപ്പിൻ. ഈ കാൎയ്യങ്ങളെ നിങ്ങൾ ജാഗ്രതയോടെ വിചാരിച്ചാൽ ദൈവത്തിന്റെ കൃപയാൽ നിങ്ങൾക്കു സുബുദ്ധിയുണ്ടാകും; അതു നിങ്ങൾക്കു ലഭിക്കുന്നതിന്നായിട്ടു നമ്മുടെ സ്വൎഗ്ഗസ്ഥപിതാവായ സൎവ്വശക്തിയുള്ള ദൈവത്തോടു ഞങ്ങളുടെ വിനയമുള്ള അപേക്ഷകളെ കഴിപ്പാൻ ഞങ്ങൾ ഒരിക്കലും മുടക്കം ചെയ്കയില്ല.

¶ വിശുദ്ധ സംസർഗ്ഗം ആചരിക്കുന്ന സമയത്തു സക്രമെന്തു കൈക്കൊള്ളുവാൻ തക്കവണ്ണം ആളുകളെ ക്രമപ്പെടുത്തിയശേഷം പ്രെസ്ബിറ്ററർ ഒരു പ്രബോധനം വായിക്കേണം.

കൎത്താവിൽ പ്രിയപ്പെട്ടവരേ, നമ്മുടെ രക്ഷിതാവായ മശിഹായുടെ ശരീരവും രക്തവുമാകുന്ന വിശുദ്ധസംസർഗ്ഗത്തിന്നു വരുവാൻ മനസ്സായിരിക്കുന്ന നിങ്ങൾ, ആ അപ്പത്തിൽനിന്നു ഭക്ഷിപ്പാനും ആ പാത്രത്തിൽനിന്നു കുടിപ്പാനും തുനിയുന്നതിന്നു മുമ്പെ, ഓരോരുത്തൻ ജാഗ്രതയോടെ തങ്ങളെ തന്നേ പരീക്ഷിച്ചു ശോധന ചെയ്യേണമെന്നു വിശുദ്ധ പൌലൊസ് എങ്ങനെ ഉപദേശിക്കുന്നു എന്നു വിചാരിക്കേണം. എന്തെന്നാൽ നേരായി അനുതപിക്കുന്ന ഹൃദയത്തോടും ജീവനുള്ള വിശ്വാസത്തോടും നാം വിശുദ്ധ സക്രമെന്തു കൈക്കൊണ്ടാൽ പ്രയോജനം വലിയതാകുന്നു; (എന്തെന്നാൽ അപ്പോൾ നാം ആത്മീയമായി മശിഹായുടെ മാംസത്തെ ഭക്ഷിക്കയും അവന്റെ രക്തത്തെ കുടിക്കയും ചെയ്യുന്നു; അപ്പോൾ നാം മശിഹായിലും മശിഹാ നമ്മിലും വസിക്കുന്നു; നാം മശിഹായോടും മശിഹാ നമ്മോടുംകൂടെ ഒന്നാകുന്നു;) എന്നാൽ നാം അതിനെ അയോഗ്യമായി കൈക്കൊണ്ടാൽ അപ്രകാരംതന്നേ ആപത്തും വലിയതാകുന്നു. എന്തെന്നാൽ അപ്പോൾ നാം നമ്മുടെ രക്ഷിതാവായ മശിഹായുടെ ശരീരത്തിന്നും രക്തത്തിന്നും കുറ്റക്കാരാകുന്നു. നാം കൎത്താവിന്റെ ശരീരത്തെ വിവേചിക്കാതെ, നമ്മുടെ സ്വന്ത ശിക്ഷാവിധിയെ ഭക്ഷിക്കയും കുടിക്കയും ചെയ്യുന്നു. നാം നമ്മുടെ നേരെ ദൈവത്തിന്റെ കോപത്തെ ജ്വലിപ്പിക്കുന്നു; അവൻ നമ്മെ പലവിധ വ്യാധികൾകൊണ്ടും, ബഹുവിധ മരണങ്ങൾകൊണ്ടും ബാധിപ്പാനായിട്ടു നാം അവനെ കോപിപ്പിക്കുന്നു. അതുകൊണ്ടു സഹോദരന്മാരേ, നിങ്ങൾ കൎത്താവിനാൽ വിധിക്കപ്പെടാതെ ഇരിപ്പാൻ നിങ്ങൾ തന്നേ നിങ്ങളെ വിധിപ്പിൻ. നിങ്ങളുടെ കഴിഞ്ഞ പാപങ്ങളെ കുറിച്ചു നേരായി മാനസാന്തരപ്പെടുവിൻ; നമ്മുടെ രക്ഷിതാവായ മശിഹായിൽ ജീവനും സ്ഥിരതയുമുള്ള വിശ്വാസത്തോടിരിപ്പിൻ; നിങ്ങളുടെ നടപ്പുകളെ നന്നാക്കി, എല്ലാ ജനങ്ങളോടും നല്ല സ്നേഹമായിരിപ്പിൻ; എന്നാൽ നിങ്ങൾ ആ വിശുദ്ധ മൎമ്മങ്ങൾക്കു യോഗ്യതയുള്ള ഓഹരിക്കാർ ആയിതീരും. എല്ലാററിലും മേലായി, ദൈവവും മനുഷ്യനുമായി നമ്മുടെ രക്ഷിതാവായ മശിഹാ ഇരുളിലും മരണനിഴലിലും കിടന്ന അരിഷ്ട പാപികളായ നമ്മെ ദൈവമക്കളാക്കി നിത്യജീവനിലേക്കു ഉയൎത്തേണ്ടതിന്നു നമുക്കുവേണ്ടി ക്രൂശിന്മേലുള്ള മരണംവരെ തന്നെത്താൻ താഴ്ത്തി, തന്റെ മരണംകൊണ്ടും കഷ്ടാനുഭവംകൊണ്ടും ലോകത്തെ വീണ്ടെടുത്തതിനെപ്രതി, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തിന്നു നിങ്ങൾ മഹാ വിനയവും മനഃപൂൎവ്വവുമായുള്ള സ്തോത്രം ചെയ്യേണ്ടതാകുന്നു; ഇപ്രകാരം നമുക്കുവേണ്ടി മരിച്ച നാഥനും ഏകരക്ഷിതാവുമായ യേശുമശിഹായുടെ അത്യന്ത സ്നേഹത്തെയും, തന്റെ വിലയേറിയ രക്തച്ചൊരി

ച്ചിൽകൊണ്ടു അവൻ നമുക്കായി സമ്പാദിച്ച സംഖ്യയില്ലാത്ത ഉപകാരങ്ങളെയും നാം എല്ലായ്പോഴും ഓൎക്കത്തക്കവണ്ണം, തന്റെ സ്നേഹത്തിന്റെ പണയമായിട്ടും തന്റെ മരണത്തിന്റെ ഇടവിടാതുള്ള ഓൎമ്മക്കായിട്ടും അവൻ വിശുദ്ധ മൎമ്മങ്ങളെ നമുക്കു അന്തമില്ലാത്ത മഹാ ആശ്വാസത്തിന്നായിട്ടു നിശ്ചയിച്ചു കല്പിച്ചിരിക്കുന്നു. ആയതുകൊണ്ടു നാം ഏററവും ന്യായമായി ചെയ്യേണ്ടപ്രകാരം, പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ അവന്നു ഇടവിടാതുള്ള സ്തോത്രംചെയ്തു, അവന്റെ വിശുദ്ധ ഹിതത്തെയും ഇഷ്ടത്തെയും പൂൎണ്ണമായി അനുസരിച്ചു, നമ്മുടെ ആയുസ്സുള്ള നാളിൽ ഒക്കെയും സത്യമായുള്ള വിശുദ്ധിയിലും നീതിയിലും അവനെ ആരാധിപ്പാൻ താല്പൎയ്യപ്പെട്ടിരിക്കേണം. ആമെൻ.

¶ പിന്നെ വിശുദ്ധസംസൎഗ്ഗത്തിൽ ഓഹരിക്കാരാകുവാൻ വരുന്നവരോടു പ്രെസ്ബിററർ പറയേണ്ടതു,

നിങ്ങളുടെ പാപങ്ങളെ കുറിച്ചു നേരായും താല്പൎയ്യമായും മാനസാന്തരപ്പെട്ടു, നിങ്ങളുടെ കൂട്ടുകാരോടു പ്രിയവും സ്നേഹവുമായിരുന്നു, ദൈവത്തിന്റെ കല്പനകളെ അനുസരിച്ചുകൊണ്ടും, മേലാൽ അവന്റെ വിശുദ്ധ വഴികളിൽ കൂടെ നടന്നുകൊണ്ടും, പുതിയ ജീവിതമായി നടപ്പാൻ മനസ്സായിരിക്കുന്ന നിങ്ങൾ, വിശ്വാസത്തോടെ അടുത്തുവന്നു, നിങ്ങൾക്കു ആശ്വാസത്തിന്നായിട്ടു ഈ വിശുദ്ധ സക്രമെന്തു കൈക്കൊൾവിൻ. നിങ്ങൾ വിനയത്തോടെ മുട്ടുകുത്തി സൎവ്വശക്തനായ ദൈവത്തോടു താഴ്മയായി നിങ്ങളുടെ പാപങ്ങളെ ഏററുപറവിൻ.

¶ അതിന്റെ ശേഷം വിശുദ്ധസംസൎഗ്ഗത്തിൽ ഓഹരിക്കാരാകുവാൻ വിചാരിക്കുന്ന എല്ലാവരുടെയും നാമത്തിൽ ഈ പൊതുവിലുള്ള പാപസ്വീകാരം ശുശ്രൂഷകന്മാരിൽ ഒരുവൻ, അവനും ജനങ്ങൾ എല്ലാവരുംകൂടെ താഴ്മയോടെ മുട്ടുകുത്തിക്കൊണ്ടു, ചൊല്ലേണ്ടതു,

ഞങ്ങളുടെ കൎത്താവായ യേശുമശിഹായുടെ പിതാവായി, സകലത്തിന്റെയും സ്രഷ്ടാവും, സകല മനുഷ്യരുടെയും വിധികൎത്താവുമായ സൎവ്വശക്തിയുള്ള ദൈവമേ, നിന്റെ ദിവ്യമഹത്വത്തിന്നു വിരോധമായി, നിനവുകൊണ്ടും, വാക്കുകൊണ്ടും, ക്രിയകൊണ്ടും, ഞങ്ങൾ കൂടക്കൂടെ കൊടുതായി ചെയ്തു, നിനക്കു ഞങ്ങളോടു ഏററവും ന്യായമായി, ക്രോധവും അതികോപവും ഉണ്ടാകുമാറാക്കീട്ടുള്ള ഞങ്ങളുടെ പലവിധ പാപ

ങ്ങളെയും ദുഷ്ടതയെയും ഞങ്ങൾ ഏററുപറഞ്ഞു സങ്കടപ്പെടു ന്നു. ഞങ്ങൾ ചെയ്ത ഠരം കുററങ്ങളെ കുറിച്ചു താല്പൎയ്യമായി മാനസാന്തരപ്പെട്ടു മനഃപൂൎവ്വമായി ദുഃഖിക്കുന്നു; അവയുടെ ഓൎമ്മ ഞങ്ങൾക്കു മനോവ്യസനമുള്ളതാകുന്നു; അവയുടെ ഭാ രം വഹിച്ചുകൂടാത്തതാകുന്നു. മഹാ കരുണയുള്ള പിതാവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ, ഞങ്ങളോടു കരുണയുണ്ടാ കേണമേ. കഴിഞ്ഞതിനെ ഒക്കെയും നിന്റെ പുത്രനും ഞ ങ്ങളുടെ കൎത്താവുമായ യേശുമശിഹാ നിമിത്തം ക്ഷമിക്കേണ മേ; ഞങ്ങൾ ഇനിമേൽ എല്ലായ്പോഴും നിന്റെ നാമത്തി ന്റെ ബഹുമാനത്തിന്നും മഹത്വത്തിന്നുമായി, ജീവന്റെ പു തുക്കത്തിൽ നിന്നെ സേവിച്ചു പ്രസാദിപ്പിപ്പാൻ ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം കൃപ നല്കേണമേ. ആമെൻ.

• അതിന്റെ ശേഷം പ്രെസ്ബിററർ (എപ്പിസ്കോപ്പാ അവിടെ ഉണ്ടെങ്കിൽ എ പ്പിസ്കോപ്പാ) എഴുന്നേററു ജനങ്ങളുടെ നേരെ തിരിഞ്ഞു ഠരം പാപമോച നത്തെ അറിയിക്കേണം.

മനഃപൂൎവ്വമായുള്ള മാനസാന്തരത്തോടും സത്യവിശ്വാസത്തോ ടും തങ്കലേക്കു തിരിയുന്ന എല്ലാവൎക്കും പാപമോചനം നല്കുമെ ന്നു തന്റെ മഹാ കരുണകൊണ്ടു വാഗ്ദത്തം ചെയ്തിട്ടുള്ളവനാ യി, നമ്മുടെ സ്വൎഗ്ഗസ്ഥപിതാവായ സൎവ്വശക്തിയുള്ള ദൈവം, നമ്മുടെ കൎത്താവായ യേശുമശിഹാ മൂലം നിങ്ങളോടു കരുണ യുണ്ടായി, നിങ്ങളുടെ സകല പാപങ്ങളെയും ക്ഷമിച്ചു, അ വയിൽനിന്നു നിങ്ങളെ വിടുവിച്ചു, സകല നന്മയിലും ഉറപ്പി ച്ചു, ബലപ്പെടുത്തി, നിങ്ങളെ നിത്യജീവനിലേക്കു പ്രവേശി പ്പിക്കട്ടെ. ആമെൻ.

• അതിന്റെ ശേഷം പ്രെസ്ബിററർ ചൊല്ലേണ്ടതു,

തങ്കലേക്കു നേരായി തിരിയുന്ന എല്ലാവരോടും നമ്മുടെ രക്ഷി താവായ മശിഹാ എത്ര ആശ്വാസമുള്ള വചനങ്ങളെ പറ യുന്നു: കേൾപ്പിൻ.

അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. വിശു. മത്താ ൧൧. ൨൮.

തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. വിശു. യോഹ. ൩. ൧൬.

വിശുദ്ധ പൌലൊസ പറയുന്നതിനെയും കേൾപ്പിൻ.

ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നേ. ൧ തിമൊ. ൧. ൧൫.

വിശുദ്ധ യോഹന്നാൻ പറയുന്നതിനെയും കേൾപ്പിൻ.

ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാൎയ്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ടു. അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു. ൧ വിശു. യോഹ. ൨. ൧.

¶ ഇതിന്റെ ശേഷം പ്രെസ്ബിറ്റർ പിന്നെയും ചൊല്ലേണ്ടതു,

നിങ്ങളുടെ ഹൃദയങ്ങളെ ഉയൎത്തുവിൻ.

പ്രതിവാക്യം. ഞങ്ങൾ അവയെ കൎത്താവിങ്കലേക്കു ഉയൎത്തുന്നു.

പ്രെസ്ബിറ്റർ. നമ്മുടെ ദൈവമായ കൎത്താവിന്നു നാം സ്തോത്രം ചെയ്ക.

പ്രതിവാക്യം. അങ്ങനെ ചെയ്യുന്നതു യുക്തവും ന്യായവും ആകുന്നു.

¶ അതിന്റെ ശേഷം പ്രെസ്ബിറ്റർ കൎത്തൃമേശയിങ്കലേക്കു തിരിഞ്ഞു ചൊല്ലേണ്ടതു,

കൎത്താവേ, *പരിശുദ്ധ പിതാവേ, സൎവ്വശക്തനായ നിത്യദൈവമേ, ഞങ്ങൾ എല്ലാ കാലങ്ങളിലും എല്ലാ സ്ഥലങ്ങളിലും നിനക്കു സ്തോത്രം ചെയ്യുന്നതു ഏറ്റവും യുക്തവും ന്യായവും ഞങ്ങൾ ചെയ്യേണ്ടുന്ന മുറയും ആകുന്നു.

*പരിശുദ്ധ പിതാവേ എന്ന വാക്കുകൾ ത്രിത്വഞായറാഴ്ച വായിക്കാതെ വിടേണ്ടതാകുന്നു.

¶ കാലോചിത അവതാരിക, വിശേഷാൽ നിശ്ചയിക്കപ്പെട്ടിരുന്നാൽ, അതു കഴിഞ്ഞിട്ടു ; അല്ലാഞ്ഞാൽ ഉടനെ തന്നേ ചൊല്ലേണ്ടതു,

അതുകൊണ്ടു ദൈവദൂതന്മാരോടും, പ്രധാന ദൈവദൂതന്മാരോടും, സ്വർഗ്ഗത്തിലെ സകല സംഘത്തോടും കൂടെ ഞങ്ങൾ എപ്പോഴും നിന്നെ സ്തുതിച്ചും, സൈന്യങ്ങളുടെ ദൈവമായ കൎത്താവു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ; ആകാശവും ഭൂമിയും നിന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു ; മഹോന്നതനായ കൎത്താവേ, നിനക്കു മഹത്വം എന്നു ചൊല്ലിയും, നിന്റെ മഹത്വമുള്ള നാമത്തെ പുകഴ്ത്തി മഹത്വപ്പെടുത്തുന്നു. ആമെൻ.

## കാലോചിത അവതാരികകൾ

### ക്രിസ്തുമസ് നാൾക്കും, പിന്നത്തെ ഏഴു നാളുകൾക്കും.

എന്തെന്നാൽ ഇക്കാലത്തിൽ എന്നപോലെ ഞങ്ങൾക്കു വേണ്ടി ജനിപ്പാനായിട്ടു നീ നിന്റെ ഏക പുത്രനായ യേശുമശിഹായെ തന്നു ; അവൻ ഞങ്ങളെ സകല പാപത്തിൽനിന്നും വെടിപ്പാക്കുവാനായിട്ടു പരിശുദ്ധാത്മാവിന്റെ വ്യാപാരശക്തിയാൽ അവന്റെ മാതാവായ കന്യകമറിയയുടെ തത്വത്തിൽനിന്നു പാപത്തിന്റെ കറ കൂടാതെ സാക്ഷാൽ മനുഷ്യനായി തീൎന്നു. അതുകൊണ്ടു ദൈവദൂതന്മാരോടും, ഇത്യാദി.

### പെസഹാ ഞായറാഴ്ചെക്കും, പിന്നത്തെ ഏഴു നാളുകൾക്കും.

എന്നാൽ നിന്റെ പുത്രനും ഞങ്ങളുടെ കൎത്താവുമായ യേശുമശിഹായുടെ മഹത്വമുള്ള പുനരുത്ഥാനത്തിന്നായി ഞങ്ങൾ പ്രത്യേകം നിന്നെ സ്തുതിക്കേണ്ടതാകുന്നു ; അവ ഞങ്ങൾക്കുവേണ്ടി അൎപ്പിക്കപ്പെട്ടതായും, ലോകത്തിന്റെ പാപത്തെ നീക്കിക്കളഞ്ഞതായും ഉള്ള സാക്ഷാൽ പെസഹാകുഞ്ഞാടു ആകുന്നുവല്ലോ. അവൻ തന്റെ മരണംകൊണ്ടു മരണത്തെ നശിപ്പിച്ചു, പിന്നെയും ജീവിച്ചെഴുന്നേററതിനാൽ ഞങ്ങൾക്കു നിത്യജീവനെ വീണ്ടും തന്നിരിക്കുന്നു. അതുകൊണ്ടു ദൈവദൂതന്മാരോടും, ഇത്യാദി.

### സ്വൎഗ്ഗാരോഹണ നാൾക്കും, പിന്നത്തെ ഏഴു നാളുകൾക്കും.

നിന്റെ ഏററവും വാത്സല്യമുള്ള പുത്രനും ഞങ്ങളുടെ കൎത്താവുമായ യേശുമശിഹാ മൂലമായിട്ടു തന്നേ ; അവൻ തന്റെ അതിമഹത്വമുള്ള പുനരുത്ഥാനത്തിന്നു പിമ്പു, തന്റെ എല്ലാ അപ്പൊസ്തലന്മാൎക്കും സ്പഷ്ടമായി കാണപ്പെടുകയും അവൻ ഇരിക്കുന്നെടത്തേക്കു ഞങ്ങളും കയറി അവനോടു കൂടെ മഹത്വത്തിൽ വാഴേണ്ടതിന്നു, ഞങ്ങൾക്കുവേണ്ടി ഒരു സ്ഥലം ഒരു

ക്കുവാനായിട്ടു, അവർ കാണ്കെ, അവൻ സ്വൎഗ്ഗത്തിലേക്കു കയറുകയും ചെയ്തു. അതുകൊണ്ടു ദൈവദൂതന്മാരോടും, ഇത്യാദി.

### പെന്തെക്കോസ്തു നാൾക്കും, പിന്നത്തെ ആറു നാളുകൾക്കും.

ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലമായിട്ടു തന്നേ; അവന്റെ മഹാ സത്യമായുള്ള വാഗ്ദത്തപ്രകാരം, പരിശുദ്ധാത്മാവു ഈ കാലത്തിൽ എന്നപോലെ സ്വൎഗ്ഗത്തിൽനിന്നു പെട്ടെന്നു ഒരു മഹാ ശബ്ദത്തോടെ, കൊടിയ കാറ്റു എന്നപോലെ, അഗ്നിനാവുകളുടെ ഛായയിൽ ഇറങ്ങി; അപ്പൊസ്തലന്മാൎക്കു ഉപദേശിപ്പാനും അവരെ സകല സത്യത്തിലേക്കും നടത്തുവാനുമായി അവരുടെ മേൽ ഇരുന്നു, അവൎക്കു പലവിധ ഭാഷകളുടെ വരത്തെയും മഹാ എരിവോടെ സകല ജാതികൾക്കും സുവിശേഷത്തെ ഇടവിടാതെ പ്രസംഗിപ്പാനുള്ള ധൈൎയ്യത്തെയും കൊടുത്തു. അതിനാൽ ഞങ്ങൾ അന്ധകാരത്തിൽ നിന്നും തെറ്റിൽ നിന്നും തെളിവുള്ള പ്രകാശത്തിലേക്കും, നിന്നെയും നിന്റെ പുത്രനായ യേശുമശിഹായെയും കുറിച്ചുള്ള സത്യജ്ഞാനത്തിലേക്കും കൊണ്ടുവരപ്പെട്ടു. അതുകൊണ്ടു ദൈവദൂതന്മാരോടും, ഇത്യാദി.

### ത്രിത്വ പെരുനാൾക്കു മാത്രം.

നീ ഏക ദൈവം, ഏക കൎത്താവു; ഒരുവൻ മാത്രമല്ല, ഏക തത്വത്തിൽ മൂവർ ആകുന്നു. എന്തെന്നാൽ പിതാവിന്റെ മഹത്വത്തെ കുറിച്ചു ഞങ്ങൾ വിശ്വസിക്കുന്നതു തന്നേ പുത്രനെ കുറിച്ചും, പരിശുദ്ധാത്മാവിനെ കുറിച്ചും, യാതൊരു വ്യത്യാസമെങ്കിലും സമത്വഭേദമെങ്കിലും കൂടാതെ, ഞങ്ങൾ വിശ്വസിക്കുന്നു. അതുകൊണ്ടു ദൈവദൂതന്മാരോടും, ഇത്യാദി.

¶ ഈ അവതാരികകൾ ഓരോന്നു കഴിഞ്ഞാൽ ഉടൻ പാടുകയോ ചൊല്ലുകയോ ചെയ്യേണ്ടതു,

അതുകൊണ്ടു ദൈവദൂതന്മാരോടും, പ്രധാന ദൈവദൂതന്മാരോടും, സ്വൎഗ്ഗത്തിലെ സകല സംഘത്തോടും കൂടെ ഞങ്ങൾ എപ്പോഴും നിന്നെ സ്തുതിച്ചും, സൈന്യങ്ങളുടെ ദൈവമായ കൎത്താവു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; ആകാശവും ഭൂമിയും നിന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു; മഹോന്നതനായ കൎത്താവേ, നിനക്കു മഹത്വം എന്നു ചൊല്ലിയും, നിന്റെ മഹത്വമുള്ള നാമത്തെ പുകഴ്ത്തി മഹത്വപ്പെടുത്തുന്നു. ആമെൻ.

• അതിന്റെ ശേഷം പ്രെസ്ബിറ്റെർ കൎത്തൃമേശയിങ്കൽ മുട്ടുകുത്തി വിശുദ്ധ സംസൎഗ്ഗത്തിൽ അനുഭവക്കാരാകുവാനുള്ള എല്ലാവരുടെയും നാമത്തിൽ ൟ താഴെ വരുന്ന പ്രാൎത്ഥന ചൊല്ലേണം.

കരുണയുള്ള കൎത്താവേ, ഞങ്ങൾ നിന്റെ പലവിധമായുള്ള വലിയ കരുണകളിൽ അല്ലാതെ ഞങ്ങളുടെ സ്വന്ത നീതിയിൽ ആശ്രയിച്ചുകൊണ്ടു നിന്റെ ൟ മേശയിങ്കലേക്കു വരുവാൻ തുനിയുന്നില്ല. ഞങ്ങൾ നിന്റെ മേശെക്കു കീഴിലുള്ള അപ്പനുറുക്കുകളെ പോലും കൂട്ടുവാൻ യോഗ്യതയുള്ളവരല്ല. എന്നാൽ നീ എപ്പോഴും കരുണ ചെയ്യുന്ന ലക്ഷണമുള്ള കൎത്താവു തന്നേ ആകുന്നു. അതുകൊണ്ടു കൃപയുള്ള കൎത്താവേ, ഞങ്ങളുടെ പാപശരീരങ്ങൾ നിന്റെ ഇഷ്ടപുത്രനായ യേശുമശിഹായുടെ ശരീരത്താൽ ശുദ്ധീകരിക്കപ്പെടുവാനും, ഞങ്ങളുടെ ആത്മാക്കൾ അവന്റെ ഏററവും വിലയേറിയ രക്തത്താൽ കഴുകപ്പെടുവാനും, ഞങ്ങൾ അവനിലും അവൻ ഞങ്ങളിലും എപ്പോഴും വസിപ്പാനും തക്കവണ്ണം, ഞങ്ങൾ അവന്റെ മാംസത്തെ ഭക്ഷിക്കയും അവന്റെ രക്തത്തെ കുടിക്കയും ചെയ്യേണ്ടതിന്നു ഞങ്ങൾക്കു കൃപ തരേണമേ. ആമെൻ.

• പിന്നെ പ്രെസ്ബിറ്റെർ മേശെക്കു മുമ്പിൽ നിന്നുകൊണ്ടു ജനങ്ങളുടെ മുമ്പാകെ എളുപ്പത്തിലും ചേൎച്ചയിലും അപ്പം മുറിപ്പാനും പാനപാത്രം കയ്യിൽ എടുപ്പാനും തക്കവണ്ണം അപ്പത്തെയും വീഞ്ഞിനെയും ക്രമപ്പെടുത്തിയശേഷം, ശുദ്ധീകരണ പ്രാൎത്ഥന താഴെയുള്ള പ്രകാരം ചൊല്ലേണം.

നിന്റെ ആൎദ്രകരുണകൊണ്ടു നിന്റെ ഏകപുത്രനായ യേശുമശിഹായെ ഞങ്ങളുടെ വീണ്ടെടുപ്പിന്നായിട്ടു ക്രൂശിന്മേൽ മരണം അനുഭവിപ്പാൻ തന്നവനായി, ഞങ്ങളുടെ സ്വൎഗ്ഗസ്ഥപിതാവായ സൎവ്വശക്തിയുള്ള ദൈവമേ, അവൻ ക്രൂശിന്മേൽ (ഒരിക്കലായിട്ടു തന്നെത്തന്നേ ഏകവഴിപാടായി അൎപ്പിച്ചതിനാൽ) സൎവ്വലോകത്തിന്റെയും പാപങ്ങൾക്കായിട്ടു തികവായി, പൂൎണ്ണമായി, മതിയാകുന്ന യാഗവും വഴിപാടും പ്രതിശാന്തിയും തികെക്കയും, താൻ വീണ്ടും വരുവോളം തന്റെ ആ വിലയേറിയ മരണത്തെക്കുറിച്ചു ഇടവിടാതുള്ള ഓൎമ്മയെ നിയമിക്കയും, അതിനെ എപ്പോഴും ആചരിക്കേണമെന്നു തന്റെ വിശുദ്ധ സുവിശേഷത്തിൽ ഞങ്ങളോടു കല്പിക്കയും ചെയ്തുവല്ലോ. കരുണയുള്ള പിതാവേ, ഞങ്ങളെ ചെവിക്കൊള്ളേണമെന്നു ഞങ്ങൾ നിന്നോടു മഹാ താഴ്മയായി അപേക്ഷിക്കുന്നു. നിന്റെ

പുത്രനും ഞങ്ങളുടെ രക്ഷിതാവുമായ യേശുമശിഹായുടെ വിശുദ്ധ നിയമപ്രകാരം, അവന്റെ മരണത്തിന്റെയും കഷ്ടപ്പാടിന്റെയും ഓൎമ്മെക്കായിട്ടു നിന്റെ സൃഷ്ടികളായ ഈ അപ്പത്തെയും വീഞ്ഞിനെയും ഞങ്ങൾ കൈക്കൊണ്ടു, അവന്റെ ഏറ്റവും വാഴ്ത്തപ്പെട്ട ശരീരത്തിലും രക്തത്തിലും പങ്കുള്ളവരാകത്തക്കവണ്ണം കൃപ ചെയ്യേണമേ. അവൻ താൻ കാണിച്ചുകൊടുക്കപ്പെട്ട ആ രാത്രിയിൽ തന്നേ അപ്പം (*) എടുത്തു, സ്തോത്രം ചൊല്ലി, അതിനെ (‡) നുറുക്കി, തന്റെ ശിഷ്യന്മാൎക്കു കൊടുത്തു പറഞ്ഞു, വാങ്ങി ഭക്ഷിപ്പിൻ, (†) ഇതു നിങ്ങൾക്കുവേണ്ടി നല്കപ്പെടുന്ന എന്റെ ശരീരം ആകുന്നു; എന്റെ ഓൎമ്മെക്കായിട്ടു ഇതു ചെയ്വിൻ. അത്താഴം കഴിഞ്ഞതിന്റെ ശേഷം അപ്രകാരം തന്നെ അവൻ പാനപാത്രം (*) എടുത്തു, സ്തോത്രം ചൊല്ലി, അതിനെ അവൎക്കു കൊടുത്തു, പറഞ്ഞു, നിങ്ങൾ എല്ലാവരും ഇതിൽനിന്നു കുടിപ്പിൻ; എന്തെന്നാൽ (†) ഇതു നിങ്ങൾക്കുവേണ്ടിയും, പലൎക്കു വേണ്ടിയും പാപമോചനത്തിന്നായിട്ടു ചൊരിയപ്പെടുന്നതായി പുതിയനിയമത്തിന്നുള്ള എന്റെ രക്തം ആകുന്നു. ഇതിനെ നിങ്ങൾ കുടിക്കുമ്പോൾ ഒക്കെയും എന്റെ ഓൎമ്മെക്കായിട്ടു ചെയ്വിൻ. ആമെൻ.

(*) ഇവിടെ പ്രെസ്ബിറ്റർ താലം തന്റെ കൈകളിൽ എടുക്കണം.

(‡) ഇവിടെ അപ്പം മുറിക്കണം.

(†) ഇവിടെ തന്റെ കൈ അപ്പത്തിന്റെ ഒക്കെയും മേൽ വെക്കണം.

(*) ഇവിടെ അവൻ പാനപാത്രം കയ്യിൽ എടുക്കണം.

(†) ഇവിടെ ശുദ്ധീകരിക്കപ്പെടുവാൻ വീഞ്ഞു ഒഴിച്ചു വച്ചിരിക്കുന്ന ഓരോ പാത്രത്തിന്മേലും തന്റെ കൈ വെക്കണം.

¶ അതിന്റെ ശേഷം ശുശ്രൂഷകൻ, മുമ്പെ താൻ തന്നെ രണ്ടു വകയിൽനിന്നും കൈക്കൊണ്ടിട്ടു, പിന്നെ എപ്പിസ്കോപ്പാമാരോ പ്രെസ്ബിറ്റരന്മാരോ, ദിയാക്കോന്മാരോ (അവിടെ ഉണ്ടായിരുന്നാൽ) അവൎക്കും, അതിന്റെശേഷം ജനങ്ങൾക്കും, അവയെ ക്രമപ്രകാരം എല്ലാവരും താഴ്മയായി മുട്ടുകുത്തിയിരിക്കുമ്പോൾ അവരുടെ കൈകളിൽ കൊടുക്കണം. അവൻ അപ്പം ഓരോരുത്തന്നും കൊടുക്കുമ്പോൾ ചൊല്ലേണ്ടതു,

നിനക്കുവേണ്ടി നല്കപ്പെട്ട നമ്മുടെ കൎത്താവായ യേശുമശിഹായുടെ ശരീരം നിന്റെ ശരീരത്തെയും ആത്മാവിനെയും നിത്യജീവങ്കലേക്കു കാക്കട്ടെ. മശിഹാ നിനക്കുവേണ്ടി മരിച്ചു എന്നുള്ള ഓൎമ്മെക്കായിട്ടു, ഇതിനെ വാങ്ങി, ഭക്ഷിക്ക, നിന്റെ

ഹൃദയത്തിൽ വിശ്വാസത്താൽ സ്തോത്രത്തോടെ അവനെക്കൊണ്ടു ഉപജീവിക്കയും ചെയ്ക.

¶ ശുശ്രൂഷകൻ പാനപാത്രം ഓരോരുത്തനും കൊടുക്കുമ്പോൾ ചൊല്ലേണ്ടതു,

നിനക്കു വേണ്ടി ചൊരിയപ്പെട്ട നമ്മുടെ കൎത്താവായ യേശുമശിഹായുടെ രക്തം, നിന്റെ ശരീരത്തെയും ആത്മാവിനെയും നിത്യജീവങ്കലേക്കു കാക്കട്ടെ. മശിഹായുടെ രക്തം നിനക്കു വേണ്ടി ചൊരിയപ്പെട്ടു എന്നുള്ള ഓൎമ്മെക്കായിട്ടു, ഇതിനെ കുടിച്ചു, നന്ദിയോടെ ഇരിക്ക.

¶ എല്ലാവരും കൈക്കൊള്ളുന്നതിന്നു മുമ്പെ ശുദ്ധീകരിക്കപ്പെട്ട അപ്പമോ, വീഞ്ഞോ മുഴുവനും ചെലവായിപ്പോയാൽ പ്രെസ്ബിറ്ററർ അപ്പത്തെ വാഴ്ത്തുന്നതിന്നായിട്ടു **ഞങ്ങളുടെ രക്ഷിതാവായ മശിഹാ താൻ കാണിച്ചുകൊടുക്കപ്പെട്ട ആ രാത്രിയിൽ,** ഇത്യാദിയും പാനപാത്രത്തെ ശുദ്ധീകരിക്കേണ്ടതിന്നായിട്ടു **അത്താഴം കഴിഞ്ഞതിന്റെ ശേഷം അപ്രകാരം തന്നേ** ഇത്യാദിയും ചൊല്ലി മുൻ ക്രമപ്രകാരം പിന്നെയും ശുദ്ധീകരിച്ചുകൊള്ളേണം.

¶ എല്ലാവരും കൈക്കൊണ്ടതിന്റെ ശേഷം, ശുശ്രൂഷകൻ കൎത്തൃമേശയിങ്കൽ തിരികെ ചെന്നു ശുദ്ധീകരിക്കപ്പെട്ട അപ്പത്തിലും വീഞ്ഞിലും ശേഷിപ്പുള്ളതിനെ വണക്കത്തോടെ അതിന്മേൽ വെച്ചു, നേരിയ നിൎമ്മലശീലകൊണ്ടു മൂടേണം.

¶ അതിന്റെ ശേഷം പ്രെസ്ബിറ്ററർ കൎത്താവിന്റെ പ്രാൎത്ഥന ചൊല്ലേണം. ആയതു ജനങ്ങളും അവന്റെ പിന്നാലെ ചൊല്ലേണം.

സ്വൎഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെ പോലെ ഭൂമിയിലും ചെയ്യപ്പെടേണമേ. ഞങ്ങളുടെ ദിവസവുമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരേണമേ. ഞങ്ങളുടെ നേരെ കുറ്റം ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ കുറ്റങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിലേക്കു കടത്താതെ, ഞങ്ങളെ ദോഷത്തിൽനിന്നു രക്ഷിക്കേണമേ. രാജ്യവും ശക്തിയും, മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ ആകുന്നു. ആമെൻ.

¶ അതിന്റെ ശേഷം അവൻ താഴെ വരുന്നപ്രകാരം ചൊല്ലെണം.

സ്വൎഗ്ഗസ്ഥപിതാവാകുന്ന കൎത്താവെ, ഞങ്ങളുടെ സ്തുതിയും സ്തോത്രവുമാകുന്ന ൟ യാഗത്തെ കരുണയോടെ കൈക്കൊള്ളേണമെന്നു നിന്റെ വിനയമുള്ള ഭൃത്യന്മാരായ ഞങ്ങൾ നിന്റെ പിതൃദയയോടു മനഃപൂൎവ്വമായി അപേക്ഷിക്കുന്നു. നിന്റെ പുത്രനായ യേശുമശിഹായുടെ യോഗ്യതകളാലും മരണത്താലും അവന്റെ രക്തത്തിലുള്ള വിശ്വാസംകൊണ്ടും ഞങ്ങൾക്കും നിന്റെ സഭ മുഴുവനും പാപങ്ങളുടെ മോചനവും, അവന്റെ കഷ്ടാനുഭവംകൊണ്ടുള്ള മറ്റു സകല പ്രയോജനങ്ങളും ലഭിക്കേണ്ടതിന്നു കൃപ നല്കേണമെന്നു നിന്നോടു മഹാവിനയമായി യാചിക്കുന്നു. കൎത്താവെ, ഇവിടെ ഞങ്ങൾ ഞങ്ങളെ തന്നെ, ഞങ്ങളുടെ ആത്മാക്കളെയും ശരീരങ്ങളെയും, വിവേകവും, വിശുദ്ധിയും, ജീവനും ഉള്ള യാഗമായിട്ടു നിനക്കു സമൎപ്പിച്ചു ൟ വിശുദ്ധ സംസൎഗ്ഗത്തിൽ ഓഹരിക്കാരായ ഞങ്ങൾ എല്ലാവരും നിന്റെ കൃപകൊണ്ടും സ്വൎഗ്ഗീയ അനുഗ്രഹംകൊണ്ടും പൂൎണ്ണമായി നിറയപ്പെടേണമെന്നു നിന്നോടു വിനയമായി അപേക്ഷിക്കുന്നു. ഞങ്ങളുടെ പലവിധ പാപങ്ങൾ ഹേതുവായിട്ടു നിനക്കു യാതൊരു യാഗവും അൎപ്പിപ്പാൻ ഞങ്ങൾ യോഗ്യതയില്ലാത്തവരാകുന്നു എങ്കിലും ഞങ്ങളുടെ യോഗ്യതായോഗ്യതകളെ വിചാരിക്കാതെ ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങളുടെ കുറ്റങ്ങളെ ക്ഷമിച്ചു, ഞങ്ങൾ ചെയ്വാൻ കടമ്പെട്ടിരിക്കുന്ന ൟ മുറയെയും ശുശ്രൂഷയെയും കൈക്കൊള്ളേണമെന്നു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. അവൻ മൂലമായും, അവനോടുകൂടെയും, പരിശുദ്ധാത്മാവിന്റെ ഐക്യതയിൽ, സൎവ്വശക്തനായ പിതാവെ, നിനക്കു സകല ബഹുമാനവും മഹത്വവും കാലാവസാനം കൂടാതെ ഉണ്ടായിരിക്കട്ടെ. ആമെൻ.

അല്ലെങ്കിൽ ഇതു,

സൎവ്വശക്തനും നിത്യനുമായ ദൈവമെ, ൟ വിശുദ്ധ മൎമ്മങ്ങളെ ക്രമമായി കൈക്കൊണ്ടിരിക്കുന്ന ഞങ്ങളെ നിന്റെ പുത്രനും ഞങ്ങളുടെ രക്ഷിതാവുമായ യേശുമശിഹായുടെ മഹാ വിലയേറിയ ശരീരവും രക്തവുമാകുന്ന ആത്മീയ ആഹാരംകൊണ്ടു പോഷിപ്പിപ്പാൻ നിനക്കു ഇഷ്ടം തോന്നുകകൊണ്ടും, അതി

നാൽ ഞങ്ങളിലേക്കു നിനക്കുള്ള കൃപയെയും നന്മയെയും കുറിച്ചും, ഞങ്ങൾ സകല വിശ്വാസികളുടെയും അനുഗ്രഹിക്കപ്പെട്ട കൂട്ടമായ നിന്റെ പുത്രന്റെ ജ്ഞാനശരീരത്തിലേക്കു ചേൎക്കപ്പെട്ട സാക്ഷാൽ അവയവങ്ങൾ എന്നും നിന്റെ ഇഷ്ടപുത്രന്റെ മഹാ വിലയേറിയ മരണത്തിന്റെയും കഷ്ടപ്പാടിന്റെയും പുണ്യങ്ങൾ മൂലം ആശയാൽ നിന്റെ നിത്യരാജ്യത്തിന്നു അവകാശികൾ എന്നും നീ ഞങ്ങളെ നിശ്ചയപ്പെടുത്തുന്നതു കൊണ്ടും, ഞങ്ങൾ നിനക്കു എത്രയും മനഃപൂൎവ്വമായി സ്തോത്രം ചെയ്യുന്നു. സ്വൎഗ്ഗസ്ഥപിതാവേ, ആ വിശുദ്ധ കൂട്ടായ്മയിൽ ഞങ്ങൾ നിലനില്പാനായിട്ടും, ഞങ്ങൾ ചെയ്യേണ്ടതിന്നായി നീ ഒരുക്കിയിരിക്കുന്ന സകല സൽക്രിയകളെയും പ്രവൎത്തിപ്പാനായിട്ടും നിന്റെ കൃപകൊണ്ടു ഞങ്ങൾക്കു സഹായിക്കേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു മഹാ വിനയമായി അപേക്ഷിക്കുന്നു. അവന്നു നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ സകല ബഹുമാനവും മഹത്വവും കാലാവസാനം കൂടാതെ ഉണ്ടായിരിക്കട്ടെ.

ആമെൻ.

¶ പിന്നെ ചൊല്ലുകയോ പാടുകയോ വേണ്ടതു,

ഉന്നതത്തിൽ ദൈവത്തിന്നു മഹത്വവും, ഭൂമിയിൽ സമാധാനവും, മനുഷ്യരിൽ സംപ്രീതിയും ഉണ്ടാകട്ടെ. കൎത്താവായ ദൈവമേ, സ്വൎഗ്ഗീയ രാജാവേ, സൎവ്വശക്തിയുള്ള പിതാവായ ദൈവമേ, ഞങ്ങൾ നിന്നെ സ്തുതിക്കുന്നു, ഞങ്ങൾ നിന്നെ വാഴ്ത്തുന്നു, ഞങ്ങൾ നിന്നെ വന്ദിക്കുന്നു, ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു, നിന്റെ വലിയ മഹത്വത്തിന്നായി ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.

ഏകജാതനാം പുത്രനായ യേശുമശിഹായാകുന്ന കൎത്താവേ, കൎത്താവായ ദൈവമേ, പിതാവിന്റെ പുത്രാ, ലോകത്തിന്റെ പാപങ്ങളെ ചുമക്കുന്നവനായി, ദൈവത്തിന്റെ കുഞ്ഞാടായുള്ളോവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ. ലോകത്തിന്റെ പാപങ്ങളെ ചുമക്കുന്നവനേ, ഞങ്ങളോടു കരുണയുണ്ടാകേണമേ. ലോകത്തിന്റെ പാപങ്ങളെ ചുമക്കുന്നവനേ, ഞങ്ങളുടെ പ്രാൎത്ഥന കൈക്കൊള്ളേണമേ. പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നവനേ, ഞങ്ങളോടു കരുണ ഉണ്ടാകേണമേ.

നീ മാത്രമല്ലോ പരിശുദ്ധൻ; നീ മാത്രം കൎത്താവു; മശിഹായേ, നീ മാത്രം, പരിശുദ്ധാത്മാവിനോട്ടു കൂടെ, പിതാവായ ദൈവത്തിന്റെ മഹത്വത്തിൽ മഹോന്നതനാകുന്നു.

ആമെൻ.

¶ അതിന്റെ ശേഷം പ്രെസ്ബിററർ (എപ്പിസ്കോപ്പാ ഉണ്ടെങ്കിൽ എപ്പിസ്കോപ്പാ) ൟ ആശീൎവ്വാദം ചൊല്ലി ജനങ്ങളെ അയക്കെണം.

സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം, ദൈവത്തെയും അവന്റെ പുത്രനും നമ്മുടെ കൎത്താവുമായ യേശുമശിഹായെയും കുറിച്ചുള്ള അറിവിലും സ്നേഹത്തിലും നിങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും കാക്കട്ടെ: പിതാവും, പുത്രനും, പരിശുദ്ധാത്മാവുമായുള്ള സൎവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹവും നിങ്ങളുടെ ഇടയിൽ ഉണ്ടായി, എല്ലാപ്പോഴും നിങ്ങളോട്ടു കൂടെ ഇരിക്കട്ടെ. ആമെൻ.

¶ വിശുദ്ധസംസൎഗ്ഗമില്ലാത്ത നാളിൽ ധൎമ്മശേഖരവാക്യങ്ങൾ കഴിഞ്ഞ ശേഷം ൟ വരുന്ന അപേക്ഷകളിൽ ഒന്നോ രണ്ടോ ചൊല്ലേണ്ടതാകുന്നു. ഇവയും സമയോചിതമായി ശുശ്രൂഷകന്റെ ഹിതംപോലെ കാലത്തെ എങ്കിലും വൈകുന്നേരത്തെ എങ്കിലും പ്രാൎത്ഥനയിലുള്ള അപേക്ഷകളോ, വിശുദ്ധസംസൎഗ്ഗമോ, ലിത്താനിയോ കഴിഞ്ഞശേഷം ചൊല്ലുകയും ആം.

കൎത്താവേ, ൟ യാചനകളിലും പ്രാൎത്ഥനകളിലും ഞങ്ങൾക്കു കരുണയോടെ സഹായിച്ചു, ൟ മൎത്ത്യായുസ്സിലെ സകല മാററങ്ങളുടെയും സംഭവങ്ങളുടെയും ഇടയിൽ, നിന്റെ മഹാ കൃപയുള്ള തൽക്ഷണ സഹായത്താൽ നിന്റെ അടിയാർ എപ്പോഴും കാത്തുകൊള്ളപ്പെടുവാൻ തക്കവണ്ണം അവർ എന്നേക്കുമുള്ള രക്ഷയെ പ്രാപിക്കേണ്ടുന്നുള്ള വഴിയെ ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ക്രമപ്പെടുത്തേണമേ. ആമെൻ.

സൎവ്വശക്തനായ കൎത്താവേ, നിത്യദൈവമേ, നിന്റെ മഹാ ശക്തിയുള്ള സംരക്ഷണകൊണ്ടു ഞങ്ങൾ ഇവിടെയും എന്നേക്കും, ശരീരത്തിലും ആത്മാവിലും പാലിക്കപ്പെടേണ്ടതിന്നു, ഞങ്ങളുടെ ഹൃദയങ്ങളെയും ശരീരങ്ങളെയും നിന്റെ പ്രമാണങ്ങളുടെ വഴികളിലും, നിന്റെ കല്പനകൾക്കു ചേൎന്ന ക്രിയകളിലും നടത്തി ശുദ്ധീകരിച്ചു ഭരിപ്പാൻ ഇഷ്ടം തോന്നേണമെന്നു ഞങ്ങളുടെ കൎത്താവും രക്ഷിതാവുമായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോട്ടു അപേക്ഷിക്കുന്നു. ആമെൻ.

സൎവ്വശക്തനായ ദൈവമേ, പുറമേ ചെവികൊണ്ടു ഞങ്ങൾ ഇന്നു കേട്ട വചനങ്ങൾ നിന്റെ നാമത്തിന്റെ ബഹുമാനത്തിന്നും സ്തുതിക്കും നല്ല

നടപ്പാകുന്ന ഫലത്തെ ഞങ്ങളിൽ ഉണ്ടാക്കത്തക്കവണ്ണം, നിന്റെ കൃപയാൽ അകമെ ഞങ്ങളുടെ ഹൃദയങ്ങളിൽ പതിയുമാറാക്കേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

കൎത്താവേ, ഞങ്ങളുടെ സകല പ്രവൃത്തികളും ഞങ്ങൾ നിങ്കൽ ആരംഭിച്ചു നടത്തി അവസാനിപ്പിച്ചു ഞങ്ങൾ നിന്റെ പരിശുദ്ധ നാമത്തെ മഹത്വപ്പെടുത്തുവാനും ഒടുക്കം നിന്റെ കരുണകൊണ്ടു നിത്യജീവൻ ലഭിപ്പാനും തക്കവണ്ണം ഞങ്ങൾ ചെയ്യുന്നതിലൊക്കെയും നിന്റെ മഹാ അൻപുള്ള കൃപകൊണ്ടു ഞങ്ങളെ മുമ്പിടുകയും ഇടവിടാതെ ഞങ്ങൾക്കു സഹായിക്കയും ചെയ്യേണമെന്നു, ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

ഞങ്ങൾ ചോദിക്കുന്നതിന്നുമുമ്പെ ഞങ്ങളുടെ ആവശ്യങ്ങളെയും, ചോദിക്കുന്നതിൽ ഞങ്ങളുടെ അറിയായ്മയെയും അറിയുന്നവനായി, സകല ജ്ഞാനത്തിന്റെയും ഉറവയാകുന്ന സൎവ്വശക്തനായ ദൈവമേ, ഞങ്ങളുടെ ക്ഷീണതകളിൽ മനസ്സലിവുണ്ടാകേണമെന്നും, ഞങ്ങളുടെ അയോഗ്യത ഹേതുവായിട്ടു ഞങ്ങൾ ചോദിപ്പാൻ തുനിയാതെയും ഞങ്ങളുടെ അന്ധത ഹേതുവായിട്ടു ഞങ്ങൾക്കു ചോദിപ്പാൻ കഴിയാതെയുമുള്ള കാൎയ്യങ്ങളെ നിന്റെ പുത്രനും ഞങ്ങളുടെ കൎത്താവുമായ യേശുമശിഹായുടെ യോഗ്യതമൂലം ഞങ്ങൾക്കു തരുവാൻ ഇഷ്ടമുണ്ടാകേണമെന്നും ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

നിന്റെ പുത്രന്റെ നാമത്തിൽ ചോദിക്കുന്നവരുടെ യാചനകളെ കേൾക്കുമെന്നു വാഗ്ദത്തം ചെയ്തിരിക്കുന്ന സൎവ്വശക്തനായ ദൈവമേ, ഇപ്പോൾ നിന്നോടു പ്രാൎത്ഥിക്കയും യാചിക്കയും ചെയ്തിരിക്കുന്ന ഞങ്ങളെ കരുണയോടെ ചെവിക്കൊള്ളേണമെന്നും, നിന്റെ ഇഷ്ടപ്രകാരം ഞങ്ങൾ വിശ്വാസത്തോടെ ചോദിച്ചിട്ടുള്ള കാൎയ്യങ്ങൾ ഞങ്ങളുടെ ആവശ്യം തീരുന്നതിന്നായിട്ടും നിന്റെ മഹത്വത്തെ പ്രകാശിപ്പിക്കുന്നതിന്നായിട്ടും ഞങ്ങൾക്കു സഫലമായി ലഭിക്കേണ്ടുന്നതിന്നു കൃപ ചെയ്യേണമെന്നും, ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

¶ ഞായറാഴ്ചനാളുകളിലും പെരുനാളുകളിലും (വിശുദ്ധസംസൎഗ്ഗമില്ലെന്നു വരികിൽ) വിശുദ്ധസംസൎഗ്ഗത്തിന്നു നിയമിച്ചിട്ടുള്ളതൊക്കെയും **ഇവിടെ ഭൂമിയിൽ പോരാടുന്ന ക്രിസ്തുസഭയുടെ സൎവ്വസ്ഥിതിക്കാ വേണ്ടി**യ പൊതുവിലുള്ള പ്രാൎത്ഥനയുടെ അവസാനംവരെക്കും ചൊല്ലി, ഒടുവിൽ ചേൎത്തിട്ടുള്ള അപേക്ഷകളിൽ ഒന്നോ അധികമോ കൂടെ വായിച്ചു, ആശീൎവ്വാദംകൊണ്ടു അവസാനിപ്പിക്കണം.

¶ പ്രെസ്ബിറ്റർ തന്നോടുകൂടെ കൈക്കൊൾവാൻ തന്റെ ഹിതപ്രകാരമുള്ള ആളെണ്ണം ഇല്ലെന്നു കണ്ടാൽ കൎത്താവിന്റെ അത്താഴം ആചരിച്ചുകൂടാ.

¶ വിശുദ്ധസംസൎഗ്ഗം കൈക്കൊൾവാൻ വിവേകമുള്ളവരായിട്ടു ഇടവകയിൽ ഇരുപതിൽ അധികം ആളുകൾ ഇല്ലാതിരുന്നാലും, നാലുപേരോ, ചുരുങ്ങീട്ടു മൂവരോ, പ്രെസ്ബിറ്ററോടുകൂടെ കൈക്കൊൾവാൻ ഇല്ലാതിരുന്നാലും വിശുദ്ധസംസൎഗ്ഗം ആചരിക്കരുതു.

¶ ഭദ്രാസനപ്പള്ളികളിലും വൈദികാശ്രമപ്പള്ളികളിലും പാഠശാലകളിലും വളരെ പ്രെസ്ബിറ്ററന്മാരും ദിയാക്കോന്മാരും ഉള്ളതുകൊണ്ടു അവർ എല്ലാവരും ന്യായമായ കാരണം ഇല്ലാതിരുന്നാൽ ഞായറാഴ്ചതോറും എങ്കിലും പ്രെസ്ബിറ്ററോടുകൂടെ വിശുദ്ധസംസൎഗ്ഗം കൈക്കൊള്ളെണം.

¶ അപ്പത്തെയും വീഞ്ഞിനെയും കുറിച്ചു വല്ലവനും ഇപ്പോഴോ മേലാലോ ഭിന്നതെക്കും മൂഢഭക്തിക്കും യാതൊരു കാരണവും ഉണ്ടാകാതെ ഇരിപ്പാനായിട്ടു, നടപ്പായി ഭക്ഷിച്ചുവരുന്ന അപ്പം മതി; എന്നാൽ കഴിയുന്നിടത്തോളം നല്ലതും നിൎമ്മലവുമായ കോതമ്പപ്പം ആയിരിക്കെണം.

¶ അപ്പത്തിലോ വീഞ്ഞിലോ വല്ലതും ശുദ്ധീകരിക്കപ്പെടാതെ ശേഷിക്കുന്നു എങ്കിൽ അതിനെ പട്ടക്കാരൻ തന്റെ സ്വന്ത ചെലവിന്നു എടുത്തുകൊള്ളാം; എന്നാൽ ശുദ്ധീകരിക്കപ്പെട്ടതിൽ വല്ലതും ശേഷിക്കുന്നു എങ്കിൽ അതു പള്ളിയിൽനിന്നു കൊണ്ടുപോകാതെ, പ്രെസ്ബിറ്ററും, കൈക്കൊണ്ടവരിൽ അവൻ തന്റെ അടുക്കലേക്കു വിളിക്കുന്നവരും ആശിൎവ്വാദം കഴിഞ്ഞ ഉടനെ ആയതിനെ വണക്കത്തോടു ഭക്ഷിക്കയും കുടിക്കയും വേണം.

¶ പട്ടക്കാരനും കൈക്കാരന്മാരും വിശുദ്ധസംസൎഗ്ഗത്തിന്നു വേണ്ടുന്ന അപ്പവും വീഞ്ഞും ഇടവകച്ചിലവിന്മേൽ സമ്പാദിച്ചുകൊള്ളെണം.

¶ വിശേഷാൽ ജ്ഞാപകം—ഓരോ ഇടവകക്കാരൻ സംവത്സരത്തിൽ മൂന്നു പ്രാവശ്യം എങ്കിലും കൎത്താവിന്റെ അത്താഴം കൈക്കൊള്ളെണം; അതിൽ ഒന്നു പെസഹാനാളായിരിക്കണം. വിശേഷിച്ചു ആണ്ടുതോറും പെസഹാസമയത്തു ഇടവകപ്പട്ടക്കാരൻ, വികാരി, മുതലായ പട്ടക്കാരുമായിട്ടോ, അവരുടെ കാൎയ്യസ്ഥന്മാരുമായിട്ടോ ഇടവകക്കാരിൽ ഓരോരുത്തൻ കണക്കു തീൎത്തു അപ്പോൾ മൎയ്യാദപ്രകാരം പള്ളിസംബന്ധമായി കൊടുപ്പാനുള്ള ഇറവരികളെ ഒക്കെയും കൊടുക്കെണം.

¶ ദൈവശുശ്രൂഷ അവസാനിച്ചശേഷം, വഴിപാടായി കൊടുക്കപ്പെട്ട പണം ശുശ്രൂഷകനും കൈക്കാരന്മാരും, യുക്തമായി തോന്നുന്നപ്രകാരം, ഭക്തിക്കടുത്തതും ധൎമ്മസംബന്ധവുമായ കാൎയ്യങ്ങൾക്കു ചിലവിടെണം; അതിന്നു അവർ തമ്മിൽ യോജിക്കുന്നില്ല എങ്കിൽ മേലധികാരി കല്പിക്കുന്നപ്രകാരം ചിലവിടെണം.

¶ „കൎത്താവിന്റെ അത്താഴത്തിന്നുള്ള ക്രമം ആചാരക്രമത്തിൽ ജനങ്ങൾ കൈ
„ക്കൊള്ളേണ്ടതു മുട്ടുകുത്തിക്കൊണ്ടു വേണം എന്നു വിധിച്ചിരിക്കുന്നതു അങ്ങനെ
„യല്ലാഞ്ഞാൽ വിശുദ്ധസംസൎഗ്ഗത്തിൽ ഭക്തികേടും ക്രമമില്ലായ്മയും ഉണ്ടാകുവാ-

‘‘നിടയുള്ളതിനെ ഒഴിപ്പാനായിട്ടും യോഗ്യതയോടെ കൈക്കൊള്ളുന്ന എല്ലാ
‘‘വൎക്കും ഇതിൽ നല്കപ്പെടുന്ന മശിഹായിൽനിന്നുള്ള ഉപകാരങ്ങളെ നാം താ
‘‘ഴ്മയോടും നന്ദിയോടും അറിയിക്കുന്ന അടയാളത്തിന്നായിട്ടും ആകുന്നു. എ
‘‘ങ്കിലും ഇങ്ങനെ മുട്ടുകുത്തുന്നതിനെ കുറിച്ചു വല്ലവരും അറിയായ്മയും ബല
‘‘ഹീനതയുംകൊണ്ടോ ഈൎഷ്യയും ദുശ്ശാഠ്യവുംകൊണ്ടോ, ദുരൎത്ഥമെടുത്തു വ
‘‘ഷളാകാതെയിരിപ്പാനായിട്ടു ഇതിനാൽ അറിയിക്കുന്നതു എന്തെന്നാൽ:—സ
‘‘ക്രമെന്തിൽ കൈക്കൊള്ളപ്പെടുന്ന അപ്പത്തിന്നെങ്കിലും വീഞ്ഞിന്നെങ്കിലും മശി
‘‘ഹായുടെ സ്വാഭാവിക മാംസരക്തങ്ങളുടെ വല്ല സ്വാത്രുവപ്രത്യക്ഷതെക്കെ
‘‘ങ്കിലും, അതിനാൽ ഒരു വന്ദനയും ചെയ്യേണ്ടതു എന്നു ഭാവിച്ചിട്ടില്ല, ചെ
‘‘യ്വാൻ ന്യായമുള്ളതുമല്ല. എന്തെന്നാൽ സക്രമെന്തിലെ അപ്പവും വീഞ്ഞും പി
‘‘ന്നെയും ആ വസ്തുക്കളായിട്ടു തന്നേ ഇരിക്കുന്നതേയുള്ളു. അതുകൊണ്ടു അവ
‘‘യെ വന്ദിച്ചുകൂടാ (എന്തെന്നാൽ അങ്ങനെ ചെയ്യുന്നതു സകല സത്യക്രിസ്ത്യാ
‘‘നികളും വെറുക്കേണ്ടതായ വിഗ്രഹാരാധനയാകുന്നു) അത്രയുമല്ല, നമ്മുടെ
‘‘രക്ഷിതാവായ മശിഹായുടെ സ്വാഭാവിക ശരീരവും രക്തവും സ്വൎഗ്ഗത്തിൽ
‘‘ആകുന്നു, ഇവിടെ അല്ല. ഒരു സമയത്തു ഒരിടത്തല്ലാതെ പലെടത്തിരിക്കു
‘‘എന്നുള്ളതു മശിഹായുടെ സ്വാഭാവിക ശരീരത്തിന്റെ സത്യതെക്കു വിരോ
‘‘ധമല്ലോ.

# THE MINISTRATION OF
# PUBLICK BAPTISM OF INFANTS,
## TO BE USED IN THE CHURCH.

---

# ശിശുക്കൾക്കുള്ള
# പരസ്യബപ്തീസ്മയുടെ
## ആചാരക്രമം

---

## പള്ളിയിൽ ഉപയോഗിപ്പാനുള്ളതു.

¶ ഞായറാഴ്ചകളിലും മറ്റ പെരുനാളുകളിലും ഏറെ ജനങ്ങൾ ഒരുമിച്ചു കൂടി വരുന്നതാകയാൽ അപ്പോഴല്ലാതെ ബപ്തീസ്മ കഴിക്കാതിരിക്ക തന്നെ ഏറ്റവും യോഗ്യമെന്ന ജനങ്ങളെ ഓൎമ്മപ്പെടുത്തേണ്ടതാകുന്നു. അവിടെ കൂടിവന്നിട്ടുള്ള യോഗം പുതുതായി ബപ്തീസ്മ കഴിയുന്നവരെ മശിഹായുടെ സഭയിലേക്ക കൈക്കൊള്ളുന്നതിന്ന സാക്ഷിയായിരിക്കേണ്ടതിന്നും, കൂടെയുള്ള എല്ലാവൎക്കും ശിശുക്കളുടെ ബപ്തീസ്മകൊണ്ട അവനവന്റെ ബപ്തീസ്മയിൽ ദൈവത്തോട ചെയ്യപ്പെട്ട പ്രതിജ്ഞയുടെ ഓൎമ്മ ഉണ്ടാകേണ്ടതിന്നും ആകുന്നു. ഇതു നിമിത്തം സ്വഭാഷയിൽ ബപ്തീസ്മ ആചരിക്കുന്നതു യോഗ്യമാകുന്നു. എങ്കിലും (ആവശ്യപ്പെട്ടാൽ) മറ്റ ഏതു നാളിലും പൈതങ്ങൾക്ക ബപ്തീസ്മ കഴിക്കയും ആം.

¶ ജ്ഞാപകം—ബപ്തീസ്മ കഴിവാനുള്ള ഓരോ ആൺപൈതലിന്ന രണ്ടു ജ്ഞാനപിതാക്കന്മാരും ഒരു ജ്ഞാനമാതാവും; ഓരോ പെൺപൈതലിന്ന ഒരു ജ്ഞാനപിതാവും രണ്ടു ജ്ഞാനമാതാക്കന്മാരും ഉണ്ടായിരിക്കെണം.

¶ ശിശുക്കളെ ബപ്തീസ്മ കഴിപ്പാനുള്ളപ്പോൾ അതിനെക്കുറിച്ച മാതാപിതാക്കന്മാർ തലേനാൾ എങ്കിലും, കാലത്തെ പ്രാൎത്ഥന ആരംഭിക്കുന്നതിന്ന മുമ്പു രാവിലെയെങ്കിലും, പട്ടക്കാരന്ന അറിവു കൊടുക്കെണം. പിന്നെ പട്ടക്കാരൻ നിശ്ചയിക്കുന്നതുപോലെ കാലത്തെ പ്രാൎത്ഥനയിൽ രണ്ടാം പാഠം കഴിഞ്ഞ ഉടനെ എങ്കിലും, വൈകുന്നേരത്തെ പ്രാൎത്ഥനയിൽ രണ്ടാം പാഠം കഴിഞ്ഞ ഉടനെ എങ്കിലും, ജ്ഞാനപിതാക്കന്മാരും ജ്ഞാനമാതാക്കന്മാരും കുഞ്ഞുങ്ങളോടുകൂടെയുള്ള ജനങ്ങളും ബപ്തീസ്മത്തൊട്ടിയിങ്കൽ ഒരുങ്ങി നില്ക്കണം. അപ്പോൾ നല്ല വെള്ളംകൊണ്ടു നിറച്ച തൊട്ടിയിങ്കൽ പ്രെസ്ബിറ്റർ വന്ന നിന്നുകൊണ്ടു ചൊല്ലേണ്ടതു,

**ഈ പൈതലിന്ന** മുമ്പെ ബപ്തീസ്മ കഴിഞ്ഞിട്ടുണ്ടോ, ഇല്ലയോ?

¶ **ഇല്ല** എന്ന അവർ ഉത്തരം പറഞ്ഞാൽ, അപ്പോൾ പ്രെസ്ബിറ്റർ ഈ താഴെ വരുന്നപ്രകാരം ചൊല്ലെണം.

പ്രിയപ്പെട്ടവരേ, എല്ലാ മനുഷ്യരും പാപത്തിൽ ഉല്പാദിച്ചു ജനിച്ചിരിക്കകൊണ്ടും, വെള്ളത്താലും പരിശുദ്ധാത്മാവിനാലും പുതുതായി ജനിക്കാതെ ആൎക്കും ദൈവരാജ്യത്തിലേക്കു കടപ്പാൻ കഴികയില്ല എന്നു നമ്മുടെ രക്ഷിതാവായ മശിഹാ പറഞ്ഞിരിക്കകൊണ്ടും ഈ [പൈതലിന്നു] പ്രകൃതിയാൽ ഉണ്ടാകുവാൻ കഴിയാത്തതിനെ പിതാവായ ദൈവം തന്റെ ധാരാളമായുള്ള കൃപകൊണ്ടു കൊടുക്കേണമെന്നും, ഇപ്രകാരം [ഇവൻ] വെള്ളത്താലും പരിശുദ്ധാത്മാവിനാലും ബപ്തിസ്മ കഴിഞ്ഞു, മശിഹായുടെ തിരുസഭയിലേക്കു കൈക്കൊള്ളപ്പെട്ടു, അതിന്റെ ജീവനുള്ള [അവയവം] ആയിതീരേണമെന്നും, നമ്മുടെ കൎത്താവായ യേശുമശിഹാമൂലം നിങ്ങൾ ദൈവത്തോടു അപേക്ഷിക്കേണമെന്നു ഞാൻ നിങ്ങളോടു യാചിക്കുന്നു.

അതിന്റെ ശേഷം പ്രെസ്ബിററർ ചൊല്ലേണ്ടതു,

നാം പ്രാൎത്ഥിക്ക.

നോഹയും അവന്റെ കുടുംബവും വെള്ളത്താൽ നശിക്കാതെ നിന്റെ മഹാ കരുണകൊണ്ടു അവരെ പെട്ടകത്തിൽ രക്ഷിക്കയും, നിന്റെ വിശുദ്ധ ബപ്തിസ്മെക്കു സാദൃശ്യമായി, നിന്റെ ജനങ്ങളായ യിസ്രായേൽമക്കളെ ചെങ്കടലിൽകൂടി ക്ഷേമത്തോടെ നടത്തുകയും, യോൎദ്ദാൻനദിയിൽ വെച്ചു നിന്റെ മഹാ പ്രിയപുത്രനായ യേശുമശിഹായുടെ ബപ്തിസ്മയാൽ പാപത്തെ ജ്ഞാനാൎത്ഥമായി കഴുകിക്കളയുന്നതിന്നു വെള്ളം ശുദ്ധീകരിക്കയും ചെയ്തവനായി സൎവ്വശക്തനും നിത്യനുമായ ദൈവമേ, ഈ [പൈതൽ] നിന്റെ കോപത്തിൽനിന്നു രക്ഷിക്കപ്പെട്ടു മശിഹായുടെ സഭയാകുന്ന പെട്ടകത്തിലേക്കു കൈക്കൊള്ളപ്പെടേണ്ടതിന്നും, വിശ്വാസത്തിൽ [ഉറപ്പുള്ളവനായും] ആശകൊണ്ടു [സന്തോഷമുള്ളവനായും] സ്നേഹത്തിൽ [വേരൂന്നിയവനായും] ഈ കഷ്ടലോകത്തിലെ തിരകളെ കടന്നിട്ടു [ഇവൻ] ഒടുക്കം നിത്യജീവന്റെ കരെക്കു എത്തി, അവിടെ നിന്നോടുകൂടെ കാലാവസാനം കൂടാതെ വാഴേണ്ടതിന്നും നിന്റെ അന്തമില്ലാത്ത കരുണകൾകൊണ്ടു [ഇവനെ] കടാക്ഷിച്ചു, പരിശുദ്ധാത്മാവിനെകൊണ്ടു [ഇവനെ] കഴുകി ശുദ്ധീകരിക്കേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

മുട്ടുള്ള എല്ലാവൎക്കും തുണയും, സംരക്ഷണത്തിന്നായിട്ടു നിങ്കലേക്കു ഓടിവരുന്ന എല്ലാവൎക്കും സഹായിയും, വിശ്വസിക്കുന്നവരുടെ ജീവനും, മരിച്ചവരുടെ പുനരുത്ഥാനവും ആകുന്ന സൎവ്വശക്തനും അമൎത്ത്യനുമായ ദൈവമേ, നിന്റെ വിശുദ്ധ ബപ്തിസ്മെക്കു വരുന്ന ഈ [ശിശുവിന്നു] ആത്മികമായ പുനൎജ്ജനനത്താൽ [ഇവന്റെ] പാപങ്ങളുടെ മോചനം ലഭിപ്പാനായിട്ടു [ഇവന്നു] വേണ്ടി ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ, എന്നാൽ നി

ങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും എന്നു നീ നിന്റെ പ്രിയ പുത്രനെക്കൊണ്ടു വാഗ്ദത്തം ചെയ്യിച്ചപ്രകാരം കർത്താവേ, [ഇവനെ] കൈക്കൊള്ളേണമേ. അപ്രകാരം തന്നേ ഈ [ശിശു] നിന്റെ സ്വർഗ്ഗീയ സ്നാനമാകുന്ന നിത്യ ആശിർവ്വാദം അനുഭവിക്കേണ്ടതിന്നും, ഞങ്ങളുടെ കർത്താവായ യേശുമശിഹായെക്കൊണ്ടു നീ വാഗ്ദത്തം ചെയ്യിച്ചിട്ടുള്ള നിത്യരാജ്യത്തിലേക്കു പ്രവേശിക്കേണ്ടതിന്നും ഇപ്പോൾ യാചിക്കുന്ന ഞങ്ങൾക്കു തരികയും, അന്വേഷിക്കുന്ന ഞങ്ങൾ കണ്ടെത്തുകയും, മുട്ടുന്ന ഞങ്ങൾക്കു വാതിൽ തുറക്കയും ചെയ്യേണമേ. ആമെൻ.

¶ അപ്പോൾ ജനങ്ങൾ എഴുന്നേറ്റു നിന്നിട്ടു പ്രെസ്ബിറ്റർ ചൊല്ലേണ്ടതു:

വിശുദ്ധ മർക്കൊസ് എഴുതിയ സുവിശേഷത്തിൽ, പത്താം അദ്ധ്യായത്തിൽ പതിമ്മൂന്നാം വാക്യം തുടങ്ങിയുള്ള വാക്കുകളെ കേൾപ്പിൻ:

ക്രിസ്തു തൊടേണ്ടതിന്നു ചിലർ ശിശുക്കളെ അവന്റെ അടുക്കൽ കൊണ്ടുവന്നു: ശിഷ്യന്മാരോ അവരെ ശാസിച്ചു. യേശു അതു കണ്ടാറെ മുഷിഞ്ഞു അവരോടു: ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടുക്കരുതു; ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ. ദൈവരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളാത്തവൻ ആരും ഒരുനാളും അതിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. പിന്നെ അവൻ അവരെ അണെച്ചു അവരുടെമേൽ കൈവെച്ചു അവരെ അനുഗ്രഹിച്ചു.

¶ സുവിശേഷം വായിച്ചിട്ടു ശുശ്രൂഷകൻ അതിലേ വചനങ്ങളിൽനിന്നുള്ള ഈ ചുരുങ്ങിയ പ്രബോധനം വായിക്കണം:

പ്രിയപ്പെട്ടവരേ, നമ്മുടെ രക്ഷിതാവായ മശിഹാ തന്റെ അടുക്കൽ പൈതങ്ങളെ കൊണ്ടുവരുവാൻ കല്പിച്ചതിനെയും, അവരെ അവന്റെ അടുക്കൽ അയക്കാതെയിരിപ്പാൻ ഭാവിച്ചവരെ അവൻ ശാസിച്ചപ്രകാരവും, അവരുടെ കപടമില്ലായ്മയെ പിന്തുടരേണമെന്നു എല്ലാ മനുഷ്യരോടും അവൻ ബുദ്ധി ഉപദേശിക്കുന്ന പ്രകാരവും ഈ സുവിശേഷത്തിൽ അവന്റെ വചനങ്ങളെ നിങ്ങൾ കേട്ടുവല്ലൊ; അവൻ തന്റെ പുറമെയുള്ള ഭാവവും ക്രിയയുംകൊണ്ടു അവരോടുള്ള തന്റെ പ്രിയത്തെ അറിയിച്ചപ്രകാരം നിങ്ങൾ കണ്ടറിയുന്നു; എങ്ങനെയെന്നാൽ അവൻ അവരെ തന്റെ കൈകൾകൊണ്ടു തഴുകി, തന്റെ കൈകളെ അവരുടെമേൽവെച്ചു, അവരെ അനുഗ്രഹിച്ചു. അതുകൊണ്ടു അവൻ ഇവിടെയുള്ള ഈ [ശിശുവിനെ] അങ്ങനെ തന്നേ ദയയോടെ കൈക്കൊള്ളുമെന്നും, അവൻ തന്റെ കരുണയുള്ള കൈകൾകൊണ്ടു [ഇവനെ] തഴുകുമെന്നും, [ഇവന്നു] നിത്യജീവനാകുന്ന അനുഗ്രഹം കൊടുത്തു, [ഇവനെ] ത

ന്റെ നിത്യരാജ്യത്തിന്നു [അവകാശി] ആകിത്തീരുമെന്നും സംശയിക്കാതെ താല്പൎയ്യത്തോടെ വിശ്വസിപ്പിൻ. ആകയാൽ തന്റെ പുത്രനായ യേശുമശിഹായെക്കൊണ്ടു അറിയിച്ച പ്രകാരം ഈ [ശിശുവിനോടു] നമ്മുടെ സ്വൎഗ്ഗസ്ഥപിതാവിന്നുള്ള പ്രിയത്തെക്കുറിച്ചു ഇങ്ങനെ നമുക്കു നിശ്ചയമാകകൊണ്ടും, അവന്റെ വിശുദ്ധ ബപ്തീസ്മെക്കു ഈ [ശിശുവിനെ] നാം കൊണ്ടുവന്നിരിക്കുന്നതായ ഈ സ്നേഹപ്രവൃത്തിയെ അവൻ ദയയോടെ അനുവദിക്കുന്നു എന്നു ഒട്ടും സംശയിക്കായ്കകൊണ്ടും നാം വിശ്വാസത്തോടും ഭക്തിയോടും അവന്നു സ്തോത്രം ചെയ്തു ചൊല്ലേണ്ടുന്നതു:

**സൎവ്വശക്തനും നിത്യനുമായ ദൈവമേ, സ്വൎഗ്ഗസ്ഥപിതാവേ, നിന്റെ കൃപയെക്കുറിച്ചുള്ള അറിവിലേക്കും നിന്നിലുള്ള വിശ്വാസത്തിലേക്കും ഞങ്ങളെ വിളിപ്പാൻ നിനക്കു ഇഷ്ടം തോന്നിയിരിക്കകൊണ്ടു ഞങ്ങൾ നിനക്കു വിനയമായി സ്തോത്രം ചെയ്യുന്നു. ഞങ്ങളിൽ എപ്പോഴും ഈ അറിവിനെ വൎദ്ധിപ്പിച്ചു, ഈ വിശ്വാസത്തെ ഉറപ്പിക്കേണമേ. ഈ [ശിശു] വീണ്ടും ജനിക്കേണ്ടതിന്നും, എന്നേക്കുമുള്ള രക്ഷെക്കു [അവകാശി] ആയി തീരേണ്ടതിന്നും, നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ ഇപ്പോഴും എപ്പോഴും ജീവിച്ചു വാഴുന്നവനായി ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം നിന്റെ പരിശുദ്ധാത്മാവിനെ [ഇവന്നു] കൊടുക്കേണമേ. ആമെൻ.**

¶ പിന്നെ പ്രെസ്ബിറ്റർ ജ്ഞാനപിതാക്കന്മാരോടും ജ്ഞാനമാതാക്കന്മാരോടും ഇ പ്രകാരം ചൊല്ലേണം:

പ്രിയപ്പെട്ടവരേ, ബപ്തീസ്മ കഴിവാനായിട്ടു ഈ [പൈതലിനെ] നിങ്ങൾ ഇവിടെ കൊണ്ടുവന്നിരിക്കുന്നു; [ഇവനെ] കൈക്കൊൾവാനും [ഇവന്റെ] പാപങ്ങളിൽനിന്നു [ഇവനെ] വിടുവിപ്പാനും, പരിശുദ്ധാത്മാവുകൊണ്ടു [ഇവനെ] ശുദ്ധീകരിപ്പാനും, സ്വൎഗ്ഗരാജ്യത്തെയും നിത്യജീവനെയും [ഇവന്നു] കൊടുപ്പാനും നമ്മുടെ കൎത്താവായ യേശുമശിഹായിക്കു ഇഷ്ടമുണ്ടാകേണമെന്നു നിങ്ങൾ അപേക്ഷിച്ചുവല്ലോ. നിങ്ങൾ അപേക്ഷിച്ച കാൎയ്യങ്ങളെ ഒക്കെയും തരുമെന്നു നമ്മുടെ കൎത്താവായ യേശുമശിഹാ തന്റെ സുവിശേഷത്തിൽ വാഗ്ദത്തം ചെയ്തതും നിങ്ങൾ കേട്ടുവല്ലോ; ആ വാഗ്ദത്തത്തെ അവൻ തന്റെ പക്ഷത്തിൽ നിശ്ചയമായി പ്രമാണിച്ചു നിവൃത്തിയാക്കും. ഇങ്ങനെ മശിഹാ വാഗ്ദത്തം ചെയ്തിരിക്കകൊണ്ടു ഈ [ശിശുവും താൻ] പിശാചിനെയും അവന്റെ സകല പ്രവൃത്തികളെയും ഉപേക്ഷിച്ചു, ദൈവത്തിന്റെ വിശുദ്ധ വചനത്തെ ഉറപ്പായിട്ടു വിശ്വസിച്ചു, അവന്റെ കല്പനകളെ അനുസരണത്തോടെ പ്രമാണിക്കുമെന്നു, [താൻ തന്നേ] ഇതിനെ ഭരമേറ്റുകൊൾവാനുള്ള പ്രായം വരുവോളം [ഇവന്റെ] ഉത്തരവാദികളായ നിങ്ങൾ [ഇവന്റെ] പേൎക്കു വിശ്വസ്തതയോടെ വാഗ്ദത്തം ചെയ്യേണ്ടതാകുന്നു.

ആയതുകൊണ്ടു ഞാൻ ചോദിക്കുന്നു,

നീ ഈ പൈതലിന്റെ പേൎക്ക പിശാചിനെയും അവന്റെ സകല പ്രവൃത്തികളെയും, ലോകത്തിന്റെ മായയായുള്ള കോലാഹലത്തെയും, മഹത്വത്തെയും, ആയതിന്റെ സകല ദുരാഗ്രഹങ്ങളെയും, ജഡത്തിന്റെ മോഹങ്ങളെയും അനുസരിച്ചു നടക്കയൊ, അവയാൽ നടത്തപ്പെടുകയോ ചെയ്യാതവണ്ണം ഉപേക്ഷിക്കുന്നുവോ?

ഉത്തരം. അവയെ എല്ലാം ഞാൻ ഉപേക്ഷിക്കുന്നു.

ശുശ്രൂഷകൻ.

സൎവ്വശക്തിയുള്ള പിതാവായി, ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചവനായ ദൈവത്തിൽ നീ വിശ്വസിക്കുന്നുവോ?

അവന്റെ ഏകജാതനായ പുത്രനായി, നമ്മുടെ കൎത്താവായ യെശു മശിഹായിലും നീ വിശ്വസിക്കുന്നുവോ? അവൻ പരിശുദ്ധാത്മാവിനാൽ കന്യകമറിയയിൽ ഉല്പാദിക്കപ്പെട്ടു ജനിച്ചു എന്നും; പൊന്തിയോസ് പീലാത്തോസിന്റെ കീഴിൽ കഷ്ടപ്പെട്ടു, ക്രൂശിക്കപ്പെട്ടു, മരിച്ചു, അടക്കപ്പെട്ടു എന്നും; പാതാളത്തിലേക്കു ഇറങ്ങി, മൂന്നാം ദിവസം പിന്നെയും ഉയിൎത്തെഴുന്നേറ്റു എന്നും; അവൻ സ്വൎഗ്ഗത്തിലേക്കു കയറി, സൎവ്വശക്തിയുള്ള പിതാവാകുന്ന ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നു എന്നും, അവിടെനിന്നു ലോകാവസാനത്തിങ്കൽ ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിപ്പാൻ വീണ്ടും വരും എന്നും നീ വിശ്വസിക്കുന്നുവോ?

പരിശുദ്ധാത്മാവിലും നീ വിശ്വസിക്കുന്നുവോ? വിശുദ്ധ കാതോലിക സഭയിലും: വിശുദ്ധന്മാരുടെ സംസൎഗ്ഗത്തിലും; പാപമോചനത്തിലും; ജഡത്തിന്റെ പുനരുത്ഥാനത്തിലും; മരണശേഷമുള്ള നിത്യജീവനിലും നീ വിശ്വസിക്കുന്നുവോ?

ഉത്തരം. ഇതു എല്ലാം ഞാൻ ഉറപ്പായിട്ടു വിശ്വസിക്കുന്നു.

ശുശ്രൂഷകൻ.

ഈ വിശ്വാസത്തിൽ ബപ്തിസ്മപ്പെടുവാൻ നിനക്കു മനസ്സുണ്ടോ?

ഉത്തരം. എന്റെ ആഗ്രഹം അതാകുന്നു.

ശുശ്രൂഷകൻ.

പിന്നാൽ നീ ദൈവത്തിന്റെ വിശുദ്ധ ഹിതത്തെയും കല്പനകളെയും അനുസരണത്തോടെ പ്രമാണിക്കയും, നിന്റെ ആയുസ്സുള്ള നാൾ ഒക്കെയും അപ്രകാരം നടക്കയും ചെയ്യുമോ?

ഉത്തരം. ഞാൻ ചെയ്യും.

¶ അതിന്റെ ശേഷം പ്രെസ്ബിറ്റെർ ചൊല്ലേണ്ടതു:

കരുണയുള്ള ദൈവമെ, ഈ [പൈതലിൽ] പുതിയ മനുഷ്യൻ ഉയിൎപ്പിക്കപ്പെടുവാൻ തക്കവണ്ണം [ഇവനിലുള്ള] പഴയ ആദാം കുഴിച്ചിടപ്പെടേണ്ടതിന്നു കൃപ അരുളേണമെ. ആമെൻ.

[ഇവനിൽ] ജഡമയമായുള്ള ആഗ്രഹങ്ങൾ ഒക്കെയും ചാകേണ്ടതിന്നും ആത്മാവിന്നുള്ള കാൎയ്യങ്ങൾ ഒക്കെയും ജീവിച്ചു വളരേണ്ടതിന്നും കൃപ അരുളേണമെ. ആമെൻ.

പിശാചിനെയും, ലോകത്തെയും, ജഡത്തെയും ജയിച്ചു, ജയോത്സവം കൊള്ളുവാൻ [ഇവന്നു] ശക്തിയും ബലവും ഉണ്ടാകേണ്ടതിന്നു കൃപ അരുളേണമെ. ആമെൻ.

കാലാവസാനം കൂടാതെ ജീവിച്ചു, സകലത്തെയും ഭരിക്കുന്നവനായി വാഴ്ത്തപ്പെട്ട കൎത്താവായ ദൈവമെ, ഞങ്ങളുടെ സ്ഥാനംകൊണ്ടും, ശുശ്രൂഷകൊണ്ടും, ഇവിടെ നിനക്കു പ്രതിഷ്ഠിക്കപ്പെടുന്ന എല്ലാവരും നിന്റെ കരുണയാൽ സ്വൎഗ്ഗീയ ഗുണങ്ങൾ ധരിച്ചവരായി തീൎന്നു, നിത്യമായ പ്രതിഫലം പ്രാപിക്കേണ്ടതിന്നു കൃപ അരുളേണമെ. ആമെൻ.

സൎവ്വശക്തനും നിത്യനുമായ ദൈവമെ, നിന്റെ മഹാവാത്സല്യ പുത്രനായ യേശുമശിഹാ ഞങ്ങളുടെ പാപമോചനത്തിന്നായിട്ടു അവന്റെ ഏററവും വിലയേറിയ വിലാപ്പുറത്തുനിന്നു വെള്ളവും രക്തവും ചൊരികയും, അവന്റെ ശിഷ്യന്മാർ പുറപ്പെട്ടു സകല ജാതികൾക്കും ഉപദേശിച്ചു, അവരെ പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ബപ്തിസ്മപ്പെടുത്തേണമെന്നു കല്പിക്കയും ചെയ്തുവല്ലൊ; ഈ സഭായോഗത്തിന്റെ അപേക്ഷകളെ ചെവിക്കൊണ്ടു, പാപത്തെ ജ്ഞാനാൎത്ഥമായി കഴുകിക്കളയുന്നതിന്നു ഈ വെള്ളം ശുദ്ധീകരിച്ചു, ഇപ്പോൾ അതിൽ ബപ്തിസ്മപ്പെടുവാനുള്ള ഈ [പൈതൽ] നിന്റെ കൃപയുടെ പൂൎണ്ണത ലഭിച്ചു, വിശ്വാസമുള്ളവരും തിരഞ്ഞെടുക്കപ്പെട്ടവരുമായ നിന്റെ മക്കളുടെ എണ്ണത്തിൽ എന്നേക്കും ഇരിപ്പാനായിട്ടു കൃപ ചെയ്യേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

¶ അതിന്റെ ശേഷം പ്രെസ്ബിറ്റെർ ആ പൈതലിനെ തന്റെ കൈകളിൽ എടുത്തു ജ്ഞാനപിതാക്കന്മാരോടും ജ്ഞാനമാതാക്കന്മാരോടും പറയേണ്ടതു,

ഈ പൈതലിന്നു പേരിടുവിൻ.

¶ അതിന്റെ ശേഷം അവർ ഇടുന്ന പേർ വിളിച്ചുകൊണ്ടു (ആ പൈതൽ നല്ലവണ്ണം സഹിക്കുമെന്നു അവർ അവനോടു നിശ്ചയം പറഞ്ഞാൽ,) അവൻ അതിനെ സൂക്ഷ്മത്തോടും കരുതലോടും വെള്ളത്തിൽ മുക്കി ചൊല്ലേണ്ടതു,

—, പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിന്നെ ബപ്തീസ്മപ്പെടുത്തുന്നു. ആമെൻ.

¶ എന്നാൽ പൈതലിന്നു കെല്പില്ലെന്നു അവർ നിശ്ചയം പറഞ്ഞാൽ, മേല്പറഞ്ഞ വചനങ്ങൾ ചൊല്ലിക്കൊണ്ടു അതിന്റെമേൽ വെള്ളം പകൎന്നാൽ മതി.

—, പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിന്നെ ബപ്തീസ്മപ്പെടുത്തുന്നു. ആമെൻ.

¶ പിന്നെ പ്രെസ്ബിററർ ചൊല്ലേണ്ടതു,

ഈ പൈതലിനെ നാം മശിഹായുടെ ആട്ടിൻക്കൂട്ടമായ സഭയിലേക്കു കൈക്കൊണ്ടു, ഇനിമേൽ [ഇവൻ] ക്രൂശിക്കപ്പെട്ട മശിഹായിലുള്ള വിശ്വാസത്തെ ഏററുപറവാനും, അവന്റെ കൊടിക്കീഴിൽ നിന്നു പാപത്തോടും ലോകത്തോടും പിശാചിനോടും ധൈൎയ്യത്തോടെ യുദ്ധം ചെയ്വാനും, [ഇവന്റെ] പ്രാണാവസാനംവരെ മശിഹായുടെ വിശ്വസ്ത പടയാളിയും [ദാസനും] ആയി ഇരിപ്പാനും നാണിക്കരുതെന്നുള്ളതിന്നു ലക്ഷ്യമായിട്ടു നാം [ഇവനിൽ] *ക്രൂശിന്റെ അടയാളം വരെക്കുന്നു. ആമെൻ.

* ഇവിടെ പ്രെസ്ബിററർ പൈതലിന്റെ നെററിമേൽ ക്രൂശിന്റെ അടയാളം വരെക്കണം.

¶ അതിന്റെ ശേഷം പ്രെസ്ബിററർ ചൊല്ലേണ്ടതു,

പ്രിയപ്പെട്ട സഹോദരന്മാരേ, ഈ [പൈതൽ] വീണ്ടും ജനിച്ചു മശിഹായുടെ സഭയാകുന്ന ശരീരത്തിലേക്കു ചേൎക്കപ്പെട്ടതുകൊണ്ടു, ഈ ഉപകാരങ്ങൾക്കായിട്ടു നാം സൎവ്വശക്തനായ ദൈവത്തിന്നു സ്തോത്രം ചെയ്തു, ഈ [പൈതൽ] ഈ ആരംഭപ്രകാരം തന്നെ [ഇവന്റെ] ശിഷ്ടായുസ്സിനെ കഴിപ്പാനായിട്ടു ഏകമനസ്സോടെ നാം അവനോടു പ്രാൎത്ഥിക്ക.

¶ അപ്പോൾ എല്ലാവരും മുട്ടുകുത്തിക്കൊണ്ടു ചൊല്ലേണ്ടതു,

സ്വൎഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെപ്പോലെ ഭൂമിയിലും ചെയ്യപ്പെടേണമേ. ഞങ്ങളുടെ ദിവസവുമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരേണമേ. ഞങ്ങളുടെ നേരെ കുററം ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ കുററങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിലേക്കു കടത്താതെ, ഞങ്ങളെ ദോഷത്തിൽനിന്നു രക്ഷിക്കേണമേ. ആമെൻ.

¶ അതിന്റെ ശേഷം പ്രെസ്ബിററർ ചൊല്ലേണ്ടതു,

മഹാ കരുണയുള്ള പിതാവേ, നിന്റെ പരിശുദ്ധാത്മാവുകൊണ്ടു ഈ [ശിശുവിനെ] വീണ്ടും ജനിപ്പിപ്പാനും, പുത്രസ്വീകാരംകൊണ്ടു [ഇവനെ]

നിൻെറ സ്വന്ത [ പൈതലായിട്ടു ] കൈക്കൊൾവാനും, നിൻെറ വിശുദ്ധ സഭയിൽ [ ഇവനെ അവയവം ] ആക്കുവാനും നിനക്കു ഇഷ്ടം തോന്നിയിരിക്കകൊണ്ടു ഞങ്ങൾ നിനക്കു മനഃപൂൎവ്വമായി സ്തോത്രം ചെയ്യുന്നു. [ ഇവൻ ] പാപത്തിന്നു മരിച്ചു, നീതിക്കു ജീവിച്ചു, മശിഹായുടെ മരണത്തിൽ അവനോടുകൂടെ അടക്കപ്പെട്ടിട്ടു, പഴയ മനുഷ്യനെ ക്രൂശിക്കയും പാപശരീരത്തെ മുഴുവനും നശിപ്പിക്കയും ചെയ്യേണ്ടതിന്നും, [ ഇവൻ ] നിൻെറ പുത്രൻെറ മരണത്തിന്നു [ ഓഹരിക്കാരൻ ] ആയിതീൎന്നിരിക്കുന്നതുപോലെ അവൻെറ പുനരുത്ഥാനത്തിന്നും [ ഓഹരിക്കാരൻ ] ആകേണ്ടതിന്നും, ഒടുക്കം നിൻെറ വിശുദ്ധ സഭയിൽ ശിഷ്ടമുള്ളവരോടുകൂടെ [ഇവൻ] നിൻെറ നിത്യരാജ്യത്തിന്നു [ അവകാശി ] ആയി തീരേണ്ടതിന്നും കൃപ ചെയ്യേണമെന്നു ഞങ്ങളുടെ കൎത്താവായ മശിഹാമൂലം ഞങ്ങൾ നിന്നോടു വിനയമായി അപേക്ഷിക്കുന്നു. ആമെൻ.

• പിന്നെ എല്ലാവരും എഴുന്നേററു നിന്നിട്ടു, പ്രെസ്ബിററർ ജ്ഞാനമാതാപിതാക്കന്മാരെ ഠരം താഴെയുള്ള വാക്കുകളാൽ പ്രബോധിപ്പിക്കണം.

പിശാചിനെയും അവൻെറ സകല പ്രവൃത്തികളെയും ഉപേക്ഷിക്കുമെന്നും, ദൈവത്തിൽ വിശ്വസിക്കുമെന്നും, അവനെ സേവിക്കുമെന്നും ഠരം [ പൈതൽ തൻെറ ] ഉത്തരവാദികളായ നിങ്ങൾമൂലം വാഗ്ദത്തം ചെയ്തിരിക്കയാൽ ഠരം [ശിശു] നിങ്ങൾമൂലമായി ഇവിടെ ചെയ്തിട്ടുള്ള വ്രതവും, വാഗ്ദത്തവും, പ്രതിജ്ഞയും എത്ര ഭയഭക്തികരമെന്നു അറിവാൻ [ഇവന്നു] പ്രാപ്തിയായ ഉടനെ [ഇവന്നു] ഉപദേശിപ്പിപ്പാൻ നിങ്ങളുടെ കൃത്യവും മുറയും ആകുന്നു എന്നു നിങ്ങൾ ഓൎത്തുകൊള്ളേണം. അത്രയുമല്ല, ഠരം കാൎയ്യങ്ങളെ [ഇവൻ] ഏററവും നല്ലവണ്ണം അറിവാനായിട്ടു, പ്രസംഗങ്ങളെ കേൾക്കേണമെന്നു [ഇവനോടു] നിങ്ങൾ കല്പിക്കേണം: [ഇവൻ] സ്വഭാഷയിൽ വിശ്വാസപ്രമാണവും, കൎത്താവിൻെറ പ്രാൎത്ഥനയും, പത്തു കല്പനകളും, ഒരു ക്രിസ്ത്യാനി തൻെറ ആത്മാവിൻെറ സൌഖ്യത്തിന്നായിട്ടു അറിഞ്ഞു വിശ്വസിക്കേണ്ടുന്ന മററു സകല കാൎയ്യങ്ങളും പഠിക്കേണ്ടതിന്നും ; ഠരം [പൈതൽ] ദൈവഭക്തിയും ക്രിസ്തീയ ജീവിതവും ഉള്ളവനായി നടപ്പാൻ സുകൃതത്തോടെ വളൎത്തപ്പെടേണ്ടതിന്നും നിങ്ങൾ പ്രത്യേകം കരുതിക്കൊള്ളേണം ; ബപ്തീസ്മപ്പെട്ടവരായ നാം നമ്മുടെ രക്ഷിതാവായ മശിഹായുടെ ദൃഷ്ടാന്തത്തെ പിന്തുടരുവാനും അവനെപോലെ ആയി തീരുവാനും, അവൻ നമുക്കു വേണ്ടി മരിച്ചു, വീണ്ടും ഉയിൎത്തപ്രകാരം നാം പാപത്തിന്നു മരിപ്പാനും, നീതിക്കു വീണ്ടും ഉയിൎപ്പാനും, നമ്മുടെ വല്ലാത്ത ദുരാഗ്രഹങ്ങളെ ഒക്കെയും ഇടവിടാതെ മരിപ്പിപ്പാനും, സകല സൽഗുണവും ദൈവഭക്തിയുമുള്ള നടപ്പിൽ നാൾതോറും വൎദ്ധിപ്പാനുമുള്ള നമ്മുടെ പ്രതിജ്ഞയെ ബപ്തീസ്മ നമുക്കു കാണിക്കുന്നു എന്നു നാം എപ്പോഴും ഓൎക്കേണ്ടതാകുന്നു.

¶ അതിന്റെശേഷം ഇതുംകൂടെ ചൊല്ലണം.

ഠരം [പൈതലിന്നു] വിശ്വാസപ്രമാണവും, കൎത്താവിന്റെ പ്രാൎത്ഥനയും, പത്തു കല്പനകളും സ്വഭാഷയിൽ ചൊല്ലുവാൻ പ്രാപ്തിയും, സ്ഥിരീകരണത്തിന്നു നിശ്ചയിച്ചിരിക്കുന്ന സഭാചോദ്യോത്തരപുസ്തകത്തിൽനിന്നു വിശേഷാൽ പഠിപ്പിച്ചുള്ള അറിവും ഉണ്ടായാൽ ഉടനെ [ഇവനെ] സ്ഥിരീകരിപ്പാനായിട്ടു എപ്പിസ്കോപ്പായുടെ അടുക്കൽ കൊണ്ടുചെല്ലുവാൻ നിങ്ങൾ ജാഗ്രതപ്പെടെണം.

¶ ബപ്തിസ്മ കഴിഞ്ഞ പൈതങ്ങൾ കൎമ്മപാപത്തെ ചെയ്യുന്നതിന്നു മുമ്പെ മരിച്ചാൽ സംശയംകൂടാതെ രക്ഷപെടുന്നു എന്നു ദൈവത്തിന്റെ വചനത്താൽ നിശ്ചയമാകുന്നു.

¶ ബപ്തിസ്മയിൽ ക്രൂശടയാളം വരെക്കുന്നതിനെ കുറിച്ചുള്ള സംശയത്തെ ഒക്കെയും തീൎപ്പാനായിട്ടു, അതിന്റെ നേരായുള്ള വിവരവും അതിനെ വിട്ടുകളയാതിരിക്കുന്നതിന്നുള്ള ശരിയായ ന്യായങ്ങളും ആയിരത്തറുനൂററിനാലാം വൎഷത്തിൽ ആദ്യം പ്രസിദ്ധിപ്പെടുത്തിയ മുപ്പതാം കാനോനിൽ വായിക്കാം.

# THE MINISTRATION OF
# PRIVATE BAPTISM OF CHILDREN
# IN HOUSES

---

## പൈതങ്ങൾക്കു
## ഭവനങ്ങളിൽവെച്ചു കഴിക്കേണ്ടുന്ന
## രഹസ്യ ബപ്തിസ്മയുടെ
## ആചാരക്രമം

---

¶ പൈതങ്ങൾ ജനിച്ചശേഷം പട്ടക്കാരൻ സമ്മതിക്കത്തക്ക ന്യായമായ ഹേതുവില്ലാഞ്ഞാൽ അവരുടെ ബപ്തിസ്മ അടുത്ത ഒന്നാമത്തെ എങ്കിലും രണ്ടാമത്തെ എങ്കിലും ഞായറാഴ്ചക്കോ അതിന്നിടയിൽ വരുന്ന മറ്റു പെരുന്നാളിന്നോ അപ്പുറം താമസിക്കരുതെന്നു എല്ലാ ഇടവകകളിലെ പട്ടക്കാരും ജനങ്ങളോടു കൂടെക്കൂടെ ബുദ്ധി പറയേണ്ടതാകുന്നു.

¶ വിശേഷിച്ചും ഇപ്രകാരമുള്ള തക്ക ഹേതുവും ആവശ്യവും ഇല്ലാഞ്ഞാൽ തങ്ങളുടെ പൈതങ്ങളെ ഭവനങ്ങളിൽവെച്ചു ബപ്തിസ്മ കഴിപ്പിക്കരുതെന്നും അവർ ജനങ്ങളെ ഓർമ്മപ്പെടുത്തേണം. എന്നാൽ അങ്ങനെ ചെയ്തേ കഴിയു എന്നുള്ള ആവശ്യം ഉണ്ടായാൽ അപ്പോൾ ബപ്തിസ്മ കഴിക്കേണ്ടതു ഇപ്രകാരമാകുന്നു.

¶ ആദ്യമെ ഇടവകയിലെ ശുശ്രൂഷകൻ (അല്ലെങ്കിൽ, അവൻ സ്ഥലത്തില്ലാഞ്ഞാൽ, ന്യായമായ മറ്റു വല്ല ശുശ്രൂഷകൻ) കൂടെയുള്ളവരോടൊന്നിച്ചു ദൈവത്തോടു അപേക്ഷിച്ചു, കർത്താവിന്റെ പ്രാർത്ഥനയെയും, പരസ്യബപ്തിസ്മയുടെ ക്രമത്തിൽ ചൊല്ലുവാൻ മുമ്പിൽ നിശ്ചയിച്ചിട്ടുള്ള അപേക്ഷകളിൽ, നേരവും തൽക്കാലസ്ഥിതിയും അനുവദിക്കുമ്പോലെ, ചിലതിനെയും ചൊല്ലേണം. അതിന്റെ ശേഷം, കൂടെയുള്ളതിൽ ഒരുവൻ ആ പൈതലിന്നു പേരിട്ടിട്ടു ശുശ്രൂഷകൻ അതിന്റെ മേൽ വെള്ളം പകർന്നുകൊണ്ടും ഈ വചനങ്ങളെ ചൊല്ലേണം.

———, **പി**താവിന്റെയും, **പു**ത്രന്റെയും, **പ**രിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിന്നെ ബപ്തിസ്മപ്പെടുത്തുന്നു. **ആമെൻ.**

¶ അതിന്റെ ശേഷം എല്ലാവരും മുട്ടുകുത്തി ശുശ്രൂഷകൻ ദൈവത്തിന്നു സ്തോത്രം ചെയ്തു ചൊല്ലേണ്ടതു,

**മ**ഹാ കരുണയുള്ള പിതാവേ, നിന്റെ പരിശുദ്ധാത്മാവുകൊണ്ടു ഈ [ശിശുവിനെ] വീണ്ടും ജനിപ്പിപ്പാനും, പുത്രസ്വീകാരംകൊണ്ടു [ഇവനെ]

നിന്റെ സ്വന്ത പൈതലായിട്ടു കൈക്കൊൾവാനും, നിന്റെ വിശുദ്ധ സഭയിൽ [ഇവനെ] അവയവമാക്കുവാനും നിനക്കു ഇഷ്ടം തോന്നിയിരിക്കകൊണ്ടു ഞങ്ങൾ നിനക്കു മനഃപൂർവ്വമായി സ്തോത്രം ചെയ്യുന്നു. [ഇവൻ] നിന്റെ പുത്രന്റെ മരണത്തിന്നു ഇപ്പോൾ [ഓഹരിക്കാരൻ] ആയി തീർന്നിരിക്കുന്നതുപോലെ [ഇവൻ] അവന്റെ പുനരുത്ഥാനത്തിന്നും [ഓഹരിക്കാരൻ] ആകേണ്ടതിന്നും ഒടുക്കം നിന്റെ വിശുദ്ധന്മാരിൽ ശിഷ്ടമുള്ളവരോടുകൂടെ [ഇവൻ] നിന്റെ നിത്യരാജ്യത്തെ അവകാശമാക്കേണ്ടതിന്നും കൃപ ചെയ്യേണമെന്നു നിന്റെ ആ പുത്രനായ ഞങ്ങളുടെ കർത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു വിനയമായി അപേക്ഷിക്കുന്നു. ആമെൻ.

¶ ഇങ്ങനെ ബപ്തീസ്മ കഴിഞ്ഞ പൈതൽ ന്യായമായും മതിയാകുംവണ്ണവും ബപ്തീസ്മപ്പെട്ടു എന്നതിനെക്കുറിച്ചു അവർ സംശയിക്കരുതു; അതിനെ വീണ്ടും ബപ്തീസ്മപ്പെടുത്തുകയുമരുതു. എങ്കിലും ഇപ്രകാരം ബപ്തീസ്മപ്പെട്ട പൈതൽ പിന്നത്തേതിൽ ജീവിച്ചിരുന്നാൽ അതിനെ ബപ്തീസ്മപ്പെടുത്തിയതു ആ ഇടവകയിലെ ശുശ്രൂഷകൻ തന്നെ എങ്കിൽ താൻ രഹസ്യമായി കഴിച്ച ബപ്തീസ്മയുടെ ശരിയായ ക്രമം ജനങ്ങൾക്കു നിശ്ചയം വരുത്തുവാനായിട്ടു ആ പൈതലിനെ പള്ളിയിലേക്കു കൊണ്ടുവരുന്നതു യോഗ്യമാകുന്നു; അങ്ങനെ വരുന്നപക്ഷം അവൻ ഇപ്രകാരം ചൊല്ലേണം.

സഭയുടെ ശരിയായും നിയമിക്കപ്പെട്ടതായുമുള്ള ക്രമപ്രകാരം [ഇന്നപ്പോൾ, ഇന്നേടത്തു വെച്ചു,] പല സാക്ഷിക്കാരുടെയും മുമ്പാകെ ഞാൻ ഈ പൈതലിനെ ബപ്തീസ്മപ്പെടുത്തി എന്നു ഞാൻ നിങ്ങളെ നിശ്ചയപ്പെടുത്തുന്നു.

¶ എന്നാൽ പൈതലിനെ ബപ്തീസ്മപ്പെടുത്തിയതു ന്യായമായ മറ്റു വല്ല ശുശ്രൂഷകനുമെങ്കിൽ ആ പൈതൽ ജനിച്ചതോ ബപ്തീസ്മപ്പെട്ടതോ ആയ ഇടവകയിലെ ശുശ്രൂഷകൻ ആ പൈതൽ മുറപ്രകാരം ബപ്തീസ്മപ്പെട്ടിരിക്കുന്നുവോ ഇല്ലയോ എന്നുള്ളതിനെക്കുറിച്ചു നല്ലവണ്ണം ശോധന ചെയ്യേണം. അങ്ങനെ വല്ല പൈതലിനെയും പള്ളിയിൽ കൊണ്ടുവരുന്നവർ ആ പൈതൽ മുമ്പെ തന്നേ ബപ്തീസ്മപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാൽ ശുശ്രൂഷകൻ അവരോടു പിന്നെയും ചോദിക്കേണ്ടതു,

ഈ പൈതൽ ആരാൽ ബപ്തീസ്മപ്പെട്ടു?

ഈ പൈതൽ ബപ്തീസ്മപ്പെട്ടപ്പോൾ ആരു കൂടെയുണ്ടായിരുന്നു?

ഇപ്രകാരമുള്ള അമ്പരപ്പുസമയങ്ങളിൽ ഭയംകൊണ്ടെങ്കിലും ബദ്ധപ്പാടുകൊണ്ടെങ്കിലും ഈ സക്രമെന്തിന്നുള്ള ചില അത്യാവശ്യ സംഗതികളെ വിട്ടുപോകുവാൻ ഇടയുള്ളതുകൊണ്ടു, ഞാൻ ഇനിയും നിങ്ങളോടു ചോദിക്കുന്നു,

ൟ പൈതൽ ഏതു വസ്തുകൊണ്ടു ബപ്തീസ്മപ്പെട്ടു ?

ൟ പൈതൽ ഏതു വചനങ്ങൾകൊണ്ടു ബപ്തീസ്മപ്പെട്ടു ?

¶ ചെയ്യേണ്ടുന്നപ്രകാരം എല്ലാ കാൎയ്യങ്ങളും ചെയ്തിരിക്കുന്നു എന്നു പൈതലിനെ കൊണ്ടുവരുന്നവരുടെ ഉത്തരങ്ങൾകൊണ്ടു ശുശ്രൂഷകന്നു മനസ്സിലായാൽ അവൻ വീണ്ടും ആ പൈതലിനെ ബപ്തീസ്മപ്പെടുത്തരുതു. എന്നാലോ, സാക്ഷാൽ ക്രിസ്തീയ ജനങ്ങളുടെ കൂട്ടത്തിൽ ഒരാളായി അവനെ കൈക്കൊണ്ടു ഇപ്രകാരം പറയെണം,

ൟ പൈതലിന്റെ ബപ്തീസ്മ സംബന്ധിച്ചു എല്ലാം നന്നായിട്ടും ശരിയായ ക്രമപ്രകാരവും ചെയ്തിരിക്കുന്നു എന്നു ഞാൻ നിങ്ങളെ നിശ്ചയപ്പെടുത്തുന്നു ; [ഇവൻ] ജന്മപാപത്തിലും ദൈവകോപത്തിലും ജനിച്ചിട്ടു, ഇപ്പോൾ ബപ്തീസ്മയിൽ പുനൎജ്ജനന സ്നാനംകൊണ്ടു ദൈവത്തിന്റെ മക്കളും നിത്യജീവന്നു അവകാശികളും ആയവരുടെ കൂട്ടത്തിലേക്കു കൈക്കൊള്ളപ്പെട്ടിരിക്കുന്നു ; എന്തെന്നാൽ നമ്മുടെ കൎത്താവായ യേശുമശിഹാ ഇങ്ങനെയുള്ള ശിശുക്കൾക്കു തന്റെ കൃപയും കരുണയും വിരോധിക്കുന്നില്ല ; എന്നാലോ നമുക്കു ആശ്വാസത്തിന്നായിട്ടു വിശുദ്ധ സുവിശേഷം സാക്ഷീകരിക്കുന്നപ്രകാരം അവരെ മഹാ സ്നേഹത്തോടെ തന്റെ അടുക്കലേക്കു വിളിക്കുന്നതേയുള്ളൂ.

വിശു. മൎക്കൊ. ൧൦. ൧൩.

യേശു തൊടേണ്ടതിന്നു ചിലർ ശിശുക്കളെ അവന്റെ അടുക്കൽ കൊണ്ടുവന്നു ; ശിഷ്യന്മാരോ അവരെ ശാസിച്ചു. യേശു അതു കണ്ടാറെ മുഷിഞ്ഞു അവരോടു : ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ ; അവരെ തടുക്കരുതു ; ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ. ദൈവരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളാത്തവൻ ആരും ഒരുനാളും അതിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. പിന്നെ അവൻ അവരെ അണെച്ചു അവരുടെമേൽ കൈ വെച്ചു, അവരെ അനുഗ്രഹിച്ചു.

¶ സുവിശേഷം വായിച്ചതിന്റെ ശേഷം ശുശ്രൂഷകൻ സുവിശേഷത്തിലെ വചനങ്ങളിൽനിന്നുള്ള ൟ ചുരുങ്ങിയ പ്രബോധനം വായിക്കെണം.

പ്രിയപ്പെട്ടവരേ, നമ്മുടെ രക്ഷിതാവായ മശിഹാ തന്റെ അടുക്കൽ പൈതങ്ങളെ കൊണ്ടുവരുവാൻ കല്പിച്ചതിനെയും, അവരെ അവന്റെ അടുക്കൽ അയക്കാതെ ഇരിപ്പാൻ ഭാവിച്ചവരെ അവൻ ശാസിച്ചപ്രകാരവും, അവരുടെ കപടമില്ലായ്മയെ പിന്തുടരേണമെന്നു എല്ലാ മനുഷ്യരോടും അവൻ ബുദ്ധി ഉപദേശിക്കുന്ന പ്രകാരവും ൟ സുവിശേഷത്തിൽ അവന്റെ വചനങ്ങളെ നിങ്ങൾ കേട്ടുവല്ലോ. അവൻ തന്റെ

പുറമെയുള്ള ഭാവവും ക്രിയയുംകൊണ്ടു അവരോടുള്ള തന്റെ പ്രിയത്തെ അറിയിച്ചപ്രകാരം നിങ്ങൾ കണ്ടറിയുന്നു; എങ്ങനെയെന്നാൽ അവൻ അവരെ തന്റെ കൈകൾകൊണ്ടു തഴുകി, തന്റെ കൈകളെ അവരുടെമേൽ വെച്ചു, അവരെ അനുഗ്രഹിച്ചു. അതുകൊണ്ടു അവൻ ഇവിടെയുള്ള ഈ [ശിശുവിനെ] അങ്ങിനെതന്നേ ദയയോടെ കൈക്കൊണ്ടു എന്നും, അവൻ തന്റെ കരുണയുള്ള കൈകൾകൊണ്ടു [ഇവനെ] തഴുകി എന്നും, അവൻ തന്റെ വിശുദ്ധ വചനത്തിൽ വാഗ്ദത്തം ചെയ്തപ്രകാരം [ഇവന്നു] നിത്യജീവനാകുന്ന അനുഗ്രഹം കൊടുത്തു, [ഇവനെ] തന്റെ നിത്യരാജ്യത്തിന്നു അവകാശിയാക്കി തീൎക്കുമെന്നും സംശയിക്കാതെ താല്പൎയ്യത്തോടെ വിശ്വസിപ്പിൻ. ആകയാൽ തന്റെ പുത്രനായ യേശുമശിഹായെക്കൊണ്ടു അറിയിച്ചപ്രകാരം ഈ [ശിശുവിനോടു] നമ്മുടെ സ്വൎഗ്ഗസ്ഥപിതാവിന്നുള്ള പ്രിയത്തെ കുറിച്ചു ഇങ്ങനെ നമുക്കു നിശ്ചയമാകകൊണ്ടു, നാം വിശ്വാസത്തോടും ഭക്തിയോടും അവന്നു സ്തോത്രം ചെയ്തു, കൎത്താവു തന്നേ നമ്മെ പഠിപ്പിച്ചിട്ടുള്ള പ്രാൎത്ഥനയെ ചൊല്ലുക.

സ്വൎഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെപോലെ ഭൂമിയിലും ചെയ്യപ്പെടേണമേ. ഞങ്ങളുടെ ദിവസവുമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരേണമേ. ഞങ്ങളുടെ നേരെ കുററം ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കുററങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിലേക്കു കടത്താതെ ഞങ്ങളെ ദോഷത്തിൽനിന്നു രക്ഷിക്കേണമേ. ആമെൻ.

സൎവ്വശക്തനും നിത്യനുമായ ദൈവമേ, സ്വൎഗ്ഗസ്ഥപിതാവേ, നിന്റെ കൃപയെ കുറിച്ചുള്ള അറിവിലേക്കും നിന്നിലുള്ള വിശ്വാസത്തിലേക്കും ഞങ്ങളെ വിളിപ്പാൻ നിനക്കു ഇഷ്ടം തോന്നിയിരിക്കകൊണ്ടു ഞങ്ങൾ നിനക്കു വിനയമായി സ്തോത്രം ചെയ്യുന്നു; ഞങ്ങളിൽ എപ്പോഴും ഈ അറിവിനെ വൎദ്ധിപ്പിച്ചു ഈ വിശ്വാസത്തെ ഉറപ്പിക്കേണമേ. ഈ [ശിശു] വീണ്ടും ജനിക്കയും, ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം എന്നേക്കുമുള്ള രക്ഷെക്കു അവകാശിയായി തീരുകയും ചെയ്തു, [ഇവൻ] നിന്റെ [ദാസനാ]യിട്ടു സ്ഥിരപ്പെടേണ്ടതിന്നും, നിന്റെ വാഗ്ദത്തം പ്രാപിക്കേണ്ടതിന്നും, നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ ഇപ്പോഴും എപ്പോഴും ജീവിച്ചു വാഴുന്നവനായി ഞങ്ങളുടെ കൎത്താവായ ആ യേശുമശിഹാ മൂലം നിന്റെ പരിശുദ്ധാത്മാവിനെ [ഇവന്നു] കൊടുക്കേണമേ. ആമെൻ.

¶ അതിന്റെശേഷം പ്രെസ്ബിറ്റർ ആ പൈതലിന്റെ പേർ എന്തെന്നു ചോദിക്കേണം; ആയതു ജ്ഞാനമാതാപിതാക്കന്മാർ പറഞ്ഞിട്ടു, ശുശ്രൂഷകൻ ചൊല്ലേണ്ടതു,

നി ഠരം പൈതലിൻെറ പേക്ക് പിശാചിനെയും അവൻെറ സകല പ്രവൃത്തികളെയും, ഈ ലോകത്തിൻെറ മായയായുള്ള കോലാഹലത്തെയും മഹത്വത്തെയും, ആയതിൻെറ സകല ദുരാഗ്രഹങ്ങളെയും, ജഡത്തിൻെറ മോഹങ്ങളെയും അനുസരിച്ചു നടക്കയോ, അവയാൽ നടത്തപ്പെടുകയോ ചെയ്യാതവണ്ണം ഉപേക്ഷിക്കുന്നുവോ ?

ഉത്തരം. അവയെ എല്ലാം ഞാൻ ഉപേക്ഷിക്കുന്നു.

ശുശ്രൂഷകൻ.

സർവ്വശക്തിയുള്ള പിതാവായി, ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചവനായ ദൈവത്തിൽ നീ വിശ്വസിക്കുന്നുവോ ?

അവൻെറ ഏകജാതനായ പുത്രനായി നമ്മുടെ കർത്താവായ യേശുമശിഹായിലും നീ വിശ്വസിക്കുന്നുവോ ? ഇവൻ പരിശുദ്ധാത്മാവിനാൽ കന്യകമറിയയിൽ ഉല്പാദിക്കപ്പെട്ടു ജനിച്ചു എന്നും; പൊന്തിയോസു പീലാത്തോസിൻെറ കീഴിൽ കഷ്ടപ്പെട്ടു, ക്രൂശിൽ തറെക്കപ്പെട്ടു, മരിച്ചു, അടക്കപ്പെട്ടു എന്നും ; പാതാളത്തിലേക്കു ഇറങ്ങി, മൂന്നാം ദിവസം പിന്നെയും ഉയിർത്തെഴുന്നേററു എന്നും ; സ്വർഗ്ഗത്തിലേക്കു കയറി, സർവ്വശക്തിയുള്ള പിതാവാകുന്ന ദൈവത്തിൻെറ വലത്തുഭാഗത്തു ഇരിക്കുന്നു എന്നും ; അവിടെനിന്നു ലോകാവസാനത്തിങ്കൽ ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിപ്പാൻ വീണ്ടും വരും എന്നും നീ വിശ്വസിക്കുന്നുവോ ?

പരിശുദ്ധാത്മാവിലും നീ വിശ്വസിക്കുന്നുവോ ? വിശുദ്ധ കാതോലിക സഭയിലും ; വിശുദ്ധന്മാരുടെ സംസർഗ്ഗത്തിലും ; പാപമോചനത്തിലും ; ജഡത്തിൻെറ പുനരുത്ഥാനത്തിലും ; മരണശേഷമുള്ള നിത്യജീവനിലും നീ വിശ്വസിക്കുന്നുവോ ?

ഉത്തരം. ഇതെല്ലാം ഞാൻ ഉറപ്പായിട്ടു വിശ്വസിക്കുന്നു.

ശുശ്രൂഷകൻ.

എന്നാൽ നീ ദൈവത്തിൻെറ വിശുദ്ധ ഹിതത്തെയും കല്പനകളെയും അനുസരണത്തോടെ പ്രമാണിക്കയും നിൻെറ ആയുസ്സുള്ള നാൾ ഒക്കെയും അപ്രകാരം നടക്കയും ചെയ്യുമോ ?

ഉത്തരം. ഞാൻ ചെയ്യും.

¶ അതിൻെറ ശേഷം പ്രെസ്ബിററർ ചൊല്ലേണ്ടതു,

ഠരം [പൈതലിനെ] നാം മശിഹായുടെ ആട്ടിൻകൂട്ടമായ സഭയിലേക്കു

കൈക്കൊണ്ടു, ഇനിമേൽ [ഇവൻ] ക്രൂശിക്കപ്പെട്ട മശിഹായിലുള്ള വിശ്വാസത്തെ ഏററുപറവാനും, അവൻെറ കൊടിക്കീഴിൽ നിന്നു പാപത്തോടും ലോകത്തോടും പിശാചിനോടും ധൈൎയ്യത്തോടെ യുദ്ധം ചെയ്വാനും, [ഇവൻെറ] പ്രാണാവസാനംവരെ മശിഹായുടെ വിശ്വസ്ത പടയാളിയും [ദാസനും] ആയി ഇരിപ്പാനും നാണിക്കരുത് എന്നുള്ളതിന്നു ലക്ഷ്യമായിട്ടു നാം [ഇവനിൽ] * ക്രൂശിൻെറ അടയാളം വരെക്കുന്നു. ആമെൻ.

* ഇവിടെ പ്രെസ്ബിററർ പൈതലിൻെറ നെററി മേൽ ക്രൂശിൻെറ അടയാളം വരെക്കെണം.

¶ അതിൻെറശേഷം പ്രെസ്ബിററർ ചൊല്ലേണ്ടതു,

പ്രിയപ്പെട്ട സഹോദരന്മാരേ, ഈ പൈതൽ ബപ്തിസ്മയാൽ വീണ്ടും ജനിച്ചു മശിഹായുടെ സഭയാകുന്ന ശരീരത്തിലേക്കു ചേൎക്കപ്പെട്ടതുകൊണ്ടു, ഈ ഉപകാരങ്ങൾക്കായിട്ടു നാം സൎവ്വശക്തനായ ദൈവത്തിന്നു സ്തോത്രം ചെയ്തു, ഈ പൈതൽ ഈ ആരംഭപ്രകാരം തന്നേ [ഇവൻെറ] ശിഷ്ടായുസ്സിനെ കഴിപ്പാനായിട്ടു ഏകമനസ്സോടെ നാം അവനോടു പ്രാൎത്ഥിക്ക.

¶ അതിൻെറ ശേഷം പ്രെസ്ബിററർ ചൊല്ലേണ്ടതു,

മഹാ കരുണയുള്ള പിതാവേ, നിൻെറ പരിശുദ്ധാത്മാവുകൊണ്ടു ഈ ശിശുവിനെ വീണ്ടും ജനിപ്പിപ്പാനും, പുത്രസ്വീകാരംകൊണ്ടു [ഇവനെ] നിൻെറ സ്വന്ത പൈതലായിട്ടു കൈക്കൊൾവാനും, നിൻെറ വിശുദ്ധ സഭയിൽ [ഇവനെ] അവയവം ആക്കുവാനും നിനക്കു ഇഷ്ടം തോന്നിയിരിക്കകൊണ്ടു ഞങ്ങൾ നിനക്കു മനഃപൂൎവ്വമായി സ്തോത്രം ചെയ്യുന്നു. [ഇവൻ] പാപത്തിന്നു മരിച്ചു, നീതിക്കു ജീവിച്ചു, മശിഹായുടെ മരണത്തിൽ അവനോടു കൂടെ അടക്കപ്പെട്ടിട്ടു, പഴയ മനുഷ്യനെ ക്രൂശിക്കയും, പാപശരീരത്തെ മുഴുവൻ നശിപ്പിക്കയും ചെയ്യേണ്ടതിന്നും, [ഇവൻ] നിൻെറ പുത്രൻെറ മരണത്തിന്നു [ഓഹരിക്കാരൻ] ആയി തീൎന്നിരിക്കുന്നതുപോലെ [ഇവൻ] അവൻെറ പുനരുത്ഥാനത്തിന്നും [ഓഹരിക്കാരൻ] ആകേണ്ടതിന്നും ഒടുക്കം നിൻെറ വിശുദ്ധ സഭയിൽ ശിഷ്ടമുള്ളവരോടു കൂടെ [ഇവൻ] നിൻെറ നിത്യരാജ്യത്തിന്നു [അവകാശി] ആയി തീരേണ്ടതിന്നും കൃപ ചെയ്യേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം ഞങ്ങൾ നിന്നോടു വിനയമായി അപേക്ഷിക്കുന്നു. ആമെൻ.

¶ പിന്നെ എല്ലാവരും എഴുന്നേററു നിന്നിട്ടു, ശുശ്രൂഷകൻ ജ്ഞാനമാതാപിതാക്കന്മാരെ ഈ താഴെ വരുന്ന വചനങ്ങളാൽ പ്രബോധിപ്പിക്കെണം.

പിശാചിനെയും അവൻെറ സകല പ്രവൃത്തികളെയും ഉപേക്ഷിക്കുമെന്നും, ദൈവത്തിൽ വിശ്വസിക്കുമെന്നും, അവനെ സേവിക്കുമെന്നും ഈ

[പൈതൽ] തൻെറ ഉത്തരവാദികളായ നിങ്ങൾ മൂലം വാഗ്ദത്തം ചെയ്തിരിക്കയാൽ, ഠരം [ശിശു] നിങ്ങൾ മൂലമായി ചെയ്തിച്ചിട്ടുള്ള വ്രതവും വാഗ്ദത്തവും, പ്രതിജ്ഞയും എത്ര ഭയഭക്തികരമെന്നു അറിവാൻ [ഇവന്നു] പ്രാപ്തിയായ ഉടനെ [ഇവന്നു] ഉപദേശിപ്പിപ്പാൻ നിങ്ങളുടെ കൃത്യവും മുറയും ആകുന്നു എന്നു നിങ്ങൾ ഓൎത്തുകൊള്ളേണം. അത്രയുമല്ല, ഈ കാൎയ്യങ്ങളെ [ഇവൻ] ഏററവും നല്ലവണ്ണം അറിവാനായിട്ടു പ്രസംഗങ്ങളെ കേൾക്കേണമെന്നു [ഇവനോടു] നിങ്ങൾ കല്പിക്കേണം: [ഇവൻ] സ്വഭാഷയിൽ വിശ്വാസപ്രമാണവും, കൎത്താവിൻെറ പ്രാൎത്ഥനയും പത്തു കല്പനകളും ഒരു ക്രിസ്ത്യാനി തൻെറ ആത്മാവിൻെറ സൌഖ്യത്തിന്നായിട്ടു അറിഞ്ഞു വിശ്വസിക്കേണ്ടുന്ന മററു സകല കാൎയ്യങ്ങളും പഠിക്കേണ്ടതിന്നും; ഠരം [പൈതൽ] ദൈവഭക്തിയും ക്രിസ്തീയ ജീവിതവും ഉള്ളവനായി നടപ്പാൻ സുകൃതത്തോടെ വളൎത്തപ്പെടേണ്ടതിന്നും നിങ്ങൾ പ്രത്യേകം കരുതിക്കൊള്ളേണം; അതു എന്തെന്നാൽ, ബപ്തീസ്മപ്പെട്ടവരായ നാം നമ്മുടെ രക്ഷിതാവായ മശിഹായുടെ ദൃഷ്ടാന്തത്തെ പിന്തുടരുവാനും, അവനെപോലെ ആയി തീരുവാനും, അവൻ നമുക്കു വേണ്ടി മരിച്ചു വീണ്ടും ഉയിൎത്തപ്രകാരം നാം പാപത്തിന്നു മരിപ്പാനും, നീതിക്കു വീണ്ടും ഉയിൎപ്പാനും, നമ്മുടെ വല്ലാത്ത ദുരാഗ്രഹങ്ങളെ ഒക്കെയും ഇടവിടാതെ മരിപ്പിപ്പാനും, സകല സൽഗുണവും ദൈവഭക്തിയുമുള്ള നടപ്പിൽ നാൾതോറും വൎദ്ധിപ്പാനുമുള്ള നമ്മുടെ പ്രതിജ്ഞയെ ബപ്തീസ്മ നമുക്കു കാണിക്കുന്നു എന്നു എപ്പോഴും ഓൎക്കേണ്ടിയവരാകുന്നു.

¶ പൈതലിനെ പള്ളിയിൽ കൊണ്ടുവരുന്നവർ പ്രെസ്ബിററരുടെ ചോദ്യങ്ങൾക്കു പറയുന്ന ഉത്തരങ്ങൾ **പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ വെള്ളംകൊണ്ടു** പൈതലിനെ ബപ്തീസ്മപ്പെടുത്തി എന്നുള്ള ബപ്തീസ്മയുടെ സാരഭാഗങ്ങൾ തെളിവാകാതവണ്ണം നിശ്ചയമില്ലാത്ത ഉത്തരങ്ങൾ ആയിരുന്നാൽ ശിശുക്കളുടെ പരസ്യബപ്തീസ്മെക്കായി മുൻ നിശ്ചയിച്ചിരിക്കുന്ന ക്രമപ്രകാരം പ്രെസ്ബിററർ അതിനെ ബപ്തീസ്മപ്പെടുത്തേണം; എന്നാൽ ബപ്തീസ്മത്തൊട്ടിയിൽ പൈതലിനെ മുക്കുമ്പോൾ ചൊല്ലുന്നതു ഠരം താഴെ വരുന്ന വാക്കുകൾ ആയിരിക്കേണം:

——, നീ ബപ്തീസ്മപ്പെട്ടിട്ടില്ലെങ്കിൽ ഞാൻ പിതാവിൻെറയും, പുത്രൻെറയും, പരിശുദ്ധാത്മാവിൻെറയും നാമത്തിൽ നിന്നെ ബപ്തീസ്മപ്പെടുത്തുന്നു. ആമെൻ.

# THE MINISTRATION OF
# BAPTISM
# TO SUCH AS ARE OF RIPER YEARS,
### AND ABLE TO ANSWER FOR THEMSELVES.

---

# തന്നെത്താൻ ഉത്തരം പറവാൻ പ്രാപ്തരും
# മുതിൎന്നവരുമായവൎക്കു
## വേണ്ടിയുള്ള
# ബപ്തീസ്മായുടെ
## ആചാരക്രമം

---

¶ മുതിൎന്നവർ ബപ്തീസ്മ കഴിവാനുള്ളപ്പോൾ അവർ ക്രിസ്തുമതത്തിലെ ആദ്യപാഠങ്ങളെ വേണ്ടുംവണ്ണം പഠിച്ചിരിക്കുന്നുവോ എന്നു അവരെ ശോധന ചെയ്യേണ്ടതിലേക്കു വേണ്ട ഏൎപ്പാടുകൾ ചെയ്വാനും, ഈ വിശുദ്ധ സക്രമെന്തു കൈക്കൊൾവാൻ തങ്ങളെത്തന്നേ പ്രാൎത്ഥനയാലും ഉപവാസത്താലും ഒരുക്കികൊള്ളേണമെന്നു അവൎക്കു ബുദ്ധി ഉപദേശിപ്പാനും എപ്പിസ്കോപ്പായോടോ താൻ നിയമിക്കുന്ന ആളിനോടോ, മാതാപിതാക്കന്മാരോ മറ്റു വിവേകമുള്ളവരോ ഒരു ആഴ്ചവട്ടം മുമ്പേ എങ്കിലും അപേക്ഷിക്കേണം.

¶ അവർ യോഗ്യതയുള്ളവരെന്നു കണ്ടാൽ, നിശ്ചയിക്കപ്പെട്ട ഞായറാഴ്ചയിൽ എങ്കിലും, പെരുനാളിൽ എങ്കിലും, ജനങ്ങൾ കൂടിയിരിക്കെ, പട്ടക്കാരന്നു നല്ലതെന്നു തോന്നുംപ്രകാരം കാലത്തേയോ വൈകുന്നേരത്തേയോ പ്രാൎത്ഥനസമയത്തു രണ്ടാം പാഠം കഴിഞ്ഞ ഉടനെ ജ്ഞാനപിതാക്കന്മാരും ജ്ഞാനമാതാക്കന്മാരും അവരെ ബപ്തീസ്മതൊട്ടിയിങ്കൽ നിൎത്തുവാൻ ഒരുങ്ങിയിരിക്കേണം.

¶ അവർ അവിടെ നില്ക്കെ, ഇവിടെ നിൎത്തിയിരിക്കുന്നവരിൽ ആൎക്കെങ്കിലും ബപ്തീസ്മ കഴിഞ്ഞിട്ടുണ്ടോ ഇല്ലയോ എന്നു പ്രെസ്ബിറ്ററർ ചോദിക്കേണം; **ഇല്ല** എന്നു അവർ ഉത്തരം പറഞ്ഞാൽ അപ്പോൾ പ്രെസ്ബിറ്ററർ ചൊല്ലേണ്ടതു,

**പ്രി**യപ്പെട്ടവരേ, എല്ലാ മനുഷ്യരും പാപത്തിൽ ഉല്പാദിച്ചു ജനിച്ചിരിക്കകൊണ്ടും, ജഡത്തിൽനിന്നു ജനിച്ചതു ജഡമാകകൊണ്ടും, ജഡത്തിലിരിക്കുന്നവർ പല കൎമ്മപാപങ്ങളെ ചെയ്തുകൊണ്ടു പാപത്തിൽ ജീവിക്കയല്ലാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ അവൎക്കു കഴിയായ്കകൊണ്ടും, വെ

ള്ളത്താലും പരിശുദ്ധാത്മാവിനാലും പുതുതായി ജനിക്കാതെ ആൎക്കും ദൈവരാജ്യത്തിലേക്കു കടപ്പാൻ കഴികയില്ല എന്നു നമ്മുടെ രക്ഷിതാവായ മശിഹാ പറഞ്ഞിരിക്കകൊണ്ടും, [ഈ ആളുകൾക്കു] പ്രകൃതിയാൽ ഉണ്ടാകുവാൻ കഴിയാത്തതിനെ പിതാവായ ദൈവം തന്റെ ധാരാളമായുള്ള കൃപകൊണ്ടു കൊടുക്കേണമെന്നും, ഇപ്രകാരം [ഇവർ] വെള്ളത്താലും പരിശുദ്ധാത്മാവിനാലും ബപ്തിസ്മ കഴിഞ്ഞു, മശിഹായുടെ തിരുസഭയിലേക്കു കൈക്കൊള്ളപ്പെട്ടു അതിന്റെ ജീവനുള്ള [അവയവങ്ങൾ] ആയി തീരേണമെന്നും നമ്മുടെ കൎത്താവായ യേശുമശിഹാ മൂലം നിങ്ങൾ ദൈവത്തോടു അപേക്ഷിക്കേണമെന്നു ഞാൻ നിങ്ങളോടു യാചിക്കുന്നു.

¶ അതിന്റെ ശേഷം പ്രെസ്ബിററർ ചൊല്ലേണ്ടതു,

നാം പ്രാൎത്ഥിക്ക

¶ ഇവിടെ യോഗം മുഴുവനും മുട്ടുകുത്തേണം.

നോഹയും അവന്റെ കുടുംബവും വെള്ളത്താൽ നശിക്കാതെ നിന്റെ മഹാ കരുണകൊണ്ടു അവരെ പെട്ടകത്തിൽ രക്ഷിക്കയും, നിന്റെ വിശുദ്ധ ബപ്തിസ്മെക്കു സാദൃശ്യമായി, നിന്റെ ജനങ്ങളായ യിസ്രായേൽ മക്കളെ ചെങ്കടലിൽ കൂടി ക്ഷേമത്തോടെ നടത്തുകയും, യോർദ്ദാൻ നദിയിൽ വെച്ചു നിന്റെ മഹാ പ്രിയ പുത്രനായ യേശുമശിഹായുടെ ബപ്തിസ്മയാൽ പാപത്തെ ജ്ഞാനാൎത്ഥമായി കഴുകിക്കളയുന്നതിന്നു വെള്ളത്തെ ശുദ്ധീകരിക്കയും ചെയ്തുവനായി സൎവ്വശക്തനും നിത്യനുമായ ദൈവമേ, നിന്റെ ദാസരായ [ഇവർ] നിന്റെ കോപത്തിൽനിന്നു രക്ഷിക്കപ്പെട്ടു മശിഹായുടെ സഭയാകുന്ന പെട്ടകത്തിലേക്കു കൈക്കൊള്ളപ്പെടേണ്ടതിന്നും, വിശ്വാസത്തിൽ [ഉറപ്പുള്ളവരായും], ആശകൊണ്ടു [സന്തോഷമുള്ളവരായും], സ്നേഹത്തിൽ [വേരൂന്നിയവരായും] ഈ കഷ്ടലോകത്തിലെ തിരകളെ കടന്നിട്ടു, [ഇവർ] ഒടുക്കം നിത്യജീവന്റെ കരെക്കു എത്തി, അവിടെ നിന്നോടുകൂടെ കാലാവസാനം കൂടാതെ വാഴേണ്ടതിന്നും, നിന്റെ അന്തമില്ലാത്ത കരുണകൾകൊണ്ടു [ഇവരെ] കടാക്ഷിച്ചു, പരിശുദ്ധാത്മാവിനെക്കൊണ്ടു [ഇവരെ] കഴുകി ശുദ്ധീകരിക്കേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

മുട്ടുള്ള എല്ലാവൎക്കും തുണയും, സംരക്ഷണത്തിന്നായിട്ടു നിങ്കലേക്കു ഓടിവരുന്ന എല്ലാവൎക്കും സഹായിയും, വിശ്വസിക്കുന്നവരുടെ ജീവനും, മരിച്ചവരുടെ പുനരുത്ഥാനവും ആകുന്ന സൎവ്വശക്തനും അമൎത്ത്യനുമായ ദൈവമേ, നിന്റെ വിശുദ്ധ ബപ്തിസ്മെക്കു വരുന്ന ഈ [ആളുകൾക്കു] ആത്മീയമായ പുനൎജ്ജനനത്താൽ [ഇവരുടെ] പാപങ്ങളുടെ മോചനം

ലഭിപ്പാനായിട്ടു [ഇവർക്കു] വേണ്ടി ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു: യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും എന്നു നീ നിന്റെ പ്രിയ പുത്രനെക്കൊണ്ടു വാഗ്ദത്തം ചെയ്യിച്ചപ്രകാരം കർത്താവേ, [ഇവരെ] കൈക്കൊള്ളേണമേ. അപ്രകാരം തന്നേ ഈ [ആളുകൾ] നിന്റെ സ്വർഗ്ഗീയ സ്നാനമാകുന്ന നിത്യ ആശീർവ്വാദം അനുഭവിക്കേണ്ടതിന്നും, ഞങ്ങളുടെ കർത്താവായ യേശുമശിഹായെ കൊണ്ടു നീ വാഗ്ദത്തം ചെയ്യിച്ചിട്ടുള്ള നിത്യരാജ്യത്തിലേക്കു പ്രവേശിക്കേണ്ടുന്നതിന്നും, ഇപ്പോൾ യാചിക്കുന്ന ഞങ്ങൾക്കു തരികയും അന്വേഷിക്കുന്ന ഞങ്ങൾ കണ്ടെത്തുകയും, മുട്ടുന്ന ഞങ്ങൾക്കു വാതിൽ തുറക്കയും ചെയ്യേണമേ. ആമെൻ.

¶ അപ്പോൾ ജനങ്ങൾ എഴുന്നേററിട്ടു പ്രെസ്ബിററർ ചൊല്ലേണം,

വിശുദ്ധ യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ മൂന്നാം അദ്ധ്യായത്തിൽ ഒന്നാം വാക്യം തുടങ്ങിയുള്ള വാക്കുകളെ കേൾപ്പിൻ.

പരീശന്മാരുടെ കൂട്ടത്തിൽ യെഹൂദന്മാരുടെ ഒരു പ്രമാണിയായി നിക്കൊദേമൊസ് എന്നു പേരുള്ളോരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻ രാത്രിയിൽ യേശുവിന്റെ അടുക്കൽ വന്നു അവനോടു: റബ്ബീ, നീ ദൈവത്തിന്റെ അടുക്കൽ നിന്നു ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു; ദൈവം തന്നോടുകൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങളെ ചെയ്വാൻ ആർക്കും കഴികയില്ല എന്നു പറഞ്ഞു. യേശു അവനോടു: ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല എന്നു ഉത്തരം പറഞ്ഞു. നിക്കൊദേമൊസ് അവനോടു: മനുഷ്യൻ വൃദ്ധനായ ശേഷം ജനിക്കുന്നതു എങ്ങനെ? രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്നു ജനിക്കാമോ എന്നു ചോദിച്ചു. അതിന്നു യേശു: ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല. ജഡത്താൽ ജനിച്ചതു ജഡം ആകുന്നു: ആത്മാവിനാൽ ജനിച്ചതു ആത്മാവു ആകുന്നു. നിങ്ങൾ പുതുതായി ജനിക്കേണം എന്നു ഞാൻ നിന്നോടു പറകയാൽ ആശ്ചര്യപ്പെടരുതു. കാററു ഇഷ്ടമുള്ളെടത്തു ഊതുന്നു; അതിന്റെ ശബ്ദം നീ കേൾക്കുന്നു; എങ്കിലും അതു എവിടെനിന്നു വരുന്നു എന്നും എവിടേക്കു പോകുന്നു എന്നും അറിയുന്നില്ല; ആത്മാവിനാൽ ജനിച്ചവൻ എല്ലാം അതുപോലെ ആകുന്നു എന്നു ഉത്തരം പറഞ്ഞു.

¶ അതിന്റെശേഷം അവൻ താഴെയുള്ള പ്രബോധനം വായിക്കേണം.

പ്രിയമുള്ളവരേ, വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ, ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല എന്നു നമ്മുടെ രക്ഷിതാ

വായ മശിഹാ ഈ സുവിശേഷത്തിൽ സ്പഷ്ടമായി അരുളിച്ചെയ്ത വാക്കുകളെ നിങ്ങൾ കേട്ടുവല്ലോ. അതുകൊണ്ടു ഈ സക്രമെന്തു ലഭിക്കാവുന്നിടത്തു അതു എത്രയും ആവശ്യമുള്ളതെന്നു നിങ്ങൾക്കു അറിഞ്ഞുകൊള്ളാം. അപ്രകാരം തന്നെ വിശുദ്ധ മൎക്കൊസിന്റെ സുവിശേഷത്തിൽ ഒടുവിലത്തെ അദ്ധ്യായത്തിൽ നാം വായിക്കുന്നതു പോലെ, തന്റെ സ്വൎഗ്ഗാരോഹണത്തിന്നു അല്പം മുമ്പെ അവൻ തന്റെ ശിഷ്യന്മാരോടു, നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി, സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ; വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും എന്നു കല്പിച്ചതും നാം ഈ സക്രമെന്തിനാൽ അനുഭവിക്കുന്ന വലിയ ഉപകാരത്തെ നമുക്കു കാണിക്കുന്നു. ഇതുകൊണ്ടു തന്നേ വിശുദ്ധ പത്രൊസ് അപ്പൊസ്തലൻ സുവിശേഷത്തെ ആദ്യം പ്രസംഗിച്ചപ്പോൾ വളരെ ജനങ്ങൾ ഹൃദയത്തിൽ കുത്തുകൊണ്ടു അവനോടും ശേഷം അപ്പൊസ്തലന്മാരോടും, സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു? എന്നു ചോദിച്ചതിന്നു ഉത്തരമായിട്ടു അവരോടു പറഞ്ഞതു: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായിട്ടു ഓരോരുത്തൻ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും; വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കൎത്താവു വിളിച്ചുവരുത്തുന്ന ദൂരസ്ഥന്മാരായ ഏവൎക്കും ഉള്ളതല്ലോ. അവൻ മറ്റു അനേകം വാക്കുകളാലും സാക്ഷ്യം പറഞ്ഞു അവരെ പ്രബോധിപ്പിച്ചു, ഈ വക്രതയുള്ള തലമുറയിൽനിന്നു രക്ഷിക്കപ്പെടുവിൻ എന്നു പറകയും ചെയ്തു. എന്തെന്നാൽ ഈ അപ്പൊസ്തലൻ തന്നേ വേറൊരു ഭാഗത്തു സാക്ഷിച്ചിരിക്കുന്നപ്രകാരം, സ്നാനമോ (ഇപ്പോൾ ജഡത്തിന്റെ അഴുക്കു കളയുന്നതിനായിട്ടല്ല, ദൈവത്തോടു നല്ല മനസ്സാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രെ) യേശുമശിഹായുടെ പുനരുത്ഥാനത്താൽ നമ്മെയും രക്ഷിക്കുന്നതു. അതുകൊണ്ടു സത്യമായി മാനസാന്തരപ്പെട്ടു വിശ്വാസത്തോടെ തന്റെ അടുക്കൽ വന്നിരിക്കുന്ന [ഈ ആളുകളെ] അവൻ ദയയോടെ കൈക്കൊള്ളുമെന്നും, [ഇവരുടെ] പാപങ്ങളെ മോചിക്കുമെന്നും, [ഇവൎക്കു] നിത്യജീവനാകുന്ന അനുഗ്രഹം കൊടുത്തു തന്റെ നിത്യരാജ്യത്തിന്നു [അവകാശികൾ] ആക്കുമെന്നും സംശയിക്കാതെ താല്പൎയ്യത്തോടെ വിശ്വസിപ്പിൻ.

ആകയാൽ തന്റെ പുത്രനായ യേശുമശിഹായെക്കൊണ്ടു അറിയിച്ചപ്രകാരം ഈ [ആളുകളോടു] നമ്മുടെ സ്വൎഗ്ഗസ്ഥപിതാവിന്നുള്ള പ്രിയത്തെ കുറിച്ചു ഇങ്ങനെ നമുക്കു നിശ്ചയമാകകൊണ്ടു നാം വിശ്വാസത്തോടും ഭക്തിയോടും അവന്നു സ്തോത്രം ചെയ്തു ചൊല്ലേണ്ടതു,

സൎവ്വശക്തനും നിത്യനുമായ ദൈവമേ, സ്വൎഗ്ഗസ്ഥപിതാവേ, നിന്റെ കൃ

പയെക്കുറിച്ചുള്ള അറിവിലേക്കും നിന്നിലുള്ള വിശ്വാസത്തിലേക്കും ഞങ്ങളെ വിളിപ്പാൻ നിനക്കു ഇഷ്ടം തോന്നിയിരിക്കകൊണ്ടു ഞങ്ങൾ നിനക്കു വിനയമായി സ്തോത്രം ചെയ്യുന്നു. ഞങ്ങളിൽ എപ്പോഴും ഈ അറിവിനെ വർദ്ധിപ്പിച്ചു, ഈ വിശ്വാസത്തെ ഉറപ്പിക്കേണമെ. [ഈ ആളുകൾ] വീണ്ടും ജനിക്കേണ്ടതിന്നും, എന്നേക്കുമുള്ള രക്ഷെക്കു [അവകാശികൾ] ആയി തീരേണ്ടതിന്നും, നിന്നോടും പരിശുദ്ധാത്മാവിനോടുംകൂടെ ഇപ്പോഴും എപ്പോഴും ജീവിച്ചു വാഴുന്നവനായി, ഞങ്ങളുടെ കർത്താവായ യേശുമശിഹാമൂലം നിന്റെ പരിശുദ്ധാത്മാവിനെ [ഇവർക്കു] കൊടുക്കേണമെ. ആമെൻ.

¶ പിന്നെ പ്രെസ്ബിറ്റർ ബപ്തിസ്മ കഴിവാനുള്ള ജനങ്ങളോടു ഇപ്രകാരം പറയേണം.

വിശുദ്ധ ബപ്തിസ്മ ആഗ്രഹിച്ചുകൊണ്ടു ഇവിടെ വന്നിരിക്കുന്ന പ്രിയപ്പെട്ടവരേ, [നിങ്ങളെ] കൈക്കൊള്ളുവാനും, [നിങ്ങളെ] അനുഗ്രഹിപ്പാനും [നിങ്ങളുടെ] പാപങ്ങളിൽനിന്നു [നിങ്ങളെ] വിടുവിപ്പാനും, സ്വർഗ്ഗരാജ്യത്തെയും നിത്യജീവനെയും [നിങ്ങൾക്കു] തരുവാനും നമ്മുടെ കർത്താവായ യേശുമശിഹായിക്കു ഇഷ്ടമാകേണമെന്നു ഈ സഭായോഗം അപേക്ഷിച്ചപ്രകാരം [നിങ്ങൾ] കേട്ടുവല്ലൊ; ഞങ്ങൾ അപേക്ഷിച്ച കാര്യങ്ങളെ ഒക്കെയും തരുമെന്നു നമ്മുടെ കർത്താവായ യേശുമശിഹാ തന്റെ വിശുദ്ധ വചനത്തിൽ വാഗ്ദത്തം ചെയ്തതും [നിങ്ങൾ] കേട്ടുവല്ലൊ; ആ വാഗ്ദത്തം അവൻ തന്റെ പക്ഷത്തിൽ നിശ്ചയമായി പ്രമാണിച്ചു നിവൃത്തിയാക്കും.

ഇങ്ങനെ മശിഹാ വാഗ്ദത്തം ചെയ്തിരിക്കകൊണ്ടു [നിങ്ങൾ] പിശാചിനെയും അവന്റെ സകല പ്രവൃത്തികളെയും ഉപേക്ഷിച്ചു, ദൈവത്തിന്റെ വിശുദ്ധ വചനത്തെ ഉറപ്പായിട്ടു വിശ്വസിച്ചു. അവന്റെ കല്പനകളെ അനുസരണത്തോടെ പ്രമാണിക്കുമെന്നു [നിങ്ങളുടെ] സാക്ഷികളായ ഇവരുടെയും ഈ സഭായോഗത്തിന്റെ ഒക്കെയും മുമ്പാകെ [നിങ്ങൾ നിങ്ങളുടെ] പക്ഷത്തിൽ വിശ്വസ്തതയോടെ വാഗ്ദത്തം ചെയ്യേണ്ടതാകുന്നു.

¶ അതിന്റെ ശേഷം പ്രെസ്ബിറ്റർ ബപ്തിസ്മ കഴിവാനുള്ളവരിൽ ഓരോരുത്തനോടു വെവ്വേറെ ഈ താഴെയുള്ള ചോദ്യങ്ങൾ ചോദിക്കേണം.

ചോദ്യം.

നീ പിശാചിനെയും അവന്റെ സകല പ്രവൃത്തികളെയും, ലോകത്തിന്റെ മായയായുള്ള കോലാഹലത്തെയും മഹത്വത്തെയും, ആയതിന്റെ സകല ദുരാഗ്രഹങ്ങളെയും, ജഡത്തിന്റെ മോഹങ്ങളെയും അനുസരിച്ചു

നടക്കയോ അവയാൽ നടത്തപ്പെടുകയോ ചെയ്യാതവണ്ണം ഉപേക്ഷിക്കുന്നുവോ ?

ഉത്തരം. അവയെ എല്ലാം ഞാൻ ഉപേക്ഷിക്കുന്നു.

ചോദ്യം.

സൎവ്വശക്തിയുള്ള പിതാവായി, ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചവനായ ദൈവത്തിൽ നീ വിശ്വസിക്കുന്നുവോ ?

അവന്റെ ഏകജാതനായ പുത്രനായി നമ്മുടെ കൎത്താവായ യേശുമശിഹായിലും നീ വിശ്വസിക്കുന്നുവോ ? ഇവൻ പരിശുദ്ധാത്മാവിനാൽ കന്യകമറിയയിൽ ഉല്പാദിക്കപ്പെട്ടു ജനിച്ചു എന്നും ; പൊന്തിയോസ് പീലാത്തൊസിന്റെ കീഴിൽ കഷ്ടപ്പെട്ടു ക്രൂശിക്കപ്പെട്ടു, മരിച്ചു അടക്കപ്പെട്ടു എന്നും ; പാതാളത്തിലേക്കു ഇറങ്ങി, മൂന്നാം ദിവസം പിന്നെയും ഉയിൎത്തെഴുന്നേററു എന്നും ; സ്വൎഗ്ഗത്തിലേക്കു കയറി, സൎവ്വശക്തിയുള്ള പിതാവാകുന്ന ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നു എന്നും ; അവിടെനിന്നു ലോകാവസാനത്തിങ്കൽ ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിപ്പാൻ വീണ്ടും വരും എന്നും നീ വിശ്വസിക്കുന്നുവോ ?

പരിശുദ്ധാത്മാവിലും നീ വിശ്വസിക്കുന്നുവോ ? വിശുദ്ധ കാതോലിക സഭയിലും ; വിശുദ്ധന്മാരുടെ സംസൎഗ്ഗത്തിലും ; പാപമോചനത്തിലും ; ജഡത്തിന്റെ പുനരുത്ഥാനത്തിലും ; മരണശേഷമുള്ള നിത്യജീവനിലും നീ വിശ്വസിക്കുന്നുവോ ?

ഉത്തരം. ഇതു എല്ലാം ഞാൻ ഉറപ്പായിട്ടു വിശ്വസിക്കുന്നു.

ചോദ്യം.

ഈ വിശ്വാസത്തിൽ ബപ്തീസ്മപ്പെടുവാൻ നിനക്കു മനസ്സുണ്ടോ ?

ഉത്തരം. എന്റെ ആഗ്രഹം അതു ആകുന്നു.

ചോദ്യം.

എന്നാൽ നീ ദൈവത്തിന്റെ വിശുദ്ധ ഹിതത്തെയും കല്പനകളെയും അനുസരണത്തോടെ പ്രമാണിക്കയും നിന്റെ ആയുസ്സുള്ള നാൾ ഒക്കെയും അപ്രകാരം നടക്കയും ചെയ്യുമോ ?

ഉത്തരം. ദൈവസഹായംകൊണ്ടു ഞാൻ അങ്ങനെ ചെയ്വാൻ ഉത്സാഹിക്കും.

¶ അതിന്റെശേഷം പ്രെസ്ബിററർ ചൊല്ലേണ്ടതു,

കരുണയുള്ള ദൈവമേ, ഈ [ആളുകളിൽ] പുതിയ മനുഷ്യൻ ഉയിൎപ്പിക്കപ്പെടുവാൻ തക്കവണ്ണം [ഇവരിൽ] പഴയ ആദാം കുഴിച്ചിടപ്പെടേണ്ടതിന്നു കൃപയരുളേണമേ. ആമെൻ.

[ഇവരിൽ] ജഡമയമായുള്ള ആഗ്രഹങ്ങൾ ഒക്കെയും ചാകേണ്ടതിന്നും, ആത്മാവിന്നുള്ള കാൎയ്യങ്ങൾ ഒക്കെയും ജീവിച്ചു വളരേണ്ടതിന്നും കൃപയരുളേണമേ. ആമെൻ.

പിശാചിനെയും ലോകത്തെയും ജഡത്തെയും ജയിച്ചു, ജയോത്സവം കൊണ്ടാടുവാൻ [ഇവൎക്കു] ശക്തിയും ബലവും ഉണ്ടാകേണ്ടതിന്നു കൃപയരുളേണമേ. ആമെൻ.

കാലാവസാനം കൂടാതെ ജീവിച്ചു, സകലത്തെയും ഭരിക്കുന്നവനായി വാഴ്ത്തപ്പെട്ട കൎത്താവായ ദൈവമേ, ഇവർ ഞങ്ങളുടെ സ്ഥാനംകൊണ്ടും ശുശ്രൂഷകൊണ്ടും ഇവിടെ നിനക്കു പ്രതിഷ്ഠിക്കപ്പെട്ടിരിക്കയാൽ നിന്റെ കരുണകൊണ്ടു സ്വൎഗ്ഗീയ ഗുണങ്ങൾ ധരിച്ചവരായി തീൎന്നു, നിത്യമായ പ്രതിഫലം പ്രാപിക്കേണ്ടതിന്നു കൃപയരുളേണമേ. ആമെൻ.

സൎവ്വശക്തനും നിത്യനുമായ ദൈവമേ, നിന്റെ മഹാ വാത്സല്യപുത്രനായ യേശുമശിഹാ ഞങ്ങളുടെ പാപമോചനത്തിന്നായി അവന്റെ ഏററവും വിലയേറിയ വിലാപ്പുറത്തുനിന്നു വെള്ളവും രക്തവും ചൊരികയും, അവന്റെ ശിഷ്യന്മാർ പുറപ്പെട്ടു സകല ജാതികൾക്കും ഉപദേശിച്ചു, അവരെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ബപ്തീസ്മപ്പെടുത്തേണമെന്നു കല്പിക്കയും ചെയ്തുവല്ലോ; ൟ സഭായോഗത്തിന്റെ അപേക്ഷകളെ ചെവിക്കൊണ്ടു, പാപത്തെ ജ്ഞാനാൎത്ഥമായി കഴുകിക്കളയുന്നതിനു ൟ വെള്ളം ശുദ്ധീകരിച്ചു, ഇപ്പോൾ അതിൽ ബപ്തീസ്മപ്പെടുവാനുള്ള [ജനങ്ങൾ] നിന്റെ കൃപയുടെ പൂൎണ്ണത ലഭിച്ചു, വിശ്വാസമുള്ളവരും തിരഞ്ഞെടുക്കപ്പെട്ടവരുമായ നിന്റെ മക്കളുടെ എണ്ണത്തിൽ എന്നേക്കും ഇരിപ്പാനായിട്ടു കൃപ ചെയ്യേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

¶ അതിന്റെശേഷം പ്രെസ്ബിററർ ബപ്തീസ്മ കഴിവാനുള്ള ഓരോരുത്തനെ വലത്തെ കൈ പിടിച്ചു തനിക്കു യുക്തമെന്നു തോന്നുംപ്രകാരം ബപ്തീസ്മതൊട്ടിക്കരികെ നിറുത്തി, ജ്ഞാനപിതാക്കന്മാരോടും ജ്ഞാനമാതാക്കന്മാരോടും പേർ ചോദിക്കേണം. അതിന്റെശേഷം അവനെ വെള്ളത്തിൽ മുക്കുക എങ്കിലും അവന്റെമേൽ വെള്ളം പകരുക എങ്കിലും ചെയ്തു ചൊല്ലേണ്ടതു,

——, പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിന്നെ ബപ്തീസ്മപ്പെടുത്തുന്നു. ആമെൻ.

¶ പിന്നെ പ്രെസ്ബിററർ ചൊല്ലേണ്ടതു,

ഒരം ആളിനെ നാം മശിഹായുടെ ആട്ടിൻകൂട്ടമായ സഭയിലേക്ക കൈക്കൊണ്ടു, ഇനിമേൽ [ഇവൻ] ക്രൂശിക്കപ്പെട്ട മശിഹായിലുള്ള വിശ്വാസത്തെ ഏററുപറവാനും, അവൻെറ കൊടിക്കീഴിൽനിന്ന പാപത്തോടും ലോകത്തോടും പിശാചിനോടും ധൈൎയ്യത്തോടെ യുദ്ധം ചെയ്വാനും, [ഇവൻെറ] പ്രാണാവസാനം വരെ മശിഹായുടെ വിശ്വസ്ത [പടയാളിയും, ദാസനും] ആയിരിപ്പാനും നാണിക്കരുതെന്നുള്ളതിന്ന ലക്ഷ്യമായിട്ടു നാം ഇവനിൽ * ക്രൂശിൻെറ അടയാളം വരെക്കുന്നു. ആമെൻ.

* ഇവിടെ പ്രെസ്ബിററർ ആ ആളിൻെറ നെററിമേൽ ക്രൂശിൻെറ അടയാളം വരെക്കണം.

¶ അതിൻെറശേഷം പ്രെസ്ബിററർ ചൊല്ലേണ്ടതു,

പ്രിയപ്പെട്ട സഹോദരന്മാരേ, [ഒരം ആളുകൾ] വീണ്ടും ജനിച്ചു മശിഹായുടെ സഭയാകുന്ന ശരീരത്തിലേക്ക ചേൎക്കപ്പെട്ടതുകൊണ്ടു, ഒരം ഉപകാരങ്ങൾക്കായിട്ടു നാം സൎവ്വശക്തനായ ദൈവത്തിന്ന സ്തോത്രം ചെയ്തു, [ഇവർ] ഒരം ആരംഭപ്രകാരം തന്നേ [ഇവരുടെ] ശിഷ്ടായുസ്സിനെ കഴിപ്പാനായിട്ടു ഏകമനസ്സോടെ നാം അവനോടു പ്രാൎത്ഥിക്ക.

¶ അപ്പോൾ എല്ലാവരും മുട്ടുകുത്തിക്കൊണ്ടു കൎത്താവിൻെറ പ്രാൎത്ഥന ചൊല്ലേണം.

സ്വൎഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിൻെറ നാമം പരിശുദ്ധമാക്കപ്പെടേണമേ. നിൻെറ രാജ്യം വരേണമേ. നിൻെറ ഇഷ്ടം സ്വൎഗ്ഗത്തിലെപ്പോലെ ഭൂമിയിലും ചെയ്യപ്പെടേണമേ. ഞങ്ങളുടെ ദിവസവുമുള്ള അപ്പം ഇന്നു ഞങ്ങൾക്ക തരേണമേ, ഞങ്ങളുടെ നേരെ കുററം ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ കുററങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിലേക്ക കടത്താതെ, ഞങ്ങളെ ദോഷത്തിൽനിന്ന രക്ഷിക്കേണമേ. ആമെൻ.

സ്വൎഗ്ഗസ്ഥപിതാവേ, നിൻെറ കൃപയെക്കുറിച്ചുള്ള അറിവിലേക്കും, നിന്നിലുള്ള വിശ്വാസത്തിലേക്കും ഞങ്ങളെ വിളിപ്പാൻ നിനക്ക ഇഷ്ടം തോന്നിയിരിക്കകൊണ്ടു ഞങ്ങൾ നിനക്ക വിനയമായി സ്തോത്രം ചെയ്യുന്നു. ഞങ്ങളിൽ എപ്പോഴും ഒരം അറിവിനെ വൎദ്ധിപ്പിച്ചു, ഒരം വിശ്വാസത്തെ ഉറപ്പിക്കേണമേ. [ഈ ആളുകൾ] ഇപ്പോൾ വീണ്ടും ജനിച്ചു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം എന്നേക്കുമുള്ള രക്ഷെക്ക [അവകാശികൾ] ആയി തീൎന്നിരിക്കയാൽ [ഇവർ] നിൻെറ [ദാസർ] ആയിട്ടു നിലനില്ക്കേണ്ടതിന്നും നിൻെറ വാഗ്ദത്തങ്ങളെ അനുഭവിക്കേണ്ടതിന്നും, പരിശുദ്ധാ

ത്മാവിൻെറ ഏകത്വത്തിൽ നിന്നോടുകൂടെ എന്നേക്കും ജീവിച്ചു വാഴുന്നവനായി, നിൻെറ പുത്രനായി കൎത്താവായ ആ യേശുമശിഹാമൂലം നിൻെറ പരിശുദ്ധാത്മാവിനെ [ഇവൎക്കു] കൊടുക്കേണമേ. ആമെൻ.

¶ അതിൻെറ ശേഷം എല്ലാവരും എഴുന്നേറ്റു നിന്നിട്ടു പ്രെസ്ബിറ്റെർ ഈ താഴെയുള്ള പ്രബോധനം വായിച്ചു ആദ്യമായി ജ്ഞാനപിതാക്കന്മാരോടും ജ്ഞാനമാതാക്കന്മാരോടും പറയേണ്ടുന്നതു,

പിശാചിനെയും അവൻെറ സകല പ്രവൃത്തികളെയും ഉപേക്ഷിക്കുമെന്നും ദൈവത്തിൽ വിശ്വസിക്കുമെന്നും, അവനെ സേവിക്കുമെന്നും [ഈ ആളുകൾ] നിങ്ങളുടെ മുമ്പാകെ വാഗ്ദത്തം ചെയ്തിരിക്കകൊണ്ടു, ഈ സഭായോഗത്തിൻെറയും, പ്രത്യേകം [ഇവരുടെ] തിരഞ്ഞെടുക്കപ്പെട്ട സാക്ഷിക്കാരായ നിങ്ങളുടെയും മുമ്പാകെ ഇപ്പോൾ ചെയ്തിട്ടുള്ള വ്രതവും, വാഗ്ദത്തവും, പ്രതിജ്ഞയും എത്ര ഭയഭക്തികരമെന്നു [ഇവരെ] ഓൎമ്മപ്പെടുത്തുന്നതു നിങ്ങളുടെ കൃത്യവും മുറയും ആകുന്നു എന്നു നിങ്ങൾ ഓൎത്തുകൊള്ളേണം. അത്രയുമല്ല, [ഇവർ] കൃപയിലും നമ്മുടെ കൎത്താവായ യേശുമശിഹായുടെ പരിജ്ഞാനത്തിലും വളരേണ്ടതിന്നും, ഈ ലോകത്തിൽ ദൈവഭക്തിയോടും നീതിയോടും സുബോധത്തോടും ജീവിച്ചുപോരേണ്ടതിന്നും, സകല ഉത്സാഹത്തോടുംകൂടെ ദൈവത്തിൻെറ വിശുദ്ധ വചനത്തെ നല്ലവണ്ണം പഠിക്കേണമെന്നു നിങ്ങൾ [ഇവരെ] പ്രബോധിപ്പിപ്പാനുള്ളതാകുന്നു.

¶ പിന്നെയും അവൻ പുതുതായി ബപ്തീസ്മ കഴിഞ്ഞ ആളുകളോടു പറയേണ്ടതു,

വിശേഷിച്ചും ബപ്തീസ്മയാൽ ഇപ്പോൾ മശിഹായെ ധരിച്ചവരായ [നിങ്ങൾ], യേശുമശിഹായിലുള്ള വിശ്വാസത്താൽ ദൈവത്തിൻെറയും പ്രകാശത്തിൻെറയും [മക്കളായി] തീൎന്നിരിക്കകൊണ്ടു നിങ്ങളുടെ ക്രിസ്തീയ വിളിക്കു അനുസരണമായും, പ്രകാശത്തിൻെറ മക്കൾക്കടുത്ത പ്രകാരവും നടപ്പാൻ [നിങ്ങളുടെ] കൃത്യവും മുറയും ആകുന്നു; അതു എന്തെന്നാൽ ബപ്തീസ്മപ്പെട്ടവരായ നാം നമ്മുടെ രക്ഷിതാവായ മശിഹായുടെ ദൃഷ്ടാന്തത്തെ പിന്തുടരുവാനും, അവനെപ്പോലെ ആയിത്തീരുവാനും, അവൻ നമുക്കുവേണ്ടി മരിച്ചു, വീണ്ടും ഉയിൎത്തപ്രകാരം, നാം പാപത്തിന്നു മരിപ്പാനും, നീതിക്കു വീണ്ടും ഉയിൎപ്പാനും, നമ്മുടെ വല്ലാത്ത ദുരാഗ്രഹങ്ങളെ ഒക്കെയും ഇടവിടാതെ മരിപ്പിപ്പാനും, സകല സൽഗുണവും ദൈവഭക്തിയുമുള്ള നടപ്പിൽ നാൾതോറും വൎദ്ധിപ്പാനുമുള്ള നമ്മുടെ പ്രതിജ്ഞയെ ബപ്തീസ്മ നമുക്കു കാണിക്കുന്നു എന്നു [നിങ്ങൾ] എപ്പോഴും ഓൎക്കേണ്ടിയവരാകുന്നു.

¶ ഈ ക്രമപ്രകാരം ബപ്തീസ്മ കഴിഞ്ഞിട്ടുള്ള ഓരോരുത്തൻ വിശുദ്ധ സംസൎഗ്ഗത്തിൽ ഓഹരിക്കാരനാകുവാൻ തക്കവണ്ണം ബപ്തീസ്മ കഴിഞ്ഞശേഷം ആക

ന്നിടത്തോളം വേഗത്തിൽ എപ്പിസ്കോപ്പായാൽ സ്ഥിരീകരിക്കപ്പെടുന്നതു കൊള്ളാം.

ശൈശവത്തിൽ ബപ്തീസ്മ കഴിയാതെ വല്ലവരും തങ്ങൾക്കു തന്നേ ഉത്തരം പറവാൻ വിവേകമുള്ള പ്രായം വരുന്നതിന്നു മുമ്പെ ബപ്തീസ്മ കഴിവാനായി കൊണ്ടുവരപ്പെട്ടാൽ, ശിശുക്കൾക്കുള്ള പരസ്യ ബപ്തീസ്മയുടെ ആചാരക്രമത്തെയോ (അത്യാപത്തുണ്ടെങ്കിൽ) രഹസ്യബപ്തീസ്മയുടെ ആചാരക്രമത്തെയോ ഉപയോഗിച്ചാൽ മതി. [ശിശു] എന്നുള്ള വചനത്തെ [പൈതൽ] എന്നോ [ആൾ] എന്നോ മാത്രം ആവശ്യംപോലെ ഭേദം വരുത്തേണം.

# A CATECHISM,

THAT IS TO SAY,

AN INSTRUCTION TO BE LEARNED OF EVERY PERSON BEFORE HE BE BROUGHT TO BE CONFIRMED BY THE BISHOP

---

# ചോദ്യോത്തരം

അതായത

## എപ്പിസ്കോപ്പായാൽ സ്ഥിരീകരണം കഴിവാനായിട്ട കൊണ്ടുവരപ്പെടുന്നതിന മുമ്പ ഏവരും പഠിക്കേണ്ടുന്ന ഉപദേശം

---

ചോദ്യം.

നിന്റെ പേർ എന്ത്?

ഉത്തരം. ——————എന്ന അല്ലെങ്കിൽ——————എന്ന.

ചോദ്യം. നിനക്ക ൟ പേരിട്ടത ആർ?

ഉത്തരം. എന്റെ ബപ്തീസ്മയിങ്കൽ എന്റെ ജ്ഞാനമാതാപിതാക്കന്മാർ എനിക്ക ൟ പേരിട്ടു. ആ ബപ്തീസ്മയിൽ ഞാൻ മശിഹായുടെ അവയവവും, ദൈവത്തിന്റെ പൈതലും, സ്വൎഗ്ഗരാജ്യത്തിന്റെ അവകാശിയും ആയി തീരുകയും ചെയ്തു.

ചോദ്യം. നിന്റെ ജ്ഞാനമാതാപിതാക്കന്മാർ അപ്പോൾ നിനക്കുവേണ്ടി എന്തുചെയ്തു?

ഉത്തരം. അവർ എന്റെപേൎക്ക മൂന്ന കാൎയ്യങ്ങൾ വാഗ്ദത്തവും പ്രതിജ്ഞയും ചെയ്തു; ഒന്നാമത, പിശാചിനെയും അവന്റെ സകല പ്രവൃത്തികളെയും, ൟ ദുഷ്ടലോകത്തിന്റെ കോലാഹലങ്ങളെയും മായയെയും, ജഡത്തിന്റെ സകല ദുൎമ്മോഹങ്ങളെയും ഞാൻ ഉപേക്ഷിക്കുമെന്നും; രണ്ടാമത, ക്രിസ്തീയവിശ്വാസത്തിന്റെ സകല സംഗതികളെയും ഞാൻ വിശ്വസിക്കുമെന്നും; മൂന്നാമത, ദൈവത്തിന്റെ വിശുദ്ധ ഹിതത്തെയും കല്പനകളെയും ഞാൻ പ്രമാണിച്ചു, അപ്രകാരം എന്റെ ആയുസ്സിൻ നാൾ ഒക്കെയും നടക്കുമെന്നും തന്നെ.

ചോദ്യം. നിനക്കുവേണ്ടി അവർ വാഗ്ദത്തം ചെയ്തപ്രകാരം നീ വിശ്വസിക്കയും പ്രവൎത്തിക്കയും ചെയ്യേണ്ടതാകുന്നു എന്നു നിരൂപിക്കുന്നില്ലയോ ?

ഉത്തരം. ഉവ്വ്, ദൈവത്തിന്റെ സഹായംകൊണ്ടു ഞാൻ അങ്ങനെ തന്നേ ചെയ്യും; നമ്മുടെ രക്ഷിതാവായ യേശുമശിഹാമൂലം ഈ രക്ഷാവസ്ഥയിലേക്കു നമ്മുടെ സ്വൎഗ്ഗസ്ഥപിതാവു എന്നെ വിളിച്ചിരിക്കകൊണ്ടു ഞാൻ അവന്നു മനഃപൂൎവ്വമായി സ്തോത്രം ചെയ്യുന്നു. എന്റെ പ്രാണാവസാനംവരെ ഞാൻ ആയതിൽതന്നേ നിലനില്ക്കേണ്ടതിന്നു ദൈവം തന്റെ കൃപയെ എനിക്കു തരേണമെന്നു ഞാൻ അവനോടു പ്രാൎത്ഥിക്കയും ചെയ്യുന്നു.

ഉപദേഷ്ടാവു.

നിന്റെ വിശ്വാസത്തിന്റെ സംഗതികളെ ചൊല്ലുക.

ഉത്തരം.

സൎവ്വശക്തിയുള്ള പിതാവായി, ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചവനായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.

അവന്റെ ഏകപുത്രനായി നമ്മുടെ കൎത്താവായ യേശുമശിഹായിലും ഞാൻ വിശ്വസിക്കുന്നു; ഇവൻ പരിശുദ്ധാത്മാവിനാൽ കന്യകമറിയയിൽ ഉല്പാദിക്കപ്പെട്ടു ജനിച്ചു, പൊന്തിയോസു പീലാത്തോസിന്റെ കീഴിൽ കഷ്ടപ്പെട്ടു, ക്രൂശിക്കപ്പെട്ടു, മരിച്ചു അടക്കപ്പെട്ടു; അവൻ പാതാളത്തിലേക്കു ഇറങ്ങി, മൂന്നാംദിവസം മരിച്ചവരിൽനിന്നു പിന്നെയും ഉയിൎത്തെഴുന്നേററു; അവൻ സ്വൎഗ്ഗത്തിലേക്കു കയറി, സൎവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നു; അവിടെനിന്നു അവൻ ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിപ്പാൻ വരികയും ചെയ്യും.

പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു; വിശുദ്ധ കാതോലിക സഭയിലും; വിശുദ്ധന്മാരുടെ സംസൎഗ്ഗത്തിലും; പാപമോചനത്തിലും; ശരീരത്തിന്റെ പുനരുത്ഥാനത്തിലും; നിത്യജീവനിലും ഞാൻ വിശ്വസിക്കുന്നു. ആമെൻ.

ചോദ്യം. നീ വിശ്വസിക്കുന്ന സംഗതികളിൽനിന്നു പ്രധാനമായി പഠിക്കുന്നതു എന്തു ?

ഉത്തരം. ഒന്നാമതു, എന്നെയും സകല ലോകത്തെയും ഉണ്ടാക്കിയിരിക്കുന്ന പിതാവായ ദൈവത്തിൽ വിശ്വസിപ്പാനും;

രണ്ടാമതു, എന്നെയും സകല മനുഷ്യജാതിയെയും വീണ്ടെടുത്തിരിക്കുന്ന പുത്രനായ ദൈവത്തിൽ വിശ്വസിപ്പാനും;

മൂന്നാമതു, എന്നെയും ദൈവത്തിന്റെ സകല തിരഞ്ഞെടുക്കപ്പെട്ടവരെയും ശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവായ ദൈവത്തിൽ വിശ്വസിപ്പാനും ഞാൻ പഠിക്കുന്നു.

ചോദ്യം.

൯। ദൈവത്തിന്റെ കല്പനകളെ പ്രമാണിക്കുമെന്നു നിനക്കുവേണ്ടി നിന്റെ ജ്ഞാനമാതാപിതാക്കന്മാർ വാഗ്ദത്തം ചെയ്തു എന്നു നീ പറഞ്ഞുവല്ലോ. ആ കല്പനകൾ എത്രയെന്നു എന്നോടു പറക?

ഉത്തരം. പത്തു.

ചോദ്യം. അവ ഏതെതാകുന്നു?

ഉത്തരം.

പുറപ്പാടുപുസ്തകം ഇരുപതാം അദ്ധ്യായത്തിൽ ദൈവം കല്പിച്ചിരിക്കുന്നവ തന്നേ; ആയതു എന്തെന്നാൽ: അടിമവീടായ മിസ്രയീംദേശത്തുനിന്നു നിന്നെ കൊണ്ടുവന്ന നിന്റെ ദൈവമായ യഹോവ ഞാൻ ആകുന്നു.

൧-ാമതു. ഞാൻ അല്ലാതെ അന്യദൈവങ്ങൾ നിനക്കു ഉണ്ടാകരുതു.

൨-ാമതു. നിനക്കു ഒരു വിഗ്രഹം ഉണ്ടാക്കരുതു; മീതെ സ്വൎഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ളയാതൊന്നിന്റെ പ്രതിമയും അരുതു. അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുതു. നിന്റെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള ദൈവം ആകുന്നു; എന്നെ പകെക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെമേൽ സന്ദൎശിക്കയും, എന്നെ സ്നേഹിച്ചു എന്റെ കല്പനകളെ പ്രമാണിക്കുന്നവൎക്കു ആയിരം തലമുറവരെ ദയ കാണിക്കയും ചെയ്യുന്നു.

൩-ാമതു. നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുതു; തന്റെ നാമം വൃഥാ എടുക്കുന്നവനെ യഹോവ ശിക്ഷിക്കാതെ വിടുകയില്ല.

൪-ാമതു. ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓൎക്ക. ആറു ദിവസം അദ്ധ്വാനിച്ചു നിന്റെ വേല ഒക്കെയും ചെയ്ക. ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു; നീയും, നിന്റെ പുത്രനും, പുത്രിയും, നിന്റെ വേലക്കാരനും വേലക്കാരത്തിയും, നിന്റെ കന്നുകാലികളും, നിന്റെ പട്ടിവാതില്ക്കകത്തുള്ള പരദേശിയും ഒരു വേലയും ചെയ്യരുതു. ആറു ദിവസംകൊണ്ടു യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി, ഏഴാംദിവസം സ്വസ്ഥമായിരുന്നു; അതുകൊണ്ടു യഹോവ ശബ്ബത്ത് നാളിനെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചിരിക്കുന്നു.

൫-ാമതു. നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നിനക്കു ദീൎഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക.

൬-ാമതു. നീ കൊല ചെയ്യരുതു.

൭-ാമതു. നീ വ്യഭിചാരം ചെയ്യരുതു.

൮-ാമതു. നീ മോഷ്ടിക്കരുതു.

൯-ാമതു. നീ നിന്റെ കൂട്ടുകാരന്റെ നേരെ കള്ളസാക്ഷ്യം പറയരുതു.

൰-ാമതു. നീ നിന്റെ കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുതു; കൂട്ടുകാരന്റെ ഭാൎയ്യയെയും, അവന്റെ ദാസനെയും ദാസിയെയും, അവന്റെ കാളയെയും കഴുതയെയും, കൂട്ടുകാരനുള്ള യാതൊന്നിനെയും മോഹിക്കരുതു.

ചോദ്യം.

ഈ കല്പനകളിൽനിന്നു നീ പ്രധാനമായി പഠിക്കുന്നതു എന്തു?

ഉത്തരം. രണ്ടു കാൎയ്യങ്ങളെ ഞാൻ പഠിക്കുന്നു; ദൈവത്തോടു എനിക്കുള്ള മുറയും, എന്റെ കൂട്ടുകാരനോടു എനിക്കുള്ള മുറയും.

ചോദ്യം. ദൈവത്തോടു നിനക്കുള്ള മുറ എന്തു?

ഉത്തരം. ദൈവത്തോടു എനിക്കുള്ള മുറ ഞാൻ അവനിൽ വിശ്വസിക്കയും; അവനെ ഭയപ്പെടുകയും; എന്റെ പൂൎണ്ണ ഹൃദയത്തോടും, എന്റെ പൂൎണ്ണ മനസ്സോടും, എന്റെ പൂൎണ്ണ ആത്മാവോടും, എന്റെ പൂൎണ്ണ ശക്തിയോടും അവനെ സ്നേഹിക്കയും; അവനെ വന്ദിക്കയും; അവനു സ്തോത്രം ചെയ്കയും; എന്റെ പൂൎണ്ണ ആശ്രയത്തെ അവനിൽ വെക്കയും; അവനോടു അപേക്ഷിക്കയും; അവന്റെ പരിശുദ്ധ നാമത്തെയും, അവന്റെ വചനത്തെയും ബഹുമാനിക്കയും; എന്റെ ആയുസ്സുള്ള നാൾ ഒക്കെയും അവനെ നേരോടെ സേവിക്കയും ചെയ്യുന്നതു ആകുന്നു.

ചോദ്യം. നിന്റെ കൂട്ടുകാരനോടു നിനക്കുള്ള മുറ എന്തു?

ഉത്തരം. എന്റെ കൂട്ടുകാരനോടു എനിക്കുള്ള മുറ, എന്നെപ്പോലെ തന്നേ അവനെ സ്നേഹിക്കുന്നതും; സകല മനുഷ്യരും എനിക്കു ചെയ്യേണമെന്നു ഞാൻ ഇച്ഛിക്കുന്നപ്രകാരം തന്നേ അവൎക്കു ചെയ്യുന്നതും; എന്റെ മാതാപിതാക്കന്മാരെ സ്നേഹിച്ചു, ബഹുമാനിച്ചു, അവൎക്കു സഹായിക്കുന്നതും; രാജാവിനെയും, അവന്റെ കീഴിൽ അധികാരമുള്ള എല്ലാവരെയും ബഹുമാനിച്ചു അനുസരിക്കുന്നതും; എന്റെ പരിപാലകന്മാൎക്കും, ഉപദേഷ്ടാക്കന്മാൎക്കും, ആത്മീയ ഇടയന്മാൎക്കും, യജമാനന്മാൎക്കും എല്ലാം ഞാൻ കീഴടങ്ങിയിരിക്കുന്നതും; എന്നിൽ ശ്രേഷ്ഠന്മാരായ എല്ലാവരോടും വിനയമായും ആദരവായും പെരുമാറുന്നതും; വാക്കുകൊണ്ടെ

ങ്കിലും ക്രിയകൊണ്ടെങ്കിലും ഒരുത്തരെയും ഉപദ്രവിക്കാതെ ഇരിക്കുന്നതും; എന്റെ ഇടപ്പാടുകളിൽ ഒക്കെയും നേരായും നീതിയായും ഇരിക്കുന്നതും; ഈൎഷ്യയും പകയും എന്റെ ഹൃദയത്തിൽ വിചാരിക്കാതിരിക്കുന്നതും; നുള്ളിക്കള്ളത്തിൽനിന്നും മോഷണത്തിൽനിന്നും എന്റെ കൈകളെയും, നുണയിൽനിന്നും അസത്യത്തിൽനിന്നും ഏഷണിയിൽനിന്നും എന്റെ നാവിനെയും കാക്കുന്നതും; എന്റെ ശരീരത്തെ അടക്കത്തോടും, സുബോധത്തോടും, നിൎമ്മലതയോടും കാക്കുന്നതും; മററുള്ളവരുടെ വസ്തുക്കളെ മോഹിക്ക എങ്കിലും, ആഗ്രഹിക്ക എങ്കിലും ചെയ്യാതെ, എന്റെ ഉപജീവനത്തെ നേരായി സമ്പാദിപ്പാൻ പഠിച്ചു അദ്ധ്വാനിക്കുന്നതും; ഞാൻ ഏതു സ്ഥിതിയൽ ഇരിപ്പാൻ ദൈവം ഇഷ്ടപ്പെട്ടുമോ, ആയതിൽ എന്റെ മുറയെ ചെയ്യുന്നതും ആകുന്നു.

ഉപദേഷ്ടാവു.

എന്റെ പ്രിയ പൈതലേ, ഈ കാൎയ്യങ്ങളെ നിന്നാൽ തന്നേ ചെയ്വാനും, ദൈവത്തിന്റെ കല്പനകളെ പ്രമാണിപ്പാനും, അവനെ സേവിപ്പാനും അവന്റെ പ്രത്യേക കൃപ കൂടാതെ നിനക്കു പ്രാപ്തിയില്ല എന്നും, അതിന്നായി എല്ലാ നേരവും താല്പൎയ്യത്തോടെ പ്രാൎത്ഥിപ്പാൻ നീ പഠിക്കേണ്ടുന്നതാകുന്നു എന്നും അറിഞ്ഞുകൊൾക. ആയതുകൊണ്ടു കൎത്താവിന്റെ പ്രാൎത്ഥനയെ ചൊല്ലുവാൻ നിനക്കു കഴിയുമെങ്കിൽ കേൾക്കട്ടെ.

ഉത്തരം.

സ്വൎഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെപോലെ ഭൂമിയിലും ചെയ്യപ്പെടേണമേ. ഞങ്ങളുടെ ദിവസവുമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരേണമേ. ഞങ്ങളുടെ നേരെ കുററം ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കുററങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിലേക്കു കടത്താതെ, ഞങ്ങളെ ദോഷത്തിൽനിന്നു രക്ഷിക്കേണമേ. ആമെൻ.

ചോദ്യം. ഈ പ്രാൎത്ഥനയിൽ നീ ദൈവത്തോടു അപേക്ഷിക്കുന്നതു എന്തു?

ഉത്തരം. സകല നന്മകളെയും തരുന്നവനായി, നമ്മുടെ സ്വൎഗ്ഗസ്ഥപിതാവായി, എന്റെ കൎത്താവായ ദൈവം, നാം ചെയ്യേണ്ടുന്നപ്രകാരം അവനെ വന്ദിച്ചു, സേവിച്ചു, അനുസരിക്കേണ്ടുന്നതിന്നു എനിക്കും സകല ജനങ്ങൾക്കും അവന്റെ കൃപ നല്കേണമെന്നു ഞാൻ അപേക്ഷിക്കുന്നു. നമ്മുടെ ശരീരങ്ങൾക്കും ആത്മാക്കൾക്കും ആവശ്യമുള്ള സകല വസ്തുക്കളെയും നമുക്കു ദൈവം അയച്ചുതരേണമെന്നും; അവൻ

നമ്മോടു കരുണയുള്ളവനായിരുന്നു നമ്മുടെ പാപങ്ങളെ ക്ഷമിക്കേണമെന്നും; ആത്മസംബന്ധമായും, ശരീരസംബന്ധമായുമുള്ള സകല ആപത്തുകളിലും നമ്മെ കാത്തുരക്ഷിപ്പാൻ അവന്നു ഇഷ്ടം തോന്നേണമെന്നും; അവൻ നമ്മെ സകല പാപത്തിൽനിന്നും, ദുഷ്ടതയിൽനിന്നും, നമ്മുടെ ആത്മീയ ശത്രുവിൽനിന്നും, നിത്യമരണത്തിൽനിന്നും രക്ഷിക്കേണമെന്നും അവനോടു ഞാൻ പ്രാർത്ഥിക്കുന്നു. ഇതു അവന്റെ കരുണയും നന്മയുംകൊണ്ടു നമ്മുടെ കർത്താവായ യേശുമശിഹാമൂലം അവൻ ചെയ്യുമെന്നു ഞാൻ വിശ്വസിക്കയും ചെയ്യുന്നു. ആയതുകൊണ്ടു ഞാൻ, ആമെൻ, അങ്ങനെ തന്നേ ഭവിക്കട്ടെ എന്നും പറയുന്നു.

### ചോദ്യം.

മശിഹാ തന്റെ സഭയിൽ എത്ര സക്രമെന്തുകളെ നിയമിച്ചിട്ടുണ്ടു?

ഉത്തരം. രക്ഷെക്കു പൊതുവിൽ ആവശ്യമുള്ളതായിട്ടു ബപ്തീസ്മയും കർത്താവിന്റെ അത്താഴവും എന്നീ രണ്ടു മാത്രമേയുള്ളൂ.

ചോദ്യം. സക്രമെന്തു എന്നുള്ള വാക്കിന്റെ താല്പൎയ്യം എന്താകുന്നു?

ഉത്തരം. അതു നമുക്കു അകമേ ആത്മീയമായി നല്കപ്പെടുന്ന കൃപയുടെ പുറമെ കാണത്തക്ക അടയാളമെന്നും; ഈ കൃപ നമുക്കു ലഭിക്കുന്നതിന്നു ഒരു വഴിയും, നമുക്കു അതിനെ നിശ്ചയപ്പെടുത്തുവാൻ ഒരു പണയവും ആയി മശിഹായാൽ നിയമിക്കപ്പെട്ടതെന്നും താല്പൎയ്യം.

ചോദ്യം. ഒരു സക്രമെന്തിൽ എത്ര അംശങ്ങൾ ഉണ്ടു്?

ഉത്തരം. രണ്ടു; പുറമേ കാണത്തക്ക അടയാളവും, അകമേ ആത്മീയമായ കൃപയും.

ചോദ്യം. ബപ്തീസ്മയിൽ പുറമേ കാണത്തക്ക അടയാളമോ വസ്തുവോ എന്താകുന്നു?

ഉത്തരം. വെള്ളം; ഇതിൽ ഒരാൾ പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ബപ്തീസ്മപ്പെടുന്നു.

ചോദ്യം. അകമേയുള്ള ആത്മീയമായ കൃപ എന്താകുന്നു?

ഉത്തരം. പാപത്തിന്നു മരണവും, നീതിക്കു പുതിയ ജനനവും ആകുന്നു; എന്തെന്നാൽ പ്രകൃതിയാൽ പാപത്തിൽ ജനിച്ചവരും ക്രോധത്തിന്റെ മക്കളുമായ നാം ഇതിനാൽ കൃപയുടെ മക്കളായി തീരുന്നു.

ചോദ്യം. ബപ്തീസ്മപ്പെടുവാനുള്ള ആളുകളിൽ വേണ്ടുന്നതു എന്താകുന്നു?

ഉത്തരം. പാപത്തെ ഉപേക്ഷിക്കുന്നതിന്നുള്ള മാനസാന്തരവും, ആ സക്രമെന്തിൽ ദൈവം അവൎക്കു ചെയ്തിട്ടുള്ള വാഗ്ദത്തങ്ങളെ അവർ ഉറപ്പായി വിശ്വസിക്കുന്നതിന്നുള്ള വിശ്വാസവും തന്നേ.

ചോദ്യം. എന്നാൽ ചെറുപ്രായം ഹേതുവായിട്ട അവറ്റെ നിറവേററുവാൻ കഴിയാത്ത ശിശുക്കളെ ബപ്തിസ്മ ചെയ്യുന്നതു എന്തുകൊണ്ട?

ഉത്തരം. അവർ തങ്ങളുടെ ഉത്തരവാദികൾ മൂലം, അവ രണ്ടിനെയും വാഗ്ദത്തം ചെയ്യുന്നതുകൊണ്ട ആകുന്നു; പ്രാപ്തിയാകുമ്പോൾ ആ വാഗ്ദത്തം തങ്ങൾ തന്നേ നിവൎത്തിക്കേണ്ടതാകുന്നു.

ചോദ്യം. കൎത്താവിന്റെ അത്താഴം എന്ന സക്രമെന്തു നിയമിക്കപ്പെട്ടതു എന്തിന്നു?

ഉത്തരം. അതു മശിഹായുടെ മരണയാഗത്തെയും, അതിനാൽ നമുക്ക ലഭിക്കുന്ന നന്മകളെയും കുറിച്ചു ഇടവിടാതുള്ള ഓൎമ്മെക്കായിട്ട നിയമിക്കപ്പെട്ടു.

ചോദ്യം. കൎത്താവിന്റെ അത്താഴത്തിൽ പുറമേയുള്ള അംശമോ അടയാളമോ എന്താകുന്നു?

ഉത്തരം. അപ്പവും വീഞ്ഞും; ഇവയെ കൈക്കൊള്ളേണമെന്നു കൎത്താവു കല്പിച്ചിരിക്കുന്നു.

ചോദ്യം. അകമേയുള്ള അംശമോ സൂചിപ്പിക്കുന്ന വസ്തുവോ എന്താകുന്നു?

ഉത്തരം. മശിഹായുടെ ശരീരവും രക്തവും തന്നേ; ഇവയെ കൎത്താവിന്റെ അത്താഴത്തിൽ വിശ്വാസികൾ വാസ്തവമായും നിശ്ചയമായും വാങ്ങി കൈക്കൊള്ളുന്നു.

ചോദ്യം. അതിനാൽ നമുക്ക ലഭിക്കുന്ന നന്മകൾ എന്താകുന്നു?

ഉത്തരം. നമ്മുടെ ശരീരങ്ങൾ അപ്പവും വീഞ്ഞും കൊണ്ട ബലപ്പെട്ട ആശ്വാസപ്പെടുന്നതുപോലെ തന്നേ, നമ്മുടെ ആത്മാക്കൾ മശിഹായുടെ ശരീരവും രക്തവുംകൊണ്ട ബലപ്പെട്ട ആശ്വാസപ്പെടുന്നു.

ചോദ്യം. കൎത്താവിന്റെ അത്താഴത്തിന്നു വരുന്നവരിൽ വേണ്ടുന്നതു എന്താകുന്നു?

ഉത്തരം. അവർ തങ്ങൾ ചെയ്തുപോയ പാപങ്ങളെക്കുറിച്ചു നേരായി മാനസാന്തരപ്പെട്ട, പുതിയ ജീവിതം ജീവിപ്പാൻ ഉറപ്പായി നിശ്ചയിച്ചിരിക്കുന്നുവോ എന്നും മശിഹായുടെ മരണത്തെക്കുറിച്ചു നന്ദിപൂൎവ്വമുള്ള ഓൎമ്മയോടെ അവൻ മൂലം ദൈവത്തിന്റെ കരുണയിൽ ജീവനുള്ള വിശ്വാസം ഉള്ളവരോ എന്നും; സകല മനുഷ്യരോടും സ്നേഹമായിരിക്കുന്നുവോ എന്നും തങ്ങളെ തന്നേ ശോധന ചെയ്യേണ്ടുന്നതാകുന്നു.

¶ അതാതു ഇടവകയിലെ പട്ടക്കാരൻ തന്റെ അടുക്കൽ അയക്കപ്പെടുന്ന ഇടവക്കപ്പൈതങ്ങളിൽ തനിക്കു യുക്തമെന്നു തോന്നുന്നേടത്തോളം ആളുകളെ ഞായറാഴ്ചയോ പെരുനാളിലോ വൈകുന്നേരത്തെ പ്രാൎത്ഥനയിൽ രണ്ടാം പാഠം കഴിഞ്ഞശേഷം ഈ ചോദ്യോത്തരത്തിൽ ചില ഭാഗം പള്ളിയിൽവെച്ചു പരസ്യമായി താല്പൎയ്യത്തോടെ പഠിപ്പിക്കയും അതിൽ അവരെ ശോധന ചെയ്കയും വേണം.

¶ തന്തമാർ, തള്ളമാർ, യജമാനന്മാർ, യജമാനസ്ത്രീകൾ എന്നിങ്ങനെയുള്ളവർ തങ്ങളുടെ പൈതങ്ങൾ, വേലക്കാർ മുതലായവരിൽ ഈ ചോദ്യോത്തരം പഠിച്ചിട്ടില്ലാത്തവരെ നിയമപ്രകാരമുള്ള സമയത്തു പള്ളിയിൽ അയച്ചു അവർ പഠിപ്പാൻ ഇവിടെ നിയോഗിച്ചിട്ടുള്ളതൊക്കെയും പഠിച്ചുതീരുംവരെ അനുസാരണത്തോടെ പട്ടക്കാരനെ ശ്രദ്ധിക്കയും, വരുതിപോലെ നടക്കയും ചെയ്വാൻ ചട്ടംകെട്ടേണം.

¶ പൈതങ്ങൾ മുതിൎന്നു തങ്ങളുടെ സ്വഭാഷയിൽ വിശ്വാസപ്രമാണവും, കൎത്താവിന്റെ പ്രാൎത്ഥനയും, പത്തുകല്പനകളും ചൊല്ലുവാനും, ചുരുക്കത്തിലുള്ള ഈ ചോദ്യോത്തര പുസ്തകത്തിലെ മറ്റു ചോദ്യങ്ങൾക്കു ഉത്തരം പറവാനും പ്രാപ്തിയായ ഉടൻ തന്നേ, അവരെ എപ്പിസ്കോപ്പായുടെ അടുക്കൽ കൊണ്ടുവരേണം. അവരുടെ സ്ഥിരീകരണത്തിന്നു സാക്ഷിയായിരിപ്പാൻ ആളൊന്നിന്നു ഒരു ജ്ഞാനപിതാവോ, ജ്ഞാനമാതാവോ ഉണ്ടായിരിക്കയും വേണം.

¶ സ്ഥിരീകരണത്തിന്നായിട്ടു പൈതങ്ങളെ തന്റെ അടുക്കൽ കൊണ്ടുവരുവാൻ എപ്പിസ്കോപ്പാ എപ്പോഴെങ്കിലും അറിവു കൊടുത്താൽ, എല്ലാ ഇടവകപ്പട്ടക്കാരും, സ്ഥിരീകരിക്കപ്പെടുവാൻ യോഗ്യതയുള്ളവരെന്നു തങ്ങൾക്കു തോന്നുന്നവരുടെ പേരുകൾ എപ്പിസ്കോപ്പായുടെ അടുക്കൽ കൊണ്ടുവരികയോ, എഴുതി കയ്യേല്പിച്ചു അയക്കയോ ചെയ്യേണ്ടതാകുന്നു. ആയവരെ എപ്പിസ്കോപ്പായിക്കു ബോധിച്ചാൽ താഴെ വരുന്നപ്രകാരം സ്ഥിരീകരണം കഴിക്കയും വേണം.

THE ORDER OF

# CONFIRMATION

OR LAYING ON OF HANDS UPON THOSE THAT ARE BAPTISED AND COME TO YEARS OF DISCRETION

---

## ബപ്തിസ്മകഴിഞ്ഞു വിവേകപ്രായംവന്നവരുടെമേൽ കൈകളെ വെക്കുന്നതായ

# സ്ഥിരീകരണത്തിന്റെ

## ആചാരക്രമം

---

¶ നിശ്ചിതനാളിൽ, സ്ഥിരീകരിക്കപ്പെടുവാനുള്ളവർ ഒക്കെയും എപ്പിസ്കോപ്പായുടെ മുമ്പാകെ ക്രമമായി നില്ക്കുമ്പോൾ എപ്പിസ്കോപ്പായോ താൻ നിയമിച്ച മറെറാരു ശുശ്രൂഷകനോ ഈ താഴെയുള്ള അവതാരിക വായിക്കേണം.

സ്ഥിരീകരണം കൈക്കൊള്ളുന്നവൎക്ക അതിനാൽ അധികമായ ആത്മികാഭിവൃദ്ധി ഉണ്ടാകേണ്ടതിന്ന വിശ്വാസപ്രമാണവും, കൎത്താവിന്റെ പ്രാൎത്ഥനയും, പത്തു കല്പനകളും ചൊല്ലുവാനും, ചോദ്യോത്തരപുസ്തകത്തിലെ മററു ചോദ്യങ്ങൾക്കു ഉത്തരം പറവാനും പ്രാപ്തിയായവരെ അല്ലാതെ, മററാരെയും മേലാൽ സ്ഥിരീകരിക്കരുതെന്ന കല്പിക്കുന്നതു കൊള്ളാമെന്ന സഭെക്കു തോന്നിയിരിക്കുന്നു ; ഈ കല്പന ആചരിക്കുന്നതു ഏററവും യുക്തമാകുന്നു ; ആയതു, പൈതങ്ങൾ തങ്ങൾക്കു വിവേകപ്രായം വന്നു, ബപ്തിസ്മയിൽ തങ്ങളുടെ ജ്ഞാനമാതാപിതാക്കന്മാർ തങ്ങൾക്കു വേണ്ടി വാഗ്ദത്തം ചെയ്തതിനെ പഠിച്ചു, ആയതിനെ സഭെക്കു മുമ്പാകെ തങ്ങൾ തന്നേ സമ്മതിച്ചു സ്വന്തം വായ്കൊണ്ടു പരസ്യമായി സ്ഥിരമാക്കി ഉറപ്പിക്കേണ്ടതിന്നും ; സ്വന്തവായ്മൊഴിയാൽ സ്വീകരിച്ചിരിക്കുന്ന കാൎയ്യങ്ങളെ വിശ്വസ്തതയോടെ പ്രമാണിപ്പാൻ ദൈവകൃപകൊണ്ടു ഇനി എപ്പോഴും ഉത്സാഹിക്കുമെന്നു വാഗ്ദത്തം ചെയ്യേണ്ടതിന്നും ആകുന്നു.

¶ അതിന്റെശേഷം എപ്പിസ്കോപ്പാ ചൊല്ലേണ്ടതു,

നിങ്ങളുടെ ബപ്തിസ്മയിൽ നിങ്ങളുടെ പേൎക്കു ചെയ്തിരിക്കുന്ന ഭയഭക്തികരമായ വാഗ്ദത്തവും പ്രതിജ്ഞയും ഇവിടെ ദൈവത്തിന്റെയും, ഈ സഭായോഗത്തിന്റെയും മുമ്പാകെ പുതുക്കി, അവയെ നിങ്ങൾ തന്നേ സ്ഥിരമാക്കി ഉറപ്പിക്കയും, നിങ്ങളുടെ ജ്ഞാനമാതാപിതാക്കന്മാർ അന്നു നിങ്ങൾക്കു വേണ്ടി ഏററിട്ടുള്ള എല്ലാ കാൎയ്യങ്ങളെയും നിങ്ങൾ വിശ്വസിച്ചു പ്രമാണിക്കേണ്ടതെന്നു സമ്മതിക്കയും ചെയ്യുന്നുവോ ?

¶ ഓരോരുത്തൻ ഉറക്കെ ഉത്തരം പറയേണ്ടതു,

**ഞാൻ ചെയ്യുന്നു.**

എപ്പിസ്കോപ്പാ.

നമ്മുടെ സഹായം കൎത്താവിൻെറ നാമത്തിൽ ആകുന്നു.

പ്രതിവാക്യം. ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച കൎത്താവു തന്നേ.

എപ്പിസ്കോപ്പാ. കൎത്താവിൻെറ നാമം വാഴ്ത്തപ്പെട്ടതാകട്ടെ ;

പ്രതിവാക്യം. ഇന്നുമുതൽ എന്നന്നേക്കും തന്നേ.

എപ്പിസ്കോപ്പാ. കൎത്താവേ, ഞങ്ങളുടെ പ്രാൎത്ഥനകൾ കേൾക്കേണമേ ;

പ്രതിവാക്യം. ഞങ്ങളുടെ നിലവിളി തിരുസന്നിധിയിൽ വരുമാറാകട്ടെ.

എപ്പിസ്കോപ്പാ. നാം പ്രാൎത്ഥിക്ക.

സൎവ്വശക്തനും നിത്യനുമായ ദൈവമേ, നിൻെറ ഭൃത്യരായ ഇവരെ വെള്ളത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിപ്പിപ്പാൻ നിനക്കു ഇഷ്ടം തോന്നി, ഇവരുടെ സകല പാപങ്ങളുടെയും മോചനം ഇവൎക്കു നീ നല്കിയിരിക്കുന്നുവല്ലോ ; കൎത്താവേ, ആശ്വാസപ്രദനായ പരിശുദ്ധാത്മാവിനാൽ ഇവരെ ബലപ്പെടുത്തി, നിൻെറ കൃപയുടെ പലവിധ വരങ്ങളാകുന്ന ജ്ഞാനത്തിൻെറയും വിവേകത്തിൻെയും ആത്മാവിനെ, ആലോചനയുടെയും ആത്മീയ ബലത്തിൻെറയും ആത്മാവിനെ, പരിജ്ഞാനത്തിൻെറയും സത്യ ദൈവഭക്തിയുടെയും ആത്മാവിനെ നാൾതോറും ഇവരിൽ വൎദ്ധിപ്പിക്കേണമേ ; കൎത്താവേ, ഇപ്പോഴും എപ്പോഴും നിന്നെയുള്ള പരിശുദ്ധഭയത്തിൻ ആത്മാവുകൊണ്ടു ഇവരെ നിറെക്കേണമെന്നു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

¶ അതിൻെറ ശേഷം എല്ലാവരും ക്രമത്തിൽ എപ്പിസ്കോപ്പായുടെ മുമ്പാകെ മുട്ടുകുത്തിയിട്ടു എപ്പിസ്കോപ്പാ ഓരോരുത്തരുടെയും തലമേൽ കൈ വെച്ചു ചൊല്ലേണ്ടതു,

കൎത്താവേ, നിൻെറ ഈ പൈതൽ [നിൻെറ ഈ ദാസൻ] എന്നേക്കും നിനക്കുള്ളവ [നാ] യിരിക്കേണ്ടതിന്നും, നിൻെറ നിത്യരാജ്യത്തിലേക്കു വരുവോളവും, നിൻെറ പരിശുദ്ധാത്മാവിൽ ദിവസംതോറും അധികമധികം വൎദ്ധിക്കേണ്ടതിന്നും നിൻെറ സ്വൎഗ്ഗീയകൃപകൊണ്ടു [ഇവനെ] കാക്കേണമേ. ആമെൻ.

¶ അതിന്റെ ശേഷം എപ്പിസ്കോപ്പാ ചൊല്ലേണ്ടതു,

കൎത്താവു നിങ്ങളോടുകൂടെ ഇരിക്കട്ടെ.

പ്രതിവാക്യം. നിന്റെ ആത്മാവോടുകൂടെയും.

¶ പിന്നെ എല്ലാവരും മുട്ടുകുത്തികൊണ്ടിരിക്കെ എപ്പിസ്കോപ്പാ ചൊല്ലേണ്ടതു,

നാം പ്രാൎത്ഥിക്ക.

സ്വൎഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെപോലെ ഭൂമിയിലും ചെയ്യപ്പെടേണമേ. ഞങ്ങളുടെ ദിവസവുമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരേണമേ. ഞങ്ങളുടെ നേരെ കുററം ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ കുററങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിലേക്കു കടത്താതെ, ഞങ്ങളെ ദോഷത്തിൽ നിന്നു രക്ഷിക്കേണമേ. ആമെൻ.

ഈ അപേക്ഷയും ചൊല്ലേണം.

ദിവ്യ മഹിമെക്കു നല്ലതും പ്രസാദമുള്ളതുമായ കാൎയ്യങ്ങളെ ഞങ്ങൾ ഇച്ഛിക്കയും പ്രവൎത്തിക്കയും ചെയ്യുമാറാക്കുന്ന സൎവ്വശക്തനും നിത്യനുമായ ദൈവമേ, നിന്റെ ഭൃത്യരായ ഇവരോടു നിനക്കുള്ള പ്രീതിയെയും കൃപാകടാക്ഷത്തെയും കുറിച്ചു ഇവൎക്കു (ഈ അടയാളംകൊണ്ടു) നിശ്ചയം വരുത്തുവാനായിട്ടു നിന്റെ വിശുദ്ധ അപ്പൊസ്തലന്മാരുടെ നടപടിപ്രകാരം ഇപ്പോൾ ഞങ്ങളുടെ കൈകൾ വെച്ചിട്ടുള്ള ഇവൎക്കു വേണ്ടി ഞങ്ങൾ നിന്നോടു താഴ്മയായി അപേക്ഷിക്കുന്നു. ഇവരുടെ മേൽ നിന്റെ പിതൃകൈ എപ്പോഴും ഇരിക്കുമാറാകേണമേ; ഇവരോടു കൂടെ നിന്റെ പരിശുദ്ധാത്മാവു എപ്പോഴും ഇരിക്കുമാറാകേണമേ; ഇവൎക്കു ഒടുവിൽ നിത്യജീവൻ ലഭിക്കത്തക്കവണ്ണം നിന്റെ വചനത്തിന്റെ അറിവിലും അനുസരണത്തിലും ഇവരെ നടത്തേണമെന്നു നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ എന്നും ഏകദൈവമായി, കാലാവസാനം കൂടാതെ ജീവിച്ചുവാഴുന്നവനായി ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

സൎവ്വശക്തനായ കൎത്താവേ, നിത്യ ദൈവമേ, നിന്റെ മഹാ ശക്തിയുള്ള സംരക്ഷണകൊണ്ടു ഞങ്ങൾ ഇവിടെയും എന്നേക്കും ശരീരത്തിലും ആത്മാവിലും പാലിക്കപ്പെടേണ്ടതിന്നു, ഞങ്ങളുടെ ഹൃദയങ്ങളെയും ശരീരങ്ങളെയും നിന്റെ പ്രമാണങ്ങളുടെ വഴികളിലും, നിന്റെ കല്പനകൾക്കുചേൎന്ന ക്രിയകളിലും നടത്തി ശുദ്ധീകരിച്ചു ഭരിപ്പാൻ ഇഷ്ടം തോന്നേണമെന്നു ഞങ്ങളുടെ കൎത്താവും രക്ഷിതാവുമായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

- അതിന്റെ ശേഷം എപ്പിസ്കോപ്പാ അവരെ അനുഗ്രഹിച്ചു ചൊല്ലേണ്ടതു,

**പിതാവും, പുത്രനും, പരിശുദ്ധാത്മാവുമായുള്ള സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹം നിങ്ങളുടെ മേൽ ഉണ്ടായി, എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കട്ടെ. ആമെൻ.**

- സ്ഥിരീകരിക്കപ്പെടുകയോ, സ്ഥിരീകരിക്കപ്പെടുവാൻ മനസ്സുവെച്ചു ഒരുങ്ങുകയോ ചെയ്യുന്നതുവരെ, ഒരുത്തരെയും വിശുദ്ധ സംസ്കാരത്തിന്നു കൈക്കൊള്ളരുതു.

# THE FORM OF
# SOLEMNIZATION OF MATRIMONY

---

# വിവാഹത്തിൻെറ
## ആചാരക്രമം

---

¶ കാലത്തെ ശുശ്രൂഷയിലോ (കാലത്തു ശുശ്രൂഷയില്ലെങ്കിൽ) വൈകുന്നേരത്തെ ശുശ്രൂഷയിലോ രണ്ടാംപാഠം കഴിഞ്ഞയുടനെ, വിവാഹം ചെയ്വാനിരിക്കുന്ന എല്ലാവരെയും കുറിച്ചു പള്ളിയിൽവെച്ചു വെവ്വേറെ മൂന്നു ഞായറാഴ്ചയിൽ വിവാഹപരസ്യങ്ങളെ പ്രസിദ്ധിപ്പെടുത്തേണം; പട്ടക്കാരൻ പതിവിൻ പ്രകാരം ചൊല്ലേണ്ടതു എന്തെന്നാൽ,

**ഇ———ഉ———, ഇ———ഇ——— തമ്മിൽ വിവാഹം ചെയ്വാനിരിക്കുന്നു എന്നു ഞാൻ പരസ്യം ചെയ്യുന്നു. ഇവർ രണ്ടുപേരും വിശുദ്ധ വിവാഹത്തിൽ തമ്മിൽ ചേരരുതു എന്നുള്ള കാരണമാകട്ടെ, ന്യായമുള്ള വിരോധമാകട്ടെ ഉണ്ടെന്നു നിങ്ങളിൽ ആരെങ്കിലും അറിയുന്നു എങ്കിൽ, അതിനെ അറിയിക്കേണം. ഇതു ഒന്നാമതു, (രണ്ടാമതു, അല്ലെങ്കിൽ മൂന്നാമതു) വിളിച്ചുചൊല്ലുന്നതു.**

¶ വിവാഹം ചെയ്വാനിരിക്കുന്നവർ വെവ്വേറെ ഇടവകകളിൽ പാർക്കുന്നു എങ്കിൽ, ആ രണ്ടു ഇടവകകളിലും വിളിച്ചുചൊല്ലു കഴിക്കണം; ഒരു ഇടവകയിലെ പട്ടക്കാരൻ മൂന്നു പ്രാവശ്യം വിളിച്ചുചൊല്ലു കഴിച്ചു എന്നുള്ളതിന്നു മറെറ ഇടവകയിലെ പട്ടക്കാരനിൽനിന്നു ഒരു സാക്ഷ്യപത്രം കൂടാതെ അവരുടെ വിവാഹം കഴിക്കരുതു.

¶ വിവാഹം കഴിക്കുന്നതിന്നു നിശ്ചയിച്ചിരിക്കുന്ന നാളിലും സമയത്തും വിവാഹം ചെയ്വാനിരിക്കുന്നവർ തങ്ങളുടെ ബന്ധുക്കളോടും കൂട്ടുകാരോടും കൂടെ പള്ളിയുടെ നടുവിൽ വന്നു, അവിടെ പുരുഷൻ വലത്തുഭാഗത്തും, സ്ത്രീ ഇടത്തുഭാഗത്തുമായി ഒന്നിച്ചു നിന്നിട്ടു പ്രെസ്ബിറ്റർ ചൊല്ലേണ്ടതു എന്തെന്നാൽ,

**പ്രിയമുള്ളവരേ, ഈ പുരുഷനെയും, ഈ സ്ത്രീയെയും വിശുദ്ധ വിവാഹത്തിൽ ഒന്നിച്ചു ചേൎപ്പാനായിട്ടു നാം ഇവിടെ ദൈവസന്നിധിയിലും, ഈ സഭായോഗത്തിൻെറ മുമ്പാകെയും കൂടിയിരിക്കുന്നു; വിവാഹം മാനമുള്ള അവസ്ഥയും, മനുഷ്യൻ കുററം കൂടാതെയിരുന്ന കാലത്തു ദൈവത്താൽ നിയമിക്കപ്പെട്ടതും, മശിഹായും അവൻെറ സഭയും തമ്മിൽ ഉള്ള ജ്ഞാനാൎത്ഥമായ ഐക്യതയെ നമുക്കു ലക്ഷ്യപ്പെടുത്തുന്നതും ആകുന്നു; ഈ വിശുദ്ധ അവസ്ഥയെ മശിഹാ താൻ ഗലീലയിലെ കാനാവിൽ വന്നു തൻെറ സന്നിധിയാലും, ഒന്നാമതു ചെയ്ത അതിശയത്താലും അലങ്കരിച്ചു ഭംഗി**

വരുത്തി; ഇതു സകല മനുഷ്യൎക്കും മാനമുള്ളതാകുന്നു എന്നു വിശുദ്ധ പൌലൊസും ശ്ലാഘിക്കുന്നു; ആയതുകൊണ്ടു അറിവില്ലാത്ത മൃഗങ്ങളെപ്പോലെ മാംസേച്ഛകളെയും മോഹങ്ങളെയും തൃപ്തിയാക്കുവാൻ അവിവേകമായിട്ടു എങ്കിലും, നിസ്സാരമായിട്ടു എങ്കിലും, കാമവികാരമായിട്ടു എങ്കിലും ആരും വിവാഹത്തിന്നു തുനിഞ്ഞു പുറപ്പെടരുതു; എന്നാൽ ഏതു സാദ്ധ്യങ്ങൾക്കായിട്ടു ഇതു നിയമിക്കപ്പെട്ടു എന്നു വേണ്ടുംവണ്ണം വിചാരിച്ചിട്ടു, വണക്കത്തോടും, വിവേകത്തോടും, ആലോചനയോടും, സുബോധത്തോടും, ദൈവഭയത്തോടുംകൂടെ അതിന്നു ഏൎപ്പെടേണ്ടതാകുന്നു.

ഒന്നാമതു, കൎത്താവിനെക്കുറിച്ചുള്ള ഭയത്തിലും ബാലശിക്ഷയിലും, അവന്റെ പരിശുദ്ധനാമത്തിന്റെ മഹത്വത്തിന്നായിട്ടും വളൎത്തപ്പെടുവാനുള്ള സന്തതി ഉണ്ടാകുവാനായിട്ടു വിവാഹം നിയമിക്കപ്പെട്ടു.

രണ്ടാമതു, പാപത്തെ അകറ്റുവാനായിട്ടും, വേശ്യാദോഷത്തെ ഒഴിപ്പാനായിട്ടും, ഇന്ദ്രിയ ജയം എന്ന വരം ഇല്ലാത്തവർ വിവാഹം ചെയ്തു മശിഹായുടെ ശരീരത്തിലെ അശുദ്ധിപ്പെടാത്ത അവയവങ്ങളായിട്ടു തങ്ങളെ കാത്തുകൊൾവാൻവേണ്ടി അതു നിയമിക്കപ്പെട്ടു.

മൂന്നാമതു, ഐശ്വൎയ്യത്തിലും അനൎത്ഥത്തിലും തമ്മിൽ തമ്മിൽ ഉണ്ടാകേണ്ടുന്ന കൂട്ടായ്മെക്കും, സഹായത്തിന്നും, ആശ്വാസത്തിന്നുമായിട്ടു അതു നിയമിക്കപ്പെട്ടു. ഈ വിശുദ്ധ അവസ്ഥയിലേക്കു ഇവർ ഇരുവരും ചേൎക്കപ്പെടുവാനായിട്ടു ഇപ്പോൾ ഇവിടെ വന്നിരിക്കുന്നു. ആയതുകൊണ്ടു ഇവർ ന്യായമായി തമ്മിൽ യോജിപ്പിക്കപ്പെട്ടുകൂടാ എന്നുള്ളതിന്നു തക്ക കാരണത്തെ കാണിപ്പാൻ ആൎക്കെങ്കിലും കഴിയുന്നതായാൽ അവൻ ഇപ്പോൾ പറയണം, അല്ലെങ്കിൽ ഇനിമേൽ ഒരിക്കലും പറയാതെ ഇരിക്കണം.

പിന്നെ, വിവാഹം കഴിവാനുള്ളവരോടു അവൻ പറയേണ്ടതു,

നിങ്ങൾ വിവാഹത്തിൽ ന്യായമായി ഒന്നിച്ചു ചേൎന്നുകൂടാത്ത യാതൊരു വിരോധമുണ്ടെന്നു നിങ്ങൾ ഇരുവരിൽ ആരെങ്കിലും അറിയുന്നു എങ്കിൽ, സകല ഹൃദയങ്ങളിലെയും രഹസ്യങ്ങൾ വെളിപ്പെടുന്ന ഭയങ്കരമായുള്ള വിധിനാളിൽ നിങ്ങൾ ഉത്തരം പറയേണ്ടുന്നവരാകകൊണ്ടു, ഇപ്പോൾ അതിനെ അറിയിച്ചുകൊള്ളേണമെന്നു ഞാൻ നിങ്ങളോടു ഇരുവരോടും നിഷ്കൎഷയായി കല്പിക്കുന്നു. എന്തെന്നാൽ ദൈവവചനപ്രകാരമല്ലാതെ യോജിക്കപ്പെടുന്നവർ അത്രയും ദൈവത്താൽ കൂട്ടിച്ചേൎക്കപ്പെട്ടവരല്ല എന്നും, അവരുടെ വിവാഹം ന്യായമുള്ളതല്ല എന്നും നിശ്ചയമായി അറിഞ്ഞുകൊൾവിൻ.

¶ ആ കല്യാണ ദിവസത്തിൽ അവർ വേദവിധി ഹേതുവായിട്ടെങ്കിലും സഭാചട്ടം നിമിത്തമെങ്കിലും വിവാഹത്തിൽ തമ്മിൽ യോജിക്കപ്പെട്ടുകൂടാത്തവണ്ണം യാതൊരു വിരോധമുണ്ടെന്നു ആരെങ്കിലും അറിയിക്കയും വാദിക്കയും ചെയ്താൽ, താൻ പറഞ്ഞതിനെ തെളിയിക്കാമെന്നു താനും തന്നോടുകൂടെ മതിയായ ജാമ്യക്കാരും വിവാഹം കഴിവാനുള്ള സ്ത്രീ പുരുഷന്മാൎക്കു ഉറപ്പു വരുത്തുക എങ്കിലും, ഇതിൽവെച്ചു അവൎക്കുണ്ടാകുന്ന സകല നഷ്ടങ്ങൾക്കും ഉത്തരം പറഞ്ഞുകൊള്ളാമെന്നു കരാറു എഴുതിക്കൊടുക്ക എങ്കിലും ചെയ്യുന്നപക്ഷം, പരമാൎത്ഥം, പരിശോധിച്ചറിയുന്നതുവരെ ആ കൎമ്മം കഴിക്കാതെ നിറുത്തിവെക്കണം.

¶ ഒരു വിരോധവും അറിയിക്കപ്പെടുന്നില്ല എങ്കിൽ, പട്ടക്കാരൻ പുരുഷനോടു പറയേണ്ടതു എന്തെന്നാൽ,

**———, വി**വാഹത്തിന്റെ വിശുദ്ധ അവസ്ഥയിൽ ദൈവത്തിന്റെ നിയമപ്രകാരം ഒന്നിച്ചു പാൎപ്പാനായിട്ടു നീ ഈ സ്ത്രീയെ നിന്റെ വിവാഹ ഭാൎയ്യയായി കൈക്കൊള്ളുമോ? നീ ഇവളെ സ്നേഹിച്ചു, ആശ്വസിപ്പിച്ചു, മാനിച്ചു, ദീനത്തിലും സുഖത്തിലും രക്ഷിക്കയും, മറ്റെല്ലാവരെയും ഉപേക്ഷിച്ചു, നിങ്ങൾ ഇരുവരും ജീവിച്ചിരിക്കുമ്പോൾ ഒക്കെയും ഇവളോടു മാത്രം ചേൎന്നിരിക്കയും ചെയ്യുമോ?

¶ പുരുഷൻ ഉത്തരം പറയേണ്ടതു,

ഞാൻ ചെയ്യും.

¶ അതിന്റെ ശേഷം പ്രെസ്ബിറ്റർ സ്ത്രീയോടു പറയേണ്ടതു എന്തെന്നാൽ,

**———, വി**വാഹത്തിന്റെ വിശുദ്ധ അവസ്ഥയിൽ ദൈവത്തിന്റെ നിയമപ്രകാരം ഒന്നിച്ചു പാൎപ്പാനായിട്ടു നീ ഈ പുരുഷനെ നിന്റെ വിവാഹഭൎത്താവായി കൈക്കൊള്ളുമോ? നീ ഇവനെ അനുസരിച്ചു, ശുശ്രൂഷിച്ചു, സ്നേഹിച്ചു, മാനിച്ചു, ദീനത്തിലും സുഖത്തിലും ഇവനെ രക്ഷിക്കയും, മറ്റെല്ലാവരെയും ഉപേക്ഷിച്ചു, നിങ്ങൾ ഇരുവരും ജീവിച്ചിരിക്കുമ്പോൾ ഒക്കെയും ഇവനോടു മാത്രം ചേൎന്നിരിക്കയും ചെയ്യുമോ?

¶ സ്ത്രീ ഉത്തരം പറയേണ്ടതു,

ഞാൻ ചെയ്യും.

¶ അതിന്റെ ശേഷം ശുശ്രൂഷകൻ പറയേണ്ടതു,

ഈ പുരുഷനു വിവാഹം ചെയ്വാൻ ഈ സ്ത്രീയെ കൊടുക്കുന്നതു ആര്?

¶ പിന്നെ അവർ തമ്മിൽ താഴെ പറയുന്നപ്രകാരം വാഗ്ദത്തം ചെയ്യേണം. ശുശ്രൂഷകൻ സ്ത്രീയെ അവളുടെ പിതാവിന്റെയോ ബന്ധുവിന്റെയോ കയ്യിൽനിന്നു ഏറ്റു അവളുടെ വലത്തെ കൈ പുരുഷന്റെ വലത്തെ കൈകൊണ്ടു പിടിപ്പിച്ചു, ഇപ്രകാരം അവനെക്കൊണ്ടു പറയിക്കേണം.

————ഞാൻ————നിന്നെ, ഇന്നുമുതൽ, ഇനിമേലാൽ, നന്മയിലും തിന്മയിലും, സമ്പത്തിലും ദരിദ്രതയിലും, ദീനത്തിലും സുഖത്തിലും, മരണം നമ്മെ വേർപിരിക്കുന്നതുവരെ ദൈവത്തിൻെറ വിശുദ്ധനിയമപ്രകാരം സ്നേഹിപ്പാനും, രക്ഷിപ്പാനും എൻെറ വിവാഹഭാൎയ്യയായി ഏററുകൊളളുന്നു; അതിന്നായി ഞാൻ നിനക്കു വാഗ്ദത്തം ചെയ്യുന്നു.

¶ അതിൻെറ ശേഷം അവർ തങ്ങളുടെ കൈകൾ വിടെണം; പിന്നെ സ്ത്രീ തൻെറ വലത്തെ കൈകൊണ്ടു പുരുഷൻെറ വലത്തെ കൈ പിടിച്ചു ശുശ്രൂഷകൻ പറയുന്ന വചനപ്രകാരം ചൊല്ലേണ്ടതു,

————ഞാൻ————നിന്നെ, ഇന്നുമുതൽ ഇനിമേലാൽ, നന്മയിലും തിന്മയിലും, സമ്പത്തിലും ദരിദ്രതയിലും, ദീനത്തിലും സുഖത്തിലും, മരണം നമ്മെ വേർപിരിക്കുന്നതുവരെ ദൈവത്തിൻെറ വിശുദ്ധനിയമപ്രകാരം സ്നേഹിപ്പാനും, രക്ഷിപ്പാനും, അനുസരിപ്പാനും എൻെറ വിവാഹഭൎത്താവായി ഏററുകൊളളുന്നു; അതിന്നായി ഞാൻ നിനക്കു വാഗ്ദത്തം ചെയ്യുന്നു.

¶ അതിൻെറ ശേഷം അവർ വീണ്ടും കൈകൾ വിടെണം; പിന്നെ പുരുഷൻ സ്ത്രീക്കു കൊടുപ്പാനായിട്ടു ഒരു മോതിരം പ്രെസ്ബിററൎക്കും പള്ളിശുശ്രൂഷക്കാരന്നും മൎയ്യാദപ്രകാരമുളള പണത്തോടുകൂടെ പുസ്തകത്തിന്മേൽ വെക്കണം. പിന്നെ പ്രെസ്ബിററർ ആ മോതിരം എടുത്തു, പുരുഷൻ അതിനെ സ്ത്രീയുടെ ഇടത്തെ കയ്യുടെ നാലാം വിരലിൽ ഇടുവാനായിട്ടു അവന്നു അതിനെ കൊടുക്കണം. പിന്നെ പുരുഷൻ ആ വിരലിൽ മോതിരം ഇട്ടു അതിന്മേൽ പിടിച്ചുകൊണ്ടു പ്രെസ്ബിററർ ചൊല്ലികൊടുക്കുന്ന പ്രകാരം ചൊല്ലേണ്ടതു,

ഈ മോതിരംകൊണ്ടു ഞാൻ നിന്നെ വിവാഹം ചെയ്യുന്നു, എൻെറ ശരീരംകൊണ്ടു ഞാൻ നിന്നെ മാനിക്കുന്നു, എൻെറ ഇഹലോകസമ്പത്തുകളെ എല്ലാം ഞാൻ നിനക്കു അവകാശമാക്കുന്നു; പിതാവിൻെറയും, പുത്രൻെറയും, പരിശുദ്ധാത്മാവിൻെറയും നാമത്തിൽ തന്നേ. ആമെൻ.

¶ പുരുഷൻ ആ മോതിരത്തെ സ്ത്രീയുടെ ഇടത്തെ കയ്യുടെ നാലാം വിരലിൽ ഇട്ടശേഷം മോതിരത്തിന്മേൽനിന്നു കൈ വിട്ടിട്ടു അവർ ഇരുവരും മുട്ടുകുത്തേണം. അതിൻെറശേഷം ശുശ്രൂഷകൻ ചൊല്ലേണ്ടതു,

നാം പ്രാൎത്ഥിക്ക.

സകല മനുഷ്യജാതിയെയും സൃഷ്ടിച്ചു പരിപാലിക്കുന്നവനും, ആത്മീയ കൃപയെ ഒക്കെയും നല്കുന്നവനും, നിത്യജീവൻെറ കാരണനുമായ നിത്യ ദൈവമേ, ഞങ്ങൾ നിൻെറ നാമത്തിൽ അനുഗ്രഹിക്കുന്ന നിൻെറ ദാസരായ ഈ പുരുഷൻെറമേലും, ഈ സ്ത്രീയുടെമേലും നിൻെറ അനുഗ്രഹത്തെ അയക്കേണമേ; യിസ്സാക്കും റിബെക്കായും തമ്മിൽ വിശ്വസ്തതയോ

ടെ ഒരുമിച്ചു വസിച്ചിരുന്നതുപോലെ തന്നെ, ഇവരും, ഈ മോതിരത്തെ അടയാളമായിട്ടും സാക്ഷ്യമായിട്ടും കൊടുക്കയും വാങ്ങിക്കയും ചെയ്തു പ്രകാരം, തങ്ങൾ തമ്മിൽ ചെയ്ത പ്രതിജ്ഞയെയും ഉടമ്പടിയെയും നിശ്ചയമായി പ്രമാണിച്ചു നിവൃത്തിയാക്കി, പൂൎണ്ണസ്നേഹത്തോടും സമാധാനത്തോടുംകൂടെ എപ്പോഴും ഒരുമിച്ചു പാൎത്തു, നിന്റെ കല്പനകളിൻപ്രകാരം ജീവിപ്പാൻ ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം കൃപ ചെയ്യേണമേ. ആമെൻ.

¶ അതിന്റെ ശേഷം പ്രെസ്ബിറ്റർ അവരുടെ വലത്തുകൈകളെ തമ്മിൽ ഇണെച്ചുകൊണ്ടു ചൊല്ലേണ്ടതു,

ദൈവം കൂട്ടിച്ചേൎത്തവരെ ആരും വേൎപിരിക്കരുതു.

¶ അതിന്റെ ശേഷം ശുശ്രൂഷകൻ ജനങ്ങളോടു പറയേണ്ടതു എന്തെന്നാൽ,

ഇ———ഇ———വിശുദ്ധ വിവാഹത്തിൽ തമ്മിൽ സമ്മതിച്ചു, ആയതിനെ ദൈവത്തിന്റെയും ഈ സഭയുടെയും മുമ്പാകെ സാക്ഷിപ്പെടുത്തി അതിന്നായിട്ടു തമ്മിൽ വാഗ്ദത്തം ചെയ്തു, ഒരു മോതിരം കൊടുക്കയും വാങ്ങിക്കയും ചെയ്തതിനാലും കൈ പിടിത്തത്താലും അതിനെ അറിയിച്ചതുകൊണ്ടു ഇവർ ഭൎത്താവും ഭാൎയ്യയും ആയിരിക്കുന്നു എന്നു പിതാവിന്റെയും, പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ പ്രസിദ്ധിപ്പെടുത്തുന്നു. ആമെൻ.

¶ പിന്നെ ശുശ്രൂഷകൻ ഈ അനുഗ്രഹംകൂടെ ചൊല്ലേണം.

പിതാവായ ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവായ ദൈവം നിങ്ങളെ അനുഗ്രഹിച്ചു കാത്തു പരിപാലിക്കട്ടെ; കൎത്താവു തന്റെ കരുണകൊണ്ടു കൃപയോടെ നിങ്ങളെ കടാക്ഷിച്ചു, പരലോകത്തിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടാകുവാൻ തക്കവണ്ണം ഇഹലോകത്തിൽ നിങ്ങൾ തമ്മിൽ അനുകൂലമായി പാൎക്കേണ്ടതിന്നു, നിങ്ങളെ സകല ആത്മീയ അനുഗ്രഹങ്ങൾകൊണ്ടും കൃപകൊണ്ടും നിറെക്കട്ടെ. ആമെൻ.

¶ അതിന്റെ ശേഷം ശുശ്രൂഷകനോ, പള്ളിശുശ്രൂഷക്കാരോ കൎത്താവിന്റെ മേശയിങ്കലേക്കു ചെന്നു, ഈ താഴെയുള്ള സങ്കീൎത്തനം ചൊല്ലുകയോ പാടുകയോ ചെയ്യേണം.

*Beati omnes.* ൧൨൮-ാം സങ്കീൎത്തനം.

യഹോവയെ ഭയപ്പെട്ടു അവന്റെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ;

നിന്റെ കൈകളുടെ അദ്ധ്വാനഫലം നീ തിന്നും; നീ ഭാഗ്യവാൻ; നിനക്കു നന്മ വരും.

നിന്റെ ഭാൎയ്യ നിന്റെ വീട്ടിനകത്തു ഫലപ്രദമായ മുന്തിരിവള്ളി പോലെയും, നിന്റെ മക്കൾ നിന്റെ മേശെക്കു ചുറ്റും ഒലിവുതൈകൾ പോലെയും ഇരിക്കും.

യഹോവാഭക്തനായ പുരുഷൻ ഇങ്ങനെ അനുഗ്രഹിക്കപ്പെട്ടവനാകും.

യഹോവ സീയോനിൽനിന്നു നിന്നെ അനുഗ്രഹിക്കും; നിന്റെ ആയുഷ്കാലമൊക്കെയും നീ യെരൂശലേമിന്റെ നന്മയെ കാണും.

നിന്റെ മക്കളുടെ മക്കളെയും നീ കാണും. യിസ്രായേലിന്മേൽ സമാധാനം ഉണ്ടാകട്ടെ.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ;

ആദിയിങ്കലും, ഇപ്പോഴും, എന്നേക്കുമുള്ള പ്രകാരം തന്നേ. ആമെൻ.

¶ അല്ലെങ്കിൽ ൬൭ാം സങ്കീൎത്തനം.

*Deus misereatur.* ൬൭-ാം സങ്കീൎത്തനം.

ദൈവം നമ്മോടു കൃപചെയ്തു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ; അവൻ തന്റെ മുഖത്തെ നമ്മുടെ മേൽ പ്രകാശിപ്പിക്കുമാറാകട്ടെ.

നിന്റെ വഴി ഭൂമിയിലും നിന്റെ രക്ഷ സകല ജാതികളുടെ ഇടയിലും അറിയേണ്ടതിന്നു തന്നേ.

ദൈവമേ, ജാതികൾ നിന്നെ സ്തുതിക്കും; സകല ജാതികളും നിന്നെ സ്തുതിക്കും.

ജാതികൾ സന്തോഷിച്ചു ഘോഷിച്ചുല്ലസിക്കും; നീ വംശങ്ങളെ നേരോടെ വിധിച്ചു ഭൂമിയിലെ ജാതികളെ ഭരിക്കുന്നുവല്ലൊ.

ദൈവമേ, ജാതികൾ നിന്നെ സ്തുതിക്കും; സകല ജാതികളും നിന്നെ സ്തുതിക്കും.

ഭൂമി അതിന്റെ അനുഭവം തന്നിരിക്കുന്നു; ദൈവം, നമ്മുടെ ദൈവം തന്നേ, നമ്മെ അനുഗ്രഹിക്കും.

ദൈവം നമ്മെ അനുഗ്രഹിക്കും; ഭൂമിയുടെ അറുതികൾ ഒക്കെയും അവനെ ഭയപ്പെടും.

പിതാവിന്നും, പുത്രന്നും പരിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ;

ആദിയിങ്കലും, ഇപ്പോഴും, എന്നേക്കുമുള്ള പ്രകാരം തന്നേ. ആമെൻ.

¶ സങ്കീൎത്തനം കഴിഞ്ഞശേഷം, പുരുഷനും സ്ത്രീയും കൎത്താവിന്റെ മേശെക്കു മുമ്പിൽ മുട്ടുകുത്തേണം. പ്രെസ്ബിറ്റർ മേശയിങ്കൽ നിന്നുകൊണ്ടു, അവരുടെ നേരെ തിരിഞ്ഞു ചൊല്ലേണ്ടതു,

കൎത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

പ്രതിവാക്യം. മശിഹായേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

ശുശ്രൂഷകൻ. കൎത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

സ്വൎഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെപ്പോലെ ഭൂമിയിലും ചെയ്യപ്പെടേണമേ. ഞങ്ങളുടെ ദിവസവുമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരേണമേ. ഞങ്ങളുടെ നേരെ കുറ്റം ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ കുറ്റങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിലേക്കു കടത്താതെ, ഞങ്ങളെ ദോഷത്തിൽനിന്നു രക്ഷിക്കേണമേ. ആമെൻ.

ശുശ്രൂഷകൻ. കൎത്താവേ, നിന്റെ ദാസനെയും, നിന്റെ ദാസിയെയും രക്ഷിക്കേണമേ;

പ്രതിവാക്യം. ഇവർ നിങ്കൽ ആശ്രയിക്കുന്നവരല്ലോ.

ശുശ്രൂഷകൻ. കൎത്താവേ, നിന്റെ വിശുദ്ധസ്ഥലത്തുനിന്നു ഇവൎക്കു സഹായം ചെയ്യേണമേ.

പ്രതിവാക്യം. ഇവരെ എപ്പോഴും കാത്തുകൊള്ളേണമേ.

ശുശ്രൂഷകൻ. ഇവൎക്കു ബലമുള്ള ഗോപുരമായിരിക്കേണമേ:

പ്രതിവാക്യം. ഇവരുടെ ശത്രുക്കളുടെ മുഖത്തുനിന്നു തന്നേ.

ശുശ്രൂഷകൻ. കൎത്താവേ, ഞങ്ങളുടെ പ്രാൎത്ഥന കേൾക്കേണമേ.

പ്രതിവാക്യം. ഞങ്ങളുടെ നിലവിളിയും തിരുസന്നിധിയിൽ വരുമാറാകട്ടെ.

ശുശ്രൂഷകൻ

അബ്രാഹാമിന്റെ ദൈവമേ, യിസ്ഹാക്കിന്റെ ദൈവമേ, യാക്കോബിന്റെ ദൈവമേ, നിന്റെ ഈ ദാസരെ അനുഗ്രഹിച്ചു നിന്റെ വിശുദ്ധവചനത്തിൽ ഇവൎക്കു പ്രയോജനമായി ഇവർ പഠിക്കുന്നതെല്ലാം ശരിയായി നിവൃത്തിക്കേണ്ടതിന്നു നിത്യജീവന്റെ വിത്തു ഇവരുടെ ഹൃദയങ്ങളിൽ വിതെക്കേണമേ. കൎത്താവേ, സ്വൎഗ്ഗത്തിൽനിന്നു ഇവരെ കടാക്ഷിച്ചു, ഇവരെ അനുഗ്രഹിക്കേണമേ. അബ്രാഹാമിന്നും സാറായിക്കും വലിയ ആശ്വാസത്തിന്നായിട്ടു നിന്റെ അനുഗ്രഹത്തെ നീ അയച്ചതുപോലെ തന്നേ, നിന്റെ ഈ ദാസർ നിന്റെ ഇഷ്ടത്തെ അനുസരിച്ചു, നിന്റെ സംരക്ഷണയിൻ കീഴെ എപ്പോഴും ക്ഷേമത്തോടെ ഇരുന്നു, ഇ

വരുടെ ജീവപൎയ്യന്തം നിന്റെ സ്നേഹത്തിൽ സ്ഥിരമായി വസിക്കേണ്ടതി
ന്നായിട്ടു ഇവരുടെമേൽ നിന്റെ അനുഗ്രഹത്തെ അയക്കേണമെന്നു ഞ
ങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷി
ക്കുന്നു. ആമെൻ.

¶ സ്ത്രീക്കു പ്രസവപ്രായം കഴിഞ്ഞു എങ്കിൽ ഠരം വരുന്ന പ്രാൎത്ഥന ചൊല്ലാതി
രിക്കേണം.

കരുണയുള്ള കൎത്താവേ, സ്വൎഗ്ഗസ്ഥപിതാവേ, മാനുഷവൎഗ്ഗം വൎദ്ധിക്കുന്നതു
നിന്റെ കൃപയുള്ള ദാനംകൊണ്ടല്ലോ ആകുന്നു; ഇവർ ഇരുവരും സ
ന്താനഭാഗ്യമുള്ളവരായി, തങ്ങളുടെ പൈതങ്ങൾ നിനക്കു സ്തുതിക്കും ബ
ഹുമാനത്തിന്നുമായിട്ടു ക്രിസ്തീയഭക്തിയോടും സുകൃതത്തോടും വളൎത്തപ്പെ
ട്ടുകാണ്മാൻ തക്കവണ്ണം ഇവർ ദൈവഭക്തിക്കടുത്ത സ്നേഹത്തോടും നല്ല
നടപ്പോടും ദീൎഘകാലം ഒരുമിച്ചു വസിപ്പാനായിട്ടു ഇവൎക്കു നിന്റെ അ
നുഗ്രഹംകൊണ്ടു സഹായിക്കേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമ
ശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

മഹാശക്തികൊണ്ടു ഇല്ലായ്മയിൽനിന്നു സകലത്തെയും ഉണ്ടാക്കി, മററു
ള്ളവയെ ക്രമപ്പെടുത്തിയതിന്റെ ശേഷം നിന്റെ സ്വന്തഛായയിലും
സാദൃശ്യത്തിലും സൃഷ്ടിച്ച പുരുഷനിൽനിന്നു സ്ത്രീ ഉളവാകേണമെന്നു നി
യമിച്ചു, അവരെ കൂട്ടിച്ചേൎത്തു, വിവാഹംകൊണ്ടു ഒന്നാക്കിയവരെ വേ
ൎപിരിക്കുന്നതു ഒരുനാളും ന്യായമല്ല എന്നു ഉപദേശിച്ച ദൈവമേ,
മശിഹായിക്കും അവന്റെ സഭെക്കും തമ്മിലുള്ള ആത്മീയവിവാഹത്തെയും
ഒരുമയെയും സൂക്ഷ്മമായി കാണിക്കുന്ന അടയാളമായി വിവാഹത്തിന്റെ
അവസ്ഥയെ ശ്രേഷ്ഠതയുള്ള മൎമ്മമായിരിപ്പാൻ ശുദ്ധീകരിച്ച ദൈവമേ, മ
ശിഹാ തന്റെ മണവാട്ടിയായ സഭയെ സ്നേഹിച്ചു, അതിന്നുവേണ്ടി ത
ന്നെത്താൻ ഏല്പിച്ചു, അതിനെ തന്റെ സ്വന്ത ശരീരംപോലെ തന്നേ
സ്നേഹിച്ചു പരിപാലിക്കുന്നപ്രകാരം, ഈ പുരുഷനും നിന്റെ വചന
പ്രകാരം തന്റെ ഭാൎയ്യയെ സ്നേഹിപ്പാനായിട്ടും, ഈ സ്ത്രീയും തന്റെ ഭ
ൎത്താവിനോടു സ്നേഹവും പ്രിയവും വിശ്വസ്തതയും അനുസരണവുമുള്ളവ
ളായും, ശുദ്ധിയും ദൈവഭക്തിയുമുള്ള സ്ത്രീകളെ സകല ശാന്തതയിലും,
സുബുദ്ധിയിലും, സമാധാനത്തിലും പിന്തുടരുന്നവളായും ഇരിപ്പാനായി
ട്ടും നിന്റെ ഈ ദാസരെ കടാക്ഷിക്കേണമേ. കൎത്താവേ, ഇവരെ ഇ
രുവരെയും അനുഗ്രഹിച്ചു ഇവർ നിന്റെ നിത്യരാജ്യത്തെ അനുഭവി
പ്പാനായിട്ടു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം കൃപ ചെയ്യേ
ണമേ. ആമെൻ.

¶ അതിന്റെ ശേഷം പ്രെസ്ബിററർ ചൊല്ലേണ്ടതു,

ആദിയിൽ നമ്മുടെ ആദ്യമാതാപിതാക്കന്മാരായ ആദാമിനെയും ഹവ്വാ
യെയും സൃഷ്ടിച്ചു, അവരെ വിവാഹത്തിൽ ശുദ്ധീകരിച്ചു കൂട്ടിച്ചേൎത്ത

നായ സൎവ്വശക്തിയുള്ള ദൈവം, നിങ്ങൾ അവനെ ശരീരത്തിലും ആത്മാവിലും പ്രസാദിപ്പിപ്പാനും, നിങ്ങളുടെ ജീവപൎയ്യന്തം വിശുദ്ധ സ്നേഹത്തിൽ ഒരുമിച്ചു വസിപ്പാനുമായിട്ടു തന്റെ കൃപാധനത്തെ നിങ്ങളുടെ മേൽ പകൎന്നു, നിങ്ങളെ ശുദ്ധീകരിച്ചു അനുഗ്രഹിക്കട്ടെ. ആമെൻ.

¶ അതു കഴിഞ്ഞശേഷം ഭാൎയ്യാഭൎത്താക്കന്മാരുടെ മുറകൾ അറിയിക്കുന്ന പ്രസംഗം ഇല്ലെങ്കിൽ ശുശ്രൂഷകൻ ഒരം താഴെയുള്ളപ്രകാരം വായിക്കേണം.

വിവാഹം ചെയ്തവരോ, വിശുദ്ധ വിവാഹ അവസ്ഥയിൽ പ്രവേശിപ്പാൻ ഭാവിക്കുന്നവരോ ആയ നിങ്ങൾ എല്ലാവരും ഭൎത്താക്കന്മാർ തങ്ങളുടെ ഭാൎയ്യമാൎക്കും, ഭാൎയ്യമാർ തങ്ങളുടെ ഭൎത്താക്കന്മാൎക്കും ചെയ്യേണ്ടുന്ന മുറയെ കുറിച്ചു തിരുവെഴുത്തിൽ കല്പിച്ചിരിക്കുന്നതു കേട്ടുകൊൾവിൻ.

വിശുദ്ധ പൌലൊസ് എഫെസ്യൎക്കു എഴുതിയ ലേഖനം അഞ്ചാം അദ്ധ്യായത്തിൽ, വിവാഹം ചെയ്തിട്ടുള്ള എല്ലാ പുരുഷന്മാൎക്കും ഒരം കല്പന കൊടുത്തിരിക്കുന്നു: ഭൎത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാൎയ്യമാരെ സ്നേഹിപ്പിൻ. അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിന്നും കറ, ചുളുക്കം മുതലായതു ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നെ തേജസ്സോടെ മുന്നിറുത്തേണ്ടതിന്നും തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചുകൊടുത്തു. അവ്വണ്ണം ഭൎത്താക്കന്മാരും തങ്ങളുടെ ഭാൎയ്യമാരെ സ്വന്ത ശരീരങ്ങളെപ്പോലെ സ്നേഹിക്കേണ്ടതാകുന്നു. ഭാൎയ്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു. ആരും തന്റെ ജഡത്തെ ഒരുനാളും പകെച്ചിട്ടില്ലല്ലോ; ക്രിസ്തുവും സഭയെ ചെയ്യുന്നതുപോലെ അതിനെ പോററി പുലൎത്തുകയത്രേ ചെയ്യുന്നതു. നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളല്ലോ. അതുനിമിത്തം ഒരു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാൎയ്യയോടു പററിച്ചേരും; ഇരുവരും ഒരു ദേഹമായിത്തീരും. ഈ മൎമ്മം വലിയതു; ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രേ പറയുന്നതു. എന്നാൽ നിങ്ങളും അങ്ങനെ തന്നേ ഓരോരുത്തൻ താന്താന്റെ ഭാൎയ്യയെ തന്നെപ്പോലെ തന്നേ സ്നേഹിക്കേണം.

അപ്രകാരം തന്നേ ആ വിശുദ്ധ പൌലൊസ് കൊലൊസ്യൎക്കു എഴുതിയതിൽ, വിവാഹം ചെയ്തിട്ടുള്ള എല്ലാ പുരുഷന്മാരോടും ഇങ്ങനെ പറയുന്നു: ഭൎത്താക്കന്മാരേ, നിങ്ങളുടെ ഭാൎയ്യമാരെ സ്നേഹിപ്പിൻ, അവരോടു കൈപ്പായിരിക്കയുമരുതു.

മശിഹായുടെ അപ്പൊസ്തലനായി, താൻ തന്നേ വിവാഹം ചെയ്തിരുന്നവനായ വിശുദ്ധ പത്രൊസ് വിവാഹം ചെയ്തിരിക്കുന്നവരോടു പറയുന്നതും കേൾപ്പിൻ: ഭൎത്താക്കന്മാരേ, നിങ്ങളുടെ പ്രാൎത്ഥനെക്കു മുടക്കം

വരാതിരിക്കേണ്ടതിന്ന വിവേകത്തോടെ ഭാൎയ്യമാരോടു കൂടെ വസിച്ചു, സ്ത്രീജനം ബലഹീനപാത്രം എന്നും അവർ ജീവന്റെ കൃപെക്കു കൂട്ടവകാശികൾ എന്നും ഓൎത്തു അവൎക്കു ബഹുമാനം കൊടുപ്പിൻ.

ഇതുവരെയും നിങ്ങൾ ഭൎത്താവു ഭാൎയ്യെക്കു ചെയ്യേണ്ടുന്ന മുറയെ കേട്ടുവല്ലോ. അപ്രകാരം ഇനി ഭാൎയ്യമാരായുള്ള നിങ്ങളും, തിരുവെഴുത്തിൽ സ്പഷ്ടമായി കാണിച്ചിരിക്കുന്നപ്രകാരം, നിങ്ങളുടെ ഭൎത്താക്കന്മാരോടുള്ള മുറകളെ കേട്ടു പഠിപ്പിൻ

എഫെസ്യൎക്കുള്ള മേൽപറഞ്ഞ ലേഖനത്തിൽ നിങ്ങൾക്കു ഇപ്രകാരം വിശുദ്ധ പൌലൊസ് ഉപദേശിക്കുന്നു: ഭാൎയ്യമാരേ, കൎത്താവിന്നു എന്നപോലെ സ്വന്ത ഭൎത്താക്കന്മാൎക്കു കീഴടങ്ങുവിൻ. ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭെക്കു തലയാകുന്നതുപോലെ ഭൎത്താവു ഭാൎയ്യെക്കു തലയാകുന്നു. എന്നാൽ സഭ ക്രിസ്തുവിന്നു കീഴടങ്ങിയിരിക്കുന്നതുപോലെ ഭാൎയ്യമാരും ഭൎത്താക്കന്മാൎക്കു സകലത്തിലും കീഴടങ്ങിയിരിക്കേണം. പിന്നെയും അവൻ പറയുന്നു: ഭാൎയ്യയോ, ഭൎത്താവിനെ ഭയപ്പെടേണ്ടതാകുന്നു.

കൊലൊസ്സ്യൎക്കു എഴുതിയ ലേഖനത്തിൽ, വിശുദ്ധ പൌലൊസ് ചുരുക്കമായിട്ടു നിങ്ങൾക്കു ഇപ്രകാരം ബുദ്ധി പറയുന്നു: ഭാൎയ്യമാരേ, നിങ്ങളുടെ ഭൎത്താക്കന്മാൎക്കു കൎത്താവിൽ ഉചിതമാകുംവണ്ണം കീഴടങ്ങുവിൻ. *

പിന്നെയും വിശുദ്ധ പത്രൊസ് നിങ്ങൾക്കു നല്ലവണ്ണം ബുദ്ധിയുപദേശിച്ചു ഇങ്ങനെ പറയുന്നു: ഭാൎയ്യമാരേ, നിങ്ങളുടെ ഭൎത്താക്കന്മാൎക്കു കീഴടങ്ങിയിരിപ്പിൻ; അവരിൽ വല്ലവരും വചനം അനുസരിക്കാത്തപക്ഷം ഭയത്തോടുകൂടിയ നിങ്ങളുടെ നിൎമ്മലമായ നടപ്പു കണ്ടറിഞ്ഞു വചനം കൂടാതെ ഭാൎയ്യമാരുടെ നടപ്പിനാൽ ചേൎന്നുവരുവാൻ ഇടയാകും. നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല, സൌമ്യതയും സാവധാനതയുമുള്ള മനസ്സു എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു. ഇങ്ങനെയല്ലോ പണ്ടു ദൈവത്തിൽ പ്രത്യാശ വെച്ചിരുന്ന വിശുദ്ധ സ്ത്രീകൾ തങ്ങളെത്തന്നേ അലങ്കരിച്ചു ഭൎത്താക്കന്മാൎക്കു കീഴടങ്ങിയിരുന്നതു. അങ്ങനെ സാറാ അബ്രാഹാമിനെ യജമാനൻ എന്നു വിളിച്ചു അനുസരിച്ചിരുന്നു; നന്മ ചെയ്തു യാതൊരു ഭീഷണിയും പേടിക്കാതിരുന്നാൽ നിങ്ങൾ അവളുടെ മക്കൾ ആയിത്തീൎന്നു.

* മണവാളനും മണവാട്ടിയും വിവാഹസമയത്തെങ്കിലും വിവാഹം കഴിഞ്ഞിട്ടു ഒന്നാമതു വരുന്ന അവസരത്തിലെങ്കിലും വിശുദ്ധ സംസ്കാരത്തിൽ ഓഹരിക്കാരാകുന്നതു കൊള്ളാം.

THE ORDER FOR

# THE VISITATION OF THE SICK

# രോഗികളെ ദൎശിക്കുന്നതിനുള്ള

## ക്രമം

¶ ആരെങ്കിലും ദീനമായാൽ അതിനെക്കുറിച്ചു ഇടവകയിലെ ശുശ്രൂഷകനോടു അറിയിക്കേണം; അവൻ രോഗിയുടെ ഭവനത്തിൽ ചെന്നു ചൊല്ലേണ്ടതു,

ഈ ഭവനത്തിന്നും, ഇതിൽ പാൎക്കുന്ന എല്ലാവൎക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

¶ അവൻ രോഗിയുടെ അടുക്കൽ ചെല്ലുമ്പോൾ മുട്ടുകുത്തികൊണ്ടു ചൊല്ലേണ്ടതു,

കൎത്താവേ, ഞങ്ങളുടെ അകൃത്യങ്ങളെ എങ്കിലും, ഞങ്ങളുടെ പിതാക്കന്മാരുടെ അകൃത്യങ്ങളെ എങ്കിലും ഓൎക്കരുതേ; കൃപയുള്ള കൎത്താവേ, ഞങ്ങളോടു കനിവുണ്ടാകേണമേ; നീ നിന്റെ ഏററവും വിലയേറിയ രക്തംകൊണ്ടു വീണ്ടെടുത്തിരിക്കുന്നവരായ നിന്റെ ജനങ്ങളോടു കനിവുണ്ടായി, ഞങ്ങളോടു എന്നേക്കും കോപിക്കയും അരുതേ.

പ്രതിവാക്യം. കൃപയുള്ള കൎത്താവേ, ഞങ്ങളോടു കനിവുണ്ടാകേണമേ.

¶ പിന്നെ ശുശ്രൂഷകൻ ചൊല്ലേണ്ടതു,

നാം പ്രാൎത്ഥിക്ക.

കൎത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

മശിഹായേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

കൎത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

സ്വൎഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെ പോലെ ഭൂമിയിലും ചെയ്യപ്പെടേണമേ. ഞങ്ങളുടെ ദിവസവുമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരേണമേ. ഞങ്ങളുടെ നേരെ കുററം ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ കുററങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിലേക്കു കടത്താതെ, ഞങ്ങളെ ദോഷത്തിൽനിന്നു രക്ഷിക്കേണമേ. ആമെൻ.

ശുശ്രൂഷകൻ. ദൈവമേ, നിന്റെ [ദാസനെ] രക്ഷിക്കേണമേ;

പ്രതിവാക്യം. [ഇവൻ] നിങ്കൽ ആശ്രയിക്കുന്നുവല്ലോ.

ശുശ്രൂഷകൻ. നിന്റെ വിശുദ്ധ സ്ഥലത്തുനിന്നു [ഇവന്നു] സഹായം ചെയ്യേണമേ:

പ്രതിവാക്യം. എല്ലായ്പോഴും [ഇവനെ] ശക്തിയോടെ കാത്തുരക്ഷിക്കേണമേ.

ശുശ്രൂഷകൻ. ശത്രു [ഇവന്റെ] മേൽ പ്രബലപ്പെടരുതേ;

പ്രതിവാക്യം. [ഇവനെ] ഉപദ്രവിപ്പാൻ ദുഷ്ടനായവൻ അടുക്കുകയും അരുതേ.

ശുശ്രൂഷകൻ. കൎത്താവേ, നീ [ഇവന്നു] ബലമുള്ള ഗോപുരമായിരിക്കേണമേ;

പ്രതിവാക്യം. ശത്രുവിന്റെ മുഖത്തുനിന്നു [ഇവനെ] മറെക്കേണമേ.

ശുശ്രൂഷകൻ. കൎത്താവേ, ഞങ്ങളുടെ പ്രാൎത്ഥന കേൾക്കേണമേ;

പ്രതിവാക്യം. ഞങ്ങളുടെ നിലവിളിയും തിരുസന്നിധിയിൽ വരുമാറാകട്ടെ.

ശുശ്രൂഷകൻ.

കൎത്താവേ, സ്വൎഗ്ഗത്തിൽനിന്നു നോക്കി നിന്റെ ഈ [ദാസനെ] കടാക്ഷിച്ചു, ദൎശിച്ചു, സുഖപ്പെടുത്തേണമേ. നിന്റെ കരുണയുള്ള കണ്ണുകൾകൊണ്ടു [ഇവനെ] നോക്കേണമേ. [ഇവന്നു] ആശ്വാസവും നിങ്കൽ ഉറപ്പായ ആശ്രയവും നല്കേണമേ. ശത്രുവിനെക്കൊണ്ടുള്ള അപകടത്തിൽനിന്നു [ഇവനെ] രക്ഷിച്ചു, ഇടവിടാതുള്ള സമാധാനത്തിലും ക്ഷേമത്തിലും [ഇവനെ] കാക്കേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

സൎവ്വശക്തിയും മഹാ കരുണയുമുള്ള ദൈവവും, രക്ഷിതാവുമായുള്ളോവേ, ഞങ്ങളെ ചെവിക്കൊള്ളേണമേ; രോഗത്താൽ വലയുന്ന നിന്റെ ഈ [ദാസന്നു] പതിവായുള്ള നിന്റെ നന്മയെ നല്കേണമേ. [ഇവന്നു] തന്റെ ബലഹീനതയെക്കുറിച്ചുള്ള ബോധംകൊണ്ടു [ഇവന്റെ] വിശ്വാസത്തിന്നു ബലവും അനുതാപത്തിന്നു താല്പൎയ്യവും വൎദ്ധിപ്പാൻ തക്കവണ്ണം നിന്റെ ഈ പിതൃശിക്ഷയെ [ഇവന്നു] അനുഗ്രഹമാക്കേണമേ. [ഇവന്റെ] മുമ്പിലത്തെ സൌഖ്യം വീണ്ടും നല്കുവാൻ നിനക്കു ഇഷ്ടം തോന്നിയാൽ തന്റെ ശിഷ്ടായുസ്സിനെ നിന്നെയുള്ള ഭയത്തിലും നിന്റെ മഹത്വത്തിന്നായും [ഇവൻ] കഴിക്കുമാറാകേണമേ; അല്ലെന്നുവരികിൽ ഈ ക

ഷ്ടതയുള്ള ജീവകാലം അവസാനിച്ചശേഷം [ഇവൻ] നിത്യജീവനിൽ നിന്നോടുകൂടെ വസിപ്പാൻ തക്കവണ്ണം നിന്റെ ഈ ശിക്ഷയെ സഹിച്ചുകൊൾവാനായിട്ടു ഞങ്ങളുടെ കർത്താവായ യേശുമശിഹാമൂലം കൃപ അരുളേണമേ. ആമെൻ.

¶ അതിന്റെ ശേഷം ശുശ്രൂഷകൻ താഴെ വരുന്നപ്രകാരമെങ്കിലും, അതുപോലെ വേറെ വിധത്തിലെങ്കിലും, രോഗിയെ പ്രബോധിപ്പിക്കേണം.

**പ്രി**യമുള്ളവ[നേ], സർവ്വശക്തിയുള്ള ദൈവം ജീവന്റെയും, മരണത്തിന്റെയും, അവയോടു ചേർന്നുള്ള യൌവ്വനം, ബലം സുഖം, വാർദ്ധക്യം, ക്ഷീണം, രോഗം മുതലായ സകലത്തിന്റെയും നാഥനാകുന്നു എന്നു അറിഞ്ഞുകൊൾക. അതുകൊണ്ടു നിന്റെ രോഗം ഏതായാലും അതു ദൈവത്തിന്റെ ദർശനമാകുന്നു എന്നു നിശ്ചയമായി നീ അറിഞ്ഞുകൊൾക. പിന്നെയും മററുള്ളവർക്കു ദൃഷ്ടാന്തത്തിന്നായി നിന്റെ ക്ഷമയെ ശോധന ചെയ്യുന്നതിന്നോ, കർത്താവിന്റെ നാളിൽ നിന്റെ വിശ്വാസം പുകഴ്ചയും മഹത്വവും മാനവുമുള്ളതായി കാണപ്പെട്ടിട്ടു, നിത്യാനന്ദവും ഭാഗ്യവും സമൃദ്ധിയായി കിട്ടേണ്ടതിന്നോ ആയിരിക്കാം. അല്ലെങ്കിൽ നിന്റെ സ്വർഗ്ഗസ്ഥപിതാവിന്റെ ദൃഷ്ടിക്കു വിരുദ്ധമുള്ളതിനെ നീക്കി നന്നാക്കുന്നതിന്നായിരിക്കാം. ഈ രോഗം നിനക്കു അയെച്ചതു ഏതു കാരണത്താലായിരുന്നാലും നീ നിന്റെ പാപങ്ങളെ കുറിച്ചു സത്യമായി മാനസാന്തരപ്പെട്ടു, ക്ഷമയോടെ നിന്റെ രോഗം സഹിച്ചു, ദൈവത്തിന്റെ പ്രിയപുത്രനായ യേശുമശിഹാ മൂലം അവന്റെ കരുണയിൽ ആശ്രയിച്ചു, അവന്റെ പിതൃശിക്ഷെക്കായിട്ടു അവന്നു വിനയമുള്ള സ്തോത്രം ചെയ്തു. അവന്റെ ഇഷ്ടത്തിന്നു നിന്നെത്തന്നേ മുഴുവനും കീഴ്പ്പെടുത്തിയാൽ, ആയതു നിന്റെ ഗുണത്തിന്നായിട്ടു ഭവിക്കുമെന്നും, നിത്യജീവങ്കലേക്കുള്ള വഴിയിൽ നീ മുമ്പോട്ടു പോകുന്നതിന്നു നിനക്കു സഹായമായിരിക്കുമെന്നും നിശ്ചയമായി അറിഞ്ഞുകൊൾക.

¶ രോഗിക്കു ദീനം വളരെ കൂടുതലെങ്കിൽ പട്ടക്കാരൻ തന്റെ പ്രബോധന ഇവിടെ അവസാനിപ്പിക്കാം. അല്ലെങ്കിൽ പിന്നെയും ചൊല്ലേണ്ടതു,

**ആ**യതുകൊണ്ടു കർത്താവിന്റെ ശിക്ഷ നല്ലതെന്നു വിചാരിച്ചുകൊൾക; എന്തെന്നാൽ വിശുദ്ധ പൌലൊസ് എബ്രായർക്കു എഴുതിയ ലേഖനത്തിൽ പന്ത്രണ്ടാം അദ്ധ്യായത്തിൽ പറയുന്നപ്രകാരം: കർത്താവു താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു; എന്നിങ്ങനെ മക്കളോടു എന്നപോലെ നിങ്ങളോടു സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നുകളഞ്ഞുവോ? നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോടു എന്നപോലെ നിങ്ങളോടു പെരുമാറുന്നു; അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളു? എല്ലാവരും പ്രാപിക്കുന്ന

ബാലശിക്ഷ കൂടാതിരിക്കുന്നു എങ്കിൽ നിങ്ങൾ മക്കളല്ല കൌലടേയന്മാരത്രെ. നമ്മുടെ ജഡസംബന്ധമായ പിതാക്കന്മാർ നമ്മെ ശിക്ഷിച്ചപ്പോൾ നാം അവരെ വണങ്ങിപ്പോന്നുവല്ലോ; ആത്മാക്കളുടെ പിതാവിന്നു ഏററവും അധികമായി കീഴടങ്ങി ജീവിക്കേണ്ടതല്ലയോ? അവർ ശിക്ഷിച്ചതു കുറെക്കാലവും തങ്ങൾക്കു ബോധിച്ചപ്രകാരവുമത്രെ; അവനോ. നാം അവൻെറ വിശുദ്ധി പ്രാപിക്കേണ്ടതിന്നു നമ്മുടെ ഗുണത്തിന്നായി തന്നേ ശിക്ഷിക്കുന്നതു. പ്രിയ [സഹോദരാ], നമ്മുടെ സ്വൎഗ്ഗസ്ഥപിതാവു തൻെറ കാരുണ്യ നന്മയാൽ യാതൊരു വിധ അനൎത്ഥം കൊണ്ടു എപ്പോഴെങ്കിലും നമ്മെ ദൎശിപ്പാൻ ഇഷ്ടം തോന്നിയാൽ, അവൻെറ ശിക്ഷയെ നാം ക്ഷമയോടും സ്തോത്രത്തോടും സഹിക്കേണമെന്നു നമുക്കു ആശ്വാസത്തിന്നും ഉപദേശത്തിന്നുമായി ഈ വചനങ്ങൾ വിശുദ്ധ തിരുവെഴുത്തിൽ എഴുതിയിരിക്കുന്നു. അനൎത്ഥങ്ങളെയും, ഉപദ്രവങ്ങളെയും, രോഗങ്ങളെയും ക്ഷമയോടെ സഹിക്കുന്നതിൽ മശിഹായെപ്പോലെയായി തീരുന്നതിനെക്കാൾ വലിയ ആശ്വാസം ക്രിസ്ത്യാനികൾക്കു വേറെ ഒന്നും ഉണ്ടാകരുതാത്തതാകുന്നു. എന്തെന്നാൽ അവൻ തന്നേയും കഷ്ടപ്പെടുന്നതിനുമുമ്പെ സന്തോഷത്തിലേക്കു കയറിയില്ല, ക്രൂശിക്കപ്പെടുന്നതിനു മുമ്പു തൻെറ മഹത്വത്തിലേക്കു പ്രവേശിച്ചതുമില്ല. അപ്രകാരം തന്നേ നിത്യസന്തോഷത്തിലേക്കു നമുക്കുള്ള വഴി നാം ഇവിടെ വെച്ചു മശിഹായോടുകൂടെ കഷ്ടപ്പെടുന്നതാകുന്നു നിശ്ചയം; നാം മരണത്തിൽനിന്നു തിരികെ ഉയിൎത്തു നിത്യജീവനിൽ മശിഹായോടുകൂടെ വസിക്കേണ്ടതിന്നായിട്ടു അവനോടുകൂടെ സന്തോഷമായിട്ടു മരിക്കുന്നതു തന്നേ നമുക്കു നിത്യജീവനിലേക്കു പ്രവേശിക്കുന്നതിനുള്ള വാതിലാകുന്നു. അതുകൊണ്ടു നിനക്കു ഇത്ര പ്രയോജനമായിരിക്കുന്ന നിൻെറ രോഗം ഇപ്പോൾ ക്ഷമയോടെ ഏററുകൊണ്ടു നീ നിൻെറ ബപ്തിസ്മയിൽ ദൈവത്തോടു ചെയ്ത പ്രതിജ്ഞയെ ഓൎക്കേണമെന്നു ദൈവത്തിൻെറ നാമത്തിൽ ഞാൻ നിന്നെ പ്രബോധിപ്പിക്കുന്നു. വിശേഷിച്ചും ഈ ആയുസ്സു കഴിഞ്ഞശേഷം മുഖപക്ഷം കൂടാതെ എല്ലാവരെയും വിധിപ്പാനിരിക്കുന്ന നീതിയുള്ള ന്യായാധിപതിയുടെ മുമ്പാകെ കണക്കു കൊടുക്കേണ്ടതാകകൊണ്ടു, നീ ചെയ്ത കുററങ്ങൾക്കായിട്ടു നിന്നെത്തന്നേ കുററം ചുമത്തി, വിധിച്ചുകൊണ്ടു, നിൻെറ സ്വൎഗ്ഗസ്ഥപിതാവിൽനിന്നു മശിഹാമൂലം നീ കരുണ ലഭിച്ചവനായി, ആ ഭയങ്കരമായുള്ള വിധിനാളിൽ കുററം ചുമത്തപ്പെടാതെയും ശിക്ഷെക്കു വിധിക്കപ്പെടാതെയും ഇരിക്കേണ്ടതിന്നു, ദൈവത്തോടും മനുഷ്യരോടും അടുത്തുള്ള നിൻെറ സ്ഥിതിയെയും നിന്നെത്തന്നേയും നീ ശോധന ചെയ്തു നോക്കേണമെന്നു ഞാൻ നിന്നോടു ആജ്ഞാപിക്കുന്നു. അതുകൊണ്ടു ഒരു ക്രിസ്ത്യാനി വിശ്വസിക്കേണ്ടുന്നപ്രകാരം നീ വിശ്വസിക്കുന്നുണ്ടോ, ഇല്ലയോ എന്നു നീ അറിയേണ്ടതിന്നു ഞാൻ വിശ്വാസത്തിൻെറ സംഗതികളെ നിന്നെ കേൾപ്പിക്കട്ടെ.

¶ ഇവിടെ ശുശ്രൂഷകൻ വിശ്വാസത്തിന്റെ സംഗതികളെ താഴെ വരുന്നപ്രകാരം എടുത്തു ചോദിക്കേണം.

**സ**ർവ്വശക്തിയുള്ള പിതാവായി, ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചവനായ ദൈവത്തിൽ നീ വിശ്വസിക്കുന്നുവോ?

**അ**വന്റെ ഏകജാതനായ പുത്രനായി, നമ്മുടെ കർത്താവായ യേശുമശിഹായിലും നീ വിശ്വസിക്കുന്നുവോ? ഇവൻ പരിശുദ്ധാത്മാവിനാൽ കന്യകമറിയയിൽ ഉല്പാദിക്കപ്പെട്ടു ജനിച്ചു എന്നും; പൊന്തിയോസു പീലാത്തോസിന്റെ കീഴിൽ കഷ്ടപ്പെട്ടു, ക്രൂശിക്കപ്പെട്ടു, മരിച്ചു, അടക്കപ്പെട്ടു എന്നും; അവൻ പാതാളത്തിലേക്കു ഇറങ്ങി, മൂന്നാം ദിവസം പിന്നെയും ഉയിർത്തെഴുന്നേററു എന്നും; അവൻ സ്വർഗ്ഗത്തിലേക്കു കയറി, സർവ്വശക്തിയുള്ള പിതാവാകുന്ന ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നു എന്നും; അവിടെനിന്നു ലോകാവസാനത്തിങ്കൽ ജീവനുള്ളവരെയും മരിച്ചവരെയും ന്യായംവിധിപ്പാൻ വീണ്ടും വരും എന്നും നീ വിശ്വസിക്കുന്നുവോ?

**പ**രിശുദ്ധാത്മാവിലും നീ വിശ്വസിക്കുന്നുവോ? വിശുദ്ധ കാതോലിക സഭയിലും, വിശുദ്ധന്മാരുടെ സംസർഗ്ഗത്തിലും; പാപമോചനത്തിലും; ജഡത്തിന്റെ പുനരുത്ഥാനത്തിലും; മരണശേഷമുള്ള നിത്യജീവനിലും നീ വിശ്വസിക്കുന്നുവോ?

¶ രോഗി ഉത്തരം പറയേണ്ടതു.

**ഇ**തെല്ലാം ഞാൻ ഉറപ്പായിട്ടു വിശ്വസിക്കുന്നു.

¶ അതിന്റെ ശേഷം, അവൻ തന്റെ പാപങ്ങളെക്കുറിച്ചു സത്യമായി മാനസാന്തരപ്പെടുന്നുവോ എന്നും, എല്ലാവരോടും സ്നേഹമായിരിക്കുന്നുവോ എന്നും ശുശ്രൂഷകൻ അവനെ ശോധന കഴിച്ചു, ആരെങ്കിലും അവനു വിരോധമായി ദോഷം ചെയ്തിരുന്നാൽ അവരോടു അവൻ മനഃപൂർവ്വമായി ക്ഷമിക്കേണമെന്നും, അവൻ ആർക്കെങ്കിലും വിരോധമായി ദോഷം ചെയ്തിരുന്നാൽ അവരോടു അവൻ ക്ഷമ ചോദിക്കേണമെന്നും, അവൻ യാതൊരുത്തനോടും അന്യായമോ ഉപദ്രവമോ ചെയ്തിരുന്നാൽ, തനിക്കു കഴിവുള്ളിടത്തോളം പരിഹാരം ചെയ്യേണമെന്നും അവനു ബുദ്ധി പറയേണം. പിന്നെയും അവൻ തന്റെ വസ്തുവകകളെ കുറിച്ചു മുന്നമെ ഒരു വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ മരണപത്രിക എഴുതുവാനും, അവന്റെ മനസ്സാക്ഷിയുടെ ആശ്വാസത്തിന്നും അവന്റെ മരണപത്രിക നടത്തുന്നവരുടെ സൌകര്യത്തിന്നുമായിട്ടു താൻ കൊടുപ്പാനും തനിക്കു കിട്ടുവാനുമുള്ള കടങ്ങളുടെ വിവരം അറിയിപ്പാനും അപ്പോൾ ശുശ്രൂഷകൻ അവനെ ജാഗ്രതപ്പെടുത്തേണം. എന്നാൽ മനുഷ്യർ സൌഖ്യമായിരിക്കുന്ന കാലത്തു തന്നെ തങ്ങളുടെ ലൌകിക കാര്യങ്ങൾക്കു ഒരു വ്യവസ്ഥ ചെയ്തുകൊള്ളേണമെന്നു കൂടക്കൂടെ അവരെ ഓർമ്മപ്പെടുത്തേണ്ടതാകുന്നു.

• ഈ സംഗതികൾ ശുശ്രൂഷകൻ പ്രാൎത്ഥിപ്പാൻ തുടങ്ങുന്നതിനു മുമ്പെ ആവശ്യംപോലെ പറയാം.

• സംഗതികളോടു ഔദാൎയ്യം കാണിപ്പാൻ പ്രാപ്തന്മാരായ രോഗികൾ അങ്ങനെ ചെയ്വാൻ അവരെ താല്പൎയ്യത്തോടെ ഉത്സാഹിപ്പിക്കുന്നതിനും ശുശ്രൂഷകൻ വിട്ടുപോകരുതു.

• വല്ല ഘനമായുള്ള സംഗതികൊണ്ടും രോഗിയുടെ മനസ്സാക്ഷി ചഞ്ചലപ്പെട്ടു എങ്കിൽ, അവന്റെ പാപങ്ങളെ വിശേഷാൽ ഏറ്റുപറയേണ്ടതിനു ശുശ്രൂഷകൻ അവനെ താല്പൎയ്യപ്പെടുത്തേണം. ഇങ്ങനെ ഏറ്റുപറഞ്ഞശേഷം, രോഗി താഴ്മയോടും മനഃപൂൎവ്വമായും ആഗ്രഹിക്കുന്നു എങ്കിൽ പ്രെസ്ബിറ്റർ ഈ താഴെ വരുന്നപ്രകാരം അവനെ മോചിക്കേണം.

സത്യമായി മാനസാന്തരപ്പെട്ടു, തങ്കൽ വിശ്വസിക്കുന്ന സകല പാപികളെയും മോചിപ്പാനുള്ള അധികാരം തന്റെ സഭെക്കു കൊടുത്തിരിക്കുന്ന നമ്മുടെ കൎത്താവായ യേശുമശിഹാ, തന്റെ മഹാ കരുണകൊണ്ടു നിന്റെ കുറ്റങ്ങളെ ഒക്കെയും നിന്നോടു ക്ഷമിക്കട്ടെ. എന്റെ പക്കൽ ഏല്പിക്കപ്പെട്ടിരിക്കുന്ന അവന്റെ അധികാരംകൊണ്ടു **പി**താവിന്റെയും **പു**ത്രന്റെയും **പ**രിശുദ്ധാത്മാവിന്റെയും നാമത്തിൽ, ഞാൻ നിന്റെ സകല പാപങ്ങളിൽനിന്നും നിന്നെ മോചിക്കുന്നു. ആമെൻ.

• പിന്നെ പ്രെസ്ബിറ്റർ താഴെ വരുന്ന അപേക്ഷ ചൊല്ലേണം.

### നാം പ്രാൎത്ഥിക്കുക.

സത്യമായി മാനസാന്തരപ്പെടുന്നവരുടെ പാപങ്ങളെ പിന്നൊരിക്കലും ഓൎക്കാതവണ്ണം നിന്റെ ധാരാളമായുള്ള കരുണകൊണ്ടു ദൂരത്തു നീക്കിക്കളയുന്ന മഹാ കരുണയുള്ള ദൈവമേ, മോചനവും മാപ്പും ഏറ്റവും താല്പൎയ്യമായി ആഗ്രഹിക്കുന്ന നിന്റെ ഈ [ദാസന്റെ] മേൽ നിന്റെ കരുണയുള്ള കണ്ണുകളെ തുറക്കേണമേ. അത്യന്തം സ്നേഹമുള്ള പിതാവേ, പിശാചിന്റെ ഉപായവും ഈൎഷ്യയും കൊണ്ടെങ്കിലും, [ഇവന്റെ] മാംസേച്ഛയും ബലഹീനതയും കൊണ്ടെങ്കിലും കേടു ഭവിച്ചിട്ടുള്ളതിനെ ഒക്കെയും [ഇവനിൽ] പുതുതാക്കേണമേ; സഭയുടെ അവയവമായിരിക്കുന്ന ഈ രോഗിയെ സഭയുടെ കൂട്ടായ്മയിൽ നിലനിറുത്തി രക്ഷിക്കേണമേ, [ഇവന്റെ] മനോദുഃഖത്തെ വിചാരിക്കേണമേ, [ഇവന്റെ] കണ്ണുനീർ കൈക്കൊള്ളേണമേ, [ഇവന്റെ] ഗുണത്തിന്നു ഏറ്റവും നന്നെന്നു നിനക്കു തോന്നുംപ്രകാരം [ഇവന്റെ] വേദനയെ ശമിപ്പിക്കേണമേ. [ഇവൻ] നിന്റെ കരുണയിൽ തന്നേ തന്റെ ആശ്രയം മുഴുവനും വെച്ചിരിക്കകൊണ്ടു [ഇവൻ] മുൻചെയ്ത പാപങ്ങളെ [ഇവന്റെ] മേൽ ചുമത്താതെ നിന്റെ വാഴ്ത്തപ്പെട്ട ആത്മാവുകൊണ്ടു [ഇവനെ] ശക്തിപ്പെടുത്തേണമേ. [ഇവനെ] ഇവിടെനിന്നു എടുത്തുകൊൾവാൻ നിനക്കു ഇഷ്ടം തോന്നുമ്പോൾ, നിന്റെ മഹാ വാത്സല്യമുള്ള പുത്രനും ഞങ്ങളുടെ രക്ഷിതാവുമാ

യ യേശുമശിഹായുടെ യോഗ്യതകൾ മൂലം [ഇവനെ] നിന്റെ കൃപയിലേക്ക എടുത്തുകൊള്ളേണമേ. ആമെൻ.

¶ പിന്നെ ശുശ്രൂഷകൻ താഴെ വരുന്ന സങ്കീൎത്തനം ചൊല്ലേണം.

*In te, Domine, speravi.* ൭൧-ാം സങ്കീൎത്തനം.

യഹോവേ, ഞാൻ നിന്നിൽ ആശ്രയിക്കുന്നു; ഞാൻ ഒരുനാളും ലജ്ജിച്ചു പോകരുതേ.

നിന്റെ നീതിനിമിത്തം എന്നെ ഉദ്ധരിച്ചു വിടുവിക്കേണമേ; നിന്റെ ചെവി എങ്കലേക്കു ചായിച്ചു എന്നെ രക്ഷിക്കേണമേ.

ഞാൻ എപ്പോഴും വന്നു പാൎക്കേണ്ടതിന്നു നീ എനിക്കു ഉറപ്പുള്ള പാറയായിരിക്കേണമേ; എന്നെ രക്ഷിപ്പാൻ നീ കല്പിച്ചിരിക്കുന്നു; നീ എന്റെ പാറയും എന്റെ കോട്ടയും ആകുന്നുവല്ലോ.

എന്റെ ദൈവമേ, ദുഷ്ടന്റെ കയ്യിൽനിന്നും നീതികേടും ക്രൂരതയും ഉള്ളവന്റെ കയ്യിൽനിന്നും എന്നെ വിടുവിക്കേണമേ.

യഹോവയായ കൎത്താവേ, നീ എന്റെ പ്രത്യാശയാകുന്നു; ബാല്യംമുതൽ നീ എന്റെ ആശ്രയം തന്നേ.

ഗൎഭംമുതൽ നീ എന്നെ താങ്ങിയിരിക്കുന്നു; എന്റെ അമ്മയുടെ ഉദരത്തിൽനിന്നു എന്നെ എടുത്തവൻ നീ തന്നേ; എന്റെ സ്തുതി എപ്പോഴും നിന്നെക്കുറിച്ചാകുന്നു.

ഞാൻ പലൎക്കും ഒരത്ഭുതം ആയിരിക്കുന്നു; നീ എന്റെ ബലമുള്ള സങ്കേതമാകുന്നു.

എന്റെ വായ് നിന്റെ സ്തുതികൊണ്ടും ഇടവിടാതെ നിന്റെ പ്രശംസകൊണ്ടും നിറഞ്ഞിരിക്കുന്നു.

വാൎദ്ധക്യകാലത്തു നീ എന്നെ തള്ളിക്കളയരുതേ; ബലം ക്ഷയിക്കുമ്പോൾ എന്നെ ഉപേക്ഷിക്കയുമരുതേ.

എന്റെ ശത്രുക്കൾ എന്നെക്കുറിച്ചു സംസാരിക്കുന്നു; എന്റെ പ്രാണഹാനിക്കായി കാത്തിരിക്കുന്നവർ കൂടിയാലോചിക്കുന്നു.

ദൈവം അവനെ ഉപേക്ഷിച്ചിരിക്കുന്നു; പിന്തുടൎന്നു പിടിപ്പിൻ; വിടുവിപ്പാൻ ആരുമില്ല എന്നു അവർ പറയുന്നു.

ദൈവമേ, എന്നോടു അകന്നിരിക്കരുതേ; എന്റെ ദൈവമേ, എന്നെ സഹായിപ്പാൻ വേഗം വരേണമേ.

എന്റെ പ്രാണന്നു വിരോധികളായവർ ലജ്ജിച്ചു നശിച്ചുപോകട്ടെ; എനിക്കു അനൎത്ഥം അന്വേഷിക്കുന്നവർ നിന്ദകൊണ്ടും ലജ്ജകൊണ്ടും മൂടിപ്പോകട്ടെ.

ഞാനോ എപ്പോഴും പ്രത്യാശിക്കും; ഞാൻ മേല്ക്കുമേൽ നിന്നെ സ്തുതിക്കും.

എന്റെ വായ് ഇടവിടാതെ നിന്റെ നീതിയെയും രക്ഷയെയും വൎണ്ണിക്കും; അവയുടെ സംഖ്യ എനിക്ക അറിഞ്ഞുകൂടാ.

ഞാൻ യഹോവയായ കൎത്താവിന്റെ വീൎയ്യപ്രവൃത്തികളോടുകൂടെ വരും; നിന്റെ നീതിയെ മാത്രം ഞാൻ കീൎത്തിക്കും.

ദൈവമേ, എന്റെ ബാല്യംമുതൽ നീ എന്നെ ഉപദേശിച്ചിരിക്കുന്നു; ഇന്നുവരെ ഞാൻ നിന്റെ അത്ഭുതപ്രവൃത്തികളെ അറിയിച്ചുമിരിക്കുന്നു.

ദൈവമേ, അടുത്ത തലമുറയോടു ഞാൻ നിന്റെ ഭുജത്തെയും വരുവാനുള്ള എല്ലാവരോടും നിന്റെ വീൎയ്യപ്രവൃത്തിയെയും അറിയിക്കുവോളം വാൎദ്ധക്യവും നരയും ഉള്ള കാലത്തും എന്നെ ഉപേക്ഷിക്കരുതേ.

ദൈവമേ നിന്റെ നീതിയും അത്യുന്നതമായിരിക്കുന്നു: മഹാ കാൎയ്യങ്ങളെ പ്രവൎത്തിച്ചിട്ടുള്ള ദൈവമേ, നിന്നോടു തുല്യൻ ആരുള്ളു ?

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ;

ആദിയിലും, ഇപ്പോഴും, എന്നേക്കുമുള്ളപ്രകാരം തന്നേ. ആമെൻ.

☞ ഇതുംകൂടെ ചൊല്ലേണം.

കൎത്താവേ, നിന്റെ ക്രൂശുകൊണ്ടും വിലയേറിയ രക്തംകൊണ്ടും ഞങ്ങളെ വീണ്ടെടുത്തിരിക്കുന്ന ലോകരക്ഷിതാവേ, ഞങ്ങളെ രക്ഷിച്ചു, ഞങ്ങൾക്ക സഹായിക്കേണമെന്ന ഞങ്ങൾ നിന്നോട വിനയമായി അപേക്ഷിക്കുന്നു. ആമെൻ.

☞ പിന്നെയും ശുശ്രൂഷകൻ ചൊല്ലേണ്ടതു എന്തെന്നാൽ,

തന്നിൽ ആശ്രയിച്ചിരിക്കുന്ന എല്ലാവൎക്കും ഏറ്റവും ബലമുള്ള ഗോപുരവും, ആകാശത്തിലും ഭൂമിയിലും ഭൂമിക്ക കീഴിലുമുള്ള സകലവും വണങ്ങി അനുസരിക്കുന്നവനുമായി, സൎവ്വശക്തനായ കൎത്താവ, ഇപ്പോഴും എപ്പോഴും നിനക്ക കാവൽ ആയിരിക്കട്ടെ. നമ്മുടെ കൎത്താവായ യേശുമശിഹായുടെ നാമം മാത്രം അല്ലാതെ നിനക്ക സുഖവും രക്ഷയും ലഭിക്കേണ്ടതിന്ന തന്നിലും താൻമൂലവും ഒഴികെ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ വേറൊരു നാമവും നല്കപ്പെട്ടിട്ടില്ല എന്ന അവൻ നിന്നെ ബോധ്യം വരുത്തി ഗ്രഹിപ്പിക്കുമാറാകട്ടെ. ആമെൻ.

☞ അതിന്റെ ശേഷം ചൊല്ലേണ്ടതു,

ദൈവത്തിന്റെ കൃപയുള്ള കരുണയിലും സംരക്ഷണയിലും ഞങ്ങൾ നിന്നെ ഭരമേല്പിക്കുന്നു. കൎത്താവ നിന്നെ അനുഗ്രഹിച്ചു, കാക്കുമാറാകട്ടെ.

കൎത്താവു തിരുമുഖം നിന്റെമേൽ പ്രകാശിപ്പിച്ചു, നിന്നോടു കൃപയുള്ളവനാകട്ടെ. കൎത്താവു തിരുമുഖം നിന്റെമേൽ ഉയൎത്തി നിനക്കു ഇപ്പോഴും എന്നേക്കും സമാധാനം തരുമാറാകട്ടെ. ആമെൻ.

### രോഗിയായിരിക്കുന്ന പൈതലിന്നു വേണ്ടിയുള്ള പ്രാൎത്ഥന.

സൎവ്വശക്തിയുള്ള ദൈവമേ, കരുണയുള്ള പിതാവേ, ജീവന്റെയും മരണത്തിന്റെയും നീക്കുപോക്കുകൾ നിനക്കു മാത്രം ഉള്ളതാകുന്നുവല്ലോ; ഇപ്പോൾ രോഗിയായി കിടക്കുന്ന ഈ പൈതലിനെ കരുണയുള്ള കണ്ണുകൾകൊണ്ടു സ്വൎഗ്ഗത്തിൽനിന്നു നോക്കേണമെന്നു ഞങ്ങൾ നിന്നോടു വിനയമായി അപേക്ഷിക്കുന്നു. കൎത്താവേ, [ഇവനെ] നിന്റെ രക്ഷകൊണ്ടു ദൎശിക്കേണമേ; നീ നിശ്ചയിക്കുന്നതായ നല്ല സമയത്തു [ഇവന്റെ] ശരീരവേദനയെ നീക്കി നിന്റെ കരുണകൾ നിമിത്തം [ഇവന്റെ] ആത്മാവിനെ രക്ഷിക്കേണമേ. [ഇവൻ] ഭൂമിയിൽ തന്റെ നാളുകളെ ദീൎഘമാക്കുവാൻ നിനക്കു ഇഷ്ടമുണ്ടായാൽ [ഇവൻ] നിന്നെ വിശ്വസ്തതയോടെ സേവിച്ചു തന്റെ തലമുറയിൽ നന്മ ചെയ്തുകൊണ്ടു നിനക്കായിട്ടു ജീവിച്ചു, നിന്റെ മഹത്വത്തിന്നു ഉപയോഗമുള്ളവ[നാ]യിരിക്കുമാറാകേണമേ; ആയതല്ലെങ്കിൽ കൎത്താവായ യേശുവിൽ വിശ്വസിച്ചു ഉറങ്ങുന്ന ആത്മാക്കൾ നിത്യ ആശ്വാസവും ഭാഗ്യവും അനുഭവിക്കുന്ന ആ സ്വൎഗ്ഗീയ വാസസ്ഥലങ്ങളിലേക്കു [ഇവനെ] കൈക്കൊള്ളേണമേ. ഇതിനെ എന്നും ഏകദൈവമായി കാലാവസാനം കൂടാതെ നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ ജീവിച്ചുവാഴുന്നവനായി നിന്റെ പുത്രനും ഞങ്ങളുടെ രക്ഷിതാവുമായ ആ യേശുമശിഹാ മൂലം നിന്റെ കരുണകൾകൊണ്ടു ചെയ്തരുളേണമേ. ആമെൻ.

### രോഗി ജീവിക്കുമെന്നുള്ള ആശ കുറഞ്ഞിരുന്നാൽ അവന്നുവേണ്ടിയുള്ള പ്രാൎത്ഥന.

കരുണകളുടെ പിതാവും സകല ആശ്വാസത്തിന്റെയും ദൈവവുമേ, ആവശ്യസമയത്തു ഞങ്ങൾക്കു ഏക സഹായിയായുള്ളോവേ, ഇവിടെ വളരെ ശരീരക്ഷീണതയോടെ നിന്റെ കയ്യിൻകീഴ് കിടക്കുന്ന നിന്റെ ഈ [ദാസന്നു] നീ സഹായം ചെയ്യ്വാനായിട്ടു നിങ്കലേക്കു ഞങ്ങൾ ഓടിവരുന്നു. കൎത്താവേ, [ഇവനെ] കൃപയോടെ കടാക്ഷിക്കേണമേ; പുറത്തെ മനുഷ്യൻ ക്ഷയിക്കുന്തോറും അകത്തെ മനുഷ്യനെ നിന്റെ കൃപകൊണ്ടും പരിശുദ്ധാത്മാവുകൊണ്ടും ഇടവിടാതെ അധികം അധികമായി ബലപ്പെടുത്തേണമെന്നു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. [ഇവൻ] ഇവിടെനിന്നു പോയി ഇനി കാണപ്പെടാതെയാകുംമുമ്പെ, നിന്റെ കരുണയാൽ [ഇവന്റെ] പാപങ്ങൾ നീക്കപ്പെട്ടു, സ്വൎഗ്ഗത്തിൽ [ഇവന്റെ] മോചനം

മുദ്രയിടപ്പെട്ടുവാനായിട്ടു, കഴിഞ്ഞ കാലത്തു [ഇവൻ] ചെയ്ത സകല തെറ്റുകളെയും കുറിച്ചു കപടമില്ലാത്ത മാനസാന്തരത്തെയും, നിന്റെ പുത്രനായ യേശുവിൽ സ്ഥിരമുള്ള വിശ്വാസത്തെയും [ഇവന്നു] നല്കേണമേ. കർത്താവേ, നിന്നാൽ കഴിയാത്ത കാര്യം ഒന്നുമില്ല എന്നും, നിനക്കു ഇഷ്ടമുണ്ടെങ്കിൽ [ഇവനെ] ഇപ്പോൾ തന്നേ എഴുന്നേല്പിച്ചു ഞങ്ങളുടെ ഇടയിൽ ഇനി കുറെക്കാലം കൂടെ ഇരിപ്പാൻ തക്കവണ്ണം കൃപ അരുളുവാൻ നിനക്കു കഴിയുമെന്നും ഞങ്ങൾ അറിയുന്നു ; എങ്കിലും ഇപ്പോഴത്തെ കാര്യപ്രകാരം [ഇവൻ] വേർപെട്ടു പോകുന്ന സമയം അടുത്തിരിക്കുന്നതായി തോന്നുകകൊണ്ടു [ഇവനെ] മരണനാഴികെക്കായി യോഗ്യതപ്പെടുത്തിരുക്കേണമേ. [ഇവൻ] സമാധാനത്തോടും നിന്റെ പ്രീതിയോടും കൂടെ ഇവിടം വിട്ടുപോയശേഷം നിന്റെ ഏകപുത്രനായി, ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ യേശുമശിഹായുടെ യോഗ്യതകളും മദ്ധ്യസ്ഥതയും മൂലം [ഇവന്റെ] ആത്മാവിനെ നിത്യരാജ്യത്തിലേക്കു കൈക്കൊള്ളേണമേ. ആമെൻ.

### നിര്യാണസമയത്തു രോഗിയെ ദൈവത്തിങ്കൽ ഭരമേല്പിക്കുന്ന പ്രാർത്ഥന.

സർവ്വശക്തനായ ദൈവമേ, ഞങ്ങളുടെ ഭൂമിസംബന്ധമായ കാരാഗൃഹങ്ങളിൽനിന്നു വിടുവിക്കപ്പെട്ടതിന്റെ ശേഷം പൂർണ്ണമാക്കപ്പെട്ട നീതിമാന്മാരുടെ ആത്മാക്കൾ നിന്നോടുകൂടെ വസിക്കുന്നുവല്ലോ; നിന്റെ [ദാസനും] ഞങ്ങളുടെ പ്രിയ [സഹോദരനും ആയ ഇവന്റെ] ആത്മാവിനെ വിശ്വസ്തസ്രഷ്ടാവും മഹാകരുണയുള്ള രക്ഷിതാവുമായ നിന്റെ കൈകളിലേക്കു ഞങ്ങൾ വിനയത്തോടെ ഭരമേല്പിക്കുന്നു ; അതു നിന്റെ മുമ്പാകെ വിലയേറിയതായിരിക്കേണമെന്നു ഞങ്ങൾ ഏററവും താണ്മയോടെ അപേക്ഷിക്കയും ചെയ്യുന്നു. ജഡത്തിന്റെ മോഹങ്ങൾകൊണ്ടും, സാത്താന്റെ വഞ്ചനകൾകൊണ്ടും ഈ അരിഷ്ടതയും വഷളത്വവുമുള്ള ലോകത്തിൽ വെച്ചു അതിന്നു എന്തെല്ലാം മലിനതകൾ പററിയിരുന്നാലും. അവ ഒക്കെയും നീക്കിക്കളയപ്പെട്ടു, അതു വെടിപ്പുള്ളതും കറയില്ലാത്തതുമായി നിന്റെ മുമ്പാകെ നിർത്തപ്പെടുവാൻ തക്കവണ്ണം, ലോകത്തിന്റെ പാപങ്ങളെ നീക്കിക്കളവാനായിട്ടു കൊല്ലപ്പെട്ട കുററമില്ലാത്ത കുഞ്ഞാട്ടിൻ രക്തത്തിൽ ഈ ആത്മാവിനെ കഴുകേണമേ. ഇതിനാലും ഇതുപോലെ ദിവസംപ്രതി ഉണ്ടാകുന്നതായ മററു മരണകാര്യങ്ങളാലും ഞങ്ങളുടെ അവസ്ഥ എത്ര ബലഹീനവും നിശ്ചയമില്ലാത്തതുമാകുന്നു എന്നു ജീവിച്ചിരിക്കുന്ന ഞങ്ങൾ കാണേണ്ടതിന്നും, ഒടുക്കം ഞങ്ങളെ നിത്യജീവനിൽ എത്തിപ്പാനുള്ള ആ വിശുദ്ധ സ്വർഗ്ഗീയ ജ്ഞാനത്തിൽ ഞങ്ങളുടെ ഹൃദയങ്ങളെ താല്പര്യത്തോടെ അഭ്യസിപ്പിപ്പാനായിട്ടു ഞങ്ങളുടെ ദിവസങ്ങളെ എണ്ണേണ്ടതിന്നും, ഞങ്ങൾ ജീവനോടെ ഇരിക്കുന്ന കാലത്തു തന്നേ ഞങ്ങളെ പഠിപ്പിക്കേണ

മെന്നു ഞങ്ങളുടെ കൎത്താവും നിന്റെ ഏക പുത്രനുമായ യേശുമശിഹായുടെ യോഗ്യതകൾ മൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

### മനസ്സിലോ മനസ്സാക്ഷിയിലോ ചഞ്ചലപ്പെടുന്നവൎക്കു വേണ്ടിയുള്ള പ്രാൎത്ഥന.

വാഴ്ത്തപ്പെട്ട കൎത്താവേ, കരുണകളുടെ പിതാവും സകല ആശ്വാസങ്ങളുടെയും ദൈവവുമായുള്ളോവേ, നിന്റെ ഈ കഷ്ടപ്പെടുന്ന [ദാസനെ] കനിവോടും മനസ്സലിവോടും നോക്കേണമെന്നു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. നീ കൈപ്പായുള്ള കാൎയ്യങ്ങളെ [ഇവന്നു] വിരോധമായി എഴുതി [ഇവന്റെ] മുമ്പിലത്തെ അകൃത്യങ്ങളെ [ഇവൻ] അനുഭവിക്കുമാറാക്കുന്നു. നിന്റെ കോപം [ഇവന്റെ] മേൽ കഠിനമായിരിക്കുന്നു. [ഇവന്റെ] ആത്മാവു വ്യാകുലംകൊണ്ടു നിറഞ്ഞിരിക്കുന്നു. എന്നാൽ സ്ഥിരതയാലും വിശുദ്ധ തിരുവെഴുത്തുകളിലെ ആശ്വാസത്താലും ഞങ്ങൾക്കു പ്രത്യാശ ഉണ്ടാകേണ്ടതിന്നു, ഞങ്ങളുടെ ഉപദേശത്തിന്നായിട്ടു നിന്റെ തിരുവചനത്തെ എഴുതിച്ചിരിക്കുന്ന കരുണയുള്ള ദൈവമേ, [ഇവൻ] നിന്നിലുള്ള ആശ്രയത്തെ വിട്ടുകളയാതെയും, അതിനെ നിന്നിലല്ലാതെ മറ്റൊരിടത്തും വെക്കാതെയും ഇരിക്കേണ്ടതിന്നു തന്നെക്കുറിച്ചു തന്നേയും, നിന്റെ ശാസനകളെയും, വാഗ്ദത്തങ്ങളെയും കുറിച്ചും തക്ക ബോധം [ഇവന്നു] നല്കേണമേ. [ഇവന്നു] വരുന്ന പരീക്ഷകളെ ഒക്കെയും ജയിപ്പാനുള്ള ശക്തിയെ [ഇവന്നു] നല്കി [ഇവന്റെ] രോഗങ്ങളെ എല്ലാം ശമിപ്പിക്കേണമേ. ചതഞ്ഞ ഓടയെ ഒടിച്ചുകളയാതെയും പുകയുന്ന തിരി കെടുത്താതെയും ഇരിക്കേണമേ. നിന്റെ ആൎദ്രകരുണകളെ കോപത്തിൽ അടെച്ചുകളയാതെ, നീ ഒടിച്ചിട്ടുള്ള അസ്ഥികൾ ഉല്ലസിക്കേണ്ടതിന്നു [ഇവനെ] സന്തോഷവും ആനന്ദവും കേൾക്കുമാറാക്കേണമേ. ശത്രുഭയത്തിൽ നിന്നു [ഇവനെ] വിടുവിച്ചു നിന്റെ മുഖപ്രകാശത്തെ [ഇവന്റെ] മേൽ ഉയൎത്തി ഞങ്ങളുടെ രക്ഷിതാവായ യേശുമശിഹായുടെ യോഗ്യതകളും മദ്ധ്യസ്ഥതയും മൂലം [ഇവന്നു] സമാധാനം നല്കേണമേ. ആമെൻ.

---

# THE COMMUNION OF THE SICK

## രോഗികളുടെ വിശുദ്ധസംസര്ഗ്ഗക്രമം

മനുഷ്യരെല്ലാവരും മര്ത്യരും പെട്ടെന്നുള്ള അനേകം ആപത്തുകളും വ്യാധികളും ദീനങ്ങളും ഭവിക്കത്തക്കവരും ആകകൊണ്ടും, ഒരും ആയുസ്സു വിട്ടുപിരിയുന്നതു എപ്പോൾ എന്നു ഒരിക്കലും നിശ്ചയമില്ലാത്തതുകൊണ്ടും, സര്വ്വശക്തിയുള്ള ദൈവത്തിന്നു അവരെ വിളിപ്പാൻ എപ്പോഴെങ്കിലും ഇഷ്ടമുണ്ടായാൽ, അവർ മരണത്തിന്നു എല്ലാപ്പോഴും ഒരുങ്ങിയിരിക്കേണമെന്നും, നമ്മുടെ രക്ഷിതാവായ മശിഹായുടെ ശരീരരക്തങ്ങളുടെ വിശുദ്ധ സംസര്ഗ്ഗം പള്ളിയിൽ പരസ്യമായി ആചരിക്കപ്പെടുമ്പോൾ, തങ്ങളുടെ ഇടവകക്കാർ അതാതു സമയത്തു അതിൽ ഓഹരിക്കാരാകേണമെന്നും, പട്ടക്കാർ കൂടെക്കൂടെയും, വസന്തപ്പനിയോ പകച്ചവ്യാധിയോ ഉള്ള കാലത്തു വിശേഷാലും അവരെ ജാഗ്രതയോടെ പ്രബോധിപ്പിക്കേണം. ജനങ്ങൾ അങ്ങനെ ചെയ്യുവരുമ്പോൾ പെട്ടെന്നു മരണത്തിന്നു സംഗതി വന്നാൽ ഈ ഒരു കുറവുനിമിത്തം വരാകുന്ന മനോവിഷാദം അവൎക്കു ഇല്ലാതിരിക്കേണ്ടതിന്നാകുന്നു. രോഗിക്കു പള്ളിയിൽ വരുവാൻ കഴിവില്ലാതെ വീട്ടിൽവെച്ചു സംസര്ഗ്ഗത്തിൽ ഓഹരിക്കാരനാകുവാൻ ആഗ്രഹിച്ചാൽ, അവൻ ആ വസ്തുത മുമ്പിൽക്കൂട്ടി പട്ടക്കാരനെ അറിയിക്കേണം. തന്നോടുകൂടെ അതിൽ ഓഹരിക്കാരാകേണ്ടതിന്നു ഇത്ര പേരുണ്ടെന്നും അറിയിക്കേണം. അതു മൂന്നുപേരോ ചുരുങ്ങിട്ടു രണ്ടുപേരോ ആയിരിക്കേണം. രോഗിയുടെ ഭവനത്തിൽ തക്കതായ ഒരു സ്ഥലം യതമാക്കി പട്ടക്കാരൻ വണക്കത്തോടെ ശുശ്രൂഷ കഴിക്കേണ്ടതിന്നു ആവശ്യപ്പെട്ടതൊക്കെയും ഒരുങ്ങിയശേഷം താഴെ വരുന്ന അപേക്ഷയും ലേഖനവും സുവിശേഷവും ആദ്യം ചൊല്ലി അവിടെ വിശുദ്ധ സംസര്ഗ്ഗം ആചരിക്കേണം.

### അപേക്ഷ.

**മനുഷ്യജാതിയുടെ സ്രഷ്ടാവായി, നീ സ്നേഹിക്കുന്നവരെ ശിക്ഷിക്കയും കൈക്കൊള്ളുന്നവരെ ഒക്കെയും അടിക്കയും ചെയ്യുന്നവനായി, സര്വ്വശക്തനും നിത്യനുമായ ദൈവമേ, നിന്റെ കയ്യാൽ ദണ്ഡിക്കപ്പെടുന്ന ഈ [ദാസനോടു] കരുണയുണ്ടായി, [ഇവൻ] തന്റെ രോഗത്തെ ക്ഷമയോടെ സഹിപ്പാനും, നിനക്കു തിരുഇഷ്ടമുണ്ടായാൽ [ഇവന്റെ] ശരീരസുഖം വീണ്ടും ലഭിപ്പാനും കൃപ ചെയ്യേണമെന്നും, [ഇവന്റെ] ആത്മാവു ശരീരത്തിൽനിന്നു എപ്പോഴെങ്കിലും വേർപിരിഞ്ഞാൽ, അതു നിന്റെ മുമ്പാകെ കറ കൂടാതെ നിൎത്തപ്പെടുമാറാകേണമെന്നും ഞങ്ങളുടെ കൎത്താവായ യേശുമശിഹാ മൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.**

[illegible]

THE ORDER FOR

# THE BURIAL OF THE DEAD

## മരിച്ചവരെ അടക്കുന്ന ക്രമം

---

*[illegible]*

*[illegible]*

[illegible]

[illegible]

[illegible]

[illegible]

*[illegible]*

*Dixi, custodiam.* [illegible]

[illegible]

ഞാൻ ഉരിയാടാതെ ഊമനായിരുന്നു; നന്മയെ ഗണ്യമാക്കാതെ മൌനമായിരുന്നു; എന്റെ സങ്കടം പൊങ്ങിവന്നു.

എന്റെ ഉള്ളിൽ ഹൃദയത്തിന്നു ചൂടു പിടിച്ചു, എന്റെ ധ്യാനത്തിങ്കൽ തീ കത്തി; അപ്പോൾ ഞാൻ നാവെടുത്തു സംസാരിച്ചു.

യഹോവേ, എന്റെ അവസാനത്തെയും എന്റെ ആയുസ്സു എത്ര എന്നതിനെയും എന്നെ അറിയിക്കേണമേ.

ഞാൻ എത്ര ക്ഷണികൻ എന്നു ഞാൻ അറിയുമാറാകട്ടെ.

ഇതാ, നീ എന്റെ നാളുകളെ നാലുവിരൽ നീളമാക്കിയിരിക്കുന്നു; എന്റെ ആയുസ്സു നിന്റെ മുമ്പാകെ ഏതുമില്ലാത്തതുപോലെയിരിക്കുന്നു; ഏതു മനുഷ്യനും ഉറച്ചുനിന്നാലും ഒരു ശ്വാസമത്രേ.

മനുഷ്യരൊക്കെയും വെറും നിഴലായി നടക്കുന്നു നിശ്ചയം; അവർ വ്യർത്ഥമായി പരിശ്രമിക്കുന്നു നിശ്ചയം; അവൻ ധനം സമ്പാദിക്കുന്നു; ആർ അനുഭവിക്കും എന്നു അറിയുന്നില്ല.

എന്നാൽ കർത്താവേ, ഞാൻ ഏതിന്നായി കാത്തിരിക്കുന്നു? എന്റെ പ്രത്യാശ നിങ്കൽ വെച്ചിരിക്കുന്നു.

എന്റെ സകല ലംഘനങ്ങളിൽനിന്നും എന്നെ വിടുവിക്കേണമേ; എന്നെ ഭോഷന്റെ നിന്ദയാക്കി വെക്കരുതേ.

ഞാൻ വായ് തുറക്കാതെ ഊമനായിരുന്നു; നീയല്ലോ അങ്ങനെ വരുത്തിയതു.

നിന്റെ ബാധ എങ്കൽനിന്നു നീക്കേണമേ; നിന്റെ കയ്യുടെ അടിയാൽ ഞാൻ ക്ഷയിച്ചിരിക്കുന്നു.

അകൃത്യംനിമിത്തം നീ മനുഷ്യനെ ദണ്ഡനങ്ങളാൽ ശിക്ഷിക്കുമ്പോൾ നീ അവന്റെ സൌന്ദര്യത്തെ പുഴുപോലെ ക്ഷയിപ്പിക്കുന്നു; ഏതു മനുഷ്യനും ഒരു ശ്വാസമത്രേ ആകുന്നു.

യഹോവേ, എന്റെ പ്രാർത്ഥന കേട്ടു എന്റെ അപേക്ഷ ചെവിക്കൊള്ളേണമേ. എന്റെ കണ്ണുനീർ കണ്ടു മിണ്ടാതിരിക്കരുതേ; ഞാൻ എന്റെ സകല പിതാക്കന്മാരെയുംപോലെ നിന്റെ സന്നിധിയിൽ അന്യനും പരദേശിയും ആകുന്നുവല്ലോ.

ഞാൻ ഇവിടെനിന്നു പോയി ഇല്ലാതെയാകുന്നതിന്നു മുമ്പെ ഉന്മേഷം പ്രാപിക്കേണ്ടതിന്നു നിന്റെ നോട്ടം എങ്കൽനിന്നു മാറേറണമേ.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ;

ആദിയിങ്കലും, ഇപ്പോഴും, എന്നേക്കുമുള്ള പ്രകാരം തന്നേ. ആമെൻ.

*Domine, refugium.* ൯൦-ാം സങ്കീർത്തനം

കർത്താവെ, നീ തലമുറ തലമുറയായി ഞങ്ങളുടെ സങ്കേതമായിരിക്കുന്നു;

പർവ്വതങ്ങൾ ഉണ്ടായതിന്നും നീ ഭൂമിയെയും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിന്നും മുമ്പെ നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു.

നീ മർത്യനെ പൊടിയിലേക്കു മടങ്ങിച്ചേരുമാറാക്കുന്നു; മനുഷ്യപുത്രന്മാരേ, തിരികെ വരുവിൻ എന്നും അരുളിച്ചെയ്യുന്നു.

ആയിരം സംവത്സരം നിന്റെ ദൃഷ്ടിയിൽ ഇന്നലെ കഴിഞ്ഞുപോയ ദിവസംപോലെയും രാത്രിയിലെ ഒരു യാമംപോലെയും മാത്രം ഇരിക്കുന്നു.

നീ അവരെ ഒഴുക്കിക്കളയുന്നു; അവർ ഉറക്കംപോലെ അത്രേ; അവർ രാവിലെ മുളെച്ചുവരുന്ന പുല്ലുപോലെയാകുന്നു.

അതു രാവിലെ തഴെച്ചു വളരുന്നു; വൈകുന്നേരം അതു അരിഞ്ഞു വാടിപ്പോകുന്നു.

ഞങ്ങൾ നിന്റെ കോപത്താൽ ക്ഷയിച്ചും നിന്റെ ക്രോധത്താൽ ഭ്രമിച്ചും പോകുന്നു.

നീ ഞങ്ങളുടെ അകൃത്യങ്ങളെ നിന്റെ മുമ്പിലും ഞങ്ങളുടെ രഹസ്യപാപങ്ങളെ നിന്റെ മുഖപ്രകാശത്തിലും വെച്ചിരിക്കുന്നു.

ഞങ്ങളുടെ നാളുകളൊക്കെയും നിന്റെ ക്രോധത്തിൽ കഴിഞ്ഞുപോയി; ഞങ്ങളുടെ സംവത്സരങ്ങളെ ഞങ്ങൾ ഒരു നെടുവീൎപ്പുപോലെ കഴിക്കുന്നു.

ഞങ്ങളുടെ ആയുഷ്കാലം എഴുപതു സംവത്സരം; ഏറെ ആയാൽ എണ്പതു സംവത്സരം; അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രേ; അതു വേഗം തീരുകയും ഞങ്ങൾ പറന്നുപോകയും ചെയ്യുന്നു.

നിന്റെ കോപത്തിന്റെ ശക്തിയെയും നിന്നെ ഭയപ്പെടുവാന്തക്കവണ്ണം നിന്റെ ക്രോധത്തെയും ഗ്രഹിക്കുന്നവൻ ആർ?

ഞങ്ങൾ ജ്ഞാനമുള്ളോരു ഹൃദയം പ്രാപിക്കത്തക്കവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിക്കേണമേ.

യഹോവേ, മടങ്ങിവരേണമേ; എത്രത്തോളം താമസം! അടിയങ്ങളോടു സഹതാപം തോന്നേണമേ.

കാലത്തു തന്നേ ഞങ്ങളെ നിന്റെ ദയകൊണ്ടു തൃപ്തരാക്കേണമേ; എന്നാൽ ഞങ്ങളുടെ ആയുഷ്കാലമൊക്കെയും ഞങ്ങൾ ഘോഷിച്ചാനന്ദിക്കും.

നീ ഞങ്ങളെ ക്ലേശിപ്പിച്ച ദിവസങ്ങൾക്കും ഞങ്ങൾ അനൎത്ഥം അനുഭവിച്ച സംവത്സരങ്ങൾക്കും തക്കവണ്ണം ഞങ്ങളെ സന്തോഷിപ്പിക്കേണമേ.

നിൻെറ ദാസന്മാൎക്ക നിൻെറ പ്രവൃത്തിയും അവരുടെ മക്കൾക്ക നിൻെറ മഹത്വവും വെളിപ്പെടുമാറാകട്ടെ.

ഞങ്ങളുടെ ദൈവമായ യഹോവയുടെ പ്രസാദം ഞങ്ങളുടെമേൽ ഇരിക്കുമാറാകട്ടെ; ഞങ്ങളുടെ കൈകളുടെ പ്രവൃത്തിയെ സാദ്ധ്യമാക്കിതരേണമേ; അതേ, ഞങ്ങളുടെ കൈകളുടെ പ്രവൃത്തിയെ സാദ്ധ്യമാക്കി തരേണമേ.

**പി**താവിന്നും, **പു**ത്രന്നും, **പ**രിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ;

**ആ**ദിയിങ്കലും, ഇപ്പോഴും, എന്നേക്കുമുള്ളപ്രകാരം തന്നേ. ആമെൻ.

¶ പിന്നെ കൊരിന്ത്യൎക്ക വിശുദ്ധ പൌലൊസ് എഴുതിയ ഒന്നാം ലേഖനം ൧൫-ാം അദ്ധ്യായത്തിൽനിന്ന എടുത്ത പാഠം വായിക്കേണം.

൧ കൊരി. ൧൫. ൨൦.

**എ**ന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽനിന്ന ഉയിൎത്തിരിക്കുന്നു. മനുഷ്യൻമൂലം മരണം ഉണ്ടാകയാൽ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻമൂലം ഉണ്ടായി. ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും. ഓരോരുത്തനും താന്താൻെറ നിരയിലത്രെ; ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിന്നുള്ളവർ അവൻെറ വരവിങ്കൽ; പിന്നെ അവസാനം; അന്ന അവൻ എല്ലാ വാഴ്ചെക്കും അധികാരത്തിന്നും ശക്തിക്കും നീക്കം വരുത്തീട്ടു രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കും. അവൻ സകല ശത്രുക്കളെയും കാല്ക്കീഴാക്കുവോളം വാഴേണ്ടതാകുന്നു. ഒടുക്കത്തെ ശത്രുവായിട്ടു മരണം നീങ്ങിപ്പോകും. സകലത്തെയും അവൻെറ കാല്ക്കീഴാക്കിയിരിക്കുന്നു എന്നുണ്ടല്ലോ: സകലവും അവന്ന കീഴ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാൽ സകലത്തെയും കീഴാക്കിക്കൊടുത്തവൻ ഒഴികെയത്രെ എന്നു സ്പഷ്ടം. എന്നാൽ അവന്ന സകലവും കീഴ്പെട്ടുവന്നശേഷം ദൈവം സകലത്തിലും സകലവും ആകേണ്ടതിന്ന പുത്രൻ താനും സകലവും തനിക്ക കീഴാക്കിക്കൊടുത്തവന്ന കീഴ്പെട്ടിരിക്കും. അല്ല, മരിച്ചവൎക്കവേണ്ടി സ്നാനം ഏല്ക്കുന്നവർ എന്തു ചെയ്യും? മരിച്ചവർ കേവലം ഉയിൎക്കുന്നില്ലെങ്കിൽ അവൎക്കവേണ്ടി സ്നാനം ഏല്ക്കുന്നതു എന്തിന്ന? ഞങ്ങളും നാഴികതോറും പ്രാണഭയത്തിൽ ആകുന്നതു എന്തിന്ന? സഹോദരന്മാരേ, നമ്മുടെ കൎത്താവായ ക്രിസ്തുയേശുവിങ്കൽ എനിക്ക നിങ്ങളിലുള്ള പ്രശംസയാണ ഞാൻ ദിവസേന മരിക്കുന്നു. ഞാൻ എഫെസൊസിൽവെച്ച മൃഗയുദ്ധം ചെയ്തതു വെറും മാനുഷം എന്നുവരികിൽ എനിക്ക എന്തു പ്രയോജനം? മരിച്ചവർ ഉയിൎക്കുന്നില്ലെങ്കിൽ നാം തിന്നുക, കുടിക്ക, നാളെ ചാകുമല്ലോ. വഞ്ചിക്കപ്പെടരുതു, "ദുൎഭാഷണത്താൽ സദാചാരം കെട്ടുപോ

കുന്നു." നീതിക്കു നിൎമ്മദരായി ഉണരുവിൻ; പാപം ചെയ്യാതിരിപ്പിൻ; ചിലൎക്കു ദൈവത്തെക്കുറിച്ചു പരിജ്ഞാനമില്ല; ഞാൻ നിങ്ങൾക്കു ലജ്ജെക്കായി പറയുന്നു. പക്ഷെ ഒരുവൻ: മരിച്ചവർ എങ്ങനെ ഉയിക്കുന്നു എന്നും ഏതുവിധം ശരീരത്തോടെ വരുന്നു എന്നും ചോദിക്കും. മൂഢാ, നീ വിതെക്കുന്നതു ചത്തില്ല എങ്കിൽ ജീവിക്കുന്നില്ല. നീ വിതെക്കുന്നതോ ഉണ്ടാകുവാനുള്ള ശരീരമല്ല, കോതമ്പിൻെറയോ മററു വല്ലതിൻെറയോ വെറും മണിയത്രെ വിതെക്കുന്നതു; ദൈവമോ തൻെറ ഇഷ്ടംപോലെ അതിന്നു ഒരു ശരീരവും ഓരോ വിത്തിന്നു അതതിൻെറ ശരീരവും കൊടുക്കുന്നു. സകല മാംസവും ഒരുപോലെയുള്ള മാംസമല്ല; മനുഷ്യരുടെ മാംസം വേറെ, കന്നുകാലികളുടെ മാംസം വേറെ, പക്ഷികളുടെ മാംസം വേറെ, മത്സ്യങ്ങളുടെ മാംസവും വേറെ. സ്വൎഗ്ഗീയ ശരീരങ്ങളും ഭൌമശരീരങ്ങളും ഉണ്ടു; സ്വൎഗ്ഗീയശരീരങ്ങളുടെ തേജസ്സു വേറെ, ഭൌമശരീരങ്ങളുടെ തേജസ്സു വേറെ, സൂൎയ്യൻെറ തേജസ്സു വേറെ, ചന്ദ്രൻെറ തേജസ്സു വേറെ, നക്ഷത്രങ്ങളുടെ തേജസ്സു വേറെ; നക്ഷത്രവും നക്ഷത്രവും തമ്മിൽ തേജസ്സുകൊണ്ടു ഭേദം ഉണ്ടല്ലോ. മരിച്ചവരുടെ പുനരുത്ഥാനവും അവ്വണ്ണം തന്നേ. ദ്രവത്വത്തിൽ വിതെക്കപ്പെടുന്നു, അദ്രവത്വത്തിൽ ഉയിക്കുന്നു; അപമാനത്തിൽ വിതെക്കപ്പെടുന്നു, തേജസ്സിൽ ഉയിക്കുന്നു; ബലഹീനതയിൽ വിതെക്കപ്പെടുന്നു, ശക്തിയിൽ ഉയിക്കുന്നു; പ്രാകൃതശരീരം വിതെക്കപ്പെടുന്നു, ആത്മികശരീരം ഉയിക്കുന്നു; പ്രാകൃതശരീരം ഉണ്ടെങ്കിൽ ആത്മികശരീരവും ഉണ്ടു. ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായി തീൎന്നു എന്നു എഴുതിയുമിരിക്കുന്നുവല്ലോ; ഒടുക്കത്തേ ആദാം ജീവിപ്പിക്കുന്ന ആത്മാവായി. എന്നാൽ ആത്മികമല്ല പ്രാകൃതമത്രെ ഒന്നാമത്തേതു; ആത്മികം പിന്നത്തേതിൽ വരുന്നു. ഒന്നാം മനുഷ്യൻ ഭൂമിയിൽനിന്നു മണ്ണുകൊണ്ടുള്ളവൻ; രണ്ടാം മനുഷ്യൻ സ്വൎഗ്ഗത്തിൽനിന്നുള്ളവൻ. മണ്ണുകൊണ്ടുള്ളവനെപ്പോലെ മണ്ണുകൊണ്ടുള്ളവരും സ്വൎഗ്ഗീയനെപ്പോലെ സ്വൎഗ്ഗീയന്മാരും ആകുന്നു; നാം മണ്ണുകൊണ്ടുള്ളവൻെറ പ്രതിമ ധരിച്ചതുപോലെ സ്വൎഗ്ഗീയൻെറ പ്രതിമയും ധരിക്കും. സഹോദരന്മാരേ, മാംസരക്തങ്ങൾക്കു ദൈവരാജ്യത്തെ അവകാശമാക്കുവാൻ കഴികയില്ല; ദ്രവത്വം അദ്രവത്വത്തെ അവകാശമാക്കുകയുമില്ല എന്നു ഞാൻ പറയുന്നു. ഞാൻ ഒരു മൎമ്മം നിങ്ങളോടു പറയാം: നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമെക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും. ഈ ദ്രവത്വമുള്ളതു അദ്രവത്വത്തെയും ഈ മൎത്യമായതു അമൎത്യത്വത്തെയും ധരിക്കേണം. ഈ ദ്രവത്വമുള്ളതു അദ്രവത്വത്തെയും ഈ മൎത്യമായതു അമൎത്യത്വത്തെയും ധരിക്കുമ്പോൾ "മരണം നീങ്ങി ജയം വന്നിരിക്കുന്നു" എന്നു എഴുതി

യ വചനം നിവൃത്തിയാകും. ഹേ മരണമേ, നിൻെറ ജയം എവിടെ? ഹേ മരണമേ, നിൻെറ വിഷമുള്ളു എവിടെ? മരണത്തിൻെറ വിഷമുള്ളു പാപം; പാപത്തിൻെറ ശക്തിയോ ന്യായപ്രമാണം. നമ്മുടെ കൎത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കുന്ന ദൈവത്തിന്നു സ്തോത്രം. ആകയാൽ എൻെറ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും, നിങ്ങളുടെ പ്രയത്നം കൎത്താവിൽ വ്യൎത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കൎത്താവിൻെറ വേലയിൽ എപ്പോഴും വൎദ്ധിച്ചുവരുന്നവരും ആകുവിൻ.

¶ *അവർ ശവക്കുഴിക്കു സമീപെ ചെല്ലുമ്പോൾ, ശവം കുഴിയിൽ വെപ്പാൻ ഒരുങ്ങുന്ന സമയത്തു പ്രെസ്ബിറ്റർ ചൊല്ലുകയോ, പ്രെസ്ബിറ്ററും പള്ളിശുശ്രൂഷക്കാരും കൂടെ പാടുകയോ ചെയ്യേണ്ടതു.*

സ്ത്രീ പ്രസവിച്ച മനുഷ്യന്നു ജീവിച്ചിരിപ്പാനുള്ള കാലം അല്പവും അരിഷ്ടതകൊണ്ടു നിറഞ്ഞിരിക്കുന്നതുമാകുന്നു. അവൻ പൂ പോലെ ഉണ്ടായി പൊഴിഞ്ഞുപോകുന്നു; ഒരു നിഴൽപോലെ ഓടിപ്പോകുന്നു; ഒരു സ്ഥിതിയിൽ തന്നേ നില്ക്കുന്നതുമില്ല.

ജീവനോടിരിക്കുമ്പോഴും ഞങ്ങൾ മരണത്തിലിരിക്കുന്നു; ഞങ്ങളുടെ പാപങ്ങൾ നിമിത്തം ന്യായമായി കോപിച്ചിരിക്കുന്ന കൎത്താവേ, ഞങ്ങൾ നിന്നിൽനിന്നു അല്ലാതെ, പിന്നെ ആരിൽനിന്നു സഹായം അന്വേഷിക്കേണ്ടു?

എങ്കിലും മഹാ പരിശുദ്ധ ദൈവമാകുന്ന കൎത്താവേ, മഹാശക്തിയുള്ള കൎത്താവേ, പരിശുദ്ധതയും മഹാ കരുണയും ഉള്ള രക്ഷിതാവേ, നിത്യമരണത്തിൻെറ കൈപ്പായ വേദനകളിലേക്കു ഞങ്ങളെ ഏല്പിക്കരുതേ.

കൎത്താവേ, നീ ഞങ്ങളുടെ ഹൃദയങ്ങളിലെ രഹസ്യങ്ങൾ അറിയുന്നു; ഞങ്ങളുടെ പ്രാൎത്ഥനെക്കു നിൻെറ കരുണയുള്ള ചെവികൾ അടെച്ചുകളയരുതേ; എന്നാൽ ഞങ്ങളോടു കനിവുണ്ടാകേണമേ; മഹാ പരിശുദ്ധനായ കൎത്താവേ, മഹാ ശക്തിയുള്ള ദൈവമേ, പരിശുദ്ധതയും കരുണയുമുള്ള രക്ഷിതാവേ, മഹാ യോഗ്യനും നിത്യനുമായ വിധികൎത്താവേ, ഞങ്ങളുടെ ഒടുക്കത്തെ നാഴികയിൽ ഞങ്ങൾ യാതൊരു മരണവേദനകൊണ്ടും നിങ്കൽനിന്നു പിരിഞ്ഞുപോകുവാൻ സമ്മതിക്കരുതേ.

¶ *അതിൻെറ ശേഷം അരികെ നില്ക്കുന്ന ചിലർ ശവത്തിന്മേൽ മണ്ണിടുന്ന സമയത്തു പ്രെസ്ബിറ്റർ ചൊല്ലേണ്ടതു,*

മരിച്ചുപോയ നമ്മുടെ ഈ പ്രിയ [സഹോദരൻെറ] ആത്മാവിനെ തൻെറ അടുക്കലേക്കു കൈക്കൊള്ളുവാൻ സൎവ്വശക്തിയുള്ള ദൈവത്തിന്നു തൻെറ

മഹാ കരുണകൊണ്ടു ഇഷ്ടം തോന്നിയിരിക്കയാൽ, സകലവും തനിക്കു കീഴ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ടു നമ്മുടെ താഴ്മയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെടുത്തുന്ന നമ്മുടെ കൎത്താവായ യേശുമശിഹാമൂലം നിത്യജീവങ്കലേക്കു ഉയിൎത്തെഴുന്നേല്ക്കുമെന്നുള്ള നിശ്ചയവും ഉറപ്പുമുള്ള പ്രത്യാശയോടുകൂടെ നാം [ഇവന്റെ] ശരീരത്തെ മണ്ണിന്നു മണ്ണായി, ചാരത്തിന്നു ചാരമായി, പൂഴിക്കു പൂഴിയായി ഭൂമിക്കു ഏല്പിക്കുന്നു.

¶ അതിന്റെ ശേഷം ചൊല്കയോ പാടുകയോ ചെയ്യേണ്ടതു.

ഞാൻ സ്വൎഗ്ഗത്തിൽനിന്നു ഒരു ശബ്ദം കേട്ടു; അതു പറഞ്ഞതു: എഴുതുക: ഇന്നുമുതൽ കൎത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതേ അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു എന്നു ആത്മാവു പറയുന്നു.

¶ അതിന്റെ ശേഷം പ്രെസ്ബിററർ ചൊല്ലേണ്ടതു.

കൎത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ;

മശിഹായേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

കൎത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

സ്വൎഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെപ്പോലെ ഭൂമിയിലും ചെയ്യപ്പെടേണമേ. ഞങ്ങളുടെ ദിവസവുമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരേണമേ. ഞങ്ങളുടെ നേരെ കുററം ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ കുററങ്ങളെ ഞങ്ങളോടും, ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിലേക്കു കടത്താതെ, ഞങ്ങളെ ദോഷത്തിൽനിന്നു രക്ഷിക്കേണമേ. ആമെൻ.

പ്രെസ്ബിററർ.

സൎവ്വശക്തിയുള്ള ദൈവമേ, കൎത്താവിൽ ഇവിടം വിട്ടുപോകുന്നവരുടെ ആത്മാക്കൾ നിന്നോടുകൂടെ വസിക്കയും, വിശ്വാസികളുടെ ആത്മാക്കൾ ശരീരത്തിന്റെ ഭാരത്തിൽനിന്നു നീക്കപ്പെട്ടതിന്റെ ശേഷം നിന്നോടുകൂടെ ആനന്ദത്തിലും ഭാഗ്യത്തിലും ഇരിക്കയും ചെയ്യുന്നുവല്ലൊ; ഞങ്ങളുടെ ഈ [സഹോദരനെ] ഈ പാപലോകത്തിലെ അരിഷ്ടതകളിൽനിന്നു വിടുവിപ്പാൻ നിനക്കു ഇഷ്ടം തോന്നിയിരിക്കകൊണ്ടു ഞങ്ങൾ നിനക്കു മനഃപൂൎവ്വമായുള്ള സ്തോത്രം ചെയ്യുന്നു; തിരുനാമത്തിലുള്ള സത്യവിശ്വാസത്തിൽ മരിച്ചവരോടു എല്ലാവരോടും കൂടെ ഞങ്ങൾ ആത്മാവിലും ശരീരത്തിലും നിന്റെ എന്നേക്കുമുള്ള നിത്യമഹത്വത്തിൽ സൎവ്വസംപൂൎണ്ണതയും മോക്ഷ

വും അനുഭവിക്കേണ്ടതിന്നു നീ തിരഞ്ഞെടുത്തവരുടെ സംഖ്യയെ ശീഘ്രം തികെച്ചു, നിൻെറ രാജ്യത്തെ വേഗം വരുത്തുവാൻ നിൻെറ കരുണയുള്ള നന്മകൊണ്ടു ഇഷ്ടം തോന്നേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

### അപേക്ഷ.

കരുണയുള്ള ദൈവമേ, പുനരുത്ഥാനവും ജീവനുമായിരിക്കുന്ന ഞങ്ങളുടെ കൎത്താവായ യേശുമശിഹായുടെ പിതാവേ, അവനിൽ വിശ്വസിക്കുന്നവരെല്ലാവരും മരിച്ചാലും ജീവിക്കും; ജീവിച്ചിരുന്നു അവനിൽ വിശ്വസിക്കുന്നവർ ആരും എന്നേക്കുമായി മരിക്കയില്ലല്ലോ. അവനിൽ ഉറങ്ങുന്നവരെ കുറിച്ചു പ്രത്യാശയില്ലാത്ത മനുഷ്യരെപ്പോലെ ദുഃഖിക്കരുതെന്നു അവൻ തൻെറ വിശുദ്ധ അപ്പൊസ്തലനായ പൌലൊസിനെക്കൊണ്ടു ഞങ്ങൾക്കു ഉപദേശിച്ചുവല്ലോ. പിതാവേ, ഞങ്ങൾ ഈ ആയുസ്സിനെ വിട്ടുപോകുമ്പോൾ ഞങ്ങളുടെ ഈ [സഹോദരൻ] അനുഭവിക്കുന്ന എന്നു ഞങ്ങൾക്കു ആശയുള്ള പ്രകാരം കൎത്താവിൽ ഞങ്ങളും സ്വസ്ഥതയെ അനുഭവിക്കുമാറാകേണ്ടതിന്നും, ഒടുക്കത്തെ ദിവസത്തിലെ പൊതുവിലുള്ള പുനരുത്ഥാനത്തിങ്കൽ ഞങ്ങൾ നിൻെറ മുമ്പാകെ പ്രിയമുള്ളവരായി കാണപ്പെടുമാറാകേണ്ടതിന്നും, അന്നു നിൻെറ ഇഷ്ടപുത്രൻ നിന്നെ സ്നേഹിച്ചു ഭയപ്പെടുന്നവരോടു എല്ലാവരോടും:— എൻെറ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ട പൈതങ്ങളേ, വരുവിൻ, ലോകാരംഭം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ എന്നു അരുളിച്ചെയ്യുന്ന അനുഗ്രഹം ഞങ്ങൾക്കു ലഭിക്കുമാറാകേണ്ടതിന്നും പാപമരണത്തിൽനിന്നു നീതിയുടെ ജീവങ്കലേക്കു ഞങ്ങളെ ഉയിൎപ്പിക്കേണമെന്നു ഞങ്ങൾ നിന്നോടു വിനയമായി അപേക്ഷിക്കുന്നു; കരുണയുള്ള പിതാവേ, ഞങ്ങളുടെ മദ്ധ്യസ്ഥനും രക്ഷിതാവുമായ യേശുമശിഹാ മൂലം ഇതിനെ നല്കേണമെന്നു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

ഞങ്ങളുടെ കൎത്താവായ യേശുമശിഹായുടെ കൃപയും, ദൈവത്തിൻെറ സ്നേഹവും, പരിശുദ്ധാത്മാവിൻെറ കൂട്ടായ്മയും ഞങ്ങൾ എല്ലാവരോടും കൂടി എന്നേക്കും ഇരിക്കേണമേ. ആമെൻ.

# THE THANKSGIVING OF WOMEN AFTER CHILD-BIRTH,

COMMONLY CALLED,

# THE CHURCHING OF WOMEN

---

## പ്രസവം കഴിഞ്ഞശേഷം സ്ത്രീകൾക്ക പള്ളിയിൽ വെച്ചുള്ള സ്തോത്രം.

## പ്രസവസ്തോത്രം

എന്നു നടപ്പായി പറഞ്ഞുവരുന്നതു.

---

¶ സ്ത്രീ പ്രസവിച്ചശേഷം പതിവായ സമയത്തു വെടിപ്പുള്ള ഉടുപ്പോടെ പള്ളിയിൽ വന്നു പതിവിൻപ്രകാരമോ ബിഷോപ്പു നിശ്ചയിക്കുന്നതുപോലെയോ ഉള്ള കൊള്ളാകുന്ന ഒരു സ്ഥലത്തു മുട്ടുകുത്തേണം; അപ്പോൾ പ്രെസ്ബിറ്റർ അവളോടു പറയേണ്ടതു,

സർവ്വശക്തിയുള്ള ദൈവത്തിന്നു തന്റെ നന്മകൊണ്ടു നിനക്കു സുഖമായുള്ള പ്രസവം തരുവാനും, പ്രസവമാകുന്ന വലിയ ആപത്തിൽ നിന്നെ കാത്തു രക്ഷിപ്പാനും ഇഷ്ടം തോന്നിയിരിക്കകൊണ്ടു നീ ദൈവത്തിന്നു മനഃപൂർവ്വമായി സ്തോത്രം ചെയ്തു ചൊല്ലേണ്ടതു:

¶ അതിന്റെശേഷം പ്രെസ്ബിറ്റർ ൧൧൬-ാം സങ്കീർത്തനം ചൊല്ലേണം.

### *Dilexi quoniam.*

യഹോവ എന്റെ പ്രാർത്ഥനയും യാചനകളും കേട്ടതുകൊണ്ടു ഞാൻ അവനെ സ്നേഹിക്കുന്നു.

അവൻ തന്റെ ചെവി എങ്കലേക്കു ചായിച്ചതുകൊണ്ടു ഞാൻ ജീവകാലമൊക്കെയും അവനെ വിളിച്ചപേക്ഷിക്കും.

മരണപാശങ്ങൾ എന്നെ ചുററി, പാതാളവേദനകൾ എന്നെ പിടിച്ചു; ഞാൻ കഷ്ടവും സങ്കടവും അനുഭവിച്ചു.

അയ്യോ, യഹോവേ, എന്റെ പ്രാണനെ രക്ഷിക്കേണമേ എന്നു ഞാൻ യഹോവയുടെ നാമം വിളിച്ചപേക്ഷിച്ചു.

യഹോവ കൃപയും നീതിയും ഉള്ളവൻ; നമ്മുടെ ദൈവം കരുണയുള്ളവൻ തന്നേ.

യഹോവ അല്പബുദ്ധികളെ പാലിക്കുന്നു; ഞാൻ എളിമപ്പെട്ടു, അവൻ എന്നെ രക്ഷിച്ചു.

എൻമനമേ, നീ വീണ്ടും സ്വസ്ഥമായിരിക്ക; യഹോവ നിനക്കു ഉപകാരം ചെയ്തിരിക്കുന്നു.

നീ എന്റെ പ്രാണനെ മരണത്തിൽനിന്നും എന്റെ കണ്ണിനെ കണ്ണുനീരിൽനിന്നും എന്റെ കാലിനെ വീഴ്ചയിൽനിന്നും രക്ഷിച്ചിരിക്കുന്നു.

ഞാൻ ജീവനുള്ളവരുടെ ദേശത്തു യഹോവയുടെ മുമ്പാകെ നടക്കും.

ഞാൻ വലിയ കഷ്ടതയിൽ ആയി എന്നു പറഞ്ഞപ്പോൾ ഞാൻ വിശ്വസിച്ചു.

സകല മനുഷ്യരും ഭോഷ്കുപറയുന്നു എന്നു ഞാൻ എന്റെ പരിഭ്രമത്തിൽ പറഞ്ഞു.

യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന്നു എന്തു പകരം കൊടുക്കും?

ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും.

യഹോവയുടെ ആലയത്തിന്റെ പ്രാകാരങ്ങളിലും യെരൂശലേമേ, നിന്റെ നടുവിലും ഞാൻ യഹോവെക്കു എന്റെ നേർച്ചകളെ അവന്റെ സകല ജനവും കാൺകെ കഴിക്കും: യഹോവയെ സ്തുതിപ്പിൻ.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവിന്നും, മഹത്വം ഉണ്ടാകട്ടെ;

ആദിയിങ്കലും, ഇപ്പോഴും, എന്നേക്കുമുള്ളപ്രകാരം തന്നേ. ആമെൻ.

അല്ലെങ്കിൽ ൧൨൭-ാം സങ്കീർത്തനം.

*Nisi Dominus*

യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു; യഹോവ പട്ടണം കാക്കാതിരുന്നാൽ കാവല്ക്കാരൻ വൃഥാ ജാഗരിക്കുന്നു.

നിങ്ങൾ അതികാലത്തു എഴുന്നേല്ക്കുന്നതും, നന്നാ താമസിച്ചു കിടപ്പാൻ പോകുന്നതും കഠിനപ്രയത്നം ചെയ്തു ഉപജീവിക്കുന്നതും വ്യർത്ഥമത്രേ; തന്റെ പ്രിയന്നോ, അവൻ അതു ഉറക്കത്തിൽ കൊടുക്കുന്നു.

മക്കൾ, യഹോവ നല്കുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും, തന്നേ.

വീരൻെറ കയ്യിലെ അസ്ത്രങ്ങൾ എങ്ങനെയോ അങ്ങനെയാകുന്നു യൌവ്വനത്തിലെ മക്കൾ.

അവയെക്കൊണ്ടു തൻെറ ആവനാഴിക നിറെച്ചിരിക്കുന്ന പുരുഷൻ ഭാഗ്യവാൻ; നഗരവാതില്ക്കൽവെച്ചു ശത്രുക്കളോടു സംസാരിക്കുമ്പോൾ അങ്ങനെയുള്ളവർ ലജ്ജിച്ചുപോകയില്ല.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ;

ആദിയിങ്കലും, ഇപ്പോഴും, എന്നേക്കുമുള്ളപ്രകാരം തന്നേ. ആമെൻ.

പിന്നെ പ്രെസ്ബിററർ ചൊല്ലേണ്ടതു.

നാം പ്രാൎത്ഥിക്ക.

കൎത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

മശിഹായേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

കൎത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

സ്വൎഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിൻെറ നാമം പരിശുദ്ധമാക്കപ്പെടേണമേ. നിൻെറ രാജ്യം വരേണമേ. നിൻെറ ഇഷ്ടം സ്വൎഗ്ഗത്തിലെപ്പോലെ ഭൂമിയിലും ചെയ്യപ്പെടേണമേ. ഞങ്ങളുടെ ദിവസവുമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരേണമേ. ഞങ്ങളുടെ നേരെ കുററം ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ കുററങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിലേക്കു കടത്താതെ, ഞങ്ങളെ ദോഷത്തിൽനിന്നു രക്ഷിക്കേണമേ. രാജ്യവും, ശക്തിയും, മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ ആകുന്നു. ആമെൻ.

ശുശ്രൂഷകൻ. കൎത്താവേ, നിൻെറ ദാസിയായ ഈ സ്ത്രീയെ രക്ഷിക്കേണമേ.

പ്രതിവാക്യം. ഇവൾ നിങ്കൽ ആശ്രയിക്കുന്നവളല്ലോ.

ശുശ്രൂഷകൻ. നീ ഇവൾക്കു ബലമുള്ള ഗോപുരമായിരിക്കേണമേ.

പ്രതിവാക്യം. ഇവളുടെ ശത്രുവിൻെറ മുഖത്തുനിന്നു തന്നേ.

ശുശ്രൂഷകൻ. കൎത്താവേ, ഞങ്ങളുടെ പ്രാൎത്ഥന കേൾക്കേണമേ.

പ്രതിവാക്യം. ഞങ്ങളുടെ നിലവിളിയും തിരുസന്നിധിയിൽ വരുമാറാകട്ടെ.

ശുശ്രൂഷകൻ. നാം പ്രാൎത്ഥിക്ക.

സൎവ്വശക്തിയുള്ള ദൈവമേ, നിന്റെ ദാസിയായ ഈ സ്ത്രീയെ പ്രസവത്തിന്റെ വലിയ വേദനയിൽനിന്നും ആപത്തിൽനിന്നും രക്ഷിപ്പാൻ നിനക്കു ഇഷ്ടം തോന്നിയിരിക്കകൊണ്ടു ഞങ്ങൾ നിനക്കു വിനയമുള്ള സ്തോത്രം ചെയ്യുന്നു. മഹാ കരുണയുള്ള പിതാവേ, നിന്റെ സഹായംകൊണ്ടു ഇപ്പോഴത്തെ ആയുസ്സിൽ ഇവൾ വിശ്വാസമുള്ളവളായി ജീവിച്ചു, നിന്റെ ഇഷ്ടപ്രകാരം നടന്നു. വരുവാനുള്ള ആയുസ്സിൽ നിത്യമഹത്വത്തിന്നു ഓഹരിയുള്ളവളായിതീരേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

¶ സ്തോത്രം ചെയ്വാൻ വരുന്ന സ്ത്രീ മൎയ്യാദപ്രകാരമുള്ള വഴിപാടു കഴിക്കേണം; വിശുദ്ധസംസൎഗ്ഗം ആചരിക്കപ്പെടുന്നു എങ്കിൽ, അവൾ അതിൽ സംബന്ധിക്കുന്നതു കൊള്ളാം.

# A COMMINATION,

## OR DENOUNCING OF GOD'S ANGER AND JUDGMENTS AGAINST SINNERS

WITH CERTAIN PRAYERS, TO BE USED ON THE FIRST DAY OF LENT, AND AT OTHER TIMES AS THE ORDINARY SHALL APPOINT.

---

# ഭയനിൎദ്ദേശം

ആയതു,

## പാപികളുടെ നേരെ ദൈവത്തിന്റെ കോപത്തെയും ന്യായവിധികളെയും കുറിച്ചുള്ള പ്രസ്താവനയും,

അതിനോടുകൂടെ ഏതാനും പ്രാൎത്ഥനകളും;

നോമ്പിൽ ഒന്നാംദിവസത്തിലും, മേലധികാരി നിശ്ചയിക്കുന്ന മറ്റു കാലങ്ങളിലും ഉപയോഗിപ്പാനുള്ളതു.

---

¶ കാലത്തെ പ്രാൎത്ഥനെക്കു പിമ്പു, പതിവിൻപ്രകാരം ലിത്താനി കഴിഞ്ഞശേഷം, പ്രെസ്ബിറ്റർ വായനപീഠത്തിലൊ പുൽപ്പിറ്റിലൊ നിന്നുകൊണ്ടു ചൊല്ലേണ്ടതു,

സഹോദരന്മാരേ, പൂൎവ്വികസഭയിൽ ദൈവഭക്തിക്കടുത്തോരു ശിക്ഷാക്രമം ഉണ്ടായിരുന്നു; എങ്ങനെയെന്നാൽ: പ്രസിദ്ധമായ പാപം ചെയ്തവരെന്നു കുറ്റംവിധിക്കപ്പെട്ട ആളുകൾക്കു നോമ്പിന്റെ ആരംഭത്തിങ്കൽ പരസ്യമായുള്ള പ്രായശ്ചിത്തം കല്പിക്കയും ഈ ലോകത്തിൽ അവരെ ശിക്ഷിക്കയും ചെയ്തുവന്നു; ആയതു കൎത്താവിന്റെ ദിവസത്തിൽ അവരുടെ ആത്മാക്കൾ രക്ഷിക്കപ്പെടുവാനായിട്ടും, അവരോടു ചെയ്തതിനെ കണ്ടിട്ടു മറ്റുള്ളവർ ഓൎത്തു കുറ്റം ചെയ്വാൻ അധികം ഭയപ്പെടുവാനായിട്ടും ആയിരുന്നു.

ഏറ്റവും ആഗ്രഹിക്കത്തക്കതായുള്ള ഈ ശിക്ഷാക്രമം യഥാസ്ഥാനപ്പെടുന്നതുവരെ അതിന്നു പകരമായി ആവൎത്തനപ്പുസ്തകം ഇരുപത്തെഴാം അദ്ധ്യായത്തിലും, തിരുവെഴുത്തിൽ മറ്റുഭാഗങ്ങളിലും, മാനസാന്തരപ്പെടാത്ത പാപികൾക്കു വിരോധമായി ചൊല്ലീട്ടുള്ള പൊതുവായ ദൈവശാപവിധികളെ ഈ സമയത്തു നിങ്ങളുടെ എല്ലാവരുടെയും മുമ്പാകെ വായിക്കുന്നതും, ഓരോ വിധിക്കു നിങ്ങൾ ആമെൻ പറയുന്നതും യുക്തം എ

ന്നു വിചാരിച്ചിരിക്കുന്നു; ആയതു പാപികളുടെ നേരെ ദൈവത്തിന്നുള്ള മഹാ കോപത്തെ കുറിച്ചു നിങ്ങൾ ഓൎത്തു, താല്പൎയ്യവും സത്യവുമുള്ള മാനസാന്തരത്തിന്നു ഉത്സാഹിക്കേണ്ടതിന്നും, ഈ അപകടനാളുകളിൽ ഏററവും സൂക്ഷ്മത്തോടെ നടന്നു, ദൈവശാപത്തിന്നു ഹേതുവാക്കീട്ടുള്ളവ എന്നു സ്വന്ത വായ്കൊണ്ടു തന്നേ നിങ്ങൾ അനുസരിച്ചു പറയുന്ന ദോഷങ്ങളെ വിട്ടൊഴിയേണ്ടതിന്നും ആകുന്നു.

വന്ദിപ്പാനായിട്ടു വല്ല വിഗ്രഹത്തെയും കൊത്തിയോ, വാൎത്തോ ഉണ്ടാക്കുന്നവൻ ശപിക്കപ്പെട്ടവൻ.

¶ ഇതിന്നു പ്രതിവാക്യമായിട്ടു ജനങ്ങൾ "**ആമെൻ**" എന്നു പറയേണം.

ശുശ്രൂഷകൻ. അപ്പനെയൊ അമ്മയെയൊ ശപിക്കുന്നവൻ ശപിക്കപ്പെട്ടവൻ.

പ്രതിവാക്യം. ആമെൻ.

ശുശ്രൂഷകൻ. അയല്ക്കാരന്റെ അതിർ നീക്കുന്നവൻ ശപിക്കപ്പെട്ടവൻ.

പ്രതിവാക്യം. ആമെൻ

ശുശ്രൂഷകൻ. കുരുടനെ വഴിതെററിക്കുന്നവൻ ശപിക്കപ്പെട്ടവൻ.

പ്രതിവാക്യം. ആമെൻ.

ശുശ്രൂഷകൻ. പരദേശിയുടെയും, അനാഥന്റെയും, വിധവയുടെയും ന്യായം മറിച്ചുകളയുന്നവൻ ശപിക്കപ്പെട്ടവൻ.

പ്രതിവാക്യം. ആമെൻ.

ശുശ്രൂഷകൻ. കൂട്ടുകാരനെ രഹസ്യമായി കൊല്ലുന്നവൻ ശപിക്കപ്പെട്ടവൻ.

പ്രതിവാക്യം. ആമെൻ.

ശുശ്രൂഷകൻ. കൂട്ടുകാരന്റെ ഭാൎയ്യയോടു കൂടെ ശയിക്കുന്നവൻ ശപിക്കപ്പെട്ടവൻ.

പ്രതിവാക്യം. ആമെൻ.

ശുശ്രൂഷകൻ. കുററമില്ലാത്തവനെ കൊല്ലേണ്ടതിന്നു പ്രതിഫലം വാങ്ങുന്നവൻ ശപിക്കപ്പെട്ടവൻ.

പ്രതിവാക്യം. ആമെൻ.

ശുശ്രൂഷകൻ. മനുഷ്യനിൽ ആശ്രയിച്ചു, മനുഷ്യനെ തന്റെ ശരണമാക്കി, ഹൃദയംകൊണ്ടു കർത്താവിനെ വിട്ടുമാറുന്നവൻ ശപിക്കപ്പെട്ടവൻ.

പ്രതിവാക്യം ആമെൻ.

ശുശ്രൂഷകൻ. കരുണയില്ലാത്തവരും, വേശ്യാമോഹക്കാരും, വ്യഭിചാരികളും, ദ്രവ്യാഗ്രഹികളും, വിഗ്രഹാരാധനക്കാരും, ദൂഷണക്കാരും, മദ്യപാനികളും, അപഹാരികളും ശപിക്കപ്പെട്ടവരാകുന്നു.

പ്രതിവാക്യം. ആമെൻ.

ശുശ്രൂഷകൻ.

പ്രവാചകനായ ദാവീദു സാക്ഷിക്കുന്നപ്രകാരം, ദൈവത്തിന്റെ കല്പനകളെ വിട്ടു തെററിനടക്കുന്ന എല്ലാവരും ശപിക്കപ്പെട്ടവരാകയാൽ, നമ്മുടെ തലെക്കുമീതെ തൂങ്ങുന്നതും, എപ്പോഴും നമ്മുടെമേൽ വീഴുവാൻ ഒരുങ്ങിയിരിക്കുന്നതുമായുള്ള ഭയങ്കരവിധിയെ ഓൎത്തുകൊണ്ടു, നാം നമ്മുടെ പാപമുള്ള നടപ്പിനെക്കുറിച്ചു സങ്കടപ്പെട്ടു കരഞ്ഞു, നമ്മുടെ കുററങ്ങളെ സമ്മതിച്ചു ഏററുപറഞ്ഞു, മാനസാന്തരത്തിന്നു യോഗ്യമായ ഫലങ്ങളെ പുറപ്പെടുവിപ്പാൻ അന്വേഷിക്കുന്നവരായി സൎവ്വദുഃഖത്തോടും ഹൃദയസൌമ്യതയോടും നമ്മുടെ ദൈവമായ കൎത്താവിങ്കലേക്കു നാം തിരിഞ്ഞുകൊള്ളേണം. എന്തെന്നാൽ ഇപ്പോൾ വൃക്ഷങ്ങളുടെ ചുവട്ടിന്നു കോടാലി വെച്ചിരിക്കുന്നു; അതുകൊണ്ടു നല്ല ഫലം കായ്ക്കാത്ത വൃക്ഷം ഒക്കെയും വെട്ടി, തീയിൽ ഇടുന്നു; ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നതു ഭയങ്കരമാകുന്നു; അവൻ പാപികളുടെമേൽ കണികളും, തീയും, ഗന്ധവും, പെരുങ്കാററും, കൊടുങ്കാററും വൎഷിപ്പിക്കും; ഇതു അവൎക്കു കുടിപ്പാനുള്ള ഓഹരിയാകും. എന്തെന്നാൽ കണ്ടാലും, ഭൂമിയിൽ വസിക്കുന്നവരുടെ ദുഷ്ടതയെ ദശിപ്പാൻ കൎത്താവു തന്റെ സ്ഥലത്തുനിന്നു വന്നിരിക്കുന്നു. എന്നാൽ അവൻ വരുന്ന ദിവസത്തെ ആൎക്കു സഹിക്കാം? അവൻ പ്രത്യക്ഷനാകുമ്പോൾ, ആരു നിലനില്ക്കും? വീശുമുറം അവന്റെ കയ്യിൽ ഉണ്ടു; അവൻ കളത്തെ വെടിപ്പാക്കി, കോതമ്പു കളപ്പുരയിൽ കൂട്ടിവെക്കയും, പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടുകളകയും ചെയ്യും. രാത്രിയിൽ കള്ളൻ വരുന്നതുപോലെ കൎത്താവിന്റെ നാൾ വരുന്നു; മനുഷ്യർ സമാധാനമെന്നും സകലവും ക്ഷേമമെന്നും എപ്പോൾ പറയുമോ അപ്പോൾ, ഗൎഭിണിക്കു പ്രസവവേദന വരുന്നതുപോലെ, അവരുടെമേൽ പെട്ടെന്നുള്ള നാശം വരുന്നു; അവൎക്കു തെററി ഒഴിയാവതുമല്ല. അപ്പോൾ പ്രതികാരത്തിന്റെ ദിവസത്തിൽ ദൈവത്തിന്റെ കോപം വെളിപ്പെടും, ആയതിനെ ശഠന്മാരായ പാപികൾ തങ്ങളുടെ ഹൃദയത്തിലെ ശഠതകൊണ്ടു തങ്ങൾക്കു തന്നേ സംഗ്രഹിച്ചിരിക്കുന്നു; ദൈവം അവരെ ഇ

ടവിടാതെ മാനസാന്തരത്തിലേക്കു വിളിക്കുമ്പോൾ അവർ അവൻെറ ദയയെയും, ക്ഷമയെയും, ദീർഘക്ഷാന്തിയെയും നിരസിച്ചു. കർത്താവു പറയുന്നു : അപ്പോൾ അവർ എന്നെ വിളിക്കും, ഞാൻ ചെവികൊള്ളുകയില്ല ; ജാഗ്രതയോടെ അവർ എന്നെ അന്വേഷിക്കും, കണ്ടെത്തുകയില്ല ; അതെന്തുകൊണ്ടെന്നാൽ അവർ പരിജ്ഞാനത്തെ വെറുത്തു യഹോവാഭക്തിയെ തിരഞ്ഞെടുത്തതുമില്ല ; അവർ എൻെറ ആലോചന അനുസരിക്കാതെ എൻെറ ശാസന ഒക്കെയും നിരസിച്ചുകളഞ്ഞു. വാതിൽ അടെക്കപ്പെട്ട ശേഷം മുട്ടുന്നതു വ്യർത്ഥമാകും ; ന്യായവിധിയുടെ സമയത്തു കരുണെക്കായിട്ടു നിലവിളിക്കുന്നതും വ്യർത്ഥമാകും. ഹാ ! അവരോടു കല്പിപ്പാനിരിക്കുന്ന മഹാ ന്യായമായുള്ള വിധിയുടെ ശബ്ദം ഭയങ്കരം തന്നേ. എന്തെന്നാൽ അവരോടു : ശപിക്കപ്പെട്ടവരേ, പിശാചിന്നും അവൻെറ ദൂതന്മാൎക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ എന്നു ചൊല്ലപ്പെടും. ആകയാൽ സഹോദരന്മാരേ, രക്ഷയുടെ നാൾ ഉള്ളപ്പോൾ തന്നെ നാം കരുതിക്കൊള്ളേണം : എന്തെന്നാൽ ആൎക്കും പ്രവൎത്തിച്ചുകൂടാത്ത രാത്രി വരുന്നു ; എന്നാൽ വെളിച്ചം നമുക്കുള്ളപ്പോൾ തന്നേ നാം ആ വെളിച്ചത്തിൽ വിശ്വസിച്ചു, കരച്ചിലും പല്ലുകടിയുമുള്ള ഇടമായി എല്ലാററിന്നും പുറമേയുള്ള ഇരുളിലേക്കു തള്ളപ്പെടാതെ ഇരിക്കേണ്ടതിന്നു വെളിച്ചത്തിൻെറ മക്കളായി നടക്കേണം. നാം ഗുണപ്പെടേണ്ടതിന്നായി നമ്മെ കരുണയോടെ വിളിക്കുന്നവനും, നാം വിശുദ്ധിയും സത്യവുമുള്ള ഹൃദയത്തോടെ തങ്കലേക്കു തിരിയുന്നു എങ്കിൽ, നാം മുമ്പെ ചെയ്തിട്ടുള്ളതിനെ തൻെറ അന്തമില്ലാത്ത കരുണകൊണ്ടു നമ്മോടു ക്ഷമിക്കുമെന്നു വാഗ്ദത്തം ചെയ്യുന്നവനുമായ ദൈവത്തിൻെറ നന്മയെ നാം വ്യർത്ഥമാക്കരുതു. എന്തുകൊണ്ടെന്നാൽ നമ്മുടെ പാപങ്ങൾ കടുംചുവപ്പായിരുന്നാലും, ഹിമംപോലെ വെളുക്കും ; രക്താംബരംപോലെ ചുവപ്പായിരുന്നാലും, പഞ്ഞിപോലെ വെണ്മയായിത്തീരും. കർത്താവു പറയുന്നതു എന്തെന്നാൽ : നിങ്ങൾ നിങ്ങളുടെ ദുഷ്ടതയെ വിട്ടുതിരിവിൻ, എന്നാൽ നിങ്ങളുടെ പാപം നിങ്ങൾക്കു നാശകരമാകയില്ല ; നിങ്ങൾ ചെയ്തിരിക്കുന്ന നിങ്ങളുടെ ഭക്തികേടിനെ ഒക്കെയും നിങ്ങളിൽനിന്നു നീക്കിക്കളവിൻ ; നിങ്ങൾക്കു പുതിയ ഹൃദയങ്ങളെയും പുതിയ ആത്മാവിനെയും സമ്പാദിച്ചുകൊൾവിൻ. മരിക്കുന്നവൻെറ മരണത്തിൽ എനിക്കു ഇഷ്ടമില്ലായ്കകൊണ്ടു യിസ്രായേൽഗൃഹമേ, നിങ്ങൾ എന്തിന്നു മരിക്കുന്നു എന്നു കർത്താവായ ദൈവം അരുളിച്ചെയ്യുന്നു. ആകയാൽ തിരിവിൻ, ജീവിപ്പിൻ. നാം പാപം ചെയ്തിരിക്കുന്നു എങ്കിലും നീതിമാനായ യേശുമശിഹാ എന്ന കാൎയ്യസ്ഥൻ നമുക്കു പിതാവിൻെറ അടുക്കൽ ഉണ്ടു : അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു. എന്തെന്നാൽ അവൻ നമ്മുടെ കുററങ്ങൾക്കുവേണ്ടി മുറിവേററു ; നമ്മുടെ അകൃത്യത്തിന്നുവേണ്ടി അടികൊണ്ടു ; അതുകൊണ്ടു സത്യമായി മാനസാന്തരപ്പെടുന്ന പാപികളെ ഒക്കെയും കരുണയോടെ കൈക്കൊ

ഉളുന്നവങ്കലേക്കു നാം തിരിഞ്ഞുകൊള്ളേണം. അവൻ നമ്മെ കൈക്കൊൾവാൻ ഒരുങ്ങി, നമ്മോടു ക്ഷമിപ്പാൻ ഏററവും മനസ്സുള്ളവനായിരിക്കുന്നു എന്നു ഉറച്ചുകൊണ്ടു നാം നേരായുള്ള മാനസാന്തരത്തോടെ അവന്റെ അടുക്കൽ ചെന്നു, അവന്നു കീഴടങ്ങി, ഇനിമേൽ അവന്റെ വഴികളിൽ കൂടെ നടന്നു, നാം അവന്റെ മൃദുവായുള്ള നുകത്തെയും ലഘുവായ ചുമടിനെയും ഏററുകൊണ്ടു, താഴ്മയോടും, ക്ഷമയോടും, സ്നേഹത്തോടും അവനെ പിന്തുടൎന്നു, അവന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നടത്തപ്പെട്ടു, എപ്പോഴും അവന്റെ മഹത്വത്തെ അന്വേഷിച്ചു, നമ്മുടെ നിലയിൽ നന്ദിയോടെ അവനെ സേവിച്ചുകൊള്ളേണം. നാം ഇപ്രകാരം ചെയ്യുന്നു എങ്കിൽ ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നും ഇടത്തുഭാഗത്തു നിൎത്തപ്പെടുന്നവരുടെമേൽ വീഴുന്ന ഒടുക്കത്തെ ശാപവിധിയിൽനിന്നും മശിഹാ നമ്മെ രക്ഷിക്കും; തന്റെ വലത്തുഭാഗത്തു നമ്മെ നിൎത്തി, തന്റെ പിതാവിന്റെ കൃപയുള്ള അനുഗ്രഹത്തെ നമുക്കു തന്നു, തന്റെ മഹത്വമുള്ള രാജ്യത്തെ അവകാശമാക്കിക്കൊൾവാൻ നമ്മോടു കല്പിക്കയും ചെയ്യും. അവിടെ നമ്മെ എല്ലാവരെയും കൊണ്ടുപോകുവാൻ അവൻ തന്റെ അന്തമില്ലാത്ത കരുണ നിമിത്തം കൃപ അരുളുമാറാകട്ടെ. ആമെൻ.

¶ ഇതിന്റെ ശേഷം എല്ലാവരും മുട്ടുകുത്തേണം: പ്രെസ്ബിറററും പള്ളി ശുശ്രൂഷക്കാരും ലിത്താനി ചൊല്ലിവരുന്ന സ്ഥലത്തു മുട്ടുകുത്തി ൫൧ാം സങ്കീൎത്തനം ചൊല്ലേണം,

### *Miserere mei, Deus.* ൫൧-ാം സങ്കീൎത്തനം.

ദൈവമേ, നിന്റെ ദയെക്കു തക്കവണ്ണം എന്നോടു കൃപയുണ്ടാകേണമേ; നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചുകളയേണമേ.

എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ; എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേണമേ.

എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു; എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു.

നിന്നോടു തന്നേ ഞാൻ പാപം ചെയ്തു; നിനക്കു അനിഷ്ടമായുള്ളതു ഞാൻ ചെയ്തിരിക്കുന്നു. സംസാരിക്കുമ്പോൾ നീതിമാനായും വിധിക്കുമ്പോൾ നിൎമ്മലനായും ഇരിക്കേണ്ടതിന്നു തന്നേ.

ഇതാ, ഞാൻ അകൃത്യത്തിൽ ഉരുവായി; പാപത്തിൽ എന്റെ അമ്മ എന്നെ ഗൎഭം ധരിച്ചു.

അന്തൎഭാഗത്തിലെ സത്യമല്ലോ നീ ഇച്ഛിക്കുന്നതു; അന്തരംഗത്തിൽ എന്നെ ജ്ഞാനം ഗ്രഹിപ്പിക്കേണമേ.

ഞാൻ നിൎമ്മലനാകേണ്ടതിന്നു ഈസോപ്പുകൊണ്ടു എന്നെ ശുദ്ധീകരിക്കേണമേ; ഞാൻ ഹിമത്തേക്കാൾ വെളുക്കേണ്ടതിന്നു എന്നെ കഴുകേണമേ.

സന്തോഷവും ആനന്ദവും എന്നെ കേൾക്കമാറാക്കേണമേ; നീ ഒടിച്ച അസ്ഥികൾ ഉല്ലസിക്കട്ടെ.

എന്റെ പാപങ്ങളെ കാണാതവണ്ണം നിന്റെ മുഖം മറെക്കേണമേ; എന്റെ അകൃത്യങ്ങളെ ഒക്കെയും മായിച്ചുകളയേണമേ.

ദൈവമേ, നിൎമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കേണമേ.

നിന്റെ സന്നിധിയിൽനിന്നു എന്നെ തള്ളിക്കളയരുതേ; നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്നു എടുക്കയുമരുതേ.

നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ; മനസ്സൊരുക്കമുള്ള ആത്മാവിനാൽ എന്നെ താങ്ങേണമേ.

അപ്പോൾ ഞാൻ അതിക്രമക്കാരോടു നിന്റെ വഴികളെ ഉപദേശിക്കും; പാപികൾ നിങ്കലേക്കു മനം തിരിയും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ, രക്തപാതകത്തിൽനിന്നു എന്നെ വിടുവിക്കേണമേ; എന്നാൽ എന്റെ നാവു നിന്റെ നീതിയെ ഘോഷിക്കും.

കൎത്താവേ, എന്റെ അധരങ്ങളെ തുറക്കേണമേ; എന്നാൽ എന്റെ വായ് നിന്റെ സ്തുതിയെ വൎണ്ണിക്കും.

ഹനനയാഗം നീ ഇച്ഛിക്കുന്നില്ല; അല്ലെങ്കിൽ ഞാൻ അൎപ്പിക്കുമായിരുന്നു; ഹോമയാഗത്തിൽ നിനക്കു പ്രസാദവുമില്ല.

ദൈവത്തിന്റെ ഹനനയാഗങ്ങൾ തകൎന്നിരിക്കുന്ന മനസ്സു; തകൎന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ, നീ നിരസിക്കയില്ല.

നിന്റെ പ്രസാദപ്രകാരം സീയോനോടു നന്മ ചെയ്യേണമേ; യെരുശലേമിന്റെ മതിലുകളെ പണിയേണമേ.

അപ്പോൾ നീ നീതിയാഗങ്ങളിലും ഹോമയാഗങ്ങളിലും സൎവ്വാംഗഹോമങ്ങളിലും പ്രസാദിക്കും; അപ്പോൾ നിന്റെ യാഗപീഠത്തിന്മേൽ കാളകളെ അൎപ്പിക്കും.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവിന്നും മഹത്വം ഉണ്ടാകട്ടെ;

ആദിയിങ്കലും, ഇപ്പോഴും, എന്നേക്കുമുള്ളപ്രകാരം തന്നെ. ആമെൻ.

കൎത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

മശിഹായേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

കൎത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ.

സ്വൎഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെപോലെ ഭൂമിയിലും ചെയ്യപ്പെടേണമേ. ഞങ്ങളുടെ ദിവസവുമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരേണമേ. ഞങ്ങളുടെ നേരെ കുററം ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ കുററങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിലേക്കു കടത്താതെ, ഞങ്ങളെ ദോഷത്തിൽനിന്നു രക്ഷിക്കേണമേ. ആമെൻ.

ശുശ്രൂഷകൻ. കൎത്താവേ, നിന്റെ അടിയാരെ രക്ഷിക്കേണമേ;

പ്രതിവാക്യം. അവർ നിങ്കൽ ആശ്രയിക്കുന്നവല്ലോ.

ശുശ്രൂഷകൻ. ഉയരത്തിൽനിന്നു അവക്കു സഹായം അയക്കേണമേ.

പ്രതിവാക്യം. അവരെ എപ്പോഴും ശക്തിയോടെ കാത്തു രക്ഷിക്കേണമേ.

ശുശ്രൂഷകൻ. ഞങ്ങളുടെ രക്ഷിതാവായ ദൈവമേ, ഞങ്ങൾക്കു സഹായിക്കേണമേ.

പ്രതിവാക്യം. നിന്റെ നാമത്തിന്റെ മഹത്വത്തിന്നായിട്ടു ഞങ്ങളെ വിടുവിച്ചു, പാപികളായ ഞങ്ങളോടു നിന്റെ നാമം നിമിത്തം കരുണയുണ്ടാകേണമേ.

ശുശ്രൂഷകൻ. കൎത്താവേ, ഞങ്ങളുടെ പ്രാൎത്ഥന കേൾക്കേണമേ.

പ്രതിവാക്യം. ഞങ്ങളുടെ നിലവിളി തിരുസന്നിധിയിൽ വരുമാറാകട്ടെ.

ശുശ്രൂഷകൻ. നാം പ്രാൎത്ഥിക്ക.

കൎത്താവേ, ഞങ്ങളുടെ പ്രാൎത്ഥനകളെ കരുണയോടെ കേട്ടു, നിന്നോടു പാപങ്ങളെ ഏററു പറയുന്ന എല്ലാവരോടും കനിവുണ്ടാകേണമെന്നും, മനസ്സാക്ഷികളിൽ തങ്ങളുടെ പാപത്താൽ കുററം ചുമത്തപ്പെട്ടിരിക്കുന്നവർ നിന്റെ കരുണയുള്ള മോചനത്താൽ ക്ഷമിക്കപ്പെടേണമെന്നും ഞങ്ങളുടെ കൎത്താവായ മശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

സകല മനുഷ്യരോടും മനസ്സലിവുള്ളവനും, താൻ ഉണ്ടാക്കീട്ടുള്ള യാതൊന്നിനെയും വെറുക്കാത്തവനും, പാപി മരിക്കേണമെന്നല്ല, അവൻ തന്റെ

പാപത്തെ വിട്ടുതിരിഞ്ഞു രക്ഷിക്കപ്പെടണമെന്നുമാത്രം ആഗ്രഹിക്കുന്നവനുമായി, മഹാശക്തിയുള്ള ദൈവവും കരുണയുള്ളപിതാവുമായുള്ളോവേ, ഞങ്ങളുടെ അതിക്രമങ്ങളെ ഞങ്ങളോടു കരുണയോടെ ക്ഷമിക്കേണമേ; ഞങ്ങളുടെ പാപങ്ങളുടെ ഭാരംകൊണ്ടു ദുഃഖിച്ചു വലഞ്ഞിരിക്കുന്നവരായ ഞങ്ങളെ കൈക്കൊണ്ടു ആശ്വസിപ്പിക്കേണമേ. എപ്പോഴും കരുണയുണ്ടാകുന്നതു നിന്റെ ലക്ഷണമാകുന്നു; പാപങ്ങളെ മോചിക്കുന്നതു നിനക്കുമാത്രമുള്ളതു. ആകയാൽ കൃപയുള്ള കൎത്താവേ, ഞങ്ങളോടു കനിവുണ്ടാകേണമേ; നീ വീണ്ടെടുത്തിരിക്കുന്നവരായ നിന്റെ ജനങ്ങളോടു കനിവുണ്ടാകേണമേ; ഹീനമായുള്ള മണ്ണും അരിഷ്ടതയുള്ള പാപികളുമായി, നിന്റെ ദാസരായ ഞങ്ങളോടു ന്യായവിധിയിലേക്കു പ്രവേശിക്കരുതേ; എന്നാൽ ഞങ്ങളുടെ ദോഷത്തെ വിനയത്തോടെ ഏററുകൊണ്ടു ഞങ്ങളുടെ കുററങ്ങളെക്കുറിച്ചു നേരായി മാനസാന്തരപ്പെടുന്ന ഞങ്ങളിൽനിന്നു നിന്റെ കോപത്തെ നീക്കി, വരുവാനുള്ള ലോകത്തിൽ ഞങ്ങൾ എന്നേക്കും നിന്നോടു കൂടെ വസിക്കേണ്ടതിന്നു, ഈ ലോകത്തിൽ ഞങ്ങൾക്കു വേഗത്തിൽ സഹായിക്കേണമെന്നു ഞങ്ങളുടെ കൎത്താവായ യേശുമശിഹാമൂലം ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ആമെൻ.

¶ പിന്നെ ജനങ്ങൾ ഠരം താഴെയുള്ളതിനെ ശുശ്രൂഷകന്റെ പിന്നാലെ ചൊല്ലണം,

കൃപയുള്ള കൎത്താവേ, ഞങ്ങളെ തിരിക്കേണമേ, എന്നാൽ ഞങ്ങൾ തിരിയും. കൎത്താവേ, കരച്ചിലോടും ഉപവാസത്തോടും, പ്രാൎത്ഥനയോടും നിന്റെ അടുക്കലേക്കു തിരിയുന്ന നിന്റെ ജനങ്ങളോടു കൃപയുണ്ടാകേണമേ, കൃപയുണ്ടാകേണമേ. എന്തെന്നാൽ നീ കരുണയും പൂൎണ്ണ മനസ്സലിവും ദീൎഘക്ഷാന്തിയും മഹാദയയുമുള്ള ദൈവമാകുന്നുവല്ലോ. ഞങ്ങൾ ശിക്ഷെക്കു പാത്രങ്ങളായിരിക്കുമ്പോൾ, നീ ക്ഷമിക്കുന്നു; നിന്റെ കോപത്തിലും കരുണയെ നിരൂപിക്കുന്നു. കൃപയുള്ള കൎത്താവേ, നിന്റെ ജനങ്ങളോടു കനിവുണ്ടാകേണമേ; കനിവുണ്ടാകേണമേ, നിന്റെ അവകാശം അമാന്തമാകുവാൻ ഇടയാക്കരുതേ. കൎത്താവേ, നിന്റെ കരുണ വലുതാകകൊണ്ടു ഞങ്ങളെ ചെവിക്കൊള്ളേണമേ; നിന്റെ വാഴ്ത്തപ്പെട്ട പുത്രനും ഞങ്ങളുടെ കൎത്താവുമായ യേശുമശിഹായുടെ യോഗ്യതകളും മദ്ധ്യസ്ഥതയും മൂലം ഞങ്ങളുടെമേൽ നിന്റെ കരുണകളുടെ ബഹുത്വത്തിൻപ്രകാരം കടാക്ഷിക്കേണമേ. ആമെൻ.

¶ അതിന്റെശേഷം ശുശ്രൂഷകൻ മാത്രം ചൊല്ലേണ്ടുന്നതു എന്തെന്നാൽ,

കൎത്താവു ഞങ്ങളെ അനുഗ്രഹിച്ചു, ഞങ്ങളെ കാക്കട്ടെ; കൎത്താവു തന്റെ തിരുമുഖത്തിന്റെ വെളിച്ചം ഞങ്ങളുടെമേൽ പ്രകാശിപ്പിച്ചു, ഇപ്പോഴും എപ്പോഴും ഞങ്ങൾക്കു സമാധാനം തരുമാറാകട്ടെ. ആമെൻ.

# THE PSALMS OF DAVID

# ദാവീദിന്റെ സങ്കീൎത്തനങ്ങൾ

## ഒന്നാം തിയ്യതി

## കാലത്തെ പ്രാൎത്ഥന

### ൧ാം സങ്കീൎത്തനം

ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴി
യിൽ നില്ക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും
൨ യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു അവന്റെ
ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ.
൩ അവൻ, ആററരികത്തു നട്ടിരിക്കുന്നതും തക്കകാലത്തു ഫലം കാ
യ്ക്കുന്നതും ഇല വാടാത്തതുമായ വൃക്ഷംപോലെ ഇരിക്കും; അവൻ ചെയ്യു
ന്നതൊക്കെയും സാധിക്കും.
൪ ദുഷ്ടന്മാർ അങ്ങനെയല്ല; അവർ കാററു പാററുന്ന പതിർ
പോലെയത്രേ.
൫ ആകയാൽ ദുഷ്ടന്മാർ ന്യായവിസ്താരത്തിലും പാപികൾ നീതിമാ
ന്മാരുടെ സഭയിലും നിവിൎന്നുനില്ക്കയില്ല.
൬ യഹോവ നീതിമാന്മാരുടെ വഴി അറിയുന്നു; ദുഷ്ടന്മാരുടെ വ
ഴിയോ നാശകരം ആകുന്നു.

### ൨ാം സങ്കീൎത്തനം

ജാതികൾ കലഹിക്കുന്നതും വംശങ്ങൾ വ്യൎത്ഥമായതു നിരൂപിക്കുന്നതും
എന്തു?
൨ യഹോവെക്കും അവന്റെ അഭിഷിക്തന്നും വിരോധമായി ഭൂമി
യിലെ രാജാക്കന്മാർ എഴുന്നേല്ക്കയും അധിപതികൾ തമ്മിൽ ആലോചി
ക്കയും ചെയ്യുന്നതു:
൩ നാം അവരുടെ കെട്ടുകളെ പൊട്ടിച്ചു അവരുടെ കയറുകളെ
എറിഞ്ഞുകളക.
൪ സ്വൎഗ്ഗത്തിൽ വസിക്കുന്നവൻ ചിരിക്കുന്നു; കൎത്താവു അവരെ
പരിഹസിക്കുന്നു.

൫ അന്നു അവൻ കോപത്തോടെ അവരോടു അരുളിച്ചെയ്യും; ക്രോധത്തോടെ അവരെ ഭ്രമിപ്പിക്കും.

൬ എന്റെ വിശുദ്ധപൎവ്വതമായ സീയോനിൽ ഞാൻ എന്റെ രാജാവിനെ വാഴിച്ചിരിക്കുന്നു.

൭ ഞാൻ ഒരു നിൎണ്ണയം പ്രസ്താവിക്കുന്നു: യഹോവ എന്നോടു അരുളിച്ചെയ്തതു: നീ എന്റെ പുത്രൻ; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു.

൮ എന്നോടു ചോദിച്ചുകൊൾക; ഞാൻ നിനക്കു ജാതികളെ അവകാശമായും ഭൂമിയുടെ അററങ്ങളെ കൈവശമായും തരും;

൯ ഇരിമ്പുകോൽകൊണ്ടു നീ അവരെ തകൎക്കും; കുശവന്റെ പാത്രംപോലെ അവരെ ഉടെക്കും.

൧൦ ആകയാൽ രാജാക്കന്മാരേ, ബുദ്ധി പഠിപ്പിൻ; ഭൂമിയിലെ ന്യായാധിപന്മാരേ, ഉപദേശം കൈക്കൊൾവിൻ.

൧൧ ഭയത്തോടെ യഹോവയെ സേവിപ്പിൻ; വിറയലോടെ ഘോഷിച്ചുല്ലസിപ്പിൻ.

൧൨. അവൻ കോപിച്ചിട്ടു നിങ്ങൾ വഴിയിൽവെച്ചു നശിക്കാതിരിപ്പാൻ പുത്രനെ ചുംബിപ്പിൻ. അവന്റെ കോപം ക്ഷണത്തിൽ ജ്വലിക്കും; അവനെ ശരണം പ്രാപിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ.

## ൩ാം സങ്കീൎത്തനം

യഹോവേ, എന്റെ വൈരികൾ എത്ര പെരുകിയിരിക്കുന്നു; എന്നോടു എതിൎക്കുന്നവർ അനേകർ ആകുന്നു.

൨ അവന്നു ദൈവത്തിങ്കൽ രക്ഷയില്ല എന്നു എന്നെക്കുറിച്ചു പലരും പറയുന്നു.

൩ നീയോ യഹോവേ, എനിക്കു ചുററും പരിചയും എന്റെ മഹത്വവും എന്റെ തല ഉയൎത്തുന്നവനും ആകുന്നു.

൪ ഞാൻ യഹോവയോടു ഉച്ചത്തിൽ നിലവിളിക്കുന്നു; അവൻ തന്റെ വിശുദ്ധ പൎവ്വതത്തിൽനിന്നു ഉത്തരം അരുളുകയും ചെയ്യുന്നു.

൫ ഞാൻ കിടന്നുറങ്ങി; യഹോവ എന്നെ താങ്ങുകയാൽ ഉണൎന്നുമിരിക്കുന്നു.

൬ എനിക്കു വിരോധമായി ചുററും പാളയമിറങ്ങിയിരിക്കുന്ന ആയിരം ആയിരം ജനങ്ങളെ ഞാൻ ഭയപ്പെടുകയില്ല.

൭ യഹോവേ, എഴുന്നേല്ക്കേണമേ; എന്റെ ദൈവമേ, എന്നെ രക്ഷിക്കേണമേ. നീ എന്റെ ശത്രുക്കളെ ഒക്കെയും ചെകിട്ടത്തടിച്ചു; നീ ദുഷ്ടന്മാരുടെ പല്ലു തകൎത്തുകളഞ്ഞു.

൮ രക്ഷ യഹോവെക്കുള്ളതാകുന്നു; നിന്റെ അനുഗ്രഹം നിന്റെ ജനത്തിന്മേൽ വരുമാറാകട്ടെ.

## ൪ാം സങ്കീൎത്തനം

എന്റെ നീതിയായ ദൈവമേ, ഞാൻ വിളിക്കുമ്പോൾ ഉത്തരമരുളേണമേ; ഞാൻ ഞെരുക്കത്തിൽ ഇരുന്നപ്പോൾ നീ എനിക്കു വിശാലത വരുത്തി; എന്നോടു കൃപതോന്നി എന്റെ പ്രാൎത്ഥന കേൾക്കേണമേ.

൨ പുരുഷന്മാരേ, നിങ്ങൾ എത്രത്തോളം എന്റെ മാനത്തെ നിന്ദയാക്കി മായയെ ഇച്ഛിച്ചു വ്യാജത്തെ അന്വേഷിക്കും?

൩ യഹോവ ഭക്തനെ തനിക്കു വേൎതിരിച്ചിരിക്കുന്നു എന്നറിവിൻ; ഞാൻ യഹോവയെ വിളിച്ചപേക്ഷിക്കുമ്പോൾ അവൻ കേൾക്കും.

൪ നടുങ്ങുവിൻ; പാപം ചെയ്യാതിരിപ്പിൻ; നിങ്ങളുടെ കിടക്കമേൽ ഹൃദയത്തിൽ ധ്യാനിച്ചു മൌനമായിരിപ്പിൻ.

൫ നീതിയാഗങ്ങളെ അൎപ്പിപ്പിൻ; യഹോവയിൽ ആശ്രയം വെപ്പിൻ.

൬ നമുക്കു ആർ നന്മ കാണിക്കും എന്നു പലരും പറയുന്നു; യഹോവേ, നിന്റെ മുഖപ്രകാശം ഞങ്ങളുടെമേൽ ഉദിപ്പിക്കേണമേ.

൭ ധാന്യവും വീഞ്ഞും വൎദ്ധിച്ചപ്പോൾ അവൎക്കുണ്ടായതിലും അധികം സന്തോഷം നീ എന്റെ ഹൃദയത്തിൽ നല്കിയിരിക്കുന്നു.

൮ ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും; നീയല്ലോ യഹോവേ, എന്നെ നിൎഭയം വസിക്കുമാറാക്കുന്നതു്.

## ൫ാം സങ്കീൎത്തനം

യഹോവേ, എന്റെ വാക്കുകൾക്കു ചെവിതരേണമേ; എന്റെ ധ്യാനത്തെ ശ്രദ്ധിക്കേണമേ.

൨ എന്റെ രാജാവും എന്റെ ദൈവവുമായുള്ളോവേ, എന്റെ സങ്കടയാചന കേൾക്കേണമേ; നിന്നോടല്ലോ ഞാൻ പ്രാൎത്ഥിക്കുന്നതു.

൩ യഹോവേ, രാവിലെ എന്റെ പ്രാൎത്ഥന കേൾക്കേണമേ; രാവിലെ ഞാൻ നിനക്കായി ഒരുക്കി കാത്തിരിക്കുന്നു.

൪ നീ ദുഷ്ടതയിൽ പ്രസാദിക്കുന്ന ദൈവമല്ല; ദുഷ്ടൻ നിന്നോടുകൂടെ പാൎക്കയില്ല.

൫ അഹങ്കാരികൾ നിന്റെ സന്നിധിയിൽ നില്ക്കയില്ല; നീതികേടു പ്രവൎത്തിക്കുന്നവരെയൊക്കെയും നീ പകെക്കുന്നു.

൬ ഭോഷ്കു പറയുന്നവരെ നീ നശിപ്പിക്കും; രക്തപാതകവും ചതിവുമുള്ളവൻ യഹോവെക്കു അറെപ്പാകുന്നു.

൭ ഞാനോ, നിന്റെ കൃപയുടെ ബഹുത്വത്താൽ നിന്റെ ആലയത്തിലേക്കു ചെന്നു നിന്റെ വിശുദ്ധമന്ദിരത്തിന്നു നേരെ നിങ്കലുള്ള ഭക്തിയോടെ ആരാധിക്കും.

൮ യഹോവേ, എന്റെ ശത്രുക്കൾനിമിത്തം നിന്റെ നീതിയാൽ എ-

ന്നെ നടത്തേണമേ; എന്റെ മുമ്പിൽ നിന്റെ വഴിയെ നിരപ്പാക്കേണമേ.

൯ അവരുടെ വായിൽ ഒട്ടും നേരില്ല; അവരുടെ അന്തരംഗം നാശരൂപം തന്നേ; അവരുടെ തൊണ്ട തുറന്ന ശവക്കുഴിയാകുന്നു; നാവു കൊണ്ടു അവർ മധുരവാക്കു പറയുന്നു.

൧൦ ദൈവമേ, അവരെ കുററം വിധിക്കേണമേ; തങ്ങളുടെ ആലോചനകളാൽ തന്നേ അവർ വീഴട്ടെ; അവരുടെ അതിക്രമങ്ങളുടെ ബഹുത്വം നിമിത്തം അവരെ തള്ളിക്കളയേണമേ; നിന്നോടല്ലോ അവർ മത്സരിച്ചിരിക്കുന്നതു.

൧൧ എന്നാൽ നിന്നെ ശരണം പ്രാപിക്കുന്നവരെല്ലാവരും സന്തോഷിക്കും; നീ അവരെ പാലിക്കുന്നതുകൊണ്ടു അവർ എപ്പോഴും ആനന്ദിച്ചാൎക്കും; നിന്റെ നാമത്തെ സ്നേഹിക്കുന്നവർ നിന്നിൽ ഉല്ലസിക്കും.

൧൨ യഹോവേ, നീ നീതിമാനെ അനുഗ്രഹിക്കും; പരിചകൊണ്ടെന്നപോലെ നീ ദയകൊണ്ടു അവനെ മറെക്കും.

## ഒന്നാം തിയ്യതി

## വൈകുന്നേരത്തേ പ്രാൎത്ഥന

### ൬-ാം സങ്കീൎത്തനം

യഹോവേ, നിന്റെ കോപത്തിൽ എന്നെ ശിക്ഷിക്കരുതേ; നിന്റെ ക്രോധത്തിൽ എന്നെ ദണ്ഡിപ്പിക്കരുതേ.

൨ യഹോവേ, ഞാൻ തളൎന്നിരിക്കുന്നു; എന്നോടു കരുണയുണ്ടാകേണമേ; യഹോവേ എന്റെ അസ്ഥികൾ ഭ്രമിച്ചിരിക്കുന്നു; എന്നെ സൌഖ്യമാക്കേണമേ.

൩ എന്റെ പ്രാണനും അത്യന്തം ഭ്രമിച്ചിരിക്കുന്നു; നീയോ, യഹോവേ, എത്രത്തോളം?

൪ യഹോവേ, തിരിഞ്ഞു എന്റെ പ്രാണനെ വിടുവിക്കേണമേ; നിന്റെ കാരുണ്യംനിമിത്തം എന്നെ രക്ഷിക്കേണമേ.

൫ മരണത്തിൽ നിന്നെക്കുറിച്ചു ഓൎമ്മയില്ലല്ലോ; പാതാളത്തിൽ ആർ നിനക്കു സ്തോത്രം ചെയ്യും?

൬ എന്റെ ഞരക്കംകൊണ്ടു ഞാൻ തളൎന്നിരിക്കുന്നു; രാത്രി മുഴുവനും എന്റെ കിടക്കയെ ഒഴുക്കുന്നു; കണ്ണുനീർകൊണ്ടു ഞാൻ എന്റെ കട്ടിലിനെ നനെക്കുന്നു.

൭ ദുഃഖംകൊണ്ടു എന്റെ കണ്ണു കുഴിഞ്ഞിരിക്കുന്നു; എന്റെ സകല വൈരികളും ഹേതുവായി ക്ഷീണിച്ചുമിരിക്കുന്നു.

൮ നീതികേടു പ്രവൎത്തിക്കുന്ന ഏവരുമേ, എന്നെ വിട്ടുപോകുവിൻ; യഹോവ എന്റെ കരച്ചലിന്റെ ശബ്ദം കേട്ടിരിക്കുന്നു.

൯ യഹോവ എന്റെ അപേക്ഷ കേട്ടിരിക്കുന്നു; യഹോവ എന്റെ
പ്രാൎത്ഥന കൈക്കൊള്ളും.
൧൦ എന്റെ ശത്രുക്കൾ എല്ലാവരും ലജ്ജിച്ചു ഭ്രമിക്കും; അവർ പി
ന്തിരിഞ്ഞു പെട്ടെന്നു നാണിച്ചുപോകും.

## ൭ാം സങ്കീൎത്തനം

എന്റെ ദൈവമായ യഹോവേ, നിന്നെ ഞാൻ ശരണം പ്രാപിക്കുന്നു;
എന്നെ വേട്ടയാടുന്ന എല്ലാവരുടെയും കയ്യിൽനിന്നു എന്നെ രക്ഷിച്ചു
വിടുവിക്കേണമേ
൨ അവൻ സിംഹം എന്നപോലെ എന്നെ കീറിക്കളയരുതേ; വി
ടുവിപ്പാൻ ആരുമില്ലാതിരിക്കുമ്പോൾ എന്നെ ചീന്തിക്കളയരുതേ.
൩ എന്റെ ദൈവമായ യഹോവേ, ഞാൻ ഇതു ചെയ്തിട്ടുണ്ടെങ്കിൽ,
എന്റെ പക്കൽ നീതികേടുണ്ടെങ്കിൽ,
൪ എറിക്കു ബന്ധുവായിരുന്നവനോടു ഞാൻ ദോഷം ചെയ്തിട്ടുണ്ടെ
ങ്കിൽ,—ഹേതുകൂടാതെ എനിക്കു വൈരിയായിരുന്നവനെ ഞാൻ വിടു
വിച്ചുവല്ലോ—
൫ ശത്രു എന്റെ പ്രാണനെ പിന്തുടൎന്നു പിടിക്കട്ടെ; അവൻ എ
ന്റെ ജീവനെ നിലത്തിട്ടു ചവിട്ടട്ടെ; എന്റെ മാനത്തെ പൊടിയിൽ ത
ള്ളിയിടട്ടെ.
൬ യഹോവേ, കോപത്തോടെ എഴുന്നേല്ക്കേണമേ; എന്റെ
വൈരികളുടെ ക്രോധത്തോടു എതിൎത്തു നില്ക്കേണമേ; എറിക്കുവേണ്ടി
ഉണരേണമേ; നീ ന്യായവിധി കല്പിച്ചുവല്ലോ.
൭ ജാതികളുടെ സംഘം നിന്നെ ചുററിനില്ക്കട്ടെ; നീ അവക്കു മീ
തെകൂടി ഉയരത്തിലേക്കു മടങ്ങേണമേ.
൮ യഹോവ ജാതികളെ ന്യായം വിധിക്കുന്നു; യഹോവേ, എ
ന്റെ നീതിക്കും പരമാൎത്ഥതെക്കും തക്കവണ്ണം എന്നെ വിധിക്കേണമേ;
൯ ദുഷ്ടന്റെ ദുഷ്ടത തീൎന്നുപോകട്ടെ; നീതിമാനെ നീ ഉറപ്പിക്കേ
ണമേ. നീതിമാനായ ദൈവം ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളെ
യും ശോധന ചെയ്യുന്നുവല്ലോ.
൧൦ എന്റെ പരിച ദൈവത്തിന്റെ പക്കൽ ഉണ്ടു; അവൻ ഹൃദ
യപരമാൎത്ഥികളെ രക്ഷിക്കുന്നു.
൧൧ ദൈവം നീതിയുള്ള ന്യായാധിപതിയാകുന്നു; ദൈവം ദിവസം
പ്രതി കോപിക്കുന്നു.
൧൨ മനംതിരിയുന്നില്ലെങ്കിൽ അവൻ തന്റെ വാളിന്നു മൂൎച്ച കൂ
ട്ടും; അവൻ തന്റെ വില്ലു കുലെച്ചു ഒരുക്കിയിരിക്കുന്നു.
൧൩ അവൻ മരണായുധങ്ങളെ അവന്റെ നേരെ തൊടുത്തു, ത
ന്റെ ശരങ്ങളെ തീയമ്പുകളാക്കി തീൎത്തിരിക്കുന്നു.

൧൪ ഇതാ, അവന്നു നീതികേടിനെ നോവുകിട്ടുന്നു; അവൻ ക
ഷ്ടത്തെ ഗൎഭം ധരിച്ചു വഞ്ചനയെ പ്രസവിക്കുന്നു.
൧൫ അവൻ ഒരു കുഴി കുഴിച്ചുണ്ടാക്കി, കുഴിച്ച കുഴിയിൽ താൻ ത
ന്നെ വീണു.
൧൬ അവന്റെ വേണ്ടാതനം അവന്റെ തലയിലേക്കു തിരിയും;
അവന്റെ ബലാല്ക്കാരം അവന്റെ നെറുകയിൽ തന്നെ വീഴും.
൧൭ ഞാൻ യഹോവയെ അവന്റെ നീതിക്കു തക്കവണ്ണം സ്തുതി
ക്കും; അത്യുന്നതനായ യഹോവയുടെ നാമത്തിന്നു സ്തോത്രം പാടും.

## ൮ാം സങ്കീർത്തനം

ഞങ്ങളുടെ കർത്താവായ യഹോവേ, നിന്റെ നാമം ഭൂമിയിലൊക്കെയും
എത്ര ശ്രേഷ്ഠമായിരിക്കുന്നു! നീ ആകാശത്തിൽ നിന്റെ തേജസ്സു വെച്ചി
രിക്കുന്നു.
൨ നിന്റെ വൈരികൾ നിമിത്തം, ശത്രുവിനെയും പകയനെയും
മിണ്ടാതാക്കുവാൻ തന്നേ, നീ ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും
വായിൽനിന്നു ബലം നിയമിച്ചിരിക്കുന്നു.
൩ നിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും നീ ഉ
ണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ,
൪ മർത്യനെ നീ ഓർക്കേണ്ടതിന്നു അവൻ എന്തു? മനുഷ്യപുത്രനെ
സന്ദർശിക്കേണ്ടതിന്നു അവൻ എന്തുമാത്രം?
൫ നീ അവനെ ദൈവത്തെക്കാൾ അല്പം മാത്രം താഴ്ത്തി, തേജസ്സും
ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു.
൬ നിന്റെ കൈകളുടെ പ്രവൃത്തികൾക്കു നീ അവനെ അധിപ
തിയാക്കി, സകലത്തെയും അവന്റെ കാൽകീഴെയാക്കിയിരിക്കുന്നു;
൭ ആടുകളെയും കാളകളെയും എല്ലാം കാട്ടിലെ മൃഗങ്ങളെയൊ
ക്കെയും
൮ ആകാശത്തിലെ പക്ഷികളെയും സമുദ്രത്തിലെ മത്സ്യങ്ങളെയും
സമുദ്രമാർഗ്ഗങ്ങളിൽ സഞ്ചരിക്കുന്ന സകലത്തെയും തന്നേ.
൯ ഞങ്ങളുടെ കർത്താവായ യഹോവേ, നിന്റെ നാമം ഭൂമിയിലൊ
ക്കെയും എത്ര ശ്രേഷ്ഠമായിരിക്കുന്നു!

## രണ്ടാം തിയ്യതി

## കാലത്തെ പ്രാർത്ഥന

## ൯ാം സങ്കീർത്തനം

ഞാൻ പൂർണ്ണഹൃദയത്തോടെ യഹോവയെ സ്തുതിക്കും; നിന്റെ അത്ഭുത
ങ്ങളെ ഒക്കെയും ഞാൻ വർണ്ണിക്കും.

൨ ഞാൻ നിന്നിൽ സന്തോഷിച്ചുല്ലസിക്കും; അത്യുന്നതനായുള്ളോ
വെ, ഞാൻ നിൻെറ നാമത്തെ കീൎത്തിക്കും.
൩ എൻെറ ശത്രുക്കൾ പിൻവാങ്ങുകയിൽ ഇടറിവീണു, നിൻെറ സ
ന്നിധിയിൽ നശിച്ചുപോകും.
൪ നീ എൻെറ കാൎയ്യവും വ്യവഹാരവും നടത്തിയിരിക്കുന്നു; നീ
നീതിയോടെ വിധിച്ചുകൊണ്ടു സിംഹാസനത്തിൽ ഇരിക്കുന്നു.
൫ നീ ജാതികളെ ശാസിച്ചു ദുഷ്ടനെ നശിപ്പിച്ചു; അവരുടെ നാ
മത്തെ നീ സദാകാലത്തേക്കും മായിച്ചുകളഞ്ഞു.
൬ ശത്രുക്കൾ മുടിഞ്ഞു സദാകാലത്തേക്കും നശിച്ചിരിക്കുന്നു; അവരു
ടെ പട്ടണങ്ങളെയും നീ മറിച്ചുകളഞ്ഞിരിക്കുന്നു; അവയുടെ ഓൎമ്മക്കൂടെ
ഇല്ലാതെയായിരിക്കുന്നു.
൭ എന്നാൽ യഹോവ എന്നേക്കും വാഴുന്നു; ന്യായവിധിക്കു അ
വൻ സിംഹാസനം ഒരുക്കിയിരിക്കുന്നു.
൮ അവൻ ലോകത്തെ നീതിയോടെ വിധിക്കും; ജാതികൾക്കു നേ
രോടെ ന്യായപാലനം ചെയ്യും.
൯ യഹോവ പീഡിതന്നു ഒരു അഭയസ്ഥാനം; കഷ്ടകാലത്തു ഒരഭ
യസ്ഥാനം തന്നേ.
൰ നിൻെറ നാമത്തെ അറിയുന്നവർ നിങ്കൽ ആശ്രയിക്കും; യ
ഹോവേ, നിന്നെ അന്വേഷിക്കുന്നവരെ നീ ഉപേക്ഷിക്കുന്നില്ലല്ലോ.
൰൧ സീയോനിൽ വസിക്കുന്ന യഹോവെക്കു സ്തോത്രം പാടുവിൻ;
അവൻെറ പ്രവൃത്തികളെ ജാതികളുടെ ഇടയിൽ ഘോഷിപ്പിൻ.
൰൨ രക്തപാതകത്തിന്നു പ്രതികാരം ചെയ്യുന്നവൻ അവരെ ഓൎക്കു
ന്നു; എളിയവരുടെ നിലവിളിയെ അവൻ മറക്കുന്നതുമില്ല.
൰൩ യഹോവേ, എന്നോടു കരുണയുണ്ടാകേണമേ; മരണവാതി
ലുകളിൽനിന്നു എന്നെ ഉദ്ധരിക്കുന്നവനേ, എന്നെ പകെക്കുന്നവരാൽ എ
നിക്കു നേരിടുന്ന കഷ്ടം നോക്കേണമേ.
൰൪ ഞാൻ സീയോൻപുത്രിയുടെ പടിവാതിലുകളിൽ നിൻെറ സ്തുതി
യെ ഒക്കെയും പ്രസ്താവിച്ചു നിൻെറ രക്ഷയിൽ സന്തോഷിക്കേണ്ടതിന്നു
തന്നേ.
൰൫ ജാതികൾ തങ്ങൾ ഉണ്ടാക്കിയ കുഴിയിൽ താണുപോയി; അ
വർ ഒളിച്ചുവെച്ച വലയിൽ അവരുടെ കാൽ തന്നേ അകപ്പെട്ടിരിക്കുന്നു.
൰൬ യഹോവ തന്നെത്താൻ വെളിപ്പെടുത്തി ന്യായവിധി നടത്തി
യിരിക്കുന്നു; ദുഷ്ടൻ സ്വന്തകൈകളുടെ പ്രവൃത്തിയിൽ കുടുങ്ങിയിരിക്കുന്നു.
൰൭ ദുഷ്ടന്മാരും ദൈവത്തെ മറക്കുന്ന സകല ജാതികളും പാതാള
ത്തിലേക്കു തിരിയും.
൰൮ ദരിദ്രനെ എന്നേക്കും മറന്നുപോകയില്ല; സാധുക്കളുടെ പ്ര
ത്യാശെക്കു എന്നും ഭംഗം വരികയുമില്ല.

൧൯ യഹോവേ, എഴുനീല്ക്കേണമേ, മൎത്യൻ പ്രബലനാകരുതേ; ജാതികൾ നിന്റെ സന്നിധിയിൽ വിധിക്കപ്പെടുമാറാകട്ടെ.

൨൦ യഹോവേ, തങ്ങൾ മൎത്യരത്രേ എന്നു ജാതികൾ അറിയേണ്ടതിന്നു അവൎക്കു ഭയം വരുത്തേണമേ.

## ൧൦ാം സങ്കീൎത്തനം

യഹോവേ, നീ ദൂരത്തു നില്ക്കുന്നതെന്തു? കഷ്ടകാലത്തു നീ മറഞ്ഞുകളയുന്നതുമെന്തു?

൨ ദുഷ്ടന്റെ അഹങ്കാരത്താൽ എളിയവൻ തപിക്കുന്നു; അവർ നിരൂപിച്ച ഉപായങ്ങളിൽ അവർ തന്നേ പിടിപെടട്ടെ.

൩ ദുഷ്ടൻ തന്റെ മനോരഥത്തിൽ പ്രശംസിക്കുന്നു; ദുരാഗ്രഹി യഹോവയെ ത്യജിച്ചു നിന്ദിക്കുന്നു.

൪ ദുഷ്ടൻ ഉന്നതഭാവത്തോടെ: അവൻ ചോദിക്കയില്ല എന്നു പറയുന്നു; ദൈവം ഇല്ല എന്നാകുന്നു അവന്റെ നിരൂപണം ഒക്കെയും.

൫ അവന്റെ വഴികൾ എല്ലായ്പോഴും സഫലമാകുന്നു; നിന്റെ ന്യായവിധികൾ അവൻ കാണാതവണ്ണം ഉയരമുള്ളവ; തന്റെ സകല ശത്രുക്കളോടും അവൻ ചീറുന്നു.

൬ ഞാൻ കുലുങ്ങുകയില്ല, ഒരുനാളും അനൎത്ഥത്തിൽ വീഴുകയുമില്ല എന്നു അവൻ തന്റെ ഹൃദയത്തിൽ പറയുന്നു.

൭ അവന്റെ വായിൽ ശാപവും വ്യാജവും സാഹസവും നിറഞ്ഞിരിക്കുന്നു; അവന്റെ നാവിൻകീഴിൽ ദോഷവും അതിക്രമവും ഇരിക്കുന്നു.

൮ അവൻ ഗ്രാമങ്ങളുടെ ഒളിവുകളിൽ പതിയിരിക്കുന്നു; മറവിടങ്ങളിൽ വെച്ചു അവൻ കുററമില്ലാത്തവനെ കൊല്ലുന്നു; അവൻ രഹസ്യമായി അഗതിയുടെ മേൽ കണ്ണു വെച്ചിരിക്കുന്നു.

൯ സിംഹം മറവുകാട്ടിൽ എന്നപോലെ അവൻ മറവിടത്തിൽ പതുങ്ങുന്നു; എളിയവനെ പിടിപ്പാൻ അവൻ പതിയിരിക്കുന്നു; എളിയവനെ തന്റെ വലയിൽ ചാടിച്ചുപിടിക്കുന്നു.

൧൦ അവൻ കുനിഞ്ഞു പതുങ്ങിക്കിടക്കുന്നു; അഗതികൾ അവന്റെ ബലത്താൽ വീണുപോകുന്നു.

൧൧ ദൈവം മറന്നിരിക്കുന്നു, അവൻ തന്റെ മുഖം മറെച്ചിരിക്കുന്നു; അവൻ ഒരുനാളും കാണുകയില്ല എന്നു അവൻ ഹൃദയത്തിൽ പറയുന്നു.

൧൨ യഹോവേ, എഴുനീല്ക്കേണമേ; ദൈവമേ, തൃക്കൈ ഉയൎത്തേണമേ; എളിയവരെ മറക്കരുതേ.

൧൩ ദുഷ്ടൻ ദൈവത്തെ നിന്ദിക്കുന്നതും നീ ചോദിക്കയില്ല എന്നു തന്റെ ഉള്ളിൽ പറയുന്നതും എന്തിന്നു?

൧൪ നീ അതു കണ്ടിരിക്കുന്നു, തൃക്കൈകൊണ്ടു പകരം ചെയ്യാൻ ദോഷത്തെയും പകയെയും നീ നോക്കിക്കൊണ്ടിരിക്കുന്നു; അഗതി തന്നെ ത്താൻ നിങ്കൽ ഏല്പിക്കുന്നു; അനാഥന്നു നീ സഹായി ആകുന്നു.

൧൫ ദുഷ്ടന്റെ ഭുജത്തെ നീ ഒടിക്കേണമേ; ദോഷിയുടെ ദുഷ്ടത ഇല്ലാതെയാകുവോളം അതിന്നു പ്രതികാരം ചെയ്യേണമേ.

൧൬ യഹോവ എന്നെന്നേക്കും രാജാവാകുന്നു; ജാതികൾ അവന്റെ ദേശത്തുനിന്നു നശിച്ചുപോയിരിക്കുന്നു.

൧൭ ഭൂമിയിൽനിന്നുള്ള മൎത്യൻ ഇനി ഭയപ്പെടുത്താതിരിപ്പാൻ നീ അനാഥന്നും പീഡിതന്നും ന്യായപാലനം ചെയ്യേണ്ടതിന്നു

൧൮ യഹോവേ, നീ സാധുക്കളുടെ അപേക്ഷ കേട്ടിരിക്കുന്നു; അവരുടെ ഹൃദയത്തെ നീ ഉറപ്പിക്കയും നിന്റെ ചെവി ചായിച്ചു കേൾക്കയും ചെയ്യുന്നു.

## ൧൧-ാം സങ്കീൎത്തനം

ഞാൻ യഹോവയെ ശരണമാക്കിയിരിക്കുന്നു; പക്ഷികളേ, നിങ്ങളുടെ പൎവ്വതത്തിലേക്കു പറന്നുപോകുവിൻ എന്നു നിങ്ങൾ എന്നോടു പറയുന്നതു എങ്ങനെ?

൨ ഇതാ, ദുഷ്ടന്മാർ ഹൃദയപരമാൎത്ഥികളെ ഇരുട്ടത്തു എയ്യേണ്ടതിന്നു വില്ലു കുലെച്ചു അസ്ത്രം ഞാണിന്മേൽ തൊടുക്കുന്നു.

൩ അടിസ്ഥാനങ്ങൾ മറിഞ്ഞുപോയാൽ നീതിമാൻ എന്തു ചെയ്യും?

൪ യഹോവ തന്റെ വിശുദ്ധമന്ദിരത്തിൽ ഉണ്ടു; യഹോവയുടെ സിംഹാസനം സ്വൎഗ്ഗത്തിൽ ആകുന്നു; അവന്റെ കണ്ണുകൾ ദൎശിക്കുന്നു; അവന്റെ കണ്ണിമകൾ മനുഷ്യപുത്രന്മാരെ ശോധന ചെയ്യുന്നു.

൫ യഹോവ നീതിമാനെ ശോധന ചെയ്യുന്നു; ദുഷ്ടനെയും സാഹസപ്രിയനെയും അവന്റെ ഉള്ളം വെറുക്കുന്നു.

൬ ദുഷ്ടന്മാരുടെ മേൽ അവൻ കണികളെ വൎഷിപ്പിക്കും; തീയും ഗന്ധകവും ഉഷ്ണക്കാറ്റും അവരുടെ പാനപാത്രത്തിലെ ഓഹരിയായിരിക്കും.

൭ യഹോവ നീതിമാൻ; അവൻ നീതിയെ ഇഷ്ടപ്പെടുന്നു; നേരുള്ളവർ അവന്റെ മുഖം കാണും.

## രണ്ടാം തിയ്യതി

## വൈകുന്നേരത്തെ പ്രാൎത്ഥന

## ൧൨-ാം സങ്കീൎത്തനം

യഹോവേ, രക്ഷിക്കേണമേ; ഭക്തന്മാർ ഇല്ലാതെ പോകുന്നു; വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുന്നു.

൨ ഓരോരുത്തൻ താന്താൻെറ കൂട്ടുകാരനോടു വ്യാജം സംസാരി
ക്കുന്നു; കപടമുള്ള അധരത്തോടും ഇരുമനസ്സോടുംകൂടെ അവർ സംസാ
രിക്കുന്നു.

൩ കപടമുള്ള അധരങ്ങളെ ഒക്കെയും വമ്പുപറയുന്ന നാവിനെ
യും യഹോവ ഛേദിച്ചുകളയും.

൪ ഞങ്ങളുടെ നാവുകൊണ്ടു ഞങ്ങൾ ജയിക്കും; ഞങ്ങളുടെ അധ
രങ്ങൾ ഞങ്ങൾക്കു തുണ; ഞങ്ങൾക്കു യജമാനൻ ആർ എന്നു അവർ പ
റയുന്നു.

൫ എളിയവരുടെ പീഡയും ദരിദ്രന്മാരുടെ ദീൎഘശ്വാസവും നിമി
ത്തം ഇപ്പോൾ ഞാൻ എഴുന്നേല്ക്കും; രക്ഷെക്കായി കാംക്ഷിക്കുന്നവനെ
ഞാൻ അതിലാക്കും എന്നു യഹോവ അരുളിച്ചെയ്യുന്നു.

൬ യഹോവയുടെ വചനങ്ങൾ നിൎമ്മലവചനങ്ങൾ ആകുന്നു; നി
ലത്തു ഉലയിൽ ഉരുക്കി ഏഴു പ്രാവശ്യം ശുദ്ധിചെയ്ത വെള്ളിപോലെ
തന്നേ.

൭ യഹോവേ, നീ അവരെ കാത്തുകൊള്ളും; ഈ തലമുറയിൽ
നിന്നു നീ അവരെ എന്നും സൂക്ഷിക്കും.

൮ മനുഷ്യപുത്രന്മാരുടെ ഇടയിൽ വഷളത്വം പ്രബലപ്പെടുമ്പോൾ
ദുഷ്ടന്മാർ എല്ലാടവും സഞ്ചരിക്കുന്നു.

## ൧൩ാം സങ്കീൎത്തനം

യഹോവേ, എത്രത്തോളം നീ എന്നെ മറന്നുകൊണ്ടിരിക്കും? നീ എത്ര
ത്തോളം നിൻെറ മുഖത്തെ ഞാൻ കാണാതവണ്ണം മറെക്കും?

൨ എത്രത്തോളം ഞാൻ എൻെറ ഉള്ളിൽ വിചാരം പിടിച്ചു എൻെറ
ഹൃദയത്തിൽ ദിവസംപ്രതി ദുഃഖം അനുഭവിക്കേണ്ടിവരും? എത്രത്തോളം
എൻെറ ശത്രു എൻെറ മേൽ ഉയൎന്നിരിക്കും?

൩ എൻെറ ദൈവമായ യഹോവേ, കടാക്ഷിക്കേണമേ; എനിക്കു
ഉത്തരം അരുളേണമേ; ഞാൻ മരണനിദ്ര പ്രാപിക്കാതിരിപ്പാൻ എൻെറ
കണ്ണുകളെ പ്രകാശിപ്പിക്കേണമേ.

൪ ഞാൻ അവനെ തോല്പിച്ചുകളഞ്ഞു എന്നു എൻെറ ശത്രു പറയരു
തേ; ഞാൻ ഭ്രമിച്ചുപോകുന്നതിനാൽ എൻെറ വൈരികൾ ഉല്ലസിക്കയുമ
രുതേ.

൫ ഞാനോ നിൻെറ കരുണയിൽ ആശ്രയിക്കുന്നു; എൻെറ ഹൃദയം
നിൻെറ രക്ഷയിൽ ആനന്ദിക്കും.

൬ യഹോവ എനിക്കു നന്മ ചെയ്തിരിക്കകൊണ്ടു ഞാൻ അവന്നു പാ
ട്ടു പാടും.

൧൪-ാം സങ്കീൎത്തനം

൧ദൈവം ഇല്ല എന്നു മൂഢൻ തൻെറ ഹൃദയത്തിൽ പറയുന്നു; അവർ വ
ഷളന്മാരായി മ്ലേച്ഛത പ്രവൎത്തിക്കുന്നു; നന്മ ചെയ്യുന്നവൻ ആരുമില്ല.
൨ ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്നു കാണ്മാൻ
യഹോവ സ്വൎഗ്ഗത്തിൽനിന്നു മനുഷ്യപുത്രന്മാരെ നോക്കുന്നു.
൩ എല്ലാവരും വഴിതെററി ഒരുപോലെ കൊള്ളരുതാത്തവരായി
ത്തീൎന്നു; നന്മ ചെയ്യുന്നവനില്ല; ഒരുത്തൻ പോലുമില്ല.
൪ നീതികേടു പ്രവൎത്തിക്കുന്നവർ ആരും അറിയുന്നില്ലയോ? അ
പ്പം തിന്നുന്നതുപോലെ അവർ എൻെറ ജനത്തെ തിന്നുകളയുന്നു; യ
ഹോവയോടു അവർ പ്രാൎത്ഥിക്കുന്നില്ല.
൫ അവർ അവിടെ അത്യന്തം ഭയപ്പെട്ടു; യഹോവ നീതിമാന്മാരു
ടെ തലമുറയിൽ ഉണ്ടല്ലോ.
൬ നിങ്ങൾ ദരിദ്രൻെറ ആലോചനെക്കു ഭംഗം വരുത്തുന്നു; എ
ന്നാൽ യഹോവ അവൻെറ സങ്കേതമാകുന്നു.
൭ സീയോനിൽനിന്നു യിസ്രായേലിൻെറ രക്ഷ വന്നെങ്കിൽ! യ
ഹോവ തൻെറ ജനത്തിൻെറ സ്ഥിതി മാററുമ്പോൾ യാക്കോബു സന്തോ
ഷിക്കയും യിസ്രായേൽ ആനന്ദിക്കയും ചെയ്യും.

# മൂന്നാം തിയ്യതി

## കാലത്തെ പ്രാൎത്ഥന

### ൧൫-ാം സങ്കീൎത്തനം

യഹോവേ, നിൻെറ കൂടാരത്തിൽ ആർ പാൎക്കും? നിൻെറ വിശുദ്ധ പ
ൎവ്വതത്തിൽ ആർ വസിക്കും?
൨ നിഷ്കളങ്കനായി നടന്നു നീതി പ്രവൎത്തിക്കയും ഹൃദയപൂൎവ്വം സ
ത്യം സംസാരിക്കയും ചെയ്യുന്നവൻ.
൩ നാവുകൊണ്ടു കുരള പറയാതെയും തൻെറ കൂട്ടുകാരനോടു
ദോഷം ചെയ്യാതെയും കൂട്ടുകാരന്നു അപമാനം വരുത്താതെയും ഇരിക്കുന്ന
വൻ;
൪ വഷളനെ നിന്ദ്യനായി എണ്ണുകയും യഹോവാഭക്തന്മാരെ ബ
ഹുമാനിക്കയും ചെയ്യുന്നവൻ; സത്യം ചെയ്തിട്ടു ചേതംവന്നാലും മാറാത്ത
വൻ;
൫ തൻെറ ദ്രവ്യം പലിശെക്കു കൊടുക്കാതെയും കുററമില്ലാത്തവന്നു
വിരോധമായി കൈക്കൂലി വാങ്ങാതെയും ഇരിക്കുന്നവൻ; ഇങ്ങനെ ചെ
യ്യുന്നവൻ ഒരുനാളും കുലുങ്ങിപ്പോകയില്ല.

## ൧൬ാം സങ്കീൎത്തനം

ദൈവമേ, ഞാൻ നിന്നെ ശരണം ആക്കിയിരിക്കയാൽ എന്നെ കാത്തു കൊള്ളേണമേ.

൨ ഞാൻ യഹോവയോടു പറഞ്ഞതു: നീ എന്റെ കൎത്താവാകുന്നു; നീ ഒഴികെ എനിക്കു ഒരു നന്മയും ഇല്ല.

൩ ഭൂമിയിലെ വിശുദ്ധന്മാരോ അവർ എനിക്കു പ്രസാദമുള്ള ശ്രേഷ്ഠന്മാർ തന്നേ.

൪ അന്യദേവനെ കൈക്കൊള്ളുന്നവരുടെ വേദനകൾ വൎദ്ധിക്കും; അവരുടെ രക്തപാനീയബലികളെ ഞാൻ അൎപ്പിക്കയില്ല; അവരുടെ നാമങ്ങളെ എന്റെ നാവിന്മേൽ എടുക്കയുമില്ല.

൫ എന്റെ അവകാശത്തിന്റെയും പാനപാത്രത്തിന്റെയും പങ്കു യഹോവ ആകുന്നു; നീ എനിക്കുള്ള ഓഹരിയെ പരിപാലിക്കുന്നു.

൬ അളവുനൂൽ എനിക്കു മനോഹരദേശത്തു വീണിരിക്കുന്നു; അതേ, എനിക്കു നല്ലോരവകാശം ലഭിച്ചിരിക്കുന്നു.

൭ എനിക്കു ബുദ്ധി ഉപദേശിച്ചുതന്ന യഹോവയെ ഞാൻ വാഴ്ത്തും; രാത്രികാലങ്ങളിലും എന്റെ അന്തരംഗം എന്നെ ഉപദേശിക്കുന്നു.

൮ ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു; അവൻ എന്റെ വലത്തുഭാഗത്തുള്ളതുകൊണ്ടു ഞാൻ കുലുങ്ങിപ്പോകയില്ല.

൯ അതുകൊണ്ടു എന്റെ ഹൃദയം സന്തോഷിച്ചു എന്റെ മനസ്സു ആനന്ദിക്കുന്നു; എന്റെ ജഡവും നിൎഭയമായി വസിക്കും.

൧൦ നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല; നിന്റെ പരിശുദ്ധനെ ദ്രവത്വം കാണ്മാൻ സമ്മതിക്കയുമില്ല.

൧൧ ജീവന്റെ വഴി നീ എനിക്കു കാണിച്ചുതരും; നിന്റെ സന്നിധിയിൽ സന്തോഷപരിപൂൎണ്ണതയും നിന്റെ വലത്തുഭാഗത്തു എന്നും പ്രമോദങ്ങളും ഉണ്ടു.

## ൧൭ാം സങ്കീൎത്തനം

യഹോവേ, ന്യായത്തെ കേൾക്കേണമേ; എന്റെ നിലവിളിയെ ശ്രദ്ധിക്കേണമേ. കപടമില്ലാത്ത അധരങ്ങളിൽനിന്നുള്ള എന്റെ പ്രാൎത്ഥനയെ ചെവിക്കൊള്ളേണമേ.

൨ എനിക്കുള്ള വിധി നിന്റെ സന്നിധിയിൽനിന്നു പുറപ്പെടട്ടെ; നിന്റെ കണ്ണു നേർ കാണുമാറാകട്ടെ.

൩ നീ എന്റെ ഹൃദയത്തെ ശോധനചെയ്തു രാത്രിയിൽ എന്നെ സന്ദൎശിച്ചു; നീ എന്നെ പരീക്ഷിച്ചു ദുരുദ്ദേശമൊന്നും കണ്ടെത്തുന്നില്ല; എന്റെ വായ് ലംഘനം ചെയ്കയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു.

൪ മനുഷ്യരുടെ പ്രവൃത്തികളെ കണ്ടിട്ടു ഞാൻ നിന്റെ അധരങ്ങളുടെ വചനത്താൽ നിഷ്ഠുരന്റെ പാതകളെ സൂക്ഷിച്ചൊഴിഞ്ഞിരിക്കുന്നു.

൫ എന്റെ നടപ്പു നിന്റെ ചുവടുകളിൽ തന്നെ ആയിരുന്നു; എന്റെ കാൽ വഴുതിയതുമില്ല.

൬ ദൈവമേ, ഞാൻ നിന്നോടു അപേക്ഷിച്ചിരിക്കുന്നു; നീ എനിക്കുത്തരമരുളുമല്ലോ; നിന്റെ ചെവി എങ്കലേക്കു ചായിച്ചു എന്റെ അപേക്ഷ കേൾക്കേണമേ.

൭ നിന്നെ ശരണമാക്കുന്നവരെ അവരോടു എതിൎക്കുന്നവരുടെ കയ്യിൽനിന്നു നിന്റെ വലങ്കയ്യാൽ രക്ഷിക്കുന്നവനായുള്ളോവേ, നിന്റെ അത്ഭുതകാരുണ്യം കാണിക്കേണമേ.

൮ കണ്ണിന്റെ കൃഷ്ണമണിപോലെ എന്നെ കാക്കേണമേ; എന്നെ കൊള്ളയിടുന്ന ദുഷ്ടന്മാരും

൯ എന്നെ ചുററിവളയുന്ന പ്രാണശത്രുക്കളും എന്നെ പിടിക്കാതവണ്ണം നിന്റെ ചിറകിന്റെ നിഴലിൽ എന്നെ മറെച്ചുകൊള്ളേണമേ.

൧൦ അവർ തങ്ങളുടെ ഹൃദയത്തെ അടെച്ചിരിക്കുന്നു; വായ്കൊണ്ടു വമ്പു പറയുന്നു.

൧൧ അവർ ഇപ്പോൾ ഞങ്ങളുടെ കാലടി തുടൎന്നു ഞങ്ങളെ വളഞ്ഞിരിക്കുന്നു; ഞങ്ങളെ നിലത്തു തള്ളിയിടുവാൻ ദൃഷ്ടിവെക്കുന്നു.

൧൨ കടിച്ചുകീറുവാൻ കൊതിക്കുന്ന സിംഹംപോലെയും മറവിടങ്ങളിൽ പതിയിരിക്കുന്ന ബാലസിംഹംപോലെയും തന്നേ.

൧൩ യഹോവേ, എഴുന്നേററു അവരോടെതിൎത്തു അവരെ തള്ളിയിടേണമേ. യഹോവേ, എന്റെ പ്രാണനെ നിന്റെ വാൾകൊണ്ടു ദുഷ്ടന്റെ കയ്യിൽനിന്നും

൧൪ തൃക്കൈകൊണ്ടു ലൌകികപുരുഷന്മാരുടെ വശത്തുനിന്നും വിടുവിക്കേണമേ; അവരുടെ ഓഹരി ഈ ആയുസ്സിൽ അത്രേ; നിന്റെ സമ്പത്തുകൊണ്ടു നീ അവരുടെ വയറു നിറെക്കുന്നു; അവൎക്കു പുത്രസമ്പത്തു ധാരാളം ഉണ്ടു; തങ്ങളുടെ ധനശിഷ്ടം അവർ കുഞ്ഞുങ്ങൾക്കു വെച്ചേക്കുന്നു.

൧൫ ഞാനോ, നീതിയിൽ നിന്റെ മുഖത്തെ കാണും; ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ടു തൃപ്തനാകും.

# മൂന്നാം തിയ്യതി

## വൈകുന്നേരത്തെ പ്രാൎത്ഥന

### ൧൮ാം സങ്കീൎത്തനം

൧ എന്റെ ബലമായ യഹോവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു.

൨ യഹോവ എന്റെ ശൈലവും എന്റെ കോട്ടയും എന്റെ രക്ഷകനും എന്റെ ദൈവവും ഞാൻ ശരണമാക്കുന്ന എന്റെ പാറയും എന്റെ പരിചയും എന്റെ രക്ഷയായ കൊമ്പും എന്റെ ഗോപുരവും ആകുന്നു.

൩ സ്തുത്യനായ യഹോവയെ ഞാൻ വിളിച്ചപേക്ഷിക്കയും എന്റെ ശത്രുക്കളുടെ കയ്യിൽനിന്നു രക്ഷ പ്രാപിക്കയും ചെയ്യും.

൪ മരണപാശങ്ങൾ എന്നെ ചുററി; അഗാധപ്രവാഹങ്ങൾ എന്നെ ഭ്രമിപ്പിച്ചു.

൫ പാതാളപാശങ്ങൾ എന്നെ വളഞ്ഞു; മരണത്തിന്റെ കണികളും എന്നെ തുടൎന്നു പിടിച്ചു.

൬ എന്റെ കഷ്ടതയിൽ ഞാൻ യഹോവയെ വിളിച്ചപേക്ഷിച്ചു, എന്റെ ദൈവത്തോടു നിലവിളിച്ചു; അവൻ തന്റെ മന്ദിരത്തിൽനിന്നു എന്റെ അപേക്ഷ കേട്ടു; തിരുമുമ്പിൽ ഞാൻ കഴിച്ച പ്രാൎത്ഥന അവന്റെ ചെവിയിൽ എത്തി.

൭ ഭൂമി ഞെട്ടിവിറെച്ചു; മലകളുടെ അടിസ്ഥാനങ്ങൾ ഇളകി; അവൻ കോപിക്കയാൽ അവ കുലുങ്ങിപ്പോയി.

൮ അവന്റെ മൂക്കിൽനിന്നു പുക പൊങ്ങി; അവന്റെ വായിൽനിന്നു തീ പുറപ്പെട്ടു ദഹിപ്പിച്ചു; തീക്കനൽ അവങ്കൽനിന്നു ജ്വലിച്ചു.

൯ അവൻ ആകാശം ചായിച്ചിറങ്ങി; കൂരിരുൾ അവന്റെ കാൽക്കീഴുണ്ടായിരുന്നു.

൧൦ അവൻ കെരൂബിനെ വാഹനമാക്കി പറന്നു; അവൻ കാററിന്റെ ചിറകിന്മേലിരുന്നു പറപ്പിച്ചു.

൧൧ അവൻ അന്ധകാരത്തെ തന്റെ മറവും ജലതമസ്സിനെയും ആകാശമേഘങ്ങളെയും തനിക്കു ചുററും കൂടാരവുമാക്കി.

൧൨ അവന്റെ മുമ്പിലുള്ള പ്രകാശത്താൽ ആലിപ്പഴവും തീക്കനലും അവന്റെ മേഘങ്ങളിൽക്കൂടി പൊഴിഞ്ഞു.

൧൩ യഹോവ ആകാശത്തിൽ ഇടിമുഴക്കി, അത്യുന്നതൻ തന്റെ നാദം കേൾപ്പിച്ചു, ആലിപ്പഴവും തീക്കനലും പൊഴിഞ്ഞു.

൧൪ അവൻ അസ്ത്രം എയ്തു അവരെ ചിതറിച്ചു; മിന്നൽ അയച്ചു അവരെ തോല്പിച്ചു.

൧൫ യഹോവേ, നിന്റെ ഭൎത്സനത്താലും നിന്റെ മൂക്കിലെ ശ്വാസ
ത്തിന്റെ ഊത്തിനാലും നീൎത്തോടുകൾ കാണായ്വന്നു ഭൂതലത്തിന്റെ അ
ടിസ്ഥാനങ്ങൾ വെളിപ്പെട്ടു.
൧൬ അവൻ ഉയരത്തിൽനിന്നു കൈ നീട്ടി എന്നെ പിടിച്ചു, പെ
രുവെള്ളത്തിൽനിന്നു എന്നെ വലിച്ചെടുത്തു.
൧൭ ബലമുള്ള ശത്രുവിന്റെ കയ്യിൽനിന്നും എന്നെ പകെച്ചവരു
ടെ പക്കൽനിന്നും അവൻ എന്നെ വിടുവിച്ചു; അവർ എന്നിലും ബല
മേറിയവരായിരുന്നു.
൧൮ എന്റെ അനൎത്ഥദിവസത്തിൽ അവർ എന്നെ ആക്രമിച്ചു;
എന്നാൽ യഹോവ എനിക്കു തുണയായിരുന്നു.
൧൯ അവൻ എന്നെ വിശാലതയിലേക്കു കൊണ്ടുവന്നു; എന്നിൽ
പ്രസാദിച്ചിരുന്നതുകൊണ്ടു എന്നെ വിടുവിച്ചു.
൨൰ യഹോവ എന്റെ നീതിക്കു തക്കവണ്ണം എനിക്കു പ്രതിഫലം
നല്കി; എന്റെ കൈകളുടെ വെടിപ്പിന്നൊത്തവണ്ണം എനിക്കു പകരം
തന്നു.
൨൧ ഞാൻ യഹോവയുടെ വഴികളെ പ്രമാണിച്ചു; എന്റെ ദൈവ
ത്തോടു ദ്രോഹം ചെയ്തതുമില്ല.
൨൨ അവന്റെ വിധികൾ ഒക്കെയും എന്റെ മുമ്പിൽ ഉണ്ടു; അവ
ന്റെ ചട്ടങ്ങളെ ഞാൻ വിട്ടുനടന്നിട്ടുമില്ല.
൨൩ ഞാൻ അവന്റെ മുമ്പാകെ നിഷ്കളങ്കനായിരുന്നു; അകൃത്യം
ചെയ്യാതെ എന്നെത്തന്നേ കാത്തു.
൨൪ യഹോവ എന്റെ നീതിപ്രകാരവും അവന്റെ കാഴ്ചയിൽ
എന്റെ കൈകൾക്കുള്ള വെടിപ്പിൻപ്രകാരവും എനിക്കു പകരം നല്കി.
൨൫ ദയാലുവോടു നീ ദയാലു ആകുന്നു; നിഷ്കളങ്കനോടു നീ നി
ഷ്കളങ്കൻ;
൨൬ നിൎമ്മലനോടു നീ നിൎമ്മലനാകുന്നു; വക്രനോടു നീ വക്രത
കാണിക്കുന്നു.
൨൭ എളിയജനത്തെ നീ രക്ഷിക്കും; നിഗളിച്ചുനടക്കുന്നവരെ നീ
താഴ്ത്തും.
൨൮ നീ എന്റെ ദീപത്തെ കത്തിക്കും; എന്റെ ദൈവമായ യ
ഹോവ എന്റെ അന്ധകാരത്തെ പ്രകാശമാക്കും.
൨൯ നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞു ചെല്ലും;
എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടി കടക്കും.
൩൰ ദൈവത്തിന്റെ വഴി തികവുള്ളതു; യഹോവയുടെ വചനം
ഊതിക്കഴിച്ചതു; തന്നെ ശരണമാക്കുന്ന ഏവൎക്കും അവൻ പരിചയാകുന്നു.
൩൧ യഹോവയല്ലാതെ ദൈവം ആരുള്ളു? നമ്മുടെ ദൈവം ഒഴി
കെ പാറയാരുള്ളു?

൩൨ എന്നെ ശക്തികൊണ്ടു അരമുറുക്കുകയും എന്റെ വഴി കുറവു തീൎക്കുകയും ചെയ്യുന്ന ദൈവം തന്നേ.

൩൩ അവൻ എന്റെ കാലുകളെ മാൻപേടക്കാല്ക്കു തുല്യമാക്കി, എന്റെ ഗിരികളിൽ എന്നെ നില്ക്കുമാറാക്കുന്നു.

൩൪ അവൻ എന്റെ കൈകൾക്കു യുദ്ധാഭ്യാസം വരുത്തുന്നു; എന്റെ ഭുജങ്ങൾ താമ്രചാപം കുലെക്കുന്നു.

൩൫ നിന്റെ രക്ഷ എന്ന പരിചയെ നീ എനിക്കു തന്നിരിക്കുന്നു; നിന്റെ വലങ്കൈ എന്നെ താങ്ങി നിന്റെ സൌമ്യത എന്നെ വലിയവനാക്കിയിരിക്കുന്നു.

൩൬ ഞാൻ കാലടി വെക്കേണ്ടതിന്നു നീ വിശാലത വരുത്തി; എന്റെ നരിയാണികൾ വഴുതിപ്പോയതുമില്ല.

൩൭ ഞാൻ എന്റെ ശത്രുക്കളെ പിന്തുടൎന്നു പിടിച്ചു; അവരെ മുടിക്കുവോളം ഞാൻ പിന്തിരിഞ്ഞില്ല.

൩൮ അവൎക്കു എഴുന്നേറ്റുകൂടാതവണ്ണം ഞാൻ അവരെ തകൎത്തു; അവർ എന്റെ കാൽക്കീഴിൽ വീണിരിക്കുന്നു.

൩൯ യുദ്ധത്തിന്നായി നീ എന്റെ അരെക്കു ശക്തി കെട്ടിയിരിക്കുന്നു; എന്നോടു എതിൎത്തവരെ എനിക്കു കീഴടക്കിയിരിക്കുന്നു.

൪൦ എന്നെ പകെക്കുന്നവരെ ഞാൻ സംഹരിക്കേണ്ടതിന്നു നീ എന്റെ ശത്രുക്കളെ എനിക്കു പുറം കാട്ടുമാറാക്കി.

൪൧ അവർ നിലവിളിച്ചു; രക്ഷിപ്പാൻ ആരുമുണ്ടായിരുന്നില്ല; യഹോവയോടു നിലവിളിച്ചു; അവൻ ഉത്തരമരുളിയതുമില്ല.

൪൨ ഞാൻ അവരെ കാറ്റത്തെ പൊടിപോലെ പൊടിച്ചു; വീഥികളിലെ ചെളിയെപ്പോലെ ഞാൻ അവരെ കോരിക്കളഞ്ഞു.

൪൩ ജനത്തിന്റെ കലഹങ്ങളിൽനിന്നു നീ എന്നെ വിടുവിച്ചു; ജാതികൾക്കു എന്നെ തലവനാക്കിയിരിക്കുന്നു; ഞാൻ അറിയാത്ത ജനം എന്നെ സേവിക്കുന്നു.

൪൪ അവർ കേൾക്കുമ്പോൾ തന്നേ എന്നെ അനുസരിക്കും; അന്യജാതിക്കാർ എന്നോടു അനുസരണഭാവം കാണിക്കും.

൪൫ അന്യജാതിക്കാർ ക്ഷയിച്ചുപോകുന്നു; തങ്ങളുടെ ദുൎഗ്ഗങ്ങളിൽനിന്നു അവർ വിറെച്ചുംകൊണ്ടു വരുന്നു.

൪൬ യഹോവ ജീവിക്കുന്നു; എന്റെ പാറ വാഴ്ത്തപ്പെട്ടവൻ; എന്റെ രക്ഷയുടെ ദൈവം ഉന്നതൻ തന്നേ.

൪൭ ദൈവം എനിക്കുവേണ്ടി പ്രതികാരം ചെയ്കയും ജാതികളെ എനിക്കു കീഴാക്കുകയും ചെയ്യുന്നു.

൪൮ അവൻ ശത്രുവശത്തുനിന്നു എന്നെ വിടുവിക്കുന്നു; എന്നോടു എതിൎക്കുന്നവൎക്കു മീതെ നീ എന്നെ ഉയൎത്തുന്നു; സാഹസക്കാരന്റെ കയ്യിൽനിന്നു നീ എന്നെ വിടുവിക്കുന്നു.

൪൯ അതുകൊണ്ടു യഹോവേ, ഞാൻ ജാതികളുടെ മദ്ധ്യേ നിനക്കു
സ്തോത്രം ചെയ്യും; നിന്റെ നാമത്തെ ഞാൻ കീൎത്തിക്കും.
൫൦ അവൻ തന്റെ രാജാവിന്നു മഹാരക്ഷ നല്കുന്നു; തന്റെ
അഭിഷിക്തന്നു ദയ കാണിക്കുന്നു; ദാവീദിന്നും അവന്റെ സന്തതിക്കും
എന്നേക്കും തന്നേ.

## നാലാം തിയ്യതി

## കാലത്തെ പ്രാൎത്ഥന

### ൧൯-ാം സങ്കീൎത്തനം

ആകാശം ദൈവത്തിന്റെ മഹത്വത്തെ വൎണ്ണിക്കുന്നു; ആകാശവിതാനം
അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു.
൨ പകൽ പകലിന്നു വാക്കു പൊഴിക്കുന്നു; രാത്രി രാത്രിക്കു അറി
വു കൊടുക്കുന്നു.
൩ ഭാഷണമില്ല, വാക്കുകളില്ല, ശബ്ദം കേൾപ്പാനുമില്ല.
൪ ഭൂമിയിൽ എല്ലാടവും അതിന്റെ അളവുനൂലും ഭൂതലത്തിന്റെ
അററത്തോളം അതിന്റെ വചനങ്ങളും ചെല്ലുന്നു; അവിടെ അവൻ
സൂൎയ്യന്നു ഒരു കൂടാരം അടിച്ചിരിക്കുന്നു.
൫ അതു മണവറയിൽനിന്നു പുറപ്പെടുന്ന മണവാളന്നു തുല്യം;
വീരനെപ്പോലെ തന്റെ ഓട്ടം ഓടുവാൻ സന്തോഷിക്കുന്നു.
൬ ആകാശത്തിന്റെ അററത്തുനിന്നു അതിന്റെ ഉദയവും അറു
തിവരെ അതിന്റെ അയനവും ആകുന്നു; അതിന്റെ ഉഷ്ണം ഏല്ക്കാതെ
മറഞ്ഞിരിക്കുന്നതു ഒന്നുമില്ല.
൭ യഹോവയുടെ ന്യായപ്രമാണം തികവുള്ളതു; അതു പ്രാണനെ
തണുപ്പിക്കുന്നു; യഹോവയുടെ സാക്ഷ്യം വിശ്വാസ്യമാകുന്നു; അതു അ
ല്പബുദ്ധിയെ ജ്ഞാനിയാക്കുന്നു.
൮ യഹോവയുടെ ആജ്ഞകൾ നേരുള്ളവ; അവ ഹൃദയത്തെ സ
ന്തോഷിപ്പിക്കുന്നു; യഹോവയുടെ കല്പന നിൎമ്മലമായതു; അതു കണ്ണുക
ളെ പ്രകാശിപ്പിക്കുന്നു.
൯ യഹോവാഭക്തി നിൎമ്മലമായതു; അതു എന്നേക്കും നിലനി
ല്ക്കുന്നു; യഹോവയുടെ വിധികൾ സത്യമായവ; അവ ഒട്ടൊഴിയാതെ
നീതിയുള്ളവയാകുന്നു.
൧൦ അവ പൊന്നിലും വളരെ തങ്കത്തിലും ആഗ്രഹിക്കത്തക്കവ;
തേനിലും തേങ്കട്ടയിലും മധുരമുള്ളവ.
൧൧ അടിയനും അവയാൽ പ്രബോധനം ലഭിക്കുന്നു; അവയെ
പ്രമാണിക്കുന്നതിനാൽ വളരെ പ്രതിഫലം ഉണ്ടു.

൧൨ തന്റെ തെററുകളെ ഗ്രഹിക്കുന്നവൻ ആർ? മറഞ്ഞിരിക്കുന്ന തെററുകളെ പോക്കി എന്നെ മോചിക്കേണമേ.

൧൩ സ്വമേധാപാപങ്ങളെ അകററി അടിയനെ കാക്കേണമേ; അവ എന്റെ മേൽ വാഴരുതേ; എന്നാൽ ഞാൻ നിഷ്കളങ്കനും മഹാപാതകരഹിതനും ആയിരിക്കും.

൧൪ എന്റെ പാറയും എന്റെ വീണ്ടെടുപ്പുകാരനുമായ യഹോവേ, എന്റെ വായിലെ വാക്കുകളും എന്റെ ഹൃദയത്തിലെ ധ്യാനവും നിനക്കു പ്രസാദമായിരിക്കുമാറാകട്ടെ.

## ൨൦ാം സങ്കീൎത്തനം

യഹോവ കഷ്ടകാലത്തിൽ നിനക്കു ഉത്തരമരുളുമാറാകട്ടെ; യാക്കോബിൻ ദൈവത്തിന്റെ നാമം നിന്നെ ഉയൎത്തുമാറാകട്ടെ.

൨ അവൻ വിശുദ്ധമന്ദിരത്തിൽനിന്നു നിനക്കു സഹായം അയക്കുമാറാകട്ടെ; സീയോനിൽനിന്നു നിന്നെ താങ്ങുമാറാകട്ടെ.

൩ നിന്റെ വഴിപാടുകളെ ഒക്കെയും അവൻ ഓൎക്കട്ടെ; നിന്റെ ഹോമയാഗം കൈക്കൊള്ളുമാറാകട്ടെ.

൪ നിന്റെ ഹൃദയത്തിലെ ആഗ്രഹം അവൻ നിനക്കു നല്കട്ടെ; നിന്റെ താല്പൎയ്യമൊക്കെയും നിവൎത്തിക്കട്ടെ.

൫ ഞങ്ങൾ നിന്റെ ജയത്തിൽ ഘോഷിച്ചുല്ലസിക്കും; ഞങ്ങളുടെ ദൈവത്തിന്റെ നാമത്തിൽ കൊടി ഉയൎത്തും; യഹോവ നിന്റെ അപേക്ഷകളൊക്കെയും നിവൎത്തിക്കുമാറാകട്ടെ.

൬ യഹോവ തന്റെ അഭിഷിക്തനെ രക്ഷിക്കുന്നു എന്നു ഞാൻ ഇപ്പോൾ അറിയുന്നു; അവൻ തന്റെ വിശുദ്ധസ്വൎഗ്ഗത്തിൽനിന്നു തന്റെ വലങ്കയ്യുടെ രക്ഷാകരമായ വീൎയ്യപ്രവൃത്തികളാൽ അവന്നു ഉത്തരമരുളും.

൭ ചിലർ രഥങ്ങളിലും ചിലർ കുതിരകളിലും ആശ്രയിക്കുന്നു; ഞങ്ങളോ ഞങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തെ കീൎത്തിക്കും.

൮ അവർ കുനിഞ്ഞു വീണുപോയി; എന്നാൽ ഞങ്ങൾ എഴുന്നേററു നിവിൎന്നു നില്ക്കുന്നു.

൯ യഹോവേ, രാജാവിനെ രക്ഷിക്കേണമേ; ഞങ്ങൾ അപേക്ഷിക്കുമ്പോൾ ഉത്തരമരുളേണമേ.

## ൨൧ാം സങ്കീൎത്തനം

യഹോവേ, രാജാവു നിന്റെ ബലത്തിൽ സന്തോഷിക്കുന്നു; നിന്റെ രക്ഷയിൽ അവൻ എററവും ഉല്ലസിക്കുന്നു.

൨ അവന്റെ ഹൃദയത്തിലെ ആഗ്രഹം നീ അവന്നു നല്കി; അവന്റെ അധരങ്ങളുടെ യാചന നിഷേധിച്ചതുമില്ല.

൩ നന്മയുടെ അനുഗ്രഹങ്ങളാൽ നീ അവനെ എതിരേററു, തങ്ക കിരീടത്തെ അവന്റെ തലയിൽ വെക്കുന്നു.

൪ അവൻ നിന്നോടു ജീവനെ അപേക്ഷിച്ചു; നീ അവന്നു കൊടുത്തു; എന്നെന്നേക്കുമുള്ള ദീൎഘായുസ്സിനെ തന്നെ.

൫ നിന്റെ രക്ഷയാൽ അവന്റെ മഹത്വം വലിയതു; മാനവും തേജസ്സും നീ അവനെ അണിയിച്ചു.

൬ നീ അവനെ എന്നേക്കും അനുഗ്രഹസമൃദ്ധിയാക്കുന്നു; നിന്റെ സന്നിധിയിലെ സന്തോഷംകൊണ്ടു അവനെ ആനന്ദിപ്പിക്കുന്നു.

൭ രാജാവു യഹോവയിൽ ആശ്രയിക്കുന്നു; അത്യുന്നതന്റെ കാരുണ്യംകൊണ്ടു അവൻ കുലുങ്ങാതിരിക്കും.

൮ നിന്റെ കൈ നിന്റെ സകല ശത്രുക്കളെയും കണ്ടുപിടിക്കും; നിന്റെ വലങ്കൈ നിന്നെ പകെക്കുന്നവരെ പിടിക്കൂടും.

൯ നിന്റെ പ്രത്യക്ഷതയുടെ കാലത്തു നീ അവരെ തീച്ചൂളയെപ്പോലെയാക്കും; യഹോവ തന്റെ ക്രോധത്തിൽ അവരെ വിഴുങ്ങിക്കളയും; തീ അവരെ ദഹിപ്പിക്കും.

൧൦ നീ അവരുടെ ഫലത്തെ ഭൂമിയിൽനിന്നും അവരുടെ സന്തതിയെ മനുഷ്യപുത്രന്മാരുടെ ഇടയിൽനിന്നും നശിപ്പിക്കും.

൧൧ അവർ നിനക്കു വിരോധമായി ദോഷം വിചാരിച്ചു; തങ്ങളാൽ സാധിക്കാത്ത ഒരു ഉപായം നിരൂപിച്ചു.

൧൨ നീ അവരെ പുറം കാട്ടുമാറാക്കും; അവരുടെ മുഖത്തിന്നു നേരെ അസ്ത്രം ഞാണിന്മേൽ തൊടുക്കും.

൧൩ യഹോവേ, നിന്റെ ശക്തിയിൽ ഉയൎന്നിരിക്കേണമേ; ഞങ്ങൾ പാടി നിന്റെ ബലത്തെ സ്തുതിക്കും.

## നാലാം തിയ്യതി

### വൈകുന്നേരത്തേ പ്രാൎത്ഥന

### ൨൨ാം സങ്കീൎത്തനം

എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്തു? എന്നെ രക്ഷിക്കാതെയും എന്റെ ഞരക്കത്തിന്റെ വാക്കുകൾ കേൾക്കാതെയും അകന്നു നില്ക്കുന്നതെന്തു?

൨ എന്റെ ദൈവമേ, ഞാൻ പകൽസമയത്തു വിളിക്കുന്നു; എങ്കിലും നീ ഉത്തരമരുളുന്നില്ല; രാത്രികാലത്തും ഞാൻ വിളിക്കുന്നു; എനിക്കു ഒട്ടും മൌനതയില്ല.

൩ യിസ്രായേലിന്റെ സ്തുതികളിന്മേൽ വസിക്കുന്നവനേ, നീ പരിശുദ്ധനാകുന്നുവല്ലോ.

൪ ഞങ്ങളുടെ പിതാക്കന്മാർ നിങ്കൽ ആശ്രയിച്ചു; അവർ ആശ്രയിക്കയും നീ അവരെ വിടുവിക്കയും ചെയ്തു.

൫ അവർ നിന്നോടു നിലവിളിച്ചു രക്ഷപ്രാപിച്ചു; അവർ നിങ്കൽ ആശ്രയിച്ചു, ലജ്ജിച്ചുപോയതുമില്ല.

൬ ഞാനോ മനുഷ്യനല്ല, ഒരു കൃമിയത്രെ; മനുഷ്യരുടെ ധിക്കാരവും ജനത്താൽ നിന്ദിതനും തന്നേ.

൭ എന്നെ കാണുന്നവരൊക്കെയും എന്നെ പരിഹസിക്കുന്നു; അവർ അധരം മലൎത്തി തല കുലുക്കുന്നു:

൮ യഹോവയിങ്കൽ നിന്നെത്തന്നേ സമൎപ്പിക്ക! അവൻ അവനെ രക്ഷിക്കട്ടെ! അവൻ അവനെ വിടുവിക്കട്ടെ! അവനിൽ പ്രസാദമുണ്ടല്ലോ.

൯ നീയല്ലോ എന്നെ ഉദരത്തിൽനിന്നു പുറപ്പെടുവിച്ചവൻ; എന്റെ അമ്മയുടെ മുലകുടിക്കുമ്പോൾ നീ എന്നെ നിൎഭയം വസിക്കുമാറാക്കി.

൧൦ ഗൎഭപാത്രത്തിൽനിന്നു ഞാൻ നിങ്കൽ ഏല്പിക്കപ്പെട്ടു; എന്റെ അമ്മയുടെ ഉദരംമുതൽ നീ എന്റെ ദൈവം.

൧൧ കഷ്ടം അടുത്തിരിക്കയാൽ എന്നെ വിട്ടകന്നിരിക്കരുതേ; സഹായിപ്പാൻ മററാരുമില്ലല്ലോ.

൧൨ അനേകം കാളകൾ എന്നെ വളഞ്ഞു; ബാശാൻ കൂററന്മാർ എന്നെ ചുററിയിരിക്കുന്നു.

൧൩ ബുഭുക്ഷയോടെ അലറുന്ന സിംഹംപോലെ അവർ എന്റെ നേരെ വായ് പിളൎക്കുന്നു.

൧൪ ഞാൻ വെള്ളംപോലെ തൂകിപ്പോകുന്നു; എന്റെ അസ്ഥികളെല്ലാം ബന്ധം വിട്ടിരിക്കുന്നു; എന്റെ ഹൃദയം മെഴുകുപോലെ ആയി എന്റെ കുടലിന്റെ നടുവെ ഉരുകിയിരിക്കുന്നു.

൧൫ എന്റെ ശക്തി ഓട്ടുകഷണംപോലെ ഉണങ്ങിയിരിക്കുന്നു; എന്റെ നാവു അണ്ണാക്കോടു പററിയിരിക്കുന്നു; നീ എന്നെ മരണത്തിന്റെ പൊടിയിൽ ഇട്ടുമിരിക്കുന്നു.

൧൬ നായ്ക്കൾ എന്നെ വളഞ്ഞു; ദുഷ്ടന്മാരുടെ കൂട്ടം എന്നെ ചുററിയിരിക്കുന്നു; അവർ എന്റെ കൈകളെയും കാലുകളെയും തുളെച്ചു.

൧൭ എന്റെ അസ്ഥികളൊക്കെയും എനിക്കു എണ്ണാം; അവർ എന്നെ ഉററുനോക്കുന്നു.

൧൮ എന്റെ വസ്ത്രം അവർ പകുത്തെടുത്തു, എന്റെ അങ്കിക്കായി അവർ ചീട്ടിടുന്നു.

൧൯ നീയോ, യഹോവേ, അകന്നിരിക്കരുതേ; എന്റെ തുണയായുള്ളോവേ, എന്നെ സഹായിപ്പാൻ വേഗം വരേണമേ.

൨൦ വാളിങ്കൽനിന്നു എന്റെ പ്രാണനെയും നായുടെ കയ്യിൽനിന്നു എന്റെ ജീവനെയും വിടുവിക്കേണമേ.

൨൧ സിംഹത്തിന്റെ വായിൽനിന്നു എന്നെ രക്ഷിക്കേണമേ; കാട്ടുപോത്തുകളുടെ കൊമ്പുകൾക്കിടയിൽ നീ എനിക്കു ഉത്തരമരുളുന്നു.
൨൨ ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോടു കീൎത്തിക്കും; സഭാമദ്ധ്യേ ഞാൻ നിന്നെ സ്തുതിക്കും.
൨൩ യഹോവാഭക്തന്മാരേ, അവനെ സ്തുതിപ്പിൻ; യാക്കോബിന്റെ സകല സന്തതിയുമായുള്ളോരേ, അവനെ മഹത്വപ്പെടുത്തുവിൻ; യിസ്രായേലിന്റെ സൎവ്വസന്തതിയുമായുള്ളോരേ, അവനെ ഭയപ്പെടുവിൻ.
൨൪ അരിഷ്ടന്റെ അരിഷ്ടത അവൻ നിരസിച്ചില്ല വെറുത്തതുമില്ല; തന്റെ മുഖം അവന്നു മറെച്ചതുമില്ല; തന്നെ വിളിച്ചപേക്ഷിച്ചപ്പോൾ കേൾക്കയത്രെ ചെയ്തു.
൨൫ മഹാസഭയിൽ എനിക്കു പ്രശംസ നിങ്കൽനിന്നു വരുന്നു; അവന്റെ ഭക്തന്മാർ കാൺകെ ഞാൻ എന്റെ നേൎച്ചകളെ കഴിക്കും.
൨൬ എളിയവർ തിന്നു തൃപ്തന്മാരാകും; യഹോവയെ അന്വേഷിക്കുന്നവർ അവനെ സ്തുതിക്കും; നിങ്ങളുടെ ഹൃദയം എന്നേക്കും സുഖത്തോടിരിക്കട്ടെ.
൨൭ ഭൂമിയുടെ അറുതികൾ ഒക്കെയും ഓൎത്തു യഹോവയിങ്കലേക്കു തിരിയും; ജാതികളുടെ വംശങ്ങളൊക്കെയും നിന്റെ മുമ്പാകെ നമസ്കരിക്കും.
൨൮ രാജത്വം യഹോവെക്കുള്ളതല്ലോ; അവൻ ജാതികളെ ഭരിക്കുന്നു.
൨൯ ഭൂമിയിൽ പുഷ്ടിയുള്ളവരൊക്കെയും ഭക്ഷിച്ചാരാധിക്കും; പൊടിയിലേക്കു ഇറങ്ങുന്നവരെല്ലാവരും അവന്റെ മുമ്പാകെ കുമ്പിടും; തന്റെ പ്രാണനെ രക്ഷിപ്പാൻ കഴിയാത്തവനുംകൂടെ.
൩൦ ഒരു സന്തതി അവനെ സേവിക്കും; വരുന്ന തലമുറയോടു യഹോവയെക്കുറിച്ചു കീൎത്തിക്കും.
൩൧ അവർ വന്നു, ജനിപ്പാനുള്ള ജനത്തോടു അവൻ നിവൎത്തിച്ചിരിക്കുന്നു എന്നു അവന്റെ നീതിയെ വൎണ്ണിക്കും.

## ൨൩ാം സങ്കീൎത്തനം

യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല.
൨ പച്ചയായ പുല്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു; സ്വസ്ഥതയുള്ള വെള്ളത്തിന്നരികത്തേക്കു എന്നെ നടത്തുന്നു.
൩ എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു; തിരുനാമംനിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു.
൪ കൂരിരുൾതാഴ്വരയിൽകൂടി നടന്നാലും ഞാൻ ഒരു അനൎത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു.

൫ എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു; എന്റെ തലയെ എണ്ണകൊണ്ടു അഭിഷേകം ചെയ്യുന്നു; എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു.

൬ നന്മയും കരുണയും എന്റെ ആയുഷ്കാലമൊക്കെയും എന്നെ പിന്തുടരും; ഞാൻ യഹോവയുടെ ആലയത്തിൽ ദീൎഘകാലം വസിക്കും.

## അഞ്ചാം തിയ്യതി

## കാലത്തെ പ്രാൎത്ഥന

### ൨൪ാം സങ്കീൎത്തനം

ഭൂമിയും അതിന്റെ പൂൎണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവെക്കുള്ളതാകുന്നു.

൨ സമുദ്രങ്ങളുടെമേൽ അവൻ അതിനെ സ്ഥാപിച്ചു; നദികളുടെമേൽ അവൻ അതിനെ ഉറപ്പിച്ചു.

൩ യഹോവയുടെ പൎവ്വതത്തിൽ ആർ കയറും? അവന്റെ വിശുദ്ധസ്ഥലത്തു ആർ നില്ക്കും?

൪ വെടിപ്പുള്ള കൈയും നിൎമ്മലഹൃദയവും ഉള്ളവൻ. വ്യാജത്തിന്നു മനസ്സുവെക്കാതെയും കള്ളസത്യം ചെയ്യാതെയും ഇരിക്കുന്നവൻ.

൫ അവൻ യഹോവയോടു അനുഗ്രഹവും തന്റെ രക്ഷയുടെ ദൈവത്തോടു നീതിയും പ്രാപിക്കും.

൬ ഇതാകുന്നു അവനെ അന്വേഷിക്കുന്നവരുടെ തലമുറ; യാക്കോബിന്റെ ദൈവമേ, തിരുമുഖം അന്വേഷിക്കുന്നവർ ഇവർ തന്നേ.

൭ വാതിലുകളേ, നിങ്ങളുടെ തലകളെ ഉയൎത്തുവിൻ; പണ്ടേയുള്ള കതകുകളേ, ഉയൎന്നിരിപ്പിൻ; മഹത്വത്തിന്റെ രാജാവു പ്രവേശിക്കട്ടെ.

൮ മഹത്വത്തിന്റെ രാജാവു ആർ? ബലവാനും വീരനുമായ യഹോവ, യുദ്ധവീരനായ യഹോവ തന്നേ.

൯ വാതിലുകളേ, നിങ്ങളുടെ തലകളെ ഉയൎത്തുവിൻ; പണ്ടേയുള്ള കതകുകളേ, ഉയൎന്നിരിപ്പിൻ; മഹത്വത്തിന്റെ രാജാവു പ്രവേശിക്കട്ടെ.

൧൦ മഹത്വത്തിന്റെ രാജാവു ആർ? സൈന്യങ്ങളുടെ യഹോവ തന്നേ; അവനാകുന്നു മഹത്വത്തിന്റെ രാജാവു.

### ൨൫ാം സങ്കീൎത്തനം

യഹോവേ, നിങ്കലേക്കു ഞാൻ മനസ്സു ഉയൎത്തുന്നു;

൨ എന്റെ ദൈവമേ, നിന്നിൽ ഞാൻ ആശ്രയിക്കുന്നു, ഞാൻ ലജ്ജിച്ചുപോകരുതേ; എന്റെ ശത്രുക്കൾ എന്റെമേൽ ജയം ഘോഷിക്കരുതേ.

൩ നിന്നെ കാത്തിരിക്കുന്ന ഒരുത്തനും ലജ്ജിച്ചുപോകയില്ല; വെറുതെ ദ്രോഹിക്കുന്നവർ ലജ്ജിച്ചുപോകും.

൪ യഹോവേ, നിന്റെ വഴികളെ എന്നെ അറിയിക്കേണമെ; നിന്റെ പാതകളെ എനിക്ക ഉപദേശിച്ചു തരേണമെ!

൫ നിന്റെ സത്യത്തിൽ എന്നെ നടത്തി എന്നെ പഠിപ്പിക്കേണമെ; നീ എന്റെ രക്ഷയുടെ ദൈവമാകുന്നുവല്ലൊ; ദിവസം മുഴുവനും ഞാൻ നിങ്കൽ പ്രത്യാശവെക്കുന്നു.

൬ യഹോവേ, നിന്റെ കരുണയും ദയയും ഓൎക്കേണമെ; അവ പണ്ടുപണ്ടെയുള്ളവയല്ലൊ.

൭ എന്റെ ബാല്യത്തിലെ പാപങ്ങളെയും എന്റെ ലംഘനങ്ങളെയും ഓൎക്കരുതെ; യഹോവേ, നിന്റെ കൃപപ്രകാരം നിന്റെ ദയനിമിത്തം എന്നെ ഓൎക്കേണമെ.

൮ യഹോവ നല്ലവനും നേരുള്ളവനും ആകുന്നു; അതുകൊണ്ടു അവൻ പാപികളെ നേൎവ്വഴി കാണിക്കുന്നു.

൯ സൌമ്യതയുള്ളവരെ അവൻ ന്യായത്തിൽ നടത്തുന്നു; സൌമ്യതയുള്ളവൎക്കു തന്റെ വഴി പഠിപ്പിച്ചുകൊടുക്കുന്നു.

൰ യഹോവയുടെ നിയമവും സാക്ഷ്യങ്ങളും പ്രമാണിക്കുന്നവൎക്കു അവന്റെ പാതകളൊക്കെയും ദയയും സത്യവും ആകുന്നു.

൰൧ യഹോവേ, എന്റെ അകൃത്യം വലിയതു; നിന്റെ നാമംനിമിത്തം അതു ക്ഷമിക്കേണമെ.

൰൨ യഹോവാഭക്തനായ പുരുഷൻ ആർ? അവൻ തിരഞ്ഞെടുക്കേണ്ടുന്ന വഴി താൻ അവന്നു കാണിച്ചുകൊടുക്കും.

൰൩ അവൻ സുഖത്തോടെ വസിക്കും; അവന്റെ സന്തതി ദേശത്തെ അവകാശമാക്കും.

൰൪ യഹോവയുടെ സഖിത്വം തന്റെ ഭക്തന്മാൎക്കു ഉണ്ടാകും; അവൻ തന്റെ നിയമം അവരെ അറിയിക്കുന്നു.

൰൫ എന്റെ കണ്ണു എപ്പോഴും യഹോവയിങ്കലേക്കാകുന്നു; അവൻ എന്റെ കാലുകളെ വലയിൽനിന്നു വിടുവിക്കും.

൰൬ എങ്കലേക്കു തിരിഞ്ഞു എന്നോടു കരുണയുണ്ടാകേണമെ; ഞാൻ ഏകാകിയും അരിഷ്ടനും ആകുന്നു.

൰൭ എനിക്ക മനഃപീഡകൾ വൎദ്ധിച്ചിരിക്കുന്നു; എന്റെ സങ്കടങ്ങളിൽനിന്നു എന്നെ വിടുവിക്കേണമെ.

൰൮ എന്റെ അരിഷ്ടതയും അതിവേദനയും നോക്കേണമെ; എന്റെ സകല പാപങ്ങളും ക്ഷമിക്കേണമെ.

൰൯ എന്റെ ശത്രുക്കളെ നോക്കേണമെ; അവർ പെരുകിയിരിക്കുന്നു; അവർ കഠിനദ്വേഷത്തോടെ എന്നെ ദ്വേഷിക്കുന്നു.

൨൦ എന്റെ പ്രാണനെ കാത്തു എന്നെ വിടുവിക്കേണമെ; നിന്നെ ശരണമാക്കിയിരിക്കയാൽ ഞാൻ ലജ്ജിച്ചുപോകരുതേ.

൨൧ നിഷ്കളങ്കതയും നേരും എന്നെ പരിപാലിക്കുമാറാകട്ടെ; ഞാൻ നിങ്കൽ പ്രത്യാശവെച്ചിരിക്കുന്നുവല്ലോ.

൨൨ ദൈവമേ, യിസ്രായേലിനെ അവന്റെ സകല കഷ്ടങ്ങളിൽനിന്നും വീണ്ടെടുക്കേണമേ.

## ൨൬ാം സങ്കീൎത്തനം

യഹോവേ, എനിക്കു ന്യായം പാലിച്ചുതരേണമേ; ഞാൻ എന്റെ നിഷ്കളങ്കതയിൽ നടക്കുന്നു; ഞാൻ ഇളകാതെ യഹോവയിൽ ആശ്രയിക്കുന്നു.

൨ യഹോവേ, എന്നെ പരീക്ഷിച്ചു ശോധനചെയ്യേണമേ; എന്റെ അന്തരംഗവും എന്റെ ഹൃദയവും പരിശോധിക്കേണമേ.

൩ നിന്റെ ദയ എന്റെ കണ്ണിന്മുമ്പിൽ ഇരിക്കുന്നു; നിന്റെ സത്യത്തിൽ ഞാൻ നടന്നുമിരിക്കുന്നു.

൪ വ്യൎത്ഥന്മാരോടുകൂടെ ഞാൻ ഇരുന്നിട്ടില്ല; കപടക്കാരുടെ അടുക്കൽ ഞാൻ ചെന്നിട്ടുമില്ല.

൫ ദുഷ്പ്രവൃത്തിക്കാരുടെ സംഘത്തെ ഞാൻ പകെച്ചിരിക്കുന്നു; ദുഷ്ടന്മാരോടുകൂടെ ഞാൻ ഇരിക്കയുമില്ല.

൭ സ്തോത്രസ്വരം കേൾപ്പിക്കേണ്ടതിന്നും നിന്റെ അത്ഭുതപ്രവൃത്തികളൊക്കെയും വൎണ്ണിക്കേണ്ടതിന്നും

൬ ഞാൻ കുററമില്ലായ്മയിൽ എന്റെ കൈകളെ കഴുകുന്നു; യഹോവേ, ഞാൻ നിന്റെ യാഗപീഠത്തെ വലംവെക്കുന്നു.

൮ യഹോവേ, നിന്റെ ആലയമായ വാസസ്ഥലവും നിന്റെ മഹത്വത്തിന്റെ നിവാസവും എനിക്കു പ്രിയമാകുന്നു.

൯ പാപികളോടുകൂടെ എന്റെ പ്രാണനെയും രക്തപാതകന്മാരോടുകൂടെ എന്റെ ജീവനെയും സംഹരിച്ചുകളയരുതേ.

൧൦ അവരുടെ കൈകളിൽ ദുഷ്കൎമ്മം ഉണ്ടു; അവരുടെ വലങ്കൈ കോഴ നിറഞ്ഞിരിക്കുന്നു.

൧൧ ഞാനോ, എന്റെ നിഷ്കളങ്കതയിൽ നടക്കും; എന്നെ വീണ്ടെടുത്തു എന്നോടു കൃപ ചെയ്യേണമേ.

൧൨ എന്റെ കാലടി സമനിലത്തു നില്ക്കുന്നു; സഭകളിൽ ഞാൻ യഹോവയെ വാഴ്ത്തും.

## അഞ്ചാം തിയ്യതി

## വൈകുന്നേരത്തെ പ്രാൎത്ഥന

### ൨൭ാം സങ്കീൎത്തനം

യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു; ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ബലം; ഞാൻ ആരെ പേടിക്കും?

൨ എന്റെ വൈരികളും ശത്രുക്കളുമായ ദുഷ്കൎമ്മികൾ എന്റെ മാംസം തിന്നുവാൻ എന്നോടു അടുക്കുമ്പോൾ ഇടറി വീഴും.

൩ ഒരു സൈന്യം എന്റെ നേരെ പാളയമിറങ്ങിയാലും എന്റെ ഹൃദയം ഭയപ്പെടുകയില്ല; എനിക്കു യുദ്ധം നേരിട്ടാലും ഞാൻ നിൎഭയമായിരിക്കും.

൪ ഞാൻ യഹോവയോടു ഒരു കാൎയ്യം അപേക്ഷിച്ചു; അതു തന്നേ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാൎക്കേണ്ടതിന്നു തന്നേ.

൫ അനൎത്ഥദിവസത്തിൽ അവൻ തന്റെ കൂടാരത്തിൽ എന്നെ ഒളിപ്പിക്കും; തിരുനിവാസത്തിന്റെ മറവിൽ എന്നെ മറെക്കും; പാറമേൽ എന്നെ ഉയൎത്തും.

൬ ഇപ്പോൾ എന്റെ ചുറ്റുമുള്ള ശത്രുക്കളുടെമേൽ എന്റെ തല ഉയരും; ഞാൻ അവന്റെ കൂടാരത്തിൽ ജയഘോഷയാഗങ്ങളെ അൎപ്പിക്കും; ഞാൻ യഹോവെക്കു പാടി കീൎത്തനം ചെയ്യും.

൭ യഹോവേ, ഞാൻ ഉറക്കെ വിളിക്കുമ്പോൾ കേൾക്കേണമേ; എന്നോടു കൃപചെയ്തു എനിക്കുത്തരമരുളേണമേ.

൮ എന്റെ മുഖം അന്വേഷിപ്പിൻ എന്നു നിങ്കൽനിന്നു കല്പന വന്നു എന്നു എന്റെ ഹൃദയം പറയുന്നു; യഹോവേ, ഞാൻ നിന്റെ മുഖം അന്വേഷിക്കുന്നു.

൯ നിന്റെ മുഖം എനിക്കു മറെക്കരുതേ; അടിയനെ കോപത്തോടെ നീക്കിക്കളയരുതേ; നീ എനിക്കു തുണയായിരിക്കുന്നു; എന്റെ രക്ഷയുടെ ദൈവമേ, എന്നെ തള്ളിക്കളയരുതേ; ഉപേക്ഷിക്കയുമരുതേ.

൧൦ എന്റെ അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചിരിക്കുന്നു; എങ്കിലും യഹോവ എന്നെ ചേൎത്തുകൊള്ളും.

൧൧ യഹോവേ, നിന്റെ വഴി എന്നെ കാണിക്കേണമേ; എന്റെ ശത്രുക്കൾനിമിത്തം നേരെയുള്ള പാതയിൽ എന്നെ നടത്തേണമേ.

൧൨ എന്റെ വൈരികളുടെ ഇഷ്ടത്തിന്നു എന്നെ ഏല്പിച്ചുകൊടുക്ക

രുതേ; കള്ളസ്സാക്ഷികളും ക്രൂരതചം നിശചസിക്കുന്നവരും എന്നോട എ
തിൎത്തുനില്ക്കുന്നു.

൧൩ ഞാൻ ജീവനുള്ളവരുടെ ദേശത്തു യഹോവയുടെ നന്മ കാണു
മെന്നു വിശചസിച്ചില്ലെങ്കിൽ കഷ്ടം!

൧൪ യഹോവയിങ്കൽ പ്രത്യാശ വെക്കുക; ധൈൎയ്യപ്പെട്ടിരിക്ക; നി
ന്റെ ഹൃദയം ഉറച്ചിരിക്കട്ടെ; അതേ, യഹോവയിങ്കൽ പ്രത്യാശ വെ
ക്കുക.

## ൨൮-ാം സങ്കീൎത്തനം

യഹോവേ, ഞാൻ നിന്നെ വിളിച്ചപേക്ഷിക്കുന്നു; എന്റെ പാറയായു
ള്ളോവേ, നീ കേൾക്കാതിരിക്കരുതേ; നീ മിണ്ടാതിരുന്നിട്ട ഞാൻ കുഴി
യിൽ ഇറങ്ങുന്നവരെപ്പോലെ ആകാതിരിപ്പാൻ തന്നേ.

൨ ഞാൻ എന്റെ കൈകളെ വിശുദ്ധാന്തൎമ്മന്ദിരത്തിങ്കലേക്കുയൎത്തി
നിന്നോട നിലവിളിക്കുമ്പോൾ എന്റെ യാചനകളുടെ ശബ്ദം കേൾ
ക്കേണമേ.

൩ ദുഷ്ടന്മാരോടും അകൃത്യം ചെയ്യുന്നവരോടുംകൂടെ എന്നെ വലി
ച്ചുകൊണ്ടു പോകരുതേ; അവർ കൂട്ടുകാരോട സമാധാനം സംസാരി
ക്കുന്നു; എങ്കിലും അവരുടെ ഹൃദയത്തിൽ ദുഷ്ടത ഉണ്ടു.

൪ അവരുടെ ക്രിയെക്കു തക്കവണ്ണവും പ്രവൃത്തികളുടെ ദുഷ്ടതെക്കു
തക്കവണ്ണവും അവൎക്കു കൊടുക്കേണമേ; അവരുടെ കൈകളുടെ പ്രവൃ
ത്തിപോലെ അവരോട ചെയ്യേണമേ; അവൎക്കു തക്കതായ പ്രതിഫലം
കൊടുക്കേണമേ.

൫ യഹോവയുടെ പ്രവൃത്തികളെയും അവന്റെ കൈവേലയെയും
അവർ വിവേചിക്കായ്കകൊണ്ടു അവൻ അവരെ പണിയാതെ ഇടിച്ചു
കളയും.

൬ യഹോവ വാഴ്ത്തപ്പെട്ടവനാകട്ടെ; അവൻ എന്റെ യാചനകളു
ടെ ശബ്ദം കേട്ടിരിക്കുന്നു.

൭ യഹോവ എന്റെ ബലവും എന്റെ പരിചയും ആകുന്നു; എ
ന്റെ ഹൃദയം അവങ്കൽ ആശ്രയിച്ചു; എനിക്കു സഹായവും ലഭിച്ചു;
അതുകൊണ്ടു എന്റെ ഹൃദയം ഉല്ലസിക്കുന്നു; പാട്ടോടെ ഞാൻ അവ
നെ സ്തുതിക്കുന്നു.

൮ യഹോവ തന്റെ ജനത്തിന്റെ ബലമാകുന്നു; തന്റെ അഭി
ഷിക്തന്നു അവൻ രക്ഷാദുൎഗ്ഗം തന്നേ.

൯ നിന്റെ ജനത്തെ രക്ഷിച്ചു നിന്റെ അവകാശത്തെ അനുഗ്ര
ഹിക്കേണമേ; അവരെ മേയിച്ചു എന്നേക്കും അവരെ വഹിക്കേണമേ.

### ൨൯ാം സങ്കീൎത്തനം

൧ ദൈവപുത്രന്മാരേ, യഹോവെക്കു കൊടുപ്പിൻ, യഹോവെക്കു മഹത്വവും ശക്തിയും കൊടുപ്പിൻ.

൨ യഹോവെക്കു അവന്റെ നാമത്തിന്റെ മഹത്വം കൊടുപ്പിൻ; വിശുദ്ധാലങ്കാരം ധരിച്ചു യഹോവയെ നമസ്കരിപ്പിൻ.

൩ യഹോവയുടെ ശബ്ദം വെള്ളത്തിന്മീതെ മുഴങ്ങുന്നു; പെരുവെള്ളത്തിന്മീതെ യഹോവ, മഹത്വത്തിന്റെ ദൈവം തന്നേ, ഇടി മുഴക്കുന്നു.

൪ യഹോവയുടെ ശബ്ദം ശക്തിയോടെ മുഴങ്ങുന്നു; യഹോവയുടെ ശബ്ദം മഹിമയോടെ മുഴങ്ങുന്നു.

൫ യഹോവയുടെ ശബ്ദം ദേവദാരുക്കളെ തകൎക്കുന്നു; യഹോവ ലെബാനോനിലെ ദേവദാരുക്കളെ തകൎക്കുന്നു.

൬ അവൻ അവയെ കാളക്കുട്ടിയെപ്പോലെയും ലെബാനോനെയും സിൎയ്യോനെയും കാട്ടുപോത്തിൻ കുട്ടിയെപ്പോലെയും തുള്ളിക്കുന്നു.

൭ യഹോവയുടെ ശബ്ദം അഗ്നിജ്വാലകളെ ചിന്നിക്കുന്നു.

൮ യഹോവയുടെ ശബ്ദം മരുഭൂമിയെ നടുക്കുന്നു; യഹോവ കാദേശ് മരുവിനെ നടുക്കുന്നു.

൯ യഹോവയുടെ ശബ്ദം മാൻപേടകളെ പ്രസവിക്കുമാറാക്കുന്നു; അതു വനങ്ങളെ തോലുരിക്കുന്നു; അവന്റെ മന്ദിരത്തിൽ സകലവും മഹത്വം എന്നു ചൊല്ലുന്നു.

൧൦ യഹോവ ജലപ്രളയത്തിന്മീതെ ഇരുന്നു; യഹോവ എന്നേക്കും രാജാവായി ഇരിക്കുന്നു.

൧൧ യഹോവ തന്റെ ജനത്തിന്നു ശക്തി നല്കും; യഹോവ തന്റെ ജനത്തെ സമാധാനം നല്കി അനുഗ്രഹിക്കും.

## ആറാം തിയ്യതി

## കാലത്തെ പ്രാൎത്ഥന

### ൩൦ാം സങ്കീൎത്തനം

യഹോവേ, ഞാൻ നിന്നെ പുകഴ്ത്തുന്നു; നീ എന്നെ ഉദ്ധരിച്ചിരിക്കുന്നു; എന്റെ ശത്രുക്കൾ എന്നെക്കുറിച്ചു സന്തോഷിപ്പാൻ നീ ഇടയാക്കിയതുമില്ല.

൨ എന്റെ ദൈവമായ യഹോവേ, ഞാൻ നിന്നോടു നിലവിളിച്ചു; നീ എന്നെ സൌഖ്യമാക്കുകയും ചെയ്തു.

൩ യഹോവേ, നീ എന്റെ പ്രാണനെ പാതാളത്തിൽനിന്നു കരേറ്റിയിരിക്കുന്നു; ഞാൻ കുഴിയിൽ ഇറങ്ങിപ്പോകാതിരിക്കേണ്ടതിന്നു നീ എനിക്കു ജീവരക്ഷ വരുത്തിയിരിക്കുന്നു.

൪ യഹോവയുടെ വിശുദ്ധന്മാരേ, അവന്നു സ്തുതി പാടുവിൻ; അ
വന്റെ വിശുദ്ധനാമത്തിന്നു സ്തോത്രം ചെയ്വിൻ.
൫ അവന്റെ കോപം ക്ഷണനേരത്തേക്കേയുള്ളു; അവന്റെ പ്ര
സാദമോ, ജീവപൎയ്യന്തമുള്ളതു; സന്ധ്യയിങ്കൽ കരച്ചൽ വന്നു രാപാൎക്കും;
ഉഷസ്സിങ്കലോ ആനന്ദഘോഷം വരുന്നു.
൬ ഞാൻ ഒരുനാളും കുലുങ്ങിപ്പോകയില്ല എന്നു എന്റെ സുഖകാല
ത്തു ഞാൻ പറഞ്ഞു.
൭ യഹോവേ, നിന്റെ പ്രസാദത്താൽ നീ എന്റെ പൎവ്വതത്തെ ഉ
റെച്ചുനില്ക്കുമാറാക്കി; നീ നിന്റെ മുഖത്തെ മറെച്ചു, ഞാൻ ഭ്രമിച്ചു
പോയി.
൮ യഹോവേ, ഞാൻ നിന്നോടു നിലവിളിച്ചു; യഹോവയോടു
ഞാൻ യാചിച്ചു.
൯ ഞാൻ കുഴിയിൽ ഇറങ്ങിപ്പോയാൽ എന്റെ രക്തംകൊണ്ടു എ
ന്തു ലാഭമുള്ളു? ധൂളി നിന്നെ സ്തുതിക്കുമോ? അതു നിന്റെ സത്യത്തെ
പ്രസ്താവിക്കുമോ?
൧൦ യഹോവേ, കേൾക്കേണമേ; എന്നോടു കരുണയുണ്ടാകേണ
മേ; യഹോവേ, എന്റെ രക്ഷകനായിരിക്കേണമേ.
൧൧ നീ എന്റെ വിലാപത്തെ എനിക്കു നൃത്തമാക്കിത്തീൎത്തു; എ
ന്റെ രട്ടു നീ അഴിച്ചു എന്നെ സന്തോഷം ഉടുപ്പിച്ചിരിക്കുന്നു.
൧൨ ഞാൻ മൌനമായിരിക്കാതെ നിനക്കു സ്തുതി പാടേണ്ടതിന്നു ത
ന്നേ. എന്റെ ദൈവമായ യഹോവേ, ഞാൻ എന്നേക്കും നിനക്കു സ്തോ
ത്രം ചെയ്യും.

## ൩൧ാം സങ്കീൎത്തനം

യഹോവേ, ഞാൻ നിന്നെ ശരണം പ്രാപിക്കുന്നു; ഞാൻ ഒരുനാളും ല
ജ്ജിച്ചുപോകരുതേ; നിന്റെ നീതിനിമിത്തം എന്നെ വിടുവിക്കേണമേ.
൨ നിന്റെ ചെവി എങ്കലേക്കു ചായിച്ചു എന്നെ വേഗം വിടുവിക്കേ
ണമേ. നീ എനിക്കു ഉറപ്പുള്ള പാറയായും എന്നെ രക്ഷിക്കേണ്ടതിന്നു
കോട്ടയായും ഇരിക്കേണമേ.
൩ നീ എന്റെ പാറയും എന്റെ കോട്ടയുമല്ലോ; നിന്റെ നാമം
നിമിത്തം എന്നെ നടത്തി പാലിക്കേണമേ.
൪ അവർ എനിക്കായി ഒളിച്ചുവെച്ചിരിക്കുന്ന വലയിൽനിന്നു എ
ന്നെ വിടുവിക്കേണമേ; നീ എന്റെ ദുൎഗ്ഗമാകുന്നുവല്ലോ.
൫ നിന്റെ കയ്യിൽ ഞാൻ എന്റെ ആത്മാവിനെ ഭരമേല്പിക്കുന്നു;
വിശ്വസ്തദൈവമായ യഹോവേ, നീ എന്നെ വീണ്ടെടുത്തിരിക്കുന്നു.
൬ മിത്ഥ്യാമൂൎത്തികളെ സേവിക്കുന്നവരെ ഞാൻ പകെക്കുന്നു; ഞാ
നോ യഹോവയിൽ ആശ്രയിക്കുന്നു.

൭ ഞാൻ നിന്റെ ദയയിൽ ആനന്ദിച്ചു സന്തോഷിക്കുന്നു; നീ എന്റെ അരിഷ്ടതയെ കണ്ടു എന്റെ പ്രാണസങ്കടങ്ങളെ അറിഞ്ഞിരിക്കുന്നു.

൮ ശത്രുവിന്റെ കയ്യിൽ നീ എന്നെ ഏല്പിച്ചിട്ടില്ല; എന്റെ കാലുകളെ നീ വിശാലസ്ഥലത്തു നിൎത്തിയിരിക്കുന്നു.

൯ യഹോവേ, എന്നോടു കൃപയുണ്ടാകേണമേ; ഞാൻ കഷ്ടത്തിലായിരിക്കുന്നു; വ്യസനംകൊണ്ടു എന്റെ കണ്ണും പ്രാണനും ഉദരവും ക്ഷയിച്ചിരിക്കുന്നു.

൧൦ എന്റെ ആയുസ്സു ദുഃഖംകൊണ്ടും എന്റെ സംവത്സരങ്ങൾ നെടുവീൎപ്പുകൊണ്ടും കഴിഞ്ഞുപോയിരിക്കുന്നു; എന്റെ അകൃത്യംനിമിത്തം എന്റെ ബലം ക്ഷീണിച്ചും എന്റെ അസ്ഥികൾ ക്ഷയിച്ചും ഇരിക്കുന്നു.

൧൧ എന്റെ സകല വൈരികളാലും ഞാൻ നിന്ദിതനായിത്തീൎന്നു; എന്റെ അയല്ക്കാൎക്കു അതിനിന്ദിതൻ തന്നേ; എന്റെ മുഖപരിചയക്കാൎക്കു ഞാൻ ഭയഹേതുവായ്ഭവിച്ചു; എന്നെ വെളിയിൽ കാണുന്നവർ എന്നെ വിട്ടു ഓടിപ്പോകുന്നു.

൧൨ മരിച്ചുപോയവനെപ്പോലെ എന്നെ മറന്നുകളഞ്ഞിരിക്കുന്നു; ഞാൻ ഒരു ഉടഞ്ഞ പാത്രംപോലെ ആയിരിക്കുന്നു.

൧൩ ചുററും ഭീതി എന്ന അപശ്രുതി ഞാൻ പലരുടെയും വായിൽനിന്നു കേട്ടിരിക്കുന്നു; അവർ എനിക്കു വിരോധമായി കൂടി ആലോചന ചെയ്തു, എന്റെ ജീവനെ എടുത്തുകളവാൻ നിരൂപിച്ചു.

൧൪ എങ്കിലും യഹോവേ, ഞാൻ നിന്നിൽ ആശ്രയിച്ചു; നീ എന്റെ ദൈവം എന്നു ഞാൻ പറഞ്ഞു.

൧൫ എന്റെ കാലഗതികൾ നിന്റെ കയ്യിൽ ഇരിക്കുന്നു; എന്റെ ശത്രുക്കളുടെയും എന്നെ പീഡിപ്പിക്കുന്നവരുടെയും കയ്യിൽനിന്നു എന്നെ വിടുവിക്കേണമേ.

൧൬ അടിയന്റെമേൽ തിരുമുഖം പ്രകാശിപ്പിക്കേണമേ; നിന്റെ ദയയാൽ എന്നെ രക്ഷിക്കേണമേ.

൧൭ യഹോവേ, നിന്നെ വിളിച്ചപേക്ഷിച്ചിരിക്കകൊണ്ടു ഞാൻ ലജ്ജിച്ചുപോകരുതേ; ദുഷ്ടന്മാർ ലജ്ജിച്ചു പാതാളത്തിൽ മൌനമായിരിക്കട്ടെ.

൧൮ നീതിമാന്നു വിരോധമായി ഡംഭത്തോടും നിന്ദയോടുംകൂടെ ധാൎഷ്ട്യം സംസാരിക്കുന്ന വ്യാജമുള്ള അധരങ്ങൾ മിണ്ടാതെയായ്പോകട്ടെ.

൧൯ നിന്റെ ഭക്തന്മാൎക്കുവേണ്ടി നീ സംഗ്രഹിച്ചതും നിന്നിൽ ആശ്രയിക്കുന്നവൎക്കുവേണ്ടി മനുഷ്യപുത്രന്മാർ കാൺകെ നീ പ്രവൎത്തിച്ചതുമായ നിന്റെ നന്മ എത്ര വലിയതാകുന്നു.

൨൦ നീ അവരെ മനുഷ്യരുടെ കൂട്ടുകെട്ടിൽനിന്നു വിടുവിച്ചു നിന്റെ സാന്നിധ്യത്തിന്റെ മറവിൽ മറെക്കും. നീ അവരെ നാവുകളുടെ വക്കാണത്തിൽനിന്നു രക്ഷിച്ചു ഒരു കൂടാരത്തിന്നകത്തു ഒളിപ്പിക്കും.

൨൧ യഹോവ വാഴ്ത്തപ്പെട്ടവൻ ; അവൻ ഉറപ്പുള്ള പട്ടണത്തിൽ തന്റെ ദയ എനിക്കു അത്ഭുതമായി കാണിച്ചിരിക്കുന്നു.

൨൨ ഞാൻ നിന്റെ ദൃഷ്ടിയിൽനിന്നു ഛേദിക്കപ്പെട്ടുപോയി എന്നു ഞാൻ എന്റെ പരിഭ്രമത്തിൽ പറഞ്ഞു ; എങ്കിലും ഞാൻ നിന്നെ വിളിച്ചപേക്ഷിച്ചപ്പോൾ എന്റെ യാചനയുടെ ശബ്ദം നീ കേട്ടു.

൨൩ യഹോവയുടെ സകല വിശുദ്ധന്മാരുമായുള്ളോരേ, അവനെ സ്നേഹിപ്പിൻ ; യഹോവ വിശ്വസ്തന്മാരെ കാക്കുന്നു ; അഹങ്കാരം പ്രവൃത്തിക്കുന്നവന്നു ധാരാളം പകരം കൊടുക്കുന്നു.

൨൪ യഹോവയിൽ പ്രത്യാശയുള്ള ഏവരുമേ, ധൈൎയ്യപ്പെട്ടിരിപ്പിൻ; നിങ്ങളുടെ ഹൃദയം ഉറെച്ചിരിക്കട്ടെ.

## ആറാം തിയ്യതി

## വൈകുന്നേരത്തെ പ്രാൎത്ഥന

### ൩൨ാം സങ്കീൎത്തനം

ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയവൻ ഭാഗ്യവാൻ.

൨ യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.

൩ ഞാൻ മിണ്ടാതിരുന്നപ്പോൾ നിത്യമായ ഞരക്കത്താൽ എന്റെ അസ്ഥികൾ ക്ഷയിച്ചുപോയി ;

൪ രാവും പകലും നിന്റെ കൈ എന്റെമേൽ ഭാരമായിരുന്നു ; എന്റെ മജ്ജ വേനല്ക്കാലത്തിലെ ഉഷ്ണത്താൽ എന്നപോലെ വറ്റിപ്പോയി.

൫ ഞാൻ എന്റെ പാപം നിന്നോടറിയിച്ചു ; എന്റെ അകൃത്യം മറെച്ചതുമില്ല. എന്റെ ലംഘനങ്ങളെ യഹോവയോടു ഏറ്റുപറയും എന്നു ഞാൻ പറഞ്ഞു ; അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചുതന്നു.

൬ ഇതുനിമിത്തം ഓരോ ഭക്തനും കണ്ടെത്താകുന്ന കാലത്തു നിന്നോടു പ്രാൎത്ഥിക്കും ; പെരുവെള്ളം കവിഞ്ഞുവരുമ്പോൾ അതു അവന്റെ അടുക്കലോളം എത്തുകയില്ല.

൭ നീ എനിക്കു മറവിടമാകുന്നു ; നീ എന്നെ കഷ്ടത്തിൽനിന്നു സൂക്ഷിക്കും ; രക്ഷയുടെ ഉല്ലാസഘോഷംകൊണ്ടു നീ എന്നെ ചുറ്റിക്കൊള്ളും.

൮ ഞാൻ നിന്നെ ഉപദേശിച്ചു, നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചുതരും ; ഞാൻ നിന്റെ മേൽ ദൃഷ്ടിവെച്ചു നിനക്കു ആലോചന പറഞ്ഞുതരും.

൯ നിങ്ങൾ ബുദ്ധിയില്ലാത്ത കുതിരയെയും കോവർകഴുതയെയും പോലെ ആകരുതു; അവയുടെ ചമയങ്ങളായ കടിഞ്ഞാണും മുഖപ്പട്ടയും കൊണ്ടു അവയെ അടക്കിവരുന്നു; അല്ലെങ്കിൽ അവ നിനക്കു സ്വാധീനമാകയില്ല.

൧൦ ദുഷ്ടന്നു വളരെ വേദനകൾ ഉണ്ടു; യഹോവയിൽ ആശ്രയിക്കുന്നവനെയോ ദയ ചുററിക്കൊള്ളും.

൧൧ നീതിമാന്മാരേ, യഹോവയിൽ സന്തോഷിച്ചാനന്ദിപ്പിൻ; ഹൃദയപരമാർത്ഥികൾ എല്ലാവരുമായുള്ളോരേ, ഘോഷിച്ചുല്ലസിപ്പിൻ.

## ൩൩-ാം സങ്കീർത്തനം

നീതിമാന്മാരേ, യഹോവയിൽ ഘോഷിച്ചുല്ലസിപ്പിൻ; സ്തുതിക്കുന്നതു നേരുള്ളവൎക്കു ഉചിതമല്ലോ.

൨ കിന്നരംകൊണ്ടു യഹോവെക്കു സ്തോത്രം ചെയ്വിൻ; പത്തുകമ്പിയുള്ള വീണകൊണ്ടു അവന്നു സ്തുതിപാടുവിൻ.

൩ അവന്നു പുതിയ പാട്ടു പാടുവിൻ; ഘോഷസ്വരത്തോടെ നന്നായി വാദ്യം വായിപ്പിൻ.

൪ യഹോവയുടെ വചനം നേരുള്ളതു; അവന്റെ സകല പ്രവൃത്തിയും വിശ്വസ്തതയുള്ളതു.

൫ അവൻ നീതിയും ന്യായവും ഇഷ്ടപ്പെടുന്നു; യഹോവയുടെ ദയകൊണ്ടു ഭൂമി നിറഞ്ഞിരിക്കുന്നു.

൬ യഹോവയുടെ വചനത്താൽ ആകാശവും അവന്റെ വായിലെ ശ്വാസത്താൽ അതിലെ സകല സൈന്യവും ഉളവായി;

൭ അവൻ സമുദ്രത്തിലെ വെള്ളത്തെ കൂമ്പാരമായി കൂട്ടുന്നു; അവൻ ആഴികളെ ഭണ്ഡാരഗൃഹങ്ങളിൽ സംഗ്രഹിക്കുന്നു.

൮ സകല ഭൂവാസികളും യഹോവയെ ഭയപ്പെടട്ടെ; ഭൂതലത്തിൽ പാൎക്കുന്നവരൊക്കെയും അവനെ ശങ്കിക്കട്ടെ.

൯ അവൻ അരുളിച്ചെയ്തു; അങ്ങനെ സംഭവിച്ചു; അവൻ കല്പിച്ചു; അങ്ങനെ സ്ഥാപിതമായി.

൧൦ യഹോവ ജാതികളുടെ ആലോചനയെ വ്യൎത്ഥമാക്കുന്നു; വംശങ്ങളുടെ നിരൂപണങ്ങളെ നിഷ്ഫലമാക്കുന്നു.

൧൧ യഹോവയുടെ ആലോചന ശാശ്വതമായും അവന്റെ ഹൃദയവിചാരങ്ങൾ തലമുറ തലമുറയായും നില്ക്കുന്നു.

൧൨ യഹോവ ദൈവമായിരിക്കുന്ന ജാതിയും അവൻ തനിക്കു അവകാശമായി തിരഞ്ഞെടുത്ത ജനവും ഭാഗ്യമുള്ളതു.

൧൩ യഹോവ സ്വൎഗ്ഗത്തിൽനിന്നു നോക്കുന്നു; മനുഷ്യപുത്രന്മാരെ ഒക്കെയും കാണുന്നു.

൧൪ അവൻ തന്റെ വാസസ്ഥലത്തുനിന്നു സൎവ്വഭൂവാസികളെയും നോക്കുന്നു.

൧൫ അവൻ അവരുടെ ഹൃദയങ്ങളെ ഒരുപോലെ മനഞ്ഞിരിക്കുന്നു; അവരുടെ പ്രവൃത്തികളെ ഒക്കെയും അവൻ ഗ്രഹിക്കുന്നു.

൧൬ സൈന്യബഹുത്വത്താൽ രാജാവു ജയം പ്രാപിക്കുന്നില്ല; ബലാധിക്യംകൊണ്ടു വീരൻ രക്ഷപ്പെടുന്നതുമില്ല.

൧൭ ജയത്തിന്നു കുതിര വ്യൎത്ഥമാകുന്നു; തന്റെ ബലാധിക്യംകൊണ്ടു അതു വിടുവിക്കുന്നതുമില്ല.

൧൮ യഹോവയുടെ ദൃഷ്ടി തന്റെ ഭക്തന്മാരുടെമേലും തന്റെ ദയെക്കായി പ്രത്യാശിക്കുന്നവരുടെമേലും ഇരിക്കുന്നു:

൧൯ അവരുടെ പ്രാണനെ മരണത്തിൽനിന്നു വിടുവിപ്പാനും ക്ഷാമത്തിൽ അവരെ ജീവനോടെ രക്ഷിപ്പാനും തന്നേ.

൨൦ നമ്മുടെ ഉള്ളം യഹോവെക്കായി കാത്തിരിക്കുന്നു; അവൻ നമ്മുടെ സഹായവും പരിചയും ആകുന്നു.

൨൧ അവന്റെ വിശുദ്ധനാമത്തിൽ നാം ആശ്രയിക്കയാൽ നമ്മുടെ ഹൃദയം അവനിൽ സന്തോഷിക്കും.

൨൨ യഹോവേ, ഞങ്ങൾ നിങ്കൽ പ്രത്യാശവെക്കുന്നതുപോലെ നിന്റെ ദയ ഞങ്ങളുടെമേൽ ഉണ്ടാകുമാറാകട്ടെ.

## ൩൪ാം സങ്കീൎത്തനം

ഞാൻ യഹോവയെ എല്ലാ കാലത്തും വാഴ്ത്തും; അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഇരിക്കും.

൨ എന്റെ ഉള്ളം യഹോവയിൽ പ്രശംസിക്കുന്നു; എളിയവർ അതു കേട്ടു സന്തോഷിക്കും.

൩ എന്നോടു ചേൎന്നു യഹോവയെ മഹിമപ്പെടുത്തുവിൻ; നാം ഒന്നിച്ചു അവന്റെ നാമത്തെ ഉയൎത്തുക.

൪ ഞാൻ യഹോവയോടു അപേക്ഷിച്ചു; അവൻ എനിക്കു ഉത്തരമരുളി എന്റെ സകല ഭയങ്ങളിൽനിന്നും എന്നെ വിടുവിച്ചു.

൫ അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി; അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല.

൬ ഈ എളിയവൻ നിലവിളിച്ചു; യഹോവ കേട്ടു അവന്റെ സകല കഷ്ടങ്ങളിൽനിന്നും അവനെ രക്ഷിച്ചു.

൭ യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുററും പാളയമിറങ്ങി അവരെ വിടുവിക്കുന്നു.

൮ യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ; അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ.

൯ യഹോവയുടെ വിശുദ്ധന്മാരേ, അവനെ ഭയപ്പെടുവിൻ; അവന്റെ ഭക്തന്മാൎക്ക ഒന്നിന്നും മുട്ടില്ലല്ലോ.

൧൦ ബാലസിംഹങ്ങളും ഇര കിട്ടാതെ വിശന്നിരിക്കും; യഹോവയെ അന്വേഷിക്കുന്നവൎക്കോ ഒരു നന്മെക്കും കുറവില്ല.

൧൧ മക്കളേ, വന്നു എനിക്ക ചെവിതരുവിൻ; യഹോവയോടുള്ള ഭക്തിയെ ഞാൻ ഉപദേശിച്ചുതരാം.

൧൨ ജീവനെ ആഗ്രഹിക്കയും നന്മ കാണേണ്ടതിന്നു ദീൎഘായുസ്സു ഇച്ഛിക്കയും ചെയ്യുന്നവൻ ആർ?

൧൩ ദോഷം ചെയ്യാതെ നിന്റെ നാവിനെയും വ്യാജം പറയാതെ നിന്റെ അധരത്തെയും കാത്തുകൊൾക.

൧൪ ദോഷം വിട്ടകന്നു ഗുണം ചെയ്ക; സമാധാനം അന്വേഷിച്ചു പിന്തുടരുക.

൧൫ യഹോവയുടെ കണ്ണു നീതിമാന്മാരുടെമേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു.

൧൬ ദുഷ്പ്രവൃത്തിക്കാരുടെ ഓൎമ്മയെ ഭൂമിയിൽനിന്നു ഛേദിച്ചുകളയേണ്ടതിന്നു യഹോവയുടെ മുഖം അവൎക്ക പ്രതികൂലമായിരിക്കുന്നു.

൧൭ നീതിമാന്മാർ നിലവിളിച്ചു; യഹോവ കേട്ടു, സകല കഷ്ടങ്ങളിൽനിന്നും അവരെ വിടുവിച്ചു.

൧൮ ഹൃദയം നുറുങ്ങിയവൎക്ക യഹോവ സമീപസ്ഥൻ: മനസ്സു തകൎന്നവരെ അവൻ രക്ഷിക്കുന്നു.

൧൯ നീതിമാന്റെ അനൎത്ഥങ്ങൾ അസംഖ്യമാകുന്നു; അവ എല്ലാററിൽനിന്നും യഹോവ അവനെ വിടുവിക്കുന്നു.

൨൦ അവന്റെ അസ്ഥികളെ എല്ലാം അവൻ സൂക്ഷിക്കുന്നു; അവയിൽ ഒന്നും ഒടിഞ്ഞുപോകയുമില്ല.

൨൧ അനൎത്ഥം ദുഷ്ടനെ കൊല്ലുന്നു; നീതിമാനെ പകെക്കുന്നവർ ശിക്ഷ അനുഭവിക്കും.

൨൨ യഹോവ തന്റെ ദാസന്മാരുടെ പ്രാണനെ വീണ്ടുകൊള്ളുന്നു; അവനെ ശരണമാക്കുന്നവരാരും ശിക്ഷ അനുഭവിക്കയില്ല.

## ഏഴാം തിയ്യതി

## കാലത്തെ പ്രാൎത്ഥന

### ൩൫ാം സങ്കീൎത്തനം

യഹോവേ, എന്നോടു വാദിക്കുന്നവരോടു വാദിക്കേണമേ; എന്നോടു പൊരുതുന്നവരോടു പൊരുതേണമേ.

൨ നീ പലകയും പരിചയും പിടിച്ചു എനിക്കു സഹായത്തിന്നായി എഴുന്നേല്ക്കേണമേ.

൩ നീ കുന്തം ഊരി എന്നെ പിന്തുടരുന്നവരുടെ വഴി അടെച്ചുകളയേണമേ; ഞാൻ നിന്റെ രക്ഷയാകുന്നു എന്നു എന്റെ പ്രാണനോടു പറയേണമേ.

൪ എനിക്കു ജീവഹാനി വരുത്തുവാൻ നോക്കുന്നവൎക്കു ലജ്ജയും അപമാനവും വരട്ടെ; എനിക്കു അനൎത്ഥം ചിന്തിക്കുന്നവർ പിന്തിരിഞ്ഞു നാണിച്ചുപോകട്ടെ.

൫ അവർ കാററിന്നു മുമ്പിലെ പതിർപോലെ ആകട്ടെ; യഹോവയുടെ ദൂതൻ അവരെ ഓടിക്കട്ടെ.

൬ അവരുടെ വഴി ഇരുട്ടും വഴുവഴുപ്പും ആകട്ടെ; യഹോവയുടെ ദൂതൻ അവരെ പിന്തുടരട്ടെ.

൭ കാരണംകൂടാതെ അവർ എനിക്കായി വല ഒളിച്ചുവെച്ചു; കാരണംകൂടാതെ അവർ എന്റെ പ്രാണന്നായി കുഴികുഴിച്ചിരിക്കുന്നു.

൮ അവൻ വിചാരിയാതെ അവന്നു അപായം ഭവിക്കട്ടെ; അവൻ ഒളിച്ചുവെച്ച വലയിൽ അവൻ തന്നേ കുടുങ്ങട്ടെ; അവൻ അപായത്തിൽ അകപ്പെട്ടുപോകട്ടെ.

൯ എന്റെ ഉള്ളം യഹോവയിൽ ആനന്ദിക്കും; അവന്റെ രക്ഷയിൽ സന്തോഷിക്കും.

൰ യഹോവേ, നിനക്കു തുല്യൻ ആർ? എളിയവനെ തന്നിലും ബലമേറിയവന്റെ കയ്യിൽനിന്നും എളിയവനും ദരിദ്രനുമായവനെ കവൎച്ചക്കാരന്റെ കയ്യിൽനിന്നും നീ രക്ഷിക്കുന്നു എന്നു എന്റെ അസ്ഥികൾ ഒക്കെയും പറയും.

൰൧ കള്ളസ്സാക്ഷികൾ എഴുന്നേററു ഞാൻ അറിയാത്ത കാൎയ്യം എന്നോടു ചോദിക്കുന്നു.

൰൨ അവർ എനിക്കു നന്മെക്കു പകരം തിന്മ ചെയ്തു എന്റെ പ്രാണന്നു അനാഥത്വം വരുത്തുന്നു.

൰൩ ഞാനോ, അവർ ദീനമായ്ക്കിടന്നപ്പോൾ രട്ടുടുത്തു; ഉപവാസംകൊണ്ടു ഞാൻ ആത്മതപനം ചെയ്തു; എന്റെ പ്രാൎത്ഥന എന്റെ മാൎവ്വിടത്തിലേക്കു മടങ്ങിവന്നു.

൰൪ അവൻ എനിക്കു സ്നേഹിതനോ സഹോദരനോ എന്നപോലെ ഞാൻ പെരുമാറി; അമ്മയെക്കുറിച്ചു ദുഃഖിക്കുന്നവനെപ്പോലെ ഞാൻ ദുഃഖിച്ചു കുനിഞ്ഞു നടന്നു.

൰൫ അവരോ എന്റെ വീഴ്ചയിങ്കൽ സന്തോഷിച്ചു കൂട്ടംകൂടി; ഞാൻ അറിയാത്ത അധമന്മാർ എനിക്കു വിരോധമായി കൂടിവന്നു, അവർ ഇടവിടാതെ എന്നെ പഴിച്ചുപറഞ്ഞു.

൧൬ അടിയന്തരങ്ങളിൽ കോമാളികളായ വഷളന്മാരെപ്പോലെ അവർ എന്റെ നേരെ പല്ലു കടിക്കുന്നു.

൧൭ കർത്താവേ, നീ എത്രത്തോളം നോക്കിക്കൊണ്ടിരിക്കും? അവരുടെ നാശത്തിൽനിന്നു എന്റെ പ്രാണനെയും ബാലസിംഹങ്ങളുടെ വശത്തുനിന്നു എന്റെ ജീവനെയും വിടുവിക്കേണമേ.

൧൮ ഞാൻ മഹാസഭയിൽ നിനക്കു സ്തോത്രം ചെയ്യും; ബഹുജനത്തിന്റെ മദ്ധ്യേ നിന്നെ സ്തുതിക്കും.

൧൯ വെറുതെ എനിക്കു ശത്രുക്കളായവർ എന്നെക്കുറിച്ചു സന്തോഷിക്കരുതേ; കാരണംകൂടാതെ എന്നെ പകെക്കുന്നവർ കണ്ണിമെക്കയുമരുതേ.

൨൦ അവർ സമാധാനവാക്കു സംസാരിക്കാതെ ദേശത്തിലെ സാധുക്കളുടെ നേരെ വ്യാജകാര്യങ്ങളെ നിരൂപിക്കുന്നു.

൨൧ അവർ എന്റെ നേരെ വായ്പിളർന്നു: നന്നായി, ഞങ്ങൾ സ്വന്ത കണ്ണാൽ കണ്ടു എന്നു പറഞ്ഞു.

൨൨ യഹോവേ, നീ കണ്ടുവല്ലോ; മൌനമായിരിക്കരുതേ; കർത്താവേ, എന്നോടു അകന്നിരിക്കരുതേ.

൨൩ എന്റെ ദൈവവും എന്റെ കർത്താവുമായുള്ളോവേ, ഉണർന്നു എന്റെ ന്യായത്തിന്നും വ്യവഹാരത്തിന്നും ജാഗരിക്കേണമേ.

൨൪ എന്റെ ദൈവമായ യഹോവേ, നിന്റെ നീതിപ്രകാരം എനിക്കു ന്യായം പാലിച്ചുതരേണമേ; അവർ എന്നെക്കുറിച്ചു സന്തോഷിക്കരുതേ.

൨൫ അവർ തങ്ങളുടെ ഹൃദയത്തിൽ: നന്നായി, ഞങ്ങളുടെ ആഗ്രഹം സാധിച്ചു എന്നു പറയരുതേ; ഞങ്ങൾ അവനെ വിഴുങ്ങിക്കളഞ്ഞു എന്നും പറയരുതേ.

൨൬ എന്റെ അനർത്ഥത്തിൽ സന്തോഷിക്കുന്നവർ ഒരുപോലെ ലജ്ജിച്ചു ഭ്രമിച്ചു പോകട്ടെ; എന്റെ നേരെ വമ്പു പറയുന്നവർ ലജ്ജയും അപമാനവും ധരിക്കട്ടെ.

൨൭ എന്റെ നീതിയിൽ പ്രസാദിക്കുന്നവർ ഘോഷിച്ചാനന്ദിക്കട്ടെ; തന്റെ ദാസന്റെ ശ്രേയസ്സിൽ പ്രസാദിക്കുന്ന യഹോവ മഹത്വമുള്ളവൻ എന്നിങ്ങനെ അവർ എപ്പോഴും പറയട്ടെ.

൨൮ എന്റെ നാവു നിന്റെ നീതിയെയും നാളെല്ലാം നിന്റെ സ്തുതിയെയും വർണ്ണിക്കും.

## ൩൬ാം സങ്കീർത്തനം

ദുഷ്ടന്നു തന്റെ ഹൃദയത്തിൽ പാപാദേശമുണ്ടു; അവന്റെ ദൃഷ്ടിയിൽ ദൈവഭയമില്ല.

൨ തന്റെ കുററം തെളിഞ്ഞു വെറുപ്പായ്തീരുകയില്ല എന്നിങ്ങനെ അവൻ തന്നോടു തന്നേ മധുരവാക്കു പറയുന്നു.

൩ അവന്റെ വായിലെ വാക്കുകൾ അകൃത്യവും വഞ്ചനയും ആകുന്നു; ബുദ്ധിമാനായിരിക്കുന്നതും നന്മ ചെയ്യുന്നതും അവൻ വിട്ടുകളഞ്ഞിരിക്കുന്നു.

൪ അവൻ തന്റെ കിടക്കമേൽ അകൃത്യം ചിന്തിക്കുന്നു; കൊള്ളരുതാത്ത വഴിയിൽ അവൻ നില്ക്കുന്നു; ദോഷത്തെ വെറുക്കുന്നതുമില്ല.

൫ യഹോവേ, നിന്റെ ദയ ആകാശത്തോളവും നിന്റെ വിശ്വസ്തത മേഘങ്ങളോളവും എത്തുന്നു.

൬ നിന്റെ നീതി ദിവ്യപൎവ്വതങ്ങളെപ്പോലെയും നിന്റെ ന്യായവിധികൾ വലിയ ആഴിയെപ്പോലെയും ആകുന്നു; യഹോവേ, നീ മനുഷ്യരെയും മൃഗങ്ങളെയും രക്ഷിക്കുന്നു.

൭ ദൈവമേ, നിന്റെ ദയ എത്ര വിലയേറിയതു! മനുഷ്യപുത്രന്മാർ നിന്റെ ചിറകിൻനിഴലിൽ ശരണം പ്രാപിക്കുന്നു.

൮ നിന്റെ ആലയത്തിലെ പുഷ്ടി അവർ അനുഭവിച്ചു തൃപ്തി പ്രാപിക്കുന്നു; നിന്റെ ആനന്ദനദി നീ അവരെ കുടിപ്പിക്കുന്നു.

൯ നിന്റെ പക്കൽ ജീവന്റെ ഉറവുണ്ടല്ലോ; നിന്റെ പ്രകാശത്തിൽ ഞങ്ങൾ പ്രകാശം കാണുന്നു.

൰ നിന്നെ അറിയുന്നവൎക്കു നിന്റെ ദയയും ഹൃദയപരമാൎത്ഥികൾക്കു നിന്റെ നീതിയും ദീൎഘമാക്കേണമേ.

൰൧ ഡംഭികളുടെ കാൽ എന്റെ നേരെ വരരുതേ; ദുഷ്ടന്മാരുടെ കൈ എന്നെ ആട്ടിക്കളയരുതേ.

൰൨ ദുഷ്പ്രവൃത്തിക്കാർ അവിടെത്തന്നേ വീഴുന്നു; അവർ മറിഞ്ഞുവീഴുന്നു; എഴുന്നേല്പാൻ കഴിയുന്നതുമില്ല.

## ഏഴാം തിയ്യതി

## വൈകുന്നേരത്തെ പ്രാൎത്ഥന

### ൩൭-ാം സങ്കീൎത്തനം

ദുഷ്പ്രവൃത്തിക്കാരുടെ നിമിത്തം നീ മുഷിയരുതു; നീതികേടു ചെയ്യുന്നവരോടു അസൂയപ്പെടുകയുമരുതു.

൨ അവർ പുല്ലുപോലെ വേഗത്തിൽ ഉണങ്ങി പച്ചച്ചെടിപോലെ വാടിപ്പോകുന്നു.

൩ യഹോവയിൽ ആശ്രയിച്ചു നന്മ ചെയ്ക; ദേശത്തു പാൎത്തു വിശ്വസ്തത ആചരിക്ക.

൪ യഹോവയിൽ തന്നേ രസിച്ചുകൊൾക ; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും.

൫ നിന്റെ വഴി യഹോവയെ ഭരമേല്പിക്ക ; അവനിൽ തന്നേ ആശ്രയിക്ക ; അവൻ അതു നിൎവ്വഹിക്കും.

൬ അവൻ നിന്റെ നീതിയെ പ്രഭാതംപോലെയും നിന്റെ ന്യായത്തെ മദ്ധ്യാഹ്നംപോലെയും പ്രകാശിപ്പിക്കും.

൭ യഹോവയുടെ മുമ്പാകെ മിണ്ടാതിരുന്നു അവന്നായി പ്രത്യാശിക്ക ; കാൎയ്യസാദ്ധ്യം പ്രാപിക്കുന്നവനെയും ദുരുപായം പ്രയോഗിക്കുന്നവനെയും കുറിച്ചു നീ മുഷിയരുതു.

൮ കോപം കളഞ്ഞു ക്രോധം ഉപേക്ഷിക്ക ; മുഷിഞ്ഞുപോകരുതു ; അതു ദോഷത്തിന്നു ഹേതുവാകേയുള്ളു.

൯ ദുഷ്പ്രവൃത്തിക്കാർ ഛേദിക്കപ്പെടും ; യഹോവയെ പ്രത്യാശിക്കുന്നവരോ ഭൂമിയെ കൈവശമാക്കും.

൧൦ കുറഞ്ഞൊന്നു കഴിഞ്ഞിട്ടു ദുഷ്ടൻ ഇല്ല ; നീ അവന്റെ ഇടം സൂക്ഷിച്ചുനോക്കും ; അവനെ കാണുകയില്ല.

൧൧ എന്നാൽ സൌമ്യതയുള്ളവർ ഭൂമിയെ കൈവശമാക്കും ; സമാധാനസമൃദ്ധിയിൽ അവർ ആനന്ദിക്കും.

൧൨ ദുഷ്ടൻ നീതിമാന്നു ദോഷം നിരൂപിക്കുന്നു ; അവന്റെ നേരെ അവൻ പല്ലു കടിക്കുന്നു.

൧൩ കൎത്താവു അവനെ നോക്കി ചിരിക്കും ; അവന്റെ ദിവസം വരുന്നു എന്നു അവൻ കാണുന്നു.

൧൪ എളിയവനെയും ദരിദ്രനെയും വീഴിപ്പാനും സന്മാൎഗ്ഗികളെ കൊല്ലുവാനും ദുഷ്ടന്മാർ വാളൂരി വില്ലു കുലെച്ചിരിക്കുന്നു.

൧൫ അവരുടെ വാൾ അവരുടെ ഹൃദയത്തിൽ തന്നേ കടക്കും ; അവരുടെ വില്ലുകൾ ഒടിഞ്ഞുപോകും.

൧൬ അനേക ദുഷ്ടന്മാൎക്കുള്ള സമൃദ്ധിയെക്കാൾ നീതിമാന്നുള്ള അല്പം ഏറ്റവും നല്ലതു.

൧൭ ദുഷ്ടന്മാരുടെ ഭുജങ്ങൾ ഒടിഞ്ഞുപോകും ; എന്നാൽ നീതിമാന്മാരെ യഹോവ താങ്ങും.

൧൮ യഹോവ നിഷ്കളങ്കന്മാരുടെ നാളുകളെ അറിയുന്നു ; അവരുടെ അവകാശം ശാശ്വതമായിരിക്കും.

൧൯ ദുഷ്കാലത്തു അവർ ലജ്ജിച്ചുപോകയില്ല ; ക്ഷാമകാലത്തു അവർ തൃപ്തരായിരിക്കും.

൨൦ എന്നാൽ ദുഷ്ടന്മാർ നശിച്ചുപോകും ; യഹോവയുടെ ശത്രുക്കൾ പുൽപുറത്തിന്റെ ഭംഗിപോലെയുള്ളു ; അവർ ക്ഷയിച്ചുപോകും ; പുകപോലെ ക്ഷയിച്ചുപോകും.

൨൧ ദുഷ്ടൻ വായ്പ വാങ്ങുന്നു, തിരികെ കൊടുക്കുന്നില്ല; നീതിമാനോ കൃപാലുവായി ദാനം ചെയ്യുന്നു.

൨൨ അവനാൽ അനുഗ്രഹിക്കപ്പെട്ടവർ ഭൂമിയെ കൈവശമാക്കും; അവനാൽ ശപിക്കപ്പെട്ടവരോ ഛേദിക്കപ്പെടും.

൨൩ ഒരു മനുഷ്യന്റെ വഴിയിൽ പ്രസാദം തോന്നിയാൽ യഹോവ അവന്റെ ഗമനം സ്ഥിരമാക്കുന്നു.

൨൪ അവൻ വീണാലും നിലംപരിചാകയില്ല; യഹോവ അവനെ കൈ പിടിച്ചു താങ്ങുന്നു.

൨൫ ഞാൻ ബാലനായിരുന്നു, വൃദ്ധനായിത്തീൎന്നു; നീതിമാൻ തുണയില്ലാതിരിക്കുന്നതും അവന്റെ സന്തതി ആഹാരം ഇരക്കുന്നതും ഞാൻ കണ്ടിട്ടില്ല.

൨൬ അവൻ നിത്യം കൃപാലുവായി വായ്പ കൊടുക്കുന്നു; അവന്റെ സന്തതി അനുഗ്രഹിക്കപ്പെടുന്നു.

൨൭ ദോഷം വിട്ടൊഴിഞ്ഞു ഗുണം ചെയ്ക; എന്നാൽ നീ സദാകാലം സുഖമായി വസിക്കും.

൨൮ യഹോവ ന്യായപ്രിയനാകുന്നു; തന്റെ വിശുദ്ധന്മാരെ ഉപേക്ഷിക്കുന്നതുമില്ല; അവർ എന്നേക്കും പരിപാലിക്കപ്പെടുന്നു; ദുഷ്ടന്മാരുടെ സന്തതിയോ ഛേദിക്കപ്പെടും.

൨൯ നീതിമാന്മാർ ഭൂമിയെ അവകാശമാക്കി എന്നേക്കും അതിൽ വസിക്കും.

൩൦ നീതിമാന്റെ വായ് ജ്ഞാനം പ്രസ്താവിക്കുന്നു; അവന്റെ നാവു ന്യായം സംസാരിക്കുന്നു.

൩൧ തന്റെ ദൈവത്തിന്റെ ന്യായപ്രമാണം അവന്റെ ഹൃദയത്തിൽ ഉണ്ടു; അവന്റെ കാലടികൾ വഴുതുകയില്ല.

൩൨ ദുഷ്ടൻ നീതിമാന്നായി പതിയിരുന്നു, അവനെ കൊല്ലുവാൻ നോക്കുന്നു.

൩൩ യഹോവ അവനെ അവന്റെ കയ്യിൽ വിട്ടുകൊടുക്കയില്ല; ന്യായവിസ്താരത്തിൽ അവനെ കുററം വിധിക്കയുമില്ല.

൩൪ യഹോവെക്കായി പ്രത്യാശിച്ചു അവന്റെ വഴി പ്രമാണിച്ചു നടക്ക; എന്നാൽ ഭൂമിയെ അവകാശമാക്കുവാൻ അവൻ നിന്നെ ഉയൎത്തും; ദുഷ്ടന്മാർ ഛേദിക്കപ്പെടുന്നതു നീ കാണും.

൩൫ ദുഷ്ടൻ പ്രബലനായിരിക്കുന്നതും സ്വദേശികമായ പച്ചവൃക്ഷംപോലെ തഴെക്കുന്നതും ഞാൻ കണ്ടിട്ടുണ്ടു.

൩൬ ഞാൻ പിന്നെ അതിലെ പോയപ്പോൾ അവൻ ഇല്ല; ഞാൻ അന്വേഷിച്ചു, അവനെ കണ്ടതുമില്ല.

൩൭ നിഷ്കളങ്കനെ കുറിക്കൊള്ളുക; നേരുള്ളവനെ നോക്കിക്കൊൾക; സമാധാനപുരുഷന്നു സന്തതി ഉണ്ടാകും.

൩൮ എന്നാൽ അതിക്രമക്കാർ ഒരുപോലെ മുടിഞ്ഞുപോകും; ദുഷ്ടന്മാരുടെ സന്താനം ഛേദിക്കപ്പെടും.

൩൯ നീതിമാന്മാരുടെ രക്ഷ യഹോവയിങ്കൽനിന്നു വരുന്നു; കഷ്ടകാലത്തു അവൻ അവരുടെ ദുൎഗ്ഗം ആകുന്നു.

൪൦ യഹോവ അവരെ സഹായിച്ചു വിടുവിക്കുന്നു; അവർ അവനിൽ ആശ്രയിക്കകൊണ്ടു അവൻ അവരെ ദുഷ്ടന്മാരുടെ കയ്യിൽനിന്നു വിടുവിച്ചു രക്ഷിക്കുന്നു.

## എട്ടാം തിയ്യതി

## കാലത്തെ പ്രാൎത്ഥന

### ൩൮ാം സങ്കീൎത്തനം

യഹോവേ, ക്രോധത്തോടെ എന്നെ ശിക്ഷിക്കരുതേ; ഉഗ്രനീരസത്തോടെ എന്നെ ദണ്ഡിപ്പിക്കയുമരുതേ.

൨ നിന്റെ അസ്ത്രങ്ങൾ എന്നിൽ തറെച്ചിരിക്കുന്നു; നിന്റെ കൈ എന്റെ മേൽ ഭാരമായിരിക്കുന്നു.

൩ നിന്റെ നീരസം ഹേതുവായി എന്റെ ദേഹത്തിൽ സൌഖ്യമില്ല; എന്റെ പാപം ഹേതുവായി എന്റെ അസ്ഥികളിൽ സ്വസ്ഥതയുമില്ല.

൪ എന്റെ അകൃത്യങ്ങൾ എന്റെ തലെക്കു മീതെ കവിഞ്ഞിരിക്കുന്നു; ഭാരമുള്ള ചുമടുപോലെ അവ എനിക്കു അതിഘനമായിരിക്കുന്നു.

൫ എന്റെ ഭോഷത്വം ഹേതുവായി എന്റെ വ്രണങ്ങൾ ചീഞ്ഞുനാറുന്നു.

൬ ഞാൻ കുനിഞ്ഞു ഏററവും കൂനിയിരിക്കുന്നു; ഞാൻ ഇടവിടാതെ ദുഃഖിച്ചു നടക്കുന്നു.

൭ എന്റെ അരയിൽ വരൾച നിറഞ്ഞിരിക്കുന്നു; എന്റെ ദേഹത്തിൽ സൌഖ്യമില്ല.

൮ ഞാൻ ക്ഷീണിച്ചു അത്യന്തം തകൎന്നിരിക്കുന്നു; എന്റെ ഹൃദയത്തിലെ ഞരക്കം നിമിത്തം ഞാൻ അലറുന്നു.

൯ കൎത്താവേ, എന്റെ ആഗ്രഹം ഒക്കെയും നിന്റെ മുമ്പിൽ ഇരിക്കുന്നു; എന്റെ ഞരക്കം നിനക്കു മറഞ്ഞിരിക്കുന്നതുമില്ല.

൧൦ എന്റെ നെഞ്ചിടിക്കുന്നു, ഞാൻ വശംകെട്ടിരിക്കുന്നു; എന്റെ കണ്ണിന്റെ വെളിച്ചവും എനിക്കില്ലാതെയായി.

൧൧ എന്റെ സ്നേഹിതന്മാരും കൂട്ടുകാരും എന്റെ ബാധ കണ്ടു മാറി നില്ക്കുന്നു; എന്റെ ചാൎച്ചക്കാരും അകന്നു നില്ക്കുന്നു.

൧൨ എനിക്കു പ്രാണഹാനി വരുത്തുവാൻ നോക്കുന്നവർ കണിവെക്കുന്നു; എനിക്കു അനൎത്ഥം അന്വേഷിക്കുന്നവർ വേണ്ടാതനം സംസാരിക്കുന്നു; അവർ ഇടവിടാതെ ചതിവു ചിന്തിക്കുന്നു.

൧൩ എങ്കിലും ഞാൻ ചെകിടനെപ്പോലെ കേൾക്കാതെ ഇരുന്നു; വായ്തുറക്കാത്ത ഊമനെപ്പോലെ ആയിരുന്നു.

൧൪ ഞാൻ, കേൾക്കാത്ത മനുഷ്യനെപ്പോലെയും വായിൽ പ്രതിവാദമില്ലാത്തവനെപ്പോലെയും ആയിരുന്നു.

൧൫ യഹോവേ, നിങ്കൽ ഞാൻ പ്രത്യാശവെച്ചിരിക്കുന്നു; എന്റെ ദൈവമായ കൎത്താവേ, നീ ഉത്തരം അരുളും.

൧൬ അവർ എന്നെച്ചൊല്ലി സന്തോഷിക്കരുതേ എന്നു ഞാൻ പറഞ്ഞു; എന്റെ കാൽ വഴുതുമ്പോൾ അവർ എന്റെ നേരെ വമ്പു പറയുമല്ലോ.

൧൭ ഞാൻ ഇടറി വീഴുമാറായിരിക്കുന്നു; എന്റെ ദുഃഖം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു.

൧൮ ഞാൻ എന്റെ അകൃത്യത്തെ ഏററുപറയുന്നു; എന്റെ പാപത്തെക്കുറിച്ചു ദുഃഖിക്കുന്നു.

൧൯ എന്റെ ശത്രുക്കളോ ജീവനും ബലവുമുള്ളവർ, എന്നെ വെറുതെ പകെക്കുന്നവർ പെരുകിയിരിക്കുന്നു.

൨൦ ഞാൻ നന്മ പിന്തുടരുകയാൽ അവർ എനിക്കു വിരോധികളായി നന്മെക്കു പകരം തിന്മ ചെയ്യുന്നു.

൨൧ യഹോവേ, എന്നെ കൈവിടരുതേ; എന്റെ ദൈവമേ, എന്നോടകന്നിരിക്കരുതേ.

൨൨ എന്റെ രക്ഷയാകുന്ന കൎത്താവേ, എന്റെ സഹായത്തിന്നു വേഗം വരേണമേ.

## ൩൯-ാം സങ്കീർത്തനം

നാവുകൊണ്ടു പാപം ചെയ്യാതിരിപ്പാൻ ഞാൻ എന്റെ വഴികളെ സൂക്ഷിക്കുമെന്നും ദുഷ്ടൻ എന്റെ മുമ്പിൽ ഇരിക്കുമ്പോൾ എന്റെ വായ് കടിഞ്ഞാണിട്ടു കാക്കുമെന്നും ഞാൻ പറഞ്ഞു.

൨ ഞാൻ ഉരിയാടാതെ ഊമനായിരുന്നു; നന്മയെ ഗണ്യമാക്കാതെ മൌനമായിരുന്നു; എന്റെ സങ്കടം പൊങ്ങി വന്നു.

൩ എന്റെ ഉള്ളിൽ ഹൃദയത്തിന്നു ചൂടുപിടിച്ചു, എന്റെ ധ്യാനത്തിങ്കൽ തീ കത്തി; അപ്പോൾ ഞാൻ നാവെടുത്തു സംസാരിച്ചു.

൪ യഹോവേ. എന്റെ അവസാനത്തെയും എന്റെ ആയുസ്സു എത്ര എന്നതിനെയും എന്നെ അറിയിക്കേണമേ; ഞാൻ എത്ര ക്ഷണികൻ എന്നു ഞാൻ അറിയുമാറാകട്ടെ.

൫ ഇതാ, നീ എന്റെ നാളുകളെ നാലുവിരൽ നീളമാക്കിയിരിക്കുന്നു; എന്റെ ആയുസ്സു നിന്റെ മുമ്പാകെ ഏതുമില്ലാത്തതു പോലെയിരിക്കുന്നു; ഏതു മനുഷ്യനും ഉറെച്ചുനിന്നാലും ഒരു ശ്വാസമത്രേ.

൬ മനുഷ്യരൊക്കെയും വെറും നിഴലായി നടക്കുന്നു നിശ്ചയം; അവർ വ്യർത്ഥമായി പരിശ്രമിക്കുന്നു നിശ്ചയം; അവൻ ധനം സമ്പാദിക്കുന്നു; ആർ അനുഭവിക്കും എന്നറിയുന്നില്ല.

൭ എന്നാൽ കർത്താവേ, ഞാൻ ഏതിന്നായി കാത്തിരിക്കുന്നു? എന്റെ പ്രത്യാശ നിങ്കൽ വെച്ചിരിക്കുന്നു.

൮ എന്റെ സകല ലംഘനങ്ങളിൽ നിന്നും എന്നെ വിടുവിക്കേണമേ; എന്നെ ഭോഷന്റെ നിന്ദയാക്കി വെക്കരുതേ.

൯ ഞാൻ വായ് തുറക്കാതെ ഊമനായിരുന്നു; നീയല്ലോ അങ്ങനെ വരുത്തിയതു.

൰ നിന്റെ ബാധ എങ്കൽനിന്നു നീക്കേണമേ; നിന്റെ കയ്യുടെ അടിയാൽ ഞാൻ ക്ഷയിച്ചിരിക്കുന്നു.

൰൧ അകൃത്യം നിമിത്തം നീ മനുഷ്യനെ ദണ്ഡനങ്ങളാൽ ശിക്ഷിക്കുമ്പോൾ നീ അവന്റെ സൌന്ദര്യത്തെ പുഴുപോലെ ക്ഷയിപ്പിക്കുന്നു; ഏതു മനുഷ്യനും ഒരു ശ്വാസമത്രേ ആകുന്നു.

൰൨ യഹോവേ, എന്റെ പ്രാർത്ഥന കേട്ടു എന്റെ അപേക്ഷ ചെവിക്കൊള്ളേണമേ. എന്റെ കണ്ണുനീർ കണ്ടു മിണ്ടാതിരിക്കരുതേ; ഞാൻ എന്റെ സകല പിതാക്കന്മാരെയും പോലെ നിന്റെ സന്നിധിയിൽ അന്യനും പരദേശിയും ആകുന്നുവല്ലോ.

൰൩ ഞാൻ ഇവിടെനിന്നു പോയി ഇല്ലാതെയാകുന്നതിന്നു മുമ്പെ ഉന്മേഷം പ്രാപിക്കേണ്ടതിന്നു നിന്റെ നോട്ടം എങ്കൽനിന്നു മാറേറണമേ.

## ൪൦-ാം സങ്കീർത്തനം

ഞാൻ യഹോവെക്കായി കാത്തുകാത്തിരുന്നു; അവൻ എങ്കലേക്കു ചാഞ്ഞു എന്റെ നിലവിളി കേട്ടു.

൨ നാശകരമായ കുഴിയിൽനിന്നും കുഴഞ്ഞ ചേററിൽനിന്നും അവൻ എന്നെ കയററി; എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി, എന്റെ ഗമനത്തെ സ്ഥിരമാക്കി.

൩ അവൻ എന്റെ വായിൽ പുതിയോരു പാട്ടു തന്നു, നമ്മുടെ ദൈവത്തിന്നു സ്തുതി തന്നേ; പലരും അതു കണ്ടു ഭയപ്പെട്ടു യഹോവയിൽ ആശ്രയിക്കും.

൪ യഹോവയെ തന്റെ ആശ്രയമാക്കിക്കൊള്ളുകയും നിഗളികളെയും വ്യാജത്തിലേക്കു തിരിയുന്നവരെയും ആദരിക്കാതിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ.

൫ എന്റെ ദൈവമായ യഹോവേ, നീ ചെയ്ത അത്ഭുതപ്രവൃത്തികളും ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വിചാരങ്ങളും വളരെയാകുന്നു; നിന്നോടു സദൃശൻ ആരുമില്ല; ഞാൻ അവയെ വിവരിച്ചു പ്രസ്താവിക്കുമായിരുന്നു; എന്നാൽ അവ എണ്ണിക്കൂടാതവണ്ണം അധികമാകുന്നു.

൬ ഹനനയാഗവും ഭോജനയാഗവും നീ ഇച്ഛിച്ചില്ല; നീ ചെവികളെ എനിക്കു തുളെച്ചിരിക്കുന്നു; ഹോമയാഗവും പാപയാഗവും നീ ചോദിച്ചില്ല.

൭ അപ്പോൾ ഞാൻ പറഞ്ഞു: ഇതാ, ഞാൻ വരുന്നു; പുസ്തകച്ചുരുളിൽ എന്നെക്കുറിച്ചു എഴുതിയിരിക്കുന്നു;

൮ എന്റെ ദൈവമേ, നിന്റെ ഇഷ്ടം ചെയ്വാൻ ഞാൻ പ്രിയപ്പെടുന്നു; നിന്റെ ന്യായപ്രമാണം എന്റെ ഉള്ളിൽ ഇരിക്കുന്നു.

൯ ഞാൻ മഹാസഭയിൽ നീതിയെ പ്രസംഗിച്ചു; അധരങ്ങളെ ഞാൻ അടക്കീട്ടില്ല; യഹോവേ, നീ അറിയുന്നു.

൧൦ ഞാൻ നിന്റെ നീതിയെ എന്റെ ഹൃദയത്തിൽ മറെച്ചുവെച്ചില്ല; നിന്റെ വിശ്വസ്തതയും രക്ഷയും ഞാൻ പ്രസ്താവിച്ചു; നിന്റെ ദയയും സത്യവും ഞാൻ മഹാസഭെക്കു മറെച്ചതുമില്ല.

൧൧ യഹോവേ, നിന്റെ കരുണ നീ എനിക്കു അടെച്ചുകളകയില്ല; നിന്റെ ദയയും സത്യവും എന്നെ നിത്യം പരിപാലിക്കും.

൧൨ സംഖ്യയില്ലാത്ത അനൎത്ഥങ്ങൾ എന്നെ ചുററിയിരിക്കുന്നു; മേല്പെട്ടു നോക്കുവാൻ കഴിയാതവണ്ണം എന്റെ അകൃത്യങ്ങൾ എന്നെ എത്തിപ്പിടിച്ചിരിക്കുന്നു; അവ എന്റെ തലയിലെ രോമങ്ങളിലും അധികം; ഞാൻ ധൈൎയ്യഹീനനായിത്തീൎന്നിരിക്കുന്നു.

൧൩ യഹോവേ, എന്നെ വിടുവിപ്പാൻ ഇഷ്ടം തോന്നേണമേ; യഹോവേ, എന്നെ സഹായിപ്പാൻ വേഗം വരേണമേ.

൧൪ എനിക്കു ജീവഹാനി വരുത്തുവാൻ നോക്കുന്നവർ ലജ്ജിച്ചു ഭ്രമിച്ചുപോകട്ടെ; എന്റെ അനൎത്ഥത്തിൽ സന്തോഷിക്കുന്നവർ പിന്തിരിഞ്ഞു അപമാനം ഏല്ക്കട്ടെ.

൧൫ നന്നായി, നന്നായി എന്നു എന്നോടു പറയുന്നവർ തങ്ങളുടെ നാണംനിമിത്തം സ്തംഭിച്ചുപോകട്ടെ.

൧൬ നിന്നെ അന്വേഷിക്കുന്ന എല്ലാവരും നിന്നിൽ ആനന്ദിച്ചു സന്തോഷിക്കട്ടെ; നിന്റെ രക്ഷയെ ഇച്ഛിക്കുന്നവർ യഹോവ മഹത്വമുള്ളവൻ എന്നു എപ്പോഴും പറയട്ടെ.

൧൭ ഞാനോ എളിയവനും ദരിദ്രനും ആകുന്നു; എങ്കിലും കൎത്താവു എന്നെ വിചാരിക്കുന്നു; നീ തന്നേ എന്റെ സഹായവും എന്നെ വിടുവിക്കുന്നവനും ആകുന്നു; എന്റെ ദൈവമേ, താമസിക്കരുതേ.

# എട്ടാം തിയ്യതി

## വൈകുന്നേരത്തേ പ്രാൎത്ഥന

### ൪൧ാം സങ്കീൎത്തനം

എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ ; അനൎത്ഥദിവസത്തിൽ യഹോവ അവനെ വിടുവിക്കും.

൨ യഹോവ അവനെ കാത്തു ജീവനോടെ പാലിക്കും ; അവൻ ഭൂമിയിൽ ഭാഗ്യവാനായിരിക്കും ; അവന്റെ ശത്രുക്കളുടെ ഇഷ്ടത്തിന്നു നീ അവനെ ഏല്പിക്കയില്ല.

൩ യഹോവ അവനെ രോഗശയ്യയിൽ താങ്ങും ; ദീനത്തിൽ നീ അവന്റെ കിടക്ക എല്ലാം മാററിവിരിക്കുന്നു.

൪ യഹോവേ, എന്നോടു കൃപ തോന്നി എന്നെ സൌഖ്യമാക്കേണമേ ; നിന്നോടല്ലോ ഞാൻ പാപം ചെയ്തതു എന്നു ഞാൻ പറഞ്ഞു.

൫ അവൻ എപ്പോൾ മരിച്ചു അവന്റെ പേർ നശിക്കും എന്നു എന്റെ ശത്രുക്കൾ എന്നെക്കുറിച്ചു ദോഷം പറയുന്നു.

൬ ഒരുത്തൻ എന്നെ കാണ്മാൻ വന്നാൽ അവൻ കപടവാക്കു പറയുന്നു ; അവന്റെ ഹൃദയം നീതികേടു സംഗ്രഹിക്കുന്നു ; അവൻ പുറത്തു പോയി അതു പ്രസ്താവിക്കുന്നു.

൭ എന്നെ പകെക്കുന്നവരൊക്കെയും എനിക്കു വിരോധമായി തമ്മിൽ മന്ത്രിക്കുന്നു ; അവർ എനിക്കു ദോഷം ചിന്തിക്കുന്നു.

൮ ഒരു ദുൎവ്യാധി അവന്നു പിടിച്ചിരിക്കുന്നു ; അവൻ കിടപ്പിലായി; ഇനി അവൻ എഴുന്നേല്ക്കയില്ല എന്നു അവർ പറയുന്നു.

൯ ഞാൻ വിശ്വസിച്ചിരുന്നവനും എന്റെ അപ്പം തിന്നവനുമായ എന്റെ പ്രാണസ്നേഹിതൻപോലും എന്റെ നേരെ കുതികാൽ ഉയൎത്തിയിരിക്കുന്നു.

൧൦ ഞാൻ അവൎക്കു പകരം ചെയ്യേണ്ടതിന്നു യഹോവേ, കൃപ തോന്നി എന്നെ എഴുന്നേല്പിക്കേണമേ.

൧൧ എന്റെ ശത്രു എന്നെച്ചൊല്ലി ജയഘോഷം കൊള്ളാതിരിക്കുന്നതിനാൽ നിനക്കു എന്നിൽ പ്രസാദമായിരിക്കുന്നു എന്നു ഞാൻ അറിയുന്നു.

൧൨ നീ എന്റെ നിഷ്കളങ്കത്വം നിമിത്തം എന്നെ താങ്ങുന്നു ; നിന്റെ മുമ്പിൽ എന്നേക്കും എന്നെ നിൎത്തിക്കൊള്ളുന്നു.

൧൩ യിസ്രായേലിന്റെ ദൈവമായ യഹോവ എന്നും എന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ. ആമേൻ, ആമേൻ

## ൪൨ാം സങ്കീർത്തനം

മാൻ നീർത്തോടുകളിലേക്കു ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ ദൈവമേ, എന്റെ ആത്മാവു നിന്നോടു ചേരുവാൻ കാംക്ഷിക്കുന്നു.

൨ എന്റെ ആത്മാവു ദൈവത്തിന്നായി, ജീവനുള്ള ദൈവത്തിന്നായി തന്നേ, ദാഹിക്കുന്നു; ഞാൻ എപ്പോൾ ദൈവസന്നിധിയിൽ ചെല്ലുവാനിടയാകും.

൩ നിന്റെ ദൈവം എവിടെ എന്നു അവർ എന്നോടു നിത്യം പറയുന്നതുകൊണ്ടു എന്റെ കണ്ണുനീർ രാവും പകലും എന്റെ ആഹാരമായ്തീർന്നിരിക്കുന്നു.

൪ ഉത്സവം ആചരിക്കുന്ന പുരുഷാരത്തിന്റെ സന്തോഷവും സ്തോത്രവുമായ സ്വരത്തോടുകൂടെ സമൂഹമദ്ധ്യേ ഞാൻ ദൈവാലയത്തിലേക്കു ചെന്നതു ഓർത്തു എന്റെ ഉള്ളം എന്നിൽ പകരുന്നു.

൫ എന്റെ ആത്മാവേ, നീ വിഷാദിച്ചു ഉള്ളിൽ ഞരങ്ങുന്നതെന്തു? ദൈവത്തിൽ പ്രത്യാശ വെക്കുക; അവൻ എന്റെ മുഖപ്രകാശകരക്ഷയും എന്റെ ദൈവവുമാകുന്നു എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും.

൬ എന്റെ ദൈവമേ, എന്റെ ആത്മാവു എന്നിൽ വിഷാദിച്ചിരിക്കുന്നു; അതുകൊണ്ടു യോർദ്ദാൻപ്രദേശത്തും ഹെർമ്മോൻപർവ്വതങ്ങളിലും മിസാർമലയിലുംവെച്ചു ഞാൻ നിന്നെ ഓർക്കുന്നു.

൭ നിന്റെ നീർച്ചാട്ടങ്ങളുടെ ഇരെച്ചലാൽ ആഴി ആഴിയെ വിളിക്കുന്നു; നിന്റെ ഓളങ്ങളും തിരമാലകളുമെല്ലാം എന്റെ മീതെ കടന്നുപോകുന്നു.

൮ യഹോവ പകൽനേരത്തു തന്റെ ദയ കല്പിക്കും; രാത്രിസമയത്തു ഞാൻ അവന്നു പാട്ടു പാടിക്കൊണ്ടിരിക്കും; എന്റെ ജീവന്റെ ദൈവത്തോടുള്ള പ്രാർത്ഥന തന്നേ.

൯ നീ എന്നെ മറന്നതു എന്തു? ശത്രുവിന്റെ ഉപദ്രവം ഹേതുവായി ഞാൻ ദുഃഖിച്ചുനടക്കേണ്ടിവന്നതുമെന്തു? എന്നു ഞാൻ എന്റെ പാറയായ ദൈവത്തോടു പറയും.

൧൦ നിന്റെ ദൈവം എവിടെ എന്നു എന്റെ ശത്രുക്കൾ ഇടവിടാതെ എന്നോടു പറഞ്ഞുകൊണ്ടു എന്റെ അസ്ഥികളെ തകർക്കുംവണ്ണം എന്നെ നിന്ദിക്കുന്നു.

൧൧ എന്റെ ആത്മാവേ, നീ വിഷാദിച്ചു ഉള്ളിൽ ഞരങ്ങുന്നതു എന്തു? ദൈവത്തിൽ പ്രത്യാശ വെക്കുക; അവൻ എന്റെ മുഖപ്രകാശകരക്ഷയും എന്റെ ദൈവവുമാകുന്നു എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും.

### ൪൩ാം സങ്കീൎത്തനം

ദൈവമേ, എനിക്കു ന്യായം പാലിച്ചുതരേണമേ; ഭക്തികെട്ട ജാതിയോടു എന്റെ വ്യവഹാരം നടത്തേണമേ; വഞ്ചനയും അനീതിയുമുള്ള മനുഷ്യങ്കൽനിന്നു എന്നെ വിടുവിക്കേണമേ.

൨ നീ എന്റെ ശരണമായ ദൈവമല്ലോ; നീ എന്നെ തള്ളിക്കളഞ്ഞിരിക്കുന്നതെന്തു? ശത്രുവിന്റെ ഉപദ്രവം ഹേതുവായി ഞാൻ ദുഃഖിച്ചുനടക്കേണ്ടിവന്നതുമെന്തു?

൩ നിന്റെ പ്രകാശവും സത്യവും അയച്ചുതരേണമേ; അവ എന്നെ നടത്തുമാറാകട്ടെ; നിന്റെ വിശുദ്ധപൎവ്വതത്തിലേക്കും തിരുനിവാസത്തിലേക്കും അവ എന്നെ എത്തിക്കുമാറാകട്ടെ.

൪ ഞാൻ ദൈവത്തിന്റെ പീഠത്തിങ്കലേക്കു, എന്റെ പരമാനന്ദമായ ദൈവത്തിങ്കലേക്കു ചെല്ലും; ദൈവമേ, എന്റെ ദൈവമേ, കിന്നരംകൊണ്ടു ഞാൻ നിന്നെ സ്തുതിക്കും.

൫ എന്റെ ആത്മാവേ, നീ വിഷാദിച്ചു ഉള്ളിൽ ഞരങ്ങുന്നതു എന്തു? ദൈവത്തിൽ പ്രത്യാശ വെക്കുക; അവൻ എന്റെ മുഖപ്രകാശകരക്ഷയും എന്റെ ദൈവവുമാകുന്നു എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും.

## ഒമ്പതാം തിയ്യതി
## കാലത്തെ പ്രാൎത്ഥന

### ൪൪ാം സങ്കീൎത്തനം

ദൈവമേ, പൂൎവ്വകാലത്തു ഞങ്ങളുടെ പിതാക്കന്മാരുടെ നാളുകളിൽ നീ ചെയ്ത പ്രവൃത്തി അവർ ഞങ്ങളോടു വിവരിച്ചിരിക്കുന്നു; ഞങ്ങളുടെ ചെവികൊണ്ടു ഞങ്ങൾ കേട്ടുമിരിക്കുന്നു.

൨ നിന്റെ കൈകൊണ്ടു നീ ജാതികളെ പുറത്താക്കി ഇവരെ നട്ടു; നീ വംശങ്ങളെ നശിപ്പിച്ചു, ഇവരെ പരക്കുമാറാക്കി.

൩ തങ്ങളുടെ വാളുകൊണ്ടല്ല അവർ ദേശത്തെ കൈവശമാക്കിയതു; സ്വന്ത ഭുജംകൊണ്ടല്ല അവർ ജയം നേടിയതു; നിന്റെ വലങ്കയ്യും നിന്റെ ഭുജവും നിന്റെ മുഖപ്രകാശവും കൊണ്ടത്രേ; നിനക്കു അവരോടു പ്രീതിയുണ്ടായിരുന്നുവല്ലോ.

൪ ദൈവമേ, നീ എന്റെ രാജാവാകുന്നു; യാക്കോബിന്നു രക്ഷ കല്പിക്കേണമേ.

൫ നിന്നാൽ ഞങ്ങൾ വൈരികളെ തള്ളിയിടും; ഞങ്ങളോടു എതിൎക്കുന്നവരെ നിന്റെ നാമത്തിൽ ചവിട്ടിക്കളയും.

൬ ഞാൻ എന്റെ വില്ലിൽ ആശ്രയിക്കയില്ല; എന്റെ വാൾ എന്നെ രക്ഷിക്കയുമില്ല.

൭ നീയത്രെ ഞങ്ങളെ വൈരികളുടെ കയ്യിൽനിന്നു രക്ഷിച്ചതു; ഞങ്ങളെ പകെച്ചവരെ നീ ലജ്ജിപ്പിച്ചുമിരിക്കുന്നു.

൮ ദൈവത്തിൽ ഞങ്ങൾ നിത്യം പ്രശംസിക്കുന്നു; നിന്റെ നാമത്തിന്നു എന്നും സ്തോത്രം ചെയ്യുന്നു.

൯ ഇപ്പോഴോ, നീ ഞങ്ങളെ തള്ളിക്കളഞ്ഞു ലജ്ജിപ്പിച്ചിരിക്കുന്നു; ഞങ്ങളുടെ സൈന്യങ്ങളോടുകൂടെ പുറപ്പെടുന്നതുമില്ല.

൧൦ വൈരിയുടെ മുമ്പിൽ നീ ഞങ്ങളെ പുറം കാട്ടുമാറാക്കുന്നു; ഞങ്ങളെ പകെക്കുന്നവർ ഞങ്ങളെ കൊള്ളയിടുന്നു.

൧൧ ഭക്ഷണത്തിന്നുള്ള ആടുകളെപ്പോലെ നീ ഞങ്ങളെ ഏല്പിച്ചുകൊടുത്തു; ജാതികളുടെ ഇടയിൽ ഞങ്ങളെ ചിന്നിച്ചിരിക്കുന്നു.

൧൨ നീ നിന്റെ ജനത്തെ വില വാങ്ങാതെ വില്ക്കുന്നു; അവരുടെ വിലകൊണ്ടു സമ്പത്തു വൎദ്ധിപ്പിക്കുന്നതുമില്ല.

൧൩ നീ ഞങ്ങളെ അയല്ക്കാൎക്കു അപമാനവിഷയവും ചുററുമുള്ളവൎക്കു നിന്ദയും പരിഹാസവും ആക്കുന്നു.

൧൪ നീ ജാതികളുടെ ഇടയിൽ ഞങ്ങളെ പഴഞ്ചൊല്ലിന്നും വംശങ്ങളുടെ നടുവിൽ തലകുലുക്കത്തിന്നും വിഷയം ആക്കുന്നു.

൧൫ നിന്ദിച്ചു ദുഷിക്കുന്നവന്റെ വാക്കു ഹേതുവായും ശത്രുവിന്റെയും പ്രതികാരകന്റെയും നിമിത്തമായും

൧൬ എന്റെ അപമാനം ഇടവിടാതെ എന്റെ മുമ്പിൽ ഇരിക്കുന്നു; എന്റെ മുഖത്തെ ലജ്ജ എന്നെ മൂടിയിരിക്കുന്നു.

൧൭ ഇതൊക്കെയും ഞങ്ങൾക്കു ഭവിച്ചു; ഞങ്ങളോ നിന്നെ മറന്നിട്ടില്ല; നിന്റെ നിയമത്തോടു അവിശ്വസ്തത കാണിച്ചിട്ടുമില്ല.

൧൮ നീ ഞങ്ങളെ കുറുക്കന്മാരുടെ സ്ഥലത്തുവെച്ചു തകൎത്തുകളവാനും കൂരിരുട്ടുകൊണ്ടു ഞങ്ങളെ മൂടുവാനും തക്കവണ്ണം

൧൯ ഞങ്ങളുടെ ഹൃദയം പിന്തിരികയോ ഞങ്ങളുടെ കാലടികൾ നിന്റെ വഴി വിട്ടുമാറുകയോ ചെയ്തിട്ടില്ല.

൨൦ ഞങ്ങളുടെ ദൈവത്തിന്റെ നാമത്തെ ഞങ്ങൾ മറക്കയോ ഞങ്ങളുടെ കൈകളെ അന്യദൈവത്തിങ്കലേക്കു മലൎത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ

൨൧ ദൈവം അതു ശോധന ചെയ്യാതിരിക്കുമോ? അവൻ ഹൃദയത്തിലെ രഹസ്യങ്ങളെ അറിയുന്നുവല്ലോ.

൨൨ നിന്റെ നിമിത്തം ഞങ്ങളെ ദിവസംപ്രതി കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു.

൨൩ കൎത്താവേ, ഉണരേണമേ; നീ ഉറങ്ങുന്നതു എന്തു? എഴുന്നേല്ക്കേണമേ; ഞങ്ങളെ എന്നേക്കും തള്ളിക്കളയരുതേ.

൨൪ നീ നിന്റെ മുഖത്തെ മറെക്കുന്നതും ഞങ്ങളുടെ കഷ്ടവും പീഡയും മറന്നുകളയുന്നതും എന്തു?

൨൫ ഞങ്ങൾ നിലത്തോളം കുനിഞ്ഞിരിക്കുന്നു; ഞങ്ങളുടെ വയറു ഭൂമിയോടു പറ്റിയിരിക്കുന്നു.

൨൬ ഞങ്ങളുടെ സഹായത്തിന്നായി എഴുന്നേല്ക്കേണമേ; നിന്റെ ദയനിമിത്തം ഞങ്ങളെ വീണ്ടെടുക്കേണമേ.

## ൪൫ാം സങ്കീൎത്തനം

എന്റെ ഹൃദയം ശുഭവചനത്താൽ കവിയുന്നു; എന്റെ കൃതി രാജാവിന്നു വേണ്ടിയുള്ളതു എന്നു ഞാൻ പറയുന്നു. എന്റെ നാവു സമൎത്ഥനായ ലേഖകന്റെ എഴുത്തുകോൽ ആകുന്നു.

൨ നീ മനുഷ്യപുത്രന്മാരിൽ അതിസുന്ദരൻ; ലാവണ്യം നിന്റെ അധരങ്ങളിന്മേൽ പകൎന്നിരിക്കുന്നു; അതുകൊണ്ടു ദൈവം നിന്നെ എന്നേക്കും അനുഗ്രഹിച്ചിരിക്കുന്നു.

൩ വീരനായുള്ളോവേ, നിന്റെ വാൾ അരെക്കു കെട്ടുക; നിന്റെ തേജസ്സും നിന്റെ മഹിമയും തന്നേ.

൪ സത്യവും സൌമ്യതയും നീതിയും പാലിക്കേണ്ടതിന്നു നീ മഹിമയോടെ കൃതാൎത്ഥനായി വാഹനമേറി എഴുന്നെള്ളുക; നിന്റെ വലങ്കൈ ഭയങ്കരകാൎയ്യങ്ങളെ നിനക്കുപദേശിച്ചുതരുമാറാകട്ടെ.

൫ നിന്റെ അസ്ത്രങ്ങൾ മൂൎച്ചയുള്ളവയാകുന്നു; ജാതികൾ നിന്റെ കീഴിൽ വീഴുന്നു; രാജാവിന്റെ ശത്രുക്കളുടെ നെഞ്ചത്തു അവ തറെക്കുന്നു.

൬ ദൈവമേ, നിന്റെ സിംഹാസനം എന്നും എന്നേക്കും ഉള്ളതാകുന്നു; നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നീതിയുള്ള ചെങ്കോലാകുന്നു.

൭ നീ നീതിയെ ഇഷ്ടപ്പെട്ടു ദുഷ്ടതയെ ദ്വേഷിക്കുന്നു; അതുകൊണ്ടു ദൈവം, നിന്റെ ദൈവം തന്നേ, നിന്റെ കൂട്ടുകാരിൽ പരമായി നിന്നെ ആനന്ദതൈലംകൊണ്ടു അഭിഷേകം ചെയ്തിരിക്കുന്നു.

൮ നിന്റെ വസ്ത്രമെല്ലാം മൂറും ചന്ദനവും ലവംഗവുംകൊണ്ടു സുഗന്ധമായിരിക്കുന്നു; ദന്തമന്ദിരങ്ങളിൽനിന്നു കമ്പിനാദം നിന്നെ സന്തോഷിപ്പിക്കുന്നു.

൯ നിന്റെ സ്ത്രീരത്നങ്ങളുടെ കൂട്ടത്തിൽ രാജകുമാരികൾ ഉണ്ടു; നിന്റെ വലത്തുഭാഗത്തു രാജ്ഞി ഓഫീർതങ്കം അണിഞ്ഞുനില്ക്കുന്നു.

൰ അല്ലയോ കുമാരീ, കേൾക്ക; നോക്കുക; ചെവി ചായ്ക്ക; സ്വജനത്തെയും നിന്റെ പിതൃഭവനത്തെയും മറക്ക.

൧൧ അപ്പോൾ രാജാവു നിന്റെ സൌന്ദൎയ്യത്തെ ആഗ്രഹിക്കും; അവൻ നിന്റെ നാഥനല്ലൊ; നീ അവനെ നമസ്കരിച്ചുകൊൾക.

൧൨ സോർനിവാസികൾ, ജനത്തിലെ ധനവാന്മാർ തന്നേ, കാഴ്ചവെച്ചു നിന്റെ മുഖപ്രസാദം തേടും.

൧൩ അന്തഃപുരത്തിലെ രാജകുമാരി ശോഭാപരിപൂൎണ്ണയാകുന്നു; അവളുടെ വസ്ത്രം പൊൻകസവുകൊണ്ടുള്ളതു.

൧൪ അവളെ ചിത്രത്തയ്യലുള്ള വസ്ത്രം ധരിപ്പിച്ചു രാജസന്നിധിയിൽ കൊണ്ടുവരും; അവളുടെ തോഴിമാരായി കൂടെ നടക്കുന്ന കന്യകമാരെയും നിന്റെ അടുക്കൽ കൊണ്ടുവരും.

൧൫ സന്തോഷത്തോടും ഉല്ലാസത്തോടുംകൂടെ അവരെ കൊണ്ടുവരും; അവർ രാജമന്ദിരത്തിൽ പ്രവേശിക്കും.

൧൬ നിന്റെ പുത്രന്മാർ നിന്റെ പിതാക്കന്മാൎക്കു പകരം ഇരിക്കും; സൎവ്വഭൂമിയിലും നീ അവരെ പ്രഭുക്കന്മാരാക്കും.

൧൭ ഞാൻ നിന്റെ നാമത്തെ എല്ലാ തലമുറകളിലും ഓൎക്കുമാറാക്കും. അതുകൊണ്ടു ജാതികൾ എന്നും എന്നേക്കും നിനക്കു സ്തോത്രം ചെയ്യും.

## ൪൬ാം സങ്കീൎത്തനം

൧ ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു.

൨ അതുകൊണ്ടു ഭൂമി മാറിപ്പോയാലും പൎവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും,

൩ അതിലെ വെള്ളം ഇരെച്ചു കലങ്ങിയാലും അതിന്റെ കോപംകൊണ്ടു പൎവ്വതങ്ങൾ കുലുങ്ങിയാലും നാം ഭയപ്പെടുകയില്ല.

൪ ഒരു നദി ഉണ്ടു; അതിന്റെ തോടുകൾ ദൈവനഗരത്തെ, അത്യുന്നതന്റെ വിശുദ്ധനിവാസത്തെ തന്നേ, സന്തോഷിപ്പിക്കുന്നു.

൫ ദൈവം അതിന്റെ മദ്ധ്യേ ഉണ്ടു; അതു കുലുങ്ങിപ്പോകയില്ല; ദൈവം അതികാലത്തു തന്നേ അതിനെ സഹായിക്കും.

൬ ജാതികൾ ക്രുദ്ധിച്ചു; രാജ്യങ്ങൾ കുലുങ്ങി; അവൻ തന്റെ ശബ്ദം കേൾപ്പിച്ചു; ഭൂമി ഉരുകിപ്പോയി.

൭ സൈന്യങ്ങളുടെ യഹോവ നമ്മോടുകൂടെ ഉണ്ടു; യാക്കോബിന്റെ ദൈവം നമ്മുടെ ദുൎഗ്ഗം ആകുന്നു.

൮ വരുവിൻ യഹോവയുടെ പ്രവൃത്തികളെ നോക്കുവിൻ; അവൻ ഭൂമിയിൽ എത്ര ശൂന്യത വരുത്തിയിരിക്കുന്നു!

൯ അവൻ ഭൂമിയുടെ അറ്റംവരെയും യുദ്ധങ്ങളെ നിൎത്തൽ ചെയ്യുന്നു; അവൻ വില്ലൊടിച്ചു കുന്തം മുറിച്ചു രഥങ്ങളെ തീയിൽ ഇട്ടു ചുടുകളയുന്നു.

൧൦ മിണ്ടാതിരുന്നു, ഞാൻ ദൈവമെന്നു അറിഞ്ഞുകൊൾവിൻ; ഞാൻ ജാതികളുടെ ഇടയിൽ ഉന്നതൻ ആകും; ഞാൻ ഭൂമിയിൽ ഉന്നതൻ ആകും.

൧൧ സൈന്യങ്ങളുടെ യഹോവ നമ്മോടുകൂടെ ഉണ്ടു; യാക്കോബിന്റെ ദൈവം നമ്മുടെ ദുൎഗ്ഗം ആകുന്നു.

## ഒമ്പതാം തിയ്യതി

## വൈകുന്നേരത്തെ പ്രാൎത്ഥന

### ൪൭ാം സങ്കീൎത്തനം

സകല ജാതികളുമായുള്ളോരേ, കൈകൊട്ടുവിൻ; ജയഘോഷത്തോടെ ദൈവസന്നിധിയിൽ ആൎക്കുവിൻ.

൨ അത്യുന്നതനായ യഹോവ ഭയങ്കരൻ; അവൻ സൎവ്വഭൂമിക്കും മഹാരാജാവാകുന്നു.

൩ അവൻ ജാതികളെ നമ്മുടെ കീഴിലും വംശങ്ങളെ നമ്മുടെ കാൽകീഴിലും ആക്കുന്നു.

൪ അവൻ നമുക്കു നമ്മുടെ അവകാശത്തെ തിരഞ്ഞെടുത്തു തന്നു; താൻ സ്നേഹിച്ച യാക്കോബിന്റെ ശ്ലാഘ്യഭൂമിയെ തന്നേ.

൫ ദൈവം ജയഘോഷത്തോടും യഹോവ കാഹളനാദത്തോടും കൂടെ ആരോഹണം ചെയ്യുന്നു.

൬ ദൈവത്തിന്നു സ്തുതി പാടുവിൻ, സ്തുതിപാടുവിൻ; നമ്മുടെ രാജാവിന്നു സ്തുതി പാടുവിൻ, സ്തുതി പാടുവിൻ.

൭ ദൈവം സൎവ്വഭൂമിക്കും രാജാവാകുന്നു; ഒരു ചാതുൎയ്യ കീൎത്തനം പാടുവിൻ.

൮ ദൈവം ജാതികളെ ഭരിക്കുന്നു; ദൈവം തന്റെ വിശുദ്ധ സിംഹാസനത്തിൽ ഇരിക്കുന്നു.

൯ വംശങ്ങളുടെ പ്രഭുക്കന്മാർ അബ്രാഹാമിൻ ദൈവത്തിന്റെ ജനമായി ഒന്നിച്ചു കൂടുന്നു; ഭൂമിയിലെ പരിചകൾ ദൈവത്തിന്നുള്ളവയല്ലോ; അവൻ ഏററവും ഉന്നതനായിരിക്കുന്നു.

### ൪൮ാം സങ്കീൎത്തനം

നമ്മുടെ ദൈവത്തിന്റെ നഗരത്തിൽ, അവന്റെ വിശുദ്ധ പൎവ്വതത്തിൽ യഹോവ വലിയവനും അത്യന്തം സ്തുത്യനും ആകുന്നു.

൨ മഹാരാജാവിന്റെ നഗരമായി ഉത്തരഗിരിയായ സീയോൻപൎവ്വതം ഉയരംകൊണ്ടു മനോഹരവും സൎവ്വഭൂമിയുടെയും ആനന്ദവുമാകുന്നു.

൩ അതിന്റെ അരമനകളിൽ ദൈവം ഒരു ദുൎഗ്ഗമായി വെളിപ്പെട്ടുവന്നിരിക്കുന്നു.

൪ ഇതാ, രാജാക്കന്മാർ കൂട്ടം കൂടി; അവർ ഒന്നിച്ചു കടന്നുപോയി.

൫ അവർ അതു കണ്ടു അമ്പരന്നു, അവർ പരിഭ്രമിച്ചു ഓടിപ്പോയി.

൬ അവൎക്കു അവിടെ വിറയൽ പിടിച്ചു; നോവു കിട്ടിയവൾക്കെന്നപോലെ വേദന പിടിച്ചു.

൭ നീ കിഴക്കൻകാററുകൊണ്ടു തൎശീശ് കപ്പലുകളെ ഉടെച്ചുകളയുന്നു.

൮ നാം കേട്ടതുപോലെ തന്നേ സൈന്യങ്ങളുടെ യഹോവയുടെ നഗരത്തിൽ, നമ്മുടെ ദൈവത്തിന്റെ നഗരത്തിൽ കണ്ടിരിക്കുന്നു; ദൈവം അതിനെ സദാകാലത്തേക്കും സ്ഥിരമാക്കുന്നു.

൯ ദൈവമേ, നിന്റെ മന്ദിരത്തിന്റെ മദ്ധ്യേ ഞങ്ങൾ നിന്റെ ദയയെക്കുറിച്ചു ചിന്തിക്കുന്നു.

൰ ദൈവമേ, നിന്റെ നാമംപോലെ തന്നേ നിന്റെ സ്തുതിയും ഭൂമിയുടെ അററങ്ങളോളം എത്തുന്നു; നിന്റെ വലങ്കയ്യിൽ നീതി നിറഞ്ഞിരിക്കുന്നു.

൰൧ നിന്റെ ന്യായവിധികൾ നിമിത്തം സീയോൻപൎവ്വതം സന്തോഷിക്കയും യെഹൂദാപുത്രിമാർ ആനന്ദിക്കയും ചെയ്യുന്നു.

൰൨ സീയോനെ ചുററി നടന്നു പ്രദക്ഷിണം ചെയ്വിൻ; അതിന്റെ ഗോപുരങ്ങളെ എണ്ണുവിൻ.

൰൩ വരുവാനുള്ള തലമുറയോടു അറിയിക്കേണ്ടതിന്നു അതിന്റെ കൊത്തളങ്ങളെ സൂക്ഷിച്ചു അരമനകളെ നടന്നു നോക്കുവിൻ.

൰൪ ഈ ദൈവം എന്നും എന്നേക്കും നമ്മുടെ ദൈവമാകുന്നു; അവൻ നമ്മെ ജീവപൎയ്യന്തം വഴിനടത്തും.

## ൪൯-ാം സങ്കീൎത്തനം

സകല ജാതികളുമായുള്ളോരേ, ഇതു കേൾപ്പിൻ; സകല ഭൂവാസികളുമായുള്ളോരേ, ചെവിക്കൊൾവിൻ.

൨ സാമാന്യജനവും ശ്രേഷ്ഠജനവും ധനവാന്മാരും ദരിദ്രന്മാരും തന്നേ.

൩ എന്റെ വായ് ജ്ഞാനം പ്രസ്താവിക്കും; എന്റെ ഹൃദയത്തിലെ ധ്യാനം വിവേകം തന്നേ ആയിരിക്കും.

൪ ഞാൻ സദൃശവാക്യത്തിന്നു എന്റെ ചെവി ചായ്ക്കും; കിന്നരനാദത്തോടെ എന്റെ കടങ്കഥ കേൾപ്പിക്കും.

൫ അകൃത്യം എന്റെ കുതികാലിനെ പിന്തുടൎന്നു എന്നെ വളയുന്ന ദുഷ്കാലത്തു ഞാൻ ഭയപ്പെടുന്നതു എന്തിന്നു ?

൬ അവർ തങ്ങളുടെ സമ്പത്തിൽ ആശ്രയിക്കയും ധനസമൃദ്ധിയിൽ പ്രശംസിക്കയും ചെയ്യുന്നു.

൭ സഹോദരൻ ശവക്കുഴി കാണാതെ എന്നെന്നേക്കും ജീവിച്ചിരിക്കേണ്ടതിന്നു

൮ അവനെ വീണ്ടെടുപ്പാനോ ദൈവത്തിന്നു വീണ്ടെടുപ്പുവില കൊടുപ്പാനോ ആൎക്കും കഴികയില്ല.

൯ അവരുടെ പ്രാണന്റെ വീണ്ടെടുപ്പു വിലയേറിയതു; അതു ഒരുനാളും സാധിക്കയില്ല.

൧൦ ജ്ഞാനികൾ മരിക്കയും മൂഢനും മൃഗപ്രായനും ഒരുപോലെ നശിക്കയും തങ്ങളുടെ സമ്പാദ്യം മറ്റുള്ളവൎക്കു വിട്ടേച്ചുപോകയും ചെയ്യുന്നതു കാണുന്നുവല്ലോ.

൧൧ തങ്ങളുടെ ഭവനങ്ങൾ ശാശ്വതമായും തങ്ങളുടെ വാസസ്ഥലങ്ങൾ തലമുറതലമുറയായും നില്ക്കും എന്നിങ്ങനെയാകുന്നു അവരുടെ അന്തൎഗ്ഗതം; തങ്ങളുടെ നിലങ്ങൾക്കു അവർ തങ്ങളുടെ പേരിടുന്നു.

൧൨ എന്നാൽ മനുഷ്യൻ ബഹുമാനത്തിൽ നിലനില്ക്കയില്ല; അവൻ നശിച്ചുപോകുന്ന മൃഗങ്ങൾക്കു തുല്യൻ.

൧൩ ഇതു സ്വയാശ്രയക്കാരുടെ ഗതിയാകുന്നു; അവരുടെ അനന്തരവരോ അവരുടെ വാക്കുകളിൽ ഇഷ്ടപ്പെടുന്നു.

൧൪ അവരെ പാതാളത്തിന്നു ആടുകളായി ഏല്പിച്ചിരിക്കുന്നു; മൃത്യു അവരെ മേയിക്കുന്നു; നേരുള്ളവർ പുലൎച്ചെക്കു അവരുടെമേൽ വാഴും; അവരുടെ രൂപം ഇല്ലാതെയാകും; പാതാളം അവരുടെ പാൎപ്പിടം.

൧൫ എങ്കിലും എന്റെ പ്രാണനെ ദൈവം പാതാളത്തിന്റെ അധികാരത്തിൽ നിന്നു വീണ്ടെടുക്കും; അവൻ എന്നെ കൈക്കൊള്ളും.

൧൬ ഒരുത്തൻ ധനവാനായിത്തീൎന്നാലും അവന്റെ ഭവനത്തിന്റെ മഹത്വം വൎദ്ധിച്ചാലും നീ ഭയപ്പെടരുതു.

൧൭ അവൻ മരിക്കുമ്പോൾ യാതൊന്നും കൊണ്ടുപോകയില്ല; അവന്റെ മഹത്വം അവനെ പിൻചെല്ലുകയുമില്ല.

൧൮ അവൻ ജീവനോടിരുന്നപ്പോൾ താൻ ഭാഗ്യവാൻ എന്നു പറഞ്ഞു; നീ നിനക്കു തന്നേ നന്മ ചെയ്യുമ്പോൾ മനുഷ്യർ നിന്നെ പുകഴ്ത്തും.

൧൯ അവൻ തന്റെ പിതാക്കന്മാരുടെ തലമുറയോടു ചെന്നുചേരും; അവർ ഒരുനാളും വെളിച്ചം കാണുകയില്ല.

൨൦ മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്കു തുല്യനത്രേ.

## പത്താം തിയ്യതി

## കാലത്തെ പ്രാൎത്ഥന

### ൫൰ാം സങ്കീൎത്തനം

ദൈവം, യഹോവയായ ദൈവം അരുളിച്ചെയ്തു; സൂൎയ്യന്റെ ഉദയം മുതൽ അസ്തമയംവരെ ഭൂമിയെ വിളിക്കുന്നു.

൨ സൌന്ദൎയ്യത്തിന്റെ പൂൎണ്ണതയായ സീയോനിൽനിന്നു ദൈവം പ്രകാശിക്കുന്നു.

൩ നമ്മുടെ ദൈവം വരുന്നു; മൌനമായിരിക്കയില്ല; അവന്റെ മുമ്പിൽ തീ ദഹിപ്പിക്കുന്നു; അവന്റെ ചുററും വലിയോരു കൊടുങ്കാററടിക്കുന്നു.

൪ തന്റെ ജനത്തെ ന്യായംവിധിക്കേണ്ടതിന്നു അവൻ മേലിൽനിന്നു ആകാശത്തെയും ഭൂമിയെയും വിളിക്കുന്നു.

൫ യാഗം കഴിച്ചു എന്നോടു നിയമം ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ.

൬ ദൈവം തന്നേ ന്യായാധിപതി ആയിരിക്കയാൽ ആകാശം അവന്റെ നീതിയെ ഘോഷിക്കും.

൭ എന്റെ ജനമേ, കേൾക്ക; ഞാൻ സംസാരിക്കും. യിസ്രായേലേ, ഞാൻ നിന്നോടു സാക്ഷീകരിക്കും; ദൈവമായ ഞാൻ നിന്റെ ദൈവമാകുന്നു.

൮ നിന്റെ ഹനനയാഗങ്ങളെക്കുറിച്ചു ഞാൻ നിന്നെ ശാസിക്കുന്നില്ല; നിന്റെ ഹോമയാഗങ്ങൾ എപ്പോഴും എന്റെ മുമ്പാകെ ഇരിക്കുന്നു.

൯ നിന്റെ വീട്ടിൽനിന്നു കാളയെയോ നിന്റെ തൊഴുത്തുകളിൽനിന്നു കോലാട്ടുകൊററന്മാരെയോ ഞാൻ എടുക്കയില്ല.

൰ കാട്ടിലെ സകല മൃഗവും പൎവ്വതങ്ങളിലെ ആയിരമായിരം ജന്തുക്കളും എനിക്കുള്ളവയാകുന്നു.

൰൧ മലകളിലെ പക്ഷികളെ ഒക്കെയും ഞാൻ അറിയുന്നു; വയലിലെ ജന്തുക്കളും എനിക്കുള്ളവ തന്നേ.

൰൨ എനിക്കു വിശന്നാൽ ഞാൻ നിന്നോടു പറകയില്ല; ഭൂലോകവും അതിന്റെ നിറവും എന്റേതല്ലോ.

൰൩ ഞാൻ കാളകളുടെ മാംസം തിന്നുമോ? കോലാട്ടുകൊററന്മാരുടെ രക്തം കുടിക്കുമോ?

൰൪ ദൈവത്തിന്നു സ്തോത്രയാഗം അൎപ്പിക്ക; അത്യുന്നതന്നു നിന്റെ നേൎച്ചകളെ കഴിക്ക.

൧൫ കഷ്ടകാലത്തു എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും.

൧൬ എന്നാൽ ദുഷ്ടനോടു ദൈവം അരുളിച്ചെയ്യുന്നു: നീ എന്റെ ചട്ടങ്ങളെ അറിയിപ്പാനും എന്റെ നിയമത്തെ നിന്റെ വായിൽ എടുപ്പാനും നിനക്കെന്തു കാൎയ്യം?

൧൭ നീ ശാസനയെ വെറുത്തു എന്റെ വചനങ്ങളെ നിന്റെ പുറകിൽ എറിഞ്ഞുകളയുന്നവനല്ലോ.

൧൮ കള്ളനെ കണ്ടാൽ നീ അവന്നു അനുകൂലപ്പെടുന്നു; വ്യഭിചാരികളോടു നീ പങ്കു കൂടുന്നു.

൧൯ നിന്റെ വായ് നീ ദോഷത്തിന്നു വിട്ടു കൊടുക്കുന്നു; നിന്റെ നാവു വഞ്ചന പിണെക്കുന്നു.

൨൦ നീ ഇരുന്നു നിന്റെ സഹോദരന്നു വിരോധമായി സംസാരിക്കുന്നു; നിന്റെ അമ്മയുടെ മകനെക്കുറിച്ചു അപവാദം പറയുന്നു.

൨൧ ഇവ നീ ചെയ്തു ഞാൻ മിണ്ടാതിരിക്കയാൽ ഞാൻ നിന്നെപ്പോലെയുള്ളവനെന്നു നീ നിരൂപിച്ചു; എന്നാൽ ഞാൻ നിന്നെ ശാസിച്ചു നിന്റെ കണ്ണിൻമുമ്പിൽ അവയെ നിരത്തിവെക്കും.

൨൨ ദൈവത്തെ മറക്കുന്നവരേ, ഇതു ഓൎത്തുകൊൾവിൻ; അല്ലെങ്കിൽ ഞാൻ നിങ്ങളെ കീറിക്കളയും; വിടുവിപ്പാൻ ആരുമുണ്ടാകയുമില്ല.

൨൩ സ്തോത്രമെന്ന യാഗം അൎപ്പിക്കുന്നവൻ എന്നെ മഹത്വപ്പെടുത്തുന്നു; തന്റെ നടപ്പിനെ ക്രമപ്പെടുത്തുന്നവന്നു ഞാൻ ദൈവത്തിന്റെ രക്ഷയെ കാണിക്കും.

## ൫൧ാം സങ്കീൎത്തനം

ദൈവമേ, നിന്റെ ദയെക്കു തക്കവണ്ണം എന്നോടു കൃപയുണ്ടാകേണമേ; നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചുകളയേണമേ.

൨ എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ; എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേണമേ.

൩ എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു; എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു.

൪ നിന്നോടു തന്നേ ഞാൻ പാപം ചെയ്തു; നിനക്കു അനിഷ്ടമായുള്ളതു ഞാൻ ചെയ്തിരിക്കുന്നു. സംസാരിക്കുമ്പോൾ നീ നീതിമാനായും വിധിക്കുമ്പോൾ നിൎമ്മലനായും ഇരിക്കേണ്ടതിന്നു തന്നേ.

൫ ഇതാ, ഞാൻ അകൃത്യത്തിൽ ഉരുവായി; പാപത്തിൽ എന്റെ അമ്മ എന്നെ ഗൎഭം ധരിച്ചു.

൬ അന്തൎഭാഗത്തിലെ സത്യമല്ലോ നീ ഇച്ഛിക്കുന്നതു; അന്തരംഗത്തിൽ എന്നെ ജ്ഞാനം ഗ്രഹിപ്പിക്കേണമേ.

൭ ഞാൻ നിൎമ്മലനാകേണ്ടതിന്നു ഈസോപ്പുകൊണ്ടു എന്നെ ശുദ്ധികരിക്കേണമേ; ഞാൻ ഹിമത്തെക്കാൾ വെളുക്കേണ്ടതിന്നു എന്നെ കഴുകേണമേ.

൮ സന്തോഷവും ആനന്ദവും എന്നെ കേൾക്കുമാറാക്കേണമേ; നീ ഒടിച്ച അസ്ഥികൾ ഉല്ലസിക്കട്ടെ.

൯ എന്റെ പാപങ്ങളെ കാണാതവണ്ണം നിന്റെ മുഖം മറെക്കേണമേ; എന്റെ അകൃത്യങ്ങളെ ഒക്കെയും മായിച്ചുകളയേണമേ.

൧൦ ദൈവമേ, നിൎമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കേണമേ.

൧൧ നിന്റെ സന്നിധിയിൽനിന്നു എന്നെ തള്ളിക്കളയരുതേ; നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്നു എടുക്കയുമരുതേ.

൧൨ നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ; മനസ്സൊരുക്കമുള്ള ആത്മാവിനാൽ എന്നെ താങ്ങേണമേ.

൧൩ അപ്പോൾ ഞാൻ അതിക്രമക്കാരോടു നിന്റെ വഴികളെ ഉപദേശിക്കും; പാപികൾ നിങ്കലേക്കു മനംതിരിയും.

൧൪ എന്റെ രക്ഷയുടെ ദൈവമായ ദൈവമേ, രക്തപാതകത്തിൽനിന്നു എന്നെ വിടുവിക്കേണമേ; എന്നാൽ എന്റെ നാവു നിന്റെ നീതിയെ ഘോഷിക്കും.

൧൫ കൎത്താവേ, എന്റെ അധരങ്ങളെ തുറക്കേണമേ; എന്നാൽ എന്റെ വായ് നിന്റെ സ്തുതിയെ വൎണ്ണിക്കും.

൧൬ ഹനനയാഗം നീ ഇച്ഛിക്കുന്നില്ല; അല്ലെങ്കിൽ ഞാൻ അൎപ്പിക്കുമായിരുന്നു; ഹോമയാഗത്തിൽ നിനക്കു പ്രസാദവുമില്ല.

൧൭ ദൈവത്തിന്റെ ഹനനയാഗങ്ങൾ തകൎന്നിരിക്കുന്ന മനസ്സു; തകൎന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ, നീ നിരസിക്കയില്ല.

൧൮ നിന്റെ പ്രസാദപ്രകാരം സീയോനോടു നന്മ ചെയ്യേണമേ; യെരൂശലേമിന്റെ മതിലുകളെ പണിയേണമേ.

൧൯ അപ്പോൾ നീ നീതിയാഗങ്ങളിലും ഹോമയാഗങ്ങളിലും സൎവ്വാംഗഹോമങ്ങളിലും പ്രസാദിക്കും; അപ്പോൾ നിന്റെ യാഗപീഠത്തിന്മേൽ കാളകളെ അൎപ്പിക്കും.

## ൫൨ാം സങ്കീൎത്തനം

വീരാ, നീ ദുഷ്ടതയിൽ പ്രശംസിക്കുന്നതെന്തു? ദൈവത്തിന്റെ ദയ നിരന്തരമാകുന്നു.

൨ ചതിവു ചെയ്യുന്നവനേ, മൂൎച്ചയുള്ള ക്ഷൌരക്കത്തിപോലെ നിന്റെ നാവു ദുഷ്ടത വകഞ്ഞുണ്ടാക്കുന്നു.

൩. നീ നന്മയെക്കാൾ തിന്മയെയും നീതിയെ സംസാരിക്കുന്നതിനെക്കാൾ വ്യാജത്തെയും ഇഷ്ടപ്പെടുന്നു.

൪ നീ വഞ്ചനനാവും നാശകരമായ വാക്കുകളൊക്കെയും ഇഷ്ടപ്പെടുന്നു.

൫ ദൈവം നിന്നെയും എന്നേക്കും നശിപ്പിക്കും; നിന്റെ കൂടാരത്തിൽനിന്നു അവൻ നിന്നെ പറിച്ചുകളയും; ജീവനുള്ളവരുടെ ദേശത്തുനിന്നു നിന്നെ നിൎമ്മൂലമാക്കും.

൬ നീതിമാന്മാർ കണ്ടു ഭയപ്പെടും; അവർ അവനെച്ചൊല്ലി ചിരിക്കും.

൭ ദൈവത്തെ തന്റെ ശരണമാക്കാതെ തന്റെ ദ്രവ്യസമൃദ്ധിയിൽ ആശ്രയിക്കയും ദുഷ്ടതയിൽ തന്നെത്താൻ ഉറപ്പിക്കയും ചെയ്ത മനുഷ്യൻ അതാ എന്നു പറയും.

൮ ഞാനോ, ദൈവത്തിന്റെ ആലയത്തിങ്കൽ തഴെച്ചിരിക്കുന്ന ഒലിവുവൃക്ഷംപോലെ ആകുന്നു; ഞാൻ ദൈവത്തിന്റെ ദയയിൽ എന്നും എന്നേക്കും ആശ്രയിക്കുന്നു.

൯ നീ അതു ചെയ്തിരിക്കകൊണ്ടു ഞാൻ നിനക്കു എന്നും സ്തോത്രം ചെയ്യും: ഞാൻ നിന്റെ നാമത്തിൽ പ്രത്യാശവെക്കും; നിന്റെ ഭക്തന്മാരുടെ മുമ്പാകെ അതു നല്ലതല്ലോ.

## പത്താം തീയതി

## വൈകുന്നേരത്തെ പ്രാൎത്ഥന

### ൫൩-ാം സങ്കീൎത്തനം

ദൈവം ഇല്ല എന്നു മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു; അവർ വഷളന്മാരായി. മ്ലേച്ഛമായ നീതികേടു പ്രവൎത്തിക്കുന്നു; നന്മ ചെയ്യുന്നവൻ ആരുമില്ല.

൨ ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാൻ ഉണ്ടോ എന്നു കാണ്മാൻ ദൈവം സ്വൎഗ്ഗത്തിൽനിന്നു മനുഷ്യപുത്രന്മാരെ നോക്കുന്നു.

൩ എല്ലാവരും പിൻവാങ്ങി ഒരുപോലെ കൊള്ളരുതാത്തവരായിത്തീൎന്നു; നന്മ ചെയ്യുന്നവനില്ല; ഒരുത്തൻപോലും ഇല്ല.

൪ നീതികേടു പ്രവൎത്തിക്കുന്നവർ അറിയുന്നില്ലയോ? അപ്പം തിന്നുന്നതുപോലെ അവർ എന്റെ ജനത്തെ തിന്നുകളയുന്നു; ദൈവത്തോടു അവർ പ്രാൎത്ഥിക്കുന്നില്ല.

൫ ഭയമില്ലാതിരുന്നെടത്തു അവൎക്കു മഹാഭയമുണ്ടായി; നിന്റെ നേരെ പാളയമിറങ്ങിയവന്റെ അസ്ഥികളെ ദൈവം ചിതറിച്ചുവല്ലോ. ദൈവം അവരെ തള്ളിക്കളഞ്ഞതുകൊണ്ടു നീ അവരെ ലജ്ജിപ്പിച്ചു.

൬ സീയോനിൽനിന്നു യിസ്രായേലിന്റെ രക്ഷ വന്നെങ്കിൽ! ദൈവം തന്റെ ജനത്തിന്റെ സ്ഥിതി മാററുമ്പോൾ യാക്കോബ് സന്തോഷിക്കയും യിസ്രായേൽ ആനന്ദിക്കയും ചെയ്യും.

## ൫൪ാം സങ്കീൎത്തനം

ദൈവമേ, നിന്റെ നാമത്താൽ എന്നെ രക്ഷിക്കേണമേ; നിന്റെ ശക്തിയാൽ എനിക്കു ന്യായം പാലിച്ചുതരേണമേ.

൨ ദൈവമേ, എന്റെ പ്രാൎത്ഥന കേൾക്കേണമേ; എന്റെ വായിലെ വാക്കുകളെ ശ്രദ്ധിക്കേണമേ.

൩ അന്യജാതിക്കാർ എന്നോടു എതിൎത്തിരിക്കുന്നു; ഘോരന്മാർ എനിക്കു ജീവഹാനി വരുത്തുവാൻ നോക്കുന്നു; അവർ ദൈവത്തെ തങ്ങളുടെ മുമ്പാകെ വെച്ചിട്ടുമില്ല.

൪ ഇതാ, ദൈവം എന്റെ സഹായകനാകുന്നു; കൎത്താവു എന്റെ പ്രാണനെ താങ്ങുന്നവരോടുകൂടെ ഉണ്ടു്.

൫ അവൻ എന്റെ ശത്രുക്കൾക്കു തിന്മ പകരം ചെയ്യും; നിന്റെ വിശ്വസ്തതയാൽ അവരെ സംഹരിച്ചുകളയേണമേ.

൬ സ്വമേധാദാനത്തോടെ ഞാൻ നിനക്കു ഹനനയാഗം കഴിക്കും; യഹോവേ, നിന്റെ നാമം നല്ലതു എന്നു ചൊല്ലി ഞാൻ അതിന്നു സ്തോത്രം ചെയ്യും.

൭ അവൻ എന്നെ സകല കഷ്ടത്തിൽനിന്നും വിടുവിച്ചിരിക്കുന്നു; എന്റെ കണ്ണു എന്റെ ശത്രുക്കളെ കണ്ടു രസിക്കും.

## ൫൫ാം സങ്കീൎത്തനം

ദൈവമേ, എന്റെ പ്രാൎത്ഥന ശ്രദ്ധിക്കേണമേ; എന്റെ യാചനെക്കു മറഞ്ഞിരിക്കരുതേ.

൨ എനിക്കു ചെവിതന്നു ഉത്തരമരുളേണമേ; ശത്രുവിന്റെ ആരവം നിമിത്തവും ദുഷ്ടന്റെ പീഡനിമിത്തവും ഞാൻ എന്റെ സങ്കടത്തിൽ പൊറുതിയില്ലാതെ ഞരങ്ങുന്നു.

൩ അവർ എന്റെമേൽ നീതികേടു ചുമത്തുന്നു; കോപത്തോടെ എന്നെ ഉപദ്രവിക്കുന്നു.

൪ എന്റെ ഹൃദയം എന്റെ ഉള്ളിൽ വേദനപ്പെട്ടിരിക്കുന്നു; മരണഭീതിയും എന്റെമേൽ വീണിരിക്കുന്നു.

൫ ഭയവും വിറയലും എന്നെ പിടിച്ചിരിക്കുന്നു; പരിഭ്രമം എന്നെ മൂടിയിരിക്കുന്നു.

൬ പ്രാവിന്നുള്ളതുപോലെ എനിക്കു ചിറകുണ്ടായിരുന്നുവെങ്കിൽ! എന്നാൽ ഞാൻ പറന്നുപോയി വിശ്രമിക്കുമായിരുന്നു എന്നു ഞാൻ പറഞ്ഞു.

൭ അതേ, ഞാൻ ദൂരത്തു സഞ്ചരിച്ചു, മരുഭൂമിയിൽ പാൎക്കുമായിരുന്നു!

൮ കൊടുങ്കാററിൽനിന്നും പെരുങ്കാററിൽനിന്നും ബദ്ധപ്പെട്ടു ഞാൻ ഒരു സങ്കേതത്തിലേക്കു ഓടിപ്പോകുമായിരുന്നു!

൯ കൎത്താവേ, സംഹരിച്ചു അവരുടെ നാവുകളെ ചിന്ദിക്കേണമേ. ഞാൻ നഗരത്തിൽ അതിക്രമവും കലഹവും കണ്ടിരിക്കുന്നു.

൧൦ രാവും പകലും അവർ അതിന്റെ മതിലുകളിന്മേൽ ചുററിസഞ്ചരിക്കുന്നു; നീതികേടും കഷ്ടവും അതിന്റെ അകത്തുണ്ടു.

൧൧ ദുഷ്ടത അതിന്റെ നടുവിൽ ഉണ്ടു; ചതിവും വഞ്ചനയും അതിന്റെ വീഥികളെ വിട്ടുമാറുന്നതുമില്ല.

൧൨ എന്നെ നിന്ദിച്ചതു ഒരു ശത്രുവല്ല; അങ്ങനെയെങ്കിൽ ഞാൻ സഹിക്കുമായിരുന്നു; എന്റെ നേരെ വമ്പു പറഞ്ഞതു എന്നെ പകെക്കുന്നവനല്ല; അങ്ങനെയെങ്കിൽ ഞാൻ മറഞ്ഞുകൊള്ളുമായിരുന്നു.

൧൩ നീയോ എന്നോടു സമനായ മനുഷ്യനും എന്റെ സഖിയും എന്റെ പ്രാണസ്നേഹിതനുമായിരുന്നു.

൧൪ നാം തമ്മിൽ മധുരസമ്പൎക്കം ചെയ്തു പുരുഷാരവുമായി ദൈവാലയത്തിലേക്കു പോയല്ലോ.

൧൫ മരണം പെട്ടെന്നു അവരെ പിടികൂടട്ടെ; അവർ ജീവനോടെ പാതാളത്തിലേക്കു ഇറങ്ങട്ടെ; ദുഷ്ടത അവരുടെ വാസസ്ഥലത്തും അവരുടെ ഉള്ളിലും ഉണ്ടു്.

൧൬ ഞാനോ ദൈവത്തെ വിളിച്ചപേക്ഷിക്കും; യഹോവ എന്നെ രക്ഷിക്കും.

൧൭ ഞാൻ വൈകുന്നേരത്തും കാലത്തും ഉച്ചെക്കും സങ്കടം ബോധിപ്പിച്ചു കരയും; അവൻ എന്റെ പ്രാൎത്ഥന കേൾക്കും.

൧൮ എന്നോടു കയൎത്തു നിന്നവർ അനേകരായിരിക്കെ ആരും എന്നോടു അടുക്കാതവണ്ണം അവൻ എന്റെ പ്രാണനെ വീണ്ടെടുത്തു സമാധാനത്തിലാക്കി;

൧൯ ദൈവം കേട്ടു അവൎക്കു ഉത്തരം അരുളും; പുരാതനമേ സിംഹാസനസ്ഥനായവൻ തന്നേ. അവൎക്കു മാനസാന്തരമില്ല; അവർ ദൈവത്തെ ഭയപ്പെടുന്നതുമില്ല.

൨൦ തന്നോടു സമാധാനമായിരിക്കുന്നവനെ കയ്യേററം ചെയ്തു തന്റെ സഖ്യത അവൻ ലംഘിച്ചുമിരിക്കുന്നു.

൨൧ അവന്റെ വായ് വെണ്ണപോലെ മൃദുവായതു; ഹൃദയത്തിലോ യുദ്ധമത്രെ. അവന്റെ വാക്കുകൾ എണ്ണയെക്കാൾ മയമുള്ളവ; എങ്കിലും അവ ഊരിയ വാളുകൾ ആയിരുന്നു.

൨൨ നിന്റെ ഭാരം യഹോവയുടെമേൽ വെച്ചുകൊൾക; അവൻ നിന്നെ പുലൎത്തും; നീതിമാൻ കുലുങ്ങിപ്പോകുവാൻ അവൻ ഒരുനാളും സമ്മതിക്കയില്ല.

൨൩ ദൈവമേ, നീ അവരെ നാശത്തിന്റെ കുഴിയിലേക്കു ഇറക്കും; രക്തപ്രിയവും വഞ്ചനയും ഉള്ളവർ ആയുസ്സിന്റെ പകുതിയോളം ജീവിക്കയില്ല; ഞാനോ നിന്നിൽ ആശ്രയിക്കും.

## പതിനൊന്നാം തിയ്യതി

## കാലത്തെ പ്രാൎത്ഥന

### ൫൬-ാം സങ്കീൎത്തനം

ദൈവമേ, എന്നോടു കൃപയുണ്ടാകേണമേ; മനുഷ്യർ എന്നെ വിഴുങ്ങുവാൻ പോകുന്നു; അവർ ഇടവിടാതെ പൊരുതു എന്നെ ഞെരുക്കുന്നു.

൨ എന്റെ ശത്രുക്കൾ ഇടവിടാതെ എന്നെ വിഴുങ്ങുവാൻ ഭാവിക്കുന്നു; ഗൎവ്വത്തോടെ എന്നോടു പൊരുതുന്നവർ അനേകരല്ലോ.

൩ ഞാൻ ഭയപ്പെടുന്ന നാളിൽ നിന്നിൽ ആശ്രയിക്കും

൪ ഞാൻ ദൈവത്തിൽ അവന്റെ വചനത്തെ പുകഴും; ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു; ഞാൻ ഭയപ്പെടുകയില്ല; ജഡത്തിന്നു എന്നോടു എന്തു ചെയ്വാൻ കഴിയും?

൫ ഇടവിടാതെ അവർ എന്റെ വാക്കുകളെ കോട്ടിക്കളയുന്നു; അവരുടെ വിചാരങ്ങളൊക്കെയും എന്റെ നേരെ തിന്മെക്കായിട്ടാകുന്നു.

൬ അവർ കൂട്ടംകൂടി ഒളിച്ചിരിക്കുന്നു; എന്റെ പ്രാണന്നായി പതിയിരിക്കുമ്പോലെ അവർ എന്റെ കാലടികളെ നോക്കിക്കൊണ്ടിരിക്കുന്നു.

൭ നീതികേടിനാൽ അവർ ഒഴിഞ്ഞുപോകുമോ? ദൈവമേ, നിന്റെ കോപത്തിൽ ജാതികളെ തള്ളിയിടേണമേ.

൮ നീ എന്റെ ഉഴൽചകളെ എണ്ണുന്നു; എന്റെ കണ്ണുനീർ നിന്റെ തുരുത്തിയിൽ വെക്കേണമേ; അതു നിന്റെ പുസ്തകത്തിൽ ഇല്ലയോ?

൯ ഞാൻ വിളിച്ചപേക്ഷിക്കുമ്പോൾ തന്നേ എന്റെ ശത്രുക്കൾ പിന്തിരിയുന്നു; ദൈവം എനിക്കു അനുകൂലമെന്നു ഞാൻ അറിയുന്നു.

൧൦ ഞാൻ ദൈവത്തിൽ അവന്റെ വചനത്തെ പുകഴും; ഞാൻ യഹോവയിൽ അവന്റെ വചനത്തെ പുകഴും.

൧൧ ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു; ഞാൻ ഭയപ്പെടുകയില്ല. മനുഷ്യന്നു എന്നോടു എന്തുചെയ്വാൻ കഴിയും?

൧൨ ദൈവമേ. നിനക്കുള്ള നേൎച്ചകൾക്കു ഞാൻ കടമ്പെട്ടിരിക്കുന്നു; ഞാൻ നിനക്കു സ്തോത്രയാഗങ്ങളെ അൎപ്പിക്കും.

൧൩ ഞാൻ ദൈവത്തിന്റെ മുമ്പാകെ ജീവന്റെ പ്രകാശത്തിൽ നടക്കേണ്ടതിന്നു നീ എന്റെ പ്രാണനെ മരണത്തിൽനിന്നും എന്റെ കാലുകളെ ഇടൎച്ചയിൽനിന്നും വിടുവിച്ചുവല്ലോ.

## ൫൭ാം സങ്കീർത്തനം

ദൈവമേ, എന്നോടു കൃപയുണ്ടാകേണമേ; എന്നോടു കൃപയുണ്ടാകേണമേ. ഞാൻ നിന്നെ ശരണം പ്രാപിക്കുന്നു; അതേ, ഈ ആപത്തുകൾ ഒഴിഞ്ഞുപോകുവോളം ഞാൻ നിന്റെ ചിറകിൻനിഴലിൽ ശരണം പ്രാപിക്കുന്നു.

൨ അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു; എനിക്കുവേണ്ടി സകലവും നിവൃഹിക്കുന്ന ദൈവത്തെ തന്നേ.

൩ എന്നെ വിഴുങ്ങുവാൻ ഭാവിക്കുന്നവർ ധിക്കാരം കാട്ടുമ്പോൾ അവൻ സ്വൎഗ്ഗത്തിൽനിന്നു കൈ നീട്ടി എന്നെ രക്ഷിക്കും. ദൈവം തന്റെ ദയയും വിശ്വസ്തതയും അയക്കുന്നു.

൪ എന്റെ പ്രാണൻ സിംഹങ്ങളുടെ ഇടയിൽ ഇരിക്കുന്നു; അഗ്നി ജ്വലിക്കുന്നവരുടെ നടുവിൽ ഞാൻ കിടക്കുന്നു; പല്ലുകൾ കുന്തങ്ങളും അസ്ത്രങ്ങളും നാവു മൂൎച്ചയുള്ള വാളും ആയിരിക്കുന്ന മനുഷ്യപുത്രന്മാരുടെ ഇടയിൽ തന്നേ.

൫ ദൈവമേ, നീ ആകാശത്തിന്നു മീതെ ഉയൎന്നിരിക്കേണമേ; നിന്റെ മഹത്വം സൎവ്വഭൂമിയിലും പരക്കട്ടെ.

൬ അവർ എന്റെ കാലടികൾക്കു ഒരു വല വിരിച്ചു; എന്റെ മനസ്സു ഇടിഞ്ഞിരിക്കുന്നു; അവർ എന്റെ മുമ്പിൽ ഒരു കുഴി കുഴിച്ചു; അതിൽ അവർ തന്നേ വീണു.

൭ എന്റെ മനസ്സു ഉറച്ചിരിക്കുന്നു; ദൈവമേ, എന്റെ മനസ്സു ഉറെച്ചിരിക്കുന്നു; ഞാൻ പാടും; ഞാൻ കീൎത്തനം ചെയ്യും.

൮ എൻമനമേ, ഉണരുക; വീണയും കിന്നരവുമായുള്ളോവേ, ഉണരുവിൻ! ഞാൻ അതികാലത്തേ ഉണരും.

൯ കൎത്താവേ, വംശങ്ങളുടെ ഇടയിൽ ഞാൻ നിനക്കു സ്തോത്രം ചെയ്യും; ജാതികളുടെ മദ്ധ്യേ ഞാൻ നിനക്കു കീൎത്തനം ചെയ്യും.

൧൦ നിന്റെ ദയ ആകാശത്തോളവും നിന്റെ വിശ്വസ്തത മേഘങ്ങളോളവും വലിയതല്ലോ.

൧൧ ദൈവമേ, നീ ആകാശത്തിന്നു മീതെ ഉയൎന്നിരിക്കേണമേ; നിന്റെ മഹത്വം സൎവ്വഭൂമിയിലും പരക്കട്ടെ.

## ൫൮ാം സങ്കീൎത്തനം

ദേവന്മാരേ, നിങ്ങൾ വാസ്തവമായി നീതി പ്രസ്താവിക്കുന്നുവോ? മനുഷ്യപുത്രന്മാരേ, നിങ്ങൾ പരമാൎത്ഥമായി വിധിക്കുന്നുവോ?

൨ നിങ്ങൾ ഹൃദയത്തിൽ ദുഷ്ടത പ്രവൎത്തിക്കുന്നു; ഭൂമിയിൽ നിങ്ങളുടെ കൈകളുടെ നിഷ്ഠുരത തൂക്കിക്കൊടുക്കുന്നു.

൩ ദുഷ്ടന്മാർ ഗൎഭംമുതൽ ഭ്രഷ്ടന്മാരായിരിക്കുന്നു; അവർ ജനനംമുതൽ ഭോഷ്കു പറഞ്ഞു തെററിനടക്കുന്നു.

൪ അവരുടെ വിഷം സൎപ്പവിഷംപോലെ; അവർ ചെവിയടഞ്ഞ പൊട്ടയണലിപോലെയാകുന്നു.

൫ എത്ര സാമൎത്ഥ്യത്തോടെ മന്ത്രം ചൊല്ലിയാലും മന്ത്രവാദികളുടെ വാക്കു അതു കേൾക്കയില്ല.

൬ ദൈവമേ, അവരുടെ വായിലെ പല്ലുകളെ തകൎക്കേണമേ; യഹോവേ, ബാലസിംഹങ്ങളുടെ അണപ്പല്ലുകളെ തകൎത്തുകളയേണമേ.

൭ ഒഴുകിപ്പോകുന്ന വെള്ളംപോലെ അവർ ഉരുകിപ്പോകട്ടെ; അവൻ തന്റെ അമ്പുകളെ തൊടുക്കുമ്പോൾ അവ ഒടിഞ്ഞുപോയതുപോലെ ആകട്ടെ.

൮ അലിഞ്ഞു പൊയ്പോകുന്ന അച്ചുപോലെ അവർ ആകട്ടെ; ഗൎഭം അലസിപ്പോയ സ്ത്രീയുടെ പ്രജപോലെ അവർ സൂൎയ്യനെ കാണാതിരിക്കട്ടെ.

൯ നിങ്ങളുടെ കലങ്ങൾക്കു മുൾതീ തട്ടുമ്മുമ്പെ പച്ചയും വെന്തതുമെല്ലാം ഒരുപോലെ അവൻ ചുഴലിക്കാററിനാൽ പാററിക്കളയും.

൧൦ നീതിമാൻ പ്രതിക്രിയ കണ്ടു ആനന്ദിക്കും; അവൻ തന്റെ കാലുകളെ ദുഷ്ടന്മാരുടെ രക്തത്തിൽ കഴുകും.

൧൧ ആകയാൽ: നീതിമാന്നു പ്രതിഫലം ഉണ്ടു നിശ്ചയം; ഭൂമിയിൽ ന്യായം വിധിക്കുന്ന ഒരു ദൈവം ഉണ്ടു നിശ്ചയം എന്നു മനുഷ്യർ പറയും.

## പതിനൊന്നാം തിയ്യതി

## വൈകുന്നേരത്തെ പ്രാൎത്ഥന

## ൫൯ാം സങ്കീൎത്തനം

എന്റെ ദൈവമേ, എന്റെ ശത്രുക്കളുടെ കയ്യിൽനിന്നു എന്നെ വിടുവിക്കേണമേ; എന്നോടു എതിൎക്കുന്നവരുടെ വശത്തുനിന്നു എന്നെ ഉദ്ധരിക്കേണമേ.

൨ നീതികേടു പ്രവൎത്തിക്കുന്നവരുടെ കയ്യിൽനിന്നു എന്നെ വിടുവിച്ചു രക്തപാതകന്മാരുടെ പക്കൽനിന്നു എന്നെ രക്ഷിക്കേണമേ.

൩ ഇതാ, അവർ എന്റെ പ്രാണന്നായി പതിയിരിക്കുന്നു; യഹോവേ, ബലവാന്മാർ എന്റെ നേരെ കൂട്ടം കൂടുന്നതു എന്റെ അതിക്രമം ഹേതുവായിട്ടല്ല, എന്റെ പാപം ഹേതുവായിട്ടുമല്ല.

൪ എന്റെ പക്കൽ അകൃത്യം ഇല്ലാതെ അവർ ഓടി ഒരുങ്ങുന്നു; എന്നെ സഹായിപ്പാൻ ഉണർന്നു കടാക്ഷിക്കേണമേ.

൫ സൈന്യങ്ങളുടെ ദൈവമായ യഹോവേ, യിസ്രായേലിന്റെ ദൈവമേ, സകല ജാതികളെയും സന്ദർശിക്കേണ്ടതിന്നു നീ ഉണരേണമേ; നീതികെട്ട ദ്രോഹികളിൽ ആരോടും കൃപ ഉണ്ടാകരുതേ.

൬ സന്ധ്യാസമയത്തു അവർ മടങ്ങിവരുന്നു; നായെപ്പോലെ കുരച്ചുംകൊണ്ടു അവർ പട്ടണത്തിന്നു ചുററും നടക്കുന്നു.

൭ അവർ തങ്ങളുടെ വായ്കൊണ്ടു ശകാരിക്കുന്നു; വാളുകൾ അവരുടെ അധരങ്ങളിൽ ഉണ്ടു; ആർ കേൾക്കും എന്നു അവർ പറയുന്നു.

൮ എങ്കിലും യഹോവേ, നീ അവരെച്ചൊല്ലി ചിരിക്കും; നീ സകല ജാതികളെയും പരിഹസിക്കും.

൯ എന്റെ ബലമായുള്ളോവേ, ഞാൻ നിന്നെ കാത്തിരിക്കും; ദൈവം എന്റെ ഗോപുരമാകുന്നു.

൧൦ എന്റെ ദൈവം തന്റെ ദയയാൽ എന്നെ എതിരേല്ക്കും; ദൈവം എന്നെ എന്റെ ശത്രുക്കളെ കണ്ടു രസിക്കുമാറാക്കും.

൧൧ അവരെ കൊന്നുകളയരുതേ; എന്റെ ജനം മറക്കാതിരിക്കേണ്ടതിന്നു തന്നേ; ഞങ്ങളുടെ പരിചയാകുന്ന കർത്താവേ, നിന്റെ ശക്തികൊണ്ടു അവരെ ഉഴലുമാറാക്കി താഴ്ത്തേണമേ.

൧൨ അവരുടെ വായിലെ പാപവും അധരങ്ങളിലെ വാക്കുകളും നിമിത്തവും അവർ പറയുന്ന ശാപവും ഭോഷ്കും നിമിത്തവും അവർ തങ്ങളുടെ അഹങ്കാരത്തിൽ പിടിപെട്ടുപോകട്ടെ.

൧൩ കോപത്തോടെ അവരെ സംഹരിക്കേണമേ; അവർ ഇല്ലാതെയാകുംവണ്ണം അവരെ സംഹരിച്ചുകളയേണമേ; ദൈവം യാക്കോബിൽ വാഴുന്നു എന്നു ഭൂമിയുടെ അററംവരെ അറിയുമാറാകട്ടെ.

൧൪ സന്ധ്യാസമയത്തു അവർ മടങ്ങിവരുന്നു; നായെപ്പോലെ കുരച്ചുംകൊണ്ടു അവർ നഗരത്തിന്നു ചുററും നടക്കുന്നു.

൧൫ അവർ ആഹാരത്തിന്നായി ഉഴന്നു നടക്കുന്നു; തൃപ്തിയായില്ലെങ്കിൽ അവർ രാത്രി മുഴുവനും താമസിക്കുന്നു.

൧൬ ഞാനോ നിന്റെ ബലത്തെക്കുറിച്ചു പാടും; അതികാലത്തു ഞാൻ നിന്റെ ദയയെക്കുറിച്ചു ഘോഷിച്ചാനന്ദിക്കും. കഷ്ടകാലത്തു നീ എന്റെ ഗോപുരവും അഭയസ്ഥാനവും ആയിരുന്നു.

൧൭ എന്റെ ബലമായുള്ളോവേ, ഞാൻ നിനക്കു സ്തുതിപാടും; ദൈവം എന്റെ ഗോപുരവും എന്നോടു ദയയുള്ള ദൈവവും അല്ലോ.

## ൬൦ാം സങ്കീൎത്തനം

ദൈവമേ, നീ ഞങ്ങളെ തള്ളിക്കളഞ്ഞു ചിതറിച്ചിരിക്കുന്നു; നീ കോപിച്ചിരിക്കുന്നു; ഞങ്ങളെ യഥാസ്ഥാനത്താക്കേണമേ.

൨ നീ ദേശത്തെ നടുക്കി ഭിന്നിപ്പിച്ചിരിക്കുന്നു; അതു കുലുങ്ങുകയാൽ അതിന്റെ ഭിന്നങ്ങളെ നന്നാക്കേണമേ.

൩ നീ നിന്റെ ജനത്തെ കാഠിന്യം അനുഭവിപ്പിച്ചു; പരിഭ്രമത്തിന്റെ വീഞ്ഞു നീ ഞങ്ങളെ കുടിപ്പിച്ചിരിക്കുന്നു.

൪ സത്യംനിമിത്തം ഉയൎത്തേണ്ടതിന്നു നീ നിന്റെ ഭക്തന്മാൎക്കു ഒരു കൊടി നല്കിയിരിക്കുന്നു.

൫ നിനക്കു പ്രിയമുള്ളവർ വിടുവിക്കപ്പെടേണ്ടതിന്നു നിന്റെ വലങ്കൈകൊണ്ടു രക്ഷിച്ചു ഞങ്ങൾക്കു ഉത്തരമരുളേണമേ.

൬ ദൈവം തന്റെ വിശുദ്ധിയിൽ അരുളിച്ചെയ്തുകൊണ്ടു ഞാൻ ആനന്ദിക്കും; ഞാൻ ശെഖേമിനെ വിഭാഗിച്ചു സുക്കോത്ത് താഴ്വരയെ അളക്കും.

൭ ഗിലെയാദ് എനിക്കുള്ളതു; മനശ്ശെയും എനിക്കുള്ളതു; എഫ്രയിം എന്റെ തലക്കോരികയും യെഹൂദാ എന്റെ ചെങ്കോലും ആകുന്നു.

൮ മോവാബ് എനിക്കു കഴുകുവാനുള്ള വട്ടക; ഏദോമിന്മേൽ ഞാൻ എന്റെ ചെരിപ്പു എറിയും; ഫെലിസ്ത്യദേശമേ, നീ എന്റെ നിമിത്തം ജയഘോഷം കൊള്ളുക!

൯ ഉറപ്പുള്ള നഗരത്തിലേക്കു എന്നെ ആർ കൊണ്ടുപോകും? ഏദോമിലേക്കു എന്നെ ആർ വഴിനടത്തും?

൧൦ ദൈവമേ, നീ ഞങ്ങളെ തള്ളിക്കളഞ്ഞില്ലയോ? ദൈവമേ, നീ ഞങ്ങളുടെ സൈന്യങ്ങളോടുകൂടെ പുറപ്പെടുന്നതുമില്ല.

൧൧ വൈരിയുടെ നേരെ ഞങ്ങൾക്കു സഹായം ചെയ്യേണമേ; മനുഷ്യന്റെ സഹായം വ്യൎത്ഥമല്ലോ.

൧൨ ദൈവത്താൽ നാം വീൎയ്യം പ്രവൎത്തിക്കും; അവൻ തന്നേ നമ്മുടെ വൈരികളെ മെതിച്ചുകളയും.

## ൬൧ാം സങ്കീൎത്തനം

ദൈവമേ, എന്റെ നിലവിളി കേൾക്കേണമേ; എന്റെ പ്രാൎത്ഥന ശ്രദ്ധിക്കേണമേ.

൨ എന്റെ ഹൃദയം ക്ഷീണിക്കുമ്പോൾ ഞാൻ ഭൂമിയുടെ അററത്തുനിന്നു നിന്നെ വിളിച്ചപേക്ഷിക്കും; എനിക്കു അത്യുന്നതമായ പാറയിങ്കലേക്കു എന്നെ നടത്തേണമേ.

൩ നീ എനിക്കൊരു സങ്കേതവും ശത്രുവിന്റെ നേരെ ഉറപ്പുള്ള ഗോപുരവും ആയിരിക്കുന്നുവല്ലോ.

൪ ഞാൻ നിന്റെ കൂടാരത്തിൽ എന്നേക്കും വസിക്കും; നിന്റെ ചിറകിൻമറവിൽ ഞാൻ ശരണം പ്രാപിക്കും.

൫ ദൈവമേ, നീ എന്റെ നേൎച്ചകളെ കേട്ടു, നിന്റെ നാമത്തെ ഭയപ്പെടുന്നവരുടെ അവകാശം എനിക്കു തന്നുമിരിക്കുന്നു.

൬ നീ രാജാവിന്റെ ആയുസ്സിനെ ദീൎഘമാക്കും; അവന്റെ സംവത്സരങ്ങൾ തലമുറതലമുറയോളം ഇരിക്കും.

൭ അവൻ എന്നേക്കും ദൈവസന്നിധിയിൽ വസിക്കും; അവനെ പരിപാലിക്കേണ്ടതിന്നു ദയയും വിശ്വസ്തതയും കല്പിക്കേണമേ.

൮ അങ്ങനെ ഞാൻ തിരുനാമത്തെ എന്നേക്കും കീൎത്തിക്കയും എന്റെ നേൎച്ചകളെ നാൾതോറും കഴിക്കയും ചെയ്യും.

## പന്ത്രണ്ടാം തിയ്യതി

### കാലത്തെ പ്രാൎത്ഥന

### ൬൨-ാം സങ്കീൎത്തനം

എന്റെ ഉള്ളം ദൈവത്തെ നോക്കി മൌനമായിരിക്കുന്നു; എന്റെ രക്ഷ അവങ്കൽനിന്നു വരുന്നു.

൨ അവൻ തന്നേ എന്റെ പാറയും എന്റെ രക്ഷയും ആകുന്നു; എന്റെ ഗോപുരം അവൻ തന്നേ; ഞാൻ ഏറെ കുലുങ്ങുകയില്ല.

൩ നിങ്ങൾ എല്ലാവരും ചാഞ്ഞ മതിലും ആടുന്ന വേലിയുംപോലെ ഒരു മനുഷ്യനെ കൊല്ലേണ്ടതിന്നു എത്രത്തോളം അവനെ ആക്രമിക്കും?

൪ അവന്റെ പദവിയിൽനിന്നു അവനെ തള്ളിയിടുവാനത്രേ അവർ നിരൂപിക്കുന്നതു; അവർ ഭോഷ്കിൽ ഇഷ്ടപ്പെടുന്നു; വായ്കൊണ്ടു അവർ അനുഗ്രഹിക്കുന്നു; എങ്കിലും ഉള്ളംകൊണ്ടു അവർ ശപിക്കുന്നു.

൫ എന്റെ ഉള്ളമേ, ദൈവത്തെ നോക്കി മൌനമായിരിക്ക; എന്റെ പ്രത്യാശ അവങ്കൽനിന്നു വരുന്നു.

൬ അവൻ തന്നേ എന്റെ പാറയും എന്റെ രക്ഷയും ആകുന്നു; എന്റെ ഗോപുരം അവൻ തന്നേ; ഞാൻ കുലുങ്ങുകയില്ല.

൭ എന്റെ രക്ഷയും എന്റെ മഹിമയും ദൈവത്തിന്റെ പക്കൽ ആകുന്നു; എന്റെ ഉറപ്പുള്ള പാറയും എന്റെ സങ്കേതവും ദൈവത്തിങ്കലാകുന്നു.

൮ ജനമേ, എല്ലാകാലത്തും അവനിൽ ആശ്രയിപ്പിൻ; നിങ്ങളുടെ ഹൃദയം അവന്റെ മുമ്പിൽ പകരുവിൻ; ദൈവം നമുക്കു സങ്കേതമാകുന്നു.

൯ സാമാന്യജനം ഒരു ശ്വാസവും ശ്രേഷ്ഠജനം ഭോഷ്കുമത്രെ; തുലാസിന്റെ തട്ടിൽ അവർ പൊങ്ങിപ്പോകും; അവർ ആകപ്പാടെ ഒരു ശ്വാസത്തെക്കാൾ ലഘുവാകുന്നു.

൧൦ പീഡനത്തിൽ ആശ്രയിക്കരുതു; കവൎച്ചയിൽ മയങ്ങിപ്പോകരുതു; സമ്പത്തു വൎദ്ധിച്ചാൽ അതിൽ മനസ്സു വെക്കരുതു.

൧൧ ബലം ദൈവത്തിന്നുള്ളതെന്നു ദൈവം ഒരിക്കൽ അരുളിച്ചെയ്തു, ഞാൻ രണ്ടു പ്രാവശ്യം കേട്ടുമിരിക്കുന്നു.

൧൨ കൎത്താവേ, ദയയും നിനക്കുള്ളതാകുന്നു; നീ ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നല്കുന്നു.

## ൬൩-ാം സങ്കീൎത്തനം

ദൈവമേ, നീ എന്റെ ദൈവം; അതികാലത്തേ ഞാൻ നിന്നെ അന്വേഷിക്കും; വെള്ളമില്ലാതെ ഉണങ്ങി വരണ്ട ദേശത്തു എന്റെ ഉള്ളം നിനക്കായി ദാഹിക്കുന്നു; എന്റെ ദേഹം നിനക്കായി കാംക്ഷിക്കുന്നു.

൨ അങ്ങനെ നിന്റെ ബലവും മഹത്വവും കാണേണ്ടതിന്നു ഞാൻ വിശുദ്ധമന്ദിരത്തിൽ നിന്നെ നോക്കിയിരിക്കുന്നു.

൩ നിന്റെ ദയ ജീവനെക്കാൾ നല്ലതാകുന്നു; എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

൪ എന്റെ ജീവകാലം ഒക്കെയും ഞാൻ അങ്ങനെ നിന്നെ വാഴ്ത്തും; നിന്റെ നാമത്തിൽ ഞാൻ എന്റെ കൈകളെ മലൎത്തും.

൫ എന്റെ കിടക്കയിൽ നിന്നെ ഓൎക്കയും ഞാൻ രാത്രിയാമങ്ങളിൽ നിന്നെ ധ്യാനിക്കയും ചെയ്യുമ്പോൾ

൬ എന്റെ പ്രാണന്നു മജ്ജയും മേദസ്സുംകൊണ്ടു എന്നപോലെ തൃപ്തിവരുന്നു; എന്റെ വായ് സന്തോഷമുള്ള അധരങ്ങളാൽ നിന്നെ സ്തുതിക്കുന്നു.

൭ നീ എനിക്കു സഹായമായ്തീൎന്നുവല്ലോ; നിന്റെ ചിറകിൻ നിഴലിൽ ഞാൻ ഘോഷിച്ചാനന്ദിക്കുന്നു.

൮ എന്റെ ഉള്ളം നിന്നോടു പറ്റിയിരിക്കുന്നു; നിന്റെ വലങ്കൈ എന്നെ താങ്ങുന്നു.

൯ എന്നാൽ അവർ സ്വന്തനാശത്തിന്നായി എനിക്കു പ്രാണഹാനി വരുത്തുവാൻ നോക്കുന്നു; അവർ ഭൂമിയുടെ അധോഭാഗങ്ങളിലേക്കു ഇറങ്ങിപ്പോകും.

൧൦ അവരെ വാളിന്റെ ശക്തിക്കു ഏല്പിക്കും; കുറുനരികൾക്കു അവർ ഇരയായ്തീരും.

൧൧ എന്നാൽ രാജാവു ദൈവത്തിൽ സന്തോഷിക്കും; അവന്റെ നാമത്തിൽ സത്യം ചെയ്യുന്നവനെല്ലാം പുകഴും; എങ്കിലും ഭോഷ്കുപറയുന്നവരുടെ വായ് അടഞ്ഞുപോകും.

൬൪ാം സങ്കീൎത്തനം

ദൈവമേ, എന്റെ സങ്കടത്തിൽ ഞാൻ കഴിക്കുന്ന അപേക്ഷ കേൾക്കേണമേ; ശത്രുഭയത്തിൽനിന്നു എന്റെ ജീവനെ പാലിക്കേണമേ.

൨ ദുഷ്കൎമ്മികളുടെ ഗൂഢാലോചനയിലും നീതികേടു പ്രവൎത്തിക്കുന്നവരുടെ കലഹത്തിലും ഞാൻ അകപ്പെടാതവണ്ണം എന്നെ മറെച്ചുകൊള്ളേണമേ.

൩ അവർ തങ്ങളുടെ നാവിനെ വാൾപോലെ മൂൎച്ചയാക്കുന്നു; നിഷ്കളങ്കനെ ഒളിച്ചിരുന്നു എയ്യേണ്ടതിന്നു

൪ അവർ കൈപ്പുള്ള വാക്കായ അസ്ത്രം തൊടുക്കയും ശങ്കിക്കാതെ പെട്ടെന്നു അവനെ എയ്തുകളകയും ചെയ്യുന്നു.

൫ ദുഷ്കാൎയ്യത്തിൽ അവർ തങ്ങളെത്തന്നേ ഉറപ്പിക്കുന്നു; ഒളിച്ചു കണിവെക്കുവാൻ തമ്മിൽ പറഞ്ഞൊക്കുന്നു; നമ്മെ ആർ കാണും എന്നു അവർ പറയുന്നു.

൬ അവർ ദ്രോഹസൂത്രങ്ങളെ കണ്ടുപിടിക്കുന്നു; നമുക്കു ഒരു സൂക്ഷ്മസൂത്രം സാധിച്ചുപോയി എന്നു പറയുന്നു; ഓരോരുത്തന്റെ അന്തരംഗവും ഹൃദയവും അഗാധം തന്നേ.

൭ എന്നാൽ ദൈവം അവരെ എയ്യും; അമ്പുകൊണ്ടു അവർ പെട്ടെന്നു മുറിവേല്ക്കും.

൮ അങ്ങനെ സ്വന്തനാവു അവൎക്കു വിരോധമായിരിക്കയാൽ അവർ ഇടറിവീഴുവാൻ ഇടയാകും; അവരെ കാണുന്നവരൊക്കെയും തല കുലുക്കുന്നു.

൯ അങ്ങനെ സകലമനുഷ്യരും ഭയപ്പെട്ടു ദൈവത്തിന്റെ പ്രവൃത്തിയെ പ്രസ്താവിക്കും; അവന്റെ പ്രവൃത്തിയെ അവർ ചിന്തിക്കും.

൰ നീതിമാൻ യഹോവയിൽ ആനന്ദിച്ചു അവനെ ശരണമാക്കും; ഹൃദയപരമാൎത്ഥികൾ എല്ലാവരും പുകഴും.

## പന്ത്രണ്ടാം തിയ്യതി

## വൈകുന്നേരത്തെ പ്രാൎത്ഥന

൬൫ാം സങ്കീൎത്തനം

ദൈവമേ, സീയോനിൽ സ്തുതി നിനക്കു യോഗ്യം; നിനക്കുതന്നേ നേൎച്ച കഴിക്കുന്നു.

൨ പ്രാൎത്ഥന കേൾക്കുന്നവനായുള്ളോവേ, സകലജഡവും നിന്റെ അടുക്കലേക്കു വരുന്നു.

൩ എന്റെ അകൃത്യങ്ങൾ എന്റെ നേരെ അതിബലമായിരിക്കുന്നു; നീയോ ഞങ്ങളുടെ അതിക്രമങ്ങൾക്കു പരിഹാരം വരുത്തും.

൪ നിന്റെ പ്രാകാരങ്ങളിൽ പാൎക്കേണ്ടതിന്നു നീ തിരഞ്ഞെടുത്തു അടുപ്പിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; ഞങ്ങൾ നിന്റെ വിശുദ്ധമന്ദിരമായ നിന്റെ ആലയത്തിലെ നന്മകൊണ്ടു തൃപ്തന്മാരാകും.

൫ ഭൂമിയുടെ എല്ലാ അറുതികൾക്കും ദൂരത്തുള്ള സമുദ്രത്തിന്നും ആശ്രയമായിരിക്കുന്ന ഞങ്ങളുടെ രക്ഷയാം ദൈവമേ, നീ ഭയങ്കരകാൎയ്യങ്ങളാൽ നീതിയോടെ ഞങ്ങൾക്കു ഉത്തരമരുളുന്നു.

൬ അവൻ ബലം അരെക്കു കെട്ടിക്കൊണ്ടു തന്റെ ശക്തിയാൽ പൎവ്വതങ്ങളെ ഉറപ്പിക്കുന്നു.

൭ അവൻ സമുദ്രങ്ങളുടെ മുഴക്കവും തിരമാലകളുടെ കോപവും ജാതികളുടെ കലഹവും ശമിപ്പിക്കുന്നു.

൮ ഭൂസീമാവാസികളും നിന്റെ ലക്ഷ്യങ്ങൾ നിമിത്തം ഭയപ്പെടുന്നു; ഉദയത്തിന്റെയും അസ്തമനത്തിന്റെയും ദിക്കുകളെ നീ ഘോഷിച്ചുല്ലസിക്കുമാറാക്കുന്നു.

൯ നീ ഭൂമിയെ സന്ദൎശിച്ചു നനെക്കുന്നു; നീ അതിനെ അത്യന്തം പുഷ്ടിയുള്ളതാക്കുന്നു; ദൈവത്തിന്റെ നദിയിൽ വെള്ളം നിറഞ്ഞിരിക്കുന്നു; ഇങ്ങനെ നീ ഭൂമിയെ ഒരുക്കി അവൎക്കു ധാന്യം കൊടുക്കുന്നു.

൰ നീ അതിന്റെ ഉഴവുചാലുകളെ നനെക്കുന്നു; നീ അതിന്റെ കട്ട ഉടെച്ചു നിരത്തുന്നു; മഴയാൽ നീ അതിനെ കുതിൎക്കുന്നു; അതിലെ മുളയെ നീ അനുഗ്രഹിക്കുന്നു.

൰൧ നീ സംവത്സരത്തെ നിന്റെ നന്മകൊണ്ടു അലങ്കരിക്കുന്നു; നിന്റെ പാതകൾ പുഷ്ടി പൊഴിക്കുന്നു.

൰൨ മരുഭൂമിയിലെ പുല്പുറങ്ങൾ പുഷ്ടി പൊഴിക്കുന്നു. കുന്നുകൾ ഉല്ലാസം ധരിക്കുന്നു.

൰൩ മേച്ചൽപ്പുറങ്ങൾ ആട്ടിൻകൂട്ടങ്ങൾകൊണ്ടു നിറഞ്ഞിരിക്കുന്നു; താഴ്വരകൾ ധാന്യംകൊണ്ടു മൂടിയിരിക്കുന്നു; അവ ആൎക്കുകയും പാടുകയും ചെയ്യുന്നു.

## ൬൬-ാം സങ്കീൎത്തനം

സൎവ്വഭൂമിയുമായുള്ളോരേ, ദൈവത്തിന്നു ഘോഷിപ്പിൻ;

൨ അവന്റെ നാമത്തിന്റെ മഹത്വം കീൎത്തിപ്പിൻ; അവന്റെ സ്തുതി മഹത്വീകരിപ്പിൻ.

൩ നിന്റെ പ്രവൃത്തികൾ എത്ര ഭയങ്കരം; നിന്റെ ശക്തിയുടെ വലിപ്പത്താൽ ശത്രുക്കൾ നിനക്കു കീഴടങ്ങും;

൪ സൎവ്വഭൂമിയും നിന്നെ നമസ്കരിച്ചു പാടും; അവർ നിന്റെ നാമത്തിന്നു കീൎത്തനം പാടും എന്നിങ്ങനെ ദൈവത്തോടു പറവിൻ.

൫ വന്നു ദൈവത്തിന്റെ പ്രവൃത്തികളെ നോക്കുവിൻ; അവൻ മനുഷ്യപുത്രന്മാരോടുള്ള തന്റെ പ്രവൃത്തിയിൽ ഭയങ്കരൻ.

൬ അവൻ സമുദ്രത്തെ ഉണങ്ങിയ നിലമാക്കി; അവർ കാൽ നടയായി നദി കടന്നുപോയി; അവിടെ നാം അവനിൽ സന്തോഷിച്ചു.

൭ അവൻ തന്റെ ശക്തിയാൽ എന്നേക്കും വാഴുന്നു; അവന്റെ കണ്ണു ജാതികളെ നോക്കുന്നു; മത്സരക്കാർ തങ്ങളെത്തന്നേ ഉയൎത്തരുതേ.

൮ വംശങ്ങളേ, നമ്മുടെ ദൈവത്തെ വാഴ്ത്തുവിൻ; അവന്റെ സ്തുതിയെ ഉച്ചത്തിൽ കേൾപ്പിപ്പിൻ.

൯ അവൻ നമ്മെ ജീവനോടെ കാക്കുന്നു; നമ്മുടെ കാലടികൾ വഴുതുവാൻ സമ്മതിക്കുന്നതുമില്ല.

൧൦ ദൈവമേ, നീ ഞങ്ങളെ പരിശോധിച്ചിരിക്കുന്നു; വെള്ളി ഊതിക്കഴിക്കുമ്പോലെ നീ ഞങ്ങളെ ഊതിക്കഴിച്ചിരിക്കുന്നു.

൧൧ നീ ഞങ്ങളെ വലയിൽ അകപ്പെടുത്തി; ഞങ്ങളുടെ മുതുകത്തു ഒരു വലിയ ഭാരം വെച്ചിരിക്കുന്നു.

൧൨ നീ മനുഷ്യരെ ഞങ്ങളുടെ തലമേൽ കയറി ഓടിക്കുമാറാക്കി; ഞങ്ങൾ തീയിലും വെള്ളത്തിലും കൂടി കടക്കേണ്ടിവന്നു; എങ്കിലും നീ ഞങ്ങളെ സമൃദ്ധിയിലേക്കു കൊണ്ടുവന്നിരിക്കുന്നു.

൧൩ ഞാൻ ഹോമയാഗങ്ങളുംകൊണ്ടു നിന്റെ ആലയത്തിലേക്കു വരും; എന്റെ നേൎച്ചകളെ ഞാൻ നിനക്കു കഴിക്കും.

൧൪ ഞാൻ കഷ്ടത്തിൽ ആയിരുന്നപ്പോൾ അവയെ എന്റെ അധരങ്ങളാൽ ഉച്ചരിച്ചു, എന്റെ വായാൽ നേൎന്നു.

൧൫ ഞാൻ ആട്ടുകൊററന്മാരുടെ സൌരഭ്യവാസനയോടുകൂടെ തടിപ്പിച്ച മൃഗങ്ങളെ നിനക്കു ഹോമയാഗം കഴിക്കും; ഞാൻ കാളകളെയും കോലാട്ടുകൊററന്മാരെയും അൎപ്പിക്കും.

൧൬ സകല ഭക്തന്മാരുമായുള്ളോരേ, വന്നു കേൾപ്പിൻ; അവൻ എന്റെ പ്രാണന്നു വേണ്ടി ചെയ്തതു ഞാൻ വിവരിക്കാം.

൧൭ ഞാൻ എന്റെ വായ്കൊണ്ടു അവനോടു നിലവിളിച്ചു; എന്റെ നാവിന്മേൽ അവന്റെ പുകഴ്ച ഉണ്ടായിരുന്നു.

൧൮ ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നുവെങ്കിൽ കൎത്താവു കേൾക്കയില്ലായിരുന്നു.

൧൯ എന്നാൽ ദൈവം കേട്ടിരിക്കുന്നു; എന്റെ പ്രാൎത്ഥനാശബ്ദം ശ്രദ്ധിച്ചിരിക്കുന്നു.

൨൦ എന്റെ പ്രാൎത്ഥന തള്ളിക്കളയാതെയും തന്റെ ദയ എങ്കൽനിന്നു എടുത്തുകളയാതെയും ഇരിക്കുന്ന ദൈവം വാഴ്ത്തപ്പെടുമാറാകട്ടെ.

### ൬൭ാം സങ്കീൎത്തനം

ദൈവം നമ്മോടു കൃപചെയ്തു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ ; അവൻ തന്റെ മുഖത്തെ നമ്മുടെമേൽ പ്രകാശിപ്പിക്കുമാറാകട്ടെ.

൨ നിന്റെ വഴി ഭൂമിയിലും നിന്റെ രക്ഷ സകല ജാതികളുടെ ഇടയിലും അറിയേണ്ടതിന്നു തന്നേ.

൩ ദൈവമേ, ജാതികൾ നിന്നെ സ്തുതിക്കും ; സകല ജാതികളും നിന്നെ സ്തുതിക്കും.

൪ ജാതികൾ സന്തോഷിച്ചു ഘോഷിച്ചുല്ലസിക്കും ; നീ വംശങ്ങളെ നേരോടെ വിധിച്ചു ഭൂമിയിലെ ജാതികളെ ഭരിക്കുന്നുവല്ലോ.

൫ ദൈവമേ, ജാതികൾ നിന്നെ സ്തുതിക്കും ; സകല ജാതികളും നിന്നെ സ്തുതിക്കും.

൬ ഭൂമി അതിന്റെ അനുഭവം തന്നിരിക്കുന്നു ; ദൈവം, നമ്മുടെ ദൈവം തന്നേ, നമ്മെ അനുഗ്രഹിക്കും.

൭ ദൈവം നമ്മെ അനുഗ്രഹിക്കും ; ഭൂമിയുടെ അറുതികൾ ഒക്കെയും അവനെ ഭയപ്പെടും.

## പതിമൂന്നാം തിയ്യതി
## കാലത്തേ പ്രാൎത്ഥന

### ൬൮ാം സങ്കീൎത്തനം

ദൈവം എഴുന്നേല്ക്കുന്നു ; അവന്റെ ശത്രുക്കൾ ചിതറിപ്പോകുന്നു ; അവനെ പകെക്കുന്നവരും അവന്റെ മുമ്പിൽനിന്നു ഓടിപ്പോകുന്നു.

൨ പുക പതറിപ്പോകുന്നതുപോലെ നീ അവരെ പതറിക്കുന്നു ; തീയിങ്കൽ മെഴുകു ഉരുകുന്നതുപോലെ ദുഷ്ടന്മാർ ദൈവസന്നിധിയിൽ നശിക്കുന്നു.

൩ എങ്കിലും നീതിമാന്മാർ സന്തോഷിച്ചു ദൈവസന്നിധിയിൽ ഉല്ലസിക്കും ; അതേ, അവർ സന്തോഷത്തോടെ ആനന്ദിക്കും.

൪ ദൈവത്തിന്നു പാടുവിൻ, അവന്റെ നാമത്തിന്നു സ്തുതി പാടുവിൻ ; മരുഭൂമിയിൽകൂടി വാഹനമേറി വരുന്നവന്നു വഴി നിരത്തുവിൻ ; യാഹ് എന്നാകുന്നു അവന്റെ നാമം ; അവന്റെ മുമ്പിൽ ഉല്ലസിപ്പിൻ.

൫ ദൈവം തന്റെ വിശുദ്ധനിവാസത്തിൽ അനാഥന്മാൎക്കു പിതാവും വിധവമാൎക്കു ന്യായപാലകനും ആകുന്നു.

൬ ദൈവം ഏകാകികളെ കുടുംബത്തിൽ വസിക്കുമാറാക്കുന്നു ; അവൻ ബദ്ധന്മാരെ വിടുവിച്ചു സൌഭാഗ്യത്തിലാക്കുന്നു ; എന്നാൽ മത്സരികൾ വരണ്ട ദേശത്തു പാൎക്കും.

൭ ദൈവമേ, നീ നിന്റെ ജനത്തിന്നു മുമ്പായി പുറപ്പെട്ടു മരുഭൂമിയിൽക്കൂടി നടകൊണ്ടപ്പോൾ

൮ ഭൂമി കുലുങ്ങി, ആകാശം ദൈവസന്നിധിയിൽ പൊഴിഞ്ഞു; ഈ സീനായി യിസ്രായേലിന്റെ ദൈവമായ ദൈവത്തിന്റെ മുമ്പിൽ കുലുങ്ങിപ്പോയി.

൯ ദൈവമേ, നീ ധാരാളം മഴ പെയ്യിച്ചു ക്ഷീണിച്ചിരുന്ന നിന്റെ അവകാശത്തെ തണുപ്പിച്ചു.

൧൦ നിന്റെ കൂട്ടം അതിൽ പാൎത്തു; ദൈവമേ, നിന്റെ ദയയാൽ നീ അതു എളിയവൎക്കുവേണ്ടി ഒരുക്കിവെച്ചു.

൧൧ കൎത്താവു ആജ്ഞ കൊടുക്കുന്നു; സുവാൎത്താദൂതികൾ വലിയോരു ഗണമാകുന്നു.

൧൨ സൈന്യങ്ങളുടെ രാജാക്കന്മാർ ഓടുന്നു, ഓടുന്നു; വീട്ടിൽ പാൎക്കുന്നവർ കവൎച്ച പങ്കിടുന്നു.

൧൩ നിങ്ങൾ തൊഴുത്തുകളുടെ ഇടയിൽ കിടക്കുമ്പോൾ പ്രാവിന്റെ ചിറകു വെള്ളികൊണ്ടും അതിന്റെ തൂവലുകൾ പൈമ്പൊന്നുകൊണ്ടും പൊതിഞ്ഞിരിക്കുന്നതുപോലെ ആകുന്നു.

൧൪ സൎവ്വശക്തൻ അവിടെ രാജാക്കന്മാരെ ചിതറിച്ചപ്പോൾ സല്മോനിൽ ഹിമം പെയ്യുകയായിരുന്നു.

൧൫ ബാശാൻപൎവ്വതം ദൈവത്തിന്റെ പൎവ്വതം ആകുന്നു; ബാശാൻപൎവ്വതം കൊടുമുടികളേറിയ പൎവ്വതമാകുന്നു.

൧൬ കൊടുമുടികളേറിയ പൎവ്വതങ്ങളേ, ദൈവം വസിപ്പാൻ ഇച്ഛിച്ചിരിക്കുന്ന പൎവ്വതത്തെ നിങ്ങൾ സ്പൎദ്ധിച്ചു നോക്കുന്നതു എന്തു? യഹോവ അതിൽ എന്നേക്കും വസിക്കും.

൧൭ ദൈവത്തിന്റെ രഥങ്ങൾ ആയിരമായിരവും കോടികോടിയുമാകുന്നു; കൎത്താവു അവരുടെ ഇടയിൽ, സീനായിൽ, വിശുദ്ധമന്ദിരത്തിൽ തന്നേ.

൧൮ നീ ഉയരത്തിലേക്കു കയറി, ബദ്ധന്മാരെ പിടിച്ചുകൊണ്ടുപോയി; യാഹ് എന്ന ദൈവം അവിടെ വസിക്കേണ്ടതിന്നു നീ മനുഷ്യരോടു, മത്സരികളോടുതന്നേ, കാഴ്ച വാങ്ങിയിരിക്കുന്നു.

൧൯ നമ്മുടെ രക്ഷയാകുന്ന ദൈവമായി, നാൾതോറും നമ്മുടെ ഭാരങ്ങളെ ചുമക്കുന്ന കൎത്താവു വാഴ്ത്തപ്പെടുമാറാകട്ടെ.

൨൦ ദൈവം നമുക്കു ഉദ്ധാരണങ്ങളുടെ ദൈവം ആകുന്നു; മരണത്തിൽനിന്നുള്ള നീക്കുപോക്കുകൾ കൎത്താവായ യഹോവെക്കുള്ളവ തന്നേ.

൨൧ അതേ, ദൈവം തന്റെ ശത്രുക്കളുടെ തലയും തന്റെ അകൃത്യത്തിൽ നടക്കുന്നവന്റെ രോമമുള്ള നെറുകയും തകൎത്തുകളയും.

൨൩ നീ നിന്റെ ശത്രുക്കളുടെ രക്തത്തിൽ കാൽ മുക്കേണ്ടതിന്നും അവരുടെ മാംസത്തിൽ നിന്റെ നായ്ക്കളുടെ നാവിന്നു ഓഹരി കിട്ടേണ്ട തിന്നും

൨൪ ഞാൻ അവരെ ബാശാനിൽനിന്നു മടക്കിവരുത്തും; സമുദ്ര ത്തിന്റെ ആഴങ്ങളിൽനിന്നു അവരെ മടക്കിവരുത്തും.

൨൫ ദൈവമേ, അവർ നിന്റെ എഴുന്നെള്ളത്തു കണ്ടു; എന്റെ ദൈവവും രാജാവുമായവന്റെ വിശുദ്ധമന്ദിരത്തേക്കുള്ള എഴുന്നെള്ളത്തു തന്നേ.

൨൬ സംഗീതക്കാർ മുമ്പിൽ നടന്നു; വീണക്കാർ പിമ്പിൽ നടന്നു; തപ്പുകൊട്ടുന്ന കന്യകമാർ ഇരുപുറവും നടന്നു.

൨൭ യിസ്രായേലിന്റെ ഉറവിൽനിന്നുള്ളോരേ, സഭായോഗങ്ങ ളിൽ നിങ്ങൾ കൎത്താവായ ദൈവത്തെ വാഴ്ത്തുവിൻ.

൨൮ അവിടെ അവരുടെ നായകനായ ചെറിയ ബെന്യാമീനും യെഹൂദാപ്രഭുക്കന്മാരും അവരുടെ സംഘവും സെബൂലൂൻ പ്രഭുക്കന്മാരും നഫ്താലിപ്രഭുക്കന്മാരും ഉണ്ടു.

൨൯ നിന്റെ ദൈവം നിനക്കു ബലം കല്പിച്ചിരിക്കുന്നു; ദൈ വമേ, നീ ഞങ്ങൾക്കു വേണ്ടി പ്രവൎത്തിച്ചതു സ്ഥിരപ്പെടുത്തേണമേ.

൩൦ യെരൂശലേമിലുള്ള നിന്റെ മന്ദിരംനിമിത്തം രാജാക്കന്മാർ നിനക്കു കാഴ്ച കൊണ്ടുവരും.

൩൧ ഞാങ്ങണയുടെ ഇടയിലെ ദുഷ്ടജന്തുവിനെയും ജാതികൾ വെള്ളിവാളങ്ങളോടുകൂടെ വന്നു കീഴടങ്ങുംവരെ അവരുടെ കാളക്കൂട്ട ത്തെയും പശുക്കിടാക്കളെയും ശാസിക്കേണമേ; യുദ്ധതല്പരന്മാരായ ജാതി കളെ ചിതറിക്കേണമേ.

൩൨ മിസ്രയീമിൽനിന്നു മഹത്തുക്കൾ വരും; കൂശ് വേഗത്തിൽ തന്റെ കൈകളെ ദൈവത്തിങ്കലേക്കു നീട്ടും.

൩൩ ഭൂമിയിലെ രാജ്യങ്ങളേ, ദൈവത്തിന്നു പാട്ടു പാടുവിൻ; കൎത്താവിന്നു കീൎത്തനം ചെയ്വിൻ.

൩൪ പുരാതന സ്വൎഗ്ഗാധിസ്വൎഗ്ഗങ്ങളിൽ വാഹനമേറുന്നവന്നു പാടുവിൻ! ഇതാ, അവൻ തന്റെ ശബ്ദത്തെ, ബലമേറിയോരു ശബ്ദ ത്തെ കേൾപ്പിക്കുന്നു.

൩൫ ദൈവത്തിന്നു ശക്തികൊടുപ്പിൻ; അവന്റെ മഹിമ യിസ്രാ യേലിന്മേലും അവന്റെ ബലം മേഘങ്ങളിലും വിളങ്ങുന്നു.

൩൬ ദൈവമേ, നിന്റെ വിശുദ്ധമന്ദിരത്തിൽനിന്നു നീ ഭയങ്കര നായ്വിളങ്ങുന്നു; യിസ്രായേലിന്റെ ദൈവം തന്റെ ജനത്തിന്നു ശക്തിയും ബലവും കൊടുക്കുന്നു. ദൈവം വാഴ്ത്തപ്പെടുമാറാകട്ടെ.

# പതിമ്മൂന്നാം തിയ്യതി

## വൈകുന്നേരത്തെ പ്രാൎത്ഥന

### ൬൯-ാം സങ്കീൎത്തനം

ദൈവമേ, എന്നെ രക്ഷിക്കേണമേ; വെള്ളം എന്റെ പ്രാണനോളം എത്തിയിരിക്കുന്നു.

൨ ഞാൻ നിലയില്ലാത്ത ആഴമുള്ള ചേററിൽ താഴുന്നു; ആഴമുള്ള വെള്ളത്തിൽ ഞാൻ മുങ്ങിപ്പോകുന്നു; പ്രവാഹങ്ങൾ എന്നെ കവിഞ്ഞൊഴുകുന്നു.

൩ എന്റെ നിലവിളിയാൽ ഞാൻ തളൎന്നിരിക്കുന്നു: എന്റെ തൊണ്ട ഉണങ്ങിയിരിക്കുന്നു; ഞാൻ എന്റെ ദൈവത്തെ പ്രതീക്ഷിച്ചു എന്റെ കണ്ണു മങ്ങിപ്പോകുന്നു.

൪ കാരണംകൂടാതെ എന്നെ പകെക്കുന്നവർ എന്റെ തലയിലെ രോമത്തിലും അധികമാകുന്നു; വൃഥാ എനിക്കു ശത്രുക്കളായി എന്നെ സംഹരിപ്പാൻ ഭാവിക്കുന്നവർ പെരുകിയിരിക്കുന്നു; ഞാൻ കവൎച്ച ചെയ്യാത്തതു തിരികെ കൊടുക്കേണ്ടിവരുന്നു.

൫ ദൈവമേ, നീ എന്റെ ഭോഷത്വം അറിയുന്നു; എന്റെ അകൃത്യങ്ങൾ നിനക്കു മറവായിരിക്കുന്നില്ല.

൬ സൈന്യങ്ങളുടെ യഹോവയായ കൎത്താവേ, നിങ്കൽ പ്രത്യാശ വെക്കുന്നവർ എന്റെ നിമിത്തം ലജ്ജിച്ചുപോകരുതേ; യിസ്രായേലിന്റെ ദൈവമേ, നിന്നെ അന്വേഷിക്കുന്നവർ എന്റെ നിമിത്തം നാണിച്ചുപോകരുതേ.

൭ നിന്റെ നിമിത്തം ഞാൻ നിന്ദവഹിച്ചു; ലജ്ജ എന്റെ മുഖത്തെ മൂടിയിരിക്കുന്നു.

൮ എന്റെ സഹോദരന്മാൎക്കു ഞാൻ പരദേശിയും എന്റെ അമ്മയുടെ മക്കൾക്കു അന്യനും ആയിത്തീൎന്നിരിക്കുന്നു.

൯ നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവു എന്നെ തിന്നുകളഞ്ഞു; നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെമേൽ വീണിരിക്കുന്നു.

൧൦ ഞാൻ കരഞ്ഞു ഉപവാസത്താൽ ആത്മതപനം ചെയ്തു; അതും എനിക്കു നിന്ദയായ്തീൎന്നു.

൧൧ ഞാൻ രട്ടുശീല എന്റെ ഉടുപ്പാക്കി; ഞാൻ അവൎക്കു പഴഞ്ചൊല്ലായിത്തീൎന്നു.

൧൨ പട്ടണവാതില്ക്കൽ ഇരിക്കുന്നവർ എന്നെക്കുറിച്ചു സല്ലാപിക്കുന്നു; ഞാൻ മദ്യപന്മാരുടെ പാട്ടായിരുന്നു.

൧൩ ഞാനോ യഹോവേ, പ്രസാദകാലത്തു നിന്നോടു പ്രാർത്ഥിക്കുന്നു; ദൈവമേ, നിന്റെ ദയയുടെ ബഹുത്വത്താൽ, നിന്റെ രക്ഷാവിശ്വസ്തതയാൽ തന്നേ, എനിക്കുത്തരമരുളേണമേ.

൧൪ ചേററിൽനിന്നു എന്നെ കയററേണമേ; ഞാൻ താണുപോകരുതേ; എന്നെ പകെക്കുന്നവരുടെ കയ്യിൽനിന്നും ആഴമുള്ള വെള്ളത്തിൽനിന്നും എന്നെ വിടുവിക്കേണമേ.

൧൫ ജലപ്രവാഹം എന്റെ മീതെ കവിയരുതേ; ആഴം എന്നെ വിഴുങ്ങരുതേ; കുഴി എന്നെ അടച്ചുകൊള്ളുകയുമരുതേ.

൧൬ യഹോവേ, എനിക്കുത്തരമരുളേണമേ; നിന്റെ ദയ നല്ലതല്ലോ; നിന്റെ കരുണയുടെ ബഹുത്വപ്രകാരം എങ്കലേക്കു തിരിയേണമേ;

൧൭ അടിയനു തിരുമുഖം മറെക്കരുതേ; ഞാൻ കഷ്ടത്തിൽ ഇരിക്കയാൽ വേഗത്തിൽ എനിക്കുത്തരമരുളേണമേ.

൧൮ എന്റെ പ്രാണനോടു അടുത്തുവന്നു അതിനെ വീണ്ടുകൊള്ളേണമേ; എന്റെ ശത്രുക്കൾനിമിത്തം എന്നെ വീണ്ടെടുക്കേണമേ.

൧൯ എനിക്കുള്ള നിന്ദയും ലജ്ജയും അപമാനവും നീ അറിയുന്നു; എന്റെ വൈരികൾ എല്ലാവരും നിന്റെ ദൃഷ്ടിയിൽ ഇരിക്കുന്നു.

൨൦ നിന്ദ എന്റെ ഹൃദയത്തെ തകൎത്തു, ഞാൻ ഏററവും വിഷാദിച്ചിരിക്കുന്നു; വല്ലവനും സഹതാപം തോന്നുമോ എന്നു ഞാൻ നോക്കിക്കൊണ്ടിരുന്നു; ആൎക്കും തോന്നിയില്ല; ആശ്വസിപ്പിക്കുന്നവരുണ്ടോ എന്നും നോക്കിക്കൊണ്ടിരുന്നു; ആരെയും കണ്ടില്ലതാനും.

൨൧ അവർ എനിക്കു തിന്നുവാൻ കൈപ്പു തന്നു; എന്റെ ദാഹത്തിന്നു അവർ എനിക്കു ചൊറുക്ക കുടിപ്പാൻ തന്നു.

൨൨ അവരുടെ മേശ അവരുടെ മുമ്പിൽ കണിയായും അവർ സുഖത്തോടിരിക്കുമ്പോൾ കുടുക്കായും തീരട്ടെ.

൨൩ അവരുടെ കണ്ണു കാണാതവണ്ണം ഇരുണ്ടുപോകട്ടെ; അവരുടെ അര എപ്പോഴും ആടുമാറാക്കേണമേ.

൨൪ നിന്റെ ക്രോധം അവരുടെമേൽ പകരേണമേ; നിന്റെ ഉഗ്രകോപം അവരെ പിടിക്കുമാറാകട്ടെ.

൨൫ അവരുടെ വാസസ്ഥലം ശൂന്യമായിപ്പോകട്ടെ; അവരുടെ കൂടാരങ്ങളിൽ ആരും പാൎക്കാതിരിക്കട്ടെ.

൨൬ നീ ദണ്ഡിപ്പിച്ചവനെ അവർ ഉപദ്രവിക്കുന്നു; നീ മുറിവേല്പിച്ചവരുടെ വേദനയെ അവർ വിവരിക്കുന്നു.

൨൭ അവരുടെ അകൃത്യത്തോടു അകൃത്യം കൂട്ടേണമേ; നിന്റെ നീതിയെ അവർ പ്രാപിക്കരുതേ.

൨൮ ജീവന്റെ പുസ്തകത്തിൽനിന്നു അവരെ മായിച്ചുകളയേണമേ; നീതിമാന്മാരോടുകൂടെ അവരെ എഴുതരുതേ.

൨൯ ഞാനോ എളിയവനും ദുഃഖിതനും ആകുന്നു; ദൈവമേ, നിന്റെ രക്ഷ എന്നെ ഉയൎത്തുമാറാകട്ടെ.

൩൦ പാട്ടോടെ ഞാൻ ദൈവത്തിന്റെ നാമത്തെ സ്തുതിക്കും; സ്തോത്രത്തോടെ അവനെ മഹത്വപ്പെടുത്തും.

൩൧ അതു യഹോവെക്കു കാളയെക്കാളും കൊമ്പും കുളമ്പും ഉള്ള മൂരിയെക്കാളും പ്രസാദകരമാകും.

൩൨ സൌമ്യതയുള്ളവർ അതു കണ്ടു സന്തോഷിക്കും; ദൈവത്തെ അന്വേഷിക്കുന്നവരേ, നിങ്ങളുടെ ഹൃദയം ജീവിക്കട്ടെ.

൩൩ യഹോവ ദരിദ്രന്മാരുടെ പ്രാൎത്ഥന കേൾക്കുന്നു; തന്റെ ബദ്ധന്മാരെ നിന്ദിക്കുന്നതുമില്ല.

൩൪ ആകാശവും ഭൂമിയും സമുദ്രങ്ങളും അവയിൽ ചരിക്കുന്ന സകലവും അവനെ സ്തുതിക്കട്ടെ.

൩൫ ദൈവം സീയോനെ രക്ഷിക്കും; അവൻ യെഹൂദാനഗരങ്ങളെ പണിയും; അവർ അവിടെ പാൎത്തു അതിനെ കൈവശമാക്കും.

൩൬ അവന്റെ ദാസന്മാരുടെ സന്തതി അതിനെ അവകാശമാക്കും; അവന്റെ നാമത്തെ സ്നേഹിക്കുന്നവർ അതിൽ വസിക്കും.

## ൭൦ാം സങ്കീൎത്തനം

ദൈവമേ, എന്നെ വിടുവിപ്പാൻ, യഹോവേ, എന്നെ സഹായിപ്പാൻ വേഗം വരേണമേ.

൨ എനിക്കു പ്രാണഹാനി വരുത്തുവാൻ നോക്കുന്നവർ ലജ്ജിച്ചു ഭ്രമിച്ചുപോകട്ടെ; എന്റെ അനൎത്ഥത്തിൽ സന്തോഷിക്കുന്നവർ പിന്തിരിഞ്ഞു അപമാനം ഏല്ക്കട്ടെ.

൩ നന്നായി നന്നായി എന്നു പറയുന്നവർ തങ്ങളുടെ നാണംനിമിത്തം പിന്തിരിഞ്ഞുപോകട്ടെ.

൪ നിന്നെ അന്വേഷിക്കുന്നവരൊക്കെയും നിന്നിൽ ആനന്ദിച്ചു സന്തോഷിക്കട്ടെ; നിന്റെ രക്ഷയെ ഇച്ഛിക്കുന്നവർ: ദൈവം മഹത്വമുള്ളവനെന്നു എപ്പോഴും പറയട്ടെ.

൫ ഞാനോ എളിയവനും ദരിദ്രനും ആകുന്നു; ദൈവമേ, എന്റെ അടുക്കൽ വേഗം വരേണമേ; നീ തന്നേ എന്റെ സഹായവും എന്നെ വിടുവിക്കുന്നവനും ആകുന്നു; യഹോവേ, താമസിക്കരുതേ.

# പതിന്നാലാം തിയ്യതി

## കാലത്തെ പ്രാൎത്ഥന

### ൭൧ാം സങ്കീൎത്തനം

യഹോവേ, ഞാൻ നിന്നിൽ ആശ്രയിക്കുന്നു; ഞാൻ ഒരുനാളും ലജ്ജിച്ചു പോകരുതേ.

൨ നിന്റെ നീതിനിമിത്തം എന്നെ ഉദ്ധരിച്ചു വിടുവിക്കേണമേ; നിന്റെ ചെവി എങ്കലേക്കു ചായിച്ചു എന്നെ രക്ഷിക്കേണമേ.

൩ ഞാൻ എപ്പോഴും വന്നു പാൎക്കേണ്ടതിന്നു നീ എനിക്കു ഉറപ്പുള്ള പാറയായിരിക്കേണമേ; എന്നെ രക്ഷിപ്പാൻ നീ കല്പിച്ചിരിക്കുന്നു; നീ എന്റെ പാറയും എന്റെ കോട്ടയും ആകുന്നുവല്ലോ.

൪ എന്റെ ദൈവമേ, ദുഷ്ടന്റെ കയ്യിൽനിന്നും നീതികേടും ക്രൂരതയും ഉള്ളവന്റെ കയ്യിൽനിന്നും എന്നെ വിടുവിക്കേണമേ.

൫ യഹോവയായ കൎത്താവേ, നീ എന്റെ പ്രത്യാശയാകുന്നു; ബാല്യംമുതൽ നീ എന്റെ ആശ്രയം തന്നേ.

൬ ഗൎഭംമുതൽ നീ എന്നെ താങ്ങിയിരിക്കുന്നു; എന്റെ അമ്മയുടെ ഉദരത്തിൽനിന്നു എന്നെ എടുത്തവൻ നീ തന്നേ; എന്റെ സ്തുതി എപ്പോഴും നിന്നെക്കുറിച്ചാകുന്നു.

൭ ഞാൻ പലൎക്കും ഒരത്ഭുതം ആയിരിക്കുന്നു; നീ എന്റെ ബലമുള്ള സങ്കേതമാകുന്നു.

൮ എന്റെ വായ് നിന്റെ സ്തുതികൊണ്ടും ഇടവിടാതെ നിന്റെ പ്രശംസകൊണ്ടും നിറഞ്ഞിരിക്കുന്നു.

൯ വാൎദ്ധക്യകാലത്തു നീ എന്നെ തള്ളിക്കളയരുതേ; ബലം ക്ഷയിക്കുമ്പോൾ എന്നെ ഉപേക്ഷിക്കയുമരുതേ.

൧൦ എന്റെ ശത്രുക്കൾ എന്നെക്കുറിച്ചു സംസാരിക്കുന്നു; എന്റെ പ്രാണഹാനിക്കായി കാത്തിരിക്കുന്നവർ കൂടിയാലോചിക്കുന്നു.

൧൧ ദൈവം അവനെ ഉപേക്ഷിച്ചിരിക്കുന്നു; പിന്തുടൎന്നു പിടിപ്പിൻ; വിടുവിപ്പാൻ ആരുമില്ല എന്നു അവർ പറയുന്നു.

൧൨ ദൈവമേ, എന്നോടു അകന്നിരിക്കരുതേ; എന്റെ ദൈവമേ, എന്നെ സഹായിപ്പാൻ വേഗം വരേണമേ.

൧൩ എന്റെ പ്രാണന്നു വിരോധികളായവർ ലജ്ജിച്ചു നശിച്ചുപോകട്ടെ; എനിക്കു അനൎത്ഥം അന്വേഷിക്കുന്നവർ നിന്ദകൊണ്ടും ലജ്ജകൊണ്ടും മൂടിപ്പോകട്ടെ.

൧൪ ഞാനോ എപ്പോഴും പ്രത്യാശിക്കും; ഞാൻ മേല്ക്കുമേൽ നിന്നെ സ്തുതിക്കും.

൧൫ എന്റെ വായ് ഇടവിടാതെ നിന്റെ നീതിയെയും രക്ഷയെയും വൎണ്ണിക്കും; അവയുടെ സംഖ്യ എനിക്കു അറിഞ്ഞുകൂടാ.

൧൬ ഞാൻ യഹോവയായ കൎത്താവിന്റെ വീൎയ്യപ്രവൃത്തികളോടു കൂടെ വരും; നിന്റെ നീതിയെ മാത്രം ഞാൻ കീൎത്തിക്കും.

൧൭ ദൈവമേ, എന്റെ ബാല്യംമുതൽ നീ എന്നെ ഉപദേശിച്ചിരിക്കുന്നു; ഇന്നുവരെ ഞാൻ നിന്റെ അത്ഭുത പ്രവൃത്തികളെ അറിയിച്ചുമിരിക്കുന്നു.

൧൮ ദൈവമേ, അടുത്ത തലമുറയോടു ഞാൻ നിന്റെ ഭുജത്തെയും വരുവാനുള്ള എല്ലാവരോടും നിന്റെ വീൎയ്യപ്രവൃത്തിയെയും അറിയിക്കുവോളം വാൎദ്ധക്യവും നരയും ഉള്ള കാലത്തും എന്നെ ഉപേക്ഷിക്കരുതേ.

൧൯ ദൈവമേ, നിന്റെ നീതിയും അത്യുന്നതമായിരിക്കുന്നു; മഹാകാൎയ്യങ്ങളെ പ്രവൎത്തിച്ചിട്ടുള്ള ദൈവമേ, നിന്നോടു തുല്യൻ ആരുള്ളു?

൨൦ അനവധി കഷ്ടങ്ങളും അനൎത്ഥങ്ങളും ഞങ്ങളെ കാണുമാറാക്കിയവനേ, നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കും; ഭൂമിയുടെ ആഴങ്ങളിൽനിന്നു ഞങ്ങളെ തിരികെ കയററും.

൨൧ നീ എന്റെ മഹത്വം വൎദ്ധിപ്പിച്ചു എന്നെ വീണ്ടും ആശ്വസിപ്പിക്കേണമേ.

൨൨ എന്റെ ദൈവമേ, ഞാനും വീണകൊണ്ടു നിന്നെയും നിന്റെ വിശ്വസ്തതയെയും സ്തുതിക്കും; യിസ്രായേലിന്റെ പരിശുദ്ധനായുള്ളോവേ, ഞാൻ കിന്നരംകൊണ്ടു നിനക്കു സ്തുതിപാടും.

൨൩ ഞാൻ നിനക്കു സ്തുതിപാടുമ്പോൾ എന്റെ അധരങ്ങളും നീ വീണ്ടെടുത്ത എന്റെ പ്രാണനും ഘോഷിച്ചാനന്ദിക്കും.

൨൪ എന്റെ നാവും ഇടവിടാതെ നിന്റെ നീതിയെക്കുറിച്ചു സംസാരിക്കും; എനിക്കു അനൎത്ഥം അന്വേഷിക്കുന്നവർ ലജ്ജിച്ചു ഭ്രമിച്ചുപോയിരിക്കുന്നു.

## ൭൨ാം സങ്കീൎത്തനം

ദൈവമേ, രാജാവിന്നു നിന്റെ ന്യായവും രാജകുമാരന്നു നിന്റെ നീതിയും നല്കേണമേ.

൨ അവൻ നിന്റെ ജനത്തെ നീതിയോടും നിന്റെ എളിയവരെ ന്യായത്തോടും കൂടെ പരിപാലിക്കട്ടെ.

൩ നീതിയാൽ പൎവ്വതങ്ങളിലും കുന്നുകളിലും ജനത്തിന്നു സമാധാനം വിളയട്ടെ.

൪ ജനത്തിൽ എളിയവൎക്കു അവൻ ന്യായം പാലിച്ചുകൊടുക്കട്ടെ; ദരിദ്രജനത്തെ അവൻ രക്ഷിക്കയും പീഡിപ്പിക്കുന്നവനെ തകൎത്തുകളകയും ചെയ്യട്ടെ.

൫ സൂൎയ്യചന്ദ്രന്മാരുള്ള കാലത്തോളവും അവർ തലമുറതലമുറയായി നിന്നെ ഭയപ്പെടട്ടെ.

൬ അരിഞ്ഞ പുൽപ്പുറത്തു പെയ്യുന്ന മഴപോലെയും ഭൂമിയെ നനെ
ക്കുന്ന വന്മഴപോലെയും അവൻ ഇറങ്ങിവരട്ടെ.

൭ അവൻെറ കാലത്തു നീതിമാന്മാർ തഴെക്കട്ടെ ; ചന്ദ്രനുള്ളേട
ത്തോളം സമാധാനസമൃദ്ധി ഉണ്ടാകട്ടെ.

൮ അവൻ സമുദ്രംമുതൽ സമുദ്രംവരെയും നദിമുതൽ ഭൂമിയുടെ അ
ററങ്ങൾവരെയും ഭരിക്കട്ടെ.

൯ മരുഭൂമിയിൽ വസിക്കുന്നവർ അവൻെറ മുമ്പിൽ വണങ്ങട്ടെ ;
അവൻെറ ശത്രുക്കൾ പൊടിമണ്ണു നക്കട്ടെ.

൰ തൎശീശിലെയും ദ്വീപുകളിലെയും രാജാക്കന്മാർ കാഴ്ച കൊണ്ടു
വരട്ടെ ; ശെബയിലെയും സെബയിലെയും രാജാക്കന്മാർ കപ്പം കൊടു
ക്കട്ടെ.

൰൧ സകല രാജാക്കന്മാരും അവനെ നമസ്കരിക്കട്ടെ : സകല ജാതി
കളും അവനെ സേവിക്കട്ടെ.

൰൨ അവൻ നിലവിളിക്കുന്ന ദരിദ്രനെയും സഹായമില്ലാത്ത എളി
യവനെയും വിടുവിക്കുമല്ലോ.

൰൩ എളിയവനെയും ദരിദ്രനെയും അവൻ ആദരിക്കും ; ദരിദ്രന്മാ
രുടെ ജീവനെ അവൻ രക്ഷിക്കും.

൰൪ അവരുടെ പ്രാണനെ അവൻ പീഡയിൽനിന്നും സാഹസ
ത്തിൽനിന്നും വീണ്ടെടുക്കും ; അവരുടെ രക്തം അവന്നു വിലയേറിയതാ
യിരിക്കും.

൰൫ അവൻ ജീവിച്ചിരിക്കും ; ശെബപൊന്നു അവന്നു കാഴ്ചവരും ;
അവന്നുവേണ്ടി എപ്പോഴും പ്രാൎത്ഥന കഴിക്കും ; ഇടവിടാതെ അവനെ
അനുഗ്രഹിക്കും.

൰൬ ദേശത്തു പൎവ്വതങ്ങളുടെ മുകളിൽ ധാന്യസമൃദ്ധിയുണ്ടാകും ;
അതിൻെറ വിളവു ലെബാനോനെപ്പോലെ ഉലയും ; നഗരവാസികൾ
ഭൂമിയിലെ സസ്യംപോലെ തഴെക്കും.

൰൭ അവൻെറ നാമം എന്നേക്കും ഇരിക്കും ; അവൻെറ നാമം സൂ
ൎയ്യൻ ഉള്ളേടത്തോളം നിലനില്ക്കും ; മനുഷ്യർ അവൻെറ പേർ ചൊല്ലി
അന്യോന്യം അനുഗ്രഹിക്കും ; സകല ജാതികളും അവനെ ഭാഗ്യവാൻ
എന്നു പറയും.

൰൮ താൻ മാത്രം അത്ഭുതങ്ങളെ ചെയ്യുന്നവനായി യിസ്രായേലി
ൻെറ ദൈവമായി യഹോവയായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ.

൰൯ അവൻെറ മഹത്വമുള്ള നാമം എന്നേക്കും വാഴ്ത്തപ്പെട്ടതാകട്ടെ
ട്ടെ ; ഭൂമി മുഴുവനും അവൻെറ മഹത്വംകൊണ്ടു നിറയുമാറാകട്ടെ.
ആമേൻ, ആമേൻ.

# പതിന്നാലാം തിയ്യതി

## വൈകുന്നേരത്തെ പ്രാത്ഥന

### ൭൩ാം സങ്കീൎത്തനം

ദൈവം യിസ്രായേലിന്നു, നിൎമ്മലഹൃദയമുള്ളവൎക്കു തന്നേ നല്ലവൻ ആകുന്നു നിശ്ചയം.

൨ എന്നാൽ എന്റെ കാലുകൾ ഏകദേശം ഇടറി; എന്റെ കാലടികൾ ഏറെക്കുറെ വഴുതിപ്പോയി.

൩ ദുഷ്ടന്മാരുടെ സൌഖ്യം കണ്ടിട്ടു എനിക്കു അഹങ്കാരികളോടു അസൂയ തോന്നി.

൪ അവൎക്കു വേദന ഒട്ടുമില്ലല്ലോ; അവരുടെ ദേഹം തടിച്ചുരുണ്ടിരിക്കുന്നു.

൫ അവർ മൎത്യരെപ്പോലെ കഷ്ടത്തിൽ ആകുന്നില്ല; മററു മനുഷ്യരെപ്പോലെ ബാധിക്കപ്പെടുന്നതുമില്ല.

൬ ആകയാൽ ഡംഭം അവൎക്കു മാലയായിരിക്കുന്നു; ബലാല്ക്കാരം വസ്ത്രംപോലെ അവരെ ചുററിയിരിക്കുന്നു.

൭ അവരുടെ കണ്ണുകൾ പുഷ്ടികൊണ്ടു ഉന്തിനില്ക്കുന്നു; അവരുടെ ഹൃദയത്തിലെ നിരൂപണങ്ങൾ കവിഞ്ഞൊഴുകുന്നു.

൮ അവർ പരിഹസിച്ചു ദുഷ്ടതയോടെ ഭീഷണി പറയുന്നു; ഉന്നതഭാവത്തോടെ സംസാരിക്കുന്നു.

൯ അവർ വായ് ആകാശത്തോളം ഉയൎത്തുന്നു; അവരുടെ നാവു ഭൂമിയിൽ സഞ്ചരിക്കുന്നു.

൧൦ അതുകൊണ്ടു അവൻ തന്റെ ജനത്തെ ഇതിലേക്കു തിരിക്കുന്നു; അവർ ധാരാളം വെള്ളം വലിച്ചു കുടിക്കുന്നു.

൧൧ ദൈവം എങ്ങനെ അറിയുന്നു? അത്യുന്നതന്നു അറിവുണ്ടോ? എന്നു അവർ പറയുന്നു.

൧൨ ഇങ്ങനെ ആകുന്നു ദുഷ്ടന്മാർ; അവർ നിത്യം സ്വസ്ഥത അനുഭവിച്ചു സമ്പത്തു വൎദ്ധിപ്പിക്കുന്നു.

൧൩ എന്നാൽ ഞാൻ എന്റെ ഹൃദയത്തെ ശുദ്ധീകരിച്ചതും എന്റെ കൈകളെ കുററമില്ലായ്മയിൽ കഴുകിയതും വ്യൎത്ഥമത്രേ.

൧൪ ഞാൻ ഇടവിടാതെ ബാധിതനായിരുന്നു; ഉഷസ്സുതോറും ദണ്ഡിക്കപ്പെട്ടും ഇരുന്നു.

൧൫ ഞാൻ ഇങ്ങനെ സംസാരിപ്പാൻ വിചാരിച്ചെങ്കിൽ ഇതാ, ഞാൻ നിന്റെ മക്കളുടെ തലമുറയോടു ദ്രോഹം ചെയ്യുമായിരുന്നു.

൧൬ ഞാൻ ഇതു ഗ്രഹിപ്പാൻ നിരൂപിച്ചപ്പോൾ എനിക്കു പ്രയാസമായി തോന്നി;

൧൭ ഒടുവിൽ ഞാൻ ദൈവത്തിൻെറ വിശുദ്ധ മന്ദിരത്തിൽ ചെന്നു അവരുടെ അന്തം എന്താകും എന്നു ചിന്തിച്ചു.

൧൮ നിശ്ചയമായി നീ അവരെ വഴുവഴുപ്പിൽ നിൎത്തുന്നു; നീ അവരെ നാശത്തിൽ തള്ളിയിടുന്നു.

൧൯ എത്ര ക്ഷണത്തിൽ അവർ ശൂന്യമായ്പോയി! അവർ ഘോരസംഭവങ്ങളാൽ അശേഷം മുടിഞ്ഞുപോയിരിക്കുന്നു.

൨൦ ഉണരുമ്പോൾ ഒരു സ്വപ്നത്തെപ്പോലെ കൎത്താവേ, നീ ഉണരുമ്പോൾ അവരുടെ രൂപത്തെ തുച്ഛീകരിക്കും.

൨൧ ഇങ്ങനെ എൻെറ ഹൃദയം വ്യസനിക്കയും എൻെറ അന്തരംഗത്തിൽ കുത്തുകൊള്ളുകയും ചെയ്യുമ്പോൾ

൨൨ ഞാൻ പൊട്ടനും ഒന്നും അറിയാത്തവനും ആയിരുന്നു; നിൻെറ മുമ്പിൽ മൃഗംപോലെ ആയിരുന്നു.

൨൩ എന്നിട്ടും ഞാൻ എപ്പോഴും നിൻെറ അടുക്കൽ ഇരിക്കുന്നു; നീ എന്നെ വലങ്കൈക്കു പിടിച്ചിരിക്കുന്നു.

൨൪ നിൻെറ ആലോചനയാൽ നീ എന്നെ നടത്തും; പിന്നത്തേതിൽ മഹത്വത്തിലേക്കു എന്നെ കൈക്കൊള്ളും.

൨൫ സ്വൎഗ്ഗത്തിൽ എനിക്കു ആരുള്ളു? ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല.

൨൬ എൻെറ മാംസവും ഹൃദയവും ക്ഷയിച്ചുപോകുന്നു; ദൈവം എന്നേക്കും എൻെറ ഹൃദയത്തിൻെറ പാറയും എൻെറ ഓഹരിയും ആകുന്നു.

൨൭ ഇതാ, നിന്നോടു അകന്നിരിക്കുന്നവർ നശിച്ചുപോകും; നിന്നെ വിട്ടു പരസംഗം ചെയ്യുന്ന എല്ലാവരെയും നീ സംഹരിക്കും.

൨൮ എന്നാൽ ദൈവത്തോടു അടുത്തിരിക്കുന്നതു എനിക്കു നല്ലതു; നിൻെറ സകല പ്രവൃത്തികളെയും വൎണ്ണിക്കേണ്ടതിന്നു ഞാൻ യഹോവയായ കൎത്താവിനെ എൻെറ സങ്കേതമാക്കിയിരിക്കുന്നു.

## ൭൪ാം സങ്കീൎത്തനം

൧ ദൈവമേ, നീ ഞങ്ങളെ സദാകാലത്തേക്കും തള്ളിക്കളഞ്ഞതു എന്തു? നിൻെറ മേച്ചൽപുറത്തെ ആടുകളുടെ നേരെ നിൻെറ കോപം പുകയുന്നതു എന്തു?

൨ നീ പണ്ടുപണ്ടേ സമ്പാദിച്ച നിൻെറ സഭയെയും നീ വീണ്ടെടുത്ത നിൻെറ അവകാശഗോത്രത്തെയും നീ വസിച്ചുപോന്ന സീയോൻപൎവ്വതത്തെയും ഓൎക്കേണമേ.

൩ നിത്യശൂന്യങ്ങളിലേക്കു നിൻെറ കാലടി വെക്കേണമേ; ശത്രു വിശുദ്ധമന്ദിരത്തിൽ സകലവും നശിപ്പിച്ചിരിക്കുന്നു.

൪ നിന്റെ വൈരികൾ നിന്റെ സമാഗമനസ്ഥലത്തിന്റെ നടു
വിൽ അലറുന്നു; തങ്ങളുടെ കൊടികളെ അവർ അടയാളങ്ങളായി
നാട്ടിയിരിക്കുന്നു.

൫ അവർ മരക്കൂട്ടത്തിന്മേൽ കോടാലി ഓങ്ങുന്നതുപോലെ തോന്നി.

൬ ഇതാ, അവർ മഴുകൊണ്ടും ചുററികകൊണ്ടും അതിന്റെ ചിത്ര
പ്പണികളെ ആകപ്പാടെ തകൎത്തുകളയുന്നു.

൭ അവർ നിന്റെ വിശുദ്ധ മന്ദിരത്തിന്നു തീ വെച്ചു; തിരുനാമ
ത്തിന്റെ നിവാസത്തെ അവർ ഇടിച്ചുനിരത്തി അശുദ്ധമാക്കി.

൮ നാം അവരെ നശിപ്പിച്ചുകളക എന്നു അവർ ഉള്ളംകൊണ്ടു
പറഞ്ഞു; ദേശത്തിൽ ദൈവത്തിന്റെ എല്ലാ പള്ളികളെയും ചുട്ടുകളഞ്ഞു.

൯ ഞങ്ങൾ ഞങ്ങളുടെ അടയാളങ്ങളെ കാണുന്നില്ല; യാതൊരു
പ്രവാചകനും ശേഷിച്ചിട്ടില്ല; ഇതു എത്രത്തോളം എന്നറിയുന്നവൻ
ആരും ഞങ്ങളുടെ ഇടയിൽ ഇല്ല.

൧൦ ദൈവമേ, വൈരി എത്രത്തോളം നിന്ദിക്കും? ശത്രു നിന്റെ
നാമത്തെ എന്നേക്കും ദുഷിക്കുമോ?

൧൧ നിന്റെ കൈ, നിന്റെ വലങ്കൈ നീ വലിച്ചുകളയുന്നതു
എന്തു? നിന്റെ മടിയിൽനിന്നു അതു എടുത്തു അവരെ മുടിക്കേണമേ.

൧൨ ദൈവം പുരാതനമേ എന്റെ രാജാവാകുന്നു; ഭൂമിയുടെ
മദ്ധ്യേ അവൻ രക്ഷ പ്രവൃത്തിക്കുന്നു.

൧൩ നിന്റെ ശക്തികൊണ്ടു നീ സമുദ്രത്തെ വിഭാഗിച്ചു; വെള്ള
ത്തിലുള്ള തിമിംഗലങ്ങളുടെ തലകളെ ഉടെച്ചുകളഞ്ഞു.

൧൪ ലിവ്യാഥാന്റെ തലകളെ നീ തകൎത്തു; മരുവാസികളായ ജന
ത്തിന്നു അതിനെ ആഹാരമായി കൊടുത്തു.

൧൫ നീ ഉറവും ഒഴുക്കും തുറന്നുവിട്ടു, മഹാനദികളെ നീ വററ
ച്ചുകളഞ്ഞു.

൧൬ പകൽ നിനക്കുള്ളതു; രാവും നിനക്കുള്ളതു; വെളിച്ചത്തെയും
സൂൎയ്യനെയും നീ ചമെച്ചിരിക്കുന്നു.

൧൭ ഭൂസീമകളെ ഒക്കെയും നീ സ്ഥാപിച്ചു; നീ ഉഷ്ണകാലവും ശീത
കാലവും നിയമിച്ചു.

൧൮ യഹോവേ, ശത്രു നിന്ദിച്ചിരിക്കുന്നതും മൂഢജാതി തിരുനാമ
ത്തെ ദുഷിച്ചിരിക്കുന്നതും ഓൎക്കേണമേ.

൧൯ നിന്റെ കുറുപ്രാവിനെ ദുഷ്ടമൃഗത്തിന്നു ഏല്പിക്കരുതേ;
നിന്റെ എളിയവരുടെ ജീവനെ എന്നേക്കും മറക്കരുതേ.

൨൦ നിന്റെ നിയമത്തെ കടാക്ഷിക്കേണമേ; ഭൂമിയിലെ അന്ധകാ
രസ്ഥലങ്ങൾ സാഹസനിവാസങ്ങൾകൊണ്ടു നിറഞ്ഞിരിക്കുന്നു.

൨൧ പീഡിതൻ ലജ്ജിച്ചു പിന്തിരിയരുതേ; എളിയവനും ദരിദ്ര
നും നിന്റെ നാമത്തെ സ്തുതിക്കട്ടെ.

൨൨ ദൈവമേ, എഴുന്നേറ്റു നിന്റെ വ്യവഹാരം നടത്തേണമേ; മൂഢൻ ഇടവിടാതെ നിന്നെ നിന്ദിക്കുന്നതു ഓൎക്കേണമേ.
൨൩ നിന്റെ വൈരികളുടെ ആരവം മറക്കരുതേ; നിന്റെ എതിരാളികളുടെ കലഹം എപ്പോഴും പൊങ്ങിക്കൊണ്ടിരിക്കുന്നു.

## പതിനഞ്ചാം തിയ്യതി

## കാലത്തെ പ്രാൎത്ഥന

### ൭൫ാം സങ്കീൎത്തനം

ദൈവമേ, ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു; ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു; നിന്റെ നാമം അടുത്തിരിക്കുന്നു; ഞങ്ങൾ നിന്റെ അതിശയപ്രവൃത്തികളെ ഘോഷിക്കുന്നു.
൨ സമയം വരുമ്പോൾ ഞാൻ നേരോടെ വിധിക്കും.
൩ ഭൂമിയും അതിലെ സകല നിവാസികളും ഉരുകിപ്പോകുമ്പോൾ ഞാൻ അതിന്റെ തൂണുകളെ ഉറപ്പിക്കുന്നു.
൪ ഡംഭം കാട്ടരുതെന്നു ഡംഭികളോടും കൊമ്പുയൎത്തരുതെന്നു ദുഷ്ടന്മാരോടും ഞാൻ പറയുന്നു.
൫ നിങ്ങളുടെ കൊമ്പു മേലോട്ടു ഉയൎത്തരുതു; ശാഠ്യത്തോടെ സംസാരിക്കയുമരുതു.
൬ കിഴക്കുനിന്നല്ല, പടിഞ്ഞാറുനിന്നല്ല, തെക്കുനിന്നുമല്ല ഉയൎച്ച വരുന്നതു.
൭ ദൈവം ന്യായാധിപതിയാകുന്നു; അവൻ ഒരുത്തനെ താഴ്ത്തുകയും മറ്റൊരുത്തനെ ഉയൎത്തുകയും ചെയ്യുന്നു.
൮ യഹോവയുടെ കയ്യിൽ ഒരു പാനപാത്രം ഉണ്ടു; വീഞ്ഞു നുരെക്കുന്നു; അതു മദ്യംകൊണ്ടു നിറഞ്ഞിരിക്കുന്നു; അവൻ അതിൽനിന്നു പകരുന്നു; ഭൂമിയിലെ സകല ദുഷ്ടന്മാരും അതിന്റെ മട്ടു വലിച്ചുകുടിക്കും.
൯ ഞാനോ എന്നേക്കും പ്രസ്താവിക്കും; യാക്കോബിന്റെ ദൈവത്തിന്നു സ്തുതിപാടും.
൧൦ ദുഷ്ടന്മാരുടെ കൊമ്പുകളൊക്കെയും ഞാൻ മുറിച്ചുകളയും; നീതിമാന്മാരുടെ കൊമ്പുകളോ ഉയൎന്നിരിക്കും.

### ൭൬ാം സങ്കീൎത്തനം

ദൈവം യെഹൂദയിൽ പ്രസിദ്ധനാകുന്നു; അവന്റെ നാമം യിസ്രായേലിൽ വലിയതാകുന്നു.
൨ അവന്റെ കൂടാരം ശാലേമിലും അവന്റെ വാസസ്ഥലം സീയോനിലും ഇരിക്കുന്നു.

൩ അവിടെവെച്ചു അവൻ വില്ലിന്റെ മിന്നുന്ന അമ്പുകളും പരി
ചയും വാളും യുദ്ധവും തകൎത്തുകളഞ്ഞു.
൪ ശാശ്വതപൎവ്വതങ്ങളെക്കാൾ നീ തേജസ്സും മഹിമയും ഉള്ളവനാ
കുന്നു.
൫ ധൈൎയ്യശാലികളെ കൊള്ളയിട്ടു അവർ നിദ്ര പ്രാപിച്ചു; പരാ
ക്രമശാലികൾക്കു ആൎക്കും കൈക്കരുത്തില്ലാതെ പോയി.
൬ യാക്കോബിന്റെ ദൈവമേ, നിന്റെ ശാസനയാൽ തേരും കു
തിരയും ഗാഢനിദ്രയിൽ വീണു.
൭ നീ ഭയങ്കരനാകുന്നു; നീ ഒന്നു കോപിച്ചാൽ തിരുമുമ്പാകെ നി
ല്ക്കാകുന്നവൻ ആർ ?
൮ സ്വൎഗ്ഗത്തിൽനിന്നു നീ വിധി കേൾപ്പിച്ചു; ഭൂമിയിലെ സാധുക്ക
ളെയൊക്കെയും രക്ഷിപ്പാൻ
൯ ദൈവം ന്യായവിസ്താരത്തിന്നു എഴുന്നേറ്റപ്പോൾ ഭൂമി ഭയപ്പെ
ട്ടു അമൎന്നിരുന്നു.
൧൦ മനുഷ്യന്റെ ക്രോധം നിന്നെ സ്തുതിക്കും നിശ്ചയം; ക്രോധശി
ഷ്ടത്തെ നീ അരെക്കു കെട്ടിക്കൊള്ളും.
൧൧ നിങ്ങളുടെ ദൈവമായ യഹോവെക്കു നേരുകയും നിവൎത്തിക്ക
യും ചെയ്വിൻ; അവന്റെ ചുറ്റുമുള്ള എല്ലാവരും ഭയങ്കരനായവന്നു കാ
ഴ്ച കൊണ്ടുവരട്ടെ.
൧൨ അവൻ പ്രഭുക്കന്മാരുടെ പ്രാണനെ ഛേദിച്ചുകളയും; ഭൂമിയി
ലെ രാജാക്കന്മാൎക്കു അവൻ ഭയങ്കരനാകുന്നു.

## ൭൭ാം സങ്കീൎത്തനം

ഞാൻ എന്റെ ശബ്ദം ഉയൎത്തി ദൈവത്തോടു, എന്റെ ശബ്ദം ഉയൎത്തി
ദൈവത്തോടു തന്നേ നിലവിളിക്കും; അവൻ എനിക്കു ചെവി തരും.
൨ കഷ്ടദിവസത്തിൽ ഞാൻ യഹോവയെ അന്വേഷിച്ചു; രാത്രി
യിൽ എന്റെ കൈ തളരാതെ മലൎത്തിയിരുന്നു; എന്റെ ഉള്ളം ആശ്വാ
സം നിരസിച്ചു.
൩ ഞാൻ ദൈവത്തെ ഓൎത്തു വ്യാകുലപ്പെടുന്നു; ഞാൻ ധ്യാനിച്ചു,
എന്റെ ആത്മാവു വിഷാദിക്കുന്നു.
൪ നീ എന്റെ കണ്ണിന്നു ഉറക്കം തടുത്തിരിക്കുന്നു; സംസാരിപ്പാൻ
കഴിയാതവണ്ണം ഞാൻ വ്യാകുലപ്പെട്ടിരിക്കുന്നു.
൫ ഞാൻ പൂൎവ്വദിവസങ്ങളെയും പണ്ടത്തെ സംവത്സരങ്ങളെയും വി
ചാരിക്കുന്നു.
൬ രാത്രിയിൽ ഞാൻ എന്റെ സംഗീതം ഓൎക്കുന്നു; എന്റെ ഹൃദയം
കൊണ്ടു ഞാൻ ധ്യാനിക്കുന്നു; എന്റെ ആത്മാവും ശോധന കഴിക്കുന്നു.

൭ കൎത്താവു എന്നേക്കും തള്ളിക്കളയുമോ? അവൻ ഇനി ഒരിക്കലും അനുകൂലമായിരിക്കയില്ലയോ?

൮ അവന്റെ ദയ സദാകാലത്തേക്കും പൊയ്പോയോ? അവന്റെ വാഗ്ദാനം തലമുറതലമുറയോളം ഇല്ലാതെയായ്പോയോ?

൯ ദൈവം കൃപ കാണിപ്പാൻ മറന്നിരിക്കുന്നുവോ? അവൻ കോപത്തിൽ തന്റെ കരുണ അടെച്ചുകളഞ്ഞിരിക്കുന്നുവോ?

൧൦ എന്നാൽ അതു എന്റെ കഷ്ടതയാകുന്നു; അത്യുന്നതന്റെ വലങ്കൈ വരുത്തിയ സംവത്സരങ്ങൾ തന്നേ എന്നു ഞാൻ പറഞ്ഞു.

൧൧ ഞാൻ യഹോവയുടെ പ്രവൃത്തികളെ വൎണ്ണിക്കും; നിന്റെ പണ്ടത്തെ അത്ഭുതങ്ങളെ ഞാൻ ഓൎക്കും.

൧൨ ഞാൻ നിന്റെ സകല പ്രവൃത്തിയെയും കുറിച്ചു ധ്യാനിക്കും; നിന്റെ ക്രിയകളെക്കുറിച്ചു ഞാൻ ചിന്തിക്കും.

൧൩ ദൈവമേ, നിന്റെ വഴി വിശുദ്ധമാകുന്നു; നമ്മുടെ ദൈവത്തെപ്പോലെ വലിയ ദൈവം ആരുള്ളു?

൧൪ നീ അത്ഭുതം പ്രവൎത്തിക്കുന്ന ദൈവം ആകുന്നു; നിന്റെ ബലത്തെ നീ ജാതികളുടെ ഇടയിൽ വെളിപ്പെടുത്തിയിരിക്കുന്നു.

൧൫ തൃക്കൈകൊണ്ടു നീ നിന്റെ ജനത്തെ വീണ്ടെടുത്തിരിക്കുന്നു; യാക്കോബിന്റെയും യോസേഫിന്റെയും മക്കളെ തന്നേ.

൧൬ ദൈവമേ, വെള്ളങ്ങൾ നിന്നെ കണ്ടു, വെള്ളങ്ങൾ നിന്നെ കണ്ടു ഭ്രമിച്ചു, ആഴികളും വിറെച്ചുപോയി.

൧൭ മേഘങ്ങൾ വെള്ളം ചൊരിഞ്ഞു; ആകാശം നാദം മുഴക്കി; നിന്റെ അസ്ത്രങ്ങൾ പരക്കെ പറന്നു.

൧൮ നിന്റെ ഇടിമുഴക്കം ചുഴലിക്കാറ്റിൽ മുഴങ്ങി; മിന്നലുകൾ ഭൂതലത്തെ പ്രകാശിപ്പിച്ചു; ഭൂമി കുലുങ്ങി നടുങ്ങിപ്പോയി.

൧൯ നിന്റെ വഴി സമുദ്രത്തിലും നിന്റെ പാതകൾ പെരുവെള്ളത്തിലും ആയിരുന്നു; നിന്റെ കാൽചുവടുകളെ അറിയാതെയുമിരുന്നു.

൨൦ മോശെയുടെയും അഹരോന്റെയും കൈയാൽ നിന്റെ ജനത്തെ ഒരു ആട്ടിൻകൂട്ടത്തെപ്പോലെ നടത്തി.

## പതിനഞ്ചാം തിയ്യതി

## വൈകുന്നേരത്തെ പ്രാൎത്ഥന

### ൭൮-ാം സങ്കീൎത്തനം

എന്റെ ജനമേ, എന്റെ ഉപദേശം ശ്രദ്ധിപ്പിൻ; എന്റെ വായ്മൊഴികൾക്കു നിങ്ങളുടെ ചെവി ചായിപ്പിൻ.

൨ ഞാൻ ഉപമ പ്രസ്താവിപ്പാൻ വായ് തുറക്കും; പുരാതന കടങ്കഥകളെ ഞാൻ പറയും.

൩ നാം അവയെ കേട്ടറിഞ്ഞിരിക്കുന്നു; നമ്മുടെ പിതാക്കന്മാർ നമ്മോടു പറഞ്ഞിരിക്കുന്നു.

൪ നാം അവരുടെ മക്കളോടു അവയെ മറെച്ചുവെക്കാതെ വരുവാനുള്ള തലമുറയോടു യഹോവയുടെ സ്തുതിയും ബലവും അവൻ ചെയ്ത അത്ഭുതപ്രവൃത്തികളും വിവരിച്ചുപറയും.

൫ അവൻ യാക്കോബിൽ ഒരു സാക്ഷ്യം സ്ഥാപിച്ചു; യിസ്രായേലിൽ ഒരു ന്യായപ്രമാണം നിയമിച്ചു; നമ്മുടെ പിതാക്കന്മാരോടു അവയെ തങ്ങളുടെ മക്കളെ അറിയിപ്പാൻ കല്പിച്ചു.

൬ വരുവാനുള്ള തലമുറ, ജനിപ്പാനിരിക്കുന്ന മക്കൾ തന്നേ, അവയെ ഗ്രഹിച്ചു എഴുന്നേററു തങ്ങളുടെ മക്കളോടറിയിക്കയും

൭ അവർ തങ്ങളുടെ ആശ്രയം ദൈവത്തിൽ വെക്കുകയും ദൈവത്തിന്റെ പ്രവൃത്തികളെ മറന്നുകളയാതെ അവന്റെ കല്പനകളെ പ്രമാണിച്ചു നടക്കയും

൮ തങ്ങളുടെ പിതാക്കന്മാരെപ്പോലെ ശാഠ്യവും മത്സരവും ഉള്ള തലമുറയായി ഹൃദയത്തെ സ്ഥിരമാക്കാതെ ദൈവത്തോടു അവിശ്വസ്തമനസ്സുള്ളോരു തലമുറയായിത്തീരാതിരിക്കയും ചെയ്യേണ്ടതിന്നു തന്നേ.

൯ ആയുധം ധരിച്ച വില്ലാളികളായ എഫ്രയീമ്യർ യുദ്ധദിവസത്തിൽ പിന്തിരിഞ്ഞുപോയി.

൧൦ അവർ ദൈവത്തിന്റെ നിയമം പ്രമാണിച്ചില്ല; അവന്റെ ന്യായപ്രമാണത്തെ ഉപേക്ഷിച്ചുനടന്നു.

൧൧ അവർ അവന്റെ പ്രവൃത്തികളെയും അവരെ കാണിച്ച അത്ഭുതങ്ങളെയും മറന്നുകളഞ്ഞു.

൧൨ അവൻ മിസ്രയീംദേശത്തു, സോവാൻവയലിൽ വെച്ചു അവരുടെ പിതാക്കന്മാർ കാൺകെ, അത്ഭുതം പ്രവൎത്തിച്ചു.

൧൩ അവൻ സമുദ്രത്തെ വിഭാഗിച്ചു, അതിൽകൂടി അവരെ കടത്തി; അവൻ വെള്ളത്തെ ചിറപോലെ നില്ക്കുമാറാക്കി.

൧൪ പകൽസമയത്തു അവൻ മേഘംകൊണ്ടും രാത്രി മുഴുവനും അഗ്നിപ്രകാശംകൊണ്ടും അവരെ നടത്തി.

൧൫ അവൻ മരുഭൂമിയിൽ പാറകളെ പിളൎന്നു ആഴികളാൽ എന്നപോലെ അവൎക്കു ധാരാളം കുടിപ്പാൻ കൊടുത്തു.

൧൬ പാറയിൽനിന്നു അവൻ ഒഴുക്കുകളെ പുറപ്പെടുവിച്ചു; വെള്ളം നദികളെപ്പോലെ ഒഴുകുമാറാക്കി.

൧൭ എങ്കിലും അവർ അവനോടു പാപം ചെയ്തു; അത്യുന്നതനോടു മരുഭൂമിയിൽവെച്ചു മത്സരിച്ചുകൊണ്ടിരുന്നു.

൧൮ തങ്ങളുടെ കൊതിക്കു ഭക്ഷണം ചോദിച്ചുകൊണ്ടു അവർ ഹൃദയത്തിൽ ദൈവത്തെ പരീക്ഷിച്ചു.

൧൯ അവർ ദൈവത്തിന്നു വിരോധമായി സംസാരിച്ചു: മരുഭൂമിയിൽ മേശ ഒരുക്കുവാൻ ദൈവത്തിന്നു കഴിയുമോ?

൨൦ അവൻ പാറയെ അടിച്ചു, വെള്ളം പുറപ്പെട്ടു, തോടുകളും കവിഞ്ഞൊഴുകി സത്യം; എന്നാൽ അപ്പംകൂടെ തരുവാൻ അവന്നു കഴിയുമോ? തന്റെ ജനത്തിന്നു അവൻ മാംസം വരുത്തിക്കൊടുക്കുമോ എന്നു പറഞ്ഞു.

൨൧ ആകയാൽ യഹോവ അതു കേട്ടു കോപിച്ചു; യാക്കോബിന്റെനേരെ തീ ജ്വലിച്ചു; യിസ്രായേലിന്റെനേരെ കോപവും പൊങ്ങി.

൨൨ അവർ ദൈവത്തിൽ വിശ്വസിക്കയും അവന്റെ രക്ഷയിൽ ആശ്രയിക്കയും ചെയ്യായ്കയാൽ തന്നേ.

൨൩ അവൻ മീതെ മേഘങ്ങളോടു കല്പിച്ചു; ആകാശത്തിന്റെ വാതിലുകളെ തുറന്നു.

൨൪ അവൎക്കു തിന്മാൻ മന്ന വൎഷിപ്പിച്ചു; സ്വൎഗ്ഗീയധാന്യം അവൎക്കു കൊടുത്തു.

൨൫ മനുഷ്യർ ശക്തിമാന്മാരുടെ അപ്പം തിന്നു; അവൻ അവൎക്കു തൃപ്തിയാകുംവണ്ണം ആഹാരം അയച്ചു.

൨൬ അവൻ ആകാശത്തിൽ കിഴക്കൻകാറ്റു അടിപ്പിച്ചു; തന്റെ ശക്തിയാൽ തെക്കൻ കാറ്റു വരുത്തി.

൨൭ അവൻ അവൎക്കു പൊടിപോലെ മാംസത്തെയും കടൽപുറത്തെ മണൽപോലെ പക്ഷികളെയും വൎഷിപ്പിച്ചു.

൨൮ അവരുടെ പാളയത്തിന്റെ നടുവിലും പാൎപ്പിടങ്ങളുടെ ചുറ്റിലും അവയെ പൊഴിച്ചു.

൨൯ അങ്ങനെ അവർ തിന്നു തൃപ്തരായ്തീൎന്നു; അവർ ആഗ്രഹിച്ചതു അവൻ അവൎക്കു കൊടുത്തു.

൩൦ അവരുടെ കൊതിക്കു മതിവന്നില്ല; ഭക്ഷണം അവരുടെ വായിൽ ഇരിക്കുമ്പോൾ തന്നേ,

൩൧ ദൈവത്തിന്റെ കോപം അവരുടെമേൽ വന്നു; അവരുടെ അതിപുഷ്ടന്മാരിൽ ചിലരെ കൊന്നു; യിസ്രായേലിലെ യൌവനക്കാരെ സംഹരിച്ചു.

൩൨ ഇതെല്ലാമായിട്ടും അവർ പിന്നെയും പാപം ചെയ്തു; അവന്റെ അത്ഭുതപ്രവൃത്തികളെ വിശ്വസിച്ചതുമില്ല.

൩൩ അതുകൊണ്ടു അവൻ അവരുടെ നാളുകളെ ശ്വാസംപോലെയും അവരുടെ സംവത്സരങ്ങളെ അതിവേഗത്തിലും കഴിയുമാറാക്കി.

൩൪ അവൻ അവരെ കൊല്ലുമ്പോൾ അവർ അവനെ അന്വേഷിക്കും; അവർ തിരിഞ്ഞു ജാഗ്രതയോടെ ദൈവത്തെ തിരയും.

൩൫ ദൈവം തങ്ങളുടെ പാറ എന്നും അത്യുന്നതനായ ദൈവം തങ്ങളുടെ വീണ്ടെടുപ്പുകാരൻ എന്നും അവർ ഓൎക്കും.

൩൬ എങ്കിലും അവർ വായ്കൊണ്ടു അവനോടു കപടം സംസാരിക്കും ;നാവുകൊണ്ടു അവനോടു ഭോഷ്കുപറയും.

൩൭ അവരുടെ ഹൃദയം അവങ്കൽ സ്ഥിരമായിരുന്നില്ല; അവന്റെ നിയമത്തോടു അവർ വിശ്വസ്തത കാണിച്ചതുമില്ല.

൩൮ എങ്കിലും അവൻ കരുണയുള്ളവനാകകൊണ്ടു അവരെ നശിപ്പിക്കാതെ അവരുടെ അകൃത്യം ക്ഷമിച്ചു; തന്റെ ക്രോധത്തെ മുഴുവനും ജ്വലിപ്പിക്കാതെ തന്റെ കോപത്തെ പലപ്പോഴും അടക്കിക്കളഞ്ഞു.

൩൯ അവർ ജഡമത്രെ എന്നും മടങ്ങിവരാതെ കടന്നുപോകുന്ന കാററു എന്നും അവൻ ഓൎത്തു.

൪൦ മരുഭൂമിയിൽ അവർ എത്ര പ്രാവശ്യം അവനോടു മത്സരിച്ചു! ശൂന്യപ്രദേശത്തു എത്ര പ്രാവശ്യം അവനെ ദുഃഖിപ്പിച്ചു!

൪൧ അവർ പിന്നെയും പിന്നെയും ദൈവത്തെ പരീക്ഷിച്ചു; യിസ്രായേലിന്റെ പരിശുദ്ധനെ മുഷിപ്പിച്ചു.

൪൨ മിസ്രയീമിൽ അടയാളങ്ങളെയും സോവാൻവയലിൽ അത്ഭുതങ്ങളെയും ചെയ്തു അവന്റെ കയ്യും

൪൩ അവൻ ശത്രുവിൻ വശത്തുനിന്നു അവരെ വിടുവിച്ച ദിവസവും അവർ ഓൎത്തില്ല.

൪൪ അവൻ അവരുടെ നദികളെയും തോടുകളെയും അവൎക്കു കുടിപ്പാൻ വഹിയാതവണ്ണം രക്തമാക്കിത്തീൎത്തു.

൪൫ അവൻ അവരുടെ ഇടയിൽ ഈച്ചയെ അയച്ചു; അവ അവരെ അരിച്ചുകളഞ്ഞു; തവളയെയും അയച്ചു അവ അവൎക്കു നാശം ചെയ്തു.

൪൬ അവരുടെ വിളവു അവൻ തുള്ളന്നും അവരുടെ പ്രയത്നം വെട്ടുക്കിളിക്കും കൊടുത്തു.

൪൭ അവൻ അവരുടെ മുന്തിരിവള്ളികളെ കന്മഴകൊണ്ടും അവരുടെ കാട്ടത്തിവൃക്ഷങ്ങളെ ആലിപ്പഴംകൊണ്ടും നശിപ്പിച്ചു.

൪൮ അവൻ അവരുടെ കന്നുകാലികളെ കന്മഴെക്കും അവരുടെ ആട്ടിൻകൂട്ടങ്ങളെ ഇടിത്തീക്കും ഏല്പിച്ചു.

൪൯ അവൻ അവരുടെ ഇടയിൽ തന്റെ കോപാഗ്നിയും ക്രോധവും രോഷവും കഷ്ടവും അയച്ചു; അനൎത്ഥദൂതന്മാരുടെ ഒരു ഗണത്തെ തന്നെ.

൫൦ അവൻ തന്റെ കോപത്തിന്നു ഒരു പാത ഒരുക്കി, അവരുടെ പ്രാണനെ മരണത്തിൽനിന്നു വിടുവിക്കാതെ അവരുടെ ജീവനെ മഹാമാരിക്കു ഏല്പിച്ചുകളഞ്ഞു.

൫൧ അവൻ മിസ്രയീമിലെ എല്ലാ കടിഞ്ഞൂലിനെയും ഹാം കൂടാര
ങ്ങളിലുള്ളവരുടെ വീൎയ്യത്തിന്റെ പ്രഥമഫലത്തെയും സംഹരിച്ചു
൫൨ എന്നാൽ തന്റെ ജനത്തെ അവൻ ആടുകളെപ്പോലെ പുറ
പ്പെടുവിച്ചു; മരുഭൂമിയിൽ ആട്ടിൻകൂട്ടത്തെപ്പോലെ അവരെ നടത്തി.
൫൩ അവൻ അവരെ നിൎഭയമായി നടത്തുകയാൽ അവൎക്കു പേടി
യുണ്ടായില്ല; അവരുടെ ശത്രുക്കളെ സമുദ്രം മൂടിക്കളഞ്ഞു.
൫൪ അവൻ അവരെ തന്റെ വിശുദ്ധദേശത്തിലേക്കും തന്റെ വ
ലങ്കൈ സമ്പാദിച്ച ഈ പൎവ്വതത്തിലേക്കും കൊണ്ടുവന്നു.
൫൫ അവരുടെ മുമ്പിൽനിന്നു അവൻ ജാതികളെ നീക്കിക്കളഞ്ഞു;
ചരടുകൊണ്ടു അളന്നു അവൎക്കു അവകാശം പകുത്തുകൊടുത്തു; യിസ്രാ
യേലിന്റെ ഗോത്രങ്ങളെ അവരവരുടെ കൂടാരങ്ങളിൽ പാൎപ്പിച്ചു.
൫൬ എങ്കിലും അവർ അത്യുന്നതനായ ദൈവത്തെ പരീക്ഷിച്ചു
മത്സരിച്ചു; അവന്റെ സാക്ഷ്യങ്ങളെ പ്രമാണിച്ചതുമില്ല.
൫൭ അവർ തങ്ങളുടെ പിതാക്കന്മാരെപ്പോലെ പിന്തിരിഞ്ഞു ദ്രോ
ഹംചെയ്തു; വഞ്ചനയുള്ള വില്ലുപോലെ അവർ മാറിക്കളഞ്ഞു.
൫൮ അവർ തങ്ങളുടെ പൂജാഗിരികളെക്കൊണ്ടു അവനെ കോപി
പ്പിച്ചു; വിഗ്രഹങ്ങളെക്കൊണ്ടു അവന്നു തീക്ഷ്ണത ജനിപ്പിച്ചു.
൫൯ ദൈവം കേട്ടു ക്രുദ്ധിച്ചു; യിസ്രായേലിനെ ഏററവും വെറുത്തു.
൬൦ ആകയാൽ അവൻ ശിലോവിലെ തിരുനിവാസവും താൻ മനു
ഷ്യരുടെ ഇടയിൽ അടിച്ചിരുന്ന കൂടാരവും ഉപേക്ഷിച്ചു.
൬൧ തന്റെ ബലത്തെ പ്രവാസത്തിലും തന്റെ മഹത്വത്തെ ശത്രു
വിന്റെ കയ്യിലും ഏല്പിച്ചുകൊടുത്തു.
൬൨ അവൻ തന്റെ അവകാശത്തോടു കോപിച്ചു; തന്റെ ജന
ത്തെ വാളിന്നു വിട്ടുകൊടുത്തു.
൬൩ അവരുടെ യൌവനക്കാർ തീക്കു ഇരയായിത്തീൎന്നു; അവരു
ടെ കന്യകമാൎക്കു വിവാഹഗീതം ഉണ്ടായതുമില്ല.
൬൪ അവരുടെ പുരോഹിതന്മാർ വാൾകൊണ്ടു വീണു; അവരുടെ
വിധവമാർ വിലാപം കഴിച്ചതുമില്ല.
൬൫ അപ്പോൾ കൎത്താവു ഉറക്കുണൎന്നു വരുന്നവനെപ്പോലെയും
വീഞ്ഞുകുടിച്ചു അട്ടഹാസിക്കുന്ന വീരനെപ്പോലെയും ഉണൎന്നു.
൬൬ അവൻ തന്റെ ശത്രുക്കളെ പുറകോട്ടു അടിച്ചുകളഞ്ഞു; അവ
ൎക്കു നിത്യനിന്ദ വരുത്തുകയും ചെയ്തു.
൬൭ എന്നാൽ അവൻ യോസേഫിന്റെ കൂടാരത്തെ ത്യജിച്ചു;
എഫ്രയീംഗോത്രത്തെ തിരഞ്ഞെടുത്തതുമില്ല.
൬൮ അവൻ യെഹൂദാഗോത്രത്തെയും താൻ പ്രിയപ്പെട്ട സീയോൻ
പൎവ്വതത്തെയും തിരഞ്ഞെടുത്തു.

ന്നൻ താൻ സദാകാലത്തേക്കും സ്ഥാപിച്ചിരിക്കുന്ന ഭൂമിയെപ്പോലെ
യും സ്വർഗ്ഗോന്നതികളെപ്പോലെയും അവൻ തന്റെ വിശുദ്ധമന്ദിരത്തെ
പണിതു.
൭൦ അവൻ തന്റെ ദാസനായ ദാവീദിനെ തിരഞ്ഞെടുത്തു ; ആട്ടിൻ
തൊഴുത്തുകളിൽനിന്ന അവനെ വരുത്തി.
൭൧ തന്റെ ജനമായ യാക്കോബിനെയും തന്റെ അവകാശമായ
യിസ്രായേലിനെയും മേയിക്കേണ്ടതിന്ന അവൻ അവനെ തള്ളയാടുകളെ
ടനാക്കുന്ന വേലയിൽനിന്ന കൊണ്ടുവന്നു.
൭൨ അങ്ങനെ അവൻ പരമാത്ഥ ഹൃദയത്തോടെ അവരെ മേ
യിച്ചു ; കൈമിടുക്കോടെ അവരെ നടത്തി.

## പതിനാറാം തിയ്യതി

## കാലത്തെ പ്രാത്ഥന

### ൭൯ാം സങ്കീർത്തനം

ദൈവമേ, ജാതികൾ നിന്റെ അവകാശത്തിലേക്ക കടന്നിരിക്കുന്നു ;
അവർ നിന്റെ വിശുദ്ധമന്ദിരത്തെ അശുദ്ധമാക്കുകയും യെരുശലേമിനെ
കൽക്കുന്നുകളാക്കുകയും ചെയ്തിരിക്കുന്നു.
൨ അവർ നിന്റെ ദാസന്മാരുടെ ശവങ്ങളെ ആകാശത്തിലെ പ
ക്ഷികൾക്കും നിന്റെ വിശുദ്ധന്മാരുടെ മാംസത്തെ കാട്ടുമൃഗങ്ങൾക്കും ഇര
യായി കൊടുത്തിരിക്കുന്നു.
൩ അവരുടെ രക്തത്തെ വെള്ളംപോലെ അവർ യെരുശലേമിന്നു
ചുററും ചിന്തിക്കളഞ്ഞു ; അവരെ കുഴിച്ചിടുവാൻ ആരും ഉണ്ടായിരുന്ന
തുമില്ല.
൪ ഞങ്ങൾ ഞങ്ങളുടെ അയല്ക്കാക്ക അപമാനവും ചുററുമുള്ളവക്ക
നിന്ദയും പരിഹാസവും ആയിത്തീന്നിരിക്കുന്നു.
൫ യഹോവേ, നീ നിത്യം കോപിക്കുന്നതും നിന്റെ തീക്ഷ്ണത
തീപോലെ ജ്വലിക്കുന്നതും എത്രത്തോളം ?
൬ നിന്നെ അറിയാത്ത ജാതികളുടെമേലും നിന്റെ നാമം വിളി
ച്ചപേക്ഷിക്കാത്ത രാജ്യങ്ങളുടെമേലും നിന്റെ ക്രോധത്തെ പകരേണമേ.
൭ അവർ യാക്കോബിനെ വിഴുങ്ങിക്കളകയും അവന്റെ പുൽപുറ
ത്തെ ശൂന്യമാക്കുകയും ചെയ്തുവല്ലോ.
൮ ഞങ്ങളുടെ പൂവ്വന്മാരുടെ അകൃത്യങ്ങളെ ഞങ്ങൾക്ക കണക്കിട
രുതേ ; നിന്റെ കരുണ വേഗത്തിൽ ഞങ്ങളെ എതിരേല്ക്കുമാറാകട്ടെ ;
ഞങ്ങൾ ഏററവും എളിമപ്പെട്ടിരിക്കുന്നു.

൯ ഞങ്ങളുടെ രക്ഷയായ ദൈവമേ, നിന്റെ നാമമഹത്വത്തിന്നായി ഞങ്ങളെ സഹായിക്കേണമേ; നിന്റെ നാമം നിമിത്തം ഞങ്ങളെ വിടുവിച്ചു, ഞങ്ങളുടെ പാപങ്ങളെ പരിഹരിക്കേണമേ.

൧൦ അവരുടെ ദൈവം എവിടെ എന്നു ജാതികൾ പറയുന്നതു എന്തിന്നു? നിന്റെ ദാസന്മാരുടെ രക്തം ചിന്നിയതിന്റെ പ്രതികാരം ഞങ്ങൾ കാണ്കെ ജാതികളുടെ ഇടയിൽ വെളിപ്പെടുമാറാകട്ടെ.

൧൧ ബദ്ധന്മാരുടെ ദീൎഘശ്വാസം നിന്റെ മുമ്പാകെ വരുമാറാകട്ടെ; മരണത്തിന്നു വിധിക്കപ്പെട്ടിരിക്കുന്നവരെ നീ നിന്റെ മഹാശക്തിയാൽ രക്ഷിക്കേണമേ.

൧൨ കൎത്താവേ, ഞങ്ങളുടെ അയല്ക്കാർ നിന്നെ നിന്ദിച്ച നിന്ദയെ ഏഴിരട്ടിയായി അവരുടെ മാൎവ്വിടത്തിലേക്കു പകരം കൊടുക്കേണമേ.

൧൩ എന്നാൽ നിന്റെ ജനവും നിന്റെ മേച്ചൽപുറത്തെ ആടുകളുമായ ഞങ്ങൾ എന്നേക്കും നിനക്കു സ്തോത്രം ചെയ്യും. തലമുറതലമുറയോളം ഞങ്ങൾ നിന്റെ സ്തുതിയെ പ്രസ്താവിക്കും.

## ൮൦ാം സങ്കീൎത്തനം

൧ ആട്ടിൻകൂട്ടത്തെപ്പോലെ യോസേഫിനെ നടത്തുന്നവനായി യിസ്രായേലിന്റെ ഇടയനായുള്ളോവേ, ചെവിക്കൊള്ളേണമേ; കെരൂബുകളിന്മേൽ അധിവസിക്കുന്നവനേ, പ്രകാശിക്കേണമേ.

൨ എഫ്രയിമും ബെന്യാമീനും മനശ്ശെയും കാണ്കെ നിന്റെ വീൎയ്യബലം ഉണൎത്തി ഞങ്ങളുടെ രക്ഷെക്കായി വരേണമേ.

൩ ദൈവമേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങൾ രക്ഷപ്പെടേണ്ടതിന്നു തിരുമുഖം പ്രകാശിപ്പിക്കേണമേ.

൪ സൈന്യങ്ങളുടെ ദൈവമായ യഹോവേ, നീ നിന്റെ ജനത്തിന്റെ പ്രാൎത്ഥനെക്കുനേരെ എത്രത്തോളം കോപിക്കും?

൫ നീ അവൎക്കു കണ്ണുനീരിന്റെ അപ്പം തിന്മാൻ കൊടുത്തിരിക്കുന്നു; അനവധി കണ്ണുനീർ അവൎക്കു കുടിപ്പാനും കൊടുത്തിരിക്കുന്നു.

൬ നീ ഞങ്ങളെ ഞങ്ങളുടെ അയല്ക്കാൎക്കു വഴക്കാക്കിത്തീൎക്കുന്നു; ഞങ്ങളുടെ ശത്രുക്കൾ തമ്മിൽ പറഞ്ഞു പരിഹസിക്കുന്നു.

൭ സൈന്യങ്ങളുടെ ദൈവമേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങൾ രക്ഷപ്പെടേണ്ടതിന്നു തിരുമുഖം പ്രകാശിപ്പിക്കേണമേ.

൮ നീ മിസ്രയീമിൽനിന്നു ഒരു മുന്തിരിവള്ളി കൊണ്ടുവന്നു; ജാതികളെ നീക്കിക്കളഞ്ഞു അതിനെ നട്ടു.

൯ നീ അതിന്നു തടം എടുത്തു അതു വേരൂന്നി ദേശത്തു പടൎന്നു.

൧൦ അതിന്റെ നിഴൽകൊണ്ടു പൎവ്വതങ്ങൾ മൂടിയിരുന്നു; അതിന്റെ കൊമ്പുകൾ ദിവ്യദേവദാരുക്കൾ പോലെയും ആയിരുന്നു.

൧൧ അതു കൊമ്പുകളെ സമുദ്രംവരെയും ചില്ലികളെ നദിവരെയും നീട്ടിയിരുന്നു.

൧൨ വഴിപോകുന്നവരൊക്കെയും അതിനെ പറിപ്പാൻ തക്കവണ്ണം നീ അതിന്റെ വേലികളെ പൊളിച്ചുകളഞ്ഞതു എന്തു?

൧൩ കാട്ടുപന്നി അതിനെ മാന്തിക്കളയുന്നു; വയലിലെ മൃഗങ്ങൾ അതു തിന്നുകളയുന്നു.

൧൪ സൈന്യങ്ങളുടെ ദൈവമേ, തിരിഞ്ഞുവരേണമേ; സ്വൎഗ്ഗത്തിൽനിന്നു നോക്കി കടാക്ഷിച്ചു ഈ മുന്തിരിവള്ളിയെ സന്ദൎശിക്കേണമേ.

൧൫ നിന്റെ വലങ്കൈ നട്ടിട്ടുള്ളതിനെയും നീ നിനക്കായി വളൎത്തിയ തൈയെയും പാലിക്കേണമേ.

൧൬ അതിനെ തീവെച്ചു ചുടുകയും വെട്ടിക്കളകയും ചെയ്തിരിക്കുന്നു; നിന്റെ മുഖത്തിന്റെ ഭത്സനത്താൽ അവർ നശിച്ചുപോകുന്നു.

൧൭ നിന്റെ കൈ നിന്റെ വലത്തുഭാഗത്തെ പുരുഷന്റെമേൽ നീ നിനക്കായി വളൎത്തിയ മനുഷ്യപുത്രന്റെമേൽ തന്നേ ഇരിക്കട്ടെ.

൧൮ എന്നാൽ ഞങ്ങൾ നിന്നെ വിട്ടു പിന്മാറുകയില്ല; ഞങ്ങളെ ജീവിപ്പിക്കേണമേ, എന്നാൽ ഞങ്ങൾ നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കും.

൧൯ സൈന്യങ്ങളുടെ ദൈവമായ യഹോവേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങൾ രക്ഷപ്പെടേണ്ടതിന്നു തിരുമുഖം പ്രകാശിപ്പിക്കേണമേ.

## ൮൧ാം സങ്കീൎത്തനം

നമ്മുടെ ബലമായ ദൈവത്തിന്നു ഘോഷിപ്പിൻ; യാക്കോബിന്റെ ദൈവത്തിന്നു ആൎപ്പിടുവിൻ.

൨ തപ്പും ഇമ്പമായുള്ള കിന്നരവും വീണയും എടുത്തു സംഗീതം തുടങ്ങുവിൻ.

൩ അമാവാസ്യയിലും നമ്മുടെ ഉത്സവദിവസമായ പൌൎണ്ണമാസിയിലും കാഹളം ഊതുവിൻ.

൪ ഇതു യിസ്രായേലിന്നു ഒരു ചട്ടവും യാക്കോബിൻ ദൈവത്തിന്റെ ഒരു പ്രമാണവും ആകുന്നു.

൫ മിസ്രയീംദേശത്തിന്റെ നേരെ പുറപ്പെട്ടപ്പോൾ ദൈവം അതു യോസേഫിന്നു ഒരു സാക്ഷ്യമായി നിയമിച്ചു; അവിടെ ഞാൻ അറിയാത്ത ഒരു ഭാഷ കേട്ടു.

൬ ഞാൻ അവന്റെ തോളിൽനിന്നു ചുമടു നീക്കി; അവന്റെ കൈകൾ കൊട്ട വിട്ടു ഒഴിഞ്ഞു.

൭ കഷ്ടകാലത്തു നീ വിളിച്ചു, ഞാൻ നിന്നെ വിടുവിച്ചു; ഇടിമുഴ

ക്കത്തിന്റെ മറവിൽനിന്നു ഞാൻ നിനക്കുത്തരമരുളി; മെരീബാവെള്ളത്തിങ്കൽ ഞാൻ നിന്നെ പരീക്ഷിച്ചു.

൮ എന്റെ ജനമേ, കേൾക്ക; ഞാൻ നിന്നോടു സാക്ഷ്യം പറയും. യിസ്രായേലേ, നീ എന്റെ വാക്കു കേട്ടെങ്കിൽ കൊള്ളായിരുന്നു.

൯ അന്യദൈവം നിനക്കുണ്ടാകരുതു; യാതൊരു അന്യദൈവത്തെയും നീ നമസ്കരിക്കരുതു.

൧൦ മിസ്രയീംദേശത്തുനിന്നു നിന്നെ കൊണ്ടുവന്ന യഹോവയായ ഞാൻ നിന്റെ ദൈവം ആകുന്നു; നിന്റെ വായ് വിസ്താരത്തിൽ തുറക്ക; ഞാൻ അതിനെ നിറെക്കും.

൧൧ എന്നാൽ എന്റെ ജനം എന്റെ വാക്കു കേട്ടനുസരിച്ചില്ല; യിസ്രായേൽ എന്നെ കൂട്ടാക്കിയതുമില്ല.

൧൨ അതുകൊണ്ടു അവർ സ്വന്ത ആലോചനപ്രകാരം നടക്കേണ്ടതിന്നു ഞാൻ അവരെ ഹൃദയകാഠിന്യത്തിന്നു ഏല്പിച്ചുകളഞ്ഞു.

൧൩ അയ്യോ എന്റെ ജനം എന്റെ വാക്കു കേൾക്കയും യിസ്രായേൽ എന്റെ വഴികളിൽ നടക്കയും ചെയ്തുവെങ്കിൽ കൊള്ളായിരുന്നു!

൧൪ എന്നാൽ ഞാൻ വേഗത്തിൽ അവരുടെ ശത്രുക്കളെ കീഴടക്കുമായിരുന്നു; അവരുടെ വൈരികളുടെ നേരെ എന്റെ കൈ തിരിക്കുമായിരുന്നു.

൧൫ യഹോവയെ പകെക്കുന്നവർ അവന്നു കീഴടങ്ങുമായിരുന്നു; എന്നാൽ ഇവരുടെ ശുഭകാലം എന്നേക്കും നില്ക്കുമായിരുന്നു.

൧൬ അവൻ മേത്തരമായ കോതമ്പുകൊണ്ടു അവരെ പോഷിപ്പിക്കുമായിരുന്നു; ഞാൻ പാറയിൽനിന്നുള്ള തേൻകൊണ്ടു നിനക്കു തൃപ്തി വരുത്തുമായിരുന്നു.

## പതിനാറാം തിയ്യതി

## വൈകുന്നേരത്തെ പ്രാൎത്ഥന

### ൮൨ാം സങ്കീൎത്തനം

ദൈവം ദേവസഭയിൽ നില്ക്കുന്നു; അവൻ ദേവന്മാരുടെ ഇടയിൽ ന്യായം വിധിക്കുന്നു.

൨ നിങ്ങൾ എത്രത്തോളം നീതികേടായി വിധിക്കയും ദുഷ്ടന്മാരുടെ മുഖപക്ഷം പിടിക്കയും ചെയ്യും?

൩ എളിയവന്നും അനാഥന്നും ന്യായം പാലിച്ചുകൊടുപ്പിൻ; പീഡിതന്നും അഗതിക്കും നീതി നടത്തിക്കൊടുപ്പിൻ.

൪ എളിയവനെയും ദരിദ്രനെയും രക്ഷിപ്പിൻ; ദുഷ്ടന്മാരുടെ കയ്യിൽനിന്നു അവരെ വിടുവിപ്പിൻ.

൫ അവൎക്കു അറിവില്ല, ബോധവുമില്ല; അവർ ഇരുട്ടിൽ നടക്കുന്നു;
ഭൂമിയുടെ അടിസ്ഥാനങ്ങൾ ഒക്കെയും ഇളകിയിരിക്കുന്നു.

൬ നിങ്ങൾ ദേവന്മാർ ആകുന്നു എന്നും നിങ്ങൾ ഒക്കെയും അത്യു
ന്നതന്റെ പുത്രന്മാർ എന്നും ഞാൻ പറഞ്ഞു.

൭ എങ്കിലും നിങ്ങൾ മനുഷ്യരെപ്പോലെ മരിക്കും; പ്രഭുക്കന്മാരിൽ
ഒരുത്തനെപ്പോലെ പട്ടുപോകും.

൮ ദൈവമേ, എഴുന്നേറ്റു ഭൂമിയെ വിധിക്കേണമേ; നീ സകല
ജാതികളെയും അവകാശമാക്കിക്കൊള്ളുമല്ലോ.

## ൮൩-ാം സങ്കീൎത്തനം

൧ ദൈവമേ, മിണ്ടാതെയിരിക്കരുതേ; ദൈവമേ, മൌനമായും സ്വസ്ഥമാ
യും ഇരിക്കരുതേ.

൨ ഇതാ, നിന്റെ ശത്രുക്കൾ കലഹിക്കുന്നു; നിന്നെ പകെക്കുന്ന
വർ തല ഉയൎത്തുന്നു.

൩ അവർ നിന്റെ ജനത്തിന്റെ നേരെ ഉപായം വിചാരിക്കയും
നിന്റെ ഗുപ്തന്മാരുടെ നേരെ ദുരാലോചന കഴിക്കയും ചെയ്യുന്നു.

൪ വരുവിൻ, യിസ്രായേൽ ഒരു ജാതിയായിരിക്കാതവണ്ണം നാം
അവരെ മുടിച്ചുകളക; അവരുടെ പേർ ഇനി ആരും ഓൎക്കരുതു
എന്നു അവർ പറഞ്ഞു.

൫ അവർ ഇങ്ങനെ ഐകമത്യത്തോടെ ആലോചിച്ചു, നിനക്കു
വിരോധമായി സഖ്യത ചെയ്യുന്നു.

൬ ഏദോമ്യരുടെയും യിശ്മായേല്യരുടെയും കൂടാരങ്ങളും മോവാ
ബ്യരും ഹഗ്യരും കൂടെ,

൭ ഗെബാലും അമ്മോനും അമാലേക്കും, ഫെലിസ്ത്യദേശവും സോർ
നിവാസികളും;

൮ അശ്ശൂരും അവരോടു യോജിച്ചു; അവർ ലോത്തിന്റെ മക്കൾ
ക്കു സഹായമായിരുന്നു.

൯ മിദ്യാന്യരോടു ചെയ്തതുപോലെ അവരോടു ചെയ്യേണമേ;
കീശോൻതോട്ടിങ്കൽവെച്ചു സീസരയോടും യാബീനോടും ചെയ്തതുപോ
ലെ തന്നേ.

൧൦ അവർ എൻദോരിൽവെച്ചു നശിച്ചുപോയി; അവർ നിലത്തി
ന്നു വളമായിത്തീൎന്നു.

൧൧ അവരുടെ കുലീനന്മാരെ ഓരേബ്, സേബ് എന്നവരെപ്പോ
ലെയും അവരുടെ സകല പ്രഭുക്കന്മാരെയും സേബഹ്, സൽമുന്നാ എന്ന
വരെപ്പോലെയും ആക്കേണമേ.

൧൨ നാം ദൈവത്തിന്റെ നിവാസങ്ങളെ നമുക്കു അവകാശമാക്കി കൊള്ളുക എന്നു അവർ പറഞ്ഞുവല്ലോ.

൧൩ എന്റെ ദൈവമേ, അവരെ ചുഴലിക്കാറ്റത്തെ പൊടിപോലെയും കാറ്റത്തു പാറുന്ന പതിർപോലെയും ആക്കേണമേ.

൧൪ വനത്തെ ദഹിപ്പിക്കുന്ന തീപോലെയും പർവ്വതങ്ങളെ ചുട്ടുകളയുന്ന അഗ്നിജ്വാല പോലെയും

൧൫ നിന്റെ കൊടുങ്കാറ്റുകൊണ്ടു അവരെ പിന്തുടരേണമേ; നിന്റെ ചുഴലിക്കാറ്റുകൊണ്ടു അവരെ ഭ്രമിപ്പിക്കേണമേ.

൧൬ യഹോവേ, അവർ തിരുനാമത്തെ അന്വേഷിക്കേണ്ടതിന്നു നീ അവരുടെ മുഖത്തെ ലജ്ജാപൂർണ്ണമാക്കേണമേ.

൧൭ അവർ എന്നേക്കും ലജ്ജിച്ചു ഭ്രമിക്കയും നാണിച്ചു നശിച്ചുപോകയും ചെയ്യട്ടെ.

൧൮ അങ്ങനെ അവർ യഹോവ എന്നു നാമമുള്ള നീ മാത്രം സർവ്വഭൂമിക്കും മീതെ അത്യുന്നതൻ എന്നു അറിയും.

## ൮൪-ാം സങ്കീർത്തനം

൧ സൈന്യങ്ങളുടെ യഹോവേ, തിരുനിവാസം എത്ര മനോഹരം!

൨ എന്റെ ഉള്ളം യഹോവയുടെ പ്രാകാരങ്ങളെ വാഞ്ഛിച്ചു മോഹിച്ചുപോകുന്നു; എന്റെ ഹൃദയവും എന്റെ മാംസവും ജീവനുള്ള ദൈവത്തെ നോക്കി ഘോഷിക്കുന്നു.

൩ കുരികിൽ ഒരു വീടും, മീവൽപക്ഷി കുഞ്ഞുങ്ങൾക്കു ഒരു കൂടും കണ്ടെത്തിയിരിക്കുന്നു; എന്റെ രാജാവും എന്റെ ദൈവവുമായ സൈന്യങ്ങളുടെ യഹോവേ, നിന്റെ യാഗപീഠങ്ങളെ തന്നേ.

൪ നിന്റെ ആലയത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ; അവർ നിന്നെ നിത്യം സ്തുതിച്ചുകൊണ്ടിരിക്കും.

൫ ബലം നിന്നിൽ ഉള്ള മനുഷ്യൻ ഭാഗ്യവാൻ; ഇങ്ങനെയുള്ളവരുടെ മനസ്സിൽ സീയോനിലേക്കുള്ള പെരുവഴികൾ ഉണ്ടു.

൬ കണ്ണുനീർത്താഴ്വരയിൽകൂടി കടക്കുമ്പോൾ അവർ അതിനെ ജലാശയമാക്കിത്തീർക്കുന്നു. മുന്മഴയാൽ അതു അനുഗ്രഹപൂർണ്ണമായിത്തീരുന്നു.

൭ അവർ മേല്ക്കുമേൽ ബലം പ്രാപിക്കുന്നു; എല്ലാവരും സീയോനിൽ ദൈവസന്നിധിയിൽ ചെന്നെത്തുന്നു.

൮ സൈന്യങ്ങളുടെ ദൈവമായ യഹോവേ, എന്റെ പ്രാർത്ഥന കേൾക്കേണമേ; യാക്കോബിന്റെ ദൈവമേ, ചെവിക്കൊള്ളേണമേ.

൯ ഞങ്ങളുടെ പരിചയായ ദൈവമേ, നോക്കേണമേ; നിന്റെ അഭിഷിക്തന്റെ മുഖത്തെ കടാക്ഷിക്കേണമേ.

൧൦ നിന്റെ പ്രാകാരങ്ങളിൽ കഴിക്കുന്ന ഒരു ദിവസം വേറെ
ആയിരം ദിവസത്തേക്കാൾ ഉത്തമമല്ലോ; ദുഷ്ടന്മാരുടെ കൂടാരങ്ങളിൽ
പാൎക്കുന്നതിനെക്കാൾ എന്റെ ദൈവത്തിന്റെ ആലയത്തിൽ വാതിൽകാ
വല്ക്കാരനായിരിക്കുന്നതു എനിക്കു ഏറെ ഇഷ്ടം.
൧൧ യഹോവയായ ദൈവം സൂൎയ്യനും പരിചയും ആകുന്നു;
യഹോവ കൃപയും മഹത്വവും നല്കുന്നു; നേരോടെ നടക്കുന്നവൎക്കു
അവൻ ഒരു നന്മയും മുടക്കുകയില്ല.
൧൨ സൈന്യങ്ങളുടെ യഹോവേ, നിന്നിൽ ആശ്രയിക്കുന്ന മനു
ഷ്യൻ ഭാഗ്യവാൻ.

## ൮൫-ാം സങ്കീൎത്തനം

യഹോവേ, നീ നിന്റെ ദേശത്തെ കടാക്ഷിച്ചിരിക്കുന്നു; യാക്കോബിന്റെ
പ്രവാസികളെ തിരിച്ചുവരുത്തിയിരിക്കുന്നു.
൨ നിന്റെ ജനത്തിന്റെ അകൃത്യം നീ മോചിച്ചു; അവരുടെ
പാപം ഒക്കെയും നീ മൂടിക്കളഞ്ഞു.
൩ നിന്റെ ക്രോധം മുഴുവനും നീ അടക്കിക്കളഞ്ഞു; നിന്റെ ഉഗ്ര
കോപം നീ വിട്ടുതിരിഞ്ഞിരിക്കുന്നു.
൪ ഞങ്ങളുടെ രക്ഷയുടെ ദൈവമേ, ഞങ്ങളെ യഥാസ്ഥാനപ്പെടു
ത്തേണമേ; ഞങ്ങളോടുള്ള നിന്റെ നീരസം മതിയാക്കേണമേ.
൫ നീ എന്നും ഞങ്ങളോടു കോപിക്കുമോ? തലമുറതലമുറയോളം
നിന്റെ കോപം ദീൎഘിച്ചിരിക്കുമോ?
൬ നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിന്നു നീ ഞങ്ങളെ
വീണ്ടും ജീവിപ്പിക്കയില്ലയോ?
൭ യഹോവേ, നിന്റെ ദയ ഞങ്ങളെ കാണിക്കേണമേ; നിന്റെ
രക്ഷ ഞങ്ങൾക്കു നല്കേണമേ.
൮ യഹോവയായ ദൈവം അരുളിച്ചെയ്യുന്നതു ഞാൻ കേൾക്കും;
അവർ ഭോഷത്വത്തിലേക്കു വീണ്ടും തിരിയാതിരിക്കേണ്ടതിന്നു അവൻ
തന്റെ ജനത്തോടും തന്റെ ഭക്തന്മാരോടും സമാധാനം അരുളും.
൯ തിരുമഹത്വം നമ്മുടെ ദേശത്തിൽ വസിക്കേണ്ടതിന്നു അവ
ന്റെ രക്ഷ അവന്റെ ഭക്തന്മാരോടു അടുത്തിരിക്കുന്നു നിശ്ചയം.
൧൦ ദയയും വിശ്വസ്തതയും തമ്മിൽ എതിരേറ്റിരിക്കുന്നു; നീതിയും
സമാധാനവും തമ്മിൽ ചുംബിച്ചിരിക്കുന്നു.
൧൧ വിശ്വസ്തത ഭൂമിയിൽനിന്നു മുളെക്കുന്നു; നീതി സ്വൎഗ്ഗത്തിൽനി
ന്നു നോക്കുന്നു.
൧൨ യഹോവ നന്മ നല്കുകയും നമ്മുടെ ദേശം വിളവു തരികയും
ചെയ്യും.
൧൩ നീതി അവന്നു മുമ്പായി നടക്കയും അവന്റെ കാൽചുവടു
കളുടെ വഴി നോക്കുകയും ചെയ്യും.

# പതിനേഴാം തിയ്യതി

## കാലത്തെ പ്രാൎത്ഥന

### ൮൬ാം സങ്കീൎത്തനം

യഹോവേ, ചെവി ചായിക്കേണമേ ; എനിക്കുത്തരമരുളേണമേ ; ഞാൻ എളിയവനും ദരിദ്രനും ആകുന്നു.

൨ എന്റെ പ്രാണനെ കാക്കേണമേ; ഞാൻ നിന്റെ ഭക്തനാകുന്നു ; എന്റെ ദൈവമേ, നിന്നിൽ ആശ്രയിക്കുന്ന അടിയനെ രക്ഷിക്കേണമേ.

൩ കൎത്താവേ, എന്നോടു കൃപയുണ്ടാകേണമേ ; ഇടവിടാതെ ഞാൻ നിന്നോടു നിലവിളിക്കുന്നു.

൪ അടിയന്റെ ഉള്ളത്തെ സന്തോഷിപ്പിക്കേണമേ ; യഹോവേ, നിങ്കലേക്കു ഞാൻ എന്റെ ഉള്ളം ഉയൎത്തുന്നു.

൫ കൎത്താവേ, നീ നല്ലവനും ക്ഷമിക്കുന്നവനും നിന്നോടു അപേക്ഷിക്കുന്നവരോടൊക്കെയും മഹാ ദയാലുവും ആകുന്നു.

൬ യഹോവേ, എന്റെ പ്രാൎത്ഥനയെ ചെവിക്കൊള്ളേണമേ ; എന്റെ യാചനകളെ ശ്രദ്ധിക്കേണമേ.

൭ നീ എനിക്കുത്തരമരുളുകയാൽ എന്റെ കഷ്ടദിവസത്തിൽ ഞാൻ നിന്നെ വിളിച്ചപേക്ഷിക്കുന്നു.

൮ കൎത്താവേ, ദേവന്മാരിൽ നിനക്കു തുല്യനായവനില്ല ; നിന്റെ പ്രവൃത്തികൾക്കു തുല്യമായ ഒരു പ്രവൃത്തിയുമില്ല.

൯ കൎത്താവേ, നീ ഉണ്ടാക്കിയ സകല ജാതികളും തിരുമുമ്പിൽ വന്നു നമസ്കരിക്കും ; അവർ നിന്റെ നാമത്തെ മഹത്വപ്പെടുത്തും.

൧൦ നീ വലിയവനും അത്ഭുതങ്ങളെ പ്രവൎത്തിക്കുന്നവനുമല്ലോ ; നീ മാത്രം ദൈവമാകുന്നു.

൧൧ യഹോവേ, നിന്റെ വഴി എനിക്കു കാണിച്ചുതരേണമേ ; എന്നാൽ ഞാൻ നിന്റെ സത്യത്തിൽ നടക്കും ; നിന്റെ നാമത്തെ ഭയപ്പെടുവാൻ എന്റെ ഹൃദയത്തെ ഏകാഗ്രമാക്കേണമേ.

൧൨ എന്റെ ദൈവമായ കൎത്താവേ, ഞാൻ പൂൎണ്ണഹൃദയത്തോടെ നിന്നെ സ്തുതിക്കും ; നിന്റെ നാമത്തെ എന്നേക്കും മഹത്വപ്പെടുത്തും.

൧൩ എന്നോടുള്ള നിന്റെ ദയ വലിയതല്ലോ ; നീ എന്റെ പ്രാണനെ അധമപാതാളത്തിൽനിന്നു രക്ഷിച്ചിരിക്കുന്നു.

൧൪ ദൈവമേ, അഹങ്കാരികൾ എന്നോടു എതിൎത്തിരിക്കുന്നു. ഘോരന്മാരുടെ കൂട്ടം എനിക്കു പ്രാണഹാനി വരുത്തുവാൻ നോക്കുന്നു. അവർ നിന്നെ ലക്ഷ്യമാക്കുന്നതുമില്ല.

൧൫ നീയോ കൎത്താവേ, കരുണയും കൃപയും നിറഞ്ഞ ദൈവമാകുന്നു; ദീൎഘക്ഷമയും മഹാദയയും വിശ്വസ്തതയുമുള്ളവൻ തന്നെ.

൧൬ എങ്കലേക്കു തിരിഞ്ഞു എന്നോടു കൃപയുണ്ടാകേണമേ; നിന്റെ ദാസന്നു നിന്റെ ശക്തി തന്നു, നിന്റെ ദാസിയുടെ പുത്രനെ രക്ഷിക്കേണമേ.

൧൭ എന്നെ പകെക്കുന്നവർ കണ്ടു ലജ്ജിക്കേണ്ടതിന്നു നന്മെക്കായി ഒരു അടയാളം എനിക്കു തരേണമേ; യഹോവേ, നീ എന്നെ സഹായിച്ചു ആശ്വസിപ്പിച്ചിരിക്കുന്നുവല്ലോ.

## ൮൭ാം സങ്കീൎത്തനം

യഹോവ വിശുദ്ധപൎവ്വതത്തിൽ സ്ഥാപിച്ച നഗരത്തെ,

൨ സീയോന്റെ പടിവാതിലുകളെ തന്നേ, യാക്കോബിന്റെ സകല നിവാസങ്ങളെക്കാളും അധികം സ്നേഹിക്കുന്നു.

൩ ദൈവത്തിന്റെ നഗരമേ, നിന്നെക്കുറിച്ചു മഹത്വമുള്ള കാൎയ്യങ്ങൾ അരുളിച്ചെയ്തിരിക്കുന്നു.

൪ ഞാൻ എന്റെ പരിചയക്കാരുടെ കൂട്ടത്തിൽ രഹബിനെയും ബാബേലിനെയും ഫെലിസ്ത്യർ, സോർ, കൂശ് എന്നിവരെയും പ്രസ്താവിക്കും; ഇവൻ അവിടെ ജനിച്ചു.

൫ ഇവനും അവനും അവിടെ ജനിച്ചു എന്നു സീയോനെക്കുറിച്ചു പറയും; അത്യുന്നതൻ തന്നേ അതിനെ സ്ഥാപിച്ചിരിക്കുന്നു.

൬ യഹോവ വംശങ്ങളെ എഴുതുമ്പോൾ: ഇവൻ അവിടെ ജനിച്ചു എന്നിങ്ങനെ എണ്ണും.

൭ എന്റെ ഉറവുകൾ ഒക്കെയും നിന്നിൽ ആകുന്നു എന്നു സംഗീതക്കാരും നൃത്തം ചെയ്യുന്നവരും ഒരുപോലെ പറയും.

## ൮൮ാം സങ്കീൎത്തനം

എന്റെ രക്ഷയുടെ ദൈവമായ യഹോവേ, ഞാൻ രാവും പകലും തിരുസന്നിധിയിൽ നിലവിളിക്കുന്നു;

൨ എന്റെ പ്രാൎത്ഥന നിന്റെ മുമ്പിൽ വരുമാറാകട്ടെ; എന്റെ നിലവിളിക്കു ചെവി ചായിക്കേണമേ.

൩ എന്റെ പ്രാണൻ കഷ്ടതകൊണ്ടു നിറഞ്ഞിരിക്കുന്നു; എന്റെ ജീവൻ പാതാളത്തോടു സമീപിക്കുന്നു.

൪ കുഴിയിൽ ഇറങ്ങുന്നവരുടെ കൂട്ടത്തിൽ എന്നെ എണ്ണിയിരിക്കുന്നു; ഞാൻ തുണയില്ലാത്ത മനുഷ്യനെപ്പോലെയാകുന്നു.

൫ ശവക്കുഴിയിൽ കിടക്കുന്ന ഹതന്മാരെപ്പോലെ എന്നെ മരിച്ചവരുടെ കൂട്ടത്തിൽ ഉപേക്ഷിച്ചിരിക്കുന്നു; അവരെ നീ പിന്നെ ഓൎക്കുന്നില്ല; അവർ നിന്റെ കയ്യിൽനിന്നു അററുപോയിരിക്കുന്നു.

൬ നീ എന്നെ ഏററവും താണ കുഴിയിലും ഇരുട്ടിലും ആഴങ്ങളിലും ഇട്ടിരിക്കുന്നു.

൭ നിന്റെ ക്രോധം എന്റെമേൽ ഭാരമായിരിക്കുന്നു; നിന്റെ എല്ലാ തിരകളുംകൊണ്ടു നീ എന്നെ വലെച്ചിരിക്കുന്നു.

൮ എന്റെ പരിചയക്കാരെ നീ എന്നോടകററി, എന്നെ അവൎക്കു വെറുപ്പാക്കിയിരിക്കുന്നു; പുറത്തിറങ്ങുവാൻ കഴിയാതവണ്ണം എന്നെ അടെച്ചിരിക്കുന്നു.

൯ എന്റെ കണ്ണു കഷ്ടത ഹേതുവായി ക്ഷയിച്ചുപോകുന്നു; യഹോവേ, ഞാൻ ദിവസംപ്രതിയും നിന്നെ വിളിച്ചപേക്ഷിക്കയും എന്റെ കൈകളെ നിങ്കലേക്കു മലൎത്തുകയും ചെയ്യുന്നു.

൧൦ നീ മരിച്ചവൎക്കു അത്ഭുതങ്ങൾ കാണിച്ചുകൊടുക്കുമോ? മൃതന്മാർ എഴുന്നേററു നിന്നെ സ്തുതിക്കുമോ?

൧൧ ശവക്കുഴിയിൽ നിന്റെ ദയയെയും വിനാശത്തിൽ നിന്റെ വിശ്വസ്തതയെയും വൎണ്ണിക്കുമോ?

൧൨ അന്ധകാരത്തിൽ നിന്റെ അത്ഭുതങ്ങളും വിസ്മൃതിയുള്ള ദേശത്തു നിന്റെ നീതിയും വെളിപ്പെടുമോ?

൧൩ എന്നാൽ യഹോവേ, ഞാൻ നിന്നോടു നിലവിളിക്കുന്നു; രാവിലെ എന്റെ പ്രാൎത്ഥന തിരുസന്നിധിയിൽ വരുന്നു.

൧൪ യഹോവേ, നീ എന്റെ പ്രാണനെ തള്ളിക്കളയുന്നതെന്തിനു? നിന്റെ മുഖത്തെ എനിക്കു മറെച്ചുവെക്കുന്നതും എന്തിനു?

൧൫ ബാല്യംമുതൽ ഞാൻ അരിഷ്ടനും മരിപ്പാറായവനും ആകുന്നു; ഞാൻ നിന്റെ ഘോരത്വങ്ങളെ സഹിച്ചു വലഞ്ഞിരിക്കുന്നു.

൧൬ നിന്റെ ഉഗ്രകോപം എന്റെ മീതെ കവിഞ്ഞിരിക്കുന്നു; നിന്റെ ഘോരത്വങ്ങൾ എന്നെ സംഹരിച്ചിരിക്കുന്നു.

൧൭ അവ ഇടവിടാതെ വെള്ളംപോലെ എന്നെ ചുററുന്നു; അവ ഒരുപോലെ എന്നെ വളയുന്നു.

൧൮ സ്നേഹിതനെയും കൂട്ടാളിയെയും നീ എന്നോടകററിയിരിക്കുന്നു; എന്റെ പരിചയക്കാർ അന്ധകാരമത്രേ.

## പതിനേഴാം തിയ്യതി

## വൈകുന്നേരത്തെ പ്രാൎത്ഥന

### ൮൯-ാം സങ്കീൎത്തനം

യഹോവയുടെ കൃപകളെക്കുറിച്ചു ഞാൻ എന്നേക്കും പാടും; തലമുറതലമുറയോളം എന്റെ വായ്കൊണ്ടു നിന്റെ വിശ്വസ്തത അറിയിക്കും.

൨ ദയ എന്നേക്കും ഉറെച്ചുനില്ക്കും എന്നു ഞാൻ പറയുന്നു; നിന്റെ വിശ്വസ്തതയെ നീ സ്വൎഗ്ഗത്തിൽ സ്ഥിരമാക്കിയിരിക്കുന്നു.

൩ എന്റെ വൃതനോടു ഞാൻ ഒരു നിയമവും എന്റെ ദാസനായ ദാവീദിനോടു സത്യവും ചെയ്തിരിക്കുന്നു.

൪ നിന്റെ സന്തതിയെ ഞാൻ എന്നേക്കും സ്ഥിരപ്പെടുത്തും; നിന്റെ സിംഹാസനത്തെ തലമുറതലമുറയോളം ഉറപ്പിക്കും.

൫ യഹോവേ, സ്വൎഗ്ഗം നിന്റെ അത്ഭുതങ്ങളെയും വിശുദ്ധന്മാരുടെ സഭയിൽ നിന്റെ വിശ്വസ്തതയെയും സ്തുതിക്കും.

൬ സ്വൎഗ്ഗത്തിൽ യഹോവയോടു സദൃശനായവൻ ആർ? ദേവപുത്രന്മാരിൽ യഹോവെക്കു തുല്യനായവൻ ആർ?

൭ ദൈവം വിശുദ്ധന്മാരുടെ സംഘത്തിൽ ഏററവും ഭയങ്കരനും അവന്റെ ചുററുമുള്ള എല്ലാവൎക്കുംമീതെ ഭയപ്പെടുവാൻ യോഗ്യനും ആകുന്നു.

൮ സൈന്യങ്ങളുടെ ദൈവമായ യഹോവേ, നിന്നെപ്പോലെ ബലവാൻ ആരുള്ളു! യഹോവേ, നിന്റെ വിശ്വസ്തത നിന്നെ ചുററിയിരിക്കുന്നു.

൯ നീ സമുദ്രത്തിന്റെ ഗൎവ്വത്തെ അടക്കി വാഴുന്നു; അതിലെ തിരകൾ പൊങ്ങുമ്പോൾ നീ അവയെ അമൎത്തുന്നു.

൧൦ നീ രഹബിനെ ഒരു ഹതനെപ്പോലെ തകൎത്തു; നിന്റെ ബലമുള്ള ഭുജംകൊണ്ടു നിന്റെ ശത്രുക്കളെ ചിതറിച്ചുകളഞ്ഞു.

൧൧ ആകാശം നിനക്കുള്ളതു, ഭൂമിയും നിനക്കുള്ളതു; ഭൂതലവും അതിന്റെ പൂൎണ്ണതയും നീ സ്ഥാപിച്ചിരിക്കുന്നു.

൧൨ ദക്ഷിണോത്തരദിക്കുകളെ നീ സൃഷ്ടിച്ചിരിക്കുന്നു; താബോരും ഹെൎമ്മോനും നിന്റെ നാമത്തിൽ ആനന്ദിക്കുന്നു.

൧൩ നിനക്കു വീൎയ്യമുള്ളോരു ഭുജം ഉണ്ടു; നിന്റെ കൈ ബലമുള്ളതും നിന്റെ വലങ്കൈ ഉന്നതവും ആകുന്നു.

൧൪ നീതിയും ന്യായവും നിന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു; ദയയും വിശ്വസ്തതയും നിനക്കു മുമ്പായി നടക്കുന്നു.

൧൫ ജയഘോഷം അറിയുന്ന ജനത്തിന്നു ഭാഗ്യം; യഹോവേ, അവർ നിന്റെ മുഖപ്രകാശത്തിൽ നടക്കും.

൧൬ അവർ ഇടവിടാതെ നിന്റെ നാമത്തിൽ ഘോഷിച്ചുല്ലസി
ക്കുന്നു; നിന്റെ നീതിയിൽ അവർ ഉയൎന്നിരിക്കുന്നു.
൧൭ നീ അവരുടെ ബലത്തിന്റെ മഹത്വമാകുന്നു; നിന്റെ
പ്രസാദത്താൽ ഞങ്ങളുടെ കൊമ്പു ഉയൎന്നിരിക്കുന്നു.
൧൮ നമ്മുടെ പരിച യഹോവെക്കുള്ളതും നമ്മുടെ രാജാവു യിസ്രാ
യേലിന്റെ പരിശുദ്ധന്നുള്ളവനും ആകുന്നു.
൧൯ അന്നു നീ ദൎശനത്തിൽ നിന്റെ ഭക്തന്മാരോടു അരുളിച്ചെ
യ്തതു: ഞാൻ വീരനായ ഒരുത്തന്നു സഹായം നല്കുകയും ജനത്തിൽനിന്നു
ഒരു വൃതനെ ഉയൎത്തുകയും ചെയ്തു.
൨൦ ഞാൻ എന്റെ ദാസനായ ദാവീദിനെ കണ്ടെത്തി; എന്റെ
വിശുദ്ധതൈലംകൊണ്ടു അവനെ അഭിഷേകം ചെയ്തു.
൨൧ എന്റെ കൈ അവനോടുകൂടെ സ്ഥിരമായിരിക്കും; എന്റെ
ഭുജം അവനെ ബലപ്പെടുത്തും.
൨൨ ശത്രു അവനെ തോല്പിക്കയില്ല; വഷളൻ അവനെ പീഡിപ്പി
ക്കയും ഇല്ല.
൨൩ ഞാൻ അവന്റെ വൈരികളെ അവന്റെ മുമ്പിൽ തകൎക്കും;
അവനെ പകെക്കുന്നവരെ സംഹരിക്കും.
൨൪ എന്നാൽ എന്റെ വിശ്വസ്തതയും ദയയും അവനോടുകൂടെ
ഇരിക്കും; എന്റെ നാമത്തിൽ അവന്റെ കൊമ്പു ഉയൎന്നിരിക്കും.
൨൫ അവന്റെ കയ്യെ ഞാൻ സമുദ്രത്തിന്മേലും അവന്റെ വലങ്ക
യ്യെ നദികളുടെമേലും നീട്ടുമാറാക്കും.
൨൬ അവൻ എന്നോടു: നീ എന്റെ പിതാവു, എന്റെ ദൈവം,
എന്റെ രക്ഷയുടെ പാറ എന്നിങ്ങനെ വിളിച്ചുപറയും.
൨൭ ഞാൻ അവനെ ആദ്യജാതനും ഭൂരാജാക്കന്മാരിൽ ശ്രേഷ്ഠനു
മാക്കും.
൨൮ ഞാൻ അവന്നു എന്റെ ദയ എന്നേക്കും കാണിക്കും; എന്റെ
നിയമം അവന്നു സ്ഥിരമായി നില്ക്കും.
൨൯ ഞാൻ അവന്റെ സന്തതിയെ ശാശ്വതമായും അവന്റെ
സിംഹാസനത്തെ ആകാശമുള്ള കാലത്തോളവും നിലനിൎത്തും.
൩൦ അവന്റെ പുത്രന്മാർ എന്റെ ന്യായപ്രമാണം ഉപേക്ഷിക്കയും
എന്റെ വിധികളെ അനുസരിച്ചു നടക്കാതിരിക്കയും
൩൧ എന്റെ ചട്ടങ്ങളെ ലംഘിക്കയും എന്റെ കല്പനകളെ പ്രമാ
ണിക്കാതിരിക്കയും ചെയ്താൽ
൩൨ ഞാൻ അവരുടെ ലംഘനത്തെ വടികൊണ്ടും അവരുടെ
അകൃത്യത്തെ ദണ്ഡനംകൊണ്ടും സന്ദൎശിക്കും.
൩൩ എങ്കിലും എന്റെ ദയയെ ഞാൻ അവങ്കൽനിന്നു നീക്കിക്കളക
യില്ല; എന്റെ വിശ്വസ്തതെക്കു ഭംഗം വരുത്തുകയുമില്ല.

൩൪ ഞാൻ എന്റെ നിയമത്തെ ലംഘിക്കയോ എന്റെ അധരങ്ങളിൽനിന്ന പുറപ്പെട്ടതിന്ന ഭേദം വരുത്തുകയോ ചെയ്കയില്ല.

൩൫ ഞാൻ ഒരിക്കൽ എന്റെ വിശുദ്ധിയെക്കൊണ്ട സത്യം ചെയ്തിരിക്കുന്നു; ദാവീദിനോട ഞാൻ ഭോഷ്ക പറകയില്ല.

൩൬ അവന്റെ സന്തതി ശാശ്വതമായും അവന്റെ സിംഹാസനം എന്റെ മുമ്പിൽ സൂൎയ്യനെപ്പോലെയും ഇരിക്കും.

൩൭ അതു ചന്ദ്രനെപ്പോലെയും ആകാശത്തിലെ വിശ്വസ്ത സാക്ഷിയെപ്പോലെയും എന്നേക്കും സ്ഥിരമായിരിക്കും.

൩൮ എങ്കിലും നീ ഉപേക്ഷിച്ചു തള്ളിക്കളകയും നിന്റെ അഭിഷിക്തനോട കോപിക്കയും ചെയ്തു.

൩൯ നിന്റെ ദാസനോടുള്ള നിയമത്തെ നീ വെറുത്തുകളഞ്ഞു; അവന്റെ കിരീടത്തെ നീ നിലത്തിട്ട അശുദ്ധമാക്കിയിരിക്കുന്നു.

൪൦ നീ അവന്റെ വേലി ഒക്കെയും പൊളിച്ചു; അവന്റെ കോട്ടകളെയും ഇടിച്ചുകളഞ്ഞു.

൪൧ വഴിപോകുന്ന എല്ലാവരും അവനെ കൊള്ളയിടുന്നു; തന്റെ അയല്ക്കാൎക്ക അവൻ നിന്ദ ആയി തീൎന്നിരിക്കുന്നു.

൪൨ നീ അവന്റെ വൈരികളുടെ വലങ്കയ്യെ ഉയൎത്തി; അവന്റെ സകല ശത്രുക്കളെയും സന്തോഷിപ്പിച്ചു.

൪൩ അവന്റെ വാളിൻ വായ്ത്തലയെ നീ മടക്കി; യുദ്ധത്തിൽ അവനെ നില്ക്കുമാറാക്കിയതുമില്ല.

൪൪ അവന്റെ തേജസ്സിനെ നീ ഇല്ലാതാക്കി; അവന്റെ സിംഹാസനത്തെ നിലത്തു തള്ളിയിട്ടു.

൪൫ അവന്റെ യൌവനകാലത്തെ നീ ചുരുക്കി; നീ അവനെ ലജ്ജകൊണ്ട മൂടിയിരിക്കുന്നു.

൪൬ യഹോവേ, നീ നിത്യം മറഞ്ഞുകളയുന്നതും നിന്റെ ക്രോധം തീപോലെ ജ്വലിക്കുന്നതും എത്രത്തോളം?

൪൭ എന്റെ ആയുസ്സ എത്ര ചുരുക്കം എന്ന ഓൎക്കേണമേ; എന്തു മിത്ഥ്യാത്വത്തിന്നായി നീ മനുഷ്യപുത്രന്മാരെ ഒക്കെയും സൃഷ്ടിച്ചു?

൪൮ ജീവിച്ചിരുന്ന മരണം കാണാതെയിരിക്കുന്ന മനുഷ്യൻ ആർ? തന്റെ പ്രാണനെ പാതാളത്തിന്റെ കയ്യിൽനിന്ന വിടുവിക്കുന്നവനും ആരുള്ളു?

൪൯ കൎത്താവേ, നിന്റെ വിശ്വസ്തതയിൽ നീ ദാവീദിനോട സത്യം ചെയ്ത നിന്റെ പണ്ടത്തെ കൃപകൾ എവിടെ?

൫൦ കൎത്താവേ, അടിയങ്ങളുടെ നിന്ദ ഓൎക്കേണമേ; എന്റെ മാൎവ്വിടത്തിൽ ഞാൻ സകല മഹാജാതികളുടെയും നിന്ദ വഹിക്കുന്നതു തന്നേ.

൫൧ യഹോവേ, നിന്റെ ശത്രുക്കൾ നിന്ദിക്കുന്നുവല്ലോ; അവർ നിന്റെ അഭിഷിക്തന്റെ കാലടികളെ നിന്ദിക്കുന്നു.

൫൨ യഹോവ എന്നെന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ. ആമേൻ, ആമേൻ.

## പതിനെട്ടാം തിയ്യതി

## കാലത്തെ പ്രാൎത്ഥന

### ൯൰ാം സങ്കീൎത്തനം

കൎത്താവേ, നീ തലമുറതലമുറയായി ഞങ്ങളുടെ സങ്കേതമായിരിക്കുന്നു;

൨ പൎവ്വതങ്ങൾ ഉണ്ടായതിന്നും നീ ഭൂമിയെയും ഭൂമണ്ഡലത്തെയും നിൎമ്മിച്ചതിന്നും മുമ്പെ നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു.

൩ നീ മൎത്യനെ പൊടിയിലേക്കു മടങ്ങിച്ചേരുമാറാക്കുന്നു; മനുഷ്യപുത്രന്മാരേ, തിരികെ വരുവിൻ എന്നും അരുളിച്ചെയ്യുന്നു.

൪ ആയിരം സംവത്സരം നിന്റെ ദൃഷ്ടിയിൽ ഇന്നലെ കഴിഞ്ഞുപോയ ദിവസംപോലെയും രാത്രിയിലെ ഒരു യാമംപോലെയും മാത്രം ഇരിക്കുന്നു.

൫ നീ അവരെ ഒഴുക്കിക്കളയുന്നു; അവർ ഉറക്കംപോലെ അത്രേ; അവർ രാവിലെ മുളെച്ചുവരുന്ന പുല്ലുപോലെയാകുന്നു.

൬ അതു രാവിലെ തഴെച്ചുവളരുന്നു; വൈകുന്നേരം അതു അരിഞ്ഞു വാടിപ്പോകുന്നു.

൭ ഞങ്ങൾ നിന്റെ കോപത്താൽ ക്ഷയിച്ചും നിന്റെ ക്രോധത്താൽ ഭ്രമിച്ചും പോകുന്നു.

൮ നീ ഞങ്ങളുടെ അകൃത്യങ്ങളെ നിന്റെ മുമ്പിലും ഞങ്ങളുടെ രഹസ്യപാപങ്ങളെ നിന്റെ മുഖപ്രകാശത്തിലും വെച്ചിരിക്കുന്നു.

൯ ഞങ്ങളുടെ നാളുകളൊക്കെയും നിന്റെ ക്രോധത്തിൽ കഴിഞ്ഞുപോയി; ഞങ്ങളുടെ സംവത്സരങ്ങളെ ഞങ്ങൾ ഒരു നെടുവീൎപ്പുപോലെ കഴിക്കുന്നു.

൰ ഞങ്ങളുടെ ആയുഷ്കാലം എഴുപതു സംവത്സരം; ഏറെ ആയാൽ എണ്പതു സംവത്സരം; അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രേ; അതു വേഗം തീരുകയും ഞങ്ങൾ പറന്നുപോകയും ചെയ്യുന്നു.

൰൧ നിന്റെ കോപത്തിന്റെ ശക്തിയെയും നിന്നെ ഭയപ്പെടുവാന്തക്കവണ്ണം നിന്റെ ക്രോധത്തെയും ഗ്രഹിക്കുന്നവൻ ആർ?

൰൨ ഞങ്ങൾ ജ്ഞാനമുള്ളോരു ഹൃദയം പ്രാപിക്കത്തക്കവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിക്കേണമേ.

൧൩ യഹോവേ, മടങ്ങിവരേണമേ; എത്രത്തോളം താമസം? അടിയങ്ങളോടു സഹതാപം തോന്നേണമേ.

൧൪ കാലത്തു തന്നേ ഞങ്ങളെ നിന്റെ ദയകൊണ്ടു തൃപ്തരാക്കേണമേ; എന്നാൽ ഞങ്ങളുടെ ആയുഷ്കാലമൊക്കെയും ഞങ്ങൾ ഘോഷിച്ചാനന്ദിക്കും.

൧൫ നീ ഞങ്ങളെ ക്ലേശിപ്പിച്ച ദിവസങ്ങൾക്കും ഞങ്ങൾ അനൎത്ഥം അനുഭവിച്ച സംവത്സരങ്ങൾക്കും തക്കവണ്ണം ഞങ്ങളെ സന്തോഷിപ്പിക്കേണമേ.

൧൬ നിന്റെ ദാസന്മാൎക്കു നിന്റെ പ്രവൃത്തിയും അവരുടെ മക്കൾക്കു നിന്റെ മഹത്വവും വെളിപ്പെടുമാറാകട്ടെ.

൧൭ ഞങ്ങളുടെ ദൈവമായ യഹോവയുടെ പ്രസാദം ഞങ്ങളുടെ മേൽ ഇരിക്കുമാറാകട്ടെ; ഞങ്ങളുടെ കൈകളുടെ പ്രവൃത്തിയെ സാദ്ധ്യമാക്കി തരേണമേ; അതേ, ഞങ്ങളുടെ കൈകളുടെ പ്രവൃത്തിയെ സാദ്ധ്യമാക്കി തരേണമേ.

## ൯൧ാം സങ്കീർത്തനം

അത്യുന്നതന്റെ മറവിൽ വസിക്കയും സൎവ്വശക്തന്റെ നിഴലിൻകീഴിൽ പാൎക്കയും ചെയ്യുന്നവൻ

൨ യഹോവയെക്കുറിച്ചു: അവൻ എന്റെ സങ്കേതവും കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയുന്നു.

൩ അവൻ നിന്നെ വേട്ടക്കാരന്റെ കണിയിൽനിന്നും നാശകരമായ മഹാമാരിയിൽനിന്നും വിടുവിക്കും.

൪ തന്റെ തൂവലുകൾകൊണ്ടു അവൻ നിന്നെ മറെക്കും; അവന്റെ ചിറകിൻകീഴിൽ നീ ശരണം പ്രാപിക്കും; അവന്റെ വിശ്വസ്തത നിനക്കു പരിചയും പലകയും ആകുന്നു.

൫ രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തെയും

൬ ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെയും ഉച്ചെക്കു നശിപ്പിക്കുന്ന സംഹാരത്തെയും നിനക്കു പേടിപ്പാനില്ല.

൭ നിന്റെ വശത്തു ആയിരം പേരും നിന്റെ വലത്തുവശത്തു പതിനായിരം പേരും വീഴും; എങ്കിലും അതു നിന്നോടു അടുത്തുവരികയില്ല.

൮ നിന്റെ കണ്ണുകൊണ്ടു തന്നേ നീ നോക്കി ദുഷ്ടന്മാൎക്കു വരുന്ന പ്രതിഫലം കാണും.

൯ യഹോവേ, നീ എന്റെ സങ്കേതമാകുന്നു; നീ അത്യുന്നതനെ നിന്റെ വാസസ്ഥലമാക്കിയിരിക്കുന്നു.

൧൦ ഒരു അനൎത്ഥവും നിനക്കു ഭവിക്കയില്ല; ഒരു ബാധയും നിന്റെ കൂടാരത്തിന്നു അടുക്കയില്ല.

൧൧ നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന്നു അവൻ നിന്നെക്കുറിച്ചു തന്റെ ദൂതന്മാരോടു കല്പിക്കും.

൧൨ നിന്റെ കാൽ കല്ലിൽ തട്ടിപ്പോകാതിരിക്കേണ്ടതിന്നു അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും.

൧൩ സിംഹത്തിന്മേലും അണലിമേലും നീ ചവിട്ടും; ബാലസിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിച്ചുകളയും.

൧൪ അവൻ എന്നോടു പററിയിരിക്കയാൽ ഞാൻ അവനെ വിടുവിക്കും; അവൻ എന്റെ നാമത്തെ അറികയാൽ ഞാൻ അവനെ ഉയൎത്തും.

൧൫ അവൻ എന്നെ വിളിച്ചപേക്ഷിക്കും; ഞാൻ അവന്നു ഉത്തരമരുളും; കഷ്ടകാലത്തു ഞാൻ അവനോടുകൂടെ ഇരിക്കും; ഞാൻ അവനെ വിടുവിച്ചു മഹത്വപ്പെടുത്തും.

൧൬ ദീൎഘായുസ്സുകൊണ്ടു ഞാൻ അവന്നു തൃപ്തിവരുത്തും; എന്റെ രക്ഷ അവന്നു കാണിച്ചുകൊടുക്കും.

## ൯൨-ാം സങ്കീൎത്തനം

യഹോവെക്കു സ്തോത്രം ചെയ്യുന്നതും അത്യുന്നതനായുള്ളോവേ, നിന്റെ നാമത്തെ കീൎത്തിക്കുന്നതും

൨ പത്തു കമ്പിയുള്ള വാദിത്രംകൊണ്ടും വീണകൊണ്ടും ഗംഭീരസ്വരമുള്ള കിന്നരംകൊണ്ടും

൩ രാവിലെ നിന്റെ ദയയെയും രാത്രിതോറും നിന്റെ വിശ്വസ്തതയെയും വൎണ്ണിക്കുന്നതും നല്ലതു.

൪ യഹോവേ, നിന്റെ പ്രവൃത്തികൊണ്ടു നീ എന്നെ സന്തോഷിപ്പിക്കുന്നു; ഞാൻ നിന്റെ കൈകളുടെ പ്രവൃത്തികളെക്കുറിച്ചു ഘോഷിച്ചുല്ലസിക്കുന്നു.

൫ യഹോവേ, നിന്റെ പ്രവൃത്തികൾ എത്ര വലിയവയാകുന്നു; നിന്റെ വിചാരങ്ങൾ അത്യന്തം അഗാധമായവ തന്നേ.

൬ മൃഗപ്രായനായ മനുഷ്യൻ അതു അറിയുന്നില്ല; മൂഢൻ അതു ഗ്രഹിക്കുന്നതുമില്ല.

൭ ദുഷ്ടന്മാർ പുല്ലുപോലെ മുളെക്കുന്നതും നീതികേടു പ്രവൎത്തിക്കുന്നവരൊക്കെയും തഴെക്കുന്നതും എന്നേക്കും നശിച്ചുപോകേണ്ടതിന്നാകുന്നു.

൮ നീയോ, യഹോവേ, എന്നേക്കും അത്യുന്നതനാകുന്നു.

൯ യഹോവേ, ഇതാ, നിന്റെ ശത്രുക്കൾ; ഇതാ, നിന്റെ ശത്രുക്കൾ നശിച്ചുപോകുന്നു; നീതികേടു പ്രവൎത്തിക്കുന്ന ഏവരും ചിതറിപ്പോകും.

൧൦ എങ്കിലും എന്റെ കൊമ്പു നീ കാട്ടുപോത്തിന്റെ കൊമ്പുപോലെ ഉയൎത്തും; പുതിയ എണ്ണ എന്നെ തേപ്പിക്കുന്നു.

൧൧ എന്റെ കണ്ണു എന്റെ ശത്രുക്കളെ കണ്ടും എന്റെ ചെവി എന്നോടു എതിൎക്കുന്ന ദുഷ്കൎമ്മികളെക്കുറിച്ചു കേട്ടും രസിക്കും.

൧൨ നീതിമാൻ പനപോലെ തഴെക്കും; ലെബാനോനിലെ ദേവദാരുപോലെ വളരും.

൧൩ യഹോവയുടെ ആലയത്തിൽ നട്ടതലയായവർ നമ്മുടെ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെക്കും.

൧൪ വാൎദ്ധക്യത്തിലും അവർ ഫലം കായിച്ചുകൊണ്ടിരിക്കും; അവർ പുഷ്ടിവെച്ചും പച്ചപിടിച്ചും ഇരിക്കും.

൧൫ യഹോവ നേരുള്ളവൻ, അവൻ എന്റെ പാറ, അവനിൽ നീതികേടില്ല എന്നു കാണിക്കേണ്ടതിന്നു തന്നേ.

## പതിനെട്ടാം തിയ്യതി

## വൈകുന്നേരത്തെ പ്രാൎത്ഥന

### ൯൩-ാം സങ്കീൎത്തനം

യഹോവ വാഴുന്നു; അവൻ മഹിമ ധരിച്ചിരിക്കുന്നു; യഹോവ ബലം ധരിച്ചു അരെക്കു കെട്ടിയിരിക്കുന്നു. ഭൂലോകം ഇളകാതെ ഉറെച്ചു നില്ക്കുന്നു.

൨ നിന്റെ സിംഹാസനം പുരാതനമേ സ്ഥിരമായിരിക്കുന്നു; നീ അനാദിയായുള്ളവൻ തന്നേ.

൩ യഹോവേ, പ്രവാഹങ്ങൾ ഉയൎത്തുന്നു; പ്രവാഹങ്ങൾ ശബ്ദം ഉയൎത്തുന്നു; പ്രവാഹങ്ങൾ തിരമാലകളെ ഉയൎത്തുന്നു.

൪ സമുദ്രത്തിലെ വന്തിരകളായ പെരുവെള്ളങ്ങളുടെ മുഴക്കത്തെക്കാളും ഉയരത്തിൽ യഹോവ മഹിമയുള്ളവൻ.

൫ നിന്റെ സാക്ഷ്യങ്ങൾ എത്രയും നിശ്ചയമുള്ളവ; യഹോവേ, വിശുദ്ധി നിന്റെ ആലയത്തിന്നു എന്നേക്കും ഉചിതം തന്നേ.

### ൯൪-ാം സങ്കീൎത്തനം

പ്രതികാരത്തിന്റെ ദൈവമായ യഹോവേ, പ്രതികാരത്തിന്റെ ദൈവമേ, പ്രകാശിക്കേണമേ.

൨ ഭൂമിയുടെ ന്യായാധിപതിയേ, എഴുന്നേല്ക്കേണമേ; ഡംഭികൾക്കു നീ പ്രതികാരം ചെയ്യേണമേ.

൩ യഹോവേ, ദുഷ്ടന്മാർ എത്രത്തോളം, ദുഷ്ടന്മാർ എത്രത്തോളം ഘോഷിച്ചുല്ലസിക്കും?

൪ അവർ ശകാരിച്ചു ധാൎഷ്ട്യം സംസാരിക്കുന്നു; നീതികേടു പ്രവൎത്തിക്കുന്ന എവരും വമ്പു പറയുന്നു.

൫ യഹോവേ, അവർ നിന്റെ ജനത്തെ തകൎത്തുകളയുന്നു; നിന്റെ അവകാശത്തെ പീഡിപ്പിക്കുന്നു.

൬ അവർ വിധവയെയും പരദേശിയെയും കൊല്ലുന്നു; അനാഥന്മാരെ അവർ ഹിംസിക്കുന്നു.

൭ യഹോവ കാണുകയില്ല എന്നും യാക്കോബിന്റെ ദൈവം ഗ്രഹിക്കയില്ലെന്നും അവർ പറയുന്നു.

൮ ജനത്തിൽ മൃഗപ്രായരായവരേ, ചിന്തിച്ചുകൊൾവിൻ; ഭോഷന്മാരേ, നിങ്ങൾക്കു എപ്പോൾ ബുദ്ധിവരും?

൯ ചെവിയെ നട്ടവൻ കേൾക്കയില്ലയോ? കണ്ണിനെ നിൎമ്മിച്ചവൻ കാണുകയില്ലയോ?

൧൦ ജാതികളെ ശിക്ഷിക്കുന്നവൻ ശാസിക്കയില്ലയോ? അവൻ മനുഷ്യൎക്കു ജ്ഞാനം ഉപദേശിച്ചുകൊടുക്കുന്നില്ലയോ?

൧൧ മനുഷ്യരുടെ വിചാരങ്ങളെ മായ എന്നു യഹോവ അറിയുന്നു.

൧൨ യഹോവേ, ദുഷ്ടന്നു കുഴി കുഴിക്കുവോളം അനൎത്ഥദിവസത്തിൽ നീ അവനെ വിശ്രമിപ്പിക്കേണ്ടതിന്നു

൧൩ നീ ശിക്ഷിക്കയും നിന്റെ ന്യായപ്രമാണം നീ ഉപദേശിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ.

൧൪ യഹോവ തന്റെ ജനത്തെ തള്ളിക്കളകയില്ല; തന്റെ അവകാശത്തെ കൈവിടുകയുമില്ല.

൧൫ ന്യായവിധി നീതിയിലേക്കു തിരിഞ്ഞുവരും; പരമാൎത്ഥഹൃദയമുള്ളവരൊക്കെയും അതിനോടു യോജിക്കും.

൧൬ ദുഷ്കൎമ്മികളുടെ നേരെ ആർ എനിക്കുവേണ്ടി എഴുന്നേല്ക്കും? നീതികേടു പ്രവൎത്തിക്കുന്നവരോടു ആർ എനിക്കുവേണ്ടി എതിൎത്തുനില്ക്കും?

൧൭ യഹോവ എനിക്കു സഹായമായിരുന്നില്ലെങ്കിൽ എന്റെ പ്രാണൻ വേഗം മൌനവാസം ചെയ്യുമായിരുന്നു.

൧൮ എന്റെ കാൽ വഴുതുന്നു എന്നു ഞാൻ പറഞ്ഞപ്പോൾ യഹോവേ, നിന്റെ ദയ എന്നെ താങ്ങി.

൧൯ എന്റെ ഉള്ളിലെ വിചാരങ്ങളുടെ ബഹുത്വത്തിൽ നിന്റെ ആശ്വാസനങ്ങൾ എന്റെ പ്രാണനെ തണുപ്പിക്കുന്നു.

൨൦ നിയമത്തിന്നു വിരോധമായി കഷ്ടത നിൎമ്മിക്കുന്ന ദുഷ്ടസിംഹാസനത്തിന്നു നിന്നോടു സഖ്യതയുണ്ടാകുമോ?

൨൧ നീതിമാന്റെ പ്രാണന്നു വിരോധമായി അവർ കൂട്ടംകൂടുന്നു; കുററമില്ലാത്ത രക്തത്തെ അവർ ശിക്ഷെക്കു വിധിക്കുന്നു.

൨൨ എങ്കിലും യഹോവ എനിക്കു ഗോപുരവും എന്റെ ശരണശൈലമായ എന്റെ ദൈവവും ആകുന്നു.

൨൩ അവൻ അവരുടെ നീതികേടു അവരുടെമേൽ തന്നേ വരുത്തും; അവരുടെ ദുഷ്ടതയിൽ തന്നേ അവരെ സംഹരിക്കും; നമ്മുടെ ദൈവമായ യഹോവ അവരെ സംഹരിച്ചുകളയും.

## പത്തൊമ്പതാം തിയ്യതി

## കാലത്തെ പ്രാൎത്ഥന

### ൯൫ാം സങ്കീൎത്തനം

വരുവിൻ, നാം യഹോവെക്കു ഉല്ലസിച്ചു ഘോഷിക്ക; നമ്മുടെ രക്ഷയു
ടെ പാറെക്കു ആൎപ്പിടുക.
൨ നാം സ്തോത്രത്തോടെ അവന്റെ സന്നിധിയിൽ ചെല്ലുക;
സങ്കീൎത്തനങ്ങളോടെ അവന്നു ഘോഷിക്ക.
൩ യഹോവ മഹാദൈവമല്ലോ; അവൻ സകല ദേവന്മാൎക്കും
മീതെ മഹാരാജാവു തന്നേ.
൪ ഭൂമിയുടെ അധോഭാഗങ്ങൾ അവന്റെ കയ്യിൽ ആകുന്നു; പൎവ്വ
തങ്ങളുടെ ശിഖരങ്ങളും അവന്നുള്ളവ.
൫ സമുദ്രം അവന്നുള്ളതു; അവൻ അതിനെ ഉണ്ടാക്കി; കരയെയും
അവന്റെ കൈകൾ മനഞ്ഞിരിക്കുന്നു.
൬ വരുവിൻ, നാം വണങ്ങി നമസ്കരിക്ക; നമ്മെ നിൎമ്മിച്ച യഹോ
വയുടെ മുമ്പിൽ മുട്ടുകുത്തുക.
൭ അവൻ നമ്മുടെ ദൈവമാകുന്നു; നാമോ അവൻ മേയിക്കുന്ന
ജനവും അവന്റെ കൈക്കലെ ആടുകളും തന്നേ.
൮ ഇന്നു നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നുവെങ്കിൽ, മെരീബ
യിലെപ്പോലെയും മരുഭൂമിയിൽ മസ്സാനാളിലെപ്പോലെയും നിങ്ങളുടെ
ഹൃദയത്തെ കഠിനമാക്കരുതു.
൯ അവിടെവെച്ചു നിങ്ങളുടെ പിതാക്കന്മാർ എന്നെ പരീക്ഷിച്ചു;
എന്റെ പ്രവൃത്തി അവർ കണ്ടിട്ടും എന്നെ ശോധനചെയ്തു.
൧൦ നാല്പതു ആണ്ടു എനിക്കു ആ തലമുറയോടു നീരസം ഉണ്ടായി
രുന്നു; അവർ തെറ്റിപ്പോകുന്ന ഹൃദയമുള്ളോരു ജനം എന്നും എന്റെ
വഴികളെ അറിഞ്ഞിട്ടില്ലാത്തവരെന്നും ഞാൻ പറഞ്ഞു.
൧൧ ആകയാൽ അവർ എന്റെ സ്വസ്ഥതയിൽ പ്രവേശിക്കയില്ലെ
ന്നു ഞാൻ എന്റെ ക്രോധത്തിൽ സത്യം ചെയ്തു.

### ൯൬ാം സങ്കീൎത്തനം

യഹോവെക്കു ഒരു പുതിയ പാട്ടു പാടുവിൻ; സകല ഭൂവാസികളുമായു
ള്ളോരേ, യഹോവെക്കു പാടുവിൻ.
൨ യഹോവെക്കു പാടി, അവന്റെ നാമത്തെ വാഴ്ത്തുവിൻ; നാൾ
തോറും അവന്റെ രക്ഷയെ പ്രസിദ്ധമാക്കുവിൻ.
൩ ജാതികളുടെ ഇടയിൽ അവന്റെ മഹത്വവും സകല വംശങ്ങ
ളുടെയും ഇടയിൽ അവന്റെ അത്ഭുതങ്ങളും വിവരിപ്പിൻ.

൪ യഹോവ വലിയവനും ഏററവും സ്തുത്യനും ആകുന്നു; അവൻ സകല ദേവന്മാരെക്കാളും ഭയപ്പെടുവാൻ യോഗ്യൻ.

൫ ജാതികളുടെ ദേവന്മാരൊക്കെയും മിത്ഥ്യാമൂൎത്തികളത്രേ; യഹോവയോ ആകാശത്തെ ഉണ്ടാക്കിയിരിക്കുന്നു.

൬ ബഹുമാനവും തേജസ്സും അവന്റെ മുമ്പിലും ബലവും ശോഭയും അവന്റെ വിശുദ്ധ മന്ദിരത്തിലും ഉണ്ടു.

൭ ജാതികളുടെ കുലങ്ങളേ, യഹോവെക്കു കൊടുപ്പിൻ; മഹത്വവും ബലവും യഹോവെക്കു കൊടുപ്പിൻ.

൮ യഹോവെക്കു അവന്റെ നാമത്തിന്നു തക്ക മഹത്വം കൊടുപ്പിൻ; തിരുമുൽകാഴ്ചയുമായി അവന്റെ പ്രാകാരങ്ങളിൽ ചെല്ലുവിൻ.

൯ വിശുദ്ധവസ്ത്രാലങ്കാരത്തോടെ യഹോവയെ നമസ്കരിപ്പിൻ; സകല ഭൂവാസികളുമായുള്ളോരേ, അവന്റെ മുമ്പിൽ നടുങ്ങുവിൻ.

൧൦ യഹോവ വാഴുന്നു എന്നു ജാതികളുടെ ഇടയിൽ പറവിൻ; ഭൂലോകവും ഇളകാതെ ഉറെച്ചു നില്ക്കുന്നു; അവൻ ജാതികളെ നേരോടെ വിധിക്കും.

൧൧ ആകാശം സന്തോഷിക്കയും ഭൂമി ആനന്ദിക്കയും സമുദ്രവും അതിന്റെ നിറെവും മുഴങ്ങുകയും ചെയ്യട്ടെ.

൧൨ വയലും അതിലുള്ളതൊക്കെയും ആഹ്ലാദിക്കട്ടെ; അപ്പോൾ കാട്ടിലെ സകല വൃക്ഷങ്ങളും ഉല്ലസിച്ചു ഘോഷിക്കും.

൧൩ യഹോവയുടെ സന്നിധിയിൽ തന്നേ: അവൻ വരുന്നുവല്ലോ; അവൻ ഭൂമിയെ വിധിപ്പാൻ വരുന്നു; അവൻ ഭൂലോകത്തെ നീതിയോടും ജാതികളെ വിശ്വസ്തതയോടുംകൂടെ വിധിക്കും.

## ൯൭ാം സങ്കീൎത്തനം

യഹോവ വാഴുന്നു; ഭൂമി ഘോഷിച്ചാനന്ദിക്കട്ടെ; ബഹുദ്വീപുകളും സന്തോഷിക്കട്ടെ.

൨ മേഘവും അന്ധകാരവും അവന്റെ ചുററും ഇരിക്കുന്നു; നീതിയും ന്യായവും അവന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു.

൩ തീ അവന്നു മുമ്പായി പോകുന്നു; ചുററുമുള്ള അവന്റെ വൈരികളെ ദഹിപ്പിക്കുന്നു.

൪ അവന്റെ മിന്നലുകൾ ഭൂതലത്തെ പ്രകാശിപ്പിക്കുന്നു; ഭൂമി കണ്ടു വിറെക്കുന്നു.

൫ യഹോവയുടെ സന്നിധിയിൽ, സൎവ്വഭൂമിയുടെയും കൎത്താവിന്റെ സന്നിധിയിൽ, പൎവ്വതങ്ങൾ മെഴുകുപോലെ ഉരുകുന്നു.

൬ ആകാശം അവന്റെ നീതിയെ പ്രസിദ്ധമാക്കുന്നു; സകല ജാതികളും അവന്റെ മഹത്വത്തെ കാണുന്നു.

൭ വിഗ്രഹങ്ങളെ സേവിക്കയും ബിംബങ്ങളിൽ പ്രശംസിക്കയും ചെയ്യുന്നവരൊക്കെയും ലജ്ജിച്ചുപോകും: സകല ദേവന്മാരുമായുള്ളോരേ, അവനെ നമസ്കരിപ്പിൻ.

൮ സീയോൻ കേട്ടു സന്തോഷിക്കുന്നു; യഹോവേ, നിന്റെ ന്യായവിധികൾ ഹേതുവായി യെഹൂദാപുത്രിമാർ ഘോഷിച്ചാനന്ദിക്കുന്നു.

൯ യഹോവേ, നീ സൎവ്വഭൂമിക്കും മീതെ അത്യുന്നതൻ; സകല ദേവന്മാൎക്കും മീതെ ഉയൎന്നവൻ തന്നേ.

൧൦ യഹോവയെ സ്നേഹിക്കുന്നവരേ, ദോഷത്തെ വെറുപ്പിൻ; അവൻ തന്റെ ഭക്തന്മാരുടെ പ്രാണങ്ങളെ കാക്കുന്നു; ദുഷ്ടന്മാരുടെ കയ്യിൽനിന്നു അവരെ വിടുവിക്കുന്നു.

൧൧ നീതിമാന്നു പ്രകാശവും പരമാൎത്ഥഹൃദയമുള്ളവൎക്കു സന്തോഷവും ഉദിക്കും.

൧൨ നീതിമാന്മാരേ, യഹോവയിൽ സന്തോഷിപ്പിൻ; അവന്റെ വിശുദ്ധനാമത്തിന്നു സ്തോത്രം ചെയ്യിൻ.

## പത്തൊൻപതാം തിയ്യതി

## വൈകുന്നേരത്തേ പ്രാൎത്ഥന

### ൯൮-ാം സങ്കീൎത്തനം

യഹോവെക്കു ഒരു പുതിയ പാട്ടു പാടുവിൻ; അവൻ അത്ഭുതങ്ങളെ പ്രവൎത്തിച്ചിരിക്കുന്നു; അവന്റെ വലങ്കയ്യും അവന്റെ വിശുദ്ധ ഭുജവും അവന്നു ജയം നേടിയിരിക്കുന്നു.

൨ യഹോവ തന്റെ രക്ഷയെ അറിയിച്ചും ജാതികൾ കാൺകെ തന്റെ നീതിയെ വെളിപ്പെടുത്തിയുമിരിക്കുന്നു.

൩ അവൻ യിസ്രായേൽഗൃഹത്തിന്നു തന്റെ ദയയും വിശ്വസ്തതയും ഓൎത്തിരിക്കുന്നു; ഭൂമിയുടെ അറുതികളൊക്കെയും നമ്മുടെ ദൈവത്തിന്റെ രക്ഷ കണ്ടിരിക്കുന്നു.

൪ സകല ഭൂവാസികളുമായുള്ളോരേ, യഹോവെക്കു ആൎപ്പിടുവിൻ; പൊട്ടിഘോഷിച്ചു കീൎത്തനം ചെയ്യിൻ.

൫ കിന്നരത്തോടെ യഹോവെക്കു കീൎത്തനം ചെയ്യിൻ; കിന്നരത്തോടും സംഗീതസ്വരത്തോടുംകൂടെ തന്നേ.

൬ കാഹളങ്ങളോടും തുത്തുനാദത്തോടുംകൂടെ രാജാവായ യഹോവയുടെ സന്നിധിയിൽ ഘോഷിപ്പിൻ!

൭ സമുദ്രവും അതിന്റെ നിറവും ഭൂതലവും അതിൽ വസിക്കുന്നവരും മുഴങ്ങട്ടെ.

൮ പ്രവാഹങ്ങൾ കൈകൊട്ടട്ടെ; പൎവ്വതങ്ങൾ ഒരുപോലെ യഹോ
വയുടെ മുമ്പാകെ ഉല്ലസിച്ചു ഘോഷിക്കട്ടെ.
൯ അവൻ ഭൂമിയെ വിധിപ്പാൻ വരുന്നു; ഭൂലോകത്തെ നീതിയോ
ടും ജാതികളെ നേരോടുംകൂടെ വിധിക്കും.

## ൯൯ാം സങ്കീൎത്തനം

യഹോവ വാഴുന്നു; ജാതികൾ വിറെക്കട്ടെ; അവൻ കെരൂബുകളുടെ
മീതെ വസിക്കുന്നു; ഭൂമി കുലുങ്ങട്ടെ.
൨ യഹോവ സീയോനിൽ വലിയവനും സകല ജാതികൾക്കും
മീതെ ഉന്നതനും ആകുന്നു.
൩ അവൻ പരിശുദ്ധൻ എന്നിങ്ങനെ അവർ നിന്റെ മഹത്തും
ഭയങ്കരവുമായ നാമത്തെ സ്തുതിക്കട്ടെ.
൪ ന്യായതല്പരനായ രാജാവിന്റെ ബലത്തെ നീ നേരോടെ സ്ഥിര
മാക്കിയിരിക്കുന്നു; നീ യാക്കോബിൽ നീതിയും ന്യായവും നടത്തിയിരി
ക്കുന്നു.
൫ നമ്മുടെ ദൈവമായ യഹോവയെ പുകഴ്ത്തുവിൻ; അവന്റെ
പാദപീഠത്തിങ്കൽ നമസ്കരിപ്പിൻ; അവൻ പരിശുദ്ധൻ ആകുന്നു.
൬ അവന്റെ പുരോഹിതന്മാരിൽ മോശെയും അഹരോനും,
അവന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നവരിൽ ശമൂവേലും; ഇവർ
യഹോവയോടു അപേക്ഷിച്ചു; അവൻ അവൎക്കു ഉത്തരമരുളി.
൭ മേഘസ്തംഭത്തിൽനിന്നു അവൻ അവരോടു സംസാരിച്ചു; അവർ
അവന്റെ സാക്ഷ്യങ്ങളും അവൻ കൊടുത്ത ചട്ടവും പ്രമാണിച്ചു.
൮ ഞങ്ങളുടെ ദൈവമായ യഹോവേ, നീ അവൎക്കുത്തരമരുളി;
നീ അവൎക്കു ക്ഷമ കാണിക്കുന്ന ദൈവവും അവരുടെ പ്രവൃത്തികൾക്കു
പ്രതികാരകനും ആയിരുന്നു.
൯ നമ്മുടെ ദൈവമായ യഹോവയെ പുകഴ്ത്തുവിൻ; അവന്റെ
വിശുദ്ധപൎവ്വതത്തിൽ നമസ്കരിപ്പിൻ; നമ്മുടെ ദൈവമായ യഹോവ
പരിശുദ്ധനല്ലോ.

## ൧൦൦ാം സങ്കീൎത്തനം

സകല ഭൂവാസികളുമായുള്ളോരേ, യഹോവെക്കു ആൎപ്പിടുവിൻ.
൨ സന്തോഷത്തോടെ യഹോവയെ സേവിപ്പിൻ; സംഗീതത്തോ
ടെ അവന്റെ സന്നിധിയിൽ വരുവിൻ.
൩ യഹോവ തന്നേ ദൈവം എന്നറിവിൻ; അവൻ നമ്മെ
ഉണ്ടാക്കി; നാം അവന്നുള്ളവർ ആകുന്നു; അവന്റെ ജനവും അവൻ
മേയിക്കുന്ന ആടുകളും തന്നേ.

൪ അവന്റെ വാതിലുകളിൽ സ്തോത്രത്തോടും അവന്റെ പ്രാകാരങ്ങളിൽ സ്തുതിയോടുംകൂടെ വരുവിൻ; അവന്നു സ്തോത്രം ചെയ്തു അവന്റെ നാമത്തെ വാഴ്ത്തുവിൻ.

൫ യഹോവ നല്ലവനല്ലോ; അവന്റെ ദയ എന്നേക്കുമുള്ളതു; അവന്റെ വിശ്വസ്തത തലമുറതലമുറയായും ഇരിക്കുന്നു.

### ൧൦൧-ാം സങ്കീർത്തനം

ഞാൻ ദയയെയും ന്യായത്തെയും കുറിച്ചു പാടും; യഹോവേ, ഞാൻ നിനക്കു കീർത്തനം പാടും.

൨ ഞാൻ നിഷ്കളങ്കമാർഗ്ഗത്തിൽ ശ്രദ്ധവെക്കും; എപ്പോൾ നീ എന്റെ അടുക്കൽ വരും? ഞാൻ എന്റെ വീട്ടിൽ നിഷ്കളങ്കഹൃദയത്തോടെ പെരുമാറും.

൩ ഞാൻ ഒരു നീചകാര്യം എന്റെ കണ്ണിന്നു മുമ്പിൽ വെക്കുകയില്ല; ക്രമംകെട്ടവരുടെ പ്രവൃത്തിയെ ഞാൻ വെറുക്കുന്നു; അതു എന്നോടു ചേർന്നു പററുകയില്ല.

൪ വക്രഹൃദയം എന്നോടു അകന്നിരിക്കും; ദുഷ്ടതയെ ഞാൻ അറികയില്ല.

൫ കൂട്ടുകാരനെക്കുറിച്ചു ഏഷണി പറയുന്നവനെ ഞാൻ നശിപ്പിക്കും; ഉന്നതഭാവവും നിഗളഹൃദയവും ഉള്ളവനെ ഞാൻ സഹിക്കയില്ല.

൬ ദേശത്തിലെ വിശ്വസ്തന്മാർ എന്നോടുകൂടെ വസിക്കേണ്ടതിന്നു എന്റെ ദൃഷ്ടി അവരുടെമേൽ ഇരിക്കുന്നു; നിഷ്കളങ്കമാർഗ്ഗത്തിൽ നടക്കുന്നവൻ എന്നെ ശുശ്രൂഷിക്കും.

൭ വഞ്ചന ചെയ്യുന്നവൻ എന്റെ വീട്ടിൽ വസിക്കയില്ല; ഭോഷ്കു പറയുന്നവൻ എന്റെ മുമ്പിൽ ഉറെച്ചുനില്ക്കയില്ല.

൮ യഹോവയുടെ നഗരത്തിൽനിന്നു സകല ദുഷ്പ്രവൃത്തിക്കാരെയും ഛേദിച്ചുകളയേണ്ടതിന്നു ദേശത്തിലെ ദുഷ്ടന്മാരെ ഒക്കെയും ഞാൻ രാവിലെതോറും നശിപ്പിക്കും.

## ഇരുപതാം തിയ്യതി

## കാലത്തെ പ്രാർത്ഥന

### ൧൦൨-ാം സങ്കീർത്തനം

യഹോവേ, എന്റെ പ്രാർത്ഥന കേൾക്കേണമേ; എന്റെ നിലവിളി തിരുസന്നിധിയിൽ വരുമാറാകട്ടെ.

൨ കഷ്ടദിവസത്തിൽ നിന്റെ മുഖം എനിക്കു മറെക്കരുതേ; നിന്റെ ചെവി എങ്കലേക്കു ചായിക്കേണമേ; ഞാൻ വിളിക്കുന്ന നാളിൽ വേഗത്തിൽ എനിക്കുത്തരമരുളേണമേ.

൩ എന്റെ നാളുകൾ പുകപോലെ കഴിഞ്ഞുപോകുന്നു; എന്റെ അസ്ഥികൾ തീക്കൊള്ളിപോലെ വെന്തിരിക്കുന്നു.

൪ എന്റെ ഹൃദയം അരിഞ്ഞ പുല്ലുപോലെ ഉണങ്ങിയിരിക്കുന്നു; ഞാൻ ഭക്ഷണം കഴിപ്പാൻ മറന്നുപോകുന്നു.

൫ എന്റെ ഞരക്കത്തിന്റെ ഒച്ചനിമിത്തം എന്റെ അസ്ഥികൾ മാംസത്തോടു പററുന്നു.

൬ ഞാൻ മരുഭൂമിയിലെ വേഴാമ്പൽപോലെ ആകുന്നു; ശൂന്യസ്ഥലത്തെ മൂങ്ങാപോലെ തന്നേ.

൭ ഞാൻ ഉറക്കിളെച്ചിരിക്കുന്നു; വീട്ടിന്മുകളിൽ തനിച്ചിരിക്കുന്ന കുരികിൽപോലെ ആകുന്നു.

൮ എന്റെ ശത്രുക്കൾ ഇടവിടാതെ എന്നെ നിന്ദിക്കുന്നു; എന്നോടു ചീറുന്നവർ എന്റെ പേർചൊല്ലി ശപിക്കുന്നു.

൯ ഞാൻ അപ്പംപോലെ ചാരം തിന്നുന്നു; എന്റെ പാനീയത്തിൽ കണ്ണുനീർ കലക്കുന്നു;

൧൦ നിന്റെ കോപവും ക്രോധവും ഹേതുവായിട്ടു തന്നേ; നീ എന്നെ എടുത്തു എറിഞ്ഞുകളഞ്ഞുവല്ലോ.

൧൧ എന്റെ ആയുസ്സു ചാഞ്ഞുപോകുന്ന നിഴൽപോലെയാകുന്നു; ഞാൻ പുല്ലുപോലെ ഉണങ്ങിപ്പോകുന്നു.

൧൨ നീയോ, യഹോവേ, എന്നേക്കുമുള്ളവൻ; നിന്റെ നാമം തലമുറതലമുറയായി നിലനില്ക്കുന്നു.

൧൩ നീ എഴുന്നേററു സീയോനോടു കരുണ കാണിക്കും; അവളോടു കൃപ കാണിപ്പാനുള്ള കാലം, അതേ. അതിന്നു സമയം വന്നിരിക്കുന്നു.

൧൪ നിന്റെ ദാസന്മാൎക്കു അവളുടെ കല്ലുകളോടു താല്പൎയ്യവും അവളുടെ പൂഴിയോടു അലിവും തോന്നുന്നു.

൧൫ യഹോവ സീയോനെ പണികയും തന്റെ മഹത്വത്തിൽ പ്രത്യക്ഷനാകയും

൧൬ അവൻ അഗതികളുടെ പ്രാൎത്ഥന കടാക്ഷിക്കയും അവരുടെ പ്രാൎത്ഥന നിരസിക്കാതെയിരിക്കയും ചെയ്യുകകൊണ്ടു

൧൭ ജാതികൾ യഹോവയുടെ നാമത്തെയും ഭൂമിയിലെ സകല രാജാക്കന്മാരും നിന്റെ മഹത്വത്തെയും ഭയപ്പെടും.

൧൮ വരുവാനിരിക്കുന്ന തലമുറെക്കു വേണ്ടി ഇതു എഴുതിവെക്കും; സൃഷ്ടിക്കപ്പെടുവാനുള്ള ജനം യഹോവയെ സ്തുതിക്കും.

൨൨ യഹോവയെ സേവിപ്പാൻ ജാതികളും രാജ്യങ്ങളും കൂടി വന്നപ്പോൾ

൨൧ സീയോനിൽ യഹോവയുടെ നാമത്തെയും യെരുശലേമിൽ അവന്റെ സ്തുതിയെയും പ്രസ്താവിക്കേണ്ടതിന്നു

൨൦ ബദ്ധന്മാരുടെ ഞരക്കം കേൾപ്പാനും മരണത്തിന്നു നിയമിക്കപ്പെട്ടവരെ വിടുവിപ്പാനും

൧൯ യഹോവ തന്റെ വിശുദ്ധമായ ഉയരത്തിൽനിന്നു നോക്കി സ്വൎഗ്ഗത്തിൽനിന്നു ഭൂമിയെ തൃക്കൺ പാൎത്തുവല്ലോ.

൨൩ അവൻ വഴിയിൽവെച്ചു എന്റെ ബലം ക്ഷയിപ്പിച്ചു; അവൻ എന്റെ നാളുകളെ ചുരുക്കിയിരിക്കുന്നു.

൨൪ എന്റെ ദൈവമേ, ആയുസ്സിന്റെ മദ്ധ്യത്തിൽ എന്നെ എടുത്തുകളയരുതേ എന്നു ഞാൻ പറഞ്ഞു: നിന്റെ സംവത്സരങ്ങൾ തലമുറ തലമുറയായി ഇരിക്കുന്നു.

൨൫ പൂൎവ്വകാലത്തു നീ ഭൂമിക്കു അടിസ്ഥാനമിട്ടു; ആകാശം നിന്റെ കൈകളുടെ പ്രവൃത്തിയാകുന്നു.

൨൬ അവ നശിക്കും നീയോ നിലനില്ക്കും; അവയെല്ലാം വസ്ത്രം പോലെ പഴകിപ്പോകും; ഉടുപ്പുപോലെ നീ അവയെ മാറും; അവ മാറിപ്പോകയും ചെയ്യും.

൨൭ നീയോ അനന്യനാകുന്നു; നിന്റെ സംവത്സരങ്ങൾ അവസാനിക്കയുമില്ല.

൨൮ നിന്റെ ദാസന്മാരുടെ മക്കൾ നിൎഭയം വസിക്കും; അവരുടെ സന്തതി നിന്റെ സന്നിധിയിൽ നിലനില്ക്കും.

## ൧൦൩-ാം സങ്കീൎത്തനം

എൻമനമേ, യഹോവയെ വാഴ്ത്തുക; എന്റെ സൎവ്വാന്തരംഗവുമേ, അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക.

൨ എൻമനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുതു.

൩ അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു; നിന്റെ സകല രോഗങ്ങളെയും സൌഖ്യമാക്കുന്നു;

൪ അവൻ നിന്റെ ജീവനെ നാശത്തിൽനിന്നു വീണ്ടെടുക്കുന്നു; അവൻ ദയയും കരുണയും നിന്നെ അണിയിക്കുന്നു.

൫ നിന്റെ യൌവനം കഴുകന്റെപ്പോലെ പുതുകിവരത്തക്കവണ്ണം അവൻ നിന്റെ വായ്ക്കു നന്മകൊണ്ടു തൃപ്തിവരുത്തുന്നു.

൬ യഹോവ സകല പീഡിതന്മാൎക്കുംവേണ്ടി നീതിയും ന്യായവും നടത്തുന്നു.

൭ അവൻ തന്റെ വഴികളെ മോശെയെയും തന്റെ പ്രവൃത്തികളെ യിസ്രായേൽമക്കളെയും അറിയിച്ചു.

൮ യഹോവ കരുണയും കൃപയും നിറഞ്ഞവൻ ആകുന്നു; ദീൎഘക്ഷമയും മഹാ ദയയും ഉള്ളവൻ തന്നേ.

൯ അവൻ എല്ലായ്പോഴും ഭത്സിക്കയില്ല; എന്നേക്കും കോപം സംഗ്രഹിക്കയുമില്ല.

൧൦ അവൻ നമ്മുടെ പാപങ്ങൾക്കു ഒത്തവണ്ണം നമ്മോടു ചെയ്യുന്നില്ല; നമ്മുടെ അകൃത്യങ്ങൾക്കു ഒത്തവണ്ണം നമ്മോടു പകരം ചെയ്യുന്നതുമില്ല.

൧൧ ആകാശം ഭൂമിക്കുമീതെ ഉയൎന്നിരിക്കുന്നതുപോലെ അവന്റെ ദയ അവന്റെ ഭക്തന്മാരോടു വലുതായിരിക്കുന്നു.

൧൨ ഉദയം അസ്തമയത്തോടു അകന്നിരിക്കുന്നതുപോലെ അവൻ നമ്മുടെ ലംഘനങ്ങളെ നമ്മോടു അകററിയിരിക്കുന്നു.

൧൩ അപ്പന്നു മക്കളോടു കരുണ തോന്നുന്നതുപോലെ യഹോവെക്കു തന്റെ ഭക്തന്മാരോടു കരുണ തോന്നുന്നു.

൧൪ അവൻ നമ്മുടെ പ്രകൃതി അറിയുന്നുവല്ലോ; നാം പൊടി എന്നു അവൻ ഓൎക്കുന്നു.

൧൫ മനുഷ്യന്റെ ആയുസ്സു പുല്ലുപോലെയാകുന്നു; വയലിലെ പൂ പോലെ അവൻ പൂക്കുന്നു.

൧൬ കാററു അതിന്മേൽ അടിക്കുമ്പോൾ അതു ഇല്ലാതെ പോകുന്നു; അതിന്റെ സ്ഥലം പിന്നെ അതിനെ അറികയുമില്ല.

൧൭ യഹോവയുടെ ദയയോ എന്നും എന്നേക്കും അവന്റെ ഭക്തന്മാൎക്കും അവന്റെ നീതി മക്കളുടെ മക്കൾക്കും ഉണ്ടാകും.

൧൮ അവന്റെ നിയമത്തെ പ്രമാണിക്കുന്നവൎക്കും അവന്റെ കല്പനകളെ ഓൎത്തു ആചരിക്കുന്നവൎക്കും തന്നേ.

൧൯ യഹോവ തന്റെ സിംഹാസനത്തെ സ്വൎഗ്ഗത്തിൽ സ്ഥാപിച്ചിരിക്കുന്നു; അവന്റെ രാജത്വം സകലത്തെയും ഭരിക്കുന്നു.

൨൦ അവന്റെ വചനത്തിന്റെ ശബ്ദം കേട്ടു അവന്റെ ആജ്ഞ അനുസരിക്കുന്ന വീരന്മാരായി അവന്റെ ദൂതന്മാരായുള്ളോരേ, യഹോവയെ വാഴ്ത്തുവിൻ.

൨൧ അവന്റെ ഇഷ്ടം ചെയ്യുന്ന ശുശ്രൂഷകരായി അവന്റെ സകല സൈന്യങ്ങളുമായുള്ളോരേ, യഹോവയെ വാഴ്ത്തുവിൻ;

൨൨ അവന്റെ ആധിപത്യത്തിലെ സകല സ്ഥലങ്ങളിലുമുള്ള അവന്റെ സകല പ്രവൃത്തികളുമേ, യഹോവയെ വാഴ്ത്തുവിൻ; എൻ മനമേ, യഹോവയെ വാഴ്ത്തുക.

# ഇരുപതാം തിയ്യതി

## വൈകുന്നേരത്തേ പ്രാൎത്ഥന

### ൱൪ാം സങ്കീൎത്തനം

എൻമനമേ, യഹോവയെ വാഴ്ത്തുക; എന്റെ ദൈവമായ യഹോവേ, നീ ഏററവും വലിയവൻ; മഹത്വവും തേജസ്സും നീ ധരിച്ചിരിക്കുന്നു.

൨ വസ്ത്രം ധരിക്കുമ്പോലെ നീ പ്രകാശത്തെ ധരിക്കുന്നു; തിരശ്ശീല പോലെ നീ ആകാശത്തെ വിരിക്കുന്നു.

൩ അവൻ തന്റെ മാളികകളുടെ തുലാങ്ങളെ വെള്ളത്തിന്മേൽ നിരത്തുന്നു; മേഘങ്ങളെ തന്റെ തേരാക്കി, കാററിൻ ചിറകിന്മേൽ സഞ്ചരിക്കുന്നു.

൪ അവൻ കാററുകളെ തന്റെ ദൂതന്മാരും അഗ്നിജ്വാലയെ തന്റെ ശുശ്രൂഷകന്മാരും ആക്കുന്നു.

൫ അവൻ ഭൂമിയെ അതൊരിക്കലും ഇളകിപ്പോകാതവണ്ണം അതിന്റെ അടിസ്ഥാനത്തിന്മേൽ സ്ഥാപിച്ചിരിക്കുന്നു.

൬ നീ അതിനെ വസ്ത്രംകൊണ്ടെന്നപോലെ ആഴികൊണ്ടു മൂടി; വെള്ളം പൎവ്വതങ്ങൾക്കു മീതെ നിന്നു.

൭ അവ നിന്റെ ശാസനയാൽ ഓടിപ്പോയി; നിന്റെ ഇടിമുഴക്കത്താൽ അവ ബദ്ധപ്പെട്ടു—

൮ മലകൾ പൊങ്ങി, താഴ്വരകൾ താണു—നീ അവെക്കു നിശ്ചയിച്ച സ്ഥലത്തേക്കു വാങ്ങിപ്പോയി.

൯ ഭൂമിയെ മൂടുവാൻ മടങ്ങിവരാതിരിക്കേണ്ടതിന്നു നീ അവെക്കു കടന്നുകൂടാത്ത ഒരു അതിർ ഇട്ടു.

൰ അവൻ ഉറവുകളെ താഴ്വരകളിലേക്കു ഒഴുക്കുന്നു; അവ മലകളുടെ ഇടയിൽകൂടി ഒലിക്കുന്നു.

൰൧ അവയിൽനിന്നു വയലിലെ സകല മൃഗങ്ങളും കുടിക്കുന്നു; കാട്ടുകഴുതകളും തങ്ങളുടെ ദാഹം തീൎക്കുന്നു.

൰൨ അവയുടെ തീരങ്ങളിൽ ആകാശത്തിലെ പറവകൾ വസിക്കയും കൊമ്പുകളുടെ ഇടയിൽ പാടുകയും ചെയ്യുന്നു.

൰൩ അവൻ തന്റെ മാളികകളിൽനിന്നു മലകളെ നനെക്കുന്നു; ഭൂമിക്കു നിന്റെ പ്രവൃത്തികളുടെ ഫലത്താൽ തൃപ്തിവരുന്നു.

൰൪ അവൻ മൃഗങ്ങൾക്കു പുല്ലും മനുഷ്യന്റെ ഉപയോഗത്തിന്നായി സസ്യവും മുളെപ്പിക്കുന്നു;

൰൫ അവൻ ഭൂമിയിൽനിന്നു ആഹാരവും മനുഷ്യന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുന്ന വീഞ്ഞും അവന്റെ മുഖത്തെ മിനുക്കുവാൻ എണ്ണയും മനുഷ്യന്റെ ഹൃദയത്തെ ബലപ്പെടുത്തുന്ന അപ്പവും ഉത്ഭവിപ്പിക്കുന്നു.

൧൬ യഹോവയുടെ വൃക്ഷങ്ങൾക്കു തൃപ്തിവരുന്നു; അവൻ നട്ടിട്ടുള്ള ലെബാനോനിലെ ദേവദാരുക്കൾക്കു തന്നേ.

൧൭ അവിടെ പക്ഷികൾ കൂടുണ്ടാക്കുന്നു; പെരുഞാറെക്കു സരളവൃക്ഷങ്ങൾ പാൎപ്പിടമാകുന്നു.

൧൮ ഉയൎന്ന മലകൾ കാട്ടാടുകൾക്കും പാറകൾ കുഴിമുയലുകൾക്കും സങ്കേതമാകുന്നു.

൧൯ അവൻ കാലനിൎണ്ണയത്തിന്നായി ചന്ദ്രനെ നിയമിച്ചു; സൂൎയ്യൻ തന്റെ അസ്തമാനത്തെ അറിയുന്നു.

൨൦ നീ ഇരുട്ടു വരുത്തുന്നു; രാത്രി ഉണ്ടാകുന്നു; അപ്പോൾ കാട്ടുമൃഗങ്ങളൊക്കെയും സഞ്ചാരം തുടങ്ങുന്നു.

൨൧ ബാലസിംഹങ്ങൾ ഇരെക്കായി അലറുന്നു; അവ ദൈവത്തോടു തങ്ങളുടെ ആഹാരം ചോദിക്കുന്നു.

൨൨ സൂൎയ്യൻ ഉദിക്കുമ്പോൾ അവ മടങ്ങുന്നു; തങ്ങളുടെ ഗുഹകളിൽ ചെന്നു കിടക്കുന്നു.

൨൩ മനുഷ്യൻ തന്റെ പണിക്കു പുറപ്പെടുന്നു; സന്ധ്യവരെയുള്ള തന്റെ വേലെക്കായി തന്നേ.

൨൪ യഹോവേ, നിന്റെ പ്രവൃത്തികൾ എത്ര പെരുകിയിരിക്കുന്നു! ജ്ഞാനത്തോടെ നീ അവയെ ഒക്കെയും ഉണ്ടാക്കിയിരിക്കുന്നു; ഭൂമി നിന്റെ സൃഷ്ടികളാൽ നിറെഞ്ഞിരിക്കുന്നു.

൨൫ വലിപ്പവും വിസ്താരവും ഉള്ള സമുദ്രം അതാ കിടക്കുന്നു! അതിൽ സഞ്ചരിക്കുന്ന ചെറിയതും വലിയതുമായ അസംഖ്യജന്തുക്കൾ ഉണ്ടു.

൨൬ അതിൽ കപ്പലുകൾ ഓടുന്നു; അതിൽ കളിപ്പാൻ നീ ഉണ്ടാക്കിയ ലിവ്യാഥാൻ ഉണ്ടു.

൨൭ തക്കസമയത്തു തീൻ കിട്ടേണ്ടതിന്നു ഇവ ഒക്കെയും നിന്നെ കാത്തിരിക്കുന്നു.

൨൮ നീ കൊടുക്കുന്നതിനെ അവ പെറുക്കുന്നു; തൃക്കൈ തുറക്കുമ്പോൾ അവെക്കു നന്മകൊണ്ടു തൃപ്തിവരുന്നു.

൨൯ തിരുമുഖത്തെ മറെക്കുമ്പോൾ അവ ഭ്രമിച്ചുപോകുന്നു; നീ അവയുടെ ശ്വാസം എടുക്കുമ്പോൾ അവ ചത്തു പൊടിയിലേക്കു തിരികെ ചേരുന്നു.

൩൦ നീ നിന്റെ ശ്വാസം അയക്കുമ്പോൾ അവ സൃഷ്ടിക്കപ്പെടുന്നു; നീ ഭൂമിയുടെ മുഖത്തെ പുതുക്കുന്നു

൩൧ യഹോവയുടെ മഹത്വം എന്നേക്കും നില്ക്കുമാറാകട്ടെ; യഹോവ തന്റെ പ്രവൃത്തികളിൽ സന്തോഷിക്കട്ടെ.

൩൨ അവൻ ഭൂമിയെ നോക്കുന്നു; അതു വിറെക്കുന്നു; അവൻ മലകളെ തൊടുന്നു; അവ പുകയുന്നു.

൩൩ എന്റെ ആയുസ്സുകാലത്തൊക്കെയും ഞാൻ യഹോവെക്കു പാടും; ഞാൻ ഉള്ളേടത്തോളം എന്റെ ദൈവത്തിന്നു കീൎത്തനം പാടും.

൩൪ എന്റെ ധ്യാനം അവന്നു പ്രസാദകരമായിരിക്കട്ടെ; ഞാൻ യഹോവയിൽ സന്തോഷിക്കും.

൩൫ പാപികൾ ഭൂമിയിൽനിന്നു മുടിഞ്ഞുപോകട്ടെ; ദുഷ്ടന്മാർ ഇല്ലാതെയാകട്ടെ; എൻ മനമേ, യഹോവയെ വാഴ്ത്തുക; യഹോവയെ സ്തുതിപ്പിൻ.

## ഇരുപത്തൊന്നാം തിയ്യതി
## കാലത്തെ പ്രാൎത്ഥന

### ൧൦൫ാം സങ്കീൎത്തനം

യഹോവെക്കു സ്തോത്രം ചെയ്വിൻ; തൻ നാമത്തെ വിളിച്ചപേക്ഷിപ്പിൻ; അവന്റെ പ്രവൃത്തികളെ ജാതികളുടെ ഇടയിൽ അറിയിപ്പിൻ.

൨ അവന്നു പാടുവിൻ; അവന്നു കീൎത്തനം പാടുവിൻ; അവന്റെ സകല അത്ഭുതങ്ങളെയും കുറിച്ചു സംസാരിപ്പിൻ.

൩ അവന്റെ വിശുദ്ധനാമത്തിൽ പ്രശംസിപ്പിൻ; യഹോവയെ അന്വേഷിക്കുന്നവരുടെ ഹൃദയം സന്തോഷിക്കട്ടെ.

൪ യഹോവയെയും അവന്റെ ബലത്തെയും തിരവിൻ; അവന്റെ മുഖത്തെ ഇടവിടാതെ അന്വേഷിപ്പിൻ.

൫ അവന്റെ ദാസനായ അബ്രാഹാമിന്റെ സന്തതിയും അവൻ തിരഞ്ഞെടുത്ത യാക്കോബിൻ മക്കളുമായുള്ളോരേ,

൬ അവൻ ചെയ്ത അത്ഭുതങ്ങളും അവന്റെ അടയാളങ്ങളും അവന്റെ വായുടെ ന്യായവിധികളും ഓൎത്തുകൊൾവിൻ.

൭ അവൻ നമ്മുടെ ദൈവമായ യഹോവയാകുന്നു; അവന്റെ ന്യായവിധികൾ സൎവ്വഭൂമിയിലും ഉണ്ടു.

൮ അവൻ തന്റെ നിയമത്തെ എന്നേക്കും താൻ കല്പിച്ച വചനത്തെ ആയിരം തലമുറയോളവും ഓൎക്കുന്നു.

൯ അവൻ അബ്രാഹാമിനോടു ചെയ്ത നിയമവും യിസ്സാക്കിനോടു ചെയ്ത സത്യവും തന്നേ.

൧൦ അതിനെ അവൻ യാക്കോബിന്നു ഒരു ചട്ടമായും യിസ്രായേലിന്നു ഒരു നിത്യനിയമമായും നിയമിച്ചു.

൧൧ നിന്റെ അവകാശത്തിന്റെ ഓഹരിയായി ഞാൻ നിനക്കു കനാൻദേശം തരും എന്നരുളിച്ചെയ്തു.

൧൨ അവർ അന്നു എണ്ണത്തിൽ കുറഞ്ഞവരും ആൾ ചുരുങ്ങിയവരും അവിടെ പരദേശികളും ആയിരുന്നു.

൧൩ അവർ ഒരു ജാതിയെ വിട്ടു മറെറാരു ജാതിയുടെ അടുക്കലേ
ക്കും ഒരു രാജ്യത്തെ വിട്ടു മറെറാരു ജനത്തിൻെറ അടുക്കലേക്കും പോകും.

൧൪ അവരെ പീഡിപ്പിപ്പാൻ അവൻ ആരെയും സമ്മതിച്ചില്ല;
അവരുടെ നിമിത്തം അവൻ രാജാക്കന്മാരെ ശാസിച്ചു:

൧൫ എൻെറ അഭിഷിക്തന്മാരെ തൊടരുതു, എൻെറ പ്രവാചകന്മാ
ൎക്കു ഒരു ദോഷവും ചെയ്യരുതു എന്നു പറഞ്ഞു.

൧൬ അവൻ ദേശത്തു ഒരു ക്ഷാമം വരുത്തി; അപ്പമെന്ന കോലി
നെ അശേഷം ഒടിച്ചുകളഞ്ഞു.

൧൭ അവൎക്കു മുമ്പായി അവൻ ഒരാളെ അയച്ചു; യോസേഫിനെ
അവർ ദാസനായി വിററുവല്ലോ.

൧൮ യഹോവയുടെ വചനം നിവൃത്തിയാകയും അവൻെറ അരുള
പ്പാടിനാൽ അവന്നു ശോധന വരികയും ചെയ്യുവോളം

൧൯ അവർ അവൻെറ കാലുകളെ വിലങ്ങുകൊണ്ടു ബന്ധിക്കയും
അവൻ ഇരിമ്പുചങ്ങലയിൽ കുടുങ്ങുകയും ചെയ്തു.

൨൦ രാജാവു ആളയച്ചു അവനെ വിടുവിച്ചു; ജാതികളുടെ അധി
പതി അവനെ സ്വതന്ത്രനാക്കി.

൨൧ അവൻെറ പ്രഭുക്കന്മാരെ ഇഷ്ടപ്രകാരം ബന്ധിച്ചുകൊൾവാ
നും അവൻെറ മന്ത്രിമാൎക്കു ജ്ഞാനം ഉപദേശിച്ചുകൊടുപ്പാനും

൨൨ തൻെറ ഭവനത്തിന്നു അവനെ കൎത്താവായും തൻെറ സൎവ്വസ
മ്പത്തിന്നും അധിപതിയായും നിയമിച്ചു.

൨൩ അപ്പോൾ യിസ്രായേൽ മിസ്രയീമിലേക്കു ചെന്നു; യാക്കോബ്
ഹാമിൻെറ ദേശത്തു വന്നു പാൎത്തു.

൨൪ ദൈവം തൻെറ ജനത്തെ ഏററവും വൎദ്ധിപ്പിക്കയും അവരു
ടെ വൈരികളെക്കാൾ അവരെ ബലവാന്മാരാക്കുകയും ചെയ്തു.

൨൫ തൻെറ ജനത്തെ പകെപ്പാനും തൻെറ ദാസന്മാരോടു ഉപാ
യം പ്രയോഗിപ്പാനും അവൻ അവരുടെ ഹൃദയത്തെ മറിച്ചുകളഞ്ഞു.

൨൬ അവൻ തൻെറ ദാസനായ മോശെയെയും താൻ തിരഞ്ഞെടു
ത്ത അഹരോനെയും അയച്ചു.

൨൭ ഇവർ അവരുടെ ഇടയിൽ അവൻെറ അടയാളങ്ങളും ഹാമി
ൻെറ ദേശത്തു അത്ഭുതങ്ങളും കാണിച്ചു.

൨൮ അവൻ ഇരുൾ അയച്ചു ദേശത്തെ ഇരുട്ടാക്കി; അവർ അവ
ൻെറ വചനത്തോടു മറുത്തതുമില്ല.

൨൯ അവൻ അവരുടെ വെള്ളത്തെ രക്തമാക്കി, അവരുടെ മത്സ്യ
ങ്ങളെ കൊന്നുകളഞ്ഞു.

൩൦ അവരുടെ ദേശത്തു തവള വ്യാപിച്ചു രാജാക്കന്മാരുടെ പള്ളി
യറകളിൽപോലും നിറഞ്ഞു.

൩൧ അവൻ കല്പിച്ചപ്പോൾ നായീച്ചയും അവരുടെ ദേശത്തെല്ലാം പേനും വന്നു;

൩൨ അവൻ അവൎക്കു മഴെക്കു പകരം കല്മഴയും അവരുടെ ദേശത്തിൽ അഗ്നിജ്വാലയും അയച്ചു.

൩൩ അവൻ അവരുടെ മുന്തിരിവള്ളികളും അത്തിവൃക്ഷങ്ങളും തകൎത്തു; അവരുടെ ദേശത്തിലെ വൃക്ഷങ്ങളും നശിപ്പിച്ചു.

൩൪ അവൻ കല്പിച്ചപ്പോൾ വെട്ടുക്കിളിയും തുള്ളനും അനവധിയായി വന്നു.

൩൫ അവരുടെ ദേശത്തിലെ സസ്യം ഒക്കെയും അവരുടെ വയലിലെ വിളവും തിന്നുകളഞ്ഞു.

൩൬ അവൻ അവരുടെ ദേശത്തിലെ എല്ലാ കടിഞ്ഞൂലിനെയും അവരുടെ സൎവ്വവീൎയ്യത്തിൻ ആദ്യഫലത്തെയും സംഹരിച്ചു.

൩൭ അവൻ അവരെ വെള്ളിയോടും പൊന്നിനോടുംകൂടെ പുറപ്പെടുവിച്ചു; അവരുടെ ഗോത്രങ്ങളിൽ ഒരു ബലഹീനനും ഉണ്ടായിരുന്നില്ല.

൩൮ അവർ പുറപ്പെട്ടപ്പോൾ മിസ്രയീം സന്തോഷിച്ചു; അവരെയുള്ള പേടി അവരുടെമേൽ വീണിരുന്നു.

൩൯ അവൻ തണലിന്നായി ഒരു മേഘം വിരിച്ചു; രാത്രിയിൽ വെളിച്ചത്തിന്നായി തീ നിറുത്തി.

൪൦ അവർ ചോദിച്ചപ്പോൾ അവൻ കാടകളെ കൊടുത്തു; സ്വൎഗ്ഗീയഭോജനംകൊണ്ടും അവൎക്കു തൃപ്തി വരുത്തി.

൪൧ അവൻ പാറയെ പിളൎന്നു, വെള്ളം ചാടി പുറപ്പെട്ടു; അതു ഉണങ്ങിയ നിലത്തുകൂടി നദിയായി ഒഴുകി.

൪൨ അവൻ തന്റെ വിശുദ്ധ വചനത്തെയും തന്റെ ദാസനായ അബ്രാഹാമിനെയും ഓൎത്തു.

൪൩ അവൻ തന്റെ ജനത്തെ സന്തോഷത്തോടും താൻ തിരഞ്ഞെടുത്തവരെ ഘോഷത്തോടുംകൂടെ പുറപ്പെടുവിച്ചു.

൪൪ അവർ തന്റെ ചട്ടങ്ങളെ പ്രമാണിക്കയും തന്റെ ന്യായപ്രമാണങ്ങളെ ആചരിക്കയും ചെയ്യേണ്ടതിന്നു

൪൫ അവൻ ജാതികളുടെ ദേശങ്ങളെ അവൎക്കു കൊടുത്തു; അവർ വംശങ്ങളുടെ അദ്ധ്വാനഫലം കൈവശമാക്കുകയും ചെയ്തു. യഹോവയെ സ്തുതിപ്പിൻ.

# ഇരുപത്തൊന്നാം തിയ്യതി

## വൈകുന്നേരത്തേ പ്രാൎത്ഥന

### ൧൦൬ാം സങ്കീൎത്തനം

യഹോവയെ സ്തുതിപ്പിൻ ; യഹോവെക്കു സ്തോത്രം ചെയ്യിൻ ; അവൻ ന ല്ലവനല്ലോ ; അവൻെറ ദയ എന്നേക്കും ഉള്ളതു.

൨ യഹോവയുടെ വീൎയ്യപ്രവൃത്തികളെ ആർ വൎണ്ണിക്കും ? അവൻെറ സ്തുതിയെ ഒക്കെയും ആർ വിവരിക്കും ?

൩ ന്യായത്തെ പ്രമാണിക്കുന്നവരും എല്ലായ്പോഴും നീതി പ്രവൎത്തി ക്കുന്നവനും ഭാഗ്യവാന്മാർ.

൪ യഹോവേ, നീ തിരഞ്ഞെടുത്തവരുടെ നന്മ ഞാൻ കാണേണ്ട തിന്നും നിൻെറ ജനത്തിൻെറ സന്തോഷത്തിൽ സന്തോഷിക്കേണ്ടതിന്നും നിൻെറ അവകാശത്തോടുകൂടെ പുകഴേണ്ടതിന്നും

൫ നിൻെറ ജനത്തോടുള്ള കടാക്ഷപ്രകാരം എന്നെ ഓൎത്തു, നി ൻെറ രക്ഷകൊണ്ടു എന്നെ സന്ദൎശിക്കേണമേ.

൬ ഞങ്ങൾ ഞങ്ങളുടെ പിതാക്കന്മാരെപ്പോലെ പാപംചെയ്തു ; ഞങ്ങൾ അകൃത്യവും ദുഷ്ടതയും പ്രവൎത്തിച്ചു.

൭ ഞങ്ങളുടെ പിതാക്കന്മാർ മിസ്രയിമിൽവെച്ചു നിൻെറ അത്ഭുതങ്ങ ളെ ഗ്രഹിക്കാതെയും നിൻെറ മഹാ ദയയെ ഓൎക്കാതെയും കടല്ക്കരയിൽ, ചെങ്കടല്ക്കരയിൽവെച്ചു തന്നേ മത്സരിച്ചു.

൮ എന്നിട്ടും അവൻ തൻെറ മഹാശക്തി വെളിപ്പെടുത്തേണ്ടതിന്നു തൻെറ നാമം നിമിത്തം അവരെ രക്ഷിച്ചു.

൯ അവൻ ചെങ്കടലിനെ ശാസിച്ചു, അതു ഉണങ്ങിപ്പോയി ; അവൻ അവരെ മരുഭൂമിയിൽകൂടി എന്നപോലെ ആഴിയിൽ കൂടി നടത്തി.

൧൦ അവൻ പകയൻെറ കയ്യിൽ നിന്നു അവരെ രക്ഷിച്ചു ; ശത്രു വിൻെറ കയ്യിൽനിന്നു അവരെ വീണ്ടെടുത്തു.

൧൧ വെള്ളം അവരുടെ വൈരികളെ മൂടിക്കളഞ്ഞു ; അവരിൽ ഒരു ത്തനും ശേഷിച്ചില്ല.

൧൨ അവർ അവൻെറ വചനങ്ങളെ വിശ്വസിച്ചു ; അവന്നു സ്തുതി പാടുകയും ചെയ്തു.

൧൩ എങ്കിലും അവർ വേഗത്തിൽ അവൻെറ പ്രവൃത്തികളെ മറ ന്നു ; അവൻെറ ആലോചനെക്കു കാത്തിരുന്നതുമില്ല.

൧൪ മരുഭൂമിയിൽവെച്ചു അവർ ഏററവും മോഹിച്ചു ; നിൎജ്ജനപ്ര ദേശത്തു അവർ ദൈവത്തെ പരീക്ഷിച്ചു.

൧൫ അവർ അപേക്ഷിച്ചതു അവൻ അവൎക്കു കൊടുത്തു ; എങ്കിലും അവരുടെ പ്രാണന്നു ക്ഷയം അയച്ചു.

൧൬ പാളയത്തിൽവെച്ചു അവർ മോശെയോടും യഹോവയുടെ വിശുദ്ധനായ അഹരോനോടും അസൂയപ്പെട്ടു.

൧൭ ഭൂമി പിളൎന്നു ദാഥാനെ വിഴുങ്ങി; അബീരാമിന്റെ കൂട്ടത്തെയും മൂടിക്കളഞ്ഞു.

൧൮ അവരുടെ കൂട്ടത്തിൽ തീ കത്തി; അഗ്നിജ്വാല ദുഷ്ടന്മാരെ ദഹിപ്പിച്ചുകളഞ്ഞു.

൧൯ അവർ ഹോരേബിൽവെച്ചു ഒരു കാളക്കുട്ടിയെ ഉണ്ടാക്കി; വാൎത്തുണ്ടാക്കിയ വിഗ്രഹത്തെ നമസ്കരിച്ചു.

൨൰ ഇങ്ങനെ അവർ തങ്ങളുടെ മഹത്വമായവനെ പുല്ലു തിന്നുന്ന കാളയോടു സദൃശനാക്കിത്തീൎത്തു.

൨൰൧ മിസ്രയീമിൽ വലിയ കാൎയ്യങ്ങളും ഹാമിന്റെ ദേശത്തു അത്ഭുതപ്രവൃത്തികളും

൨൰൨ ചെങ്കടലിങ്കൽ ഭയങ്കരകാൎയ്യങ്ങളും ചെയ്തവനായി തങ്ങളുടെ രക്ഷിതാവായ ദൈവത്തെ അവർ മറന്നുകളഞ്ഞു.

൨൰൩ ആകയാൽ അവരെ നശിപ്പിക്കുമെന്നു അവൻ അരുളിച്ചെയ്തു; അവന്റെ വൃതനായ മോശെ, കോപത്തെ ശമിപ്പിപ്പാൻ അവന്റെ സന്നിധിയിൽ പിളൎപ്പിൽ നിന്നില്ലെങ്കിൽ അവൻ അവരെ നശിപ്പിച്ചുകളയുമായിരുന്നു.

൨൰൪ അവർ മനോഹരദേശത്തെ നിരസിച്ചു; അവന്റെ വചനത്തെ വിശ്വസിച്ചതുമില്ല.

൨൰൫ അവർ തങ്ങളുടെ കൂടാരങ്ങളിൽവെച്ചു പിറുപിറുത്തു; യഹോവയുടെ വചനം കേൾക്കാതെയിരുന്നു.

൨൰൬ അതുകൊണ്ടു അവൻ: മരുഭൂമിയിൽ അവരെ വീഴിക്കുമെന്നും അവരുടെ സന്തതിയെ ജാതികളുടെ ഇടയിൽ നശിപ്പിക്കുമെന്നും

൨൰൭ അവരെ ദേശങ്ങളിൽ ചിതറിച്ചുകളയുമെന്നും അവൎക്കു വിരോധമായി തന്റെ കൈ ഉയൎത്തി സത്യം ചെയ്തു.

൨൰൮ അനന്തരം അവർ ബാൽപെയോരിനോടു ചേൎന്നു; പ്രേതങ്ങൾക്കുള്ള ബലികളെ തിന്നു.

൨൰൯ ഇങ്ങനെ അവർ തങ്ങളുടെ ക്രിയകളാൽ അവനെ കോപിപ്പിച്ചു; പെട്ടെന്നു ഒരു ബാധ അവൎക്കു തട്ടി.

൩൰ അപ്പോൾ ഫീനെഹാസ് എഴുന്നേററു ശിക്ഷ നടത്തി; ബാധ നിൎത്തലാകയും ചെയ്തു.

൩൰൧ അതു എന്നേക്കും തലമുറതലമുറയായി അവന്നു നീതിയായി എണ്ണിയിരിക്കുന്നു.

൩൰൨ മെരീബാവെള്ളത്തിങ്കലും അവർ അവനെ കോപിപ്പിച്ചു; അവരുടെ നിമിത്തം മോശെക്കും ദോഷം ഭവിച്ചു.

൩൩ അവർ അവന്റെ മനസ്സിനെ കോപിപ്പിച്ചതുകൊണ്ടു അവൻ അധരങ്ങളാൽ അവിവേകം സംസാരിച്ചുപോയി.

൩൪ യഹോവ തങ്ങളോടു നശിപ്പിപ്പാൻ കല്പിച്ചതുപോലെ അവർ ജാതികളെ നശിപ്പിച്ചില്ല.

൩൫ അവർ ജാതികളോടു ഇടകലൎന്നു അവരുടെ പ്രവൃത്തികളെ പഠിച്ചു.

൩൬ അവരുടെ വിഗ്രഹങ്ങളെയും സേവിച്ചു; അവ അവൎക്കൊരു കണിയായിത്തീൎന്നു.

൩൭ തങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും അവർ ഭൂതങ്ങൾക്കു ബലികഴിച്ചു.

൩൮ അവർ കുററമില്ലാത്ത രക്തം, പുത്രീപുത്രന്മാരുടെ രക്തം തന്നേ ചൊരിഞ്ഞു; അവരെ അവർ കനാന്യവിഗ്രഹങ്ങൾക്കു ബലികഴിച്ചു, ദേശം രക്തപാതകംകൊണ്ടു അശുദ്ധമായ്തീൎന്നു.

൩൯ ഇങ്ങനെ അവർ തങ്ങളുടെ ക്രിയകളാൽ മലിനപ്പെട്ടു, തങ്ങളുടെ കൎമ്മങ്ങളാൽ പരസംഗം ചെയ്തു.

൪൦ അതുകൊണ്ടു യഹോവയുടെ കോപം തന്റെ ജനത്തിന്റെ നേരെ ജ്വലിച്ചു; അവൻ തന്റെ അവകാശത്തെ വെറുത്തു.

൪൧ അവൻ അവരെ ജാതികളുടെ കയ്യിൽ ഏല്പിച്ചു; അവരെ പകെച്ചവർ അവരെ ഭരിച്ചു.

൪൨ അവരുടെ ശത്രുക്കൾ അവരെ ഞെരുക്കി; അവർ അവൎക്കു കീഴടങ്ങേണ്ടിവന്നു.

൪൩ പലപ്പോഴും അവൻ അവരെ വിടുവിച്ചു; എങ്കിലും അവർ തങ്ങളുടെ ആലോചനയാൽ അവനോടു മത്സരിച്ചു; തങ്ങളുടെ അകൃത്യം നിമിത്തം അധോഗതി പ്രാപിച്ചു.

൪൪ എന്നാൽ അവരുടെ നിലവിളി കേട്ടപ്പോൾ അവൻ അവരുടെ കഷ്ടതയെ കടാക്ഷിച്ചു.

൪൫ അവൻ അവൎക്കായി തന്റെ നിയമത്തെ ഓൎത്തു; തന്റെ മഹാദയപ്രകാരം അനുതപിച്ചു.

൪൬ അവരെ ബദ്ധരാക്കി കൊണ്ടുപോയവൎക്കെല്ലാം അവരോടു കനിവു തോന്നുമാറാക്കി.

൪൭ ഞങ്ങളുടെ ദൈവമായ യഹോവേ, ഞങ്ങളെ രക്ഷിക്കേണമേ; നിന്റെ വിശുദ്ധനാമത്തിന്നു സ്തോത്രം ചെയ്വാനും നിന്റെ സ്തുതിയിൽ പ്രശംസിപ്പാനും ജാതികളുടെ ഇടയിൽനിന്നു ഞങ്ങളെ ശേഖരിക്കേണമേ.

൪൮ യിസ്രായേലിന്റെ ദൈവമായ യഹോവ എന്നും എന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ; ജനമെല്ലാം ആമേൻ എന്നു പറയട്ടെ. യഹോവയെ സ്തുതിപ്പിൻ.

## ഇരുപത്തിരണ്ടാം തിയ്യതി

## കാലത്തെ പ്രാൎത്ഥന

### ൧൦൭ാം സങ്കീൎത്തനം

യഹോവെക്കു സ്തോത്രം ചെയ്വിൻ; അവൻ നല്ലവനല്ലോ; അവന്റെ ദയ എന്നേക്കുമുള്ളതു.

൨ യഹോവ വൈരിയുടെ കയ്യിൽനിന്നു വീണ്ടെടുക്കയും കിഴക്കും പടിഞ്ഞാറും വടക്കും കടലിലും ഉള്ള

൩ ദേശങ്ങളിൽനിന്നു കൂട്ടിച്ചേൎക്കയും ചെയ്തവരായ അവന്റെ വിമുക്തന്മാർ അങ്ങനെ പറയട്ടെ.

൪ അവർ മരുഭൂമിയിൽ ജനസഞ്ചാരമില്ലാത്ത വഴിയിൽ ഉഴന്നു നടന്നു; പാൎപ്പാൻ ഒരു പട്ടണവും അവർ കണ്ടെത്തിയില്ല.

൫ അവർ വിശന്നും ദാഹിച്ചും ഇരുന്നു; അവരുടെ പ്രാണൻ അവരുടെ ഉള്ളിൽ തളൎന്നു.

൬ അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോടു നിലവിളിച്ചു; അവൻ അവരെ അവരുടെ ഞെരുക്കങ്ങളിൽനിന്നു വിടുവിച്ചു.

൭ അവർ പാൎപ്പാനുള്ള പട്ടണത്തിൽ ചെല്ലേണ്ടതിന്നു അവൻ അവരെ ചൊവ്വെയുള്ള വഴിയിൽ നടത്തി.

൮ അവർ യഹോവയെ അവന്റെ നന്മയെച്ചൊല്ലിയും മനുഷ്യപുത്രന്മാരിൽ ചെയ്ത അത്ഭുതങ്ങളെച്ചൊല്ലിയും സ്തുതിക്കട്ടെ.

൯ അവൻ ആൎത്തിയുള്ളവന്നു തൃപ്തി വരുത്തുകയും വിശപ്പുള്ളവനെ നന്മകൊണ്ടു നിറെക്കുകയും ചെയ്യുന്നു.

൧൦ ദൈവത്തിന്റെ വചനങ്ങളോടു മത്സരിക്കയും അത്യുന്നതന്റെ ആലോചനയെ നിരസിക്കയും ചെയ്കിട്ടു ഇരുളിലും അന്ധതമസ്സിലും ഇരുന്നു

൧൧ അരിഷ്ടതയാലും ഇരിമ്പുചങ്ങലയാലും ബന്ധിക്കപ്പെട്ടവർ—

൧൨ അവരുടെ ഹൃദയത്തെ അവൻ കഷ്ടതകൊണ്ടു താഴ്ത്തി; അവർ ഇടറി വീണു; സഹായിപ്പാൻ ആരുമുണ്ടായിരുന്നില്ല.

൧൩ അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോടു നിലവിളിച്ചു; അവൻ അവരുടെ ഞെരുക്കങ്ങളിൽനിന്നു അവരെ രക്ഷിച്ചു.

൧൪ അവൻ അവരെ ഇരുട്ടിൽനിന്നും അന്ധതമസ്സിൽനിന്നും പുറപ്പെടുവിച്ചു; അവരുടെ ബന്ധനങ്ങളെ അറുത്തുകളഞ്ഞു.

൧൫ അവർ യഹോവയെ, അവന്റെ നന്മയെച്ചൊല്ലിയും മനുഷ്യപുത്രന്മാരിൽ ചെയ്ത അത്ഭുതങ്ങളെച്ചൊല്ലിയും സ്തുതിക്കട്ടെ.

൧൬ അവൻ താമ്രക്കതകുകളെ തകൎത്തു, ഇരിമ്പോടാമ്പലുകളെ മുറിച്ചുകളഞ്ഞിരിക്കുന്നു.

൧൭ ഭോഷന്മാർ തങ്ങളുടെ ലംഘനങ്ങൾ ഹേതുവായും തങ്ങളുടെ അകൃത്യങ്ങൾ നിമിത്തവും കഷ്ടപ്പെട്ടു.

൧൮ അവൎക്കു സകലവിധ ഭക്ഷണത്തോടും വെറുപ്പു തോന്നി; അവർ മരണവാതില്ക്കളോടു സമീപിച്ചിരുന്നു.

൧൯ അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോടു നിലവിളിച്ചു; അവൻ അവരെ അവരുടെ ഞെരുക്കങ്ങളിൽനിന്നു രക്ഷിച്ചു.

൨൦ അവൻ തന്റെ വചനത്തെ അയച്ചു അവരെ സൌഖ്യമാക്കി; അവരുടെ കുഴികളിൽനിന്നു അവരെ വിടുവിച്ചു.

൨൧ അവർ യഹോവയെ അവന്റെ നന്മയെച്ചൊല്ലിയും മനുഷ്യപുത്രന്മാരിൽ ചെയ്യു അത്ഭുതങ്ങളെച്ചൊല്ലിയും സ്തുതിക്കട്ടെ.

൨൨ അവർ സ്തോത്രയാഗങ്ങളെ കഴിക്കയും സംഗീതത്തോടുകൂടെ അവന്റെ പ്രവൃത്തികളെ വൎണ്ണിക്കയും ചെയ്യട്ടെ.

൨൩ കപ്പൽ കയറി സമുദ്രത്തിൽ ഓടിയവർ, പെരുവെള്ളങ്ങളിൽ വ്യാപാരം ചെയ്യുവർ,

൨൪ അവർ യഹോവയുടെ പ്രവൃത്തികളെയും ആഴിയിൽ അവന്റെ അത്ഭുതങ്ങളെയും കണ്ടു.

൨൫ അവൻ കല്പിച്ചു കൊടുങ്കാററു അടിപ്പിച്ചു, അതു അതിലെ തിരകളെ പൊങ്ങുമാറാക്കി.

൨൬ അവർ ആകാശത്തിലേക്കു ഉയൎന്നു, വീണ്ടും ആഴത്തിലേക്കു താണു, അവരുടെ പ്രാണൻ കഷ്ടത്താൽ ഉരുകിപ്പോയി.

൨൭ അവർ മത്തനെപ്പോലെ തുള്ളി ചാഞ്ചാടി നടന്നു; അവരുടെ ബുദ്ധി പൊയ്പ്പോയിരുന്നു.

൨൮ അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോടു നിലവിളിച്ചു; അവൻ അവരെ അവരുടെ ഞെരുക്കങ്ങളിൽനിന്നു വിടുവിച്ചു.

൨൯ അവൻ കൊടുങ്കാററിനെ ശാന്തമാക്കി; തിരമാലകൾ അടങ്ങി.

൩൦ ശാന്തത വന്നതുകൊണ്ടു അവർ സന്തോഷിച്ചു; അവർ ആഗ്രഹിച്ച തുറമുഖത്തു അവൻ അവരെ എത്തിച്ചു.

൩൧ അവർ യഹോവയെ അവന്റെ നന്മയെച്ചൊല്ലിയും മനുഷ്യപുത്രന്മാരിൽ ചെയ്യു അത്ഭുതങ്ങളെച്ചൊല്ലിയും സ്തുതിക്കട്ടെ.

൩൨ അവർ ജനത്തിന്റെ സഭയിൽ അവനെ പുകഴ്ത്തുകയും മൂപ്പന്മാരുടെ സംഘത്തിൽ അവനെ സ്തുതിക്കയും ചെയ്യട്ടെ.

൩൩ നിവാസികളുടെ ദുഷ്ടത നിമിത്തം അവൻ നദികളെ മരുഭൂമിയും

൩൪ നീരുറവുകളെ വരണ്ട നിലവും ഫലപ്രദമായ ഭൂമിയെ ഉവൎന്നിലവും ആക്കി.

൩൫ അവൻ മരുഭൂമിയെ ജലതടാകവും വരണ്ട നിലത്തെ നീരുറവുകളും ആക്കി.

൩൬ വിശന്നവരെ അവൻ അവിടെ പാൎപ്പിച്ചു; അവർ പാൎപ്പാൻ പട്ടണം ഉണ്ടാക്കുകയും

൩൭ നിലം വിതെക്കയും മുന്തിരിത്തോട്ടം നട്ടുണ്ടാക്കുകയും സമൃദ്ധിയായി ഫലങ്ങളെ അനുഭവിക്കയും ചെയ്തു.

൩൮ അവൻ അനുഗ്രഹിച്ചിട്ടു അവർ അത്യന്തം പെരുകി; അവരുടെ കന്നുകാലികൾ കുറഞ്ഞുപോകുവാൻ അവൻ ഇടവരുത്തിയില്ല.

൩൯ പീഡനവും കഷ്ടതയും സങ്കടവും ഹേതുവായി അവർ പിന്നെയും കുറഞ്ഞു താണുപോയി.

൪൦ അവൻ പ്രഭുക്കന്മാരുടെമേൽ നിന്ദ പകരുകയും വഴിയില്ലാത്ത ശൂന്യപ്രദേശത്തു അവരെ ഉഴലുമാറാക്കുകയും ചെയ്യുന്നു.

൪൧ അവൻ ദരിദ്രനെ പീഡയിൽനിന്നുയൎത്തി അവന്റെ കുലങ്ങളെ ആട്ടിൻകൂട്ടംപോലെയാക്കി.

൪൨ നേരുള്ളവർ ഇതു കണ്ടു സന്തോഷിക്കും; നീതികെട്ടവർ ഒക്കെയും വായ്പൊത്തും.

൪൩ ജ്ഞാനമുള്ളവൻ ഇവയെ ശ്രദ്ധിക്കും; അവർ യഹോവയുടെ കൃപകളെ ചിന്തിക്കും.

## ഇരുപത്തിരണ്ടാം തിയ്യതി

## വൈകുന്നേരത്തെ പ്രാൎത്ഥന

### ൧൦൮ാം സങ്കീൎത്തനം

ദൈവമേ, എന്റെ മനസ്സു ഉറെച്ചിരിക്കുന്നു; ഞാൻ പാടും; എന്റെ മാനംകൊണ്ടു ഞാൻ കീൎത്തനം പാടും.

൨ വീണയും കിന്നരവുമായുള്ളോവേ, ഉണരുവിൻ; ഞാൻ അതികാലത്തെ ഉണരും.

൩ യഹോവേ, വംശങ്ങളുടെ ഇടയിൽ ഞാൻ നിനക്കു സ്തോത്രം ചെയ്യും; ജാതികളുടെ മദ്ധ്യേ ഞാൻ നിനക്കു കീൎത്തനം പാടും.

൪ നിന്റെ ദയ ആകാശത്തിന്നു മീതെ വലുതാകുന്നു; നിന്റെ വിശ്വസ്തത മേഘങ്ങളോളം എത്തുന്നു.

൫ ദൈവമേ, നീ ആകാശത്തിന്നു മീതെ ഉയൎന്നിരിക്കേണമേ; നിന്റെ മഹത്വം സൎവ്വഭൂമിക്കും മീതെ തന്നേ.

൬ നിനക്കു പ്രിയമുള്ളവർ വിടുവിക്കപ്പെടേണ്ടതിന്നു നിന്റെ വലങ്കൈകൊണ്ടു രക്ഷിച്ചു ഞങ്ങൾക്കുത്തരമരുളേണമേ.

൭ ദൈവം തന്റെ വിശുദ്ധിയിൽ അരുളിച്ചെയ്തുകൊണ്ടു ഞാൻ ആനന്ദിക്കും; ഞാൻ ശെഖേമിനെ വിഭാഗിച്ചു സുക്കോത്ത് താഴ്വരയെ അളക്കും.

൮ ഗിലെയാദ് എനിക്കുള്ളതു; മനശ്ശെയും എനിക്കുള്ളതു; എഫ്രയീം എന്റെ തലക്കോരികയും യെഹൂദാ എന്റെ ചെങ്കോലും ആകുന്നു.

൯ മോവാബ് എനിക്കു കഴുകുവാനുള്ള വട്ടക; ഏദോമിന്മേൽ ഞാൻ എന്റെ ചെരിപ്പു എറിയും; ഫെലിസ്ത്യദേശത്തിന്മേൽ ഞാൻ ജയഘോഷം കൊള്ളും.

൧൦ ഉറപ്പുള്ള നഗരത്തിലേക്കു എന്നെ ആർ കൊണ്ടുപോകും? ഏദോമിലേക്കു എന്നെ ആർ വഴി നടത്തും?

൧൧ ദൈവമേ, നീ ഞങ്ങളെ തള്ളിക്കളഞ്ഞില്ലയോ? ദൈവമേ, നീ ഞങ്ങളുടെ സൈന്യങ്ങളോടുകൂടെ പുറപ്പെടുന്നതുമില്ല.

൧൨ വൈരിയുടെ നേരെ ഞങ്ങൾക്കു സഹായം ചെയ്യേണമേ; മനുഷ്യന്റെ സഹായം വ്യൎത്ഥമല്ലോ.

൧൩ ദൈവത്താൽ നാം വീൎയ്യം പ്രവൎത്തിക്കും; അവൻ തന്നേ നമ്മുടെ വൈരികളെ മെതിച്ചുകളയും.

## ൧൦൯ാം സങ്കീൎത്തനം

൧ എന്റെ പുകഴ്ചയായ ദൈവമേ, മൌനമായിരിക്കരുതേ.

൨ ദുഷ്ടന്റെ വായും വഞ്ചകന്റെ വായും എന്റെ നേരെ തുറന്നിരിക്കുന്നു; ഭോഷ്കുള്ള നാവുകൊണ്ടു അവർ എന്നോടു സംസാരിച്ചിരിക്കുന്നു.

൩ അവർ ദ്വേഷവാക്കുകൾകൊണ്ടു എന്നെ വളഞ്ഞു കാരണംകൂടാതെ എന്നോടു പൊരുതിരിക്കുന്നു.

൪ എന്റെ സ്നേഹത്തിന്നു പകരം അവർ വൈരം കാണിക്കുന്നു; ഞാനോ പ്രാൎത്ഥന ചെയ്തുകൊണ്ടിരിക്കുന്നു.

൫ നന്മെക്കു പകരം തിന്മയും സ്നേഹത്തിന്നു പകരം ദ്വേഷവും അവർ എന്നോടു കാണിച്ചിരിക്കുന്നു.

൬ നീ അവന്റെമേൽ ഒരു ദുഷ്ടനെ നിയമിക്കേണമേ; എതിരാളി അവന്റെ വലത്തുഭാഗത്തു നില്ക്കട്ടെ.

൭ അവനെ വിസ്തരിക്കുമ്പോൾ അവൻ കുററക്കാരനെന്നു തെളിയട്ടെ; അവന്റെ പ്രാൎത്ഥന പാപമായി തീരട്ടെ.

൮ അവന്റെ നാളുകൾ ചുരുങ്ങിപ്പോകട്ടെ; അവന്റെ സ്ഥാനം മറെറാരുത്തൻ ഏല്ക്കട്ടെ.

൯ അവന്റെ മക്കൾ അനാഥന്മാരും അവന്റെ ഭാൎയ്യ വിധവയും ആയിത്തീരട്ടെ.

൧൦ അവന്റെ മക്കൾ അലഞ്ഞു തെണ്ടി നടക്കട്ടെ; തങ്ങളുടെ ശൂന്യഭവനങ്ങളെ വിട്ടു ഇരന്നു നടക്കട്ടെ.

൧൧ കടക്കാരൻ അവന്നുള്ളതൊക്കെയും കൊണ്ടുപോകട്ടെ; അന്യജാതിക്കാർ അവന്റെ പ്രയത്നഫലം കൊള്ളയിടട്ടെ.

൧൨ അവന്നു ദയ കാണിപ്പാൻ ആരും ഉണ്ടാകരുതേ; അവന്റെ അനാഥന്മാരോടു ആൎക്കും കൃപ തോന്നരുതേ.

൧൩ അവന്റെ സന്തതി മുടിഞ്ഞുപോകട്ടെ; അടുത്ത തലമുറയിൽ തന്നേ അവരുടെ പേർ മാഞ്ഞുപോകട്ടെ.

൧൪ അവന്റെ പിതാക്കന്മാരുടെ അകൃത്യം യഹോവ ഓൎക്കുമാറാകട്ടെ; അവന്റെ അമ്മയുടെ പാപം മാഞ്ഞുപോകയുമരുതേ.

൧൫ അവ എല്ലായ്പോഴും യഹോവയുടെ മുമ്പാകെ ഇരിക്കട്ടെ; അവരുടെ ഓൎമ്മ അവൻ ഭൂമിയിൽനിന്നു ഛേദിച്ചുകളയേണ്ടതിന്നു തന്നേ.

൧൬ അവൻ ദയ കാണിപ്പാൻ മറന്നുകളഞ്ഞുവല്ലോ; എളിയവനെയും ദരിദ്രനെയും മനംതകൎന്നവനെയും മരണപൎയ്യന്തം ഉപദ്രവിച്ചു.

൧൭ ശാപം അവന്നു പ്രിയമായിരുന്നു; അതു അവന്നു ഭവിച്ചു; അനുഗ്രഹം അവന്നു അപ്രിയമായിരുന്നു; അതു അവനെ വിട്ടകന്നുപോയി.

൧൮ അവൻ വസ്ത്രംപോലെ ശാപം ധരിച്ചു; അതു വെള്ളംപോലെ അവന്റെ ഉള്ളിലും എണ്ണപോലെ അവന്റെ അസ്ഥികളിലും ചെന്നു.

൧൯ അതു അവന്നു പുതെക്കുന്ന വസ്ത്രംപോലെയും നിത്യം അരെക്കു കെട്ടുന്ന കച്ചപോലെയും ഇരിക്കട്ടെ.

൨൦ ഇതു എന്റെ എതിരാളികൾക്കും എനിക്കു വിരോധമായി ദോഷം പറയുന്നവൎക്കും യഹോവ കൊടുക്കുന്ന പ്രതിഫലം ആകുന്നു.

൨൧ നീയോ, കൎത്താവായ യഹോവേ, നിന്റെ നാമത്തിന്നടുത്തവണ്ണം എന്നോടു ചെയ്യേണമേ; നിന്റെ ദയ നല്ലതാകകൊണ്ടു എന്നെ വിടുവിക്കേണമേ.

൨൨ ഞാൻ അരിഷ്ടനും ദരിദ്രനും ആകുന്നു; എന്റെ ഹൃദയം എന്റെ ഉള്ളിൽ മുറിഞ്ഞിരിക്കുന്നു.

൨൩ ചാഞ്ഞുപോകുന്ന നിഴൽപോലെ ഞാൻ കടന്നുപോകുന്നു; ഒരു വെട്ടുക്കിളിയെപ്പോലെ എന്നെ ചാടിക്കുന്നു.

൨൪ എന്റെ മുഴങ്കാലുകൾ ഉപവാസംകൊണ്ടു വിറെക്കുന്നു; എന്റെ ദേഹം പുഷ്ടിവിട്ടു ക്ഷയിച്ചിരിക്കുന്നു.

൨൫ ഞാൻ അവൎക്കു ഒരു നിന്ദയായ്തീൎന്നിരിക്കുന്നു; എന്നെ കാണുമ്പോൾ അവർ തല കുലുക്കുന്നു.

൨൬ എന്റെ ദൈവമായ യഹോവേ, എന്നെ സഹായിക്കേണമേ; നിന്റെ ദയെക്കു തക്കവണ്ണം എന്നെ രക്ഷിക്കേണമേ.

൨൭ യഹോവേ, ഇതു നിന്റെ കൈ എന്നും നീ ഇതു ചെയ്തു എ
ന്നും അവർ അറിയേണ്ടതിന്നു തന്നേ.
൨൮ അവർ ശപിക്കട്ടെ; നീയോ, അനുഗ്രഹിക്കേണമേ; അവർ
എതിൎക്കുമ്പോൾ ലജ്ജിച്ചുപോകട്ടെ; അടിയനോ സന്തോഷിക്കും;
൨൯ എന്റെ എതിരാളികൾ നിന്ദ ധരിക്കും; പുതെപ്പു പുതെക്കും
പോലെ അവർ ലജ്ജ പുതെക്കും.
൩൦ ഞാൻ എന്റെ വായ്കൊണ്ടു യഹോവയെ അത്യന്തം സ്തുതി
ക്കും; അതേ, ഞാൻ പുരുഷാരത്തിന്റെ നടുവിൽ അവനെ പുകഴ്ത്തും.
൩൧ അവൻ എളിയവനെ ശിക്ഷെക്കു വിധിക്കുന്നവരുടെ കയ്യിൽ
നിന്നു രക്ഷിപ്പാൻ അവന്റെ വലത്തുഭാഗത്തു നില്ക്കുന്നു.

## ഇരുപത്തിമൂന്നാം തിയ്യതി

### കാലത്തെ പ്രാൎത്ഥന

### ൧൧൦ാം സങ്കീൎത്തനം

യഹോവ എന്റെ കൎത്താവിനോടു അരുളിച്ചെയ്യുന്നതു: ഞാൻ നിന്റെ
ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്തി
രിക്ക.
൨ നിന്റെ ബലമുള്ള ചെങ്കോൽ യഹോവ സീയോനിൽനിന്നു നീ
ട്ടും; നീ നിന്റെ ശത്രുക്കളുടെ മദ്ധ്യേ വാഴുക.
൩ നിന്റെ സേനാദിവസത്തിൽ നിന്റെ ജനം നിനക്കു സ്വമേ
ധാദാനമായിരിക്കുന്നു; വിശുദ്ധവസ്ത്രാലങ്കാരത്തോടുകൂടെ ഉഷസ്സിന്റെ ഉ
ദരത്തിൽനിന്നു യുവാക്കളായ മഞ്ഞു നിനക്കു വരുന്നു.
൪ നീ മല്ക്കീസേദെക്കിന്റെ വിധത്തിൽ എന്നേക്കും ഒരു പുരോഹി
തൻ എന്നു യഹോവ സത്യം ചെയ്തു, അനുതപിക്കയുമില്ല.
൫ നിന്റെ വലത്തുഭാഗത്തിരിക്കുന്ന കൎത്താവു തന്റെ ക്രോധദിവ
സത്തിൽ രാജാക്കന്മാരെ തകൎത്തുകളയും.
൬ അവൻ ജാതികളുടെ ഇടയിൽ ന്യായംവിധിക്കും; അവൻ എ
ല്ലാടവും ശവങ്ങൾകൊണ്ടു നിറെക്കും; അവൻ വിസ്താരമായ ദേശത്തി
ന്റെ തലവനെ തകൎത്തുകളയും.
൭ അവൻ വഴിയരികെയുള്ള തോട്ടിൽനിന്നു കുടിക്കും; അതുകൊ
ണ്ടു അവൻ തല ഉയൎത്തും.

### ൧൧൧ാം സങ്കീൎത്തനം

യഹോവയെ സ്തുതിപ്പിൻ. ഞാൻ നേരുള്ളവരുടെ സംഘത്തിലും സഭയി
ലും പൂൎണ്ണഹൃദയത്തോടെ യഹോവെക്കു സ്തോത്രം ചെയ്യും.

൨ യഹോവയുടെ പ്രവൃത്തികൾ വലിയവയും അവയിൽ ഇഷ്ടമുള്ളവരൊക്കെയും ശോധന ചെയ്യേണ്ടിയവയും ആകുന്നു.

൩ അവന്റെ പ്രവൃത്തി മഹത്വവും തേജസ്സും ഉള്ളതു; അവന്റെ നീതി എന്നേക്കും നിലനില്ക്കുന്നു.

൪ അവൻ തന്റെ അത്ഭുതങ്ങൾക്കു ഒരു ജ്ഞാപകം ഉണ്ടാക്കിയിരിക്കുന്നു; യഹോവ കൃപയും കരുണയും ഉള്ളവൻ തന്നേ.

൫ തന്റെ ഭക്തന്മാൎക്കു അവൻ ആഹാരം കൊടുക്കുന്നു; അവൻ തന്റെ നിയമത്തെ എന്നേക്കും ഓൎക്കുന്നു.

൬ ജാതികളുടെ അവകാശം അവൻ സ്വജനത്തിന്നു കൊടുത്തതിൽ തന്റെ പ്രവൃത്തികളുടെ ശക്തി അവൎക്കു പ്രസിദ്ധമാക്കിയിരിക്കുന്നു.

൭ അവന്റെ കൈകളുടെ പ്രവൃത്തികൾ സത്യവും ന്യായവും ആകുന്നു; അവന്റെ പ്രമാണങ്ങൾ എല്ലാം വിശ്വാസ്യം തന്നേ.

൮ അവ എന്നെന്നേക്കും സ്ഥിരമായിരിക്കുന്നു; അവ വിശ്വസ്തതയോടും നേരോടുംകൂടെ അനുഷ്ഠിക്കപ്പെടുന്നു.

൯ അവൻ തന്റെ ജനത്തിന്നു വീണ്ടെടുപ്പു അയച്ചു, തന്റെ നിയമത്തെ എന്നേക്കുമായി കല്പിച്ചിരിക്കുന്നു; അവന്റെ നാമം വിശുദ്ധവും ഭയങ്കരവും ആകുന്നു.

൧൦ യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു; അവയെ ആചരിക്കുന്ന എല്ലാവൎക്കും നല്ല ബുദ്ധി ഉണ്ടു; അവന്റെ സ്തുതി എന്നേക്കും നിലനില്ക്കുന്നു.

## ൧൧൨ാം സങ്കീൎത്തനം

യഹോവയെ സ്തുതിപ്പിൻ; യഹോവയെ ഭയപ്പെട്ടു, അവന്റെ കല്പനകളിൽ ഏററവും ഇഷ്ടപ്പെടുന്ന മനുഷ്യൻ ഭാഗ്യവാൻ.

൨ അവന്റെ സന്തതി ഭൂമിയിൽ ബലപ്പെട്ടിരിക്കും; നേരുള്ളവരുടെ തലമുറ അനുഗ്രഹിക്കപ്പെടും.

൩ ഐശ്വൎയ്യവും സമ്പത്തും അവന്റെ വീട്ടിൽ ഉണ്ടാകും; അവന്റെ നീതി എന്നേക്കും നിലനില്ക്കുന്നു.

൪ നേരുള്ളവൎക്കു ഇരുട്ടിൽ വെളിച്ചം ഉദിക്കുന്നു; അവൻ കൃപയും കരുണയും നീതിയും ഉള്ളവനാകുന്നു.

൫ കൃപതോന്നി വായ്പകൊടുക്കുന്നവൻ ശുഭമായിരിക്കും; വ്യവഹാരത്തിൽ അവൻ തന്റെ കാൎയ്യം നേടും.

൬ അവൻ ഒരുനാളും കുലുങ്ങിപ്പോകയില്ല; നീതിമാൻ എന്നേക്കും ഓൎമ്മയിൽ ഇരിക്കും.

൭ ദുൎവ്വൎത്തമാനംനിമിത്തം അവൻ ഭയപ്പെടുകയില്ല; അവന്റെ ഹൃദയം യഹോവയിൽ ആശ്രയിച്ചുറെച്ചിരിക്കും.

൮ അവന്റെ ഹൃദയം ഭയപ്പെടാതെ സ്ഥിരമായിരിക്കുന്നു; അവൻ ശത്രുക്കളിൽ തന്റെ ആഗ്രഹം നിവൎത്തിച്ചുകാണും.

൯ അവൻ വാരി വിതറി ദരിദ്രന്മാൎക്കു കൊടുക്കുന്നു; അവന്റെ നീതി എന്നേക്കും നിലനില്ക്കുന്നു; അവന്റെ കൊമ്പു ബഹുമാനത്തോടെ ഉയൎന്നിരിക്കും.

൧൦ ദുഷ്ടൻ അതു കണ്ടു വ്യസനിക്കും; അവൻ പല്ലുകടിച്ചു ഉരുകിപ്പോകും; ദുഷ്ടന്റെ ആശ നശിച്ചുപോകും.

## ൧൧൩ാം സങ്കീൎത്തനം

യഹോവയെ സ്തുതിപ്പിൻ; യഹോവയുടെ ദാസന്മാരേ, സ്തുതിപ്പിൻ; യഹോവയുടെ നാമത്തെ സ്തുതിപ്പിൻ.

൨ യഹോവയുടെ നാമം വാഴ്ത്തപ്പെട്ടുമാറാകട്ടെ, ഇന്നുമുതൽ എന്നെന്നേക്കും തന്നേ.

൩ സൂൎയ്യന്റെ ഉദയംമുതൽ അസ്തമാനംവരെ യഹോവയുടെ നാമം സ്തുതിക്കപ്പെട്ടുമാറാകട്ടെ.

൪ യഹോവ സകല ജാതികൾക്കും മീതെയും അവന്റെ മഹത്വം ആകാശത്തിന്നു മീതെയും ഉയൎന്നിരിക്കുന്നു.

൫ ഉന്നതത്തിൽ അധിവസിക്കുന്നവനായി നമ്മുടെ ദൈവമായ യഹോവെക്കു സദൃശൻ ആരുള്ളു?

൬ ആകാശത്തിലും ഭൂമിയിലും ഉള്ളവ അവൻ കുനിഞ്ഞു നോക്കുന്നു.

൭ അവൻ എളിയവനെ പൊടിയിൽനിന്നു എഴുന്നേല്പിക്കയും ദരിദ്രനെ കുപ്പയിൽനിന്നു ഉയൎത്തുകയും ചെയ്യു

൮ പ്രഭുക്കന്മാരോടുകൂടെ, തന്റെ ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടെത്തന്നേ ഇരുത്തുന്നു.

൯ അവൻ വീട്ടിൽ മച്ചിയായവളെ മക്കളുടെ അമ്മയായി സന്തോഷത്തോടെ വസിക്കുമാറാക്കുന്നു. യഹോവയെ സ്തുതിപ്പിൻ.

# ഇരുപത്തിമൂന്നാം തിയ്യതി

## വൈകുന്നേരത്തെ പ്രാൎത്ഥന

## ൧൧൪ാം സങ്കീൎത്തനം

യിസ്രായേൽ മിസ്രയീമിൽനിന്നും യാക്കോബിൻഗൃഹം അന്യഭാഷയുള്ള ജാതിയുടെ ഇടയിൽനിന്നും പുറപ്പെട്ടപ്പോൾ

൨ യെഹൂദാ അവന്റെ വിശുദ്ധമന്ദിരവും യിസ്രായേൽ അവന്റെ ആധിപത്യവുമായിത്തീൎന്നു.

൩ സമുദ്രം കണ്ടു ഓടി; യോൎദ്ദാൻ പിൻവാങ്ങിപ്പോയി.

൪ പൎവ്വതങ്ങൾ മുട്ടാടുകളെപ്പോലെയും കുന്നുകൾ കുഞ്ഞാടുകളെപ്പോലെയും തുള്ളി.

൫ സമുദ്രമേ, നീ ഓടുന്നതെന്തു? യോൎദ്ദാനേ, നീ പിൻവാങ്ങുന്നതെന്തു?

൬ പൎവ്വതങ്ങളേ, നിങ്ങൾ മുട്ടാടുകളെപ്പോലെയും കുന്നുകളേ, നിങ്ങൾ കുഞ്ഞാടുകളെപ്പോലെയും തുള്ളുന്നതു എന്തു?

൭ ഭൂമിയേ, നീ കൎത്താവിന്റെ സന്നിധിയിൽ, യാക്കോബിൻ ദൈവത്തിന്റെ സന്നിധിയിൽ വിറെക്ക.

൮ അവൻ പാറയെ ജലതടാകവും തീക്കല്ലിനെ നീരുറവും ആക്കിയിരിക്കുന്നു.

## ൱൰൫ാം സങ്കീൎത്തനം

ഞങ്ങൾക്കല്ല യഹോവേ, ഞങ്ങൾക്കല്ല, നിന്റെ ദയയും വിശ്വസ്തതയും നിമിത്തം നിന്റെ നാമത്തിന്നു തന്നേ മഹത്വം വരുത്തേണമേ.

൨ അവരുടെ ദൈവം ഇപ്പോൾ എവിടെ എന്നു ജാതികൾ പറയുന്നതെന്തിന്നു?

൩ നമ്മുടെ ദൈവമോ സ്വൎഗ്ഗത്തിൽ ഉണ്ടു; തനിക്കു ഇഷ്ടമുള്ളതൊക്കെയും അവൻ ചെയ്യുന്നു.

൪ അവരുടെ വിഗ്രഹങ്ങൾ പൊന്നും വെള്ളിയും ആകുന്നു; മനുഷ്യരുടെ കൈവേല തന്നേ.

൫ അവെക്കു വായുണ്ടെങ്കിലും സംസാരിക്കുന്നില്ല; കണ്ണുണ്ടെങ്കിലും കാണുന്നില്ല.

൬ അവെക്കു ചെവിയുണ്ടെങ്കിലും കേൾക്കുന്നില്ല; മൂക്കുണ്ടെങ്കിലും മണക്കുന്നില്ല.

൭ അവെക്കു കയ്യുണ്ടെങ്കിലും സ്പൎശിക്കുന്നില്ല; കാലുണ്ടെങ്കിലും നടക്കുന്നില്ല; തൊണ്ടകൊണ്ടു സംസാരിക്കുന്നതുമില്ല.

൮ അവയെ ഉണ്ടാക്കുന്നവർ അവയെപ്പോലെയാകുന്നു; അവയിൽ ആശ്രയിക്കുന്ന ഏവനും അങ്ങനെ തന്നേ.

൯ യിസ്രായേലേ, യഹോവയിൽ ആശ്രയിക്ക; അവൻ അവരുടെ സഹായവും പരിചയും ആകുന്നു.

൰ അഹരോൻഗൃഹമേ, യഹോവയിൽ ആശ്രയിക്ക; അവൻ അവരുടെ സഹായവും പരിചയും ആകുന്നു.

൰൧ യഹോവാഭക്തന്മാരേ, യഹോവയിൽ ആശ്രയിപ്പിൻ; അവൻ അവരുടെ സഹായവും പരിചയും ആകുന്നു.

൧൨ യഹോവ നമ്മെ ഓൎത്തിരിക്കുന്നു; അവൻ അനുഗ്രഹിക്കും; അവൻ യിസ്രായേൽഗൃഹത്തെ അനുഗ്രഹിക്കും; അവൻ അഹരോൻഗൃഹത്തെ അനുഗ്രഹിക്കും.

൧൩ അവൻ യഹോവാഭക്തന്മാരായ ചെറിയവരെയും വലിയവരെയും അനുഗ്രഹിക്കും.

൧൪ യഹോവ നിങ്ങളെ മേല്ക്കുമേൽ വൎദ്ധിപ്പിക്കട്ടെ; നിങ്ങളെയും നിങ്ങളുടെ മക്കളെയും തന്നേ.

൧൫ ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയാൽ നിങ്ങൾ അനുഗ്രഹിക്കപ്പെട്ടവർ ആകുന്നു.

൧൬ സ്വൎഗ്ഗം യഹോവയുടെ സ്വൎഗ്ഗമാകുന്നു; ഭൂമിയെ അവൻ മനുഷ്യൎക്കു കൊടുത്തിരിക്കുന്നു.

൧൭ മരിച്ചവരും മൌനതയിൽ ഇറങ്ങിയവർ ആരും യഹോവയെ സ്തുതിക്കുന്നില്ല.

൧൮ നാമോ, ഇന്നുമുതൽ എന്നേക്കും യഹോവയെ വാഴ്ത്തും. യഹോവയെ സ്തുതിപ്പിൻ.

## ഇരുപത്തിനാലാം തിയ്യതി
## കാലത്തെ പ്രാൎത്ഥന

### ൧൧൬-ാം സങ്കീൎത്തനം

യഹോവ എന്റെ പ്രാൎത്ഥനയും യാചനകളും കേട്ടതുകൊണ്ടു ഞാൻ അവനെ സ്നേഹിക്കുന്നു.

൨ അവൻ തന്റെ ചെവി എങ്കലേക്കു ചായിച്ചതുകൊണ്ടു ഞാൻ ജീവകാലമൊക്കെയും അവനെ വിളിച്ചപേക്ഷിക്കും.

൩ മരണപാശങ്ങൾ എന്നെ ചുററി, പാതാളവേദനകൾ എന്നെ പിടിച്ചു; ഞാൻ കഷ്ടവും സങ്കടവും അനുഭവിച്ചു.

൪ അയ്യോ, യഹോവേ, എന്റെ പ്രാണനെ രക്ഷിക്കേണമേ എന്നു ഞാൻ യഹോവയുടെ നാമം വിളിച്ചപേക്ഷിച്ചു.

൫ യഹോവ കൃപയും നീതിയും ഉള്ളവൻ; നമ്മുടെ ദൈവം കരുണയുള്ളവൻ തന്നേ.

൬ യഹോവ അല്പബുദ്ധികളെ പാലിക്കുന്നു; ഞാൻ എളിമപ്പെട്ടു, അവൻ എന്നെ രക്ഷിച്ചു.

൭ എൻ മനമേ, നീ വീണ്ടും സ്വസ്ഥമായിരിക്ക; യഹോവ നിനക്കു ഉപകാരം ചെയ്തിരിക്കുന്നു.

൮ നീ എന്റെ പ്രാണനെ മരണത്തിൽനിന്നും എന്റെ കണ്ണിനെ

കണ്ണുനീരിൽനിന്നും എന്റെ കാലിനെ വീഴ്ചയിൽനിന്നും രക്ഷിച്ചിരിക്കുന്നു.

൯ ഞാൻ ജീവനുള്ളവരുടെ ദേശത്തു യഹോവയുടെ മുമ്പാകെ നടക്കും.

൧൦ ഞാൻ വലിയ കഷ്ടതയിൽ ആയി എന്നു പറഞ്ഞപ്പോൾ ഞാൻ വിശ്വസിച്ചു.

൧൧ സകല മനുഷ്യരും ഭോഷ്ക്കു പറയുന്നു എന്നു ഞാൻ എന്റെ പരിഭ്രമത്തിൽ പറഞ്ഞു.

൧൨ യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന്നു എന്തു പകരം കൊടുക്കും?

൧൩ ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും.

൧൪ യഹോവെക്കു ഞാൻ എന്റെ നേൎച്ചകളെ അവന്റെ സകല ജനവും കാൺങ്കെ കഴിക്കും.

൧൫ തന്റെ ഭക്തന്മാരുടെ മരണം യഹോവെക്കു വിലയേറിയതാകുന്നു.

൧൬ യഹോവേ, ഞാൻ നിന്റെ ദാസനാകുന്നു; നിന്റെ ദാസനും നിന്റെ ദാസിയുടെ മകനും തന്നേ; നീ എന്റെ ബന്ധനങ്ങളെ അഴിച്ചിരിക്കുന്നു.

൧൭ ഞാൻ നിനക്കു സ്തോത്രയാഗം കഴിച്ചു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും.

൧൮ യഹോവയുടെ ആലയത്തിന്റെ പ്രാകാരങ്ങളിലും യെരുശലേമേ, നിന്റെ നടുവിലും

൧൯ ഞാൻ യഹോവെക്കു എന്റെ നേൎച്ചകളെ അവന്റെ സകല ജനവും കാൺങ്കെ കഴിക്കും. യഹോവയെ സ്തുതിപ്പിൻ.

## ൧൧൭-ാം സങ്കീൎത്തനം

സകല ജാതികളുമായുള്ളോരേ, യഹോവയെ സ്തുതിപ്പിൻ; സകല വംശങ്ങളുമായുള്ളോരേ, അവനെ പുകഴ്ത്തുവിൻ.

൨ നമ്മോടുള്ള അവന്റെ ദയ വലുതായിരിക്കുന്നു; യഹോവയുടെ വിശ്വസ്തത എന്നേക്കും ഉള്ളതു. യഹോവയെ സ്തുതിപ്പിൻ.

## ൧൧൮-ാം സങ്കീൎത്തനം

യഹോവെക്കു സ്തോത്രം ചെയ്വിൻ; അവൻ നല്ലവനല്ലോ; അവന്റെ ദയ എന്നേക്കുമുള്ളതു.

൨ അവന്റെ ദയ എന്നേക്കുമുള്ളതു എന്നു യിസ്രായേൽ പറയട്ടെ.

൩ അവന്റെ ദയ എന്നേക്കുമുള്ളതു എന്നു അഹരോൻഗൃഹം പറയട്ടെ.

൪ അവന്റെ ദയ എന്നേക്കുമുള്ളതു എന്നു യഹോവാഭക്തന്മാർ പറയട്ടെ.

൫ ഞെരുക്കത്തിൽ ഞാൻ യഹോവയെ വിളിച്ചപേക്ഷിച്ചു, യഹോവ ഉത്തരമരുളി എന്നെ വിശാലസ്ഥലത്താക്കി.

൬ യഹോവ എന്റെ പക്ഷത്തുണ്ടു; ഞാൻ പേടിക്കയില്ല; മനുഷ്യൻ എന്നോടു എന്തു ചെയ്യും?

൭ എന്നെ സഹായിക്കുന്നവരോടുകൂടെ യഹോവ എന്റെ പക്ഷത്തുണ്ടു; ഞാൻ എന്നെ പകെക്കുന്നവരെ കണ്ടു രസിക്കും.

൮ മനുഷ്യനിൽ ആശ്രയിക്കുന്നതിനെക്കാൾ യഹോവയിൽ ആശ്രയിക്കുന്നതു നല്ലതു.

൯ പ്രഭുക്കന്മാരിൽ ആശ്രയിക്കുന്നതിനെക്കാൾ യഹോവയിൽ ആശ്രയിക്കുന്നതു നല്ലതു.

൧൦ സകല ജാതികളും എന്നെ ചുററിവളഞ്ഞു; യഹോവയുടെ നാമത്തിൽ ഞാൻ അവരെ ഛേദിച്ചുകളയും.

൧൧ അവർ എന്നെ വളഞ്ഞു; അതേ, അവർ എന്നെ വളഞ്ഞു; യഹോവയുടെ നാമത്തിൽ ഞാൻ അവരെ ഛേദിച്ചുകളയും.

൧൨ അവർ തേനീച്ചപോലെ എന്നെ ചുററിവളഞ്ഞു; മുൾതീപോലെ അവർ കെട്ടുപോയി; യഹോവയുടെ നാമത്തിൽ ഞാൻ അവരെ ഛേദിച്ചുകളയും.

൧൩ ഞാൻ വീഴുവാൻ തക്കവണ്ണം നീ എന്നെ തള്ളി; എങ്കിലും യഹോവ എന്നെ സഹായിച്ചു.

൧൪ യഹോവ എന്റെ ബലവും എന്റെ കീൎത്തനവും ആകുന്നു; അവൻ എനിക്കു രക്ഷയായും തീൎന്നു.

൧൫ ഉല്ലാസത്തിന്റെയും ജയത്തിന്റെയും ഘോഷം നീതിമാന്മാരുടെ കൂടാരങ്ങളിൽ ഉണ്ടു; യഹോവയുടെ വലങ്കൈ വീൎയ്യം പ്രവൎത്തിക്കുന്നു.

൧൬ യഹോവയുടെ വലങ്കൈ ഉയൎന്നിരിക്കുന്നു; യഹോവയുടെ വലങ്കൈ വീൎയ്യം പ്രവൎത്തിക്കുന്നു.

൧൭ ഞാൻ മരിക്കയില്ല; ഞാൻ ജീവനോടെയിരുന്നു യഹോവയുടെ പ്രവൃത്തികളെ വൎണ്ണിക്കും.

൧൮ യഹോവ എന്നെ കഠിനമായി ശിക്ഷിച്ചു; എന്നാലും അവൻ എന്നെ മരണത്തിന്നു ഏല്പിച്ചിട്ടില്ല.

൧൯ നീതിയുടെ വാതിലുകൾ എനിക്കു തുറന്നുതരുവിൻ; ഞാൻ അവയിൽ കൂടി കടന്നു യഹോവെക്കു സ്തോത്രം ചെയ്യും.

൨൦ യഹോവയുടെ വാതിൽ ഇതുതന്നേ; നീതിമാന്മാർ അതിൽ കൂടി കടക്കും.

൨൧ നീ എനിക്കുത്തരമരുളി എന്റെ രക്ഷയായിത്തീൎന്നിരിക്കയാൽ ഞാൻ നിനക്കു സ്തോത്രം ചെയ്യും.

൨൨ വീടുപണിയുന്നവർ തള്ളിക്കളഞ്ഞ കല്ലു മൂലക്കല്ലായി തീൎന്നിരിക്കുന്നു.

൨൩ ഇതു യഹോവയാൽ സംഭവിച്ചു നമ്മുടെ ദൃഷ്ടിയിൽ ആശ്ചൎയ്യം ആയിരിക്കുന്നു.

൨൪ ഇതു യഹോവ ഉണ്ടാക്കിയ ദിവസം; ഇന്നു നാം സന്തോഷിച്ചു ആനന്ദിക്ക.

൨൫ യഹോവേ, ഞങ്ങളെ രക്ഷിക്കേണമേ; യഹോവേ, ഞങ്ങൾക്കു ശുഭത നല്കേണമേ.

൨൬ യഹോവയുടെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ; ഞങ്ങൾ യഹോവയുടെ ആലയത്തിൽ നിന്നു നിങ്ങളെ അനുഗ്രഹിക്കുന്നു.

൨൭ യഹോവ തന്നേ ദൈവം; അവൻ നമുക്കു പ്രകാശം തന്നിരിക്കുന്നു; യാഗപീഠത്തിന്റെ കൊമ്പുകളോളം യാഗപശുവിനെ കയറു കൊണ്ടു കെട്ടുവിൻ.

൨൮ നീ എന്റെ ദൈവമാകുന്നു; ഞാൻ നിനക്കു സ്തോത്രം ചെയ്യും; നീ എന്റെ ദൈവമാകുന്നു; ഞാൻ നിന്നെ പുകഴ്ത്തും.

൨൯ യഹോവെക്കു സ്തോത്രം ചെയ്വിൻ; അവൻ നല്ലവനല്ലോ; അവന്റെ ദയ എന്നേക്കും ഉള്ളതാകുന്നു.

## ഇരുപത്തിനാലാം തിയ്യതി
## വൈകുന്നേരത്തെ പ്രാൎത്ഥന

### ൧൱൯ാം സങ്കീൎത്തനം

ആലേഫ്.

യഹോവയുടെ ന്യായപ്രമാണം അനുസരിച്ചു നടപ്പിൽ നിഷ്കളങ്കന്മാരായവർ ഭാഗ്യവാന്മാർ.

൨ അവന്റെ സാക്ഷ്യങ്ങളെ പ്രമാണിച്ചു പൂൎണ്ണഹൃദയത്തോടെ അവനെ അന്വേഷിക്കുന്നവർ ഭാഗ്യവാന്മാർ.

൩ അവർ നീതികേടു പ്രവൎത്തിക്കാതെ അവന്റെ വഴികളിൽ തന്നേ നടക്കുന്നു.

൪ നിന്റെ പ്രമാണങ്ങളെ കൃത്യമായി ആചരിക്കേണ്ടതിന്നു നീ അവയെ കല്പിച്ചുതന്നിരിക്കുന്നു.

൬ നിന്റെ ചട്ടങ്ങളെ ആചരിക്കേണ്ടതിന്നു എന്റെ നടപ്പു സ്ഥിരമായെങ്കിൽ കൊള്ളായിരുന്നു.

൭ നിന്റെ സകല കല്പനകളെയും സൂക്ഷിക്കുന്നേടത്തോളം ഞാൻ ലജ്ജിച്ചുപോകയില്ല.

൮ നിന്റെ നീതിയുള്ള വിധികളെ പഠിച്ചിട്ടു ഞാൻ പരമാൎത്ഥഹൃദയത്തോടെ നിനക്കു സ്തോത്രം ചെയ്യും.

൯ ഞാൻ നിന്റെ ചട്ടങ്ങളെ ആചരിക്കും; എന്നെ അശേഷം ഉപേക്ഷിക്കരുതേ.

ബേത്ത്.

൯ ബാലൻ തന്റെ നടപ്പിനെ നിൎമ്മലമാക്കുന്നതു എങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നേ.

൰ ഞാൻ പൂൎണ്ണഹൃദയത്തോടെ നിന്നെ അന്വേഷിക്കുന്നു; നിന്റെ കല്പനകൾ വിട്ടുനടപ്പാൻ എനിക്കു ഇടവരരുതേ.

൰൧ ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിന്നു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു.

൰൨ യഹോവേ, നീ വാഴ്ത്തപ്പെട്ടവൻ; നിന്റെ ചട്ടങ്ങളെ എനിക്കു പദേശിച്ചു തരേണമേ.

൰൩ ഞാൻ എന്റെ അധരങ്ങൾകൊണ്ടു നിന്റെ വായുടെ വിധികളെ ഒക്കെയും വൎണ്ണിക്കുന്നു.

൰൪ ഞാൻ സൎവ്വസമ്പത്തിലും എന്നപോലെ നിന്റെ സാക്ഷ്യങ്ങളുടെ വഴിയിൽ ആനന്ദിക്കുന്നു.

൰൫ ഞാൻ നിന്റെ പ്രമാണങ്ങളെ ധ്യാനിക്കയും നിന്റെ വഴികളെ സൂക്ഷിക്കയും ചെയ്യുന്നു.

൰൬ ഞാൻ നിന്റെ ചട്ടങ്ങളിൽ രസിക്കും; നിന്റെ വചനത്തെ മറക്കയുമില്ല.

ഗീമെൽ.

൰൭ ജീവിച്ചിരിക്കേണ്ടതിന്നു അടിയന്നു നന്മ ചെയ്യേണമേ; എന്നാൽ ഞാൻ നിന്റെ വചനം പ്രമാണിക്കും.

൰൮ നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന്നു എന്റെ കണ്ണുകളെ തുറക്കേണമേ.

൰൯ ഞാൻ ഭൂമിയിൽ പരദേശിയാകുന്നു; നിന്റെ കല്പനകളെ എനിക്കു മറെച്ചുവെക്കരുതേ.

൨൰ നിന്റെ വിധികൾക്കായുള്ള നിത്യവാഞ്ഛകൊണ്ടു എന്റെ മനസ്സു തകൎന്നിരിക്കുന്നു.

൨൧ നിന്റെ കല്പനകൾ വിട്ടുനടക്കുന്നവരായി ശപിക്കപ്പെട്ട അഹങ്കാരികളെ നീ ഭത്സിക്കുന്നു.

൨൨ നിന്ദയും അപമാനവും എന്നോടു അകറ്റേണമേ; ഞാൻ നിന്റെ സാക്ഷ്യങ്ങളെ പ്രമാണിക്കുന്നു.

൨൩ പ്രഭുക്കന്മാരും ഇരുന്നു എനിക്കു വിരോധമായി സംഭാഷിക്കുന്നു; എങ്കിലും അടിയൻ നിന്റെ ചട്ടങ്ങളെ ധ്യാനിക്കുന്നു.

൨൪ നിന്റെ സാക്ഷ്യങ്ങൾ എന്റെ പ്രമോദവും എന്റെ ആലോചനക്കാരും ആകുന്നു.

ദാലെത്ത്.

൨൫ എന്റെ പ്രാണൻ പൊടിയോടു പറ്റിയിരിക്കുന്നു; തിരുവചനപ്രകാരം എന്നെ ജീവിപ്പിക്കേണമേ.

൨൬ എന്റെ വഴികളെ ഞാൻ വിവരിച്ചപ്പോൾ നീ എനിക്കുത്തരമരുളി; നിന്റെ ചട്ടങ്ങളെ എനിക്കുപദേശിച്ചുതരേണമേ.

൨൭ നിന്റെ പ്രമാണങ്ങളുടെ വഴി എന്നെ ഗ്രഹിപ്പിക്കേണമേ; എന്നാൽ ഞാൻ നിന്റെ അത്ഭുതങ്ങളെ ധ്യാനിക്കും.

൨൮ എന്റെ പ്രാണൻ വിഷാദംകൊണ്ടു ഉരുകുന്നു; നിന്റെ വചനപ്രകാരം എന്നെ നിവിൎത്തേണമേ.

൨൯ ഭോഷ്കിന്റെ വഴി എന്നോടു അകറ്റേണമേ; നിന്റെ ന്യായപ്രമാണം എനിക്കു കൃപയോടെ നല്കേണമേ.

൩൦ വിശ്വസ്തതയുടെ മാൎഗ്ഗം ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു; നിന്റെ വിധികളെ എന്റെ മുമ്പിൽ വെച്ചിരിക്കുന്നു.

൩൧ ഞാൻ നിന്റെ സാക്ഷ്യങ്ങളോടു പറ്റിയിരിക്കുന്നു; യഹോവേ, എന്നെ ലജ്ജിപ്പിക്കരുതേ.

൩൨ നീ എന്റെ ഹൃദയത്തെ വിശാലമാക്കുമ്പോൾ ഞാൻ നിന്റെ കല്പനകളുടെ വഴിയിൽ ഓടും.

## ഇരുപത്തഞ്ചാം തിയ്യതി
## കാലത്തെ പ്രാൎത്ഥന

ഹേ.

൩൩ യഹോവേ, നിന്റെ ചട്ടങ്ങളുടെ വഴി എന്നെ ഉപദേശിക്കേണമേ; ഞാൻ അതിനെ അവസാനത്തോളം പ്രമാണിക്കും.

൩൪ ഞാൻ നിന്റെ ന്യായപ്രമാണം കാക്കേണ്ടതിന്നും അതിനെ പൂൎണ്ണഹൃദയത്തോടെ പ്രമാണിക്കേണ്ടതിന്നും എനിക്കു ബുദ്ധി നല്കേണമേ.

൩൫ നിന്റെ കല്പനകളുടെ പാതയിൽ എന്നെ നടത്തേണമേ; ഞാൻ അതിൽ ഇഷ്ടപ്പെടുന്നുവല്ലോ.

൩൬ ദുരാഗ്രഹത്തിലേക്കല്ല, നിന്റെ സാക്ഷ്യങ്ങളിലേക്കു തന്നെ എന്റെ ഹൃദയം ചായുമാറാക്കേണമേ.

൩൭ വ്യാജത്തെ നോക്കാതവണ്ണം എന്റെ കണ്ണുകളെ തിരിച്ചു നിന്റെ വഴികളിൽ എന്നെ ജീവിപ്പിക്കേണമേ.

൩൮ നിന്നോടുള്ള ഭക്തിയെ വൎദ്ധിപ്പിക്കുന്നതായ നിന്റെ വചനത്തെ അടിയന്നു നിവൎത്തിക്കേണമേ.

൩൯ ഞാൻ പേടിക്കുന്ന നിന്ദയെ അകററിക്കളയേണമേ; നിന്റെ വിധികൾ നല്ലവയല്ലോ.

൪൦ ഇതാ, ഞാൻ നിന്റെ പ്രമാണങ്ങളെ വാഞ്ഛിക്കുന്നു; നിന്റെ നീതിയാൽ എന്നെ ജീവിപ്പിക്കേണമേ.

### വൌ.

൪൧ യഹോവേ, നിന്റെ വചനപ്രകാരം നിന്റെ ദയയും നിന്റെ രക്ഷയും എങ്കലേക്കു വരുമാറാകട്ടെ.

൪൨ ഞാൻ നിന്റെ വചനത്തിൽ ആശ്രയിക്കുന്നതുകൊണ്ടു എന്നെ നിന്ദിക്കുന്നവനോടു ഉത്തരം പറവാൻ ഞാൻ പ്രാപ്തനാകും.

൪൩ ഞാൻ നിന്റെ വിധികൾക്കായി കാത്തിരിക്കയാൽ സത്യത്തിന്റെ വചനം എന്റെ വായിൽനിന്നു നീക്കിക്കളയരുതേ.

൪൪ അങ്ങനെ ഞാൻ നിന്റെ ന്യായപ്രമാണം ഇടവിടാതെ എന്നേക്കും പ്രമാണിക്കും.

൪൫ നിന്റെ പ്രമാണങ്ങളെ ആരായുന്നതുകൊണ്ടു ഞാൻ വിശാലതയിൽ നടക്കും.

൪൬ ഞാൻ ലജ്ജിക്കാതെ രാജാക്കന്മാരുടെ മുമ്പിലും നിന്റെ സാക്ഷ്യങ്ങളെക്കുറിച്ചു സംസാരിക്കും.

൪൭ ഞാൻ നിന്റെ കല്പനകളിൽ പ്രമോദിക്കുന്നു; അവ എനിക്കു പ്രിയമായിരിക്കുന്നു.

൪൮ എനിക്കു പ്രിയമായിരിക്കുന്ന നിന്റെ കല്പനകളിലേക്കു ഞാൻ കൈകളെ ഉയൎത്തുന്നു; നിന്റെ ചട്ടങ്ങളെ ഞാൻ ധ്യാനിക്കുന്നു.

### സയിൻ.

൪൯ നീ എന്നെ പ്രത്യാശിക്കുമാറാക്കിയതുകൊണ്ടു അടിയനോടുള്ള വചനത്തെ ഓൎക്കേണമേ.

൫൦ നിന്റെ വചനം എന്നെ ജീവിപ്പിച്ചിരിക്കുന്നതു എന്റെ കഷ്ടതയിൽ എനിക്കു ആശ്വാസമാകുന്നു.

൫൧ അഹങ്കാരികൾ എന്നെ അത്യന്തം പരിഹസിച്ചു; ഞാനോ നിന്റെ ന്യായപ്രമാണത്തെ വിട്ടുമാറീട്ടില്ല.

൫൨ യഹോവേ, പണ്ടേയുള്ള നിന്റെ വിധികളെ ഓൎത്തു ഞാൻ എന്നെത്തന്നേ ആശ്വസിപ്പിക്കുന്നു.

൫൩ നിന്റെ ന്യായപ്രമാണം ഉപേക്ഷിക്കുന്ന ദുഷ്ടന്മാർനിമിത്തം എനിക്കു ഉഗ്രകോപം പിടിച്ചിരിക്കുന്നു.

൫൪ ഞാൻ പരദേശിയായി പാൎക്കുന്ന വീട്ടിൽ നിന്റെ ചട്ടങ്ങൾ എന്റെ കീൎത്തനം ആകുന്നു.

൫൫ യഹോവേ, രാത്രിയിൽ ഞാൻ തിരുനാമം ഓൎക്കുന്നു; നിന്റെ ന്യായപ്രമാണം ഞാൻ ആചരിക്കുന്നു.

൫൬ ഞാൻ നിന്റെ പ്രമാണങ്ങളെ അനുസരിക്കുന്നതു എനിക്കു വിഹിതമായിരിക്കുന്നു.

ഹേത്ത്.

൫൭ യഹോവേ, നീ എന്റെ ഓഹരിയാകുന്നു; ഞാൻ നിന്റെ വചനങ്ങളെ പ്രമാണിക്കും എന്നു ഞാൻ പറഞ്ഞു.

൫൮ പൂൎണ്ണഹൃദയത്തോടെ ഞാൻ നിന്റെ കൃപെക്കായി യാചിക്കുന്നു; നിന്റെ വാഗ്ദാനപ്രകാരം എന്നോടു കൃപയുണ്ടാകേണമേ.

൫൯ ഞാൻ എന്റെ വഴികളെ വിചാരിച്ചു, എന്റെ കാലുകളെ നിന്റെ സാക്ഷ്യങ്ങളിലേക്കു തിരിക്കുന്നു.

൬൦ നിന്റെ കല്പനകളെ പ്രമാണിക്കേണ്ടതിന്നു ഞാൻ താമസിയാതെ ബദ്ധപ്പെടുന്നു;

൬൧ ദുഷ്ടന്മാരുടെ പാശങ്ങൾ എന്നെ ചുററിയിരിക്കുന്നു; ഞാൻ നിന്റെ ന്യായപ്രമാണത്തെ മറക്കുന്നില്ലതാനും.

൬൨ നിന്റെ നീതിയുള്ള ന്യായവിധികൾ ഹേതുവായി നിനക്കു സ്തോത്രം ചെയ്വാൻ ഞാൻ അൎദ്ധരാത്രിയിൽ എഴുന്നേല്ക്കും.

൬൩ നിന്നെ ഭയപ്പെടുകയും നിന്റെ പ്രമാണങ്ങളെ അനുസരിക്കയും ചെയ്യുന്ന എല്ലാവൎക്കും ഞാൻ കൂട്ടാളിയാകുന്നു.

൬൪ യഹോവേ, ഭൂമി നിന്റെ ദയകൊണ്ടു നിറഞ്ഞിരിക്കുന്നു; നിന്റെ ചട്ടങ്ങളെ എനിക്കുപദേശിച്ചുതരേണമേ.

തേത്ത്.

൬൫ യഹോവേ, തിരുവചനപ്രകാരം നീ അടിയന്നു നന്മ ചെയ്തിരിക്കുന്നു.

൬൬ നിന്റെ കല്പനകളെ ഞാൻ വിശ്വസിച്ചിരിക്കയാൽ എനിക്കു നല്ല ബുദ്ധിയും പരിജ്ഞാനവും ഉപദേശിച്ചുതരേണമേ.

൬൭ കഷ്ടതയിൽ ആകുന്നതിന്നു മുമ്പെ ഞാൻ തെററിപ്പോയി; ഇപ്പോഴോ, ഞാൻ നിന്റെ വചനത്തെ പ്രമാണിക്കുന്നു.

൬൮ നീ നല്ലവനും നന്മ ചെയ്യുന്നവനും ആകുന്നു; നിന്റെ ചട്ടങ്ങളെ എനിക്കുപദേശിച്ചുതരേണമേ.

൬൯ അഹങ്കാരികൾ എന്നെക്കൊണ്ടു നുണ പറഞ്ഞുണ്ടാക്കി; ഞാനോ പൂൎണ്ണഹൃദയത്തോടെ നിന്റെ പ്രമാണങ്ങളെ അനുസരിക്കും.

൭൦ അവരുടെ ഹൃദയം കൊഴുപ്പുപോലെ തടിച്ചിരിക്കുന്നു; ഞാനോ നിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു.

൭൧ നിന്റെ ചട്ടങ്ങൾ പഠിപ്പാൻ തക്കവണ്ണം ഞാൻ കഷ്ടതയിൽ ആയിരുന്നതു എനിക്കു ഗുണമായി.

൭൨ ആയിരം ആയിരം പൊൻവെള്ളി നാണ്യത്തെക്കാൾ നിന്റെ വായിൽനിന്നുള്ള ന്യായപ്രമാണം എനിക്കുത്തമം.

## ഇരുപത്തഞ്ചാം തിയ്യതി

### വൈകുന്നേരത്തെ പ്രാൎത്ഥന

യോദ്.

൭൩ തൃക്കൈകൾ എന്നെ സൃഷ്ടിച്ചുണ്ടാക്കിയിരിക്കുന്നു; നിന്റെ കല്പനകളെ പഠിപ്പാൻ എനിക്കു ബുദ്ധി നല്കേണമേ.

൭൪ തിരുവചനത്തിൽ ഞാൻ പ്രത്യാശ വെച്ചിരിക്കയാൽ നിന്റെ ഭക്തന്മാർ എന്നെ കണ്ടു സന്തോഷിക്കുന്നു.

൭൫ യഹോവേ, നിന്റെ വിധികൾ നീതിയുള്ളവയെന്നും വിശ്വസ്തതയോടെ നീ എന്നെ താഴ്ത്തിയിരിക്കുന്നു എന്നും ഞാൻ അറിയുന്നു.

൭൬ അടിയനോടുള്ള നിന്റെ വാഗ്ദാനപ്രകാരം നിന്റെ ദയ എന്റെ ആശ്വാസത്തിന്നായി ഭവിക്കുമാറാകട്ടെ.

൭൭ ഞാൻ ജീവിച്ചിരിക്കേണ്ടതിന്നു നിന്റെ കരുണ എനിക്കു വരുമാറാകട്ടെ; നിന്റെ ന്യായപ്രമാണത്തിൽ ഞാൻ രസിക്കുന്നു.

൭൮ അഹങ്കാരികൾ എന്നെ വെറുതെ മറിച്ചിട്ടിരിക്കയാൽ ലജ്ജിച്ചുപോകട്ടെ; ഞാനോ നിന്റെ കല്പനകളെ ധ്യാനിക്കുന്നു.

൭൯ നിന്റെ ഭക്തന്മാരും നിന്റെ സാക്ഷ്യങ്ങളെ അറിയുന്നവരും എന്റെ അടുക്കൽ വരട്ടെ.

൮൦ ഞാൻ ലജ്ജിച്ചുപോകാതിരിക്കേണ്ടതിന്നു എന്റെ ഹൃദയം നിന്റെ ചട്ടങ്ങളിൽ നിഷ്കളങ്കമായിരിക്കട്ടെ.

കഫ്.

൮൧ ഞാൻ നിന്റെ രക്ഷയെ കാത്തു മൂൎച്ഛിക്കുന്നു; നിന്റെ വാഗ്ദാനം ഞാൻ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു.

൮൨ എപ്പോൾ നീ എന്നെ ആശ്വസിപ്പിക്കും എന്നുവെച്ചു എന്റെ കണ്ണു നിന്റെ വാഗ്ദാനം കാത്തു ക്ഷീണിക്കുന്നു.

൮൩ പുകയത്തു വെച്ച തുരുത്തിപോലെ ഞാൻ ആകുന്നു. എങ്കിലും നിന്റെ ചട്ടങ്ങളെ മറക്കുന്നില്ല.

൮൪ അടിയന്റെ ജീവകാലം എത്ര ഉള്ളൂ? എന്നെ ഉപദ്രവിക്കുന്നവരോടു നീ എപ്പോൾ ന്യായവിധി നടത്തും?

൮൫ നിന്റെ ന്യായപ്രമാണത്തെ അനുസരിക്കാത്ത അഹങ്കാരികൾ എനിക്കായി കുഴി കുഴിച്ചിരിക്കുന്നു.

൮൬ നിന്റെ കല്പനകളെല്ലാം വിശ്വാസ്യമാകുന്നു; അവർ എന്നെ വെറുതെ ഉപദ്രവിക്കുന്നു; എന്നെ സഹായിക്കേണമേ.

൮൭ അവർ ഭൂമിയിൽ എന്നെ മിക്കവാറും മുടിച്ചിരിക്കുന്നു; നിന്റെ പ്രമാണങ്ങളെ ഞാൻ ഉപേക്ഷിച്ചില്ല താനും.

൮൮ നിന്റെ ദയെക്കു തക്കവണ്ണം എന്നെ ജീവിപ്പിക്കേണമേ; ഞാൻ നിന്റെ വായിൽനിന്നുള്ള സാക്ഷ്യങ്ങളെ പ്രമാണിക്കും.

ലാമദ്.

൮൯ യഹോവേ, നിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു.

൯൦ നിന്റെ വിശ്വസ്തത തലമുറതലമുറയോളം ഇരിക്കുന്നു; നീ ഭൂമിയെ സ്ഥാപിച്ചു, അതു നിലനില്ക്കുന്നു.

൯൧ അവ ഇന്നുവരെ നിന്റെ നിയമപ്രകാരം നിലനില്ക്കുന്നു; സർവ്വസൃഷ്ടികളും നിന്റെ ദാസന്മാരല്ലോ.

൯൨ നിന്റെ ന്യായപ്രമാണം എന്റെ പ്രമോദം ആയിരുന്നില്ലെങ്കിൽ ഞാൻ എന്റെ കഷ്ടതയിൽ നശിച്ചുപോകുമായിരുന്നു.

൯൩ ഞാൻ ഒരുനാളും നിന്റെ പ്രമാണങ്ങളെ മറക്കയില്ല; അവയെക്കൊണ്ടല്ലോ നീ എന്നെ ജീവിപ്പിച്ചിരിക്കുന്നതു.

൯൪ ഞാൻ നിനക്കുള്ളവനത്രേ; എന്നെ രക്ഷിക്കേണമേ; ഞാൻ നിന്റെ പ്രമാണങ്ങളെ അന്വേഷിക്കുന്നു.

൯൫ ദുഷ്ടന്മാർ എന്നെ നശിപ്പിപ്പാൻ പതിയിരിക്കുന്നു; ഞാനോ നിന്റെ സാക്ഷ്യങ്ങളെ ചിന്തിച്ചുകൊള്ളും.

൯൬ സകല സമ്പൂർത്തിക്കും ഞാൻ അവസാനം കണ്ടിരിക്കുന്നു; നിന്റെ കല്പനയോ അത്യന്തം വിസ്തീർണ്ണമായിരിക്കുന്നു.

മേം.

൯൭ നിന്റെ ന്യായപ്രമാണം എനിക്കു എത്രയോ പ്രിയം; ഇടവിടാതെ അതു എന്റെ ധ്യാനമാകുന്നു.

൯൮ നിന്റെ കല്പനകൾ എന്നെ എന്റെ ശത്രുക്കളെക്കാൾ ബുദ്ധിമാനാക്കുന്നു; അവ എപ്പോഴും എന്റെ പക്കൽ ഉണ്ടു.

൯൯ നിന്റെ സാക്ഷ്യങ്ങൾ എന്റെ ധ്യാനമായിരിക്കകൊണ്ടു എന്റെ സകല ഗുരുക്കന്മാരിലും ഞാൻ ബുദ്ധിമാനാകുന്നു.

൧൦൦ നിന്റെ പ്രമാണങ്ങളെ അനുസരിക്കയാൽ ഞാൻ വയോധികന്മാരിലും വിവേകമേറിയവനാകുന്നു.

൧൦൧ നിന്റെ വചനം പ്രമാണിക്കേണ്ടതിന്നു ഞാൻ സകല ദുൎമ്മാൎഗ്ഗത്തിൽനിന്നും കാൽ വിലക്കുന്നു.

൧൦൨ നീ എന്നെ ഉപദേശിച്ചിരിക്കയാൽ ഞാൻ നിന്റെ വിധികളെ വിട്ടുമാറീട്ടില്ല.

൧൦൩ തിരുവചനം എന്റെ അണ്ണാക്കിന്നു എത്ര മധുരം! അവ എന്റെ വായിക്കു തേനിലും നല്ലതു.

൧൦൪ നിന്റെ പ്രമാണങ്ങളാൽ ഞാൻ വിവേകമുള്ളവനാകുന്നു. അതുകൊണ്ടു ഞാൻ സകല വ്യാജമാൎഗ്ഗവും വെറുക്കുന്നു.

## ഇരുപത്താറാം തിയ്യതി

## കാലത്തെ പ്രാൎത്ഥന

### നൂൻ

൧൦൫ നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതെക്കു പ്രകാശവും ആകുന്നു.

൧൦൬ നിന്റെ നീതിയുള്ള വിധികളെ പ്രമാണിക്കുമെന്നു ഞാൻ സത്യം ചെയ്തു; അതു ഞാൻ നിവൎത്തിക്കും.

൧൦൭ ഞാൻ മഹാ കഷ്ടത്തിലായിരിക്കുന്നു; യഹോവേ, നിന്റെ വാഗ്ദാനപ്രകാരം എന്നെ ജീവിപ്പിക്കേണമേ.

൧൦൮ യഹോവേ, എന്റെ വായുടെ സ്വമേധാദാനങ്ങളിൽ പ്രസാദിക്കേണമേ; നിന്റെ വിധികളെ എനിക്കുപദേശിച്ചുതരേണമേ.

൧൦൯ ഞാൻ പ്രാണത്യാഗം ചെയ്വാൻ എല്ലായ്പോഴും ഒരുങ്ങിയിരിക്കുന്നു; എങ്കിലും നിന്റെ ന്യായപ്രമാണം ഞാൻ മറക്കുന്നില്ല.

൧൧൦ ദുഷ്ടന്മാർ എനിക്കു കണിവെച്ചിരിക്കുന്നു; എന്നാലും ഞാൻ നിന്റെ പ്രമാണങ്ങളെ ഉപേക്ഷിക്കുന്നില്ല.

൧൧൧ ഞാൻ നിന്റെ സാക്ഷ്യങ്ങളെ ശാശ്വതാവകാശമാക്കിയിരിക്കുന്നു; അവ എന്റെ ഹൃദയത്തിന്റെ ആനന്ദമാകുന്നു.

൧൧൨ നിന്റെ ചട്ടങ്ങളെ ഇടവിടാതെ എന്നേക്കും ആചരിപ്പാൻ ഞാൻ എന്റെ ഹൃദയത്തെ ചായിച്ചിരിക്കുന്നു.

### സാമെക്.

൧൧൩ ഇരുമനസ്സുള്ളവരെ ഞാൻ വെറുക്കുന്നു; എന്നാൽ നിന്റെ ന്യായപ്രമാണം എനിക്കു പ്രിയമാകുന്നു.

൱൰൪ നീ എന്റെ മറവിടവും എന്റെ പരിചയും ആകുന്നു; ഞാൻ തിരുവചനത്തിൽ പ്രത്യാശ വെച്ചിരിക്കുന്നു.

൱൰൫ എന്റെ ദൈവത്തിന്റെ കല്പനകളെ ഞാൻ പ്രമാണിക്കേണ്ടതിന്നു ദുഷ്കൎമ്മികളേ, എന്നെ വിട്ടകന്നു പോകുവിൻ.

൱൰൬ ഞാൻ ജീവിച്ചിരിക്കേണ്ടതിന്നു നിന്റെ വചനപ്രകാരം എന്നെ താങ്ങേണമേ; എന്റെ പ്രത്യാശയിൽ ഞാൻ ലജ്ജിച്ചുപോകരുതേ.

൱൰൭ ഞാൻ രക്ഷപ്പെടേണ്ടതിന്നു എന്നെ താങ്ങേണമേ; നിന്റെ ചട്ടങ്ങളിൽ ഞാൻ നിരന്തരം രസിക്കും.

൱൰൮ നിന്റെ ചട്ടങ്ങളെ വിട്ടുപോകുന്നവരെ ഒക്കെയും നീ നിരസിക്കുന്നു; അവരുടെ വഞ്ചന വ്യൎത്ഥമാകുന്നു.

൱൰൯ ഭൂമിയിലെ സകല ദുഷ്ടന്മാരെയും നീ കിടത്തെപ്പോലെ നീക്കിക്കളയുന്നു; അതുകൊണ്ടു നിന്റെ സാക്ഷ്യങ്ങൾ എനിക്കു പ്രിയമാകുന്നു.

൱൨൰ നിങ്കലുള്ള ഭയം നിമിത്തം എന്റെ ദേഹം രോമാഞ്ചം കൊള്ളുന്നു; നിന്റെ വിധികൾനിമിത്തം ഞാൻ ഭയപ്പെടുന്നു.

അയിൻ.

൱൨൧ ഞാൻ നീതിയും ന്യായവും പ്രവൎത്തിക്കുന്നു; എന്റെ പീഡകന്മാൎക്കു എന്നെ ഏല്പിച്ചുകൊടുക്കരുതേ.

൱൨൨ അടിയന്റെ നന്മെക്കുവേണ്ടി ഉത്തരവാദിയായിരിക്കേണമേ; അഹങ്കാരികൾ എന്നെ പീഡിപ്പിക്കരുതേ.

൱൨൩ എന്റെ കണ്ണു നിന്റെ രക്ഷയെയും നിന്റെ നീതിയുടെ വചനത്തെയും കാത്തിരുന്നു ക്ഷീണിക്കുന്നു.

൱൨൪ നിന്റെ ദയെക്കു തക്കവണ്ണം അടിയനോടു പ്രവൎത്തിച്ചു നിന്റെ ചട്ടങ്ങളെ എനിക്കുപദേശിച്ചുതരേണമേ.

൱൨൫ ഞാൻ നിന്റെ ദാസൻ ആകുന്നു; നിന്റെ സാക്ഷ്യങ്ങളെ ഗ്രഹിപ്പാൻ എനിക്കു ബുദ്ധി നല്കേണമേ.

൱൨൬ യഹോവേ, ഇതു നിനക്കു പ്രവൎത്തിപ്പാനുള്ള സമയമാകുന്നു; അവർ നിന്റെ ന്യായപ്രമാണം ദുൎബ്ബലമാക്കിയിരിക്കുന്നു.

൱൨൭ അതുകൊണ്ടു നിന്റെ കല്പനകൾ എനിക്കു പൊന്നിലും തങ്കത്തിലും അധികം പ്രിയമാകുന്നു.

൱൨൮ ആകയാൽ നിന്റെ സകല പ്രമാണങ്ങളും ഒത്തതെന്നു എണ്ണി, ഞാൻ സകല വ്യാജമാൎഗ്ഗത്തെയും വെറുക്കുന്നു.

പേ.

൱൨൯ നിന്റെ സാക്ഷ്യങ്ങൾ അതിശയകരമാകയാൽ എന്റെ മനസ്സു അവയെ പ്രമാണിക്കുന്നു.

൧൩൦ നിന്റെ വചനങ്ങളുടെ വികാശനം പ്രകാശപ്രദം ആകുന്നു; അതു അല്പബുദ്ധികളെ ബുദ്ധിമാന്മാരാക്കുന്നു.

൧൩൧ നിന്റെ കല്പനകൾക്കായി വാഞ്ഛിക്കയാൽ ഞാൻ എന്റെ വായ് തുറന്നു കിഴെക്കുന്നു.

൧൩൨ തിരുനാമത്തെ സ്നേഹിക്കുന്നവൎക്കു ചെയ്യുന്നതുപോലെ നീ എങ്കലേക്കു തിരിഞ്ഞു എന്നോടു കൃപ ചെയ്യേണമേ.

൧൩൩ എന്റെ കാലടികളെ നിന്റെ വചനത്തിൽ സ്ഥിരമാക്കേണമേ; യാതൊരു നീതികേടും എന്നെ ഭരിക്കരുതേ.

൧൩൪ മനുഷ്യന്റെ പീഡനത്തിൽനിന്നു എന്നെ വിടുവിക്കേണമേ; എന്നാൽ ഞാൻ നിന്റെ പ്രമാണങ്ങളെ അനുസരിക്കും.

൧൩൫ അടിയന്റെമേൽ നിന്റെ മുഖം പ്രകാശിപ്പിച്ചു നിന്റെ ചട്ടങ്ങളെ എനിക്കുപദേശിച്ചുതരേണമേ.

൧൩൬ അവർ നിന്റെ ന്യായപ്രമാണത്തെ അനുസരിക്കായ്കകൊണ്ടു എന്റെ കണ്ണിൽനിന്നു ജലനദികൾ ഒഴുകുന്നു.

### സാമെ

൧൩൭ യഹോവേ, നീ നീതിമാനാകുന്നു; നിന്റെ വിധികൾ നേരുള്ളവ തന്നേ.

൧൩൮ നീ നീതിയോടും അത്യന്തവിശ്വസ്തതയോടുംകൂടെ നിന്റെ സാക്ഷ്യങ്ങളെ കല്പിച്ചിരിക്കുന്നു.

൧൩൯ എന്റെ വൈരികൾ തിരുവചനങ്ങളെ മറക്കുന്നതുകൊണ്ടു എന്റെ എരിവു എന്നെ സംഹരിക്കുന്നു.

൧൪൦ നിന്റെ വചനം അതിവിശുദ്ധമാകുന്നു; അതുകൊണ്ടു അടിയന്നു അതു പ്രിയമാകുന്നു.

൧൪൧ ഞാൻ അല്പനും നിന്ദിതനും ആകുന്നു; എങ്കിലും ഞാൻ നിന്റെ പ്രമാണങ്ങളെ മറക്കുന്നില്ല.

൧൪൨ നിന്റെ നീതി ശാശ്വതനീതിയും നിന്റെ ന്യായപ്രമാണം സത്യവുമാകുന്നു.

൧൪൩ കഷ്ടവും സങ്കടവും എന്നെ പിടിച്ചിരിക്കുന്നു; എങ്കിലും നിന്റെ കല്പനകൾ എന്റെ പ്രമോദമാകുന്നു.

൧൪൪ നിന്റെ സാക്ഷ്യങ്ങൾ എന്നേക്കും നീതിയുള്ളവ; ഞാൻ ജീവിച്ചിരിക്കേണ്ടതിന്നു എനിക്കു ബുദ്ധി നല്കേണമേ.

## ഇരുപത്താറാം തീയതി
## വൈകുന്നേരത്തെ പ്രാൎത്ഥന

### കോഫ്.

൧൪൫ ഞാൻ പൂൎണ്ണഹൃദയത്തോടെ വിളിച്ചപേക്ഷിക്കുന്നു; എനിക്കുത്തരം അരുളേണമേ; യഹോവേ, ഞാൻ നിന്റെ ചട്ടങ്ങളെ പ്രമാണിക്കും.

൧൪൬ ഞാൻ നിന്നെ വിളിച്ചപേക്ഷിക്കുന്നു; എന്നെ രക്ഷിക്കേണമേ; ഞാൻ നിന്റെ സാക്ഷ്യങ്ങളെ പ്രമാണിക്കും.

൧൪൭ ഞാൻ ഉദയത്തിന്നു മുമ്പെ എഴുന്നേററു പ്രാൎത്ഥിക്കുന്നു; നിന്റെ വചനത്തിൽ ഞാൻ പ്രത്യാശ വെക്കുന്നു.

൧൪൮ തിരുവചനം ധ്യാനിക്കേണ്ടതിന്നു എന്റെ കണ്ണു യാമങ്ങളെ നോക്കിക്കൊണ്ടിരിക്കുന്നു.

൧൪൯ നിന്റെ ദയെക്കു തക്കവണ്ണം എന്റെ അപേക്ഷ കേൾക്കേണമേ; യഹോവേ, നിന്റെ ന്യായപ്രകാരം എന്നെ ജീവിപ്പിക്കേണമേ.

൧൫൦ ദുഷ്ടതയെ പിന്തുടരുന്നവർ സമീപിച്ചിരിക്കുന്നു; നിന്റെ ന്യായപ്രമാണത്തോടു അവർ അകന്നിരിക്കുന്നു.

൧൫൧ യഹോവേ, നീ സമീപസ്ഥനാകുന്നു; നിന്റെ കല്പനകൾ ഒക്കെയും സത്യം തന്നേ.

൧൫൨ നിന്റെ സാക്ഷ്യങ്ങളെ നീ എന്നേക്കും സ്ഥാപിച്ചിരിക്കുന്നു എന്നു ഞാൻ പണ്ടു തന്നേ അറിഞ്ഞിരിക്കുന്നു.

### രേശ്.

൧൫൩ എന്റെ അരിഷ്ടത കടാക്ഷിച്ചു എന്നെ വിടുവിക്കേണമേ; ഞാൻ നിന്റെ ന്യായപ്രമാണത്തെ മറക്കുന്നില്ല.

൧൫൪ എന്റെ വ്യവഹാരം നടത്തി എന്നെ വീണ്ടെടുക്കേണമേ; നിന്റെ വാഗ്ദാനപ്രകാരം എന്നെ ജീവിപ്പിക്കേണമേ.

൧൫൫ രക്ഷ ദുഷ്ടന്മാരോടു അകന്നിരിക്കുന്നു; അവർ നിന്റെ ചട്ടങ്ങളെ അന്വേഷിക്കുന്നില്ലല്ലോ.

൧൫൬ യഹോവേ, നിന്റെ കരുണ വലിയതാകുന്നു; നിന്റെ ന്യായപ്രകാരം എന്നെ ജീവിപ്പിക്കേണമേ.

൧൫൭ എന്നെ ഉപദ്രവിക്കുന്നവരും എന്റെ വൈരികളും വളരെയാകുന്നു; എങ്കിലും ഞാൻ നിന്റെ സാക്ഷ്യങ്ങളെ വിട്ടുമാറുന്നില്ല.

൧൫൮ ഞാൻ ദ്രോഹികളെ കണ്ടു വ്യസനിച്ചു; അവർ നിന്റെ വചനം പ്രമാണിക്കുന്നില്ലല്ലോ.

൧൫൯ നിന്റെ പ്രമാണങ്ങൾ എനിക്കു എത്ര പ്രിയം എന്നു കണ്ടു; യഹോവേ, നിന്റെ ദയെക്കു തക്കവണ്ണം എന്നെ ജീവിപ്പിക്കേണമേ.

൧൬൦ നിൻെറ വചനത്തിൻെറ സാരം സത്യം തന്നേ; നിൻെറ നീതിയുള്ള വിധികൾ ഒക്കെയും എന്നേക്കുമുള്ളവ.

ശിൻ.

൧൬൧ പ്രഭുക്കന്മാർ വെറുതെ എന്നെ ഉപദ്രവിക്കുന്നു; എങ്കിലും നിൻെറ വചനം നിമിത്തം എൻെറ ഹൃദയം പേടിക്കുന്നു.

൧൬൨ വലിയ കൊള്ള കണ്ടുകിട്ടിയവനെപ്പോലെ ഞാൻ നിൻെറ വചനത്തിൽ ആനന്ദിക്കുന്നു.

൧൬൩ ഞാൻ ഭോഷ്കു പകെച്ചു വെറുക്കുന്നു; നിൻെറ ന്യായപ്രമാണമോ എനിക്കു പ്രിയമാകുന്നു.

൧൬൪ നിൻെറ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ദിവസം ഏഴുപ്രാവശ്യം നിന്നെ സ്തുതിക്കുന്നു.

൧൬൫ നിൻെറ ന്യായപ്രമാണത്തോടു പ്രിയമുള്ളവൎക്കു മഹാ സമാധാനം ഉണ്ടു; അവൎക്കു വീഴ്ചെക്കു സംഗതി ഏതുമില്ല.

൧൬൬ യഹോവേ, ഞാൻ നിൻെറ രക്ഷയിൽ പ്രത്യാശ വെക്കുന്നു; നിൻെറ കല്പനകളെ ഞാൻ ആചരിക്കുന്നു.

൧൬൭ എൻെറ മനസ്സു നിൻെറ സാക്ഷ്യങ്ങളെ പ്രമാണിക്കുന്നു; അവ എനിക്കു അത്യന്തം പ്രിയമാകുന്നു.

൧൬൮ ഞാൻ നിൻെറ പ്രമാണങ്ങളെയും സാക്ഷ്യങ്ങളെയും പ്രമാണിക്കുന്നു; എൻെറ വഴികളെല്ലാം നിൻെറ മുമ്പാകെ ഇരിക്കുന്നു.

തൌ.

൧൬൯ യഹോവേ, എൻെറ നിലവിളി തിരുസന്നിധിയിൽ വരുമാറാകട്ടെ; നിൻെറ വചനപ്രകാരം എനിക്കു ബുദ്ധി നല്കേണമേ.

൧൭൦ എൻെറ യാചന തിരുസന്നിധിയിൽ വരുമാറാകട്ടെ; നിൻെറ വാഗ്ദാനപ്രകാരം എന്നെ വിടുവിക്കേണമേ.

൧൭൧ നിൻെറ ചട്ടങ്ങളെ എനിക്കുപദേശിച്ചുതരുന്നതുകൊണ്ടു എൻെറ അധരങ്ങൾ സ്തുതി പൊഴിക്കട്ടെ.

൧൭൨ നിൻെറ കല്പനകൾ ഒക്കെയും നീതിയായിരിക്കയാൽ എൻെറ നാവു നിൻെറ വാഗ്ദാനത്തെക്കുറിച്ചു പാടട്ടെ.

൧൭൩ നിൻെറ കല്പനകളെ ഞാൻ തിരഞ്ഞെടുത്തിരിക്കയാൽ നിൻെറ കൈ എനിക്കു തുണയായിരിക്കട്ടെ.

൧൭൪ യഹോവേ, ഞാൻ നിൻെറ രക്ഷെക്കായി വാഞ്ഛിക്കുന്നു; നിൻെറ ന്യായപ്രമാണം എൻെറ പ്രമോദം ആകുന്നു.

൧൭൫ നിന്നെ സ്തുതിക്കേണ്ടതിന്നു എൻെറ പ്രാണൻ ജീവിച്ചിരിക്കട്ടെ; നിൻെറ വിധികൾ എനിക്കു തുണയായിരിക്കട്ടെ.

൧൭൬ കാണാതെപോയ ആടുപോലെ ഞാൻ തെറ്റിപ്പോയിരി
ക്കുന്നു ; അടിയനെ അന്വേഷിക്കേണമേ ; നിന്റെ കല്പനകളെ ഞാൻ
മറക്കുന്നില്ല.

## ഇരുപത്തേഴാം തിയ്യതി

## കാലത്തെ പ്രാൎത്ഥന

### ൧൨൦ാം സങ്കീൎത്തനം

എന്റെ കഷ്ടതയിൽ ഞാൻ യഹോവയോടു നിലവിളിച്ചു ; അവൻ എനി
ക്കുത്തരം അരുളുകയും ചെയ്തു.

൨ യഹോവേ, വ്യാജമുള്ള അധരങ്ങളെയും വഞ്ചനയുള്ള നാവി
നെയും തടുത്തു എന്റെ പ്രാണനെ രക്ഷിക്കേണമേ.

൩ വഞ്ചനയുള്ള നാവേ, നിനക്കു എന്തു വരും ? നിനക്കു ഇനി എന്തു
കിട്ടും ?

൪ വീരന്റെ മൂൎച്ചയുള്ള അസ്ത്രങ്ങളും പൂവത്തിൻ കനലും തന്നേ.

൫ ഞാൻ മേശെക്കിൽ പ്രവാസം ചെയ്യുന്നതുകൊണ്ടും കേദാർ കൂടാ
രങ്ങളിൽ പാൎക്കുന്നതുകൊണ്ടും എനിക്കു അയ്യോ കഷ്ടം !

൬ സമാധാനദ്വേഷിയോടുകൂടെ പാൎക്കുന്നതു എനിക്കു മതിമതി
യായി.

൭ ഞാൻ സമാധാനപ്രിയനാകുന്നു ; ഞാൻ സംസാരിക്കുമ്പോഴോ
അവർ കലശൽ തുടങ്ങുന്നു.

### ൧൨൧ാം സങ്കീൎത്തനം

ഞാൻ എന്റെ കണ്ണു പൎവ്വതങ്ങളിലേക്കു ഉയൎത്തുന്നു ; എനിക്കു സഹായം
എവിടെനിന്നു വരും ?

൨ എന്റെ സഹായം ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ
യഹോവയിങ്കൽനിന്നു വരുന്നു.

൩ നിന്റെ കാൽ വഴുതുവാൻ അവൻ സമ്മതിക്കയില്ല ; നിന്നെ
കാക്കുന്നവൻ മയങ്ങുകയുമില്ല.

൪ യിസ്രായേലിന്റെ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല.

൫ യഹോവ നിന്റെ പരിപാലകൻ ; യഹോവ നിന്റെ വലത്തു
ഭാഗത്തു നിനക്കു തണൽ.

൬ പകൽ സൂൎയ്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും നിന്നെ ബാധിക്ക
യില്ല.

൭ യഹോവ ഒരു ദോഷവും തട്ടാതവണ്ണം നിന്നെ പരിപാലിക്കും.
അവൻ നിന്റെ പ്രാണനെ പരിപാലിക്കും.

൮ യഹോവ നിന്റെ ഗമനത്തെയും ആഗമനത്തെയും ഇന്നുമുതൽ എന്നേക്കും പരിപാലിക്കും.

## ൧൨൨ാം സങ്കീൎത്തനം

യഹോവയുടെ ആലയത്തിലേക്കു നമുക്കു പോകാം എന്നു അവർ എന്നോടു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു.

൨ യെരൂശലേമേ, ഞങ്ങളുടെ കാലുകൾ നിന്റെ വാതിലുകൾക്കകത്തു നില്ക്കുന്നു.

൩ തമ്മിൽ ഇണക്കിയ നഗരമായി പണിതിരിക്കുന്ന യെരൂശലേമേ!

൪ അവിടേക്കു ഗോത്രങ്ങൾ, യഹോവയുടെ ഗോത്രങ്ങൾ തന്നേ, യിസ്രായേലിന്നു സാക്ഷ്യത്തിന്നായി യഹോവയുടെ നാമത്തിന്നു സ്തോത്രം ചെയ്വാൻ കയറിച്ചെല്ലുന്നു.

൫ അവിടെ ന്യായാസനങ്ങൾ, ദാവീദ്ഗൃഹത്തിന്റെ ന്യായാസനങ്ങൾ തന്നേ ഇരിക്കുന്നു.

൬ യെരൂശലേമിന്റെ സമാധാനത്തിന്നായി പ്രാൎത്ഥിപ്പിൻ; നിന്നെ സ്നേഹിക്കുന്നവർ സ്വൈരമായിരിക്കട്ടെ.

൭ നിന്റെ കൊത്തളങ്ങളിൽ സമാധാനവും നിന്റെ അരമനകളിൽ സ്വൈരവും ഉണ്ടാകട്ടെ.

൮ എന്റെ സഹോദരന്മാരും കൂട്ടാളികളും നിമിത്തം നിന്നിൽ സമാധാനം ഉണ്ടാകട്ടെ എന്നു ഞാൻ പറയും.

൯ നമ്മുടെ ദൈവമായ യഹോവയുടെ ആലയം നിമിത്തം ഞാൻ നിന്റെ നന്മ അന്വേഷിക്കും.

## ൧൨൩ാം സങ്കീൎത്തനം.

സ്വൎഗ്ഗത്തിൽ വസിക്കുന്നവനായുള്ളോവേ, നിങ്കലേക്കു ഞാൻ എന്റെ കണ്ണു ഉയൎത്തുന്നു.

൨ ദാസന്മാരുടെ കണ്ണു യജമാനന്റെ കയ്യിലേക്കും ദാസിയുടെ കണ്ണു യജമാനത്തിയുടെ കയ്യിലേക്കും എന്നപോലെ ഞങ്ങളുടെ കണ്ണു ഞങ്ങളുടെ ദൈവമായ യഹോവയിങ്കലേക്കു, അവൻ ഞങ്ങളോടു കൃപ ചെയ്യുവോളം നോക്കിക്കൊണ്ടിരിക്കുന്നു.

൩ യഹോവേ, ഞങ്ങളോടു കൃപ ചെയ്യേണമേ, ഞങ്ങളോടു കൃപ ചെയ്യേണമേ; ഞങ്ങൾ നിന്ദ സഹിച്ചു മടുത്തിരിക്കുന്നു.

൪ സുഖിയന്മാരുടെ പരിഹാസവും അഹങ്കാരികളുടെ നിന്ദയും സഹിച്ചു ഞങ്ങളുടെ മനം ഏററവും മടുത്തിരിക്കുന്നു.

## ൱൨൪ാം സങ്കീൎത്തനം

യിസ്രായേൽ പറയേണ്ടതെന്തെന്നാൽ : യഹോവ നമ്മുടെ പക്ഷത്തില്ലാ
യിരുന്നുവെങ്കിൽ,

൨ മനുഷ്യർ നമ്മോടു എതിൎത്തപ്പോൾ, യഹോവ നമ്മുടെ പക്ഷത്തി
ല്ലായിരുന്നുവെങ്കിൽ,

൩ അവരുടെ കോപം നമ്മുടെ നേരെ ജ്വലിച്ചപ്പോൾ, അവർ
നമ്മെ ജീവനോടെ വിഴുങ്ങിക്കളയുമായിരുന്നു;

൪ വെള്ളം നമ്മെ ഒഴുക്കിക്കളയുമായിരുന്നു, നദി നമ്മുടെ പ്രാണന്നു
മീതെ കവിയുമായിരുന്നു;

൫ പൊങ്ങിയിരുന്ന വെള്ളം നമ്മുടെ പ്രാണന്നു മീതെ കവിയുമാ
യിരുന്നു.

൬ നമ്മെ അവരുടെ പല്ലിന്നു ഇരയായി കൊടുക്കാഞ്ഞയാൽ യഹോ
വ വാഴ്ത്തപ്പെടുമാറാകട്ടെ.

൭ വേട്ടക്കാരുടെ കണിയിൽനിന്നു പക്ഷിയെന്നപോലെ നമ്മുടെ
പ്രാണൻ വഴുതിപ്പോന്നിരിക്കുന്നു; കണി പൊട്ടി നാം വഴുതിപ്പോന്നിരി
ക്കുന്നു.

൮ നമ്മുടെ സഹായം ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ
യഹോവയുടെ നാമത്തിൽ ഇരിക്കുന്നു.

## ൱൨൫ാം സങ്കീൎത്തനം

യഹോവയിൽ ആശ്രയിക്കുന്നവർ കുലുങ്ങാതെ എന്നേക്കും നില്ക്കുന്ന
സീയോൻപൎവ്വതം പോലെയാകുന്നു.

൨ പൎവ്വതങ്ങൾ യെരൂശലേമിനെ ചുററിയിരിക്കുന്നു; യഹോവ
ഇന്നു മുതൽ എന്നേക്കും തന്റെ ജനത്തെ ചുററിയിരിക്കുന്നു.

൩ നീതിമാന്മാർ നീതികേടിലേക്കു കൈ നീട്ടാതിരിക്കേണ്ടതിന്നു
ദുഷ്ടന്മാരുടെ ചെങ്കോൽ നീതിമാന്മാരുടെ അവകാശത്തിന്മേൽ ഇരിക്ക
യില്ല.

൪ യഹോവേ, ഗുണവാന്മാൎക്കും ഹൃദയപരമാൎത്ഥികൾക്കും നന്മ ചെ
യ്യേണമേ.

൫ എന്നാൽ വളഞ്ഞ വഴികളിലേക്കു തിരിയുന്നവരെ യഹോവ
ദുഷ്പ്രവൃത്തിക്കാരോടുകൂടെ പോകുമാറാക്കട്ടെ. യിസ്രായേലിന്മേൽ സമാ
ധാനം വരുമാറാകട്ടെ.

# ഇരുപത്തേഴാം തിയ്യതി

## വൈകുന്നേരത്തെ പ്രാൎത്ഥന

### ൧൨൬ാം സങ്കീൎത്തനം

യഹോവ സീയോന്റെ പ്രവാസികളെ മടക്കിവരുത്തിയപ്പോൾ ഞങ്ങൾ സ്വപ്നം കാണുന്നവരെപ്പോലെ ആയിരുന്നു.

൨ അന്നു ഞങ്ങളുടെ വായിൽ ചിരിയും ഞങ്ങളുടെ നാവിന്മേൽ ആൎപ്പും നിറഞ്ഞിരുന്നു. യഹോവ അവരിൽ വങ്കാൎയ്യങ്ങളെ ചെയ്തിരിക്കുന്നു എന്നു ജാതികളുടെ ഇടയിൽ അന്നു പറഞ്ഞു.

൩ യഹോവ ഞങ്ങളിൽ വങ്കാൎയ്യങ്ങളെ ചെയ്തിരിക്കുന്നു; അതുകൊണ്ടു ഞങ്ങൾ സന്തോഷിക്കുന്നു.

൪ യഹോവേ, തെക്കെ നാട്ടിലെ തോടുകളെപ്പോലെ ഞങ്ങളുടെ പ്രവാസികളെ മടക്കിവരുത്തേണമേ.

൫ കണ്ണുനീരോടെ വിതെക്കുന്നവർ ആൎപ്പോടെ കൊയ്യും.

൬ വിത്തു ചുമന്നു കരഞ്ഞും വിതെച്ചുംകൊണ്ടു നടക്കുന്നു; കററ ചുമന്നും ആൎത്തുംകൊണ്ടു വരുന്നു.

### ൧൨൭ാം സങ്കീൎത്തനം

യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു; യഹോവ പട്ടണം കാക്കാതിരുന്നാൽ കാവല്ക്കാരൻ വൃഥാ ജാഗരിക്കുന്നു.

൨ നിങ്ങൾ അതികാലത്തു എഴുന്നേല്ക്കുന്നതും നന്നാ താമസിച്ചു കിടപ്പാൻ പോകുന്നതും കഠിനപ്രയത്നം ചെയ്തു ഉപജീവിക്കുന്നതും വ്യൎത്ഥമത്രെ; തന്റെ പ്രിയനോ, അവൻ അതു ഉറക്കത്തിൽ കൊടുക്കുന്നു.

൩ മക്കൾ, യഹോവ നല്കുന്ന അവകാശവും ഉദരഫലം, അവൻ തരുന്ന പ്രതിഫലവും തന്നെ.

൪ വീരന്റെ കയ്യിലെ അസ്ത്രങ്ങൾ എങ്ങനെയോ അങ്ങനെയാകുന്നു യൌവനത്തിലെ മക്കൾ.

൫ അവയെക്കൊണ്ടു തന്റെ ആവനാഴിക നിറെച്ചിരിക്കുന്ന പുരുഷൻ ഭാഗ്യവാൻ; നഗരവാതില്ക്കൽവെച്ചു ശത്രുക്കളോടു സംസാരിക്കുമ്പോൾ അങ്ങനെയുള്ളവർ ലജ്ജിച്ചുപോകയില്ല.

### ൧൨൮ാം സങ്കീൎത്തനം

യഹോവയെ ഭയപ്പെട്ടു, അവന്റെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ;

൨ നിൻെറ കൈകളുടെ അദ്ധ്വാനഫലം നീ തിന്നും; നീ ഭാഗ്യ
വാൻ; നിനക്ക നന്മവരും.
൩ നിൻെറ ഭാൎയ്യ നിൻെറ വീട്ടിന്നകത്തു ഫലപ്രദമായ മുന്തിരിവ
ള്ളിപോലെയും നിൻെറ മക്കൾ നിൻെറ മേശെക്കു ചുററും ഒലിവുതൈ
കൾപോലെയും ഇരിക്കും.
൪ യഹോവാഭക്തനായ പുരുഷൻ ഇങ്ങനെ അനുഗ്രഹിക്കപ്പെട്ടവ
നാകും.
൫ യഹോവ സീയോനിൽനിന്നു നിന്നെ അനുഗ്രഹിക്കും; നി
ൻെറ ആയുഷ്കാലമൊക്കെയും നീ യെരുശലേമിൻെറ നന്മയെ കാണും.
൬ നിൻെറ മക്കളുടെ മക്കളെയും നീ കാണും. യിസ്രായേലിന്മേൽ
സമാധാനം ഉണ്ടാകട്ടെ.

## ൧൨൯ാം സങ്കീൎത്തനം

യിസ്രായേൽ പറയേണ്ടതെന്തെന്നാൽ: അവർ എൻെറ ബാല്യംമുതൽ
പലപ്പോഴും എന്നെ ഉപദ്രവിച്ചു;
൨ അവർ എൻെറ ബാല്യംമുതൽ പലപ്പോഴും എന്നെ ഉപദ്രവി
ച്ചു; എങ്കിലും അവർ എന്നെ ജയിച്ചില്ല.
൩ ഉഴവുകാർ എൻെറ മുതുകിന്മേൽ ഉഴുതു; ഉഴവുചാലുകളെ
അവർ നീളത്തിൽ കീറി.
൪ യഹോവ നീതിമാനാകുന്നു; അവർ ദുഷ്ടന്മാരുടെ കയറുകളെ
അറുത്തുകളഞ്ഞിരിക്കുന്നു.
൫ സീയോനെ പകെക്കുന്നവരൊക്കെയും ലജ്ജിച്ചു പിൻതിരിഞ്ഞു
പോകട്ടെ.
൬ വളരുന്നതിന്നു മുമ്പെ ഉണങ്ങിപ്പോകുന്ന പുരപ്പുറത്തെ പുല്ലു
പോലെ അവർ ആകട്ടെ.
൭ കൊയ്യുന്നവൻ അതുകൊണ്ടു തൻെറ കൈയാകട്ടെ കററ കെട്ടു
ന്നവൻ തൻെറ മാൎവ്വിടം ആകട്ടെ നിറെക്കയില്ല.
൮ യഹോവയുടെ അനുഗ്രഹം നിങ്ങൾക്കുണ്ടാകട്ടെ; യഹോവയു
ടെ നാമത്തിൽ ഞങ്ങൾ നിങ്ങളെ അനുഗ്രഹിക്കുന്നു എന്നിങ്ങനെ വഴി
പോകുന്നവർ പറയുന്നതുമില്ല.

## ൧൩൦ാം സങ്കീൎത്തനം

യഹോവേ, ആഴത്തിൽനിന്നു ഞാൻ നിന്നോടു നിലവിളിക്കുന്നു.
൨ കൎത്താവേ, എൻെറ പ്രാൎത്ഥന കേൾക്കേണമേ; നിൻെറ ചെവി
എൻെറ യാചനകൾക്കു ശ്രദ്ധിച്ചിരിക്കേണമേ.

൩ യഹോവേ, നീ അകൃത്യങ്ങളെ ഓൎമ്മവെച്ചാൽ കൎത്താവേ, ആർ നിലനില്ക്കും?

൪ എങ്കിലും നിന്നെ ഭയപ്പെടുവാൻ തക്കവണ്ണം നിൻെറ പക്കൽ വിമോചനം ഉണ്ടു്.

൫ ഞാൻ യഹോവെക്കായി കാത്തിരിക്കുന്നു; എൻെറ ഉള്ളം കാത്തിരിക്കുന്നു; അവൻെറ വചനത്തിൽ ഞാൻ പ്രത്യാശ വെച്ചിരിക്കുന്നു.

൬ ഉഷസ്സിന്നായി കാത്തിരിക്കുന്നവരെക്കാൾ, ഉഷസ്സിന്നായി കാത്തിരിക്കുന്നവരെക്കാൾ. എൻെറ ഉള്ളം യഹോവെക്കായി കാത്തിരിക്കുന്നു.

൭ യിസ്രായേലേ, യഹോവയിൽ പ്രത്യാശ വെച്ചുകൊൾക; യഹോവെക്കു കൃപയും അവൻെറ പക്കൽ ധാരാളം വീണ്ടെടുപ്പും ഉണ്ടു്.

൮ അവൻ യിസ്രായേലിനെ അവൻെറ അകൃത്യങ്ങളിൽ നിന്നൊക്കെയും വീണ്ടെടുക്കും.

### ൧൩൧-ാം സങ്കീൎത്തനം

യഹോവേ, എൻെറ ഹൃദയം ഗൎവ്വിച്ചിരിക്കുന്നില്ല; ഞാൻ നിഗളിച്ചുനടക്കുന്നില്ല; എൻെറ ബുദ്ധിക്കെത്താത്ത വങ്കാൎയ്യങ്ങളിലും അത്ഭുതവിഷയങ്ങളിലും ഞാൻ ഇടപെടുന്നതുമില്ല.

൨ ഞാൻ എൻെറ പ്രാണനെ താലോലിച്ചു മിണ്ടാതാക്കിയിരിക്കുന്നു; തൻെറ അമ്മയുടെ അടുക്കൽ മുലകുടി മാറിയ പൈതൽ എന്നപോലെ എൻെറ പ്രാണൻ എൻെറ അടുക്കൽ മുലകുടി മാറിയതുപോലെ ആകുന്നു.

൩ യിസ്രായേലേ, ഇന്നുമുതൽ എന്നേക്കും യഹോവയിൽ പ്രത്യാശ വെച്ചുകൊൾക.

## ഇരുപത്തെട്ടാം തിയ്യതി

## കാലത്തെ പ്രാൎത്ഥന

### ൧൩൨-ാം സങ്കീൎത്തനം

യഹോവേ, ദാവീദിനെയും അവൻെറ സകല കഷ്ടതയെയും ഓൎക്കേണമേ.

൨ അവൻ യഹോവയോടു സത്യംചെയ്തു യാക്കോബിൻെറ വല്ലഭന്നു നേൎന്നതു എന്തെന്നാൽ:

൩ ഞാൻ യഹോവെക്കു ഒരു സ്ഥലം, യാക്കോബിൻെറ വല്ലഭന്നു ഒരു നിവാസം കണ്ടെത്തുംവരെ

൪ ഞാൻ എൻെറ കൂടാരവീട്ടിൽ കടക്കയില്ല; എൻെറ ശയ്യമേൽ കയറി കിടക്കുകയുമില്ല.

൪ ഞാൻ എന്റെ കണ്ണിന്നു ഉറക്കവും എന്റെ കൺപോളെക്കു മയക്കവും കൊടുക്കയില്ല.

൬ നാം എഫ്രാത്തയിൽ അതിനെക്കുറിച്ചു കേട്ടു വനപ്രദേശത്തു അതിനെ കണ്ടെത്തിയല്ലോ.

൭ നാം അവന്റെ തിരുനിവാസത്തിലേക്കു ചെന്നു അവന്റെ പാദപീഠത്തിങ്കൽ നമസ്കരിക്കുക.

൮ യഹോവേ, നീ നിന്റെ ബലത്തിന്റെ പെട്ടകവുമായി നിന്റെ വിശ്രാമത്തിലേക്കു എഴുന്നള്ളേണമേ.

൯ നിന്റെ പുരോഹിതന്മാർ നീതി ധരിക്കയും നിന്റെ ഭക്തന്മാർ ഘോഷിച്ചുല്ലസിക്കയും ചെയ്യട്ടെ.

൧൦ നിന്റെ ദാസനായ ദാവീദിൻനിമിത്തം നിന്റെ അഭിഷിക്തന്റെ മുഖത്തെ തിരിച്ചുകളയരുതേ.

൧൧ ഞാൻ നിന്റെ ഉദരഫലത്തെ നിന്റെ സിംഹാസനത്തിൽ ഇരുത്തുമെന്നും

൧൨ നിന്റെ മക്കൾ എന്റെ നിയമത്തെയും ഞാൻ അവൎക്കു ഉപദേശിച്ച സാക്ഷ്യത്തെയും പ്രമാണിക്കുമെങ്കിൽ അവരുടെ മക്കളും എന്നേക്കും നിന്റെ സിംഹാസനത്തിൽ ഇരിക്കും എന്നും യഹോവ ദാവീദിനോടു ആണയിട്ടു സത്യം ; അവൻ അതിൽനിന്നു മാറുകയില്ല.

൧൩ യഹോവ സീയോനെ തിരഞ്ഞെടുക്കയും അതിനെ തന്റെ വാസസ്ഥലമായി ഇച്ഛിക്കയും ചെയ്തു.

൧൪ അതു എന്നേക്കും എന്റെ വിശ്രാമം ആകുന്നു ; ഞാൻ അതിനെ ഇച്ഛിച്ചിരിക്കയാൽ ഞാൻ അവിടെ വസിക്കും.

൧൫ അതിലെ ആഹാരം ഞാൻ സമൃദ്ധിയായി അനുഗ്രഹിക്കും ; അതിലെ ദരിദ്രന്മാൎക്കു അപ്പംകൊണ്ടു തൃപ്തിവരുത്തും.

൧൬ അതിലെ പുരോഹിതന്മാരെയും രക്ഷ ധരിപ്പിക്കും ; അതിലെ ഭക്തന്മാർ ഘോഷിച്ചുല്ലസിക്കും.

൧൭ അവിടെ ഞാൻ ദാവീദിന്നു ഒരു കൊമ്പു മുളെപ്പിക്കും ; എന്റെ അഭിഷിക്തന്നു ഒരു ദീപം ഒരുക്കീട്ടുമുണ്ടു്.

൧൮ ഞാൻ അവന്റെ ശത്രുക്കളെ ലജ്ജ ധരിപ്പിക്കും ; അവന്റെ തലയിലോ കിരീടം ശോഭിക്കും.

## ൧൩൩ാം സങ്കീൎത്തനം

ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നതു എത്ര ശുഭവും എത്ര മനോഹരവും ആകുന്നു !

൨ അതു വസ്ത്രത്തിന്റെ വിളുമ്പിലേക്കു നീണ്ടുകിടക്കുന്ന താടിയിലേക്കു, അഹരോന്റെ താടിയിലേക്കു തന്നേ, ഒഴുകുന്നതായി അവന്റെ തലയിലെ വിശേഷതൈലംപോലെയും

൩ സീയോൻ പൎവ്വതത്തിൽ പെയ്യുന്ന ഹെൎമ്മോന്യമഞ്ഞുപോലെയും ആകുന്നു; അവിടെയല്ലോ യഹോവ അനുഗ്രഹവും ശാശ്വതമായുള്ള ജീവനും കല്പിച്ചിരിക്കുന്നതു.

## ൧൩൪ാം സങ്കീൎത്തനം

അല്ലയോ, രാത്രികാലങ്ങളിൽ യഹോവയുടെ ആലയത്തിൽ നില്ക്കുന്നവരായി യഹോവയുടെ സകല ദാസന്മാരുമായുള്ളോരേ, യഹോവയെ വാഴ്ത്തുവിൻ.

൨ വിശുദ്ധമന്ദിരത്തിങ്കലേക്കു കൈ ഉയൎത്തി യഹോവയെ വാഴ്ത്തുവിൻ.

൩ ആകാശവും ഭൂമിയും ഉണ്ടാക്കിയ യഹോവ സീയോനിൽനിന്നു നിന്നെ അനുഗ്രഹിക്കുമാറാകട്ടെ.

## ൧൩൫ാം സങ്കീൎത്തനം

യഹോവയെ സ്തുതിപ്പിൻ; യഹോവയുടെ നാമത്തെ സ്തുതിപ്പിൻ; യഹോവയുടെ ദാസന്മാരേ, അവനെ സ്തുതിപ്പിൻ.

൨ യഹോവയുടെ ആലയത്തിലും നമ്മുടെ ദൈവത്തിന്റെ ആലയത്തിൻപ്രാകാരങ്ങളിലും നില്ക്കുന്നവരേ,

൩ യഹോവയെ സ്തുതിപ്പിൻ; യഹോവ നല്ലവൻ അല്ലോ; അവന്റെ നാമത്തിനു കീൎത്തനം ചെയ്വിൻ; അതു മനോഹരമല്ലോ.

൪ യഹോവ യാക്കോബിനെ തനിക്കായിട്ടും യിസ്രായേലിനെ തന്റെ നിക്ഷേപമായിട്ടും തിരഞ്ഞെടുത്തിരിക്കുന്നു.

൫ യഹോവ വലിയവൻ എന്നും നമ്മുടെ കൎത്താവു സകല ദേവന്മാരിലും ശ്രേഷ്ഠൻ എന്നും ഞാൻ അറിയുന്നു.

൬ ആകാശത്തിലും ഭൂമിയിലും സമുദ്രങ്ങളിലും എല്ലാ ആഴങ്ങളിലും യഹോവ തനിക്കു ഇഷ്ടമുള്ളതൊക്കെയും ചെയ്യുന്നു.

൭ അവൻ ഭൂമിയുടെ അററത്തുനിന്നു നീരാവി പൊങ്ങുമാറാക്കുന്നു; അവൻ മഴെക്കായി മിന്നലുകളെ ഉണ്ടാക്കുന്നു; തന്റെ ഭണ്ഡാരങ്ങളിൽനിന്നു കാററു പുറപ്പെടുവിക്കുന്നു.

൮ അവൻ മിസ്രയീമിലെ കടിഞ്ഞൂലുകളെ, മനുഷ്യരെയും മൃഗങ്ങളെയും ഒരുപോലെ സംഹരിച്ചു.

൯ മിസ്രയീമേ, നിന്റെ മദ്ധ്യേ അവൻ ഫറവോന്റെമേലും അവന്റെ സകല ഭൃത്യന്മാരുടെമേലും അടയാളങ്ങളും അത്ഭുതങ്ങളും അയച്ചു.

൰ അവൻ വലിയ ജാതികളെ സംഹരിച്ചു; ബലമുള്ള രാജാക്കന്മാരെ നിഗ്രഹിച്ചു

൧൧ അമോൎയ്യരുടെ രാജാവായ സീഹോനെയും ബാശാൻരാജാവാ
യ ഓഗിനെയും സകല കനാന്യരാജ്യങ്ങളെയും തന്നേ.
൧൨ അവരുടെ ദേശത്തെ അവൻ അവകാശമായിട്ടു, തന്റെ ജന
മായ യിസ്രായേലിന്നു അവകാശമായിട്ടു കൊടുത്തു.
൧൩ യഹോവേ, നിന്റെ നാമം ശാശ്വതമായും യഹോവേ, നി
ന്റെ ജ്ഞാപകം തലമുറതലമുറയായും ഇരിക്കുന്നു.
൧൪ യഹോവ തന്റെ ജനത്തിന്നു ന്യായപാലനം ചെയ്യും; അ
വൻ തന്റെ ദാസന്മാരോടു സഹതപിക്കും.
൧൫ ജാതികളുടെ വിഗ്രഹങ്ങൾ പൊന്നും വെള്ളിയും മനുഷ്യരുടെ
കൈവേലയും ആകുന്നു.
൧൬ അവെക്കു വായുണ്ടെങ്കിലും സംസാരിക്കുന്നില്ല; കണ്ണുണ്ടെങ്കി
ലും കാണുന്നില്ല.
൧൭ അവെക്കു ചെവിയുണ്ടെങ്കിലും കേൾക്കുന്നില്ല; അവയുടെ വാ
യിൽ ശ്വാസവുമില്ല.
൧൮ അവയെ ഉണ്ടാക്കുന്നവർ അവയെപ്പോലെയാകുന്നു; അവ
യിൽ ആശ്രയിക്കുന്ന ഏവനും അങ്ങനെതന്നേ.
൧൯ യിസ്രായേൽഗൃഹമേ, യഹോവയെ വാഴ്ത്തുക; അഹരോന്റെ
ഗൃഹമേ, യഹോവയെ വാഴ്ത്തുക.
൨൦ ലേവിഗൃഹമേ, യഹോവയെ വാഴ്ത്തുക; യഹോവാഭക്തന്മാരേ,
യഹോവയെ വാഴ്ത്തുവിൻ.
൨൧ യെരൂശലേമിൽ അധിവസിക്കുന്ന യഹോവ സീയോനിൽനി
ന്നു വാഴ്ത്തപ്പെടുമാറാകട്ടെ. യഹോവയെ സ്തുതിപ്പിൻ.

## ഇരുപത്തെട്ടാം തിയ്യതി
## വൈകുന്നേരത്തേ പ്രാൎത്ഥന

### ൧൩൬-ാം സങ്കീൎത്തനം

യഹോവെക്കു സ്തോത്രം ചെയ്വിൻ; അവൻ നല്ലവനല്ലോ; അവന്റെ ദ
യ എന്നേക്കുമുള്ളതു.

൨ ദൈവാധിദൈവത്തിന്നു സ്തോത്രം ചെയ്വിൻ; അവന്റെ ദയ
എന്നേക്കുമുള്ളതു.

൩ കൎത്താധികൎത്താവിന്നു സ്തോത്രം ചെയ്വിൻ; അവന്റെ ദയ എ
ന്നേക്കുമുള്ളതു.

൪ ഏകനായി മഹാത്ഭുതങ്ങളെ പ്രവൎത്തിക്കുന്നവന്നു—അവന്റെ
ദയ എന്നേക്കുമുള്ളതു.

൫ ജ്ഞാനത്തോടെ ആകാശങ്ങളെ ഉണ്ടാക്കിയവന്നു—അവന്റെ ദയ എന്നേക്കുമുള്ളതു.

൬ ഭൂമിയെ വെള്ളത്തിന്മേൽ വിരിച്ചവന്നു—അവന്റെ ദയ എന്നേക്കുമുള്ളതു.

൭ വലിയ വെളിച്ചങ്ങളെ ഉണ്ടാക്കിയവന്നു—അവന്റെ ദയ എന്നേക്കുമുള്ളതു.

൮ പകൽ വാഴുവാൻ സൂൎയ്യനെയും—അവന്റെ ദയ എന്നേക്കുമുള്ളതു.

൯ രാത്രി വാഴുവാൻ ചന്ദ്രനെയും നക്ഷത്രങ്ങളെയും ഉണ്ടാക്കിയവന്നു—അവന്റെ ദയ എന്നേക്കുമുള്ളതു.

൧൦ മിസ്രയീമിലെ കടിഞ്ഞൂലുകളെ സംഹരിച്ചവന്നു—അവന്റെ ദയ എന്നേക്കുമുള്ളതു.

൧൧ അവരുടെ ഇടയിൽനിന്നു യിസ്രായേലിനെ പുറപ്പെടുവിച്ചവന്നു—അവന്റെ ദയ എന്നേക്കുമുള്ളതു.

൧൨ ബലമുള്ള കൈകൊണ്ടും നീട്ടിയ ഭുജംകൊണ്ടും തന്നേ—അവന്റെ ദയ എന്നേക്കുമുള്ളതു.

൧൩ ചെങ്കടലിനെ രണ്ടായി വിഭാഗിച്ചവന്നു—അവന്റെ ദയ എന്നേക്കുമുള്ളതു.

൧൪ അതിന്റെ നടുവിൽകൂടി യിസ്രായേലിനെ കടത്തിയവന്നു—അവന്റെ ദയ എന്നേക്കുമുള്ളതു.

൧൫ ഫറവോനെയും സൈന്യത്തെയും ചെങ്കടലിൽ തള്ളിയിട്ടവന്നു—അവന്റെ ദയ എന്നേക്കുമുള്ളതു.

൧൬ തന്റെ ജനത്തെ മരുഭൂമിയിൽകൂടി നടത്തിയവന്നു—അവന്റെ ദയ എന്നേക്കുമുള്ളതു.

൧൭ മഹാരാജാക്കന്മാരെ സംഹരിച്ചവന്നു—അവന്റെ ദയ എന്നേക്കുമുള്ളതു.

൧൮ ശ്രേഷ്ഠരാജാക്കന്മാരെ നിഗ്രഹിച്ചവന്നു—അവന്റെ ദയ എന്നേക്കുമുള്ളതു.

൧൯ അമോൎയ്യരുടെ രാജാവായ സീഹോനെയും—അവന്റെ ദയ എന്നേക്കുമുള്ളതു.

൨൦ ബാശാൻരാജാവായ ഓഗിനെയും—അവന്റെ ദയ എന്നേക്കുമുള്ളതു.

൨൧ അവരുടെ ദേശത്തെ അവകാശമായി കൊടുത്തു—അവന്റെ ദയ എന്നേക്കുമുള്ളതു.

൨൨ തന്റെ ദാസനായ യിസ്രായേലിന്നു അവകാശമായി തന്നേ—അവന്റെ ദയ എന്നേക്കുമുള്ളതു.

൨൩ നമ്മുടെ താഴ്ചയിൽ നമ്മെ ഓൎത്തവന്നു—അവന്റെ ദയ എന്നേക്കുമുള്ളതു.

൨൪ നമ്മുടെ വൈരികളുടെ കയ്യിൽനിന്നു നമ്മെ വിടുവിച്ചവന്നു—അവന്റെ ദയ എന്നേക്കുമുള്ളതു.

൨൫ സകല ജഡത്തിന്നും ആഹാരം കൊടുത്തവന്നു—അവന്റെ ദയ എന്നേക്കുമുള്ളതു.

൨൬ സ്വൎഗ്ഗസ്ഥനായ ദൈവത്തിന്നു സ്തോത്രം ചെയ്വിൻ; അവന്റെ ദയ എന്നേക്കുമുള്ളതു.

## ൧൩൭ാം സങ്കീൎത്തനം

ബാബേൽനദികളുടെ തീരത്തു ഞങ്ങൾ ഇരുന്നു, സീയോനെ ഓൎത്തപ്പോൾ ഞങ്ങൾ കരഞ്ഞു.

൨ അതിന്റെ നടുവിലെ അലരിവൃക്ഷങ്ങളിന്മേൽ ഞങ്ങൾ ഞങ്ങളുടെ കിന്നരങ്ങളെ തൂക്കിയിട്ടു.

൩ ഞങ്ങളെ ബദ്ധരാക്കിക്കൊണ്ടുപോയവർ: സീയോൻഗീതങ്ങളിൽ ഒന്നു ചൊല്ലുവിൻ എന്നു പറഞ്ഞു ഗീതങ്ങളെയും ഞങ്ങളെ പീഡിപ്പിച്ചവർ സന്തോഷത്തെയും ഞങ്ങളോടു ചോദിച്ചു.

൪ ഞങ്ങൾ യഹോവയുടെ ഗീതം അന്യദേശത്തു പാടുന്നതെങ്ങനെ ?

൫ യെരുശലേമേ, നിന്നെ ഞാൻ മറക്കുന്നു എങ്കിൽ എന്റെ വലങ്കൈ മറന്നുപോകട്ടെ.

൬ നിന്നെ ഞാൻ ഓൎക്കാതെപോയാൽ, യെരുശലേമിനെ എന്റെ മുഖ്യസന്തോഷത്തെക്കാൾ വിലമതിക്കാതെപോയാൽ, എന്റെ നാവു അണ്ണാക്കിനോടു പററിപ്പോകട്ടെ.

൭ ഇടിച്ചുകളവിൻ, അടിസ്ഥാനംവരെ അതിനെ ഇടിച്ചുകളവിൻ! എന്നിങ്ങനെ പറഞ്ഞ ഏദോമ്യൎക്കായി യഹോവേ, യെരുശലേമിന്റെ നാൾ ഓൎക്കേണമേ.

൮ നാശം അടുത്തിരിക്കുന്ന ബാബേൽപുത്രിയേ, നീ ഞങ്ങളോടു ചെയ്തതുപോലെ നിന്നോടു ചെയ്യുന്നവൻ ഭാഗ്യവാൻ.

൯ നിന്റെ കുഞ്ഞുങ്ങളെ പിടിച്ചു പാറമേൽ അടിച്ചുകളയുന്നവൻ ഭാഗ്യവാൻ.

## ൧൩൮ാം സങ്കീൎത്തനം

ഞാൻ പൂൎണ്ണഹൃദയത്തോടെ നിനക്കു സ്തോത്രം ചെയ്യും; ദേവന്മാരുടെ മുമ്പാകെ ഞാൻ നിന്നെ കീൎത്തിക്കും.

൨ ഞാൻ നിന്റെ വിശുദ്ധമന്ദിരത്തെ നോക്കി നമസ്കരിച്ചു, നിന്റെ ദയയും വിശ്വസ്തതയും നിമിത്തം തിരുനാമത്തിന്നു സ്തോത്രം ചെയ്യും; നിന്റെ നാമത്തിന്നു മീതെ ഒക്കെയും നീ നിന്റെ വാഗ്ദാനം മഹിമപ്പെടുത്തിയിരിക്കുന്നു.

൩ ഞാൻ വിളിച്ചപേക്ഷിച്ച നാളിൽ നീ എനിക്കുത്തരം അരുളി; എന്റെ ഉള്ളിൽ ബലം നല്കി എന്നെ ധൈൎയ്യപ്പെടുത്തിയിരിക്കുന്നു.

൪ യഹോവേ, ഭൂമിയിലെ സകല രാജാക്കന്മാരും നിന്റെ വായിൻ വചനങ്ങളെ കേട്ടിട്ടു നിനക്കു സ്തോത്രം ചെയ്യും.

൫ അതേ, അവർ യഹോവയുടെ വഴികളെക്കുറിച്ചു പാടും; യഹോവയുടെ മഹത്വം വലിയതാകുന്നുവല്ലോ.

൬ യഹോവ ഉന്നതനെങ്കിലും താഴ്മയുള്ളവനെ കടാക്ഷിക്കുന്നു; ഗൎവ്വിയെയോ അവൻ ദൂരത്തുനിന്നു അറിയുന്നു.

൭ ഞാൻ കഷ്ടതയുടെ നടുവിൽ നടന്നാലും നീ എന്നെ ജീവിപ്പിക്കും; എന്റെ ശത്രുക്കളുടെ ക്രോധത്തിന്നു നേരെ നീ കൈ നീട്ടും; നിന്റെ വലങ്കൈ എന്നെ രക്ഷിക്കും.

൮ യഹോവ എനിക്കുവേണ്ടി സമാപ്തി വരുത്തും; യഹോവേ, നിന്റെ ദയ എന്നേക്കുമുള്ളതു; തൃക്കൈകളുടെ പ്രവൃത്തിയെ ഉപേക്ഷിക്കരുതേ.

# ഇരുപത്തൊമ്പതാം തീയ്യതി

## കാലത്തെ പ്രാൎത്ഥന

### ൧൩൯ാം സങ്കീൎത്തനം

യഹോവേ, നീ എന്നെ ശോധനചെയ്തു അറിഞ്ഞിരിക്കുന്നു;

൨ ഞാൻ ഇരിക്കുന്നതും എഴുന്നേല്ക്കുന്നതും നീ അറിയുന്നു. എന്റെ നിരൂപണം നീ ദൂരത്തുനിന്നു ഗ്രഹിക്കുന്നു.

൩ എന്റെ നടപ്പും കിടപ്പും നീ ശോധന ചെയ്യുന്നു; എന്റെ വഴികളൊക്കെയും നിനക്കു മനസ്സിലായിരിക്കുന്നു.

൪ യഹോവെ, നീ മുഴുവനും അറിയാതെ ഒരു വാക്കും എന്റെ നാവിന്മേൽ ഇല്ല.

൫ നീ മുമ്പും പിമ്പും എന്നെ അടെച്ചു നിന്റെ കൈ എന്റെ മേൽ വെച്ചിരിക്കുന്നു.

൬ ഈ പരിജ്ഞാനം എനിക്കു അത്യത്ഭുതമാകുന്നു; അതു എനിക്കു ഗ്രഹിച്ചുകൂടാതവണ്ണം ഉന്നതമായിരിക്കുന്നു.

൭ നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേക്കു പോകും? തിരുസന്നിധി വിട്ടു ഞാൻ എവിടേക്കു ഓടും?

൮ ഞാൻ സ്വൎഗ്ഗത്തിൽ കയറിയാൽ നീ അവിടെ ഉണ്ടു; പാതാളത്തിൽ എന്റെ കിടക്ക വിരിച്ചാൽ നീ അവിടെ ഉണ്ടു.

൯ ഞാൻ ഉഷസ്സിൻ ചിറകു ധരിച്ചു, സമുദ്രത്തിന്റെ അറ്റത്തു ചെന്നു പാൎത്താൽ

൧൦ അവിടെയും നിന്റെ കൈ എന്നെ നടത്തും; നിന്റെ വലങ്കൈ എന്നെ പിടിക്കും.

൧൧ ഇരുട്ടു എന്നെ മൂടിക്കളയട്ടെ; വെളിച്ചം എന്റെ ചുറ്റും രാത്രിയായ്തീരട്ടെ എന്നു ഞാൻ പറഞ്ഞാൽ

൧൨ ഇരുട്ടുപോലും നിനക്കു മറവായിരിക്കയില്ല; രാത്രി പകൽപോലെ പ്രകാശിക്കും; ഇരുട്ടും വെളിച്ചവും നിനക്കു ഒരുപോലെ തന്നേ.

൧൩ നീയല്ലോ എന്റെ അന്തരംഗങ്ങളെ നിൎമ്മിച്ചതു; എന്റെ അമ്മയുടെ ഉദരത്തിൽ നീ എന്നെ മെടഞ്ഞു.

൧൪ ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു; നിന്റെ പ്രവൃത്തികൾ അത്ഭുതകരമാകുന്നു; അതു എന്റെ ഉള്ളം നല്ലവണ്ണം അറിയുന്നു.

൧൫ ഞാൻ രഹസ്യത്തിൽ ഉണ്ടാക്കപ്പെടുകയും ഭൂമിയുടെ അധോഭാഗങ്ങളിൽ നിൎമ്മിക്കപ്പെടുകയും ചെയ്തപ്പോൾ എന്റെ അസ്ഥികൂടം നിനക്കു മറവായിരുന്നില്ല.

൧൬ ഞാൻ പിണ്ഡാകാരമായിരുന്നപ്പോൾ നിന്റെ കണ്ണു എന്നെ

കണ്ടു; നിയമിക്കപ്പെട്ട നാളുകളിൽ ഒന്നും ഇല്ലാതിരുന്നപ്പോൾ അവയെല്ലാം നിന്റെ പുസ്തകത്തിൽ എഴുതിയിരുന്നു.

൧൭ ദൈവമേ, നിന്റെ വിചാരങ്ങൾ എനിക്കു എത്ര ഘനമായവ! അവയുടെ ആകത്തുകയും എത്ര വലിയതു!

൧൮ അവയെ എണ്ണിയാൽ മണലിനെക്കാൾ അധികം; ഞാൻ ഉണരുമ്പോൾ ഇനിയും ഞാൻ നിന്റെ അടുക്കൽ ഇരിക്കുന്നു.

൧൯ എൻ ദൈവമേ, നീ ദുഷ്ടനെ നിഗ്രഹിച്ചെങ്കിൽ കൊള്ളായിരുന്നു; രക്തപാതകന്മാരേ, എന്നെ വിട്ടുപോകുവിൻ.

൨൦ അവർ ദ്രോഹമായി നിന്നെക്കുറിച്ചു സംസാരിക്കുന്നു; നിന്റെ ശത്രുക്കൾ നിന്റെ നാമം വ്യൎത്ഥമായി എടുക്കുന്നു.

൨൧ യഹോവേ, നിന്നെ പകെക്കുന്നവരെ ഞാൻ പകെക്കേണ്ടതല്ലയോ? നിന്നോടു എതിൎത്തുനില്ക്കുന്നവരെ ഞാൻ വെറുക്കേണ്ടതല്ലയോ?

൨൨ ഞാൻ പൂൎണ്ണദ്വേഷത്തോടെ അവരെ ദ്വേഷിക്കുന്നു; അവരെ എന്റെ ശത്രുക്കളായി എണ്ണുന്നു.

൨൩ ദൈവമേ, എന്നെ ശോധനചെയ്തു എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ചു എന്റെ നിനവുകളെ അറിയേണമേ.

൨൪ വ്യസനത്തിന്നുള്ള മാൎഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി, ശാശ്വതമാൎഗ്ഗത്തിൽ എന്നെ നടത്തേണമേ.

## ൧൪൦ാം സങ്കീൎത്തനം

യഹോവേ, ദുഷ്ടമനുഷ്യന്റെ കയ്യിൽനിന്നു എന്നെ വിടുവിച്ചു സാഹസക്കാരന്റെ പക്കൽനിന്നു എന്നെ പാലിക്കേണമേ.

൨ അവർ ഹൃദയത്തിൽ അനൎത്ഥങ്ങൾ നിരൂപിക്കുന്നു; അവർ ഇടവിടാതെ യുദ്ധത്തിന്നു കൂട്ടംകൂടുന്നു.

൩ അവർ സൎപ്പംപോലെ തങ്ങളുടെ നാവുകളെ കൂൎപ്പിക്കുന്നു; അവരുടെ അധരങ്ങൾക്കു കീഴെ അണലിവിഷം ഉണ്ടു.

൪ യഹോവേ, ദുഷ്ടന്റെ കയ്യിൽനിന്നു എന്നെ കാക്കേണമേ; സാഹസക്കാരന്റെ പക്കൽനിന്നു എന്നെ പാലിക്കേണമേ; അവർ എന്റെ കാലടികളെ മറിച്ചുകളവാൻ ഭാവിക്കുന്നു.

൫ ഗൎവ്വികൾ എനിക്കായി കണിയും കയറും മറെച്ചുവെച്ചിരിക്കുന്നു;

വഴിയരികെ അവർ വല വിരിച്ചിരിക്കുന്നു; അവർ എനിക്കായി കുടുക്കുകൾ വെച്ചിരിക്കുന്നു.

൬ നീ എന്റെ ദൈവം എന്നു ഞാൻ യഹോവയോടു പറഞ്ഞു; യഹോവേ, എന്റെ യാചനകളെ കേൾക്കേണമേ.

൭ എന്റെ രക്ഷയുടെ ബലമായി കൎത്താവായ യഹോവേ, യുദ്ധദിവസത്തിൽ നീ എന്റെ തലയിൽ ശിരസ്ത്രം ഇടുന്നു.

൮ യഹോവേ, ദുഷ്ടന്റെ ആഗ്രഹങ്ങളെ നല്കരുതേ; നിഗളിച്ചു പോകാതിരിക്കേണ്ടതിന്നു അവന്റെ ദുരുപായം സാധിപ്പിക്കയും അരുതേ.

൯ എന്നെ വളഞ്ഞിരിക്കുന്നവരുടെ തലയോ,—അവരുടെ അധരങ്ങളുടെ ദ്രോഹം അവരെ മൂടിക്കളയട്ടെ.

൧൦ തീക്കനൽ അവരുടെമേൽ വീഴട്ടെ; അവൻ അവരെ തീയിലും എഴുന്നേല്ക്കാതവണ്ണം കുഴിയിലും ഇട്ടുകളയട്ടെ.

൧൧ വാവിഷ്ഠാണക്കാരൻ ഭൂമിയിൽ നിലനില്ക്കയില്ല; സാഹസക്കാരനെ അനൎത്ഥം നായാടി ഉന്മൂലനാശം വരുത്തും.

൧൨ യഹോവ പീഡിതന്റെ വ്യവഹാരവും ദരിദ്രന്മാരുടെ ന്യായവും നടത്തും എന്നു ഞാൻ അറിയുന്നു.

൧൩ അതേ, നീതിമാന്മാർ നിന്റെ നാമത്തിന്നു സ്തോത്രം ചെയ്യും; നേരുള്ളവർ നിന്റെ സന്നിധിയിൽ വസിക്കും.

## ൧൪൧ാം സങ്കീൎത്തനം

യഹോവേ, ഞാൻ നിന്നെ വിളിച്ചപേക്ഷിക്കുന്നു; എന്റെ അടുക്കലേക്കു വേഗം വരേണമേ; ഞാൻ നിന്നോടു അപേക്ഷിക്കുമ്പോൾ എന്റെ അപേക്ഷ കേൾക്കേണമേ.

൨ എന്റെ പ്രാൎത്ഥന തിരുസന്നിധിയിൽ ധൂപമായും എന്റെ കൈകളെ മലൎത്തുന്നതു സന്ധ്യായാഗമായും തീരട്ടെ.

൩ യഹോവേ, എന്റെ വായ്ക്കു ഒരു കാവൽ നിൎത്തി, എന്റെ അധരദ്വാരം കാക്കേണമേ.

൪ ദുഷ്പ്രവൃത്തിക്കാരോടുകൂടെ ദുഷ്പ്രവൃത്തികളിൽ ഇടപെടുവാൻ എ

ന്റെ ഹൃദയത്തെ ദുഷ്കാൎയ്യത്തിന്നു ചായ്ക്കരുതേ; അവരുടെ സ്വാദുഭോജനം ഞാൻ കഴിക്കയുമരുതേ.

൫ നീതിമാൻ എന്നെ അടിക്കുന്നതു ദയ; അവൻ എന്നെ ശാസിക്കുന്നതു തലെക്കു എണ്ണ; എന്റെ തല അതിനെ വിലക്കാതിരിക്കട്ടെ; ഇനി അവർ ചെയ്യുന്ന ദോഷങ്ങൾക്കെതിരെ എനിക്കു പ്രാൎത്ഥനയേയുള്ളു.

൬ അവരുടെ ന്യായാധിപന്മാരെ പാറമേൽനിന്നു തള്ളിയിടും; എന്റെ വാക്കുകൾ ഇമ്പമുള്ളവയാകയാൽ അവർ അവയെ കേൾക്കും.

൭ നിലം ഉഴുതു മറിച്ചിട്ടിരിക്കുന്നതുപോലെ ഞങ്ങളുടെ അസ്ഥികൾ പാതാളത്തിന്റെ വാതില്ക്കൽ ചിതറിക്കിടക്കുന്നു.

൮ കൎത്താവായ യഹോവേ, എന്റെ കണ്ണു നിങ്കലേക്കു ആകുന്നു; ഞാൻ നിന്നെ ശരണമാക്കുന്നു; എന്റെ പ്രാണനെ തൂകിക്കളയരുതേ.

൯ അവർ എനിക്കു വെച്ചിരുന്ന കണിയിലും ദുഷ്പ്രവൃത്തിക്കാരുടെ കുടുക്കുകളിലും അകപ്പെടാതവണ്ണം എന്നെ കാക്കേണമേ.

൧൦ ഞാൻ ഒഴിഞ്ഞുപോകുമ്പോഴേക്കു ദുഷ്ടന്മാർ സ്വന്ത വലകളിൽ അകപ്പെടട്ടെ.

## ഇരുപത്തൊമ്പതാം തിയ്യതി

## വൈകുന്നേരത്തെ പ്രാൎത്ഥന

### ൧൪൨ാം സങ്കീൎത്തനം

ഞാൻ യഹോവയോടു ഉറക്കെ നിലവിളിക്കുന്നു; ഞാൻ ഉച്ചത്തിൽ യഹോവയോടു യാചിക്കുന്നു.

൨ അവന്റെ സന്നിധിയിൽ ഞാൻ എന്റെ സങ്കടം പകരുന്നു; എന്റെ കഷ്ടത ഞാൻ അവനെ ബോധിപ്പിക്കുന്നു.

൩ എന്റെ ആത്മാവു എന്റെ ഉള്ളിൽ വിഷാദിച്ചിരിക്കുമ്പോൾ നീ എന്റെ പാതയെ അറിയുന്നു. ഞാൻ നടക്കുന്ന പാതയിൽ അവർ എനിക്കു ഒരു കണി ഒളിച്ചുവെച്ചിരിക്കുന്നു.

൪ വലത്തോട്ടു നോക്കി കാണേണമേ; എന്നെ അറിയുന്നവൻ ആരുമില്ലല്ലോ. ശരണം എനിക്കു പൊയ്പോയിരിക്കുന്നു; എന്റെ പ്രാണനുവേണ്ടി ആരും കരുതുന്നില്ല.

൫ യഹോവേ, ഞാൻ നിന്നോടു നിലവിളിച്ചു; നീ എന്റെ സങ്കേ
തവും ജീവനുള്ളവരുടെ ദേശത്തു എന്റെ ഓഹരിയും ആകുന്നു എന്നു
ഞാൻ പറഞ്ഞു.

൬ എന്റെ നിലവിളിക്കു ചെവിതരേണമേ. ഞാൻ ഏററവും
എളിമപ്പെട്ടിരിക്കുന്നു; എന്നെ ഉപദ്രവിക്കുന്നവർ എന്നിലും ബലവാന്മാ
രാകയാൽ അവരുടെ കയ്യിൽനിന്നു എന്നെ വിടുവിക്കേണമേ.

൭ ഞാൻ നിന്റെ നാമത്തിന്നു സ്തോത്രം ചെയ്യേണ്ടതിന്നു എന്റെ
പ്രാണനെ കാരാഗൃഹത്തിൽനിന്നു പുറപ്പെടുവിക്കേണമേ; നീ എന്നോടു
ഉപകാരം ചെയ്തിരിക്കയാൽ നീതിമാന്മാർ എന്റെ ചുററും വന്നുകൂടും.

## ൧൪൩ാം സങ്കീൎത്തനം

യഹോവേ, എന്റെ പ്രാൎത്ഥന കേട്ടു, എന്റെ യാചനകൾക്കു ചെവി
തരേണമേ; നിന്റെ വിശ്വസ്തതയാലും നീതിയാലും എനിക്കുത്തരമരു
ളേണമേ.

൨ അടിയനെ ന്യായവിസ്താരത്തിൽ പ്രവേശിപ്പിക്കരുതേ; ജീവനുള്ള
വൻ ആരും തിരുസന്നിധിയിൽ നീതിമാനാകയില്ലല്ലോ.

൩ ശത്രു എന്റെ പ്രാണനെ ഉപദ്രവിച്ചിരിക്കുന്നു; അവൻ എന്നെ
നിലത്തിട്ടു തകൎത്തിരിക്കുന്നു; പണ്ടേ മരിച്ചവരെപ്പോലെ അവൻ എന്നെ
ഇരുട്ടിൽ പാൎപ്പിച്ചിരിക്കുന്നു.

൪ ആകയാൽ എന്റെ മനം എന്റെ ഉള്ളിൽ വിഷാദിച്ചിരിക്കുന്നു;
എന്റെ ഹൃദയം എന്റെ ഉള്ളിൽ സ്തംഭിച്ചിരിക്കുന്നു.

൫ ഞാൻ പണ്ടത്തെ നാളുകളെ ഓൎക്കുന്നു; നിന്റെ സകല പ്രവൃ
ത്തികളെയും ഞാൻ ധ്യാനിക്കുന്നു; നിന്റെ കൈകളുടെ പ്രവൃത്തിയെ
ഞാൻ ചിന്തിക്കുന്നു.

൬ ഞാൻ എന്റെ കൈകളെ നിങ്കലേക്കു മലൎത്തുന്നു; വരണ്ട
നിലംപോലെ എന്റെ പ്രാണൻ നിനക്കായി ദാഹിക്കുന്നു.

൭ യഹോവേ, വേഗം എനിക്കു ഉത്തരമരുളേണമേ; എന്റെ
ആത്മാവു കാംക്ഷിക്കുന്നു. ഞാൻ കുഴിയിൽ ഇറങ്ങുന്നവരെപ്പോലെ
ആകാതിരിപ്പാൻ നിന്റെ മുഖത്തെ എനിക്കു മറെക്കരുതേ.

൮ രാവിലെ നിന്റെ ദയ എന്നെ കേൾക്കുമാറാക്കേണമേ; ഞാൻ

നിന്നിൽ ആശ്രയിക്കുന്നുവല്ലോ; ഞാൻ നടക്കേണ്ടുന്ന വഴി എന്നെ അറിയിക്കേണമേ; ഞാൻ എന്റെ ഉള്ളം നിങ്കലേക്കു ഉയൎത്തുന്നുവല്ലോ.

൯ യഹോവേ, എന്റെ ശത്രുക്കളുടെ കയ്യിൽനിന്നു എന്നെ വിടുവിക്കേണമേ; നിന്റെ അടുക്കൽ ഞാൻ മറവിന്നായി വരുന്നു.

൧൦ നിന്റെ ഇഷ്ടം ചെയ്‌വാൻ എന്നെ പഠിപ്പിക്കേണമേ. നീ എന്റെ ദൈവമാകുന്നുവല്ലോ; നിന്റെ നല്ല ആത്മാവു നേൎന്നിലത്തിൽ എന്നെ നടത്തുമാറാകട്ടെ.

൧൧ യഹോവേ, നിന്റെ നാമം നിമിത്തം എന്നെ ജീവിപ്പിക്കേണമേ; നിന്റെ നീതിയാൽ എന്റെ പ്രാണനെ കഷ്ടതയിൽനിന്നു ഉദ്ധരിക്കേണമേ.

൧൨ നിന്റെ ദയയാൽ എന്റെ ശത്രുക്കളെ സംഹരിക്കേണമേ; എന്റെ പ്രാണനെ പീഡിപ്പിക്കുന്നവരെ ഒക്കെയും നശിപ്പിക്കേണമേ; ഞാൻ നിന്റെ ദാസൻ ആകുന്നുവല്ലോ.

## മുപ്പതാം തിയ്യതി
## കാലത്തെ പ്രാൎത്ഥന

### ൧൪൪-ാം സങ്കീൎത്തനം

എന്റെ പാറയാകുന്ന യഹോവ വാഴ്ത്തപ്പെട്ടവൻ; അവൻ യുദ്ധത്തിന്നു എന്റെ കൈകളെയും പോരിന്നു എന്റെ വിരലുകളെയും അഭ്യസിപ്പിക്കുന്നു.

൨ എന്റെ ദയയും എന്റെ കോട്ടയും എന്റെ ഗോപുരവും എന്റെ രക്ഷകനും എന്റെ പരിചയും ഞാൻ ശരണമാക്കിയവനും എന്റെ ജനത്തെ എനിക്കു കിഴാക്കിത്തരുന്നവനും അവൻ തന്നേ.

൩ യഹോവേ, മനുഷ്യനെ നീ ഗണ്യമാക്കുവാൻ അവൻ എന്തു? മൎത്ത്യപുത്രനെ നീ വിചാരിപ്പാൻ അവൻ എന്തു മാത്രം?

൪ മനുഷ്യൻ ഒരു ശ്വാസത്തിന്നു തുല്യമത്രെ. അവന്റെ ആയുഷ്കാലം കടന്നുപോകുന്ന നിഴൽപോലെയാകുന്നു.

൫ യഹോവേ, ആകാശം ചായിച്ചു ഇറങ്ങിവരേണമേ; പൎവ്വതങ്ങൾ പുകയുവാൻ തക്കവണ്ണം അവയെ തൊടേണമേ.

൬ മിന്നലിനെ അയച്ചു അവരെ ചിതറിക്കേണമേ ; നിന്റെ അസ്ത്ര
ങ്ങൾ എയ്തു അവരെ തോല്പിക്കേണമേ.

൭ ഉയരത്തിൽനിന്നു തൃക്കൈ നീട്ടി എന്നെ വിടുവിക്കേണമേ:
പെരുവെള്ളത്തിൽനിന്നും അന്യജാതിക്കാരുടെ കയ്യിൽനിന്നും എന്നെ
രക്ഷിക്കേണമേ.

൮ അവരുടെ വായ് ഭോഷ്കു സംസാരിക്കുന്നു ; അവരുടെ വലങ്കൈ
വ്യാജമുള്ള വലങ്കയ്യാകുന്നു.

൯ ദൈവമേ, ഞാൻ നിനക്കു പുതിയോരു പാട്ടു പാടും; പത്തു
കമ്പിയുള്ള വീണകൊണ്ടു ഞാൻ നിനക്കു കീൎത്തനം ചെയ്യും.

൧൦ നീ രാജാക്കന്മാൎക്കു ജയം നല്കുകയും നിന്റെ ദാസനായ ദാവീ
ദിനെ ദോഷകരമായ വാളിങ്കൽനിന്നു രക്ഷിക്കയും ചെയ്യുന്നവല്ലോ.

൧൧ അന്യജാതിക്കാരുടെ കയ്യിൽനിന്നു എന്നെ വിടുവിച്ചു രക്ഷി
ക്കേണമേ ; അവരുടെ വായ് ഭോഷ്കു സംസാരിക്കുന്നു ; അവരുടെ വല
ങ്കൈ വ്യാജമുള്ള വലങ്കയ്യാകുന്നു.

൧൨ ഞങ്ങളുടെ പുത്രന്മാർ ബാല്യത്തിൽ തഴെച്ചുവളരുന്ന തൈകൾ
പോലെയും ഞങ്ങളുടെ പുത്രിമാർ അരമനയുടെ മാതിരിയായി കൊ
ത്തിയ മൂലത്തൂണുകൾപോലെയും ഇരിക്കട്ടെ.

൧൩ ഞങ്ങളുടെ കളപ്പുരകൾ വിവിധധാന്യം നല്കുവാന്തക്കവണ്ണം
നിറഞ്ഞിരിക്കട്ടെ. ഞങ്ങളുടെ ആടുകൾ ഞങ്ങളുടെ പുൽപുറങ്ങളിൽ
ആയിരമായും പതിനായിരമായും പെറ്റുപെരുകട്ടെ.

൧൪ ഞങ്ങളുടെ കാളകൾ ചുമടു ചുമക്കട്ടെ ; മതിൽ തകൎക്കുന്നതും
പടെക്കു പുറപ്പെടുന്നതും ഞങ്ങളുടെ വീഥികളിൽ നിലവിളിയും ഇല്ലാ
തിരിക്കട്ടെ.

൧൫ ഈ സ്ഥിതിയിൽ ഇരിക്കുന്ന ജനം ഭാഗ്യമുള്ളതു ; യഹോവ
ദൈവമായിരിക്കുന്ന ജനം ഭാഗ്യമുള്ളതു തന്നേ.

## ൧൪൫ാം സങ്കീൎത്തനം

൧ എന്റെ ദൈവമായ രാജാവേ, ഞാൻ നിന്നെ പുകഴ്ത്തും ; ഞാൻ നിന്റെ
നാമത്തെ എന്നെന്നേക്കും വാഴ്ത്തും.

൨ നാൾതോറും ഞാൻ നിന്നെ വാഴ്ത്തും; ഞാൻ നിന്റെ നാമത്തെ എന്നെന്നേക്കും സ്തുതിക്കും.

൩ യഹോവ വലിയവനും അത്യന്തം സ്തുത്യനും ആകുന്നു; അവന്റെ മഹിമ അഗോചരമത്രെ.

൪ തലമുറതലമുറയോടു നിന്റെ ക്രിയകളെ പുകഴ്ത്തി നിന്റെ വീൎയ്യപ്രവൃത്തികളെ പ്രസ്താവിക്കും.

൫ നിന്റെ പ്രതാപത്തിന്റെ തേജസ്സുള്ള മഹത്വത്തെയും നിന്റെ അത്ഭുതകാൎയ്യങ്ങളെയും ഞാൻ ധ്യാനിക്കും.

൬ മനുഷ്യർ നിന്റെ ഭയങ്കരപ്രവൃത്തികളുടെ ബലം പ്രസ്താവിക്കും; ഞാൻ നിന്റെ മഹിമയെ വൎണ്ണിക്കും.

൭ അവർ നിന്റെ വലിയ നന്മയുടെ ഓൎമ്മയെ പ്രസിദ്ധമാക്കും; നിന്റെ നീതിയെക്കുറിച്ചു ഘോഷിച്ചുല്ലസിക്കും.

൮ യഹോവ കൃപയും കരുണയും ദീൎഘക്ഷമയും മഹാദയയും ഉള്ളവൻ.

൯ യഹോവ എല്ലാവൎക്കും നല്ലവൻ; തന്റെ സകല പ്രവൃത്തികളോടും അവന്നു കരുണ തോന്നുന്നു.

൧൦ യഹോവേ, നിന്റെ സകല പ്രവൃത്തികളും നിനക്കു സ്തോത്രം ചെയ്യും; നിന്റെ ഭക്തന്മാർ നിന്നെ വാഴ്ത്തും.

൧൧ മനുഷ്യപുത്രന്മാരോടു അവന്റെ വീൎയ്യപ്രവൃത്തികളും അവന്റെ രാജത്വത്തിൻ തേജസ്സുള്ള മഹത്വവും പ്രസ്താവിക്കേണ്ടതിന്നു

൧൨ അവർ നിന്റെ രാജത്വത്തിന്റെ മഹത്വം പ്രസിദ്ധമാക്കി നിന്റെ ശക്തിയെക്കുറിച്ചു സംസാരിക്കും.

൧൩ നിന്റെ രാജത്വം നിത്യരാജത്വം ആകുന്നു; നിന്റെ ആധിപത്യം തലമുറതലമുറയായി ഇരിക്കുന്നു.

൧൪ വീഴുന്നവരെ ഒക്കെയും യഹോവ താങ്ങുന്നു; കുനിഞ്ഞിരിക്കുന്നവരെ ഒക്കെയും അവൻ നിവിൎത്തുന്നു.

൧൫ എല്ലാവരുടെയും കണ്ണു നിന്നെ നോക്കി കാത്തിരിക്കുന്നു; നീ തത്സമയത്തു അവൎക്കു ഭക്ഷണം കൊടുക്കുന്നു.

൧൬ നീ തൃക്കൈ തുറന്നു ജീവനുള്ളതിന്നൊക്കെയും പ്രസാദംകൊണ്ടു തൃപ്തി വരുത്തുന്നു.

൧൭ യഹോവ തന്റെ സകല വഴികളിലും നീതിമാനും തന്റെ സകല പ്രവൃത്തികളിലും ദയാലുവും ആകുന്നു.

൧൮ യഹോവ, തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവൎക്കും, സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവൎക്കും സമീപസ്ഥനാകുന്നു.

൧൯ തന്റെ ഭക്തന്മാരുടെ ആഗ്രഹം അവൻ സാധിപ്പിക്കും; അവരുടെ നിലവിളി കേട്ടു അവരെ രക്ഷിക്കും.

൨൦ യഹോവ തന്നെ സ്നേഹിക്കുന്ന ഏവരെയും പരിപാലിക്കുന്നു. എന്നാൽ സകല ദുഷ്ടന്മാരെയും അവൻ നശിപ്പിക്കും.

൨൧ എന്റെ വായ് യഹോവയുടെ സ്തുതിയെ പ്രസ്താവിക്കും; സകല ജഡവും അവന്റെ വിശുദ്ധനാമത്തെ എന്നെന്നേക്കും വാഴ്ത്തട്ടെ.

## ൧൪൬ാം സങ്കീൎത്തനം

യഹോവയെ സ്തുതിപ്പിൻ; എൻ മനമേ, യഹോവയെ സ്തുതിക്ക.

൨ ജീവനുള്ളന്നും ഞാൻ യഹോവയെ സ്തുതിക്കും; ഞാൻ ഉള്ള കാലത്തോളം എന്റെ ദൈവത്തിന്നു കീൎത്തനം ചെയ്യും.

൩ നിങ്ങൾ പ്രഭുക്കന്മാരിൽ ആശ്രയിക്കരുതു; സഹായിപ്പാൻ കഴിയാത്ത മനുഷ്യപുത്രനിലും അരുതു.

൪ അവന്റെ ശ്വാസം പോകുന്നു; അവൻ മണ്ണിലേക്കു തിരിയുന്നു; അന്നു തന്നേ അവന്റെ നിരൂപണങ്ങൾ നശിക്കുന്നു.

൫ യാക്കോബിന്റെ ദൈവം സഹായമായി തന്റെ ദൈവമായ യഹോവയിൽ പ്രത്യാശയുള്ളവൻ ഭാഗ്യവാൻ.

൬ അവൻ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും ഉണ്ടാക്കി; അവൻ എന്നേക്കും വിശ്വസ്തത കാക്കുന്നു.

൭ പീഡിതന്മാൎക്കു അവൻ ന്യായം പാലിച്ചുകൊടുക്കുന്നു; വിശപ്പുള്ളവൎക്കു അവൻ ആഹാരം നല്കുന്നു; യഹോവ ബദ്ധന്മാരെ അഴിച്ചുവിടുന്നു.

൮ യഹോവ കുരുടന്മാൎക്കു കാഴ്ച കൊടുക്കുന്നു; യഹോവ കുനിഞ്ഞിരിക്കുന്നവരെ നിവിൎത്തുന്നു; യഹോവ നീതിമാന്മാരെ സ്നേഹിക്കുന്നു.

൯ യഹോവ പരദേശികളെ പരിപാലിക്കുന്നു; അവൻ അനാഥനെയും വിധവയെയും സംരക്ഷണ ചെയ്യുന്നു; എന്നാൽ ദുഷ്ടന്മാരുടെ വഴി അവൻ മറിച്ചുകളയുന്നു.

൧൦ യഹോവ എന്നേക്കും വാഴും; സീയോനേ, നിൻെറ ദൈവം തലമുറതലമുറയോളം തന്നേ. യഹോവയെ സ്തുതിപ്പിൻ.

## മുപ്പതാം തിയ്യതി

## വൈകുന്നേരത്തേ പ്രാൎത്ഥന

### ൧൪൭-ാം സങ്കീൎത്തനം

യഹോവയെ സ്തുതിപ്പിൻ; നമ്മുടെ ദൈവത്തിന്നു കീൎത്തനം പാടുന്നതു നല്ലതു; അതു മനോഹരവും സ്തുതി ഉചിതവും തന്നേ.

൨ യഹോവ യെരൂശലേമിനെ പണിയുന്നു; അവൻ യിസ്രായേലിൻെറ ഭ്രഷ്ടന്മാരെ കൂട്ടിച്ചേൎക്കുന്നു.

൩ മനം തകൎന്നവരെ അവൻ സൌഖ്യമാക്കുകയും അവരുടെ മുറിവുകളെ കെട്ടുകയും ചെയ്യുന്നു.

൪ അവൻ നക്ഷത്രങ്ങളുടെ എണ്ണം നോക്കുന്നു; അവെക്കു ഒക്കെയും പേർ വിളിക്കുന്നു.

൫ നമ്മുടെ കൎത്താവു വലിയവനും ശക്തിയേറിയവനും ആകുന്നു; അവൻെറ വിവേകത്തിന്നു അന്തമില്ല.

൬ യഹോവ താഴ്മയുള്ളവനെ ഉയൎത്തുന്നു; അവൻ ദുഷ്ടന്മാരെ നിലത്തോളം താഴ്ത്തുന്നു.

൭ സ്തോത്രത്തോടെ യഹോവെക്കു പാടുവിൻ; കിന്നരത്തോടെ നമ്മുടെ ദൈവത്തിന്നു കീൎത്തനം ചെയ്വിൻ!

൮ അവൻ ആകാശത്തെ മേഘംകൊണ്ടു മൂടുന്നു; ഭൂമിക്കായി മഴ ഒരുക്കുന്നു; അവൻ പൎവ്വതങ്ങളിൽ പുല്ലു മുളപ്പിക്കുന്നു.

൯ അവൻ മൃഗങ്ങൾക്കും കരയുന്ന കാക്കക്കുഞ്ഞുങ്ങൾക്കും അതതിൻെറ ആഹാരം കൊടുക്കുന്നു.

൧൦ അശ്വബലത്തിൽ അവന്നു ഇഷ്ടം തോന്നുന്നില്ല; പുരുഷന്റെ തുടകളിൽ പ്രസാദിക്കുന്നതുമില്ല.

൧൧ തന്നെ ഭയപ്പെടുകയും തന്റെ ദയയിൽ പ്രത്യാശ വെക്കുകയും ചെയ്യുന്നവരിൽ യഹോവ പ്രസാദിക്കുന്നു.

൧൨ യെരൂശലേമേ, യഹോവയെ പുകഴ്ത്തുക; സീയോനേ, നിന്റെ ദൈവത്തെ സ്തുതിക്ക.

൧൩ അവൻ നിന്റെ വാതിലുകളുടെ ഓടാമ്പലുകളെ ഉറപ്പിച്ചു നിന്റെ അകത്തു നിന്റെ മക്കളെ അനുഗ്രഹിച്ചിരിക്കുന്നു.

൧൪ അവൻ നിന്റെ ദേശത്തു സമാധാനം വരുത്തുന്നു; വിശേഷമായ കോതമ്പുകൊണ്ടു നിനക്കു തൃപ്തിവരുത്തുന്നു.

൧൫ അവൻ തന്റെ ആജ്ഞ ഭൂമിയിലേക്കു അയക്കുന്നു; അവന്റെ വചനം അതിവേഗം ഓടുന്നു.

൧൬ അവൻ പഞ്ഞിപോലെ മഞ്ഞു പെയ്യിക്കുന്നു; ചാരംപോലെ നീഹാരം വിതറുന്നു.

൧൭ അവൻ നീൎക്കട്ട കഷണംകഷണമായി എറിയുന്നു; അവന്റെ കുളിർ സഹിച്ചു നില്ക്കുന്നവൻ ആർ?

൧൮ അവൻ തന്റെ വചനം അയച്ചു അവയെ ഉരുക്കുന്നു; കാറ്റു അടിപ്പിച്ചു വെള്ളത്തെ ഒഴുക്കുന്നു.

൧൯ അവൻ യാക്കോബിന്നു തന്റെ വചനവും യിസ്രായേലിന്നു തന്റെ ചട്ടങ്ങളും വിധികളും വെളിപ്പെടുത്തുന്നു.

൨൦ അങ്ങനെ യാതൊരു ജാതിക്കും അവൻ ചെയ്തിട്ടില്ല; അവന്റെ വിധികളെ അവർ അറിഞ്ഞിട്ടുമില്ല. യഹോവയെ സ്തുതിപ്പിൻ.

## ൧൪൮ാം സങ്കീൎത്തനം

യഹോവയെ സ്തുതിപ്പിൻ; സ്വൎഗ്ഗത്തിൽനിന്നു യഹോവയെ സ്തുതിപ്പിൻ; ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

൨ അവന്റെ സകല ദൂതന്മാരുമായുള്ളോരേ, അവനെ സ്തുതിപ്പിൻ; അവന്റെ സൎവ്വസൈന്യവുമേ, അവനെ സ്തുതിപ്പിൻ.

൩ സൂൎയ്യചന്ദ്രന്മാരേ, അവനെ സ്തുതിപ്പിൻ; പ്രകാശമുള്ള സകല നക്ഷത്രങ്ങളുമായുള്ളോവേ, അവനെ സ്തുതിപ്പിൻ.

൪ സ്വൎഗ്ഗാധിസ്വൎഗ്ഗവും ആകാശത്തിന്നു മീതെയുള്ള വെള്ളവും ആയുള്ളോവേ, അവനെ സ്തുതിപ്പിൻ.

൫ അവൻ കല്പിച്ചിട്ടു അവ സൃഷ്ടിക്കപ്പെട്ടിരിക്കയാൽ അവ യഹോവയുടെ നാമത്തെ സ്തുതിക്കട്ടെ.

൬ അവൻ അവയെ സദാകാലത്തേക്കും സ്ഥിരമാക്കി; ലംഘിക്കരുതാത്ത ഒരു നിയമം വെച്ചുമിരിക്കുന്നു.

൭ തിമിംഗലങ്ങളും എല്ലാ ആഴികളുമായുള്ളോവേ, ഭൂമിയിൽനിന്നു യഹോവയെ സ്തുതിപ്പിൻ.

൮ തീയും കല്മഴയും ഹിമവും ആവിയും, അവന്റെ വചനം അനുഷ്ഠിക്കുന്ന കൊടുങ്കാററും,

൯ പൎവ്വതങ്ങളും സകല കുന്നുകളും, ഫലവൃക്ഷങ്ങളും സകല ദേവദാരുക്കളും,

൧൦ മൃഗങ്ങളും സകല കന്നുകാലികളും, ഇഴജന്തുക്കളും പറവജാതികളും,

൧൧ ഭൂമിയിലെ രാജാക്കന്മാരും സകല വംശങ്ങളും, ഭൂമിയിലെ പ്രഭുക്കന്മാരും സകല ന്യായാധിപന്മാരും,

൧൨ യുവാക്കളും യുവതികളും, വൃദ്ധന്മാരും ബാലന്മാരും,

൧൩ ഇവരൊക്കെയും യഹോവയുടെ നാമത്തെ സ്തുതിക്കട്ടെ; അവന്റെ നാമം മാത്രം ഉയൎന്നിരിക്കുന്നതു. അവന്റെ മഹത്വം ഭൂമിക്കും ആകാശത്തിന്നും മേലായിരിക്കുന്നു.

൧൪ തന്നോടു അടുത്തിരിക്കുന്ന ജനമായി യിസ്രായേൽമക്കളായ തന്റെ സകല ഭക്തന്മാൎക്കും പുകഴ്ചയായി അവൻ സ്വജനത്തിന്നു ഒരു കൊമ്പിനെ ഉയൎത്തിയിരിക്കുന്നു. യഹോവയെ സ്തുതിപ്പിൻ.

## ൧൪൯ാം സങ്കീൎത്തനം

യഹോവയെ സ്തുതിപ്പിൻ; യഹോവെക്കു പുതിയോരു പാട്ടും ഭക്തന്മാരുടെ സഭയിൽ അവന്റെ സ്തുതിയും പാടുവിൻ.

൨ യിസ്രായേൽ തന്നെ ഉണ്ടാക്കിയവനിൽ സന്തോഷിക്കട്ടെ; സീയോന്റെ മക്കൾ തങ്ങളുടെ രാജാവിൽ ആനന്ദിക്കട്ടെ.

൩ അവർ നൃത്തം ചെയ്തുകൊണ്ടു അവന്റെ നാമത്തെ സ്തുതിക്കട്ടെ; തപ്പിനോടും കിന്നരത്തോടും കൂടെ അവന്നു കീൎത്തനം ചെയ്യട്ടെ.

൪ യഹോവ തന്റെ ജനത്തിൽ പ്രസാദിക്കുന്നു; താഴ്മയുള്ളവരെ അവൻ രക്ഷകൊണ്ടു അലങ്കരിക്കും.

൫ ഭക്തന്മാർ മഹത്വത്തിൽ ആനന്ദിക്കട്ടെ; അവർ തങ്ങളുടെ ശയ്യകളിൽ ഘോഷിച്ചുല്ലസിക്കട്ടെ.

൬ അവരുടെ വായിൽ ദൈവത്തിന്റെ പുകഴ്ചകളും അവരുടെ കയ്യിൽ ഇരുവായ്ത്തലയുള്ള വാളും ഉണ്ടായിരിക്കട്ടെ. ജാതികൾക്കു പ്രതികാരവും വംശങ്ങൾക്കു ശിക്ഷയും നടത്തേണ്ടതിന്നും

൭ അവരുടെ രാജാക്കന്മാരെ ചങ്ങലകളാലും അവരുടെ പ്രഭുക്കന്മാരെ ഇരുമ്പുവിലങ്ങുകളാലും ബന്ധിക്കേണ്ടതിന്നും

൮ എഴുതിയിരിക്കുന്ന വിധി അവരുടെമേൽ നടത്തേണ്ടതിന്നും തന്നേ.

൯ ഇതു അവന്റെ സൎവ്വഭക്തന്മാൎക്കും ബഹുമാനം ആകുന്നു; യഹോവയെ സ്തുതിപ്പിൻ.

## ൧൫൦ാം സങ്കീൎത്തനം

യഹോവയെ സ്തുതിപ്പിൻ; ദൈവത്തെ അവന്റെ വിശുദ്ധമന്ദിരത്തിൽ സ്തുതിപ്പിൻ; അവന്റെ ബലമുള്ള ആകാശവിതാനത്തിൽ അവനെ സ്തുതിപ്പിൻ.

൨ അവന്റെ വീൎയ്യപ്രവൃത്തികൾ നിമിത്തം അവനെ സ്തുതിപ്പിൻ; അവന്റെ മഹിമാധിക്യത്തിന്നു തക്കവണ്ണം അവനെ സ്തുതിപ്പിൻ.

൩ കാഹളനാദത്തോടെ അവനെ സ്തുതിപ്പിൻ; വീണയോടും കിന്നരത്തോടുംകൂടെ അവനെ സ്തുതിപ്പിൻ.

൪ തപ്പിനോടും നൃത്തത്തോടുംകൂടെ അവനെ സ്തുതിപ്പിൻ; തന്ത്രിനാദത്തോടും കുഴലിനോടും കൂടെ അവനെ സ്തുതിപ്പിൻ.

൫ ഉച്ചനാദമുള്ള കൈത്താളങ്ങളോടെ അവനെ സ്തുതിപ്പിൻ; അത്യുച്ചനാദമുള്ള കൈത്താളങ്ങളോടെ അവനെ സ്തുതിപ്പിൻ.

൬ ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കട്ടെ; യഹോവയെ സ്തുതിപ്പിൻ.

---

C. M. S. Press, Kottayam—1940.

# CHURCH HYMNS

*Seventh Edition.*

---

# ജ്ഞാനകീർത്തനങ്ങൾ

(പരിഷ്കരിച്ച പതിപ്പ്)

The Palathe Mart,
KOTTAYAM.

"യുവാക്കളും യുവതികളും വൃദ്ധന്മാരും ബാലന്മാരും.. ............
യഹോവയുടെ നാമത്തെ സ്തുതിക്കട്ടെ." സങ്കീ. ൧൪൮. ൧൨, ൧൩.

---

KOTTAYAM
PRINTED FOR THE
SOCIETY FOR PROMOTING CHRISTIAN KNOWLEDGE
AT THE C. M. S. PRESS
1938.

# PREFACE TO THE FIRST EDITION

A church hymn book in Malayalam has been a long-felt ant. There was a small collection of hymns published several ears ago but it was used only in a few churches, and it had the isadvantage that the hymns were not arranged according to ne Order of the Ecclesiastical year.

Sacred Lyrics sung to Indian tunes are now largely used n the churches. They are easy to sing and therefore popular. till it is felt by many that several of them are hardly suitable or use in our worship.

The compilers of this hymn book, therefore, ventured to ake a selection of the old available hymns, to get translations ade by competent persons of suitable English hymns and ospel songs; and to arrange them according to the Order of ne Ecclesiastical year. They have also added to the books as n appendix the Canticles, properly pointed, for the sake of niformity in singing, and a number of Chants in the Tonic ol-fa and the Indian Saptaswaram notations.

The compiling and editing of these hymns being the first ttempt of the kind, those who have taken part in it feel that neir responsibility is no slight one. They know the difficulties f the translator—the impossibility of retaining the full sense f the original, the difference of rhyme and rhythm in the two nguages, and the paucity of suitable words in Malayalam gain, they had not many hymns before them from which to ake a selection. With all these drawbacks, however, they ive not spared any pains to make as fair a collection as was ssible under the circumstances.

The warmest thanks of the compilers are due to the authors who have kindly placed these hymns at their disposal. They also acknowledge their indebtedness to the hymn books of the Basel and London Missionary Societies for a few hymns.

In the words of the preface to the Hymnal Companion 'it is humbly submitted to the consideration of those whom the compilers of our Liturgy address in their preface, namely, "the sober, peaceable, and truly conscientious sons of the Church of England"' in this land.

The compilers pray that it may please the Almighty, 'that inhabitest the praises of Israel,' to bless this humble work for the great glory of His Name.

KOTTAYAM,
ADVENT 1909.

## PREFACE TO THE FIFTH EDITION

A committee appointed by the Diocesan Board of Christian Literature have thoroughly revised the hymns and they have also added several new hymns. It is hoped that this new Edition will be widely used and help our public worship to be fuller and richer of the spirit of praise and of spiritual communion.

# CONTENTS

## പൊരുളടക്കം


| | Hymns |
|---|---|
| Iorning Prayer കാലത്തെ പ്രാൎത്ഥന | 1—9 |
| vening Prayer വൈകുന്നേരത്തെ പ്രാൎത്ഥന | 10—18 |
| raise and Thanksgiving സ്തുതിയും സ്തോത്രവും | 19—37 |
| dvent ആഗമനം . . . . | 38—46 |
| hristmas ക്രിസ്തുമസ് . . . | 47—60 |
| lose of the Year ആണ്ടവസാനം . . | 61—63 |
| ew Year പുതിയ ആണ്ടു . . . | 64, 65 |
| he Circumcision പരിഛ്ശേദനനാൾ . . | 66, 67 |
| he Epiphany മഹത്വപ്രകാശം . . | 68—70 |
| undays after the Epiphany മഹത്വപ്രകാശത്തിനു പിമ്പു | |
| Missions സുവിശേഷവേല . . . | 71—80 |
| ent നോമ്പു . . . | 81—99 |
| he Passion കഷ്ടാനുഭവം | |
| Palm Sunday ഹോശാനഞായറാഴ്ച . . | 100—103 |
| Christ's Sufferings and Death ക്രിസ്തുവിന്റെ കഷ്ടപ്പാടും മരണവും | 104—119 |
| Easter Eve പെസഹായിക്കു തലേനാൾ . . | 120 |
| aster പെസഹാ . . . . | 121—127 |
| undays after Easter പെസഹായിക്കു പിമ്പു | |
| The Lord's Day കൎത്തൃദിനം . . | 128—132 |
| Public Worship പരസ്യാരാധന . . | 133—143 |
| he Ascension സ്വൎഗ്ഗാരോഹണം . . | 144—148 |
| Heaven സ്വൎഗ്ഗം . . . . | 149—163 |
| hitsuntide പെന്തെക്കൊസ്തുകാലം . . | 164—172 |
| rinity Sunday ത്രിത്വഞായറാഴ്ച . . | 173—176 |

**Sundays after Trinity** ത്രിത്വത്തിന്നു പിൻ ഞായറാഴ്ചകൾ

Before Sermon പ്രസംഗത്തിന്നു മുമ്പു . . . 177—179
After Sermon പ്രസംഗം കഴിഞ്ഞിട്ടു . . . 180—182
The Word of God ദൈവവചനം . . . 183—191
Faith വിശ്വാസം . . . 192—210
Love സ്നേഹം . . . 211—221
Forgiveness ക്ഷമ . . . 222
Holiness വിശുദ്ധി . . . 223—226
Grace കൃപ . . . 227—229
Consecration പ്രതിഷ്ഠ . . . 230, 231
Joy സന്തോഷം . . . 232—238
Peace സമാധാനം . . . 239—242
Surrender and Obedience പൂൎണ്ണ അനുസരണം 243—250
Guidance and Keeping ദിവ്യ നടത്തിപ്പും കാവലും 251—263
Warfare and Temptation ജ്ഞാനയുദ്ധവും പരിക്ഷയും 264—275
Service സേവ . . . 276—283
Warning and Invitation ബുദ്ധിയുപദേശം . . . 284—302
Prayer പ്രാൎത്ഥന . . . 303—305
Refuge സങ്കേതം . . . 306, 307

**Almsgiving** ദാനധൎമ്മങ്ങൾ . . . 308
**Saints' Days** വിശുദ്ധന്മാരുടെ നാളുകൾ 309—313
**Holy Baptism** വിശുദ്ധ ബപ്തിസ്മ . . . 314, 315
**Hymns for Children** ശിശുഗാനം . . . 316—325

Sunday School Opening ഞായറാഴ്ച പഠിത്വം ആരംഭം 326
Sunday School Closing ഞായറാഴ്ച പഠിത്വം അവസാനം 327

**Confirmation** സ്ഥിരീകരണം . . . 328—330
**Holy Communion** വിശുദ്ധ സംസൎഗ്ഗം . . . 331—336
**Holy Matrimony** വിശുദ്ധ വിവാഹം . . . 337—341
**Visitation of the Sick** രോഗികളെ ദൎശിക്ക . . . 342—350
**Burial of the Dead** ശവസംസ്കാരം . . . 351—356
**Ordination** പട്ടംകൊടുക്ക . . . 357, 358

| | |
|---|---|
| or Those Who Travel യാത്രാഗീതങ്ങൾ . | 359—362 |
| Fellowship സംസർഗ്ഗം . . . | 363 |
| onsecration of a Church പള്ളിപ്രതിഷ്ഠ . | 364, 365 |
| rayer for the King രാജാവിനുവേണ്ടി പ്രാർത്ഥന | 366, 367 |
| The National Anthem സാമ്രാജ്യകീർത്തനം | 368 |
| rayer for the Country രാജ്യത്തിനുവേണ്ടി . . | 369 |
| arvest Thanksgiving വിളവിന്നായി സ്തോത്രം | 370—372 |
| eneral Hymns സാമാന്യകീർത്തനങ്ങൾ . | 373—414 |

oxologies സ്തോത്രങ്ങൾ . Page 162
he Canticles പ്രാർത്ഥനാക്രമ ഗീതങ്ങൾ ,, 165

## Index of English Originals and Tunes of Hymns in this Book


| | No. |
|---|---|
| bide with me - - - | 13, 359, 373 |
| few more years - - - | 399 |
| llein Gott in der Hott (German) - .. | 175 |
| lleluia sing to Jesus - - - | 232 |
| ll glory be to God on High - - | 176 |
| ll glory, laud and honour - - - | 102 |
| ll hail the power of Jesus' Name - - - | 20 |
| ll people that on earth do dwell - - | 141 |
| lmost persuaded - - - | 291, 388 |
| ngels from the realms of glory - - | 58 |
| round the throne of God - - | 322 |
| rt thou weary? - - - | 89 |
| s pants the hart - - - | 305 |
| s with gladness men of old - - | •70, 121 |
| t even ere the sun was set - - | 17 |
| t the Name of Jesus - - - | 346 |
| t Thy feet, O Christ - - | 148 |
| uld langsyne - - - | 301 |
| efore Jehovah's awful throne - - | 29 |
| e glad in the Lord - - - | 237 |
| ehold me standing at the door - - | 295 |
| ehold the Lamb of God - - - | 110 |
| ehold us, Lord, before Thee met - - | 330 |
| essed assurance - - - | 235 |
| essed be the fountain of blood - - | 90, 223 |
| essed Jesus, at Thy word - - - | 190 |
| est be the tie that binds - - | 363 |
| ead of heaven, on thee we feed - - | 334 |
| eak Thou the bread of life - - | 406 |
| ief life is here our portion - - | 396 |
| other, Thou art gone before us - - | 355 |
| rol, sweetly carol - - - | 56 |
| ildren of the heavenly king - - | 377 |
| ristians, awake, salute the happy morn - | 57 |
| rist the Lord is risen to-day - - | 122 |
| rist whose glory fills the skies - - | 8 |

No.

Come, every joyful, heart - - 25
Come, Holy Ghost, our souls inspire - - 170, 414
Come Holy Spirit, heavenly Dove - 172
Come, Thou precious Ransom, come - - 101
Come to Jesus - - - 323
Creator spirit by whose aid - - 166

Dolomite chant - - - 349
Draw me nearer - - - 348

Ere the words of peace and love - - 341
Eternal Father, strong to save - - 383

Far, far away in heathen darkness - - 276
Farewell, faithful friends - - - 254
Father, let me dedicate - - 65
Father of all from land and sea - - 405
Father of heaven whose love profound - 398
Father of mercies, God of love - - 371
Fear not, I am with thee - - 378
Fight the good fight - - - 266
For all the saints - - - 310
For ever with the Lord - - - 344, 352
For Thy mercy and Thy grace - - 61
Fountain of good to own Thy love - - 308
From Greenland's icy mountains - - 71

Glorious things of thee are spoken - - 400
Glory be to Jesus' Name - - 30, 300
Glory to Thee, my God, this night - - 10
Go, bury thy sorrow - - - 289, 302
God be with you - - - 362
God from on high hath heard - - 50
God moves in a mysterious way - - 201
God of mercy - - - 97
God save our gracious king - - - 366, 368
God the Father, God the Son - - 413
Grace! 'tis a charming word - - - 229
Great God, and wilt Thou condescend - 320
Great God, what do I see and hear? - - 43
Great High Priest, we see Thee stooping - 119
Guide me, O Thou, great Jehovah - - 77, 253

Halleluiah, He is risen - - 126
Hark, hark, my soul - - - 192, 312

| | No. |
|---|---|
| ırk, my soul, it is the Lord | 216 |
| ırk, sinner, while God | 296 |
| ark the glad sound | 40 |
| ark, the herald angels sing | 53, 341 |
| ark the sound of holy voices | 5, 311 |
| ark the voice of love and mercy | 109 |
| ave you any room for Jesus | 298 |
| ave you been to Jesus | 224, 248 |
| e leadeth me | 260 |
| ere we suffer grief and pain | 48, 76, 152, 339, 347 |
| old the fort | 72, 267, 272 |
| oly Bible, Book Divine | 187 |
| oly, Holy, Holy | 173, 140 |
| oly Spirit, faithful guide | 261 |
| ow firm a Foundation | 381 |
| ow I praise Thee | 191 |
| ow sweet the Name of Jesus sounds | 23 |
| ush, blessed are the dead | 354 |
| am a child of grace | 228 |
| am coming to the Cross | 93, 231 |
| am not worthy, Holy Lord | 333 |
| feel like singing | 37 |
| gave my life for Thee | 278 |
| heard the voice of Jesus | 410 |
| left it all with Jesus | 292 |
| love to think of the heavenly land | 219 |
| n not ashamed to own my Lord | 390 |
| n so glad that our Father in heaven | 218 |
| need Thee every hour | 402 |
| excelsis gloria | 49 |
| the hour of trial | 274 |
| ve found a friend | 401 |
| ve reached the land | 45 |
| was a wandering sheep | 94 |
| erusalem, Jerusalem | 391 |
| erusalem, my happy home | 151 |
| esu, lover of my soul | 86 |
| esu, meek and gentle | 318 |
| esus and shall it ever be | 36 |
| esus bids us shine | 325 |
| esus comes, His conflict over | 131 |
| esus, gracious one | 288 |
| esus is our Shepherd | 321 |

Jesus, keep me near the Cross - - -
Jesus loves me - - -
Jesus, my Saviour, to Bethlehem came - -
Jesus of Nazareth passeth by - -
Jesus shall reign - ... - -
Jesus, the very thought of Thee - - 27,
Just as I am - - - -

Knocking, knocking, who is there? - -

Lead kindly light - - - 222,
Lead us, heavenly Father - - 287,
Let me be with Thee where Thou art - -
Let us sing of His love once again - -
Like a river glorious - - -
Like silver lamps - - -
Lo! He comes with clouds descending - -
Lord, dismiss us - - -
Lord, I hear of showers of blessing - -
Lord Jesus, are we one with Thee - - 336,
Lord Jesus, Thou dost keep - - -
Lord of love and truth - - -
Lord, while for all mankind - - -

Master, the tempest is raging - -
More holiness give - - - -
Must I go?—and empty-handed - -
My faith looks up to Thee - - -
My God, and is Thy table spread? - -
My God, my Father, while I stray - -
My hope is built on nothing less - -
My Jesus I love Thee - - -
My song shall be of Jesus - -

Nearer, my God, to Thee - - - 64,
New every morning is the love - -
Nothing but the blood of Jesus - -
Now thank we all our God - -
Now the day is over - - - 12,
Now the labourer's task is o'er - -

O blessed day when first was poured - -
O Christ, in Thee - - -
O come, O come, Immanuel - - -
O day of rest and gladness - -
Oft in danger, oft in woe - - -

| | No. |
|---|---|
| ɔod, our help in ages past | 209 |
| ɔod, the rock of ages | 63 |
| ıappy day | 234 |
| come, all ye faithful | 52 |
| come and mourn with me awhile | 106 |
| King of kings, Thy blessing shed | 367 |
| think of the home over there | 158 |
| Jesus, I have promised | 329 |
| Lord, our hearts | 327 |
| Jesus, King most wonderful | 32 |
| Calvary's brow my Saviour died | 107 |
| ce in royal David's city | 54 |
| ıce to every man | 197 |
| ıly a few more years | 353 |
| ıly an armour-bearer | 269 |
| ıward, Christian soldiers | 265 |
| ɔen now the gates of beauty | 143 |
| ır blest Redeemer ere He breathed | 168 |
| weary heart there is | 210 |
| ss me not, O gentle Saviour | 96 |
| ace, perfect peace | 241, 389 |
| ɛasant are Thy Courts above | 185 |
| ur out Thy Spirit | 357 |
| aise Him, praise Him | 31 |
| aise, my soul, the King of heaven | 34, 41, 169 |
| aise the Lord | 188 |
| ay, always pray | 194 |
| ecious promise, God hath given | 259 |
| ɛjoice the Lord is King | 392 |
| ɛscue the perishing | 73 |
| ɛvive Thy work, O Lord | 79 |
| de on, ride on | 103 |
| ng the bells of heaven | 238 |
| ɔck of ages, cleft for me | 84 |
| ıfe in the arms of Jesus | 198, 306 |
| ılvation Oh the joyful sound | 28 |
| ıviour, again to Thy dear Name | 256, 307 |
| ıviour, like a shepherd lead us | 82 |
| ıall we gather at the river? | 88, 164 |
| ıowers of blessing | 193, 376, 382 |
| mply trusting every day | 249 |
| nful sighing to be blest | 92 |

Some day the silver cord shall break - 3
Sound the battle cry - - - 2
Stand up, stand up for Jesus - - 51, 2
Sun of my soul - - -
Sweet hour of prayer - - 136, 177, 3
Sweet Saviour, bless us - - - 15, 3

Take me as I am - - -
Take my life and let it be - - 2
Take time to be holy - - - 28
Take up thy cross - - - 27
Tell me the old, old story - - 69, 21
Tenderly guide us - - - 26
The Church's one foundation - - 207, 36
The Eden above - - 15
The glory song - - - - 15
The Great Physician - - 233, 29
The home over there - - - 2
The King of love my shepherd is - - 40
The Lord will come, the earth shall quake - - 3
The strain, upraise of joy and praise - - 41
The strife is o'er - - - - 12
The sweet by and by - - - 157, 31
The voice that breathed o'er Eden - - 33
There is a city bright - - - 31
There is a fountain - - - - 208
There is a happy land - - - 149, 16
There is a home eternal - - - 16
There is a land, a sunny land - - 26, 16
There is life for a look - - - 290
There is no love - - - 220
There is no night in heaven - - - 150
Thine for ever, God of love - - 204
Thou whose almighty word - - - 124
Through the love of God our Saviour - 205
To the name of our salvation - - - 67
Thy word is a lamp - - - 189

We are soldiers of Christ - - - 273
We have heard the joyful sound - - 263, 411
Weil ich Jesu (German) - - 3, 255, 257
We come, Lord to Thy feet - - 326
We speak of the realms - - 236, 250
What a friend we have - - - 19, 303
What our Father does is well - - - 370

| | No. |
|---|---|
| [W]hat, what is this? | 351 |
| [W]hen His salvation bringing | 100 |
| [W]hen I survey the wondrous Cross | 108 |
| [W]hen the trumpet of the Lord shall sound | 42 |
| [W]hen this passing world | 345 |
| [W]hen upon life's billows | 397 |
| [W]hile shepherds watched | 60 |
| [W]ho are these like stars? | 7 |
| [W]ho is He in yonder stall? | 33 |
| [W]ho is this so weak and helpless? | 99, 409 |
| [W]ho, who are these? | 46 |
| [W]ith joy we meditate the grace | 221 |
| [W]ith songs of grateful praise | 125 |
| [W]ith songs and honours | 372 |
| [W]onderful words of life | 186, 297 |
| [W]ork, for the night is coming | 283 |
| [Y]e boundless realms of joy | 22 |
| [Y]e watchers and ye holy ones | 404 |
| [Y]ield not to temptation | 268 |
| [Z]ion's daughter, weep no more | 105 |
| [Z]ion's King shall reign victorious | 80 |

# Metrical Index

### C. M.

2. 4. 23. 27. 32. 40.
55. 60. 68. 81. 85. 91.
135. 138. 139. 145. 151.
156. 171. 172. 178. 181.
196. 201. 208. 209. 214.
221. 243. 258. 280. 281.
305. 308. 327. 332. 333.
336 369. 371. 384. 394.
395. 403.

### C. M. with Chorus.

26. 28. 37. 162. 322.
390. Dox. 5.

### D. C. M.

239. 240. 372. 391.

### C. M. P.

20.

### L. M.

1. 6. 9. 10. 11. 14.
16. 17. 29. 36. 38. 62.
66. 75. 83. 106. 108. 111.
113. 128. 129. 130. 133.
134. 141. 142. 144. 146.
159. 167. 170. 174. 179.
182. 195. 203. 213. 245.
266. 277. 295. 313. 320.
326. 328. 335. 342. 357.
358. 364. 374. 379. 385.
386. 398. Dox. 1. 2. 3. 4. & 7.

### L. M. with Chorus.

45. 103. 107. 210. 234.
260. 387.

### D. L. M.

90. 136. 177. 223. 304.

### S. M.

21. 50. 104. 150. 165. 215.
226. 227. 244. 353. 363.

### S. M. with Chorus.

229. 399.

### D. S. M.

79. 94. 344. 352.

### P. M. (Irregular)

31. 33. 42. 45. 48. 49.
52. 59. 64. 76. 88. 127. 140.
152. 154. 155. 158. 161.
163. 164. 173. 186. 189.
193. 238. 242. 262. 263.
269. 275. 283. 288. 290.
291. 292. 293. 294. 297.
299. 301. 310. 312. 325.
339. 347. 351. 355. 375.
376. 378. 380. 382. 388.
397. 404. 407. 411. Dox. 10.

### *6.4.6.3.*

114—118.

### *6.4.6.4.6.6.6.4.*

200. Dox. 6.

### *6.4.6.4.6.7.6.4.*

149.

### *6.4.6.4.7.6.7.4.*

402.

### *6.5.6.5.*

12. 18. 87. 318.

*6.5.6.5.D.*
265. 274. 284. 321. 346.

*6.6.4.6.6.6.4.*
74. 124. 368.

*6.6.5.6.*
319.

*6s.*
349. 354.

*D. 6s.*
56.

*6.6.6.6.8.8.*
22. 25. 125. 392.

*6.7.6.7.6.6.6.6.*
35.

*Six.6s.*
278.

*Six. 7s.*
8. 70. 84. 105. 120.
121. 148. 309. 334. 345.
370.

*Six. 8s.*
15. 44. 137. 166. 199.
330. 360. 383.

*7.6.7.6.*
102. 316. 324. 337. 396.

*7.6.7.6.D.*
51. 63 69. 71. 78. 100.
132. 198. 207. 211. 252.
270. 306. 329. 365.

*7s.*
61. 92. 93. 122. 123.
160. 187. 204. 212. 216.
230. 249. 264. 271. 317.
338. 356. 377. 393.

*7s. D.*
47. 53. 86. 185. 231.
261. 341. Dox. 11.

*7.7.8.8.7.7.*
3. 255. 257. 343.

*7.8.7.8.*
206.

*7.8.7.8.7.7.*
101.

*8.4.8.4.8.8.8.4.*
205.

*8.5.8.3.*
89.

*8.5.8.5.*
72. 96.

*8.5.8.5. with chorus.*
267. 272.

*8.6.8.4.*
168.

*8.6.8.6.D.*
410.

*8.7.8.7.*
80. 97. 99. 112. 147.
183. 184. 228. 259. 282.
285. 298. 303. 314. 331.
408. 409.

*8.7.8.7.D.*
5. 19. 119. 188. 191.
197. 232. 233. 311. 400.
Dox. 8.

*8.7.8.7.6.7.*
98.

*8.7.8.7.7.7.*

7. 54. 131. 143.

*8.7.8.7.8.7.*

34. 39. 41. 58. 67. 77.
82. 109. 126. 169. 180.
253. 287. 340. Dox. 9.

*8.7.8.7.8.8.7.*

43. 175. 176.

*8.8.6.6.*

323.

*8.8.6.D.*

286.

*8.8.8.4.*

246. 405.

*8.8 8.6.*

95.

*8.9.8.8.*

236. 250.

*9.6.9.6.*

219.

*9.8.8.9.*

362.

*9.9.9.7.*

300.

*9s. with chorus*

24. 157. 217. 235. 237.
315.

*10.4.10.4.10.10.*

222. 251. Dox. 12. 13.

*10.6.10.6.*

220.

*10.7.10.7.*

348.

*10.10.6.6.6.4.*

250.

*10s.*

13. 57. 194. 218. 241.
256. 307. 359. 373. 389.
406.

*10.10.9.7.*

30.

*11.9.11.9.*

224. 248.

*11.10.11.10.*

192. 276.

*11.10.11.10.11.10.*

73.

*11.11.11.10.*

254.

*11s.*

153. 202. 225. 247
268. 279. 289. 302. 361.
381.

*12.9.12.9.*

273.

*12.11.12.11.*

256.

# INDEX OF FIRST LINES

## ആദ്യവരി അകാരാദി


| | നമ്പ്ര് |
|---|---|
| അജ്ഞാനം ലോകത്തെ | 79 |
| അതിമഹത്തായ് വിലഏറിയ | 194 |
| അത്യുന്നതൻ കൃപാൽ | 50 |
| അത്യുന്നത ദൈവസുതൻ | 250 |
| അത്ഭുതരാജൻ യേശുവേ | 32 |
| അദ്ധ്വാനിക്കുന്ന ഭാരവാഹികളേ | 289 |
| അനാദ്യനാം ദൈവമേ | 63 |
| അന്യനായ എന്നെ യേശു | 82 |
| അൻപോലും യേശുദേവനേ | 133 |
| അല്പം നാളുകൂടെ | 353 |
| അല്പമായുസ്സും ഖേദം | 396 |
| ആകാശത്തിൻ മീതെ | 346 |
| ആട്ടിടയർ കുമ്പിട്ടും | 33 |
| ആട്ടിടയർ രാത്രികാലേ | 60 |
| ആത്മ ശ്രേഹി ദേഹത്തെ | 231 |
| ആത്മാവാകുന്ന ദൈവമേ | 167 |
| ആത്മാവാം വഴികാട്ടി | 261 |
| ആത്മാവിൽനിന്നു ജനിച്ച | 195 |
| ആത്മാവേ നീ ഉണരേണേ | 5 |
| ആത്മാവേ വന്നു ഞങ്ങളെ | 170 |
| ആത്മാവേ, വന്നാവേശിക്ക | 315 |
| ആദിത്യൻ ഉദിച്ചിടുന്ന | 75 |
| ആദിത്യൻ പ്രഭാതകാലേ | 1 |
| ആദിയിൽ ദിവ്യ ദാനരെ | 358 |
| ആദ്യന്തമില്ലാത്ത നാഥൻ | 58 |
| ആദ്യവിവാഹനാളിൽ | 337 |
| ആനന്ദിച്ചു ഘോഷിപ്പിൻ | 338 |
| ആപൽഖേദകാലത്തിൽ | 271 |
| ആയുധവാഹി മാത്രം | 269 |
| ആരുടെ ചിന്ത ദൈവത്തിൽ | 239 |
| ആവസിക്ക മാനുവേലനേ നീ | 373 |
| ആശിഷമാരി ഉണ്ടാകും | 332 |
| ആശ്വാസപ്രദനേ | 165 |
| ആശ്രയിക്കുന്നിതാ ആശീർവദിക്ക | 361 |
| ഇന്നു തീരും വർഷത്തിൽ | 61 |
| ഇന്നേയോളം ഉണച്ചോനേ | 209 |
| ഇന്നോളം അറിയാപ്പുള്ള | 394 |
| ഇമ്പമോടാശിസ്സുകൾ | 341 |
| ഇമ്മാനുവേൽ തൻ ചങ്കതിൽ | 208 |
| ഇവിടെ നാം ദുഃഖിച്ചു | 152 |
| ഈ ആലയത്തെ കർത്താ നിൻ | 364 |
| ഈ പകലിൽ എന്നെ | 12 |
| ഈ ലോകത്തിൽ നാം പാർക്കുമ്പോൾ | 159 |
| ഉത്തരഹിമാദ്രികൾ | 71 |
| ഉദിച്ചുയർന്നിപ്പോളിതാ | 2 |
| ഉന്നതത്തിൽ മഹത്വം | 69 |
| എടുക്ക നിൻെറ ക്രൂശിനെ | 277 |
| എനിക്കായ് ചിന്തി നിൻ രക്തം | 83 |
| എന്നാത്മരക്ഷകൻ യേശു | 243 |
| എന്നാത്മാവേ ദൈവജനത്തിന്നു | 389 |
| എന്നാത്മാവേ വാഴ്ത്തുക നീ | 19 |
| എന്നിടയൻ യേശുവേ | 257 |
| എന്നിടയൻ സ്നേഹരാജൻ | 408 |
| എന്നെ നിത്യനാശമാറ്റും | 267 |
| എന്നെ രക്ഷിപ്പാൻ ഉന്നതം വിട്ടു | 348 |
| എന്നെ വീണ്ട രക്ഷകൻെറ | 26 |
| എന്നെ വീണ്ടെടുത്ത നാഥൻ | 41 |
| എന്നെ സൃഷ്ടിച്ച മാ ദൈവം | 376 |
| എന്നേശു തൻ വിലതിരാ | 219 |
| എന്നേശുവിൻ സ്നേഹം | 220 |
| എൻ ആത്മ താരകേ | 118 |
| എൻ ആത്മ സ്നേഹിതാ | 226 |
| എൻ ആത്മാവിൻ ആദിത്യനേ | 11 |
| എൻ ആത്മാവേ ഉണരുക | 6 |
| എൻ ആത്മാവേ കേൾക്ക നീ | 160 |
| എൻ ആത്മാവേ നീ ദുഃഖത്താൽ | 210 |
| എൻ ആത്മാവേ ചിന്തിക്കുക | 387 |
| എൻ ആശ യേശുവിൽ തന്നേ | 199 |
| എൻ ജീവൻ [illegible] തന്നു | 278 |
| എൻ ജീവനാം എൻ ദൈവമേ | 374 |
| എൻ ദൈവമേ നടത്തുകെന്നെ നീ | 251 |
| എൻ ദൈവമേ നിൻ മേശമേൽ | 335 |
| എൻ നാഥനെ ഏറ്റുചൊൽവാൻ | 390 |

| | നമ്പ്ര് |
|---|---|
| എൻ നിമിത്തം പോകുക | 76 |
| എൻ പാപഭാരം ചുമന്നു | 111 |
| എൻ പ്രതിജ്ഞ കർത്താവേ | 329 |
| എൻ പ്രിയൻ എനിക്കുള്ളവൻ | 214 |
| എൻ പ്രിയന്റെ സ്വരം | 215 |
| എൻ ഭാരതാപങ്ങൾ നീങ്ങീടുമ്പോൾ | 154 |
| എൻ യേശു എൻ പ്രിയൻ | 247 |
| എൻ യേശുവെ മാത്രം ഞാൻ | 276 |
| എൻ രക്ഷകാ മറക്കല്ലേ | 96 |
| എൻ രക്ഷകാ എൻ ദൈവമേ | 234 |
| എൻ രക്ഷിതാവാം യേശുവേ | 384 |
| എൻ വനജീവിതം എന്നു തീരും | 380 |
| എൻ സ്നേഹംമൂലം ഞാൻ | 117 |
| എന്റെ ഇടയൻ യഹോവാ | 383 |
| എന്റെ തോഴരേ കൊടി കാൺ | 272 |
| എന്തു നല്ലോർ സഖി യേശു | 303 |
| എപ്പോഴും ഞാൻ സന്തോഷിക്കും | 233 |
| എല്ലാജനങ്ങളും വരീൻ | 29 |
| എല്ലാരും പാടി സ്തുതിപ്പിൻ | 412 |
| എല്ലാരും യേശുനാമത്തെ | 20 |
| ഏഴപ്പെട്ട ശിശുവാമീ | 409 |
| ഒന്നുമില്ലായ്മയിൽ നിന്നെന്നെ | 24 |
| ഒന്നും ഭയപ്പെടേണ്ടാ | 198 |
| ഒരാണ്ടുകൂടെ കഴിഞ്ഞു | 62 |
| ഓ ചിന്തിക്ക മേൽമന്ദിരം | 158 |
| ഓടിക്കൂടിൻ യേശുവോടു | 103 |
| കണ്ടാലും യേശു വരുന്നു | 39 |
| കർത്തനിൽ ആർത്തു സന്തോഷിക്ക | 237 |
| കർത്തന്റെ കൂടെന്നും | 352 |
| കർത്തൻ തന്ന നൽ വാഗ്ദാനം | 259 |
| കർത്തൻ എന്നെ നടത്തുന്നു | 260 |
| കർത്താ കൊടുങ്കാറ്റടിച്ചു | 242 |
| കർത്താവിനെ നാം സ്തുതിക്ക | 37 |
| കർത്താവിന്നാലയം മഹാ | 136 |
| കർത്താവു വരും ലോകവും | 33 |
| കർത്താവു വാഴുന്നു | 392 |
| കർത്താവേ എന്നെ കോപമായ് | 81 |
| കർത്താവേ എൻ അന്ത്യനാളിൽ | 156 |
| കർത്താവേ ദൂതസേവിതാ | 330 |
| കർത്താവേ നിന്റെ വചനം | 181 |
| കർത്താവേ നിന്റെ നാമത്തെ | 327 |
| കർത്താവേ നിന്റെ ആലയം | 135 |
| കർത്താവേ നീ ഇന്നേരത്തിൽ | 177 |
| കർത്താവേ നീ ഈ നേരത്തിൽ | 178 |

| | നമ്പ്ര് |
|---|---|
| കർത്താവേ വരേണമേ | 365 |
| കർത്താവേ സ്വർഗ്ഗത്തിൽനിന്നു | 328 |
| കർത്തൃകാഹളം യുഗാന്ത്യകാലത്തിൽ | 42 |
| കർത്തൃനാളാകും ശാബത | 129 |
| കരുണയുള്ള യേശുവേ | 16 |
| കരേറിപ്പോയെൻ രക്ഷകൻ | 144 |
| കലാശിച്ചു കഠോരപോർ | 127 |
| കാടേറിയാടു ഞാൻ | 94 |
| കാണുംവരെ ഇനി നാം തമ്മിൽ | 362 |
| കാൽവറിയിൽ എൻപേർക്കഹോ | 45 |
| കാൽവറിമേൽ മരിച്ചേശു | 107 |
| കാൽവറി മുടി മുഴങ്ങും | 109 |
| കാൽവാരിയോളവും | 115 |
| കുഞ്ഞാട്ടിൻ രക്തത്തിലുണ്ടെനിക്കായ് | 375 |
| കുറെ വർഷങ്ങൾ പോയ് | 399 |
| കൂടെ പാർക്ക നേരം വൈകുന്നിതാ | 13 |
| കൃപ മനോഹരം | 229 |
| കൃപയുള്ള ത്രിയേകനെ | 340 |
| കൃപയുള്ള രക്ഷിതാവേ | 314 |
| കേൾ ആഗമനത്തിൻ ആർപ്പു | 40 |
| കേൾക്ക എന്റെ ആത്മാവേ | 216 |
| കേൾക്ക ദൂത സൽസ്വരം | 53 |
| കേൾ ആത്മാവേ ദൂതരിൻ | 312 |
| കേൾക്ക കാഹളധ്വനി | 411 |
| ക്രിസ്തുജന്മൽ ചാരി തൻ | 354 |
| ക്രിസ്തു എന്നോടു ക്ഷമിച്ചതുപോൽ | 222 |
| ക്രിസ്തു നമുക്കൊരുക്കും | 324 |
| ക്രിസ്തുമൂലം നാം പ്രാർത്ഥിച്ചാൽ | 139 |
| ക്രിസ്തുയേശു എവിടെ ? | 120 |
| ക്രിസ്തുവിന്റെ ഗാനം എത്ര മധുരം | 202 |
| ക്രിസ്തുവിന്റെ സുവിശേഷം | 133 |
| ക്രിസ്തുവിൻ സ്നേഹത്തിൽ | 263 |
| ക്രിസ്തു വീണ്ടും ജീവിച്ചു | 122 |
| ക്രിസ്തുസൈന്യമേ വാ | 265 |
| ക്രൂശിൻ പടയാളികൾ | 264 |
| ക്രൂശിൻ പോരാളിയായ് നില്ക്ക നീ | 315 |
| ക്രൂശോടു പോകുന്ന | 116 |
| ക്രൈസ്തവരേ വന്ദനക്കുണരിൻ | 57 |
| ക്രോബീം സ്രാഫീം വാഴ്ത്തുകളെ | 404 |
| ഖേദിക്കേണ്ടാ ആത്മാവേ | 343 |
| ഗെത്ത്ശമനേ ചെന്നു | 104 |

| | നമ്പ്ര് |
|---|---|
| ഗോശാലേ ജാതനായോനേ | 55 |
| ചേരുമേശുവിൽ ദിനം | 249 |
| ജലാശയേ പടവൊന്നു | 395 |
| ജീവനുണ്ടാം ഏകനോട്ടത്താൽ | 290 |
| ഝടുതിയായ് പോകുന്ന | 293 |
| ഞങ്ങൾ മദ്ധ്യേ വന്ന കർത്താ | 360 |
| ഞാനെന്നും എൻ യേശു | 381 |
| ഞാനയോഗ്യൻ ശുദ്ധനാഥാ | 333 |
| ഞാൻ ദിനംതോറും | 244 |
| ഞാൻ യേശുവിൽ വിട്ടെല്ലാം | 292 |
| ഞാൻ വരുന്നു ക്രൂശിങ്കൽ | 93 |
| ഞാൻ വാതുക്കൽ മുട്ടുന്നിതാ | 295 |
| തകർന്ന ഹൃദയത്തിങ്കൽ | 91 |
| തൻ അങ്കി ചാർത്തിയും | 114 |
| തൻ ജീവനെയും തന്നെന്നെ | 279 |
| താതാ സുതാ ശുദ്ധാത്മാ | 413 |
| താഴെ സഭ മേലിൽ സൈന്യം | 147 |
| തീർന്നു പകൽക്കാലം | 18 |
| ദീനദയാലോ ദൈവമേ | 97 |
| ദുഃഖമുള്ള ആത്മാവേ | 345 |
| ദൂരെക്കാണും വെള്ളി ദീപംപോൽ | 59 |
| ദൈവകുഞ്ഞാടിതാ | 110 |
| ദൈവത്തിൻ കുഞ്ഞാടു | 124 |
| ദൈവത്തിന്റെ ഇഷ്ടത്തിന്നും | 286 |
| ദൈവത്തിന്റെ പുത്രന്മാർ | 309 |
| ദൈവത്തിൻ പുത്രനാം | 406 |
| ദൈവത്തിൻ പൈതലേ | 193 |
| ദൈവത്തിന്റെ സ്നേഹംമൂലം | 223 |
| ദൈവത്തിന്റെ സുവിശേഷം | 184 |
| ദൈവത്തിൻ ഹിതം അനുസരിപ്പു | 248 |
| ദൈവത്തിൻ ഹിതം സദാ | 252 |
| ദൈവത്തെ നാം സ്നേഹിക്കണം | 280 |
| ദൈവത്തെ സ്തുതിക്ക | 35 |
| ദൈവപുരമാം സീയോനെ | 400 |
| ദൈവമേ ഈ ആണ്ടിനെ | 65 |
| ദൈവമേ കേൾക്കുക | 366 |
| ദൈവമേ തിരുവചനം | 182 |
| ദൈവമേ നിൻ അറിവാലെ | 191 |
| ദൈവമേ നിൻ സ്നേഹത്തോടെ | 180 |
| ദൈവമേ മഹാപാപിയാം | 90 |
| ദൈവമേ രക്ഷിക്ക | 368 |
| ദൈവമേ വിശുദ്ധമാം | 135 |
| ദൈവാത്മാവേ വന്നരുളുക | 414 |
| ദൈവം തൻ മർമ്മമോരോന്നും | 261 |
| ദൈവം നന്മയെ ചെയ്യു | 370 |
| ധ്വനിക്കും അന്ത്യകാഹളം | 43 |
| നന്മെക്കെല്ലാം കാരണനേ | 308 |
| നമ്മുടെ കർത്താവാം യേശു | 106 |
| നല്ല പോർ ചെയ്തു ധൈര്യമായ് | 266 |
| നല്ലിടയനാം യേശു രക്ഷകൻ | 256 |
| നല്ലോരു രക്ഷകാ എന്നെ | 15 |
| നല്കുക ദൈവമേ | 74 |
| നൽ ഭാഗ്യരാജ്യം കാൺ | 161 |
| നാം ദൈവകൃപയിൽ | 227 |
| നാശപാപികളെ രക്ഷിപ്പാൻ | 73 |
| നിത്യനാം പിതാവേ | 140 |
| നിത്യനായ യഹോവായേ | 253 |
| നിത്യമായി സ്നേഹിച്ചു | 349 |
| നിത്യവീടൊന്നുണ്ടതു | 163 |
| നിന്നന്തികെ ഞാൻ പാർക്കട്ടെ | 379 |
| നിന്നെ വേണം സദാ | 402 |
| നിന്നോടെൻ ദൈവമേ | 200 |
| നിന്നീടിൻ യേശുവിന്നായ് | 270 |
| നിൻ കരുണകൾ കർത്താവേ | 258 |
| നിൻ കൃപയാലെ ദൈവമേ | 134 |
| നിൻ തിരുരക്തം ചിന്തി നീ | 245 |
| നിൻ വേദം എൻ കാലിന്നു | 189 |
| നിൻ സ്വന്ത നാമത്തിന്നു | 78 |
| നിന്റേതെന്നും ദൈവമേ | 204 |
| നീതിമാന്മാരിൻ കൂടാരങ്ങളിൽ | 407 |
| നീ ക്ഷീണിച്ചോ നീ വലഞ്ഞോ | 89 |
| പകരണം നിന്നാത്മാവേ | 357 |
| പരിശുദ്ധർ പാടുന്ന കേൾ | 311 |
| പരിശുദ്ധാത്മാവേ നിന്നാൽ | 169 |
| പരീക്ഷാനാൾ യേശു | 274 |
| പാടിൻ ഇമ്പ ഗീതം | 56 |
| പാത അറിയാത്തോരെ | 393 |
| പാപക്കടം തീർക്കുവാൻ | 206 |
| പാപത്തിൻ വൻ വിഷത്തെ | 30 |
| പാപപാശത്താൽ ബദ്ധൻ | 92 |
| പാപഭാരം ചുമന്നോനാം | 298 |
| പാപിക്കായുള്ളോരുറവ | 223 |
| പാപികളെ രക്ഷിച്ചീടുവാൻ | 291 |
| പാപികളേ കേട്ടുകൊൾവിൻ | 287 |

| | നമ്പ്ര് |
|---|---|
| പാപികൾക്കു ആശ്രയം | 101 |
| പാപം ലോകത്തിൽ വന്നതാൽ | 297 |
| പാപം ചെയ്യുതിനാലുളവാം | 300 |
| പാരം ആനന്ദത്തോടെ | 70 |
| പാരിൽ നിനക്കു സാക്ഷിനിന്ന | 310 |
| പിതാവേ നിന്റെ ശക്തിയും | 175 |
| പിതാവേ സ്നേഹം ഞങ്ങളിൽ | 174 |
| പിശാചു ജഡം ലോകവും | 85 |
| പിളർന്നോരു പാറയെ | 84 |
| പുതുവത്സരത്തിൻ | 64 |
| പേടിവേണ്ട ലേശം | 378 |
| പൈതങ്ങളേ വരുവിൻ | 316 |
| പൊന്നേശുവേ ജീവനാഥാ | 336 |
| പൊൻ വെള്ളികളെക്കാൾ | 188 |
| പ്രാർത്ഥന കേൾക്കുന്നവനേ | 142 |
| പ്രാർത്ഥനയിൻ നൽ നേരമേ | 304 |
| പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമെന്നെ | 307 |
| പ്രേതക്കല്ലറയെ | 125 |
| | |
| ബഹുമാനം മഹത്വം | 148 |
| ബേത്ലഹേം നൽ നഗരിയിൽ | 49 |
| | |
| ഭക്തന്മാർ ഒക്കെ ജഗത്തിൽ | 313 |
| ഭയപ്പെടായ്ക നീ | 344 |
| ഭാഗ്യരാജ്യമൊന്നുണ്ടതിൽ | 162 |
| ഭൂലോകമാം വനാന്തരത്തിലൂടെ | 192 |
| ഭൂവാസികൾ സർവ്വരുമേ | 141 |
| ഭൂവിൽ എങ്ങും നിങ്ങൾ പോയി | 72 |
| | |
| മർത്യനാമീ ഞാനേശുവെ | 36 |
| മഹത്വ ദൈവപുത്രനേ | 145 |
| മഹത്വ പ്രഭു മരിച്ച | 108 |
| മഹത്വമുള്ള ദൈവമേ | 10 |
| മഹത്വം അത്യുന്നതന്നു | 176 |
| മഹാ വൈദ്യൻ സമീപത്തു | 294 |
| മാ ദൈവമേ നീയെൻ സഖി | 320 |
| മാനവരെ രക്ഷിച്ചിടുവാനായ് | 46 |
| മാനം മഹത്വം സ്തോത്രം | 102 |
| മാ പരിശുദ്ധാത്മാവിനാൽ | 179 |
| മാർവ്വിലെങ്ങൾ നാമമേന്തി | 119 |
| മുട്ടിമുട്ടി നില്പതാർ | 299 |
| മുമ്പേ പോകുന്നോ ഭ്രാതാവ് | 355 |
| മൃത്യുവില്ലഹോ സാർവ്വരെ | 155 |
| മേദിനിയിൽ ശുഭമായ്നീ | 232 |
| മോദമതും വിശ്രാന്തി | 132 |
| മോദവാർത്ത കേട്ടു നാം | 263 |

| | നമ്പ്ര് |
|---|---|
| യഹോവ അല്ലാതെ | 21 |
| യഹോവ സ്വസ്ഥനാളിനെ | 128 |
| യഹോവാ എന്റെ ഇടയൻ | 203 |
| യഹോവാ നിന്റെ പരിപാലകൻ | 359 |
| യഹോവയെത്തന്നെ വന്ദിക്ക | 137 |
| യരുശലേം എൻ ഭവനം | 151 |
| യെരുശലേം യെരുശലേം | 391 |
| യേശു ഇന്നു ജനിച്ചു | 48 |
| യേശു എന്നപോൽ | 296 |
| യേശു എന്നുള്ള നാമം വൻ മധുരം | 254 |
| യേശു എൻ രക്ഷകൻ | 321 |
| യേശു എൻ സ്വന്തം | 235 |
| യേശു കർത്താ കരയുന്നേൻ | 95 |
| യേശുകർത്താ ഞങ്ങൾ നിന്നോടു | 403 |
| യേശുകയ്യിൽ മാ സൈ്വരം | 306 |
| യേശു കാരുണ്യവാൻ വിളിക്കുന്നു | 238 |
| യേശു ചൊല്ലുന്നു നന്നായ് | 325 |
| യേശു തന്റെ ജനങ്ങൾക്കു | 68 |
| യേശു തന്റെ ദിവ്യസ്നേഹം | 331 |
| യേശുനാഥൻ ഉയിർത്തു | 123 |
| യേശുനാഥാ നിൻ മുഖം | 196 |
| യേശുനാമം എത്ര ഇമ്പം | 23 |
| യേശു നിൻ തൃപ്പാദെ | 326 |
| യേശു മാത്രം ശരണം | 347 |
| യേശുരാജൻ ജനിച്ചു | 47 |
| യേശുവിൻ തിരു പാദത്തിൽ | 186 |
| യേശുവിൻ ദിവ്യസ്നേഹം | 211 |
| യേശുവിന്റെ ആടു ഞാൻ | 255 |
| യേശുവിൻ ശബ്ദം ഞാൻ കേട്ടു | 410 |
| യേശുവെ ഞാൻ കണ്ടെത്തിയേ | 236 |
| യേശുവെ ധ്യാനിക്കുമ്പോൾ | 27 |
| യേശുവെ നിന്നെ ഞാൻ എന്നും | 231 |
| യേശുവെപ്പോലുണ്ടോ ഇത്ര | 401 |
| യേശുവേ നിൻ സ്നേഹം | 385 |
| യേശുവോടു യേശുവോടു | 323 |
| യേശുസ്നേഹം ഓർത്താർത്തു പാടാം | 217 |
| യേശു സ്നേഹിക്കുന്നെന്നെ | 317 |
| യേശു സൌമ്യവാനേ | 318 |
| യേശു എൻ ആത്മ സഖേ | 86 |
| യേശു യേശു രക്ഷിതാവേ | 112 |
| | |
| രണ്ടോ മൂന്നോ പേർ ഏകമായ് | 133 |
| രക്ഷകൻ യാത്ര ചൊല്ലും മുൻ | 168 |
| രക്ഷകന്റെ ദിവ്യസ്നേഹാൽ | 205 |
| രക്ഷകനാം യേശുക്രിസ്തുവിൽ | 333 |
| രക്ഷ നല്കും നാമത്തിന്നായ് | 67 |

| | നമ്പ്ര് |
|---|---|
| രക്ഷ രക്ഷ ഇമ്പസ്വരം | 28 |
| രക്ഷാവല്ലഭൻ ക്രിസ്തൻ | 273 |
| രക്ഷിതാവിൻ രക്തമാദ്യം | 66 |
| രാജൻ ദാവീദൂരിൽ വന്നു | 54 |
| രാജാധിരാജാ മേൽനിന്നു | 367 |
| രാത്രിയിതാ വരുന്നു | 283 |
| രാത്രിയില്ലാ സ്വർഗ്ഗേ | 150 |
| രാപ്പകൽതോറും കാക്കുന്ന | 14 |
| രാവിലെ എഴുന്നേറ്റു നീ | 4 |
| ലോകരക്ഷകനാമേശു ക്ഷണിക്കുന്നു | 301 |
| ലോകരക്ഷാകരനാകും | 99 |
| ലോകരെ രക്ഷിപ്പതിന്നു | 77 |
| ലോകരെ രക്ഷിപ്പാനായ് | 212 |
| ലോക ശോക സാഗരെ നീ | 397 |
| വാനഭൂമിയിൻ സ്രഷ്ടാവു് | 7 |
| വാനെ ദീപ്തി നല്കീട്ടും | 8 |
| വാ വരിക ഇമ്മാനുവേൽ | 44 |
| വാഴ്ത്തപ്പെട്ട യേശുവേ | 190 |
| വാഴ്ത്തീൻ വാഴ്ത്തീൻ യേശു രക്ഷകനെ | 31 |
| വാഴ്ത്തെൻ ദേഹി സ്വർ രാജനെ | 34 |
| വിരഞ്ഞോടി വന്നീടിൻ | 51 |
| വിശുദ്ധ ദൈവ കല്പന | 83 |
| വിശ്വാസികളേ വാ | 52 |
| വെറും കയ്യായ് ഞാൻ ചെല്ലുമോ | 282 |
| വേട്ടയാലോടി ഉഴന്നിച്ച | 305 |
| വേദനയിൽ അഹൊ എൻ | 350 |
| വേല ഇപ്പോൾ തീർന്നല്ലോ | 356 |
| വൈകാതെ അടുത്തു വാ | 302 |
| ശങ്കയെന്യേ രാവിലെ | 121 |
| ശമിപ്പാൻ നിലത്തിൻ ദാഹം | 98 |
| ശാശ്വത എന്നാത്മാവിന്നു | 130 |
| ശുദ്ധ ശുദ്ധ ശുദ്ധ സർവ്വശക്ത | 173 |
| ശുദ്ധ ശുദ്ധ കർത്താ ദേവ | 171 |
| ശുദ്ധ ദിവ്യ ഗ്രന്ഥമേ | 187 |
| ശുദ്ധാത്മാവേയെന്നെ വാപ | 164 |
| ശുദ്ധാധിക്യം നല്ക | 225 |
| ശുദ്ധിക്കായ് നീ യേശുസമീപെ | 224 |
| ശോധനയിൽ വീഴല്ലെ | 263 |
| ശോഭയേറും നാടൊന്നുണ്ടതു | 157 |
| ശോഭിത പട്ടണം | 319 |
| സത്യമുന്തിരിവള്ളിയാം | 386 |
| സത്യവാനാം ദൈവത്തിന്റെ | 197 |
| സന്തോഷകിരീടം എനിക്കായുണ്ടു് | 153 |
| സന്ധ്യ സൂര്യാസ്തമന മുൻ | 17 |
| സഭയ്ക്കാടിസ്ഥാനം | 207 |
| സമാധാനം ഉണ്ടാക്കുന്നോർ | 240 |
| സമാധാനം പൂർണ്ണ സമാധാനം | 241 |
| സർവ്വത്തിൻ രാജനാം | 25 |
| സർവ്വരാജ്യ ദേശക്കാർക്കായ് | 369 |
| സർവ്വലോകത്തിൻ താതനെ | 405 |
| സീയോനിലേക്കു യേശു | 100 |
| സീയോനിൻ കുമാരീ നീ | 105 |
| സീയോനേ തുറക്കെനിക്കായ് | 143 |
| സീയോൻ രാജൻ ജയാളിയായ് | 80 |
| സ്രഷ്ടാവാകുന്നോരാത്മാവേ | 166 |
| സൃഷ്ടിപ്പൊക്കെയുമേ | 22 |
| സേനാപതിയിൻ ശബ്ദം | 275 |
| സ്ഥലം ഉണ്ടിനിയും | 284 |
| സ്ഥിരവാസം ഇല്ല ലോകെ | 285 |
| സ്തുതിച്ചീടിൻ ഘോഷമാർന്നു | 372 |
| സ്തോത്രം താവിൻ നന്മെക്കായ് | 3 |
| സ്നേഹത്തിൻ ഇടയനാം | 262 |
| സ്നേഹമാകുന്ന പിതാവേ | 213 |
| സ്നേഹമാമേശു ക്രൂശേറി | 113 |
| സ്നേഹാർദ്രനാകും താതനേ | 371 |
| സ്വർഗ്ഗതാതാ അഗാധമാം | 398 |
| സ്വർഗ്ഗത്തിൽ സന്തോഷം | 238 |
| സ്വർഗ്ഗ മണവാളനേ | 339 |
| സ്വർഗ്ഗയെറുശലേം | 149 |
| സ്വർഗ്ഗരാജപുത്രരേ | 377 |
| സ്വർഗ്ഗസ്ഥപിതാവേ | 87 |
| സ്വർഗ്ഗീയ പ്രാവാം ആത്മാവേ | 172 |
| സ്വർഗ്ഗീയപ്പമേ നീ താൻ | 334 |
| സ്വഗൃഹം വിട്ടു ദൂരത്തു | 246 |
| സ്വർഗ്ഗേ പ്രവേശിച്ച കർത്താ | 146 |
| സ്വർഗ്ഗേ സിംഹാസനം ചുററി | 322 |
| സ്വർഗ്ഗോന്നതേ നമുക്കുള്ള | 221 |
| സ്വീകരിക്കേൻ ജീവനെ | 230 |
| ഹല്ലേലൂയ്യാ ഉയിർത്തേശു | 126 |
| ഹല്ലേലൂയ്യാ സ്വർഗ്ഗശോഭ | 131 |
| ഹാ എത്ര മോദം എൻ | 218 |
| ഹാ യേശു ആത്മ വൈദ്യനേ | 342 |
| ഹേ ദാഹിക്കുന്നോർ വരുവിൻ | 332 |
| ഹേ മൃത്യുവേ ഭയങ്കരങ്ങളിൽ | 351 |
| ക്ഷേമമാം രാ നിദ്രാശേഷം | 9 |

# CHURCH HYMNS

# ജ്ഞാനകീർത്തനങ്ങൾ

## MORNING PRAYER

## കാലത്തെ പ്രാർത്ഥന

**1** ൧

L· M·

൧. ആദിത്യൻ പ്രഭാതകാലേ
ആനന്ദമായ് വിളങ്ങുമ്പോൾ
ആടലൊഴിഞ്ഞെന്നാത്മാവേ,
ആരംഭിക്ക നിൻ കൃത്യങ്ങൾ.

൨. നിദ്രയിലെന്നെ ഏററവും
ഭദ്രമായ് കാത്ത നാഥനേ!
മൃത്യുവാം നിദ്ര തീരുമ്പോൾ
ശുദ്ധാ നിൻ രൂപം നല്കുകേ.

൩. ബാലസൂര്യന്റെ ശോഭയി (ൽ)
ആകവെ മാറും മഞ്ഞുപോൽ
ചേലോടെൻ പാപമാം ഹിമം
നീക്കുക സ്വർഗ്ഗസൂര്യനേ.

൪. എൻ ചിന്ത, കർമ്മം, വാക്കുകൾ
മുററും നീ താൻ ഭരിക്കുക,
ഹൃദയേ ദിവ്യതേജസ്സിൻ
കാന്തി സദാ വളർത്തുക.

൫. സർവ്വാശിഷത്തിൻ താതനെ
വാഴ്ത്തുവിൻ ലോകരാകവേ
വാഴ്ത്തിൻ സ്വർഗ്ഗസൈന്യവുമേ
വാഴ്ത്തിൻ പിതാപുത്രാത്മനെ.

**2** ൨

C· M·

൧. ഉദിച്ചുയർന്നിപ്പോളിതാ
ആദിത്യൻ ശോഭയായ്
രാവിൻ ഇരുൾ പോകുന്നിതാ
സർവ്വവും ഉജ്ജ്വലിയായ്.

൨. കാണുന്നിതിൽ ദേവനുടെ
നന്മയെ ചെമ്മെ നാം
തൻ നാമത്തിന്നു പാടിടും
എന്നും സ്തുതികൾ നാം.

൩. വെളിച്ചത്തിൻ പിതാവു താൻ
എന്നുള്ളിൽ ശോഭിക്കും
സംപൂർണ്ണതൃപ്തനാകും ഞാൻ
എൻ പാപം നശിക്കും.

൪. തൻ തോട്ടമാം സഭയതിൽ
തൻ ആത്മദാനങ്ങൾ
വളർന്നുയരും മേല്ക്കുമേൽ
തൻ നീതിഫലങ്ങൾ.

൫. നിൻ വരവു പ്രതിദിനം
ആദിത്യനേശുവെ
കാത്തിരിക്കുന്നേ നിൻ ജനം,
അരുതേ താമസം.!

൬. നിന്നെ കാണ്മാൻ വാഞ്ഛയായും
ആലസ്യം ഏറിയും
ആത്മാവും മണവാട്ടിയും
ചൊല്ലുന്നു 'വന്നാലും.'

## 3 ന

German tune: '*Weil iteh Jesu*'

7. 7. 8. 8. 7. 7.

൧. സ്തോത്രം രാവിൻ നന്മെക്കായ്
എൻ പിതാവേ, നന്ദിയായ്
എൻ പാപം യേശു മൂലമേ
അൻപോടെ ക്ഷമിക്കേണമേ ;
നിന്നിഷ്ടം ചെയ്തീടുവാൻ
എന്നെ ഏല്പിക്കുന്നു ഞാൻ.

൨. രാവിലേ വരുന്നിതാ
ഞാൻ നിൻ സന്നിധൌ നാഥാ,
എന്നോടു വേദ പ്രമാണം
മൂലം സംസാരിക്കവേണം
നിൻ ഹിതം ഞാൻ സർവ്വദാ
ചെയ്വാൻ കൃപ തരിക.

൩. ക്രിസ്തുവിൽ ഞാൻ ഈ ദിനം
പാർത്തിടാൻ തുണെക്കേണം
സർവ്വനേരം തൻ ബലത്തിൽ
പൂർണ്ണമായ ആശ്രയത്തിൽ
ജീവിപ്പാൻ ആത്മദാനം
നൽക വിശ്വാസത്തെയും.

൪. ഇന്നത്തെ എൻ ജീവിതം
നിന്നെ ഏല്പിച്ചീടുന്നേ ;
ഇദ്ദിനെ ഉണ്ടാകുവാനായ്
ഉള്ളതെല്ലാം നിൻ ഹിതമായ്
കൈക്കൊണ്ടിടുവാൻ സദാ
നൽകേണം കൃപ താതാ.

൫. വീണുപോകിൽ തൽക്ഷണം
ഞാൻ അനുതപിക്കേണം
സ്തോത്രം ചെയ്തും എല്ലാററിനും
നിന്നോടുകൂടെ നടന്നും
സ്വർഭാഗ്യം ഇങ്ങിദിനം
അനുഭവം ആകണം.

## 4

C. M.

൧. രാവിലെ എഴുന്നേറ്റു നീ
രാത്രി സുഖം പ്രതി
രാപ്പകൽ തന്ന കർത്താവെ
രാവിലെ സ്തുതിക്ക.

൨. ഈപ്പകൽ നിന്റെ ഹൃദയം
ഈശൻ കാത്തുകൊൾവാൻ
ഈ ജന്മ മായ ബാധിക്കാ (ത്)
ഈ ക്ഷണം പ്രാർത്ഥിക്ക.

൩. അന്നന്നുള്ള ആഹാരവും
ആവശ്യമായതും
ആരോഗ്യം മറ്റെല്ലാ ഗുണം
അവശ്യം ലഭിപ്പാൻ.

൪. നിഗളം കോപം മോഹവും
നിന്നിൽ ഉദിക്കായ്വാൻ
നിത്യാത്മാവിൻ സദാ കാവൽ
നിനക്കുണ്ടാകുവാൻ.

൫. ദുർവ്വികാരം ജഡ മയം
ദുർല്ലോക വൈരത്വം
ദുരാത്മാവെ ജയിപ്പാനും
ശക്തി തന്നീടേണം.

## 5

Tune: '*Hark the sound of*'

D. 8s. 7s.

൧. ആത്മാവേ, നീ ഉണരേണം
ആദിത്യനോടു കൂടെ,
അന്നന്നുള്ള കൃത്യം ചെയ്വാൻ
അല്പം മടി കൂടാതെ ;
ആരോഗ്യം പൂണ്ടു ദൈവത്തെ
അവശ്യം പ്രാർത്ഥിക്കേണം,
ആ വല്യ നാമം സ്തുതിക്കാം
ആയതേറ്റവും നന്നു.

൨. കാലം വൃഥാ പൊയ്പ്പോയതു
കാലം ചെല്ലാത്താക്കാം ;
കാലാംശമാം ഇദ്ദിനവും
കാലാന്തമായ്ക്കരുതാം.

താലന്തുകളാൽ നാമെല്ലാം
തൽക്കാലം തൻ വ്യാപാരം,
താല്പൎയ്യത്തോടെ ചെയ്തിടാം
ആയതേററവും നന്നു.

൩. സൎവ്വ നടപ്പും സത്യവും
സൽബോധാന്തഃകരണം
പട്ടാപ്പകൽ പോലാകണം
സ്പഷ്ടം സൎവ്വം നാഥനു ;
ഉണൎന്നെൻ ഹൃദയം നന്നായ്
ഉയൎത്തി പാടീടുവാൻ
ഉയരെ ദൂതരുമായി
ആയതേററവും നന്നു.

---

6 ൬

L. M.

൧. എൻ ആത്മാവേ ഉണരുക,
നീ ദൈവത്തോടു പ്രാൎത്ഥിക്ക,
നൽ സ്തോത്രയാഗം കഴിക്ക
നിൻ വേലെക്കു ഒരുങ്ങുക.

൨. നീ ദൈവത്തിൽ ആശ്രയിക്ക,
തൻ ദയാദാനം ചിന്തിക്ക,
ക്രിസ്തുവിൻ സ്നേഹം ഓൎക്കുക,
തൻ പൈതലായ് നീ നടക്ക.

൩. കൎത്താവേ, നീ സഹായിക്ക,
എന്നോടു കൂടെ ഇരിക്ക,
ചെയ്യേണ്ടും കാൎയ്യം കാണിക്ക.
പാപത്തിൽ നിന്നു രക്ഷിക്ക.

൪. ഞാൻ ചെയ്ത പാപം ക്ഷമിക്ക,
എനിക്കു കൃപ നല്കുക,
എൻ ഗമനം നിയന്ത്രിക്ക,
നിൻ അനുഗ്രഹം തരിക.

൫. താതസുതാത്മാവാം ഏക
യാഹാം ദൈവത്തിന്നനന്തം
ക്രിസ്തുമൂലം സ്തുതി സ്തോത്രം,
നല്കുന്നു ഞാൻ ദിനേ ദിനേ.

---

7 ൭

Tune : ‘*Who are these like stars*’

൮. 7. 8. 7. 7. 7.

൧. വാനഭൂമിയിൻ സ്രഷ്ടാവു
താതസുതാത്മ ദൈവം
നീ രാപകലിൻ ദാതാവു
സൂൎയ്യ ചന്ദ്ര നക്ഷത്രം
ഭൂമി സൎവ്വ ഗ്രഹവും
നിൻ കരങ്ങൾ പാലിക്കും.

൨. സ്തുതി ചൊല്ലുന്നു നിനക്കു
സൎവ്വശക്താ പാലകാ,
രാത്രി കാവൽ നീ എനിക്കു
ആപത്തിലെൻ നായകാ !
ആധി വ്യാകുലങ്ങളിൽ
പേയിന്നാക്രമങ്ങളിൽ.

൩. പോയ രാവുപോലെൻ പാപം
ദൂരെ നീങ്ങി മാറട്ടെ
യേശുവേ ഞാൻ നിന്റെ സ്വന്തം
ആയി നിങ്കൽ ചേരട്ടെ
നീ എൻ പാപശാന്തിയാം
വേദനയ്ക്കാശ്വാസമാം.

൪. പാപ നിദ്ര വിട്ടകന്ന്
ഉത്സാഹത്തോടുണരട്ടെ
നിൻ ദിവ്യാലങ്കാരമിന്ന്
തേജസ്സായ് വിളങ്ങട്ടെ
ന്യായവിധി നാളിൽ ഞാൻ
തള്ളപ്പെടാതാകുവാൻ.

൫. എന്റെ ജീവിതം നിൻ വാക്കു
പോലെ നീ നടത്തുക.
ചിന്നിയോനെ നിന്റേതാക്കു
ദിവ്യകൃപ നല്കുക
നീ മാത്രമെൻ ശരണം
വേറില്ലിനിക്കു ഭയം.

൬. നിൻ കൃപാകടാക്ഷത്തിൽ എൻ
ഉള്ളം സൎവ്വം വെക്കുന്നു
സൎവ്വശക്താ ! നിങ്കൽ ഞാൻ എൻ
ജീവനെ അൎപ്പിക്കുന്നു.
നീ എൻ ദിവ്യ ഖേടയം
എന്റെ ജ്ഞാനപ്രകാശം.

൭. കൎത്തനേ എനിക്കു നിന്റെ
ദൂതനാൽ തുണ ചെയ്ക
പേയുടെ തന്ത്രങ്ങളെന്റെ
മേൽ വീഴാതെ മാറ്റുകാ
ജീവൻ പോകും നേരത്തിൽ
ആക്കുകെന്നെ സ്വൎഗ്ഗത്തിൽ.

---

## 8 ൮

*'Christ whose glory fills the skies'*

6 lines 7s.

൧. വാനേ ദീപ്തി നല്കീടും
സത്യദീപമാം ക്രിസ്തൊ,
നീതിയിൻ ആദിത്യനേ,
നീക്കുക തമസ്സിനെ
ഉദിക്ക എൻ ഹൃദയെ
ഉദയ നക്ഷത്രമേ.

൨. ആഹ്ലാദം ഇല്ലൊട്ടും
ദേവാ, നീ വന്നില്ലെങ്കിൽ
കാരുണ്യ സമ്പൂൎണ്ണാ, നിൻ
കിരണങ്ങൾ മൂലമായ്
വിളങ്ങട്ടെൻ ഹൃദയം
നീങ്ങീടട്ടെ അന്ധത.

൩. ദൎശിക്ക എൻ ആത്മത്തെ
പാപം ശോകം കളക
ദിവ്യ നാമത്താലെന്റെ
അന്തരംഗം നിറെക്ക,
അന്ത്യനാൾ വരുംവരെ
സന്തതം പാലിക്കെന്നെ.

---

## 9 ൯

*'New every morning is the love*

L. M.

൧. ക്ഷേമമാം രാ നിദ്രാശേഷം
നാം ഉണരുന്ന രാവിലെ
ജീവശക്തി ചിന്തയുമായ
ദൈവസ്നേഹം നവമെന്നും.

൨. പ്രാൎത്ഥനമൂലം നാൾക്കുനാൾ
ദത്തമാകുന്ന പുത്തനാം
കൃപാ, രക്ഷ മോചനങ്ങൾ
കൎത്തൃ ചിന്ത സ്വൎഗ്ഗാശകൾ.

൩. ദൈവത്തിന്നു നാൾതോറും നാം
സൎവ്വവും പ്രതിഷ്ഠിക്കിൽ താൻ
നല്കീടും എന്നും അമൂല്യ-
നിക്ഷേപങ്ങൾ യാഗത്തിന്നായ്.

൪. ത്യാഗജീവിതം ചെയ്യുവാൻ
ദൈവത്തോടെന്നുമടുപ്പാൻ
നിത്യം വേണ്ടതുണ്ടാം ദിന-
കൃത്യസിദ്ധിപൂൎണ്ണമതാൽ.

൫. പ്രാൎത്ഥനെക്കനുയോജ്യമായ്
നിത്യം ജീവിച്ച പിൻ സ്വൎഗ്ഗ-
സ്വസ്ഥതെക്കെങ്ങളെ നാഥാ,
പാത്രരാക്ക നിൻ സ്നേഹത്താൽ.

---

# EVENING PRAYER

# വൈകുന്നേരത്തെ പ്രാൎത്ഥന

## 10 ൧൦

*'Glory to Thee my God, This night'*

L. M.

൧. മഹത്വമുള്ള ദൈവമേ,
നിൻ നാമം വാഴ്ത്തപ്പെടട്ടെ
ദാസനെ രക്ഷിക്കേണമെ
രാത്രി നിൻ കാവലാകട്ടെ.

൨. പാപം ഞാൻ ഇന്നു ചെയ്തതും
എന്നോട്ട് ക്ഷമിക്കേണമേ
നിൻ പ്രിയപുത്രൻ നിമിത്തം
നീ അനുഗ്രഹിക്കേണമെ.

൩. പാപം കൂടാത്ത ജീവിതം
അനുഭവമാക്കേണമെ.
ഈ രാത്രി നിൻ വരമതും
നീ എനിക്കു നല്കേണമെ.

സർവ്വാശിഷത്തിൻ താതനെ
വാഴ്ത്തുവിൻ ലോകരാകവെ
വാഴ്ത്തിൻ സ്വർഗ്ഗസൈന്യവുമെ
വാഴ്ത്തിൻ പിതാപുത്രാത്മനെ

---

## 11 ൧൧

*'Sun of my soul'*

L. M.

എൻ ആത്മാവിൻ ആദിത്യനേ,
എൻ പ്രിയ രക്ഷാകരനേ,
നീ വസിക്കിൽ എൻ സമീപെ
രാത്രി പകൽപോലാകുമെ.

ഭൂജാതമാം മേഘമതാൽ
മറപ്പാൻ നിന്നിൽ നിന്നെന്നെ
ഇടയാകരുതെ രാവിൽ
കാക്കണെ സർവ്വശക്തനേ.

കൺ മയങ്ങി ഞാൻ നിദ്രയിൽ
കിടക്കുമ്പോൾ ക്ഷീണതയിൽ
എൻ രക്ഷകാ, നിൻ മടിയിൽ
വിശ്രമിക്കുന്നെന്നോർപ്പിക്ക.

നിന്നെ കൂടാതെ ജീവിപ്പാൻ
പാത്രമല്ലെ ഒന്നിനാലും
സന്ധ്യയിൽ കൂടെ ഇരിപ്പാൻ
ഉഷസ്സോളം നീ വന്നാലും.

ഇല്ലാതാകാൻ ഭയം ലേശം
രാവിന്നിരുളതിനാലും
എൻ സമീപെ വേണം വാസം
കൈവിടല്ലെ ഒരിക്കലും.

തെററി അലഞ്ഞിടുന്നോരും,
മത്സരിപ്പോരും, സർവ്വരും,
പാപനിദ്ര ചെയ്തീടായ്വാൻ
കൃപാവേല തുടർന്നരുൾ.

ദുഃഖിതന്നു കാവൽ നീയെ
അഗതിക്കു ധനം നീയെ
കരയുന്നവൻെറ നിദ്ര
ശിശുവിൻ സമമാക്കുക.

ഉണരും സമയം വന്നു്
വാഴ്ത്തണം അരികെ നിന്നു്
രാജ്യം ചേരുംവരെ സ്നേഹം
തന്നിൽ വഴിനടത്തണം.

## 12 ൧൨

'Tune : '*Now the day is over*'

6s. 5s.

൧. ഒരം പകലിൽ എന്നെ
കാത്തതിന്നു ഞാൻ
എൻ പിതാവേ നിന്നെ
സ്തുതിച്ചീടുന്നേൻ.

൨. ഇന്നു ചെയ്ത ദോഷം
ക്രിസ്തുമൂലമായ്
എന്നോടശേഷവും
ക്ഷമിക്കേണമേ.

൩. എന്നപേക്ഷയാൽ ഞാൻ
വിട്ടുപോയതാം
എൻ മുറകൾക്കായി നിൻ
മാപ്പു നല്കേണം.

൪. നിൻ ചിറകിൻ കീഴിൽ
ഇന്നുറങ്ങുവാൻ
ഞാനെന്നെ ഒരം രാവിൽ
ഏല്പിച്ചീടുന്നേൻ.

൫. ഇന്നത്തെ രാവിൽ നീ
വിളിക്കിലെന്നെ
ഒരുക്കമോടപ്പോൾ
ദേവാ കാക്കണെ.

൬. രോഗ ദുഃഖത്താലും
വലയുന്നോരെ
ദിവ്യ കൃപമൂലം
താങ്ങീടേണമേ.

൭. ജീവിക്കിൽ ഞാൻ നാളെ
താതനേ നിൻെറ
മുൻപിൽ അതികാലേ
വരാനരുൾക.

---

## 13 ൧൩

*'Abide with me'*

10s.

൧

കൂടെ പാർക്ക, നേരം വൈകുന്നിതാ
കൂരിരുളേറുന്നു പാർക്ക ദേവാ,
ആശ്രയം വേറില്ലാ നേരം തന്നിൽ
ആശ്രിത വത്സലാ, കൂടെ പാർക്ക.

൨

ആയുസ്സാം ചെറുദിനം ഓടുന്നു
ഭൂസന്തോഷ മഹിമ മങ്ങുന്നു,
ചുററിലും കാണുന്നു മാററം കേടു
മാററമില്ലാ ദേവാ, കൂടെ പാൎക്ക.

൩

രാജരാജൻ പോൽ ഭയങ്കരനായ്
സാധുവെ ദൎശിച്ചിടരുതെ നിൻ
ചിറകിൻകീഴ് സൌഖ്യവരമോടെ
നന്മ, ദയ നല്കി കൂടെ പാൎക്ക.

൪

ഏകി കഷ്ടതയിൽ സഹതാപം
അപേക്ഷയിൽ മനസ്സലിവോടെ
നിസ്സഹായരിൻ സഹായകനായ്
വന്നു രക്ഷിച്ചു നീ കൂടെ പാൎക്ക.

൫

സദാ നിൻ സാന്നിദ്ധ്യം വേണം താതാ,
പാതകന്മേൽ ജയം നിൻ കൃപയാൽ ;
തുണചെയ്വാൻ നീയല്ലാതാരുള്ളു ?
സന്തോഷ സന്താപെ കൂടെ പാൎക്ക.

൬

ശത്രുഭയമില്ല നീ ഉണ്ടെങ്കിൽ
ലോകക്കണ്ണീരിന്നില്ല കൈപ്പൊട്ടും,
പാതാളമേ, ജയം എവിടെ നിൻ,
മൃത്യുമുൾ പോയ് ജയം, കൂടെ പാൎക്ക.

൭

കണ്ണടഞ്ഞിടുമ്പോൾ നിൻ കൃശിനെ
കാണിക്ക മേൽലോക മഹിമയും
ഭൂമിത്ഥ്യ നിഴൽ ഗമിക്കുന്നിതാ,
ഭാഗ്യോദയമായ് നീ കൂടെ പാൎക്ക.

---

## 14 ൧൪

L. M.

൧. രാപ്പകൽതോറും കാക്കുന്ന
ത്രിയേക ദൈവമാകുന്ന
പിതാപുത്ര ആത്മാക്കളെ
സ്തുതിക്ക നാം പ്രതിദിനെ

൨. ഞാൻ ചെയ്തുപോയ കുററങ്ങൾ
എൻ മനോഭാവ ദോഷങ്ങൾ
പൊറുക്ക നിൻ കൃപയാലെ
ഇപ്പോഴും ഒരം സന്ധ്യകാലേ.

൩. ഒരം രാവിരുളിൽ രക്ഷിക്ക,
ചിറകിൻ കീഴെ സൂക്ഷിക്ക,
സൌഖ്യമാം നിദ്ര നല്കുക.
ആലസ്യം ആകെ മാററുക.

൪. കാലേ ഉണൎന്നു സ്തുതിപ്പാൻ
നിന്നിഷ്ടം ചെയ്തു ജീവിപ്പാൻ
ഇരുൾ ഭയങ്ങൾ അകററി
തൃക്കാവലോടെ ഉറക്കി

൫. രാപ്പകൽതോറും കാക്കുന്ന
അനാദി ദൈവം ആകുന്ന
താത സുതൻ ആത്മാവിനെ
സ്തുതിക്ക നാം പ്രതിദിനെ.

---

## 15 ൧൫

*'Sweet Saviour, bless us ere we go'*

Six 8s.

൧. നല്ലോരു രക്ഷകാ എന്നെ
നന്നായനുഗ്രഹിക്കണെ
നന്മ നിറഞ്ഞ നിൻ വാക്ക്
നാഴികയിതിൽ ആക്കെന്നിൽ
ജീവ മൃത്യു കാലങ്ങളിൽ
യേശു നീ ദീപം ആകെന്നിൽ

൨. നാളും നാഴികയും പോയി
നാനാവിധ കാൎയ്യമതായ്
നാഥാ നീ എല്ലാം എണ്ണുന്നേ
നാശ മോശ ക്ലേശങ്ങളെ ;
ജീവ മൃത്യു കാലങ്ങളിൽ
യേശു നീ ദീപം ആകെന്നിൽ.

൩. വീഴ്ചയിൽനിന്നു കൎത്തനേ
വിടുതൽ കല്പിക്കേണമേ,
വിശുദ്ധി സമാധാനത്തെ
വിശുദ്ധമായ് നല്കേണമേ ;
ജീവ മൃത്യു കാലങ്ങളിൽ
യേശു നീ ദീപം ആകെന്നിൽ.

൪. മോചനം മാത്രമെ പോരാ
മോദം സ്വാതന്ത്ര്യം തരിക
മായമില്ലാത്ത ഹൃദയം
മഹാ ഭാഗ്യം നിൻ സാദൃശ്യം ;
ജീവ മൃത്യു കാലങ്ങളിൽ
യേശു നീ ദീപം ആകെന്നിൽ.

൫. പാപത്വം ദുഃഖം ക്ഷീണത
പാതകൎക്കുള്ള യോഗ്യത
പാലകാ നിന്റെ കരുണ
പാപികൾക്കുള്ളൊരു വൻ തുണ;
ജീവ മൃത്യുകാലങ്ങളിൽ
യേശു നീ ദീപം ആകെന്നിൽ.

---

## 16 ൧൬

L· M·

൧. കരുണയുള്ള യേശുവേ,
കഴിഞ്ഞ പകൽ നീയെന്നെ
കാത്തു സൂക്ഷിച്ചതോൎത്തു ഞാൻ
ചെയ്യുന്നു സ്തോത്രം നന്ദിയായ്.

൨. രാവിൻ തിന്മകളിൽ നിന്നും
പേയിൻ തന്ത്രങ്ങളിൽനിന്നും
എൻ ഹൃദയത്തെ പാലിക്ക,
നിന്നോടു നീ എന്നെ ചേൎക്ക.

൩. രാത്രിയിൽ നിന്റെ ദൂതന്മാർ
ശത്രുവാം പിശാചിൽനിന്നു
കാത്തെൻ ശയ്യക്കു ചുറ്റുമേ
ഇരിപ്പാൻ കല്പിക്കേണമേ.

൪. അപ്പോൾ ഭയം എല്ലാം നീങ്ങും,
ഞാൻ സുഖത്തോടെ ഉറങ്ങും,
രക്ഷകനാം നിനക്കു ഞാൻ
സ്തുതി സ്തോത്രം നല്കും നാഥാ.

---

## 17 ൧൭

*'At even ere the sun was set'*

L· M·

൧. സന്ധ്യ സൂൎയ്യാസ്തമന മുൻ
വ്യാധിക്കാർ കൎത്തൻ ചുറ്റുമായ്
എത്ര ആധിയിൽ കിടന്നോർ
എത്ര മോദമോടെ പോയി.

൨. വീണ്ടുമിതാ സന്ധ്യയിങ്കൽ
കഷ്ടപ്പെടുന്നോരാമെങ്ങൾ
കാണാതെങ്കിലും നീ ചാരെ
ഉണ്ടെന്നറിഞ്ഞു വരുന്നേ.

൩. കൎത്തനേ, താപം തീൎക്കണം
ഞങ്ങളിൽ രോഗദുഃഖിതർ
നിന്നെ സ്നേഹിക്കാത്തവരും
മുൻസ്നേഹം വിട്ടോരുമുണ്ടേ.

൪. ആകുലചിന്തയാൽ പലർ
സംശയപാപത്താൽ ചിലർ
ദേഹമോഹത്താലും ചിലർ
ഖേദിക്കുന്നേ; രക്ഷ നീ താൻ.

൫. ലോകം മായയായ് കണ്ടിട്ടും
ലോകത്തെ വിടാത്തോർ ചിലർ
മിത്രങ്ങൾ ദ്രോഹിച്ചിട്ടും നിൻ
മിത്രത്വം തേടാത്തോർ ചിലർ.

൬. പാപബന്ധം വിടാത്തതാൽ
സ്വാസ്ഥ്യമില്ലാൎക്കും നാഥനേ,
നിൻ സേവക്കേറ്റം തല്പരർ
ഏത്തിൽ തെറ്റേറെയും കാണുന്നു.

൭. കൎത്താ നീ മൎത്യനായല്ലോ
കഷ്ടദുഃഖങ്ങൾ ഓൎക്കും നീ
നാണത്താൽ മൂടും വ്രണവും
കാണുന്നു നിൻ കൺ സ്പഷ്ടമായ്.

൮. ഇന്നും നിൻ സ്പൎശം ഫലിക്കും
ഒന്നും പിഴെക്കാ നിൻ വാക്കും
സന്ധ്യയിതിൽ കേൾ യാചന
സ്വാസ്ഥ്യം നൽകി ഞങ്ങൾക്കെല്ലാം.

---

## 18 ൧൮

*'Now the day is over'*

6. 5. 6. 5.

൧. തീൎന്നു പകല്ക്കാലം
രാവണയുന്നു
കൂരിരുളിൻ ഛായ
വാനം മൂടുന്നു.

൨. താരകാ ഗണങ്ങൾ
മിന്നുന്നോരോന്നായ്
സൃഷ്ടിഗണമാകെ
ഉറക്കത്തിലായ്.

൩. ക്ഷീണിച്ചോൎക്കു യേശു
സ്വാസ്ഥം നല്കുക
നിദ്രയാലെൻ കൺകൾ
വേഗം മൂടുക.

൪. രാ മുഴുവനും നിൻ
ദൂതർ കാക്കട്ടെ
ചിറകവരെന്മേൽ
വിരിച്ചീടട്ടെ.

൫. സൂൎയ്യോദയത്തോടെ
ഞാൻ ഉണരട്ടെ
നിന്റെ ദൃഷ്ടിയിൽ ഞാൻ
ശുദ്ധൻ ആകട്ടെ.

൬. താതനു മഹത്വം
സുതനുമെന്നും
ആത്മനും അവ്വണ്ണം
ഉണ്ടാകട്ടെന്നും.

# PRAISE AND THANKSGIVING

## സ്തുതിയും സ്തോത്രവും

### 19 ൧൯

Tune: '*What a friend we have*'

D. 8s. 7s.

൧. എന്നാത്മാവേ, വാഴ്ത്തുക നീ
നിന്നുടെ കൎത്താവിനെ,
തൻ ഉപകാരങ്ങൾ ഒന്നും
എന്നുമേ മറക്കൊലാ,
നിൻ അകൃത്യങ്ങൾ ഒക്കെയും
സന്തതം മോചിച്ച നിൻ
രോഗമെല്ലാം മാററി നിന്നെ
സൌഖ്യമാക്കീടുന്നു താൻ.

൨. ജീവനെ നാശത്തിൽനിന്നു
വീണ്ടെടുത്തു നിന്നെ തൻ
കാരുണ്യങ്ങളാൽ കിരീട-
ധാരണം ചെയ്യുന്നവൻ,
നന്മയാൽ നാൾതോറുമേ നീ
ഉണ്മയിൽ തൃപ്തനായ് നിൻ
യൌവനം കഴുകനെപോൽ
നവമാകുന്നു നിത്യം.

൩. സൎവ്വത്തിന്നുമായ് സ്തുതിക്ക
ദൈവമാം പിതാവിനെ
കൎത്തൻ നല്ലോൻ, തൻ കരുണ
നിത്യമായുള്ളതത്രേ;
തന്നുടെ വഴികളെല്ലാം
ഉന്നതം എന്നാകിലും
തൻ പ്രിയ മക്കൾക്കു സൎവ്വം
നന്മയായ്ത്തീൎന്നിടുമെ.

### 20 ൨൦

'*All hail the power of Jesus' Name*'

C. M. P.

൧. എല്ലാരും യേശുനാമത്തെ
എന്നേക്കും വാഴ്ത്തീടിൻ,
മന്നനായ്വാഴിപ്പിൻ ദൂതർ
നാം വാഴ്ത്തിൻ, വാഴ്ത്തിൻ, വാഴ്ത്തിൻ,
വാഴ്ത്തിൻ യേശുവെ.

൨. യാഗപീഠത്തിൻ കീഴുള്ള
തൻ രക്തസ്സാക്ഷികൾ
പുകഴ്ത്തീശായിൻ മുളയെ
നാം വാഴ്ത്തിൻ (ഇത്യാദി).

൩. വീണ്ടെടുത്തോർ യിസ്രായേലിൻ
വീഴ്ചയിൽ മുക്തരെ
തൻ കൃപയാൽ നിന്നെ രക്ഷിക്കും
നാം വാഴ്ത്തിൻ (ഇത്യാദി).

൪. ഭൂജാതി ഗോത്രം ഏവരും
ഭൂപനെ കീൎത്തിപ്പിൻ
ബഹുല പ്രഭാവൻ തന്നെ
നാം വാഴ്ത്തിൻ (ഇത്യാദി).

൫. സൎവ്വ സൈന്യത്തോടൊന്നായ് നാം
സാഷ്ടാംഗം വീണിടാം
നിത്യ ഗീതത്തിൽ യോജിച്ചു
നാം വാഴ്ത്തിൻ (ഇത്യാദി).

## 21 ൨൧

S. M.

൧. യഹോവ അല്ലാതെ
സൎവ്വേശൻ മറ്റുണ്ടോ?
രാജാക്കന്മാരും തന്നുടെ
കൈക്കീഴിൽ അല്ലയോ?

൨. താൻ തന്നേ സ്രഷ്ടാവു,
തൻ വാക്കു മൂലമായ്
ത്രിലോകത്തുള്ള സൎവ്വവും
തൽക്ഷണം ഉണ്ടായി.

൩. താൻ നല്ലിടയനായ്
തൻകൂട്ടം കാക്കുന്നു.
തൻ ജനം മുട്ടില്ലാത്തോരായ്
സമീപെ പാൎക്കുന്നു.

൪. നാം പരം യഹോവയെ
കൊണ്ടാടി സ്തുതിക്കാം
തിരുസഭയതിൻ മദ്ധ്യേ
താഴ്മയിൽ വന്ദിക്കാം.

൫. ഹാ ഹാ പരം കൃപയെ
നിസ്സാരം ആക്കിയാൽ
ഔദാൎയ്യമുള്ള ശീലത്തെ
തൻ ജനം കാണിച്ചാൽ,

൬. യഹോവ ക്രുദ്ധനായ്
തൻ നീതി നടത്തും,
ശാഠ്യമുള്ള ജനത്തെ താൻ
അശേഷം മുടിക്കും.

---

## 22 ൨൨

'*Ye boundless realms of joy*'

6. 6. 6. 6. 8. 8.

൧. സൃഷ്ടിപ്പൊക്കെയുമേ,
യേശുവെ വന്ദിപ്പിൻ;
മേലോകേ വസിപ്പോരേ,
തൻ സ്തുതി പാടുവിൻ.
എന്നേക്കുമേ
സെറപ്പിമാർ
ഖെറുബിമാർ
സ്തുതിക്കട്ടെ.

൨. ചരാചരങ്ങളും
തൻ വാക്കിനാൽ ഉണ്ടായി;
തൻശക്തിയാൽ മാത്രം
നില്ക്കുന്നു ഇപ്പോഴ്.
തൻനാമത്തെ
ഭൂലോകവും
മേൽസൈന്യവും
വന്ദിക്കട്ടെ.

൩. തൻ പ്രിയ ശുദ്ധന്മാർ
പ്രത്യേകം തൊഴട്ടെ;
തൻ നിത്യ കൃപയിൽ
പ്രശംസ ചെയ്യട്ടെ.
എല്ലാവരും
യഹോവയെ
എന്നേക്കുമേ
പുകഴ്ത്തട്ടെ.

---

## 23 ൨൩

'*How sweet the name of Jesus sounds*'

C. M.

൧. യേശു നാമം എത്ര ഇമ്പം
കേൾപ്പാൻ വിശ്വാസിക്കു്;
എൻ ദുഃഖം ഭയവും പോക്കും,
എൻ ആലസ്യം നീക്കും.

൨. ആത്മമുറിവിന്നൗഷധം
ഹൃദയേ ശാന്തത
ക്ഷീണിക്കുന്നോൎക്കു വിശ്രമം
വിശക്കുകിൽ മന്നാ.

൩. ആ പാറമേൽ ഞാൻ പണിയും;
ആ നാമം പരിച,
ആഴമേറും കൃപക്കടൽ,
ആകും നൽ സങ്കേതം.

൪. യേശുനാഥാ, എന്നിടയാ,
എന്നാചാൎയ്യഗുരോ,
എൻ ജീവൻ, വഴി, അന്തമേ,
എൻ സ്തുതി കേൾക്കണേ.

൫. അമവറ നിൻ സ്നേഹത്തെ
നിറവിൽ ഘോഷിക്കും;
നിൻ നാമമാം പുണ്യസാരം
നിശ്ചയം എൻ രക്ഷ.

---

## 24 ൨൪

Tune: '*The home over there*'

9s. 6s.

൧. ഒന്നുമില്ലായ്കയിൽ നിന്നെന്നെ
നിന്നുടെ ഛായയിൽ സൃഷ്ടിച്ചു,
നിത്യമായ് സ്നേഹിച്ചെന്നെ നിന്റെ
പുത്രനെ തന്നു രക്ഷിച്ചു നീ.
നിൻ മഹാ കൃപയ്ക്കായ്
നിന്നെ ഞാൻ സ്തുതിച്ചീടുമെന്നും.

൨. ഈ ലോകത്തിൽ വന്നേശു എന്റെ
മാലൊഴിപ്പാൻ സഹിച്ചു, ബഹു
പീഡകൾ സങ്കടങ്ങൾ പങ്ക-
പ്പാടുകൾ നീചമരണവും—നിൻ മഹാ

൩. മോചനം, വീണ്ടുംജനനവും,
നീചപാപിയെന്നിൽ വസിപ്പാൻ
നിന്നാത്മാവിന്റെ ദാനവും, നീ
തന്നു സ്വർഗ്ഗാനുഗ്രഹങ്ങളും—
നിൻ മഹാ

൪. അന്നവസ്ത്രാദി നന്മകളെ
എണ്ണമില്ലാതെന്മേൽ ചൊരിഞ്ഞു,
തിന്മകൾ സർവ്വത്തിൽ നിന്നെന്നെ
കണ്മണിപോലെ കാക്കുന്നു നീ—
നിൻ മഹാ

൫. നാശം ഇല്ലാത്തവകാശവും,
യേശുവിൻ ഭാഗ്യ സന്നിധിയും
നീതിയിൻ വാടാമുടിയതും,
നിന്മക്കൾക്കും സ്വർഗ്ഗേ ലഭിക്കും—
നിൻ മഹാ

## 25 ൨൫

'*Come, every joyful heart*'

6. 6. 6. 6. 8. 8.

൧. സർവ്വത്തിൻ രാജനാം
ദൈവത്തെ വന്ദിപ്പിൻ
മർത്യരെ, മഹത്വം
അവന്നു കൊടുപ്പിൻ
സൽസ്വരത്തെ ഉയർത്തുവിൻ,
ആഘോഷത്തോടെ പാടുവിൻ.

൨. മശിഹാ രക്ഷകൻ
നമ്മെ വീണ്ടെടുത്തു
എല്ലാ ലോകങ്ങളിൽ
ഇപ്പോഴും വാഴുന്നു—
സൽസ്വരത്തെ

൩. തൻ രാജത്വം നില്ക്കും,
താൻ നീതി ചെയ്യുന്നു.
താക്കോലും ചെങ്കോലും
തൻകയ്യിൽ ആകുന്നു—
സൽസ്വരത്തെ

൪. ഒടുക്കത്തെ നാളിൽ
കാഹളം ധ്വനിക്കും
ശവക്കുഴികളിൽ
മരിച്ചവർ കേൾക്കും
ന്യായവിധി കൈക്കൊള്ളുവാൻ
അവർ ഉയിർത്തെഴുന്നേല്ക്കും.

൫. ആശയോടിരിപ്പിൻ
യേശു അപ്പോൾ വരും,
സ്വർഗ്ഗത്തിൽ ഇരിപ്പാൻ
നമ്മെ സ്വീകരിക്കും;
അവിടെയുള്ള ഭാഗ്യവും
നാം എന്നും അനുഭവിക്കും.

## 26 ൨൬

Tune: '*There is a land, a sunny land*'

൧. എന്നെ വീണ്ട രക്ഷകന്റെ
സ്നേഹം ആർക്കറിയാം?
രക്തം ഈശൻ ചൊരിഞ്ഞെന്റെ
കടം വീട്ടി എല്ലാം
പാടുമേ ജയഗീതം
ആയുസ്സിൻ.. ... നാളെന്നും
യേശുവിൻ......മഹാ സ്നേഹം
എന്നുടെ നിത്യാനന്ദം.

൨. നിത്യജീവൻ തന്നെന്നുള്ളിൽ
ഈശൻ സ്വഭാവവും,
സ്വന്താത്മാവെ പകർന്നെന്നിൽ
നിറവാം സ്നേഹവും—പാടുമേ

൩. താതൻ പുഞ്ചിരി തൂകുന്നു
തൻ മകനാം എന്മേൽ
അബ്ബാ പിതാവേ എന്നത്രേ,
എൻ വിളി ഇനിമേൽ— പാട്ടുമേ

൪. ലോകം കീഴ്മേൽ മറിഞ്ഞാലും
എനിക്കില്ല ഭയം;
തിര മറിഞ്ഞലച്ചാലും
യേശു എൻ സങ്കേതം— പാട്ടുമേ

൫. സീയോൻ ലാക്കായ് ഗമിക്കുന്നു
ആശ്രയിച്ചേശുവിൽ;
കർത്തൻ സുഗന്ധം തൂകുന്നു
വൈഷമ്യ വഴിയിൽ— പാട്ടുമേ

൬. യേശുവേ, നിൻ തിരുനാമം
ഹാ എത്ര മധുരം,
ഭൂവിൽ ഇല്ലതിന്നു തുല്യം
ചെവിക്കിമ്പസാരം— പാട്ടുമേ

൭. ദൂതനാവാൽ പോലുമാകാ
തൻ മാഹാത്മ്യം ചൊല്ലാൻ,
ഇപ്പുഴുവോടുണ്ടോ ഇത്ര
സ്നേഹം അത്ഭുതം താൻ— പാട്ടുമേ

---

## 27 ൨൭

*'Jesus, the very thought of Thee'*

C. M.

൧. യേശുവെ ധ്യാനിക്കുമ്പോൾ ഞാൻ
സന്തുഷ്ടമാനസൻ
ഏററവും ആനന്ദം അവൻ
എത്ര മനോഹരൻ.

൨. ഹൃദയം അതിന്നിവണ്ണം
മാധുര്യം ഏകുന്ന
യാതൊരു നാമമില്ല സ്വർ
ഭൂതലങ്ങളിലും.

൩. പ്രിയം ഏററ നാമമേ,
ഒരംശ്യുലകിൽ വന്ന
സ്വന്ത രക്തം അതാലെന്നെ
വീണ്ടരുമനാഥൻ.

൪. സൌരഭ്യമുള്ള നാമമേ,
പാരിൻ ദുഃഖങ്ങളിൽ
ആശ്വാസം ഏകുന്ന നാമം
വിശ്വാസികെപ്പോഴും.

൫. തന്നോടുള്ള സംസർഗ്ഗം പോൽ
ഇന്നിഹത്തിൽ ഒരു
ഭാഗ്യാനുഭവം ഇല്ലതു
സ്വർഗ്ഗം തന്നേ നൂനം.

---

## 28 ൨൮

*'Salvation, Oh the joyful sound'*

C. M.

൧. രക്ഷ, രക്ഷ, ഇമ്പസാരം
മഹാ സന്തോഷവും
എൻ മുറിവുള്ളാത്മാവിന്നു
വിശേഷ ഔഷധം

മാനം, സ്തോത്രം, അധികാരം
കുഞ്ഞാട്ടിന്നു ലഭിക്കേണം;
യേശുക്രിസ്തു രക്ഷിതാവു്
ഹല്ലേലുയ്യാ, ഹല്ലേലുയ്യാ,
ഹല്ലേലുയ്യാ, സ്തുതിപ്പിൻ

൨. നാശത്തിൽ മുങ്ങിക്കിടന്ന
എൻ ദുരിതാത്മാവേ,
നിന്നെ കരേററി വന്ന
സ്തുതി ചെയ്യേണമേ— മാനം

൩. ഒരേ രക്ഷയെ പ്രശംസിപ്പിൻ
ഭൂലോകത്തുള്ളോരേ,
ആകാശമണ്ഡലത്തിലും
തൻ ദൂതർ പാടട്ടെ— മാനം

൪. പിതാവിന്നും തൻ പുത്രന്നും
മഹത്വം നല്കട്ടെ
വിശുദ്ധനായാത്മാവിന്നും
സൽ കീർത്തി പാടട്ടെ— മാനം

---

## 29 ൨൯

*'Before Jehovah's awful throne'*

L. M.

൧. എല്ലാ ജനങ്ങളും വരിൻ
ദൈവസിംഹാസനത്തിങ്കൽ
സന്തോഷത്തോടു കുമ്പിടിൻ
ദൈവമായ കർത്താവിങ്കൽ

൨. കത്താ ദൈവം എന്നറിവിൻ
മണ്ണാൽ നമ്മെ മനഞ്ഞവൻ
സ്വേച്ഛയായ് തിരിഞ്ഞവരെ
ഒന്നായ് തൊഴുത്തിൽ ചേർത്തവൻ.

൩. നിൻ ജനം ഞങ്ങൾ നിൻ സ്വന്തം
ശരീരം ആത്മ സമസ്തം
മഹോന്നതാ! സ്തുതി നിത്യം
നിൻ നാമത്തിന്നു ചേരേണം.

൪. സ്തുതിയോടുൾ പ്രവേശിക്കും
നിൻ മണ്ഡപങ്ങളിൽ ഞങ്ങൾ
ഉച്ചത്തിൽ ഘോഷിച്ചാർപ്പിടും
സന്തോഷഗീതവാദ്യങ്ങൾ.

൫. നീ വാഴുന്നവർ മേലുമേ
നിൻ സ്നേഹമോ എന്നും എന്നും
നിൻ സത്യം പാറപോൽ തന്നെ
എല്ലാം ഒഴിഞ്ഞുപോകിലും.

---

## 30 ൩൰

*'Glory be to Jesus' Name'*

10. 10. 9. 7.

൧

പാപത്തിൻ വൻ വിഷത്തെയൊഴിപ്പാൻ
സാത്താൻ തന്നുടെ ബലമഴിപ്പാൻ
രക്ഷകൻ ഇക്ഷിതിയിൽ വന്നാൻ:
യേശുവിന്നു മഹത്വം
യേശുവിന്നു മഹത്വം ......
യേശുവിന്നു മഹത്വം;
കുരിശിലവൻ മരിച്ചെൻപേർക്കായ്;
യേശുവിന്നു മഹത്വം.

൨

ആശയറ്റോൻ സ്ഥിതി താനറിഞ്ഞു;
ഈശകോപാഗ്നിയിൽ വീണെരിഞ്ഞു:
വിശുദ്ധ നിണം വിയർപ്പായ് തിരിഞ്ഞു:
യേശുവിന്നു മഹത്വം—

൩

തൻ മുഖ പങ്കജമതിലിടിച്ചു:
മുൾമുടി തലയിൽ വെച്ചാഞ്ഞടിച്ചു:
മുതുകിനെ ഉഴുതതുപോൽ പൊടിച്ചു:
യേശുവിന്നു മഹത്വം—

൪

ക്രൂശിൽ കൈകാൽകളെ താൻ വിരിച്ചു:
ക്രൂരന്മാർ ആണികൊണ്ടതിൽ തറച്ചു:
കൊടിയ വേദനയെനിക്കായ് സഹിച്ചു:
യേശുവിന്നു മഹത്വം—

൫

ചൊരിഞ്ഞു തൻ രുധിരം എൻ യാഗമായ്:
നുറുങ്ങിയെൻ പാപത്താലേശുവിൻ മെയ്:
തകൎന്നു തൻ ഹൃദയം എൻ പേർക്കായ്:
യേശുവിന്നു മഹത്വം—

൬

ജീവനെ യേശുവിന്നർപ്പിച്ചേൻ;
സർവ്വവുമവന്നായേല്പിച്ചേൻ:
പാവനജീവിതമാകേണമെൻ:
യേശുവിന്നു മഹത്വം—

൭

മരണം നേരിടുമളവിൽ താൻ
ശരണം; തന്നുടെ മാർവ്വിൽ ഞാൻ
വിരവോടടുക്കും കൃപയണിവാൻ:
യേശുവിന്നു മഹത്വം—

---

## 31 ൩൰൧

*'Praise Him, praise Him'*

P. M.

൧

വാഴ്ത്തിൻ, വാഴ്ത്തിൻ യേശുരക്ഷകനെ
വാഴ്ത്തിൻ
പാടിൻ തന്റെ അത്ഭുത സ്നേഹത്തെ!
ആർത്തിടുന്നു മഹത്വദൈവ ദൂതന്മാർ,
കീർത്തിപ്പിൻ തൻ വിശുദ്ധനാമത്തെ;
തൻ മക്കളെ ഇടയൻപോലെ കാക്കും
തൻ കൈകളിൽ വഹിക്കുന്നു സദാ.
വാഴ്ത്തിൻ, വാഴ്ത്തിൻ കർത്തൻ മാ മഹ–
ത്വം വാഴ്ത്തിൻ
കീർത്തിപ്പിൻ തൻ വിശുദ്ധനാമത്തെ.

൨.

വാഴ്ത്തിൻ, വാഴ്ത്തിൻ യേശുരക്ഷകനെ
വാഴ്ത്തിൻ,
പാപികൾക്കായ് പാടേറ്റു മരിച്ചു.
കർത്തൻ പാറ നിത്യരക്ഷയിൻ പ്രത്യാശ

ക്രൂശേറിയ യേശുവെ വാഴ്ത്തീടിൻ
ക്ലേശമെല്ലാം സഹിച്ചതോർത്തു സ്തോത്രം
ചെയ്യിൻ, തന്റെ അത്ഭുതസ്നേഹവും—
വാഴ്ത്തീൻ, വാഴ്ത്തീൻ

൩

വാഴ്ത്തീൻ, വാഴ്ത്തീൻ, യേശുരക്ഷകനെ
വാഴ്ത്തീൻ
വാനോർ, വാഴ്ത്തീൻ, ഹോശന്നാ പാട്ടു
വിൻ
വാഴുന്നേശുരക്ഷകനെന്നുമെന്നേക്കും
വാഴിക്ക പുരോഹിത രാജനായ്
ലോകത്തേയും ജയിച്ചു വരുന്നേശു
മാനം ശക്തി കർത്തന്നുള്ളതല്ലൊ—
വാഴ്ത്തീൻ, വാഴ്ത്തീൻ.

---

## 32 ൩൨

*'O Jesus, King, most wonderful'*

C. M.

൧. അത്ഭുത രാജൻ യേശുവേ!
വിശ്രുത വീരനേ!
സംപൂർണ്ണ സൌരഭ്യം നീയെ
സന്തോഷമെന്നുമേ.

൨. നീ ഹൃദയത്തിൽ വരുമ്പോൾ
സത്യം പ്രകാശിക്കും
ലോക മായ പോകും അപ്പോൾ
ദൈവിക സ്നേഹമാം.

൩. എല്ലാററിന്നും പ്രകാശം നീ
എൻ ജീവ ജ്വാലയും
സന്തോഷമെൻ സർവ്വോപരി
ഹാ! നീ മുഴുവനും.

൪. എല്ലാരും യേശുനാമത്തെ
എപ്പോഴും വാഴ്ത്തട്ടെ
തേടീടുന്നോരെല്ലാരുമെ
കണ്ടീടട്ടെ നിന്നെ.

൫. സദാ നിന്നെ എൻ നാവിനാൽ
കൊണ്ടാടി വാഴ്ത്തട്ടെ
നിൻ ഛായ എന്റെ ജീവനാൽ
നന്നായ്‌വിളങ്ങട്ടെ.

---

## 33 ൩൩

*'Who is He in yonder stall'*

P. M.

൧. ആട്ടിടയർ കുമ്പിടും
ആ തൊഴുത്തിലുള്ളതാർ?
കർത്തൻ താൻ—ഹാ അത്ഭുതമെ
കർത്തൻ താൻ മഹത്വരാജൻ,
തൃപ്പാദെ വണങ്ങി നാം
മാ കർത്താവായ്‌വാഴിക്ക.

൨. വൻ ഞെരുക്കത്തിൽ വസിച്ചു
കാട്ടിൽ ഉപവാസിച്ചതാർ! കർത്ത—

൩. സൌമ്യമായ്‌വദിച്ചതാർ
സമ്മതം ലഭിച്ചതാർ? കർത്ത—

൪. രോഗതാപബാധിതർക്ക്
ആശ്വാസം കൊടുത്തതാർ? കർത്ത—

൫. ലാസറിൻ കല്ലറക്കൽ
വാസമായ്ക്കരഞ്ഞതാർ? കർത്ത—

൬. സംഘത്തിൻ അത്യുച്ചമാം
സംഗീതം ശ്രവിച്ചതാർ? കർത്ത—

൭. അർദ്ധരാത്രൌ പ്രാർത്ഥിപ്പാൻ
ഗത്ത്ശമനെ പോയതാർ? കർത്ത—

൮. ക്ലേശം നൊമ്പരമേററു
ക്രൂശതിൽ മരിച്ചതാർ? കർത്ത—

൯. രക്ഷിച്ചു തുണെച്ചിടാൻ
മൃത്യു വെന്നു വന്നതാർ? കർത്ത—

൧൦. സിംഹാസനാരൂഢനാം
സർവ്വലോക നാഥനാർ? കർത്ത—

---

## 34 ൩൪

*'Praise, my soul, the King of heaven.'*

8. 7. 8. 7. 8. 7.

൧. വാഴ്ത്തെൻ ദേഹി, സ്വർ രാജനെ
കാഴ്ചവെക്ക തൻ പാദെ
തന്നാൻ രക്ഷ, സുഖം, ക്ഷമ
നിന്നെപ്പോലാർ സ്തുതിക്കും
സ്തുതി ചൊൽക, സ്തുതി ചൊൽക
നിത്യരാജ സ്തുതി ചൊൽ

൨. പിതാക്കൾക്കാവശ്യത്തിൽ ചെയ്ത
കൃപകൾക്കായ് സ്തുതിക്ക
ഇന്നും ആശിർവ്വദിക്കുന്ന
യഥാവാനെ സ്തുതിക്ക
സ്തുതി ചൊൽക, സ്തുതി ചൊൽക
വിശ്വസ്തതാ പൂർണ്ണനായ്.

൩. പിതാവായ് താൻ നമ്മെ പോററും
മർത്ത്യൻ മണ്ണെന്നറിയും
നമ്മെ തൃക്കയ്യിൽ വഹിക്കും
ശത്രുവിൽനിന്നു കാക്കും
സ്തുതി ചൊൽക, സ്തുതി ചൊൽക
വിസ്തീർണ്ണമാം കൃപെക്കായ്.

൪. തൻ മുഖം കാണും ദൂതരെ
സ്തുതി ചെയ്വാൻ തുണെക്ക
സൂര്യചന്ദ്രാദി സൃഷ്ടിയേ
കുമ്പിടീനവൻ മുമ്പിൽ
സ്തുതി ചൊൽക, സ്തുതി ചൊൽക
കൃപാലുവെ സ്തുതിക്കാം.

## 35 ൩൫

*'Now thank we all our God.'*

6. 7. 6. 7. 6. 6. 6. 6.

൧. ദൈവത്തെ സ്തുതിക്ക
ഏവരും ആഘോഷമായ്
ചെയ്താൻ അത്ഭുതങ്ങൾ
തന്നിലാക്കുന്നു ലോകം
നാനാ നന്മകളാൽ
ശിശുപ്രായം മുതൽ
നമ്മെ താൻ നടത്തി
അന്നേപ്പോലിന്നുമെ.

൨. ചിത്തമോദവും നൽ
ശാന്തതയുമേകി താൻ
കാപ്പാൻ നമ്മെ അവൻ
എപ്പോഴും കൂടെ വേണം
കൃപ തന്നു നമ്മെ
വഴിനടത്തട്ടെ
ഇഹപരങ്ങളിൽ
കാത്തുസൂക്ഷിക്കട്ടെ.

൩. സർവ്വ സ്തോത്രമെല്ലാം
ദൈവപിതാ പുത്രനും
അവരുമായ് സ്വർഗ്ഗ
വാഴുന്നോനും കൊടുപ്പിൻ
ഭൂസ്വർഗ്ഗങ്ങൾ വാഴ്ത്തും
നിത്യേക ദൈവം താൻ
ആദ്യം കഴിഞ്ഞപോൽ
ആകട്ടിന്നുമെന്നും.

## 36 ൩൬

*'Jesus, and shall it ever be?'*

L. M.

൧. മർത്ത്യനാമീ ഞാനേശുവേ,
ലജ്ജിച്ചിടുവതെങ്ങിനെ ?
ദൂതർ തന്നെ സ്തുതിക്കുന്നു
ആ സ്തുതി എന്നും നില്ക്കുന്നു.

൨. നൽ പ്രിയനാമെന്നേശുവേ,
ഞാൻ ലജ്ജിക്കുന്നതെങ്ങിനെ ?
എൻ സ്വർഗ്ഗപ്രത്യാശ സർവ്വം
നിന്നിലാശ്രയം താൻ ശുഭം.

൩. അകൃത്യം കഴുകീടാമോ,
ആത്മരക്ഷ നേടുവാനോ,
ഇല്ലയെങ്കിൽ ലജ്ജിച്ചീടാം
യേശുവെന്യേ ജീവിച്ചിടാം.

൪. എൻപേർക്കേശു മരിച്ചതു
എന്നുമെൻ പ്രശംസയതു
രക്ഷകൻ ലജ്ജിക്കാതെന്നെ
ചേർത്തുകൊള്ളുന്നെന്നേക്കുമേ.

## 37 ൩൭

Tune: *'I feel like singing.'*

C. M.

൧. കർത്താവിനെ നാം സ്തുതിക്ക
ഹേ, ദൈവമക്കളേ !
സന്തോഷത്തിൽ നാം അർപ്പിക്ക
സ്തോത്രത്തിൻ യാഗത്തെ
നാം സ്തോത്രം, സ്തോത്രം, സ്തോത്രം കഴിക്ക
സ്തോത്രം, സ്തോത്രം, നാം സ്തോത്രം കഴിക്ക.

൨. വിശുദ്ധ സ്നേഹബന്ധത്താൽ
ഒരേ ശരീരമായ്
നാം ചേർക്കപ്പെട്ടതാകയാൽ
ചേരുവിൻ സ്തുതിക്കായ്— നാം

൩. പിതാവു ഏകജാതനെ
നമുക്കു തന്നല്ലോ
ഹാ ! സ്നേഹത്തിൻ അഗാധമെ
നിന്നെ ആരറിയാമോ— നാം

൪. നാം പ്രിയപ്പെട്ട മക്കളായ്
വിളിച്ചപേക്ഷിപ്പാൻ
തൻ ആത്മാവെ അച്ചാരമായ്
നമുക്കു നല്കി താൻ— നാം

൫. ഈ ലോകത്തിൻ ചിന്താകുലം
ദൈവാശ്രിതർക്കില്ല
തൻ പൈതങ്ങളിൻ ആവശ്യം
താൻ കരുതും സദാ— നാം

൬. ഈ വിതെയ്ക്കുന്ന കാലം നാം
ചിലപ്പോൾ കരയും
പിതാവോ കണ്ണുനീരെല്ലാം
തുടച്ചുകളയും— നാം

൭. തൻ നീതിരാജ്യം നല്കുവാൻ
പിതാവിന്നിഷ്ടമായ്
തൻ മുഖത്തിൻ മുൻപാകെ താൻ
നിത്യം തൻ സ്തുതിക്കായ്— നാം

# ADVENT

## ആഗമനം

**38** ൩൮

*'The Lord will come : the earth shall quake.'*

L. M.

൧. കർത്താവു വരും ! ലോകവും
പഞ്ചഭൂതങ്ങൾ ഒക്കെയും
ആ നാളിൽ വെന്തുരുകീടും
യഹോവ അപ്പോൾ വിധിക്കും.

൨. കർത്താവു വരും ! അഗ്നിയിൽ
താൻ വെളിപ്പെട്ടാ ക്ഷണത്തിൽ,
തൻ വാക്കിനാൽ എല്ലാരെയും
താൻ ഉയിർത്തെഴുന്നേല്പിക്കും.

൩. കർത്താവു വരും ! അന്നേരം
തൻ ജനത്തിന്നു ഭാഗ്യമാം ;
തൻ നാമത്തിൽ ആശ്രയിച്ചാൽ
തൻ രക്ഷ കിട്ടും അതിനാൽ.

൪. കർത്താവു വരും ! അന്നേരം
ദുർജ്ജനം ശിക്ഷിക്കപ്പെടും ;
എന്നാൽ തൻഭക്തർ എപ്പോഴും
ആനന്ദിച്ചു സന്തോഷിക്കും.

**39** ൩൯

*'Lo ! He comes with clouds descending'*

8. 7. 8. 7. 8. 7.

൧. കണ്ടാലും യേശു വരുന്നു
മേഘത്തേരിന്മേൽ അതാ,
ജ്വാലാഗ്നിയിൽ ഇറങ്ങുന്നു
പാപികളിൻ രക്ഷകൻ
ഹല്ലേലുയ്യാ
പാപികളിൻ രക്ഷകൻ.

൨. സൂര്യനൊത്ത തേജസ്സോടെ
ലോകർ തന്നെ ദർശിക്കും
ദുഷ്ടർ ഞെട്ടി ഭീതിയോടെ
തൻ മുമ്പാകെ ഭ്രമിക്കും ;
കുത്തിയോരും
തൻ മുമ്പാകെ ഭ്രമിക്കും.

൩. ദൂതഗണം കോടികോടി
ഹല്ലേലുയ്യാ പാടുന്നു ;
വിശുദ്ധന്മാർ സംഘംകൂടി
മോടിയോടെ വാഴ്ത്തുന്നു ;
മശിഹായെ
മോടിയോടെ വാഴ്ത്തുന്നു.

൪. ആമെൻ ദൈവകുഞ്ഞാട്ടിന്നു
മാനം ശക്തി ഭവിക്ക;
ആമെൻ താതസുതാത്മനു
സ്തുതി സ്തോത്രം ലഭിക്ക;
സർവ്വകാലം
സ്തുതി സ്തോത്രം ലഭിക്ക.

## 40 ൪൦

*'Hark! the glad sound'*

C. M.

൧. കേൾ! ആഗമനത്തിൻ ആർപ്പു
വാഗ്ദത്തം പോൽ യേശു,
വരുന്നതാൽ ഹൃത്തൊരുക്ക
ആൽക്കോരോ ഗീതവും.

൨. സാത്താന്നടിമപ്പെട്ടോരെ
മോചിപ്പാൻ വരുന്നു;
പിച്ചളവാതിൽ ഇരിമ്പു
വിലങ്ങും തകരും.

൩. ചിത്തത്തിൽ ദുർമ്മാർഗ്ഗമൂടൽ
നീക്കാനും, അന്ധന്നു
സ്വർഗ്ഗവെളിച്ചം കണ്ണുകളിൽ
നല്കാനും വരുന്നു.

൪. നുറുങ്ങിയ ഹൃദയത്തിൻ
മുറിവുകെട്ടാനും
അഗതിക്കു കൃപാധനം
ഏകാനും വരുന്നു.

൫. ശീലോ! നിൻ എതിരേൽപ്പിൽ ഞാൻ
ഹോശാനാ പാടുമേവൻ
മുഴങ്ങും മോക്ഷവാതിൽ നിൻ
പ്രിയ നാമഘോഷത്താൽ.

## 41 ൪൧

Tune: *'Praise, my soul, the King'*

8. 7. 8. 7. 8. 7.

൧. എന്നെ വീണ്ടെടുത്ത നാഥൻ
ജീവനോടിരിക്കുന്നു,
അന്ത്യകാലേ വരുമവൻ
എന്നു ഞാൻ അറിയുന്നു;
ഹല്ലെല്ലുയ്യാ
രക്ഷിതാവു വാഴുന്നു.

൨. ത്വക്കിനോടു കൂടെൻ ദേഹം
പാടെ നശിച്ചീടിലും
ഭൂമിയിൽ എൻ രക്ഷകനെ
എന്റെ കണ്ണു കണ്ടിടും;
ഹല്ലെല്ലുയ്യാ
രക്ഷിതാവു വാഴുന്നു.

൩. അന്യ കണ്ണുകൾകൊണ്ടല്ല
വീണ്ടെടുത്ത കർത്തനെ
എന്റെ കണ്ണുകൊണ്ടു തന്നെ
അപ്പോൾ കാണും ഇവിടെ;
ഹല്ലെല്ലുയ്യാ
രക്ഷിതാവു വാഴുന്നു.

൪. യേശു, നിന്റെ രക്തംകൊണ്ടു
വീണ്ടെടുത്ത ഞങ്ങളെ
കൃപയോടെ ജീവിപ്പിച്ചു
രക്ഷിച്ചുകൊള്ളേണമേ;
ഹല്ലെല്ലുയ്യാ
രക്ഷിതാവു വാഴുന്നു.

## 42 ൪൨

*'When the trumpet of the Lord shall sound'*

P. M.

൧ [കുമ്പോൾ
കർത്തൃകാഹളം യുഗാന്ത്യകാലത്തിൽ ധ്വനി-
നിത്യമാം പ്രഭാത ശോഭിതത്തിൻ നാൾ
പാർത്തലേ രക്ഷപ്പെട്ടോരക്കരെ കൂടി ആ-
കാശെ
പേർ വിളിക്കുംനേരം കാണും എൻ
പേരും

പേർ വിളിക്കും നേരം കാണും
പേർ വിളിക്കും നേരം കാണും
പേർ വിളിക്കും നേരം കാണും
പേർ വിളിക്കും നേരം കാണും എൻ
പേരും.

൨

ക്രിസ്തനിൽ നിദ്രകൊണ്ടോരിശ്ശോഭിത പ്ര-
ഭാതത്തിൽ
ക്രിസ്തു ശോഭ ധരിപ്പാനുയിർത്തു തൻ
ഭക്തർ ഭവനെ ആകാശമപ്പുറം കൂടീടുമ്പോ
ൾ—പേർ

൮

കർത്തൻ പേർക്കു രാപ്പകൽ അദ്ധ്വാനം ഞാൻ ചെയ്തിങ്ങനെ
വാർത്ത ഞാൻ ചൊല്ലീടട്ടെ തൻ സ്നേഹത്തിൻ
പാർത്തലത്തിൽ എന്റെ വേല തീർത്തിജ്ജീവിതാന്തത്തിൽ—പേർ

---

## 43 ൪൩

Tune : '*Great God what do I see*'

8. 7. 8. 7. 8. 3. 7.

൧. ധ്വനിക്കും അന്ത്യകാഹളം
   ഗംഭീരനാദം കേൾക്കും
പ്രധാന ദൂതൻ ശബ്ദിക്കും
   ഇറങ്ങും യേശു വാനിൽ
ഉടൻ ഉയിർത്തെഴുന്നിടും
വിശ്വാസികൾ എല്ലാവരും
   രൂപാന്തരപ്പെട്ടിടും.

൨. മഹത്വമേഘവാഹനം
   വിശ്വാസികൾക്കു കിട്ടും
തന്നോടുകൂടെ ചേരുവാൻ
   അവർ തന്നിൽ കയറും
വിശ്വാസികൾ കർത്താവിനെ
കണ്ടീടുമെ വൻതേജസ്സിൽ
   പിന്നീടു തന്റെ കൂടെ.

൩. തൻ ദൂതസേനയോടവർ
   വന്നീടും ഈ ഭൂവിങ്കൽ
സാത്താനെ ബന്ധിച്ചിട്ടും താൻ
   പാതാളത്തിൽ അടക്കും
സഹസ്രമാണ്ടു വാഴും താൻ
ഈ ലോകരാജ്യമാകവെ
   വിശുദ്ധരോടുകൂടെ.

൪. സ്വർഗ്ഗീയ ഏദൻതോട്ടമായ്
   ഭൂവാകെ കാണപ്പെടും
കുഞ്ഞാടും സിംഹവും നന്നായ്
   ഒന്നിച്ചു മേഞ്ഞു ക്ഷേമവും
വിരിയൻപാമ്പിൻ പോതിലെ
പൈതങ്ങൾ കളിച്ചീടുമെ
   ഉണ്ടാകയില്ല ദോഷം.

൫. സഹസ്രകാലം തീരുമ്പോൾ
   ഉയിർപ്പിക്കും ദുഷ്ടരെ
സാത്താന്റെ ബന്ധനം നീക്കും
   ശിക്ഷാവിധിക്കയക്കും
നല്ലോർക്കു മോക്ഷം കല്പിക്കും
വെള്ളസിംഹാസനം വെക്കും
   ദുഷ്ടരെ ശിക്ഷിച്ചിട്ടും.

൬. മനുഷ്യരാകെ ഭൂമിയിൽ
   ചെയ്തു ദുഷ്കൃത്യങ്ങൾക്കും
ന്യായാധിപൻ പുസ്തകത്തിൽ
   കണ്ടതുപോൽ വിധിച്ചു
താൻ ചെയ്തതും ചിന്തിച്ചതും
അറിഞ്ഞുടൻ എല്ലാവരും
   ശരി എന്നോർത്തടങ്ങും.

൭. ഹാ! യേശുവേ, എൻ നാമത്തെ
   നിൻ പുണ്യയാഗത്താലെ
നിൻ ജീവപുസ്തകത്തിലെ
   കുറിച്ചുവെച്ചീടേണം
നിൻ നിർണ്ണയപ്രകാരമായ്
എൻ യേശുവിൻ പുകഴ്ചയ്ക്കായ്
   നിൻ ചിത്തം പൂരിക്കെന്നിൽ.

---

## 44 ൪൪

'*O come, O come Immanuel*'

Six 8s.

൧. വാ, വരിക ഇമ്മാനുവേൽ
കേഴുന്നടിമ യിസ്രായേൽ
ദേവസുതാ വന്നവരെ
അടിമ നീക്കി പാലിക്ക
   പാടിൻ, പാടിൻ, ഹേ യിസ്രായേൽ
   വരും നിനക്കിമ്മാനുവേൽ.

൨. യിശ്ശായിൻ ദണ്ഡേ, മക്കളെ
പിശാചിൽനിന്നു രക്ഷിക്ക
മരണപാതാളങ്ങൾ മേൽ
അവർക്കു ജയം നല്കുകെ— പാടിൻ

൩. അരുണോദയമേ, വന്നു
തോഷിപ്പിക്കെങ്ങളുള്ളത്തെ
പായിക്ക രാവിൻ മേഘത്തെ
ചാവിൻഘോരനിഴൽ മാറ്റി— പാട

൪. ദാവീദിൻ സുതനേ, വന്നു
തുറക്കെങ്ങൾ സ്വർഭവനം
ഉന്നതിമാർഗ്ഗം തെളിക്ക
ദുർഗ്ഗതിവാതിലടെക്ക— പാടിൻ

൫. വാ, വരിക ശക്തി കർത്താ,
ജ്യോതിർമേഘത്തിലാദരം
ഗോത്രങ്ങൾക്കു സീനായിന്മേൽ
ധർമ്മശാസ്ത്രം വഴങ്ങിയോൻ— വാ

## 45 ൪൫

Tune: '*I've reached the land*'

L. M.

൧. കാൽവറിയിൽ എൻ പേർക്കഹൊ
ജീവൻ കൊടുത്തെൻ രക്ഷകൻ
മഹത്വത്തിൽ ദൂതരുമായ്
ഇഹത്തിൽ വീണ്ടും വന്നിട്ടും
യേശു വരും, വീണ്ടും വരും
തൻ ശുദ്ധരെ ചേർത്തുകൊൾവാൻ
ആകാശമണ്ഡലങ്ങളിൽ
മേഘങ്ങളിൽ ആഘോഷമായ്
ആനന്ദമേ! ഹാ! എന്നുമെ
മാനുവേലിന്നല്ലേലുയ്യാ!

൨. ലോകത്തിൻ നാനാഭാഗത്തും
കേൾക്കുന്നിതാ അത്യുച്ചത്തിൽ
തൻ വരവിന്നാപ്പുവിളി
എവരും കേട്ടുണരുവിൻ— യേശു

൩. കത്തും വിളക്കോടും അര-
കെട്ടിയും തന്നെ കാക്കുവിൻ
അല്ലാഞ്ഞാൽ നിങ്ങൾ എവരും
തള്ളപ്പെട്ടും പുറത്തഹൊ— യേശു

൪. വാതിലടച്ചശേഷം ഈ
ഭൂവിങ്കലുണ്ടാമവർക്കും
അത്യന്ത കഷ്ടങ്ങൾ അവ
തെററിഒഴിവിൻ ഇപ്പൊഴെ— യേശു

## 46 ൪൬

Tune: '*Who, who are these*'

P. M.

൧

മാനവരെ രക്ഷിച്ചിട്ടുവാനായ്
വാനത്തിൽനിന്നിഹത്തിൽ വന്നു താൻ
ജീവനേകിയോരേശു
ഭൂവിൽ തിരികെ വരും
വേഗമേശു രക്ഷകനാഗമിച്ചിട്ടും
മേഘമതാം വാഹനെ.

൨

തൻ ശുദ്ധരെ ആകാശെ കൂട്ടുവാൻ
യേശു വരുന്നു താമസംവിനാ
പാർത്തലത്തിൽ നിന്നവൻ
ചേർത്തിട്ടും തൻ സന്നിധൌ— വേഗ

൩

നിങ്ങളുടെ അരകൾ കെട്ടിയും
ഭംഗിയോടെ ദീപം വിളങ്ങിയും
കർത്താവിൻ വരവിന്നായ്
കാത്തിട്ടുവിൻ സർവ്വദാ— വേഗ

൪

കുഞ്ഞാട്ടിന്റെ കല്യാണം വന്നിതാ
കാന്ത അലംകൃത മനോഹരി
ക്ഷണിക്കപ്പെട്ടോരെല്ലാം
ധന്യരഹോ എന്നുമേ— വേഗ

# CHRISTMAS

## ക്രിസ്തുമസ്

## 47 ൪൭

7s. D.

൧. യേശുരാജൻ ജനിച്ചു;
ഇമ്പമായ് പുകഴ്ത്തുവിൻ,
ദൂതസ്വരം ഘോഷിച്ചു;
പ്രീതിയോടെ വാഴ്ത്തുവിൻ.
ഹല്ലെല്ലൂയാ താതനും,
ഹല്ലെല്ലൂയാ സുതനു,
ഹല്ലെല്ലൂയാത്മാവിന്നു,
ഹല്ലെല്ലൂയാ അനന്തം.

൨. ഒരംശായ്വേരിൽ മുളച്ചു,
ബേത്ലഹേം ഗോശാലയിൽ

യൂദകുല കന്യകയിൽ
യേശു അവതരിച്ചു—
ഹല്ലെല്ലൂയാ.

൩. ഉന്നതത്തിൽ തേജസ്സും,
ഭൂവിൽ സമാധാനവും,
മർത്യരിൽ സംപ്രീതിയും,
സന്തതം ഉളവാകും—
ഹല്ലെല്ലൂയാ.

൪. ദാവീദൂരിൽ ജനിച്ച
ദൈവത്തിന്റെ പുത്രനേ,
പാപവശാൽ നശിച്ച
പാപിയെ നീ നോക്കുകേ—
ഹല്ലെല്ലൂയാ.

---

## 48  ൪൮

Tune : '*Here we suffer*'

P. M.

൧. യേശു ഇന്നു ജനിച്ചു
ദൈവം അവതരിച്ചു
നമ്മെ രക്ഷിച്ചീടാൻ—
ദൈവത്തിന്നു സ്തോത്രം
സ്തോത്രം, സ്തോത്രം, സ്തോത്രം,
ദൈവത്തിന്നു സ്തോത്രം
സർവ്വരും പാടീടേണം.

൨. ദാവീദിന്റെ ഗ്രാമത്തിൽ
ബേത്ലഹേം നഗരത്തിൽ
ശിശു ഭൂജാതനായ്—
ദൈവത്തിന്നു—

൩. ദൈവദൂതന്മാർ വന്നു
ലോകരോടറിയിച്ചു
ഈ സുവിശേഷത്തെ—
ദൈവത്തിന്നു—

൪. ദൈവത്തിന്നു മഹത്വം
മർത്യരിൽ പ്രസാദവും
സംപൂർണ്ണമായ്വന്നു—
ദൈവത്തിന്നു—

൫. യൂദന്മാരഖിലവും
ശേഷം സർവ്വജനവും
ഐക്യമായ് പാടേണം—
ദൈവത്തിന്നു—

---

## 49  ൪൯

'*In Excelsis Gloria*'

P. M.

൧. ബേത്ലഹേം നൽനഗരിയിൽ
യേശുക്രിസ്തു ജനിച്ച നാൾ
ദൂതഗണങ്ങൾ ഘോഷിച്ചു:
'ഉന്നതത്തിൽ മഹത്വം.'
ഉന്നതത്തിൽ മഹത്വം
ഉന്നതത്തിൽ മഹത്വം
ഉന്നതത്തിൽ മഹത്വം
ഉന്നതത്തിൽ മഹത്വം.

൨. ആട്ടിടയർ കണ്ടവരാം
പ്രഭ ചേർന്ന വാനഗണം
യേശു പിറന്നെന്നു ചൊല്ലി
'ഉന്നതത്തിൽ മഹത്വം.'

൩. വേദവാക്യം എന്നപോലെ
ഏവരെയും രക്ഷിച്ചിടാൻ
യേശുമഹാരാജൻ വന്നു.
'ഉന്നതത്തിൽ മഹത്വം.'

൪. നിൻ കൃപ വേണം കർത്താവേ!
നിൻമുഖം കണ്ടെന്നും സ്വർഗ്ഗേ
നിൻ മുമ്പിൽ അൻപാർന്നാടുവാൻ.
'ഉന്നതത്തിൽ മഹത്വം.'

---

## 50  ൫൦

'*God from on high hath heard*'

S. M.

൧. അത്യുന്നതൻ കൃപാൽ
ആവൽ താപം വേണ്ടാ
ആകാശം തുറന്നിട്ടിതാ
അയച്ചു പുത്രനെ.

൨. ഹാ രാത്രിമദ്ധ്യത്തിൽ
ആർക്കുന്നു തൻ ദൂതർ
ആഹ്ലാദമാകും ഈ വാർത്ത
ഈശൻ നരനായി.

൩. ഇടയസംഘവും
ഇതിങ്ങലോ ശിഷ്ടം
ഇങ്ങകിവന്നു ദർശിച്ചു
ഇമ്പമാം കാഴ്ചയെ.

൪. എന്തോരത്ഭുതമേ
ഏററം പാവപ്പെട്ട
വേഷത്തിൽ മാതാപുത്രരെ
ദശിച്ചിടുന്നല്ലോ.

൫. ഇതോ മശിഹാ താൻ
ഇതോ മഹാ രാജൻ
ഇതോ പിതൃസ്വരൂപസ്ഥൻ;
ഇതോ ഭൂരക്ഷകൻ.

൬. വിശ്വാസത്താൽ കാൺകെ
വിശ്വൈക നാഥന്റെ
വിശിഷ്ട മഹാ തേജസ്സും
മഹാ വിനയവും.

## 51 ൫൧

Tune: '*Stand up, stand up for Jesus*'

D. 7. 6.

൧. വിരഞ്ഞോടി വന്നിടിൻ
വാൎത്ത കേട്ടില്ലയോ?
മാലാഖമാൎക്കു രാജൻ
മാനുഷനായ് വന്നാൻ;
ബേതലഹേമിൽ പോകാം
ബലവാനെ കാണാം
ശീഘ്രം ഓടി വരുവിൻ
ശീഘ്രം കുമ്പിടുവിൻ.

൨. ദൈവത്തിൽനിന്നു ദൈവം
ദീപോത്ഭവദീപം
ഹാ താൻ കന്യാഗൎഭത്തെ
ഹാസ്യമാക്കിയില്ലേ;
സത്യദൈവം താൻ തന്നേ
സത്യം ജനിച്ചിഹൈ
ശീഘ്രം ഓടി വരുവിൻ
ശീഘ്രം കുമ്പിടുവിൻ.

൩. കേൾപ്പിൻ ദൂതസംഘത്തിൻ
കേൾവിപ്പെട്ട ഗാനം
ഉന്നതത്തിൽ മഹത്വം
ഉണ്ടാകുമാറാക,
ഉൎവ്വിയിൽ സമാധാനം
ഉലകിൽ പ്രസാദം
ശീഘ്രം ഓടി വരുവിൻ
ശീഘ്രം കുമ്പിടുവിൻ.

൪. ഒരം ഭാഗ്യ മുഹൂൎത്തത്തിൽ
ഈ ലോകേ ജനിച്ച
ഈശോമശിഹാ തന്നേ
ഈ ജഡം എടുത്തു
ഈശനാം പിതാവിന്റെ
ഈ തിരുവചനം:
ശീഘ്രം ഓടി വരുവിൻ
ശീഘ്രം കുമ്പിടുവിൻ.

## 52 ൫൨

'*Oh come, all ye faithful*'

P. M.

൧

വിശ്വാസികളേ വാ
തുഷ്ടമാനസർ ആയ്
വന്നിടുക; വാ, നിങ്ങൾ ബേത്ലഹേമിൽ
വാ വന്നു കാണ്മിൻ
ത്രിവിഷ്ടപരാജൻ
ഹാ! വേഗം വന്നു പാടി
ഹാ! വേഗം വന്നു വാഴ്ത്തിൻ
വാ! വേഗം വന്നു വാഴ്ത്തിൻ കൎത്താവെ

൨

ദേവാദി മാ ദേവൻ
ശ്രീയേശു കൎത്താവു
ഈ ലോകേ വന്നുദിച്ചു കന്യയിൽ
രാജാധിരാജൻ
സൃഷ്ടിയല്ല ജാതൻ— ഹാ വേഗം

൩

മാലാഖമാരോടു
മേളം കൂടിപാടിൻ
സ്വൎല്ലോക നിവാസികളേ പാടിൻ
മഹോന്നതത്തിൽ
ദൈവത്തിന്നു സ്തോത്രം— ഹാ വേഗം

൪

ഈ ഭൂമിയിൽ ജാതൻ
പ്രഭയേറും രാജൻ
ഈശോതമ്പുരാന്നു സ്തോത്രം പാടിൻ
പാരിലുള്ളോരേ
വന്ദനം കരേററിൻ— ഹാ വേഗം

## 53 ൫൩

*'Hark, the Herald Angels sing'*

D. 7s.

൧. കേൾക്ക ദൂതസൽസ്വരം
ക്രിസ്തു ജാത ഘോഷണം
ഭൂമൌ സാമ സന്തോഷം
ആമീൻ പാടിൻ ഉണ്ടായി
ആനന്ദിപ്പിൻ മർത്ത്യരേ
വാനദൂതർ യോഗമായ്
യേശു ഇന്നു ഭൂജാതൻ
എന്നു ലോകം ആർക്കുന്നു
കേൾക്ക ദൂതസൽസ്വരം
ക്രിസ്തു ജാതഘോഷണം.

൨. വാനദൂതരാൽ എന്നും
മാന്യനാം ഈ ക്രിസ്തീശൻ
പാർത്തലെ കന്യകയിൽ
മൂർത്തിയായി ജനിച്ചു
മാനമായിപ്പാടുവിൻ
മാനവാവതാരത്തെ
ക്ലേശം തീർത്തു രക്ഷിക്കും
ഈശനാം ഇമ്മാനുവേൽ— കേൾക്ക

൩. ശാലേമിൻ പ്രഭോ വാഴ്ക
വാഴ്ക! നീതി സൂര്യനേ
ശോഭ ജീവൻ നല്കും താൻ
രോഗശാന്തി സർവ്വർക്കും
മാനമാകെ വിട്ടഹോ
മർത്ത്യഭാഗ്യം തേടുവാൻ
മൃത്യുഹാരം ചെയ്യുവാൻ
ജാതൻ ആയി പാരിടെ— കേൾക്ക

൪. യേശു ലോക മോഹിതാ,
വാസമാക ചേതസി
വേഗം ഏക നൽവരം
നാഗശക്തി പോക്കുവാൻ
ശാപ ദോഷം തീർത്തു നീ
വാഴ്ക വാഴ്ക മാനസേ
പൂർണ്ണമായ വിശ്വാസം
ദാനം ചെയ്ക സർവ്വദാ— കേൾക്ക

## 54 ൫൪

*'Once in royal David's city'*

8. 7. 8 7. 7. 7.

൧. രാജൻ ദാവീദൂരിൽ പണ്ടു
മോശമാം തൊഴുത്തിലെ
സാധുവായോർ മാതാവു താൻ
പ്രസവിച്ചോരുണ്ണിയെ
അമ്മ കന്നിമറിയം
യേശു ആ കുമാരനും.

൨. വാനം വിട്ടു ഭൂവിൽ വന്നു
കർത്തൃകർത്തനാം ദൈവം
പുൽത്തൊട്ടിയിൽ താൻ കിടന്നു
ഗോശാല തൻ കൊട്ടാരം
ഏഴയാം അഗതിപോൽ
വാസം ചെയ്തു ഭൂമിമേൽ.

൩. പാവപ്പെട്ട മാതാവിനു
കീഴ്പ്പെട്ടാദരിച്ചു താൻ
ബാല്യകാലം എല്ലാം അൻപായ്
മാനിച്ചങ്ങു മേവിനാൻ.
തന്നെ കണ്ടു പഠിക്ക
തന്നെപ്പോലെ ജീവിക്ക.

൪. ബാലന്മാർക്കു നൽ ദൃഷ്ടാന്തം
ബാലനായ് താൻ കാണിച്ചു
ബലഹീനൻ എന്നപോലെ
ദുഃഖിച്ചു, സന്തോഷിച്ചു
ഇമ്പ തുമ്പ നാളിലും
തുണചെയ്യും നമുക്കു

൫. കണ്ണാൽ കാണും അന്ത്യ നാളിൽ
നാമവന്റെ സ്നേഹത്തിൽ
കർത്തൻ ആ ശിശു എന്നപ്പോൾ
ബോധമാകും സ്വർഗ്ഗത്തിൽ
ചേർത്തിടുന്നനേകരെ
കാത്തു രക്ഷിച്ചാസ്ഥലേ.

൬. ഹീനമാം തൊഴുത്തിലല്ല
വല്ലഭൻ വലഭാഗേ
രാജമുടി ചൂടി തന്നെ
മാ തേജസ്സിൽ കാണുമേ
വെള്ളവസ്ത്രം ധരിച്ചു
ചുറ്റും ഉണ്ടാം ശുദ്ധരും.

## 55 ൫൫

### C. M.

൧. ഗോശാലെ ജാതനായയാനെ
എല്ലാരും വന്ദിപ്പിൻ
കർത്താധികർത്തനെന്നുമെ
സന്മോദം ആർത്തിടിൻ.

൨. നൽ താരക തൻ ശോഭയെ
കണ്ടാനന്ദിച്ചിടിൻ
ഇമ്മാനുവേൽ മഹേശനെ
ഇന്നാളിൽ വാഴ്ത്തുവിൻ.

൩. ഇടയരോടു കൂടെത്തി
സന്തോഷ കാഴ്ച കാൺ
തൃപ്പാദ പീഠം തേടീടിൻ
ഈ ക്രിസ്മസ്സ് ഘോഷിപ്പിൻ.

൪. വിണ്ണോരിൻ ഗീതം പാടുക
ഇന്നീ മഹാ ദിനെ
നന്നായ് സ്തുതിച്ചു വാഴ്ത്തുക
ശ്രീയേശുരാജനെ.

## 56 ൫൬

### *'Carol, sweetly carol'*

### D. 6s.

൧. പാടിൻ ഇമ്പ ഗീതം
ഇന്നേശു ജാതനായ്
സദ്വിശേഷ നാദം
കൊണ്ടാടിൻ ലോകർക്കായ്
പാടിൻ ഇമ്പ ഗീതം
ഇപ്പാരിൽ എങ്ങുമേ
കേട്ടു വീണ്ടും ഗീതം
പാടേണം വേഗമേ.
പാടിൻ ഇമ്പഗീതം
പാടിൻ ഇന്നിമ്പമായ്
സദ്വിശേഷ നാദം
കൊണ്ടാടിൻ ലോകർക്കായ്.

൨. പാടിൻ ഇമ്പ ഗീതം
സ്വർഗ്ഗീയ കീർത്തനം
പാടിൻ ജാത മോദം
രക്ഷണ്യ കാരണം
പാടിൻ ഇമ്പ ഗീതം
മഹത്വം കർത്തന്നും,
ശാന്തം, പ്രീതി, മോദം,
നരർക്കുണ്ടാം എന്നും—പാടിൻ

൩. പാടിൻ ഇമ്പ ഗീതം
ക്രിസ്ത്വാവതാര നാൾ
കേൾക്കുന്നെങ്ങും നാദം,
മണി ഗണങ്ങളാൽ
പാടിൻ ഇമ്പ ഗീതം
രക്ഷണ്യ സംഘമേ
ധ്വാനിച്ചേറെ ഗീതം
പാടീടിൻ ഉച്ചത്തിൽ— പാടിൻ

## 57 ൫൭

### *'Christians, awake, salute the happy morn'*

### 10s.

൧

ക്രൈസ്തവരേ, വന്ദനെക്കുണരിൻ
ക്രിസ്തു കന്യാ ജാതം ചെയ്തു നാളിൽ
ഭാഗ്യോദയെ—അത്ഭുതമീ സ്നേഹം
അഗോചരമല്ലോ ഇതിൻ മർമ്മം
വാനേ ദൂതന്മാർ പാടി ഇതാദ്യം
മാനുഷ്യാവതാരം ഘോഷിച്ചിവർ.

൨

കാവൽ കാക്കും ഇടയരും കേട്ടു
ദൈവദൂത സ്വരം, ‘ഭയം വേണ്ടാ
നല്ല വാർത്ത കൊണ്ടുവരുന്നു ഞാൻ
എല്ലാവർക്കുമുള്ളൊരു രക്ഷകൻ
ഇന്നു ജനിച്ചു:’ ദൈവവാഗ്ദത്തം
ഒന്നുപോലും പിഴയ്ക്കാ, നിശ്ചയം.

൩

ദൂതഗണം ആകാശം മുഴക്കി,
ഗീതം പാടി ആർത്തു ‘ ഉന്നതത്തിൽ
ദൈവത്തിന്നു മഹത്വം, ഭൂമിയിൽ
ദൈവപ്രസാദമുള്ളോർക്കു സാമം ’
വീണ്ടെടുപ്പിൻ സ്നേഹം ദൂതന്മാർക്കും
ഉണ്ടേ ആശ്ചര്യം, ഗീതവുമതു.

൫

ആട്ടിടയർ ഓടി ബേത്ലേമിനു
കുട്ടിയായ് പുൽത്തൊട്ടിയിൽ കണ്ടവർ
രക്ഷകനെ അമ്മയോടു കൂടെ
സൂക്ഷ്മം ദൂതവാക്യം എന്നറിഞ്ഞു
സാക്ഷിക്കെല്ലാം അത്ഭുതകാര്യയെ
ഘോഷിച്ചാരാദ്യം ഘോഷവേ, ഇവർ

൬

ക്രിസ്തുസ് മോദം ആട്ടിടയരെ പോൽ
പ്രസ്താവിക്കാം സ്തോത്രസ്വരത്തോടെ
നക്കും തിക്കും ഈ ശിശുവിനെ നാം
തൊട്ടിതൊട്ടു ക്രൂശോളം നോക്കി കാണ്
നിഷ്ഠയോടെ പിൻചെല്ല കൃപയാൽ
നക്കസ്വർഗ്ഗം വീണ്ടും പ്രാപിപ്പോളം.

൭

ഗീതം പാടാം രക്ഷയിൻ മോദത്താൽ
ദൂതർ മദ്ധ്യേ നില്ക്കാം ജയം കൊണ്ടു
ഇന്നു പിറന്നവന്റെ മഹത്വം
മിന്നുന്നുണ്ടല്ലോ നമ്മുടെ ചുറ്റും
നിത്യം പാടും രക്ഷപെട്ടോർ സ്തുതി
നിത്യനാം സ്വർഗ്ഗീയ രാജാവിന്നു.

## 58 ൫൮

Tune : *'Angels from the realms of glory'*

8. 7. 8. 7. 8. 7.

൧. ആദ്യന്തമില്ലാത്ത നാഥൻ
ജാതനായി ഭൂമിയിൽ
മർത്ത്യനായി ബേത്ലഹേമിൽ
ഇന്നവതരിച്ചു താൻ
അല്ലേലൂയ്യാ
ദൈവമവതരിച്ചു.

൨. ദൂതസൈന്യമാകെ വന്നു
കാണപ്പെട്ടിടയർക്കു്,
'ബേത്ലഹേമിൽ ജാതനായി
നിങ്ങൾക്കൊരു രക്ഷകൻ'
അല്ലേലൂയ്യാ
എന്നു ചൊന്നവരോടു്.

൩. 'അത്യുന്നതത്തിൽ മഹത്വം
ഭൂമിയിൽ സമാധാനം
ദൈവപ്രീതി ലോകമെങ്ങും
ഉണ്ടായീടട്ടെന്നേക്കും'
അല്ലേലൂയ്യാ
പാടി സ്വർഗ്ഗസൈന്യങ്ങൾ.

൪. ആട്ടിടയരോടി എത്തി
കണ്ടു വന്ദിച്ചുനിന്നു
ജീർണ്ണവസ്ത്രം കൊണ്ടു മൂടി
പുല്ലിൽ പള്ളികൊള്ളുന്നു.
അല്ലേലൂയ്യാ
ഇമ്മാനുവേൽ മാരാജൻ.

൫. എല്ലാവർക്കും ഉണ്ടായോരീ
സന്തോഷ വാർത്ത ഇന്നു്
ഉള്ളോർ ഹൃദയത്തിൽ തിങ്ങി
എങ്ങും നിറഞ്ഞിടട്ടെ
അല്ലേലൂയ്യാ
എങ്ങും നിറഞ്ഞിടട്ടെ.

## 59 ൫൯

*'Like silver lamps'*

P. M.

൧. ദൂരെക്കാണും വെള്ളി ദീപം പോൽ
താരങ്ങൾ മിന്നുന്നു;
ദിവ്യപുരി തന്നിൽ കേൾ ഗാനങ്ങൾ
ദിവ്യമേരി സുതൻ ഭൂജാതനായ്;
മങ്ങൽ തീർന്നു, ശോഭയാർന്നു
ഇങ്ങിന്നു സുപ്രഭാതം.

൨. അത്ഭുതപൂർവ്വമാം ഈ ഗാനം
ശ്രീയേശുവിൻ ജന്മജം
ദൈവപുത്രൻ ജനിച്ച ഗോശാല
രാജധാനികളെക്കാൾ ശോഭനം;
നിസ്തുല്യ ദിനം, ക്രിസ്തുസ് ദിനം
ഖേദം നീങ്ങി, ജയം നേടി.

൩. നരകശക്തികളെയെല്ലാം
ഹരണം ചെയ്യാൻ വന്ന
ആ ശിശു തന്നെ ജയം നേടി
അശുദ്ധാത്മാക്കളെയെല്ലാം വെല്ലും;
മറിയമകൻ, മഹാശക്തൻ
പ്രവാചകർ ചൊന്നവൻ താൻ.

൪. ശോഭ തിങ്കളും നക്ഷത്രങ്ങളിൻ
പ്രഭയാശ്ചര്യമെ;
സ്വർണ്ണമണികൾ ഉഴലുംപോലെ,
സ്വർഗ്ഗ ദൂതഗണങ്ങൾ ആർക്കുന്നു;
ജഡം ദൃശ്യം: ദൃഷ്ടിക്കദൃശ്യം
ആശ്ചര്യമാം നിൻ സ്നേഹം.

൫. ഗോശാലയിൽ സ്വർഗ്ഗമഹത്വം
വിശ്വാസത്താൽ കാണാം;
മാലാഖമാർ ആകാശത്തിലെല്ലാം
ഹല്ലെലൂയ്യാ പാടി കൂടിടുന്നു;
സമാധാനം, സ്വർഗ്ഗദാനം
ഈ ദിവ്യ ജനനത്താൽ.

## 60 ൬൦

*'While shepherds watched'*

C. M.

൧. ആട്ടിടയർ രാത്രികാലേ
കൂട്ടമായ് പാർക്കവെ,
ദൈവദൂതൻ വന്നിറങ്ങി
ദിവ്യശോഭയോടെ.

൨. വേണ്ടാ ഭയം നിങ്ങൾക്കിപ്പോൾ
ലോകത്തിന്നൊരുപോൽ
സന്തോഷം, പ്രീതി ചേർന്നിടും
വാർത്ത ചൊൽവേനിന്നു.

൩. ഇന്നീ ഭൂമൌ നിങ്ങൾക്കായി
ക്രിസ്തുവാം രക്ഷിതാ
ബേത്ലഹേമിൽ ജാതനായി,
ചിഹ്നമതിന്നിതാ.

൪. അത്ര കാണും സ്വർഗ്ഗശിശു
ഹീനമാം ഗോശാലേ
ജീർണ്ണവസ്ത്രം മൂടി കാണ്മൂ
സാധുവാം പൈതലെ.

൫. ഏവം ദൂതൻ ചൊല്ലുംനേരം
ഹാ! വൻദൂതസംഘം
വന്നുകൂടി, പരിശോഭ
എങ്ങുമെ നിറഞ്ഞു.

൬. ഉരചെയ്താർ ഉന്നതത്തിൽ
ദൈവത്തിന്നു പാരം
മഹത്വമത്യധികമായ്
ഭൂമിയിൽ ശാന്തിയും.

# CLOSE OF THE YEAR

# ആണ്ടവസാനം

## 61 ൬൧

*'For Thy mercy and Thy grace'*

7s.

൧. ഇന്നു തീരും വർഷത്തിൽ
തന്ന എല്ലാ നന്മയ്ക്കും
ദൈവനാമത്തിന്നിപ്പോൾ
സ്തവം ചൊല്ലുന്നേ ഞങ്ങൾ.

൨. ഈ ആണ്ടും നീ നടത്തി
ഈ ഉലകാം വനത്തിൽ
ക്ഷീണിക്കുന്നെന്നായപ്പോൾ
ക്ഷണം താങ്ങി ഞങ്ങളെ.

൩. നിദ്ര കൊണ്ടോരെത്രപേർ
പുത്ര ദുഃഖം ആർക്കെല്ലാം
ഇത്രത്തോളം ഞങ്ങളെ
എത്ര ക്ഷേമം കാത്തു നീ.

൪. ഇന്നിതാ ഒരെ'ബ്നേസർ'
നന്ദി പൂണ്ടു നാട്ടുന്നേ,
എന്നും 'മിസ്പ'യായി നീ
ഇന്നേപ്പോലിരിക്കണം.

൫. ലോകവാഴ്ച തീർന്നു മേൽ
ലോകത്തിൽ നിൻ നാമത്തെ
ദൂതരോടു ചേർന്നെങ്ങൾ
സ്തുതിപ്പാനരുൾ കൃപ.

൬. പുതുവർഷം കാണുകിൽ
പുതുജീവനും നല്ക,
ശുദ്ധത വിശ്വാസവും
ശുദ്ധാത്മാവിൻ ദാനവും.

൬൨

L. M.

൧. ഒരാണ്ടു കൂടെ കഴിഞ്ഞു,
അതിനാൽ ഞങ്ങൾ ഇവിടെ
യഹോവയോടു പ്രാർത്ഥിച്ചു
ഘോഷിക്കും തന്റെ സ്തുതിയെ.

൨. ഗുണങ്ങൾ ഏറെ നമുക്കു
തൃക്കൈയ്യിൽനിന്നു ലഭിച്ചു,
ശരീരസൌഖ്യം ബലവും
ധാരാളം ധനധാന്യവും.

൩. കാലാകാലം നൽ മഴയും,
ഫലം നല്കും വെയിലും,
തണുപ്പിക്കുന്ന മഞ്ഞും
കൈക്കൊണ്ടു നാം തൻ കൃപയാൽ.

൪. ഇവററിന്നു നൽ സ്തോത്രങ്ങൾ
ആകാശംവരെ കേറട്ടെ,
സ്വർഗ്ഗത്തിൻ ഗായകസംഘം
ഭൂതലസ്തോത്രം കേൾക്കട്ടെ.

൫. ദൈവം ലോകത്തെ സ്നേഹിച്ചു
പുത്രനാൽ തന്നെ രക്ഷിക്കും,
ശുദ്ധാത്മാവാൽ വരങ്ങൾക്കും,
ത്രിയേകന്നു ഹല്ലെലൂയ്യാ.

൬൩

*'O God, the Rock of Ages'*

D. 7s. 6s.

൧. അനാദ്യനാം ദൈവമേ,
അന്തമില്ലാത്തോനേ,
ഇന്നലെ ഇന്നും എന്നും
ഒന്നുപോലുള്ളോനേ,
സങ്കേതം നീ ആകുന്നു
സർവ്വർക്കും ആപത്തിൽ,
വർഷാന്ത്യാപേക്ഷ കേട്ടു
വർഷിക്ക കൃപയെ.

൨. നിഴൽ കണക്കാണ്ടുകൾ
നില്ക്കാതെ ഓടുന്നു,
പുല്ലിൻ പൂക്കൾ വാടാറായ്
പുഷ്പിക്കുംപോലെയാം,
നിദ്ര സ്വപ്നം കഥപോൽ
നിമിഷം തീരുന്നു,
അസ്ഥിരം യശസ്സെല്ലാം
അശേഷം ക്ഷയിക്കും.

൩. നിദ്രയില്ലാപ്പാലകാ,
നിത്യം പ്രശോഭിതാ,
ആണ്ടുകൾ കൃത്യം എണ്ണാൻ
അഭ്യസിപ്പിക്കിപ്പോൾ;
തവ നന്മ കൃപകൾ
തിങ്ങട്ടെ ഞങ്ങളിൽ,
ആത്മാവും ഹൃദയത്തിൽ
ആവസിക്കേണമേ.

൪. നിൻ മുമ്പിൽ ശോഭിതരായ്
നില്ലോളം ഞങ്ങടെ
സർവ്വ വിശ്വാസ യത്നം
സഫലം ആകട്ടെ;
സർവ്വവും ഭംഗിയായി
സർവ്വേശാ ചെയ്യിക്ക,
നിത്യാനന്ദ തരണം
നിത്യമാം ഓഹരി.

## NEW YEAR

## പുതിയ ആണ്ട്

൬൪

Tune: *'Nearer my God, to Thee'*

P. M.

൧. പുതുവത്സരത്തിൻ
പിറവിയിൽ
പിമ്പിലുള്ളതെല്ലാം
പോയ് മറഞ്ഞു.
പുതുതാക്കിത്തീർക്കാം
പുരാണ കാര്യങ്ങൾ.
പുകഴ്ത്താം കർത്താവെ
പുതു നാവാൽ.

൨. ഈയാണ്ടു കാക്കണേ
ഈ ദേശത്തെ
ഈ ലോകബാധയാൽ
ഇളകാതെ.

ഠരംശോ കൃപ നല്കി
ഠരംശൻ വിശ്വാസത്തെ
ഠരംയടിയാർക്കെല്ലാം
ഠരംടാക്കേണേ.

൩. വരും കാലങ്ങളെ
വല്ലഭനേ,
വശക്കേടില്ലാതെ
വഹിച്ചിടാൻ
വല്ലഭൻ ദൈവമേ
വശം നീ തരിക,
വലിയ പാപങ്ങൾ
വഹിച്ചോനേ.

൪. എന്നേക്കും മഹത്വം
ഏക പിതാ,
എന്നേക്കും മഹത്വം
ഏക സുതാ,
എന്നും എന്നേക്കുമേ
ഏവം ഭവിക്കട്ടെ
ഏകാത്മാവായോന്നും
ഏററം സ്തുതി.

## 65 ൬൫

*'Father, let me dedicate'*

7. 5. 7. 5. Double

൧. ദൈവമേ, ഈ ആണ്ടിനെ
പ്രതിഷ്ഠിക്കുന്നു :
ഏല്പ്പാൻ എൻ പങ്കിനെ
കാത്തിരിക്കുന്നു
ഇല്ലിനിക്കിതല്ലാതെ
പ്രാർത്ഥന വേറെ
മഹത്വമാക്കേണമേ
നിന്റെ നാമത്തെ.

൨. കുട്ടി തന്റെ ഇഷ്ടംപോലെ
ആഗ്രഹിക്കാമോ ?
താതൻ നന്മ അല്ലാതെ
നിത്യം നല്കുമോ ?
തന്നതെല്ലാററിന്നുമേ
സ്തോത്രമെന്നുമേ
മഹത്വമാക്കേണമേ
നിന്റെ നാമത്തെ.

൩. ഇന്നും നീ സന്തോഷത്തെ
എനിക്കു തന്നാൽ
ഇമ്പമാം പ്രകാശത്തെ
എന്മേൽ വീശിയാൽ
എൻ ഹൃദയമെപ്പോഴും
ചൊല്ലീട്ടും ഇദം
മഹത്വമാക്കേണമേ
നിന്റെ നാമത്തെ.

൪. ക്രൂശു ഞാൻ എടുക്കുവാൻ
നിൻ ഹിതം എങ്കിൽ,
ലാഭം നഷ്ടമാകുവാൻ
സംഗതി എങ്കിൽ
നിൻ പുത്രൻ ചൊന്നപോലെ
എന്നും എന്നുള്ളിൽ
മഹത്വമാക്കേണമേ
നിൻ നാമത്തെ.

# THE CIRCUMCISION

# പരിച്ഛേദനനാൾ

## 66 ൬൬

*'O blessed day when first was poured'*

L. M.

൧. രക്ഷിതാവിൻ രക്തമാദ്യം
ഇക്ഷിതിയിൽ വീണ ദിനം
ഭാഗ്യനാൾ തന്നെ പാപിക്കു
ലോകനാഥൻ പാടേററതാൽ.

൨. കഷ്ടജീവിതാരംഭേ താൻ
കഷ്ടസങ്കടങ്ങളേററാൻ
കഷ്ടമൃത്യുവിൻ കുറിയും
പുഷ്ടസ്നേഹപ്രകാശവും.

൩. താതന്നിഷ്ടം പ്രമാണിച്ചു
താൻ വന്നു നികൃഷ്ട ഭൂമൌ
താതവിധി പ്രമാണിപ്പാൻ
തയ്യാറായി യാഗത്തിന്നു.

൪. നമ്മെ സ്നേഹിച്ചാ രക്ഷകൻ
ഭാരവാഹിയായ്ത്തീർന്നല്ലൊ
നമ്മെപ്രതി ന്യായകർത്താ
ചെമ്മെ വഴങ്ങി ന്യായത്തെ.

൫. സ്നേഹത്താലേററ മുറിവു
ന്യായവിധി നീക്കിത്തന്നു
ന്യായപ്രമാണം തികച്ചു
ന്യായാന്തരമാം സ്നേഹം നിത്യം.

## 67 ൬൭

*'To the name of our Salvation'*

8. 7. 8. 7. 8. 7.

൧. രക്ഷ നല്കും നാമത്തിന്നായ്
മാനം സ്തോത്രം കൊടുക്ക;
ഈശൻ തന്റെ മുന്നറിവിൽ
ഒരുക്കി ഈ നാമം മുൻ
ഈ ദിനേ താൻ ജനം വാഴ്ത്തിൻ
കർത്തൻ തന്റെ നാമത്തെ.

൨. യേശു എന്ന വൻ നാമമോ,
വിശിഷ്ടമാം നിധി താൻ
ശ്രോത്ര ഹൃദയങ്ങൾക്കിമ്പം
സന്തോഷം നല്കും നാമം.
മാധുര്യത്തിന്നളവില്ല
ഈ നൽനാമത്തെ ഓർത്താൽ.

൩. വാഴ്ത്തപ്പെട്ടീടും ആ നാമം
ജയഗീതം ഇതു താൻ
അല്ലൽ നല്കീടും ഈ ഭൂമൌ
ധ്യാനിക്കീ നാമം സദാ
സ്വർഗ്ഗത്തിന്റെ പൌരരിതാ
മാനിക്കുന്നീ നാമത്തെ.

൪. ഈ നൽ നാമം കേൾവിക്കേററം
ഹൃദ്യം നൽ സംഗീതം പോൽ
ഈ നാമത്തിൽ അർത്ഥിച്ചീടിൽ
ആശ്വാസം ലഭ്യം തന്നെ
ഭൂമൌ സ്വർഗ്ഗഭാഗ്യം സിദ്ധം
ഇതിൻ ജ്ഞാനം ഗ്രഹിച്ചാൽ.

൫. സർവ്വനാമങ്ങൾക്കും മേലായ്
പുകഴും യേശുനാമം
വൈരിഗണം നാണിച്ചീടും
തന്റെ നാമം ശ്രവിക്കിൽ
ബലഹീനർ ശക്തിപ്പെടും
കാഴ്ച കിട്ടും അന്ധന്.

൬. ഭാഗ്യകരമാം ഈ നാമം
സ്നേഹമായ് നാം വാഴ്ത്തുന്നു;
ഈ നാമം എഴുതീടണം
കർത്താ, ഈ ദാസർ ഹൃത്തിൽ
വിശുദ്ധ ദൂതരോടൊന്നായ്
വാഴ്ത്തും നാം യേശുനാമം.

# THE EPIPHANY

# മഹത്വപ്രകാശം

## 68 ൬൮

C. M.

൧. യേശു തന്റെ ജനങ്ങൾക്കു
രാജരാജൻ തന്നെ
സകലവും ജയിച്ചീടാൻ
അവൻ താൻ വാഴുന്നു.

൨. യേശു തന്റെ ജനങ്ങൾക്കു
ആചാര്യൻ ആകുന്നു;
അവർക്കുവേണ്ടി സ്വർഗ്ഗത്തിൽ
അപേക്ഷിച്ചീടുന്നു.

൩. യേശു തന്റെ ജനങ്ങൾക്കു
പ്രവാചകനുമാം,
തൻ ആത്മാവിനാൽ അവരെ
പ്രബോധിപ്പിക്കുന്നു.

## 69 ൬൯

Tune: *'Tell me the old old story'*

D. 7. 6.

൧. ഉന്നതത്തിൽ മഹത്വം
ആമെൻ ഹല്ലെലൂയ്യാ
പുൽക്കൂട്ടിൽ ജാതനായ
സ്വർഗ്ഗീയ പുത്രന്ന്

മാലാഖമാർ കൊണ്ടാടി
ഹല്ലെലുയ്യാ പാടി
പ്രകാശിച്ചാരാശിയിൽ
ആകാശേ നക്ഷത്രം
ഉന്നതത്തിൽ മഹത്വം
ആമെൻ ഹല്ലെലുയ്യാ.

൨. രാജാവിന്നവതാരം
വിദ്വാന്മാർ അറിഞ്ഞു
കാണ്മതിന്നാശയുണ്ടായ്
ബെത്‌ലഹേമിൽ എത്തി,
പൊൻ മൂർ കുന്തുരുക്കങ്ങൾ
ശിശുവാം ക്രിസ്തുന്നു
വെച്ചുപൂജിച്ചവരും
വാഴ്ത്തു വാങ്ങിപ്പോയി— ഉന്നത.

൩. ഹേറോദേസു കേട്ടാറെ
വിഭ്രമിച്ചവനും
യിസ്രായേലിൻ രാജാവേ
കാണ്മാൻ ഉത്സാഹിച്ചു;
കാണായ്കയാൽ ഠരം ക്രൂരൻ
ഉണ്ണികളെ കൊന്നു;
രക്ഷിതാവാം ക്രിസ്തുനും
രക്ഷപെട്ടു മിസ്രേ— ഉന്നത

൪. ആട്ടിടയർ പിന്നാലെ
ഓടിച്ചെന്നു കാണ്മിൻ
പുൽക്കൂട്ടിൽ ജനിച്ചവൻ
നീക്കും പാപം എല്ലാം;
ഹേറോദേസെ പോലെന്നും
വിറെക്കേണ്ടാ തീരെ;
അവതാരം ചെയ്യുവൻ
എന്നും രക്ഷാകരൻ— ഉന്നത

---

## 70 ൭൦

*‘As with gladness men of old’*

6 lines 7s.

൧. പാരം ആനന്ദത്തോടെ
താരകയിൻ ശോഭയാൽ
ശാസ്ത്രിമാർ മുൻ കാലത്തിൽ
പാത കണ്ടു പോയ പോൽ
ദയാപൂർണ്ണനാം കർത്താ
നയിക്കേണം ഞങ്ങളെ.

൨. തല്പദം വന്ദിപ്പാനായ്
താല്പര്യമായ് പോയവർ
സ്വർഗ്ഗം ഭൂമി നാഥനേ,
പ്രാജ്ഞരാം അവരെപോൽ
ഞങ്ങൾ നിൻ കൃപാസനം
മോദമോടെ തേടട്ടെ.

൩. നിൻ ജനനത്തിലവർ
അൻപായ് സമർപ്പിച്ചതാം
ദുർല്ലഭമാം കാഴ്ചപോൽ
ഉല്ലാസമായ് ഞങ്ങളും
പാവനമാം ദാനങ്ങൾ
ദേവാ കൊണ്ടുവരട്ടെ.

൪. നായകാ, ദിനംതോറും
സൂക്ഷിക്കെങ്ങൾ പാദങ്ങൾ
ലോകനാശ നാളിങ്കൽ
ആക്കെങ്ങളെ അക്കരെ
താരക വേണ്ട സ്വർഗ്ഗേ
പാരിടത്ത പോലഹൊ.

൫. ശോഭ തിങ്ങും നാടതിൽ
വേണ്ടല്ലൊ ഭൂദീപങ്ങൾ
അസ്തമിക്കാത്തർക്കൻ നീ
സ്വർഗ്ഗത്തിൻ മകുടം നീ
ആ ദേശെ പാടട്ടെങ്ങൾ
അല്ലെലൂയ്യാ രാജന്ന്.

## MISSIONS
## സുവിശേഷവേല

**71** ൭൧

*'From Greenland's icy mountains'*

7 .6. 7. 6. D.

൧. ഉത്തരഹിമാദ്രികൾ
ഉഷസ്സിൻ ദേശങ്ങൾ
ഉപദ്വീപാം ഇന്ത്യയും
ഉലകിൻ സീമയും
പുരാതന നദികൾ
പൂർവ്വിക നാടുകൾ
പുമാന്റെ രക്ഷയ്ക്കായി
സദാ ക്ഷണിക്കുന്നു.

൨. ലങ്കാദി ദ്വീപുകളിൽ
ലഭ്യം നൽ ദ്രവ്യങ്ങൾ
ലക്ഷോലക്ഷമായീടും
ലതാന്തം സുഗന്ധം ;
നരർ മാത്രം ദോഷികൾ
നാശത്തിന്നോടുന്നോർ ;
നാനാ ജാതി ജനവും
നാസ്തികർ ആയോരും.

൩. ആത്മാവാൽ പ്രകാശിതർ
സ്വർഗ്ഗീയ ജ്ഞാനികൾ
ആകുന്ന നാമീ ജീവ (ന്ന്)
ആഹ്ലാദ വസ്തുത
ആർക്കും ഗ്രഹിപ്പിക്കാതെ
ആത്മാവിൻ രക്ഷയെ
അമാന്തമാക്കീടാമോ ?
ആ മഹാ നാമമോ.

൪. കാറ്റുകളായുള്ളോരേ ;
കാര്യമായ് ചൊല്ലുകേ
ജലാശയങ്ങളുമേ
കർത്താവിൻ നാമത്തെ,
തൻ മഹത്വ സമുദ്രം
തൻ ഭൂമിയെ മൂടും,
താനും രാജാവായ് വാഴും
തൻ സൃഷ്ടിമേൽ എല്ലാം.

**72** ൭൨

Tune : *'Hold the fort'*

8s. 5s.

൧. ഭൂവിൽ എങ്ങും നിങ്ങൾ പോയി
ഘോഷിച്ചീടുവിൻ
സർവ്വ സൃഷ്ടികൾക്കുമുള്ള
ഒരം സുവിശേഷം [രമെൻ
സ്വർഗ്ഗഭൂമികളിലും സർവ്വാധികാ-
കൈകളിൽ ; ഞാനുണ്ടു നിങ്ങ-
ളൊന്നിച്ചെന്നുമേ.

൨. താതൻ എന്നെ മർത്ത്യരക്ഷ (ക്കു്)
ഇങ്ങയച്ചപോൽ
ഭൂതലത്തിൽ നിങ്ങളെയും
ഞാനയക്കുന്നു— സ്വർഗ്ഗ

൩. ശക്തിയധികാരങ്ങൾകൊ (ണ്ടു്)
അല്ലഹോ സർവ്വ
ശക്തനാം ആത്മാവിനാലേ
നിങ്ങൾ ജയിക്കും— സ്വർഗ്ഗ

൪. കൂരിരുളിൻ രാജനും
തൻ സൈന്യവും മറ്റു
വൈരികളും കീഴമരും
എന്റെ നാമത്തിൽ— സ്വർഗ്ഗ

൫. ദിവ്യ സ്നേഹത്താൽ സദാ
നിർബ്ബന്ധിതരായ്
ചാവിന്നിര ആയവരെ
ത്രാണനം ചെയ്വിൻ— സ്വർഗ്ഗ

൬. ആത്മവാളാം ദൈവവാക്യം
കയ്യിൽ എടുത്തു
സർവ്വദാ രിപുക്കളോടു
നിങ്ങൾ എതിർപ്പിൻ—സ്വർഗ്ഗ

൭. നിത്യവും പ്രവൃത്തിയിൽ തൻ
ആശിസ്സിന്നായി
പ്രാർത്ഥനയിൽ ഉറ്റുനില്ക്ക
കർത്തൃസന്നിധൌ— സ്വർഗ്ഗ

൮. മൃത്യുനാളോളം വിശ്വസ്തർ
ആയിടുന്നെങ്കിൽ
നിത്യജീവന്റെ കിരീടം
നിങ്ങൾ പ്രാപിക്കും— സ്വർഗ്ഗ

## 73 ൧൩

*'Rescue the perishing.'*

11s. 10s.

൧

നാശപാപികളെ രക്ഷിപ്പാൻ കയ്യെ
നീട്ടി ഉദ്ധാരണം ചെയ്ക വേഗം
കേണപേക്ഷിച്ചിടിൻ വീണോരെത്താങ്ങിൻ
രക്ഷണ്യവീരനുണ്ടെന്നു ചൊല്ലിൻ
നാശപാപികളെ രക്ഷ ചെയ്തീടിൻ
യേശു കാരുണ്യവാൻ രക്ഷിക്കും താൻ.

൨

തന്നെ നിന്ദിക്കിലും താൻ കാക്കുന്നല്ലൊ
പാപികളെ ചേർത്തു രക്ഷ ചെയ്വാൻ
തീക്ഷ്ണയാചനം നാം സൌമ്യ വിളിയും
ചെയ്കിൽ വിമോചിക്കും ചെല്ലുന്നോരെ.
നാശപാപി—

൩

ഹൃത്തിൻ ആഴത്തിൽ വികാരങ്ങളുണ്ടേ
കൃപയിൻ വീഴ്ചകൊണ്ടുജ്ജ്വലിക്കും
ആർദ്രമാം സ്നേഹത്തിൻ കൈതൊട്ടിട്ടുമ്പോൾ
പൊട്ടക്കമ്പി ഇമ്പനാദം മീട്ടും.
നാശപാപി—

൪

രക്ഷണ്യവേലയാൽ ധർമ്മം മാറില്ല
രക്ഷകൻ നല്കും പ്രയത്നബലം
വേലിയരികത്തും ഭൃതനിയിച്ചു
രക്ഷകൻ മൃത്യു ഏറെന്നു ചൊല്ക.
നാശപാപി—

## 74 ൧൪

Tune: *'My faith looks up to Thee'*

6. 6. 4. 6. 6. 6. 4.

൧. നല്കുക ദൈവമേ,
ഭൂലോക വാഴ്ചയെ
യേശുവിന്നു ;
ജാതികൾ മഹത്വം
ഇഹത്തിൻ പ്രഭുത്വം
തേജസ്സിൻ ഘനത്വം
യേശുവിന്നു.

൨. ഗാനങ്ങൾ പാടേണം
സ്തുതി പെരുകേണം
യേശുവിന്നു ;
നിത്യം ആരാധനം
സ്തോത്രസംപൂർണ്ണവും
ഭക്ത്യാ ഉണ്ടാകേണം
യേശുവിന്നു.

൩. രാജാധിരാജത്വം
കർത്താധികർത്തത്വം
യേശുവിന്നു ;
സ്വർഗ്ഗാധിപത്യവും
ഉർവ്വിയിൽ കൃത്യവും
സർവ്വദാ നിത്യവും
യേശുവിന്നു.

൪. വാനോർ സംഗീതവും
മാനോർ സംപ്രീതിയും
യേശുവിന്നു ;
വാഴ്ചയും ശക്തിയും
മാനവും ഭക്തിയും
ജയവും പ്രാപ്തിയും
യേശുവിന്നു.

## 75 ൧൫

*'Jesus shall reign'*

L. M.

൧. ആദിത്യൻ ഉദിച്ചീടുന്ന
ദേശങ്ങളിലെല്ലാം യേശു
അന്തമില്ലാത്തൊരു രാജ്യം
സ്ഥാപിച്ചു വാഴും എന്നേക്കും.

൨. നാനാദേശക്കാരെല്ലാരും
തൻ സ്നേഹത്തിൻ സ്തുതിപാടും
പൈതങ്ങൾകൂടെ ഘോഷിക്കും
വിശേഷമാം തൻ നാമത്തെ.

൩. യാചനകൾ സ്തോത്രമെല്ലാം
തൻ നാമത്തിൽ ഉയർന്നീടും
നാനാജനം വണങ്ങീടും
രാജാധിരാജൻ കർത്തനെ.

൪. വേദന, ക്ലേശം, പാപവും
പോകും അശേഷം എന്നേക്കും
സ്വാതന്ത്ര്യം, ഭാഗ്യം പൂർണ്ണത
എല്ലാവർക്കും ലഭിച്ചീടും.

൬. ലോകർ വരട്ടെ തൻ മുമ്പിൽ
സ്തുതിസ്തോത്രത്തോടുകൂടെ
മേൽ ലോകസൈന്യം പാടട്ടെ
ഭൂമി ചൊല്ലീടട്ടെ 'ആമെൻ.'

---

## 76 ൭൬

Tune : '*Here we suffer*'

P. M.

൧. എൻ നിമിത്തം പോകുക
സുവിശേഷം ഘോഷിക്ക
എന്നു രാജദൂതു—
ദൈവത്തിന്നു സ്തോത്രം
സ്തോത്രം സ്തോത്രം സ്തോത്രം
ദൈവത്തിന്നു സ്തോത്രം
നാമെല്ലാരും പാടേണം.

൨. ഈ ഭൂതററനേകരും
ഈഷൽ ഭേദം എന്നിയെ
ഈശൻ ദാസരായി—
ദൈവത്തിന്നു സ്തോത്രം.

൩. സുവിശേഷ കാഹളം
കേൾക്ക സർവ്വജാതിയും
ധ്രുവത്തോടു ധ്രുവം—
ദൈവത്തിന്നു സ്തോത്രം.

൪. വിധിനാൾ അണയുന്നു
വിജയാർത്ഥം പോർ ചെയ്ക
വിടാകരാദയം—
ദൈവത്തിന്നു സ്തോത്രം.

൫. പറുദീസാ പ്രാപിച്ചോർ
പാരിൽ സഭാവാസികൾ
പാടീടും ഏകമായ്—
ദൈവത്തിന്നു സ്തോത്രം.

൬. വരുന്നേരം ആർപ്പോടെ
വാന ദൂതാദികളിൻ
കർത്തനെ വാഴ്ത്തുവിൻ—
ദൈവത്തിന്നു സ്തോത്രം.

---

## 77 ൭൭

Tune : '*Guide me, O Thou*'

൮. 7. 8. 7. 8. 7.

൧. ലോകരെ രക്ഷിപ്പതിന്നു
വന്ന യേശുനാഥനേ,
ലോകപാപത്തെ ചുമന്ന
ദൈവ കുഞ്ഞാടായോനേ,
നിന്റെ യാഗം
നീക്കി പാപശാപങ്ങൾ.

൨. ജാതികൾ നിന്നെ വെറുത്തു
പാപത്തിൽ മരിക്കുന്നേ,
സംഖ്യയററ ലോകരിതാ
നാശമായി പോകുന്നേ!
യേശുനാഥാ
വേഗം രക്ഷിക്കേണമേ.

൩. വ്യാജമാർഗ്ഗങ്ങൾ സമൂലം
പാരിൽനിന്നു പോകുവാൻ,
നീ നിയോഗം ചെയ്ത കാലം
വേഗത്തിൽ വന്നിടുവാൻ,
രക്ഷിതാവേ,
ഞങ്ങൾ യാചിച്ചിടുന്നേ.

൪. അത്ഭുതങ്ങൾ ചെയ്യുന്നോനേ,
തൃക്കരം നീട്ടേണമേ
നഷ്ടരായി പോകുന്നോരെ
വീണ്ടും രക്ഷിക്കേണമേ.
ലോകർ എല്ലാം
ദൈവമക്കൾ ആകട്ടെ.

---

## 78 ൭൮

Tune : '*My song shall be of Jesus*'

D. 7. 6. 7. 6.

൧. നിൻ സ്വന്ത നാമത്തിന്നു
സ്വർഗ്ഗീയരാജാവേ,
ഈ ദാസർമൂലം ഇന്നു
മഹത്വം നല്കുകേ,
ഞങ്ങൾക്കു തന്നെയല്ലോ
നിന്ദ ദുശ്രുതിയും,
നീ എല്ലാ ബഹുമാനം
കൈക്കൊൾക സ്തുതിയും.

൨. നിൻ സ്വന്ത നാമത്തിന്നു
മഹത്വം നല്കുകേ,
ആത്മാക്കളെ നീ ഇന്നു
ആകർഷിക്കേണമേ;
കർത്താവിൻ സുവിശേഷം
വർദ്ധിച്ചിടുവാനായ്
ശുദ്ധാത്മാവിൻ ആവേശം
ഇങ്ങരുളേണമേ.

൩. നിൻ സ്വന്ത നാമത്തിന്നു
മഹത്വം നല്കുകേ,
കാണാത്ത കണ്ണിൽനിന്നു
മൂടൽ നീ നീക്കുകേ;
ഉണ്ടാകട്ടെ പ്രകാശം
എന്നുള്ളിൽ ചൊല്ലുകിൽ
തൻ ദിവ്യ അവകാശം
നാം കാണും ക്രിസ്തുവിൽ.

൪. നിൻ സ്വന്ത നാമത്തിന്നു
മഹത്വം നല്കുകേ,
കൃപാസനത്തിൽനിന്നു
ആശിഷം കല്പിക്കേ,
മുടന്തൻ മാൻപോൽ ചാടും
നിൻ വാക്കിൻ ശക്തിയാൽ;
ഊമന്റെ നാവും പാടും
നിൻ സ്പർശനമതാൽ.

൫. നിൻ സ്വന്ത നാമത്തിന്നു
മഹത്വം നല്കുകേ,
ഭൂമിക്കും സ്വർഗ്ഗത്തിന്നും
ദൈവം നീ മാത്രമേ;
നിൻ ശത്രുക്കൾ എല്ലാരും
നശിച്ചുപോകുമേ,
നീയോ എന്നേക്കും വാഴും
രാജാധിരാജനായ്.

---

## 79 ൭൯

Tune : '*Revive Thy work O Lord*'

D. S. M.

൧. അജ്ഞാനം ലോകത്തെ
മൂടി ഇരിക്കുന്നു
അജ്ഞാനികളിന്മേൽ കർത്താ,
നല്കണം പ്രകാശം

ജാതികൾക്കായ് ഞങ്ങൾ
കെഞ്ചുന്നു ദിനവും
നാഥാ, നീ കരളലിഞ്ഞു
യാചന കേൾക്കണം.

൨. ക്രിസ്തുവിൻ സൌന്ദര്യം
കാണ്മാനും തൻ സ്നേഹം
മർത്യരെല്ലാമറിവാനും
കൃപ നല്കീടേണം— ജാതി

൩. പുത്രനെ ലോകത്തിൽ
മൃത്യു ഏല്പാൻ തന്ന
പിതാവേ, ജാതികളോടു
കനിവു തോന്നേണം— ജാതി

൪. ക്രൂശിൽ നരർക്കായ് നിൻ
ജീവൻ വെടിഞ്ഞോരു
യേശുവേ, അവർ നിൻ വാക്കു
കേൾക്കുമാറാക്കണം— ജാതി

൫. അസ്ഥിക്കൂട്ടങ്ങൾക്കു
പുത്തൻ ജീവനേകും
ശുദ്ധാത്മാവേ, നീ വന്നിങ്ങു
ജീവനൂതിടേണം— ജാതി

൬. താതസുതാത്മാവേ,
എത്രയോ നാൾ ഞങ്ങൾ
ചോദിക്കുന്നീ ഇക്കാര്യം
സാദ്ധ്യമായ് നല്കേണം— ജാതി

---

## 80 ൮൦

'*Zion's King shall reign*'

8s. 7s.

൧. സീയോൻ രാജൻ ജയശാലിയായ്
വാണരുളീടുമെന്നും
ഭൂലോകം തന്നാധിപത്യം
എങ്ങുമെ സമ്മതിക്കും.

൨. മഹത്വം തൻ രാജ്യത്തിന്നു
മഹാരാജൻ നല്കീടും
അനന്തകാലത്തോളം താൻ
രാജ്യഭാരം ചെയ്തീടും.

൩. ദൈവമില്ലാത്ത ജാതികൾ
മഹത്വപ്രഭ കാണും
അപ്പോൾ രാത്രി പകലാകും
സ്വർഗ്ഗമതാൽ ഘോഷിക്കും.

൫. ഏറെ നാൾ ചിതറിപ്പോയ
യിസ്രായേലിൻ ജനങ്ങൾ
തങ്ങളുടെ കർത്താവിനെ
തേടും വിലാപത്തോടെ.

൬. തങ്ങൾ കുത്തിതുളച്ചോനെ
അപ്പോൾ അവർ നോക്കിടും
ശിക്ഷ ചെയ്തു ചെങ്കോലിനെ
കുമ്പിട്ടവർ ചുംബിക്കും.

൭. ബലശാലി, മാരാജനേ,
വെളിവാക്ക നിൻ ശക്തി
തേജസ്സിൽ നിൻ രാജ്യഭാരം
വേഗം തുടങ്ങിടുക.

൮. ജാതികൾക്കു സഹായവും
രോഗശാന്തിയും നല്കി
നിന്നുടെ വാഴ്ചയ്ക്കുവരെ
കീഴ്പ്പെടുത്തിക്കൊള്ളുക.

# LENT
# നോമ്പ്

## 81 വൃ ൧

C. M.

൧. കർത്താവേ, എന്നെ കോപമായ്
ദർശിച്ചിടരുതേ
എൻ കൃത്യങ്ങൾക്കൊത്തപോലെ
കണക്കിടരുതേ.

൨. ആരോഗ്യം തന്നു രക്ഷിക്ക
ക്ഷീണനാം എനിക്കു,
എന്നുള്ളിൽ വ്രണം ഘോരമായ്
വേദനപ്പെടുന്നു.

൩. രക്ഷകാ, ആത്മം ആകവേ
വീണ്ടു രക്ഷിക്കുക,
നായകാ, സ്നേഹ ജ്വാലയെ
എന്നുള്ളിൽ വീശുക.

൪. ഞാൻ പാപിതാൻ എന്നാകിലും
നിൻ രക്തം നീ ചിന്തി;
നിലവിളിയോടിതാ ഞാൻ
തൃപ്പാദേ വീഴുന്നു.

൫. ഞാൻ പാപിതാൻ; എൻ നെഞ്ചതിൽ
കന്മഷമുണ്ടേററം
സർവ്വവും നീങ്ങി കിട്ടാനായ്
ഞാനിതാ വരുന്നു.

൬. ഞാൻ മഹാ പാപി; അൻപോടെ
തടസ്സം നീക്കി നീ
നിൻെറ സ്വന്തം ആക്കി എന്നെ
പോററി നടത്തുക.

## 82 വൃ ൨

Tune : '*Saviour, like a shepherd*'

8. 7. 8. 7. 8. 7.

൧. അന്യനായ എന്നെ യേശു
കാനനത്തിൽ തിരക്കി
കൂട്ടം വിട്ടു പോയ എന്നെ
വീണ്ടും അവൻ വരുത്തി,
ദയയോടെ
അവൻ വീണ്ടും വരുത്തി.

൨. സിംഹ വായിൽ പെട്ടുപോയ
എന്നെ അവൻ അറിഞ്ഞു
തൻെറ ജീവൻ ഗണിക്കാതെ
ഓടി വന്നു രക്ഷിച്ചു,
ദയയോടെ
ഓടി വന്നു രക്ഷിച്ചു.

൩. പ്രിയപ്പെട്ട സോദരരേ,
സ്നേഹം ഉണ്ടോ ഇതുപോൽ,
പ്രിയം ഇതിന്നൊപ്പം എങ്ങും
കാണ്കയില്ല നിശ്ചയം,
മററാരിലും
കാണ്കയില്ല എങ്ങുമേ.

൪. ഇന്നുമുതൽ യേശുനാഥൻ
എൻെറ രക്ഷിതാവു താൻ,
തൻെറ സ്തുതി സർവ്വരോടും
ആർത്തു ഘോഷിച്ചിടും ഞാൻ
എന്നെന്നേക്കും
ആർത്തു ഘോഷിച്ചിടും ഞാൻ.

## 83 വൃന്ദ

'*Just as I am*'

L. M.

൧. എനിക്കായ് ചിന്തി നിൻ രക്തം
ഇല്ലിതല്ലാതൊരു ന്യായം
ഇപ്പോഴും നിൻ വിളി ഓർത്തു
ദേവാട്ടിൻ കുട്ടി, വരുന്നേൻ.

൨. വിവിധ സംശയങ്ങളാൽ
വിചാര പോരാട്ടങ്ങളാൽ
വിപത്തിൽ അകപ്പെട്ടു ഞാൻ
ദേവാട്ടിൻ കുട്ടി, വരുന്നേൻ.

൩. ദാരിദ്ര്യാരിഷ്ടൻ കുരുടൻ
ധന സൌഖ്യങ്ങൾ കാഴ്ചയും
ദാനമായ് നിങ്കൽ ലഭിപ്പാൻ
ദേവാട്ടിൻ കുട്ടി, വരുന്നേൻ.

൪. എന്നെ നീ കൈക്കൊണ്ടീടുമേ
എൻ പിഴ പോക്കി രക്ഷിക്കും
എന്നല്ലോ നിൻ വാഗ്ദത്തവും
ദേവാട്ടിൻ കുട്ടി, വരുന്നേൻ.

൫. അഗോചരമാം നിൻ സ്നേഹം
അഗാധ പ്രയാസം തീർത്തു
അയ്യോ നിന്റെ നിന്റേതാവാൻ
ദേവാട്ടിൻ കുട്ടി, വരുന്നേൻ.

൬. ആ സ്വൈരസ്നേഹത്തിൻ നീളം
ആഴം ഉയരം വീതിയും
ആരാഞ്ഞറിഞ്ഞങ്ങാക്കുവാൻ
ദേവാട്ടിൻ കുട്ടി, വരുന്നേൻ.

---

## 84 വൃര

'*Rock of Ages cleft for me*'

Six 7s.

൧. പിളർന്നൊരു പാറയേ,
നിന്നിൽ ഞാൻ മറയട്ടെ;
തുറന്ന നിൻ ചങ്കിലെ
രക്തം ജലം പാപത്തെ
നീക്കി സുഖം നല്കട്ടേ
മുറ്റും രക്ഷിക്ക എന്നെ.

൨. കല്പന കാത്തിട്ടുവാൻ
ഒട്ടും പ്രാപ്തനല്ലെ ഞാൻ,
വൈരാഗ്യം ഏറിയാലും,
കണ്ണുനീർ ചൊരിഞ്ഞാലും,
വന്നിടാ പാപ നാശം
നീ താൻ രക്ഷിക്ക വേണം.

൩. വെറും കൈയായ് ഞാനങ്ങു
ക്രൂശിൽ മാത്രം നമ്പുന്നു,
നഗ്നൻ ഞാൻ, നിൻ വസ്ത്രം താ
ഹീനൻ ഞാൻ, നിൻ കൃപ താ
മ്ലേച്ഛനായ്‌വരുന്നിതാ
സ്വച്ഛനാക്ക രക്ഷകാ.

൪. എന്നിലോടുന്നീ ശ്വാസം
വിട്ടേൻ കൺ മങ്ങും നേരം
സ്വർല്ലോക ഭാഗ്യം ചേർന്നു
നിന്നെ ഞാൻ കാണുന്നന്നു
പിളർന്നൊരു പാറയേ,
നിന്നിൽ ഞാൻ മറയട്ടെ.

---

## 85 വൃ

C. M.

൧. പിശാചു ജഡം ലോകവും
ആത്മശത്രുക്കളാം
ഈ മൂവരെയും ജയിപ്പാൻ
നാം പ്രാപ്തിഹീനന്മാർ.

൨. പിശാചലറും സിംഹംപോൽ
സഞ്ചാരം ചെയ്യുന്നു
ഈ ലോകമൊക്കെ അവന്റെ
വാസ ഭൂമി തന്നെ.

൩. ഹൃദയമാകും കോട്ടയിൽ
തൻ സഖി വാഴുന്നു
തൻ ഇഷ്ടം എല്ലാം അവിടെ
ഈ ജഡം ചെയ്യുന്നു.

൪. എന്നാലും ക്രിസ്തുവിൻ ദാസർ
അധൈര്യപ്പെടാതെ
യഹോവയിങ്കൽ ശക്തിയെ
വൈകാതെ തേടട്ടെ.

൫. വിശ്വാസാൽ ജയിക്കുമെന്നു
കർത്താവു കല്പിച്ചു
വിശ്വാസാൽ തൻ സാക്ഷികൾ
സ്വർല്ലോകം പ്രാപിച്ചു.

## 86 ൮൬

*'Jesu, Lover of my soul'*

D. 7s.

൧. യേശു, എൻ ആത്മ സഖേ,
നിൻമാർവ്വിൽ ഞാൻ ചേരട്ടെ;
ഈ ലോകമാം വാരിധെ
തിരകൾ ഉയരുന്നെ
ഘോരമാം കോൾ ശാന്തമായ്
തീരുംവരെ രക്ഷകാ,
എൻ ജീവനെ ജീവനെ
നിൻ അന്തികെ ഭദ്രമായ്.

൨. വേറെ സങ്കേതമില്ലെ
എനിക്കാശ്രയം നീ താൻ
നാഥാ. കൈവെടിയല്ലെ
കാത്തു രക്ഷിക്ക സദാ
കർത്താ നീ എൻ ആശ്രയം
തൃപ്പാദം എൻ ശരണം
നിൻ ചിറകിൻ കീഴെന്നും
ചേർത്തു സൂക്ഷിച്ചീടണം.

൩. ക്രിസ്തോ, എൻ ആവശ്യങ്ങൾ
നിന്നാൽ നിറവേറുന്നു
ഏഴകൾ നിരാശ്രയ (ക്ക്)
ആധാരം നീയാകുന്നു
നീതിമാൻ നീ നിർമ്മലൻ
മഹാ മ്ലേച്ഛൻ ഞാൻ മുറ്റും
പാപി ഞാൻ മാ പാപി ഞാൻ
കൃപ സത്യം നീ മുറ്റും.

൪. കാരുണ്യവരാന്നിധേ,
കന്മഷം കഴുകുകേ
നിത്യജീവവെള്ളമെൻ
ചിത്തം ശുദ്ധമാക്കട്ടെ
ജീവനുറവാം നാഥാ
ഞാനേറെ കുടിക്കട്ടെ
എന്നുള്ളിൽ ഉയരുക
നിത്യകാലമൊക്കവെ.

## 87 ൮൭

6s. 5s

൧. സർവ്വസ്ഥ പിതാവേ,
നിൻ സന്നിധിയിൽ
ഞാൻ അരിഷ്ട പാപി
തിന്മപ്പെട്ടവൻ.

൨. നിൻ പ്രമാണമെല്ലാം
എൻ ചിന്തയാലും
വാക്ക ക്രിയയാലും
ലംഘിച്ചു പോയേൻ.

൩. നിൻ മുമ്പിൽ കർത്താവേ,
എൻ പാപങ്ങൾക്ക
യാതൊരുപശാന്തി
സാദ്ധ്യമല്ലെന്നാൽ.

൪. നീതിയിൻ പ്രകാശം
നിത്യ നാശത്തിൻ
പാത്രമാകുന്നല്ലോ
വൻ ദ്രോഹിയാം ഞാൻ.

൫. എന്നെ രക്ഷിപ്പാനായ്
മന്നിൽ വന്നൊരു
യേശുരക്ഷിതാവിൽ
ആശ്രയിക്കുന്നേൻ.

൬. പുണ്യ മൃത്യു മൂലം
താനെൻ പാപത്തിൻ
ശിക്ഷ സഹിച്ചെന്നു
വിശ്വസിക്കുന്നേൻ.

൭. രക്ഷകനെ ഓർത്തെൻ
ദോഷങ്ങളിപ്പോൾ
സകലമെന്നോട്ടു
ക്ഷമിക്കേണമേ.

൮. വാഗ്ദത്തപ്രകാരം
നീ ക്ഷമിച്ചെന്നു
വിശ്വസിച്ചു നിന്നെ
ഞാൻ സ്തുതിക്കുന്നു.

൯. ഞാൻ വീണുപോകാതെ
ജീവിപ്പാനായ് നിൻ
ആവി എന്മേൽ എന്നും
ആവസിക്കട്ടെ.

## 88 ൮൮

Tune : *'Shall we gather at the river'*

P. M.

൧. വിശുദ്ധ ദൈവകല്പന
അശേഷം ലംഘിച്ചേൻ ഞാൻ
എൻ രക്ഷകൻ കുരിശിന്മേൽ
മരിച്ചല്ലൊ എൻ പേർക്കു,

അത്യത്ഭുതം ആയുള്ളതാം
ക്രിസ്തേശുവേ, നിൻ ദിവ്യസ്നേ-
ഹത്താൽ
നിന്നുടെ കുരിശിങ്കലേക്കായ്
എന്നെ ആകർഷിക്കുകേ.

൨. തൻ സ്നേഹത്തെ ഇന്നുവരെ
നിസ്സാരമാക്കിയോൻ ഞാൻ
തൻ നീതിയുടെ വാളിനാൽ
എന്നെ വെട്ടാതിരുന്ന— അത്യ

൩. സദയം സ്നേഹമോടെ എൻ
ഹൃദയ വാതിലിങ്കൽ
എപ്പോഴും നിന്നിപ്പാപിയോ (ട്)
അപേക്ഷിക്കുന്നഹോ താൻ— അത്യ

൪. പ്രസാദ കാലമാം ഇതിൽ
വാത്സല്യ രക്ഷിതാവിൻ
കാരുണ്യവിളി കേട്ടു തൻ
അരികിൽ വന്നീടുവാൻ— അത്യ

---

## 89 ൮൯

*"Art thou weary?'*

8. 5. 8. 3.

൧. നീ ക്ഷീണിച്ചോ, നീ വലഞ്ഞോ,
വ്യാകുലപ്പെട്ടോ?
എങ്കൽ വിശ്രമിക്കെന്നേശു
ചൊല്ലുന്നു.

൨. താൻ നായകനാകിൽ തന്റെ
ലക്ഷ്യം എന്താകും?
പാദം കൈ വിലാവുകളിൽ
പാടുകൾ.

൩. രാജാവിന്നെന്നപോലുണ്ടോ
രാജമുടിയും?
മുടിയുണ്ട്; സൂക്ഷ്മം തന്നേ
മുൾമുടി.

൪. തൻ പിൻ ചെന്നാൽ താനിഹത്തിൽ
തരുന്നതെന്തു?
മഹാ ദുഃഖം മഹാ യത്നം
മാ ക്ലേശം.

൫. എന്നും തന്നിൽ പറ്റിച്ചേർന്നാൽ
എന്തുണ്ടവനിൽ!
ദുഃഖം തീർന്നു—യത്നം നീങ്ങി
സ്വർ പ്രാപ്തി.

൬. എന്നെ ചേർപ്പാൻ ഞാൻ യാചിച്ചാൽ
എന്നെ തള്ളുമോ?
ഇല്ലില്ലാകാശം ഭൂമിയും
പോയാലും.

൭. ഭദ്രം ചേർന്നു നിത്യം പാർത്താൽ
ഭാഗ്യം ലഭ്യമോ?
വിശുദ്ധവാക്യം ചൊല്ലുന്നു
'ലഭ്യമാം.'

## 90 ൯൦

Tune: '*Blessed be the fountain of blood*'

D. L. M.

൧. ദൈവമേ, മഹാ പാപിയാം
ദാസനിൽ കനിയേണമേ
നിങ്കലേക്കു ഞാൻ നോക്കുവാൻ
നാണിച്ചു ലജ്ജിക്കുന്നഹോ,
പാപ ശാപം നീക്കീടുവാൻ
പാരിടേ മൃതി ഏറ്റൊരു
യേശുവിൻ തിരുച്ചോരയിൽ
ആശ്രയിച്ചു വന്നീടുന്നേൻ
വന്നീടുന്നു ഞാൻ, വന്നീടുന്നു ഞാൻ
യേശുവിൻ തിരുച്ചോരയിൽ
ആശ്രയിച്ചു വന്നീടുന്നു.

൨. ഏറ്റവും വഷളായ എൻ
ഉള്ളത്തിൽ വസിച്ചീടുന്ന
ദോഷങ്ങൾ അസംഖ്യം, അത്രേ
ലേശവും ഗുണം ഇല്ലെന്നിൽ;
ഹീനനാകും നിൻ ദാസനു
വേണം നിൻ അനന്ത കൃപ
യേശുവിൻ തിരുച്ചോരയിൽ
ആശ്രയിച്ചു വന്നീടുന്നേൻ— വന്നീ

൩. നിൻ പ്രമാണങ്ങൾ സർവ്വം ഞാൻ
ലംഘനം ചെയ്തു പോയഹോ
നീതിയിൻ വിധി തീർപ്പിനാൽ
യാതൊരാശ്രയം എന്നിയേ
ശാപ പാത്രം ആയോരു ഞാൻ
പാപികൾക്കു സങ്കേതമാം
യേശുവിൻ തിരുച്ചോരയിൽ
ആശ്രയിച്ചു വന്നീടുന്നേൻ— വന്നീ

---

൯൧ ൯൧

C. M.

൧. തകൎന്ന ഹൃദയത്തിങ്കൽ
വസിക്കുന്നവനേ,
നിൻ വാക്കിൻപ്രകാരം എന്നിൽ
പ്രവേശിക്കേണമേ.

൨. എന്നിൽ സകല ദോഷത്തെ
മരിപ്പിക്കേണമേ;
ഉള്ളിലെ എല്ലാ പാപത്തെ
നീ കെടുക്കേണമേ.

൩. പാപത്തിൽ അകപ്പെട്ടുപോയ്
ഞാൻ നഷ്ടമാകുന്നു,
എന്നാൽ നിന്റെ ആത്മാവിനായ്
ഞാൻ അപേക്ഷിക്കുന്നു.

൪. അവനാൽ ഞാൻ ഇനിമേലാൽ
നിന്നിൽ ആനന്ദിക്കും,
തന്റെ കൃപയാൽ മോക്ഷത്തിൽ
ഞാൻ നിന്നെ സ്തുതിക്കും.

൯൨ ൯൨

*'Sinful, sighing to be blest'*

7s.

൧. പാപ പാശത്താൽ ബദ്ധൻ
വാഞ്ഛിക്കുന്നേൻ സ്വാതന്ത്ര്യം,
ക്ഷീണൻ കാംക്ഷ വിശ്രമം
കൎത്താ, ചെയ്ക കാരുണ്യം.

൨. നന്മ ലേശം ഇല്ലെന്നിൽ
തിന്മയത്രേ മുഴുവൻ,
എന്നാവശ്യം ചൊല്ലുന്നേൻ
കൎത്താ, ചെയ്ക കാരുണ്യം.

൩. മദ്ധ്യസ്ഥൻ എന്നാശ്രയം
സന്തതം നിൻ അന്തികെ,
വാദിക്കും എൻ പേൎക്കായ് താൻ
കൎത്താ, ചെയ്ക കാരുണ്യം.

൪. എൻ രക്ഷകൻ തൻ നാമം
മാത്രം എനിക്കു ബലം,
വൻ നാമം അതിൻ മൂലം
കൎത്താ, ചെയ്ക കാരുണ്യം.

൯൩ ൯൩

*'I am coming to the cross'*

7s.

൧. ഞാൻ വരുന്നു ക്രൂശിങ്കൽ
സാധു, ക്ഷീണൻ, കുരുടൻ
സൎവ്വവും എനിക്കെച്ചിൽ,
പൂൎണ്ണ രക്ഷ കാണും ഞാൻ.
ശരണം എൻ കൎത്താവേ,
വാഴ്ത്തപ്പെട്ട കുഞ്ഞാടേ,
താഴ്മയായ് കുമ്പിടുന്നു
രക്ഷിക്ക എന്നെ ഇപ്പോൾ.

൨. വാഞ്ഛിച്ചു നിന്നെ എത്ര
ദോഷം വാണെന്നിൽ എത്ര
ഇമ്പമായ് ചൊല്ലുന്നേശു
ഞാൻ കഴുകീടും നിന്നെ — ശരണം

൩. മുററും ഞാൻ തരുന്നിതാ
ഭൂനിക്ഷേപം മുഴുവൻ
ദേഹം ദേഹി സമസ്തം
എന്നേക്കും നിന്റേതു ഞാൻ—ശരണം

൪. യേശു വന്നെന്നാത്മത്തെ
നിറയ്ക്കുന്നു പൂൎത്തിയായ്
സുഖമെന്നും പൂൎണ്ണമായ്
മഹത്വം കുഞ്ഞാട്ടിന്നു.
എന്നാശ്രയം യേശുവിൽ
വാഴ്ത്തപ്പെട്ട കുഞ്ഞാട്ടിൽ
താണ്മയായ്ക്കുമ്പിടുന്നു
രക്ഷിക്കുന്നിപ്പോളേശു— ശരണം.

൯൪ ൯൪

*'I was a wandering sheep'*

D. S. M.

൧. കാട്ടേറിയാടു ഞാൻ
കൂട്ടം വെറുത്തല്ലോ
ഇടയൻചൊല്ലപ്രിയമായ്
അടങ്ങാതായല്ലോ.
മുടിയനായി ഞാൻ
വീട്ടും വെറുത്തവൻ
വെടിഞ്ഞേൻ താതൻ ചൊല്ലിനെ
കടന്നു പോയവൻ.

൨. ആടിനെ ഇടയൻ
മകനെ താതനും
മലതടം വൻ കാടതിൽ
മടിയാതെ തേടി
മരണാവസ്ഥയിൽ
മാക്ഷീണനായ് കണ്ടു
നൽ പ്രേമപാശം കൊണ്ടവർ
ബന്ധിച്ചു രക്ഷിച്ചു.

൩. എന്നേശു ഇടയൻ
എന്നാത്മ സ്നേഹിതൻ
തൻ ചോരയാൽ കഴുകീട്ടു
താനേകി മാ സുഖം.
കാണാതാടെ തേടി
കണ്ടേററി തോളിൽ താൻ
കയററി എന്നെ കൂടകം
താൻ കാത്തീടുന്നിതാ.

൪. കാടേറിയാടു ഞാൻ
അടങ്ങാത്തോൻ അയ്യോ
ഇടയൻ ചൊൽ നൽ തേനിപ്പോൾ
എൻ കൂടെനിക്കിമ്പം
മുടിയനായ് തീർന്നു
വീടും വെറുത്തവൻ
എൻ താതൻ ചൊൽ നൽതേനിപ്പോൾ
എൻ വീടെനിക്കിമ്പം.

---

## 95 ൯൫

*'Take me as I am'*

8. 8 8 6.

൧. യേശു കർത്താ, കരയുന്നേൻ
നിൻ ശക്തികൂടാതില്ലൊന്നും
നിൻ സൌജന്യരക്ഷ നല്കി
എടുക്ക മാമേവം.
എടുക്ക, മാമേവം എടുക്ക മാമേവം
നിൻ രക്തം മാത്രം ശരണം
എടുക്ക മാമേവം.

൨. ഞാൻ പാപി നിസ്സഹായനെ
എൻ പേർക്കു ചിന്തി നിൻ രക്തം
നിൻ പൊന്നിഷ്ടംപോലാക്കെന്നെ
എടുക്ക മാമേവം— എടുക്ക

൩. ഒരുങ്ങുവാൻ കഴിവില്ലാ
ലംഘിക്കുന്നെ നൽ പ്രതിജ്ഞ
എന്നാലും രക്ഷിക്കേണമേ
എടുക്ക മാമേവം— എടുക്ക

൪. തൃപ്പാദത്തിങ്കൽ കാണുകെന്നെ [ന്നിൽ
നിൻ പൊൻഹിതംപോൽ ചെയ്കെ-
നിൻ പുണ്യംകേവല പൂർണ്ണമാ(കു)
എടുക്ക മാമേവം— എടുക്ക

---

## 96 ൯൬

*'Pass me not'*

8. 5. ൭. 5.

൧ എൻ രക്ഷകാ ; മറക്കല്ലെ
നിലവിളി കേൾ ;
മററുള്ളോരെ ദർശിക്കുമ്പോൾ
എന്നെ തള്ളല്ലേ [കേൾ
യേശു, യേശു, എൻ ഞരക്കം
മററുള്ളോരെ കടാക്ഷിക്കുമ്പോൾ
മറന്നിടല്ലെ.

൨. കൃപാസനത്തിങ്കൽ ഞാനും
കാണട്ടാശ്വാസം
താഴ്മയാൽ മുമ്പിൽ കുമ്പിടുമ്പോൾ
താ നിൻ വിശ്വാസം--- യേശു

൩. നിൻ പുണ്യം മാത്രം നമ്പി ഞാൻ
നിൻ മുമ്പിൽ ചേരും
എൻ നുറുങ്ങിയാത്മാവേ, നീ
സ്നേഹാൽ പാലിക്ക— യേശു

൪. നീയെൻ സർവ്വ സുഖ മൂലം
ജീവനെക്കാൾ നീ
നീയല്ലാതാരെനിക്കുള്ളു
ഭൂസ്വർഗ്ഗങ്ങളിൽ— യേശു

---

## 97 ൯൭

*'God of mercy'*

8s. 7s.

൧. ദീനദയാലോ ദൈവമേ,
ദർശിച്ചീടേണം എന്നെ
അപ്പനേ, നിൻ പൈതൽ [illegible]
തൃപ്പാദെ വന്നീടുന്നേൻ

കർത്തനേ, കെഞ്ചുന്ന കൃപ
കണ്ണുനീരാകാ വൃഥാ
പാപത്തെ വെറുക്കുന്നിതാ
പാപം ഇനിമേൽ ചെയ്യാ.

൨. പാപത്താലെൻ ശാപമൃത്യു
പാത്രമായ് തീർന്നെനിക്കു
നിത്യനരകത്തിൻ ശാപം
നില്ക്കുന്നയ്യോ എൻെറ മേൽ— ക

൩. ദോഷത്താലെൻ മോക്ഷവാസം
ആശയററു പോകുന്നു,
സ്നേഹസുദ്രേ വിശുദ്ധർ
സർവ്വദാ മോദിക്കുന്നു— കർത്ത

൪. കാൽവറി ക്രൂശിന്മേലേറി
കർത്തൻ ചിന്തി തൻ രക്തം
കഷ്ടം ഇതെൻ ദുഷ്ടതമൂലം
കർത്തൻ വീണ്ടും തൂങ്ങുന്നു— കർത്ത

## 98 ൯൮

*'Lord, I hear of showers of blessing*

8. 7. 8. 7. 6. 7.

൧. ശമിപ്പാൻ നിലത്തിൻ ദാഹം
മാരി ധാരാളം കർത്താ,
നീ വർഷിപ്പതു കേൾക്കുന്നേൻ
പെയ്യിട്ടാശിസ്സെന്മേലും
എനിക്കും എനിക്കും
ചാററലെങ്കിലും വേണം.

൨. കടന്നുപോകല്ലേ താതാ,
എൻ ഏറെയോ പാപം തന്നെ
എന്നെ നീ വെടികില്ലും നിൻ
കാരുണ്യം വർഷിക്കെന്മേൽ
എന്മേലും, എന്മേലും
കാരുണ്യം വർഷിക്കെന്മേൽ.

൩. കൈവിടല്ലെ, നൽരക്ഷകാ,
നിന്നെ ഞാൻ സ്നേഹിക്കട്ടെ
നിൻ കൃപെക്കായ് വാഞ്ഛിക്കുന്നേൻ
ക്ഷണിക്കെന്നെയും കൂടെ
എന്നെയും, എന്നെയും
ക്ഷണിക്കെന്നെയും കൂടെ.

൪. കൈവിടല്ലെ, ദൈവാത്മാവേ,
പൊട്ടകൺ തുറക്കും നീ
യേശുവിന്നു സാക്ഷി നീ താൻ
ശക്തിയേറും വാക്കു ചൊൽ
എന്നോടും എന്നോടും
ശക്തിയേറും വാക്കു ചൊൽ.

൫. ദൈവസ്നേഹം ശുദ്ധം നിത്യം
ക്രിസ്തുരക്തം ധാരാളം
ദൈവകൃപ എത്ര ശക്തി
വർദ്ധിപ്പിക്കെന്നിൽ ഇവ
എന്നിലും, എന്നിലും
വർദ്ധിപ്പിക്കെന്നിൽ ഇവ.

൬. കൈവിടല്ലെന്നെ തിരിച്ചു
ചേർക്കുകെൻ ചിത്തം നിന്നിൽ
ജീവനുറവൊഴുക്കുമ്പോൾ
ആശീർവ്വദിക്കെന്നെയും
എന്നെയും, എന്നെയും
ആശീർവ്വദിക്കെന്നെയും.

## 99 ൯൯

8s. 7s.

൧. ലോകരക്ഷാകരനാകും
ഏകദൈവ സുതനേ,
വേഗമോടെൻ യാചന കേ(ട്ട്)
ഏകണം നിൻ കൃപയെ.

൨. നീതിമാനാം യേശുവേ, നിൻ
പ്രീതിമാത്രം പോക്കുമെൻ
വേദനകളാസകലം
മോദമായ് കൺപാർക്കണം.

൩. എത്രയോ മാ പാപികളെ
ചിത്രമായ് നീ രക്ഷിച്ചു
മാത്രകൊണ്ടു കൃപയ്ക്കെന്നെ
പാത്രനാക്കാൻ പ്രാപ്തൻ നീ.

൪. ഏഴ്തരം പൂണ്ട സ്ത്രീയെ
തോഴി ആക്കിയ കൃപ
പാഴിലാകയില്ല നാഥാ
ഏഴയാം ഈ പാപിമേൽ.

൫. നീയെൻ കർത്തൻ, നീയെൻ രാജൻ
നീയെൻ ജീവനേശുവേ,
നീയെൻ സർവ്വം ഇഹത്തിലും
നീയെൻ ഭാഗ്യം വാനിലും.

# THE PASSION

# കഷ്ടാനുഭവം

## Palm Sunday

## ഹോശാനാ ഞായറാഴ്ച

### 100 ൧൦൦

*'When His Salvation bringing'*

D. 7. 6.

൧. സീയോനിലേക്കു യേശു
രക്ഷയുമായ്‌വന്നു:
ഹോശാന അപ്പോൾ പാടി
പൈതങ്ങൾ ഘോഷിച്ചു;
താൻ നിരസ്സപ്പെടാതെ
ആ സ്തുതി കൈക്കൊണ്ടു:
തന്നെ അനുഗമിപ്പാൻ
കർത്താവു കല്പിച്ചു.

൨. മോക്ഷത്തിങ്കൽ എന്നേക്കും
വാഴുന്നു എങ്കിലും
ഇപ്പോഴും രക്ഷിതാവു
നമ്മെയും സ്നേഹിക്കും:
തൻ കൊടി നാം ഉയർത്തി
തൻ നാമം കീർത്തിക്കും,
ഹോശാന എന്ന പാട്ടു
നാം എന്നും പാടിടും.

---

### 101 ൧൦൧

*'Come Thou, precious Ransom, come'*

7. 8. 7. 8. 7. 7.

൧. പാപികൾക്കു ആശയാം
രക്ഷകാ! നീ എഴുന്നരുൾ
വാതിൽ സർവ്വം തുറന്നു
രക്ഷകാ! നീ എഴുന്നരുൾ
വന്നീടേണം മോദമായ്
പാർത്തിടുന്നു വാഞ്ഛയായ്.

൨. തേജസ്സിൻ രാജാവേ! ഞാൻ
ആകട്ടെ നിൻ ജീവാലയം
സാധു ക്ഷീണൻ എങ്കിലും
വാസം ആക്കീടേൻ ഹൃദയം
നീ വാണീടുന്നതെന്നിൽ
ആകും സമ്പത്തെന്നുള്ളിൽ.

൩. സ്വീകരിക്കേൻ ഹോശന്നാ
സ്തോത്രഗീതം എൻ സ്തുതിയും
സദാകാലം രക്ഷകാ!
നിന്നെ ഞാൻ വണങ്ങി വാഴ്ത്തും
നിൻ കൃപ എൻ ശരണം
നിൻ പുണ്യം എൻ ആശ്രയം.

൪. വാഴ്ക! നിനക്കോശന്നാ
ദാവീദ്രാജ നന്ദനാ! നീ
നിൻ രാജ്യത്തിൽ വരികാ
കേൾക്കെങ്ങടെ യാചന നീ
യേശുരാജനോശാന്നാ
എന്നെങ്ങൾ പാടും സദാ.

---

### 102 ൧൦൨

*'All glory, laud'*

7s. 6s.

മാനം, മഹത്വം, സ്തോത്രം,
നിനക്കു രക്ഷക!
ശിശുക്കൾ നിന്നെ വാഴ്ത്തി
ഹോശാന ആർത്തവർ.

൧. യിസ്രായേൽ രാജൻ നീയെ
യിശ്ശായി വംശജൻ
കർത്താവിൻ ക്രിസ്തു, വാഴ്ക!
വാഴ്ത്തുന്നെങ്ങൾ നിന്നെ— മാനം

൨. മാലാഖാ വൃന്ദം നിന്നെ
മേൽലോകെ വാഴ്ത്തുന്നു,
മർത്ത്യരും സൃഷ്ടി സർവ്വം
കീർത്തിക്കുന്നൊന്നുമെ.— മാനം

൩. നിൻമാർഗ്ഗെ, കുരുത്തോല,
അങ്കിയും ഇട്ടവർ
യാചന, സ്തോത്രം, നിൻ മുൻ,
ഒരം ജനം അർപ്പിച്ചു.— മാനം

൪. നിൻ കർത്തനാൽ മുൻ യൂദർ
വ്യാകുലത്തി, പാട്ടിനാൽ
അത്യുന്നതനാം നിന്നെ
വാഴ്ത്തുന്നിന്നെങ്ങളും— മാനം

൫. കൈക്കൊണ്ടു നീ ആ സ്തുതി
കേൾക്കെങ്ങൾ യാചന,
സർവ്വ നന്മയിൻ നാഥാ,
കൃപാലോ! രാജാവേ— മാനം

---

## 103 ൱൩

Tune : '*Ride on, ride on*'

L. M.

൧. ഓടിക്കൂടിൻ യേശുവോടു
പാടിച്ചൊല്ലീടിൻ ഹോശാനാ
നൽ ഓല കയ്യിൽ ഏന്തുവിൻ
സീയോന്റെ ബാലർ ഏവരും
ഓടിക്കൂടിൻ യേശുവോടു
പാടിച്ചൊല്ലീടിൻ ഹോശാനാ.

൨. ഓടിക്കൂടിൻ യേശുവോടു
പാടിച്ചൊല്ലീടിൻ ഹോശാനാ
ഗർദ്ദഭവാഹനൻ പിമ്പിൽ
ആർത്തുശബ്ദിപ്പിൻ ഹോശാനാ— ഓ

൩. ഓടിക്കൂടിൻ യേശുവോടു
പാടിച്ചൊല്ലീടിൻ ഹോശാനാ
ക്രൂശിങ്കലാമിതിൻ അന്തം
നാശദോഷമാകെ നീക്കാൻ— ഓടി

൪. ഓടിക്കൂടിൻ യേശുവോടു
വീഥി മൂടി പത്രങ്ങളാൽ
ശീല നീളെ വിരിച്ചീടിൻ
കോലാഹലമായ് ഘോഷിപ്പിൻ—ഓ

൫. ഓടിക്കൂടിൻ യേശുവോടു
മേടമേലാട്ട വാനോർ സൈന്യം
ഖേദമാശ്ചര്യമവർക്കു
നാഥനിങ്ങനെ പോകയിൽ— ഓടി

൬. ഓടിക്കൂടിൻ യേശുവോടു
നാടും വീടും കൂടും എല്ലാം
ചേരും വേഗം അന്ത്യയുദ്ധം
തീരും എല്ലാം കുരിശിങ്കൽ— ഓടി

൭. ഓടിക്കൂടിൻ യേശുവോടു
മുടിചൂടിൻ തൻ ശിരസ്സിൽ
സീയോന്റെ രാജൻ വാഴട്ടെ
ഈ ഉള്ളോരെല്ലാവർമേലും— ഓടി

൮. ഓടിക്കൂടിൻ യേശുവോടു
പാടിച്ചൊല്ലീടിൻ ഹോശാനാ
വെടിയല്ലേ, കൈവിടൊല്ലേ
അടിയാരെ ഒരിക്കലും— ഓടി

# Christ's Sufferings and Death

# ക്രിസ്തുവിന്റെ കഷ്ടപ്പാടും മരണവും

## 104 ൱൪

S. M.

൧. ഗേത്ശമനേ ചെന്നു
യേശുവോടടുത്തു
നോക്കുക തന്റെ വിയർപ്പു
രക്തമായ് വീഴുന്നു.

൨. ഈ പാനപാത്രത്തെ
ഞാൻ കുടിക്കേണമോ?
താതാ, നിൻ ഹിതമാകട്ടെ
എന്നിഷ്ടമല്ലൊട്ടും.

൩. ദൂതൻ താനിറങ്ങി
നാഥന്റെ വ്യഥയാൽ
യേശു ഒരുങ്ങി ക്രൂശിന്നായ്
തുനിഞ്ഞു അൻപിനാൽ.

൪. യേശുവിൻ സ്നേഹത്തെ
പാപി, മറക്കാമോ?
യേശുവിന്നായ് നിൻ ഹൃദയം
നല്കാതിരിക്കാമോ?

---

## 105 ൱൫

'*Zion's daughter, weep no more*'

6 lines. 7s.

൧. സീയോനിൻ കുമാരി, നീ
കരയേണ്ട ദുഃഖത്താൽ
വേദവാക്യത്തിൽ ചൊന്ന
നാഥനാം മശീഹ താൻ
വാഴ്ത്തപ്പെട്ട മദ്ധ്യസ്ഥൻ
നിത്യശാന്തി നല്കുന്നു.

൨. ഒരുദ്യാനത്തിൽ പണ്ടു
വീണ പാപത്തിൽ നരൻ
യേശുവും അവ്വണ്ണമായ്
നേടി വീണ്ടെടുപ്പു കേൾ
ഗെത്ശെമനെ എന്നതാം
വേറൊരുദ്യാനത്തിലെ.

൩. പ്രാൎത്ഥിച്ചാസ്ഥലത്തു താൻ
ദൈവത്തോടു നമുക്കായ്
തൻ പിതാവു നല്കിയ
പാനപാത്രം കുടിച്ചു
നീക്കും അന്ത്യനാളിൽ നിൻ
കണ്ണുനീർ സകലവും.

൪. ഭൂമി സാഷ്ട്ര മാകവേ
വാഴ്ത്തട്ടെ തൻ നാമത്തെ
താതസുതനാത്മനാം
ഏകനാം ദൈവത്തിന്നു്
മാനം, സ്തുതി, മഹത്വം
ഭവിക്കേട്ടിന്നും എന്നും.

## 106 ൧൦൬

*'Oh! come and mourn with me awhile'*

### L. M.

൧. നമ്മുടെ കൎത്താവാം യേശു
ക്രൂശിക്കപ്പെട്ടിരിക്കുന്നു
വരുവിൻ, നാമെല്ലാവരും
ഒരുമിച്ചു വിലാപിക്കാം.

൨. രക്ഷകന്നരികെ വന്നു
താൻ പെട്ട പാടുകൾ കാണ്ക
പാപികളേ, അവൻ മേൽക്കു
ചൊരിവാൻ കണ്ണുനീരില്ലേ?

൩. യൂദർ ഇതാ നിന്ദിക്കുന്നു
അന്യജാതി ഹസിക്കുന്നു
അവനൊ ഏത്ര ക്ഷാന്തനായ്
ക്രൂശിന്മേൽ ഹാ തൂങ്ങിടുന്നു.

൪. ആണികളാൽ കൈകാലുകൾ
കീറി രക്തം പാഞ്ഞീടുന്നു,
തൊണ്ടയോ അതി ദാഹത്താൽ
ഉണങ്ങി വരണ്ടീടുന്നു.

൫. വാ, യേശുവിൻ ക്രൂശിൻകീഴെ
വന്നു ചേൎന്നാൽ ചൊരിഞ്ഞിട്ടും
തന്റെ രക്തം തുള്ളികളായ്
അപ്പോഴേ നിൻ പാപം തീരും.

## 107 ൧൦൭

*'On Calvary's brow my Saviour died'*

### L. M.

൧. കാൽവറിമേൽ മരിച്ചേശു
തത്ര ക്രൂശിച്ചെൻ നാഥനെ
ക്രൂശിൽ തൂങ്ങി രക്തം ചിന്തി,
സമ്പാദിച്ചാൻ എൻ മോചനം
കാൽവറി, ദുഃഖക്കാൽവറി
എൻപേൎക്കേശു രക്തം ചിന്തി
കാൽവറി, പുണ്യ കാൽവറി
മരിച്ചെൻ രക്ഷകൻ നിന്മേൽ.

൨. പാറപൊട്ടി, ദ്യോവിരുണ്ടു,
നമിച്ചു മരിച്ചെൻ യേശു
നിത്യമാം സ്വൎഗ്ഗമാൎഗ്ഗങ്ങൾക്കായ്
മറ കീറി വഴി കാട്ടി— കാൽവറി

൩. കാൽവറിയിൻ ഘോരനാളിൽ
ക്രൂശിൻ കഷ്ടം എല്ലാനായ്ത്തിൻ
ജീവൻ എനിക്കേശുനാഥാ,
നല്കിയതെന്താശ്ചൎയ്യമെ— കാൽവറി

## 108 ൧൦൮

*'When I survey the wondrous Cross'*

### L. M.

൧. മഹത്വപ്രഭു മരിച്ച
ആശ്ചൎയ്യക്രൂശിൽ നോക്കി ഞാൻ
ഈ ലോക ലാഭഡംഭങ്ങൾ
നഷ്ടം, നിന്ദ്യം എന്നെണ്ണുന്നേൻ.

൨. പ്രശംസ ഒന്നുമാത്രമേ
ക്രിസ്തേശുവിൻ മൃത്യുതന്നെ
ചിററിമ്പകാൎയ്യം സൎവ്വവും
തൻ രക്തത്തിന്നായ്വിടുന്നേൻ.

൩. തൃക്കാൽകരം ശിരസ്സിൽ നി(ന്ന്)
ഒഴുകുന്നേ സ്നേഹം, ദുഃഖം
ഇവയിൻ ബന്ധം അത്ഭുതം
മുൾമുടിയോ അതിശ്രേഷ്ഠം.

൪. പ്രപഞ്ചം ആകെ നേടി ഞാൻ
ത്യജിക്കിലും മതിയാകാ
ഈ ദിവ്യസ്നേഹത്തിന്നു ഞാൻ
എന്നെ മുറ്റും നല്കീടേണം.

## 109 ൧൦൯

*'Hark, the voice of love and mercy'*

8. 7. 8. 7. 8. 7.

൧. കാൽവറി മുടി മുഴങ്ങും
കൃപ സ്നേഹ ശബ്ദം കേൾ
പാറ വിണ്ടു പാരിളകി
ക്രൂരിരുൾ മദ്ധ്യാഹ്നേ കാൺ
നിവൃത്തിയായ്,
മൃത്യുവേല്ക്കും കർത്തൻ ചൊൽ.

൨. ആയ് നിവൃത്തി ഇമ്പമേറും
എന്നും നല്കും വാക്കിതു
ദേവനന്ദ ക്രിസ്തു മൂലം
പാപിമേൽ പ്രവാഹമാം
നിവൃത്തിയായ്,
ദിവ്യർ വീണ്ടും ചൊല്ലുന്നു.

൩. ന്യായപ്രമാണത്തിൻ നിഴൽ
തീർന്നു കർത്തൃബലിയാൽ
ദൈവ വാക്കിൻ പൂർത്തി കാൺമിൻ
ചാവിൻ, പേയിൻ, മൂർച്ച പോയ്
നിവൃത്തിയായ്,
ആശ കൊൾവിൻ ഭക്തരേ.

൪. വീണകൾ മുഴക്കിൻ സ്രാഫിം
മാനുവേലിൻ സ്തുതിയായ്
വാനഭൂമി വാസിയാകെ
മാനജയം ആർക്കുവിൻ
ഹല്ലെലൂയ്യാ
സ്തോത്രം ദേവ കുഞ്ഞാടേ.

## 110 ൧൧൦

*'Behold the lamb of God'*

6. 6. 6. 4. 8. 8. 4.

൧. ദൈവകുഞ്ഞാടിതാ!
പാപികൾക്കായ് മൃതൻ
ആകരുതെ വൃഥാ
നിൻ മരണം
നീ താൻ എനിക്കു രക്ഷകൻ
മുറിഞ്ഞ നിൻ വിലാവുമെൻ
സങ്കേതമേ.

൨. ദൈവകുഞ്ഞാടിതാ!
എറിഞ്ഞേൻ എന്നാത്മം
ശുദ്ധ പ്രവാഹമാം
രക്തമതിൽ
കഴുകെന്നുള്ളം പാവനം
ആജീവനാന്തം കാക്കെന്നെ
പാപമെന്യേ.

൩. ദൈവകുഞ്ഞാടിതാ!
നിത്യനാം രക്ഷകാ,
ജഡാവതാരനേ
വാഴ്ക, വാഴ്ക,
വാടാസ്നേഹാൽ നിറെക്കുക
ശുദ്ധരോടെങ്ങൾക്കും നല്ക
നിത്യസ്വാസ്ഥ്യം.

൪. ദൈവകുഞ്ഞാടിതാ!
താൻ മാത്രം ഇരിപ്പാൻ
യോഗ്യൻ സിംഹാസനെ
അത്യുന്നതെ
പിതാശുദ്ധാത്മാവോടൈക്യം
സ്നേഹപ്രകാശത്തിൽ നിത്യം
വാണിടുവാൻ.

## 111 ൧൧൧

L. M.

൧. എൻ പാപഭാരം ചുമന്നു
തൻ ജീവൻ വിട്ട കുഞ്ഞാടേ,
നിൻ ക്രൂശിങ്കൽ ഞാൻ വരുന്നു
കടാക്ഷിക്കേണം അൻപോടെ.

൨. നിൻ തിരു രക്ത സ്വേദവും
ഘോരമാം മുൾ കിരീടവും
നീക്കും എൻ ആത്മ ഖേദവും
പാപക്കടമാം ഭാരവും.

൩. നിൻ ശിരം കൈകാൽ വിലാവും
എന്നാൽ അല്ലോ മുറിഞ്ഞു;
എൻ ശാപം മരണം സർവ്വം
നിന്നാൽ അല്ലോ ഒഴിഞ്ഞു.

൪. ക്രൂശിൽ എന്നും എൻ ശരണം,
ക്രൂശിൽ ജയം ഉദ്ധാരണം
ക്രൂശിൽ പാപനിവാരണം,
ക്രൂശിൻ കീഴിൽ എൻ ജീവിതം.

## ൧൧൨

**112**

8s. 7s.

൧. യേശു, യേശു, രക്ഷിതാവേ,
എന്റെ മേൽ കടാക്ഷിക്ക
ഏററം പാപം ഉള്ള എന്നെ
ദയയോടെ രക്ഷിക്ക.

൨. നിന്നുടെ കഷ്ടാനുഭവം
മാത്രം എന്റെ ശരണം.
നിന്റെ കുരിശിന്റെ കീഴെ
ഞാൻ എന്നും ഇരിക്കേണം.

൩. എന്റെ പാപം കളയേണം,
എന്നെ ശുദ്ധീകരിക്ക
നിന്റെ രക്തത്തിങ്കൽ തന്നെ
എൻ ആത്മം കുളിപ്പിക്ക.

൪. ജീവനുള്ള വെള്ളം അതു
ഉറവ വിശേഷമേ,
കുടിച്ചാലും കുളിച്ചാലും
അവർക്കെല്ലാം മോക്ഷമേ.

## ൧൧൩

**113**

L. M.

൧. സ്നേഹമാമേശു ക്രൂശേറി
ഉച്ചരിച്ച സ്നേഹമൊഴി
ഏഴും നരൻ കരുണയ്ക്കായ്
താൻ ചൊല്ലി, നിവൃത്തിയായ്.

൨. യേശു യാചന ചെയ്യുന്നു:—
'തങ്ങൾ ചെയ്യുന്നതെന്തെന്നു
ഗ്രഹിക്കുന്നില്ല തെല്ലുമേ,
പിതാവേ, ക്ഷമിക്കണമേ.'

൩. 'ഇന്നു നീ എന്നോടൊന്നിച്ച്
ഇരിക്കും പറുദീസായിൽ,'
എന്നു ചൊല്ലി കള്ളനോട്ടു
യേശു താൻ നൽ കനിവോട്ടു.

൪. 'സ്ത്രീയേ, നിന്റെ പുത്രനിതാ!
മകനേ, നിന്നമ്മ ഇതാ!'
എന്നു ചൊല്ലി ആശ്വാസം താൻ
ഏകി തൻ മാതാവിന്നന്നാൾ.

൫. 'എൻ ദൈവമേ! എൻ ദൈവമേ!
കൈവിട്ടതെന്തു നീ എന്നെ?'
എന്നേശു മരണക്കഷ്ട്
രുചിച്ചനേരം താൻ ചൊല്ലി.

൬. തൻ അത്യുഗ്രവേദനയാൽ
നാവുണങ്ങി വരണ്ടതാൽ
'എനിക്കു ദാഹിക്കുന്നെന്നു
അഞ്ചാമതും ചൊല്ലി യേശു.

൭. നമ്മെ പ്രതി സഹിക്കേണ്ട(തു)
എല്ലാം ചെയ്തു തീർന്നനേരം
'നിവൃത്തിയായ്' എന്നേശു താൻ
ചൊല്ലി തല ചായ്ച്ചുടൻ താൻ.

൮. 'പിതാവേ, ഞാൻ എന്നാത്മാവെ
തൃക്കയ്യിൽ ഏല്പിച്ചിടുന്നേൻ'
എന്നന്ത്യമായ് ചൊല്ലിക്കൊണ്ടു
രക്ഷകൻ പ്രാണനെ വിട്ടു.

൯. ശുദ്ധരിൻ രാജനേശുവേ,
ഈ ഞാൻ നിൻ മരണത്താലെ
ലോകത്തിന്നു മരിക്കട്ടെ
നിനക്കായ് ജീവിച്ചിടട്ടെ.

## ൧൧൪

**114**

ധ്യാനപ്രശ്നം

6. 4. 6. 3.

൧. തൻ അങ്കി ചാർത്തിയും
രക്തം പൂണ്ടും
സ്ത്രീജനം കരഞ്ഞു
തുടർന്നും.

൨. തൻ ക്രൂശിൻ ഭാരത്താൽ
തളൎന്നു താൻ
താണീടുവാൻ ഒരാൾ
ഉണ്ടതാ.

൩. എല്ലാരും പോകുന്നേ
മുമ്പോട്ടതാ!
ശീമോൻ ചുമക്കുന്നേ
ക്രൂശിനേ.

൪. ക്രൂശോടണഞ്ഞവർ
പോവതെങ്ങോ?
ആശ്ചൎയ്യം ചുമപ്പതും
ആരയ്യോ!

---

**115** ൧൧൫

## പ്രതിവചനം

6. 4. 6 3.

൧. കാൽവാരിയോളവും
ദേവാത്മജൻ
നടന്ന കാൽത്തടം
നോക്കി വാ.

൨. തൻ മേൽ അൻപുള്ളവർ
അല്പം നില്പിൻ
കാരുണ്യ തൻ മുഖം
നോക്കുവിൻ.

൩. ഈ വിശുദ്ധവാരം
പോയിട്ടും മുൻ
ക്രൂശിൻെറ സൽ കഥ
കേട്ടിടിൻ.

൪. കടന്നുപോകുന്ന
നിങ്ങൾക്കവൻ
ദിവ്യസൌന്ദൎയ്യവാൻ
അല്ലയോ?

---

**116** ൧൧൬

## ക്രൂശിൻ കഥാസാരം

6. 4. 6. 3.

൧. ക്രൂശോട്ടു പോകുന്ന
മൎത്ത്യസുതാ!
ക്രൂശിൽ നിൻെറ മുഖം
കാണുന്നേ.

൨. മുൾ നിൻ കിരീടമായ്
ക്രൂശാസനം
എൻ പേൎക്കു ചിന്തി നിൻ
രക്തം നീ.

൩. തലയ്ക്കില്ലായിണ
ക്രൂശെന്നിയേ
കിടക്കും മെത്തയും
ക്രൂശായേ.

൪. നിൻ കാൽ കരങ്ങളിൽ
ആണി പാഞ്ഞേ!
വിലാവിൽ കുന്തവും
പാഞ്ഞല്ലോ.

൫. മദ്ധ്യാഹ്നം പാതിരാ
ആയി തീൎന്നേ
ബന്ധുക്കൾ മിത്രരും
അകന്നേ.

൬. ആശ്വാസ വാചകം
കേൾപ്പാനില്ലേ
സങ്കടം നിൻ വിളി
ഉച്ചത്തിൽ.

൭. താങ്ങററു കുമ്പിട്ടു
തൂങ്ങിടുന്നേ
രക്തം ചൊരിഞ്ഞതാം
ശിരസ്സും.

൮. ചാകുന്ന കള്ളനും
നിന്ദിച്ചല്ലോ
ഇതെല്ലാം എൻ പേൎക്കോ
രക്ഷകാ!

൯. നിൻ ഉറേറാർ എന്നു നീ
വിളിച്ചവർ
കരഞ്ഞു ദൂരത്തിൽ
നിൽക്കുന്നേ!

൧൦. 'നസ്രായൻ യേശു' നീ
സ്നേഹരാജൻ
നിൻ സ്ഥാനപ്പേരതാ
കാണുന്നേൻ.

൧൧. എൻ പേൎക്കിക്കഷ്ടത
മരണവും
സഹിപ്പാൻ എന്തിങ്ങു
കണ്ടു നീ?

## 117 ൧൧൭

### ക്രൂശിൽനിന്നുള്ള വിളി

6. 4. 6. 3.

൧. എൻ സ്നേഹം മൂലം ഞാൻ
സൂക്ഷിക്കുന്നു
എൻ ഖേദം നോവിന്റെ
പൈതലേ!

൨. മേൽ ലോക ഭാഗ്യങ്ങൾ
ലഭിച്ചീടാൻ
നിന്നെ വിളിച്ചിടാൻ
വന്നു ഞാൻ.

൩. അലഞ്ഞു ദൂരെ നീ
എൻ സ്നേഹത്താൽ
അന്വേഷിക്കുന്നു ഞാൻ
പോകല്ലേ.

൪. നിൻ പേൎക്കു മാത്രം എൻ
രക്തം ചിന്തി
എൻ സ്വന്തമാക്കുവാൻ
വാങ്ങി ഞാൻ.

൫. എൻ സ്നേഹപൈതലേ!
എൻ സങ്കടം
നീ ഓൎത്തു കണ്ണുനീർ
ചിന്തുണ്ടോ.

൬. മേൽ സ്വൎഗ്ഗ ലോകത്തിൽ
എന്നോടെന്നും
വാണിട്ടുവാൻ സദാ
ശ്രമിക്ക.

## 118 ൧൧൮

### യേശുവോടുള്ള നമ്മുടെ അപേക്ഷ

6. 4. 6. 3.

൧. എൻ ആത്മ താരകേ!
ലക്ഷ്യം വരെ
ഞാൻ ഉള്ള നാളെല്ലാം
നടപ്പേൻ.

൨. നിത്യം നിൻ ക്രൂശു ഞാൻ
വഹിക്കട്ടെ
നീ കൂടെ ഉണ്ടെങ്കിൽ
ലഘുവാം.

൩. ഞങ്ങൾ നിന്റെ സ്വന്തം
ആവാൻ ഇഷ്ടം
തോന്നുകിൽ നീ മാത്രം
കൂടെ വാ!

൪. ഇപ്പോൾ സമീപത്തും
പിന്നീടെന്നും
നിന്നോടും വാഴുവാൻ
ഇണങ്ങു.

## 119 ൧൧൯

### *'Great High Priest, we see Thee stooping'*

D. 8s. 7s.

൧. മാൎവ്വിലെങ്ങൾ നാമമേന്തി
മാ പുരോഹിതാ, കാവിൽ
ഭാരപ്പെട്ടു ഞരങ്ങി നീ
കുമ്പിട്ടതു കാണുന്നേൻ
ഈവിധം സ്രഷ്ടാവെ കണ്ടു
ദൂതർ ആകുലപ്പെട്ടാർ
താൻ സഹിച്ചതെൻ പേൎക്കല്ലൊ
ഖേദമില്ലാത്തോനോ ഞാൻ?

൨. യേശുവേ, നിൻ രക്തമെന്യേ
ഒന്നും എന്നെ രക്ഷിക്കാ
ഒന്നും പാപകുറ്റം തീൎക്കാ
ഒന്നും ചിത്തം ഉരുക്കാ
ധൎമ്മന്യായം മാത്രമായാൽ
കാഠിന്യം താൻ ഫലമെ
രക്താഞ്ജിത ക്ഷമാബോധം
തകൎക്കും കൽ നെഞ്ചിനെ.

൩. സൎവ്വാശ്വാസത്തിന്നാവ
നന്മാനിധി, യേശു നീ
സ്നേഹക്ഷമാ വിശ്വാസാദി
സൎവ്വം നിൻ രക്താഞ്ജിതം
സ്വന്തം ഞങ്ങൾക്കൊന്നുമില്ല
ലഭ്യം നിങ്കൽനിന്നെല്ലാം
ഒന്നുമില്ലാത്തവൎക്കു നീ
സമ്മാനിക്കും സൎവ്വവും.

## Easter Eve
## പെസഹായ്ക്കു തലേനാൾ

**120** ൧൨൦

Six lines. 7s.

൧. ക്രിസ്തുയേശു എവിടെ?
ദുഷ്ട കൈകൾ കൊണ്ടല്ലോ
എന്നാത്മാവിൻ കാതലേ,
നിന്നെ അവർ ഹനിച്ചോ?
ഇല്ല വീണ്ടും ജീവിക്കും
ക്രിസ്തു തന്നെ ജയിക്കും.

൨. നല്ലതാം പാറ തന്നിൽ
വെട്ടീട്ടുള്ള കല്ലറ
യേശു തന്നെ താണ്മയിൽ
ആക്കി തന്റെ ഭവനം
അതിൽ യേശു കിടന്നു
അതും ശുദ്ധമായിതു.

൩. നിന്ദ വേണ്ട ലോകരേ,
തോറ്റതില്ല പ്രഭു താൻ
ദിവ്യൻ തന്റെ ദേഹത്തെ
വെടിഞ്ഞു മാ വല്ലഭൻ
ദൈവത്തിന്റെ ശക്തിയെ
ഇനി നിങ്ങൾ കാണുമേ.

# EASTER
# പെസഹ

**121** ൧൨൧

Tune: *'As with gladness'*

Six lines. 7s.

൧. ശങ്കയെന്യേ രാവിലെ
ഓടി വന്നു മറിയ
കല്ലറയിന്നരികിൽ
നിന്നുകൊണ്ടു കരഞ്ഞു
എന്റെ യേശു എവിടെ,
ആരു കൊണ്ടുപോയിതോ?

൨. ജീവൻ വിട്ട രക്ഷകാ,
കാണുന്നില്ല ഞാൻ നിന്നെ
തോട്ടക്കാരാ, നീ എന്റെ
യേശുവിനെ എടുത്തോ?
ഉര ചൊൽക നേരത്തെ
സഹിക്കുന്നില്ലെനിക്കു.

൩. എന്നു ചൊല്ലി നില്ക്കയിൽ
യേശു 'മറിയേ' എന്നു
വിളിച്ചപ്പോൾ കരുത്തിൽ
യേശു താൻ എന്നറച്ചു;
നാരി മനം കുളിർന്നു
'റബ്ബോനി' എന്നുരച്ചാൾ.

൪. ഹല്ലേലൂയ്യാ യേശുവേ, എൻ
അല്ലലെല്ലാം കളകെ.
വീഴുവാൻ നീ കേസരി
ധീരനായ് നീ മരണം
ജയിച്ചല്ലോ, എന്നെയും
ഉയിർപ്പിക്ക ജീവനിൽ.

**122** ൧൨൨

*'Christ the Lord is risen to-day'*

7s.

ക്രിസ്തു വീണ്ടും ജീവിച്ചു — അല്ലേലൂയ്യാ
ശത്രുക്കൂട്ടം തോറ്റിതു — അല്ലേലൂയ്യാ
മേൽലോകങ്ങൾ പാടട്ടെ — അല്ലേലൂയ്യാ
ഭൂമി സ്തുതി ചൊല്ലട്ടെ. — അല്ലേലൂയ്യാ

൨

മുറിവേറ്റു തിരുകാൽ — അല്ലേലൂയ്യാ
മൃത്യുവിന്റെ കയ്യിനാൽ — അല്ലേലൂയ്യാ
ശത്രുവിന്റെ തലയെ — അല്ലേലൂയ്യാ
ക്രിസ്തു ചതെച്ചുടനെ. — അല്ലേലൂയ്യാ

൩

കീഴ്ലോകത്തിൻ വാതിലിൻ — അല്ലേലൂയ്യാ
താക്കോൽ കിട്ടി പ്രഭുതാൻ — അല്ലേലൂയ്യാ
തുറന്നിട്ടു വിശുദ്ധർ — അല്ലേലൂയ്യാ
എഴുന്നേറ്റനേകം പേർ. — അല്ലേലൂയ്യാ

൪

ഘോഷിപ്പിൻ തൻജനമേ, — അല്ലേലൂയ്യാ
വാഴ്ത്തുവിൻ തൻനാമത്തെ — അല്ലേലൂയ്യാ
ക്രിസ്തു യേശു രക്ഷകൻ — അല്ലേലൂയ്യാ
എന്നുമേ പരാപരൻ. — അല്ലേലൂയ്യാ

## 123 ൧൨൩

7s.

൧. യേശുനാഥൻ ഉയിൎത്തു
ഉത്സവം കൊണ്ടാടുവിൻ
പേയിൻതല തകൎത്തു
ഗാനങ്ങളെ പാടുവിൻ.

൨. പാപഭാരം വഹിച്ചു
പാടുപെട്ടു മരിച്ചു
മൃത്യുവിനെ ജയിച്ചു
പാപിയെ ഉദ്ധരിച്ചു.

൩. കാവൽ, കല്ലു, മുദ്രയും,
വൃഥാ ശത്രു സ്ഥാപിച്ചു
വൈരിഗണം ഒക്കെയും
യേശുരാജൻ ജയിച്ചു.

൪. ഗോൽഗോഥാവിൽ മരിച്ച
ദൈവപുത്ര കുഞ്ഞാടെ,
മൃത്യുവിനെ ജയിച്ച
മന്നനെ നാം വാഴ്ത്തുകെ.

---

## 124 ൧൨൪

Tune : '*Thou whose almighty word*'

6. 6. 4. 6. 6. 6. 4.

൧. ദൈവത്തിൻ കുഞ്ഞാടു
പാപത്തെ ചുമന്നു
മരത്തിന്മേൽ :
പാപിയാർ? ഞാൻ, ഈ ഞാൻ ;
മരിച്ചതോ ശുദ്ധൻ
അവൻ എൻ രക്ഷകൻ
ഇമ്മാനുവേൽ.

൨. ജഡത്തിൽനിന്നു ഞാൻ
ജനിച്ചു ; ജഡം താൻ
എൻ ജീവനായ് ;
നമ്മുടെ ചിന്തകൾ
വാക്കുകൾ ഒക്കെയും
സൽക്രിയ തന്നെയും
ദോഷം തന്നേ.

൩. പാപത്തിൻ ശമ്പളം
കൈപ്പുള്ള മരണം
എല്ലാവരിൽ ;
യേശുവേ നിന്നോടു
കൂടെ ഞാൻ മരിച്ചു
എന്നെ ഞാൻ തറച്ചു
നിൻ കുരിശിൽ.

൪. ക്രിസ്തു കൎത്താവിനെ
അടക്കി ഉടനെ
കല്ലറയിൽ
അവനിലേക്കു ഞാൻ
അടക്കപ്പെടുവാൻ
എന്നെ ഇറക്കിയാൻ
നീർകുളിയിൽ.

൫. കൎത്താവു ഉയിൎത്തു
ചാവിനെ ജയിച്ചു
മഹത്വത്താൽ ;
യേശുവേ, നിന്നോടു
കൂടെ ഞാൻ ഉയിൎത്തു
പുതുതായ് ജനിച്ചു
ആത്മാവിനാൽ.

൬. പഴയതൊക്കെയും
കഴിഞ്ഞു സ്വൎഗ്ഗവും
എൻ അംശമായ് ;
പിതാവും പുത്രനും
പരിശുദ്ധാത്മാവും
എന്നേക്കും ഇരിക്കും
ഈ എനിക്കായ്.

---

## 125 ൧൨൫

Tune : '*With songs of grateful praise*'

6. 6. 6. 6. 8. 8.

൧. പ്രേതക്കല്ലറയെ
യേശുക്രിസ്തു വിട്ടു
അവൻ ശത്രുക്കളെ
ജയിച്ചെഴുന്നീറ്റു,
ഭയം ഹേതു കാവല്ക്കാരും
എല്ലാവരും താഴെ വീണു.

൨. ദൈവദൂതന്മാരും
ഇങ്ങിറങ്ങിവന്നു
അനുസരിപ്പാനും
ഒരുക്കമായ് നിന്നു.
അവർ വന്നു സന്തോഷവും
ആനന്ദവും അവർക്കുണ്ടു.

൩. പിൻ സ്വൎഗ്ഗത്തിലേക്കു
വേഗത്തിൽ പറന്നു
കരേറി ഇരുന്നു
ഇവ്വണ്ണം കീർത്തിച്ചു,
യേശുക്രിസ്തു സഹിച്ചവൻ
മരിച്ചവൻ എഴുനീററു.

൪. നാശത്തിങ്കൽനിന്നു
രക്ഷിക്കപ്പെട്ടവർ
ക്രിസ്തുവിങ്കലേക്കു
പോയിരിക്കുന്നവർ
പറയുന്നു സഹിച്ചവൻ
മരിച്ചവൻ ജീവിക്കുന്നു.

൫. ജയിച്ച കർത്താവു
ശുദ്ധരെ രക്ഷിക്കും
എന്നേക്കും അവന്നു
അവർ സ്തുതി പാടും.
തന്റെ രാജ്യം ഭൂമിയിലും
സ്വൎഗ്ഗത്തിലും വർദ്ധിപ്പിക്കും.

## 126

ഫ൨൬

*'Hallelujah, He is risen'*

8. 7. 8. 7. 8. 7.

൧. ഹല്ലെല്ലൂയ്യാ, ഉയിർത്തേശു
മേൽലോകത്തേക്കേറിനാൻ,
മൃത്യു പാശം ഛേദിച്ചേശു
ആർത്തു മർത്യർ ദൂതന്മാർ,
ഉയിർത്തേശു
ജീവിച്ചെന്നും വാഴുന്നു.

൨. ഹല്ലെല്ലൂയ്യാ, ഉയിർത്തേശു
തൻ സഭയ്ക്കു നാഥനായ്
നമ്മുടെ കാര്യസ്ഥനേശു
നേടി ആത്മദാനത്തെ;
ഉയിർത്തേശു
നീതി താൻ മർത്യർക്കുമായ്.

൩. ഹല്ലെല്ലൂയ്യാ, ഉയിർത്തേശു
മുൾ ഇല്ലാതായ് മൃത്യുവും
ജീവനും ഉയിർപ്പും യേശു
ജീവൻ നല്കും ഏവർക്കും
ഉയിർത്തേശു
ജീവകർത്തൻ വരും താൻ.

## 127

ഫ൨൯

*'The strife is o'er'*

P. M.

അല്ലെല്ലൂയ്യാ! അല്ലെല്ലൂയ്യാ! അല്ലെല്ലൂയ്യാ!

൧. കലാശിച്ചു കഠോര പോർ
കർത്താവു താൻ ജയാളിയായ്
കർത്തൃസ്തുതി ഗീതം പാടീൻ
അല്ലെല്ലൂയ്യാ!

൨. മരണ സേനകളെല്ലാം
മന്നന്റെ മുമ്പിൽ നിന്നോടി
മശിഹയ്ക്കു സ്തുതിപാടീൻ
അല്ലെല്ലൂയ്യാ!

൩. ഉയിർത്തു താൻ മൂന്നാം ദിനം
ഉന്നതനായ് വാണിടുന്നു
ഉണർന്നു പാടിൻ അവന്നു
അല്ലെല്ലൂയ്യാ!

൪. നാഥ ഏററതായ് അടികളാൽ
നിന്നടിയാർ സ്വതന്ത്രരായ്
നിൻ മുമ്പിലെന്നും പാടിടും.
അല്ലെല്ലൂയ്യാ!

# SUNDAYS AFTER EASTER

# പെസഹായിക്കു പിമ്പു

## The Lord's Day

## കർത്തൃദിനം

### 128 ൧൨൮

L. M.

൧. യഹോവ സ്വസ്ഥനാളിനെ
ഉണ്ടാക്കി ശുദ്ധീകരിച്ചു;
തൻ സൃഷ്ടി എല്ലാം നോക്കീട്ടു്,
ഒന്നാകെ അനുഗ്രഹിച്ചു.

൨. ഠരം ഭൂമിയും ആകാശവും
തൻ സ്നേഹത്തെ ഘോഷിക്കുന്നു,
തൻ അത്ഭുത പ്രവൃത്തികൾ
എന്നേക്കും നിലനില്ക്കുന്നു.

൩. സുബുദ്ധി ഉള്ളോരെല്ലാരും
കർത്താവിൻ ക്രിയയെ ഓർക്കും,
തൻ കൃപ ജ്ഞാനം ഹേതുവായ്
എന്നേക്കും തന്നെ സ്തുതിക്കും.

൪. വിശുദ്ധ നാളിൽ കർത്താവു്
ഉയിർത്തു വീണ്ടും ജീവിച്ചു
തൻ ശത്രുവായ സാത്താനെ
സ്വശക്തികൊണ്ടു തോല്പിച്ചു.

൫. യഹോവ ആയ യേശുവേ,
നിൻ പൂർണ്ണ വേല ഒക്കെയും
ഞാൻ കണ്ടു നിന്നെ സ്തുതിച്ചു
നിൻ രക്ഷയിൽ സന്തോഷിക്കും.

---

### 129 ൧൨൯

L. M.

൧. കർത്തൃനാളാകും ശാബത
ആശ്വാസം നല്കും സ്വസ്ഥത
എൻ ആത്മാവേ, ഉണരുക
രക്ഷിതാവോടു ചേരുക.

൨. പ്രപഞ്ച ഭാരം ഇറക്കി
ലൌകികം എല്ലാം അകററി
യേശു സന്നിധി പ്രാപിക്ക
അനുഗ്രഹങ്ങൾ ലഭിക്ക.

൩. ഇന്നാളിൽ യേശു ഉയിർത്തു
പാതാളലോകം തകർത്തു,
ഇന്നാളിൽ ആത്മാവിറങ്ങി,
കാഠിന്യ ഉള്ളം നുറുങ്ങി.

൪. അബ്ബാ! പിതാ, ഞാൻ നിന്നോടു
പിഴച്ചേൻ, അയ്യോ എന്നോടു
കരുണ ചെയ്ക കനിവായ്
തള്ളീടല്ലേ, അയോഗ്യനായ്.

൫. തീർക്ക എൻ പാപരോഗത്തെ
തിരുരക്തത്താൽ ഉള്ളത്തെ
ശുദ്ധമാക്കി നിന്നാത്മാവെ
നല്കേണം യേശുകർത്താവേ.

---

### 130 ൧൩൦

L. M.

൧. ശാബത എന്നാത്മാവിന്നു
ഇമ്പമായുള്ളതാകുന്നു.
ശുദ്ധമാം ആ നാൾ എൻ ഭാഗ്യ-
സ്വസ്ഥത ആകേണം എന്നും.

൨. ഠരം മഹത്വ ദിനം അതിൽ
ആത്മാവിൽ ആയെൻ കർത്താവിൻ
സന്നിധിയിൽ ഇരുന്നു ഞാൻ
ആനന്ദം പ്രാപിച്ചിടട്ടെ.

൩. നിൻ മന്ദിരത്തിൽ ഈ ദിനം
നിൻ മക്കളോടൊരുമിച്ചു
സാമോദം വന്നു നിന്നെ ഞാൻ
ആത്മാവിൽ വന്ദിക്കേണമേ.

൪. നിൻ ദാസന്മാരിൽനിന്നു ഞാൻ
ഇദ്ദിനം കേട്ടീടുന്നോരു
നിൻതിരു വാക്യങ്ങളെ ഞാൻ
ചിന്തിപ്പതിന്നു തുണെക്ക.

൫. ഠരം ആത്മ മുഴുവൻ താതാ,
നീ എന്നെ അനുഗ്രഹിക്ക;
ആദ്യഫലം നിനക്കു ഞാൻ
ശുദ്ധീകരിച്ചീടുന്നിതാ.

൭. ഇന്നവസരമുള്ളതിൻ-
വണ്ണം എൻ യേശുരക്ഷകൻ-
തന്നെപ്പോൽ നന്മ ചെയ്തിടാൻ
നിൻ അനുഗ്രഹം നൽകുക.

## 131 ൧൩൧

Tune: '*Jesus comes his conflict over*'

8. 7. 8. 7. 7. 7.

൧. ഹല്ലെലൂയ്യാ! സ്വർഗ്ഗശോഭ
വന്നുദിച്ച നാൾ ഇതാ,
ദിവ്യ സാമവാക്യം ചൊല്ലി
പാപം നീക്കും രക്ഷകൻ
ഹാ മഹാ സന്തോഷ നാൾ
സ്വസ്ഥരാകിൻ സർവ്വരും.

൨. ദേഹദേഹിക്കും വിശ്രാമം
ഏകും ശാബതാം ഇതു
ഇരുൾ മായ ലോക സ്നേഹം
നീക്കും ഔഷധമിതു
ഭാഗ്യം തേടും എല്ലാരും
ആചരിക്കി നല്ല നാൾ.

൩. പച്ച മേച്ചിലിൽ ഈ എന്നെ
ആക്കി തീറ്റും സ്വർ പിതാ
ദാഹത്തിന്നു ജലം പിന്നെ
കാട്ടും താമസം വിനാ
സൌജന്യമാം കൃപയാൽ
നന്മ വളർക്കും ബലാൽ.

൪. വേദവാക്യം ഫലിപ്പിക്ക
ദാസന്മാർക്കുണർവ്വേക
നിയമത്തെ ഉറപ്പിക്ക
നന്നായനുഗ്രഹിക്ക
ദിവ്യ മന്നാ നൽകുക
സഭയിൻ നൽ ഭർത്താവേ.

## 132 ൧൩൨

'*O! Day of rest and gladness*'

D. 7s. 6s.

൧. മോദമതും വിശ്രാന്തി
ശോഭ, പൂർണ്ണാനന്ദം,
ക്ലേശതാപോപശാന്തി
ഉണ്ടീശബ്ബത്തിനം
ഉയർന്നോർ താണോരിന്നു
നിത്യാസനത്തിൻ മുൻ
ത്രിയേകനെ വാഴ്ത്തുന്നു
ശുദ്ധൻ, ശുദ്ധൻ, ശുദ്ധൻ.

൨. സൃഷ്ടിയിൻ നേരം നിന്നിൽ
വെളിച്ചം ജാതമായ്
ഉയർന്നു ഭൂഗർഭത്തിൽ
നിന്നേശു ഞങ്ങൾക്കായ്
കർത്തൻ വിജയം നിന്നിൽ
നേടി; ആത്മാവെ താൻ
പകർന്നിട്ടിന്നം തന്നിൽ
മഹൽ പ്രകാശമായ്.

൩. ജീവിതോഷ്ണമാം ദേശേ
നീ ശീതജലം താൻ
കാണ്മാൻ വാഗ്ദത്തദേശം
നീ പിസ്ഗയെ പോൽ താൻ
ആശ്വാസദിനമല്ലോ
ശുദ്ധസ്നേഹദിനം
ഭൂമിയിൽനിന്നുയരാൻ
ഉയിർപ്പിൻ ദിവസം.

൪. ക്ഷീണജാതികൾക്കിന്നു
മന്നാ പൊഴിയുന്നു
ശുദ്ധസംഘം കൂടുവാൻ
കാഹളമൂതുന്നു;
സുവാർത്ത ശോഭ ദീപം
നിർമ്മലമായ് വീശും
ജീവജലപ്രവാഹം
ആത്മാശ്വാസം നൽകും.

൫. വിശ്രമം നൽകും ദിനം
പുതുകൃപ നേടും
ദൈവജനം ശബ്ബത്ത്
അവകാശമാക്കും
സഭ തൻ ശബ്ബത്താലെ
പാടിസ്തുതിച്ചിടും
പിതൃപുത്രാത്മാക്കൾക്കു
സ്തോത്രമതെന്നേക്കും.

## Public Worship

## പരസ്യാരാധന

### 133 ൧൩൩

L. M.

൧. അന്പോല്പം യേശുദേവനേ,
വരിക ഈ സഭാമദ്ധ്യേ
അടിയാൎക്കു കൃപ തന്നു
നിൻ വാക്കുമാധുൎയ്യം കേൾപ്പിക്ക.

൨. വിശ്വാസം പ്രത്യാശ സ്നേഹം
ഈ ജനത്തിന്നരുളേണം
കൃപയാൽ ഉള്ളം നിറെക്ക
സൽഗുണരാക്കി തീൎക്കുക.

൩. വിശുദ്ധനാകും ദൈവമേ
നിൻ സന്നിധിയിൽ വന്നോരെ
ആത്മാവാൽ നിറച്ചീടുക
അടിയാരെ ശുദ്ധി ചെയ്ക.

൪. അയോഗ്യരാമീ ഞങ്ങളെ
നിൻ തൃപ്പാദത്തിൻ സമീപേ
നിൻ സുതനാമേശു മൂലം
ചേൎത്തുകൊള്ളുക സദയം.

൫. ഈ സഭയുടെ നടുവേ
പ്രത്യക്ഷനായ് നിൻ മുഖത്തെ
നിൻ ഭക്തന്മാൎക്കു കാണിച്ചു
സന്തോഷം നിറച്ചയക്ക.

### 134 ൧൩൪

L. M.

൧. നിൻ കൃപയാലെ ദൈവമേ,
നിൻ ഭൃത്യരായ ഞങ്ങളെ
അനുഗ്രഹിച്ചെല്ലാവൎക്കും
നിൻ ഹിതമെല്ലാം കാട്ടേണം.

൨. നിൻ വചനത്താൽ ഞങ്ങളെ
സൽപ്രാപ്തന്മാർ ആക്കേണമേ;
ആത്മാവിലുള്ള ഭക്തിയും
നീ ദയയോടു തരേണം.

൩. നിൻ ഇഷ്ടമുള്ള പുത്രനെ
മഹത്വപ്പെടുത്തേണമേ;
നിൻ പരിശുദ്ധ രാജ്യവും
നീ ഇന്നു വൎദ്ധിപ്പിക്കേണം.

### 135 ൧൩൫

C. M.

൧. കൎത്താവേ, നിന്റെ ആലയം
എത്ര മനോഹരം;
കൃപ കാണിച്ചിടും സ്ഥലം
എത്ര മഹാ ശുദ്ധം.

൨. എല്ലായ്പോഴും ഇങ്ങു പാൎപ്പാൻ
ആഗ്രഹിക്കുന്നു ഞാൻ,
നിൻ സന്നിധിയിൽ വന്ദിപ്പാൻ
ഞാൻ വാഞ്ഛിച്ചീടുന്നു.

൩. നിൻ സ്നേഹം ജ്വലിക്കുന്നവർ
ഭാഗ്യവാന്മാരാകും,
നീ ഉപദേശിക്കുന്നവർ
ഭക്തി ഉള്ളോർ ആകും.

൪. നിൻ ഭവനത്തിൽ ഒരുനാൾ
വസിച്ചീടുന്നതു
വേറെ ആയിരങ്ങളെക്കാൾ
എത്രയും നല്ലതു.

൫. നിൻ ആലയത്തിൻ സേവയിൽ
എന്നെ ആക്കേണമേ;
എന്റെ ദുഃഖ ഹൃദയത്തിൽ
കൃപ നല്കേണമേ.

൬. നിൻ ശുദ്ധ വഴിയിൽ എന്നെ
നടത്തിക്കേണമേ;
ആ വഴിയിൽ സന്തോഷത്തെ
പ്രദാനം ചെയ്യുകേ.

### 136 ൧൩൬

Tune: '*Sweet hour of prayer*'

D. L. M.

൧. കൎത്താവിന്നാലയം മഹാ
പരിശുദ്ധമാകുന്ന തൻ
മന്ദിരം എന്നുമേ ദിവ്യ
സൌന്ദൎയ്യത്തിൻ നിലയമേ
പ്രാൎത്ഥനാ ഭവനം ഇതു
സ്വൎഗ്ഗത്തിൻ വാതിൽ, ദൈവത്തിൻ
സന്നിധാനം; സന്തോഷത്തിൻ
സമ്പൂൎണ്ണത ഉണ്ടിവിടെ.

൨. നിന്മന്ദിരേ വന്നീടുമ്പോൾ
എൻ പാദത്തെ സൂക്ഷിച്ചിട്ടെൻ
സ്രഷ്ടാവിൻ തിരുമുമ്പിൽ ഞാൻ
സാഷ്ടാംഗം വീണു സദയം,
മാ പരിശുദ്ധനാം നിന്നെ
ആത്മാവിലും സത്യത്തിലും
വന്ദിച്ചു സ്തുതി ചെയ്തീടാൻ
നിന്നാത്മാവിനെ നല്കുക.

൩. ആനന്ദസംഗീതത്തോടെ
ഞാൻ എന്നും നിന്നെ വാഴ്ത്തീടും,
കേൾപ്പാൻ ഏററം ഒരുക്കമായ്
തൃപ്പാദത്തിങ്കൽ ഇരുന്നു
നിൻ വിശുദ്ധാലയത്തിലെ
നന്മയാൽ സംതൃപ്തനായ് ഞാൻ
നിൻ കാരുണ്യത്തെ ചിന്തിപ്പാൻ
നിൻ കൃപ ഇപ്പോൾ നല്കുക.

൪. നിൻ മക്കളോടൈക്യതയിൽ
നിന്നോടുള്ള സംസർഗ്ഗത്തിൽ
അനുഗ്രഹങ്ങൾ എന്റെ മേൽ
സമൃദ്ധിയായ് ചൊരിയുക,
ഓരോവിധം അനുദിനം എൻ
ജീവിതത്തിൽ നിൻ കൃപയാൽ
സ്വർഭാഗ്യം ഹൃദയത്തിൽ ഞാൻ
ഈ ഭൂവിൽ അനുഭവിക്കും.

---

## 137 ൧൩൭

### Six. 8s.

൧. യഹോവയെത്തന്നെ വന്ദിക്ക,
തൻ കൃപയിൽ പ്രശംസിക്ക,
താൻ എന്നേക്കും ഗുണവാൻ,
താൻ ഹീനന്മാരെ രക്ഷിക്കും,
താൻ ദുഃഖിതന്മാരെ മോചിക്കും,
താൻ ധർമ്മിഷ്ഠനാം ധനവാൻ.

൨. ദരിദ്രന്മാർക്കാഹാരവും
അശക്തന്മാർക്കു പ്രാപ്തിയും
യഹോവ നല്കി രക്ഷിക്കും,
മുടന്തന്മാർക്കു ബലവും
കണ്ണില്ലാത്തോർക്കു കാഴ്ചയും
താൻ നല്കി അനുഗ്രഹിക്കും.

൩. വിലങ്ങുകൊണ്ടു ക്ഷീണരായ്
കയ്പേററംകൊണ്ടു ദീനരായ്
തൻ ജനം ഇരിക്കും നാളിൽ
താൻ ക്രൂരന്മാരെ അടക്കും
അന്യായക്കാരെ ശിക്ഷിക്കും
തൻ ഉഗ്രമുള്ള കോപത്തിൽ.

൪. തനിക്കിഷ്ടമാം വന്ദന
താഴ്മയുള്ളോരു പ്രാർത്ഥന
താൻ എന്നും കേട്ടു ഗ്രഹിക്കും,
തൻ വാക്കു സത്യമാകുന്നു
തൻ ശക്തി വലുതാകുന്നു
താൻ എന്നന്നേക്കും ഇരിക്കും.

---

## 138 ൧൩൮

### C. M.

൧. രണ്ടോ മൂന്നോ പേർ ഏകമായ്
എന്നുടെ നാമത്തിൽ
കൂടുന്നതാം ഇടത്തു ഞാൻ
ഉണ്ടവർ നടുവിൽ.

൨. രണ്ടു പേർ ഐകമത്യമായ്
യാചിക്കുന്ന കാര്യം
സ്വർഗ്ഗസ്ഥ താതനിൽനിന്നു
അവർക്കു ലഭിക്കും.

൩. നിങ്ങൾ എന്നിൽ എന്മൊഴികൾ
നിങ്ങളിലും എന്നും
വസിക്കിൽ യാചിച്ചതെല്ലാം
നിങ്ങൾക്കുണ്ടായീടും.

൪. ചോദിച്ചുകൊൾക നിങ്ങൾക്കു
എന്തുചെയ്യേണം ഞാൻ
യാചിക്കുന്നതു ലഭിക്കും
മോദം പൂർണ്ണമാവാൻ.

൫. എന്നുടെ നാമത്തിൽ നിങ്ങൾ
എന്തു ചോദിച്ചാലും
പിതാവിൻ മഹത്വത്തിന്നായ്
ഞാനതു ചെയ്തീടും.

൬. പ്രാർത്ഥിക്കുമ്പോൾ യാചിച്ചതു
ഒക്കെയും ലഭിച്ചു
എന്നു വിശ്വസിപ്പിൻ; എന്നാൽ
നിങ്ങൾക്കുണ്ടാം അതു.

൭. സ്വൎഗ്ഗസ്ഥ പിതാവിനോടു
യാചിക്കുന്നോവൎക്കും
നന്മകളെ താൻ എത്രയും
അധികമായ് നല്കും.

---

## 139 ൧൩൯

C. M.

൧. ക്രിസ്തു മൂലം നാം പ്രാൎത്ഥിച്ചാൽ
ദൈവം നമ്മെ കേൾക്കും
സത്യമായിട്ടപേക്ഷിച്ചാൽ
താൻ അനുഗ്രഹിക്കും.

൨. എന്നാൽ തൻ തിരുമുമ്പിൽ നാം
എങ്ങിനെ വരേണ്ടു?
ശിക്ഷെക്കു പാത്രരായ നാം
എന്തെല്ലാം ചെയ്യേണ്ടു?

൩. കുരിശിന്മേൽ യേശുക്രിസ്തു
കുററം എല്ലാം തീൎത്തു,
അവനാലെ രക്ഷ ഉള്ളൂ
എന്നു ദിവ്യമൊഴി.

൪. ക്രിസ്തുവിൽ നാം വിശ്വസിച്ചാൽ
ദൈവം വിമോചിക്കും,
തൻ രക്ഷയെ ഉപേക്ഷിച്ചാൽ
നാം എന്നും നശിക്കും.

൫. ജീവനുള്ള വിശ്വാസത്തെ
കൎത്താവേ നല്കുക,
നിൻ കൃപാസഹായം കൂടെ
ഇപ്പോഴും തരിക.

---

## 140 ൧൪൦

Tune : '*Holy, holy, holy*'

P. M.

൧

നിത്യനാം പിതാവേ, അല്പകാലം മാത്രം
പാൎത്തലേ പാൎക്കും നിന്മക്കളാം ഞങ്ങളിതാ
നിൻ സന്നിധൌ വന്നു ഭക്തിയിൽ
നിന്നോടു
സംസൎഗ്ഗം ചെയ്വാൻ നീ തുണെയ്ക്കുക.

൨

സൎവ്വശക്തനേ, അസംഖ്യലോകങ്ങൾ നിൻ
ദിവ്യവാക്കിനാൽ സൃഷ്ടിച്ചു പാലിക്കുന്ന നീ
മാനുഷപ്പുഴുക്കളാം അടിയങ്ങൾ നിൻ
സന്നിധിയിൽ വിറെക്കട്ടെ സദാ.

൩

സൎവ്വജ്ഞാനിയായ നിന്തിരുമുമ്പാകെ
സൎവ്വഹൃദയങ്ങളും തുറന്നവയഹൊ
നിന്നെ പരമാൎത്ഥത്തോടെ വന്ദിപ്പാനായ്
നിൻ ശുദ്ധാത്മാവാൽ ഏകണം കൃപ.

൪

അത്യന്ത വിശുദ്ധൻ ആയ മഹാ ദേവാ,
നീ ദഹിപ്പിച്ചിട്ടുന്നൊരു അഗ്നിയാകയാൽ
ശുദ്ധഹൃദയങ്ങളോടുകൂടെ ഞങ്ങൾ
പ്രാൎത്ഥിച്ചിടാൻ സഹായം നല്കുക.

൫

അത്യുന്നതനായി ഏററവും മഹാനായ്
എത്രയും ഭയങ്കരനാം നീ മുഴുവനും
അന്തമില്ല സ്നേഹം എന്നറിഞ്ഞു ഞങ്ങൾ
സന്തോഷിച്ചീട്ടുന്നു സൎവ്വാത്മനാ.

---

## 141 ൧൪൧

'*All people that on earth do dwell*'

L. M.

൧. ഭൂവാസികൾ സൎവ്വരുമേ,
സന്തോഷം ഉള്ള സ്വരത്തെ
കൎത്താവിന്നുയൎത്തീടുവിൻ,
ആനന്ദത്തോടെ വന്ദിപ്പിൻ.

൨. യഹോവാ ദൈവം എന്നുമേ
നാം അല്ല അവൻ മാത്രമേ
നമ്മെ ഉണ്ടാക്കി പാലിച്ചു
തൻ ജനമായ് വീണ്ടെടുത്തു.

൩. തൻ ആലയേ പ്രവേശിപ്പിൻ,
ആനന്ദത്തോടെ സ്തുതിപ്പിൻ,
സങ്കീൎത്തനങ്ങൾ പാടുവിൻ,
സന്തോഷത്തോടെ ഇരിപ്പിൻ.

൪. തൻ സ്നേഹം നിത്യമുള്ളതു,
തൻ കൃപ സ്ഥിരമുള്ളതു,
തൻ വാഗ്ദത്തങ്ങൾ ഒക്കെയും
എപ്പോഴും താൻ നിവൎത്തിക്കും.

**142** ൧൪൨

L. M.

൧. പ്രാർത്ഥന കേൾക്കുന്നവനേ,
അലിവോടെ നോക്കേണമേ;
കരുണയാം സാഗരമേ,
ഞങ്ങൾ നിന്നിൽ കുളിക്കട്ടെ.

൨. പാപം നിമിത്തം ഞങ്ങളെ
കോപത്തിൽ ശിക്ഷിക്കരുതേ;
മശിഹാ മൂലം ദൈവമേ,
നിൻ മോചനം തരേണമേ.

൩. ഞങ്ങൾക്കുള്ള ദുഃഖത്തെയും
ആവശ്യത്തെയും നീ കാണും
വേണ്ടുംപ്രകാരം ഞങ്ങളെ
താങ്ങി സഹായിക്കേണമേ.

൪. ഭയം കൂടാതെ പാർപ്പാനും
നിൻ വഴിയിൽ നടപ്പാനും
നൽ വരം നീ നൽകേണമേ,
ഞങ്ങളെ രക്ഷിക്കേണമേ.

൫. പിതാ പുത്രൻ ആത്മാവുമാം
ത്രിത്വത്തിൽ ഏക ദൈവമേ,
നിനക്കു വന്ദനം യോഗ്യം
നീ മാത്രം സത്യേക ദൈവം.

**143** ൧൪൩

*'Open now thy gates of beauty'*

8. 7. 8. 7. 7. 7.

൧. സീയോനേ, തുറക്കെനിക്കായ്
നിൻ അലങ്കാര വാതിൽ
ഞാൻ കാത്തിരിക്കും കർത്തനായ്
ഉൾപ്രവേശിച്ചു നിന്നിൽ
എത്ര വാഞ്ഛപ്പെട്ടിടം
ഭാഗ്യാശ്വാസമാം സ്ഥലം.

൨. ദൈവമേ! നിൻ തിരുമുമ്പിൽ
വന്നു ഞാൻ, നീ എങ്കൽ വാ
കണ്ടു നിന്നെ വാഴ്ത്തുന്നെങ്കിൽ
ഉണ്ടിവിടം സ്വർഗ്ഗമാം
എങ്കലേക്കു ചേരേണം
ആക്കെൻ ഉള്ളം ആലയം.

൩. ഘോഷിക്കും സ്തുതി ഇവിടെ
വിതറീടും വചനം
എൻ ആത്മാവു കൊടുക്കട്ടെ
വിശേഷമാം സൽഫലം
ഉത്ഭവിപ്പിച്ചീടട്ടെ
ജീവഫല പ്രാപ്തിയെ.

൪. എൻ വിശ്വാസം ജീവിച്ചീടും
നിൻ മാ ദാനം സൂക്ഷിപ്പാൻ
എൻ ദുഃഖത്തിൻ ഭാരം നീക്കും
നിൻ വചനം ശോഭിപ്പാൻ
അതെൻ ജീവനായകാ
എൻ അഭയ നായകാ!

൫. ദൈവമേ, പറയേണമേ
നിന്റെ ദാസൻ കേൾക്കുന്നു
നിൻ ഹിതം എന്നും ആകട്ടെ
ഞാൻ നിന്നോടു ചേരുന്നു
ജീവ ഊറ്റുണ്ടിവിടെ
ആത്മ തൃപ്തി നൽകുമേ.

## THE ASCENSION

## സ്വർഗ്ഗാരോഹണം

**144** ൧൪൪

L. M.

൧. കരേറിപ്പോയെൻ രക്ഷകൻ
അനേകം ദൂതർ കൂടവെ
മേൽലോക സൈന്യം അത്രയും
സംകീർത്തിച്ചു ആരോഹണം.

൨. മേൽലോക വാതിൽ തുറന്ന്
വിസ്തീർണ്ണമായ് വെച്ചേക്കയാൽ
തൻ രക്തം മൂലം പലരും
സന്തോഷമായ് പ്രവേശിക്കും.

൩. സിംഹാസനത്തെ പ്രാപിച്ചു
സൎവ്വാധികാരി ആയിതു
വിമോക്ഷം നല്കും പാപിക്കു
തൻ നീതിയും വിശ്വാസവും.

൪. മേൽലോകത്തിലെ സൈന്യവും
ഭൂലോകത്തുള്ള സഭയും
മഹത്വപ്പെട്ട കൎത്തനെ
കൊണ്ടാടി സ്തുതി പാടട്ടെ.

---

## 145 ൧൪൫

C. M.

൧. മഹത്വ ദൈവദൂതരേ,
ഘോഷിച്ചു സ്തുതിപ്പിൻ;
എന്നേക്കുമുള്ള രാജനെ
കൈക്കൊണ്ടു വന്ദിപ്പിൻ.

൨. ആർ ഈ മഹത്വത്തിൻ രാജൻ?
യഹോവാ താൻ തന്നേ;
താൻ യുദ്ധത്തിങ്കൽ ബലവാൻ
വാഴുന്നു എന്നുമെ.

൩. നാം സൎവ്വ സ്തുതി മഹത്വം
എപ്പോഴും കൊടുക്ക;
നാം അവനിൽ ആശ്രയിച്ചു
മേലോട്ടു നോക്കുക.

൪. എന്നാൽ താൻ ഇനി വരുമ്പോൾ
മഹത്വത്തിൽ കാണും;
തന്നോടു കൂടെ ജയിച്ചു
നാം എന്നും ഭരിക്കും.

---

## 146 ൧൪൬

L. M.

൧. സ്വൎഗ്ഗേ പ്രവേശിച്ച കൎത്താ,
ഞങ്ങൾ നിന്നെ സ്തുതിക്കുന്നു,
അവിടെ ഒരു സ്ഥലം നീ
ഞങ്ങൾക്കായി ഒരുക്കുന്നു.

൨. പിതാവിൻ വലഭാഗത്തു
നീ എപ്പോഴും ജീവിക്കുന്നു,
ഞങ്ങൾക്കായിട്ടു സ്വൎഗ്ഗത്തിൽ
അവനോടു യാചിക്കുന്നു.

൩. പിശാചിന്റെ കോപത്തെക്കാൾ
നിന്നിൽ ഏറ്റം ബലം ഉണ്ടു;
നീ നിന്റെ സൎവ്വശക്തിയാൽ
അവനെ നശിപ്പിക്കുന്നു.

൪. നിന്നിൽ വിശ്വസിക്കുന്നവർ
നിന്നെക്കൊണ്ടു ജീവിക്കുന്നു,
നിന്നിൽ വിശ്വാസത്താൽ അവർ
പിശാചിനെ ജയിക്കുന്നു.

൫. കൎത്താവാകുന്ന യേശുവേ,
പ്രാപ്തി എല്ലാം നിന്നിൽ ഉണ്ടു,
വിശ്വസിച്ച ഞങ്ങൾ നിന്നെ
നന്ദിയോടു സ്തുതിക്കുന്നു.

---

## 147 ൧൪൭

8s. 7s.

൧. താഴെ സഭ മേലിൽ സൈന്യം
ഒരുമിച്ചു പാടട്ടെ,
യേശുവിന്റെ നിത്യ ജയം
ഇന്നു വാഴ്ത്തപ്പെടട്ടെ.

൨. സ്വൎഗ്ഗത്തിങ്കലേക്കവൻ താൻ
നമുക്കായ് പ്രവേശിച്ചു,
പരിശുദ്ധാത്മാവിൻ ദാനം
അതിനാലെ ലഭിച്ചു.

൩. താൻ മത്സരക്കാൎക്കു വേണ്ടി
മദ്ധ്യസ്ഥത ചെയ്യുന്നു.
തന്നിൽ ദൈവം എല്ലാരെയും
ക്ഷമിച്ചു കൈക്കൊള്ളുന്നു.

൪. ഇനി നാം സന്തോഷപ്പെട്ടു
ഭയം എല്ലാം മാറ്റുക,
യേശുക്രിസ്തു മൂലം മാത്രം
നിത്യ മോക്ഷം ലഭിക്കും.

---

## 148 ൧൪൮

Tune : '*At Thy feet, O Christ !*'

Six. 7s.

൧. ബഹുമാനം മഹത്വം
ക്രിസ്തുവിന്നു കൊടുപ്പിൻ
നമ്മുടെ രാജാവിന്നു
ഘോഷത്തോടെ പാടുവിൻ
എഴുന്നേറ്റു മശിഹാ
നമ്മുടെ രക്ഷിതാവു.

൨. ക്രിസ്തു കരേറി സ്വർഗ്ഗം
ദൂതർ അപ്പോൾ കൈക്കൊണ്ടു
അട്ടഹാസിച്ചു ഇവർ
ഏററവും പ്രസാദിച്ചു,
സ്വർഗ്ഗങ്ങൾ രാജാവിനെ
എന്നേക്കും കൈക്കൊള്ളുന്നു.

൩. സിംഹാസനത്തിന്മേലും
രാജാവായിരിക്കുന്ന
ഈ വിശുദ്ധ ദൈവത്തെ
ദൂതർ വന്ദിച്ചീടുന്നു.
അവരോടു കൂടെ നാം
രാജനെ സ്തുതിക്കണം.

൪. കൃപയുള്ള ദൈവമേ,
ഞങ്ങൾ മേൽ പ്രകാശിച്ചു
യോഗ്യരായ് സ്തുതിച്ചീടാൻ
ബലത്തെ നീ നല്കുക
ബഹുമാനം മഹത്വം
രാജാവിന്നു നല്കണം.

## Heaven സ്വർഗ്ഗം

**149** ൧൪൯

Tune : '*There is a happy land*'

6. 4. 6. 4. 6. 7. 6. 4.

൧. സ്വർഗ്ഗ യെറുശലേം
ഇമ്പ സ്ഥലം,
പാവന നഗരം,
ദൈവ പുരം,
മിന്നുന്ന രത്നങ്ങൾ
അതിന്നടിസ്ഥാനങ്ങൾ,
രംശൻ തൻ പ്രകാശം
ഭാഗ്യതലം.

൨. കുഞ്ഞാട്ടിൻ രക്തത്തിൽ
കുളിക്കുകിൽ
സ്വർഗ്ഗത്തിൽ എന്നേക്കും
വാസം ചെയ്യാം;
ദൂതരിൻ സംഘത്തിൽ
ശുദ്ധന്മാർ സംസർഗ്ഗത്തിൽ
സ്നേഹത്തിൽ സാനന്ദം
വാഴാമെന്നും.

൩. നാം സ്നേഹിച്ചവരാം
നല്ലോർ എല്ലാം
ഉണ്ടാം മേൽലോകത്തിൽ
കർത്തൃമുമ്പിൽ :
ആ നല്ല ദേശത്തിൽ
നിത്യമാം പ്രകാശത്തിൽ
തൻ ദാസന്മാർ കാണും
ദൈവമുഖം.

൪. ദൂതരിൻ സംഗീതം
ഇമ്പസാരം
നല്കുമെല്ലാവർക്കും
നിത്യാനന്ദം;
സ്വർഗ്ഗത്തിൽ കർത്തനെ
തന്മക്കൾ സ്തുതിക്കുമെ.
സേവിക്കും അവനെ
എന്നേക്കുമെ.

൫. ലോക ദുഃഖങ്ങളും
കഷ്ടങ്ങളും
രോഗപീഡകളും
മറന്നുപോം;
ചാവില്ലാ ലോകത്തിൽ
അന്തമില്ലാ ഭാഗ്യത്തിൽ
ദൈവമക്കൾ എന്നും
ജീവിച്ചീടും.

൬. എന്നെ സ്നേഹിച്ചവൻ
എൻ പേർക്കു തൻ
ജീവനെ വെച്ചവൻ
എൻ രക്ഷകൻ;
എന്നും സ്വന്തമവൻ
എന്നാത്മ പ്രിയതമൻ
യേശുവിൻ മാർവ്വിലെൻ
സ്വർഗ്ഗം ആമേൻ.

**150** ൧൫൦

'*There is no night in heaven*'

S. M.

൧. രാത്രിയില്ലാ സ്വർഗ്ഗേ;
തത്ര വസിപ്പോർക്കു
നിത്യ പ്രകാശം ദൈവം താൻ
ഇരുളും ഇല്ലാതാം.

൨. പാപമില്ലാ സ്വൎഗ്ഗെ ;
ദൈവത്തിൻ സംസൎഗ്ഗെ
വളൎന്നീടും തൻ പൈതങ്ങൾ
പരിശുദ്ധതയിൽ.

൩. കണ്ണീരില്ലാ സ്വൎഗ്ഗെ ;
വിശുദ്ധർ ആ ലോകെ
നിത്യാനന്ദത്തെ പ്രാപിക്കും
ദുഃഖം ഓടിപ്പോകും.

൪. വേർപാടില്ലാ സ്വൎഗ്ഗെ ;
യേശുവിന്നരികെ
വിശ്വാസികൾ വസിച്ചീടും
പിരിയാതെന്നേക്കും.

൫. രോഗമില്ലാ സ്വൎഗ്ഗെ ;
നിത്യാരോഗ്യത്തോടെ
കൎത്താവിൻ മക്കൾ പാൎത്തീടും
ഉണ്ടാകാ ക്ഷീണവും.

൬. ശത്രുവില്ലാ സ്വൎഗ്ഗെ ;
ആ ലോകെ പാൎക്കുമെ
ദൈവ സുതർ എല്ലാവരും
സ്നേഹത്തിൽ എപ്പോഴും.

൭. മൃത്യുവില്ലാ സ്വൎഗ്ഗെ ;
അനന്ത ഭാഗ്യമെ
ഉയിൎപ്പിൻ മക്കൾ ജീവിക്കും
മോക്ഷത്തിൽ എന്നേക്കും.

## 151 ൧൫൧

*'Jerusalem, my happy home'*

### C. M.

൧. യെറുശലേം എൻ ഭവനം
എപ്പോൾ കണ്ടീടുവേൻ ;
ഹാ നിൻ നാമം മനോഹരം
എന്നങ്ങു ചേരുവേൻ.

൨. വൈഡൂൎയ്യാദിയാം രത്നങ്ങൾ
അതിന്നടിസ്ഥാനം
സൂൎയ്യകാന്തി ഗോപുരങ്ങൾ
പാരം മനോഹരം.

൩. വൻ മതില്കൾ പൊൻ വീഥികൾ
സ്വഛ സ്ഫടികം പോൽ
പ്രസന്നമാം വാതില്കൾ
ഒരോരൊ മുത്തു താൻ.

൪. മോദമേറും ജീവ നദി
നിൎമ്മല തിളങ്ങുന്നു
തീരെ നില്ക്കും വൃക്ഷം അതി
ആരോഗ്യം നല്കുന്നു.

൫. കുളിരും ഉഷ്ണവും ഇല്ല,
ദാഹം ക്ഷുത്തും ഇല്ല.
ശോകം രോഗം മൃതിയില്ല
രാവിരുൾ ഇല്ലല്ലൊ.

൬. പ്രവാചകർ അപ്പൊസ്തലർ
വിശുദ്ധ സാക്ഷികൾ
ശ്വേതവസ്ത്രം അണിഞ്ഞവർ
എന്നുമെ ധന്യന്മാർ.

൭. യെറുശലേം എൻ ഭവനം
എപ്പോൾ കണ്ടീടുവേൻ ;
ഹാ നിന്നിൽ എൻ സമാധാനം
എന്നങ്ങു ചേരുവേൻ.

## 152 ൧൫൨

*'Here we suffer'*

### P. M.

൧. ഇവിടെ നാം ദുഃഖിച്ചു,
കൂടെ കൂടെ പിരിയും
മേൽ വിയോഗം ഇല്ല.
അതു ഭാഗ്യം ഭാഗ്യം
ഭാഗ്യം ഭാഗ്യം ഭാഗ്യം
അതു ഭാഗ്യം ഭാഗ്യം
സ്വൎഗ്ഗത്തിൽ നാം കൂടുമ്പോൾ.

൨. യേശുവെ സ്നേഹിച്ചോരും
മരിച്ചിട്ടെന്നെന്നേക്കും
മോക്ഷത്തിങ്കൽ വാഴും.
അതു ഭാഗ്യം—

൩. മക്കൾ അമ്മയപ്പന്മാർ
സ്നേഹിതർ ബന്ധുക്കളും
മേൽ ചേരും കൃപയാൽ.
അതു ഭാഗ്യം—

൪. എത്ര ഭാഗ്യം ലഭിക്കും
നാം എല്ലാരും എന്നേക്കും
കൎത്താവിനെ കാണും.
അതു ഭാഗ്യം—

## 153 ൧൫൩

11s.

൧

സന്തോഷ കിരീടം എനിക്കായുണ്ട്;
സന്താപ നാശവും ഭവിച്ചീടുമേ
സർവ്വേശ്വരൻ അപ്പോൾ പറയും ഇദം—
വിശ്വാസി ആയോനേ, നിൻ ഭാഗ്യം ഇതാ.

൨

ഹാ എൻ ഗീതം ആ മഹത്വത്തിൽ പാടാം,
ആ യേശുരാജൻ വീണ്ടെടുപ്പതാലും
സ്വർഗ്ഗീയ ദൂതർ കേൾക്കവെ ചൊല്ലീടും
വിശ്വാസി ആയോനേ, നിൻ ഭാഗ്യം ഇതാ

൩

സ്വർല്ലോകം നേടിയാൽ ഉല്ലാസാഹ്ലാദം
ആരാലും വർണ്ണിച്ചുകൂടായേ നൂനം,
ആക്കുമേ നാസ്തി വിശപ്പു ദാഹങ്ങൾ;
വിശ്വാസി ആയോനേ, നിൻ ഭാഗ്യം ഇതാ.

൪

ഇരുൾ മായ താപം കണ്ണുനീർ എല്ലാം
ഇവിടെ മാത്രം; അത്ര കാണുന്നില്ലേ
എനിക്കോ നവ നാമം നല്കുമല്ലോ
വിശ്വാസി ആയോനേ നിൻ ഭാഗ്യം ഇതാ.

---

## 154 ൧൫൪

*The glory song*

P. M.

എൻ ഭാര താപങ്ങൾ നീങ്ങിടുമ്പോൾ
നൽ ദേശേ സൽ സുഖം ചേർന്നിടുമേ
വന്ദ്യനാം കർത്തൃസമീപനാകുമ്പോൾ
സന്തതം മാ മഹത്വം ആകുമെ
ഹാ ആയതെൻ മാ മഹത്വം
മാ മഹത്വം, മാ മഹത്വം
കാരുണ്യത്താൽ തൻ മുഖം
കാണുമ്പോൾ
ആയതെൻ മാ മഹത്വം
മഹത്വം.

൨

കർത്താവിൻ ദിവ്യ നൽ കാരുണ്യത്താൽ
വിണ്ണിൽ ഒരാസനം കിട്ടിയെന്നാൽ
അങ്ങെന്നും തൻ മുഖം കാണ്കയെന്നാൽ
സന്തതം മാ മഹത്വം ആകുമെ—ഹാ

൩

മുൻ സ്നേഹിച്ചുള്ളോരെ മോക്ഷേ കാണാം
സന്തോഷം ആറുപോൽ ഒഴുകുമെ
യേശുവിൻ പുഞ്ചിരി ഒന്നു മാത്രം
സന്തതം മാ മഹത്വം ആകുമേ—ഹാ

---

## 155 ൧൫൫

Tune: '*The Eden above*'

P. M.

൧. മൃത്യുവില്ലഹൊ സ്വർപ്പുരേ
നിത്യജീവൻ ലഭിക്കുന്നവർ
സർവ്വകാലം പിരിച്ചിൽ എന്ന്യേ
ദൈവമുമ്പിൽ വസിക്കുമെ.
യേശുവിൻ...... സന്നിധി
മറ്റെല്ലാ പ്രമോദങ്ങളിൽ
ഏററവും..... ഇമ്പമെ ഹാ! ഇതു
നിത്യാനന്ദമേകുമഹൊ.

൨. പാപം ഉൾപ്രവേശിച്ചിടാ
താപം അശേഷം പറന്നുപോം
ഉണ്മയിൽ ഉള്ള ഭാഗ്യം അവ(ർക്കു)
എന്നേക്കും ഉല്ലാസരോഹരി—യേ

൩. കാൽവറിയിൽ മരിച്ചോരു
ദൈവപുത്രന്റെ സ്നേഹം അതിൻ
വീതിയും നീളം ആഴത്തെയും
ചിന്തചെയ്യും അനന്തമായ്— യേ

൪. ദൈവദൂതരിൻ കൂട്ടവും
സർവ്വവിശ്വാസികൾ സംഘവും
കൂടി എന്നേക്കും പാടിടുമെ
കുഞ്ഞാട്ടിന്നുടെ സന്നിധൌ-യേശു

---

## 156 ൧൫൬

C. M.

൧. കർത്താവേ എൻ അന്ത്യനാളിൽ
നീ എന്നെ കാക്കണം
നൽശാന്തം നല്കി ആ നേരം
ആശ്വസിപ്പിക്കെന്നെ.

൨. നിൻ രാജ്യത്തിൽ പ്രവേശിച്ചു
അങ്ങെന്നും വാഴും ഞാൻ
ആ ഭാഗ്യം ഉള്ള ദേശത്തിൽ
നിൻ സേവ ചെയ്യും ഞാൻ.

൩. അങ്ങെന്നും നിൻ മുഖത്തെ ഞാൻ
കണ്ടീടും സ്പഷ്ടമായ്
നിൻ ദൂതരോടു കൂടി ഞാൻ
നൽ ഗീതം പാടുമെ.

൪. അപ്പോൾ എൻ ഭീതി ദുഃഖവും
അശേഷം നീക്കും നീ:
എൻെറ കണ്ണുനീർ സൎവ്വവും
തുവൎത്തും താതൻ നീ.

൫. അപ്പോൾ നിൻെറ കാരുണ്യത്താൽ
മഹാ സന്തോഷമെ
നിൻ ഭക്തന്മാൎക്കെന്നേക്കുമെ
ഉണ്ടാകും സ്വസ്ഥത.

൬. നിൻ ദാനങ്ങൾ നിമിത്തമായ്
നിൻ കീൎത്തി ചൊല്ലുമെ
വിശേഷ ദാനംകൊണ്ടു മേൽ
നിൻ നാമം വാഴ്ത്തുമേ.

---

## 157 ൧൫൭

*'The sweet By-and-by'*

9s.

൧. ശോഭയേറും നാടൊന്നുണ്ടതു
കാണാമെ ദൂരെ വിശ്വാസത്താൽ
താതൻ വാസം നമുക്കൊരുക്കി
നില്ക്കുന്നു പ്രതീക്ഷിച്ചക്കരെ
വേഗം നാം—ചേൎന്നിടും—
ഭംഗിയേറിയ ആ തീരത്തു

൨. നാം ആ ശോഭന നാട്ടിൽ പാടും
വാഴ്ത്തപ്പെട്ടോരുടെ സംഗീതം
ഖേദം രോദനം അങ്ങില്ലല്ലൊ
നിത്യം സൌഭാഗ്യം ആത്മാക്കൾക്കു
വേഗം നാം—

൩. സ്നേഹമാം സ്വൎഗ്ഗ താതനുടെ
സ്നേഹദാനത്തിന്നും നാൾക്കുനാൾ
വീഴ്ചയെന്യെ തരും നന്മെക്കും
കാഴ്ചയായി നാം സ്തോത്രം പാടും
വേഗം നാം—

## 158 ൧൫൮

*'Oh! think of the home over there*

P. M.

൧. ഓ! ചിന്തിക്ക മേൽ മന്ദിരം
ശോഭിത നദീതീരത്തുള്ളോർ
അമൎത്ത്യരാം വിശുദ്ധ സംഘം
വെണ്മവസ്ത്രം ധരിച്ചവർ;
മേലുള്ള, മേലുള്ള
മന്ദിരം ചിന്തിച്ചിടുക
മേലുള്ള, മേലുള്ള, മേലുള്ള
മന്ദിരം ചിന്തിച്ചീടുക.

൨. ഓ! ചിന്തിക്ക മേൽതോഴരെ
യാത്ര തീൎന്നവർ പോയി മുമ്പെ
ആനന്ദ ഗീതം പാടി അവർ
ആൎത്തീടുന്നു സ്വൎഗ്ഗമാകവെ;
മേലുള്ള, മേലുള്ള
തോഴരെ ചിന്തിച്ചിടുക.
മേലുള്ള—

൩. എൻ രക്ഷകനങ്ങവിടെ
വിശ്രമിക്കുന്നെൻ പ്രിയക്കൂട്ടം
ഞാനും പോയൊരുമിച്ചവിടെ
വസിച്ചെൻ ഖേദം തീരും ശീഘ്രം
മേലുള്ള, മേലുള്ള
രക്ഷകനെ നാം ചിന്തിക്ക;
മേലുള്ള—

൪. ഞാൻ പോയ്ചേരും വീട്ടിൽ വേഗം
ഓട്ടത്തിന്നന്തം കാണുന്നിതാ
എൻെറ പ്രേമസഖികൾ നൂനം
നോക്കി താൻ കാത്തിരിക്കുന്നിതാ,
മേലുള്ള, മേലുള്ള
വീടതിൽ ഞാൻ പോയ് ചേൎന്നീടും
മേലുള്ള, മേലുള്ള, മേലുള്ള
വീടതിൽ ഞാൻ പോയ് ചേൎന്നിടും.

---

## 159 ൧൫൯

L. M.

൧. ഈ ലോകത്തിൽ നാം പാൎക്കുമ്പോൾ
നാം കൂടെക്കൂടെ പിരിയും
മേൽ ഭാഗ്യലോകം എത്തിയാൽ
നാം പിരിയാതെ വസിക്കും.

൨. ആ ഭാഗ്യലോകത്തുള്ളവർ
മുൻ ദുഃഖം രോഗം ഒക്കവെ
ഓർക്കാതെ എന്നും സ്തുതിച്ചു
സന്തോഷപ്പെടും എന്നുമെ.

൩. അവരോടു കൂടെ ദൈവം
എന്നും എന്നേക്കും വസിക്കും
കുഞ്ഞാടു എന്നും മേയിച്ചു
ആശ്വാസത്തോടെ നടത്തും.

൪. യഹോവാ കണ്ണുനീർ എല്ലാം
തുവർത്തി തീരെ കളയും
തൻ സ്നേഹം കൊണ്ടു അവരെ
മഹത്വത്തിൽ താൻ നിറെക്കും.

൫. ഈ കൃപ നാം വിചാരിച്ചു
എപ്പോഴും ധൈര്യപ്പെടുക
വിശ്വാസ പോരു പൊരുതു
അനന്ത ഭാഗ്യം ലഭിക്ക.

---

## 160 ൱൬൦

7s.

൧. എൻ ആത്മാവെ കേൾക്ക നീ
നിൻ രക്ഷകനാകും
യേശുരാജൻ വേഗം താൻ
തേജസ്സോടെ വന്നിടും.

൨. അപ്പോൾ ഈ മണ്ണാം ദേഹം
പ്രാപിക്കും രൂപാന്തരം
സ്വർലോകാനുരൂപമാം
ശോഭ നിനക്കുണ്ടാകും.

൩. അന്നു നീ ആകാശത്തിൽ
മിന്നുന്നതാം നക്ഷത്രം
എന്നപോൽ പ്രകാശിക്കും
എന്നും എന്നേക്കും അഹോ.

൪. കുഞ്ഞാട്ടിന്റെ സ്വർഗ്ഗീയ
കല്യാണ മഹോത്സവം
അത്യാനന്ദം ഏകുന്ന
നിത്യമാം വിരുന്നല്ലോ.

൫. നിൻ കണ്ണീരെല്ലാം അവൻ
തൻ കയ്യാൽ തുടെക്കുമെ
തന്നോടൊന്നിച്ചാലോകെ
വാണീടും നീ എന്നേക്കും.

൬. സ്വർഗ്ഗത്തിൽ നിനക്കുണ്ടാം
ഭാഗ്യത്തിന്നാധിക്യത്തെ
വർണ്ണിച്ചിടാൻ നാവില്ല
മണ്ണിൽ വസിക്കുന്നോർക്കു.

൭. ഇമ്മാനുവേൽ തന്നുടെ
വന്മഹത്വ നാളിന്നായ്
കാത്തിരുന്നതിന്നു നീ
ബദ്ധപ്പെട്ടുത്തീടുക.

## 161 ൱൬൧

*'There is a happy land'*

P. M.

൧. നൽ ഭാഗ്യ രാജ്യം കാൺ
വിദൂരമേ
തേജോ വിശുദ്ധന്മാർ
ഹാ! മിന്നുന്നു
ഇമ്പമായി പാടുന്നു
യേശു യോഗ്യൻ എന്നവർ
തൻ സ്തുതി എല്ലാരും
ഘോഷിക്കട്ടെ.

൨. ഈ നല്ല ദേശത്തു്
വന്നിടുക
സംശയം എന്തിന്നു
ശീഘ്രം വരു
പാപം ദുഃഖം നീക്കാം
നമുക്കെന്തു ഭാഗ്യമാം
കർത്തൻ കൂടെ വാഴാം
നമുക്കെന്നും.

൩. ആ ഭാഗ്യദേശത്തു
കൺ ശോഭിക്കും
കാവൽ പിതൃകയ്യാൽ
സ്നേഹം നില്ക്കും
മഹത്വം പ്രാപിക്ക
പൊൻ കിരീടം ധരിക്ക
സൂര്യൻ പോൽ ശോഭിക്ക
വാഴ്ക എന്നും.

**162** ഛന്ദ

*'There is a land, a sunny land'*

C. M.

൧. ഭാഗ്യരാജ്യമൊന്നുണ്ടതിൻ
വാനശോഭ നിത്യം
സായാഹ്നം അങ്ങുണ്ടാകില്ല
അതിൻ സൂര്യൻ യേശു.
ക്രൂശിനെ–വഹിക്കിൽ നാം—
കിരീടം–ധരിക്കും—
സ്വർല്ലോകെ നാം വാഴുമ്പോൾ
ഭാഗ്യരാജ്യത്തിൽ നിത്യം.

൨. ഇജ്ജീവയാഴിക്കക്കരെ
സമാധാന നാട്ടിൽ
വൻകാറെറല്ലാമടങ്ങുന്നു
അങ്ങുവേണം നിധി
ക്രൂശിനെ—

൩. മഹൽഗൃഹ വീടുമൊന്നുണ്ടു
സ്വർഗ്ഗീയ മന്ദിരം
ഇഹെ നാം സ്നേഹിച്ചോർ നമ്മെ
എതിരേല്ക്കുമതിൽ
ക്രൂശിനെ—

൪. വേഗം മറയുമീലോകം
വിട്ടു ഭാഗ്യലോകെ
മിന്നും സൈന്യത്തെച്ചേർന്നിടാൻ
നാം വാഞ്ഛിക്കുന്നെന്നും
ക്രൂശിനെ—

**163** ഛന്ദ

*'There is a home eternal'*

P. M.

൧. നിത്യവീടൊന്നുണ്ടല്ലൊ,
ശോഭ സുന്ദരം
തത്ര സ്വർഗ്ഗഭാഗ്യം
മൂടപ്പെടാ രാവാൽ
വസ്ത്രശുദ്ധരാം ദൂതർ,
പാടും സിംഹാസനം മുൻ
എന്നു നിന്നെ ഞാൻ കാണും ?
സുന്ദരമന്ദിരമേ,
സുന്ദര വീടേ,
ശോഭിത വീടേ,
യേശുവിൻ നൽ വീടേ,
ശോഭമന്ദിരമേ.

൨. നിത്യം ആ മന്ദിരത്തിൽ
പുഷ്പങ്ങളുണ്ടേ,
സ്തോത്രം പാടി ബാലർ
യേശുവിൻ നാമത്തിൽ
സിംഹാസനം ചുറ്റുമായ്
നിത്യം സ്തുതി മുഴക്കും
എന്നു നിന്നെ ഞാൻ കാണും ?
സുന്ദരമന്ദിരമേ— സുന്ദര

൩. രക്ഷിതർ കൂട്ടത്തിൽ ഞാൻ,
സ്വർഗ്ഗത്തിൽ ചേരും
ക്രിസ്തു രക്ഷ, എന്നിൽ
മൃത്യു ഭയമില്ല
വേഗം തന്നെ ഞാൻ കാണും
ശോഭ സിംഹാസനമേൽ
അന്നു നിന്നെ ഞാൻ കാണും
സുന്ദര മന്ദിരമേ— സുന്ദര

# WHITSUNTIDE
# പെന്തെക്കൊസ്ത് കാലം

**164** ഛന്ദ

Tune: *'Shall we gather at the river'*

൧. ശുദ്ധാത്മാവേയെന്നെ പാപ–
ബോധം നീ വരുത്തി വീണ്ടും
ജനിപ്പിച്ചു എന്റെ ആത്മ
ജീവനെ പാലിക്കുക
മാ ശുദ്ധാവിയെ സദാ ഞാൻ
അശുദ്ധമാം എന്നുള്ളത്തിൽ നിന്റെ
വാഴ്ത്തപ്പെട്ട വ്യാപാരങ്ങൾക്കു
ഏല്പിച്ചിട്ടുന്നേൻ എന്നെ.

൨. വേദത്തിൻ വചനം ഏററം
മാധുര്യകരമായ് തീർത്തു
ദൈവേഷ്ടമതിൽ നിന്നെന്നും
എന്നെ അഭ്യസിപ്പിക്ക— മാ ശുദ്ധാ

൩. എൻ ദുഃഖങ്ങളിലെല്ലാം നീ
എന്നാശ്വാസപ്രദനാക
യേശുവിന്റെ മാർവ്വിൽ ചാരി
അശ്വസിപ്പാൻ കൃപ താ—
മാ ശുദ്ധാ

൪. ദൈവത്തിൻ ഹിതപ്രകാരം
ജീവനുള്ള പ്രാർത്ഥന ഞാൻ
എല്ലാ നേരവും കഴിപ്പാൻ
എന്നെ പഠിപ്പിക്കുക—
മാ ശുദ്ധാ

൫. എന്നിൽ നീ വസിച്ചു പാപം
തന്നുടെ അടിമ നീക്കി
സ്വാതന്ത്ര്യത്തെ എനിക്കേകി
ശുദ്ധമാക്കു നാൾക്കുനാൾ—
മാ ശുദ്ധാ

൬. യേശുവിൻ മഹിമയെയും
സ്നേഹത്തിന്നളവിനെയും
എന്നിൽ നീ വെളിപ്പെടുത്തി
തന്നരുൾക സർവ്വദാ—
മാ ശുദ്ധാ

൭. യേശുവിന്നു സാക്ഷിയായി ഞാൻ
എന്നും ജീവിതം ചെയ്വാനായ്
നിന്നുടെ പരമ ശക്തി
എന്മേൽ ആവസിക്കട്ടെ—
മാ ശുദ്ധാ

൮. നിൻ ദിവ്യ ഫലങ്ങൾ എല്ലാം
അൻപോടെ ഉളവാകെന്നിൽ
ഞാൻ യേശുവിന്നനുരൂപൻ
ആകേണമേ നാൾക്കുനാൾ—
മാ ശുദ്ധാ

## 165

൧൬൫

S. M.

൧. ആശ്വാസപ്രദനേ
എന്നേക്കും വാഴ്ക
നിൻ സഭ നിന്റെ ആലയം
അതിൽ പ്രവേശിക്ക.

൨. കർത്താവിൻ ശിഷ്യരെ
നീ പണ്ടു ദർശിച്ചു
വിളങ്ങിതി നാവായ് വന്നു
സർവ്വപ്രാപ്തി കല്പിച്ചു.

൩. നിൻ സഭയാണിതു
നീ കാവൽ എന്നുമേ
നിൻ ദിവ്യ ദാനം അതിന്നു
ഇപ്പോൾ തരേണമേ.

൪. നിൻ ജനം ഇവിടെ
ആലസ്യത്തിലായി
നിൻ കരുണയാൽ അവരെ
ആശ്വസിപ്പിക്കുക.

൫. മേലിൽനിന്നു വന്ന
വിശുദ്ധനായോനേ,
നിങ്കലേക്കു നോക്കുന്നോരെ
അനുഗ്രഹിക്കുക.

## 166

൧൬൬

*'Creator spirit, by whose aid'*

Six. 8s.

൧ സ്രഷ്ടാവാകുന്നോരാത്മാവേ,
നീ ആദിയിൽ ഭൂലോകത്തെ
ഉണ്ടാക്കി, അലങ്കരിച്ചു
സ്ഥാപിച്ചു, ശുദ്ധീകരിച്ചു;
കാത്തിരിക്കുന്ന സഭയെ
ഇക്കാലം ദർശിക്കേണമേ.

൨. അയോഗ്യരായ ഞങ്ങളെ
സഹായിച്ചു താങ്ങേണമേ;
ദുർശീലങ്ങൾ ഇല്ലാതാക്കി
മോക്ഷത്തിൻ വഴി കാണിക്ക
അരിഷ്ടരായ ഞങ്ങൾക്കു
തരിക പരമാശ്വാസം.

൩. മഹത്വം സ്തുതി എന്നുമേ
ഉണ്ടാകട്ടെ പിതാവിന്നു:
തൻ നിത്യനായ പുത്രന്നും
ആശ്വാസപ്രദന്നും കൂടെ
പ്രഭാവം സ്തോത്രം ഒക്കെയും
എന്നേക്കും കീർത്തിച്ചിടട്ടേ.

## 167 ൧൬൭

L. M.

൧. ആത്മാവാകുന്ന ദൈവമേ,
ആശ്വാസമായ് നീ വരിക;
നീ ഉപദേഷ്ടാവായ് വന്നു
സർവ്വദാ കൂടെ ഇരിക്ക.

൨. ആകാത്ത വഴിയിൽനിന്നു
എല്ലാവരെയും രക്ഷിക്ക;
വിശുദ്ധ വാക്യം ഞങ്ങൾക്കു
നീ കൃപയോടെ കാണിക്ക.

൩. ഓരോ ഹൃദയത്തിലും നീ
വിശ്വാസം സ്നേഹം സ്ഥാപിക്ക,
മോക്ഷയാത്രയിൽ ഞങ്ങളെ
ഉറപ്പിച്ചു കാത്തീടുക.

൪. ആശ്വാസം ശുദ്ധി രക്ഷയും
നീ കൃപയോടെ തരിക
ദൈവത്തോടുകൂടെ പാർപ്പാൻ
എല്ലാരെയും ഒരുക്കുക.

## 168 ൧൬൮

*'Our blest Redeemer ere He breathed'*

8. 6. 8 4.

൧. രക്ഷകൻ യാത്ര ചൊല്ലും മുൻ
ആശ്വാസപ്രദനെ
വാഗ്ദത്തം ചെയ്തു നടത്താൻ
കൂടെ പാർത്തു.

൨. പ്രാവെപോൽ പത്രം വിടർത്തു
ഭൂമൌ നിഴൽ വീശി
സ്നേഹം സമാധാനം നല്കാൻ
വരുന്നാവി.

൩. നമ്മെ ഉദ്യോഗിപ്പിപ്പാനായ്
പാർപ്പാൻ ആഗ്രഹിച്ചു
സൌമ്യ ഹൃദയം തേടുന്നു
കൃപയോടെ.

൪. താൻ ശാന്ത ശബ്ദം കേൾക്കുന്നു
മന്ദ മരുൽ സമം
ഭീതി ദുശ്ചിന്ത തീർത്തോളും
സ്വർഗ്ഗ കാര്യം.

൫. നമ്മുടെ സർവ്വ സുകൃതം
ജയം ആസകലം
എല്ലാം ശുദ്ധ മനോഗതം
തന്നാൽ മാത്രം.

൬. കാരുണ്യ വിശുദ്ധാത്മനേ
ക്ഷീണത നോക്കേണേ,
ദയവായ് പാർക്ക മാനസെ
യോഗ്യം ആക്കി.

## 169 ൧൬൯

Tune: '*Praise my soul*'

8. 7. 8. 7. 8. 7.

൧. പരിശുദ്ധാത്മാവേ, നിന്നാൽ,
കൃപ സർവ്വം വരുന്നു,
നിന്റെ കൃപയാം ശക്തിയാൽ
ദൈവജീവൻ കിട്ടുന്നു,
ദൈവാത്മാവേ,
ഞാൻ നിന്നെ വീക്ഷിക്കുന്നു.

൨. കർത്താവേ, നല്ല ബുദ്ധിയെ
എനിക്കു തരേണമേ;
നിൻ വചനം അറിവാനായ്
നീ പഠിപ്പിക്കേണമേ;
ദൈവാത്മാവേ,
വെളിച്ചം നല്കേണമേ.

൩. മോക്ഷമാർഗ്ഗത്തെ കുറിച്ചു
ഉള്ളിലെ സംശയത്തെ
പറിച്ചു കളഞ്ഞുംകൊണ്ടു
എന്നെ നന്നാക്കേണമേ;
ദൈവാത്മാവേ,
നീ ശുദ്ധമാക്കേണമേ.

൪. ശുദ്ധവഴിയിൽ നടപ്പാൻ
ആത്മസൌഖ്യത്തെ തന്നു
യേശുവിൽ പ്രത്യാശ വെപ്പാൻ
എന്നെ ഉയർത്തേണമേ,
ദൈവാത്മാവേ,
കൃപയെ നല്കേണമേ.

## 170 ൧൭൦

*'Come, Holy Ghost, our souls inspire'*

L. M.

൧. ആത്മാവേ, വന്നു ഞങ്ങളെ
വിശുദ്ധീകരിക്കേണമേ;
ഹാ! അഭിഷേക ആത്മാവേ,
നിൻ വരത്തെ നല്കേണമേ.

൨. മേലിൽ നിന്നഭിഷേകവും,
ആശ്വാസം, ജീവൻ, സ്നേഹവും
നല്കി അന്ധകാരം നീക്ക
സൽ ബുദ്ധികൊണ്ടു പൂരിക്ക.

൩. നിൻ കൃപകൊണ്ടു ഞങ്ങളെ
നീ സന്തോഷിപ്പിക്കേണമേ,
ശത്രുക്കളെ നീ ജയിക്ക,
വിമോക്ഷ മാൎഗ്ഗം കാണിക്ക.

൪. പിതാവു, പുത്രൻ, ആത്മാവേ,
എന്നും സ്തുതി ഉണ്ടാകട്ടെ;
അല്ലേലൂയ്യാ അല്ലേലൂയ്യാ
അല്ലേലൂയ്യാ ആമേൻ, ആമേൻ.

## 171 ൧൭൧

C. M.

൧. ശുദ്ധ ശുദ്ധ കൎത്താ ദേവാ
ജീവദായകനേ,
ചിത്ത ശുദ്ധി നല്കി എന്നെ
രക്ഷിക്കേണമേ.

൨. വാസം ചെയ്യുന്നുള്ളിൽ ദേവാ,
പാപ ബോധത്തെ താ,
നാശമായ്പോകായ്വാൻ എന്നെ
പാലിച്ചിടേണമേ.

൩. സത്യാത്മാവേ വന്നെന്നുള്ളിൽ
നിത്യവും നീ പാൎക്ക.
ക്രിസ്തേശുവിൻ മുദ്ര എന്നിൽ
പതിക്ക നീ ഇപ്പോൾ.

൪. സ്നേഹാദിഫലങ്ങൾ എന്നിൽ
ആവാൻ അധികമായ്,
സ്നേഹവാനേ തുണെയ്ക്കേണം
ഹീന പാപി എന്മേൽ.

൫. താത സുത ശുദ്ധാത്മാവേ,
നാഥൻ ത്രിയേകനേ,
താ നിൻ കൃപാവരങ്ങളെ
നിൻ സേവ ചെയ്തിടാൻ.

## 172 ൧൭൨

*'Come, Holy Spirit, Heavenly Dove'*

C. M.

൧. സ്വൎഗ്ഗീയ പ്രാവാം ആത്മാവേ!
വന്നീടുക എന്നിൽ
കത്തിക്ക സ്നേഹ ജ്വാലയെ
എൻ ശീത മനസ്സിൽ.

൨. ഹാ ഭൂമിയോടു ചേൎന്നെങ്ങൾ
വിനാശമാകുന്നു
ലഭിച്ചുകൊൾവാൻ മോദങ്ങൾ
അസാദ്ധ്യമാകുന്നു.

൩. വൃഥാവിൽ പാട്ടു പാടും ഞാൻ
വരാ ഉയൎച്ചയിൽ
ഹോശാന നാവിൽ മാത്രം താൻ
ഭക്തി നിൎജ്ജീവനിൽ.

൪. അരിഷ്ടനായെന്നേക്കുമോ
ഇരിക്കയോ ഇഹേ?
നിൻ സ്നേഹം വല്യതെത്രയോ
എന്റേതില്ലൊന്നുമേ.

൫. സ്വൎഗ്ഗീയ പ്രാവാം ആത്മാവേ
വന്നീടുക എന്നിൽ
നിൻ സ്നേഹം പകരേണമേ
എരിയും അതെന്നിൽ.

# TRINITY SUNDAY
## ത്രിത്വഞായറാഴ്ച

**173** ൧൭൩

*'Holy, Holy, Holy'*

P. M.

൧

ശുദ്ധ, ശുദ്ധ, ശുദ്ധ, സൎവ്വശക്ത ദേവാ,
ഭക്ത ഗീതം കാലേ ഞങ്ങൾ അങ്ങുയൎത്തുമേ;
പാപം ശാപം പോക്കും കാരുണ്യയഹോവ
ദേവ ത്രിയേക ഭാഗ്യ ത്രിത്വമേ.

൨

ശുദ്ധ, ശുദ്ധ, ശുദ്ധ, സൎവ്വദിവ്യർ വാഴ്ത്തി
ആൎത്തു പൊൻ കിരീടങ്ങൾ നിൻ കാല്ക്കൽ
വീഴ്ത്തുന്നു.
ആസ്ഥയോടു ദൂതവൃന്ദവും പുകഴ്ത്തി
ആദ്യന്തഹീനാ നിന്നെ വാഴ്ത്തുന്നു.

൩

ശുദ്ധ, ശുദ്ധ, ശുദ്ധ, കൂരിരുൾ അണഞ്ഞു
ഭക്തഹീനൻ നിൻ പ്രഭാവം കാണാ എങ്കിലും
വിശുദ്ധൻ നീ മാത്രം തുല്യനില്ല എങ്ങും
ആൎദ്രത സത്യം ശക്തി ഒന്നിലും.

൪

ശുദ്ധ, ശുദ്ധ, ശുദ്ധ, സൎവ്വ നാഥാ ദേവാ,
സ്വൎഗ്ഗം ഭൂമി സൃഷ്ടി സൎവ്വം നിന്നെ വാഴ്ത്തുന്നു;
ശാപ ദോഷം പോക്കും കാരുണ്യയഹോവാ
ദൈവ ത്രിയേക ഭാഗ്യ ത്രിത്വമേ.

---

**174** ൧൭൪

L. M.

൧. പിതാവേ, സ്നേഹം ഞങ്ങളിൽ
നീ എന്നെന്നേക്കും കാണിക്ക,
ആദിയിൽ നീ സ്നേഹിച്ചപോൽ
അനന്തമായും സ്നേഹിക്ക.

൨. പിതാവിൻ ഇഷ്ട പുത്രനേ,
നീ ജയിച്ചു പിശാചിനെ;
ആകാശ ഭൂമി നരകെ
നിൻ കീൎത്തിയിങ്കൽ അത്ഭുതം

൩. വിശുദ്ധാത്മാവേ, വാഴ്ക
നിൻ സഭയിൽ നീ ഇരിക്ക,
ഹൃദയശുദ്ധി ഞങ്ങൾക്കു
നീ ദാനമായ് തന്നരുൾക.

൪. പിതാവു പുത്രൻ ആത്മാവേ,
ത്രിയേകനാകും ദൈവമേ,
ഒന്നായ പ്രഭു യഹോവാ
എന്നേക്കും വാഴ്ത്തപ്പെടുക.

---

**175** ൧൭൫

German Tune: *'Allein Gott in der HoH'*

8. 7. 8. 7. 8. 8. 7.

൧. പിതാവേ, നിന്റെ ശക്തിയും
തേജസ്സും ഞങ്ങൾ ഇന്നു
പുകഴ്ത്തി വാഴ്ത്തി കുമ്പിടും
നിന്തിരുമുമ്പിൽ നിന്നു;
മാറൊല്ല നിന്റെ രാജത്വം
ചെയ്യപ്പെട്ടീടും നിൻ ഹിതം
മതി ഈ നല്ല നാഥൻ.

൨. ഹാ! യേശുക്രിസ്തോ, വാഴ്ക
സ്വൎഗ്ഗസ്ഥനേകജാതൻ
നശിപ്പവൎക്കു നീ തുണ
നിന്നാൽ ഇണങ്ങി താതൻ
ദാരിദ്ര്യക്കൂട്ടം കേൾക്കണം
കനിഞ്ഞുകൊൾക നിൻ ജനം
വിശുദ്ധമാം കുഞ്ഞാടേ.

൩. സഭെക്കു വേണ്ടും കാൎയ്യസ്ഥൻ
ആത്മാവേ നീ താൻ മാത്രം
അതിനിമേലിൽ മുഴുവൻ
ആയ് തീരുക നിൻ പാത്രം,
യേശുവേ, പ്രശോഭിപ്പിച്ചും
പിശാചിനോടു പൊരുതും
നിൻ ദാസന്മാരിൽ വാഴ്ക.

**176** ൧൭൬

*'All glory be to God on high'*

8. 7. 8. 7. 8. 8. 7.

൧. മഹത്വം അത്യുന്നതന്നു
നമ്മെത്താൻ പ്രിയരാക്കി
സൽസമാധാനം വരുത്തി
ആപത്തറ്റുകാരാക്കി
സംപ്രീതി നരർക്കു നല്കും
നൽശാന്തം ഭൂവിൽ വാണീടും
താൻ കൃപയ്ക്കെന്നും സ്തോത്രം.

൨. പിതാവേ നിന്റെ ശക്തിയും
തേജസ്സും ഞങ്ങൾ ഇന്നു
പുകഴ്ത്തി വാഴ്ത്തി കുമ്പിട്ടും
നിൻതിരു മുമ്പിൽനിന്നു.
മറ്റെല്ലാ നിന്റെ രാജത്വം
നിവർത്തിക്കും നിൻ നിശ്ചയം
തന്നെങ്ങൾക്കു നിൻ വാഴ്ച.

൩. ഹാ ! യേശുക്രിസ്തോ ! വാഴ്ക
സ്വർഗ്ഗസ്ഥനേകജാതൻ
പാപം നീക്കി തുണചെയ്ക
ദേവാട്ടിൻ കുട്ടി ! നാഥൻ
ചിതറിയോരെ ചേർക്ക നീ
കേൾക്കങ്ങടെ നിലവിളി
കനിഞ്ഞുകൊൾ ഹാ ! യേശു !

൪. ഹാ വിലയേറും ആത്മനേ
സദാശ്വാസ പ്രദനേ,
കണിയിൽനിന്നകറ്റുകേ
ഭയങ്ങൾ ഒഴിക്കുകേ
രക്ഷകന്റെ രക്തം ചിന്തി
വരേണമെങ്ങളിൽ ശക്തി
ഞങ്ങളെ രക്ഷിക്കേണം.

## SUNDAYS AFTER TRINITY
## ത്രിത്വത്തിന്നു പിൻ ഞായറാഴ്ചകൾ

### Before Sermon
### പ്രസംഗത്തിനു മുമ്പ്

**177** ൧൭൭

Tune : '*Sweet hour of prayer*'

D. L. M.

൧. കർത്താവേ, നീ ഇന്നേരത്തിൽ
നിൻ ദാസനെ കടാക്ഷിച്ച്
നിൻ ശുദ്ധ വചനമവൻ
സംസാരിപ്പാൻ തുണെക്കുക ;
നിൻ പ്രമാണത്തിൽ നിന്നവൻ
അത്ഭുത കാര്യങ്ങൾ കണ്ട്
ഞങ്ങളെ പഠിപ്പിപ്പാനായ്
നിൻ കൃപ അരുളേണമേ.

൨. ശുദ്ധാത്മാവിന്റെ ശക്തിയിൽ
മാത്രം ആശ്രയം വെച്ചിപ്പോൾ
നിൻ ഹിതം ഉപദേശിപ്പാൻ
നീ സഹായിച്ചിടേണമേ.
നിൻ ദാസരാകുമെങ്ങളും
സന്തോഷമോടിന്നേരം നിൻ
തിരുവചനം കേട്ടീടാൻ
തരേണമേ നിന്നാശിഷം.

൩. വിശുദ്ധ വാക്യങ്ങൾ ഹൃദി
വിശ്വാസത്താൽ കലർന്നുടൻ
പ്രവർത്തിച്ചീടുവാനായ് നിൻ
പരമ കൃപ ചൊരിക
ഇവ്വിധം സ്വർഗ്ഗ താതാ നിൻ
ദിവ്യ വചനം ഞങ്ങളിൽ
സമൃദ്ധിയായ് ദിനംപ്രതി
സൽഫലം കായ്പ്പാൻ അരുൾക.

൧൭൮ **178**

C. M.

൧. കർത്താവേ, നീ ഈ നേരത്തിൽ
എഴുന്നെള്ളേണമേ ;
ഇപ്പോൾ നിന്റെ ആലയത്തിൽ
പ്രകാശിക്കേണമേ.

൨. നിന്റെ വിശുദ്ധ വാക്യത്തെ
നീ കേൾപ്പിക്കേണമേ ;
അതുൾക്കൊൾവാൻ എൻ ഉള്ളത്തെ
നീ തുറക്കേണമേ.

൩. പ്രസംഗിപ്പാൻ നിൻ ദാസന്നു
സഹായിക്കേണമേ ;
നിൻ ആത്മ ദാനം അവന്നു
ഇപ്പോൾ നല്കേണമേ.

൪. ഞങ്ങൾക്കും നിൻ ആത്മാവിനെ
നല്കേണം ദൈവമേ ;
തന്റെ കൃപയാൽ ഈ ദിനേ
ധന്യർ ആക്കേണമേ.

---

**179** ൧൧൯

## L. M.

൧. മാ പരിശുദ്ധാത്മാവിനാൽ
പാപത്തിൻ ബോധം നല്കുക
ഞാൻ എത്ര ദോഷി എന്നിപ്പോൾ
കാണ്മതിന്നു സഹായിക്ക.

൨. നിൻ ദാസർ ശക്തിയോടഹോ
വേദപ്രമാണത്തിൽനിന്നു
നിൻ തിരു ഇഷ്ടം ഘോഷിപ്പാൻ
നീ തുണ നല്കീടേണമേ.

൩. കേൾക്കുന്ന നിൻ വിശുദ്ധമാം
വാക്യങ്ങൾ എൻ ഹൃദയത്തിൽ
സൽഫലം ഉളവാക്കുവാൻ
ഇപ്പോൾ അനുഗ്രഹിക്കുക.

൪. വിശ്വാസമോടെ വന്നു ഞാൻ
യേശുവിനെ ഇന്നുമുതൽ
രക്ഷകനായ് കൈക്കൊള്ളുവാൻ
നിൻ കൃപ തന്നരുളുക.

൫. നിൻ തിരുനാമത്തിൽ ഇഹ
വന്നിരിക്കുന്ന ഞങ്ങളെ
ആശീർവദിച്ചീടേണം നിൻ
ആവിയിനാൽ ഇന്നേരത്തിൽ.

---

## After Sermon

## പ്രസംഗം കഴിഞ്ഞിട്ടു്

**180** ൧൨൦

*'Lord, dismiss us'*

8. 7. 8. 7. 8. 7.

൧. ദൈവമേ, നിൻ സ്നേഹത്തോടെ
ഞങ്ങളെ വിട്ടയക്ക ;
നിന്റെ സമാധാനം തന്നു്
ഇപ്പോൾ അനുഗ്രഹിക്ക ;
യാത്രക്കാരാം
ഞങ്ങളെ തണുപ്പിക്ക.

൨. സുവിശേഷസ്വരത്തിന്നായ്
നീ മഹത്വപ്പെടട്ടെ ;
നിന്റെ രക്ഷയുടെ ഫലം
ഞങ്ങളിൽ വർദ്ധിക്കട്ടെ ;
എന്നെന്നേക്കും
ഞങ്ങളിൽ നീ വസിക്ക.

---

**181** ൧൨൧

## C. M.

൧. കർത്താവേ, നിന്റെ വചനം
നിൻ ഭൃത്യൻ വിതച്ചു,
ഹൃദയമാകും മണ്ണിന്മേൽ
മഞ്ഞു പെയ്യിക്കേണം.

൨. ശത്രുവായവൻ ഹരം വിത്തു
നശിപ്പിക്കരുതേ,
നിൻ നാമത്തിന്നു മാനമായ്
സൽഫലം തരട്ടെ.

൩. ഈ ലോകത്തിൻ വിചാരങ്ങൾ
ഞെരുക്കീടരുതേ,
ശീതോഷ്ണാദികൾ അതിന്നു
കേടു ചെയ്യരുതേ.

൪. ഹൃദയം പാറ ആകുന്നു
എന്നാലും കർത്താവേ,
എൻ പാറയാം ഹൃദയത്തെ
നൽമണ്ണാക്കേണമേ

൫. നിൻ വചനം എല്ലാടത്തും
പ്രസിദ്ധപ്പെടട്ടെ ;
കൈക്കൊൾവാൻ ഹൃദയങ്ങളെ
നീ തുറക്കേണമേ.

---

**182** ൧൨൨

## L. M.

൧. ദൈവമേ, തിരുവചനം
ദിവസവും പഠിപ്പാനായ്
നിന്നാത്മാവിൻ പ്രകാശത്തെ
എന്മേൽ നീ ഉദിപ്പിക്കുക.

൨. വേദത്തിലെ വാക്യങ്ങളെ
ഞാൻ ദിനംതോറും ധ്യാനിച്ചു
നിൻ വിശുദ്ധമാം ഹിതത്തെ
നിത്യമറിവാനരുൾക.

൩. പാവനമാം നിൻമൊഴികൾ
ഞാൻ സ്നേഹിച്ചീടുന്നതിന്നു
വിശുദ്ധാവിയാലെപ്പോഴും
നീ സഹായം ഏകേണമേ.

൪. പാപം ചെയ്തീടാതിരിപ്പാൻ
നിൻ പ്രമാണത്തെ ഹൃദയെ
സംഗ്രഹിപ്പതിന്നെനിക്കു
നിൻ കൃപാവരം നല്കുക.

---

## The Word of God

## ദൈവവചനം

### 183 ൧൱൩

8s. 7s.

൧. ക്രിസ്തുവിൻെറ സുവിശേഷം
ലോകം എല്ലാം ജയിക്കും,
സകല രാജാക്കന്മാരും
അതിനെ പ്രമാണിക്കും.

൨. മരണത്തിൻ ഭീതിയെയും
ആത്മദുഃഖം കൂടെയും
പാപത്തിൻെറ ശക്തിയെയും
താഴ്ത്തി നീക്കിക്കളയും.

൩. രക്ഷിതാവിൻെറ മുമ്പാകെ
ഇപ്പോൾ തന്നേ വരുവിൻ,
നിങ്ങൾ ഒട്ടും ശങ്കിക്കാതെ
ക്രിസ്തുവിനെ വന്ദിപ്പിൻ.

൪. ക്രിസ്തുവിൻെറ സുവിശേഷം
ലോകം എല്ലാം ജയിക്കും,
എന്നു മാത്രം അല്ലതാനും
ക്രിസ്തു വേഗത്തിൽ വരും.

൫. മേഘത്തിൽ തൻ ദൂതരോടും
കൂടെ കാണും അവനെ,
അപ്പോൾ തൻെറ സത്യ ശിഷ്യർ
ഏററവും സന്തോഷിക്കും.

---

### 184 ൧൱൪

8s. 7s.

൧. ദൈവത്തിൻെറ സുവിശേഷം
വില മതിയാത്തതല്ലൊ,
ദിവ്യദാനം അതിശയം
ഗുണം ഏറീട്ടുള്ളതു.

൨. തേനിനെക്കാൾ നല്ല രസം
അതിന്നുണ്ടു നിശ്ചയം.
പുഷ്പ സൌരഭ്യം ഒന്നിന്നും
ഇത്ര ശ്രേഷ്ഠതയില്ല.

൩. മാനുഷ ഹൃദയം മാത്രം
അതിൻ ശക്തി അറിയും
ദുഃഖഭാവം കൂടെ മാറി
സന്തോഷം സംഭവിക്കും.

൪. വിശ്വസിക്കും മാത്ര അതിൽ,
ശാപ മോചനം ലഭ്യം
പാപീ, നിൻെറ കുററം തീൎന്നു
നീ നൽ നീതിമാൻ ആകും.

൫. സുവിശേഷം ഇതു തന്നേ
എൻ ആത്മാവേ, സൂക്ഷിക്ക
ഇതിൽ തന്നേ, ഇതിൽ മാത്രം
നിൻെറ രക്ഷ തേടുക.

---

### 185 ൧൱൫

Tune : '*Pleasant are Thy courts*'

D. 7s.

൧. ദൈവമേ, വിശുദ്ധമാം
നിൻെറ വചനത്തിന്നായ്
നിത്യം നിൻ നാമത്തിന്നു
സ്തോത്രം ചെയ്തീടുന്നു ഞാൻ.
വേദപ്രമാണം തന്നിൽ
ആദരവോടെന്നും ഞാൻ
ധ്യാനിപ്പാൻ ആത്മാവിനെ
ദാനം ചെയ്തിടേണമേ.

൨. വിശുദ്ധ പ്രമാണത്തെ
സ്നേഹിപ്പതിന്നായ് നീ എൻ
ചിത്തത്തെ ദിനംപ്രതി
ശുദ്ധീകരിക്കേണമേ;

നിൻ തിരുവചനം എൻ
സന്തോഷമായ് നാൾതോറും
തേനിലും മധുരമായ്
തീരേണം എനിക്കതു.

൩. ക്രിസ്തുവിൻ വചനവും
ഐശ്വര്യമായ് ജ്ഞാനത്തിൽ
എന്നിൽ വസിപ്പാൻ സദാ
തന്നരുൾക നിൻ വരം;
എൻ വഴികൾ സർവ്വവും
നിൻ വചനപ്രകാരം
ഞാൻ ക്രമപ്പെടുത്തുവാൻ
നിൻ കൃപ നല്കേണമേ.

൪. പാപബോധം താപവും,
പാപ മോചനം അതും,
ദിവ്യ സമാധാനവും,
ആത്മിക സന്തോഷവും,
ദുഃഖത്തിൽ ആശ്വാസവും,
ക്ഷീണതയിൽ ശക്തിയും,
നിൻ മൊഴികൾ മൂലമായ്
നല്കേനിക്കനുദിനം.

൫. ആത്മവാളാകുന്ന ഈ
ദിവ്യവചനത്താൽ ഞാൻ
എന്നരികളെ എല്ലാം
വെന്നീടേണം എന്നുമേ;
നിൻ വാക്യം വിശ്വസിച്ചു
ജീവിച്ചു ദിനംതോറും
ക്രിസ്തുവിൻ സ്വരൂപത്തിൽ
നിത്യം ഞാൻ വളരട്ടെ.

## 186 ഫവ്യന്ന

*Wonderful words of life*

P. M.

൧. യേശുവിൻ തിരു പാദത്തിൽ
ഇരുന്നു കേൾക്ക നാം
തന്റെ വിശുദ്ധ വാക്യത്തിൽ
നമ്മുടെ ജീവനാം
യേശുവിൻ സുവിശേഷം
ദിവ്യമാം ഉപദേശം
കേൾക്കുക നാം, കാക്കുക നാം
ജീവന്റെ വാക്യങ്ങൾ.

൨. ദൈവ വചനം ജീവനും
ശക്തിയും ആകയാൽ
ആത്മരക്ഷയുണ്ടേവനും
ഉള്ളത്തിൽ കൈക്കൊണ്ടാൽ
ആത്മ മരണം മാറും
നീതിയിൽ അവൻ വാഴും— കേ

൩. അന്ധന്നു കാഴ്ച നല്കുവാൻ
വചനം മാർഗ്ഗമാം
സത്യത്തിൽ അതു കാക്കുവാൻ
സ്വർഗ്ഗത്തിൻ ദാനമാം
ഒഴിയാൻ നിത്യ നാശം
കാലിന്നൊരു പ്രകാശം— കേ

൪. സത്യ ദൈവത്തിൻ ഭക്തന്മാർ
വചനം കാക്കയാൽ
സൽപ്രവൃത്തിക്കു ശക്തന്മാർ
ആകുന്നു നാൾക്കുനാൾ;
ദൈവ മുഖപ്രസാദം
നിത്യം അവർക്കാഹ്ലാദം— കേ

൫. ലോകങ്ങൾ അവസാനിക്കും
വാനവും ഇല്ലാതാം,
ദൈവ വാക്കു പ്രമാണിക്കും
ഭക്തനോ നിത്യനാം;
വാട്ടം മാലിന്യം നാശം
ഇല്ലാതോർ അവകാശം— കേ

## 187 ഫവ്യ

*'Holy Bible, book divine'*

7s.

൧. ശുദ്ധ ദിവ്യ ഗ്രന്ഥമേ,
സ്വന്ത നിക്ഷേപം നീ മേ
എന്നുത്ഭവം നീ ചൊല്ലും
എന്നവസ്ഥ ഒക്കെയും.

൨. ഞാൻ തെറ്റുമ്പോൾ ശാസിക്കും
യേശു സ്നേഹം നീ കാട്ടും,
കാലുകൾക്കും നീ ദീപം
ചൊല്ലും ശിക്ഷ ഇല്ലെന്നും.

൩. ആശ്വാസം നീ ദുഃഖത്തിൽ
ആത്മാവാൽ ഗ്രഹിപ്പിക്കും
ജീവ വിശ്വാസാൽ നരൻ
ജീവിക്കും മൃത്യു വെന്നു.

൪. ഭാവികാല മോദവും
ഭാഗ്യവും നീ കാണിക്കും
ശുദ്ധ ദിവ്യ ഗ്രന്ഥമേ,
സ്വന്ത നിക്ഷേപം നീ മേ.

## 188 ൧൮൮

Tune: '*Praise the Lord*'

D. 8s. 7s.

൧. പൊൻ വെള്ളികളെക്കാൾ ഏറ്റം
നിൻ വേദപ്രമാണം എൻ
ഉള്ളത്തിന്നു വിലയേറി (ട്ട്)
ഉള്ളതാകുന്നു നൂനം;
നിൻ മൊഴികൾ എനിക്കെന്നും
മാ മധുരം, അവ എൻ
ധ്യാനം അനുദിനം എന്നെ
ആനന്ദിപ്പിച്ചിടുന്നു.

൨. നിൻ പ്രമാണം നല്ലപോലെ
ഞാൻ പഠിക്കേണ്ടതിന്ന്
കഷ്ടതയിലായിരുന്ന (ത്)
ഏറ്റം ഗുണമെനിക്കു;
തെറ്റിലകപ്പെട്ടുപോയ് ഞാൻ
കഷ്ടത നേരിട്ടും മുൻ
ഇപ്പോഴോ നിൻ വചനത്തെ
ഞാൻ പ്രമാണിക്കുന്നഹോ.

൩. ഖേദം നേരിട്ടപ്പോൾ നിന്റെ
വേദപ്രമാണം എന്റെ
സന്തോഷമായതു മൂലം
ഞാൻ നശിക്കാതിരുന്നു;
ഞാൻ പരദേശിയാപ്പോകും
എൻ ഭവനത്തിൽ നിന്റെ
പൊൻ പ്രമാണങ്ങൾ എന്നും എൻ
ഇമ്പ കീർത്തനമത്രെ.

൪. വേദപ്രമാണം എപ്പോഴും
സ്നേഹിച്ചിടുന്നവർക്കു
ഉണ്ട് മഹാ സമാധാനം
സന്തോഷവും സർവ്വദാ;
നിൻ പ്രമാണത്തെ ദിനവും
ഞാൻ ഗ്രഹിച്ചീടുവാനായ്
നിന്നാവിയിനാൽ എന്നാത്മ
കൺകൾ തുറക്കേണമേ.

## 189 ൧൮൯

'*Thy Word is a lamp*'

P. M.

൧. നിൻ വേദം എൻ കാലിന്നു ദീപമെ
പ്രകാശം അതെൻ വഴിക്കു
നൽ താരക പോൽ നിശയിലുള്ളിൽ
പ്രശാന്തം പകൽ എനിക്കു
ഹാ! നിൻവചനം അത്ഭുതം!
എൻ ആശ എൻ ആശ്രയമാം
എൻ ആത്മാവിൽ ആനന്ദം
നല്കുന്നു
എൻ പാതെ പ്രയോജനമാം

൨. നിൻ വേദം എൻ കാലിന്നു ദീപമെ
എനിക്കു നീ സർവ്വവുമേ
കലാപം എന്താകിലും കർത്തനേ,
സഹായം എനിക്കു നീ താൻ.
—ഹാ! നിൻ

൩. നിൻ വേദം എൻ കാലിന്നു ദീപമെ
നിൻ തേജസ്സിൽ കാണും നിന്നെ
നിൻ വേദം മൂലം വന്ന കൃപസ്സായി
അപ്പോൾ സ്തുതിച്ചീടും നിന്നെ.
—ഹാ! നിൻ

## 190 ൧൯൦

'*Blessed Jesus, at Thy word*'

7. 8. 7. 8 8. 8.

൧. വാഴ്ത്തപ്പെട്ട യേശുവേ!
തിരുവചനത്തെ കേൾപ്പാൻ
വന്ന ഞങ്ങൾ ഹൃദയം
പ്രാപഞ്ചിക ചിന്തയെന്യേ
ഞങ്ങൾ ദിവ്യരായിത്തീരാൻ
ദേവ വാക്കിനുൾപ്പെടുത്തും.

൨. ദേവാത്മാവു ഞങ്ങളിൽ
ഇരുൾ മുറ്റും ദൂരെ ആക്കി
സത്യ വെളിച്ചം ഉള്ളിൽ
ശോഭിപ്പിച്ചു നിൻേറതാക്കി
സൽക്രിയ വർദ്ധിപ്പിച്ചിട്ട്
ഞങ്ങൾ ഉള്ളിൽ നടത്തിക്ക.

൩. മഹിമയിൻ ജ്യോതിസ്സു
തുറക്ക ഹൃദയം ചെവി
നിൻ ആത്മ കൃപയാലെ
നല്ലോണമേ നിൻ ഉതവി
കേട്ടനുഗ്രഹ കേണമേ
സ്തുതിസ്തോത്രം യാചനയെ.

൪. താ പിതാ സുതാത്മനേ!
നിൻ വചന സത്യാശ്വാസം
സ്തുതി സ്തോത്രം എന്നുമേ
ഭവിക്കട്ടെ സർവ്വകാലം
ഇപ്പോൾ ഭൂമിയിൽ അലയും
പിന്നെ സ്വർഗ്ഗത്തിൽ അണയും.

## 191 ഫൻഫ

Tune: '*How I praise Thee*'

D. 8s. 7s.

൧. ദൈവമേ, നിൻ അറിവാലെ
ഹൃദയം നിറെക്കുകേ
ജീവനാം നിൻ കൃപയാലെ
ആത്മ കൺ തുറക്കുകേ
ദൈവജ്ഞാനം ശ്രേഷ്ഠദാനം
ഭക്തൻ സത്യ സമ്പത്തും
വാഞ്ഛിക്കേണം, കെഞ്ചിടേണം
ക്രിസ്തുവിങ്കൽ കണ്ടെത്തും.

൨. ഒരു ബാലൻ തന്റെ പാത
നിർമ്മലമാക്കീടുവാൻ
കരുതേണം നിൻ പ്രമാണം
കാത്തു സൂക്ഷിച്ചീടുവാൻ— ദൈവ

൩. തേടിയോരു ശലോമോനും
ഈ നിക്ഷേപം ദർശനേ
നേടി കർത്തൻ സുപ്രസാദം
കേട്ടു തൻ രഹസ്യത്തെ— ദൈവ

൪. ദൈവ ഭക്തർക്കടിസ്ഥാനം
സത്യത്തിൻ പ്രകാശനം
ജീവശക്തി അതിൻ ദാനം
ഫലം ദിവ്യ സ്വാതന്ത്ര്യം— ദൈവ

൫. നടക്കുമ്പോൾ ഇടറാതെ
ജ്ഞാനം കാൽകൾ സൂക്ഷിക്കും
കിടക്കുമ്പോൾ കൈവിടാതെ
ചുറ്റും കാവൽ നിന്നീടും— ദൈവ

൬. മണ്ണും പൊന്നും നീങ്ങിപ്പോകും
കണ്ണിൻ മോഹം വാട്ടമേ
വിണ്ണിൻ ദാനം ആത്മജ്ഞാനം
നിലനില്ക്കും എന്നുമേ— ദൈ

൭. ദൈവമേ, നിൻ വെളിപ്പാടിൻ
ആത്മാവിനെയും നല്കുകേ
നിൻ പ്രകാശം അവകാശം
ആക്കുവാൻ തന്നരുൾകേ— ദൈ

## Faith വിശ്വാസം

## 192 ഫൻ

Tune: '*Hark! Hark! my sou*

11. 10. 11. 10.

൧

ഭൂലോകമാം വനാന്തരത്തിലൂടെ
നാൾതോറും ഉള്ളെൻ യാത്ര
അതിൽ ഞാ
ക്ഷീണിച്ചു, കാൽ കരം കുഴഞ്ഞു നാവും
താണീടുന്ന സമയം എപ്പോഴും
യേശുവിൻ സ്നേഹമാം മടിയിൽ
ആശ്വസിക്കാം അനുദിനം എനി

൨

എന്നാത്മാവിൻ നാശം ചെയ്തീടുവാനായ്
എന്നും ശ്രമിക്കുന്ന വൈരികളാം
സാത്താനും ലോകം ജഡം എന്നിവരിൻ
കൂർത്ത ശരങ്ങൾ എന്മേൽ ഏല്ക്കുമ്പോ
—യേ

൩

രോഗങ്ങൾ മൂലം ദിനംതോറും എന്റെ
ദേഹത്തിൻ ശക്തി ക്ഷയിക്കുമ്പോഴ
ആശ്രയം സർവ്വം നശിച്ചീടുമ്പോഴും,
ആശ്രിത വത്സലൻ ആകുന്ന എൻ
—യേ

൪

ലോകത്തിൽ സൌഖ്യം ലേശവും ഇല്ലാതെ
ഏകാകിയായ് ഞാൻ ദുഃഖിക്കുമ്പോഴു
മൽ സഖിമാർ കൈവിടുമ്പോഴും എന്നെ
വാത്സല്യത്തോടണച്ചീടുന്ന എൻ
—യേ

## 193 ൧൯൩

Tune : ‘*Showers of blessing*’

P. M.

൧. ദൈവത്തിൻ പൈതലേ നിന്റെ
ജീവിതകാലം അതിൽ
ഓരോരോ ഭാരങ്ങളാലെ
പാരം വലഞ്ഞീടുമ്പോൾ
ചിന്താകുലങ്ങൾ
ചിന്താകുലങ്ങളെല്ലാം
ഇട്ടുകൊൾ യേശുമേൽ
നിൻ പേ (ക്ക്)
ആസ്ഥയുള്ളോനുണ്ടേവൻ.

൨. ലോകത്തിൻ ചിന്തകളാലും
രോഗ പീഡകളാലും
മറ്റു പ്രയാസങ്ങളാലും
മുറ്റും തളർന്നീടുമ്പോൾ— ചിന്താ

൩. കർത്താവിന്നിഷ്ടമാംവണ്ണം
നിത്യം ജീവിച്ചീടുവാൻ
നിൻ പ്രയത്നങ്ങൾ എപ്പോഴും
നിഷ്ഫലമായ്വരുമ്പോൾ— ചിന്താ

൪. ദൈവം നിന്നെ നടത്തുന്ന
നിൻ വഴിയിൽ മുഴുവൻ
അന്ധകാരം വരുമ്പോഴും
അന്തരംഗത്തിലെ നിൻ— ചിന്താ

൫. നിന്നുടെ പേർക്കിഹ ലോകെ
വന്നു മരിച്ചവനാം
യേശുവിൻ വാക്കുകളെ നീ
വിശ്വസിച്ചു സതതം— ചിന്താ

## 194 ൧൯൪

Tune : ‘*Pray, always pray*’

10s.

൧. അതിമഹത്തായ് വില ഏറിയ
വാഗ്ദത്തങ്ങൾ ദൈവം നല്കീടുന്നു.

൨. വാഗ്ദത്തം ചെയ്തോൻ വിശ്വസ്തനത്രേ
വാഗ്ദത്തം നിവർത്തിപ്പാൻ ശക്തൻ–
താൻ.

൩. വിശ്വാസത്താൽ ദീർഘക്ഷമയാലും
വാഗ്ദത്തങ്ങൾ അനുഭവിക്കുന്നു.

൪. വിശ്വാസം പോൽ ഭവിക്കും സർവ്വവും
വിശ്വാസം ദൈവ മഹത്വം കാണും.

൫. കേൾവിമൂലം വിശ്വാസമുളവാം
ക്രിസ്തുവിൻ വാക്കുകളാൽ കേൾവിയും.

൬. കർത്താവേ, നിൻ വചനം ഗ്രഹിപ്പാൻ
ബുദ്ധിയെ തുറക്ക നിൻ ആത്മാവാൽ.

## 195 ൧൯൫

L. M.

൧. ആത്മാവിൽ നിന്നു ജനിച്ച
ദൈവത്തിൻ പൈതലേ, നിന്റെ
ലോക ജീവിതത്തിൽ എന്നും
എൻ കൃപ മതി നിനക്കു.

൨. നിൻ സ്വയത്തെ നിഷേധിക്ക
എൻ ശക്തി പ്രവർത്തിച്ചീടാൻ
നിങ്കൽ തടസ്ഥം എന്നിയെ
എൻ കൃപ മതി നിനക്കു.

൩. നിന്നെ ഏല്പിക്ക എനിക്കു
എന്നെ മുഴുവൻ തരുന്നു
നിൻ പേർക്കായ് ക്ഷണംപ്രതി ഞാൻ
എൻ കൃപ മതി നിനക്കു.

൪. നിൻ കണ്ണുകൾ എന്നേരവും
എങ്കൽ പതിച്ചുകൊൾക നീ
നിൻ ദിവസങ്ങൾ പോൽ ബലം
എൻ കൃപ മതി നിനക്കു.

൫. പരീക്ഷ ഭവിച്ചീടുമ്പോൾ
പോക്കുവഴി ഉണ്ടാകുമെ
സങ്കേതം പ്രാപിക്കെന്നിൽ നീ
എൻ കൃപ മതി നിനക്കു.

൬. എൻ നീതിമാൻ വിശ്വാസത്താൽ
എന്നും ജീവിക്കും അതിനാൽ
കൈക്കൊൾക എൻ വാഗ്ദത്തങ്ങൾ
എൻ കൃപ മതി നിനക്കു.

## 196 ൧൯൬

Tune : '*Jesu, the very thought of Thee*'

C. M.

൧. യേശു നാഥാ നിൻ മുഖം കാ(ണ്മ)
അതിന്നെത്ര കാലം
ആശയോടിരിക്കുന്നു ഞാൻ
ആശു വരേണം നീ.

൨. ലോകം ധനം ചിററിൻപങ്ങൾ
എന്നിവയാൽ പലർ
മോഹിക്കുന്നു ഭാഗ്യ സിദ്ധി
പ്രാപിപ്പതിന്നായി.

൩. എന്നുള്ളിലോ നിന്നുടെ മാ
സ്നേഹം ഒന്നു മാത്രം
എന്നും നില്ക്കും സൌഭാഗ്യത്തെ
നന്നായ് വളർത്തുന്നു.

൪. രാത്രികാലങ്ങളിൽ ഞാനോ
നിദ്രഹീനനായാൽ
കർത്തനുടെ ചിന്തയെന്നി (ക്കു്)
എത്ര മോദം നല്കും.

൫. രോഗശയ്യയിലുമെന്റെ
നാഥൻ നല്കും കൃപ
ലോകത്തിലുള്ളാവശ്യങ്ങൾ
ആകെ തീർപ്പാൻ പോരും.

൬. ആണിപ്പാടുള്ള കൈകൾ നീ
കാണിച്ചു ശിഷ്യരെ
ക്ഷീണനാമെനിക്കും അവ
കാണുവാൻ തുണെക്ക.

൭. സ്നേഹം തൂകും നിൻ കണ്ണുകൾ
കേഫാവെ തിരിച്ചു
മഹാ ദോഷിയാം എന്നെയും
കാക്കേണം തൃക്കണ്ണാൽ.

൮. കാഴ്ചയാലുള്ളാനന്ദം ഈ
ഭൂമൌ വേണ്ടെന്നു നിൻ
തീർച്ചയാൽ എനിക്കും മതി
കാഴ്ചയായ് വിശ്വാസം.

൯. വിശ്വാസാൽ നിന്നെ കാണ്മും
നിൻ നാമം കേട്ടല്ലോ (ർ)
ആശ്വാസം ലഭിപ്പുതും ഈ
ദാസന്നത്യാനന്ദം.

## 197 ൧൯൭

Tune: '*Once to every man*'

D. 8s. 7s.

൧. സത്യവാനാം ദൈവത്തിന്റെ
വിശുദ്ധ വാക്യത്തിൽ താൻ
മക്കൾക്കായുണ്ടനവധി
മഹത്താം വാഗ്ദത്തങ്ങൾ;
വാഗ്ദത്തം ചെയ്തവൻ ഇന്നും
ഇന്നലെയും എന്നുമെ
വിശ്വസ്തൻ, തൻ വചനത്തെ
വിശ്വസിക്കാം നമുക്കു.

൨. ദൈവത്തിൻ വാഗ്ദത്തം നോക്കി
അവിശ്വാസമതിനാൽ
സംശയിക്കാതെ സതതം
വിശ്വാസത്തിൽ ശക്തനായ്
താൻ വാഗ്ദാനത്തെ എപ്പോഴും
നിവൃത്തിപ്പതിനവൻ
ശക്തൻ എന്നാശയ്ക്കെതിരായ്
വിശ്വസിക്കാശയോടെ.

൩. ജീവൻ ഏകുന്നതാം ദൈവ
ആവിയിൻ വാക്യങ്ങളെ
നിൻ ഹൃദയത്തിൽ എപ്പോഴും
സംഗ്രഹിച്ചുകൊൾക നീ;
ദൈവ സംസർഗ്ഗത്തിൽ എന്നും
ജീവിക്കുന്നവർക്കു തൻ
വാഗ്ദത്തങ്ങൾ സകലവും
വിശ്വാസ യോഗ്യം അത്രെ.

൪. വിശ്വസിക്കുന്നവർക്കെന്നും
സർവ്വവും സാദ്ധ്യം ആകും,
ഇടിക്കും കോട്ടകൾ അവർ
കെടുക്കും അഗ്നി ബലം,
ക്ഷീണതയിൽ ശക്തർ ആകും
വീരന്മാരാം യുദ്ധത്തിൽ,
പിടിക്കും രാജ്യങ്ങളെ, കീ(ഴ്)
അടക്കും ലോകത്തെയും.

## 198 ൧൯൮

Tune : '*Safe in the arms of Jesus*'

7s. 6s.

൧. ഒന്നും ഭയപ്പെടേണ്ടാ
നീ വിശ്വസിക്കെന്നിൽ
ഓരോ നിമിഷവും നിൻ
ആയുസ്സിൻ കാലത്തിൽ ;
ഞാൻ ചെയ്തീടുന്നതു നീ
അറിഞ്ഞീടായ്കിലും
നിന്നരികിൽ വരുവാൻ
ഞാൻ താമസിക്കിലും
ഒന്നും ഭയപ്പെടേണ്ടാ
നീ വിശ്വസിക്കെന്നിൽ
ഓരോ നിമിഷവും നിൻ
ആയുസ്സിൻ കാലത്തിൽ.

൨. ലോകാന്ധകാരത്തൂടെ
നീ സഞ്ചരിക്കെ നിൻ
കാൽ വഴുതിടാ നിന്റെ
നിത്യപ്രകാശം ഞാൻ,
വെള്ളങ്ങളിൽ കൂടെ നീ
പോകുന്ന നേരത്തിൽ
പ്രളയങ്ങൾ നിന്മീതെ
കവിഞ്ഞൊഴുകുമ്പോൾ— ഒന്നും

൩. ആകാശവും ഭൂമിയും
ഒഴിഞ്ഞുപോകിലും
എൻ വാക്കുകൾ ഒഴിഞ്ഞു
പോകാ ഒരുനാളും.
ഞാൻ ഇന്നലെയും ഇന്നും
എന്നേക്കും ഞാൻ തന്നേ
കൈവിടുകയില്ലാ ഞാൻ
ഒരിക്കലും നിന്നെ— ഒന്നും

## 199 ൧൯൯

'*My hope is built on nothing less*'

Six 8s.

൧. എൻ ആശ യേശുവിൽ തന്നേ
തൻ നീതി രക്തത്തിൽ മാത്രം
ഞാൻ നമ്പൊല്ലാ മറ്റൊന്നിനെ
എൻ യേശു മാത്രം ശരണം,
പാറയാം ക്രിസ്തുന്മേൽ നില്പേൻ
വെറ്റം മണൽ മറവുള്ളേടം.

൨. കാർമേഘങ്ങൾ അന്ധകാരം
മറയ്ക്കുമ്പോൾ തിരുമുഖം
മാറാത്തതാം തൻ കൃപയിൽ
ഉറപ്പോടെൻ ആശ്രയമെ— പാറ

൩. കല്ലോല ജാലം പൊങ്ങട്ടെ,
നല്ലാശ എന്ന നങ്കൂരം
ഇട്ടിട്ടുണ്ടു മറയ്ക്കുള്ളിൽ
ഒട്ടും ഭയപ്പെടുന്നില്ല— പാറ

൪. തൻ രക്തം വാക്കടമ്പടി
എൻ താങ്ങായുണ്ടു പ്രളയെ
എന്നാത്മനും താനെ തുണ,
അന്യാശ്രയങ്ങൾ പോയാലും—പാറ

൫. കാഹളത്തോടെ താൻ വന്നു
സിംഹാസനത്തിൽ ഇരിക്കെ
തൻ നീതി മാത്രം ധരിച്ചു
മുൻ നില്ക്കും ഞാൻ കുററം എന്ന്യേ—
പാറ

## 200 ൨൦൦

'*Nearer, my God, to Thee*'

6. 4 6. 4. 6. 6. 6. 4.

൧. നിന്നോടെൻ ദൈവമേ !
ഞാൻ ചേരട്ടെ
നിൻ ക്രൂശു ഞാൻ വഹി(ക്ക്)
എന്നാലുമേ,
എൻ ഗീതം എന്നുമേ,
നിന്നോടെൻ ദൈവമേ !
നിന്നോടെൻ ദൈവമേ !
ഞാൻ ചേരട്ടെ.

൨. ദാസൻ യാക്കോബെപ്പോൽ
രാ കാലത്തിൽ,
വങ്കാട്ടിൽ കല്ലിന്മേൽ
ഉറങ്ങുകിൽ,
എൻ സ്വപ്നത്തിലുമേ,
നിന്നോടെൻ ദൈവമേ !
നിന്നോടെൻ ദൈവമേ !
ഞാൻ ചേരട്ടെ.

൩ നീ എന്നെ നടത്തും
പാത എല്ലാം
വിൺ എത്തും ഏണിപോൽ
പ്രകാശമാം

ദൂതർ വിളിക്കുന്നു!
നിന്നോടെൻ ദൈവമേ!
നിന്നോടെൻ ദൈവമേ!
ഞാൻ ചേരട്ടെ.

൪. ഉണൎന്നു ഞാൻ നിന്നെ
സ്തുതിച്ചീട്ടു
കൽതലയിണയെ
ബെഥേലാക്കും
എൻ ദുഃഖത്താലുമേ,
നിന്നോടെൻ ദൈവമേ!
നിന്നോടെൻ ദൈവമേ!
ഞാൻ ചേൎന്നിടും.

൫. ആകാശമാൎഗ്ഗമായ്
മഹോന്നതേ
പറന്നുപോകിലും
സന്തോഷമേ
എൻ ഗീതമെന്നുമേ
നിന്നോടെൻ ദൈവമേ!
നിന്നോടെൻ ദൈവമേ!
ഞാൻ ചേൎന്നിടും.

## 201 ൨൦൧

*'God moves in a mysterious way'*

C. M.

൧. ദൈവം തൻ മൎമ്മമോരോന്നും
വിസ്മയമായ് ചെയ്യും
കടൽമേൽ താൻ നടന്നീട്ടും
കാറ്റും തൻ വാഹനം.

൨. അന്യൂന ദിവ്യ പ്രാപ്തിയാം
ആഴമേറും കൂപം
തന്നിൽ സംഗ്രഹമാമിച്ഛ
ശോഭിച്ചിടുന്നേററം.

൩. ശുദ്ധരേ, പ്രാപിപ്പിൻ ധൈൎയ്യം
ഭയം തോന്നും മേഘം
ചൊരിഞ്ഞീടും ആശീൎവ്വാദം
അസംഖ്യമാം വിധം

൪. മന്ദബുദ്ധിയാൽ ദൈവത്തെ
വിധി ചെയ്യാതെ നാം,
തൻ കൃപയിൽ ആശ്രയത്തെ
ചാരി വണങ്ങിടാം.

൫. ദിവ്യ വിചാരണ ആദ്യാ
തോന്നിടാം മറവായ്,
ശോഭിച്ചീട്ടും തിരുമുഖം
പിന്നെ പ്രസന്നമായ്.

൬. ദിവ്യമാം തൻ സദുദ്ദേശം
വികാശമായ് വരും
മൊട്ടു കൈപ്പെന്നിരുന്നാലും
പുഷ്പം ഹാ! മധുരം.

൭. അന്ധ വിശ്വാസം, പിഴ താൻ
തൻ ക്രിയ ഗ്രഹിക്കാ
സ്പഷ്ടമാക്കീട്ടും ദൈവം താൻ
വെളിവുടൻ നല്കും.

## 202 ൨൦൨

*'Like a river glorious'*

11s.

൧

ക്രിസ്തുവിൻെറ ദാനം എത്ര മധുരം
പൂൎണ്ണസമാധാനം പൂൎണ്ണ ആനന്ദം
എത്രയോ വിസ്താരം ഉദ്ഗ്ലോർ നദിപോൽ
അളക്കാമോ ആഴം ഇല്ലൊരളവ്
എൻെറ അടിസ്ഥാനം ക്രിസ്തുയേശുവിൽ
പൂൎണ്ണസമാധാനം ഉണ്ട് നിശ്ചയം.

൨

പണ്ടേ എൻെറ പാപം മനസ്സാക്ഷിയെ
കുത്തി ഈ വിലാപം തീൎന്നതെങ്ങിനെ
എൻവിശ്വാസകൺകൾനോക്കി ക്രൂശിന്മേൽ
എല്ലാം തീൎത്തു തന്നു എൻ ഇമ്മാനുവേൽ—
എൻെറ

൩

കൎത്തനുള്ളംകയ്യിൽ മറഞ്ഞിരിക്കെ
പേയിൻസൂത്രം എന്നിൽ എല്ലാം വെറുതെ
തീൎത്ത ആയുധങ്ങൾ എല്ലാം തകരും
ഇല്ല ചഞ്ചലങ്ങൾ ധൈൎയ്യമോ പാരം—
എൻെറ

൪

ഭയം സംശയങ്ങൾ തീരെ നീക്കുവാൻ
എത്ര വാഗ്ദത്തങ്ങൾ തന്നിട്ടുണ്ടു താൻ
അതിൽ ഒരു വള്ളി ഇല്ലാതാകുമോ
ചോകയില്ലൊർ പുള്ളി അവിശ്വാസംപോം
—എൻെറ

൫

ബുദ്ധിമുട്ടു കഷ്ടം വളരെ വന്നാൽ
എനിക്കെന്തു നഷ്ടം ഞാൻ കർത്താവിന്നാൾ
അവൻ എന്റെ സ്വന്തം തന്റെ രാജ്യവും
എനിക്കുള്ള അംശം അതാരെടുക്കും—എന്റെ

## 203 ൨൦൩

L. M.

൧. യഹോവാ എന്റെ ഇടയൻ
താൻ എന്നെ നന്നായ് മേയിക്കും,
ആശ്വാസ നദിക്കരികെ
എപ്പോഴും എന്നെ നടത്തും.

൨. താൻ തന്റെ നാമം നിമിത്തം
ആത്മാവിനെ തണുപ്പിക്കും,
എൻ ശത്രുക്കൾക്കു മുമ്പിലും
എനിക്കു മേശ ഒരുക്കും.

൩. ഞാൻ മൃത്യുവിന്റെ നിഴലിൽ
പ്രവേശിക്കേണം നിശ്ചയം,
എന്നാലും ഭയമില്ലല്ലൊ.
യഹോവാ എന്നെ രക്ഷിക്കും.

൪. ഈ ലോകത്തിൽ ഞാൻ പാർക്കുമ്പോൾ
കാരുണ്യ നന്മ കൃപയും,
എന്നെ പിന്തുടരും: പിന്നെ
ഞാൻ എന്നും സ്വർഗ്ഗത്തിൽ വാഴും.

## 204 ൨൦൪

*'Thine for ever, God of love'*

7s.

൧ നിന്റേതെന്നും; ദൈവമേ,
മേൽനിന്നടിയാരെ കേൾ,
നിന്റേതാക്കു ഞങ്ങളെ
ഇഹ പരങ്ങളിലും.

൨. നിന്റേതെന്നും; കർത്തനേ,
[illegible]മൌ ചോരിൽ കാക്കുക,
വഴി സത്യം ജീവനേ,
നിത്യപ്രകാശേ ആക്കു.

൩. നിന്റേതെന്നും; ഹാ ഭാഗ്യം
നിന്നിൽ ആശ്രയിപ്പോർക്കു
രക്ഷിതാവേ, സ്നേഹിതാ,
അന്ത്യത്തോളം പാലിക്ക.

൪. നിന്റേതെന്നും; രക്ഷകാ,
സൂക്ഷിക്കി ആട്ടിൻകൂട്ടം
നിൻ കാവൽ അത്രേ രക്ഷ
താ നിൻ നന്മയിൻ പങ്കു.

൫. നിന്റേതെന്നും; നടത്തു
മുട്ടുകൾ നീ തീർത്തിട്ടു
പാപം എല്ലാം പൊറുത്തു
ഞങ്ങളെ മോക്ഷത്തിന്നു.

## 205 ൨൦൫

*'Through the love of God our Saviour'*

8 4. 8 4. 8 8 8 4.

൧. രക്ഷകന്റെ ദിവ്യ സ്നേഹാൽ
സർവ്വം ശുഭം,
ദാനം സ്ഥിരം തന്റെ അൻപു്
സർവ്വം ശുഭം;
സൌഖ്യം തന്ന രക്തം ശ്രേഷ്ഠം
മുദ്രയിട്ട കൃപ പൂർണ്ണം
രക്ഷിച്ച തൃക്കൈകൾ ബലം
സർവ്വം ശുഭം.

൨. ഉണ്ടാകട്ടെ മാ സങ്കടം
സർവ്വം ശുഭം,
നമുക്കുള്ള രക്ഷ പൂർണ്ണം
സർവ്വം ശുഭം;
ഭാഗ്യം ദൈവത്തിൽ വിശ്വാസം
ഫലപ്രദം ക്രിസ്തൌ വാസം
ശുദ്ധം ആത്മാവിൻ ആവാസം
സർവ്വം ശുഭം.

൩. നാളെ ശുദ്ധനാളെന്നാശ
സർവ്വം ശുഭം.
പാടും വിശ്വാസം ദുർദ്ദിനെ
സർവ്വം ശുഭം;
പിതൃസ്നേഹം നമ്പി നിന്നാൽ
യേശു സർവ്വാവശ്യം തീർത്താൽ
ജീവനോ മൃത്യുവോ ആയാൽ
സർവ്വം ശുഭം.

## 206 ൨൦൬

*'Nothing but the blood of Jesus'*

7. 8. 7. 8.

൧. പാപകടം തീൎക്കുവാൻ
യേശുവിന്റെ രക്തം മാത്രം.
പാപബന്ധം അഴിപ്പാൻ
യേശുവിൻ രക്തം മാത്രം
ശ്രീ യേശുക്രിസ്തുവേ,
ദൈവത്തിന്റെ കുഞ്ഞാടേ,
രക്ഷിക്കുന്ന പാപിയെ
നിന്റെ തിരുരക്തം മാത്രം.

൨. വീണ്ടെടുപ്പിൻ വിലയായ്—യേശു—
പുണ്യമില്ലാ പാപിക്കായ്—യേശു—

൩. ദൈവത്തോടു നിരപ്പും— യേശു—
വേറെയില്ല യോജിപ്പും— യേശു—

൪. സാത്താനെ ആർ ജയിക്കും? യേശു—
തീ അമ്പിനെ കെടുത്തും— യേശു—

൫. ശാപത്തെ നീക്കിയതു— യേശു—
നരകത്തെ തകൎത്തു— യേശു—

൬. പുത്രത്വത്തിൻ ആധാരം— യേശു—
ആത്മാവിന്റെ പ്രകാശം— യേശു—

൭. വാനം ആത്മ ജീവനിൽ— യേശു—
സ്ഥാനംതരും സ്വൎഗ്ഗത്തിൽ—യേശു—

൮. എന്തു ഞാൻ പ്രശംസിക്കും—യേശു—
ഇന്നു, സ്വൎഗ്ഗത്തോളവും— യേശു—

---

## 207 ൨൦൭

*'The Church's one foundation'*

7s. 6s.

൧. സഭയ്ക്കേകാടിസ്ഥാനം
തൻ കാന്തനാം ക്രിസ്തു
വെള്ളം വചനം മൂലം
അവൾ പുതു സൃഷ്ടി
അവളെ വേൾക്കാൻ വാനം
വെടിഞ്ഞു താൻ തേടി
തൻ രക്തം ചൊരിഞ്ഞതാൽ
ജീവൻ അവൾ നേടി.

൨. നാനാ ജാതിക്കാരെന്നാൽ
ഒന്നവർ ഈ ഭൂമൌ
നീട്ടൊന്നത്രെ രക്ഷയ്ക്കു
കൎത്തൻ വിശ്വാസവും,
ജനനം, സ്തുതി ഒന്നു
വിശുദ്ധ ഭോജനം
ഏകാശ അവർ ലാക്കു
കൃപയാൽ നിറഞ്ഞു.

൩. ലോകൎക്കാശ്ചൎയ്യം, നിന്ദ,
പീഡ, ഞെരുക്കവും
ശിശ്മാ, ഇടൎച്ചയാലും
ഭിന്നിച്ചും കാങ്കയാൽ
ശുദ്ധർ നോക്കി കരയും
'എത്രനാൾക്കീവിധം!
വേഗം വ്യാകുലം മാറും
വരും നിത്യാനന്ദം.'

൪. പോരാട്ടം സങ്കടങ്ങൾ
പ്രയത്നം ഇരിക്കെ
വാഞ്ഛിക്കുന്നുണ്ടീ സഭ
പൂൎണ്ണ ശാന്തതയെ;
കാത്തിരിക്കും മഹത്വം
ദൎശിക്കും നാൾ വരെ
ജയം കൊള്ളും മാ സഭ
ആശ്വസിക്കുംവരെ.

൫. ഭൂവിൽ ത്രിയേകനോടു
സംസൎഗ്ഗം സഭയ്ക്കു
ജയിച്ച ശുദ്ധരോടു
രഹസ്യ കൂട്ടായ്മ;
ഹാ ശുദ്ധർ, ഭാഗ്യവാന്മാർ
ഞങ്ങളും അവർ പോൽ
സ്വൎഗ്ഗേ താഴ്മയായ്‌വാസം
ചെയ്‌വാൻ അരുൾ കൎത്താ.

---

## 208 ൨൦൮

*'There is a fountain'*

C. M.

൧. ഇമ്മാനുവേൽ തൻ ചങ്കതിൽ
നിന്നൊഴുകും രക്തം
പാപക്കറ നീക്കും അതിൽ
മുങ്ങി തീൎന്നാൽ ആരും.

എൻ പേൎക്കു മരിച്ചെന്നു
ഞാൻ വിശ്വസിക്കുന്നു
പാപം എന്നിൽനിന്നു നീക്കാൻ
രക്തം ചിന്തി യേശു.

൨. കള്ളൻ ക്രൂശിന്നുറവയിൽ
കണ്ടു പാപശാന്തി
അവനെ പോൽ ഞാനും നോക്കി
കണ്ടേൻ പ്രതിശാന്തി— എൻ

൩. കുഞ്ഞാട്ടിൻ വില ഏറിയ
രുധിരത്തിൻ ശക്തി
വീണ്ടുകൊള്ളും ദൈവസഭ
ആകെ വിശേഷമായ്— എൻ

൪. നിൻ മുറിവിൻ രക്ത നദി
ഞാൻ കണ്ടതിനുശേഷം
വീണ്ടെടുപ്പിൻ സ്നേഹം ഏറി
ചിന്ത ഇന്നും എന്നും— എൻ

൫. വിക്കുള്ളതാം എന്റെ നാവു
ശവക്കുഴിക്കുള്ളിൽ
മൌനം ആയാൽ എൻ ആത്മാവു
പാടും ഉന്നതത്തിൽ— എൻ

## 209 ൨൦൯

'*O God, our help in ages past*'

C. M.

൧. ഇന്നേയോളം തുണച്ചോനേ,
ഇനിയും തുണെക്ക;
ഇഹ ദുഃഖെ രക്ഷയും നീ
ഈയെൻ നിത്യ ഗൃഹം.

൨. നിൻ സിംഹാസന നിഴലിൽ
നിൻ ശുദ്ധർ പാൎക്കുന്നു,
നിൻ ഭുജം മതി അവൎക്കു
നിൎഭയം വസിപ്പാൻ.

൩. പൎവ്വതങ്ങൾ നട്ടും മുമ്പെ
പണ്ടു, ഭൂമിയെക്കാൾ
പരനേ നീ അനാദിയായ്
പാൎക്കുന്നല്ലോ സദാ.

൪. ആയിരം വൎഷം നിനക്കു
ആകുന്നിന്നലെ പോൽ;
ആദിത്യോദയ മുമ്പിലെ
അല്പയാമം പോലെ.

൫. നിത്യനദിപോലെ കാലം
നിത്യം തൻ മക്കളെ
നിത്യത്വം പൂകിപ്പിക്കുന്നു
നിദ്രപോലെയത്രെ.

൬. ഇന്നേയോളം തുണച്ചോനേ,
ഇനിയും തുണെക്ക;
ഇഹം വിട്ടു പിരിയുമ്പോൾ
ഈയെൻ നിത്യഗൃഹം.

## 210 ൨൧൦

Tune : '*O weary heart there is*'

L. M.

൧. എൻ ആത്മാവേ, നീ ദുഃഖത്താൽ
വിഷാദിക്കുന്നതെന്തിന്നായ്?
വന്നീടും വീണ്ടെടുപ്പിൻ നാൾ
കാത്തീടുക കൎത്താവിന്നായ്
നീ കാത്തിരിക്ക കൎത്താവിന്നായ്
നീ കാത്തിരിക്ക കൎത്താവിന്നായ്
കൎത്താവിന്നായ് എപ്പോഴും കാത്തി
[രിക്ക.

൨. നിൻ സ്നേഹപ്രയത്നമെല്ലാം
വൃഥാവിൽ എന്നു തോന്നിയാൽ
നീ ഓൎത്തുകൊൾ തൻ വാഗ്ദത്തം
കണ്ടിടും നീയും കൊയ്ത്തിൻ നാൾ
—നീ കാത്തി

൩. കൎത്താവോടകന്നോടിയാൽ
നിൻ ഓട്ടം എല്ലാം ആലസ്യം
തന്നോടുകൂടെ നടന്നാൽ
എല്ലാ അദ്ധ്വാനം മാധുൎയ്യം— നീ കാ

൪. നിൻ കണ്ണുനീരിൻ പ്രാൎത്ഥന
താൻ കേൾക്കാതിരിക്കുന്നുവോ?
വിശ്വാസത്തിന്റെ ശോധന
ഇതെന്നു മറന്നുപോയോ? — നീ കാ

൫. നീ സ്നേഹിക്കുന്നനേകരും
കൎത്താവിൽ ഉറങ്ങിടുമ്പോൾ
ഉയിൎക്കും അവരേവരും
എന്നോൎത്തു ആശ്വസിച്ചുകൊൾ—നീ

൬. നിൻ ഭക്തിയിങ്കൽ ക്ഷീണിപ്പാൻ
പരീക്ഷ പെരുകുന്നുണ്ടോ?
നിൻ ശക്തി ആവൎത്തിക്കുവാൻ
ദിവ്യവഴിയൊന്നുണ്ടല്ലോ — നീ കാത്തി

൭. വീണ്ടിട്ടും നല്ല വീരന്മാർ
യുവാക്കളും വിലപിക്കും
കർത്താവെ കാത്തീടുന്നവർ
തൻ നിത്യ ശക്തി പ്രാപിക്കും—നീ കാ

### Love സ്നേഹം

## 211 വ൧൧

*'Tell me the old, old story'*

7s. 6s.

൧. യേശുവിൻ ദിവ്യ സ്നേഹം
എന്നോടു വർണ്ണിക്ക,
തൻ ജീവനെ എൻ വേക്കായ്
വെച്ച വൃത്താന്തവും;
ആയതെനിക്കെപ്പോഴും
ആനന്ദം നല്കുന്നു
തൻ സ്നേഹ കൊടിക്കീഴിൽ
വസിക്കും ഞാൻ എന്നും
യേശുവിൻ ദിവ്യസ്നേഹം
എന്നോടു വർണ്ണിക്ക.

൨. യേശുവിൻ ദിവ്യ സ്നേഹം
എന്നോടു വർണ്ണിക്ക.
എൻ ഹൃദയത്തെ അതു
കവർന്നിരിക്കുന്നു;
ചിന്തിക്കുംതോറും ഏററം
മാധുര്യമാം അതു
ഇപ്പിധമാം സന്തോഷം
ഉർവ്വിയിൽ ഇല്ലെങ്ങും.
യേശുവിൻ—

൩. യേശുവിൻ ദിവ്യ സ്നേഹം
എന്നോടു വർണ്ണിക്ക,
അറിവിനെ കവിയും
ആ സ്നേഹത്തിൻ നീളം
വീതി ഉയരം ആഴം
എന്തെന്നു ഗ്രഹിപ്പാൻ
നിത്യതയിങ്കലും ഞാൻ
ശക്തനായ്തീരുമോ?
യേശുവിൻ—

൪. യേശുവിൻ ദിവ്യ സ്നേഹം
എന്നോടു വർണ്ണിക്ക,
നിർബ്ബന്ധിക്കുന്നതെന്നെ
ശുദ്ധിയിൽ ജീവിപ്പാൻ;
ഠരം സ്നേഹം ദിനം തോറും
എൻ സോദരരോടു
കാണിപ്പാൻ നിന്റെ കൃപ
നല്കണം ദൈവമേ.
യേശുവിൻ—

൫. യേശുവിൻ ദിവ്യ സ്നേഹം
എന്നോടു വർണ്ണിക്ക,
ഭൂവിൽ അതെന്നാശ്വാസം
ജീവിക്കും നാളെല്ലാം:
ആകർഷിച്ചീടുന്നെന്നെ
തങ്കലേക്കെപ്പോഴും,
വേഗം ഞാൻ ചേരും തന്റെ
ഭാഗ്യ സന്നിധിയിൽ.
യേശുവിൻ—

## 212 വ൧വ

7s.

൧. ലോകരെ രക്ഷിപ്പാനായ്
ഏകജാതനെ ഇഹ
മൃത്യുവിന്നു നല്കിയ
'ദൈവം സ്നേഹം ആകുന്നു.'

൨. പുത്രനിൽ വിശ്വസിക്കും
മർത്യരെ ശുദ്ധം ആക്കാൻ
പാവനാവിയെ തരും
'ദൈവം സ്നേഹം ആകുന്നു.'

൩. ശത്രു രക്ഷണത്തിന്നായ്
പുത്രനെ മൃത്യുവിന്നു
ദാനംചെയ്തു താതനാം
'ദൈവം സ്നേഹം ആകുന്നു.'

൪. തന്നെ നാം സ്നേഹിച്ചതിൻ
മുമ്പിൽ നമ്മെ നിത്യമായ്
സ്നേഹിച്ച കൃപാലുവാം
'ദൈവം സ്നേഹം ആകുന്നു.'

൫. മർത്യരാം പുഴുക്കൾ നാം
അത്യുന്നത പുത്രന്മാർ
ആവാൻ കൃപ നല്കിയ
'ദൈവം സ്നേഹം ആകുന്നു.'

൬. നന്ദികെട്ടോരാം നമ്മെ
നന്മകളാൽ നിറച്ചു
സർവ്വനാളും കാക്കുന്ന
'ദൈവം സ്നേഹം ആകുന്നു.'

൭. പാദത്തിങ്കൽ വന്നൊരു
പാപിയെന്നെ മോചിച്ചു
ജീവൻ നല്കി പാലിക്കും
'ദൈവം സ്നേഹം ആകുന്നു.'

൮. ഇവ്വിധം ദിവ്യ സ്നേഹം
ഭുവിൽ ആൎക്കും നാവിനാൽ
ചൊൽവതിന്നാവതില്ല
'ദൈവം സ്നേഹം ആകുന്നു.'

## 213 ൨൧൩

### L. M.

൧. സ്നേഹം ആകുന്ന പിതാവേ,
സ്നേഹം ആകുന്ന പുത്രനേ,
സ്നേഹമാം വിശുദ്ധാത്മാവേ,
സ്നേഹം എനിക്കു നല്കുക.

൨. പൂൎണ്ണ ഹൃദയത്തോടും എൻ
പൂൎണ്ണമനസ്സാത്മാവോടും
പൂൎണ്ണ ശക്തിയോടും എന്നും
നിന്നെ ഞാൻ സ്നേഹിക്കേണമേ.

൩. യേശു എന്നെ സ്നേഹിച്ചപോൽ
എൻ സഹോദരരെ ഞാനും
സ്നേഹിച്ചിട്ടവാൻ കൎത്തനേ,
സൎവ്വദാ കൃപ നല്കുക.

൪. ശത്രുക്കളെ സ്നേഹിച്ചു ഞാൻ
മിത്രങ്ങളെ പോൽ അവൎക്കു
സന്തതം നന്മ ചെയ്വാൻ നിൻ
ചിന്ത നല്കേണം എനിക്കു.

൫. ദൂഷണം പറയാതെയും
ദോഷം കണക്കിടാതെയും
സൎവ്വവും പൊറുപ്പാൻ ദിവ്യ-
സ്നേഹം എനിക്കു പകരുക.

൬. നാവിനാൽ അല്ല സ്നേഹം എൻ
ജീവിതത്തിൽ വിളങ്ങുവാൻ
സന്തതം യേശു രക്ഷകൻ
അന്തരംഗെ വാഴേണമേ.

## 214 ൨൧൪

### C. M.

൧. എൻ പ്രിയൻ എനിക്കുള്ളവൻ
എന്നെ വീണ്ടെടുപ്പാൻ
പാപലോകത്തിൽ വന്നു താൻ
ശാപമൃത്യു ഏറ്റു.

൨. എൻ പ്രിയൻ എനിക്കുള്ളവൻ
അന്നവസ്ത്രാദികൾ
തന്നു ദിനംതോറും അവൻ
എന്നെ പാലിക്കുന്നു.

൩. എൻ പ്രിയൻ എനിക്കുള്ളവൻ
ഞാൻ ക്ഷീണിക്കുംനേരം
താങ്ങുന്നെന്നെ പ്രേമമോടെ
തങ്കക്കരങ്ങളിൽ.

൪. എൻ പ്രിയൻ എനിക്കുള്ളവൻ
ഞാൻ ദുഃഖിച്ചിടുമ്പോൾ
തൻ മുഖപ്രസാദം അതാൽ
സമ്മോദം നല്കുന്നു.

൫. എൻ പ്രിയൻ എനിക്കുള്ളവൻ
തൻ പ്രമാണങ്ങളാൽ
നീതിവഴികളിൽ എന്നെ
നിത്യം നടത്തുന്നു.

൬. എൻ പ്രിയൻ എനിക്കുള്ളവൻ
എന്നിൽ വസിച്ചവൻ
തന്നോടനുരൂപൻ ആക്കു(ന്നു)
എന്നെ അനുദിനം.

൭. എൻ പ്രിയൻ എനിക്കുള്ളവൻ
സ്വന്തം അവന്നു ഞാൻ
മൃത്യുശേഷം വാഴും ഞങ്ങൾ
മോക്ഷെ എന്നെന്നേക്കും.

## 215 ൨൧൫

### S. M.

൧. എൻ പ്രിയന്റെ സ്വരം
ഇമ്പം എനിക്കു,
തൻ തിരുവചനം മൂലം
എന്നും കേൾക്കുന്നു ഞാൻ.

൨. എൻ പ്രിയന്റെ സ്വരം
അൻപോടെ നല്കുന്നു
എൻ പാപത്തിന്നു മോചനം
ഞാൻ പിഴച്ചിട്ടുമ്പോൾ.

൩. എൻ പ്രിയന്റെ സ്വരം
ഞാൻ ദുഃഖിക്കുംനേരം
സദയം തരുന്നെനിക്കു
മാധുര്യാശ്വാസത്തെ.

൪. എൻ പ്രിയന്റെ സ്വരം
ഏകിടുന്നു സുഖം
രോഗത്താൽ വലയുന്നോരു
ദേഹത്തിന്നെപ്പോഴും.

൫. എൻ പ്രിയന്റെ സ്വരം
എന്റെ പ്രയാസങ്ങൾ,
ആവശ്യങ്ങൾ ക്ഷീണതയും,
സർവ്വം തീർത്തിടുന്നു.

൬. എൻ പ്രിയന്റെ സ്വരം
എന്നും നടത്തുന്നു
എന്നെ ഈ ലോക യാത്രയിൽ
തന്നാത്മാവിനാലെ.

൭. എൻ പ്രിയന്റെ സ്വരം
എൻ ഉള്ളിന്നാനന്ദം
മന്നിൽ ഞാൻ ജീവിക്കുമ്പോഴും
എന്നും എന്നേക്കുമേ.

## 216 ൨൧൬

*'Hark! my soul, it is the Lord'*

7s.

൧. കേൾക്ക എന്റെ ആത്മാവേ,
യേശു മനസ്സലിഞ്ഞു
ചോദിക്കുന്നു ഹേ പാപി
സ്നേഹിക്കുന്നോ നീ എന്നെ ?

൨. ആദിയിങ്കൽ ഞാൻ തന്നേ
തിരഞ്ഞെടുത്തു നിന്നെ
ആദ്യം നിന്നെ സ്നേഹിച്ചു
പിന്നെ നിന്നെ രക്ഷിച്ചു.

൩. പെറ്റ തള്ള കുഞ്ഞിനെ
മറക്കുന്നതെങ്ങിനെ ?
അവൾ മറന്നിടിലും
നിന്നെ എന്നും ഞാൻ ഓർക്കും.

൪. നിന്നെ എന്റെ മഹത്വം,
വേഗത്തിൽ ഞാൻ കാണിക്കും
എന്നാൽ ആയതിൻ മുമ്പെ
നിന്നെ ശുദ്ധി ആക്കേണം.

൫. എൻ സിംഹാസനത്തിൻ മേൽ
വേഗത്തിൽ നീ ഇരിക്കും,
ഞാൻ വീണ്ടെടുത്ത പാപി
സ്നേഹിച്ചിട്ടുന്നോ എന്നെ ?

൬. എന്റെ സ്നേഹം കർത്താവേ,
ഏറ്റമില്ലയെങ്കിലും
കൃപയാലതിനെ നീ
വർദ്ധിപ്പിക്കുമാറാക.

## 217 ൨൧൭

*'Let us sing of His love once again'*

9s.

൧. യേശു സ്നേഹം ഓർത്തു പാടാം
ശാശ്വതം ഈ സ്നേഹം നിസ്തുല്യം
കുഞ്ഞാട്ടിൻ രക്തം ഓർത്തും ഗാനം
മോദമോടെ പാടാം എന്നാളും.
വേഗം നാം ചേർന്നിടും
ഭംഗിയേറിയ ആ തീരത്തു
വേഗം നാം ചേർന്നിടും
ഭംഗിയേറിയ ആ തീരത്തു.

൨. വെണ്മ പൂണ്ടു സുഖപ്പെട്ടീടാം
ജീവനദിയിൽ കുളിച്ചിടിൽ,
നിത്യജീവനും സന്തോഷവും
ഒത്തും ഈ രക്തത്താൽ സ്വർഗ്ഗത്തിൽ.
വേഗം നാം—

൩. ക്രിസ്തുനാമം നാം കേൾക്കുമ്പോളെ
ഹൃദയത്തിൽ ജാതമാം മാ സന്തോഷം
പൂർത്തിയാവതോ സ്വർഗ്ഗത്തിൽ നാം
എത്തി തൻ സ്തുതി പാടിടും നാൾ.
വേഗം നാം—

൪. അന്ത്യസ്വസ്ഥത പ്രാപിപ്പോളം
കാന്തന്നായിഹെ ജീവിക്ക നാം
സ്വസ്ഥത സ്വർഗ്ഗ ലഭ്യം അപ്പോൾ
ഭാഗ്യവാന്മാരുടെ പന്തിയിൽ.
വേഗം നാം—

൬. ലോകവാസം ചെയ്യും നാൾ ഒക്കെ
ഏകലാക്കാകണം 'വിശുദ്ധി'
ലഭ്യമാവാൻ തൃക്കൈയ്യിൽനിന്നു
ശോഭയേറിടും പൊൻ കിരീടം
വേഗം നാം—

## 218 വ ൧൨൭

*'I'm so glad that our Father in heaven'*

10s.

൧. ഹാ എത്ര മോദം എൻ സ്വർഗ്ഗതാതൻ
ചൊല്ലുന്നു തൻ സ്നേഹം തൻ വേദ-
ത്തിൽ
കാണുന്നതിൽ ഞാൻ വിസ്മയ കാര്യം
യേശുവിൻ സ്നേഹം അതിവിശേഷം.
എത്രമോദം—താൻ സ്നേഹിക്കുന്നു
സ്നേഹിക്കുന്നു—സ്നേഹിക്കുന്നു
എത്ര മോദം—താൻ സ്നേഹിക്കുന്നു
സ്നേഹിക്കുന്നെന്നെയും.

൨. തന്നെ ഞാൻ മറന്ന് ഓടിയാലും,
എന്നെ താൻ അത്യന്തം സ്നേഹിക്കുന്നു,
തൻസ്നേഹകൈകളിലേക്കോടും ഞാൻ
യേശുതൻസ്നേഹത്തെ ഓർത്തിടുമ്പോൾ
—എത്ര

൩. യേശു സ്നേഹിക്കുന്നെന്നെ എത്രയും
സ്നേഹിച്ചീടുന്നവനേയും ഒരം ഞാൻ
സ്വർഗ്ഗം താൻ വിട്ടിറങ്ങി സ്നേഹത്താൽ
ക്രൂശിൽ മരിച്ചതും തൻ സ്നേഹത്താൽ
എത്ര—

൪. വിശ്രമം ഏറെയുണ്ടീയുറപ്പിൽ
ആശ്രയത്താലുണ്ടു വാഴ്വും തന്നിൽ
യേശു സ്നേഹിക്കുന്നെന്നു ചൊല്ലുകിൽ
സാത്താൻ ഭയന്ന് താ പാഞ്ഞിടുന്നു
എത്ര—

൫. മാ രാജ സൌന്ദര്യം ഞാൻ കാണു-
മ്പോൾ
പാട്ടൊന്നേ പാടാൻ എനിക്കുള്ളെങ്കിൽ
നിത്യതയിൽ എന്റെ പാട്ടിവണ്ണം—
'യേശു സ്നേഹിക്കുന്നിതെന്താശ്ചര്യം!
എത്ര—

## 219 വ ൧൯

Tune: *'I love to think of the Heavenly Land'*

9. 6. 9. 6.

൧

എന്നേശു തൻ വിലതീരാ സ്നേഹമാർക്കു
വർണ്ണിക്കാം?
തന്നന്തികെ ചെന്നണഞ്ഞായതറിഞ്ഞോർക്കു
താൻ സാദ്ധ്യം
യേശുവിൻസ്നേഹം-ആശ്ചര്യസ്നേഹം
യേശുവിൻ സ്നേഹം-ആശ്ചര്യസ്നേഹമെ.

൨

മാ പാപിയെന്നുടെ മോക്ഷത്തെത്തിത്താ-
മോദം നല്കി
പാപാന്ധശക്തിയെ വെന്നിടാനുള്ളാ-
ത്മാവും നല്കി—യേശു—

൩

താൻ നാമം ചൊല്ലുന്നതെത്രമോദം എന്ന-
കതാരിൽ
വന്നു അവൻ ചിന്ത എങ്കിലപ്പൊളുണ്ടാ-
മാനന്ദം—യേശു—

൪

ഇപ്പാരിലധികദുഃഖമെന്നിൽ നേരിടുമ്പോ
ൾ ഞാൻ
തല്പാദേ ചേരുമ്പോൾഒക്കെവേഗംപോ-
യ്മറയുന്നു—യേശു—

൫

കാണാതെ ഞാനെ കണ്ടിട്ടാനന്ദിച്ചിടുന്നു ഞാ-
നിപ്പോൾ
കാണാം മുഖാമുഖമെന്നുറച്ചുകാത്തിരിക്കു-
ന്നു—യേശു—

൬

മൽ പ്രാണനാഥന്റെ ശബ്ദം കാതിനെത്ര
മോഹനം
എപ്പോഴും കർത്തനോടൊന്നായുല്ലാസിപ്പാന-
ത്രെ എൻ മനം—യേശു—

൭

വിശ്വാസമോടല്പനാളിഹെ ഞാൻ പാർത്ത-
നന്തരം
യേശുകൊണ്ടുപോകുമെന്നെ തൻപിതാ-
വിൻ വീടതിൽ—യേശു—

## 220 ൨൨൦

*'There is no love'*

10. 6. 10. 6.

൧. എന്നേശുവിൻ സ്നേഹം പോലില്ലൊരു
സ്നേഹം മററെങ്ങുമെ
ദൈവ സമാധാനത്തിനംശിയായ്
എന്നെ താൻ തീർത്തല്ലൊ
യേശുവിൻ സ്നേഹമെ
അത്ഭുത സ്നേഹമെ
ആലസ്യമുള്ള പാപിയെ നീ വാ
യേശു സ്നേഹം കാണ്മാൻ.

൨. എന്നേശുവിൻ ഹൃദയം പോലില്ല
വേറൊരു ഹൃദയം
എൻ ക്ലേശാരിഷ്ടതകളെ നീക്കി
രക്ഷ ചെയ്യുമെന്നും— യേശു

൩. എന്നേശുവിൻ ഇമ്പസ്വരം പോലെ
വേറില്ലൊരു നാദം
ആർദ്ര സ്നേഹവും ദയ കനിവും
ഉള്ള നൽ സ്വരമെ— യേശു

൪. എന്നേശുവിൻ ശബ്ദം ശ്രവിക്കുവിൻ
അലഞ്ഞുഴലാതെ
തൻ മാർവ്വിൽ നിന്നെ ക്ഷേമമായവൻ
അണച്ചീട്ടും നൂനം— യേശു

---

## 221 ൨൨൧

*'With Joy we meditate the grace'*

C. M.

൧. സ്വർഗ്ഗോന്നതെ നമുക്കുള്ള
മാ പുരോഹിതൻെറ
ആർദ്രതയെ മോദമായ് നാം
ധ്യാനിച്ചീടുന്നിതാ.

൨. തന്മാനസം ദയാപൂർണ്ണം
തന്നെ ആയതിനാൽ
നമ്മോടുൾക്കരളലിയു (ന്നു)
അത്യുച്ചസ്നേഹത്താൽ.

൩. തന്നുള്ളിൽ അനുകമ്പയെ
നന്നായറിഞ്ഞ താൻ
നമ്മുടെ ദേഹം ബലഹീ-
നമെന്നറിയുന്നു.

൪. സ്വന്തമാം അനുഭവം ത-
ന്നിക്കുള്ളതുമൂലം
വൻപരീക്ഷയിൻ കാഠിന്യം
താനറിയുന്നഹോ.

൫. ബലഹീനജഡത്തിൻെറ
നാളുകളിൽ താനും
നിലവിളി കണ്ണുനീരും
പുറപ്പെടുവിച്ചാൻ.

൬. തൻ അംഗങ്ങൾ സഹിക്കുന്ന-
തൊക്കെയും ഓരോന്നായ്
ഇന്നും പങ്കുകൊൾകയാൽ താൻ
വീണ്ടും സഹിക്കുന്നു.

൭. മങ്ങികത്തും തിരിയെ കെ-
ടുത്തീടാത്ത കർത്തൻ
ഭംഗിയായതിനെ ജ്വലി-
പ്പിപ്പാൻ ശ്രമിക്കുന്നു.

൮. ഓട ചതഞ്ഞാലതിനെ
ഒടിച്ചീടുകില്ല
കട്ടത്ത മാ പാപിയെ കൈ-
വിടുകില്ല കർത്തൻ.

൯. താഴ്മയായ് വിശ്വാസമോടെ
നാമും ഈ സമയം
തൻ കൃപ ശക്തികളോടു
വാദിച്ചപേക്ഷിക്കാം.

൧൦. ആപത്തിൻെറ നാഴികയിൽ
ആശ്വാസമാം കൃപ
താപപ്പെട്ടും നാമും പ്രാപി-
ച്ചീടും അസ്സംശയം.

---

## Forgiveness ക്ഷമ

## 222 ൨൨൨

Tune: *'Lead kindly light'*

10. 4. 10. 4. 10. 10.

൧

ക്രിസ്തു എന്നോടു ക്ഷമിച്ചതുപോൽ
നിത്യവും ഞാൻ
എൻ സോദരരോടു കുററങ്ങളെ
ക്ഷമിക്കേണം
ഹൃദയപൂർവ്വം ക്ഷമിച്ചീടാഞ്ഞാൽ
എൻ ദൈവം എന്നോടും ക്ഷമിച്ചീടാ.

൨

ഏഴ് എഴുപതോളം പിഴകൾ
ഉണ്ടായിൽ ഞാൻ
സഹോദരരോടു ക്ഷമിച്ചീടാൻ
സഹായിക്ക
യേശുവിനെ ഞാൻ അനുഗമിപ്പാൻ
വിശ്വാസത്തെ വർദ്ധിപ്പിക്കേണമേ.

൩

സകല കൈപ്പും കോപം, ക്രോധവും
അകന്നുപോയ്
സൗമ്യത, ദീർഘശാന്തത, ദയ
സ്നേഹമതും
എൻ ഭൂഷണങ്ങളായണിഞ്ഞു ഞാൻ
അൻപുള്ള രക്ഷകൻ പിൻ ചെല്ലണം.

൪

യേശുവിൽനിന്നു ക്ഷമ ലഭിപ്പാൻ
എല്ലായ്പോഴും
യേശുവെപ്പോലെ എല്ലാവരോടും
ക്ഷമിക്കണം
ക്രിസ്തേശുവിൻ സ്വരൂപം ലോകർക്ക്
കാണിപ്പാൻ എനിക്കു തുണയ്ക്കുകേ.

൫

യേശു എൻ ഹൃദയത്തിൽ സതതം
വാസം ചെയ്കിൽ
സ്നേഹാത്മാവു സദാ സർവ്വരോടും
ക്ഷമിച്ചിട്ടും
ദൈവപുത്രാ, നിന്റെ ദൃഷ്ടാന്തമെൻ
ജീവിതത്തിൻ പ്രമാണമാകണേ.

## Holiness വിശുദ്ധി

### 223 ൨൨൩

*'Blessed be the Fountain of blood'*

D. L. M.

൧

പാപികൾക്കായുള്ളോരുറവ
വാഴ്ത്തപ്പെട്ടതാകേണമേ
ദൈവപുത്രൻ വാഴ്ത്തപ്പെട്ടോൻ
തൻ അടികളാൽ സ്വസ്ഥർ നാം
തൻ തൊഴുത്തു വിട്ടോടിപ്പോയ്
ഞാൻ അരിഷ്ടനായെങ്കിലും
ആട്ടിൻകുട്ടി തൻ രക്തത്താൽ
ഞാൻ ഹിമത്തിലും വെണ്മയാം
വെണ്മയായിട്ടും വെണ്മയായിട്ടും
കുഞ്ഞാട്ടിൻ നിണ സ്നാനത്താൽ
ഞാൻ ഹിമത്തിലും വെണ്മയാം.

൨

മുൾമുടി ധരിച്ചാൻ അവൻ
ക്രൂശെടുത്തു ക്ഷീണിച്ചഹോ
താൻ സഹിച്ച മാ ഖേദങ്ങൾ
പാഴിൽ അല്ല തൻ കഷ്ടത
പാപം നീക്കും ഉറവയിൽ
ഞാൻ വന്നു കുളിച്ചീടട്ടെ
തൻ തിരുനിണ സ്നാനത്താൽ
ഞാൻ ഹിമത്തിലും വെണ്മയാം— ഞാൻ

൩

താതനേ നിന്നെ വിട്ടു ഞാൻ
തെറ്റിപ്പോയ് വലഞ്ഞപ്പോഴുമെ
രക്തവർണ്ണമെൻ പാപങ്ങൾ
ശുദ്ധമായിടാം വെള്ളത്താൽ
വാഗ്ദത്തം വിശ്വസിച്ചു ഞാൻ
വന്നീടുന്നുറവയിങ്കൽ
ദൈവികമാം സ്നാനത്തിനാൽ
ഞാൻ ഹിമത്തിലും വെണ്മയാം— ഞാൻ

### 224 ൨൨൪

*'Have you been to Jesus?'*

11. 9. 11. 9.

൧

ശുദ്ധിക്കായ് നീ യേശു സമീപെ പോയോ?
കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ?
പൂർണ്ണാശ്രയം ഈ നിമിഷം തൻ കൃപ
തന്നിൽ വെച്ചോ ശുദ്ധിയായോ നീ?
കുളിച്ചോ കുഞ്ഞാട്ടിൻ
ആത്മശുദ്ധി നല്കും രക്തത്തിൽ?
ഹിമം പോൽ നിഷ്കളങ്കമോ നിൻ
അങ്കി?
കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ?

൨

അനുദിനം രക്ഷകൻ പക്ഷത്തോ നീ
ശുദ്ധിയായ് നടന്നീടുന്നതു?
ക്രൂശേറിയ കർത്തനിൽ നിനക്കുണ്ടോ
വിശ്രമം നാഴികതോറുമേ?
കുളിച്ചോ —

൩

കൎത്തൻ വരവിൽ നിൻ അങ്കി ശുദ്ധമോ?
ഏററവും വെണ്മയായ്ത്തീരുമോ?
സ്വൎഗ്ഗപുരത്തിൽ വാസം ചെയ്തിടാൻ യോഗ്യ
പാത്രം ആയ്ത്തീരുമോ അന്നാളിൽ?
കുളിച്ചോ—

൪

പാപക്കറ ഏററ അങ്കി നീ നീക്കി
കുഞ്ഞാട്ടിൻ രക്തത്തിൽ കുളിക്ക
ജീവനീർ ഒഴുകുന്നു അശുദ്ധൎക്കായ്
കുളിച്ചു ശുദ്ധയായിട്ടുക. കുളിച്ചോ—

---

## 225 ൨൨൫

*'More Holiness give me'*

11s.

൧

ശുദ്ധാധിക്യം നല്ക : നൽ തീക്ഷ്ണതയും
പോരാട്ടക്ഷമയും ; പാപദുഃഖവും
കൎത്തനിൽ വിശ്വാസം; തൻ ദൃഷ്ടിബോധം
സേവയിൽ സന്തോഷം ; പ്രാൎത്ഥന
സ്ഥൈൎയ്യവും.

൨

പാരം നന്ദി നല്ക ; തന്നിൽ ഉറപ്പു
സൽക്രിസ്തീയ തീക്ഷ്ണത; തൻ വാക്കിൻ ആശ
തൻ ക്രൂശിങ്കൽ ദുഃഖം ; സഹതാപവും
പരീക്ഷയിൽ ക്ഷമ ; രക്ഷാ നന്ദിയും.

൩

കായശുദ്ധി നല്ക ; ജയ ശക്തിയും
ഭൂബന്ധ വേർപാട്ടും ; രാജ്യ വാഞ്ഛയും
മോക്ഷത്തിന്നൎഹത ; ഭാഗ്യ ശുദ്ധിയും
നിൻ സദൃശനാവാൻ ; അനുഗ്രഹവും.

---

## 226 ൨൨൬

S. M.

൧. എൻ ആത്മ സ്നേഹിതാ
നീ പാപമോചകൻ
എൻ പാപ ഭാരം നീക്കുക
ഞാൻ മോക്ഷം ഉള്ളവൻ.

൨. എൻ ഉള്ളം ഒക്കവെ
വിശുദ്ധമാക്കുവാൻ
വന്നെന്റെ ഉള്ളിൽ ആത്മാവേ
നീ വാസം ചെയ്യുക.

൩. എൻ ഹൃദയത്തെ നീ
നിൻ ഗൃഹം ആക്കുക
ഞാൻ ചെയ്ത പാപം സൎവ്വവും
ക്ഷമിച്ചീടേണമേ.

൪. എന്നെ നിൻ സ്വന്തമായ്
സ്വീകരിക്കേണമേ
സൎവ്വസ്വം നിന്റെ വകയായ്
ഞാൻ കാക്കൽ വെക്കട്ടെ.

---

## Grace കൃപ

## 227 ൨൨൭

S. M.

൧. നാം ദൈവ കൃപയിൽ
പ്രശംസ ചെയ്യേണം
തൻ കൃപ തന്റെ സഭയിൽ
പ്രസിദ്ധമാകേണം.

൨. നാം വീണ്ടും ജനിച്ചു
ഈ കൃപയാൽ തന്നേ ;
പുത്രരെന്നും നാമമായ്
ഈ കൃപയാൽ തന്നേ.

൩. ആത്മാവെ കൃപയാൽ
പകൎന്നു ലോകത്തിൽ
വിശുദ്ധൻ വാസം ചെയ്കയാൽ
ആശ്വാസം ഉള്ളത്തിൽ.

൪. ദരിദ്രരായ നാം
ധനികരായ്ത്തീരും
തൻ കൃപ ശ്രേഷ്ഠ ദാനമാം
മോക്ഷത്തെയും തരും.

൫. ഈ കൃപ ദൈവമേ,
ഞങ്ങൾക്കും തരിക
നിൻ കൃപയെ നിന്ദിച്ചോരെ
മോചിക്കുമോ, താതാ?

## 228 ൨൨൮

*'I am a child of Grace'*

8s. 7s.

൧. ദൈവത്തിന്റെ സ്നേഹം മൂലം
രക്ഷപെട്ട പാപി ഞാൻ,
എന്നെ പോലെ ആരും ഇല്ല
കൃപയുടെ പൈതൽ ഞാൻ.

൨. പാപത്തിൽ ജാതനായവൻ
ശുദ്ധിഹീനൻ അത്രെ ഞാൻ
യേശു എന്നെ സ്നേഹിക്കയാൽ
കൃപയുടെ പൈതൽ ഞാൻ.

൩. യേശുവിന്റെ രക്തത്തിങ്കൽ
സ്നാനംചെയ്തു പാപി ഞാൻ
ഇതിനാലെ പാപം നീങ്ങി
കൃപയുടെ പൈതൽ ഞാൻ.

൪. ശുദ്ധാത്മാവു എന്നിൽ വന്നു
വാസം ചെയ്തു പാർക്കുന്നു
അവൻ എന്നെ പുത്രൻ ആക്കും
കൃപയുടെ പൈതൽ ഞാൻ.

൫. കൃപ, കൃപ, കൃപ, എന്നു
സ്തുതി പാടും എന്നും ഞാൻ,
രക്ഷ ഒക്കെ കൃപ മൂലം,
കൃപയുടെ പൈതൽ ഞാൻ.

---

## 229 ൨൨൯

*'Grace! 'tis a charming sound'*

S. M.

൧. കൃപ മനോഹരം
ചെവിക്കിമ്പസ്വരം
പ്രതിധ്വനിയാൽ മുഴങ്ങും
സ്വർല്ലോകം ഭൂമിയും
കൃപയാൽ രക്ഷ, ഇതെന്നാശ്രയം
യേശുസർവ്വനരക്കായ്മരിച്ചാനെനിക്കും

൨. ജീവ പുസ്തകത്തിൽ
എൻ നാമമെഴുതി
കൃപ കുഞ്ഞാട്ടിൻ പക്ഷത്തിൽ
ചേർത്തെന്നാധി പോക്കി— കൃപ

൩. സ്വർ പാതയിലെൻ കാൽ
ഗമിപ്പാൻ പഠിച്ചു
സർവ്വനിറവുമുണ്ടതാൽ
ദൈവാശ്രയംകൊണ്ടു— കൃപ

൪. കൃപ ജപം ചെയ്വാൻ
വശമാക്കി എന്നെ,
കൈവിടാതിന്നയോളം താൻ
ഭദ്രം പാലിച്ചെന്നെ— കൃപ

൫. കൃപ ദൈവബലം
എന്നുള്ളിലുരുത്തട്ടെ
എൻ ശക്തി മുറ്റും എന്നാളും
നിൻ വകയാകട്ടെ— കൃപ

# Consecration

# പ്രതിഷ്ഠ

## 230 ൨൩൦

*'Take my life and let it be'*

7s.

൧. സ്വീകരിക്കെൻ ജീവനെ
നിനക്കായെന്നേശുവേ
ഓരോ ശ്വാസത്തോടും ഞാൻ
ചൊല്ലട്ടെ ഹല്ലെല്ലുയ്യാ.

൨. സ്വീകരിക്കെൻ കൈകളെ
ചെയ്വാൻ സ്നേഹ ക്രിയയെ
കാലുകളും ഓടേണം
നീ വിളിച്ചാൽ തൽക്ഷണം.

൩. സ്വീകരിക്കെൻ നാവിനെ
സ്തുതിപ്പാൻ പിതാവിനെ
സ്വരം അധരം സർവ്വം
നില്ക്കുന്നു നിൻ ദൂതരായ്.

൪. സ്വീകരിക്കെൻ കർണ്ണത്തെ
കേൾപ്പാൻ നിൻ മർമ്മങ്ങളെ
കണ്ണിന്നായ് പ്രകാശം താ
നിന്നെ കാണ്മാൻ സർവ്വദാ.

൫. സ്വീകരിക്കെൻ ബുദ്ധിയെ
ഗ്രഹിപ്പാൻ നിൻ ശുദ്ധിയെ
മനശ്ശക്തി കേവലം
നിനക്കായെരിയണം.

൬. സ്വീകരിക്കെൻ ഹൃദയം
അതു നിൻ സിംഹാസനം,
ഞാൻ അല്ല എൻ രാജാവേ,
നീ അതിൽ വാഴേണമേ.

൭. സ്വീകരിക്കെൻ സമ്പത്തും
എന്റെ പൊന്നും വെള്ളിയും,
വേണ്ടാ ഭൂമിയിൽ ധനം
എൻ നിക്ഷേപം സ്വർഗ്ഗത്തിൽ.

൮. സ്വീകരിക്കെൻ യേശുവേ,
എന്നെ തന്നെ പ്രിയനേ,
എന്നെന്നേക്കും നിനക്കു
എന്നെ ഞാൻ പ്രതിഷ്ഠിച്ചു.

## 231 ൨൩൧

Tune: '*I am coming to the cross*'

D. 7s.

൧. ആത്മ ദേഹി ദേഹത്തെ
കാഴ്ചയായർപ്പിക്കുന്നിതാ
നിൻ മുമ്പിൽ ഞാൻ, യേശുവേ
എന്നും നിൻവക ആവാൻ
പീഠത്തിന്മേൽ എന്നെ ഞാൻ
വെച്ചു തീക്കായ് കാക്കുന്നു
കാത്തു കാത്തിരിക്കുന്നേ
തീ ഇറങ്ങാൻ നോക്കുന്നു.

൨. യാഗപീഠത്തിൽ നാഥാ,
ഞാൻ സമസ്തം നിൻ സ്വന്തം;
നിന്റേതായ് കാത്തീടുക
കുലുങ്ങാതെൻ വിശ്വാസം— പീഠ

൩. യേശുവേ എൻ രക്ഷകാ,
നിൻ നാമം എന്നാശ്രയം
രക്ഷയ്ക്കായ് നോക്കുന്നിതാ
നിൻ മൊഴി എൻ ശരണം— പീഠ

൪. പാപത്തിന്നധികാരം
തന്നിൽനിന്നു വിട്ടു എൻ
അംഗങ്ങളെ നിൻ കരം-
തന്നിൽ ഏല്പിച്ചീടുന്നേൻ— പീഠ

൫. ദൈവ സേവ ചെയ്വാനും
ജയമോടു പാപത്തെ
കാൽക്കീഴിൽ മെതിപ്പാനും
തൃക്കയ്യിൽ ഏല്പിക്കുന്നേ— പീഠ

## Joy സന്തോഷം

## 232 ൨൩൨

Tune: '*Alleluia! sing to Jesus!*'

D. 8s. 7s.

൧. മേദിനിയിൽ ശുഭമാന്നി
ദേഹത്തിൻ ആരോഗ്യത്തിൽ
പാർത്തീടുന്ന കാലം എല്ലാം
കർത്താവിൽ സന്തോഷിക്ക;
അൻപുള്ള രക്ഷകൻ മൂലം
നിൻ പാപമോചനമാം
വീണ്ടെടുപ്പു ലഭിക്കുമ്പോൾ
കർത്താവിൽ സന്തോഷിക്ക.

൨. യേശു സ്നേഹിപ്പോർക്കുണ്ടാകും
ശാസനാ ശിക്ഷയുമേ,
വിശുദ്ധിക്കവർ നാൾതോറും
അംശികൾ ആകുവാനായ്
വേദവചനം സദാ നിൻ
സന്തോഷമതാകിൽ നീ
കഷ്ടാനുഭവങ്ങളിലും
കർത്താവിൽ സന്തോഷിക്കും.

൩. സമ്പത്തു നശിക്കും ദേഹ-
സൌഖ്യം ഇല്ലാതാകുമേ,
ചാർച്ചക്കാർ അകന്നീടും നിൻ
ജീവൻ പറന്നുപോകും;
യേശുക്രിസ്തു ഇന്നലെയും
ഇന്നും എന്നേക്കും അവൻ
തന്നേ; നിൻ അംശം താൻ എന്നും;
കർത്താവിൽ സന്തോഷിക്ക.

൪. യേശു അനുദിനം നിന്റെ
ആശ്രയം ആയിടട്ടെ;
തന്നുടെ സംസർഗ്ഗത്തിൽ നീ
എന്നും വസിച്ചുകൊൾക;
ജീവ മരണങ്ങളിലും
കൈവിടാ നിന്നെ അവൻ
നിത്യ കാലവും നിനക്കു
കർത്താവിൽ സന്തോഷിക്കാം.

## 233 ൨൩൩

Tune : '*The Great Physician*'

D. 8. 7.

൧. എപ്പോഴും ഞാൻ സന്തോഷിക്കും
എൻ യേശു എന്റെ ഗാനം,
എല്ലാടവും ഞാൻ ഘോഷിക്കും
എൻ രക്ഷകന്റെ ദാനം;
യേശുവേ, സ്വർഗ്ഗത്തിൽ നീ
എന്റെ നാമം എഴുതി,
ആരും എടുക്കാത്ത വരം
ഭാഗ്യം എൻ സന്തോഷം

൨. നിൻ രാജ്യത്തിന്നു അന്യനായ്
ഞാൻ ഭൂമിയിൽ ഉഴന്നു,
നീ വന്നപ്പോൾ ഞാൻ ധന്യനായ്
പ്രവേശനം നീ തന്നു— യേശു

൩. മഹത്വം ഉള്ള രക്ഷകാ,
നീ തന്നേ സ്വർഗ്ഗ വാതിൽ;
സ്വർഗ്ഗീയ ഗീതങ്ങൾ സദാ
മുഴങ്ങുന്നു എൻ കാതിൽ— യേശു

൪. വരം ലോകത്തിന്റെ മാനവും
എനിക്കില്ലാഞ്ഞാൽ എന്തു?
സ്വർഗ്ഗീയ പേരും സ്ഥാനവും
തരും എൻ ദിവ്യ ബന്ധു— യേശു

൫. എൻ നാമം മാച്ചുകളവാൻ
പിശാചിന്നസാദ്ധ്യം,
എൻ യേശു ശക്തൻ കാക്കും താൻ
തൻ രക്തത്തിൻ സമ്പാദ്യം —യേശു

൬. മൃത്യുവിൻ കാലം അടുത്താൽ
ഇങ്ങില്ലൊരു ഭയവും
ക്രിസ്തു എൻ ജീവൻ ആകയാൽ
മരിക്കുന്നതു ലാഭം— യേശു

൭. അനേകർ വിധി കേൾക്കുമ്പോൾ
ആശ ഇല്ലാതെ വീഴും
എനിക്കോ ക്രിസ്തുവിന്റെ ചൊൽ
നിത്യാനന്ദമായ് തീരും— യേശു

൮. സന്തോഷമേ, സന്തോഷമേ,
എൻ ദൈവത്തിന്നു സ്തോത്രം
എൻ ജീവനാം എൻ യേശുവേ,
നീയും സ്തുതിക്കു പാത്രം— യേശു

## 234 ൨൩൪

'*O happy day*'

L. M.

൧. എൻ രക്ഷകാ എൻ ദൈവമേ,
നിന്നിൽ ആയ നാൾ ഭാഗ്യമേ,
എൻ ഉള്ളത്തിൻ സന്തോഷത്തെ
എന്നും ഞാൻ കീർത്തിച്ചിടട്ടെ.
ഭാഗ്യനാൾ! ഭാഗ്യ നാൾ!
യേശു എൻ പാപം തീർത്ത നാൾ
കാത്തു പ്രാർത്ഥിക്കാറാക്കി താൻ
ആർത്തു ഘോഷിക്കാറാക്കി താൻ
ഭാഗ്യ നാൾ! ഭാഗ്യ നാൾ!
യേശു എൻ പാപം തീർത്ത നാൾ.

൨. വൻക്രിയ എന്നിൽ നടന്നു,
കർത്തൻ എന്റെ, ഞാൻ അവന്റെ;
താൻ വിളിച്ചു, ഞാൻ പിൻചെന്നു
സ്വീകരിച്ചു തൻ ശബ്ദത്തെ.
ഭാഗ്യനാൾ—

൩. സ്വസ്ഥം ഇല്ലാത്ത മനമേ,
കർത്തനിൽ നീ ആശ്വസിക്ക,
ഉപേക്ഷിയാതെ അവനെ
തൻ നന്മകൾ സ്വീകരിക്ക.
ഭാഗ്യ നാൾ—

൪. സ്വർപ്പുരം വരം കരാറിന്നു
സാക്ഷി നില്ക്കുന്നോൻ മനമേ,
എന്നും എന്നിൽ വ്യാപിക്കുന്നു
നൽമുദ്ര നീ ശുദ്ധാത്മാവേ.
ഭാഗ്യ നാൾ—

൫. സൌഭാഗ്യം നല്കും ബാന്ധവം
വാഴ്ത്തും നീ ജീവകാലത്തിൽ,
ക്രിസ്തുയേശുവിൽ എൻ ആനന്ദം
പാടും ഞാൻ അന്ത്യ കാലത്തും.
ഭാഗ്യ നാൾ—

## 235 ൨൩൫

Tune : '*Blessed Assurance*'

9s.

൧. യേശു എൻ സ്വന്തം, ഹല്ലെല്ലൂയ്യാ
എന്നുടെ ഭാഗ്യം ചൊല്ലിക്കൂടാ

പഴയതെല്ലാം കഴിഞ്ഞുപോയ്
കണ്ടാലും സർവ്വം പുതിയതായ്
എനിക്കു പാട്ടും പ്രശംസയും
ദൈവ കുഞ്ഞാട്ടും തൻ കുരിശ്ശും.

൨. യേശു എൻ സ്വന്തം, ഹല്ലെലൂയ്യാ
തിന്നു എൻ ആസ്വാദ്യം, നീങ്ങി രാവും
ഇരുട്ടിൻ പാശം അറുത്തു താൻ
ജീവപ്രകാശം കാണുന്നു ഞാൻ.
എനിക്കു—

൩. യേശു എൻ സ്വന്തം, ഹല്ലെലൂയ്യാ
തുറന്ന സ്വർഗ്ഗം കാണുന്നിതാ
പാപം താൻ നീക്കി രക്തത്തിനാൽ,
ദൈവ കുഞ്ഞാക്കി, ആത്മാവിനാൽ.
എനിക്കു—

൪. യേശു എൻ സ്വന്തം, ഹല്ലെലൂയ്യാ
ഒരും സ്നേഹ ബന്ധം നില്ക്കും സദാ
മരണത്തോളം സ്നേഹിച്ചു താൻ
നിത്യതയോളം സ്നേഹിക്കും ഞാൻ.
എനിക്കു—

൫. യേശു എൻ സ്വന്തം, ഹല്ലെലൂയ്യാ
നിന്റെ സമ്പാദ്യം ഞാൻ രക്ഷകാ
നീ എൻ കർത്താവും സ്നേഹിതനും
ജീവദാതാവും സകലവും.
എനിക്കു—

## 236 ൨൩൬

Tune : '*We speak of the realms*'

8. 9. 8. 8.

൧. യേശുവെ ഞാൻ കണ്ടെത്തിയേ
വില ഏറിയ മുത്തിവൻ താൻ
മോദ ഗീതം ഞാൻ പാടുമേ,
യേശു എത്ര നൽ രക്ഷകൻ.

൨. പ്രവാചക പുരോഹിതൻ
ശക്തിയിൽ വാഴും രാജനും താൻ
മാ ഗുരുവായ് പ്രകാശിതൻ
ദൈവ മുമ്പിൽ എൻ ആചാര്യൻ.

൩. കർത്താധികർത്തൻ മനുവേൽ
രാജരാജ നീതി സൂര്യനും
സുഖം തൻ ചിറകടിയിൽ
ഉണ്ടു സംപൂർണ്ണം ആയെന്നും.

൪. എൻ യേശു ജീവ വൃക്ഷം താൻ
ദൈവത്തിൻ തോട്ടത്തിൽ വളരും
തൻ കനി എന്നാഹാരം താൻ
അതിന്നില സുഖം തരും.

൫. എൻ യേശു ഭക്ഷണ പാനം
ഔഷധം സൌഖ്യവും അവൻ താൻ
കിരീടം സന്തോഷം ബലം
ധനം മഹത്വം യേശു താൻ.

൬. എൻ താതനും സ്നേഹിതനും
സോദരൻ പ്രിയനും തലവൻ
എൻ ആലോചനക്കാരനും
സ്വർഗ്ഗ കാര്യസ്ഥനും അവൻ.

൭. സ്വർഗ്ഗങ്ങളിൻ സ്വർഗ്ഗം യേശു
എന്തു ചൊല്ലേണ്ടു ഞാൻ ഇനിയും
ആദി അന്തം യേശുക്രിസ്തു
ഹാ താൻ സർവ്വത്തിൻ സർവ്വവും.

## 237 ൨൩൭

'*Be glad in the Lord*'

9s.

൧. കർത്തനിൽ ആർത്തു സന്തോഷിക്ക
ചിത്തത്തിൽ സത്യമുള്ളോരെല്ലാം
തന്നെ തിരഞ്ഞെടുത്തവരേ,
വ്യാകുലദുഃഖങ്ങൾ പോക്കുക
കർത്തനിൽ, കർത്തനിൽ, കർത്തനിൽ
ആർത്തു സന്തോഷിക്ക
കർത്തനിൽ, കർത്തനിൽ, കർത്തനിൽ
ആർത്തു സന്തോഷിക്ക.

൨. അവൻ താൻ കർത്തനെന്നോർക്കുക
വാനിലും ഭൂവിലും നാഥൻ താൻ
വചനത്താൽ ഭരിക്കുന്നു താൻ
'ബലവീരരെ' വീണ്ടെടുപ്പാൻ—കർത്ത

൩. നീതിക്കായുള്ള പോരാട്ടത്തിൽ
ശത്രുവിൻ ശക്തി വർദ്ധിച്ചാലും
കാഴ്ച മറഞ്ഞു ദൈവസൈന്യം
ശത്രുസൈന്യത്തെക്കാൾ അധികം—ക

൪. പകലിൽ ഇരുൾ നിൻ ചുററിലും
രാത്രിയിൽ മേഘങ്ങൾ നിറന്നാലും
വന്നീടുമ്പോൾ നീ കുലുങ്ങിടാ
ആശ്രയിക്കേശുവെ ആപത്തിൽ— ക

൫. കർത്തനിൽ ആർത്തു സന്തോഷിക്ക
കീർത്തിച്ചു ഘോഷിക്ക തൻ സ്തുതി
വാദ്യത്തോടു ചേർത്തു നിൻ സ്വരം
ഹല്ലേലുയ്യാ ഗീതം പാടുക— കർത്ത

---

**238** ൨൩൮

*'Ring the bells of heaven'*

P. M.

൧

സ്വർഗ്ഗത്തിൽ സന്തോഷം ഉണ്ടിന്നേരത്തിൽ
നഷ്ടമായിപ്പോയോരാടിതാ
നല്ലിടയൻ തേടിച്ചെന്നു കണ്ടു തൻ
തോളിലേറ്റിക്കൊണ്ടു വന്നഹോ
ദൈവദൂതരേ ! പാടീടുവിൻ
സ്വർ വിശുദ്ധരേ നിങ്ങൾ ആർപ്പിൻ
രക്ഷിതാവിൻ ആനന്ദം മഹത്തരം
ഘോഷിക്കേണം നാമെല്ലാവരും.

൨

സ്വർഗ്ഗത്തിൽ സന്തോഷം ഉണ്ടിന്നേരത്തിൽ
രക്ഷപ്പെട്ടു പാപികായഹോ
സ്വർഗ്ഗതാതൻ ഓടിവന്നുടൻ ഇതാ
സ്നേഹമോടെ ചുംബിച്ചിടുന്നു— ദൈവ

൩

സ്വർഗ്ഗത്തിൽ സന്തോഷം ഉണ്ടിന്നേരത്തിൽ
അങ്കി മേൽത്തരം കൊടുത്തുടൻ
മോതിരം വിരല്ക്കും പാദരക്ഷയ്ക്കും
മോദമോടെ താതൻ ഏകുന്നു— ദൈവ

൪

സ്വർഗ്ഗത്തിൽ സന്തോഷം ഉണ്ടിന്നേരത്തിൽ
അക്രമങ്ങളാൽ മരിച്ചവൻ
ജീവൻ പ്രാപിച്ചെന്നും സ്വർഗ്ഗരാജ്യത്തിൽ
ദൈവപൈതലായ് ഭവിച്ചിപ്പോൾ—
ദൈവ

---

## Peace സമാധാനം

**239** ൨൩൯

D. C. M.

൧. ആരുടെ ചിന്ത ദൈവത്തിൽ
സ്ഥിരപ്പെട്ടുന്നുവോ,
ഏറ്റം സമാധാനത്തിൽ താൻ
കാത്തിടും അവനെ;
വേദപ്രമാണത്തെ എന്നും
സ്നേഹിക്കുന്നവർക്കു
നല്ല സമാധാനം ; (അവർക്ക്)
ഇല്ല വിരുദ്ധവും.

൨. യാതൊന്നിനെക്കൊണ്ടുമൊരു
ചിന്താകുലം എന്യേ
സ്തോത്രത്തോടെ ആവശ്യങ്ങൾ
കർത്തൃമുമ്പിൽ വെക്ക ,
സർവ്വബുദ്ധിയും കവിയും
ദൈവസമാധാനം
ക്രിസ്തുയേശുവിൽ കാത്തീടും
ഉള്ളം നിനവുകൾ.

൩. ദൈവത്തിൻ കല്പനകളെ
ചെവിക്കൊണ്ടിട്ടകിൽ
നിൻ സമാധാനം നദിപോൽ
വൻ സമൃദ്ധിയാമേ ;
സത്യസമാധാനപ്രഭു
ക്രിസ്തു വാഴും ചിത്തെ
സർവ്വദാ വാസം ചെയ്യുന്നു
ദിവ്യ സമാധാനം.

---

**240** ൨൪൦

D. C. M.

൧. സമാധാനം ഉണ്ടാക്കുന്നോർ
ഭാഗ്യവാന്മാരത്രെ,
ദൈവത്തിൻ പുത്രന്മാരെന്നു
വിളിക്കപ്പെടുമേ ;
ഏകമനസ്സോടിരിപ്പിൻ
സമാധാനത്തോടെ
സ്നേഹസമാധാന ദൈവം
എന്നും ഉണ്ടാം കൂടെ.

൨. ദുഷ്ടന്മാർക്കു സമാധാനം
ഇല്ലൊരു നാളിലും
ക്രിസ്തുവിൽ ഉള്ളവർക്കുണ്ടു
നിത്യസമാധാനം,
ദൈവാത്മാവിന്റെ ഫലമാം
സ്നേഹസമാധാനം
നിങ്ങളിൻ ഹൃദയങ്ങളിൽ
വാഴുകയും വേണം.

൩. ദൈവത്തിൻ രാജ്യം സന്തതം
നീതിസമാധാനം
ആത്മാവിൻ സന്തോഷമതും
തൻ മക്കൾക്കേവക്കും ;
തന്റെ സമാധാനത്തിന്ന്
വിളിക്കപ്പെട്ട നാം
എല്ലാരോടും സമാധാനം
പിന്തുടൎന്നീടെണം.

൪. ദൈവവചനത്തെ എന്നും
സ്നേഹിക്കുന്നേവക്കും
മാ സമാധാനം യേശു താൻ
അവരിൽ വസിക്കും ;
സമാധാനത്തിൻ കൎത്താവു
അവൎക്കെല്ലാപ്പോഴും
എല്ലാവിധത്തിലും തന്റെ
സമാധാനം നല്കും.

---

## 241 ൨൪൧

*'Peace perfect peace'*

10s.

൧. സമാധാനം പൂൎണ്ണ സമാധാനം
സത്യമായ് ലഭിച്ചിട്ടും നിനക്കു
സങ്കടം നീങ്ങും ഇരുണ്ട ലോകെ
സൎവ്വവും യേശുവിൻ രക്തത്താലെ.

൨. സമാധാനം പൂൎണ്ണ സമാധാനം
സകല നേരത്തും ഉണ്ടാകുമേ
സാക്ഷാൽ യേശുവിന്നിഷ്ടം അറിഞ്ഞു
സാധിപ്പാൻ ജാഗ്രത ആയിരുന്നാൽ

൩. സമാധാനം പൂൎണ്ണ സമാധാനം
സദാ യേശുവിൽ വസിപ്പവൎക്കു
സഹിക്കാവതല്ലാത്ത വേദന
സഹിപ്പാൻ ഇട വന്നു എങ്കിലും.

൪. സമാധാനം പൂൎണ്ണ സമാധാനം
സഖിമാർ മാറി നില്ക്കുന്നാകിലും
സ്നേഹിതർ ദൂരെ ആയി പോകിലും
സ്നേഹമാംയേശുവെ ചാരികൊണ്ടാൽ.

൫. സമാധാനം പൂൎണ്ണ സമാധാനം
സമീപെ മൃത്യു പാശം കണ്ടാലും
സൎവ്വശക്തൻ യേശു മൃത്യുഞ്ജയൻ
സ്വർ സമാധാനത്തിൽ വിളിക്കുന്നു.

---

## 242 ൨൪൨

*'Master, the tempest is raging'*

P. M.

൧. കൎത്താ കൊടുങ്കാററടിച്ചു്
ഓളങ്ങളുയരുന്നേ
മങ്ങുന്നിതാ കാർകൊണ്ടു വാനം
താങ്ങും തണലുമില്ലെ
ഞങ്ങളെ നീ കൈവെടിഞ്ഞോ ?
ഞങ്ങൾ കടൽ മദ്ധ്യേ
മുങ്ങിച്ചാകുമിപ്പോളൊന്നാകെ നീ
ഇങ്ങനെയുറങ്ങുന്നോ ?
കാററു തിരകളെന്നിഷ്ടം ചെയ്യും
ശാന്തം കൊൾ
കടലിളക്കത്തിൻ കോപമോ
ഭൂതമോ നരരോ എന്താകിലും, ഹേ,
വാനഭൂമിയാഴികൾ നാഥന്റെ
വാസകപ്പൽ മുക്കുവാൻ സാദ്ധ്യമോ?
സൎവ്വമെന്നിഷ്ടം ചെയ്യും സദാ,
ശാന്തം, ഹേ, ശാന്തം കൊൾ,
സൎവ്വമെന്നിഷ്ടമാശു ചെയ്യും
ശാന്തമാക.

൨. ആത്മ വിവശനായ് നാഥാ
താപത്തിൽ കുമ്പിടുന്നേൻ
തപിക്കുന്നെൻ ചിത്തം ഗാഢമായ്
ഉണൎന്നെന്നെ രക്ഷിക്ക
പാപാരിഷ്ട തിരകളെൻ
മീതെ കവിയുന്നേ
മുങ്ങി നശിക്കുന്നേൻ പ്രാണനാഥാ,
പിടിക്കെന്നെ, വാ വേഗം—കാററു

൩. തീൎന്നു ഭയം സൎവ്വം നാഥാ,
വന്നു ശാന്തം വാരിധൌ
ശോഭിക്കുന്നു സൂൎയ്യൻ കടൽ മേൽ
സ്വൎഭാനുവും ഹൃദയേ
താമസിക്കിഹെ, രക്ഷകാ
താനേ വിടാതെന്നെ
സാമോദം തുറമുഖം ചേൎന്നു ഞാൻ
ഇളെക്കും ഭാഗ്യതീരെ— കാററു

---

## Surrender and Obedience

## പൂർണ്ണ അനുസരണം

**243** ഉ൨൩

C. M.

൧. എന്നാത്മ രക്ഷകൻ യേശു
ഇന്നുമുതൽ എന്നും
എൻ ഹൃദയ സിംഹാസനെ
മാ രാജനായ്വാഴും.

൨. തൻ തോളിൽ ആധിപത്യത്തെ
സന്തതം വഹിച്ചു
ഓരോ നിമിഷവും എന്നിൽ
മാ രാജനായ്വാഴും.

൩. എൻ സ്വയം എപ്പോഴും തന്റെ
ക്രൂശിൽ തറച്ചെല്ലാ
വൈരികളെയും വെന്നേശു
മാ രാജനായ്വാഴും.

൪. എൻ ക്രിയ വാക്കു നിനവു
രാഗ മോഹങ്ങൾ മേൽ
കാരുണ്യരക്ഷകൻ യേശു
മാ രാജനായ്വാഴും.

൫. പൊൻവെള്ളിയാദിയാമെന്റെ
സർവ്വ സ്വത്തിന്മേലും
പൂർണ്ണമായനുദിനം താൻ
മാ രാജനായ്വാഴും.

**244** ഉ൨൪

S. M.

൧. ഞാൻ ദിനംതോറും എൻ
ആദാമ്യ സ്വഭാവം
മൃത്യുവിന്നേല്പിച്ചിടട്ടെ
ക്രിസ്തുവിൻ ക്രൂശിന്മേൽ.

൨. അവൻ വളരേണം
ഞാനോ കുറയേണം
എന്നിലെ യേശു സാദൃശ്യം
എന്നും വർദ്ധിക്കട്ടെ.

൩. എൻ ശരീരത്തിന്റെ
ദുഷ്പ്രവൃത്തികളെ–
ആത്മാവിനാൽ അനുദിനം
ഞാൻ മരിപ്പിക്കട്ടെ.

൪. വിശ്വാസം മൂലമായ്
യേശുവേ, നാൾക്കുനാൾ
നിൻ പുനരുത്ഥാനശക്തി
ഞാൻ പ്രാപിക്കേണമേ.

**245** ഉ൨൫

L. M.

൧. നിൻ തിരുരക്തം ചിന്തി നീ
വീണ്ടെടുത്തെന്നെ യേശുവേ,
അത്ഭുതമാം ഈ സ്നേഹത്തി (ന്ന്)
എന്തു തരും നിനക്കു ഞാൻ.

൨. നീ എന്നെ വീണ്ടുകൊണ്ടതു
നിൻ മഹത്വത്തിന്നാകയാൽ
എൻ പ്രിയനാഥനേ ഇതാ!
അർപ്പിക്കുന്നു നിനക്കെന്നെ.

൩. വാസം ചെയ്തീടുകെന്നിൽ നീ
യേശുവേ, നിൻ തിരുഹിതം
നിൻ ആവിയാൽ ക്ഷണം പ്രതി
എന്നിൽ നടത്തീടേണമേ.

൪. എൻ ഹൃദയത്തിൻ പൂർണ്ണമാം
സ്നേഹത്തെ നാൾതോറും പ്രിയ
രക്ഷകനേ, നിൻ സന്നിധൌ
വെക്കേണമേ കാഴ്ചയായ് ഞാൻ.

൫. എന്നിൽ നീ വാണിടേണമേ,
മന്നവനായ് ദിനംപ്രതി
ലോകത്തിൽ നീ ജീവിച്ചപോൽ
ആകേണം എന്റെ ജീവിതം.

൬. ഭൂവിൽനിന്നെന്നെ ദൈവമേ,
നീ വിളിക്കും മുമ്പിൽ ഹാ
ഈ വാഞ്ഛ സാധിപ്പാൻ എന്മേൽ
ആവസിക്കേണമേ കൃപ.

**246** ഉ൨൬

*'My God, my Father, while I stray'*

8. 8. 8. 4.

൧. സ്വഗൃഹം വിട്ടു ദൂരത്തു്
ഞാനുഴന്നാൽ മനഃപൂർവ്വം
ചൊല്ലട്ടേ, താതാ, 'ഏവം നിൻ
ഇഷ്ടംപോലെ.'

൨. പാത ഇരുൾ ക്ലേശാവഹം ;
ഞാനോ സന്തുഷ്ടൻ പ്രശാന്തൻ,
ദിവ്യം എൻ ജപം ; 'താതാ, നിൻ
ഇഷ്ടംപോലെ.'

൩. ഇഷ്ടബന്ധുക്കൾ വേർപെട്ടും
തനിച്ചിരുന്നും ഖേദിക്കെ,
സഹിച്ചു ചൊല്ലും 'താതാ, നിൻ
ഇഷ്ടംപോലെ.'

൪. മരിപ്പതെന്നോ ഏല്പിപ്പാൻ
കല്പിക്കിൽ അല്ലതെൻറതു
നിൻറതു തന്നെ 'താതാ നിൻ
ഇഷ്ടംപോലെ.'

൫. ക്ഷീണിച്ചതാമെന്നുള്ളത്തിൽ
ആശ്വാസപ്രദൻ വസിക്കിൽ
ദൈവമേ, പിന്നെ 'നിന്നുടെ
ഇഷ്ടംപോലെ'

൬. നിന്നിഷ്ടത്തിനൊത്തെൻറതും
എന്നും പുതുക്കി വിഘ്നങ്ങൾ
നീക്കാകെ ചൊല്ലാൻ 'താതാ, നിൻ
ഇഷ്ടംപോലെ.'

൭. കണ്ണുനീരോടു ഞാനീ ജപം
മണ്ണിൽ നമിച്ചു തീർന്നിട്ടു
വിണ്ണിലും പാടു 'താതാ, നിൻ
ഇഷ്ടംപോലെ.'

## 247

൨൭൭

*'My Jesus, I love Thee'*

11s.

൧

എൻയേശു എൻപ്രിയൻ എനിക്കുള്ളോൻ നീ
നിൻ പേർക്കു വെടിയുന്ന പാപോല്ലാസം
എൻ കാരുണ്യ വീണ്ടെടുപ്പു രക്ഷ നീ
എപ്പോൾ സ്നേഹിച്ചോ (ഞാൻ) ആയതി-
പ്പോൾ തന്നേ.

൨

ഞാൻ സ്നേഹിക്കുന്നു നീ മുൻ സ്നേഹിച്ചെന്നെ
എൻ മോചനം വാങ്ങി നീ കാൽവറിയിൽ
ഞാൻ സ്നേഹിക്കുന്നു മുൾമുടി ഏററതാൽ
എപ്പോൾ സ്നേഹിച്ചോ (ഞാൻ) ആയതി-
പ്പോൾ തന്നേ.

൩

ഞാൻ സ്നേഹിക്കും ജീവ മരണങ്ങളിൽ
ഞാൻ ജീവിക്കുംനാൾഎന്നും വാഴ്ത്തും നിന്നെ
എൻ ശ്വാസം അന്ത്യവായു പോകുമ്പോഴും
എപ്പോൾ സ്നേഹിച്ചോ (ഞാൻ) ആയതി-
പ്പോൾ തന്നേ.

൪

അനന്ത പ്രമോദമോടെ സ്വർഗ്ഗത്തിൽ
വണങ്ങി കൊണ്ടാടും നിന്നെ എന്നേക്കും
ഞാൻ പാടീടും മിന്നും മുടി വെച്ചങ്ങു
എപ്പോൾ സ്നേഹിച്ചോ (ഞാൻ) ആയതി-
പ്പോൾ തന്നെ.

---

## 248

൨൭൮

Tune : *'Have you been to Jesus'*

11. 9. 11. 9.

൧. ദൈവത്തിൻ ഹിതം അനുസരിപ്പതു
സർവ്വയാഗങ്ങളെക്കാൾ അഹൊ
ഏററം നല്ലാരാധനയതുപോലെ
മററുപാസനയില്ല നൂനം.
കർത്തനേ—പൂർണ്ണമായ്
ചിന്ത വാക്കു ക്രിയയിലുമേ-
സന്തതം നിന്നെ അനുസരിച്ചീ-
ടാൻ
നിൻ തുണ നല്കെനിക്കു സദാ.

൨. യേശുരക്ഷകൻ ദൈവേഷ്ടം അതിന്നു
ക്രൂശിലെ മരണത്തോളവും
അനുസരിച്ചതിനെ
അനുകരിക്ക എൻ മനമേ.
കർത്തനേ—

൩. വേദവാക്യങ്ങൾ എല്ലാ ദിവസവും
ശോധന ചെയ്തു വിശുദ്ധമാം
ദൈവത്തിൻ ഹിതം സർവ്വകാര്യത്തിലും
ചെയ്വോർക്കെല്ലാം ശുഭം സർവ്വദാ.
കർത്തനേ—

൪. അനുസരിപ്പോർക്കു ദൈവം തന്നാത്മ-
ദാനത്തെ നല്കുന്നു നിറവായ്
സർവ്വ വൈരികളെയും ജയിച്ചവർ
ജീവനിൽ വാണിടുന്നു സദാ.
കർത്തനേ—

൬. അനുസരിപ്പവർ ദൈവമക്കളായ്
ദിനവും കൃപയിൽ വളരും
ദൈവത്തോടു ചോദിക്കുന്നതൊക്കെയും
സൎവ്വദാ ലഭിക്കും അവൎക്കു
കൎത്താവേ—

൭. പുഷ്ടിയുള്ള കോതമ്പുകൊണ്ടവരെ
തുഷ്ടമായ് പോഷിപ്പിക്കുമവൻ
പാറയിൽനിന്നുള്ള തേനിനാൽ ദിനം
തോറുമേ തൃപ്തരാകും അവർ.
കൎത്താവേ—

## 249 ൨൪൯

*'Simply trusting every day'*

7s.

൧. ചെറുതേശുവിൽ ദിനം
മാറുതൻമാ കഠിനം,
എൻ വിശ്വാസം ദുൎബ്ബലം
യേശു താൻ സൎവ്വാശ്രയം.
നാളുകൾ ഗമിക്കിലും,
മാത്രകൾ പറക്കിലും,
എന്തെല്ലാം ഭവിക്കിലും,
യേശു താൻ സൎവ്വാശ്രയം.

൨. പാത ശോഭയാം നേരം
പാടും ഞാൻ അത്യധികം
ക്ഷീണമെങ്കിലെൻ വഴി
യാചിക്കും ക്ഷണം പ്രതി— നാളു

൩. ആപത്തിൽ ഞാൻ വിളിക്കും,
യേശു നിശ്ചയം കേൾക്കും
എന്റെ ശ്രേഷ്ഠ സങ്കേതം
യേശു താൻ സൎവ്വാശ്രയം— നാളു

൪. ജീവകാലമൊക്കെയും
കല്പാന്തകാലംവരെ
സ്വൎഗ്ഗം ചേരാനെൻബലം
യേശു താൻ സൎവ്വാശ്രയം— നാളു

## 250 ൨൫൦

Tune : *'We speak of the realms'*

8. 9. 8. 8.

൧. അത്യുന്നത ദൈവ സുതൻ
ക്രിസ്തുയേശു ഇഹത്തിൽ വന്നു
തന്നുടെ തിരു രക്തത്തെ
ചിന്നി എന്നെ വീണ്ടെടുത്തു.

൨. തന്നെത്താൻ വെടിഞ്ഞിവിധം
എന്നെ സ്നേഹിച്ച രക്ഷകാ, നിൻ
മുന്നിൽ ഞാൻ പ്രതിഷ്ഠിക്കുന്നു
എന്നെയും എൻ സൎവ്വവുമേ.

൩. ക്രിസ്തുവേ, നിന്നോടൊന്നിച്ചു
ക്രൂശിക്കപ്പെട്ടേൻ സ്വയം, അതു
ഒരുനാളും ക്രൂശിൽനിന്നു
ഇറങ്ങി വന്നീടരുതേ.

൪. എൻ ഹൃദയം അതിന്നുടെ
സിംഹാസനേ സദാ രാജനായ്
യേശു രക്ഷകൻ വാഴേണം
എന്നു വാഞ്ഛിച്ചീടുന്നു ഞാൻ.

൫. നിൻ കൈയിൽ ഞാൻ ഏല്പിച്ചതു
എങ്കൽനിന്നു നീ സ്വീകരിച്ചു
നിൻ പ്രസാദം ആസകലം
അൻപോടെ നടത്തും എന്നിൽ.

൬. എൻ ഒന്നും ഇല്ലായ്മയിൽ ഞാൻ
നിന്നിൽ പൂൎണ്ണമായാശ്രയിച്ചാൽ
നിൻ ആത്മാവിനാൽ ദിനവും
എന്നെ നീ നടത്തും സദാ.

൭. എന്നും നിൻഹിതം ചെയ്തിടാൻ
എന്നെ പൂൎണ്ണമായേല്പിക്കുകിൽ
എന്മേൽ നീ ചൊരിയും സദാ
വന്മാരി പോൽ അനുഗ്രഹം.

൮. എൻ അരുമ രക്ഷകനേ,
എൻ ആത്മാവിൻ പ്രിയ തമനേ,
ഞാൻ നിന്നിലും നീ എന്നിലും
എന്നേക്കും വസിക്കേണമേ.

൯. ഈ ഭാഗ്യ തമ ജീവിതം
ഇപ്പാപി സതതം കഴിപ്പാൻ
എൻ പിതാവേ! നിൻ ദാസനു
അൻപോടെ വരം നല്കുക.

## Guidance and Keeping
## ദിവ്യനടത്തിപ്പും കാവലും

**251** ൨൫൧

Tune : '*Lead kindly light*'

10. 4. 10. 4. 10. 10.

൧. എൻ ദൈവമേ, നടത്തുകെന്നെ നീ
എന്നേരവും,
പാരിന്നിരുൾ അറ്റുടെ സ്വൎഗ്ഗേ ഞാൻ
ചേരുംവരെ ;
നിൻ തൃക്കൈകളാൽ ഈ ഭൂയാത്രയിൽ
സൎവ്വദാ എന്നെ താങ്ങിടേണമേ.

൨. നിൻ കല്പനകൾ നിമിഷം പ്രതി
ലംഘിച്ചു ഞാൻ,
ശുദ്ധാവിയെ സദാ എൻ ദോഷത്താൽ
ദുഃഖിപ്പിച്ചേൻ
നീതിയിൽ എന്നെ നിൻ മുമ്പിൽനിന്നു
ചേരദിക്കാതെ നിൻ കൃപ നല്കുക.

൩. എന്നാത്മ ദേഹി ദേഹം സമസ്തം
ഏല്പിക്കുന്നേൻ [ന്നേ
നിൻ കൈകളിൽ ക്ഷണം പ്രതി എ-
ഇന്നുമുതൽ
വേദവാക്യമാം പാതയിൽക്കൂടെ
വിശുദ്ധാത്മാവു നടത്തേണമേ.

൪. ഞാൻ മണ്ണാകുന്നു എന്നോൎക്കുന്നോനേ
ഒന്നിനാലും
ഈ പാപിയെ ഉപേക്ഷിച്ചിടാതെ
അൻപോടു നീ
സൎവ്വശക്തിയുള്ള നിൻ സ്നേഹത്താൽ
സ്വൎഗ്ഗത്തിലേക്കെന്നെ ആകൎഷിക്ക.

---

**252** ൨൫൨

Tune :'*Jesus, keep me near the cross*'

7s. 6s.

൧. ദൈവത്തിൻ ഹിതം സദാ
ചെയ്വതിന്നു നിന്നെ
പൂൎണ്ണമനസ്സോടു നീ
എന്നും ഏല്പിച്ചീടിൽ
സൎവ്വദാ ദൈവത്തിൻ
ദൃഷ്ടിവെച്ചു നിന്മേൽ
ജീവകാലമൊക്കെയും
താൻ നടത്തും നിന്നെ.

൨. നിൻ സ്വയം വെറുത്തു നിൻ
ക്രൂശെടുത്തുകൊണ്ടു
യേശുവെ പിൻചെല്ലുകിൽ
സംശയമെന്യേ— സൎവ്വ

൩. അക്ഷികൾ എപ്പോഴും നിൻ
രക്ഷിതാവിന്മേൽ നീ
സൂക്ഷ്മമായി പതിച്ചു തൻ
ലക്ഷ്യം നോക്കികൊൾകിൽ—സൎവ്വ

൪. ശുദ്ധതയിൻ ആവിയെ
ദുഃഖിപ്പിച്ചീടാതെ
എപ്പോഴും നീ തൻ തിരു
ചൊൽപടി നടന്നാൽ— സൎവ്വ

൫. ജീവിപ്പിച്ചീടുന്നതാം
ദൈവത്തിൻ വിശുദ്ധ
വാക്കുകൾ എന്നും ഹൃദി
വാസം ചെയ്യുന്നെങ്കിൽ— സൎവ്വ

൬. വീണുപോകുമെങ്കിലും
ക്ഷീണിക്കാതെ നിന്റെ
രക്ഷകനുടെ ക്ഷമ
തൽക്ഷണം ലഭിക്കിൽ— സൎവ്വ

൭. കൊന്നിടുകിലും അവൻ
നിന്നുടെ ശരണം
പൂൎണ്ണമായ് അവന്റെ മേൽ
എന്നും വെക്കുകിൽ നീ— സൎവ്വ

---

**253** ൨൫൩

'*Guide me, O thou great Jehovah*'

8. 7. 8. 7. 8. 7.

൧. നിത്യനായ യഹോവായേ,
ലോക വൻ കാട്ടിൽ കൂടെ
ബലഹീനൻ ആയ എന്നെ
നടത്തി താങ്ങേണമേ
സ്വൎഗ്ഗ അപ്പം
എനിക്കു തരേണമേ.

൨. നിത്യപാറ തുറന്നിട്ടു,
ജീവജലം നല്കുക
അഗ്നി മേഘസ്തംഭംകൊണ്ടു
പാത നന്നായ് കാണിക്ക
ബലവാനേ
രക്ഷ നീ ആകേണമേ

൩. യോർദ്ദാനെ ഞാൻ കടക്കുമ്പോൾ
ഭയം എല്ലാം മാറ്റുക
മൃത്യുവിനെ ജയിച്ചോനേ,
കാനാനിൽ കൈക്കൊള്ളുക :
നിന്നെ മാത്രം
ഞാൻ എന്നേക്കും സ്തുതിക്കും.

---

## 254 ൨൫൪

Tune: '*Farewell, faithful friends*'

11. 11. 11. 10.

൧

യേശു എന്നുള്ള നാമം വൻ മധുരം
വിശ്വാസത്താൽ ഞാനവനോടണഞ്ഞു
എൻ ജീവനവൻ എൻ കർത്താവായുള്ളം
ആജീവനാന്തം താൻ എൻ സൌഭാഗ്യം

൨

ആശാപത്തിൽ ഞാനാപത്തിൽ കിടന്നു
പിശാചിന്നുടെ പാശത്തിൽ പെട്ടതാൽ
മർത്ത്യനായ്വന്നാൻ എന്നെ രക്ഷിപ്പാനായ്
സാത്താനിൽനിന്നും വീണ്ടെടുത്തവൻ.

൩

പാപല്ലോകമെന്റെ സ്വന്തമാകിലും
നല്ലൊരു പിതാവുണ്ടെനിക്കവിടെ
അന്നുടെയാത്മാവെന്നുള്ളിൽ പാർക്കുന്നു
ഒന്നുകൊണ്ടുമെൻ ഭാഗ്യം പോയിടാ.

൪ [ൻ

എൻ വേദത്തിൽ ഞാൻ ധ്യാനിക്കുമ്പോളവ-
നെന്നോടുരെക്കും എന്നും തൻ മർമ്മങ്ങൾ
പൈതൽ മൊഴിപോലെ ഞാൻപ്രാർത്ഥിച്ചിടുമ്പോൾ
എന്മാനസംപോൽ സർവ്വം നല്കുന്നു.

൫

ഇപ്പാരിലെന്റെ ജീവിത ഭാഗ്യങ്ങൾ
എപ്പോഴും സദാ വർദ്ധിച്ചുയരുന്നു
ഈലോകം വിട്ടങ്ങു ഞാൻ പോകുമ്പോൾ
ഇഷ്ടംപോലെന്റെ കാന്തനെക്കാണാം
യേശു കർത്താവേ,
നിൻ നാമമെന്നിമ്പം
നിത്യകാലവും.

---

## 255 ൨൫൫

German Tune: '*Weil ich Jesu*'

7. 7. 8. 8. 7. 7.

൧. യേശുവിന്റെ ആടു ഞാൻ
എപ്പോഴും സന്തോഷിക്കാം
അവൻ എന്നെയും സ്നേഹിച്ചു
എന്റെ നാമവും വിളിച്ചു
നല്ലിടയൻ താനവൻ
എന്നരുമ രക്ഷകൻ.

൨. യേശു കയ്യിൽ നല്ല കോൽ
നമ്മെയും നടത്തുമ്പോൾ
നല്ല മേച്ചിൽ പാല്യം ചോറും
തന്നു പോറ്റും ദിനംതോറും
ദാഹവും വരുന്നെങ്കിൽ
വെള്ളം കാട്ടും ഉറവിൽ.

൩. ഇത്ര ഭാഗ്യമുള്ള ഞാൻ
എന്തു മൂലം ദുഃഖിപ്പാൻ
പല നല്ല നാളിൻ ശേഷം
വെടിയേണം ഞാൻ ഈ വേഷം
എന്റെ പാർപ്പു പിന്നീടിൽ
ഇടയന്റെ മടിയിൽ.

---

## 256 ൨൫൬

Tune: '*Saviour, again to Thy dear Name*'

10s.

൧. നല്ലിടയനാം യേശു രക്ഷകൻ
തൻ ജീവൻ നല്കി വീണ്ടെടുത്തെന്നെ
മുട്ടുകൾ സർവ്വവും നാൾതോറുമേ
തീർത്തു പാലനം ചെയ്തീടുന്നു താൻ.

൨. യേശു നല്ലിടയൻ എന്നെ നല്ല
മേച്ചിൽസ്ഥലെ കിടത്തുന്നു സദാ
ശാന്തവെള്ളങ്ങൾക്കരികിൽ എന്നെ
സന്തതം കൊണ്ടുപോകുന്നു അവൻ.

൩. നീതിവഴികളിൽ നടത്തുന്നു
സാദരം എന്നെ എൻ നല്ലിടയൻ
മുൻ നടക്കുന്നു താൻ അനുദിനം
എന്നെ പേർ ചൊല്ലി വിളിച്ചിടുന്നു.

൪. തൻ ആടുകളെ അറിയുന്നവൻ
നന്നായറിയും തൻ ശബ്ദം അവ
സൎവ്വശക്തിയുള്ള തൻ കൈകളിൽ
ക്ഷേമമായിരിക്കും അവ എന്നും.

൫. കെട്ടുന്നു മുറിവു രോഗികളെ
മുറ്റും സുഖപ്പെടുത്തീടുന്നു താൻ
മാൎവ്വിൽ കുഞ്ഞാടുകളെ ചുമന്നു
സൎവ്വനേരവും പാലിച്ചീടുന്നു.

൬. ഠരം നല്ലിടയ സംരക്ഷണയിൽ
ഞാൻ എന്റെ ലോകവാസം കഴിച്ചു
മൃത്യുവിൻശേഷം സ്വൎഗ്ഗേ പാൎത്തീടും
നിത്യകാലവും തന്റെ മടിയിൽ.

---

**257** ൨൫൭

German Tune: '*Weil ich Jesu*'

7. 7. 8. 8. 7. 7.

൧. എന്നിടയൻ യേശുവേ,
എന്നെ നീ നടത്തുന്നു
മേഘസ്തംഭംകൊണ്ടും നിന്റെ
അഗ്നിത്തൂണിനാലും എല്ലാ
ആപത്തിൽനിന്നും സദാ
രാപ്പകൽ കാക്കുന്നു നീ.

൨. നിൻ കാവലിൽ പാൎക്കുന്നോൻ
ഭാഗ്യവാനായവനഹം
നിൻ നിറവിൽ നിന്നെപ്പോഴും
എൻ മുട്ടുകൾ ആസകലം
തീൎത്തു തന്നീടുന്നു നീ
എത്ര നല്ല രക്ഷകൻ.

൩. എന്നുടെ അപേക്ഷയെ
നീ നല്കാതിരിക്കുമ്പോൾ
നിന്നോടണഞ്ഞീടുവാനും
എന്നെ തന്നേ താഴ്ത്തുവാനും
നിൻ കൃപാദാനത്തെ നീ
അൻപോടരുളേണമേ.

൪. കുഞ്ഞാടുകളെയും നീ
നിൻ മാൎവ്വിൽ ചുമക്കുന്നു,
നിൻ കരങ്ങളാലെ എന്നും
താങ്ങുന്നു വീഴാതിരിപ്പാൻ,
നിൻ സ്നേഹം ക്ഷണംപ്രതി
ആസ്വദിച്ചിടട്ടെ ഞാൻ.

---

**258** ൨൫൮

C. M.

൧. നിൻ കരുണകൾ കൎത്താവേ,
വളരെ പെരുകുന്നു
ഇവയെ ഓൎത്തു സദാ ഞാൻ
ആശ്ചൎയ്യപ്പെടുന്നു.

൨. ഞാൻ ശിശുവായിരുന്നപ്പോൾ
എന്നെ നീ പാലിച്ചു
എൻ യൌവനത്തിൽ നീ തന്നെ
ഏറ്റം സഹായിച്ചു.

൩. ഞാൻ രോഗി ആയ് കിടന്നപ്പോൾ
ആശ്വാസം നീ തന്നു,
പാപ ദുഃഖത്തിൽനിന്നു നീ
എന്നെ വിടുവിച്ചു.

൪. ഈ ആയുസ്സുള്ള നാൾ ഒക്കെ
നിന്നെ ഞാൻ പുകഴ്ത്തും
മേൽലോകത്തിൽ കൎത്തനെ ഞാൻ
ഏററവും സ്തുതിക്കും.

൫. നിനക്കു സ്തുതി ദൈവമേ,
എന്നേക്കും ഞാൻ പാടും
നിന്നെ സ്തുതിപ്പാൻ നിത്യത്വം
പോരാത്തതായിടും.

---

**259** ൨൫൯

'*Precious promise God hath given*'

8s. 7s.

൧. കൎത്തൻതന്ന നൽ വാഗ്ദാനം
ആൎത്തനാം സഞ്ചാരിക്കായ്
'സ്വൎഗ്ഗയാത്ര നീളെ നിന്നെ
ഞാൻ നടത്താം എൻ കണ്ണാൽ.'

ഞാൻ നടത്താം, ഞാൻ നടത്താം
ഞാൻ നടത്താം എൻ കണ്ണാൽ
സ്വർഗ്ഗയാത്ര നീളെ നിന്നെ
'ഞാൻ നടത്താം എൻ കണ്ണാൽ.'

൨. പരീക്ഷകളാൽ ജിതനായ്
ധൈര്യമറ്റോനായ്ത്തീന്നാൽ
നിന്നിൽ ധ്വനിക്കട്ടെൻ വിളി
'ഞാൻ നടത്താം എൻ കണ്ണാൽ'—
ഞാൻ നടത്താം

൩. മുൻ കഴിഞ്ഞ കാലത്തോടെ
നിൻ പ്രത്യാശയറ്റീടിൽ
പിന്നെയും കേൾ എൻ വാഗ്ദാനം
'ഞാൻ നടത്താം എൻ കണ്ണാൽ' —
ഞാൻ നടത്താം

൪. അന്ത്യവായു വന്നു ശീഘ്രം
മൃത്യു നേരമാകുമ്പോൾ
നിൻ വിശ്വസ്തനാഥൻ ചൊൽ കേൾ
'ഞാൻ നടത്താം എൻ കണ്ണാൽ' —
ഞാൻ നടത്താം

## 260 ൨൬൦

*'He leadeth me'*

L. M.

൧. കർത്തൻ എന്നെ നടത്തുന്നു
എത്ര ഭാഗ്യം സ്വർഗ്ഗാശ്വാസം
എല്ലാററിലും-എവിടെയും
തൻ കൈ തന്നെ നടത്തുന്നു.
നടത്തുന്നാൻ-നടത്തുന്നാൻ
തൻ കയ്യാൽ മാം നടത്തുന്നാൻ
തൻ പിൻഗാമിയായീടും ഞാൻ
തൻ കയ്യാൽ മാം നടത്തുന്നാൻ.

൨. അതിദുഃഖ മദ്ധ്യത്തിലും
ഏദൻ ഭാഗ്യനിറവിലും
ശാന്തത്തിൽ താൻ-വൻകാററിൽതാൻ
തൻ കൈ തന്നെ നടത്തുന്നു— നട

൩. കർത്താ നിൻ കൈ പിടിക്കും ഞാൻ
പശ്ചാത്താപപ്പെടാ പിന്നെ
എന്നംശത്തിൽ തൃപ്തിപ്പെട്ടും
എൻ ദൈവം താൻ നടത്തുന്നു—നട

൪. ലോകെ എന്റെ വേല തീർത്തു
നിൻ കൃപയാൽ ജയം നേടി,
മൃത്യുകാലം പേടിക്കാ ഞാൻ
യോർദ്ദാനിൽ നീ നടത്തുന്നു— നട

## 261 ൨൬൧

*'Holy Spirit, faithful Guide'*

7s. D.

൧. ആത്മാവാം വഴികാട്ടി
എന്നെ സദാ നടത്തി
കൊണ്ടുപോകും വനത്തിൽ
കൂടെ സാവധാനത്തിൽ;
ക്ഷീണരേ, സന്തോഷിപ്പിൻ,
തൻ ഇമ്പമൊഴി കേൾപ്പിൻ,
'സഞ്ചാരി! നീ കൂടെ വാ
ചേർക്കാം നിന്നെ വീട്ടിൽ ഞാൻ.'

൨. ഉള്ളം തളർന്നേററവും
ആശയററ നേരവും
ക്രൂശിൽ രക്തം കാണിച്ചു
ആശ്വാസം നല്കീടുന്നു;
ശുദ്ധാത്മാവിൻ പ്രഭയിൽ
ഞാനൊളിക്കും നേരത്തിൽ
ശത്രുശല്യമൊന്നുമേ
പേടിക്കേണ്ടാ എങ്ങുമേ.

൩. സത്യസഖി താൻ തന്നേ
സർവ്വദാ എൻ സമീപെ
തുണെക്കും നിരന്തരം
നീക്കും ഭയം സംശയം;
കാററുഗ്രമടിക്കിലും
ഇരുൾ കനത്തിടിലും
'സഞ്ചാരി! നീ കൂടെ വാ
ചേർക്കാം നിന്നെ വീട്ടിൽ ഞാൻ.'

൪. ആയുഷ്ക്കാലത്തിന്നന്തം
ചേർന്നാർത്തി പൂണ്ടനേരം
സ്വർഗ്ഗചിന്ത മാത്രമേ
ഏകമെന്നാശ്രയമേ;
താൻ മാത്രം ആ നേരത്തും
എന്നെ ആഴം കടത്തും
'സഞ്ചാരി! നീ കൂടെ വാ
ചേർക്കാം നിന്നെ വീട്ടിൽ ഞാൻ.'

## 262 ൨൬൨

Tune : *'Tenderly guide us'*

P. M.

൧. സ്നേഹത്തിൻ ഇടയനാം യേശുവേ,
വഴിയും സത്യവും നീ മാത്രമെ
നിത്യമാം ജീവനും ദൈവപുത്രാ,
നീയല്ലാതാരുമില്ല.
യേശുനാഥാ, ഞങ്ങൾക്കു നീയ-
ല്ലാതാരുമില്ല;
യേശുനാഥാ, നീയല്ലാതാരുമില്ല.

൨. സാധുക്കൾക്കായ് വലഞ്ഞലഞ്ഞതും
ആടുകൾക്കായ് ജീവൻ വെടിഞ്ഞതും
പാടുകൾ പെട്ടതും ആർ? നായകാ,
നീയല്ലാതാരുമില്ല— യേശു

൩. നീക്കീടുവാൻ എല്ലാ പാപത്തെയും
പോക്കീടുവാൻ സർവ്വ ശാപത്തെയും
കോപാഗ്നിയും കെടുത്തീടാൻ കർത്താ
നീയല്ലാതാരുമില്ല— യേശു

൪. അറിവാൻ സ്വർഗ്ഗപിതാവിനെയും
പ്രാപിപ്പാൻ വിശുദ്ധാത്മാവിനെയും
വേറൊരു വഴിയുമില്ല നാഥാ
നീയല്ലാതാരുമില്ല— യേശു

൫. സഹിപ്പാൻ എൻ ബുദ്ധിഹീനതയും
വഹിപ്പാൻ എൻ എല്ലാ ക്ഷീണതയും
ലാളിപ്പാൻ പാലിപ്പാൻ ദൈവപുത്രാ
നീയല്ലാതാരുമില്ല— യേശു

൬. സത്യവിശ്വാസത്തെ കാത്തിടുവാൻ
നിത്യം നിൻ കീർത്തിയെ പാടീടുവാൻ
ഭൃത്യന്മാരിൽ കൃപ തന്നീടുവാൻ
നീയല്ലാതാരുമില്ല— യേശു

൭. ദൈവമഹത്വത്തിൽ താൻ വരുമ്പോൾ
ജീവകിരീടത്തെ താൻ തരുമ്പോൾ
അപ്പോഴും ഞങ്ങൾ പാടിടും നാഥാ
നീയല്ലാതാരുമില്ല — യേശു

## 263 ൨൬൩

*'We have heard the Joyful sound'*

P. M.

൧. മോദവാർത്ത കേട്ടു നാം
'യേശു രക്ഷിക്കുന്നു'
കേൾപ്പിനെല്ലാടവും
'യേശു രക്ഷിക്കുന്നു.'
കടൽ കടന്നു കുന്നും
നാടു നീളെ ചൊല്ലുവിൻ
ഘോഷിപ്പിൻ കർത്തൻ ഹിതം
'യേശു രക്ഷിക്കുന്നു.'

൨. ഘോഷിപ്പിൻ കടൽമേലും
'യേശു രക്ഷിക്കുന്നു.'
'ദോഷിയോടൊക്കെ ചൊൽക
'യേശു രക്ഷിക്കുന്നു'
പാടുവിൻ ദ്വീപങ്ങളെ
കടൽ സർവ്വം മുഴങ്ങ
യോബേൽ ഘോഷിക്കും ഭൂമി,
'യേശു രക്ഷിക്കുന്നു.'

൩. കഷ്ടപ്പാടിൻ മദ്ധ്യേ ചൊൽ
'യേശു രക്ഷിക്കുന്നു'
മൃത്യുവാൽ, തൻ ജീവനാൽ,
'യേശു രക്ഷിക്കുന്നു'
നെഞ്ചിൻ വഞ്ചര കൃപയ്ക്കായ്
കെഞ്ചുമ്പോൾ അഞ്ചാതെ ചൊൽ
കല്ലറമേൽ ഘോഷിക്കാം
'യേശു രക്ഷിക്കുന്നു.'

൪. ഘോഷിപ്പിൻ കാറ്റിൻ മദ്ധ്യേ
'യേശു രക്ഷിക്കുന്നു'
ജാതികളിന്നാകട്ടെ
'യേശു രക്ഷിക്കുന്നു.'
ആർക്കുവിൻ, 'പൂർണ്ണ രക്ഷ'
എല്ലാ കടൽതീരത്തും
നമ്മുടെ ജയഗീതം
'യേശു രക്ഷിക്കുന്നു.'

## Warfare and Temptation
## ജ്ഞാനയുദ്ധവും പരീക്ഷയും

**264** ൨൬൪

7s.

൧. ക്രൂശിൻ പടയാളികൾ
കൂടി ഇങ്ങു വരുവിൻ
യേശുവിൻ പിൻഗാമികൾ,
പോരിന്നായ് ഒരുങ്ങുവിൻ.

൨. യേശു അല്ലോ നായകൻ
പോരിൽ പരാക്രമി താൻ
യേശു നൽ സഹായകൻ
ധൈര്യം ഏകും വീഴ്വവാൻ.

൩. പേടിക്കേണ്ടാ ഭടരേ
പേയിൻ പട ഭ്രമിക്കും
ഓടി പോകും തുടരെ
നായകൻ താൻ ജയിക്കും.

൪. ആത്മപോരിൻ വാളിനെ
ആയുധമായ് ധരിപ്പിൻ
ദുഷ്ടനാം പിശാചിനെ
വെട്ടി മുറി ഏല്പിപ്പിൻ.

൫. നീതിയിൻ കവചവും
സത്യമാം നടുക്കെട്ടും
നൽ വിശ്വാസ ഖേടവും
ശത്രുവിനെ വിരട്ടും.

൬. സേനയിൻ യഹോവ താൻ
നമ്മെ യോർദ്ദാൻ കടത്തും
കനാൻനാട്ടിൽ എത്തുവാൻ
നേരെ അവൻ നടത്തും.

---

**265** ൨൬൫

*'Onward! Christian soldiers'*

6s. 5s.

൧. ക്രിസ്തു സൈന്യമേ, വാ
പോരിൽ നിരയായ്
മുമ്പെ പോയ യേശു
തന്നെ നോക്കിടിൻ
ക്രിസ്തുരാജൻ ഇപ്പോൾ
വൈരികൾക്കെതിർ
മുമ്പോട്ടെത്തി പോരിൽ
കാണ്മിൻ, തൻ കൊടി.
ക്രിസ്തു സൈന്യമേ, വാ
പോരിൽ നിരയായ്
മുമ്പെ പോയ യേശു
തന്നെ നോക്കിടിൻ.

൨. സാത്താൻ സേന എല്ലാം
പാഞ്ഞോടുന്നു കാൺ
മുന്നോട്ടോടി എത്തിൻ
ക്രിസ്തു സൈന്യമേ,
പാതാളം ഇളകി
ജയ ഭേരിയാൽ
ഘോഷിച്ചാനന്ദിപ്പിൻ
പാടിൻ ഉച്ചത്തിൽ.
ക്രിസ്തു സൈന്യമേ, വാ—

൩. വൻ സേനയെ പോലെ
പോകുന്നി സഭ
ശുദ്ധർ പോയ മാർഗ്ഗേ
നാമും പോകുന്നു,
നാം എവരും ഏകം
ഏക ശരീരം
സ്നേഹം ആശാബന്ധം
എന്നതിൽ ഏകം.
ക്രിസ്തു സൈന്യമേ, വാ—

൪. ലോക രാജ്യം എല്ലാം
പോകും ഇല്ലാതായ്
ക്രിസ്തുസഭ എന്നും
എന്നും ഇരിക്കും
'നരകത്തിൻ വാതിൽ
എതിരായ് വരാ'
എന്നു ചൊന്ന വാക്കു
മാററം ഇല്ലാതാം
ക്രിസ്തു സൈന്യമേ, വാ—

൫. ഹേ ജനമേ ! മുമ്പോ(ട്ട്)
ഓടി വന്നീടിൻ
ഒരേ കൂട്ടത്തോടൊന്നി(ച്ച്)
ആനന്ദിച്ചീടിൻ
മഹത്വം സ്തുതിയും
മാനം എന്നിവ
യേശുരാജന്നെന്നും
ആയിരിക്കട്ടെ.
ക്രിസ്തു സൈന്യമേ, വാ—

## 266 ൨൬൬

*'Fight the good fight'*

L. M.

൧. നല്ല പോർ ചെയ്ക ധൈര്യമായ്
ക്രിസ്തു നിൻ ശക്തി, നിൻ നേട്ടം;
ജീവൻ നേടിക്കോൾകിൽ അതു
നിത്യ സന്തോഷം കിരീടം.

൨. ഓട്ടകയോട്ടം കൃപയാൽ
ദർശിക്ക തൻ തിരുമുഖം;
ജീവനിതാ നിൻ മുൻപിൽ കാൺ
ക്രിസ്തു നിൻ പാത, നിൻ ലാക്ക്.

൩. ചഞ്ചലം നീക്കി ചാരിക്കോൾ
തൃക്കാരുണ്യം നിൻ ആശ്രയം
ആശ്രയിപ്പോർക്ക നിശ്ചയം
ക്രിസ്തു താൻ ജീവൻ സ്നേഹവും.

൪. തൻ ഭുജം നീക്കും നിൻ ഭയം
നാഥൻ അഭേദ്യൻ നീ പ്രിയൻ
വിശ്വസിക്കിൽ നീ ദർശിക്കും
ക്രിസ്തു സർവ്വമായ്നിനക്കും.

## 267 ൨൬൭

Tune: *'Hold the fort'*

8s. 5s.

൧. എന്നെ നിത്യ നാശ മാർഗ്ഗം
തന്നിൽ ആക്കിടാൻ
സാത്താൻ ഏററം സൂത്രത്തോടെ
സഞ്ചരിക്കുന്നു.
യേശുവേ എൻ രക്ഷിതാവേ
ആശ്രു തുണെക്ക
ആശ്രു തുണയ്ക്കായ്കിലൊ ഞാൻ
നാശം ആകുമെ.

൨. എൻ ജഡം ആത്മശത്രുവായ്
ജയം നേടുവാൻ
എത്രയും കഠോരയുദ്ധം
ചെയ്തിടുന്നയ്യോ— യേശു

൩. മായച്ചന്ത ആകും ലോകം
മാം വലയ്ക്കുന്നു
ശത്രുവോടെതൃത്തിടുവാൻ
ശക്തി മെ നാസ്തി— യേശു

൪. കേസരിയെ പോൽ രിപുക്കൾ
സംശയം എന്ന്യെ
ശക്തിയായ് പോർ ചെയ്യുന്നു
ഇല്ല മെ ശക്തി— യേശു

൫. ഉന്നത സങ്കേതം എന്റെ
എന്നും നീയല്ലോ
എന്നെ വിട്ടുവിക്കുന്നവൻ
എന്നും നീയല്ലോ— യേശു

## 268 ൨൬൮

*'Yield not to temptation'*

11s.

൧

ശോധനയിൽ വീഴല്ലെ; വീഴ്ച പാപം
വേറെ ജയം ഉണ്ടാം ഒരു ജയത്താൽ
നന്നായ് പൊരുതി രാഗാദി അടക്ക
യേശുവെ നോക്കെന്നും താൻ നടത്തീടും.
യാചിക്കേശു സഹായം
ആശ്വാസം ബലം കാവൽ
യേശു മനസ്സുള്ളോനാം
താൻ നിന്നെ നടത്തും.

൨

ദുഷ്ട സഖിയും ദുർവ്വാക്കും ത്യജിക്ക;
ദൈവ തിരുനാമം ചൊൽ ഭക്തിയോടെ
വിവേകം എരിവു നേർ ദയ കൊൾക,
യേശുവെ നോക്കെന്നും താൻ നടത്തീടും.
യാചിക്കേശു—

൩

ദൈവം കിരീടം നല്കും വിജയിക്ക
വിശ്വാസം ജയിക്കും; തോല്വി വന്നേക്കാം
രക്ഷകൻ ഏകും നൽബലം നമുക്ക
യേശുവെ നോക്കെന്നും താൻ നടത്തീടും.
യാചിക്കേശു—

## 269 ൨൬൯

*'Only an armour bearer'*

P. M.

൧

ആയുധ വാഹി മാത്രം; ഞാൻ ധീരനായ്,
രാജന്റെ ചൊല്ല കേൾപ്പാൻ നില്ക്കുന്നു
പോക എന്നു ചൊന്നാൽ ഞാൻ പോയീടും
നായകനോടൊത്തു നില്പാനും തയ്യാർ.

ഹേ കേൾക്ക പോർവിളി മുൻചൊല്ലുവാൻ
സന്ദേഹികൾ മാറി വീഴ്ചയും കാൺ
ആയുധവാഹി മാത്രം എന്നാലും
പോരും ഞാൻ പോരിനെന്നു താൻ കാ-
[ണും

൨

ആയുധവാഹി മാത്രം പോർക്കളത്തിൽ
ആയുധം പൂണ്ടുള്ള എൻ കാവലിൽ
പോരിന്നു പോവാൻ വിളിക്കുന്നാകിൽ
തയ്യാർ എന്നു ചൊല്ലും ഞാനന്നേരത്തിൽ
ഹേ കേൾക്ക—

൩

ആയുധ വാഹി എങ്കിലും എൻ അംശം
ദിവ്യ ശ്രേയസ്സും മിന്നും മുടിയും
പോരു ചെയ്തു ഞാൻ ധൈര്യം കാട്ടുകിൽ
ജയ മുടി ചൂടും ഞാൻ ആ സദസ്സിൽ
ഹേ കേൾക്ക—

## 270 ൨൭൦

*Stand up, stand up for Jesus'*

7. 6. D

൧. നിന്നീടിൻ യേശുവിന്നായ്
ക്രിസ്തുസേനകളേ,
ഉയർത്തീടിൻ കൊടിയെ
നഷ്ടം നേരിടല്ലേ;
ജയം ജയം തനിക്കും
തന്റെ സേനകൾക്കും,
വൈരികൾ എല്ലാം തോല്ക്കും
താൻ കർത്താവായ് വാഴും.

൨. നിന്നീടിൻ യേശുവിന്നായ്
എന്നീ പോർവിളി കേൾ
നിങ്ങൾ നിദ്ര കൊണ്ടാലോ
അവന്നു ലജ്ജ താൻ
നിൻ ഉള്ളിലും പുറത്തും
കാണുന്ന തിന്മയെ
നീ നേരിട്ടു പോരാടി,
ഇല്ലായ്മ ആക്കുകെ.

൩. നിന്നീടിൻ യേശുവിന്നായ്
കാഹള നാദം കേൾ
മുന്നോട്ടു ചേരിൻ പോരിൽ
ഈ നേരം വീരരേ;
എണ്ണം ഇല്ലാ വൈരികൾ
ഏററം ശൌര്യം ഉള്ളോർ
പേടിച്ചീടേണ്ടവരെ
ധൈര്യമായ് ചെയ്ക പോർ.

൪. നിന്നീടിൻ യേശുവിന്നായ്
തൻ ശക്തി ശരണം
സ്വശക്തി ഫലിച്ചീടാ
സ്വയാശ്രയം വൃഥാ,
സർവ്വായുധവർഗ്ഗം നീ
ആത്മാവിൽ ധരിക്ക
ആപത്തിൻ നടുവിലും
ആവശ്യം ചെയ്ക നീ.

൫. നിന്നീടിൻ യേശുവിന്നായ്
യുദ്ധം വേഗം തീരും,
ഇന്നു പോരിൻ സന്നാഹം
നാളെ ജയഗീതം
ജയാളിക്കു ലഭിക്കും
ജീവന്റെ കിരീടം
തേജസ്സിൽ യേശുവോടു
വാണീടും എന്നുമേ.

## 271 ൨൭൧

*'Oft in danger, oft in woe'*

7s.

൧. ആപൽ ഖേദകാലത്തിൽ
വീരരേ, മുമ്പോട്ടേത്തിൻ
ജീവ അപ്പം ഭുജിപ്പിൻ
പോരിൽ ശക്തി ലഭിപ്പിൻ.

൨. ദുഃഖം കണ്ണീർ വന്നാലും
കാര്യം മങ്ങാതാകേണം
തുടച്ചീടും കണ്ണുകൾ
ശുഭമാകും പാതകൾ.

൩. ക്ഷീണരേ, വന്നീടുവിൻ
ആയുധം കൈക്കൊള്ളുവിൻ
പോരിൽ ജയം ലഭ്യമേ
വൻ സന്തോഷമെന്നുമേ.

൪. സേനയോടു ചേർന്നുകൊൾ
പോർ ചെയ്തീടുക നിങ്ങൾ
ശത്രുവെ ജയിച്ചീടും
ക്രിസ്തുസൈന്യമേ പോക.

൫. സ്തോത്രഗീതം പാടുന്നു
താതസുതനാത്മനു
നിത്യം നിന്റെ നാമത്തെ
ആർത്തു ഘോഷിച്ചീടട്ടെ.

## 272 ൨൭൨

*'Hold the Fort'*

8s. 5s.

൧. എൻെറ തോഴരേ, കൊടി കാൺ
വീശുന്നാകാശേ
എൻ സഹായ സേന വരുന്നേ
ജയം തന്നേ. [ന്നു
'കോട്ട കാപ്പിൻ' യേശു ചൊല്ലു-
'വരുന്നു ഞാൻ'
'നിൻ കൃപയാൽ കാക്കാം' എന്നു
ഉത്തരമായ് ചൊല്ലിൻ.

൨. ശ്രേഷ്ഠ സൈന്യം ഏറുന്ന മുൻ
സാത്താൻെറ ചൊൽകീഴ്
ശക്തിമാന്മാർ വീഴുന്നു ചുററും
ഭയത്തിൻ കീഴ്— കോട്ട

൩. തേജസ്സിൻ ലക്ഷ്യത്തെ കാണ്മിൻ
കാഹളം കേൾപ്പിൻ
സൈന്യനാഥൻ നാമത്തിൽ ജയം
രിപുക്കൾ മേൽ— കോട്ട

൪. ഘോര യുദ്ധം നീണ്ടെന്നാലും
കൂട്ടരുണ്ടു ഹേ
സൈന്യ നാഥൻ മുൻ വരുന്നു
മോദം കൂട്ടരേ— കോട്ട

---

## 273 ൨൭൩

*'We are soldiers of Christ'*

12s. 9s.

൧

രക്ഷാവല്ലഭൻ ക്രിസ്തൻ പോരാളികൾ നാം
കുരിശാം കൊടി നിവിർന്നിതാ
പോർചെയ്യു ധർമ്മം തൻവിശ്വാസധീരരായ്
വൈരികൾ സാത്താൻ ജഡം ലോകം.

൨

ഒരേ വിശ്വാസ പ്രത്യാശയാലേവരും
സോദരർ ഗണം ഒന്നായ് നിന്നും
യേശുനാമത്തിൽ നിന്ദ വഹിക്കുന്നേരം
തിരുക്രൂശിനെ ധ്യാനിക്കും നാം.

൩

ത്തുവെക്കും വിളിക്കും കുരിശടയാളം
ലഭിച്ചോരത്രെ സ്നാനത്തിൽ നാം
വ്രതം കാപ്പാൻ ക്ഷീണരും ശക്തരാവാൻ-
ദിവ്യമത്രെ ആയുധവർഗ്ഗം.

൪

ശത്രു കോപിക്കിലൊ പ്രീതി ഭാവിക്കിലൊ
ഉടൻ തയ്യാറായ് എതിർക്കും നാം
ദുഃഖസ്തുതി ഭീഷണി സൂത്രങ്ങളാലൊ
കുടുങ്ങിടാതെ പോരിടും നാം.

൫

ജഡമോഹാദികളടക്കി ജയിച്ചും
അടിമ പാപത്തിന്നാകാതെ
ഹൃദയമതിൽ ശുദ്ധാത്മാവ് വ്യാപരിച്ചും
നേടും ആത്മസ്വാതന്ത്ര്യം സദാ.

൬

നന്ദികാ ഭ്രഷ്ടിപക്ഷം നോക്കും ജീവിതം
ലോകസ്നേഹത്തിന്നല്ലിനിമേൽ
സ്വപ്നമതോടും താതനോടും നിരന്തം
നമ്മോടും സത്യം നാം പാലിക്കും.

൭

ക്രിസ്തു കാട്ടും വഴി നടക്കിൽ തോഴർ നാം
ധൈര്യപ്പെടുത്തുവിൻ അന്യോന്യം
പോർ ഒഴിക്കിൽ കീഴടങ്ങിൽ അവമാനം
ഉണർന്നും പ്രാർത്ഥിച്ചും പോർചെയ്യും.

൮ [പ്രാ

പോരിൽക്ഷീണം ശോധന ദാരിദ്ര്യമപ്പൊ-
ദൈവശക്ത്യാ ജയം നിശ്ചയം
പിതൃദേശെ ശുദ്ധരായ് മുടിച്ചൂടുമ്പോൾ
മഹൽഭാഗ്യം അവർന്നിടും.

---

## 274 ൨൭൪

*'In the hour of trial'*

6s. 5s.

൧. പരീക്ഷാനാൾ യേശു
പ്രാർത്ഥിക്കെനിക്കായ്
ത്യജിച്ചു നിന്നെ ഞാൻ
വിട്ടുപോകായ്വാൻ

നോട്ടത്താൽ നിരത്തണം
ഞാനിളകുമ്പോൾ
ഒരുവിധത്തിലും
വീഴാതെ കാത്തു.

൨ മോഹിപ്പിച്ചിമ്പത്താൽ
ലോകം മയക്കി
നീചധനം കാട്ടി
എന്നെ ചതിച്ചാൽ
കാല്വറിക്രൂശതും
ശ്രേഷ്ഠമെന്നെയും
പ്രത്യക്ഷമാക്കേണം
എൻ മനം മുമ്പിൽ.

൩. സ്നേഹത്താലെന്നെ നീ
ശിക്ഷിച്ചീടുമ്പോൾ
യാഗമേൽ വീഴ്ത്തുക
നിന്നാശീർവ്വാദം
യാഗാർപ്പണത്തിങ്കൽ
പാനപാത്രത്തെ
ദുഃഖമേറെച്ചാലും
കുടിക്കും മനം.

൪. ശവക്കുഴി മണ്ണിൽ
ഞാൻ വീണീടുമ്പോൾ
അതിന്മേൽ സ്വർജ്യോതിസ്സ്
ശോഭിച്ചീടവെ
മൃത്യുപാരിൽ നിന്റെ
സത്യത്തിൽ ചാരി
മരിക്കുമെന്നെ നീ
കൈക്കൊൾ ജീവനിൽ.

## 275 ൨൭൫

Tune : '*Sound the battle cry*'

P. M.

൧

സേനാപതിയിൻ ശബ്ദം കേൾക്കുവിൻ
വന്നൊരുങ്ങുവിൻ പോരിന്നായ്
ക്രിസ്തുനാമത്തിൽ കൊടിയേറ്റുവിൻ
സർവ്വജാതികളിൻ രക്ഷയ്ക്കായ്.
വീരർ, ധീരരായി കൊടിക്കീഴിൽ
കൂടിൻ ഊതിൻ വെള്ളിക്കാഹളം
സൈന്യനാഥൻ യൂദയിലെ സിംഹം
ഹല്ലെലൂയ്യാ! ജയം നിശ്ചയം.

൨

ലോകയുദ്ധങ്ങളാൽ അശുദ്ധങ്ങൾ
രക്തപാതകം ഏറുന്നു
നാമോ കൊല്ലുവാൻ അല്ല രക്ഷിപ്പാൻ
ക്രിസ്തൻപോരിനോടു ചേരുന്നു— വീര

൩

അന്ധകാരത്തിൻ ബന്ധം വെട്ടുവിൻ
സുവിശേഷത്തിൻ വാളിനാൽ
വായ്യും ജ്ഞാനവും കർത്തൻ അരുളും
ശക്തനാക്കും തന്നാത്മാവിനാൽ—വീ

൪

ലജ്ജിക്കാതെ നാം ദൈവശക്തിയാം
ക്രൂശിൻവചനം ഘോഷിക്കാം
കഷ്ടങ്ങളിലും നഷ്ടങ്ങളിലും
ഭക്ഷ്യങ്ങളിലും സന്തോഷിക്കാം— വീര

൫

ക്രിസ്തൻ സ്നേഹവും തൻ സൌമ്യതയും
എല്ലായിടത്തും കാക്കുവാൻ
ദൈവശാസന ജീവവാസന
ഭൂനിവാസികൾക്കായിട്ടുവാൻ— വീര

൬

ദൈവം സ്വർഗ്ഗത്തിൽപോലെ ഭൂമിയിൽ
എല്ലാ സൃഷ്ടിമേൽ വാഴേണം
പാപപാശങ്ങൾ ശാപാങ്കുശങ്ങൾ
എല്ലാം പുത്രൻ മൂലം മാറേണം—വീര

൭

ചാകുവോളം നാം തവ വിശ്വസ്തരാം
ദാസരാകണം ഭൂമിയിൽ
സത്യമാനവും നിത്യസ്ഥാനവും
പിന്നെപ്രാപിക്കും നാം സ്വർഗ്ഗത്തിൽ—

## Service സേവ

## 276 ൨൭൬

Tune : '*Far, far away in heathen darkness*'

11. 10. 11. 10.

൧

എൻ യേശുവെ മാത്രം ഞാൻ വിശ്വസിക്കും
തൻ കുരിശെടുത്തുകൊണ്ടെപ്പോഴും
എൻ മരണത്തോളം തൻ പിന്നടിയിൽ
ഉടന്നാൽ ലഭിക്കും പൊൻമുടി താൻ.

അവനെ സേവ ചെയ്തീടും
ഞാൻ അവസാനത്തോളമെ
അവനെ സേവ ചെയ്തീടും ഞാൻ
സൎവ്വദാ
ശുദ്ധാത്മ നടത്തിപ്പാലെ.

൨

എൻ യേശുവെ മാത്രം ഞാൻ സ്നേഹിച്ചീടും
പിന്നാലെ വരുന്നതെന്തായാലും
തുമ്പം പെരുകിടുന്ന കാലത്തിലും
ഇമ്പമായ് വസിക്കും ചിറകിൻകീഴു്.
അവനെ—

൩

എൻ യേശുവെ മാത്രം ഞാൻ സ്തുതിച്ചീടും
എന്റെ സംഗീതജ്ഞാനത്താലെല്ലാം;
പൂൎണ്ണ പ്രാപ്തിയുള്ള കാലമതിലും
തൻ സ്തുതി എൻ നാവിൽ എപ്പോഴുമെ.
അവനെ—

൪

എൻ യേശുവിൽ മാത്രം ഞാൻ ജീവിച്ചീടും
എൻ സ്വയം കൊന്നു തൻ കുരിശിങ്കൽ
തൻജീവൻ എന്റെപേൎക്കായ് കൊടുത്തതാൽ
എന്തു ഞാൻ കൊടുക്കും തന്റെപേൎക്കായ്?
അവനെ—

൫

എൻ യേശുവിൽ മാത്രം ഞാൻ ആശ്രയിക്കും
എൻ സ്വന്തം എന്നതു നശിച്ചാലും
കണ്ണുനീർ എപ്പോഴും കുടിച്ചീടിലും
കാണുന്നവർ ഒക്കെ വെറുത്താലും.
അവനെ—

൬

എൻ യേശുവെ മാത്രം ഞാൻ കാത്തിരിക്കും
തൻ വേല ഒക്കെയും തീൎത്തുംവെച്ചു
വിശ്വാസത്തോടു ഞാൻ നോക്കിപ്പാൎത്തീടിൽ
ആശ്വാസ കാലത്തെ കണ്ടീടും ഞാൻ.
അവനെ—

---

## 277 ൨൭൭

*'Take up thy cross'*

L. M.

൧. എടുക്ക നിന്റെ ക്രൂശിനെ
ഏവം കൎത്തൻ കല്പിക്കുന്നു,
വെറുക്ക ലോകം സ്വയവും
എൻ ശിഷ്യനാകേണം എങ്കിൽ.

൨. എടുക്ക നിന്റെ ക്രൂശിനെ
എന്തിന്നു ഭീതി ഭാരത്തിൽ?
തൻ ശക്തി താങ്ങും ക്ഷീണത്തിൽ
എന്നും ധൈൎയ്യം കൊൾ ഉള്ളത്തിൽ.

൩. എടുക്ക നിന്റെ ക്രൂശിനെ
ലജ്ജഗൎവ്വം ഭാവിക്കേണ്ടാ,
ഏറ്റു നിൻ കൎത്തൻ ക്രൂശിനെ
ഉദ്ധരിപ്പാൻ നിന്നെ; ഓൎക്ക.

൪. എടുക്ക നിന്റെ ക്രൂശിനെ
എല്ലാ വൈഷമ്യവും ഏല്ക്ക
എത്താം നിൻ വീട്ടിൽ അതിനാൽ
ജയിക്കാം മൃത്യുവും അതാൽ.

൫. എടുക്ക നിന്റെ ക്രൂശിനെ
ആജീവനാന്തം വഹിക്ക
ക്രൂശില്ലാതില്ല കിരീടം
ആശയോടെ പിൻപേ പോക.

---

## 278 ൨൭൮

*'I gave my life for thee'*

Six. 6s.

൧. എൻ ജീവൻ ഞാൻ തന്നു;
എൻ രക്തം ചൊരിഞ്ഞു;
നിന്നെ വീണ്ടെടുപ്പാൻ
നീ എന്നും ജീവിപ്പാൻ
എൻ ജീവൻ ഞാൻ തന്നു;
എന്തു തന്നെനിക്കു?

൨. ദീൎഘകാലം പോക്കി
ദുഃഖം കഷ്ടങ്ങളിൽ,
ആനന്ദ മോക്ഷത്തി(ന്നു്)
അൎഹനായ്തീരാൻ നീ
എത്ര ശ്രമിച്ചു ഞാൻ;
എന്തു ചെയ്തെനിക്കായ്?

൩. വിട്ടേൻ പിതൃഗൃഹം
തേജസ്സിംഹാസനം
ധാത്രിയിൽ അലഞ്ഞു
ദുഃഖിച്ചും തനിച്ചും
എല്ലാം നിൻ പേൎക്കല്ലൊ
എന്തു ചെയ്തെനിക്കായ്?

൭. പാടെല്ലൂ ഞാൻ വെട്ടു
പാതകർ കയ്യാലെ
നാവാൽ അവന്നു ദ്രോഹം
നാശം ഒഴിഞ്ഞതേ
പാടേറെ ഞാൻ വെട്ടു;
പാപി എന്തേറ്റു നീ!

൮. സ്വർഗ്ഗത്തിൽ നിന്നു ഞാൻ
സൌജന്യ രക്ഷയും
സ്നേഹം മോചനവും
സൎവ്വ വരങ്ങളും
കൊണ്ടുവന്നില്ലയോ?
കൊണ്ടുവന്നെന്തു നീ?

൯. നിന്നായുസ്സെനിക്കായി
നീ പ്രതിഷ്ഠിക്കിന്നേ
ലോകവും വെറുക്ക
മോദിക്ക താപത്തിൽ
സൎവ്വവും വെറുത്തു
രക്ഷകൻ കൂടെ വാ!

---

## 279 ൨൭൯

### 11s.

൧

തൻ ജീവനെയും തന്നെന്നെ സ്നേഹിച്ചി(ട്ട്)
എൻ ജീവനെ വീണ്ടെടുത്തോർ യേശുവേ
എൻ ജീവനെ ഞാൻ നിനക്കായി തരുന്നു
ഞാൻ ജീവിക്കും നാ(ളിൽ) ളെന്നും നിൻ
അടിമ—

൨

നീ വീണ്ടെടുത്തിട്ടുള്ള നിൻ മക്കളിൽ
ഓരോരുത്തന്നും വേല നീ നല്കുന്നു
ദേവാ നിൻ ദാസൻ വന്നു കെഞ്ചീടുന്നു
ഞാൻ ചെയ്യേണ്ടും വേലയെ നീ കാണിക്ക.

൩

ആർ പോയിടുമെൻ പേൎക്കായെന്നുള്ള നിൻ
അൻപേറും സ്വരംകൾക്കെന്നെൻ കാതുകൾ
നേരോടെ ഞാൻ പോകാം എന്നേറ്റു
ചൊൽവാൻ
വരം തരുവാൻ (നിൻ) മനം ആകേണമേ.

൪

എല്ലാ ഇടവും ചിതറീട്ടുള്ള നിൻ
നല്ലാടുകളെ തേടി ശേഖരിച്ചു
നല്ലോർ ഇടയൻ പാദെ ചേൎപ്പതിന്നായ്
എല്ലാ നേരവും (നീ) ശക്തി നല്കേണമേ.

൫

എന്നെ വേലയ്ക്കായി യോഗ്യൻ ആക്കേണമേ
നിൻ അൻപുനിറഞ്ഞുള്ള പൊൻ ഹിതം–
[പോൽ
നിൻ ആവിയാൽ എന്നെ നീ ശീലിപ്പിക്ക
നിൻ പാദപീഠത്തിൽ എല്ലാ നേരവും.

---

## 280 ൨൮൦

### C. M.

൧. ദൈവത്തെ നാം സ്നേഹിക്കേണം
ലോകം വെറുക്കേണം
വാക്കിൽ പോരാ ക്രിയയിലും
സൎവ്വകാലത്തിലും.

൨. ദൈവത്തെ നാം സേവിക്കേണം
സാത്താനെ തള്ളേണം
വഞ്ചന ലേശവും വേണ്ടാ
ദുഷ്ടിസേവ വേണ്ടാ.

൩. ദൈവത്തെ നാം വന്ദിക്കേണം
ആത്മാവിൽ, സത്യത്തിൽ
ദൈവം നോക്കുന്നു ചിത്തത്തിൽ,
വന്ദിക്ക ശുദ്ധിയിൽ.

൪. ദൈവത്തിൽ ആശ്രയിക്കേണം
നമ്മിൽ നമ്പാതെയും;
സ്നേഹിതർ പ്രഭുക്കളെയും
നോക്കേണ്ടാ നാം ഒട്ടും.

൫. ദൈവത്തിൽ വിശ്വസിക്കേണം
നന്മ താൻ ചെയ്യുമു
സുഖത്തിലും ദുഃഖത്തിലും
നാം സ്തോത്രം പാടേണം.

൬. ദൈവത്തെ നാം സ്തുതിക്കേണം
സ്വയം വെറുക്കേണം
സൎവ്വത്തിന്നും സ്തുതി തനി(ക്ക്)
എന്നേക്കും കൊടുക്ക.

## 281 ൨ വൃ൧

C. M.

൧. യേശുവേ, നിന്നെ ഞാൻ എന്നും
സേവിക്കും സ്നേഹിക്കും
ജീവൻ വെടിഞ്ഞും സ്നേഹിച്ചെൻ
ജീവനെ വീണ്ടോനേ.

൨. സ്നേഹിക്കും ഞാൻ നിന്നെ മാത്രം
ജീവകാലം എല്ലാം
സർവ്വ കഷ്ടനഷ്ടങ്ങളും
ക്ഷമയോടെ ഏല്ക്കും.

൩. ബന്ധുക്കൾ നിന്ദിച്ചെന്നാലും
സന്തതം സേവിക്കും.
താതനേക്കാൾ സന്ധിക്കും എൻ
സ്വന്ത കർത്താവിനെ.

൪. ലോകം വെറുത്താലും എന്തു
ശോകം ഇല്ലെനിക്കു
ലോകത്തിൽ നിന്നെന്നെ സ്വർഗ്ഗ-
ലോകേ ചേർക്കും കർത്തൻ.

൫. ഞാനും കുടുംബവും എന്നും
യഹോവെ സേവിക്കും
പാപം ചെയ്യാതെ കാക്കേണം
പാപഹരാ എന്നും.

൬. ഈ ലോകവാസം തീരുമ്പോൾ
മേൽലോകെ സ്തോത്രങ്ങൾ
മാലാഖമാർ കൂടെ ചൊല്ലാൻ
എലോഹിം തുണെയ്ക്ക.

---

## 282 ൨ വൃ൨

*'Must I go—and empty-handed'*

8s. 7s.

൧. വെറും കയ്യായ് ഞാൻ ചെല്ലുമോ
രക്ഷകൻ സന്നിധിയിൽ
ഒറ്റനാളിൻ സേവപോലും
കാഴ്ചവെക്കാതെ മുമ്പിൽ?
വെറും കയ്യായ് ഞാൻ ചെല്ലുമോ
രക്ഷകൻ മുമ്പിൽ നില്പാൻ?
ഒരു ദേഹി പോലുമില്ലാ (ത്)
എങ്ങനെ വണങ്ങും ഞാൻ?

൨. രക്ഷകൻ വീണ്ടെടുത്തതാൽ
മൃത്യുവെ ഭയമില്ല
വെറും കയ്യായ് തന്നെ കാണ്മാൻ
ഉണ്ടെനിക്കേറ്റം ഭയം.— വെ

൩. പാപം ചെയ്തു നാൾ കഴിച്ച(ത്)
ഉദ്ധരിച്ചീടാമെങ്കിൽ
രക്ഷകൻ പാദത്തിൽ കാഴ്ച
വെച്ചുപയോഗിച്ചീടാം.— വെ

൪. ശുദ്ധരേ വേഗമുണർന്നു
പകൽനേരം യത്നിപ്പിൻ
രാത്രി വരും മുമ്പെ തന്നെ
ആത്മനേട്ടം ചെയ്തീടിൻ.—വെ

---

## 283 ൨ വൃ൩

*'Work, for the night is coming'*

P. M.

൧. രാത്രിയിതാ വരുന്നു
അദ്ധ്വാനം ചെയ്യുകൊൾ
പ്രഭാത മഞ്ഞിൻ കാലെ,
പുലരുന്തോറും
കാന്തിപ്രമേറും ചൂടിൽ,
ചെയ്യുകൊൾ പ്രയത്നം;
അദ്ധ്വാനം തീരും രാത്രി
വന്നീടുന്നിതാ.

൨. രാത്രിയിതാ വരുന്നു
അദ്ധ്വാനം ചെയ്യുകൊൾ
അത്യുച്ചസമയത്തും
നൽ പകലിലും;
വിശ്രാമം വരും വേഗം.
ബദ്ധപ്പെട്ടോടുക;
അദ്ധ്വാനം ഇല്ലാ രാത്രി
വന്നീടുന്നിതാ.

൩. രാത്രിയിതാ വരുന്നു
അദ്ധ്വാനം ചെയ്യുകൊൾ
അസ്തമയത്തിങ്കലും
പ്രഭാന്ത്യത്തിലും;
പോയ്മറയുന്ന പകൽ
അദ്ധ്വാനം തീർത്തുകൊൾ
അന്ധകാരമാം രാത്രി
വന്നീടും മുമ്പെ.

## Warning and Invitation

## ബുദ്ധിയുപദേശം

### 284 ൨൮൪

Tune : '*Take time to be holy*'

6s. 5s. D.

൧. സ്ഥലം ഉണ്ടിനിയും
കല്യാണവീട്ടിൽ
ക്ഷണിച്ചവൻ വാതിൽ
തുറന്നളവിൽ
കർത്താവിൻ നിയോഗം
കൊണ്ടെത്ര ജനം
കേൾപ്പിക്കുന്നി വാക്യം
ഉണ്ടിനി ഇടം.

൨. ഉണ്ടിനി വിസ്താരം
തൻ പന്തി അതിൽ
തീരാത്ത സൽക്കാരം
കൊള്ളേണം എങ്കിൽ
ഭക്ഷിച്ചാൽ ആശ്വാസം
കണ്ടെത്തും ഉടൻ
ചെയ്യാം നിത്യവാസം
പ്രവേശിച്ചീടിൽ.

൩. ഉണ്ടിനി വിസ്താരം
അകത്തു പിതാ
വാത്സല്യ വിചാരം
നടത്തും സദാ
തൻ പുത്രൻ മരിച്ചു
നമ്മെ രക്ഷിക്കാൻ
ഭരിപ്പാൻ എഴുന്നു
പരത്തിൽ പുക്കാൻ.

൪. ഉണ്ടിനി വിസ്താരം
വിശന്നോർക്കെല്ലാം
ഹേ! എത്ര നിസ്സാരൻ
ആയാലും ചെല്ലാം;
എൻ നാവു വരണ്ടു
പോകുന്ന ദിനം
എനിക്കു കിട്ടട്ടെ
ഈ നല്ല ഇടം.

### 285 ൨൮൫

8s. 7s.

൧. സ്ഥിരവാസം ഇല്ല ലോകേ
ദൈവത്തിന്റെ മക്കൾക്കും
എന്നാൽ ലോകം വിട്ട നാളിൽ
അവർ മോക്ഷം പ്രാപിക്കും.

൨. സ്ഥിരവാസം ഇല്ല ലോകേ
ലോകം സ്നേഹിക്കുന്നോർക്കും
ലോകം വിട്ടുപോകും നാളിൽ
അവർക്കെന്തു ഭവിക്കും?

൩. സ്ഥിരവാസം ഇല്ല ലോകേ
വാസ്തവം ഇതെങ്കിലും
മോക്ഷ വഴി കാട്ടിത്തന്നു
ദൈവം നമ്മെ കൈക്കൊള്ളും.

൪. സ്ഥിരവാസം ഇല്ല ലോകേ
എന്നാൽ നാം ഉയിർത്തിട്ടു
തൻ കൃപയാൽ സ്വർഗ്ഗരാജ്യം
പ്രാപിക്കുമേ അന്ത്യനാൾ.

### 286 ൨൮൬

Tune : '*Lord Jesus, Thou dost keep*'

8. 8. 6. D.

൧. ദൈവത്തിന്റെ ഇഷ്ടത്തിന്നും
സ്വർഗ്ഗലോകഭാഗ്യത്തിന്നും
ക്രിസ്തു ഏക വഴി
തന്നിൽ വിശ്വസിക്കുന്നോർക്കും
തന്നിൽ ആശ വെക്കുന്നോർക്കും
വരും മോക്ഷ പ്രാപ്തി

൨. യൂദമാർഗ്ഗം നിഴൽ മാത്രം
യാഗകർമ്മം തൻ സദൃശം
ക്രിസ്തു താൻ നിവൃത്തി
വേദം തന്റെ സാക്ഷി അത്രെ
താൻ ന്യായപ്രമാണ അന്ത്യം
തന്നിൽ മാത്രം ഭാഗ്യം.

൩. പാപം മൂലം മരിച്ചോർക്കും
രക്ഷാഹീനരായവർക്കും
ക്രിസ്തു തന്നെ ജീവൻ,
അന്ത്യകാലെ സ്വരം കേൾക്കും
ജീവനോടെ എഴുന്നീല്ക്കും
മരിച്ചവരെല്ലാം.

## 287 ൨൱൮൰൭

Tune: '*Lead us, heavenly Father*'

8. 7. 8. 7. 8. 7.

൧. വാപികളേ, കേട്ടുകൊൾവിൻ
ചൊല്ലുന്നേ താതൻ ഇന്നു
നിങ്ങളുടെ മരണത്തെ
ആഗ്രഹിക്കുന്നില്ല ഞാൻ
എങ്കലേക്കു
താപത്തോടെ വരുവിൻ.

൨. വാപികളേ, കേട്ടുകൊൾവിൻ
ചൊല്ലുന്നേ പുത്രൻ ഇന്നു
നിങ്ങളുടെ വാപം എല്ലാം
പരിഹരിച്ചല്ലോ ഞാൻ
എങ്കലേക്കു
ബദ്ധപ്പെട്ടു വരുവിൻ.

൩. വാപികളേ, കേട്ടുകൊൾവിൻ
ചൊല്ലുന്നേ ആത്മാവിന്നു
ജീവൻ ഉള്ള വെള്ളത്തിന്നു
ദാഹിക്കുന്ന സൎവ്വരും
എങ്കലേക്കു
മനസ്സോടെ വരുവിൻ.

൪. വാപികളേ, കേട്ടുകൊൾവിൻ
ത്രിയേകന്റെ ആജ്ഞയെ
തന്റെ സഭ മനസ്സോടെ
ചേൎത്തുകൊള്ളും നിങ്ങളെ
ശങ്കിക്കാതെ
വേഗം വന്നു ചേരുവിൻ.

## 288 ൨൱൮൰൮

'*Jesus, gracious One*'

P. M.

൧. യേശു കാരുണ്യവാൻ വിളിക്കുന്നു
വാപി, വരിക!
ആൎദ്ര സ്നേഹത്തോടെ ക്ഷണിക്കുന്നു
തൽക്ഷണം വരൂ
ശാന്തം നല്കും വാക്കു.
യേശു സ്നേഹം കാൺകെ
യേശുവിൻ തേൻസ്വരം കേൾ
അൻപേറുമേ
പ്രേമം ആൎദ്രതയും പൂണ്ട വിളി
വാപീ! വരിക.

൨. യേശു നിന്നോടിന്നും വാദിക്കുന്നേ
വാ, എന്നടുക്കൽ
ഭാരവാഹി, ഖേദം ഞാൻ വഹിച്ചേ
വന്നാശ്വസിക്ക
സ്നേഹമോലും വാദം
ആശിസ്സുയിർപ്രദം— യേശു

൩. വാപാതുരാ, ഈ കൃപാ ക്ഷണത്തെ
നീ ത്യജിക്കാമോ?
ആൎദ്ര ദാനമാം തൃക്കാരുണ്യത്തെ
നീ ദുഷിക്കാമോ?
കാലം വാൎക്കയാൽ വാ
ജീവൻ പോയിടും മുൻ—യേശു

## 289 ൨൱൮൰൯

Tune: '*Go, bury thy sorrow*'

11s.

൧

അദ്ധ്വാനിക്കുന്ന ഭാരവാഹികളേ,
എന്നരികിൽ വരുവിൻ നിങ്ങൾ എല്ലാം,
ആശ്വസിപ്പിക്കും നിങ്ങളെ ഞാൻ എന്നു
അരുളുന്നു യേശു, നിങ്ങൾ വരുവിൻ.

൨

തൻ അരികിൽ വരുന്നവരെ അവൻ
തള്ളിക്കളക ഇല്ലൊരു നാളുമേ
ഏറ്റവും വാവിൻ കുറ്റങ്ങൾ സൎവ്വവും
മുറ്റും രക്ഷിച്ചിട്ടും അവൻ നിങ്ങളെ.

൩

ആത്മാവും മണവാട്ടിയും നിങ്ങളെ
സാമോദം വിളിക്കുന്നു സൌജന്യമായ്
ഇന്നേരം ജീവവെള്ളം വാങ്ങുവാനായ്
വന്നീടുവിൻ വേഗം യേശു അരികിൽ.

൪

ദുഷ്ടന്റെ മരണത്തിൽ തനിക്കൊട്ടും
ഇഷ്ടമില്ലെന്നു ദൈവം ചൊല്ലീടുന്നു,
വിട്ടുതിരിവിൻ ദുൎമ്മാൎഗ്ഗങ്ങൾ എല്ലാം
ഇപ്പോളിഷ്ടകാലം, ഇപ്പോൾ രക്ഷാനാൾ.

## 290 ൨൯൦

*'There is life for a look'*

P. M.

൧

ജീവനുണ്ടാം ഏക നോട്ടത്താൽ ക്രൂശിങ്കൽ
ജീവനുണ്ടാം ഇപ്പോൾ നിനക്കു
പാപീ, നോക്കി നീ രക്ഷ പ്രാപിക്കുക
ജീവനെ തന്നോരു യേശുവിൽ
നോക്കി ജീവിക്ക [ങ്കൽ
ജീവനുണ്ടാം ഏക നോട്ടത്താൽ ക്രൂശി-
ജീവനുണ്ടാം ഇപ്പോൾ നിനക്കു.

൨ [ക്കിൽ

യേശു താൻ നിൻ പാപം വഹിച്ചിട്ടില്ലാ-
എന്തിനു പാപ വാഹകനായ്?
തൻ മൃത്യു നിൻ കടം വീട്ടായ്കിലെന്തിനു
പാപനാശ രക്തമൊഴുകി?— നോക്കി

൩

പ്രാർത്ഥന കണ്ണീരും ആത്മാവെ രക്ഷിക്കാ
രക്തം താൻ രക്ഷിക്കും ആത്മാവെ
രക്തത്തെ ചിന്നിയോരേശുവിൽ നിൻ-
[പാപം
സാദരം വെക്കുക നീ മുദാ— നോക്കി

൪

ചെയ്യേണ്ടതായിനി ഒന്നുമില്ലെന്നീശൻ
ചൊന്നതാൽ സംശയം നീക്കുക,
കാലത്തികവിങ്കൽ പ്രത്യക്ഷനായവൻ
വേലയെ പൂർണ്ണമാക്കികച്ചു— നോക്കി

൫

യേശു താൻ നല്കുന്ന നിത്യമാം ജീവനെ
ആശു നീ സാമോദം വാങ്ങുക
നിന്നുടെ നീതിയാം യേശു ജീവിക്കയാൽ
വന്നിടാ മൃത്യു എന്നറിക— നോക്കി

## 291 [൨൯൧

Tune: *'Almost persuaded'*

P. M.

൧. പാപികളെ രക്ഷിച്ചിടുവാൻ
ഇപ്പാരിൽ വന്ന ദൈവ സുതൻ
ശ്രീയേശു ക്രിസ്തുവിൽ
നീ വിശ്വസിക്കുകിൽ
നിൻ പാപം സർവ്വവും
നീങ്ങിപ്പോകും.

൨. സ്നേഹിച്ചു പാപീ, നിന്നെ അവൻ
തൻ ജീവനേകി നിൻ പേർക്കഹോ
എണ്ണം ഇല്ലാത്തതാം
ദണ്ഡങ്ങൾ ഏറ്റ പിൻ
തൻ പ്രാണൻ വിട്ടവൻ
വൻ ക്രൂശിന്മേൽ.

൩. അത്യത്ഭുതമാം സ്നേഹം ഇതു
ഓർത്തനുതാപത്തോടിപ്പോൾ
അൻപുള്ള രക്ഷകൻ
മുമ്പിൽ നീ വീഴുക
നിൻ പാപമോചനം
നല്കും അവൻ.

൪. ആണിപ്പഴുതുള്ള കൈകളാൽ
നിന്നെ അവൻ വിളിക്കുന്നിതാ;
വേഗം വരിക നീ
സ്നേഹത്തിൻ മാർവ്വിൽ താൻ
നിന്നെ അണയ്ക്കുമെ
എന്നേക്കുമായ്.

## 292 ൨൯൨

*'I left it all with Jesus'*

P. M.

൧. ഞാൻ യേശുവിൽ വിട്ടെല്ലാം
പണ്ടേ താൻ
പാപം മുറ്റും കൊണ്ടു-
വന്നു ഞാൻ
തൻ മുഖം കണ്ടുടൻ
ക്രൂശിന്മേൽ
തൻ മൊഴി ഞാൻ കേട്ടു
"നിനക്കെ"
എൻ ചുമടു വീണു
പോയിഹൊ ഭാഗ്യമെ.

൨. വിട്ടന്നെല്ലാം യേശുവിൽ
താൻ എന്റെ
ജീവിതത്തിൻ കൈപ്പു
മാറ്റുമെ
തേജസ്സാൽ എൻ കണ്ണീർ
മിനുങ്ങും

പൂന്തോട്ടം പോൽ വനം
പുഷ്പിക്കും
തൻ ബലം എൻ ക്ഷീണം
നീക്കുമെ ദൂരവെ.

൩. വിട്ടുന്നെല്ലാം യേശുവിൽ
ദിനവും
ആശ്രയം കൊണ്ടിട്ടില്ലോർ
മോക്ഷവും
ആശ തൻ നംങ്കൂരം
ഇട്ടതു
ശാന്ത ബന്ധരാം തൻ
മാറത്തു
തന്നിൽ ഒന്നായ്‌വാസം
ചെയ്യുന്നാൽ സ്വൎഗ്ഗം താൻ.

൪. ഹാ ! യേശുവിൽ വിടെല്ലാം
ദുഃഖിതാ,
ചൊൽ നിൻ കാൎയ്യം മുറ്റും
ഒട്ടല്ലാ
തന്മേൽ ലോകാലോകം
തൂങ്ങുന്നു
തൻ ചൊൽ ജീവൻ ചാവും
കാക്കുന്നു
പാപീ, ഇടം ഉണ്ടു
തന്മാൎവ്വിൽ ; വാ വീട്ടിൽ.

---

## 293 ൨൯൩

*'Jesus of Nazareth passeth by'*

P. M.

൧. ദ്ധൃതിയായി പോകുന്ന ഠരം
ജനസംഘം എന്തിനായ് ?
അനുദിനം എന്തത്ഭുത-
ക്കൂട്ടം ഇളക്കവും ഇതു ?
മന്ദമായ് ജനം ചൊല്ലുന്നു
'നസറയ്യൻ യേശു പോകുന്നു.'

൨. ഠരം യേശു ആർ ? താൻ എന്തിനു
നഗരം കുലുക്കിട്ടുന്നു ?
ജനത്തെ ഇളക്കീടാൻ ഈ
പരദേശിക്കുണ്ടോ ശക്തി ?
വീണ്ടും ജനം ചൊല്ലിട്ടുന്നു
'നസറയ്യൻ യേശു പോകുന്നു.'

൩. ഠരം യേശു ഭൂമൌ വസിച്ചു ;
നരവേദന സഹിച്ചു
ഭാരവാഹികൾ തങ്ങളിൻ
ദീനരെ വെച്ചു തൻ മുമ്പിൽ
കുരുടർ കേൾപ്പാൻ മോദിച്ചു
'നസറയ്യൻ യേശു പോകുന്നു.'

൪. വീണ്ടും താൻ വരുന്നുണ്ടിതാ
തൻ പുണ്യ പാദം കാണുകാ
നമ്മിൽ മനസ്സലിവോട്ടു
വന്നു പാൎപ്പാൻ ഇച്ഛിക്കുന്നു
മോദമായ് നാം ചൊല്ലേണ്ടായോ ?
'നസറയ്യൻ യേശു പോകുന്നു.'

൫. ഭാരം ചുമക്കുന്നോരേ, വാ
ആശ്വാസം ക്ഷമ ഉണ്ടിതാ
പിതാവേ വിട്ടോടി പോയ
നീ തിരിഞ്ഞു വാങ്ങു കൃപ
സങ്കേതം പാപീ, നിനക്കു
'നസറയ്യൻ യേശു പോകുന്നു.'

൬. തന്റെ വിളി നീ നിഷേധിക്കിൽ
തൻ സ്നേഹം നീ നിന്ദ്യമാക്കിൽ
നിങ്കൽ നിന്നുടൻ താൻ മാറും
നിൻ യാചനയെ താൻ തള്ളും
കാലം പോയെ എന്നാം വിളി
'നസറയ്യൻ യേശു പോയല്ലോ.'

---

## 294 ൨൯൪

*'The Great Physician'*

P. M.

൧. മഹാ വൈദ്യൻ സമീപത്തു
സഹതപിക്കും യേശു
ഖേദം നീക്കാൻ താൻ ചൊല്ലുന്നു
ഹാ കേൾ യേശുവിൻ ശബ്ദം
ദൂതഗാനത്തിൽ മുഖ്യം,
മൎത്ത്യനാവിൽ മുഖ്യപേർ,
ഇമ്പം ഏറും കീൎത്തനം
വാഴ്ത്തപ്പെട്ട യേശു.

൨. സൎവ്വ പാപം മോചിച്ചെന്നു
യേശു ചൊല്ലുന്നു, കേൾക്ക
സ്വൎഗ്ഗം ശാന്തമായ് നീ എത്തും
നല്കും കിരീടം യേശു— ദൂത

൨. എല്ലാ മഹത്വം കുഞ്ഞാട്ടിൻ
   വിശ്വാസി യേശുവിൽ ഞാൻ
വാഴ്ത്തപ്പെട്ട രക്ഷിതാവിൻ
   നാമം സ്നേഹിക്കുന്നു ഞാൻ— ദൂത

൩. എൻ പാപം പേടി നീക്കുന്നു
   ശ്രീയേശു നാമം മാത്രം
എൻ ആത്മം വാഞ്ഛിച്ചീടുന്നു
   കേൾപ്പാൻ ആ നല്ല നാമം— ദൂത

൪. സോദരർ കൂട്ടം പാടുവിൻ
   ശ്രീയേശുനാമം വാഴ്ത്തി
സോദരിമാരും വാഴ്ത്തുവിൻ
   ഉച്ചത്തിൽ യേശുനാമം— ദൂത

൫. ശ്രീയേശുനാമം സ്നേഹിക്കും
   ശിശുക്കൾപോലും ഇന്നു
തൻ സേവ ചെയ്തു ജീവിപ്പാൻ
   താൻ ഇതാ വിളിക്കുന്നു— ദൂത

൬. നാം യേശുവെ കാണ്മതിന്നായ്
   മേൽ മോക്ഷം പ്രാപിക്കുമ്പോൾ
സിംഹാസനം ചുററി നിന്നു
   പാടും തൻ തിരുനാമം— ദൂത

---

## 295 ൨൱൫

*'Behold me standing at the door'*

L. M.

൧. ഞാൻ വാതുക്കൽ മുട്ടുന്നിതാ
കേൾക്കെൻ പ്രതിവാദം സദാ
ചോദിക്കുന്നു മന്ദമോടെ,
വരട്ടെ ഞാൻ നിന്നകമേ ?
   ഞാൻ വാതുക്കൽ മുട്ടുന്നിതാ
   കേൾക്കെൻ പ്രതിവാദം സദാ
   പാപദുഃഖത്തിന്നുള്ളമേ !
   ഞാൻ വരട്ടെ നിന്നകമേ?

൨. ക്രൂര മുൾ ഞാൻ സഹിച്ചല്ലൊ,
ദീർഘക്ഷമയാൽ കാത്തല്ലൊ
പാപകഷ്ടത്തിന്നുള്ളമേ !
ഞാൻ വരട്ടെ നിന്നകമേ ?

൩. ഓർക്ക എൻ വേദന ദുഃഖം ;
വ്യർത്ഥമോ എൻ പ്രതിവാദം ?
പാപം പോക്കി രക്ഷ നല്കാൻ
ഞാൻ വരട്ടെ നിന്നുള്ളത്തിൽ ?

൪. ഞാൻ നല്കും ഏററമാനന്ദം,
ക്ഷമ, ശാന്തി, സ്നേഹദാനം
പാപദുഃഖത്തിന്നുള്ളമേ !
ഞാൻ വരട്ടെ നിന്നകമേ?

---

## 296 ൨൱൬

Tune: *'Hark, sinner, while God'*

12. 11 12. 11.

൧

യേശു എന്നപോൽ രക്ഷിതാവേകനുണ്ടോ
   വിശ്വാസികൾക്കാമോദം താൻ നല്കുന്നു
വിശേഷ പാപത്താൽ ഞെരുങ്ങുംപാപികളേ,
   രക്ഷാകരൻ യേശു—വേറാരുമില്ലാ.

൨

മാ ശാപത്തിൻകീഴ് നിത്യം ഭാരപ്പെട്ടോരെ,
   ശിക്ഷാവിധി തീർത്തു താൻ രക്ഷ ചെയ്യും
മോക്ഷലോകത്തിൽ വാഴാം യേശുസമീപെ
   രക്ഷാകരൻ—

൩

മാ രോഗികൾക്കാശ്വാസം നല്കിയ കർത്തൻ
   ആരോഗ്യം നല്കുന്നു തൻ സേവകർക്കു
രക്ഷ നല്കുവാൻ താനിതാ ക്ഷണിക്കുന്നു
   രക്ഷാകരൻ—

൪

മാ പാപികളെ യേശു താൻ ചേർത്തുവല്ലോ
   കൃപാലു,താനാരെയുംകൈവിടാത്തോൻ,
പാപി, നീ ചെന്നാലവൻചേർത്തിടുംനിന്നെ
   രക്ഷാകരൻ—

---

## 297 ൨൱൭

Tune: *'Wonderful words of life'*

P. M.

൧. പാപം ലോകത്തിൽ വന്നതാൽ
   ശാപം നരന്നുണ്ടായ്
പാപം മാനുഷൻ ചെയ്തതാൽ
   കോപിച്ചു ദൈവം താൻ
      നാശമാകും പാപി (ക്കൂ)
      ആശ നല്കും വാർത്ത
   യേശുനാഥൻ രക്ഷ നല്കും
   പാപി, നീ ഓടിവാ.

൨. സാത്താൻ സിംഹത്തെപ്പോലതാ
 ആർത്തിയോടോടുന്നു
വീഴ്ത്താൻ ആയവൻ വായതിൽ
 പാർത്തലം നോക്കുന്നു
  നാശമാകും പാപി (ക്ക്)
  ആശ നല്കും വാർത്ത— യേശു

൩. മൃത്യു വെട്ടുവാൻ നില്ക്കുന്നു
 കാത്തിരിക്കുന്നയ്യോ
ഓർത്താൽ നിൻ ജീവനനിത്യം
 കർത്തനെ നേടുക
  നാശമാകും പാപി (ക്ക്)
  ആശ നല്കും വാർത്ത— യേശു

൪. യേശു പാപിയെ രക്ഷിപ്പാൻ
 നാശലോകെ വന്നു
ക്രൂശിലേറി മരിച്ചതാൽ
 വിശ്വാസാൽ ജീവിക്കാം
  നാശമാകും പാപി (ക്ക്)
  ആശ നല്കും വാർത്ത— യേശു

---

## 298 ൨൯൮

*'Have you any room for Jesus'*

8s. 7s.

൧. പാപഭാരം ചുമക്കുന്നോനാം
 യേശുവിന്നിടമുണ്ടോ ?
പാപി, നിന്നുള്ളിലിന്നേശു
 പ്രവേശിപ്പാൻ മുട്ടുന്നു.
  യേശു മഹാരാജനിപ്പോൾ
  നില്ക്കുന്നയ്യോ വാതുക്കൽ
  ആശു നീ അനുസരിച്ചു
  സ്വീകരിക്ക മാനസേ.

൨. ലോകകാര്യമിമ്പങ്ങൾക്കോ
 സ്ഥലമുണ്ടേ ഹൃദയെ,
ക്രൂശിൽ നിൻ പേൎക്കായ് മരിച്ച
 യേശുവിന്നിടമില്ലേ ?— യേശു

൩. കർത്തൻ തൻ കൃപയാൽ നിന്നെ
 കാത്തു നിന്നീടുന്നയ്യോ
അംഗീകാരദിനമിന്നു
 നാളെ വൃഥാവാം വിളി— യേശു

൪. ഈശന്നിടം കൊടുക്കിലപ്പോൾ
 ആശു പോം കൃപാദിനം
നിൻ മനം തണുത്തു പോകും
 രക്ഷകൻ ക്ഷണം നില്ക്കും— യേ

## 299 ൨൯൯

*'Knocking, knocking, who is there?*

P. M.

൧. മുട്ടി, മുട്ടി, നില്പതാർ ?
 കാത്തു, പാർത്തു സൗമ്യവാൻ
പാന്ഥൻ തൻ രാജകല കാൺ
 കണ്ടിട്ടില്ലില്ലിതു പോൽ ;
ആത്മാവേ, അത്ഭുതവാന്
 ഉള്ളം നീ തുറക്കില്ലേ ?

൨. മുട്ടിക്കൊണ്ടു നില്ക്കുന്നേ,
 കാത്തു കാത്തു, കോമളൻ,
വാതിൽ തുറപ്പാൻ പ്രയാസം
 കളകൾ ലതകളും
ചുററി പററി കേറി ചുഴി–
 ക്കുററി ചുററിടുന്നഹോ.

൩. മുട്ടുന്നുണ്ടു പോയില്ല ;
 കാത്തുംകൊണ്ടു ആർദ്രവാൻ
ആണി ചേർത്ത കൈ മുട്ടുന്നേ
 രക്ഷകന്റെ ആർദ്ര കൺ
ക്ഷമയോടെ മുടിക്കീഴിൽ
 മിന്നുന്നേ നോക്കി നോക്കി.

---

## 300 ൩൦൦

Tune: *'Glory be to Jesus' Name'*

9. 9. 9. 7.

൧. പാപം ചെയ്തതിനാലുളവാം
ശാപം പോക്കുവതിന്നുണ്ടാം
പാരിൽ വന്നൊരു രക്ഷകനാം
 യേശുമുമ്പിൽ വരിക—
  യേശുമുമ്പിൽ വരിക വരിക,
  യേശുമുമ്പിൽ വരിക,
  കുരിശിലവൻ മരിച്ചു നിനക്കായി,
  യേശുമുമ്പിൽ വരിക.

൨. നിന്നുടെ യാതൊരു പുണ്യമതാൽ
ഒന്നുമേ ഫലിക്കാ ; ആയതുമാൽ :
ഉണ്മയിൽ ജീർണ്ണമാം വസനം പോൽ:
 യേശുമുമ്പിൽ വരിക—

൩. തന്നരികിൽ വരും ഏവനെയും
തള്ളുകയില്ലവനൊരുനാളും
നല്ലൊരുസഖിയില്ലവനുനാളും
യേശുമുമ്പിൽ വരിക—

൪. താങ്ങുന്നു രക്ഷകൻ വീണവരെ,
ഉദ്ധരിച്ചീടുന്നു താണവരെ:
സാത്വികരാക്കും താൻ അവരെ:
യേശുമുമ്പിൽ വരിക—

൫. ചിന്നി നിനക്കായ് തൻ രുധിരം
വർണ്ണിച്ചിടാ മനുജന്നധരം:
തന്നുടെ സ്നേഹമതിൻ മധുരം:
യേശുമുമ്പിൽ വരിക—

൬. മരണം പിടികൂടും മുമ്പിൽ
ശരണം കൊള്ളുക നീയവനിൽ:
തരുമവനഭയം തന്നടിയിൽ:
യേശുമുമ്പിൽ വരിക—

൭. ഇന്നവന്നേകുക നിൻ ഹൃദയം:
നിന്നിൽ വസിക്കുമവൻ സദയം:
വന്നു നിൻ ഭാഗ്യമതിന്നുദയം:
യേശുമുമ്പിൽ വരിക.

## 301 ൩൦൧

Tune: '*Auld langsyne*'

P. M.

൧

ലോകരക്ഷകനാമേശു ക്ഷണിക്കുന്നു സഖേ,
ലോകരക്ഷകനാമേശു തൻവിളി കേൾക്ക,
ഹേ പാപിയേ, കേൾക്ക, ഹേ പാ-
പിയേ,
ഏററം സ്നേഹത്തോടെ നിന്നെ ക്ഷണി-
ക്കുന്നു.

൨

പാപികളെ രക്ഷിപ്പാൻ താൻ ക്രൂശിന്മേൽ
മരിച്ചു
പാപികളെ രക്ഷിപ്പാൻ താൻ ശക്തന-
ല്ലയോ—ഹേ പാപി—

൩

തൻ ചാരെ ചേർന്നോർക്കെല്ലാം താൻ പൂർണ്ണര-
ക്ഷ നല്കി
തൻ ചാരെ ചേർന്നോർക്കെല്ലാം താൻ സൗഭാ-
ഗ്യം നല്കി—ഹേ പാപി—

൪

തൻ സ്നേഹമെത്ര ഭാഗ്യമെന്നറിഞ്ഞോ —
സോദരാ
തൻ സ്നേഹമെത്ര ഭാഗ്യമെന്നറിഞ്ഞോൻ ധ-
ന്യൻ—ഹേ പാപി—

൫

ഭാഗ്യം രണ്ടുലകത്തിലും തൻ പ്രസാദമത്രെ
ഭാഗ്യം രണ്ടുലകത്തിലും തന്നിടും യേശു—
ഹേ പാപി—

## 302 ൩൦൨

Tune: '*Go, bury thy sorrow*'

11s.

൧

വൈകാതെ അടുത്തു വാ, മാ പാപിയേ,
ആകാശത്തിൽനിന്നു വിളിക്കുന്നിതാ,
വിസ്താരനാളിൽ നിലനില്പാൻ നീ ആർ?
ചിററിമ്പം വെറുത്തു നിൻ രക്ഷ നീ കാൺ.

൨

വൈകാതെ കൃപെക്കു തൽക്ഷണം നീ വാ
ആകാത്തവർക്കുണ്ടു കാരുണ്യ കടൽ
വിലകൂടാതെ അതിൽ കോരിക്കൊള്ളാം
അലക്കിയാൽ പോം നിൻ കളങ്കം എല്ലാം.

൩

വൈകാതെ പാപത്തെ വെടിഞ്ഞു മെയ്യായ്
ദുഃഖിച്ചു, ഏററു ചൊൽവാൻ തുറക്ക വായ്
എല്ലാം പറഞ്ഞാലും അവൻ മുഷിയാ
വല്ലാത്ത പുത്രനിൽ കനിഞ്ഞ പിതാ."

൪

വൈകാതെ വാ; ഇതാ നൽ കാരുണ്യനാൾ
പ്രകാശം അടുത്തല്ലോ മുമ്പിലെക്കാൾ [ഞ്ഞാൽ
നീ ഇ(ന്ന്) അവന്റെ വാക്കു കൈക്കൊള്ളാ-
ചാവിൻ നിഴലിൽ ഇടറുമേ നിൻ കാൽ.

൫

വൈകാതെ നിൻ രക്ഷകനെ നോക്കിക്കോൾ
താൻ സ്നേഹത്തോടല്ലോ വിളിക്കുന്നിപ്പോൾ
ഒട്ടേറെ കഷ്ടം ഏററു നിൻ പേർക്കു താൻ
നീ അതോർത്തു സ്തോത്രം ചെയ്യണം ഇപ്പോൾ

## Prayer പ്രാർത്ഥന

### 303 ൩൦൩

*'What a friend we have in Jesus'*

8s. 7s.

൧. എന്തു നല്ലോർ സഖി യേശു
പാപ ദുഃഖം വഹിക്കും
എല്ലാം യേശുവോടു ചെന്നു
ചൊല്ലീടുമ്പോൾ താൻ കേൾക്കും;
നൊമ്പരമേറെ സഹിച്ചു
സമാധാനങ്ങൾ നഷ്ടം
എല്ലാം യേശുവോടു ചെന്നു
ചൊല്ലീടായ്ക നിമിത്തം.

൨. കഷ്ടം ശോധനകളുണ്ടോ,
എവ്വിധ ദുഃഖങ്ങളും,
ലേശവുമധൈര്യം വേണ്ടാ
ചൊല്ലാം യേശുവോടെല്ലാം;
ദുഃഖം സർവ്വം വഹിക്കുന്ന
മിത്രം മറ്റാരുമുണ്ടോ?
ക്ഷീണമെല്ലാം അറിയുന്ന
യേശുവോടു ചൊല്ലീടാം.

൩. ഉണ്ടോ ഭാരം ബലഹീനം,
തുമ്പങ്ങളും അസംഖ്യം?
രക്ഷകനല്ലോ സങ്കേതം
യേശുവോടറിയിക്കാം.
മിത്രങ്ങൾ നിന്ദിക്കുന്നുണ്ടോ?
പോയ് ചൊല്ലു യേശുവോടെല്ലാം
ഉള്ളം കയ്യിൽ ഈശൻ കാക്കും
അങ്ങുണ്ടാശ്വാസമെല്ലാം.

### 304 ൩൦൪

*'Sweet hour of prayer'*

D. L. M.

൧. പ്രാർത്ഥനയിൻ നൽ നേരമേ,
ലോകചിന്തകളകറ്റി
എന്നാഗ്രഹാവശ്യങ്ങളെ
പിതാ മുമ്പിൽ കേൾപ്പിക്കും നീ
ആപൽ ദുഃഖകാലങ്ങളിൽ
ആശ്വാസം കണ്ടെത്തും ആത്മാ
വേകണിയിൽ വീഴാഞ്ഞതും
ഇമ്പ സഖീ! നിന്നാൽ തന്നെ.

൨. പ്രാർത്ഥനയിൻ നൽനേരമേ,
കാത്തീടുന്നാത്മാവെ വാഴ്ത്താൻ
നിത്യം കാത്തിരിപ്പോൻ മുമ്പിൽ
എത്തിക്കുമെന്നാഗ്രഹം നീ
തന്മുഖം തേടി വചനം
വിശ്വസിപ്പാൻ താൻ ചൊന്നതാൽ
തന്നിൽ മുറ്റുമാശ്രയിച്ചു
നിന്നെ കാപ്പേൻ നൽനേരമേ.

൩. പ്രാർത്ഥനയിൻ നൽനേരമേ,
പിസ്ഗാമേൽനിന്നെൻ വീടിനെ
നോക്കി ഞാൻ പറക്കുംവരെ
താ, നിന്നാശ്വാസപ്പങ്കിനെ
ഇജ്ജഡ വസ്ത്രം വിട്ടു ഞാൻ
ലാക്കിന്നായ് പറന്നുയർന്നു,
വാനം കടക്കുമ്പോൾ നിന്നെ
വിട്ടുപോകും, നൽ നേരമേ.

### 305 ൩൦൫

*'As pants the hart for cooling streams'*

C. M.

൧. വേട്ടയാളോടി ഉഷ്ണിച്ച
കാട്ടുമാൻ പോലിന്നു
കുളുർമ്മ നദിയാം കൃപ
തന്നെ ഞാൻ തേടുന്നു;

൨. ദാഹംകൊണ്ടുള്ളം പൊരിഞ്ഞു
തളരുന്നേറ്റം
തേജോമയനെ ഞാനെന്നു
കണ്ടു തൃപ്തനാകും?

൩. എൻ ബലത്തിൻ ദൈവമേ ഞാൻ
എത്ര നാൾ ത്യാജ്യനും
ഏകാകി നിന്ദിതനുമായ്
ഹാസ്യപാത്രമാകും?

൪. എന്തിന്നിടിവെന്നാത്മാവേ!
ചേർന്നു നിൻ ദൈവത്തെ
പാടി സ്തുതി നിൻ ജീവന്റെ
നിത്യ ഉറവിനെ.

## Refuge സങ്കേതം

### 306 ൩൦൬

*'Safe in the arms of Jesus'*

7. 6. 7 6. D.

൧. യേശു കയ്യിൽ മാ സ്വൈരം
 തൻ മാൎവ്വിലെൻ ക്ഷേമം
തൻ സ്നേഹത്തണലിലെൻ
 ദേഹി മേവും സ്വസ്ഥം
ദൂതസ്വരം വീശുന്നു
 തേജസ്സരസ്സൂടെ
പളുങ്കു കടലിന്മേൽ
 ഇമ്പഗിതമോടെ ;
  യേശു കയ്യിൽ മാ സ്വൈരം
  തൻ മാൎവ്വിലെൻ ക്ഷേമം
  തൻ സ്നേഹത്തണലിലെൻ–
  ദേഹി മേവും സ്വസ്ഥം.

൨. യേശു കയ്യിൽ മാ സ്വൈരം
 ആകുല വിഹീനം
ലോക പരീക്ഷ, പാപം
 ദ്രോഹിച്ചീടാ നൂനം ;
ദുഃഖത്തിൻ വരൾച്ചയും,
 സംശയം, ഭയവും,
നീങ്ങി സുഖമണയും
 സ്വാതന്ത്ര്യം മോദവും— യേശു

൩. പ്രേമസങ്കേതം യേശു
 എൻ പേൎക്കുയിർ വിട്ടു ;
പൂൎവ്വിക പാറമേലെൻ
 സ്ഥാനം നല്ലുറപ്പു,
ക്ഷാന്തിയിൽ ഞാൻ നില്ക്കട്ടെ
 രാത്രി കഴിവോളം
പ്രഭാത ശോഭ സ്വൎണ്ണ–
 തീരത്തുദിപ്പോളം— യേശു

### 307 ൩൦൭

Tune : *'Saviour, again to Thy dear Name'*

10s.

൧. പ്രാൎത്ഥിപ്പാൻ പഠിപ്പിക്കേണമെന്നെ
കൎത്താവേ നിൻ വിശുദ്ധാത്മാവിനാൽ
അരിഷ്ടനായ പാപിയെങ്ങനെ
പരിശുദ്ധനാം നിൻ മുമ്പിൽ വരും ?

൨. യേശുവിന്റെ തിരുരക്തത്തിലെൻ
അശുദ്ധത എല്ലാം കഴുകുക,
രക്ഷകൻ മൂലം തിരുമുമ്പിൽ ഞാൻ
ഇക്ഷണം വന്നീടുവാൻ തുണെക്ക.

൩. നിൻ മഹത്താം വാഗ്ദത്തങ്ങളെയും
സത്യമായി വിശ്വസിച്ചിട്ടു ഞാൻ
കൎത്താ നിന്നിഷ്ടം അനുസരിക്കും
പുത്രനായി സദാ വന്നിടട്ടെ.

൪. എന്നുടെ ഭാരങ്ങൾ സൎവ്വവും ഞാൻ
നിൻ മുമ്പിൽ കൊണ്ടുവന്നവയെല്ലാം
വിശ്വാസത്താൽ അവിടെ വെക്കിൽ
ആശ്വാസം നല്കി എന്നെ രക്ഷിക്കും.

൫. പരീക്ഷ നേരിടുമ്പോൾ യേശുവിൻ
അരികിൽ ഓടി വന്നവൻ മാൎവ്വിൽ
തൽക്ഷണം എല്ലാ ശത്രുവിൽ നിന്നും
രക്ഷ പ്രാപിപ്പാൻ തുണെക്കേണമേ.

൬. ഉന്നത രാജരാജനാം ദൈവ
നന്ദനൻ പതിനായിരങ്ങളിൽ
സൌന്ദൎയ്യവാൻ എന്നാത്മ വല്ലഭൻ
തന്നോടു സംസൎഗ്ഗം മാഭാഗ്യമെ.

൭. എൻ പ്രിയന്റെ മാധുൎയ്യ സ്വരത്തെ
എപ്പോഴും കേട്ടു തൻ തിരുമുഖം
ഞാൻ എന്നും കണ്ടു തൻ സന്നിധാനേ
സാനന്ദം വസിപ്പാൻ കൃപ ചെയ്ക.

## ALMSGIVING
## ദാനധമ്മങ്ങൾ

**308** നംവ്യ

'*Fountain of good, to own Thy love*'

C. M.

ക. നന്മെക്കെല്ലാം കാരണനേ
നന്ദി തിങ്ങും ചിത്തം
നിൻ സ്നേഹം പ്രദശിപ്പിക്കാൻ
നന്നായ്‌ വണക്കണേ.

വ. സവ്വത്തിന്നും ഉടയോനേ
നിവ്വാഹം ഇല്ലാത്തോർ
എന്തു തരണ്ടു നിനക്കു
സ്വന്തമില്ലല്ലൊന്നും.

ന. ദുട്ടുള്ളോരാം സഹോദരർ
ഉണ്ടല്ലാ ഭൂമിയിൽ
കൃപയ്ക്കംശികൾ, താതൻ മുൻ
ഏറ്റു നീ പറവോർ.

രു. ഖേദം പൂണ്ടവർ യാചിക്കെ
മോദമോടെ കേൾക്കും
വാദിച്ചു താതനോടുള്ള
മദ്ധ്യസ്ഥതാ ശബ്ദം.

ഒ. അവയിൽ നിന്നെ തിററിയും
ഉട്ടുപ്പിച്ചതായും
പാറാവിൽ, രോഗ കട്ടിലിൽ
കണ്ടതായും ചൊല്ലി

ന്ന ഈ ദരിദ്രരിൽ നിൻ മുഖം
അൻപോടു കാണാമേ
എന്തും അവക്കു ചെയ്യതു
നിനക്കായിട്ടല്ലോ.

## SAINTS' DAYS
## വിശുദ്ധന്മാരുടെ നാളുകൾ

**309** നംൻ

6 lines. 7s.

ക. ദൈവത്തിൻെറ പുത്രന്മാർ
ഏററം ഭാഗ്യം ഉള്ളവർ
ക്രിസ്തു വില കൊടുത്തു
ഇവരെ വീണ്ടെടുത്തു ;
ഇവരോടുകൂടെ നാം
രക്ഷപെടാനാവശ്യം.

വ. നീതീകരിക്കപ്പെട്ട
സമാധാനം ഇവക്കു,
ദൈവം മോക്ഷം കളയും
ആരു കുററം വിധിക്കും ?
ഇവരോടു കൂടെ നാം
രക്ഷപെടാനാവശ്യം.

ന. ഇവർ ഫലം തരുന്നു,
നടപ്പുകൾ നല്ലതു,
ഇവർ വീണ്ടും ജനിച്ചു,
പാപത്തെ വെറുക്കുന്നു ;
ഇവരോടു കൂടെ നാം
രക്ഷപെടാനാവശ്യം.

രു. സ്വഗ്ഗ അവകാശികൾ
ഇവർ ഭാഗ്യം ഉള്ളവർ
സ്നേഹംകൊണ്ടു നിറഞ്ഞു
സമാധാനം ഇവക്കു ;
ഇവരോടുകൂടെ നാം
രക്ഷപെടാനാവശ്യം.

## 310 ൩൧൦

*'For all the saints'*

### P. M.

൧. പാരിൽ നിനക്കു സാക്ഷി നിന്ന പിൻ
പാരം വിശ്രമിക്കും വിശുദ്ധർക്കായ്
തിരുനാമം വാഴ്ത്തുന്നു യേശുവേ
ഹല്ലേലുയ്യാ.

൨. പാറ കോട്ട ശക്തിയും അവർക്കു
പോരിൽ നായകനും ആയിരുന്നു
കൂരിരുട്ടിൽ പ്രകാശം നീ തന്നെ
ഹല്ലേലുയ്യാ.

൩. നിൻ ഭടർ സധൈര്യം വിശ്വസ്തരായ്
മുമ്പുള്ള ശുദ്ധരെ പോൽ പോരാടി
പൊൻ മുടിയും ചൂടട്ടെ ജയിച്ചു
ഹല്ലേലുയ്യാ.

൪. യുദ്ധംക്ഷീണിച്ചിഹത്തിൽചെയ്യോർക്കും
ബദ്ധർ നിന്നിൽ മഹത്വപ്പെട്ടോർക്കും
ദിവ്യ സംസർഗ്ഗം, എത്ര സൌഭാഗ്യം
ഹല്ലേലുയ്യാ.

൫. പോർ കഠിനമോ ദീർഘമോ ആയാൽ
ദൂരെ ജയ ഗീതം കേൾക്കെ മന്ദം
ധീരത പൂണ്ടു കൈ ബലപ്പെട്ടും
ഹല്ലേലുയ്യാ.

൬. വിശ്വസ്ത യോദ്ധാക്കൾക്കാശ്വാസമാം
വിശ്വം വിട്ട പിൻ പറുദീസായിൽ
ആ സ്വസ്ഥത ഏററം ഇമ്പമത്രെ
ഹല്ലേലുയ്യാ.

൭. മാ ഭാഗ്യനാൾ ഇനി ഒന്നുണ്ടാകും
ശോഭയോടുയർത്തുള്ള വീരന്മാർ
രാജാധിരാജൻ മുമ്പിൽ നിരക്കും
ഹല്ലേലുയ്യാ.

൮. ഭൂസമുദ്രങ്ങളിൽ നിന്നെഴുനീ (ററ്)
അസംഖ്യം ഉൾപ്പൂകും രത്നദ്വാരെ
താത സുതാത്മനു പാടിക്കൊണ്ടു
ഹല്ലേലുയ്യാ.

## 311 ൩൧൧

*'Hark the sound of holy voices'*

### D. 8s. 7s.

൧. പരിശുദ്ധർ പാടുന്നു കേൾ
സ്ഫടിക കടൽക്കരെ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ
ഹല്ലേലുയ്യാ കർത്തനു
ലക്ഷോപലക്ഷം ഉള്ളോർ കൂട്ടം
നക്ഷത്രങ്ങൾ പോൽ ഇതാ
വെള്ളവസ്ത്രം ധരിച്ചോരായ്
കുരുത്തോല കയ്യിലും.

൨. ഗോത്രപിതാ, അപ്പോസ്തോലൻ,
രക്തസാക്ഷി, വിശുദ്ധൻ,
മാർഗ്ഗം ക്രിസ്തുന്നൊരുക്കിയോൻ
പ്രവാചകൻ, പ്രസംഗി,
ഭക്ത നാരി, ജാഗരിച്ച
വിധവകൾ ഒന്നായി
സർവ്വാധികർത്തനു ശുദ്ധ
ഗീതം തത്ര പാടുന്നു.

൩. സങ്കടങ്ങൾ സഹിച്ചവർ
യേശു രക്തത്തിൽ അങ്കി
മുക്കി അതിൽ കഴുകിയോർ
ക്രൂശാതേററു പീഡകൾ,
പാറാവ്, ഇടി, കല്ലേർ, വാൾ,
വാറാൽ അടി നിന്ദയും
മൃത്യു സാത്താന്മാരെ വെന്നു
ക്രിസ്തുവിൻെറ ശക്തിയാൽ.

൪. രക്ഷിതാവും രാജാവുമാം
രക്ഷാധിപനാം നിന്നെ
നിൻ ക്രൂശവർ കൊടി ആക്കി
പിൻ തുടർന്നു ജയിച്ചു,
ഇഷ്ടമോടെ നിന്നെപ്പോലെ
കഷ്ടപ്പെട്ടു മരിച്ചു
മൃത്യു മാർഗ്ഗത്താൽ പ്രാപിച്ചു
നിത്യമാം മഹത്വത്തെ.

൫. വിണ്ണിൽ വാഴുന്നിപ്പോൾ അവർ
സ്വർണ്ണജ്യോതിസ്സുള്ളിടം
വേണ്ടുവോളം ഭാഗ്യ വാഴ്വ്
ഉണ്ടേ അവർക്കന്നേക്കും

സത്യം, ജ്ഞാനം, സ്നേഹം ശാന്തം
നിത്യം കാണുന്നവിടെ
വാഴ്ത്തപ്പെട്ട ത്രിത്വത്തിന്റെ
സന്നിധാനത്തിൽ അവർ.

൬. ദൈവത്തിന്റെ ഏകജാതൻ
ഇമ്മാനുവേൽ ശരീരെ
പരിശുദ്ധർ ഒന്നായ് ചേർന്നു
നിത്യം വാസം ചെയ്യുന്നു,
പിതൃ പുത്രാത്മാവാം ത്രിത്വം
നിത്യം വന്ദിച്ചീടുവാൻ
നിന്റെ പൂർണ്ണതയിൽ നിന്നു
അരുളേണം ഞങ്ങൾക്കു.

---

## 312 ൩൧൨

*'Hark, hark, my soul'*

P. M

൧

കേൾ! ആത്മാവേ! ദൂതരിൻ ഉച്ചഗാനം
കേൾക്കുന്നതു ഭൂലോകത്തൊക്കെയും
സൌഭാഗ്യമാം നിസ്താര ജീവിതം മേൽ
സംഗീതം ഒത്ത സത്യം അവർക്കെന്നും
യേശുവിൻ ദൂതർ പ്രസരാളിതർ
സ്വാഗതം ചൊല്ലി പാടുന്നു പാപികൾക്കു.

൨

പോകുന്നു നാം മേമ്പോട്ടു ഗീതം കേൾക്കെ
'വാ ക്ഷീണനേ യേശു ക്ഷണിക്കുന്നേ'
ഇമ്പമോടെ കൂരിരുട്ടി- ഴങ്ങും
ഈ പാട്ടിനെ തുടർന്നെത്താം സ്വർഗ്ഗ
യേശുവിൻ—

൩

സന്ധ്യാ മണിപോൽ ദൂരെ യേശുവിന്റെ
ശബ്ദം കേൾക്കാം ഭൂസമുദ്രങ്ങൾ മേൽ
അതു കേൾക്കാതനേകർ പൊരുതലാകുന്നു
മനം തിരിക്കുവർ നിന്നെ തേടാൻ
യേശുവിൻ—

൪

ദീർഘാരിഷ്ടായുസ്സിൻ പിൻ വിശ്രമമാം
ദുർഘട രാത്രിക്കു പിൻ ഉഷസ്സാം
സ്വർഗ്ഗം കിട്ടും വാഞ്ഛിക്കും ക്ഷീണന്നന്ത്യ
സ്വാഗതവും കേട്ടീടും വിശ്വാസി
യേശുവിൻ—

൫

സ്വർഗ്ഗസേനേ, വിശ്വസ്ത കാവൽക്കാരേ
സ്വർഗ്ഗാനത്തിൻ ശകലങ്ങൾ മദാ
സ്വർഗ്ഗം എത്തി സ്നേഹപൂർത്തി ഗ്രഹിക്കും
ഭാഗ്യ ദിനംവരെയും പാടുവിൻ
യേശുവിൻ—

---

## 313 ൩൧൩

L. M.

൧. ഭക്തന്മാർ ഒക്കെ ജഗത്തിൽ
ശക്തിസമേതം യുദ്ധങ്ങളിൽ
ജേതാക്കൾ ആവാൻ ചന്തത്തിൽ
ക്രിസ്തൻ ജയിച്ചു പൂർവ്വത്തിൽ.

൨. ക്രിസ്തൻ തന്റെ വാക്കു കേട്ടു
മുദിതരായ് സർവ്വം വിട്ടു
പിന്തുടർന്നു കൊണ്ടേയൊട്ടു
പോയവർക്കേ സ്വർഗ്ഗം കിട്ടു.

൩. നാനാ പ്രകാര സങ്കടം
നിസ്താരം ആക്കി ഏത്തടം
വിൺപതിക്കേകി പാരിടം
വിട്ടോർക്കു സ്വർഗ്ഗം പാർപ്പിടം.

൪. വിശുദ്ധന്മാരുടെ കൂട്ടം
തന്നിൽ ആവതിന്നുള്ളോട്ടം
വേണമെന്നുള്ളോരു നോട്ടം
മാനവർക്കുത്തമ നേട്ടം.

# HOLY BAPTISM
# വിശുദ്ധ ബപ്തിസ്മ

**314** ൩൧൪

8s. 7s.

൧. കൃപയുള്ള രക്ഷിതാവേ,
പാപമുള്ള ഞങ്ങളെ
നിന്റെ വാഗ്ദത്ത പ്രകാരം
കേട്ടു കൈക്കൊള്ളേണമേ.

൨. നിന്റെ ദിവ്യ ആത്മംകൊണ്ടു
ഇവരെ നന്നാക്കുക
നിൻ സഹായം കൃപ രക്ഷ
ഇവർക്കെന്നും നല്കുക.

൩. ശത്രു വിപത്തു പരീക്ഷ
അവർക്കുണ്ടു പലതും
എന്നാൽ നിന്റെ ശക്തികൊണ്ടു
എല്ലാം അവർ ജയിക്കും.

൪. ഇപ്രകാരം രക്ഷിതാവേ,
എല്ലാരെയും സൂക്ഷിക്ക
കൃപകൊണ്ടു പൂർണ്ണരാക്കി
നിത്യമോക്ഷം നല്കുക.

---

**315** ൩൧൫

Tune: '*The sweet by and by*'

9s.

൧

ക്രൂശിൻ പോരാളിയായ് നില്ക്ക നീ
സ്വർഗ്ഗ സംബന്ധത്തെ കാണുക
ലോകം എച്ചിലെന്നെണ്ണിടുക
വീണ്ടെടുത്തവനെ പ്രീതി നീ;
വീണ്ടെടുത്താനവൻ
തൻ വിലയേറും രക്തത്തിനാൽ,
വീണ്ടെടുത്താനവൻ
തൻ വിലയേറും രക്തത്തിനാൽ

൨

ഏല്ക്ക ബപ്തിസ്മ മുദ്ര, പാപ-
കറയിൽ നിന്നു സ്വച്ഛനാക
ദൈവത്തോടു രമ്യപ്പെടുക
യേശുവെ അനുസരിക്കുക. വീണ്ടെ—

൩

സ്വർഗ്ഗം നിന്നുടെ സ്വന്ത ദേശം
സ്വർഗ്ഗനാഥൻ പിതാ നിനക്കു
ഏല്ക്ക നീയതിൻ മുദ്ര നിന്റെ
നെറ്റിയിൽ ക്രൂശടയാളത്തെ. വീണ്ടെ—

൪

കർത്തൻ തൻ കുരിശിൻ ചുവട്ടിൽ
തൻ മനോഹരമാം കൊടിക്കീ (ഴ്)
ഉണ്മയായ്‌വന്നു പോർ ചെയ്ക നീ
നിശ്ചയം ജയം അന്ത്യകാലേ. വീണ്ടെ—

൫

ജയിക്കുന്നവൻ തൻ കിരീടം
ലഭിക്കും നിജമെത്ര മോദം
ജയത്തിൻ ഗീതം ഉന്നമത്രെ
ജയിപ്പോളം കാണിക്ക ധൈര്യം. വീണ്ടെ—

---

# HYMNS FOR CHILDREN
# ശിശുഗാനം

**316** ൩൧൬

7s, 6s.

൧. പൈതങ്ങളേ, വരുവിൻ,
യേശുവിൻ പാദത്തിൽ
ആശ്ലേഷം ചെയ്യുമവൻ
രക്ഷിക്കും വിരവിൽ.

൨. പൈതങ്ങളേ, വരുവിൻ,
യേശു കരങ്ങളിൽ
ചേർത്തണച്ചിടും മാർവ്വിൽ
സന്ദേഹമില്ലതിൽ.

൩. പൈതങ്ങളേ, വരുവിൻ,
വാഴ്ത്തി അയക്കും താൻ

പാപ ശാപങ്ങൾ തീരാൻ
സൌഭാഗ്യം നേടുവാൻ.

൫. പൈതങ്ങളേ, വരുവിൻ,
നല്ലുപദേശങ്ങൾ
നന്മമെ അതാൽ നിങ്ങൾ
പ്രാപിക്കും ഭാഗ്യങ്ങൾ.

൬. പൈതങ്ങളേ, വരുവിൻ,
ഹോശന്നാ പാടുവിൻ
യേശുപാദം തേടുവിൻ
സമ്മോദം വാഴുവിൻ.

---

## 317 ൩൧൭

*'Jesus loves me'*

7s.

൧. യേശു സ്നേഹിക്കുന്നെന്നെ
കാണുന്നിദം വേദത്തിൽ
ശിശുക്കൾ തന്റെ സ്വന്തം
ക്ഷീണർ അവർ, താൻ ശക്തൻ
സ്നേഹിക്കുന്നെന്നെ
സ്നേഹിക്കുന്നേശു
സ്നേഹിക്കുന്നെന്നെ
ചൊല്ലുന്നിദം വേദം.

൨. യേശു സ്നേഹിക്കുന്നെന്നെ
മഹത്വത്തിൻ വാതിൽ താൻ
ക്രൂശേറി തുറന്നല്ലോ
ഹാ ! ഹാ ! മാം പ്രതി മുററും.
സ്നേഹി—

൩. യേശു സ്നേഹിക്കുന്നെന്നെ
താൻ കഴുകും എൻ പാപം
ശിശുവാം എന്നെ ആക്കും
തൻ മഹത്വത്തിന്നംശി. സ്നേഹി—

൪. യേശു സ്നേഹിക്കുന്നെന്നെ
ഭദ്രമായെന്നും കാക്കും
അശക്തൻ ഞാൻ എന്നാലും
ഭദ്രാസനത്തിൽനിന്നു. സ്നേഹി—

൫. യേശു സ്നേഹിക്കുന്നെന്നെ
അന്തികെ നില്ക്കും താങ്ങാൻ
ലേശം ഭയം വേണ്ടാ മേ
അന്ത്യത്തോളം താൻ കൂടെ.
സ്നേഹി—

൬. യേശു സ്നേഹിക്കുന്നെന്നെ
വേഗം ചേർക്കും തൻ ഗൃഹേ
ക്ലേശിക്കേണ്ട കഷ്ടത
വേഗം തീരും ഈ ഭൂമൌ. സ്നേഹി—

---

## 318 ൩൧൮

*'Jesu, meek and gentle'*

6s. 5s.

൧. യേശു സൌമ്യവാനേ,
സ്വർ നാഥസുതാ,
കനിവൻ പുള്ളോനേ,
കേൾ ശിശുക്കളെ.

൨. കുററങ്ങൾ ക്ഷമിക്ക
അടിമ നുകം
ഒടിച്ചരുളേണം
പൂർണ്ണ സ്വാതന്ത്ര്യം.

൩. നിന്നെ കവിഞ്ഞെന്തും
ഞങ്ങൾ സ്നേഹിക്കിൽ
ഉള്ളിൽ നിന്നകററി
അൻപാൽ നിറയ്ക്ക.

൪. യേശു, പരിശുദ്ധാ,
മേൽ ലോകത്തേക്കു
ആകർഷിക്കേണമേ
നിൻ അടിയാരെ.

൫. ഇഹേ ഇരുട്ടൂടെ
യേശു, നയിക്കു
ഏക വഴി നീയാം
സ്വർപ്പുരത്തേക്കു.

൬. യേശു സൌമ്യവാനേ,
സ്വർ നാഥ സുതാ,
കനിവ് അൻപുള്ളോനേ,
കേൾ ശിശുക്കളെ.

---

## 319 ൩൧൯

*'There is a city bright'*

6. 6. 5. 6.

൧. ശോഭിതപട്ടണം
പാപദോഷങ്ങൾക്ക്
പ്രവേശമില്ല-പ്രവേശമില്ല
യാതൊരശുദ്ധിക്കും.

൨. രക്ഷകനേ വന്നേൻ
കുഞ്ഞാടെ കെഞ്ചുന്നെ
കഴുകിയെന്നെ—കഴുകിയെന്നെ
രക്ഷിച്ചു കാക്കണേ.

൩. കർത്താ നിൻ ശക്തിയാൽ
ശുദ്ധിയിൽ കാത്തെന്നെ [പൈതൽ
നിൻ സ്നേഹപൈതൽ—നിൻ സ്നേഹ-
ആക്കേണം നീയെന്നെ.

൪. വീണ്ടെടുക്കപ്പെട്ടോർക്കുള്ള
അങ്കിയണിഞ്ഞു ഞാൻ
കുററമററോനായ്—കുററമററോനായ്
സ്വർപ്പുരം ചേരും ഞാൻ.

---

## 320 ൩൨൦

*'Great God and wilt Thou condescend'*

L. M.

൧. മാ ദൈവമേ നീയെൻ സഖി
പിതാവുമാകാനിഷ്ടമോ?
ഞാനേഴപ്പൈതൽ നീ സർവ്വ-
ലോക സ്വർഗ്ഗങ്ങളിൻ നാഥൻ.

൨. നീ എൻ പിതാവോ? എന്നുടെ
നീചയാചന കേൾക്കുമോ?
ഈ ശിശുവിന്നുയർത്താകും
ഈ സ്തുതി നീ ശ്രദ്ധിക്കുമോ?

൩. നീ എൻ പിതാവോ? ഞാൻ നിന്റെ
ഓമനപ്പൈതലാകട്ടെ
വാഞ്ഛന കർമ്മങ്ങളിൽ നിൻ
രമ്യമാം സേവ ചെയ്തിടാൻ.

൪. നീ എൻ പിതാവോ? എൻ ഭൌമ
ആയുസ്സിൻ നാൾ തീർന്നന്ത്യേ ഞാൻ
വാനിലുത്തമ ശിശുവായ്
വാഴ്വാൻ എടുക്കണമെന്നെ.

---

## 321 ൩൨൧

*'Jesus is our Shepherd'*

D. 6s. 5s.

൧. യേശു എൻ രക്ഷകൻ
ഖേദം നീക്കുന്നോൻ
മാറിൽ ചേർത്തണയ്ക്കും
ഭീതി നീക്കുവാൻ
ദുഃഖം നേരിട്ടാലും
സുഖം വന്നാലും
യേശുവിൻ പിൻ ചെല്ലും
ബാലകനാകും ഞാൻ.

൨. നല്ല ഇടയൻ തൻ
ശബ്ദം ഗ്രഹിക്കും
കുഞ്ഞുങ്ങൾക്കിമ്പമായ്
കേട്ടാനന്ദിക്കും
ശിക്ഷിച്ചാലും പ്രിയൻ
ആശ്വസിപ്പിക്കും
തന്നെ പിന്തുടരാൻ
വഴി കാണിക്കും.

൩. ആടുകൾക്കു വേണ്ടി
ചോര ചിന്തി താൻ
ആയതിൽ കുളിച്ചോർ
ശുദ്ധരായിട്ടും
പാപശീലം നീക്കി
മുററും രക്ഷിക്കും
തൻ തേജോരൂപത്തിൽ
ആക്കിത്തീർത്തിടും.

---

## 322 ൩൨൨

*'Around the throne of God'*

C. M.

൧. സ്വർഗ്ഗസിംഹാസനം ചുററി
ലക്ഷോപലക്ഷം ബാലർ
പാപമെല്ലാം തീർന്നോരവർ
സൌഭാഗ്യരാം പൈതങ്ങൾ പാടി
വാഴ്ത്തും, വാഴ്ത്തും, വാഴ്ത്തും
മഹോന്നതനെ.

൨. സ്നേഹം സന്തോഷം നിറയും
ശോഭ തിങ്ങും ദേശേ
സമ്മേളിപ്പാൻ ആഗമിച്ചോർ
ആരിവരൊരുമിച്ചു— പാടി

൩. രക്ഷകൻ തൻ രക്തത്താലെ
മോക്ഷം പ്രാപിച്ചവർ
വിലയേറും ഉറവയിൽ
കുളിച്ചു ശുദ്ധരായോർ— പാടി

൭. ലോകെയവർ തേടി കൃപ
സ്നേഹിച്ചേശു നാമം
അതാലിപ്പോൾ തൻ മുഖത്തെ
സ്തുതിച്ചു വാഴുന്നെന്നും— പാടി

## 323 ൩൨൩

*'Come to Jesus'*

8. 8. 6. 6.

൧. യേശുവോട്ട്, യേശുവോട്ട്,
യേശുവോട്ട് ചേരിൻ, ചേരിൻ
ചേരിൻ യേശുവോട്ട്
യേശുവോട്ട് ചേരിൻ.

൨. വീണ്ടെടുപ്പോൻ, വീണ്ടെടുപ്പോൻ,
വീണ്ടെടുപ്പോൻ ഉടൻ, ഉടൻ,
ഉടൻ വീണ്ടെടുപ്പോൻ
വീണ്ടെടുപ്പോൻ ഉടൻ.

൩. നമ്പിവരുന്നോൻ, നമ്പിവരുന്നോൻ,
നമ്പിവരുന്നോൻ ഇന്നേ, ഇന്നേ,
ഇന്നേ നമ്പിവരുന്നോൻ
നമ്പിവരുന്നോൻ ഇന്നേ.

൪. ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ,
ഹല്ലേലൂയ്യാ ആമെൻ, ആമെൻ,
ആമെൻ ഹല്ലേലൂയ്യാ
ഹല്ലേലൂയ്യാ ആമെൻ.

## 324 ൩൨൪

7s. 6s.

൧. ക്രിസ്തു നമുക്കൊരുക്കം
മോക്ഷരാജ്യേ വാഴാൻ
ക്രിസ്തു തന്നേ വന്നിട്ടു
ചേർക്കും നമ്മെ കൂടെ
സ്വർഗ്ഗ സൌഭാഗ്യം
നാവാൽ ചൊല്ലിക്കൂടാ.

൨. വെണ്മ വസ്ത്രം ധരിച്ച്
കുരുത്തോല കയ്യിൽ
നെററിമേൽ കുഞ്ഞാട്ടിന്റെ
നാമം ഉള്ളോരാം നാം. സ്വർഗ്ഗ—

൩. താതൻ മുമ്പിൽ നില്ക്കും നാം
സ്വർണ്ണമുടി ചൂടി
ദൂത സംഘം ചേർന്നു നാം
സ്വർഗ്ഗ ഗീതം പാടും. സ്വർഗ്ഗ—

൪. അല്ലലവിടെ ഇല്ല
സൂര്യൻ വേണ്ടാ തത്ര
കണ്ണുനീരും ഇല്ലല്ലോ
നിത്യം പൂർണ്ണ മോദം. സ്വർഗ്ഗ—

൫. ഇഹലോക കഷ്ടങ്ങൾ
ഏതും ഇല്ലാതാകും
പരലോക മഹത്വം
പ്രത്യാശിക്കുന്നോർക്ക. സ്വർഗ്ഗ—

൬. ഭാഗ്യമുള്ളാ സ്ഥലത്തു
ചെന്നു ചേർന്നീടാനായ്
വീണ്ടും യോഗ്യത നല്ക
ദൈവ ത്രിയേകനേ. സ്വർഗ്ഗ—

## 325 ൩൨൫

*'Jesus bids us shine'*

P. M.

൧

യേശു ചൊല്ലുന്നു, നന്നായ് വിളങ്ങാൻ
ചെറുതിരി രാത്രി പ്രകാശിക്കുംപോൽ
ഈ ലോക തമസ്സിൽ നാം ശോഭിക്ക
നിൻ ചെറുകോണിൽ നീ, ഞാൻ
എന്റേതിൽ.

൨

യേശു ചൊല്ലുന്നു 'വിളങ്ങെനിക്കായ്'
വെട്ടം മങ്ങിയതാകിലറിയും താൻ
സ്വർഗ്ഗത്തിൽനിന്നു നോക്കും നമ്മെ താൻ
നിൻ ചെറുകോണിൽ നീ, ഞാൻ
എന്റേതിൽ.

൩

യേശു ചൊല്ലുന്നു, 'പിന്നെല്ലാർക്കായും'
പാപ ദുഃഖം മുട്ടു ലോകത്തിൽ എല്ലാം
ചുററും അന്ധകാരം: നാം ശോഭിക്ക
നിൻ ചെറുകോണിൽ നീ, ഞാൻ
എന്റേതിൽ.

## Sunday School Opening Hymn

## ഞായറാഴ്ച പഠിത്തം ആരംഭം

**326** ൩൨൬

*'We come Lord, to Thy feet'*

L. M.

൧. യേശു, നിൻ തൃപ്പാദേ
നിൻ ശുദ്ധ നാൾ ഇതിൽ
ശിശുക്കളാം ഞങ്ങൾ വന്നേ
ആശു നീ മദ്ധ്യേ വാ.

൨. യാചന സ്തോത്രങ്ങൾ
നീ ചെവിക്കൊള്ളേണം
പഠിപ്പിക്കേണം നീ തന്നെ
അടിയാരെ ഇന്നു.

൩. പാപങ്ങൾ എല്ലാം നീ
കൃപയാൽ മോചിക്ക
ശുദ്ധാത്മൻ വന്നു ഞങ്ങളെ
ശുദ്ധരാക്കേണമേ.

൪. നിത്യജീവൻ ഇന്നേ
മർത്ത്യരാം ഞങ്ങളിൽ
നിത്യനേ, ആരംഭിക്കേണം
സത്യാത്മോപദേശാൽ.

൫. കർത്താ നിറയ്ക്കേണം
ചിത്തം നിൻ സ്നേഹത്താൽ
സാത്താനിൽനിന്നു ഞങ്ങളെ
കാത്തു സൂക്ഷിക്കേണം.

## Sunday School Closing Hymn

## ഞായറാഴ്ച പഠിത്തം അവസാനം

**327** ൩൨൭

*'O Lord, our hearts'*

C. M.

൧. കർത്താവേ, നിന്റെ നാമത്തെ
വാഴ്ത്തുന്നിപ്പോൾ ഞങ്ങൾ
ഈ ശുദ്ധ നാൾ നീ തന്നതാൽ
യേശു, ശിശു സഖേ.

൨. പള്ളിക്കൂടത്തിൽ നിന്നിതാ
ഉള്ളിൽ നിൻ വാക്കുമായ്
ശിശുക്കൾ വീട്ടിൽ പോകുന്നേ
യേശു, ശിശു സഖേ.

൩. ആശിഷമാരി ധാരാളം
മേൽനിന്നു ചൊരിക
ഞങ്ങളുടെ ഗൃഹങ്ങൾമേൽ
യേശു, ശിശു സഖേ.

൪. ശുദ്ധാത്മാവാൽ നിൻ വാക്കുകൾ
ഹൃദയെ പതിച്ചു
അശുദ്ധി നീക്കി കാക്കേണം
യേശു, ശിശു സഖേ.

൫. സാനന്ദം നിന്നോടു കൂടെ
വാനിൽ സുഖിക്കുമാർ
താ ശുദ്ധ നാളുകൾ ആചരിപ്പാൻ
ശിശു സഖേ, കൃപ.

# CONFIRMATION

# സ്ഥിരീകരണം

**328** ൩൨൮

L. M.

൧. കർത്താവേ, സ്വർഗ്ഗത്തിൽനിന്നു
നിൻ ഭൃത്യന്മാരെ നോക്കുക,
നീ അവർക്കു സഹായിച്ചു
വിശ്വാസം ധൈര്യം കൊടുക്ക.

൨. നിൻ പരിശുദ്ധാത്മാവിനെ
ഓരോരുത്തനു കൊടുക്ക;
നീ എന്നന്നേക്കും അവരെ
സാത്താനിൽനിന്നു രക്ഷിക്ക.

൩. എല്ലാവരെയും കർത്താവേ,
പാപം കൂടാതെ കാക്കുക;

നിൻ ദിവ്യ ഇഷ്ടം ഞങ്ങളിൽ
സംപൂൎണ്ണമാക്കി തരിക.

൪. നിൻ വാഗ്ദത്തപ്രകാരം നീ
അനുഗ്രഹിച്ചു രക്ഷിക്കാ;
മേലാൽ നീ സ്വൎഗ്ഗത്തിലേക്കു
നിൻ ദാസന്മാരെ കൈക്കൊള്ളും.

## 329 ൩൨൯

*'O Jesus, I have promised'*

7s. 6s.

൧. എൻ പ്രതിജ്ഞ കൎത്താവേ
എന്നും നിൻ സേവയ്ക്കാം
എന്റെ കൂടെ നില്ക്കേണം
എന്റെ സ്വാമീ സ്നേഹിതാ,
ക്രൂശിടാ ഞാൻ പോരിങ്കൽ
കൂടെ നീ ഉണ്ടെങ്കിൽ
വഴികാട്ടി നീ ആയാൽ
വഴി വിട്ടു പോകാ.

൨. അടുക്കൽ നീ ഉണ്ടെന്നു
അറിയിക്ക സദാ
അടുത്താകയാൽ ലോകം
അസംഖ്യം പരീക്ഷ
അരികൾ ചുറ്റും ഉണ്ടേ
അകത്തും പുറത്തും,
അടുത്തു വാ എൻ യേശു,
ആത്മാവേ കാക്കേണം.

൩. കോപം പക തന്നിഷ്ടം
കൊണ്ടെന്നുൾ തിങ്ങുംപോൾ
കേൾപ്പിക്കേണം യേശുവേ
ക്ഷേമമായ് നിൻ സ്വരം,
വിശ്വാസം ഉറപ്പാനും
വിശുദ്ധ മാൎഗ്ഗത്തിൽ
സ്ഥിരമായ് നിന്നിടാനും
സംസാരിക്കേണ്ടാട്ടു.

൪. നീ ഇരിക്കുന്നിടത്തു
നിൻ ശുശ്രൂഷക്കാരും
നിത്യം വസിക്കും എന്നു
നിശ്ചയം ചൊന്നല്ലോ,
സേവിപ്പാൻ ജീവകാലം
സത്യം ചെയ്യേനാം ഞാൻ
നിന്നെ അനുഗമിപ്പാൻ
നീ തുണയ്ക്കെൻ സ്വാമി.

൫. കാണിക്ക നിൻ കാലടി
കാൽ അതിൽ ഞാൻ വെപ്പാൻ
ആയതിനും നിൻ ശക്തി
ആവശ്യം കൎത്താവേ,
ആയുരന്തം നടത്തു
ആകൎഷിച്ചിടെന്നെ
അന്ത്യ മോക്ഷം എനിക്കു
അനുഭവം ആക്കു.

## 330 ൩൩൦

*'Behold us, Lord, before Thee met*

Six. 8s.

൧. കൎത്താവേ, ദൂതസേവിതാ,
കടാക്ഷിക്ക നിൻ ദാസരെ
കളങ്കഹീനം നസ്രേത്തിൽ
കഴിച്ച നിന്റെ യൌവ്വനം
കാരുണ്യമോടോൎക്ക നല്ലോ
കാത്തരുളിന്നീ ബാലരെ.

൨. നമ്പുന്നെ നിന്നിൽ ഞങ്ങളും
നമ്പോർ ലജ്ജിച്ചീടില്ലൊട്ടും
നൽസഹായം നിൻ നാമമെ
നല്ലോനെ, നിന്നെ നോക്കുന്നെ
നിൻ സ്നേഹാൽ വന്നീ നിലയിൽ
നില്ക്കും ഇതിൽ നിന്നാൽ ഞങ്ങൾ

൩. സ്നാന കൃപ നിൻ ദാനമാം
ശുദ്ധവിത്തും നീ വിതെച്ചു
സ്വന്തമാക്കി താതൻ മുൻപിൽ
സ്നാനത്തിങ്കലെ ത്രിവ്രതം
സഹായിച്ച നിൻ കൃപയിൽ
സ്ഥിരീകരിക്കടിയാരെ.

൪. തോല്പിക്കും ശത്രുക്കൾ മദ്ധ്യേ
തക്ക തുണ നീ മാത്രമെ
തോല്ക്കാതെ പോർ ചെയ്യുന്നേകർ
തങ്കമുടി ചൂടിയ പോൽ
തൻ സഹായത്തിന്നപേക്ഷ
താ അതാശ്രയം നീ തന്നെ.

൫. എപ്പിസ്കോപ്പാ കൈ വെക്കയിൽ
എല്ലാ വാഴ്വും ദാനം ചെയ്ക
എഴിരട്ടി ശക്തി മേൽ നി(ന്ന്)
ഏകട്ടെ നിൻ സന്നിധിയും
യേശുവെ കുമ്പിട്ടും ഞങ്ങൾ(ക്)
ഏവൎക്കും താ ഇന്നാവിയെ.

# HOLY COMMUNION

# വിശുദ്ധ സംസർഗ്ഗം

## 331 ൩൩൧

8s. 7s.

൧. യേശു തന്റെ ദിവ്യ സ്നേഹം
ഇതിൽ തന്നെ കാണിച്ചു
പാപത്തിന്റെ ദോഷം കൂടെ
ഓർപ്പിപ്പാൻ നിശ്ചയിച്ചു.

൨. കുരിശിൽ എല്ലാർക്കും വേണ്ടി
തന്റെ രക്തം ചൊരിഞ്ഞു
നമ്മെ എന്നും രക്ഷിപ്പാനും
ദൈവ കോപം സഹിച്ചു.

൩. കൃപയുള്ള രക്ഷിതാവേ,
നിന്റെ സ്നേഹം നിത്യമായ്
അതു കൂടെ എന്നെന്നേക്കും
നിലനില്ക്കും ഉറപ്പായ്.

൪. ക്രിസ്തു, നിന്റെ കൃപകൊണ്ടു
ഞങ്ങളെ പോഷിപ്പിക്ക
നിന്റെ അനുഗ്രഹത്താലും
തണുപ്പിച്ചു അയക്ക.

## 332 ൩൩൨

C. M.

൧. ഹേ! ദാഹിക്കുന്നോർ വരുവിൻ
ജീവ ഉറവിങ്കൽ,
സൌജന്യദാനം വാങ്ങുവിൻ
യേശുവിൻ ക്രൂശിങ്കൽ.

൨. യേശു സ്വർഗ്ഗ അപ്പം അല്ലോ
ആത്മ ജീവാഹാരം,
യേശു രക്തം സ്വസ്ഥം അല്ലോ
പാപ പരിഹാരം.

൩. ഈ മന്നായെ ഭുജിക്കുന്നോർ
എല്ലാരും ജീവിക്കും,
ഈ ഉറവിൽ പാനം ചെയ്യോർ
ആരോഗ്യം പ്രാപിക്കും.

൪. യേശുവിൻ മാംസരക്തവും
നിൻ വിരുന്നാകട്ടെ,
യേശുവിൻ ആത്മ ദാനവും
ജീവനെ നല്കട്ടെ.

## 333 ൩൩൩

*'I am not worthy, holy Lord'*

C. M.

൧. ഞാനയോഗ്യൻ, ശുദ്ധനാഥാ
നീയെൻ ചാരെ വരാൻ
കല്പന ഒന്നല്ലോ വേണ്ടു
പാപിയെ മോചിപ്പാൻ.

൨. ഞാനയോഗ്യൻ, എൻ ദേഹിയിൻ
വാസം നീചക്കുടിൽ
നീയതിൽ വരുമോ നാഥാ
വാക്കിനാൽ ശുദ്ധി താ.

൩. ഞാനയോഗ്യൻ, എങ്കിലും ഞാൻ
മുടക്കാമോ നിന്നെ
എൻ വിലയായ്ത്തിരുജഢ-
രക്തം കൊടുത്തോനെ.

൪. നല്ലോരീസമയം വന്നു
ദിവ്യാഹാരം നല്കി
വല്ലാത്തെൻ നെഞ്ചിൽ നിൻ ശക്തി
സ്നേഹം നിറയ്ക്കുകെ.

## 334 ൩൩൪

*'Bread of heaven, on Thee we feed'*

Six lines. 7s.

൧. സ്വർഗ്ഗീയപ്പമേ, നീ താൻ
സാക്ഷാൽ ഭക്ഷണം; നിന്നെ
ഭക്ഷിച്ചീടുന്നു ഞങ്ങൾ
സൽഭോജ്യം വേണം സദാ
മരിച്ചോന്റെ ജീവനാൽ
സദാ ശക്തി നല്കേണം.

൨. സ്വാമ്മന്ത്രിരി, നിൻ രക്തം
നല്കുന്നീ ത്യാഗപാത്രം
നിന്നൂറിവരും സുഖം
തന്നതാൽ ക്രൂശു നോക്കി
ജീവിക്കുന്നേങ്ങൾ, കർത്താ,
നിന്നിൽ പാലിക്കേങ്ങളെ.

## 335 ൩൩൫

*'My God, and is Thy table'*

L. M.

൧. എൻ ദൈവമേ, നിൻ മേശമേൽ
നിൻ പാത്രം സ്നേഹം തൂകുന്നോ
നിൻ മക്കളെല്ലാം വന്നിങ്ങു
നിൻ മാധുര്യം രുചിക്കട്ടെ.

൨. യേശുവിന്റെ ദാനമെ, തൻ
മാംസരക്തത്തിൻ വിരുന്നെ
ഈ ഭക്ഷ്യപാനീയങ്ങളെ
ആസ്വദിപ്പതു മാ ഭാഗ്യം.

൩. പാത്രതയില്ലാത്തോർ മുമ്പിൽ
ഈ ദ്രവ്യങ്ങൾ വെപ്പതെന്തു്?
നിൻ പേർക്കല്ലോ രക്തം ചിന്തി
നിനക്കില്ലേ മക്കൾ വീതം?

൪. കർത്താ, നിൻ മേശസ്സമീപമായ്
മോദമോടേവരും കൂടി
അതിൻ മർമ്മങ്ങൾ രുചിപ്പോർ
മുക്തി ആസ്വദിക്കട്ടിഹ.

## 336 ൩൩൬

Tune: *'Lord Jesus, are we one with Thee'*

C. M.

൧. പൊന്നേശുവേ, ജീവനാഥാ
തുണെക്ക നീയിപ്പോൾ
നിന്നുടെ ശരീരരക്ത-
മർമ്മം ഗ്രഹിച്ചീടാൻ.

൨. കണ്ണാൽ നിന്നെ കാണാഞ്ഞിട്ടും
നിൻ സ്നേഹ മാധുര്യം
പൂർണ്ണമാം സംസർഗ്ഗത്തിന്നായ്
വാഞ്ഛ നല്കീടുന്നു.

൩. നിന്മേശെക്കു ചുറ്റും കൂട്ടും
ഈ സഹോദരങ്ങൾ
തമ്മിലുള്ള ബന്ധമൊരു-
നാളും നീങ്ങിപ്പോകാ.

൪. ഇങ്ങനെ യീ ഭൂവിലുള്ള
നിന്മക്കളെല്ലാരും
ഭംഗമില്ലാതൊന്നു താനെ (ന്നു്)
അറിവാൻ തുണെക്ക.

൫. നിന്നിലുള്ളൈക്യം മൂലമായ്
വിണ്ണിലെ നന്മകൾ
ഉന്നതത്തിൽനിന്നു വാങ്ങാം
പ്രാർത്ഥനയാൽ സദാ.

൬. നിൻ രാജ്യസ്ഥാപനത്തിന്നായ്
നിത്യം സേവ ചെയ്വാൻ
എൻ രാജന്റെ ശക്തി എന്നിൽ
വ്യാപാരം ചെയ്യുന്നു.

൭. ഭൂലോകത്തിലുള്ളതാം
കഷ്ടതകളെല്ലാം
ഇഷ്ടംപോലനുഗ്രഹമായ്
നീയല്ലോ മാറ്റുന്നു.

൮. സത്യാനന്ദം നിൻ സംസർഗ്ഗം
ഈ ഭൂവിലെങ്കിലോ
നിത്യതയിലെ സൗഭാഗ്യം
വർണ്ണിപ്പാൻ സാദ്ധ്യമോ?

൯. പൊന്നേശുവേ ജീവനാഥാ
വേഗം വരേണമേ
നിന്നുത്തമകാന്ത നിന്നെ
കാത്തിരിക്കുന്നിതാ.

# HOLY MATRIMONY

# വിശുദ്ധ വിവാഹം

## 337 ൩൩൭

*'The voice that breathed o'er Eden'*

7s. 6s.

൧. ആദ്യവിവാഹനാളിൽ
ഏദനിൽ ധ്വനിച്ച
ആ മംഗല്യാശീർവ്വാദം
ഇന്നും കേൾക്കുന്നിതാ.

൨. ക്രൈസ്തവ ദമ്പതിമാർ
തമ്മിൽ ചേരുംനേരം
വിശുദ്ധനാം ത്രിയേകൻ
തൻ കൃപ ചൊരിയും.

൩. സന്താന സൌഭാഗ്യവും
സ്നേഹം വിശ്വാസവും
ലോകശക്തിക്കസാദ്ധ്യം
നീക്കാനൈക്യബന്ധം.

൪. പിതാവേ, നിൻ സാന്നിദ്ധ്യം
വേണമീ സന്ദർഭേ
ആദാമിൻ ഹവ്വാപോലെ
ഈ കാന്തയാകട്ടെ.

൫. രക്ഷകാ, എഴുന്നെള്ളി
യോജിപ്പിക്കിവരെ
ദീർഘകാലം സന്തോഷം
ചേർന്നു വസിച്ചിടാൻ.

൬. വിശുദ്ധാത്മാവേ, വന്നു
ആശീർവ്വദിക്ക നീ
സ്വർഗ്ഗമണവാളനു
മണവാട്ടിയെ പോൽ.

൭. ഇവർ തങ്ങൾ കിരീടം
വെച്ചങ്ങു നിൻ പാദെ
ക്രിസ്തൻ മണവാട്ടിയായ്
സൌഭാഗ്യം ചേരട്ടെ.

## 338 ൩൩൮

7s.

൧. ആനന്ദിച്ചു ഘോഷിപ്പിൻ
ഭാഗ്യമാമീ നാളിങ്കൽ
ഐക്യമായ് പാടിടുവിൻ
സ്നേഹമായി വാഴ്ത്തുവിൻ.

൨. ആദിയിങ്കൽ യഹോവാ
പാപം ഇല്ലാ കാലത്തിൽ
ആദം ഹവ്വെ സ്നേഹമായ്
ചേർത്തണച്ചു ഏകമായ്.

൩. ഉത്തമം ഈ ഏർപ്പാടു
ചിത്ത മോദം ഉള്ളതു
മാനമാം വിവാഹത്തിൻ
കിടക്കയോ നിർമ്മലം.

൪. യേശുവേ, ഈ ദാസരെ
ലേശം കൈവിട്ടീടൊല്ലെ
ആശിർവാദം തന്നിപ്പോൾ
നാഥനേ, അയക്കേണം.

൫. ദൈവ വാക്കിന്നൊത്തതായ്
ദൈവ ഭക്തിയുള്ളോരായ്
ഐക്യമായ് വസിപ്പാനായ്
ഇവരെയും വാഴ്ത്തുക.

൬. ദമ്പതിമാർ ഇവരെ
കർത്തനേ രക്ഷിക്കേണം
തിരുനാമ മഹത്വം
ഇവർ മൂലം വരേണം.

൭. ജ്ഞാന മണവാളനേ
വാനത്തിൽ നീ വരുമ്പോൾ
ഹീനമാം നിൻ സഭയെ
പ്രിയ കാന്തയാക്കുമ്പോൾ.

## 339 ൩൩൯

Tune : '*Here we suffer*'

P. M.

൧. സ്വർഗ്ഗമണവാളനേ
സത്യ സഭാ നാഥനേ
ആശിർവദിക്കേണം
ദാസർ ഇവരെ ഇപ്പോൾ
ദാസർ ഇവരെ ഇപ്പോൾ
ദാസർ ഇവരെ ഇപ്പോൾ
ആശീർവദിക്കേണമേ.

൨. കാനാവിലെ പന്തലിൽ
മംഗലോത്സവം അതിൽ
എഴുന്നരുളിയ
യേശു മാനുവേലേ
യേശു മാനുവേലേ
യേശു മാനുവേലേ
എഴുന്നരുളേണമേ.

൩. ദാസ ദാസിമാർ ചെയ്യും
ഈ വിവാഹത്തിൻ ബന്ധം
സന്തതം നില്ക്കേണം
സ്നേഹപാശമോടെ
സ്നേഹപാശമോടെ
സ്നേഹപാശമോടെ
സന്തതം നില്ക്കേണമേ.

൪. ദുഃഖം ദീനം ആകിലും
സൌഖ്യം മോദം ആകിലും
ഐക്യത നല്കേണം
ആത്മദാനം നല്കി
ആത്മദാനം നല്കി
ആത്മദാനം നല്കി
ഐക്യത നല്കേണമേ.

## 340 ൩൪൦

Tune: '*Lead us, heavenly Father*'

8. 7. 8. 7. 8. 7.

൧. കൃപയുള്ള ത്രിയേകനേ,
ഇപ്പോൾ നീ വരേണമേ
നിന്റെ കൃപയാൽ ഇവരെ
അൻപോടു നോക്കേണമേ
കടാക്ഷിക്ക
ഈ വധൂവരന്മാരെ.

൨. ആദിമുതൽ വിവാഹത്തെ
നിയമിച്ച കർത്താവേ,
സൽഭക്തി, ശാന്തം, സ്നേഹത്തെ
ഈ പുരുഷനും സ്ത്രീക്കും
നീ കൊടുത്തു
ഇവരെ യോജിപ്പിക്ക.

൩. സന്തോഷ വാഴ്ചകാലത്തിൽ
ദൈവത്തെ ഭയപ്പെട്ടു
സന്താപ താഴ്ചകാലത്തിൽ
ഭക്തിയിൽ സ്ഥിരപ്പെട്ടു
ജീവിക്കേണം
അന്ത്യ സ്വർഗ്ഗേ ചേർന്നീടാൻ.

## 341 ൩൪൧

'*Ere the words of peace and love*'

D. 7s.

൧. ഇമ്പമോടാശിസ്സുകൾ
ദമ്പതിമാർക്കായിപ്പോൾ
ചൊന്നീടുന്ന വാക്കുകൾ
വിണ്ണിൽ പോയ് മറയും മുൻ
വാക്കിന്നഗോചരമാം
ഭാഗ്യപൂർത്തി നല്കുന്ന
പ്രാർത്ഥനയെ തുടർന്നു
പ്രാർത്ഥിപ്പിൻ നിങ്ങളെല്ലാം
നിത്യഭാഗ്യത്രിയേകാ
വാഴ്ത്തണമീ മംഗലം.

൨. ലോകത്തിലെ ഭാഗ്യവും
നാക പർവ്വതമഞ്ഞാം
നിത്യാശിസ്സും നല്കേണം
സത്യവഴി കാട്ടുവാൻ
നിത്യം ദൂതർ മുൻ ചെന്നു
ശാന്തി തിങ്ങും വീട്ടിന്മേൽ
ദൂതർ ചിറകിൻ ശോഭ
രാത്രൗ കാവലാകണം—നിത്യ

൩. ഏദനിലെ സൌഭാഗ്യം
നിത്യമഹത്വത്തോടും
സ്വർഗ്ഗമീ ഭൂമിയോടും
തൽ ഭവനങ്ങളോടും
കൂട്ടിച്ചേർത്തു സ്നേഹത്തിൻ
കെട്ടാം പാലിക്കുന്നോരു
ബന്ധമായീ കർമ്മവും
മുദ്രയിടേണം നാഥാ— നിത്യ

൬. ദൈവമേ, ത്രിയേകനേ,
നിൻ സ്തുതി തന്നെ ഭാഗ്യം
നന്ദി പൂണ്ട മാനസെ
വന്ദിച്ചീടും ഞങ്ങളെ
പങ്കഹീന ശക്തിയാൽ
തങ്കവാതിൽ കടന്നു
അങ്കിധാരിസംഘത്തിൽ
പങ്കുണ്ടാവാൻ പാലിക്ക
കുഞ്ഞാട്ടിൻ കല്യാണത്തിൽ
. സ്വർഗ്ഗഗീതം പാടുവാൻ.

# VISITATION OF THE SICK

# രോഗികളെ ദർശിക്ക

## 342 ൩൪൨

L. M.

൧. ഹാ! യേശു, ആത്മ വൈദ്യനേ,
തീർത്താലും മന്നാരോഗത്തെ
ദിനങ്ങൾ എത്ര അസംഖ്യം?
സർവ്വൗഷധം നിൻ ചൊൽ ഗുരോ.

൨. ഞാൻ കുഷ്ഠരോഗി, എൻ വിളി
'തൊടാതെന്നെ' 'തിണ്ടാതെന്നെ'
എന്നാലും കണ്ടവർക്കെല്ലാം
തൊടേണമെന്നു പ്രാർത്ഥിക്കാം.

൩. മുടന്തനായ് കിടക്കുന്നേൻ
നടപ്പാൻ ചൊന്നാൽ ഓടുവേൻ
പ്രകാശം നീ, കുരുടൻ ഞാൻ
കൺകാണുവേൻ നിന്നാലെ ഞാൻ.

൪. ഞാൻ ചെകിടൻ, നീ ദൈവ ചൊൽ
അനുസരിച്ചു വന്നപ്പോൾ
എൻ ചെവി വേദവാക്കിന്നു
തുറന്നാൽ, എത്ര നല്ലതു?

൫. ഞാൻ ഊമൻ, നീ ദിവ്യവാക്കും
ഗ്രഹിച്ചു വചനം എല്ലാം
നന്നായ് പ്രസംഗിച്ചീടുവാൻ
നീ കല്പിച്ചാൽ, ഞാൻ ചെയ്തീടും.

## 343 ൩൪൩

Tune : '*Lord of love and truth*'

7. 7. 3. 8. 7. 7.

൧. ഖേദിക്കേണ്ടാ ആത്മാവേ,
യേശു ഉണ്ട് സമീപെ
കടൽ തിര ഉയർന്നാലും
കാർമേഘങ്ങൾ മൂടിന്നാലും,
ഖേദിക്കേണ്ടാ ആത്മാവേ,
യേശു ഉണ്ട് സമീപെ.

൨. ദുഃഖം ദീനം ആകിലും
മൃത്യു തന്നെ ആകിലും
നല്ലിടയൻ താൻ വഹിക്കും
എല്ലാ നാളും താൻ മറെക്കും
തല്ലിയാലും തഴുകും
അല്ലൽ എല്ലാം ഒഴിക്കും.

൩. സ്വർഗ്ഗം നിത്യ ഭവനം
ഇല്ലവിടെ സഹനം.
യഹോവാ നല്ല പിതാവു
യേശു അല്ലോ രക്ഷിതാവു
ഖേദിക്കേണ്ടാ ആത്മാവേ,
യേശു ഉണ്ട് സമീപെ.

## 344 ൩൪൪

Tune : '*For ever with the Lord*'

D. S. M.

൧. ഭയപ്പെടായ്ക നീ
ധൈര്യമായിരിക്ക
ഞാൻ തന്നെ ആകുന്നു തവ
അന്തികെ വന്നതു;
നിത്യമായ് സ്നേഹിച്ചു
നിന്നെ, അതിനാൽ ഞാൻ
വാത്സല്യത്തോടെ എങ്കലേ (ക്ക്)
ആകർഷിച്ചീടുന്നു.

൨. എൻ പ്രിയ മക്കളെ
അൻപോടെ ശാസിച്ചു
ശിക്ഷിച്ചീടുന്നു ഞാൻ അവർ
രക്ഷപ്പെടുവാനായ്;

നിൻ പാപം ഓൎത്തെന്റെ
മുമ്പിൽ എരിവോടെ
മാനസാന്തരപ്പെട്ടുകിൽ
നിനക്കു ഭാഗ്യമേ.

൩. ക്ഷീണത്തിൻ കട്ടിലിൽ
ഞാൻ നിന്നെ താങ്ങുന്നു
നിൻ വ്യാധിയിൽ കിടക്കയെ
ഞാൻ വിരിച്ചിടുന്നു;
നിൻ അകൃത്യങ്ങളെ
ഒന്നോടെ മോചിച്ചു
രോഗങ്ങൾ സകലവും ഞാൻ
സൌഖ്യം ആക്കീടുന്നു.

൪. അഗ്നിയിൽ കൂടെയും
നീ കടന്നിടുമ്പോൾ
നിന്നോടൊരുമിച്ചു സദാ
ഞാൻ നടന്നിടുമെ;
ഞെരുക്ക ചൂളയിൽ
തെരിഞ്ഞെടുത്തു ഞാൻ
നിന്നെ ശോധന ചെയ്തു പിൻ
പൊന്നു പോൽ നീ വരും.

൫. നീ എന്നെ സ്നേഹിക്കിൽ
ഒരം എൻ പ്രവൃത്തിയെ
ഇന്നു ഗ്രഹിച്ചിടായ്കിലും
പിന്നെ അറിയുമെ;
സൎവ്വത്തിലും സദാ
സ്തോത്രം ചെയ്തീടുക
ദൈവത്തെ സ്നേഹിക്കുന്നോൎക്കു
സൎവ്വവും നന്മയാം.

---

## 345 ൩൪൫

Tune : ‘*When this passing world*’

6 lines. 7s.

൧. ദുഃഖമുള്ള ആത്മാവേ,
ക്ഷീണഭാവം എന്തിന്നു?
യേശു നിന്റെ രക്ഷകൻ
ഉത്തമനാം സ്നേഹിതൻ
അവൻ ദുഃഖം കളയും
സ്വസ്ഥം ആകാൻ കല്പിക്കും.

൨. വിശ്വസിക്ക ആത്മാവേ,
തന്റെ ദിവ്യ കൃപയെ;
മേൽ ആകാശത്തിൽനിന്നു
കീഴ് ലോകത്തോളം എത്തും
അളവററതാം കൃപ
കരുണയും അങ്ങിനെ.

൩. ദുഃഖഭാവം നീക്കുക
യേശുവിൽ ആശ്രയിക്ക
അവൻ പാപം ക്ഷമിക്കും
അവൻ ശുദ്ധീകരിക്കും
സന്നിധാനെ ചെല്ലുക
പാപ ക്ഷമ ലഭിക്കു.

---

## 346 ൩൪൬

Tune : ‘*At the Name of Jesus*’

D. 6. 5. 6. 5.

൧. ആകാശത്തിൻ മീതെ
സ്വൎല്ലോക രാജ്യം
ആശ്വാസം അവിടെ
നമുക്കു കിട്ടും
അടിമ ഞെരുക്കം
ക്ഷുത്തും ദാഹവും
യാതൊരു ദുഃഖവും
ഉണ്ടാക ഇല്ല.

൨. പിതാവിന്റെ വീട്ടിൽ
മക്കൾ എല്ലാവരും
കൃപയാൽ വേഗത്തിൽ
ഒന്നിച്ചു കൂടും
നിത്യ മഹത്വവും
പൂൎണ്ണ മോദവും
എന്നും ഇമ്പങ്ങളും
അപ്പോൾ ലഭിക്കും.

൩. ഇവിടെ പ്രയത്നം
നൽ മനസ്സോടെ
എപ്പോഴും ചെയ്യേണം
എൻ കൂട്ടുകാരേ
ഉയരെ നോക്കേണം
ഭാഗ്യം ഓൎക്കേണം
അതു കിട്ടുവോളം
കാത്തിരിക്കേണം.

## 347 ൩൪൭

### Tune: '*Here we suffer*'

### P. M.

൧. യേശു മാത്രം ശരണം
അവൻ നമ്മെ രക്ഷിക്കും
ഇപ്പോഴും എന്നേക്കും
അതു എത്ര ഭാഗ്യം
ഭാഗ്യം ഭാഗ്യം ഭാഗ്യം
അതു് എത്ര ഭാഗ്യം
യേശു സത്യ ശരണം.

൨. യേശുക്രിസ്തു ജനിച്ചു
കഷ്ടപ്പെട്ടു മരിച്ചു
എല്ലാ ജനങ്ങൾക്കായ്
തന്നിൽ മാത്രം ഭാഗ്യം
ഭാഗ്യം ഭാഗ്യം ഭാഗ്യം
തന്നിൽ മാത്രം ഭാഗ്യം
യേശു ദിവ്യ ശരണം.

൩. യേശു ഇപ്പോൾ സ്വൎഗ്ഗത്തിൽ ;
നാമും കൂടെ വേഗത്തിൽ
അവിടെ എത്തിയാൽ
അതു് എത്ര ഭാഗ്യം
ഭാഗ്യം ഭാഗ്യം ഭാഗ്യം
അതു് എത്ര ഭാഗ്യം
സ്വൎഗ്ഗ മോക്ഷം കിട്ടുമ്പോൾ.

൪. പാപം പേടി വേദന
ദുഃഖം ദീനം മൃത്യുവും
അവിടെ ഇല്ലല്ലോ
അതു് എത്ര ഭാഗ്യം
ഭാഗ്യം ഭാഗ്യം ഭാഗ്യം
അതു് എത്ര ഭാഗ്യം
സ്വൎഗ്ഗ മോക്ഷം കിട്ടുമ്പോൾ.

൫. യേശു മാത്രം ശരണം
സ്വൎഗ്ഗം നിത്യ ഭവനം
നാം ഇപ്പോൾ യാത്രക്കാർ
പിന്നെ പൂൎണ്ണ ഭാഗ്യം
ഭാഗ്യം ഭാഗ്യം ഭാഗ്യം
പിന്നെ പൂൎണ്ണ ഭാഗ്യം
യേശുവിനെ കാണുമ്പോൾ.

## 348 ൩൪൮

### '*Draw me nearer*'

### 10. 7. 10. 7.

൧

എന്നെ രക്ഷിപ്പാൻ ഉന്നതം വിട്ടു
മന്നിൽ വന്ന കൎത്താവേ !
നിന്നെ സ്വൎഗ്ഗത്തിൽനിന്നിഹ കൊണ്ടു-
വന്നതു നിൻ സ്നേഹമേ ;
ആകൎഷിക്ക എന്നെ പ്രിയരക്ഷകാ :
നീ മരിച്ച ക്രൂശിങ്കൽ :
ആകൎഷിക്ക എന്നെ പ്രിയ രക്ഷകാ :
നിൻ മുറിഞ്ഞ മാൎവ്വിങ്കൽ.

൨.

നാവുകൊണ്ടു ചൊല്ലാവതിൻമേൽ നീ
നോവെനിക്കായേററല്ലൊ !
ഈ വിധം സ്നേഹം ജീവനാഥാ ! ഈ
ഭൂവിലാൎക്കുമില്ലഹോ ! — ആകൎഷിക്ക

൩

നിങ്കലേക്കെന്നെ ആകൎഷിപ്പാനായി
രോഗമാം നിൻ ദൂതനെ :
നിൻ കരത്താൽ നീ എങ്കൽ അയച്ചു
നിൻ കൃപെക്കായ് സ്തോത്രമേ :— ആക

൪

നിൻ സ്വരൂപത്തോടനുരൂപമായ്
വരുവാൻ നാളിൽ നാളിൽ :
ചൊരികാത്മാവിൻ വരങ്ങൾ എന്നും
നിറവായ് നീയെന്നുള്ളിൽ. — ആക

൫

ജീവനുള്ളതാം ദൈവവചനം
സൎവ്വനേരവുമെന്റെ
പാവനാഹാരമാവതിന്നെന്നും
ദിവ്യകൃപ നല്കുകെ. — ആക

൬

ഉന്നതത്തിൽ നിൻ സന്നിധൌ വന്നു
നിന്നെ ഞാൻ കാണുന്നേരം :
എന്നിൽ ഉണ്ടാമാനന്ദമവൎണ്ണ്യം :
എന്നുമെന്നേക്കും ഭാഗ്യം. — ആക

## 349 ൩൪൯

*Dolomite chant. Austrian melody*

6s.

൧. നിത്യമായി സ്നേഹിച്ചു :
നിൻ പേൎക്കു മരിച്ചു :
നിന്നെ ഞാൻ വിളിച്ചു,
രക്ഷ പ്രാപിപ്പാനായ്.

൨. ഞാൻ സ്നേഹിക്കുന്നോനെ
ശിക്ഷിക്കുന്നതിനെ
ഓൎക്ക നീ മകനേ!
നിന്നാശ്വാസത്തിന്നായി.

൩. ഞാനയക്കും രോഗം ;
ഞാൻ വരുത്തും ശോകം ;
കഷ്ടതയുണ്ടാകും ;
അവയെൻ ദൂതന്മാർ.

൪. നിന്റെ വേദനയിൽ
നോക്കുക നീ ക്രൂശിൽ ;
ദൈവകോപാഗ്നിയിൽ
ഞാൻ ദഹിക്കുന്നതു.

൫. എൻ മേനിയുടഞ്ഞു :
എൻ രക്തം ചൊരിഞ്ഞു :
ഹൃദയം തകൎന്നു
നിന്നെ സ്നേഹിച്ചതാൽ.

൬. നീയെന്റെ സ്നേഹത്തിൽ
വിശ്വസിക്കുന്നെങ്കിൽ :
വിശ്രമിക്കയതിൽ
നല്കും അതാശ്വാസം.

൭. എന്റെ ശുദ്ധ വചനം
നിൻ പ്രിയമാം ധ്യാനം
ആകയനുദിനം
നീയതുൾക്കൊള്ളുക.

൮. പൂൎണ്ണാനുസരണം
നിൻ ശുദ്ധീകരണം
ആത്മാവിൻ ഭരണം
മൂലം മാത്രം വരും.

൯. ഹൃദയം തരേണം,
ഞാനതിൽ വരേണം :
സ്വയത്തിൻ മരണം
നിന്നിൽ ഉണ്ടാകേണം.

൰. നിൻ ശോധന തീരും :
ഇല്ലാതാകും കണ്ണീരും :
പൊന്നുപോൽ നീ വരും :
നീ ഭാഗ്യവാനാകും.

൧൧. കാഹളം ധ്വനിക്കും :
മൃതന്മാർ ഉയിൎക്കും :
രോഗമെല്ലാം പോകും :
മൃത്യുവില്ലാതാകും.

---

## 350 ൩൫൦

10. 10. 6. 6. 6. 4.

൧. വേദനയിൽ അഹൊ! എൻ സോദരാ
നീ ദൈവത്തിങ്കലേക്കു നോക്കുക;
നിൻ ഖേദകാലത്തിൽ
സങ്കേതമവനിൽ ;
തൻ കാരുണ്യമതിൽ
ആശ്രയിക്ക.

൨. യേശു രക്ഷാകരൻ കാരുണ്യവാൻ
ആകൎഷിക്കുന്നു നിന്നെ സ്നേഹവാൻ
സ്വർ നാടതിൽ ഇനി
കണ്ണുകൾ പതിക്ക നീ
ഇല്ലേറെ മേദിനി
വാസമിനി.

[കളെ
൩. ക്രൂശിൽ നിൻപേൎക്കവൻ കൈകാൽ—
നീട്ടി കൃപാകരൻ ആശ്ചൎയ്യമേ!
നിന്നെ പ്രതിയവൻ
ജീവൻ വെടിഞ്ഞു നിൻ
മോചനം വാങ്ങിത്തൻ
സ്നേഹത്തിനാൽ.

൪. വിശ്വാസ കണ്ണുകളെ നീ സന്തതം
യേശുവിങ്കൽ പതിക്കിൽ സദയം
സന്തോഷമേകുമെ
താൻ നിന്റെ ആശയെ ;
താങ്ങും ദിനെ ദിനെ
നിന്നെയവൻ.

൭. തന്നെ നീ പൂർണ്ണമായ്സ്നേഹിക്കേണം:
ഉണ്ടാകൊലാ ഹൃദി വിഗ്രഹവും
യേശുവിന്നാഗ്രഹം:
നിന്നുൾ അവൻ ഗൃഹം:
എന്നും അനുഗ്രഹം
ആയിടേണം.

൮. ഭുവിൽ നിൻ ജീവിതം തീരുന്നനാൾ
ദൈവത്തിൻ സന്നിധൌ ചെന്നീട്ടു- [മ്പോൾ:
നിൻ പ്രിയരേവരും
മുമ്പിൽ മുദാ വരും;
ഭാഗ്യം മഹത്തരം:
മനോഹരം.

# BURIAL OF THE DEAD
# ശവസംസ്കാരം

## 351 ൩൫൧

Tune : '*What ! what is this ?*'

P. M.

൧

ഹേ മൃത്യുവേ, ഭയങ്കരങ്ങളിൻ
രാജനാം ശത്രുവേ,
നീ മർത്യരെ ജയിച്ചു ഭൂമിയിൽ
വാഴുന്നിന്നാൾ വരെ
ഭാഗ്യപദവിസായെ നീ
ദുഃഖക്കണ്ണീർ താഴ്വരയായ്
മാററി സദാ ഭരിക്കുന്നേ
ക്രൂരനാം രാജനേ.

൨

ഹേ മൃത്യുവേ, നിൻ കർത്തവ്യം നില-
നിന്നിടാ എന്നുമേ
ഇമ്മാനുവേൽ ഈ മാനവകുല
രക്ഷകൻ ഭൂതലേ
വന്നു മൃതിയതേററു താൻ
നിന്മേൽ വിജയംകൊണ്ടു നിൻ
ഘോരവിഷത്തിൻ മുള്ളിനെ
നീക്കി എന്നേക്കുമേ.

൩

ഹേ മൃത്യുവേ, ഇപ്പോൾ ക്രിസ്തേശുവിൻ
ഭക്തരാം ഏവർക്കും
നീ ഭൃത്യനായ് ഇപ്പാപലോകത്തിൽ
നിന്നു പ്രതിദിനം
ദൈവത്തിന്റെ പൈതങ്ങളിൻ
ആത്മാക്കളെ സ്വർ താതൻ തൻ
സന്നിധൌ കൊണ്ടുപോകുവാൻ
ഉള്ളൊരു ദൂതൻ താൻ.

൪

ഹേ മൃത്യുവേ, നിൻ മൃത്യുവിൻദിനം
വന്നീടും വേഗത്തിൽ
ഇമെപ്പളവിൽ അന്ത്യ കാഹളം
കേട്ടിടും നേരത്തിൽ
ചത്തോരുടൻ അമർത്ത്യരായ്
ഉയിർക്കുമേ എന്നേക്കുമായ്
മൃത്യു പിന്നെ ഉണ്ടായിടാ
ആമെൻ, ഹല്ലേലുയ്യാ.

## 352 ൩൫൨

'*For ever with the Lord*'

D. S. M.

൧. കർത്തന്റെ കൂടെന്നും
ആകട്ടതങ്ങിനെ
മൃത്യുശേഷം ജീവൻ എന്നു
അമൃത്യുവാൽ സ്വന്തം;
യേശുവെപ്പിരിഞ്ഞു
ജഡത്തിൽ പാർക്കിലും
നാൾതോറും ഈ മൺകൂടാരം
അടുക്കും വീട്ടോടു.

൨. മേൽ എൻ പിതൃഗൃഹം
എന്നാത്മ വീടതാം
വിശ്വാസക്കണ്ണാൽ ദൂരത്തിൽ
കാണാമെ പൊൻ വാതിൽ;
എൻ ആത്മ മോഹം ഹാ
എൻ ഇഷ്ട നാടെത്താൻ
വിശുദ്ധരിൻ അവകാശം
മേലുള്ളേരുശലേം.

൩. കാർമേഘം മൂടിടാം
ഞാൻ ആശയറ്റോനായ്
നോഹിന്റെ പ്രാവെ പോൽ ചുറ്റും
ആകാശം ഭ്രമദ്ധ്യേ;
വേഗം കാർ പ്രളയം
കാറ്റും മാറിപ്പോകും
മോദമുണ്ടാം എൻ ചിത്തത്തിൽ
ശാന്ത വിൽ കാണുമ്പോൾ.

൪. ഉഷസ്സിൽ സന്ധ്യക്കും
പാതിരാ ഉച്ചക്കും
ഭൂഭാഷകൾ കവിഞ്ഞു ഞാൻ
കേൾക്കുന്നു സ്വർഗ്ഗാനം;
ഉയിർപ്പിൻ വചനം
ജയഘോഷം വീണ്ടും
കർത്തന്റെ കൂടെന്നും ആമേൻ
ആകട്ടെതങ്ങിനെ.

---

## 353 ൩൫൩

*'Only a few more years'*

S. M.

൧. അല്പം നാളു കൂടെ
അല്പം വ്യാകുലവും
അല്പം ചിരി വിലാപവും
അല്പം പ്രാർത്ഥനയും.

൨. അല്പം വീഴ്ച കൂടെ
അല്പം നെടുവീർപ്പും
അല്പം ഭൌമിക ഗാനവും
അല്പം യാത്ര ചൊല്ലും.

൩. പിന്നെയൊ സുഖമായ്
പിന്നെ സമാധാനം
പിന്നെ സന്തോഷ പൂർണ്ണത
പിന്നെ ഭാഗ്യാധിക്യം.

൪. എന്നേക്കും പാർത്തിടാം
എന്നേക്കും ആർത്തിടാം
എന്നേക്കും ദൈവ സന്നിധൌ
എന്നേക്കും വാണീടാം.

---

## 354 ൩൫൪

*'Hush! blessed are the dead'*

6s.

൧. ക്രിസ്തുമാർമ്മേൽ ചാരി തൻ
ഹന്തു വിശ്രമിച്ചു
കർത്താവിൽ മൃതന്മാർ
നിത്യം ഭാഗ്യവാന്മാർ.

൨. കാണാതെ സ്നേഹിച്ച
പ്രാണനാം യേശുവെ
ഉണ്മയിൽ തെളിവായ്
കാണ്മതെത്ര ഭാഗ്യം

൩. വല്ലാത്ത പ്രയാസം
ഇല്ലാ നദീതീരെ
പുല്ലിൻ മേച്ചിൽ സ്ഥലേ
നൽ ഇടയൻ മേയ്ക്കും.

൪. പകലത്തെ വെയിൽ
പാതിരാ ശീതവും
വ്യാകുല ദുഃഖവും
ഇല്ലവർക്കിനിമേൽ.

൫. അവരുടെ സ്നേഹം
സ്വരം, സന്തോഷവും
കാണ്കയില്ല ഞങ്ങൾ
കുറെ നാളേക്കിനി.

൬. പിരിഞ്ഞ പ്രിയർക്കായ്
ഞങ്ങൾ ദുഃഖിക്കുമ്പോൾ
കണ്ണുനീർ ചൊരിച്ച
കർത്താ ക്ഷമിക്കണേ.

൭. മൃത്യു വെന്നെഴുന്ന
ക്രിസ്തൻ നാദം അവർ
'സന്തോഷിപ്പിൻ' എന്നു
അന്ത്യനാളിൽ കേൾക്കും.

---

## 355 ൩൫൫

*'Brother, Thou art gone before us'*

P. M.

൧. മുമ്പേ പോകുന്നോ ഭ്രാതാവ്
വേർപെട്ടോ പുണ്യാത്മാവ്
കണ്ണുകൾ തോരുന്ന സൌഭാഗ്യ
കുഞ്ഞിതം ഇല്ലാ സ്ഥലെ

കായ ഭാരം ചിന്താകുലം
ഭയവും പോയ് അഖിലം
ഭണ്ഡിപ്പിക്കമോ ഭൃക്കന്മാർ
ക്ഷീണർക്കുള്ളി വിശ്രാമമേ.

൨. കഴിഞ്ഞിന്നായാസ സഞ്ചാരം
ഒഴിഞ്ഞിന്നെല്ലാ ഭാരം
കുഴഞ്ഞ കാൽ പറിച്ചേശുവിൻ
കഴലിണ ചേരുവാൻ
അബ്രാമിൻ മാർവ്വിൽ ലാസർപോൽ
നിർഭയം നീ ഉറങ്ങും
ഭണ്ഡിപ്പിക്കമോ ഭൃക്കന്മാർ
ക്ഷീണർക്കുള്ളി വിശ്രാമമേ.

൩. ഏല്ക്കില്ല പാപ മാലിന്യം
വിശ്വാസം ക്ഷയിക്കില്ല
യേശുവിൽ നിന്റെ ആശ്രയം
ലേശവും ഇളകൊല്ലാ
വിശുദ്ധരാം നിൻ ഇഷ്ടരെ
നിസ്സംശയം നീ കാണും
ഭണ്ഡിപ്പിക്കമോ ഭൃക്കന്മാർ
ക്ഷീണർക്കുള്ളി വിശ്രാമമേ.

൪. ശുശ്രൂഷകൻ നിന്റെ ദേഹം
മണ്ണ് ചാരങ്ങൾക്കേല്പിച്ചു
മണ്ണ് കറകളാം നിൻ ശ്മശാനം
ഞങ്ങൾ ഉറപ്പാക്കുമവൻ
വാഴ്ത്തപ്പെട്ടോർ സമൂഹം
എത്തുവാൻ ദേഹിയും പോയ്
ഭണ്ഡിപ്പിക്കമോ ഭൃക്കന്മാർ
ക്ഷീണർക്കുള്ളി വിശ്രാമമേ.

൫. പിന്നിൽ ശേഷിച്ച ഞങ്ങൾക്കും
വന്നിടുമ്പോൾ ക്ഷണം
പാപകറ ഏല്ക്കാത്തോരായ്
കേൾക്കണേ നൽ സ്വാഗതം
നിന്നെപ്പോൽ ഞങ്ങൾ ശാന്തമായ്
പിന്നാലെ വന്നെത്തേണം
ഭണ്ഡിപ്പിക്കമോ ഭൃക്കന്മാർ
ക്ഷീണർക്കുള്ളി വിശ്രാമമേ.

## 356 ൩൫൬

*'Now the labourer's task is o'er'*

7s.

൧. വേല ഇപ്പോൾ തീർന്നല്ലൊ
യുദ്ധവും കലാശിച്ചു
യാത്രക്കാരൻ ചേർന്നല്ലൊ
അക്കരെ താൻ തനിച്ചു
കാരുണ്യ കാവലിൽ താതാ
കാപ്പാൻ ഏല്പിക്കുന്നേ ഇതാ.

൨. ഭൂവിൻ കണ്ണീർ തീർന്നല്ലൊ
ഗൂഢങ്ങൾ വെളിവായ്
ന്യായാധിപൻ തന്നല്ലൊ
വിധി ചൊൽവാനുള്ളവൻ.
കാരുണ്യ—

൩. നഷ്ടമാം ആടുകളെ
ചേർത്തു കൂട്ടുന്നിടയൻ
ഇല്ലവക്കലച്ചിലും
ചെന്നായ്ക്കളിൻ ശല്യവും.
കാരുണ്യ—

൪. മൃത്യുവിൻ നേരം ക്രൂശിൽ
കണ്ണുയർത്തും ഭക്തന്മാർ
യേശുവിൻ സ്നേഹാബ്ധിയിൽ
മുങ്ങും അവിടെ അവർ.
കാരുണ്യ—

൫. അങ്ങവരിൻ ശാന്തത
ശൂന്യം ആക്കാനില്ലാരും
പ്രാണൻ തന്നു രക്ഷിച്ച
കർത്തൻ പരിപാലിക്കും.
കാരുണ്യ—

൬. 'മണ്ണിന്നു മണ്ണായെ'ന്നു
ചൊല്ലി പിൻ നില്ക്കുന്ന നാം
ഉയിർപ്പിൻ നാൾ വരെയും
കാക്കുന്നാശ്രയത്തോടെ.
കാരുണ്യ—

# ORDINATION

## പട്ടം കൊടുക്ക

**357** ന൫൭

*'Pour out Thy Spirit'*

L. M.

൧. പകരേണം നിന്നാത്മാവെ
പരത്തിൽനിന്നു കർത്താവേ;
പരനേ ഈ നിൻ ദാസൻ (ർ) മേൽ
പഥ്യമാം നിന്റെ ദാനങ്ങൾ.

൨. നിൻ സഭയിൻ ദൂതന്മാരെ
നീതി ധരിപ്പിക്കേണമേ;
നിൻ കയ്യിൽ നക്ഷത്രം പോലെ
നിത്യം പ്രകാശിപ്പിക്കേണം.

൩. തീണ്ണത, ജ്ഞാനം, വിശ്വാസം
തിങ്ങിന സ്ഥൈര്യം, സൌമ്യത,
തീർത്തു നീ കൊടുത്തീടേണം
തിരു സഭാ ഭാരം ഏല്പാൻ.

൪. മടുക്കാതെ പ്രാർത്ഥിപ്പാനും,
മന്ദിക്കാതെ കാത്തീടാനും,
മത്സരിയെ ശാസിപ്പാനും,
മക്കളെ പോററിടുവാനും.

൫. ഇഹത്തിൽ ജോലി തീർന്നിട്ടു
ഇദ്ദാസൻ (ർ) ആശ പൂണ്ടിട്ടു
ഇമ്പമായ് ദർശിക്കേണമേ
ഇടയ ശ്രേഷ്ഠാഗമനം.

**358** ന൫൮

L. M.

൧. ആദിയിൽ ദിവ്യ ദാസരെ
നിയോഗം ചെയ്ത നാഥനേ,
ഇന്നേരം ഠരം നിൻ ദാസനെ (രെ)
ആശീർവ്വദിച്ചീടണമേ.

൨. നിൻ ആത്മ ദാനം നിറവായ്
ആ ദാസർ ഏററു സേവയെ
സ്വയം ഇല്ലാതെന്നേരവും
ചെയ്യുറെ ഭക്തിപൂർവ്വമേ.

൩. അവ്വണ്ണം സ്നേഹം താഴ്മയും
ആവശ്യ ദാന പൂർത്തിയും
ഠരം ദാസനും (ക്കും) നല്കീടേണം
നിൻ സത്യ ഭൃത്യൻ (ർ) ആക്കേണം.

൪. വിശുദ്ധി നീതി സത്യവും
ഔദാര്യം ക്ഷാന്തി ഭക്തിയും
ദുഷ്കാന്ത സൌമ്യ ശീലവും
നല്കേണമേ എന്നേരവും.

൫. ആക്ഷേപിക്കാത്ത ജീവിതം
സൽകീർത്തിയേറും സേവയും
അനുഗ്രഹത്തിൻ പൂർത്തിയും
നല്കേണം സർവ്വകാലവും.

---

# FOR THOSE WHO TRAVEL

## യാത്രാഗീതങ്ങൾ

**359** ന൫൯

Tune : '*Abide with me*'

10s.

൧. യഹോവാ നിന്റെ പരിപാലകൻ
നിൻ ഗമനാഗമനങ്ങളിലും
സൂക്ഷിക്കും രാപ്പകൽ ക്ഷണംപ്രതി
സർവ്വദോഷങ്ങളിൽനിന്നും നിന്നെ.

൨. യഹോവാ നിന്റെ പരിപാലകൻ
പകൽ ആദിത്യൻ രാത്രി ചന്ദ്രനും
നിന്നെ ഉപദ്രവിക്കാ ലേശവും
താൻ എന്നും ചിറകിൻ കീഴിൽ കാക്കും.

൩. യഹോവാ നിന്റെ പരിപാലകൻ
മേൽ സ്നേഹക്കൊടി; കീഴിൽ നിത്യമാം
തൻ ഭുജങ്ങൾ; ഇരുഭാഗത്തും, നിൻ
മുമ്പിൽ, ചുററിലും ഉണ്ടു തൻ കാവൽ.

5. യഹോവാ നിന്റെ പരിപാലകൻ
നിന്റെ ഹൃദയം മനസ്സും ആത്മാവും
ദേഹം ജീവൻ അധരം കൺ കൈ കാൽ
ക്ഷേമത്തോടെ കാക്കും അവൻ കയ്യിൽ.

6. യഹോവാ നിന്റെ പരിപാലകൻ
കണ്ണിൻ കൃഷ്ണമണിപോൽ എന്നുമെ
ഇഹത്തിൽ നിന്നെ സൂക്ഷിച്ചതിൻ-പിൻ
മഹത്വത്തിൽ ചേർക്ക കൈക്കൊണ്ടിടും.

---

## ക്രിസ്തീയ പ്രവർത്തകന്മാരുടെ യാത്രയയപ്പ്

**360** ൩൬൦

Tune : ' *Sweet Saviour, bless us* '

Six. 8s.

1. ഞങ്ങൾ മദ്ധ്യേ വന്ന കർത്താ
സമാധാനം തന്നരുൾക
തമ്മിൽ പിരിയും ഞങ്ങളെ
സന്തോഷിപ്പിക്ക നാഥനേ,
നല്ല രക്ഷകാ ഞങ്ങളെ
കാത്തുകൊൾ അന്ത്യനാൾ വരെ.

2. നന്മചെയ്തു നാടെങ്ങുമേ
സഞ്ചരിച്ച നൽ രക്ഷകാ
ഞങ്ങൾ പോക്കും വരവുമെ
എന്നാളും കാത്തരുളുക— നല്ല

3. ഇത്രനാളും സന്തോഷമായ്
വാഴ്പാൻ കൃപ നിൻ ദാസർക്ക
നല്കിയ നിൻ സ്നേഹത്തിന്നായ്
ചൊല്ലുന്ന സ്തോത്രം നിനക്ക— നല്ല

4. നിൻ മഹത്വമാം വേലയെ
നിൻ ദാസർ ഇങ്ങു ചെയ്തുള്ള
നിൻ അനുഗ്രഹ മാരിയെ
നീ അയച്ചു വാഴ്ത്തീടുക— നല്ല

5. യാത്ര ചെയ്യും നിൻ മക്കളെ
ആപത്തില്ലാതെ കാക്കേണം
നിൻ ആവിയിൻ വരങ്ങളെ
കൃപയോടെ നല്കീടേണം— നല്ല

6. സന്തോഷം സമാധാനവും
ഇങ്ങു വസിപ്പോർക്കരുൾക
കഷ്ടത നാനാരോഗങ്ങൾ
പററാതെ നിത്യം താങ്ങുക— നല്ല

7. ഉണ്ടൊരു സ്ഥലം അവിടെ
ഇല്ലൊരുനാളും പിരിച്ചിൽ
ചേർക്കേങ്ങളെ നിൻ നികടെ
ഇല്ലല്ലൊ അങ്ങു കരച്ചിൽ— നല്ല

8. തമ്മിൽ സന്തോഷിച്ചീടുവാൻ
നല്കേണം കൃപ ദൈവമേ
വീണ്ടും തമ്മിൽ കണ്ടീടുവാൻ
സംഗതി നല്കീടേണമേ— നല്ല

9. വേറെ രാജ്യത്തും ദൈവമേ,
നിൻ സുവിശേഷം ഘോഷിപ്പാൻ
നൽ വരം നല്കീടേണമേ
എല്ലാരും രക്ഷപ്പെടുവാൻ— നല്ല

---

**361** ൩൬൧

11s.

1. ആശ്രയിക്കുന്നിതാ ആശീർവദിക്ക
ദാസരാം ഞങ്ങളെ യാത്ര അയക്ക
നിന്റെ സമാധാനം ഞങ്ങളിൽവന്ന
വൻ നദിപോൽ ഒഴുകീടട്ടെ ഇന്ന.

2. നിൻ പരിപാലനം തന്നിൽ ഏല്പിച്ചു
പാദപീഠം ചേർന്നു പ്രാർത്ഥിച്ചിടുന്ന
സ്നേഹമൊഴിചൊല്ലി യാത്രയാക്കേണം
ഉന്നതസ്നേഹം താൻ കാവലാകേണം.

3. ഞങ്ങളിൻ ഗമനം ആഗമനവും
നീ പരിപാലിക്ക ഏതു നേരവും
സ്നേഹം ആശ വിശ്വാസജപങ്ങളാൽ
തമ്മിൽ അങ്ങുപിരിയുന്നിതാ ഞങ്ങൾ.

4. മേലിൽ ഞങ്ങൾക്കില്ല ഒരു പിരിച്ചിൽ
അന്ന മാററും നീ ഞങ്ങളിൻ കരച്ചിൽ
സ്വർഗ്ഗ സംഘം ചേർന്നുകൂടി വസിക്കിൽ
എത്രഇമ്പം ഭാഗ്യം കാണും ആദിക്കിൽ

## 362 നമ്പ്ര

*'God be with you'*

9. 8. 8. 9.

൧. കാണുംവരെ ഇനി നാം തമ്മിൽ
കൂടെ ഇരിക്കട്ടെ ദൈവം
തൻ ദിവ്യ നടത്തിപ്പാലെ
കാത്തു പാലിക്കട്ടെ നിങ്ങളെ
ഇനി നാം...ഇനി നാം...
യേശു മുൻ ചേരും വരെ...
ഇനി നാം.. ഇനി നാം
ചേരും വരെ പാലിക്കട്ടെ താൻ.

൨. കാണുംവരെ ഇനി നാം തമ്മിൽ
തൻ തിരു ചിറകിൻ കീഴിൽ
നല്കി എന്നും ദിവ്യമന്നാ
കാത്തു പാലിക്കട്ടെ നിങ്ങളെ—ഇനി

൩. കാണുംവരെ ഇനി നാം തമ്മിൽ
തൻ തൃക്കരങ്ങളിൽ ഏന്തി
അനർത്ഥങ്ങളിൽ കൂടെയും
കാത്തു പാലിക്കട്ടെ നിങ്ങളെ—ഇനി

൪. കാണുംവരെ ഇനി നാം തമ്മിൽ
സ്നേഹ കൊടിയതിൻ കീഴിൽ
മൃത്യു വിരുന്മേൽ ജയം നല്കി
കാത്തു പാലിക്കട്ടെ നിങ്ങളെ — ഇനി

# Fellowship സംസർഗ്ഗം

## 363 നമ്പ്ര

*'Blest be the tie that binds'*

S. M.

൧. ക്രിസ്തുവിൻ സ്നേഹത്തിൽ
ചിത്തങ്ങളിൻ ബന്ധം
വാഴ്ത്തപ്പെട്ടതാകട്ടെങ്ങൾ
ഏത്തിനൈക്യവുമെ.

൨. പ്രിയ പിതൃമുമ്പിൽ
നാം യാചിക്കുന്നിതാ,
ഭയം പ്രത്യാശാ കാംക്ഷകൾ
ഒന്നു താൻ ഞങ്ങൾക്കു.

൩. താപ ഭാര ജാലം
വഹിക്കും നാം തമ്മിൽ
പാക്കുന്നു കണ്ണീരന്യോന്യം
സഹതാപമോടെ.

൪. വേർപാടിങ്കലുണ്ടാം
വേദന മാനസെ;
ചിത്തൈക്യത്താൽ പാർത്തു വീണ്ടും
ചേർത്തണയ്ക്കപ്പെട്ടും.

# CONSECRATION OF A CHURCH
# വള്ളിപ്രതിഷ്ഠ

## 364 നമ്പ്ര

L. M.

൧. ഒരു ആലയത്തെ കർത്താ, നിൻ
ആരാധനക്കായ് പണിതു
കൃപയാൽ ഇപ്പോൾ ഇതിനെ
ദർശിപ്പാൻ അപേക്ഷിക്കുന്നു.

൨. മനോഹരം ഒരു ആലയം
നിൻ ദാസർക്കേറ്റം സന്തോഷം
പാരിൽ പാപികൾക്കാശ്രയം
ഞങ്ങൾക്കു പ്രാർത്ഥനാലയം.

൩. ഇവിടെ നിൻ ദാസർ നിന്നു
സുവിശേഷിക്കും യേശുവെ
അപ്പോൾ നിൻ ദയയിൽനിന്നു
അനുഗ്രഹിച്ചു രക്ഷിക്കു.

൪. നിൻ കൃപാസനം ഇതാലെ
സ്ഥാപിതമാകും നേരത്തിൽ
സൽഗുണം നിന്റെ ദാസരിൽ
വർദ്ധിച്ചു വിളങ്ങിട്ടമേ.

൫. പിതാവു പുത്ര ആത്മാവേ,
ഇതിൽ നീ വസിക്കേണമേ;
ഇവിടെ വന്ദിക്കുന്നോരെ
നീ ആശീർവദിക്കേണമേ.

**365** ൩൬൫

Tune: '*The Church's one foundation*'

7s. 6s.

൧. കർത്താവേ, വരേണമേ
നിന്മക്കൾ മദ്ധ്യത്തിൽ,
ആശിഷം നല്കേണമേ
ഈയവസരത്തിൽ;
ഈ പുതു ദൈവാലയം
നിൻ നാമ കീർത്തിക്കായ്
പ്രതിഷ്ഠിക്കുന്നു വയം
നിൻ ദാസൻ മൂലമായ്.

൨. ഈ ആലയത്തെ നന്നായ്
ശുദ്ധീകരിക്കേണം,
നിൻ നിരന്തര വാസമായ്
കർത്താവേ ആകേണം;
നീ ഇതിൽ സദാ മേവി
ആശീർവദിക്കേണം:
നിൻ മക്കളിൻ ഉതവി
എന്നും നീ ആകേണം.

൩. ഈ ആലയം ആകേണം
പ്രാർത്ഥനാ നിലയം,
പാപികൾക്കുണ്ടാകേണം
മാറിയ ഹൃദയം;
നിൻ വചനം കേൾക്കേണം
നിൻ മക്കളെപ്പോഴും
ശുദ്ധിയിൽ വളരേണം
ശോഭിപ്പാൻ എപ്പോഴും.

൪. ഈ ആലയത്തിൽ നിത്യം
നിൻ സ്തുതി പൊങ്ങേണം
നിൻ നാമം സദാ സ്തുത്യം
മാനസ മോഹനം;
മേൽ ലോകത്തിൽ നിൻ ദൂതർ
നിൻ നാമത്തിൻ സ്തുതി
പാടുംപോൽ ഇങ്ങും ഭക്തർ
ചൊല്ലേണം സംസ്തുതി.

൫. ഈ ആലയം സ്വർഗ്ഗത്തിൻ
വാതിൽ ആയിടേണം,
ഇങ്ങു വിശുദ്ധാത്മാവിൻ
ആശീർവർഷം വേണം;
ഈ വാതില്ക്കൽ നിൻ മക്കൾ
നിന്നെ വിളിക്കുമ്പോൾ
നീ കേട്ടു നിൻ വരങ്ങൾ
നല്കി വാഴ്ത്തീടപ്പോൾ.

൬. നിൻ വിശുദ്ധ സംസർഗ്ഗം
ഇങ്ങുണ്ടാകേണമേ,
നിൻ മക്കൾക്കുള്ള സ്വർഗ്ഗം
നീ തന്നേ ദൈവമേ;
നിൻ മക്കൾ നിന്നോടും നീ
നിൻ മക്കളോടുമേ
സംസർഗ്ഗം ഇങ്ങു ചെയ്ക
കർത്താ എന്നേക്കുമേ.

൭. ഈ ആലയെ നാൾതോറും
നിൻ മക്കൾ വർദ്ധിച്ചു
തിങ്ങിടേണം എല്ലാരും
ഭേദങ്ങൾ വർജ്ജിച്ചു
ജാതികളിൻ സമൂഹം
ചേർന്നിങ്ങു സർവ്വദാ
പുകഴ്ത്തേണം നിൻ നാമം
സന്തോഷമായ് പിതാ.

## PRAYER FOR THE KING
## രാജാവിന്നുവേണ്ടി പ്രാർത്ഥന

**366** ൩൬൬

Tune: '*God save our gracious king*'

6s. 4s.

൧. ദൈവമേ കേൾക്കുക
നിൻ വരം നല്കുക
രാജാവിന്നു;
രാജനെ സ്നേഹിക്ക,
പൂർണ്ണമായ് രക്ഷിക്ക,
നിൻ കയ്യിൽ സൂക്ഷിക്ക
രാജാവിനെ.

൨. സൽ ബുദ്ധി ഏററവും
വൎദ്ധിച്ചു വരേണം
രാജാവിന്നു;
ദയയും പ്രാപ്തിയും
മാനവും ശക്തിയും
എപ്പോഴും കിട്ടേണം
രാജാവിന്നു.

൩. ശത്രുവിൻ ഭയവും
ഇല്ലാതെ ആകേണം
രാജാവിന്നു;
ശരീര സൌഖ്യവും
പൂൎണ്ണ സമൃദ്ധിയും
എന്നും ഉണ്ടാകേണം
രാജാവിന്നു.

൪. നിന്നിൽ ആശ്രയവും
മാറാതെ വരേണം
രാജാവിന്നു;
ദൈവത്തിൻ പ്രിയവും
ജനത്തിൻ ഭക്തിയും
എന്നും ഇരിക്കേണം
രാജാവിന്നു.

---

**367** ൩൬൭

*'Oh! King of kings, Thy blessing shed'*

L. M.

൧. രാജാധിരാജാ, മേൽ നിന്നു
രാജന്മേൽ നല്കു നിൻ വരം
നിന്നഭിഷിക്തനെ നോക്ക
നിൻ ദാനം അല്ലൊ തൻ മുടി.

൨. ഉൎവ്വിയിൽ വാഴുന്നോരെല്ലാം
സൎവ്വേശൻ കല്പിച്ചാക്കിയോർ
ഇതിനാൽ രാജാക്കന്മാരെ
പ്രജകൾ മാനിക്കേണമേ.

൩. കൎത്തന്റെ വാൾ തൻ കരത്തിൽ
പാൎത്ഥിവൻ ഏന്തിട്ടുള്ളതാൽ
നീതിന്യായങ്ങൾ പാലിച്ചു
പ്രീതി നേടട്ടെ ദൈവത്തിൽ

൪. നിൻ കൃപയരുൾ രാജന്നു
തൻ ആന്തരങ്ങൾ സാധിക്ക,
യുദ്ധ സമാധാനങ്ങളിൽ
ബന്ധു നീയായ് കാക്കേണമേ.

൫. ഇൻഡ്യാ സാമ്രാജ്യം വാഴുവാൻ
ചക്രവൎത്തിക്കു ദൈവമേ,
ജ്ഞാനം ദീൎഘായുസ്സാരോഗ്യം
ദാനം ചെയ്ക കൃപയോടെ.

൬. സിംഹാസനങ്ങൾ രാജ്യങ്ങൾ
ഇഹത്തിൽ ഇല്ലാതാകുമ്പോൾ
മഹത്വ വാടാ പൊൻമുടി
സിംഹാസനം ലഭിക്കട്ടെ.

---

## The National Anthem

## സാമ്രാജ്യകീൎത്തനം

**368** ൩൬൮

*'God save our gracious king'*

6. 6. 4. 6. 6. 6 4.

൧. ദൈവമേ, രക്ഷിക്ക
ദീൎഘമായ് പാലിക്ക
മാ രാജനെ;
നല്കുക ഭാഗ്യവും
ജയം മഹത്വവും
ദീൎഘമാം വാഴ്ചയും
മാ രാജന്നു.

൨. വിശിഷ്ട ദാനങ്ങൾ
ജോൎജ്ജ് മഹാ രാജന്മേൽ
വൎഷിപ്പിക്ക;
നീതി താൻ പാലിപ്പാൻ
ദീൎഘമായ് വാണീടാൻ
സൎവ്വേശാ, രക്ഷിക്ക
മാ രാജനെ.

൩. ദേവാ, എഴുന്നേററു
ചിതറിക്കേണമേ
വൈരികളെ;
ബ്രിട്ടീഷ് സാമ്രാജ്യത്തിൽ
ഐക്യത, സ്വാതന്ത്ര്യം
ദൈവത്തിൻ കാവല്യം
ഉണ്ടാകട്ടെ.

## Prayer for the Country
## രാജ്യത്തിന്നുവേണ്ടി

**369** ൩൬൯

*'Lord, while for all mankind'*

C. M.

൧. സർവ്വരാജ്യദേശക്കാർക്കായ്
ഞങ്ങൾ കേണിടുമ്പോൾ
കർത്താ, ചെവിക്കൊൾകെങ്ങളെ
ഈ നൽ നാട്ടിന്നായും.

൨. രക്ഷിക്കണം ഈ രാജ്യത്തെ
വൈരികളിൽനിന്നു
ക്ഷാമം, പകർച്ച വ്യാധികൾ
തിണ്ടല്ലെ ഞങ്ങളെ.

൩. സമൃദ്ധിയായ് വിളയട്ടെ
ഈ നാട്ടിൽ ധാന്യങ്ങൾ
ഐശ്വര്യത്തിൻ കേളീരംഗം
ആകണേ ഈ ദേശം.

൪. നിന്നെയുള്ള ജ്ഞാനത്തിനാൽ
നാനാ ജാതികളും
സത്യം, നീതി, ദയ ഇതാൽ
നിറഞ്ഞിടേണമേ.

൫. സത്യമാർഗ്ഗം പ്രചരിപ്പാൻ
നാഥാ, തുണക്കേണം
വിഘ്നങ്ങൾ നീക്കി സർവ്വരും
തേടിടേണം നിന്നെ.

൬. നാനാവർഗ്ഗക്കാരിൻ ദേവാ,
നിത്യനാം സ്നേഹിതാ,
മാതൃഭൂമി ഞങ്ങൾ നിന്നെ
ഏല്പിച്ചിടുന്നിപ്പോൾ.

# HARVEST THANKSGIVING
# വിളവിന്നായി സ്തോത്രം

**370** ൩൭൦

*'What our Father does is well'*

Six. 7s.

൧. ദൈവം നന്മയേ ചെയ്യൂ
ഏവം ചൊല്ലും തൻ മക്കൾ
കഷ്ടിച്ചുള്ളിക്കുണ്ടാകിൽ
കൃഷി നഷ്ടപ്പെട്ടുകിൽ
നമ്പാം താത കാരുണ്യം
സംഭരിക്കും നന്മ മേൽ.

൨. ദൈവം നന്മയേ ചെയ്യൂ
ചീറുന്നെന്തിനെൻ മനം
തൊഴുത്തോ വയലോ താൻ
വാഴ്ത്തുന്നില്ലെങ്കിൽ എന്തു ?
താതൻ അല്ലോ നല്കുന്നു
നിത്യം വേണ്ട ഭക്ഷണം.

൩. ദൈവം നന്മയേ ചെയ്യൂ
കുന്നു, തടം, കരിഞ്ഞാലും
സ്തുതി പാടേണം അപ്പോൾ
വേദം നല്കും ശക്തിക്കായ്
തൻമക്കളാം നാമെല്ലാം
വെറുക്കാമോ തൻ വടി.

൪. ദൈവം നന്മയേ ചെയ്യൂ
മറക്കാമോ ഈ സത്യം
പാലും തേനും ഒഴുകാ
നിലം ആയാലും കനാൻ
ദൈവം രക്ഷിപ്പാൻ ശക്തൻ
പോറ്റും വാഴ്ത്തും നമ്മെ താൻ.

൫. താതസുതാത്മാക്കളാം
ത്രിയേകന്നു താൻ സ്തുതി
സ്തോത്ര ഗീതം പാടുന്നേ
വാഴ്ത്തി തന്റെ നാമത്തെ
മാനം സ്തുതി മഹത്വം
തനിക്കാകട്ടെ നിത്യം.

**371** ൩൭൧

*'Father of mercies, God of love'*

C. M.

൧. സ്നേഹാർദ്രനാകും താതനേ,
സൃഷ്ടി സർവ്വം തവ
ദാനമാം നൽ ഋതുഭേദം
അനുഭവിക്കുന്നു.

൨. വേനൽ വൎഷം മഞ്ഞെന്നിവ
ളുടരുന്നു ക്രമാൽ
എത്രയോ നീ കരുതുന്നു
മൎത്യനെ, ദൈവമേ.

൩. നിലത്തിൽ വിത്തിട്ടു ഞങ്ങൾ
മുളപ്പിച്ചതു നീ
സൂക്ഷിച്ചു നീ ചെറു മുള
നല്ല മഴ നല്കി.

൪. കല്പന പോൽ വെയിൽ മഞ്ഞും
കാലാകാലത്തുണ്ടായ്;
നട്ടോൻ നനച്ചോൻ അല്ലല്ലോ
വളൎത്തി നിൻ ശക്തി.

൫. ഫല കാലെ നിൻ കൃപയാൽ
കുലച്ചല്ലോ അതു
വിളയിച്ചതും നിൻ സ്നേഹം
വളരെയായെങ്ങും.

൬. പിതാവിൻ ഉദാര കൃപ
മറക്കാമോ ഞങ്ങൾ
സ്തുതി ജപങ്ങളോടെന്നും
അതിനെ കൈക്കൊള്ളും.

൭. പിതൃ പുത്രാത്മാക്കളാകും
ദൈവ ത്രിയേകനേ
വന്ദനം സ്തുതി നിനക്കു
ഇന്നും എന്നും ആമെൻ.

## 372 ൩൭൨

*'With songs and honours'*

C. M. D.

൧. സ്തുതിച്ചീടിൻ ഘോഷമാന്ന്
വാനത്തിൻ കൎത്തനെ
താൻ വിരിക്കും മേഘങ്ങളെ
വിതാനത്തിൻ കീഴായ്
അനുഗ്രഹ മാരികളെ
ചിതറീട്ടുന്നു താൻ
സസ്യങ്ങളെ മുളപ്പിക്കും
താഴ്വരയിലവൻ.

൨. ഋതുക്കളെ താൻ ഉണ്ടാക്കി
ഭൂവിൻ മുഖത്തെ താൻ
എപ്പോഴും പുതുക്കീടുന്നു
മാരി പെയ്യിക്കുന്നു
വേനൽ മഞ്ഞും ഉണ്ടാകുന്നു
ഓരോരോ കാലത്തിൽ
താൻ ആജ്ഞകൾ അയക്കുന്നു
സൎവ്വവും ഭവിപ്പാൻ.

൩. വസന്തകാലേ പുഷ്പങ്ങൾ
കാണായ്വരും ഭൂമൌ
ഗ്രീഷ്മത്തിലൊ സസ്യഗണം
ജലത്തിന്നായ് കെഞ്ചും
മേഘങ്ങൾ കാററിവയെല്ലാം
കേൾക്കുന്നു തൻ വാക്കു
സ്തുതിക്ക നാം ഘോഷമാന്ന്
രാജൻ യഹോവയെ.

# GENERAL HYMNS

# സാമാന്യ കീൎത്തനങ്ങൾ

## 373 ൩൭൩

Tune: *'Abide with me'*

10s.

൧

ആവസിക്ക, മാനുവേലനേ നീ,
രാത്രി വരുന്നു, പകൽ തീരുന്നു
മായയിൻ നാൾ വേഗേന മായുന്നു
ആയുസ്സു പോകുന്നു, ആവസിക്ക.

൨

ആവസിക്ക, അഗ്നിപ്രകാശമായ്
സൂൎയ്യോഷ്ണകാലെ മേഘസ്തംഭമായ്
പിൻ അണിയായ്, മുന്നിൽ‌ഗ്ഗമനായ്—
മന്നവാ യേശുവേ, വന്നാവസിക്ക.

൩

ആവസിക്ക, ആധിയകററുവാൻ
ആരോഗ്യം നൾകി കൃപ കാട്ടുവാൻ
അന്ത്യകാലെ ആനന്ദം നല്കുവാൻ
ആശ്വാസമായ്കാ, വന്നാവസിക്ക.

൪

ആവസിക്ക, ആത്മാവെ എല്പിച്ചേൻ
ക്രൂശിലെന്നും അഭയം പ്രാപിച്ചേൻ
പോർ തികച്ചേൻ, വിശ്വാസം പാലിച്ചേൻ
എൻ ആത്മസ്നേഹിതാ, വന്നാവസിക്ക.

൫

ആവസിക്ക സ്വർലോകെ പോകുമ്പോൾ
സീയോനിൻ മാളിക ഉൾപ്പുകുമ്പോൾ
ദൂതരുടൻ സംഗീതം പാടുമ്പോൾ
ശാലേമിൻ പ്രഭോ, നീ ആവസിക്ക.

## ൩൭൪ 374

### L. M.

൧. എൻ ജീവനാം എൻ ദൈവമേ,
നിൻ പാദമതിങ്കൽ ഇതാ
ഞാൻ വന്നു വീണു ആശ്രയം
മറ്റൊന്നുമില്ല കണ്ടാലും.

൨. അയോഗ്യനായ പാപിയും
ആത്മാവിൽ ക്ഷീണിച്ചവനും
നിന്നോടു മാത്രം കരയും
നിൻ ദയയിൽ ആശ്രയിക്കും.

൩. നിൻ സഭയുടെ വാതിലും
നിൻ കൃപയുള്ള മനസ്സും
വിസ്താരമാണെല്ലാവൎക്കും
ഉൾപ്പുകുവാനും കഴിയും.

൪. കടാക്ഷിച്ചാലും എന്റെ മേൽ
നിൻ ശിഷ്യരോടു ചെയ്യുമ്പോൽ
ഞാൻ ചെയ്ത കുററം ഒക്കെക്കും
നിൻ ക്ഷമ ഇന്നു തരണം.

## ൩൭൫ 375

### P. M.

൧

കുഞ്ഞാട്ടിൻ രക്തത്തിലുണ്ടെനിക്കായ്
ശുദ്ധിയിപ്പോൾ ശുദ്ധിയിപ്പോൾ;
എണ്ണമില്ലാത്ത എൻ പാപത്തിനായ്
ശുദ്ധിയിപ്പോൾ ശുദ്ധിയിപ്പോൾ;
ജീവിച്ച ജീവിതം അശുദ്ധമേ
നന്മകളില്ലതിൽ വിഷ്ടകളെ
എങ്കിലും നിന്നിലെൻ രക്ഷകനേ
ശുദ്ധിയിപ്പോൾ ശുദ്ധിയിപ്പോൾ.

൨

ഞാൻ കണ്ണുനീർ വാൎത്ത പാപത്തിന്നായ്
ശുദ്ധിയിപ്പോൾ ശുദ്ധിയിപ്പോൾ,
രക്തത്തിൽ ഒഴുക്കെല്ലാം കൊണ്ടുപോയ്
ശുദ്ധിയിപ്പോൾ ശുദ്ധിയിപ്പോൾ;
നാഥാ നിൻ പാദത്തിൽ വീഴുന്നു ഞാൻ
തള്ളാതെ എന്നെയും കൈക്കൊള്ളും താൻ
എന്നുള്ള വാഗ്ദത്തമാശ്രയിച്ചേൻ
ശുദ്ധിയിപ്പോൾ ശുദ്ധിയിപ്പോൾ.

൩

പാപശരീരത്തിൻ നീക്കത്തിന്നായ്
ശുദ്ധിയിപ്പോൾ ശുദ്ധിയിപ്പോൾ,
ഞാൻ എന്ന ഭാവവും ക്രൂശിങ്കലായ്
ശുദ്ധിയിപ്പോൾ ശുദ്ധിയിപ്പോൾ;
താൻ മരിച്ചു ക്രൂശിൽ പാപത്തിന്നായ്
ഞാൻ എണ്ണുന്നെന്നെയും ചത്തവനായ്
ജീവിക്കുവാനായ് ഞാൻ ദൈവത്തിന്നായ്
ശുദ്ധിയിപ്പോൾ ശുദ്ധിയിപ്പോൾ.

൪

ബാധിച്ച സംശയം തീൎന്നെനിക്കായ്
ശുദ്ധിയിപ്പോൾ ശുദ്ധിയിപ്പോൾ;
നാശത്തിൻ പേടിയും ഇല്ലായ്മയായ്
ശുദ്ധിയിപ്പോൾ ശുദ്ധിയിപ്പോൾ
യേശുവേ, നീയെൻ നീതീകരണം
എൻ പരിപൂൎണ്ണശുദ്ധീകരണം
നീ നാൾക്കുനാളെൻ സ്ഥിരീകരണം
ശുദ്ധിയിപ്പോൾ ശുദ്ധിയിപ്പോൾ.

൫

മാനുഷ പേടിയെല്ലാം നീങ്ങുവാൻ
ശുദ്ധിയിപ്പോൾ ശുദ്ധിയിപ്പോൾ,
സാക്ഷിയിൽ ലജ്ജയില്ലാതിരിപ്പാൻ
ശുദ്ധിയിപ്പോൾ ശുദ്ധിയിപ്പോൾ;
ശക്തനായാക്കേണം നിൻ കൃപയിൽ
ഭക്തനായ് കാക്കേണം ഒരംശോകത്തിൽ
പാടും ഞാൻ സാത്താൻ വശീകരിക്കിൽ
ശുദ്ധിയിപ്പോൾ ശുദ്ധിയിപ്പോൾ.

## 376 ൩൭൬

Tune : '*Showers of blessing*'

P. M.

൧. എന്നെ സൃഷ്ടിച്ചു മാ ദൈവം
അന്ന വസ്ത്രാദി നല്കി
ഇന്നെയോളം മുദാ കാത്തു
നന്നായ് പാലിച്ചല്ലൊ ഞാൻ
മിണ്ടാതെ പാർത്താൽ
ഉണ്ടു ഖേദം പരന്നു
രണ്ടില്ലപക്ഷം ഞാൻ ഇന്നു
കൊണ്ടാടും അത്യുച്ചത്തിൽ

൨. കൂട്ടു വിട്ടോടിയോരേഴ
ആടാകും എന്നെ യേശു
തേടിപ്പിടിച്ചു രക്ഷിച്ചെൻ
പേടിയെ തീർത്തു ഞാൻ— മി

൩. പാപമാം ചേററിൽ ഞാൻ വീണു
താപപ്പെട്ടേൻ ഏറെ നാൾ
കോപത്തിൻ പുത്രനായോരെൻ
ശാപത്തെ തീർത്തു ഞാൻ— മി

൪. പാറമേൽ എന്നെ നിർത്തി തൻ
കൂറുള്ള കൈകളാൽ എൻ
വിറയൽ പോക്കി എൻ പാദം
നേരെ ആക്കിയല്ലൊ ഞാൻ— മി

൫. ക്രൂശിൽ എൻ പേർക്കായെൻ യേശു
ക്ലേശവും നിന്ദകളും
മാ ശാപ മൃത്യുവും ഏററെൻ
പാശം അറുത്തു ഞാൻ— മി

൬. യേശുവിൻ സ്നേഹമാധുര്യം
ലേശം അറിഞ്ഞീടാത്ത
ജാതികൾ മദ്ധ്യേയും എന്റെ
സ്വജാതി ആയോരോടും— മി

## 377 ൩൭൭

'*Children of the heavenly king*'

7s.

൧. സ്വർഗ്ഗ രാജപുത്രരേ,
യോഗ്യസ്തോത്രം പാടുവിൻ
യാത്രപോകുമ്പോൾ തന്നേ
യേശുവിന്നെ സ്തുതിപ്പിൻ.

൨. ദൈവത്തിങ്കലേക്കു നാം
ആശയോടെ പോകുന്നു
മുൻ വിശ്വാസികൾ എല്ലാം
ഇപ്രകാരം നടന്നു.

൩. ഭാഗ്യം ഉള്ള കൂട്ടമേ,
ഘോഷിച്ചങ്ങാനന്ദിപ്പിൻ ;
പാപ ലോകം പോകട്ടെ
സ്വർഗ്ഗമോക്ഷം ലഭിപ്പിൻ.

൪. പേടിക്കേണ്ടാ വേഗത്തിൽ
നിങ്ങൾ ദൈവത്തെ കാണും
യേശുക്രിസ്തു നിങ്ങളെ
ജയത്തോടെ രക്ഷിക്കും.

൫. വഴി കാണിക്കേണമേ
മനസ്സോടെ ഞങ്ങളും
പ്രിയം ഉള്ള യേശുവേ,
നിന്നെ അനുഗമിക്കും.

## 378 ൩൭൮

'*Fear not, I am with thee*'

P. M.

൧. 'പേടി വേണ്ട ലേശം
കൂടെ ഞാനെന്നും
പാർക്കു'മെന്ന വാക്കെൻ
ദീപമായെന്നും
കൂരിരുട്ടിൻ മദ്ധ്യേ
കൂടെ ശോഭിച്ചെൻ
പാത കാണിച്ചീടും
തനിയെ വിടപ്പെടാ
പോയ് ഭയമെല്ലാം
താൻ കൈവിടാ സന്ദേഹം
ഇല്ലതിന്നൊട്ടും.

൨. ശോഭയേറും പൂക്കൾ
വാടി വീഴുന്നു
സൂര്യകാന്തി കൂടെ
മാഞ്ഞു പോകുമേ
ശാരോൻ താരാം യേശു
പാർക്കും അന്തികെ
വാനിൻ കാന്തിയാം താൻ
തനിയെ വിട്ടിടുമോ ?— പോയ്

൩. മാർഗ്ഗം അന്ധകാരം
ആയിത്തീർന്നാലും
ആപല്ക്കാലമെന്റെ
ഭാഗമാകിലും
യേശുനാഥൻ എന്നിൽ
ആശ വെക്കുന്നു
മോദം ഏകും വാക്യം
'തനിയെ വിടപ്പെടാ'— പോയ്

## 379 ൩൭൯

*'Let me be with Thee where Thou art'*

L. M.

൧. നിന്നന്തികെ ഞാൻ പാർക്കട്ടെ
എൻ യേശു നിത്യാശ്വാസമെ,
വാഞ്ഛിക്കും എൻ ചിത്തം ചിരം
സൌഭാഗ്യ പൂർണ്ണത നേടാൻ

൨. നിന്നന്തികെ ഞാൻ പാർക്കട്ടെ
നിൻ പൂർണ്ണ മഹത്വം കണ്ടു
എൻ മനഃചാഞ്ചല്യം വിടാൻ
അവിശ്വാസം വികടവും.

൩. നിന്നന്തികെ ഞാൻ പാർക്കട്ടെ
മാ ശുദ്ധർ വന്ദിക്കും സ്ഥലെ
എൻ പാപമാനസം തത്ര
പാപം കൂടാതെ ഇരിക്കും.

൪. നിന്നന്തികെ ഞാൻ പാർക്കട്ടെ
മൃത്യു മാററം ഇല്ലാ സ്ഥലെ
മൃത്യു ജീവൻ മാം മാററാ നിൻ
സന്നിധ്യെ സ്നേഹത്തിൽ നിന്നു.

## 380 ൩൮൦

P. M.

൧. എൻ വനജീവിതം എന്നു തീരും
മിസ്രദേശം പണ്ടേ വിട്ടല്ലോ
വിശ്രാമത്തിങ്കൽ ഞാൻ ചെന്നുചേരും
യേശു മാർവ്വിടം തന്നെയല്ലോ
[നു ?
വെറും താമസം ഹാ എന്തിനു എന്തി-
വെറുംതാമസം ഹാ എന്തിനുഎന്തിനു?
തിരുകനാനിലുടൻ ഉൾപ്രവേശിപ്പാൻ
വെറും താമസം ഹാ എന്തിനു ?

൨. ഒഴുകുന്നു സദാ പാലും തേനും
ബഹു സമൃദ്ധി അവിടെ ഉണ്ടു
യേശുവിൽ ദൈവ നിറവഖിലം
ദേഹരൂപമായ്വസിക്കുന്നുണ്ടു— വെ

൩. ദൈവത്തിൽനിന്നേശു ജ്ഞാനം, നീതി,
ശുദ്ധി, വീണ്ടെടുപ്പായ് ഭവിച്ചു
വിറെക്കും കൈ നീട്ടി തന്നിൽനിന്നു
എൻ അവകാശം വാങ്ങിടുന്നു.
—വെറും

൪. എന്തു കഷ്ടം വനവാസമതു
ദിനംതോറും അലഞ്ഞുഴന്നു
ദുരിതമോടെൻ നാൾ പോക്കിയതു
മതി യേശു എൻ മുഴു സമ്പത്തു
—വെറും

൫. വേണ്ടാ നിൻതാമസംവാശത്തനാ(ട്)
അതിനു അതിരിങ്കൽ സഹോദരാ
നിൻ അവകാശം അനുഭവിപ്പാൻ
ഇന്നു സ്തോത്രഗീതം പാടി വാ
—വെറും

൬. പണ്ടിസ്രായേൽ അവിശ്വാസം കൊണ്ടു
അതിൽ ഉൾപ്രവേശിച്ചില്ലല്ലോ
ഇന്നും അനേകർ ആ ഹേതുകൊണ്ടു
ശാന്തതനുഭവിക്കുന്നില്ലല്ലോ—വെറും

## 381 ൩൮൧

Tune : *'How firm a foundation'*

11s.

൧. ഞാനെന്നും എൻ യേശു രക്ഷിതാവിലും
താൻ അരുളിയ തേന്മൊഴികൾ എല്ലാം
എന്നിലും വസിച്ചിട്ടുന്നാകിൽ അവനു
തന്നീടും എപ്പോഴും എൻ യാചനകൾ

൨. ക്രിസ്തുവിൻനാമത്തിൽ എന്നപേക്ഷകൾ
നിത്യവും ഞാൻ കഴിച്ചിട്ടുകിൽ താതൻ
തന്നുടെ മഹത്വത്തിന്നായിട്ടവൻ
തന്നീടും എപ്പോഴും എൻ യാചനകൾ.

൩. ദൈവത്തിൻ വിലയേറും വാഗ്ദത്തങ്ങൾ
ജീവവിശ്വാസത്താൽ പിടിച്ചുകൊണ്ടു
തന്നോടു ധൈര്യമായ് മുട്ടിക്കിൽ യേശു
തന്നീടും എപ്പോഴും എൻ യാചനകൾ.

൪. വിശുദ്ധ ദൈവേഷ്ടമായുള്ളവ ഞാൻ
യേശുവോടു ചോദിച്ചു ക്ഷമയോടെ
തന്നുടെ മുമ്പിൽകാത്തിരുന്നാൽ അവൻ
തന്നീടും എപ്പോഴും എൻ യാചനകൾ.

൫. മറ്റുള്ളെല്ലാവരോടും അവരുടെ
കുററങ്ങളെ ക്ഷമിച്ചവരെ സദാ
എന്നെപ്പോലെ തന്നെ സ്നേഹിക്കിൽ—
യേശു
തന്നീട്ടും എപ്പോഴും എൻ യാചനകൾ.

൬. ദൈവാത്മാവെന്നെ പഠിപ്പിച്ചു തന്നെ
ദിവസവും ഞാൻ അനുസരിക്കുകിൽ
എന്നുടെ പ്രിയ രക്ഷകനേശു താൻ
തന്നീട്ടും എപ്പോഴും എൻ യാചനകൾ.

---

## 382 നവ്യ

*'Showers of blessing'*

P. M.

൧. ആശിഷമാരി ഉണ്ടാകും
ആനന്ദ വാഗ്ദത്തമെ
മേൽ നിന്നു രക്ഷകൻ നല്കും
ആശ്വാസ കാലങ്ങളെ
ആശിഷ മാരി
ആശിഷം പെയ്യണമേ
കൃപകൾ വീഴുന്നു ചാറി
വന്മഴ വേണം കർത്താ.

൨. ആശിഷമാരി ഉണ്ടാകും
വീണ്ടും നല്ലുണർവ്വുണ്ടാം
കുന്നു പള്ളങ്ങളിന്മേലും
കേൾ വന്മഴയിൻ സ്വരം—ആശി

൩. ആശിഷമാരി ഉണ്ടാകും
കർത്താ, തരികെങ്ങൾക്കും
ഇപ്പോൾ നിൻ വാഗ്ദത്തം ഓർത്തു്
നൽവരം തന്നീടുക— ആശി

൪ ആശിഷമാരി ഉണ്ടാകും
എത്ര നന്നിന്നു പെയ്കിൽ
പുത്രന്റെ പേരിൽ തന്നാലും
ദൈവമേ ഇന്നേരത്തിൽ— ആശി

## 383 നവ്യന

Tune: *'Eternal Father strong to save'*

Six 8s.

൧. എന്റെ ഇടയൻ യഹോവാ
കുറവു നീക്കും രക്ഷകൻ,
പച്ചമേച്ചിലിൽ കിടത്തും
ഉറവിങ്കൽ നടത്തീടും
സൂര്യോഷ്ണകാലെ മറയ്ക്കും
രാവിങ്കൽ ഉറക്കവും നല്കും.

൨. പാപമാർഗ്ഗങ്ങളിൽ നിന്നു
എന്നാത്മത്തെ തിരിക്കുന്നു.
വൻ മരുവിൽ അലഞ്ഞാകിൽ
വൻ കാട്ടൂടെ ഉഴന്നാകിൽ
തൻ നാമം ഹേതുവാൽ ഭുവിൽ
നടത്തുമേ തൻ നീതിയിൽ.

൩. മരണനിഴലൂടെ ഞാൻ
കടന്നാലും ഭയപ്പെടാ
നീ തുണയുണ്ടെനിക്കഹോ
നിൻ കോൽ ആശ്വാസം നല്കുന്നു,
വൈരി കാൺകെ വിരുന്നുണ്ടു,
തൈലാഭിഷേകം തലെക്കു.

൪. എൻ ഭോജ്യ പാനപാത്രവും
എന്നും നിറഞ്ഞു കവിയും
നന്മ കരുണ സർവ്വദാ
അനുഗമിക്കുന്നു മുദാ,
യഹോവാ എൻ ഗൃഹെയെന്നും
പ്രമോദമോടെ വസിക്കും.

---

## 384 നവ്യ

C. M.

൧. എൻ രക്ഷിതാവാം യേശുദേവ,
എന്നിൽ സൃഷ്ടിക്ക നിൻ
ദാനമാം പുതു ഹൃദയം
നിൻ ആത്മാവിനാലെ.

൨. ശുദ്ധീകരിക്കെന്നുള്ളം നിൻ
രക്തത്താൽ നാൾതോറും
നിൻ സിംഹാസനം ആക്കുക
യേശുദേവ അതെന്നും.

൩. പൂൎണ്ണമായ് കൎത്തനേ നിന്നെ
 എന്നും സ്നേഹിച്ചിടാൻ
നല്ല ഹൃദയം എനിക്കു
 നല്കേണമേ നാഥാ.

൪. പാപത്തിൻ ശക്തിയിൽ നിന്നു
 സ്വാതന്ത്ര്യം പ്രാപിച്ചു
നീതിക്കടിമ ആയൊരു
 ഹൃദയം തരിക.

൫. ദൈവേഷ്ടത്തെ ക്ഷണംപ്രതി
 ചെയ്വാനായ് സാമോദം
തന്നെത്താൻ ഏല്പിക്കും ചിത്തം
 തന്നരുളേണമേ.

൬. സൎവ്വരെയും സ്നേഹിക്കുന്ന
 ദിവ്യസ്നേഹം അതാൽ
സംപൂൎണ്ണമാം ഹൃദയത്തെ
 അൻപോടെ നല്കുക.

൭. സ്വൎ സമാധാനം ശാന്തത
 സൌമ്യത താഴ്മയും
വാണീടുന്നൊരു ഹൃദയം
 ദാനം ചെയ്യേണമേ.

൮. യേശുവേ നിന്നെ സന്തതം
 വിശ്വസിക്കുന്നൊരു
സ്വൎഗ്ഗീയമാം ഹൃദയത്തെ
 ഏകുക എനിക്കു.

൯. കൎത്താവേ, നിന്നിൽ എപ്പോഴും
 സന്തോഷിക്കുന്നതാം
ഉത്തമ ഹൃദയം നിന്നാൽ
 ദത്തമാകേണമേ.

൩. ആശ താൻ നിരാശ്രയൎക്കു
രക്ഷ നല്കും പാപികൾക്കു
തേടുന്നോൎക്കു താൻ ദയവാൻ
കാണുകിലൊ മനോഹരൻ.

൪. നിൎമ്മലം അല്ലോ നിൻ സ്നേഹം
പാപിക്കേററം നീ ആരോഗ്യം
ആഗ്രഹിക്കാകുന്നതില്ലം
ഉണ്ടു നിന്നിൽ ഏറെ ഭാഗ്യം

൫. വൎണ്ണിച്ചിടാൻ യേശു സ്നേഹം
മൎത്യനാവാൽ അസാദ്ധ്യം
ഉള്ളിൽ ധരിച്ചോർ മാത്രമെ
രുചിക്കുന്നുള്ളേശുവിനെ.

൬. ജീവിതത്തിൻ കഷ്ടശേഷം
മാററും ദൂരെ യേശു സ്നേഹം
ഉല്ലസിക്കാം കണ്ണീരില്ലം
ഗാനം പാടാം മരിപ്പില്ലം.

൭. സ്വൎഗ്ഗം സ്നേഹ സാഗരം താൻ
നീന്തി അതിൽ മേവും ഈ ഞാൻ
അനന്ത പ്രമോദമോടെ
ഹല്ലേലൂയ്യാ പാടീടുമെ.

---

## 385 ന-വ്യ൫

### L. M.

൧. യേശുവേ, നിൻ സ്നേഹം ഇമ്പം
ഉളവാകുന്നുള്ളിൽ ആമോദം
നിൻ സ്വരം ഏററം മധുരം
നിന്നെ കാണ്കിൽ അത്യധികം.

൨. ഇമ്പം ഏറും നാമം വേറെ
നിശ്ചയം താൻ, എങ്ങും ഇല്ലേ
അത്യുന്നത ദൈവസുതൻ
ആശ്വാസം നല്കും മാ രാജൻ.

---

## 386 ന-വ്യ൬

### L. M.

൧. സത്യമുന്തിരിവള്ളിയാം
ക്രിസ്തുയേശുവേ നിന്നുടെ
ജീവനുള്ളോരു കൊമ്പായ് ഞാൻ
സൎവ്വദാ വസിച്ചീടട്ടെ.

൨. ഞാൻ എന്നും ഒരു കൊമ്പു പോൽ
നിന്നോടൊന്നായിരുന്നു നിൻ
ജീവ രസമാം വിശുദ്ധ
ആവി എന്നിൽ ഒഴുകട്ടെ.

൩. കൊമ്പിന്റെ ജീവിതത്തെപ്പോൽ
ചിന്താകുലങ്ങൾ എന്നിയെ
ഭാരങ്ങൾ നിന്മേൽ വെച്ചെല്ലാ
നേരവും ജീവിക്കട്ടെ ഞാൻ.

൪. നിന്നോടനുരൂപമായ് ഞാൻ
വന്നീടുവാൻ ക്ഷണംപ്രതി
എന്നെ നിൻ കയ്യിൽ ഏല്പിപ്പാൻ
നിൻ ആവി തുണയ്ക്കേണമേ.

൫. യേശുരക്ഷകാ നിന്നിൽ ഞാൻ
വിശ്വാസത്താൽ വസിക്കുമ്പോൾ
നിൻ ബലം എൻ ഹൃദയത്തിൽ
വ്യാപരിച്ചിട്ടുന്നെപ്പോഴും.

൬. പാപത്താൽ ഞാൻ നിന്നിൽ നിന്നു
വേർപെട്ടു പോകാതിരിപ്പാൻ
നിൻ കൃപ നിമിഷംപ്രതി
നല്കേണമേ നാൾതോറും നീ.

---

## 387 ൩൮൭

Tune: '*Some day the silver chord shall break*'

L. M.

൧. എൻ ആത്മാവേ, ചിന്തിക്കുക
നിൻ മണവാളൻ വരവെ
നിൻ രക്ഷകൻ പ്രത്യക്ഷത
ഉള്ളിൽ പ്രത്യാശ ആക്കുകെ
എൻ പ്രിയൻ മുഖം കാണും ഞാൻ
തൻ കീർത്തി നിത്യം പാടുവാൻ
എൻ പ്രിയൻ മുഖം കാണും ഞാൻ
തൻ കീർത്തി നിത്യം പാടുവാൻ.

൨. ധ്വനിക്കുമെ തൻ കാഹളം
ഉയിർക്കും എല്ലാ ശുദ്ധരും
മിന്നിടും മേഘവാഹനം
ലക്ഷോപിലക്ഷം ദൂതരും—
എൻ പ്രിയൻ

൩. ഞാൻ ക്രിസ്തൻ ക്രൂശിൻ രക്തത്താൽ
തന്മുമ്പിൽ നിഷ്കളങ്കനായ്
സ്നേഹത്തിൽ വാഴും കൃപയാൽ
സർവ്വ വിശുദ്ധന്മാരുമായ്—
എൻ പ്രിയൻ

൪. എനിക്കായ് കണ്ണീരൊഴിച്ച
തൃക്കണ്ണിൻ സ്നേഹ ശോഭയും
ആണികളാലെ തുളച്ച
തൃക്കൈകളെയും കണ്ടിട്ടും—
എൻ പ്രിയൻ

൫. എൻ നാഥനേ, എൻ ഹൃദയം
നിൻ സ്നേഹത്താലെ കാക്കുകെ
പ്രപഞ്ചത്തിൻ ആകർഷണം
എന്നിൽ നിന്നു അകറ്റീടുകേ—
എൻ പ്രിയൻ

൬. നീ ദുഷിച്ചാലും ലോകമേ,
വൃഥാവിലല്ലെൻ ആശ്രയം
നീ ക്രുദ്ധിച്ചാലും സർപ്പമേ,
ഞാൻ പ്രാപിക്കും തൻ വാഗ്ദത്തം—
എൻ പ്രിയൻ

൭. തൻ പുത്രൻ സ്വന്തമാകുവാൻ
വിളിച്ചെൻ ദൈവം കൃപയാൽ
വിശ്വസ്തൻ താൻ തികെക്കുവാൻ
ഈ വിളിയെ തൻ തേജസ്സാൽ—
എൻ പ്രിയൻ

---

## 388 ൩൮൮

Tune: '*Almost persuaded*'

P. M.

൧. രക്ഷകനാം യേശുക്രിസ്തുവിൽ
സങ്കേതം പ്രാപിക്കാത്തവനേ,
തീ പോൽ എരിഞ്ഞിടും
കോപത്തിൻ നാൾ അഹൊ
വേഗം അടുത്തിതാ
വന്നിടുന്നു.

൨. സംഖ്യ ഇല്ലാത്തതാം നിന്നുടെ
വൻ പാപങ്ങൾക്കായ് ന്യായവിധി
നിന്മേൽ നടത്തുവാൻ
നീതി തൻ വാളിനെ
ഊരുന്നു നിന്നുടെ
നേരെ ഇപ്പോൾ.

൩. ശുദ്ധാത്മ വാദംകൊണ്ടും തിരു-
വേദപ്രമാണത്താലും സദാ
തൻ ദാസർ മൂലവും
ഖേദങ്ങളാലുമെ
നിന്നെ വിളിച്ചവൻ
നാളിൽ നാളിൽ.

൪. കാരുണ്യമുള്ള ദൈവ വിളി
തീരെ അഗണ്യമാക്കിയതാൽ
കർത്തൻ വെളിപ്പെട്ടും
നിത്യ വിധി ദിനം
നീ പാത്രനാകും തൻ
കോപാഗ്നിക്കു.

൫. കണ്ണുകൾ നേരിടും മുമ്പിൽ നീ
രക്ഷാദിവസം ആകും ഇതിൽ
നിൻ പാപം യേശുവിൻ
മുമ്പിൽ പറഞ്ഞു തൻ
മാപ്പു ലഭിക്കുക
ഇപ്പോൾ തന്നേ.

---

## 389 ൩൮൯

Tune : '*Peace, perfect peace*'

10s.

൧. എന്നാത്മാവേ, ദൈവ ജനത്തിന്നു
ശേഷിച്ചിരിക്കുന്നൊരു ശാബത.

൨. ദൈവഹിതം എല്ലാ സമയത്തും
ചെയ്വതിന്നേല്പിച്ചീടുക നിന്നെ.

൩. യേശുവിന്റെ പൂർണ്ണമാം രക്ഷയിൽ
വിശ്വാസത്താൽ നീ വിശ്രമിക്കുക.

൪. സർവ്വശക്തിയുള്ള രക്ഷകൻ താൻ
സർവ്വവും നിന്നിൽ പ്രവർത്തിക്കുമെ.

൫. ചിന്താകുലം എല്ലാവറ്റെയും നീ
തന്റെ മേൽ ഇട്ടുകൊൾക സർവ്വദാ.

൬. വിശ്വസിക്കും ദൈവത്തിന്റെ മക്കൾ
സ്വസ്ഥതയിൽ പ്രവേശിക്കുന്നഹോ.

൭. നല്ലിടയൻ യേശുരക്ഷകനെ
എല്ലായ്പോഴും നീ പിന്തുടരുക.

---

## 390 ൩൯൦

'*I'm not ashamed to own*'

C. M.

൧. എൻ നാഥനെ ഏറ്റുചൊൽവാൻ
ലജ്ജിക്കയില്ല ഞാൻ
തൻ ക്രൂശിൻ‌പം വാക്ക് തേജസ്സും
ചൊല്ലിക്കീർത്തിക്കും ഞാൻ
ക്രൂശിങ്കൽ ക്രൂശിങ്കൽ
സൽപ്രകാശം കണ്ടേൻ
എൻമനോഭാരവുംനീങ്ങിപ്പോയ്
വിശ്വാസത്താൽ കിട്ടി കാഴ്ചയുമ
പ്പോൾ
സന്തതം ഞാൻ ഭാഗ്യവാൻ
തന്നേ.

൨. യേശുനാമം ഞാൻ അറിയും
അതൊന്നെൻ ആശ്രയം
വരാൻ നിരാശ ലജ്ജകൾ
താൻ സമ്മതിച്ചിടാ—ക്രൂശിങ്കൽ

൩. തന്നെപ്പോൽ തൻ വാക്കും സ്ഥിരം,
ഞാൻ ഏല്പിച്ചതിനെ
നന്നായ് വിധിനാൾവരെ താൻ
ഭദ്രമായ് സൂക്ഷിക്കും—ക്രൂശിങ്കൽ

൪. പിതാ മുമ്പിലീപ്പാപിയെ
അന്നാൾ താൻ ഏറ്റിട്ടും
പുതു ശാലേമിൽ എനിക്കും
സ്ഥാനം കല്പിച്ചിട്ടും—ക്രൂശിങ്കൽ

---

## 391 ൩൯൧

'*Jerusalem, Jerusalem*'

D. C. M.

൧. യെറുശലേം ! യെറുശലേം !
മഹൽപുരം പണ്ടേ,
നിന്നിലുള്ള ദൈവാലയം,
ഭൂമിയിൽ സ്വർഗ്ഗമേ !
ഇന്നോ, നിൻ മക്കളുമായ്
ശാപഗ്രസ്തരയ്യോ !
യെറുശലേം ! നിന്നെ ഓർത്തു്
ദുഃഖിക്കുന്നു ഞങ്ങൾ.

൨. യഹോവ തൻ സ്തുതി ഗാനം
സീയോനിൽ ഇല്ലാതായ്
നീ ചേർത്ത കഷ്ടപ്പാടുകൾ
മക്കൾക്കു നേട്ടമായ്.
നീ ഏകയായ് ശേഷിച്ചപ്പോൾ
പേർ വിധവ എന്നായ്.
യെറുശലേം ! നിന്നെ ഓർത്തു
ദുഃഖിക്കുന്നു ഞങ്ങൾ.

൩. യെറുശലേം ! യെറുശലേം !
നിൻ രക്ഷ ഓർത്തുകൊൾ ;
ക്രൂശിൽ മരിച്ച കുഞ്ഞാടെ
ആധാരമാക്കിക്കൊൾ ;
അനുതപിക്കും മാനസം
തൻ കണ്ണിന്നിഷ്ടമാം ;
തന്നെ തേടാൻ താമസിച്ചാൽ
ദുഃഖിച്ചീടും ഞങ്ങൾ.

## 392 ൩൯൨

*'Rejoice, the Lord is king'*

6. 6. 6. 6. 8. 8.

൧. കൎത്താവു വാഴുന്നു
രാജനെ വന്ദിപ്പിൻ,
ദൈവജനങ്ങളേ !
സന്തോഷിപ്പിൻ നിങ്ങൾ
സന്തോഷിപ്പിൻ, സന്തോഷിപ്പിൻ,
ഹാ ! ശബ്ദം ഉയൎത്തി പാടിൻ.

൨. ദൈവമായീടുന്ന
രക്ഷകൻ വാഴുന്നു,
ദോഷങ്ങൾ നീക്കി താൻ
മേലിൽ ഇരിക്കുന്നു ;
സന്തോഷിപ്പിൻ, സന്തോഷിപ്പിൻ,
ഹാ! ശബ്ദം ഉയൎത്തി പാടിൻ.

൩. ക്രിസ്തുവിന്റെ രാജ്യം
എന്നും ഇരിക്കുന്നു,
അവൻ എല്ലാററിന്മേൽ
കൎത്താവു ആകുന്നു,
സന്തോഷിപ്പിൻ, സന്തോഷിപ്പിൻ,
ഹാ ! ശബ്ദം ഉയൎത്തി പാടിൻ.

---

## 393 ൩൯൩

7s.

൧. പാത അറിയാത്തോരെ
നീതിമാൎഗ്ഗേ തിരിക്കും
ജ്ഞാനികൾ പ്രകാശിക്കും
വാനിൽ നക്ഷത്രങ്ങൾപോൽ.

൨. മോചനം ലഭിച്ചവർ
യേശുവിൻ സാക്ഷികളായ്
ഉൎവ്വിയിൽ അനുദിനം
സൎവ്വദാ ജീവിക്കേണം.

൩. ക്രിസ്തുവിന്നാത്മാവിന്റെ
ശക്തിയിൽ നീ ജീവിക്കിൽ
ലോകർ അവങ്കലേക്കു
ആകൎഷിക്കപ്പെട്ടിടും.

൪. നിങ്കൽ വിളങ്ങിടുന്ന
നിഷ്കളങ്കസ്നേഹത്താൽ
കാഠിന്യ ഹൃദയങ്ങൾ
കൈവശപ്പെടുത്തുക

൫. ജീവനെ നല്കീടുന്ന
ദൈവത്തിൻ വചനമാം
വിത്തിനെ അവരുടെ
ഹൃത്തിൽ വിതച്ചീടുക.

൬. ദൈവത്തിൻ അനുഗ്രഹം
സൎവ്വദാ ഉണ്ടാകുവാൻ
പ്രാൎത്ഥനയിൽ ജീവിക്ക
കൎത്തൃമുമ്പിൽ എന്നും നീ.

---

## 394 ൩൯൪

*'O Christ, in Thee'*

C. M.

൧. ഇന്നോളം അറിയാതുള്ള
ശാന്തത, സന്തോഷം
യേശുവേ നിന്നിൽ കണ്ടു ഞാൻ
ഏററമത്യത്ഭുതം
യേശു നാമമെന്ന്യെ വേറെ
തൃപ്തിയില്ലൊന്നിലും
യേശുവിൽമോദം ഞാൻ കണ്ടേ
ജീവനും, സ്നേഹവും.

൨. ആശ്വാസം തേടി നടന്നു
ദീൎഘശ്വാസമോടെ
രക്ഷകനെന്നെ പിടിച്ചു
തൻ സ്നേഹാൎത്തിയോടെ.
യേശുനാമ—

൩. തേടി വൃഥാ വെള്ളം നില്ക്കാ
പൊട്ടമരവിയെ
വഞ്ചിച്ചേററം ഹാസ്യമാകാം
എന്നേ സാധിച്ചുള്ള.
യേശുനാമ—

൪. ഇമ്പങ്ങൾ ചേതമായ നാൾ
ഉണ്ടായ് മനഃക്ലേശം
രക്ഷാ സമ്പൂൎണ്ണനേശുവേ
നിൻ പേക്കില്ല ലേശം.
യേശുനാമ—

൫. ആത്മ കണ്ണാൽ നിൻ കൃപയെ
കാണ്മാൻ കൺ തുറന്നു
നിൻ ഭംഗി കണ്ടെൻ ഹൃദയേ
ആനന്ദം ചേരുന്നു.
യേശുനാമ—

## 395 ൩൯൫

C. M.

൧. ജലാശയേ പടവൊന്നു
രമ്യം അത്രെ കണ്ടാൽ
ഗമിച്ചു ഏററം ശാന്തമായ്
അമരന്നേററമാഴി.

൨. ഉയൎന്നുടൻ കൊടുങ്കാററു
ഭയങ്കരത്തോടെ
നിറഞ്ഞുകാർകൊണ്ടംബരം
മറിഞ്ഞു തിരയും.

൩. വിറച്ചു മുങ്ങും എന്നോൎത്തി(ട്ടു)
ഒരാളല്ലാത്തവർ ;
ഉറങ്ങി താൻ തലേണമേൽ
ചെരിഞ്ഞുംകൊണ്ടവൻ.

൪. ഗുരോ ! നശിക്കും, രക്ഷിക്ക
കരഞ്ഞവർ ഇദം
മയക്കം വിട്ടടക്കി താൻ
കടൽ കാററിനെയും.

൫. ഹാ ! താൻ കൎത്താവത്രെ മിത്രം
ത്രാതാവും നമുക്കു
സ്നേഹിക്കും ആശ്രിതന്മാരെ
ഇഹപരങ്ങളിൽ.

---

## 396 ൩൯൬

*'Brief life is here'*

7s 6s.

൧. അല്പമായുസ്സും, ഖേദം,
ചിന്താകുലം, ഇഹേ ;
ആനന്ദം നിത്യജീവൻ ;
ഭാഗ്യമുണ്ടവിടെ.

൨. വിശ്രാമം, യത്നശേഷം
ഹാ ! നൽ പ്രതിഫലം
മൎത്യരാം പാപികൾക്കും
ധന്യക്കോപ്പും സ്വൎഗ്ഗം.

൩. കഠിനയുദ്ധമിപ്പോൾ
കിരീടം പിന്നൊന്നു്
കീൎത്തി തിങ്ങി നിത്യമാം
കഷ്ടത കൂടാതെ.

൪. ജാഗരിച്ചും പൊരുതും
പ്രത്യാശിച്ചും ഇപ്പോൾ
സീയോനിലെ വ്യാകുലം
ബാബിലോനെ വെല്ലും.

൫. ഇന്നാശ്രയമായവൻ
അന്നഭിമുഖൻ താൻ
തൻ ഇഷ്ടന്മാൎക്കനന്തം
സന്നിധൌ വന്ദിക്കാം.

൬. ഉദയമാകും വേഗം
അന്ധകാരം നീങ്ങും
സത്യദൈവഭക്തരൊ
പകൽപോൽ വിളങ്ങും.

൭. പൂൎണ്ണാനന്ദമാം ദേശം
പ്രതരിൻ ഭവനം
പൂൎണ്ണസൌഭാഗ്യരാജ്യം
സ്വൎഗ്ഗത്തിൻ വാഞ്ഛിതം.

൮. യേശുവേ, ആകൎഷിക്ക
ഭാഗ്യസ്ഥലത്തേക്കു ;
നിത്യം ത്രിയേകനാമം
വാഴ്ത്തപ്പെടേണമേ.

---

## 397 ൩൯൭

*'When upon life's billows'*

P. M.

൧

ലോകശോക സാഗരെ നീ മുങ്ങുമ്പോൾ
ആകുലപാത്രവാനായ് നീ തീരുമ്പോൾ
കൎത്തൻ വൎഷിപ്പിക്കും അനുഗ്രഹങ്ങൾ
എത്ര എന്നു ചിന്തിച്ചേററം മോദിക്ക.
എത്ര മോദമുണ്ടിന്നേരത്തിൽ
ദൈവത്തിൻ കരുണയോൎക്കുമ്പോൾ
ഉല്ലസിക്കാം ഭാരവാഹിയേ!
ഠരംശൻ ഏററം കരുതുന്നു നിനക്കായ്.

൨

പ്രാപഞ്ചിക ചിന്തയാൽ വലയുന്നോ ?
ക്രൂശു വഹിപ്പാനേററം പ്രയാസമോ ?
സന്ദേഹം വേണ്ടാ നീ കാണും ആശ്വാസം
ഇന്നേരം രക്ഷകൻ പാദം ചേൎന്നിടിൽ
—എത്ര മോദ

൩

നശ്വരമാം ധനത്തെ നീ കാണുമ്പോൾ
ലേശം വിഷാദം അസൂയയും വേണ്ടാ
ശാശ്വതംനിൻ സ്വർഗ്ഗത്തിലെ നിക്ഷേപം
യേശു വാഗ്ദത്തം ചെയ്തല്ലോ നിനക്കായ്
—എത്ര മോദ

൪

കല്ലോല തുല്യമാം അല്ലൽ വന്നിടിൽ
തെല്ലും ഭീതി വേണ്ടല്ലോ മനതാരിൽ
കർത്തൻ നല്കും ആശിസ്സുകൾ ഓർത്തേവം
സ്വർഗ്ഗം ചേരും നേരംവരെ മോദിക്ക
—എത്ര മോദ

## 398

൩൯൮

*'Father of heaven whose love'*

L. M.

൧. സ്വർഗ്ഗതാതാ, അഗാധമാം
നിൻ സ്നേഹത്താൽ വീണ്ടുകൊണ്ട
ഇപ്പാപികൾ നമിക്കുന്നു
ക്ഷമ, സ്നേഹം നീ കാണിക്ക.

൨. വചനത്തിൻ അവതാരം
ക്രിസ്തുശുവേ, രക്ഷാകരാ,
ഇപ്പാപികൾ നമിക്കുന്നു
രക്ഷണ്യകൃപ നല്കുക.

൩. നിത്യാത്മാവേ, നിശ്വാസത്താൽ
ഉദ്ധരിച്ചെങ്ങളാത്മാക്കൾ
ഇപ്പാപികൾ നമിക്കുന്നു
ഉയിർപ്പിൻശക്തി നല്കുക.

൪. പിതൃപുത്രാ ശുദ്ധാത്മനേ,
ത്രിയേകനേ, നിൻ സന്നിധൌ
ഇപ്പാപികൾ നമിക്കുന്നു
അനുഗ്രഹിക്ക ഞങ്ങളെ.

## 399

൩൯൯

*'A few more years'*

S. M.

൧. കുറെ വർഷങ്ങൾ പോയ്
അല്പകാലശേഷം
മൃത്യുവേറോരൊന്നിച്ചാകും
നമ്മുടെ താമസം.

ആ നാളിന്നായ് കർത്താ,
എന്നെയൊരുക്കുക
നിൻ വിലയേറും രക്തത്താൽ
എൻ പാപം നീക്കുക.

൨. അന്ധകാരഭൂമൌ
അല്പകാലം തീർന്നാൽ
ചേരും നാം സൂര്യൻ വേണ്ടാത്ത
പ്രശാന്തലോകത്തിൽ— ആ നാ

൩. ദുഷ്ടകരയിൽ
അല്പനാൾ അലയും
പിന്നെ വൻ കാറേറാളമില്ലാ
ദേശേ നാം ചേന്നിട്ടും— ആ നാ

൪. അല്പകാലം യുദ്ധം
വേർപാടദ്ധ്വാനവും
അല്പനാൾ കരഞ്ഞതിൻപിൻ
കണ്ണീരില്ലാതാകും— ആ നാ

൫. അല്പകാലശേഷം
വീണ്ടും വന്നിടും താൻ
നാം ജീവിപ്പാൻ ചത്തുയിർത്തോൻ
താനുമായ് വാഴുവാൻ— ആ നാ

## 400

൪൦൦

*'Glorious things of Thee are spoken'*

D. 8s. 7s.

൧. ദൈവപുരമാം സീയോനേ,
ശ്ലാഘിച്ചിടുന്നു നിന്നെ
വാക്കു മാററമില്ലാ ദൈവം
സ്വന്തമായ് നിന്നെ തീർത്താൻ
പൂർവ്വപാറമേൽ പണിത
നിന്നെ ഇളക്കുന്നതാർ ?
രക്ഷാമതിൽ ചുററും നില്ക്കേ
ശത്രു നിനക്കലക്ഷ്യം.

൨. നിത്യസ്നേഹജന്യമായ
ജീവ ഉറവയാൽ നീ
നിൻ മക്കളിൻ ദാഹം തീർക്കും
ക്ഷാമഭയമേ നീങ്ങും
ദാഹംതീർപ്പാനൊഴുകിടും
ആററികൾ ആർ ക്ഷീണിക്കും ?
കൃപെക്കതിൽ ദാതാവെപ്പോൾ
നീക്കമില്ലൊരുനാളും.

൩. കർത്തൃസാന്നിദ്ധ്യസാക്ഷ്യമാം
മഹത്വം മേൽമൂടിയായ്
പാർപ്പിടമോരോന്നും ചുററി
അഗ്നിമേഘവാസം കാൺ
യേശുരക്തെ സ്നാനംചെയ്ത
സീയോൻ ഭാഗ്യജനത്തെ
ആശ്രിതവത്സലനേശു
രാജകുലമാക്കിനാൻ.

൪. രക്ഷകാ, ഞാൻ നിൻ കൃപയാൽ
സീയോൻ വാസിയാമെങ്കിൽ
ലോകമെന്നെ ത്യജിക്കട്ടെ
തേറും നിൻ നാമത്തിൽ ഞാൻ
ലൌകികൻെറ പുകഴ്ചയും
ഭാഗ്യം സർവ്വവും വ്യർത്ഥം
സീയോൻ മക്കളിൻ പങ്കല്ലൊ
നിത്യ നിധി ഭാഗ്യങ്ങൾ.

---

## 401 ൪൦൧

*'I've found a friend'*

D. 8s. 7s.

൧. യേശുവെപ്പോലുണ്ടോ ഇത്ര
നല്ല സഖി എനിക്കു
ഞാൻ അറിയും മുമ്പെയെന്നെ
സ്നേഹിച്ചോരു സ്നേഹിതൻ
സ്നേഹപാശങ്ങളാലെന്നെ
തന്നോടൊന്നായ്ബന്ധിച്ചു
ഞാനവൻെറ അവനെൻെറ
സ്വന്തമെന്നുമെന്നേക്കും.

൨. യേശുവെപ്പോലുണ്ടോ ഇത്ര
നല്ല സഖി എനിക്കു
തൻ രക്തം ചിന്തി മരിച്ചു
എന്നെ രക്ഷിപ്പാനായി
നിത്യജീവൻ മാത്രമല്ല
തന്നെ മുഴുവൻ തന്നു
എൻ ദേഹം ദേഹി ആത്മാവും
സമർപ്പിക്കും തനിക്കു.

൩. യേശുവെപ്പോലുണ്ടോ ഇത്ര
നല്ല സഖി എനിക്കു
നിത്യമഹത്വമതിൻെറ
പ്രത്യാശ താൻ നല്കുന്നു.
പ്രാർത്ഥനയിൽ നീ ഉണർന്നു
പോരാട്ടം ചെയ്തീട്ടുകിൽ
നിത്യസ്വസ്ഥത ഏകും താൻ
ഭാഗ്യം പരമാനന്ദം.

൪. യേശുവെപ്പോലുണ്ടോ ഇത്ര
നല്ല സഖി എനിക്കു
ദയ, സത്യമാർദ്രതയും
ഉള്ള വേറെ സ്നേഹിതൻ
നല്ലോരാലോചനക്കാരൻ
വഴികാട്ടി കാവലും
താൻ മാത്രം, ആയതാലെത്ര
ആനന്ദം എൻ ജീവിതം.

൫. യേശുവെപ്പോലുണ്ടോ ഇത്ര
നല്ല സഖി എനിക്കു
ക്രിസ്തുവിൻ നിത്യസ്നേഹത്തിൽ
നിന്നൊരുനാളുമെന്നെ
ജീവനോ മരണത്തിനോ
ലോകനരകങ്ങൾക്കോ
പിരിപ്പാൻ കഴികയില്ല
യേശുവിൻെറ സ്വന്തം ഞാൻ.

---

## 402 ൪൦൨

*'I need Thee every hour'*

6. 4. 6. 4. 7. 6. 7. 4.

൧. നിന്നെ വേണം സദാ
കൃപാനാഥാ
അന്യരിൻ വാക്കൊന്നും
ശാന്തി നല്കാ.
മെ* വേണം, നിന്നെ വേണം
എന്നേരവും വേണം
വന്നേൻ നിൻ മുമ്പിൽ നാഥാ,
ആശിഷം താ.

൨. നിന്നെ വേണം സദാ
കൂടെ പാർക്ക
പരീക്ഷ നിസ്സാരം
നീ ഇങ്ങെങ്കിൽ— മെ വേണം

൩. നിന്നെ വേണം സദാ
സുഖേ, ദുഃഖേ.
വന്നു നീ പാർക്കായ്കിൽ
ജീവൻ വൃഥാ— മെ വേണം

---

*മെ = എനിക്കു.

ം. നിന്നെ വേണം സദാ
നിൻ ജ്ഞാനം താ
നിൻ വാഗ്ദാനമെന്നിൽ
നിവർത്തിക്ക— മേ വേണം

൫. നിന്നെ വേണം സദാ
പരിശുദ്ധാ
നിൻ സ്വന്തമാക്കെന്നെ
ദൈവപുത്രാ— മേ വേണം

## 403 ൪൦൩

*'Lord Jesus, are we one'*

### C. M.

൧. യേശുകർത്താ, ഞങ്ങൾ നിന്നോ(ട്)
ഒന്നുതന്നെയാമോ?
സ്നേഹത്തിന്നുയരമേ നീ
ആഴവും നീയല്ലോ.

൨. ഗോൽഗോഥാവിൽ നീ ഞങ്ങളോ(ട്)
ഒന്നായിരുന്നതാൽ
സ്വർഗ്ഗോന്നതെ ഞങ്ങൾ നിന്നിൽ
ഐക്യം പ്രാപിച്ചഹോ.

൩. സ്നേഹാധിക്യം മൂലം നീയും
സ്വർഗ്ഗം വിട്ടിറങ്ങി
ഏഴകളോടേകമാവാൻ
ജഡരക്തം ചേറി.

൪. ദിവ്യസ്നേഹം മൂലമെങ്ങൾ
പാപകുററമെല്ലാം
ഞങ്ങൾക്കായേററു മരിച്ച
സ്നേഹവാൻ നീയല്ലോ.

൫. നിൻ ജനരക്ഷയ്ക്കായ് മഹാ
ശാപകോപമേററു
ഇജ്ജനങ്ങളോടൊന്നാകെ
നീ മഹത്വമേററി.

൬. ജീവൻ, മൃത്യു, ആഴം, ഉച്ച
താ, എന്നിവയൊന്നും
വേർപെടുത്താ നിൻ ഭക്തരെ
നിന്നിൽ നിന്നു നൂനം.

൭. സിംഹാസനേ നീയേറി നിൻ
മഹത്വം കാണിക്കും
മഹാ ദിനെ നിന്നിലെങ്ങൾ
ഏകമായ് കാണണമെ.

൮. ലോകാലോകങ്ങൾക്കീവിധം
ആശ്ചര്യം നീ കാട്ടും
യേശുകർത്താ, ഞങ്ങൾ നിന്നോ (ട്)
ഒന്നുതന്നെയാമെ.

## 404 ൪൦൪

*'Ye watchers and ye holy ones'*

### P. M.

൧

ക്രോബീം സ്രാഫീം വാഴ്ചകളെ
കാവല്ക്കാരേ, വിശുദ്ധരേ
സ്തുതി പാടിൻ, ഹാല്ലെല്ലൂയ്യാ
രാജ്യപ്രഭുത്വങ്ങൾ പാടിൻ
മുഖ്യ ദൂത ഗായകരെ
ഹാല്ലെല്ലൂയ്യാ, ഹാല്ലെല്ലൂയ്യാ, ഹാല്ലെല്ലൂയ്യാ,
ഹാല്ലെല്ലൂയ്യാ, ഹാല്ലെല്ലൂയ്യാ.

൨

ചെറുബ്ബുകളിലതിശ്രേഷ്ഠാ
സ്രാഫെ വെല്ലും തേജോഭരാ
നാഥൻ നീയെ, ഹാല്ലെല്ലൂയ്യാ,
നിത്യവചനമാം കർത്താ
കൃപാനിധെ നമൊസ്തുതേ
ഹാല്ലെല്ലൂയ്യാ, ഹാല്ലെല്ലൂയ്യാ, ഹാല്ലെല്ലൂയ്യാ,
ഹാല്ലെല്ലൂയ്യാ, ഹാല്ലെല്ലൂയ്യാ,

൩

നിദ്രകൊണ്ടോരും സ്തുതിക്കും
പിതാക്കൾ പ്രവാചകരും
ഹാല്ലെല്ലൂയ്യാ, ഹാല്ലെല്ലൂയ്യാ,
ജയംകൊള്ളും അപ്പോസ്തോലർ
മാർത്തൂർ ഗണാദികൾ പാടിൻ
ഹാല്ലെല്ലൂയ്യാ, ഹാല്ലെല്ലൂയ്യാ, ഹാല്ലെല്ലൂയ്യാ
ഹാല്ലെല്ലൂയ്യാ, ഹാല്ലെല്ലൂയ്യാ.

൪

സ്വർഗ്ഗഗീതധ്വനിക്കൊപ്പം
സ്നേഹിതരേ നാമും പാടാം
ഹാല്ലെല്ലൂയ്യാ, ഹാല്ലെല്ലൂയ്യാ,
ഒന്നിൽ മൂന്നാം പിതാ പുത്ര
ശുദ്ധാത്മാക്കൾക്കെന്നും സ്തുതി
ഹാല്ലെല്ലൂയ്യാ ഹാല്ലെല്ലൂയ്യാ,
ഹാല്ലെല്ലൂയ്യാ, ഹാല്ലെല്ലൂയ്യാ, ഹാല്ലെല്ലൂയ്യാ.

## 405 ൪൦൫

*'Father of all from land and sea'*

8. 8. 8. 4.

൧. സൎവ്വലോകത്തിൻ താതനേ,
കൎത്തൻ നീ എന്നാൎത്തിടുന്ന
ജനം അസംഖ്യമെങ്കിലും
നിന്നിൽ ഏകം.

൨. ദൈവപുത്രാ നിൻ സ്നേഹത്താൽ
മാനവരെ താതനോടായ്
നിരപ്പിച്ച ദേവാ ഞങ്ങൾ
ഒന്നാകട്ടെ.

൩. മൎത്ത്യരിൻ യാഗമായ്ത്തീൎന്ന്
സത്യ സ്വരൂപാ നിനക്കു
യൂദനും പുറജാതിയും
ഒന്നല്ലയോ?

൪. ഉയൎന്നോരെ താണോരുമായ്
സ്നേഹത്തിൽ ഘടിപ്പിക്കണെ
തൊഴുത്തും ഇടയൻ താനും
ഒന്നാകട്ടെ.

൫. പ്രാവിനെപ്പോൽ സമാധാനം
ആഗ്രഹിക്കും വിശുദ്ധാത്മാ
നിൻ സഭകൾ എല്ലാം നിന്നിൽ
യോജിക്കട്ടെ.

൬. ഈൎഷ്യ, പക, വൈരം ഇവ
അവൾ വെടിഞ്ഞീടേണമെ
സൎവ്വ ക്രിസ്തു സോദരരും
ഒന്നാകട്ടെ.

൭. ഇഹലോകം നശിക്കുമ്പോൾ
നാം ഉണൎന്നു പറഞ്ഞിടും
'നിത്യമാം ഈ സ്വൎഗ്ഗരാജ്യ
നാം ഒന്നല്ലോ.'

## 406 ൪൦൬

Tune: *'Break, Thou, the bread of life'*

10s.

൧

ദൈവത്തിൻ പുത്രനാം ക്രിസ്തേശുവേ
ജീവന്റെ വചനം നല്കേണമേ
ആശ്രിതർ മദ്ധ്യത്തിൽ വാക്കുന്നോനേ
ദാസരെ സത്യത്തിൽ നടത്തുകെ.

൨

പണ്ടൊരഞ്ചപ്പവും മീൻ രണ്ടുമെ
കണ്ടപ്പോൾ വാഴ്ത്തി വൎദ്ധിപ്പിച്ചോനേ
ഇങ്ങുള്ള പ്രാപ്തിയും അത്യല്പമേ
അങ്ങെ തൃക്കയ്യാൽ എല്ലാം വാഴ്ത്തുകെ.

൩

ജീവനില്ലാത്തവർ ജീവിക്കുവാൻ
ദൈവത്തിൻ ഭക്തർ ശക്തർ ആയിടാൻ
ഏകുക യേശുവേ നിൻ വാക്കിനാൽ
ഏകുക കൃപയെ നിൻ ആത്മാവാൽ.

## 407 ൪൦൭

Tune: *'Jesus my Saviour to Bethlehem came'*

P. M.

൧

നീതിമാന്മാരിൻ കൂടാരങ്ങളിൽ
ജയ സംഗീതങ്ങൾ പാടീടുവിൻ
യേശുവിൽ വിശ്വസിച്ചാൎത്തിടുവിൻ
ജയസന്തോഷമേ!
ജയസന്തോഷമേ! ജയസന്തോഷമേ!
യേശുവിൽ വിശ്വസിച്ചാശ്രയിച്ചാൽ
ജയസന്തോഷമേ!

൨

വൈരിയിൻ പാശങ്ങൾ ഛേദിക്കുവാൻ
സ്വൎഗ്ഗീയതേജസ്സുപേക്ഷിച്ചു താൻ
മൎത്ത്യശരീരം നേടിടിനാൻ
ജയസന്തോഷമേ!—

൩

നിത്യമാം നീതിക്കായ് മരിച്ചു താൻ
മൃത്യുവിൻ ഭീതി സംഹരിച്ചു താൻ
സത്യസമാധാനം വരുത്തി താൻ
ജയസന്തോഷമേ— ജയ

൪

ന്യായപ്രമാണത്തിൻ ശാപങ്ങളും
ആയതാലുള്ള വിലാപങ്ങളും
പോയഹോ ക്രൂശിന്മേൽ മുഴുവനും
ജയസന്തോഷമേ— ജയ

൫

സൌജന്യദാനങ്ങൾ സമസ്തവും
മോചനം, നീതിയും, വിശുദ്ധിയും
ക്രൂശിലെ രക്തത്താൽ എല്ലാവനും
ജയസന്തോഷമേ— ജയ

൬

ഖണ്ഡിപ്പാൻ വേദവിരുദ്ധങ്ങളും
വന്ദിപ്പാൻ ആത്മാവിൻ സത്യത്തിലും
സാദ്ധ്യമിപ്പോൾ ഏതു സാധുവിനും
ജയസന്തോഷമേ— ജയ

൭

ഭീക്ഷണി വൈരി പ്രയോഗിക്കിലും
ഏഷണി വ്യാജമായ് ചൊല്ലുകിലും
ക്ലേശം അശേഷമില്ലായതിലും
ജയസന്തോഷമേ— ജയ

൮

ക്രൂരിരുൾ മാറി പ്രകാശത്തിന്നായ്
ദൂരസ്ഥർ നിത്യം സമീപസ്ഥരായ്
സ്വർഗ്ഗങ്ങൾ ഭക്തർ നിവാസങ്ങളായ്
ജയസന്തോഷമേ— ജയ

൯

തേജസ്സിൽ വേഗത്തിൽ വന്നിടും താൻ
വ്യാജമാം പൂജകൾ നീക്കീടുവാൻ
രാജത്വം ആശ്രിതർക്കേകിടും താൻ
ജയസന്തോഷമേ— ജയ

---

## 408 ൪൦൮

*'The king of Love my shepherd is'*

8s. 7s.

൧. എന്നിടയൻ സ്നേഹരാജൻ
തൻ നന്മെക്കില്ല ലോഭം
ഞാനവന്നും താനെനിക്കും
എന്നാൽ മുട്ടില്ലെനിക്കു.

൨. ജീവനദിയിലേക്കെന്റെ
ദേഹിയെ നടത്തുന്നോൻ
പച്ചയാം പുല്പുറങ്ങളിൽ
മെച്ചമാം ഭോജ്യം നല്കി.

൩. ഭോഷൻ ഞാൻ വഴിതെറ്റി, താൻ
സ്നേഹത്താൽ മാം തിരക്കി
വഹിച്ചു മെല്ലെ ചുമലിൽ
മോദമായ് വീടണച്ചു.

൪. മൃത്യുനാട്ടിൽ നീ കൂട്ടെങ്കിൽ
ദോഷം ഭയപ്പെടാ ഞാൻ
നിൻ കോൽ വടിയെന്നാശ്വാസം
നിൻ ക്രൂശെൻ വഴികാട്ടി.

൫. എൻ മുമ്പിൽ വിരുന്നൊരുക്കി
നിൻ കൃപ നീ നല്കുന്നു
നിൻ കാസാ കവിഞ്ഞൊഴുകും
സന്തോഷമത്യാശ്ചര്യം.

൬. നാളെല്ലാമീവിധത്തിൽ നിൻ
നന്മെക്കില്ലാ മുടക്കം
നല്ലിടയാ, നിൻ സ്തുതി ഞാൻ
ചൊല്ലട്ടെന്നും നിൻ വീട്ടിൽ.

---

## 409 ൪൦൯

*'Who is this so weak and helpless?'*

8. 7. 8. 7.

൧. ഏഴപ്പെട്ട ശിശുവാമി
യൂദപ്പൈതൽ ഏതഹോ?
പശുക്കൂട്ടിൽ പിറന്നോ നീ
ജീർണ്ണവസ്ത്രം പുതച്ചോ

൨. സൃഷ്ടിക്കൊക്കെ സർവ്വനാഥൻ
എന്നെന്നേക്കും താൻ ദൈവം,
താൻ ഉന്നത മഹോന്നതൻ
ജാതം ചെയ്തങ്ങീവിധം.

൩. വീട്ടു വസ്ത്രം അപ്പം ഇല്ലാ (ത്)
അലഞ്ഞുഴലുന്നിതാർ?
പാവം സാത്താൻ ശക്തിയതും
കണ്ടു ദുഃഖിക്കുന്നതാർ?

൪. ദൈവമാം രക്ഷകനേശു
സ്വർഗ്ഗത്തിൽ താൻ നമുക്കു
ഭവനങ്ങൾ ഒരുക്കുന്നു
ഇല്ല കണ്ണുനീർ അങ്ങു.

൫. ചോര ചിന്തി ഒഴുകാനും
നിന്ദ നിഷേധങ്ങളാൽ
ഹാസ്യമാക്കപ്പെട്ടവാനും
അർഹനായോൻ ഇവനാർ?

൬. ദാനം കൃപ തൻ സഭമേൽ
ചൊരിയും മാ ദൈവം താൻ
പ്രതികാരം ശത്രുവിന്മേൽ
നീതിയായ് നടത്തും താൻ.

൭. അക്രമികളോടു കൂടെ
ആണികളാൽ ക്രൂശിന്മേൽ
തൂങ്ങി നിന്ദ ദൂഷ്യങ്ങളെ
ഏറ്റിടുന്ന ഇവനാർ?

൮. ജീവിക്കും അനാദ്യനായ
മാ ദൈവം ഉന്നതത്തിൽ
വാഴുന്നവൻ നിത്യനായി
സ്വർണ്ണ നഗരമതിൽ.

---

## 410 ൪൧൦

*'I heard the voice of Jesus'*

D. 8s. 6s.

൧. യേശുവിൻ ശബ്ദം ഞാൻ കേട്ടു
'വന്നു വിശ്രമിക്ക
എന്നന്തികെ വേഗം വന്നു
അഴലൊഴിക്കുക.'
ഞാനനുസരിച്ചവനെ
തന്മാർവ്വിൽ ചേരാനായ്
വിശ്രാമസ്ഥലം കണ്ടു ഞാൻ
യേശുവിൻ മടിയിൽ.

൨. യേശുവിൻ ശബ്ദം ഞാൻ കേട്ടു
'ജീവജലം ഇതാ
ദാനമായ് നീ വന്നിതിനെ
പാനം ചെയ്തീടുക'
തൻ ദാനത്താൽ ഞാൻ സ്വസ്ഥനായ്
എൻ ആത്മം ഉണർന്നു
ഞാനവനിൽ വസിക്കുന്നു
ഇന്നും എന്നേക്കുമേ.

൩. യേശുവിൻ ശബ്ദം ഞാൻ കേട്ടു
'ലോകവെളിച്ചം ഞാൻ
എന്നെ നോക്കി പ്രകാശിക്ക
എൻ പ്രിയ ശിഷ്യനേ'
തൽക്ഷണം നോക്കി
എൻ സൂര്യനായ് കണ്ടു തന്നേ ഞാൻ
ഭൂയാത്ര നാൾ തീരുംവരെ
കാണും ഞാൻ അവനെ.

---

## 411 ൪൧൧

Tune: '*We have heard the joyful Sound*' •

P. M.

൧. കേൾക്ക കാഹളധ്വനി
മോചനം സ്വാതന്ത്ര്യം
ദൈവത്തിൻ വിളംബരം
'മോചനം, സ്വാതന്ത്ര്യം,'
നാശമാകും ഏവർക്കും
ഭാഗ്യയോവേൽ വത്സരം
ഘോഷിപ്പിൻ എല്ലാടവും
'മോചനം, സ്വാതന്ത്ര്യം'

൨. ചൊല്ലുവിൻ കാരാഗൃഹേ
'മോചനം, സ്വാതന്ത്ര്യം'
കേൾക്കുവിൻ, ഹേ ബദ്ധരേ,
'മോചനം, സ്വാതന്ത്ര്യം,'
ക്രൂശിൻ മീതെ കാണുവിൻ
നിത്യമാം ഉദ്ധാരണം
യേശുവോടു വാങ്ങുവിൻ
'മോചനം, സ്വാതന്ത്ര്യം.'

൩. ദുഷ്ടന്മാരെ രക്ഷിപ്പാൻ
'മോചനം, സ്വാതന്ത്ര്യം'
ശിഷ്ടരാക്കിത്തീർക്കുവാൻ
'മോചനം, സ്വാതന്ത്ര്യം'

ദൈവസ്നേഹം കാണുവിൻ
വാഴ്ത്തുവിൻ തൻ കാരുണ്യം
നിത്യജീവൻ പ്രാപിപ്പിൻ
'മോചനം, സ്വാതന്ത്ര്യം.'

൩. പാപഭാരം മാറുവാൻ
'മോചനം, സ്വാതന്ത്ര്യം'
മായസേവ തീരുവാൻ,
'മോചനം, സ്വാതന്ത്ര്യം'
ഹാ ! സൌഭാഗ്യ വാർത്തയെ
എങ്ങനെ നിഷേധിക്കാം
ഇത്ര വലിയ രക്ഷയെ
'മോചനം, സ്വാതന്ത്ര്യം.'

൪. സ്വർഗ്ഗം സാക്ഷി പുത്രനിൽ
'മോചനം, സ്വാതന്ത്ര്യം
തർക്കം വേണ്ടാ ഭൂമിയിൽ
'മോചനം, സ്വാതന്ത്ര്യം'
വിശുദ്ധാത്മ മുദ്രയാൽ
ഉണ്ട് പൂർണ്ണ നിശ്ചയം
പ്രാപിക്കാം വിശ്വാസത്താൽ
'മോചനം, സ്വാതന്ത്ര്യം.'

൫. പർവ്വതങ്ങൾ കേൾക്കട്ടെ
'മോചനം, സ്വാതന്ത്ര്യം'
ആഴങ്ങൾ മുഴങ്ങട്ടെ
'മോചനം, സ്വാതന്ത്ര്യം'
ദ്വീപും കേട്ടു ചൊല്ലട്ടെ
'യേശുനാഥാ,' വന്ദനം
സൃഷ്ടിയെല്ലാം പാടട്ടെ
'മോചനം, സ്വാതന്ത്ര്യം.'

---

## 412 ൪൧൨

*'The strain upraise of joy and praise'*

Chant

൧

എല്ലാരും പാടി|സ്തുതി|പ്പിൻ
ഹല്ലേ|ലൂ-|യ്യാ
ചൊല്ലിൻ സന്തോഷ ഗീതങ്ങൾ,
മഹത്വ രാജ|നു നി|ങ്ങൾ
ഹല്ലേ| ലൂ-|യ്യാ.

൨

മേൽ വാനോർ ഘോഷി|ച്ചീട|ട്ടെ
മഹോന്നതം മു|ഴങ്ങ|ട്ടെ
ഹല്ലേ|ലൂ-|യ്യാ ; ഹല്ലേ|ലൂ-|യ്യാ.

൩

ഹാ ! പറുദീസായിൽ വാ|ഴുന്നോ|രേ,
പാടിച്ചൊല്ലിടിൻ ശുദ്ധി|മാന്മാ|രേ
ഹല്ലേ|ലൂ-|യ്യാ ; ഹല്ലേ|ലൂ-യ്യാ

൪

ശോഭിച്ചു മിന്നുന്ന ഗോളഗ്ര|ഹങ്ങ|ളേ,
വാനങ്ങളിൽ ചൊല്ലിൻ താ|രങ്ങ|ളേ,
ഹല്ലേ|ലൂ-|യ്യാ; ഹല്ലേ|ലൂ-|യ്യാ.

൫

ആകാശ മേഘങ്ങൾ
വിസ്തീർണ്ണ|മണ്ഡ|ലം
ഗംഭീര ഇടിമി|ന്നല്പ|കൾ
ഒന്നിച്ചു ചൊല്ലേണം*
സന്തോഷ|ഗീ|ത|മായ്
ഹല്ലേ|ലൂ-|യ്യാ.

൬

സമുദ്ര തിരമാല
വന്മാരി|കാറ്റു|കൾ
നൽ വേനൽ വർഷകാലം
പൂങ്കാവ|നങ്ങ|ളേ,
ഒന്നാകെ നിന്നുകൊ (ണ്ട്)
ഇന്നാർത്തു|ഘോഷി|പ്പിൻ
ഹല്ലേ|ലൂ-|യ്യാ.

൭

കോമള പക്ഷി വൃന്ദ|ങ്ങളെ|ല്ലാം
ഏകമായ് കൂടി|പറ|ന്നു ചൊ|ല്ലിൻ
ഹല്ലേ|ലൂ-|യ്യാ-; ഹല്ലേ|ലൂ-| യ്യാ.

൮

കാട്ടിൽ വസിക്കുന്ന മൃ|ഗങ്ങ|ളേ,
പാട്ടിൽ ഒരുമിച്ചു ചൊ|ല്ലീടു|വിൻ
ഹല്ലേ|ലൂ-|യ്യാ; ഹല്ലേ|ലൂ-|യ്യാ.

൯

മേട്ടുമലകൾ കൂടി|ച്ചൊല്ല|ട്ടെ
താഴ്വര ദേശം-പാട്ടുക|ളോടെ|മായ്
ഹല്ലേ|ലൂ-|യ്യാ ; ഹല്ലേ|ലൂ-|യ്യാ.

൧൦

മാ സമുദ്ര ആഴം മു|ഴക്ക|ട്ടെ
ഹല്ലെ|ലൂ-|യ്യാ
വൻകരകൾ ആകെ ഏറ്റു|ചൊല്ല|ട്ടെ
ഹല്ലെ|ലൂ-|യ്യാ.

൧൧

കർത്താധികർത്തന്നിഷ്ടമാം—നിത്യ-
ഗാന|വുമി|തു
ഹല്ലെ|ലൂ-|യ്യാ.

൧൨

ക്രിസ്തുവിന്നു സ്വീകാര്യമാം—സ്വ-
ർഗ്ഗീയ|ഗാന|വും
ഹല്ലെ|ലൂ-|യ്യാ.

൧൩

ആത്മ പാടുന്നു നാമേവ|രും,
അ|താൽ
ഹല്ലെ|ലൂ-|യ്യാ
ബാലരും പ്രതിവചിക്കു|ന്നി-
വാ|ക്യം
ഹല്ലെ|ലൂ-|യ്യാ.

൧൪

എല്ലാരും ചേർന്നു|പാട|ട്ടെ
ഹല്ലെലൂയ്യാ—താത|നും
ഹല്ലെലൂയ്യാ|സുത|നും
ശുദ്ധാത്മന്നും ഹല്ലെ|ലൂ-|യ്യാ.

൧൫

നാഥ നാം ത്രിയേ|കനെ|ന്നും
ഹല്ലെ|ലൂ-|യ്യാ; ഹല്ലെ|ലൂ-|യ്യാ.
ഹല്ലെ|ലൂ-|യ്യാ.

## 413 ൪൧൩

## Litany of the Church
## സഭെക്കുവേണ്ടിയുള്ള ലിത്താനി

*'God the Father, God the Son'*

൧. താതാ സുതാ ശുദ്ധാത്മാ,
നാഥാ ദൈവ ത്രിയേകാ,
സന്നിധാനത്തിൽനിന്നു
കേൾ അടിയർ യാചന.

൨. നിൻ സഭയുഴലുന്നോ
കഷ്ടതയിൽ ആകവെ
നീ അതോടു കൂടവേ
വാസം ചെയ്ക യേശുവേ

൩. സ്നേഹ കയ്യാൽ താങ്ങുകേ
ശത്രുവെ അകററുകേ
നിത്യാശ്വാസമേകുകേ
കേൾ അടിയർ യാചന.

൪. നിർമ്മലോപദേശത്താൽ
നിത്യം പാലിച്ചീടുക
നിന്നിൽ ശരണം വെപ്പാൻ
കേൾ അടിയർ യാചന.

൫. സഭയെന്നും സാക്ഷിപ്പാൻ
സുവിശേഷം ഘോഷിപ്പാൻ
നിൻ വരവറിയിപ്പാൻ
കേൾ അടിയർ യാചന.

൬. ശാന്തി ക്ഷേമം നല്കേണം
ഭിന്നതകൾ മാറേണം
ക്രിസ്തുവിൽ ഒന്നാകേണം
കേൾ അടിയർ യാചന.

൭. നഷ്ടമായതൊക്കവെ
നിൻ സഭെക്കു നല്കണേ.
സർവ്വവും പണ്ടേപ്പോലെ
കേൾ അടിയർ യാചന.

൮. സ്നേഹൈക്യ സമാധാനം
സത്യാത്മികോപദേശം
പാലിച്ചീടുവാൻ നിത്യം
കേൾ അടിയർ യാചന.

൯. സാധുക്ഷീണർ കുരുടർ
നഷ്ടമായോർ അത്രയും
തേടിക്കണ്ടു ചേർക്കുവാൻ
കേൾ അടിയർ യാചന.

൧൦. സഭ മുറ്റോടുണരാൻ
പാലകർ ബലപ്പെടാൻ
വേലി ചുറ്റും വീശുവാൻ
കേൾ അടിയർ യാചന.

൧൧. നിൻ ഇടയർ ഏവരും
നിൻ സഭെക്കു പോഷണം
നല്കി പാലിച്ചീടണം
കേൾ അടിയർ യാചന.

൧൨. കുററം വിധി നീക്കേണമേ
അനുഗ്രഹിക്കേണമേ
ചെയ്യു വേല ആകവെ
കേൾ അടിയർ യാചന.

൧൩. നാണിച്ചു കുനിയുന്നു
മുഖം മൂടി വീഴുന്നു
സ്നേഹ തീ എരിയുന്നു
കേൾ അടിയർ യാചന.

൧൪. നിൻ ഉന്നത വിളിക്കു
സഭയെ യോഗ്യമാക്കു
ദിവ്യ ദൂതു ഘോഷിപ്പാൻ
കേൾ അടിയർ യാചന.

൧൫. നിൻ സഭാ വിളക്കിനെ
ശോഭയോടെരിയണമേ
ഘോര ക്രൂരിരുളിലെ
കേൾ അടിയർ യാചന.

൧൬. നല്ല സാക്ഷിയാക്കുകേ
ചിന്നിപ്പോയ മക്കളെ
ഒന്നായ ചേർക്ക കൂട്ടിലെ
കേൾ അടിയർ യാചന.

൧൭. ക്രൂശിനാൽ അണിയിക്ക
ഈ സൈന്യ ജനങ്ങളെ
നഷ്ടം ദുഃഖം സഹിപ്പാൻ
കേൾ അടിയർ യാചന.

൧൮. പേയ്ഗണത്തെ ജയിപ്പാൻ
സർവ്വജാതിയെ ചേർപ്പാൻ
സഭയാകെ വാഴ്ത്തുവാൻ
കേൾ അടിയർ യാചന.

൧൯. മഹത്വമാക്കു വേഗം
നീക്കു കറ ചുളുക്കം
നല്കുക നിൻ വെളിച്ചം
കേൾ അടിയർ യാചന.

൨൦. എന്നും കൂടെ പാർത്തിടാൻ
ഭാഗ്യമനുഭവിപ്പാൻ
യോഗ്യത നല്കിടുവാൻ
കേൾ അടിയർ യാചന

---

## Veni Creator Spiritus

### പരിശുദ്ധാത്മാവിന്നായി അപേക്ഷ

**414** ര൧

*Come, Holy Ghost, our souls inspire*

൧. ദൈവാത്മാവേ, വന്നരുളുക
എല്ലാവർമേലും വീശുക
തീയാൽ കത്തിക്ക ഞങ്ങളെ
ഉത്തമാഭിഷേകാത്മാവേ.

൨. അനുഗ്രഹ തൈലമാം നീ
ആശ്വാസം ജീവൻ സ്നേഹ തീ
നിൻ ഏഴിരട്ടി നൽവരം
തന്നനുഗ്രഹിച്ചിടേണം.

൩. നിത്യമാം പ്രകാശം മൂലം
മാററുക ഇരുൾ അശേഷം
മുഖശോഭ സൽപ്രമോദം
നൽകിടേണം കൃപമൂലം.

൪. ശത്രുവെ ദൂരെ അകററി
തന്നിടേണം ദിവ്യശാന്തി
നീ നടത്തീടുന്നിടത്തു
ഇല്ല യാതൊരു വിപത്തു.

൫. ഏക സത്യ നിത്യ ദേവാ
താതാ സുതാ മാ ശുദ്ധാത്മാ
നിന്നെ അറിവാൻ സഹായം
തന്നനുഗ്രഹിച്ചിടേണം.

എന്നേക്കും സ്തുതി നിനക്കേ
താത സുതാ ശുദ്ധാത്മാവേ.

---

**415** ര൧

'*Come, Holy Ghost, Our Souls inspire*'

P. M.

൧. ആത്മാവേ, വന്നാവേശിക്ക
അഗ്നിയാൽ കത്തിക്കെങ്ങളെ
സപ്തദാനം നല്കുന്നോനാം
അഭിഷേകാത്മാവല്ലോ നീ

൨. നിൻ സാമീപ്യമല്ലായ്കയാ
സ്വാസ്ഥ്യം ജീവൻ സ്നേഹാഗ്നിയും
സന്തതമില്ലാൽ ഞങ്ങടെ
അന്ധാത്മമാന്ദ്യം നീക്കുകെ.

൩. നിൻ കൃപാഭിഷേകത്താലെ
ഇൻപം നല്കേണ്ടൾ വദനെ
ശത്രുവെ നീക്കി ശാന്തി താ
ശുഭം നീ നായകൻ എന്നാൽ.

൪. പിതൃപുത്രരെ കാണിക്ക
അവരോടൊന്നാം നിന്നെയും
സന്തതകാലം ഞങ്ങടെ
നിത്യഗീതമിതാകട്ടെ
പിതൃപുത്രാത്മാവെ, നിന്റെ
നിത്യപുണ്യത്തിന്നായ് സ്തുതി.

---

## Doxologies

### L. M.

൧. പിതാവു പുത്ര ആത്മാവാം
ത്രിത്വത്തിൽ ഏകദൈവമാം
അവന്നു വന്ദനം യോഗ്യം
അവൻ മാത്രം സത്യ ദൈവം.

---

### L. M.

൨. ഒന്നായ് ഭരിച്ചു വാഴുന്ന
ത്രിയേക ദൈവം ആകുന്ന
പിതാ, സുതൻ, ശുദ്ധാത്മനെ
സ്തുതിക്ക നാം ദിനേ ദിനേ.

---

### L. M.

൩. കൎത്താവേ ഇപ്പോൾ ഞങ്ങളെ
നീ നോക്കി രക്ഷിക്കേണമേ,
ഞങ്ങൾക്കു നിന്റെ നാമത്തെ
സ്തുതിപ്പാൻ തുണയ്ക്കേണമേ.

---

### L. M.

൪. സൎവ്വാശിഷത്തിൻ താതനെ
വാഴ്ത്തുവിൻ ലോകരാകവെ
വാഴ്ത്തുവിൻ സ്വൎഗ്ഗസേനയും
വാഴ്ത്തുൻ പിതാ പുത്രാത്മനെ.

---

Tune : '*Salvation ! O, the joyful*'

### C. M.

൫. പിതാവിന്നും തൻ പുത്രന്നും
മഹത്വം നല്കട്ടെ
വിശുദ്ധനായാത്മാവിന്നും
സൽ കീൎത്തി പാടട്ടെ.
മാനം സ്തോത്രം അധികാരം
കുഞ്ഞാട്ടിന്നു ലഭിക്കേണം
യേശുക്രിസ്തു രക്ഷിതാവു
ഹല്ലെല്ലൂയ, ഹല്ലെല്ലൂയ
ഹല്ലെല്ലൂയ, സ്തുതിപ്പിൻ.

---

Tune : '*Nearer my God*'

### 6s. 4s.

൬. എന്നേക്കും മഹത്വം
ഏക പിതാ,
എന്നേക്കും മഹത്വം
ഏക പുത്രാ,
എന്നും എന്നേക്കുമേ
ഏവം ഭവിക്കട്ടെ
ഏകാത്മാവായോന്നും
ഏററം സ്തുതി.

---

### L. M.

൭. ദൈവമേ അനുഗ്രഹിക്ക
സമാധാനമായ് അയയ്ക്ക
നിൻ ദാസരെ ഇന്നും എന്നും
കരുണയോടു കാക്കുക.

---

Tune : '*Tony Botil*'

### D. 8. 7. 8. 7.

൮. ഹല്ലെല്ലൂയാ, ഞങ്ങൾ സ്തോത്രം
കൈക്കൊള്ളേണമേ പിതാ !
ഹോശന്നാ, നിൻ മഹത്വം
കാണിക്കേണമേ സദാ !
ഹല്ലെല്ലൂയാ, ഹല്ലെല്ലൂയാ
ഹല്ലെല്ലൂയാ ആമേൻ
ഹല്ലെല്ലൂയാ, ഹല്ലെല്ലൂയാ
ഹല്ലെല്ലൂയാ ആമേൻ.

## Tune : '*Lead us heavenly*'

### 8. 7. 8. 7. 8. 7.

൯. യേശുവിൻ കൃപാ കടാക്ഷം
മാ പിതാവിൻ സ്നേഹവും,
ദൈവ ആത്മാവിൻ സംസൎഗ്ഗം
എന്നും ഇങ്ങുണ്ടാകേണം.
ഹല്ലെല്ലൂയാ —ഹല്ലെല്ലൂയാ
ഹല്ലെല്ലൂയാ—ആ–മെൻ.

## '*God be with you*'

### P. M.

൧൦. കാണുംവരെ ഇനി നാം തമ്മിൽ
കൂടെ ഇരിക്കട്ടെ ദൈവം
തൻ ദിവ്യ നടത്തിപ്പാലെ
കാത്തു പാലിക്കട്ടെ നിങ്ങളെ
ഇനി നാം......ഇനി നാം
യേശു മുൻ ചേരും വരെ
ഇനി നാം..... ഇനി നാം
ചേരുംവരെ പാലിക്കട്ടെ താൻ.

### D. 7s.

൧൧. ക്രിസ്തുവിൻ സമാധാനം
വാസമാകട്ടെ നമ്മിൽ
തൻ മുഖത്തിൻ പ്രകാശം
ക്ലേശമെല്ലാം നീക്കട്ടെ.
താൻ തിരുക്കരങ്ങളാൽ
ആശീൎവ്വാദത്തെ നല്കി
ഇന്നുമെന്നും കൃപയാൽ
കാത്തുസൂക്ഷിച്ചിടട്ടെ.

## Tune : '*Lead, kindly light*'

### 10s. 4s.

൧൨. സൎവ്വബുദ്ധിയും കവിയും ദൈവ–
സമാധാനം
യേശുമശിഹ തൻ അറിവിലും
സ്നേഹത്തിലും
കാക്കട്ടെ നമ്മുടെ മനസ്സുകൾ
ചിന്തകൾ സൎവ്വം എന്നെന്നേക്കുമേ.

൧൩. പിതൃപുത്രാത്മനാം ത്രിയേകന്റെ
ആശിസ്സുകൾ
ഉണ്ടായിടട്ടിന്നീ എല്ലാ ജനം–
മേൽ എന്നുമെ
സൎവ്വശക്തനാം ദൈവം നിങ്ങളെ
പാലിക്കട്ടെ സ്വർ സമാധാനത്തിൽ

# CANTICLES

## VENITE, EXULTEMUS DOMINO

സങ്കീ. ൯൫.

വരുവിൻ, നാം യഹോവെക്കുല്ലസിച്ചു |ഘോഷി|ക്ക: ന
മ്മുടെ രക്ഷയുടെ പാറെ | ക്കാൎപ്പി|ട്ടു | ക.

നാം സ്തോത്രത്തോടെ അവന്റെ സന്നിധിയിൽ | ചെ
ല്ലു | ക: സങ്കീൎത്തനങ്ങളോടെ | അവന്നു | ഘോഷി | ക്ക.

യഹോവ മഹാ | ദൈവമ | ല്ലോ: അവൻ സകല ദേവ
ന്മാൎക്കും മീതെ മഹാ | രാജാ | വു ത | ന്നേ.

ഭൂമിയുടെ അധോഭാഗങ്ങൾ അവന്റെ കയ്യിൽ | ആക |
ന്നു: പൎവ്വതങ്ങളുടെ ശിഖരങ്ങളും | അവ | ന്നുള്ള | വ.

സമുദ്രം അവന്നുള്ള | തു; അവൻ അതിനെ | ഉണ്ടാ | ക്കി:
കരയെയും അവന്റെ കൈകൾ |മനഞ്ഞി|രിക്കു | ന്നു.

വരുവിൻ, നാം വണങ്ങി | നമസ്കരി | ക്ക: നമ്മെ നി
ൎമ്മിച്ച യഹോവയുടെ മുമ്പിൽ | മുട്ടു കുത്തു | ക.

അവൻ നമ്മുടെ ദൈവം | ആകു | ന്നു: നാമോ, അവൻ
മേയിക്കുന്ന ജനവും, അവന്റെ കൈക്കലെ | ആടുക | ളും
ത | ന്നേ.

ഇന്നു നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നുവെങ്കി
ൽ, മെരീബയിലെ | പ്പോലെ | യും: മരുഭൂമിയിൽ മസ്സാനാളി
ലെപ്പോലെയും, നിങ്ങളുടെ | ഹൃദയത്തെ | കഠിന | മാക്കരു | തു.

അവിടെവെച്ചു നിങ്ങളുടെ പിതാക്കന്മാർ എന്നെ | പരി
ക്ഷി | ച്ചു: എന്റെ പ്രവൃത്തി അവർ കണ്ടിട്ടും എന്നെ | ശോ
ധ | ന ചെ | യ്തു.

നാല്പതാണ്ടു എനിക്കു ആ തലമുറയോടു നീരസം ഉണ്ടാ|
യിരു ന്നു: അവർ തെറ്റിപ്പോകുന്ന ഹൃദയമുള്ളോരു ജനം എ
ന്നും, എന്റെ വഴികളെ അറിഞ്ഞിട്ടില്ലാത്തവർ | എന്നും | ഞാ
ൻ പറ | ഞ്ഞു.

ആകയാൽ അവർ എന്റെ സ്വസ്ഥതയിൽ പ്രവേശി
ക്ക | യില്ല | ന്നു : ഞാൻ എന്റെ ക്രോധത്തിൽ | സത്യം
ചെ- | യ്തു.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാ | ത്മാവി | ന്നും : മ |
ഹത്വമു | ണ്ടാക | ട്ടെ ;

ആദിയിങ്കലും, ഇപ്പോഴും, | എന്നേ | ക്കും : ഉള്ള പ്രകാരം |
തന്നേ. | ആ- | മെൻ.

## TE DEUM LAUDAMUS

ദൈവമേ, നിന്നെ ഞങ്ങൾ | സ്തുതിക്കു | ന്നു : കൎത്താവു നീ
ആകുന്നു എന്നു ഞങ്ങൾ അനു | സരിച്ചു | കൊള്ളു | ന്നു.

നിത്യ | പിതാവാ | യ : നിന്നെ ഭൂമി എല്ലാം | വ- | ന്ദിക്കു | ന്നു.

സകല ദൈവദൂതന്മാരും, പരമണ്ഡലങ്ങളും, അവയിലു
ള്ള സകല അധികാ | രങ്ങ | ളും : നിന്നെ | നോക്കി ആൎക്കു | ന്നു.

സൈന്യങ്ങളുടെ ദൈവമായ | കൎത്താ | വു : പരിശുദ്ധൻ-
പരിശുദ്ധൻ, | പരി | ശു- | ദ്ധൻ ;

ആകാശവും | ഭൂമി | യും : നിന്റെ പ്രഭാവ മഹത്വംകൊണ്ടു
നിറ | ഞ്ഞിരി | ക്കു | ന്നു എ | ന്നു,

കെരുബ്ബുകളും സാറാ | പ്പു | കളും : നിന്നെ നോക്കി ഇട
വി | ടാതെ | ആൎക്കു | ന്നു.

അപ്പൊസ്തല | ന്മാരു | ടെ പ്രഭാവസമൂഹം | നിന്നെ | സ്തുതി
ക്കു | ന്നു.

പ്രവാചക | ന്മാരുടെ : ഉത്തമസംഘം | നിന്നെ | സ്തുതി
ക്കു | ന്നു.

രക്തസ്സാക്ഷി | ക്കാരു | ടെ : ശ്രേഷ്ഠ സൈന്യം | നിന്നെ
സ്തുതിക്കു | ന്നു.

അളവില്ലാത്ത മഹ | ത്വമു | ള്ള : പിതാ | വായ നിന്നെ | യും
നിന്റെ വന്ദി | തനായ : സത്യൈ | ക പു | ത്രനെ | യും,
ആശ്വാസ | പ്രദനാ | യ : പരിശുദ്ധാത്മാ- | വിനെ | യും

ലോകത്തിൽ എല്ലാടവുമുള്ള : വിശുദ്ധസഭ അനുസരിച്ചുകൊള്ളുന്നു.

മിശിഹായേ: നീ മഹത്വത്തിന്റെ രാജാവാകുന്നു.

നീ പിതാവിന്റെ: നിത്യപുത്രനാകുന്നു.

മനുഷ്യരെ രക്ഷിപ്പാൻ നീ ഭരമേറ്റപ്പോൾ: കന്യകയുടെ ഗൎഭത്തെ വെറുത്തില്ല.

നീ മരണത്തിന്റെ മൂൎച്ചയെ ജയിച്ചപ്പോൾ: എല്ലാ വിശ്വാസികൾക്കും സ്വൎഗ്ഗരാജ്യത്തെ തുറന്നു.

നീ ദൈവത്തിന്റെ വലത്തുഭാഗത്തു: പിതാവിന്റെ പ്രഭാവത്തോടെ ഇരിക്കുന്നു.

ഞങ്ങളുടെ വിധികൎത്താവായി: നീ വരുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ആകയാൽ നിന്റെ വിലയേറിയ രക്തംകൊണ്ടു നീ വീണ്ടെടുത്തവരായ നിന്റെ അടിയാൎക്കു: സഹായിക്കേണം എന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

അവരെ എന്നേക്കുമുള്ള മഹത്വത്തിൽ: നിന്റെ വിശുദ്ധന്മാരോടും കൂടെ എണ്ണിക്കൊള്ളേണമേ.

കൎത്താവേ, നിന്റെ ജനങ്ങളെ രക്ഷിച്ചു: നിന്റെ അവകാശത്തെ അനുഗ്രഹിക്കേണമേ.

അവരെ ഭരിച്ചു: എന്നേക്കും അവരെ ഉയൎത്തേണമേ.

ദിനംപ്രതി ഞങ്ങൾ: നിന്നെ മഹത്വപ്പെടുത്തുന്നു.

നിന്റെ നാമത്തെ കാലാവസാനം കൂടാതെ: എന്നും ഞങ്ങൾ വന്ദിക്കയും ചെയ്യുന്നു.

കൎത്താവേ, ഇന്നു ഞങ്ങളെ: പാപംകൂടാതെ കാത്തരുളേണമേ.

കൎത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ: ഞങ്ങളോടു കരുണയുണ്ടാകേണമേ.

കൎത്താവേ, ഞങ്ങൾ നിങ്കൽ ആശ്രയിക്കുന്ന|പ്രകാ|രം: നിന്റെ കരുണ ഞങ്ങളുടെമേൽ |ഉണ്ടാ|യിരി|ക്കേണ|മേ

കൎത്താവേ, ഞാൻ നിങ്കൽ ആശ്രയിച്ചിരിക്കുന്നു: ഞാൻ ഒരിക്കലും|ലജ്ജി|പ്പെടരു|തേ.

## BENEDICITE, OMNIA OPERA

കൎത്താവിന്റെ സകല സൃഷ്ടികളുമേ, കൎത്താവിനെ |വാഴ്ത്തു|വിൻ: അവനെ എന്നും പുകഴ്ത്തി, |മഹത്വ|പ്പെടുത്തു|വിൻ.

കൎത്താവിന്റെ ദൂതന്മാരേ, കൎത്താവിനെ | വാഴ്ത്തു|വിൻ: അവനെ എന്നും പുകഴ്ത്തി, |മഹത്വ|പ്പെടുത്തു|വിൻ.

ആകാശങ്ങളേ, കൎത്താവിനെ| വാഴ്ത്തു| വിൻ: അവനെ എന്നും പുകഴ്ത്തി, |മഹത്വ| പ്പെടുത്തു|വിൻ.

ആകാശവിതാനത്തിന്നു മീതെയുള്ള വെള്ളങ്ങളേ, കൎത്താവിനെ | വാഴ്ത്തു|വിൻ: അവനെ എന്നും പുകഴ്ത്തി, |മഹത്വ|പ്പെടുത്തു |വിൻ.

കൎത്താവിന്റെ സകല ശക്തികളുമേ, കൎത്താവിനെ| വാഴ്ത്തു | വിൻ: അവനെ എന്നും പുകഴ്ത്തി, | മഹത്വ |പ്പെടുത്തു വിൻ.

സൂൎയ്യചന്ദ്രന്മാരേ, കൎത്താവിനെ |വാഴ്ത്തു| വിൻ: അവനെ എന്നും പുകഴ്ത്തി, | മഹത്വ | പ്പെടുത്തു | വിൻ.

ആകാശത്തിലെ നക്ഷത്രങ്ങളേ, കൎത്താവിനെ|വാഴ്ത്തു| വിൻ: അവനെ എന്നും പുകഴ്ത്തി,| മഹത്വ|പ്പെടുത്തു |വിൻ.

മഴയും മഞ്ഞുമേ, കൎത്താവിനെ| വാഴ്ത്തു|വിൻ: അവനെ എന്നും പുകഴ്ത്തി, | മഹത്വ|പ്പെടുത്തു|വിൻ.

ദൈവത്തിന്റെ കാറ്റുകളേ, കൎത്താവിനെ| വാഴ്ത്തു| വിൻ: അവനെ എന്നും പുകഴ്ത്തി, |മഹത്വ|പ്പെടുത്തു|വിൻ.

അഗ്നിയും ഉഷ്ണവുമേ, കൎത്താവിനെ|വാഴ്ത്തു|വിൻ: അവനെ എന്നും പുകഴ്ത്തി, |മഹത്വ|പ്പെടുത്തു|വിൻ.

ശീതകാലവും ഉഷ്ണകാലവുമേ, കൎത്താവിനെ|വാഴ്ത്തു|വിൻ: അവനെ എന്നും പുകഴ്ത്തി, |മഹത്വ|പ്പെടുത്തു|വിൻ.

മഞ്ഞും ഉറച്ച മഞ്ഞുമേ, കൎത്താവിനെ|വാഴ്ത്തു വിൻ: അവനെ എന്നും പുകഴ്ത്തി, |മഹത്വ|പ്പെടുത്തു|വിൻ.

ഉറച്ച മഞ്ഞും ശീതവുമേ, കൎത്താവിനെ|വാഴ്ത്തു വിൻ: അവനെ എന്നും പുകഴ്ത്തി,| മഹത്വ|പ്പെടുത്തു|വിൻ,

ഉറച്ച വെള്ളവും ഹിമവുമേ, കൎത്താവിനെ |വാഴ്ത്തു|വിൻ: അവനെ എന്നും പുകഴ്ത്തി|മഹത്വ|പ്പെടുത്തു|വിൻ.

രാപ്പകലുകളേ, കൎത്താവിനെ|വാഴ്ത്തു|വിൻ: അവനെ എന്നും പുകഴ്ത്തി,|മഹത്വ |പ്പെടുത്തു|വിൻ.

ഇരുൾ വെളിവുകളേ, കൎത്താവിനെ|വാഴ്ത്തു|വിൻ: അവനെ എന്നും പുകഴ്ത്തി,| മഹത്വ|പ്പെടുത്തു|വിൻ.

മിന്നൽകളും മേഘങ്ങളുമേ, കൎത്താവിനെ|വാഴ്ത്തു|വിൻ: അവനെ എന്നും പുകഴ്ത്തി,| മഹത്വ|പ്പെടുത്തു|വിൻ.

ഭൂമി കൎത്താവിനെ|വാഴ്ത്ത|ട്ടെ: അത്രയുമല്ല, അവനെ എന്നും പുകഴ്ത്തി,|മഹത്വ|പ്പെടുത്ത|ട്ടെ.

പൎവ്വതങ്ങളും കുന്നുകളുമേ, കൎത്താവിനെ| വാഴ്ത്തു|വിൻ: അവനെ എന്നും പുകഴ്ത്തി| മഹത്വ|പ്പെടുത്തു|വിൻ.

ഭൂമിയിലെ സകല സസ്യവൎഗ്ഗങ്ങളുമേ, കൎത്താവിനെ| വാഴ്ത്തു|വിൻ: അവനെ എന്നും പുകഴ്ത്തി,| മഹത്വ|പ്പെടുത്തു വിൻ.

കിണറുകളേ, കൎത്താവിനെ വാഴ്ത്തു|വിൻ: അവനെ എന്നും പുകഴ്ത്തി,| മഹത്വ|പ്പെടുത്തു|വിൻ.

സമുദ്രങ്ങളും നദികളുമേ, കൎത്താവിനെ| വാഴ്ത്തു |വിൻ: അവനെ എന്നും പുകഴ്ത്തി, |മഹത്വ|പ്പെടുത്തു|വിൻ.

വെള്ളത്തിൽ ചരിക്കുന്ന തിമിംഗലാദിജന്തുക്കൾ സകലവുമേ, കൎത്താവിനെ| വാഴ്ത്തു|വിൻ: അവനെ എന്നും പുകഴ്ത്തി,| മഹത്വ|പ്പെടുത്തു|വിൻ.

ആകാശത്തിലെ സകല പറവകളുമേ, കൎത്താവിനെ| വാഴ്ത്തു|വിൻ: അവനെ എന്നും പുകഴ്ത്തി| മഹത്വ|പ്പെടുത്തു| വിൻ.

സകല മൃഗങ്ങളും കന്നുകാലികളുമേ, കൎത്താവിനെ| വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി,| മഹത്വ|പ്പെടുത്തു വിൻ.

മാനുഷമക്കളേ, കൎത്താവിനെ|വാഴ്ത്തു|വിൻ: അവനെ എന്നും പുകഴ്ത്തി,| മഹത്വ|പ്പെടുത്തു|വിൻ.

യിസ്രായേൽ കൎത്താവിനെ|വാഴ്ത്ത|ട്ടെ: അവനെ എന്നും പുകഴ്ത്തി,| മഹത്വ|പ്പെടുത്ത|ട്ടെ.

കൎത്താവിന്റെ പുരോഹിതന്മാരേ, കൎത്താവിനെ|വാഴ്ത്തുവിൻ: അവനെ എന്നും പുകഴ്ത്തി,| മഹത്വ|പ്പെടുത്തു|വിൻ.

കൎത്താവിന്റെ ദാസന്മാരേ, കൎത്താവിനെ|വാഴ്ത്തു|വിൻ: അവനെ എന്നും പുകഴ്ത്തി, മഹത്വ|പ്പെടുത്തു|വിൻ.

നീതിമാന്മാരുടെ ആത്മാക്കളും ദേഹികളുമേ, കൎത്താവിനെ| വാഴ്ത്തു|വിൻ: അവനെ എന്നും പുകഴ്ത്തി,| മഹത്വ|പ്പെടുത്തു വിൻ.

ഹൃദയശുദ്ധിയും വിനയവുമുള്ള മനുഷ്യരേ, കൎത്താവിനെ| വാഴ്ത്തു|വിൻ: അവനെ എന്നും പുകഴ്ത്തി,| മഹത്വ|പ്പെടുത്തു|വിൻ.

ഹനന്യാവും അസൎയ്യാവും മീശായേലുമേ, കൎത്താവിനെ വാഴ്ത്തു|വിൻ: അവനെ എന്നും പുകഴ്ത്തി,| മഹത്വ|പ്പെടുത്തു| വിൻ.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാ|ത്മാവി|ന്നും: മ|ഹത്വമു|ണ്ടാക|ട്ടെ;

ആദിയിങ്കലും, ഇപ്പോഴും,| എന്നേ|ക്കും: ഉള്ളപ്രകാരം| തന്നേ. |ആ-|മെൻ.

## BENEDICTUS

### വിശു. ലൂക്കൊ. ൧. ൬൮

ഇസ്രായേലിന്റെ ദൈവമായ കൎത്താവു അനുഗ്രഹിക്കപ്പെട്ടുവൻ: അവൻ തന്റെ ജനത്തെ സന്ദൎശിച്ചുദ്ധാരണം ചെയ്കയും

ആദിമുതൽ തന്റെ വിശുദ്ധപ്രവാചകന്മാർ മുഖാന്തരം: അരുളിച്ചെയ്തതുപോലെ

നമ്മുടെ ശത്രുക്കളുടെ വശത്തുനിന്നും: നമ്മെ പകെക്കുന്ന ഏവരുടെയും കയ്യിൽനിന്നും നമ്മെ രക്ഷിപ്പാൻ

തന്റെ ദാസനായ ദാവീദിന്റെ ഗൃഹത്തിൽ: നമുക്കു രക്ഷയുടെ കൊമ്പു ഉയൎത്തുകയും ചെയ്തിരിക്കുന്നതു,

നമ്മുടെ പിതാക്കന്മാരോടു: കരുണ പ്രവൃത്തിക്കേണ്ടതിന്നും

നമ്മുടെ ശത്രുക്കളുടെ കയ്യിൽനിന്നു: രക്ഷിക്കപ്പെട്ടു

നാം ആയുഷ്കാലം ഒക്കെയും ഭയം കൂടാതെ തിരുമുമ്പിൽ: വിശുദ്ധിയിലും, നീതിയിലും, തന്നെ ആരാധിപ്പാൻ നമുക്കു കൃപ നല്കുമെന്നു

അവൻ നമ്മുടെ പിതാവായ അബ്രാഹാമിനോടു ചെയ്ത സത്യവും: തന്റെ വിശുദ്ധനിയമവും ഓൎത്തുകൊണ്ടും ആകുന്നു.

നീയോ പൈതലേ, അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെട്ടും: കൎത്താവിന്റെ വഴി ഒരുക്കുവാനും

നമ്മുടെ ദൈവത്തിന്റെ ആൎദ്രകരുണയാൽ അവന്റെ ജനത്തിന്നു പാപമോചനത്തിൽ: രക്ഷാപരിജ്ഞാനം കൊടുപ്പാനുമായി നീ അവന്നു മുമ്പായി നടക്കും.

ഇരുളിലും മരണനിഴലിലും ഇരിക്കുന്നവൎക്കു പ്രകാശിച്ചു: നമ്മുടെ കാലുകളെ സമാധാനമാൎഗ്ഗത്തിൽ നടത്തേണ്ടതിന്നു

ആ ആൎദ്രകരുണയാൽ ഉയരത്തിൽനി|ന്നു : ഉദയം ന
മ്മെ | സന്ദൎശിച്ചിരിക്കുന്നു.

പിതാവിന്നും, പുത്രന്നും പരിശുദ്ധാ|ത്മാവി|ന്നും : മ|ഹ
ത്വമു|ണ്ടാക|ട്ടെ ;

ആദിയിങ്കലും, ഇപ്പോഴും,|എന്നേ|ക്കും : ഉള്ളപ്രകാരം|
തന്നേ. |ആ-|മെൻ.

## JUBILATE DEO

സങ്കീ. ൧൦൦.

സകല ഭൂവാസികളുമായുള്ളോരേ, യഹോവെക്കു | ആ
ൎപ്പിട്ടു|വിൻ: സന്തോഷത്തോടെ യഹോവയെ സേവിപ്പി
ൻ; സംഗീതത്തോടെ അവന്റെ | സന്നി|ധി|യിൽ വരു
വിൻ.

യഹോവ തന്നേ ദൈവം എന്നറിവിൻ; അവൻ ന
മ്മെ| ഉണ്ടാ|ക്കി: നാം അവന്നുള്ളവർ ആകുന്നു ; അവന്റെ
ജനവും* അവൻ മേയിക്കുന്ന| ആടുക|ളും തന്നേ.

അവന്റെ വാതിലുകളിൽ സ്തോത്രത്തോടും, അവന്റെ
പ്രാകാരങ്ങളിൽ സ്തുതിയോടും കൂടെ | വരു|വിൻ: അവന്നു
സ്തോത്രം ചെയ്തു, അവന്റെ | നാമത്തെ | വാഴ്ത്തു|വിൻ.

യഹോവ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കും| ഉ
ള്ള|തു: അവന്റെ വിശ്വസ്തത തലമുറതലമുറ|യായും |ഇരി
ക്കു|ന്നു.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാ|ത്മാവി|ന്നും: മ|ഹ
ത്വമു|ണ്ടാക|ട്ടെ ;

ആദിയിങ്കലും, ഇപ്പോഴും | എന്നേ|ക്കും: ഉള്ളപ്രകാരം
തന്നേ. | ആ-|മെൻ.

## MAGNIFICAT

വിശു. ലൂക്കൊ. ൧. ൪൬.

എന്റെ ഉള്ളം കൎത്താവിനെ മഹിമപ്പെടുത്തുന്നു: എന്റെ ആത്മാവു എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു.

അവൻ തന്റെ ദാസിയുടെ താഴ്ച കടാക്ഷിച്ചിരിക്കുന്നുവല്ലോ: ഇന്നുമുതൽ എല്ലാ തലമുറകളും* എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും.

ശക്തനായവൻ എനിക്കു വലിയവ ചെയ്തിരിക്കുന്നു: അവന്റെ നാമം പരിശുദ്ധം തന്നേ.

അവനെ ഭയപ്പെടുന്നവൎക്കു അവന്റെ കരുണ: തലമുറതലമുറയോളം ഇരിക്കുന്നു.

തന്റെ ഭുജംകൊണ്ടു അവൻ ബലം പ്രവൎത്തിച്ചു: ഹൃദയ വിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചിരിക്കുന്നു.

പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽനിന്നു ഇറക്കി: താണവരെ ഉയൎത്തിയിരിക്കുന്നു.

വിശന്നിരിക്കുന്നവരെ നന്മകളാൽ നിറെച്ചു: സമ്പന്നന്മാരെ വെറുതെ അയച്ചുകളഞ്ഞിരിക്കുന്നു.

നമ്മുടെ പിതാക്കന്മാരോടു അരുളിച്ചെയ്തുപോലെ: അബ്രാഹാമിന്നും, അവന്റെ സന്തതിക്കും, എന്നേക്കും കരുണ ഓൎക്കേണ്ടതിന്നു,

തന്റെ ദാസൻ ആയ: യിസ്രായേലിനെ തുണെച്ചിരിക്കുന്നു.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവിന്നും: മഹത്വമുണ്ടാകട്ടെ;

ആദിയിങ്കലും, ഇപ്പോഴും, എന്നേക്കും: ഉള്ളപ്രകാരം തന്നേ. ആമെൻ.

## CANTATE DOMINO

### സങ്കീ. ൯൮.

യഹോവെക്കു ഒരു പുതിയ പാട്ടു പാടുവിൻ; അവൻ അത്ഭുതങ്ങളെ പ്രവൎത്തി|ച്ചിരിക്കു|ന്നു: അവന്റെ വലങ്കയ്യും, അവന്റെ വിശുദ്ധ ഭുജവും അവന്നു ജയം| നേടിയി|രിക്കു|ന്നു.

യഹോവ തന്റെ രക്ഷയെ| അറിയി|ച്ചും: ജാതികൾ കാണ്കെ തന്റെ നീതിയെ വെളി|പ്പെടുത്തിയും| ഇരിക്കു|ന്നു.

അവൻ യിസ്രായേൽ ഗൃഹത്തിന്നു* തന്റെ ദയയും വിശ്വസ്തതയും ഓൎത്തി|രിക്കു|ന്നു: ഭൂമിയുടെ അറുതികളൊക്കെയും *നമ്മുടെ ദൈവത്തിന്റെ രക്ഷ| കണ്ടി|രിക്കു|ന്നു.

സകല ഭൂവാസികളുമായുള്ളോരേ, യഹോവെക്കു| ആൎപ്പിടു|വിൻ: പൊട്ടി ഘോഷിച്ചു| കീൎത്ത|നം ചെയ്വിൻ.

കിന്നരത്തോടെ യഹോവെക്കു കീ|ൎത്തനം ചെയ്വിൻ: കിന്നരത്തോടും സംഗീതസ്വരത്തോടും|കൂ-|ടെ ത|ന്നേ.

കാഹളങ്ങളോടും തൂൎയ്യനാദത്തോടും |കൂ-|ടെ: രാജാവായ യഹോവയുടെ സന്നി|ധിയിൽ| ഘോഷി|പ്പിൻ!

സമുദ്രവും അതിന്റെ| നിറെ|വും: ഭൂതലവും അതിൽ വസിക്കുന്ന|വരും| മുഴങ്ങ|ട്ടെ.

പ്രവാഹങ്ങൾ കൈ|കൊട്ട|ട്ടെ: പൎവ്വതങ്ങൾ ഒരുപോലെ യഹോവയുടെ മുമ്പാകെ ഉല്ലസിച്ചു| ഘോ-|ഷിക്ക|ട്ടെ.

അവൻ ഭൂമിയെ വിധിപ്പാൻ| വരു|ന്നു: ഭൂലോകത്തെ നീതിയോടും, ജാതികളെ നേരോടും| കൂടെ| വിധി|ക്കും.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാ|ത്മാവി|ന്നും: മ|ഹത്വമു|ണ്ടാക|ട്ടെ;

ആദിയിങ്കലും, ഇപ്പോഴും, |എന്നേ|ക്കും: ഉള്ളപ്രകാരം തന്നേ.| ആ-|മെൻ.

## NUNC DIMITTIS

വിശു. ലൂക്കൊ. ൨. ൨൯.

ഇപ്പോൾ നാഥാ, തിരുവചനം | പോ-|ലെ : നീ അടിയനെ സമാധാനത്തോടെ വിട്ടയക്കു|ന്നു.

ജാതികൾക്കു വെളിപ്പെട്ടുവാനുള്ള | പ്രകാശ|വും : നിന്റെ ജനമായ യിസ്രായേലിന്റെ | മഹ|ത്വവു|മായി,

നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ | രക്ഷ യെ : എന്റെ | കണ്ണു | കണ്ടുവ|ല്ലോ.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാ|ത്മാവി|ന്നും : മ|ഹത്വമു|ണ്ടാക|ട്ടെ ;

ആദിയിങ്കലും, ഇപ്പോഴും,| എന്നേ|ക്കും : ഉള്ളപ്രകാരം| തന്നേ.| ആ-|മെൻ.

## DEUS MISEREATUR

സങ്കീ. ൬൭.

ദൈവം നമ്മോടു കൃപചെയ്തു, നമ്മെ അനുഗ്രഹിക്കുമാ|റാക|ട്ടെ ; അവൻ തന്റെ മുഖത്തെ നമ്മുടെമേൽ പ്രകാശിപ്പി|ക്കുമാ|റാകട്ടെ.

നിന്റെ വഴി | ഭൂമ യി|ലും : നിന്റെ രക്ഷ സകല ജാതികളുടെ ഇടയിലും | അറിയേ|ണ്ടതിന്നു ത|ന്നേ.

ദൈവമേ, ജാതികൾ നിന്നെ| സ്തുതി| ക്കും : സകല ജാതികളും| നിന്നെ| സ്തുതി|ക്കും.

ജാതികൾ സന്തോഷിച്ചു ഘോഷിച്ചുല്ലസി|ക്കും : നീ വംശങ്ങളെ നേരോടെ വിധിച്ചു, ഭൂമിയിലെ ജാതികളെ| ഭരി|ക്കു|ന്നുവ|ല്ലോ.

ദൈവമേ, ജാതികൾ നിന്നെ| സ്തുതി|ക്കും : സകല ജാതികളും | നിന്നെ| സ്തുതി|ക്കും.

ഭൂമി അതിന്റെ അനുഭവം തന്നി|രിക്കു|ന്നു: ദൈവം, നമ്മുടെ ദൈവം തന്നേ, |നമ്മെ |അനുഗ്രഹിക്കും.

ദൈവം നമ്മെ അനു|ഗ്രഹി|ക്കും: ഭൂമിയുടെ അറുതികൾ ഒക്കെയും അവനെ| ഭ-|യപ്പെ|ടും.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാ|ത്മാവി|ന്നും: മ|ഹത്വമു|ണ്ടാക|ട്ടെ;

ആദിയിങ്കലും, ഇപ്പോഴും, |എന്നേ|ക്കും: ഉള്ളപ്രകാരം| തന്നേ. |ആ-|മെൻ.

പെസഹാഞ്ഞായറാഴ്ച

നമ്മുടെ പെസഹക്കുഞ്ഞാടും അറുക്കപ്പെ|ട്ടിരിക്കു|ന്നു: ക്രി-|സ്തു ത-|ന്നേ.

ആകയാൽ നാം പഴയ പുളിമാവുകൊണ്ടല്ല, തിന്മയും ദുഷ്ടതയും ആയ പുളിമാവുകൊ|ണ്ടുമ|ല്ല: സ്വച്ഛതയും സത്യവുമായ പുളിപ്പില്ലായ്മകൊണ്ടു തന്നേ |ഉത്സവം| ആചരി|ക്ക.

ക്രിസ്തു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കയാൽ, ഇനി മരിക്ക|യി-|ല്ല: മരണത്തിന്നു അവന്റെ മേൽ ഇനി |കർത്തൃ|ത്വം ഇ|ല്ല.

അവൻ മരിച്ചതു പാപസംബന്ധമായി ഒരിക്കലായിട്ടു| മരി|ച്ചു: അവൻ ജീവിക്കുന്നതോ, ദൈവത്തിന്നു| ജീ-|വിക്കു|ന്നു.

അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും, ക്രിസ്തുയേശുവിൽ ദൈവത്തിന്നു ജീവിക്കുന്ന|വർ എ|ന്നും: നിങ്ങളെ| തന്നേ| എണ്ണു|വിൻ.

ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫല|മായി: മരിച്ചവരുടെ ഇടയിൽനിന്നു| ഉയി|ർത്തിരിക്കു|ന്നു.

മനുഷ്യൻ മൂലം മരണം ഉണ്ടാക|യാൽ: മരിച്ചവരുടെ പുനരുത്ഥാനവും |മനുഷ്യൻ| മൂലമു|ണ്ടായി.

ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ: ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും.

പിതാവിന്നും, പുത്രന്നും, പരിശുദ്ധാത്മാവിന്നും: മഹത്വമുണ്ടാകട്ടെ;

ആദിയിങ്കലും, ഇപ്പോഴും, എന്നേക്കും: ഉള്ളപ്രകാരം തന്നെ. ആ-മെൻ.

---

## വിശുദ്ധ സംസൎഗ്ഗശുശ്രൂഷയിൽ

പത്തു കല്പനകൾ വായിക്കുമ്പോൾ ജനങ്ങൾ പാടേണ്ടതു്:

കൎത്താവേ, ഞങ്ങളോടു കരുണയുണ്ടായി: ഈ കല്പനയെ കാപ്പാൻ* ഞങ്ങളുടെ ഹൃദയങ്ങളെ വണക്കേണമേ.

ഒടുവിലത്തേതു്

കൎത്താവേ, ഞങ്ങളോടു കരുണയുണ്ടായി: നിന്റെ ഈ കല്പനകളെ ഒക്കെയും* ഞങ്ങളുടെ ഹൃദയങ്ങളിൽ എഴുതേണമെന്നു* ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

The Palatine Mart,
KOTTAYAM.

# CHRISTIAN LYRICS

TWENTY-FIRST EDITION, 5,000 COPIES.

# ക്രിസ്തീയ ഗീതങ്ങൾ

ഇരുപത്തൊന്നാം പതിപ്പ് ൫,൦൦൦ പ്രതികൾ.

'സങ്കീൎത്തനങ്ങളാലും സ്തുതികളാലും ആത്മികഗീതങ്ങളാലും തമ്മിൽ
സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കൎത്താവിന്നു പാടിയും
കീൎത്തനം ചെയ്തും.........സ്തോത്രം ചെയ്തുംകൊൾവിൻ.'

MALAYALAM RELIGIOUS TRACT SOCIETY
KOTTAYAM
1939.

## Preface to the Twelth Edition

THIS is the twelfth edition of 'Christian Lyrics.' When the tenth edition of 5,000 copies issued in 1909 was exhausted the M. R. T. S. Committee at its meeting on February 19, 1913 sanctioned a new edition of 5,000 copies. A Sub-Committee consisting of the Revds. T. J. Andrew, E. V. John and Mr. C. P. Thomas, B. A., L. T. was also appointed to select a number of new lyrics to be added to the new edition in the form of an appendix.

On account of some unavoidable delay in making the selection of lyrics for the appendix, the eleventh edition of 5000 copies was issued in 1913.

The Sub-Committee has now done its work and the new appendix consists of 139 lyrics. By certain re-arrangements we have been able to add the new lyrics without increasing the size of the book.

The thanks of the M. R. T. S. are tendered to the Sub-Committee for their work and to all others who have helped the Committee to collect and select the new lyrics and thus to make this new edition as far as possible equal to our growing needs.

We send forth this edition of 'Christian Lyrics' with the earnest prayer that it may help our public and family worship to be fuller and richer of the spirit of praise and of spiritual communion.

*Kottayam*
*June 1, 1917.*

T. K. BENJAMIN,
*Convener,*
*On behalf of the M. R. T. S. Committee.*

# CONTENTS


| | Lyric |
|---|---|
| Morning Hymns ... ... ... | 1, 2 ; 336—338 |
| Evening Hymns ... ... | 3— 5 ; 339—342 |
| Songs of Praise ... ... ... | 6— 37 ; 343—358 |
| Christmas Lyrics ... ... | 38 — 46 ; 359—360 |
| The Passion ... ... ... | 47— 63 ; 361—362 |
| The Resurrection and Ascension ... | 64— 73 ; 363 |
| Exhortation and Warning ... ... | 74— 87 ; 364—380 |
| Invitation to Christ ... ... | 88— 95 ; 381—391 |
| Saviour's Call ... ... ... | 96— 98 ; |
| The Holy Spirit ... ... | 99—111 ; 392—395 |
| The Word of God ... ... ... | 112—116 ; 396—402 |
| Repentance ... ... ... | 117—137 ; 403—405 |
| Christian Life :—*Consecration, Faith, Holiness, Love, Humility, Prayer, Service, Spiritual Warfare and Temptation, Longing for the Coming of Christ, Second Coming of Christ* | 138—199<br>406—430 |
| Worship and Ordinances :—*At the Beginning of Service, the Lord's Day, Holy Baptism, Ordination, the Lord's Supper, Marriage, Prayer in Affliction, Burial, Happiness of Heaven, Close of Service, Harvest Festival.* | 200—240<br>431—441 |
| Missionary Lyrics ... ... ... | 241—262 |
| Occasional Lyrics :—*Occupying a New House, New Year, Prayer for Rain, Prayer in Time of Cholera, Prayer in time of War, Laying the Foundation of a Church, Dedication of a Church, Starting on a Journey.* | 263—272 |
| Psalms ... ... ... | 273—291 ; 442—443 |
| Hymns for Children ... ... | 292—303 ; 444 |
| General Lyrics :—*Morning Watch, Christ Dwelling in the Heart, Abiding in Christ, the Presence of Christ, Truth, Obedience, Prayer for Revival, Service.* | 304—335<br>445—474 |
| Choruses ... ... ... ... | |

പൊരുളടക്കം


| | | |
|---|---|---|
| പ്രഭാതകീൎത്തനങ്ങൾ | ൧, ൨ ; | ൩൩൬—൩൩൮ |
| സന്ധ്യാകീൎത്തനങ്ങൾ | ൩—൫ ; | ൩൩൯—൩൪൨ |
| സ്തോത്രഗീതങ്ങൾ | ൬—൩൭ ; | ൩൪൩—൩൫൮ |
| ക്രിസ്ത്മസ്സ് ഗീതങ്ങൾ | ൩൮—൪൬ ; | ൩൫൯, ൩൬൦ |
| കഷ്ടാനുഭവം | ൪൭—൬൩ ; | ൩൬൧, ൩൬൨, |
| ഉയിൎത്തെഴുന്നേല്പ്, സ്വൎഗ്ഗാരോഹണം | ൬൪—൭൩ ; | ൩൬൩ |
| ഗുണദോഷം | ൭൪—൮൭ ; | ൩൬൪—൩൮൦ |
| ക്രിസ്തുവിങ്കലേക്കു ക്ഷണം | ൮൮—൯൫ ; | ൩൮൧—൩൯൧ |
| രക്ഷകന്റെ വിളി | ൯൬—൯൮ ; | |
| പരിശുദ്ധാത്മാവു | ൯൯—൧൧൧ ; | ൩൯൨—൩൯൫ |
| ദൈവവചനം | ൧൧൨—൧൧൬ ; | ൩൯൬—൪൦൨ |
| അനുതാപം | ൧൧൭—൧൩൭ ; | ൪൦൩—൪൦൫ |
| ക്രിസ്തീയ ജീവിതം: പ്രതിജ്ഞ, വിശ്വാസം, വിശുദ്ധി, സ്നേഹം, വിനയം, പ്രാൎത്ഥന, സേവ, ജ്ഞാനയുദ്ധവും പരീക്ഷയും, ക്രിസ്തുവിന്റെ വരവിന്നായി വാഞ്ഛ, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവു. | | ൧൩൮—൧൯൯<br>൪൦൬—൪൩൦ |
| ശുശ്രൂഷയും വിശുദ്ധകൎമ്മങ്ങളും: ശുശ്രൂഷാരംഭം, കൎത്തൃദിവസം, ബപ്തിസ്മ, പട്ടംകൊടുക്കൽ, വിശുദ്ധസംസൎഗ്ഗം, വിവാഹം, ദുഃഖസമയത്തേക്കുള്ള പ്രാൎത്ഥന, ശവമടക്കം, മോക്ഷാനന്ദം, ആരാധനമംഗളം, ആദ്യഫലപ്പെരുനാൾ. | | ൨൦൦—൨൪൦<br>൪൩൧—൪൪൧ |
| സുവിശേഷഗീതങ്ങൾ | | ൨൪൧—൨൬൨ |
| പ്രത്യേകസമയത്തേക്കുള്ള ഗീതങ്ങൾ: ഭവനപ്രവേശം, പുതുവൎഷം, മഴയ്ക്കായി അപേക്ഷ, വിഷൂചികയുള്ളപ്പോൾ, യുദ്ധസമയത്തു, പള്ളിക്കു കല്ലിടുക, പള്ളിപ്രതിഷ്ഠ, യാത്രാഗീതം. | | ൨൬൩—൨൭൨ |
| സങ്കീൎത്തനങ്ങൾ | ൨൭൩—൨൯൧ ; | ൪൪൨, ൪൪൩ |
| ശിശുഗാനം | ൨൯൨—൩൦൩, | ൪൪൪ |
| സാമാന്യഗീതങ്ങൾ: പ്രഭാതജാഗരണം, ക്രിസ്തുവിൻ വാസത്തിന്നായി വാഞ്ഛ, ക്രിസ്തുവിൽ വസിക്കുന്നതു, ക്രിസ്തുവിൻ സന്നിധി, സത്യം, അനുസരണം, ഉണൎവ്വിന്നായി പ്രാൎത്ഥന, സേവ. | | ൩൦൪—൩൩൫<br>൪൪൫—൪൭൪ |
| പല്ലവികൾ | | |

# INDEX OF FIRST LINES

## പല്ലവി അകാരാദി


| | ഗീതം |
|---|---|
| **അ**കത്തും പുറത്തും വേദനയോടു | നഫരു |
| അഖിലജഗത്തിന്നുടയവനേ | ൫ |
| അഖിലേശാ നന്ദനനു | ന൭ |
| അടിമവേല ഒഴിഞ്ഞു നമ്മുടെ | വ൫൭ |
| അടിയാനിൽ വാണീടുക | ഫരുന്ന |
| അണ്ടർകോനെ ഭയന്നവന്റെ | വവ്വൻ |
| അതിമഹത്തായ നിൻ കല്പനകൾ | നവ൭ |
| അതിമംഗല കാരണനേ! | രുന |
| അതിരാവിലെ തിരുസന്നിധി | നനന്ന |
| അതിശയ കാരുണ്യമഹാ | ൭ |
| അന്തികെ വരിക നീ | നംരു |
| അന്ത്യനാൾ സമീപമെ | രു൫ം |
| അത്ഭുതനേ യേശുനാഥാ! | രു൫ |
| അത്ഭുതം കേളത്ഭുതം കേൾ | രുന്ന |
| അനുഗ്രഹത്തോടെ ഇപ്പോൾ | വരും |
| അനുദിനം തിരുനാമം | ന൫വ്വ |
| അൻപുള്ള പിതാവേ! | വനം |
| അൻപുള്ളോരേശു രക്ഷകാ | വൻരു |
| അയ്യയ്യോ! മഹാ ആശ്ചര്യം | ൫ം |
| അയ്യയ്യോ! ഞാൻ പാപി | ഫൻ |
| അയ്യയ്യോയെൻ യാചനയെ | വ൭രു |
| അയ്യോ! എൻ ദൈവമേ! | രു൫വ്വ |
| അയ്യോ! ഞാനൊരു മഹാ പാപി | ഫനഫ |
| അയ്യോ! പാപീ നീ എൻ പാട്ടു | ൻവ്വ |
| അരുണോദയ സമയം | വ. |
| അരുമതാതാ! അയ്യോ | രുംന |
| **ആ**ടുകൾക്കുവേണ്ടി ജീവനെ | ന൫ന |
| ആത്മാവിൽ പ്രാർത്ഥിപ്പാൻ | രുവഫ |
| ആത്മാവേ! വന്നീടുക | ഫംവ |
| ആദിത്യചന്ദ്രാദികളെ ചമച്ചവനു | ഫവ |
| ആദിപരനാകുമേക ദൈവ | ഫ൭ |
| ആദിപിതാവിൻ അരുമ കുമാരാ | ഫനന |
| ആനന്ദപൂരമാനന്ദപൂരമേ! | വനന്ന |
| ആയുധം ധരിപ്പിൻ ഭടരേ! | ഫ൭ൻ |
| ആരിവർ ആരിവർ! നിലയങ്കി | ഫന്നം |
| ആലെല്ലൂയ്യാ ആലെല്ലൂയ്യാ പാടി | രും |
| ആലോചിക്കാഞ്ഞാൽ | രു൭വ |
| ആശിക്ഷം നല്ലെണമേ | രു൫ൻ |
| ആശ്രയമെന്തയ്യോ | ന൫൫ |
| ആശ്വാസം കൊൾക മനമേ | വന൫ |
| **ഇ**നിക്കായ് പിളർന്ന പാറ | ഫ൫ൻ |
| ഇന്നിങ്ങെഴുന്ന വായേ | വ൭വ |
| ഇന്നിയും സ്ഥലമുണ്ടേ | ന൭രു |
| ഇന്നീ മംഗലം ശോഭിക്കുവാൻ | വവ൭ |
| ഇന്നു നമുക്കേക ശിശു | നവ്വ |
| ഇന്നു പകൽ മുഴുവൻ | നനൻ |
| ഇന്നു പകലിലെന്നെ | നരും |
| ഇന്നും എന്നന്നേക്കും യേശു മതി | ഫരും |
| ഇന്നേരം പ്രിയ ദൈവമേ! | രുവവ |
| ഇന്നേരം യേശു ദേവനേ! | വന്നരു |
| ഇന്നേശുരാജനുയിർത്തെഴുന്നേററു | ന്നന്ന |
| ഇക്ഷിതി നിവാസികളെ | വ൫ന്ന |
| ഠരം ചെറുപൈതലിനെ | വഫവ |
| ഠരം പരദേവനഹോ | നഫവ്വ |
| ഠരംയാണ്ടിൽ ആശീർവാദം | ഫന്ന൫ |
| ഠരം സഭാന്തരെ വരേണം | രുനൻ |
| **ഉ**ണർന്നരുളി യേശുസ്വാമി | ന്നരു |
| ഉണർന്നെല്ലായ്പ്പോഴും പ്രാർത്ഥിക്ക | ഫന്നൻ |
| ഉന്നതാസനാ നിന്റെ ആവി | ഫംം |
| ഉള്ളടഞ്ഞു പോകുംമുമ്പെ | ന൭ |
| **എ**ക്കാലം കാണുമോ? എൻ | ഫവ്വൻ |
| എങ്ങോ? ചുമന്നു പോകുന്നു | ൫ഫ |
| എത്ര എത്ര ശ്രേഷ്ഠം! | രുനന |
| എന്തതിശയമേ! ദൈവത്തിൻ | രുഫവ്വ |
| എന്തു ചെയ്യേണ്ടു ഞാൻ! | ഫവവ്വ |
| എന്തോരൻപിതപ്പനേ! | ന്നവ |
| എൻ ആത്മാവേ ചിന്തിക്കുക | രുനം |
| എൻ കർത്താവേ! കൃപയായെന്നുടെ | വരുവ്വ |
| എൻ കാന്തനിവൻ തന്നേ | ഫനവ്വ |
| എൻ ക്രിസ്തൻ യോദ്ധാവാകുവാൻ | രുവന്ന |
| എൻ ജീവൻ ഞാൻ നിനക്കു തന്നു | ഫ൭൫ |
| എൻ പാപം മാ പാപം | ഫനവ |
| എൻ പ്രിയനേശുവിൽ ഞാൻ | നവന |
| എൻ പ്രിയ രക്ഷകനേ നിന്റെ | രുഫന്ന |
| എൻ മനമേ! എൻ മുഴു ഉള്ളമേ! | രുരുന |
| എന്മേൽ കനിഞ്ഞീടേണമേ | ഫനരു |
| എൻ യഹോവായേ! പാപി | വ൭വ്വ |
| എൻ യേശു എൻ സംഗീതം | രുഫവ |

| | ഗീതം |
|---|---|
| എൻ രക്ഷകനാമേശുവേ! | ൧൭൭ |
| എൻ്റെ ജീവനാം യേശുവേ | ൭൫൬ |
| എൻ്റെ ജീവകാലം ഞാൻ | ൭൪൧ |
| എന്നകമെ വരിക | ൪൫൪ |
| എന്നരികിൽ വന്നു | ൧൯൮ |
| എന്നു ഞാൻ കണ്ടുകൊണ്ടീടും | ൭൮൦ |
| എന്നുടെയുള്ളം പൊങ്ങീടുന്നു | ൨൬൮ |
| എന്നുള്ളിലെന്നും വസിച്ചീടുവാൻ | ൧൮൫ |
| എന്നെ മേയിച്ചിടുന്നോൻ | ൪൪൨ |
| എന്നോടുള്ള നിൻ സർവ്വ | ൧൫൩ |
| എപ്പോഴും ഞാൻ സന്തോഷിക്കും | ൪൬൭ |
| എഴുന്നരുളേണം യേശുമഹേശാ | ൭൯൯ |
| എഴുന്നരുൾക യേശുവേ! | ൨൭൯ |
| ഏകദൈവ പുത്രനാർ! | ൧൬൨ |
| ഒരിക്കൽ ഏവനും മരിക്കും | ൨൧൪ |
| ഒരു നിമിഷവും മനമേ | ൭൬൬ |
| ഓടിവാ! കൃപയാം നദിയരികിൽ | ൭൫൯ |
| ഓർക്ക നീ മനമേ! | ൧൩൨ |
| ഓഹോ! പാപമാർഗ്ഗം | ൯൨ |
| കണ്ടോ കുരിശുമരത്തിൽ | ൫൫ |
| കനിവുള്ള യേശുവേ | ൪൬൪ |
| കർത്തനേ ഒരു ദിനം നിൻ്റെ | ൨൦൮ |
| കർത്തനേ! ഒരു ദിനം നീ | ൨൭൦ |
| കർത്തനേയിപ്പകലിലെന്നെ | ൧൪൭ |
| കർത്താ നേമിച്ച രാത്രിഭക്ഷണം | ൨൨൭ |
| കർത്താവിനെ നാം സ്തുതിക്ക | ൧൪൫ |
| കർത്താവെന്നുടെ ഇടയനാം താൻ | ൨൬൩ |
| കർത്താവേ! വിശ്വസിക്കുന്നോൻ | ൭൫൨ |
| കരുണ ചെയ്ക നീ | ൪൧൬ |
| കരുണ ചെയ്യാനെന്തു താമസം | ൭൯൨ |
| കരുണാകരനാം പരനേ! | ൮ |
| കരുണാവാരിധിയാകും യേശു | ൭൬൭ |
| കരുണാവാരിധേ ക്രിസ്തോ | ൭൩൬ |
| കല്ലും അല്ലേടോ! കായം | ൬൯ |
| കഴലിണ കൈ തൊഴുന്നിതാ | ൭൯൭ |
| കാത്തുസൂക്ഷിച്ചീടുക രാപ്പകൽ | ൭ |
| കാന്താ! താമസമെന്തഹോ! | ൭൮൭ |
| കാരുണ്യനാം വിശുദ്ധാത്മ | ൨൭൬ |
| കാരുണ്യ സാഗരമേ! ദേവാ | ൭൬൦ |
| കാൽവരി മലമേൽ മഹാ കാഴ്ച | ൫൮ |
| കാലം പാഴിൽ പോക്കൊല്ലാ | ൯൫ |
| കുഞ്ഞാടാം ക്രിസ്തേശുവിൻ | ൪൩൫ |
| കുഞ്ഞാട്ടിൻ്റെ കല്യാണം വരുന്നേ | ൪൨൯ |
| കുമ്പിടുന്നേനെൻ ജീവനാഥനാം | ൭൨൮ |
| കൂരിരുട്ടിൽ കിടന്നീ | ൧൬൬ |
| കൃപ കൃപ കൃപ തന്നെ | ൪൩൯ |
| കൃപ ചെയ്യണേ യേശുദേവനേ | ൪൨൦ |
| കൃപയേറും ദൈവപിതാവേ | ൧൧൫ |
| കൃപാദിനം വേഗമിതാ | ൧൬൮ |
| കേൾക്ക കേൾ ഓർ കാഹളം | ൪൩൧ |
| കേൾപ്പിൻ ഒരു പുതു കല്പന | ൭൩൪ |
| ക്രിസ്തുമ്പിൽ വന്നാലാർത്തി | ൨൮൮ |
| ക്രിസ്തുയേശു ശിഷ്യരുടെ കാലുകളെ | ൭൩൯ |
| ഗോൽഗോഥാ മലമേൽ അതാ | ൩൬ |
| ചാവതാമെന്നിൽ ജീവൻ നല്കുകേ | ൭൦൫ |
| ചെയ്യും ഞാനെന്നുമിതു | ൨൨൫ |
| ചേരുവതിടം ഏതു? | ൧൩൮ |
| ചൊന്നാൻ ശ്രീയേശുരാജനെന്നു | ൨൪൭ |
| ജയഗീതം പാടും നാം | ൪൨൧ |
| ജയിക്കുമേ! സുവിശേഷലോകം | ൨൫൫ |
| ജയം ജയം കൊള്ളും നാം | ൪൨൪ |
| ജാതികളിൻ സഭയാം സഹോദരി! | ൨൫൭ |
| ജാതികൾക്കെല്ലാമെ പ്രാർത്ഥിക്കുന്നു | ൨൪൧ |
| ജീവജലാശയമേ കൃപാകരാ | ൭൧൫ |
| ജീവനായകനാകുമേശുവേ | ൭൧൦ |
| ജീവനായകനേ മനുവേലേ | ൩൬ |
| ജീവനായകാ! ജീവനായകാ! | ൧൨൮ |
| ജീവനേ! എൻ ജീവനേ! | ൧൫൫ |
| ഞങ്ങടെ കൈകളിൻ വേലയെ | ൪൪൭ |
| ഞങ്ങടെ പ്രധാനാചാര്യനേ | ൬[illegible] |
| ഞങ്ങളിൻ കർത്താവേ! | ൨൬൫ |
| ഞങ്ങളെ രക്ഷിക്ക നാഥനേ | ൨൩൯ |
| ഞാനിതാ വാതില്ക്കൽനിന്നു | ൧൮[illegible] |
| ഞാൻ കർത്താവിന്നായി പാടും | ൪൩[illegible] |
| തനയാ നിന്നുടെവേക്കായ് | ൮൩ |
| തരിക നൽവരമാം സ്നേഹം | ൭൩[illegible] |
| തരേണമേ പരമ ശരീരി! | ൭൯[illegible] |
| താ താ സുഖം പരമനേ! | ൨൧[illegible] |
| തിരുച്ചെവി ചായിക്കേണമേ | ൨൯൭ |
| തിരുവാക്കോടെ നിനക്കേ രക്ഷ | ൨൪൫ |
| തിരുവേദത്തിൻ പൊരുളെ | ൧൮[illegible] |
| തീരാപതി വീണാലും | ൨൧[illegible] |
| തേൻമധുരമതിലും സത്യവേദം | [illegible] |

| | ഗീതം |
|---|---|
| ത്രിലോക രാജൻ യേശു | ൪൯൬ |
| ദിവ്യമാൎഗ്ഗ ബാലകർ നാം | ൫൯൧ |
| ദുഃഖതാഴ്വരയതാകും | ൨൩൬ |
| ദേവകുഞ്ഞാടാകും | ൧൯൪ |
| ദേവദേവന്നു മംഗളം | ൩ |
| ദേവദേവന്നു മംഗളം | ൫൮൯ |
| ദേവദേവ നന്ദനൻ കുരിശെടുത്തു | ൮൫ |
| ദേവദേവനേ! നമൊസ്തു | ൫൯ |
| ദേവ ദേവ ശ്രേഷ്ഠ സേവ | ൧൬൭ |
| ദേവ നന്ദനാ വന്ദനം | ൫൭ |
| ദേവനേ! യേശുദേവനേ! മഹാ | ൪൭൧ |
| ദേവസുതൻ യേശുനാഥൻ | ൨൫൯ |
| ദേവാ! കരുണയില്ലയോ | ൪൪൬ |
| ദേവാ കടാക്ഷിക്കുക | ൫൨൩ |
| ദേവാത്മാവേ! നിനക്കെന്നും | ൪൦൩ |
| ദേശം രക്ഷിക്ക ദയയുള്ള | ൫൨൨ |
| ദേഹം മണ്ണാകും മുമ്പെ | ൭൩ |
| ദൈവഇഷ്ടം കാട്ടും | ൪൪൫ |
| ദൈവ താതാ പുത്ര നൽ | ൧൨൫ |
| ദൈവതാതാവേ! മശിഹാ | ൧൦൧ |
| ദൈവത്തിൻെറ ഏകപുത്രൻ | ൧൩൪ |
| ദൈവത്തിന്നും കുഞ്ഞാട്ടിന്നും | ൨൩൨ |
| ദൈവ ദാനമാം സത്യ | ൧൯൭ |
| ദൈവമേ! എൻ ദൈവമേ! | ൮൧ |
| ദൈവമേ! മഹാ പാപിയാം | ൪൫൨ |
| ദൈവമേയെത്രയഗാധമഹോ | ൧൦൬ |
| ദൈവവചനമേ ദിവ്യ | ൨൦൫ |
| ധരിപ്പിൻ ആയുധങ്ങൾ ധരിപ്പിൻ | ൪൬൭ |
| നമ്പവേണ്ടാ ഉലകം | ൬൯ |
| നരർ രക്ഷപെടുവാൻ | ൨൨ |
| നല്ലദേവനേ ഞങ്ങൾ | ൨൦൪ |
| നല്ലപോൽ തിരുവാക്കിൻ | ൫൭൭ |
| നസറയ്യനാകും യേശുനാഥൻ | ൯൮ |
| നാഥനേ! എൻ യേശുവേ! | ൪൧ |
| നാഥനേശുവിന്നു സ്തുതി ചൊല്ക | ൯൦ |
| നാഥാ നീ വേഗം ചൊരിക | ൫൨൫ |
| നാശമാകുന്നേ ഞങ്ങൾ യേശു | ൪൫൬ |
| നാളുകൾ പോയീടുന്നു | ൬൮ |
| നിത്യനാകുന്ന മാ ദൈവം | ൧൮൯ |
| നിത്യനാം വിധി കർത്തൻ | ൨൮൪ |
| നിത്യഭാഗ്യസ്ഥലമാകും | ൨൧൪ |
| നിത്യവന്ദനം നിനക്കു | ൭ |
| നിനക്കേള്ള വേണം | ൧൦൩ |
| നിൻ തിരുമുഖ ശോഭയെ | ൧൧൧ |
| നിൻ നാമത്തിൻ നിമിത്തമെന്നേശു | ൪൬൫ |
| നിൻ വചനം മഹാ മധുരം | ൧൯൩ |
| നിൻ വചനത്തെ ധ്യാനിപ്പാൻ | ൧൯൬ |
| നിന്തിരു വചനത്തിൽനിന്നു | ൨൦൦ |
| നിന്നാത്മാവിനുടെ വരം | ൧൫൪ |
| നിൻെറ ദാസരിൻ മദ്ധ്യത്തിൽ | ൨൧൩ |
| നിൻെറ ഹിതംപോലെയെന്നെ | ൧൫൭ |
| നിൻ സന്നിധിയിൽ ദൈവമേ | ൪൭൦ |
| നില്ക്ക! നില്ക്ക! പാപിയേ! | ൭൧ |
| നീയല്ലോ ഞങ്ങൾക്കുള്ള | ൨൮൬ |
| നീയൊഴികെ നീയൊഴികെ | ൪൨൪ |
| നീരോടയില്ലുള്ള വൻമൃഗത്തെയും | ൧൪൯ |
| നേരമാകും മുന്നെന്നിൽ | ൪൭൩ |
| പരദേവാ! സ്വൎഗ്ഗപുരദേവാ! | ൪൦ |
| പരനേ എന്നേശു നാഥാ | ൪൫൫ |
| പരനേ തിരുമുഖശോഭയിൻ | ൧൧൬ |
| പരനേ! തൃക്കടക്കണ്ണാൽ | ൪൫൮ |
| പരനേ നിന്തിരു മുമ്പിൽ | ൫൦൬ |
| പരനേ മമ ചിത്തം | ൫൫൩ |
| പരനേശുവേ കരുണാനിധേ | ൫൫൯ |
| പരമ തനയനാകുമേശുദേവ | ൨൭ |
| പരമതാതനേ നിൻെറ | ൪൪൮ |
| പരമതാതൻെറ വലമമരുന്ന | ൨൮൫ |
| പരമദയാലോ പാദം | ൧൮൨ |
| പരമദേവാ! നിൻ വിലാസം | ൫൦൧ |
| പരമ രഹസ്യമെ | ൨൪൧ |
| പരമവത്സൻ ഉണ്ടേ നമുക്കു | ൪൮൩ |
| പരമാനന്ദമനുഭവിപ്പാൻ | ൯൨ |
| പരലോകാധിപനേ! പരനേ | ൫൬൪ |
| പരിതാപപ്പെട്ടന്നെൻെറ | ൪൫൪ |
| പരിശുദ്ധ പരനേ നിരന്തരം | ൫൯൦ |
| പരിശുദ്ധ പരനേ സ്തുതി നിനക്കു | ൧൮൫ |
| പരിശുദ്ധാത്മാവേ ഇപ്പോൾ | ൧൯൨ |
| പറവാൻ വരമരുളുക | ൫൨൬ |
| പറവിൻപറവിൻപുറജാതികളോടു | ൫൭൨ |
| പാടുവിൻ പാടുവിൻ | ൫൮൨ |
| പാടുവിൻ സകല ഭൂമിയേ! | ൫൭൧ |
| പാദം വന്ദനമേ തിരുകൃപ | ൧൪൮ |
| പാപത്തിലിരിപ്പതു മോശം | ൭൦ |
| പാപക്ഷമ ലഭിപ്പാൻ | ൧൬൪ |
| പാപികളിൻ രക്ഷകൻ | ൧൬൦ |
| പാപികളിൻ ശാപം തീർപ്പാൻ | ൧൩൬ |
| പാപി ഞാൻ മഹാ പാപി | ൪൫൦ |
| പാപി ഞാൻ എന്തു ചെയ്യും | ൩൧ |

| | ഗീതം |
|---|---|
| പാപീ ഓടി വാ | നവ്യ൭ |
| പാപീ ഗോൽഗോഥാ മലമുകളിൽ | ൪വ്യ |
| പാപീ പരന്നരികിൽ | ൩ വ്യര |
| പാഹിമാം അടിയാൻ പിഴ | ൧വന |
| പിന്നാലെ വരിക കുരിശെടുത്തെൻ | ൧൭ |
| പിറുപിറുപ്പേതുമില്ലാതെ ഇതാ! | വ൯ം |
| പുത്രനിൽ വിശ്വസിക്കുന്നെല്ലാവനും | ന൦൪ |
| പെന്തെക്കോസ്തനുഗ്രഹം | ൧൭ര |
| പെന്തെക്കോസ്തിൻ വല്ലഭനേ | ൧൱ |
| പെന്തെക്കോസ്തിൻ ശക്തിയെ | ന൱ന |
| പൈതലാകും ഞാൻ | രരര |
| പൊന്നിനെക്കാൾ വില | ൧൦ര |
| പൊന്നേശു നരർ തിരുബലി | വവന |
| പ്രാൎത്ഥന കേൾക്കേണമേ | ര൧൱ |
| പ്രാൎത്ഥിപ്പാൻ പഠിപ്പിക്ക | നനവ |
| | |
| ബാലരാം അടിയങ്ങളിൽ | ന൦വ |
| | |
| മംഗലം ജയ മാനം സ്തുത്യവും | വനവ്യ |
| മത്സരിച്ചീടാതെ പാപി | നന൧ |
| മനസ്സോടെ ശാപമരത്തിൽ തൂങ്ങിയ | വവവ |
| മനുജനിവൻ ഭാഗ്യവാൻ | വ൭ന |
| മനുവേലനേ ദിനവും | ननര |
| മനുവേലാ നീയെന്തിത്ര | ൧൱വ |
| മനുവേൽ മന്നവനേ! പരനേ! | വനന |
| മനുവേൽ വരുമേ വേഗം | ൧൱വ്യ |
| മനംതിരിഞ്ഞീടുവിൻ | ര൦൪ |
| മന്നാ നീ സംസാരിക്ക | ൧൭ |
| മന്നായെ ഭുജിക്ക ജീവ അപ്പമാം | വ൧൱ |
| മരണം ജയിച്ച വീരാ | ന൯ന |
| മഹത്വപ്രഭു മരിച്ച വൻകുരിശെ | ൧ര൪ |
| മഹത്വം! മഹത്വം! മഹത്വം! | ന൦൦ |
| മഹിമാപതി മശിഹാ | ൭൧ |
| മഹിമാസനമതിൽ നിന്നേശു | വ൯൧ |
| മഹിമാസനനാമഖിലേശൻ | വവ്യം |
| മൎത്ത്യനായി ദൈവപുത്രൻ | ൧രവ്യ |
| മറന്നുപോകാതെ നീ മനമേ! | ൭൯ |
| മറുളിവസം മറിയമകൻ | ര൭ |
| മാട്ടിൻ തൊഴുത്തിൽ പിറന്നിന്നാൾ | ര൧ |
| മാനസമേ ശ്രീയേശുവേ ഭജ നീ | ന൯ |
| മാനസാന്തരപ്പെടേണം | ര൦ര |
| മാനുവേലിൻ സ്തുതിയെ പാടീടുവാൻ | ന൧൭ |
| മാ പരിശുദ്ധാത്മനേ ശക്തിയേറും | ൧൦വ്യ |
| മുന്നം പരസ്പരൻ | ന൱ |
| മുൻപെ മുൻപെ നടക്ക | വ്യ൭ |
| മുൾക്കിരീടത്താൽ മുറിവേററ | ൭ന |
| മുറിവേററ കുഞ്ഞാടേ നിൻ | ൧൯വ |
| മൂൎത്ത്യവന്നണയും നിനക്ക | ൭൭ |
| മോദമതിമോദം മോദം ഹേ! | വ൪വ |
| | |
| യഹോവാ വാഴുന്നു | ര൯൧ |
| യാഹാം ദൈവം കൎത്താ തന്നോടു | വവ്യ |
| യെറുശലേമിലെ ബാലകന്മാർ | വ൱൪ |
| യെറുശലേമെൻ ഇമ്പവീടെ | വന |
| യേശു അരികിൽ വരുവിൻ | നവ്യ |
| യേശു അല്ലാതെ വേറൊരുരക്ഷകൻ | ൧രര |
| യേശു എന്നടിസ്ഥാനം | ൧൪ |
| യേശു എന്നുള്ള നാമമേ | വര |
| യേശു എന്നുള്ളിൽ വസിക്കിൽ | രര൪ |
| യേശുക്രിസ്തൻ തന്നേ പാപിക്കു | വ൯വ |
| യേശു താൻ രക്ഷകൻ | ന൯൪ |
| യേശുദേവാ! യേശുനായകാ! | വ |
| യേശുനായകനേ! സ്വാമീ! | ര |
| യേശുനായകാ! വന്നാലും തന്നാലും | വവ |
| യേശുനാഥൻ ജയിക്കുന്നുഹാലേല്ലൂയാ | വ൪ന |
| യേശുനാഥാ നിൻ കൃപയ്ക്കായ് | ന൪൧ |
| യേശുനാഥാ വന്നീടേണം | രര |
| യേശുനാമം ജീവനാദം | ററവ |
| യേശുപരൻ വാണീടും പാരിൽഎങ്ങും | വ൪വ |
| യേശുപരാ എങ്ങും നൽ സമാധാനം | വ൯ |
| യേശുമഹേശനെ ഞാൻ | വ൧ |
| യേശുമഹോന്നതനേ | നരന |
| യേശുരക്ഷകനെന്റെ | ര൯ |
| യേശുരക്ഷിതാവിൻ ശിഷ്യൻ | നന |
| യേശുരക്ഷിതാവെനിക്കു നല്ല | ന |
| യേശുരാജന്റെഴുന്നെള്ളത്തിൽ | ൧൱ |
| യേശുരാജൻ വരുമേ സീയോനേ | ൧൱ |
| യേശുരാജാവെന്നുള്ളിൽ | ര |
| യേശു വരും വേഗത്തിൽ | വ |
| യേശു വരുന്നു അതാ ശ്രീയേശു | ൧൱ |
| യേശുവിനെ സ്തുതി നീ എൻ മനമേ | ന |
| യേശുവിന്നരികിൽ വാ പാപീ! | ൱ |
| യേശുവിൻ തിരുമുഖമേ | ര |
| യേശുവിൻ ദിവ്യഹിതം | ര൦ |
| യേശുവിൻ നാമമതെന്നുടെ | ര൧ |
| യേശുവിൻ പക്ഷത്തിൽ നില്പേൻ | ൧ന |
| യേശുവിൻ വീരന്മാരേ! | രവ |
| യേശുവിൻ സാദൃശമെന്നിൽ പതിക്ക | ൯ |
| യേശുവിൻ സ്വന്തമത്രെ ഞാൻ | ൧൪ |
| യേശുവിന്റെ ആട്ടു ഞാൻ | വ൭ |
| യേശുവെപ്പോലാവാനിനി | വ൱ |
| യേശുവെപ്പോലെ ആകുവാൻ | ര൦ |

| | ഗീതം |
|---|---|
| യേശുവേപ്പോലൊരു രക്ഷകൻ | ൻഫ |
| യേശുവേ ഠരം സഭമേൽ | വംം |
| യേശുവേ കരുണാസനാപ്പതിയേ | ഫന൭ |
| യേശുവേ ! കരുണാസനാ മഹാ | ഫവ്വ൫ |
| യേശുവേ ! കീർത്തനം | നന്നം |
| യേശുവേ ! തിരുനാമമെത്ര മധുരം | വന |
| യേശുവേ ! ദാസരാകും ഞങ്ങളെ | വഫ൫ |
| യേശുവേ ! നിന്നിൽ എൻ വിശ്വാസം | ഫ൫ന |
| യേശുവേ ! നിൻെറ രൂപമീയെൻെറ | ര൫ന്ന |
| യേശുവേ ! യേശുവേ ! ത്രിലോക | നഫ |
| യേശുസന്നിധി മമ ഭാഗ്യം | നവര |
| | |
| രക്ഷകനേ എന്നിൽ വസിക്ക | നവവ |
| രക്ഷകനേ എട്ടക്കെന്നെ | ൫ം |
| രക്ഷകനേ നിനക്കു കീർത്തനം | നഫന |
| രക്ഷകൻ രാജാവായ് വാഴും | വഫര |
| രക്ഷകാ നിൻെറ പിന്നാലെ | രംവ്വ |
| രക്ഷപ്പെടാൻ ഇതേ കാലം ! | വ്വര |
| രക്ഷിതാവിനെ കാൺക പാപീ! | നവ്വം |
| രാജൻ മുമ്പിൽനിന്നു നാം | രനവ |
| രാജ രാജ ദൈവ ജാതൻ | രവ |
| രാജ രാജേന്ദ്രാ യേശുവേ | ന൫൭ |
| രാജാവായ മനുവേലാ മനസ്സലിക | വരൻ |
| രാവിലെന്നെ രക്ഷിക്ക | ന |
| | |
| ലോകധനമാന | നന്നന്ന |
| | |
| വഞ്ചകനെഞ്ചെന്നിൽനിന്നകററി | നഫം |
| വന്ദനം മഹൽ വന്ദനം | ഫര |
| വന്ദനം യേശുപരാ! | നരര |
| വന്ദനം വന്ദനം സത്യ | വന്നന്ന |
| വന്നാവസിക്ക ദേവാത്മാവേ നീ | ഫംഫ |
| വന്നാവസിക്കുക വിശുദ്ധാത്മാവേ | വഫഫ |
| വന്നീടിൻ പാപികളേ ! | നവ്വന |
| വന്നീട്ടും പരമദേവ നന്ദനൻ | ഫൻന്ന |
| വന്നീടേണം യേശുനാഥാ | വംര |
| വന്നിടേണമേ പൊന്നേശുവേ ! | രനര |
| വന്നു കേൾപ്പിൻ സ്നേഹിതരേ | നവ്വഫ |
| വന്നേൻ കാൽവരി കുരിശതിൽ | ന്നം |
| വരസുന്ദര പരമണ്ഡല | വം൫ |
| വരണം അരികെ പ്രിയ ! | ന൭ന്ന |
| വരിക ദാസരിൻ വീടിതിൽ | വന്നന |
| വരിക നൽവരങ്ങളെ നീ | ൻൻ |
| വരിക നാഥാ! ഈ യോഗത്തിങ്കൽ | രനവ്വ |
| വരിക വരിക യേശു അരികിൽ | ൻവ |
| വരിക വക്ഷകുറവു തീർപ്പാൻ | വന്ന൭ |
| വരിക സുരാധിപ പരമ പരാ | വംവ |

| | ഗീതം |
|---|---|
| വരുന്നു നാശമയ്യോ | വ്വഫ |
| വരുമേ ഉണർന്നിരിപ്പിൻ | ഫൻ൫ |
| വരുവിൻ ചെറുപൈതങ്ങളേ | വൻവ |
| വരുവിൻ നാം യഹോവാക്കു | വവ്വവ |
| വരം അരുളീടുക പരമ ഗുരോ | നംഫ |
| വസ്തുപാദമേ ബുദ്ധി വരു | ഫഫവ്വ |
| വാനരാജനാം ത്രിയേകനേ | വ൭ം |
| വാനലോകത്തെഴുന്നെള്ളിനാൻ | ന്നൻ |
| വാ രക്ഷകാ ഈ കൂട്ടത്തിങ്കൽ | വംന്ന |
| വാ വരികേശു നിന്നെ | വ്വവ്വ |
| വാ വരികേശു മുമ്പിൽ | നവ്വന്ന |
| വാ വാ വിശുദ്ധാത്മാ ! | ഫഫം |
| വിതെച്ചീടുക നാം സ്വർഗ്ഗത്തിൻെറ | രന്നം |
| വിലയേറിയ കാലം | രര൭ |
| വിശുദ്ധാത്മാവേ ! വരിക | ഫം൭ |
| വിശുദ്ധാത്മാവേ ശുദ്ധീകരിക്കും | വഫന |
| വിശ്വാസമോടെ നിങ്ങൾ | വവം |
| വിശ്വാസം തന്നരുൾക | ഫ൫൫ |
| വിശ്വാസം യാവനുണ്ടോ | നന്നവ്വ |
| വിശ്വാസഹീനപ്പാപീ! എൻ | ൻ൭ |
| വീണാൽ സീയോൻ കുമാരീ | ൫ന്ന |
| വീണ്ടും ജനിപ്പിക്ക എന്നെ | നംൻ |
| വീണ്ടും നാം ജനിച്ചീടണം | നന്നര |
| വീശുക ദൈവാത്മാവേ | നൻവ |
| വേഗം എന്നരികിൽ വാ | ഫവ്വ൭ |
| വേദത്തിൽ ദൈവം താൻ | രഫഫ |
| വേലയ്ക്കു വേലയ്ക്കു | രന്നവ |
| വേറൊരാശ്രയമില്ല പാപിക്കു | ഫനന്ന |
| | |
| ശക്തി അത്യത്ഭുതമേ | രരന്ന |
| ശക്തിമാൻ യേശുമഹാരാജനേ | വൻ൭ |
| ശാബതനാളഹൊ | രന൫ |
| ശാബതാദിനം സ്ഥാപിച്ചരുളിയ | വംവ്വ |
| ശാലേമിൻ അധിപതി വരുന്നതിനെ | വൻവ്വ |
| ശുദ്ധ ശുദ്ധ കർത്താ ദേവാ ! | ഫഫഫ |
| ശുദ്ധ റൂഹായേ ! എഴുന്നരുൾകാ | ഫംന |
| ശുദ്ധറൂഹായേ ! വരിക | ഫംര |
| ശുദ്ധിയുള്ളോർ ധന്യരാം | ഫന്നഫ |
| ശാഭയേറും നാട്ടു | വനൻ |
| ശ്രീദേവാട്ടിൻ കുട്ടിയെ | ഫവന്ന |
| ശ്രീചിത്തിരവഞ്ചിമഹീപത 1 | രരൻ |
| ശ്രീയേശുദേവാ ! സ്തുതി ന നക്കു | ന൫ |
| ശ്രീയേശുനാഥനെന്നും ജയമംഗലം | നവ |
| ശ്രീയേശുനാമമേ തിരുനാമം | വവ |
| | |
| സകല ഭൂതലമേ സകലാധിപതിക്കു | വവ്വ൫ |

കൈക്കൊണ്ടുപജീവിപ്പതിനായിട്ടു തുണെയ്ക്കു
ചൊൽക്കൊണ്ട ദയാലോ ജയ പരിപാഹി നമസ്തേ.

൪ ഈലോകമശേഷം വശമായാലുമെനിക്ക
ആലോകമതിൽ ഓഹരിയില്ലെങ്കിലരിഷ്ടൻ
മാലാകവെ നീണ്ടുംപടി ചേലായൊരു മാൎഗ്ഗം
ആലോകനമാവാനരുളേകേണു നമസ്തേ.

൫ ഉദയം ഇതുവരെ നീ പല ദുരിതങ്ങളൊഴിച്ചു
ഹൃദയം പരിപാലിച്ചുപകാരം പലതരുളി
സദയം മമ ചിന്തിപ്പതിനകനന്ദി കലൎന്നു
സതതം സ്തുതി ചെയ്വാനരുളിന്നേശു നമസ്തേ.

൬ ഊനങ്ങളൊഴിഞ്ഞുള്ളവരാരുള്ളിഹ ലോകേ
ഊനങ്ങളൊഴിച്ചാശിഷമേകീടുക നാഥാ
വാനങ്ങളുമതിലുള്ള വിശേഷങ്ങളുമോൎത്താൽ
മാനിപ്പതിനീ മനുഷനെന്തേശു നമസ്തേ.

൭ ഋതു മാറ്റമതാറ്റം ക്രമമാൎന്നിന്റെ നിയോഗാൽ
കൃഷിവേലയുമുപയോഗമതാകും നരനതിനാൽ
കൃതദോഷമതൊഴിയും പ്രിയമാൎന്നീ കൃപ ചെയ്യാൽ
ഹൃദിമൂഢത നീക്കെന്നുടെ സകലേശ നമസ്തേ.

൮ എപ്പോഴുമൊരുൾപോരു ജഡത്തോടതു യുക്തം
അപ്പോലെ സുഹൃത്തോടു തുടൎന്നാലതബദ്ധം
എപ്പോൾ മമ ഹൃദയാൎത്തി ശമിപ്പാനിടയാവൂ
ഇപ്പോൾ കൃപയരുളീടുക സകലേശ നമസ്തേ.

൯ ഏതെങ്കിലുമാപത്തുകൾ നേരിട്ടുവരുമ്പോൾ
നീ തന്നെയതിന്നൊത്ത നിവൃത്തിക്കു ദയാബ്ധേ!
ഏതെന്റെ ബലത്തോടെതിരാമൊ നരശക്തി
നീ തന്നെ ബലം നല്കണമഖിലേശ നമസ്തേ.

൰ ഐശ്വൎയ്യവുമാനന്ദവുമാശ്വാസവുമകമേ
വിശ്വാസികൾ തമ്മിൽ ഒരുമിപ്പും ഐക്യതയും
ഉത്സാഹവുമാത്മീയ വരപ്രാപ്തിയുമെന്നും
വിശ്വൈക സഭയ്ക്കായി വരട്ടേശു നമസ്തേ.

൰൧ ഒരുനാഴിക മനസ്സിന്നൊരു സുഖമില്ലഖിലേശാ
ഒരുപോലെ വിചാരം മമ മനസ്സിൽ കയറുന്നു
പരമാപരനീയെന്റെ വിചാരങ്ങളകറ്റി
പരിപാലയ സതതം പരമേശായ നമസ്തേ.

൰൨ ഓരോ വഴി ഓരോ ജനമോരാതെ തിരിഞ്ഞാൽ
നേരായതിലേതെന്നറിവാനെത്ര പ്രയാസം
തീരാതെ വരുന്നോരു വിവാദത്തെയകറ്റി
നേരായതുദിപ്പിക്ക സമസ്തേശ നമസ്തേ.

൰൩ ഔദാൎയ്യത സുകൃതങ്ങളിൽ നരനേറിവരാനും
ഔല്ലാസ്യതരിൽ സ്നേഹമുറപ്പായി വരാനും
അവ്യാജഭയം ഭക്തി പരങ്കൽ പെരുകാനും
സൎവ്വേശ്വര! കനിവോടു തുണയ്ക്കേശു നമസ്തേ.

൭. അംകം ജഡമാത്മാവോടശങ്കം തുടരുമ്പോൾ
പങ്കങ്ങളൊഴിച്ചാത്മ പരിഷ്കാരമതരുൾക
നിങ്കൽ കൃപയളവറ്റതുകൊണ്ടെ ഒരു ഗതി മെ
ഏങ്കൽ കൃപ ചെയ്തീടുക സർവ്വേശ നമസ്തേ.

൮. അങ്കങ്ങളടക്കുന്നതിനൊക്കാ തവ കൃപയെ
ഇക്കണ്ടവയൊക്കെ തവ കണ്ണിന്നൊരുപോലെ
ദുഷ്കാലമടുക്കുമ്പൊഴുതൊക്കെയ്ക്കും മടക്കം
ഉൾക്കാമ്പതിലരുളീടു സമസ്തേശ നമസ്തേ.

# EVENING HYMNS
# സന്ധ്യാകീർത്തനങ്ങൾ

൩ പന്തുവരാളി ആദിതാളം 3

### പല്ലവി
രാവിലെന്നെ രക്ഷിക്ക-കരുണയോടീ-
രാവിലെന്നെ രക്ഷിക്ക.

### അനുപല്ലവി
രാവിലെന്നെ യേശു-ദേവാ കാത്തു ദുരാ-
ത്മാവിൻ വഴികളിൽ
ഞാൻ വീഴാതെകണ്ടീ— രാവി

### ചരണങ്ങൾ
ഇരുളാകും രാജൻ-പ്രജകളുമാ-
യാരവാരത്തോടിതാ-വരുന്നു നിദ്രാ-
ഭാരമെന്നിൽ വീഴു-ന്നേരമഗ്നിത്തൂണി-
ലേറി വന്നു ചുറ്റും-നീ പ്രകാശം തന്നീ—
രാവി

൨
സോദോമിലുള്ള ജനം-വിരഞ്ഞു വന്നു
ലോത്തിൻ വീടഴിപ്പാനാ-യുഴലുന്നവണ്ണം
ഭൂതങ്ങളൊരുമി-ച്ചാർത്തിതാ വരുന്നു
നാഥാ കനിഞ്ഞു നിൻ ദൂതരെ അയച്ചീ— രാവി

൩
രാഗാദികളാകുന്ന-ഫലസ്ത്യരെഴു-
ന്നാകെ വരുന്നിതാ-നിൻ നിയമപ്പെട്ടി-
യാകുമെന്നാത്മമിതാ-ക്രമിക്കാതെക-
ണ്ടേകയൂദകുല-ശേഖരാസൂക്ഷിച്ചീ—രാവി

൪
യേശുദേവാ രാവും-പകൽപോലെ പ്ര-
കാശിക്കുന്നു നിനക്കു-ഇരുളതും പ്ര-
കാശവുമൊരുപോ-ലെ ശരി ഇരു-
ളേശുന്നില്ല നിന്നെ ലേശവുമതാലീ—രാവി

---

൪ കാപ്പി ഏകതാളം 4

### പല്ലവി
യേശുനായകനേ! സ്വാമീ
ദാസരോടീരാവിൽ പാർത്തരുളേണമേ

### ചരണങ്ങൾ
പാപങ്ങൾ രാപ്പകൽ അടിമകൾ ചെയ്തവ
പാപികൾക്കു ക്ഷമിച്ചു കല്പിക്ക സമാധാനം

൨
ആപത്തനർത്ഥങ്ങളും അടുത്തുവരാതെ നീ
അലിവോടീ അടിയാരെ കാത്തരുളേണമേ

൩
ദീനദുഃഖങ്ങൾ ഭയങ്കരസ്വപ്നങ്ങളും മറ്റും
ചേർന്നുവരാതെ സ്വാമീ ദാസരെ കാത്തരുൾ-

൪
സ്വസ്ഥനിദ്രയരുളി സുഖബലത്തോടു വീണ്ടും
സ്തുതിച്ചു നിൻ ഹിതം ചെയ്വാനുണർത്തിയരു-
ളേണമേ—

## ൫ കീർത്തനം ആദിതാളം 5

൧ അഖിലജഗത്തിന്നുടയവനേ
അഖിലഗുണപ്രദനായവനേ
അടിയനോടിന്നു നീ ചെയ്തു കൃപ
അഖിലത്തിന്നും അടിപണിയുന്നേൻ

൨ ആകാശം സിംഹാസനവും
അവനീപാദപീഠവുമാക്കി
ആകെയടക്കം പാലിക്കും
അഖിലേശനെ വന്ദിക്കുന്നേൻ

൩ ഇന്നാൾവരെയുള്ളെൻ പാപം
ഇന്നെന്നോടു ക്ഷമിക്കേണമേ
ഇനിമേൽ നിന്നടിയാനാവാൻ
ഇംഗിതമടിയന്നരുളേണമേ

൪ ഈ നിശി ഞാനുറങ്ങുന്നേരം
ഈ ജീവനു കാവലു നീ താൻ
ഈഴലൊഴിഞ്ഞുണരുന്നേരം
ഈശസ്തുതി ചെയ്വാനരുൾക

൫ ഉടയവനേ ഞാനുണരുമ്പോൾ
ഉടനെ നിന്നുടെ നന്മകളെ
ഉള്ളിലറിഞ്ഞു പ്രശംസിപ്പാൻ
ഉന്നതനേ നീ തുണചെയ്ക

൬ ഊനമുള്ളതൊഴിച്ചെന്നെ
ഊഴിയിലെന്നും പാലിക്ക
ഊർജ്ജിതമായ കരം നീട്ടി
ഊർദ്ധ്വപമതാക്കിരുളിൻ ക്രിയയെ

൭ ഋണമടിയൻ വീട്ടേണ്ടവയെ
കൃപയുടെ കടലേശു വീട്ടി
കൃപയുടെ കടലേ നീയിനിമേൽ
കൃപയുണ്ടാകണമേയെന്നിൽ

൮ എന്നേരവുമരിയലറിക്കൊ-
ണ്ടെന്നുടെ നേരെയടുക്കുന്നു
ഏറിയവനെന്മേൽ അസ്ത്രങ്ങൾ
എയ്യുന്നനവധി കർത്താവേ

൯ ഏഴകളാരുണ്ടെന്നുള്ള
ഏഷണമെ വൈരിക്കുള്ളൂ
ഏഴയ്ക്കായുധമായ്നിന്റെ
ഏവൻഗേലിയിലെ വചനം

൰ ഐശ്വര്യാത്മാവെയരുൾക
ഐശ്വര്യം തവ ലോകർക്കും
ഐശ്വര്യം വിശ്വാസിക്കും
ഐശ്വര്യം തവ സഭകൾക്കും

൰൧ ഒരുവൻ ചെയ്തൊരു പാപത്താൽ
ഒരുപോൽ നരരു മരിച്ചെന്നാൽ
ഒരുവൻ നിന്നുടെ കൃപമൂലം
ഒരു ഗതി നരന്നുണ്ടായല്ലൊ

൰൨ ഓരോ നരസന്തുഷ്ടികളാൽ
ഓരോ വിധമായ്നിന്റെ ക്രിയ
ഓജസ്സോടു വിളങ്ങുന്നു
ഓ! മമ മൂഢത നീക്കുക നീ

൰൩ ഔവ്വാ തിന്ന വിഷക്കനിയാൽ
ഔവ്വ്സന്തതി വലയുന്നു
അവ്വിധമടിയാർക്കേതു കൃപാ
ഔഷധമായ്നിലനില്ക്കുന്നു

൰൪ അംബരമാർഗ്ഗേണാന്ത്യദിനെ
അംബുദവഴി നീ വരുമപ്പോൾ
അഞ്ചാതെതിരേല്പാൻ നിന്നെ
അംശുകമടിയന്നരുളണമേ

൰൫ അക്കനിവറ്റൊരു യോർദ്ദാന്റെ
അക്കരെ ഞാൻ ചേരുംവരെയും
തക്കബലം നീയരുളേണമേ
തക്കസഹായം നല്കണമേ.

# SONGS OF PRAISE
# സ്തോത്രഗീതങ്ങൾ

## ൬ സൌരാഷ്ട്രം ആദിതാളം

പല്ലവി

ദേവാദേവന്നു മംഗളം–മഹോന്നതനാം
ദേവദേവന്നു മംഗളം

ചരണങ്ങൾ

൧ ദേവദൂതരാകാശെ–ദിവ്യഗീതങ്ങൾ പാടി
കേവലാനന്ദത്തോടു–മേവിസ്തുതി ചെയ്യുന്ന–

൨ സകലലോകങ്ങളിലെ–സർവ്വഗണങ്ങളെയു
സുഖമുടനെ പടച്ചു–സകലനാളും പാലി

൩ [1]നരഗണങ്ങളിന്നതി–ദുരിതമൊഴിപ്പാനാ
തിരുമകനെ നരനായ്–ധരണിയിങ്കലയ

1 നരഗണം = മനുഷ്യക്കൂട്ടം.

| ൪ [മാക്കാൻ | ൫ |
|---|---|
| പാപബോധം വരുത്തി പാപിയെ ശുദ്ധ- | ആദരവോടു തന്റെ-വേദവെളിവു മനു- |
| 1പാവനാത്മാവെനല്ലം2 ജീവജലാശയമാം | ജാതികൾക്കരുളിയ-ആദിനാഥനാകുന്ന — |

---

൭ 7

## പല്ലവി

അതിശയകാരുണ്യ മഹാ ദൈവമായോനെ—ഠരം
ആയിരം നാവിൻ വരം താ നിൻ സ്തുതി പാടാൻ

## ചരണങ്ങൾ

൧ നായകനേ രക്ഷകനേ നിൻ കൃപയ്ക്കായി—സ്തോത്രം
നാടറികെ പാടീട്ടുവാൻ നീ തുണെയ്ക്കണം—നാഥാ

൨ എങ്ങും ബഹുമാനമുള്ള നിൻ തിരുനാമം—ഠരംശോ
എൻ ഭയങ്ങൾ സങ്കടവും നീ നീക്കുമെന്നേക്കം—നാഥാ

൩ ഇമ്പസംഗീതം തിരുപേർ പാപികൾക്കെല്ലാം—ജീവൻ
ഇല്ലയെന്നു വന്നവക്കു ജീവൻ നിൻനാമം—നാഥാ

൪ പാപകുററം ശക്തിയധികാരവും നീക്കും—ഠരംശോ
പാപിയാമെൻപേക്കു രക്തം വാത്ത നിൻ പുണ്യം—നാഥാ

൫ നിൻ സ്വരത്താൽ കാഴ്ച കേൾവി ശക്തി ആരോഗ്യം—എല്ലാം
നിശ്ചയം പാപിക്കു കിട്ടും രക്ഷകത്താവേ—നാഥാ

൬ ഊമകളേ പാടീട്ടുവിൻ അന്ധരേ കാണ്മിൻ—മഹാ
ഉന്നതനാം രക്ഷകനെ വാഴ്ത്തിക്കൊണ്ടാടിൻ—നാഥാ

൭ കോടികളായീട്ടും സ്വൎഗ്ഗവാസികളോടു—കൂടി
പാടി യേശുനാമസ്തുതി ഞങ്ങൾ കൊണ്ടാട്ടം—നാഥാ

---

൮ ശങ്കരാഭരണം ആദിതാളം 8

## പല്ലവി

നിത്യവന്ദനം നിനക്കു- സത്യദൈവമേ
സ്തോത്രവും ജയവും യോഗ്യം- അത്യുന്നതനേ

## ചരണങ്ങൾ

൧ മൎത്യകുലത്തിൻ സ്രഷ്ടാവേ !-നിത്യപിതാവേ !
സത്യവിശ്വാസികൾ ചെയ്യും-സ്തോത്രം നിനക്കേ— നിത്യ

൨ എത്രയോ മ-നോഹരം നിൻ-കൃത്യങ്ങളെല്ലാം
ചിത്രമതി-ചിത്രമവ-എത്രയോ ശ്രേഷ്ഠം— നിത്യ

൩ കെരുബ്ബുകൾ മ-ദ്ധ്യേ വസിക്കും-സൎവ്വശക്തനേ
ഉൎവ്വിയെങ്ങും വ്യാപിച്ചിട്ടും-നിനക്കെന്നും സ്തോത്രം— നിത്യ

1. പാവനാത്മാവു=വിശുദ്ധാത്മാവു. 2. ജീവജലാശയം=ജീവന്റെ സമുദ്രം.

൨ മാനവ-കുലത്തിൻപാപം-മോചനം ചെയ്വാൻ
ഹീനമാ-യ്ക്കുരിശിൽ ശാപം-തീൎത്ത പരനേ— നിത്യ

൩ നിന്നിൽ വിശ്വ-സിക്കുന്നവ-നെന്നേക്കും മോക്ഷം
തന്നരുളാൻ-ഉന്നതത്തിൽ-ചേൎന്ന പരനേ— നിത്യ

൪ സൎവ്വബഹു-മാനം സൎവ്വ മഹത്വം സ്തുതിയും
സൎവ്വേശ്വര-നായ യഹോ-വാൎക്കു താൻ ആമേൻ— നിത്യ

---

## ൯ ശങ്കരാഭരണം ആദിതാളം 9

കരുണാകരനാം പരനേ !- ശരണം
കനിവിഷഹരനേ തിരുകൃപ- ശരണം
കാത്തരുൾക ശരണം- ത്രിയേകാ
കരളലിഞ്ഞീടണമേ— കൃപാലോ

൨

1അരുണോദയമരുൾ വടിവേ !- ശരണം
അല്ഫാ ഓമേഗാവേ ! ശരണം
അരുൾ 2വരദാ ! ശരണം ത്രിയേകാ
3ആശിഷമരുളേണമേ— കൃപാലോ

൩

അധിപതി വേദനാഥാ !- ശരണം
ആധികൾ തീൎക്കുക താതാ- ശരണം
അതിഗുണനേ ! ശരണം- ത്രിയേകാ
4ആമയം നീക്കേണമേ— കൃപാലോ

൪

ശരണം ശരണം ശരണം- നാഥാ
തിരു അരുൾ ചൊരിക ഈ തരുണം-താതാ
വരണം കൃപ തരണം- ത്രിയേകാ
ദുരിതമകററണമേ— കൃപാലോ

൫

നിത്യാ സുരവരദേവാ!- ശരണം
സ്തുത്യാ ശ്രീയേശുമശിഹാ- ശരണം
സത്യാത്മാ ശരണം- ത്രിയേകാ
5പഥ്യാ വരമരുൾകാ— കൃപാലോ

---

## ൧൦ ഭൂപാളം ഏകതാളം 10

൧

പരദേവാ സ്വൎഗ്ഗ-പുരദേവാ-ബഹു
വരദേവാ-6പങ്ക-ഹരദേവാ-യേശുദേവാ

൨

പരലോകം വിട്ടു-നരലോകെ-ഒരു[ദേവാ
ചെറുബാലൻ ആയ-പരസുതനേ-യേശു-

൩

ആനന്ദമേ പരമാനന്ദമേ-സദാ
ആനന്ദമേ നിന-ക്കേവന്ദനം-യേശുദേവാ

൨

ഹല്ലേലൂയ്യാ പിതാവി-നല്ലേലൂയ്യാ-നിത്യം
ഹല്ലേലൂയ്യാ എന്നും-ഹല്ലേലൂയ്യാ- ആമേൻ

൩ [ാരം

എലോഹിംതിരുസുതൻ ഇ-മ്മാനുവേലിന്നും
ലോകംപരലോകം എന്നുംഹല്ലേലൂ-യ്യാമേൻ

൪

ശുദ്ധാത്മാവിന്നും നിത്യം-ഹല്ലേലൂയ്യാ-പര
ശുദ്ധാത്മാവിന്നും എന്നും-ഹല്ലേലൂയ്യാ-ആ
മേൻ

---

1. അരുണോദയമരുൾ വടിവെ = അരുണോദയംപോലുള്ള പ്രകാശരൂപനേ. 2. വര
ദാ = വരത്തെ ദാനം ചെയ്യുന്നവനേ. 3. ആശിഷം = അനുഗ്രഹം. 4. ആമയം = ദു
ഖം. 5. പഥ്യാ = ശുഭവാനെ. 6. പങ്കഹരദേവാ = പാപത്തെ നീക്കുന്ന ദൈവമേ.

## ൧൧ ആനന്ദവിലാസം 11

### പല്ലവി

സ്തുതിസ്തുതി നിനക്കെന്നും ദേവ:-സർവ്വ-
ശക്തിജ്ഞാനം ദയതിങ്ങുംയഹോവാ-സ്തുതി

### ചരണങ്ങൾ

൧
ആദിയിൽ[1]അംബരം ഭൂമി-ആഹാ-ഇവ
ശോഭയില്ലാതെ പാഴായ്ക്കിടന്നപ്പോൾ
മേദിനിയെ നല്ലതാക്കി-ആഹാ-ഇതിൽ
ആദം ഹവ്വായെയും സൃഷ്ടിച്ച ദേവാ—

൨
നിന്തിരു കല്പന തള്ളി-ആഹാ-അവർ
ചിന്തിച്ചു ചെയ്യൊരു കന്മഷം തീർപ്പാൻ
സ്വന്ത സുതനെഴുന്നെള്ളി ആഹാ-വരും
ബന്ധമൊഴിക്കമെന്നരുളിയ ദേവാ-

൩
നോഹയുടെ നാളിൽ പണ്ടു-ആഹാ-നരർ
ആകവേ പാപം ചെയ്യായതുകൊണ്ടു [ശം
ലോകത്തെ വെള്ളങ്ങൾകൊണ്ടു-ആഹാ-നാ
ചെയ്കയിൽ നോഹയെ രക്ഷിക്കകൊണ്ടു—

൪
പിന്നീടു മാനുഷ്യർ നിന്നെ-ആഹാ-തന്നെ
വന്ദന ചെയ്യാതിരുന്നൊരു കാലം
[2]സന്നിധൌ അബ്രഹാംതന്നെആഹ-തിരു
വന്ദനയ്ക്കായി വിളിച്ചോരു പിതാവേ—

൫
ഇന്നാളിൽലോകത്തിൽഎങ്ങും-ആഹാ! ഉള്ള
മന്നരാധീനർ പ്രഭുക്കളെല്ലാരും
നിന്നാമത്തിൽ ആശ്രയിച്ചു-ആഹാ!-നിത്യം
വന്ദന ചെയ്വതിന്നായരുൾ ചെയ്ക—

## ൧൨ ചിന്തുതരു ആദിതാളം 12

൧ ആദിത്യച-ന്ദ്രാദികളെ-ചമച്ചവന്നു-സ്തോത്രം
ബോധിച്ചതെ-ല്ലാം ക്ഷണത്തിൽ-തികച്ചവന്നു—സ്തോത്രം
ഏദൻകാവിൽ-ആദംഹവ്വാ-യോടു പല വൃന്ദം
മോദമുടൻ-സൃഷ്ടിചെയ്ത-നാഥനെന്നും-സ്തോത്രം

൨ ആദിമാ-നുഷൻ ചതിവിൽ-ആയതിനെ-കണ്ടു
ഭീതിപൂവനത്തിൽനിന്നു-പോവതിനാ-യ്ക്കൊണ്ടു
വേദപരൻ-നീതി തിക-വാവതിനായ്പണ്ടു
ഖേദമൊഴി-പ്പാൻ മരണം-ജയിച്ചവന്നു-സ്തോത്രം

൩ [3]ബാലഗണ-മേ! വരുവിൻ-ശീലമുടൻ-കൂടി
കോലാഹല-[4]വാണികളാ-ലാലെല്ലുയ്യ-പാടി
ചേലൊടു പാ-ദം വണങ്ങാൻ-[5]ഗീതഗണം-തേടി
[6]ഏലോഹിംപി-താസുതനാ-ത്മാവിനെയും-സ്തുതിപ്പിൻ

൪ ദൂതരെല്ലാം-മോദമുടൻ-നാഥനെക്കൊ-ണ്ടാടി
സാദരം തൻ-ആസനത്തിൽ-നാലുചുറ്റും-കൂടി
താതസുതാ-ത്മാക്കൾക്കു നൽ-ഗീതങ്ങളെ-പാടി
[7]ശ്വേതവസ്ത്ര-ങ്ങൾ ധരിച്ചു-കൂട്ടനുത്ത-മോടി

൫ ശക്തിയാൽ[8] ച-രാചരങ്ങൾ-ഒക്കെയും ഉണ്ടാക്കി
യുക്തിയാൽ ത-രാതരത്തിൽ-എത്രയും ന-ന്നാക്കി
ഭക്തിയാസ്ഥ്-ടപ്പതിന്നു-മാർഗ്ഗമൊന്നുണ്ടാക്കി
ഭക്തിയിൽ ന-ടത്തുന്ന ത്രി-യേകനെന്നും-സ്തോത്രം.

1. അംബരം = ആകാശം. 2. സന്നിധൌ = മുമ്പിൽ. 3. ബാലഗണം = പൈതങ്ങളുടെ കൂട്ടം. 4. വാണികൾ = വാക്കുകൾ. 5. ഗീതഗണം = പാട്ടുകളുടെ കൂട്ടം. 6. ഏലോഹിം = ദൈവം. 7. ശ്വേതവസ്ത്രം = വെള്ളനിലയങ്കി. 8. ചരാചരങ്ങൾ = സഞ്ചരിക്കുന്നവയും സഞ്ചരിക്കാത്തവയും.

## ൧൩ ഹിന്ദുസ്ഥാൻ ആദിതാളം 13

൧ നാഥനേ! എൻ യേശുവേ!
ഹല്ലെല്ലുയാ— ആമേൻ

൨ താതനാം എൻ ദൈവമേ!
ഹല്ലെല്ലുയാ—ആമേൻ

൩ മാ പരിശുദ്ധാത്മാവേ!
ഹല്ലെല്ലുയാ— ആമേൻ

൪ ദൈവമേ ത്രിയേകനേ!
ഹല്ലെല്ലുയാ— ആമേൻ

## ൧൪ സൌരാഷ്ട്രം അടതാളചാപ്പ് 14

### പല്ലവി

വന്ദനം മഹൽവന്ദനം–വലിയവന്നു
വന്ദനം മഹൽ വന്ദനം

### ചരണങ്ങൾ

എന്നെന്നേക്കും നന്നാ–യിരിപ്പവനായൊട്ടും
മന്ദമില്ലാതെ മാ–മഹിമ സ്രഷ്ടാവിന്നു—

൨

നഷ്ടമതായ്പ്പോയ–നരരാം ദുഷ്ടന്മാരെ
ശിഷ്ടരാക്കാൻ വന്ന–ജഗല്പരിപാലനു—

൩

[1]ദുർഗ്ഗതിക്കേററ മാ–ദുഷ്ടഗുണമുള്ളോരെ
സൽഗുണരാക്കുന്ന–സത്യശുദ്ധാത്മനു—

൪

ത്രിതപ്രവൃത്തികൾ–ശ്രേഷ്ഠമായ്ച്ചെയ്യുന്ന
ശ്രീതഗുണം ഒക്കും–ത്രിയേകനാഥനു—

## ൧൫ ഹിന്ദുസ്ഥാൻ രൂപകതാളം 15

### പല്ലവി

ഹാലേല്ലുയ! ഹാലേല്ലുയ!
ഹാലേല്ലുയ! ആമേൻ

### ചരണങ്ങൾ

൧ അൻപു തിങ്ങീടും നൽ
അനന്തപിതാവേ!— ഹാലേല്ലുയ!

൨ കൃപ നിറഞ്ഞീടും നൽ
ക്രിസ്തു കർത്താവേ! ഹാലേല്ലുയ!

൩ വിശുദ്ധി നല്കീടും നൽ
പരിശുദ്ധാത്മാവേ!— ഹാലേല്ലുയ!

൪ താതസുതാത്മാവാം
ദൈവത്രിയേക!— ഹാലേല്ലുയ!

## ൧൬ സുറിയാനി 16

൧ സേനകളിൽ–പരൻ യഹോവാ
പരിശുദ്ധൻ–പരിശുദ്ധൻ
പരിശുദ്ധൻ—ആമേൻ
തിരുമഹത്വം നിറഞ്ഞീടുന്നു
പാരിലെങ്ങും–ഹാലേല്ലുയാ

൨ സർവ്വശക്തൻ–പരൻ യഹോവാ
പരിശുദ്ധൻ–പരിശുദ്ധൻ
പരിശുദ്ധൻ—ആമേൻ
ഇരുന്നവൻ താൻ–ഇരിക്കുന്നവൻ
വരുന്നവൻ താൻ–ഹാലേല്ലുയാ.

1. ദുർഗ്ഗതി = നരകം.

## ൧൭ ചിന്തുതരു ആദിതാളം 17

൧ ആദിപര-നാകമേക-ദൈവപരി-ശുദ്ധൻ
താതനായി-ട്ടുന്നവനെ-വാഴ്ത്തി വന്ദി-ച്ചിടിൻ
നീതിനിറ-വോടഖിലം-വാഴുമേക-നാഥൻ
ചേതസ്സി വാ-സമരുളീട്ടു-ന്നതിനാൽ-സ്തോത്രം

൨ ആദിപര-മേശസുത-നാലേല്ലൂയ്യാ-ഗീതം
മോദമോട്ടു-പാടി സദാ-ആത്തു സ്തുതി-ചെയ്വിൻ
സാദരം-തൃപ്പാദമതിൽ-വീണു വന്ദി-ച്ചിടിൻ
ഖേദമെല്ലാം-നീക്കി നമ്മെ-പാലനം ചെ-യ്യും താൻ

൩ ജീവനദി-യിന്നുറവാം-ദൈവശുദ്ധാത്മാവിൽ
ഏവമിന്നു-സ്നാനമേല്പാൻ-ആശയോട്ടു-ചേരിൻ
മേവിടിൻ-അതിൻ കരയിൽ-ജീവവൃക്ഷം-പോലെ
ദേവന്നു മ-ഹത്വഫലം-നല്കിയെന്നും-വാഴിൻ

൪ ശുദ്ധപരി-ശുദ്ധപരാ-അത്ഭുതത്രി-യേകാ
ഇദ്ധരയിൽ-മർത്യരെല്ലാം നിൻ സ്തുതി പാ-ടിടാൻ
സത്യവേദ-മെങ്ങുമറി-ഞ്ഞുന്നതത്തിൽ-വാഴാൻ
നിത്യനേ നീ-ചെയ്ക കൃപ-ഇന്നുമെന്നും-ആമേൻ.

---

## ൧൮ ഹിന്ദുസ്ഥാൻ ആദിതാളം 18

പല്ലവി

സമാധാനം-ഏകും യേശുക്രിസ്തു
ഇവൻ താൻ-ഇവൻ താൻ
ഇവൻ താൻ-ഇവൻ താൻ

ചരണങ്ങൾ

നമുക്കാനന്ദ ദാനമണവാളനിവൻ
അനുകൂലനിവൻ-മനുപാലനിവൻ

൨
ദൈവകൃപ ചൊരിയും ദ്വാരമിവൻ
പരമ സാരമിവൻ-നരനംകുരമിവൻ

൩
ആദിനരൻ ചെയ്ത പാപം അറ-
ത്തരുൾആനന്ദമായ്-അടിയാർസ്വന്തമായ്

൪
വേദാഗമങ്ങളിൽ കാണും പൊരുൾ
ഇരുൾ മാറും പൊരുൾ-മറ കീറും പൊരുൾ

൫
വാനദൂതർ പാടി കൊണ്ടാടുവാൻ—
അറിഞ്ഞോർ തേടുവാൻ-ഇടയർ കൂടുവാൻ

൬
ദൈവീക പാറമേൽ ശ്രീയേശു നാഥൻ
സഭയെ നാട്ടിനാൻ-കൃപയെ കൂട്ടിനാൻ

൭
പരമാനന്ദ മോക്ഷവഴി കാട്ടിയെ താൻ
കടം വീട്ടിയെ താൻ-മുടി ചൂട്ടിയെ താൻ.

---

## ൧൯ നാഥനാമക്രിയ ആദിതാളം 19

പല്ലവി

സ്തുതിച്ചീട്ടുന്നേൻ വീണു സ്തുതിച്ചീട്ടുന്നേൻ-എങ്ങൾ
അധിപനാം യേശുവിനെ സ്തുതിച്ചീട്ടുന്നേൻ

ചരണങ്ങൾ

൧ അതിശയമുള്ളവനെ സ്തുതിച്ചീട്ടുന്നേൻ-സദാ
അളവില്ലാ വല്ലഭനെ സ്തുതിച്ചീട്ടുന്നേൻ

അതിരറ്റ ഗുണവാനെ സ്തുതിച്ചീടുന്നേൻ-ദയ
അഖിലക്കും ചെയ്യുന്നോനെ സ്തുതിച്ചീടുന്നേൻ
ഗതി തരും നായകനെ സ്തുതിച്ചീടുന്നേൻ-സീനാ
[1]ഗിരിയിന്മേൽ വന്നവനെ സ്തുതിച്ചീടുന്നേൻ-
[2]മതിമനസ്സാകെക്കൊണ്ടു സ്തുതിച്ചീടുന്നേൻ-എന്റെ
[3]മാലൊഴിച്ച പാദം ചേർന്നു സ്തുതിച്ചീടുന്നേൻ— സ്തുതി

൨ അക്ഷയനെ പക്ഷമോടു സ്തുതിച്ചീടുന്നേൻ-ധ്വനി-
ച്ചാലേലൂയ്യാ പാടിക്കൊണ്ടു സ്തുതിച്ചീടുന്നേൻ
രക്ഷാവഴി കാട്ടിയോനെ സ്തുതിച്ചീടുന്നേൻ-നിത്യ
രക്ഷയിൻ കൊമ്പായവനെ സ്തുതിച്ചീടുന്നേൻ
സാക്ഷികൂടാതറിവോനെ സ്തുതിച്ചീടുന്നേൻ-തന്റെ
സൂക്ഷ്മമൊട്ടുമെത്തുന്നോനെ സ്തുതിച്ചീടുന്നേൻ
ലക്ഷംപേരിലുത്തമനെ സ്തുതിച്ചീടുന്നേൻ-ആറ്
ലക്ഷണപ്പരാപരനെ സ്തുതിച്ചീടുന്നേൻ— സ്തുതി

൩ ധരണിയിൻ രക്ഷകനെ സ്തുതിച്ചീടുന്നേൻ-ബഹു
താഴ്മയിൽ നടന്നവനെ സ്തുതിച്ചീടുന്നേൻ
ചോര വിയർത്തിറ്റവനെ സ്തുതിച്ചീടുന്നേൻ-കേണു
സാഷ്ടാംഗം വീണവനെ സ്തുതിച്ചീടുന്നേൻ
മരക്കുരിശേറിയോനെ സ്തുതിച്ചീടുന്നേൻ-ഏഴു
മൊഴി ചൊന്നു മരിച്ചോനെ സ്തുതിച്ചീടുന്നേൻ
മരണത്തെ വെന്നവനെ സ്തുതിച്ചീടുന്നേൻ-തന്റെ
[4]മാണവരാൽ കണ്ടവനെ സ്തുതിച്ചീടുന്നേൻ— സ്തുതി

൪ കർത്താക്കളിൻ കർത്താവിനെ സ്തുതിച്ചീടുന്നേൻ-നിത്യം
കഴലിണ തുണയെന്നു സ്തുതിച്ചീടുന്നേൻ
സ്തോത്രം ദിനമേല്ക്കുന്നോനെ സ്തുതിച്ചീടുന്നേൻ-ശുദ്ധ
സുവിശേഷനാവുള്ളോനെ സ്തുതിച്ചീടുന്നേൻ
പാത്രമാക്കി തീർക്കുന്നോനെ സ്തുതിച്ചീടുന്നേൻ-ജ്ഞാന
പാട്ടുകൾക്കു നായകനെ സ്തുതിച്ചീടുന്നേൻ
രാത്രിയും പകലുമെന്നും സ്തുതിച്ചീടുന്നേൻ-നിന്റെ
രാജ്യമാക്കെന്നെ ദേവാ! ഞാൻ സ്തുതിച്ചീടുന്നേൻ— സ്തുതി

---

## ൨൦ ഉശേനി അടതാളചാപ്പ് 20

### പല്ലവി

യേശുദേവാ! യേശുനായകാ! ശ്രീയേശുനാഥാ!
യേശുദേവാ! യേശുനായകാ!

### ചരണങ്ങൾ

൧ ദാസരിൻ[5]നഴലൊഴിച്ചുള്ളിൽ-ആനന്ദമേകും
യേശുവേ കൃപയിന്നഴകേ!
നാശലോകത്തിൽ മനുഷ്യ-നായുദിച്ചു മെയ്യെളിച്ചം

---

1. ഗിരി = പർവ്വതം. 2. മതിമനസ്സാകെക്കൊണ്ടു = ബുദ്ധിയുടെയും മനസ്സിന്റെയും പൂർണ്ണതയോടുകൂടി. 3. മാൽ ഒഴിച്ചു = ദുഃഖംതീർത്തു. 4. മാണവർ = ശിഷ്യർ. 5. അഴൽ = ദുഃഖം.

വിശ്രുമതി ശോഭയുള്ളോരു-വെളിച്ചത്തി-
ന്നീശനേ! യേശുനായകനേ— യേശു

൨ ആയിരമായിരംവാനവർ-വണങ്ങീടും പതി-
നായിരം പേരിലുത്തമനേ!
കായമെടുത്താദി-പാപമേറ്റതിനെ മാറ്റുവാനാ-
യ്മായമറ്റുള്ളോരു കുഞ്ഞാടാ-യ്മണ്ണിൽ വന്ന
മന്നവനെ! യേശുനാഥനേ!— യേശു

൩ പാപമെല്ലാമൊഴിപ്പതിനാ-യ്പിതാവിൽനിന്നു
താപമേറ്റോരാണയിനാലെ
ശോഭനമാം മുദ്രയിട്ടു-ള്ളോരു പടച്ചട്ട നീട്ടെ-
റ്റപ്പനിക്ഷേപം ചെയ്‌വതിനായി-വന്ന യേശു
ക്രിസ്തുനേ! മഹാപുരോഹിതാ— യേശു

൪ പാതകനാകുന്ന സാത്താനെ ജയിപ്പതിന്നു
യൂദകുലശേഖരനായി
ബേതലേമെന്നൂരതിൽ ദാവീദിനില്ലം തന്നിലുള്ള
കന്നിമരി തന്നുദരത്തിൽ വന്നു പിറന്ന
യേശുമഹാരാജരാജനേ— യേശു

൫ ജ്ഞാനമറ്റുള്ളോരു ലോകത്തി-ന്നിരുളകറ്റി
വാനരാജ്യത്തിൻ രഹസ്യങ്ങൾ
മാനവരിന്നുള്ളിലാക്കി ദീനമൊക്കെ ഭേദമാക്കി
ഹീനരെ ചേർത്തു സുവിശേഷി-ച്ചെളിയവർക്കു
വന്ന യേശുവേ! പ്രവാചകാ!— യേശു

൬ എളിയശിഷ്യർക്ക[1]മലനാത്മാവെ നല്കുവാൻ സ്വർഗ്ഗ-
സ്ഥ പിതാവിൻ വലമമർന്നോനേ!
പുഴുവതായോരടിയനു നിൻ കഴലിണത്താരഭയമെന്ന്യേ
കരളലിഞ്ഞു കൃപയിൽ നടത്തി-നീ വരുന്നേരം
കനകലോകം ചേർത്തുകൊള്ളുക— യേശു

## ൨൧ തോടി ആദിതാളം 21

പല്ലവി

യേശുമഹേശനെ ഞാൻ ചിന്തിപ്പതെൻ
ഉള്ളത്തിന്നാനന്ദമേ—

ചരണങ്ങൾ

ഠരംശനുടെ തിരുസന്നിധി ചേർന്നിനി
വിശ്രമം ചെയ്തു തന്റെ തിരുമുഖം
കാണ്മതത്യാനന്ദമേ—

൨

വാനസൈന്യങ്ങൾക്കും മാനുഷജാതിക്കും
ഊനമില്ലാതെ നിന്നെ വർണ്ണിക്കുവാൻ
സാദ്ധ്യമതാകയില്ല—

൩

മാനുഷരക്ഷകാ നിന്നുടെ നാമംപോൽ
വാനിലും ഭൂമിയിലും ഇല്ലേ ഒരു
നാമം നിനപ്പതിന്നു—

൪

ഉള്ളം നുറുങ്ങിയോർക്കുള്ള പ്രത്യാശയും
നല്ല പ്രസാദവും നീ സർവ്വേശ്വരാ
സൌമ്യതയുള്ളവർക്കേ—

൫

എത്ര ദയാപരൻ വീഴുന്നവർക്കേശു
എത്ര നല്ല ഗുണവാൻ തേടീടുന്ന
മർത്ത്യഗണങ്ങൾക്കു താൻ—

1. അമലനാത്മാവു = വിശുദ്ധാത്മാവു.

൬
കണ്ടീട്ടും മാനവർക്കെന്തൊരാഹ്ലാദം നീ
ഉണ്ടോനാവും പേനയും വർണ്ണിക്കുവാൻ
ആ നല്ല സന്ദർഭത്തെ—

൭
യേശുവിൻ സ്നേഹമതെന്തെന്നു ചൊല്ലുവാൻ
ആസ്വാദിച്ചോർക്കല്ലാതെ മററാർക്കുമ-
സാദ്ധ്യമറിഞ്ഞീടുവാൻ—

---

## ൨൨ കൌശിക ആദിതാളം 22

പല്ലവി

ശ്രീയേശുനാമമേ തിരുനാമം—ഇതു
ഭൂലോകമെങ്ങും മോദം നല്കും നാമം

ചരണങ്ങൾ

പാപികളെ രക്ഷചെയ്യും ദിവ്യനാമം—പരി-
താപികൾക്കാശ്വാസം നല്കും തിരുനാമം

൨
പാപഭാരം നീക്കീടും വിശുദ്ധനാമം—പാപ
ബന്ധനം തകർത്തിടുന്ന സത്യനാമം

൩ [എന്റെ
എന്നിലെ പാപങ്ങളെല്ലാം തീർത്ത നാമം—
മന്ദബുദ്ധി നീക്കി ശുദ്ധി ചെയ്യു നാമം

൪ [എന്റെ
മല്ലനാം പിശാചിനെ ജയിച്ച നാമം—
അല്ലലെല്ലാം തൻ ശിരസ്സിലേററ നാമം

൫ [പുതു
ജീവനെ പാപികൾക്കായ് ചൊരിഞ്ഞനാമം
ജീവനെ നല്കിയാശ്വസിപ്പിച്ചനാമം

൬
നിത്യമോക്ഷപ്പാതയെ തുറന്നനാമം—തന്റെ
സത്യഭക്തരിൽ പ്രമോദം നല്കും നാമം

൭. [തന്റെ
അക്ഷയാത്മമാരി ചൊരിഞ്ഞീടും നാമം
1വക്ഷസ്സിൽ പ്രജകളെ ചുമക്കുംനാമം.

---

## ൨൩ ചെഞ്ചുരുട്ടി ആദിതാളം 23

പല്ലവി

യേശുവേ! തിരുനാമമെത്ര മധുരം
ഭൂമിയിലഗതിക്കെൻ—യേശുവേ!

ചരണങ്ങൾ

൧ ആശ്വാസം യേശുഭവാൻ ആരോഗ്യം രോഗികളിൽ
വിശ്വബന്ധു നീയെന്ന്യേ—വേറാരും ഇല്ലേ സ്വാമി— യേശു

൨ ഖേദം ഒഴിക്കും ഭവാൻ—ഭീതി അകററും ഭവാൻ
താതൻ മാതാവും ഭവാൻ—നിത്യം അടിമെക്കല്ലൊ— യേശു

൩ മന്നാ! മന്നായും ഭവാൻ—എന്നാചാര്യൻ രാജൻ നീ
എന്നും സഖി ജീവൻ നീ—എൻ ഭാഗ്യവും നീയല്ലോ— യേശു

൪ സങ്കേതമേ മലയേ!—എൻ ഖേടയം വഴി നീ
എൻ കർത്താവേ ഭർത്താവേ—എൻ ജീവനും ഇടയൻ— യേശു

൫ നിക്ഷേപം ലക്ഷ്യം ഭവാൻ—രക്ഷാസ്ഥലം ശിരസ്സേ!
രക്ഷാകരൻ ഗുരുവേ!—സാക്ഷി മദ്ധ്യസ്ഥനും നീ— യേശു

൬ എന്നിൽ നിന്നെ സ്തുതിപ്പാൻ—ഒന്നും ത്രാണിയിങ്ങില്ല
നിന്നെ വന്നു കണ്ടെന്നും—നന്നെ പാടും അടിയൻ— യേശു

1. വക്ഷസ്സിൽ = മാർവ്വിൽ.

൭ അന്തൽക്കൂടാതെ കർത്താ—ചേർത്തീടേണം അങ്ങെന്നെ
മൃത്യു പിരിക്കുവോളം—കാത്തീടേണമേ പ്രിയൻ— യേശു
൮ നിത്യം അഗതി തിരു—സ്തോത്രം സ്വർഗ്ഗേ ധ്വനിപ്പാൻ
സത്യം വിടാതെ ഓടി—എത്തും തിരുകൃപയാൽ— യേശു

---

## ൨൪ ധന്നാസി ആദിതാളം 24

പല്ലവി

യേശു എന്നുള്ള നാമമേ—ലോകം
എങ്ങും വിശേഷ നാമമേ

അനുപല്ലവി

നാശമുണ്ടാക്കും പാപ—നാശം വരുത്താൻ പര
മേശൻ ജഗത്തിൽ മർത്ത്യ—വേഷം ധരിച്ചുവന്ന

ചരണങ്ങൾ

൧
മുന്നം ഗബ്രിയേൽ വിൺദൂതൻ—ചൊന്ന
മോക്ഷനിർമ്മിതനാമമേ
കന്നിമറിയം കേട്ടു
കാത്തിരുന്നു വിളിച്ച
മന്നിടത്തെങ്ങും ഭാഗ്യം
വരുത്തും വല്ലഭനാമം— യേശു

൨
ആർക്കും ചൊല്ലാകുന്ന നാമം—എങ്ങും
ആരാധിപ്പാനുള്ള നാമം
പേയ്ക്കും പേയിൻപടെക്കും
ഭീതി ചേർക്കുന്ന നാമം
മൂഢപാപികൾക്കും വി—
മോക്ഷം നല്കുന്ന നാമം—

൩
മന്നർ ചക്രവർത്തികളും—വാഴ്ത്തി
വന്ദിച്ചിടും മഹാ നാമം
വിണ്ണിൽ ഗീതത്തിൻ നാമം
വേദാന്തസാരനാമം
പുണ്യം പെരുത്ത നാമം
ഭുവിൽ പ്രകാശനാമം— യേശു

൪
വിൺമണ്ണും ചേർത്തിടും നാമം—ജപം
വിണ്ണിൽ കൊണ്ടാടുന്ന നാമം
നന്മനിധിപരനിൽ
ന്യായം നീതി കൃപൈക്യം
ഉണ്മയാം സാക്ഷിയായി
ഉയർന്നു തൂങ്ങിയ നാമം— യേശു

൫
കൽനെഞ്ചുടെക്കുന്ന നാമം—മന-
ക്കാടാകെ വെട്ടുന്ന നാമം
എന്നും പുതിയതുപോൽ
ഏറെ മധുരനാമം
തന്നിൽ വല സാരങ്ങൾ
ധരിച്ചിരിക്കുന്ന നാമം— യേശു

---

## ൨൫ ആനന്ദഭൈരവി ആദിതാളം 25

പല്ലവി

സ്തുതിപ്പിൻ ! സ്തുതിപ്പിൻ ! യേശുദേവനെ—ഹല്ലെല്ലൂയ്യ പാടി
സ്തുതിപ്പിൻ ! സ്തുതിപ്പിൻ ! യേശുദേവനെ

അനുപല്ലവി

സ്തുതിപ്പിൻ ലോകത്തിൻ—പാപത്തെ നീക്കുവാൻ
അധിപനായ്വന്ന—ദൈവകുഞ്ഞാടിനെ— സ്തുതി

ചരണങ്ങൾ

൧ കരുണനിറഞ്ഞ കണ്ണുള്ളോനവൻ—തൻ ജനത്തിൻ കരച്ചിൽ
കരളലിഞ്ഞു കേൾക്കും കാതുള്ളോൻ—ലോകപാപച്ചുമടിനെ
ശിരസ്സുകൊണ്ടു ചു—മന്നൊഴിപ്പതിന്നു
കുരിശെടുത്തു ഗോൽ—ഗോഥാവിൽ പോയോനെ— സ്തുതി
൨ വഴിയും സത്യവും ജീവനുമിവനെ—അവനരികിൽ വരുവിൻ
വഴിയുമാശ്വാസമേകുമേയവൻ—പാപച്ചുമടൊഴിച്ചവൻ

മഴയും മഞ്ഞും പെയ്യുമ്പോലുള്ളിൽ കൃപ
പൊഴിയുമേ മേഘ–ത്തൂണിൽനിന്നു പാടി— സ്തുതി

൩ മരിച്ചവരിൽനിന്നാദ്യം ജനിച്ചവൻ–ഭൂമിരാജാക്കന്മാരെ
ഭരിച്ചുവാഴുമേകനായകൻ–നമ്മെ സ്നേഹിച്ചവൻ തിരു–
ച്ചോരയിൽ കഴുകി–നമ്മെയെല്ലാം ശുദ്ധീ–
കരിച്ച വിശ്വസ്ത–സാക്ഷിയെ നിനെച്ചു— സ്തുതി

൪ ഏഴു പൊൻനിലവിളക്കുകളുള്ളിൽ–നിലയങ്കി ധരിച്ചും
ഏഴു നക്ഷത്രം വലങ്കയ്യിലും മാറ്റിൽ പൊൻകച്ച പൂണ്ടും
വായിലിരുമുനവാളുമഗ്നിജ്വാല
പോലെ കണ്ണുമുള്ള–മാനവ മകനെ— സ്തുതി

൫ കാലുകളുലയിൽ കാച്ചിപ്പഴുപ്പിച്ച–നല്ല പിച്ചളപോലൊത്തതും
ചേലോടു മുഖഭാവമാദിത്യൻ–ശക്തിയോടു പ്രകാശിക്കും
പോലെയും തല–മുടി ധവളപ്പഞ്ഞി
പോലെയുമിരിക്കു–ന്ന ദൈവപുത്രനെ— സ്തുതി

൬ വളരെ വെള്ളത്തിന്നിരച്ചിലൊത്തതും–ശവക്കല്ലറയിൽനിന്നു
വെളിയെ മരിച്ചോരുയിർത്തുവരുവാനാ–യ്ക്കവല്ലഭമുള്ളതും
എളിയജനം ചെ–വിക്കൊൾവതുമായ
വലിയ ഗംഭീര–ശബ്ദമുള്ളോനെ— സ്തുതി

൭ വലിയ ദൈവദൂതന്റെ ശബ്ദവും–ദേവകാഹളവും തന്റെ
വിളിയോടിടകലർന്നു മുഴങ്ങവെ–വാനലോകത്തിൽനിന്നേശു
ജ്വലിക്കുമഗ്നിമേഘ–ത്തിൽ വെളിപ്പെട്ടും
കലങ്ങും ദുഷ്ടർ ത–ന്മക്കളാനന്ദിക്കും— സ്തുതി

൮ മന്നവമന്നനാകുന്ന മശിഹായെ–മഹാസേനയിൻ കർത്തനെ
മണ്ണും വിണ്ണും പടച്ചവനെ മനുവേലെ–മനുനന്ദനനെ പര–
നന്ദനനെ മരി–നന്ദനനെ രാജ–
നന്ദനനെ നിങ്ങൾ–നന്ദിയോടു പാടി— സ്തുതി

൯ ഹല്ലേലൂയ്യാ പാടി സ്തുതിപ്പിൻ യേശുവെ–യേശുനാമത്തിന്നു ജയം
അല്ലലെല്ലാമവനകലെക്കളയുമെ–യേശുരാജാവിന്നോശന്ന !
നല്ലവനാമേശു നാഥൻ വരും സർവ്വ
വല്ലഭ ! യേശുവേ–വേഗം വരേണമേ— സ്തുതി

---

## ൨൬ ചെഞ്ചുരുട്ടി ആദിതാളം 26

### പല്ലവി

സ്തോത്രം ചെയ്തീടുവേൻ
ക്രിസ്തുയേശുവെ ! ഞാൻ
നിത്യം ദേവാ ! നീ തുണ ചെയ്‌വാൻ–ചെയ്‌വാൻ— യേശു

### ചരണങ്ങൾ

൧ ദുരിതങ്ങൾ അവൻ തൻ–കുരുതിയിൽ കഴുകി യേശു
തിരുരക്തത്താലെൻ രക്ഷ–ചെയ്‌വാൻ–ചെയ്‌വാൻ—
൨ ധരിത്രിയീവനത്തിൽ–തിരുകൃപാ ഗുണത്താൽ യേശു
അരികിൽ നിന്നുപദേശം–ചൊന്നാൻ–ചൊന്നാൻ—

൨ സ്തുതിച്ചശുദ്ധരുവെ-ഭജിച്ചിങ്ങു വസിച്ചാൽ
നശിച്ചുപോകാതെ മോക്ഷം-ചേരാം-ചേരാം— ആരമം

൩ ക്രിസ്തുവിൻ നാമം-മാത്രമെൻ ഗാനം[1]
മൃത്യുവിൻ നേരംവരെ-എന്നും-എന്നും— ലോക

൪ [2]ധരണിവിട്ടയരെ-പരനെ കണ്ടവനെ
മരണത്തിൻപിമ്പും സ്തോത്രം-ചെയ്യുവൻ— എന്നും

൫ മേഘംപോലസംഖ്യം-മോക്ഷ ലോകസംഘം
രാഗം പാടുന്ന ക്രിസ്തുവിൻ-സ്തോത്രം-സ്തോത്രം— എന്നും

൬ പൊൻമുടികളെത്തൻ-സന്നിധൌ നിരത്തി
മന്നവർമന്നർ സ്തോത്രം-ചെയ്യും-എന്നും— മോക്ഷ

൭ അവരോടു പരനെ-അനുദിനം സ്തുതിപ്പാൻ
മനുവേലെൻ തുണയായാൽ-ഭാഗ്യം-ഭാഗ്യം— യേശു

൮ നിത്യപിതാവേ-സത്യസുതാത്മാ
സ്തോത്രംനിനക്കെന്നേക്കും-ആമെൻ-ആമെൻ— ദേവാ

---

## ൨൭ ധന്യാ ആദിതാളം 27

### പല്ലവി

സ്തുതിതിങ്ങിയ-പരമണ്ഡല സുവിശേഷകനാമം
ശുഭമംഗല-മതിസംഭ്രമ സുഖശോഭന-ക്ഷേമം

### ചരണങ്ങൾ

൧ കരുണാകര-തിരുമാർവ്വിനു വരരക്ഷണേ-ദേവൻ
ധരണീനര-നയിരാൽ ഉയി-രരുളും നര-ജീവൻ— സ്തുതി

൨ അതിസുന്ദര-ശുഭശോഭന മഹിമമുടി-ചൂടൻ
ക്ഷിതിമണ്ഡല-ദുരിതംപ്രതി-വനമുൾമുടി-ചൂടൻ— സ്തുതി

൩ ഭുവനങ്ങളെ-ഞൊടികൊണ്ടുള വരുളും ബല-മുടയോൻ
അവനെ തല-ചായ്പാൻ ഇട കിടയാതവൻ-ആരയോൻ— സ്തുതി

൪ പരിശുദ്ധത-കൃപ സത്യ സുഭാഗ്യാദിവി-മൂലം
മരണത്തിനു-വിധിപെട്ടവ-നയിരേകിയ-കോലം— സ്തുതി

൫ പുണ്യമാനുഷർ-ദൂതരോടു പു-കഴ്ത്തും ഉന്നത-വാഹനൻ
പുണ്യഹീനരോ-ശാനപാടി ഗ-മിച്ച ഗർദ്ദഭ-വാഹനൻ— സ്തുതി

൬ ബലിപൂജക-ളഖിലങ്ങടെ-പ്രതിരൂപൻ അ-രൂപൻ
കല്മഷം നര-നൊഴിവാൻ നര-ബലി മർത്ത്യസ്വരൂപൻ— സ്തുതി

---

## ൨൮ സുരുട്ടി ആദിതാളം 28

### പല്ലവി

ദേവനന്ദനാ വന്ദനം-ജീവനാഥനാം
ദേവനന്ദനാ വന്ദനം

---

1. ഗാനം = പാട്ടു. 2. ധരണി = ഭൂമി.

### അനുപല്ലവി

ദേവനന്ദനനേ പി-താവിൻ വലഭാഗത്തിൽ
മേവിക്കൊണ്ടു ദിനവും-ദിവ്യ സ്തുതികളേൽക്കും— ദേവ

### ചരണങ്ങൾ

൧ കന്യാനന്ദനാ വന്ദനം-ഭൂതലെ വന്ന
ഉന്നതാധിപാ വന്ദനം
മന്നിൽ ദുരിതം പൂണ്ടുഴന്നു പരിതാപപ്പെ-
ട്ടുന്ന മനുജരെക്ക-നിഞ്ഞു വീണ്ടുകൊണ്ടൊരു— ദേവ

൨ ഘോരസൎപ്പമാം സാത്താന്റെ-ശിരസ്സു ചത-
ച്ചൊരു നാഥനേ വന്ദനം
ക്രൂരവേദനയേറ്റു-കുരിശിൽ മരിച്ചുയിൎത്തു
പാരം ബഹുമാനം പൂണ്ടാരോഹണമായോനേ— ദേവ

൩ വേദകാരണ കൎത്തനേ-സൎവ്വലോകങ്ങൾ-
ക്കാദികാരണാ വന്ദനം
ദൂതൎക്കും മനുജരിൻ-ജാതിക്കുമധിപനായ്
നീതിയോടു ഭരണം-ചെയ്തരുളുന്നവനാം— ദേവ

൪ കരുണനിറഞ്ഞ കൎത്താവേ-അശുദ്ധി നീക്കാൻ
ഉറവ തുറന്ന ഭൎത്താവേ
ദുരിതമൊഴിച്ചെങ്ങളെ-യരികിൽ വിളിച്ചുകൃപാ-
വരങ്ങൾ തന്നീടുവാൻ നിൻ-കരളലിഞ്ഞീടണമേ— ദേവ

---

## ൨൯ പുന്നാഗവരാളി ആദിതാളം 29

### പല്ലവി

ദേവദേവനേ! 1നമൊസ്തു
ദേവജാതനേ! നമൊസ്തു
ദേവ ആവിയെ! നമൊ—

### അനുപല്ലവി

2ജീവവാപിയെ യഹോവ
അല്ഫാഓമേഗാ നമൊസ്തു—ദേവ

### ചരണങ്ങൾ

൧ മൂവരായരൂപിയായ് മുൻ
ആദി ആദി കാലം വാഴും
3പാവനാവീ! 4അമലാ
പരാപരാ ദയാപരാ-ഒരു—ദേവ

൨ ആദിയായനാദിയായ്
അരൂപിയായ് സ്വരൂപിയായ്
നീതിപൂൎണ്ണജ്യോതിസ്സായ്
നിരന്തസൎവ്വനാഥനായ്-ഒരു —ദേവ

൩ ആറുലക്ഷണം തികഞ്ഞു
വേറില്ലാ അനന്തമേ
നാരിയിൽ പിറന്നു ചത്തു-
യിൎത്തു ആദിഅനന്തമേ-ഒരു—ദേവ

൪ സ്നേഹമായ 5സ്വയംഭൂവായ്
6സീമയററ നന്മയേ
ദേഹികൾക്കു വീണ്ടു മോക്ഷ
ജന്മം ഏകും അമ്മയേ-ഒരു— ദേവ

---

1. നമൊസ്തു = സ്തോത്രം ഉണ്ടാകട്ടെ. 2. ജീവവാപി = ജീവന്റെ ഉറവ, (കുളം 3. പാവനാവീ = പരിശുദ്ധാത്മാവു. 4. അമലാ = പരിശുദ്ധനേ. 5. സ്വയംഭൂ = ത
നായിരിക്കുന്നവൻ. 6. സീമയററ = അതിരില്ലാത്ത.

## ൩൦ പല്ലവി 30

യേശുവിനെ സ്തുതി നീ എൻ മനമേ
യേശുവിനെ സ്തുതി നീ—ക്രിസ്തു—

### ചരണങ്ങൾ

നാശമി—ല്ലാ സ്വൎഗ്ഗ—വാസിയാം—ദൈവ
നന്ദന—നാം പര—മേശ്വരനായ—

൨

നാകഭൂ—നരക ത്രി—ലോക സ്രഷ്ടാ—നര
ദേഹികൾ—ക്കൊരുനവലോകദൃ—ഷ്ടാന്തം—

൩

ബേതലെ—ജനിച്ചു ന—സ്രേത്തലേ— വളൎന്നു
യെരുശലേ—മരിച്ചുയിൎത്ത — ശ്രേയസ്സോടു ധ
[രിച്ചു

൪

പാപികൾ—ക്കരുൾ തരു—വാനിഹ—വസിച്ചു
ദീപവ—ഴിയെ നരക്കായിഹ—തെളിച്ചു—

൫

ബോധിച്ചു—സകലവും—സാധിച്ചി—ടാനും
മോദിച്ചു—രക്ഷ സംപാദിച്ചിടാനും—

൬

വേദവ—ചനപ്പൊരുൾ—ബോധമാ—വാനും
ബാധക—വൈരി നി—പാത—നാവാനും

---

## ൩൧ ഖ്യാൽ രൂപകതാളം 31

### പല്ലവി

യേശുവേ! യേശുവേ! ത്രി—ലോകരാജനേ!
ഹോശന്നാ—സ്വൎല്ലോകരാജ—ന്നാലേല്ലൂയ്യാ—
യേശുവേ! യേശുവേ! ത്രി—ലോകരാജനേ!

### ചരണങ്ങൾ

൧ നാശമോ സന്താപമോ നി—ഴലിടാതെ നിൻ—മഹി—
മാസനെ സദാ ഭരിക്കും—നിത്യരാജനേ— യേശു
൨ കോടി കോടി ദൂതർ ഗീതം—പാടി വാഴ്ത്തീടും—എന്നും
മോടിയാൎന്നിൻ പാദെ ദാസർ—കൂടി ആൎത്തീടും— യേശു
൩ മൂഢരാം നരൎക്കു മോക്ഷം—തേടിയ [1]പുരാൻ—ബാലർ
പാടുവാൻ രക്ഷാസന്തോഷം—നേടിയ മഹാൻ— യേശു
൪ ആദിയും അനാദിയും നീ—ജ്യോതിൎമ്മയമേ— മൎത്ത്യ
ജാതികളെല്ലാരും വന്നാ—രാധനം ചെയ്യും— യേശു
൫ ഭൂതങ്ങൾ ലോകങ്ങൾ സൃഷ്ടി—മാനുഷമക്കൾ—സ്വൎഗ്ഗ
ദൂതരും സ്വൎല്ലോകരെല്ലാം—വാഴ്ത്തീടുമെന്നും— യേശു

---

## ൩൨ സുരുട്ടി ആദിതാളം 32

### പല്ലവി

ശ്രീയേശു—നാഥനെന്നും—ജയമംഗ—ലം—സത്യ
ത്രിലോക—ദേവനെന്നും—ശുഭമംഗ—ലം

### അനുപല്ലവി

ഭൂലോക—ത്തെ ചമെച്ച—ത്രിലോക—ദൈവസുതാ!
ക്രിസ്തേശു— നാഥനെന്നും—[2]സംസ്തുതി ഭ—വിക്ക ആമേൻ— ശ്രീ

1. പുരാൻ = ദൈവം. 2. സംസ്തുതി = നല്ല സ്തുതി.

### ചരണങ്ങൾ

൧ ആദിയുടൻ–അന്തവുമി–ല്ലാത്തവന്നു–മംഗലം
ആദിയോ ദു–രിതമോ യി–ല്ലാത്തവന്നു–മംഗലം
നീതിസൂൎയ്യ–നായവന്നു ജോതിൎമ്മയ–നായവന്നു
ഖേദഹരം–ചെയ്യുവന്നു–ഭൂതലത്തി–ലിന്നുമെന്നും—

൨ പാതക–നി–വാരണ[1]ന്ന–നാരതവും–മംഗലം
നീതിയെ നി–വൃത്തിചെയ്ത–കൎത്തനെന്നും മംഗലം
ആദിമാനു–ഷൻ പിഴച്ച–പാതകത്തെ–ഓഹരിച്ച
ഭൂതലത്തി–നായ് കഷ്ട–വേദനയെ–ല്ലാം സഹിച്ച—

൩ ശത്രുവാം പി–ശാചിനെ ജ–യിച്ചവന്നു–മംഗലം
മൃത്യുവെ ജ–യിച്ചുയിൎത്ത–ഴുന്നവന്നു–മംഗലം
സ്വസ്ഥാനം–ചേൎന്നവന്നു–വിസ്താരം–ചെയ്യുതിന്നു
തൽസ്ഥാന–പ്രഭാവത്തോ–ടിക്ഷിതി വരുന്നവന്നു—

൪ ദൈവമാം പി–താവിന്നിന്നു–മെന്നും ദിവ്യ–മംഗലം
ദൈവസുതൻ–ആവിക്കിന്നു–മെന്നും സ്തുത്യ–മംഗലം
ദൈവതാത–പുത്രനാവി–ക്കേവരാല്പ–മിഃ്ശുമെത്തും
ജീവകാല–മൊക്കെ എന്നും–[2]ഭാവുകം ഭവിക്ക ആമേൻ—

.................................

൩൩ പല്ലവി

ഹാ! കൂടി നാമെല്ലാരും ചേൎന്നു
വുകൾ കൊണ്ടാടണം—സ്വൎഗ്ഗ
വാതിലാകും യേശുനാഥനെ
വാഴ്ത്തിപ്പാടേണം

### ചരണങ്ങൾ

൧ വേദനപ്പെട്ടും ഏഴകൾക്കഴല്വ തീരുവാൻ–വന്നു
[3]മേദിനിയതിൽ മനുഷ്യാവതാരസ ആദിതാ—

൨ വാനവർ വാഴ്ത്തിപ്പാടുന്ന കൎത്തനായ താൻ–ഭൂക്ഷേ
മാനവന്ന ഈടേറുവാൻ ഒരടിമയായിതാ—

൩ ആദരവററു ഭൂമിയിൽ വെറിയരാം നരർ–മര–
ണാധികളൊഴിവതിന്നു താണു ദേവനും—

൪ സേനകളിൻ അധിപതി അവനെന്നാകിലും–നര
ജീവനെ[4]മീളാൻ അവൻ തന്നുയിരിനെ വിട്ടാൻ—

൫ [5]ദാരുണ മരണാധിയെ മരിച്ചമൎത്തിനാൻ–ഭൂ–
മണ്ഡലത്തിൽനിന്നുയിൎത്തു വിണ്ണിലെത്തിനാൻ—

൬ പാപികൾക്കു പിതാവിനോടിരന്നു മോചനം–നിജ
പാദസേവകജനങ്ങളെ രക്ഷ ചെയ്യുന്നോൻ—

1. അനാരതം = എല്ലായ്പ്പോഴും. 2. ഭാവുകം = ഭാഗ്യം. 3. മേദിനി =
മീളാൻ = രക്ഷിപ്പാൻ. 5. ദാരുണ = ഭയങ്കരമായ.

൩൪ കല്യാണി ഏകതാളം 34

## പല്ലവി

സ്തോത്രം യേശുനാഥനേ! മനുവേലനേ! മനുവേലനേ!

## ചരണങ്ങൾ

൧ പാത്രഹീന–നാകുമെന്നെ–പാർത്തു നിൻ ക–ല്യാലണെച്ചു
ചേർത്തുകൊണ്ടെ–ന്റെ ദുരിതം–തീർത്തു രക്ഷി–ക്കേണമേ— സ്തോത്രം

൨ വിണ്ണിലുമീ–മണ്ണിലും നീ–യെന്നപോലാ–രുള്ളഹോ
ഉന്നതനാ–കുന്ന യേശു–മന്നവരിൽ–മന്നനേ!— സ്തോത്രം

൩ പൊന്നുലോകം തന്നിൽനിന്നു–വന്ന ജീവ–നാഥനേ
എന്നപേക്ഷ–യ്ക്കിന്നു ചെവി–തന്നു കേട്ടി–ടേണമേ— സ്തോത്രം

൪ പാരമഴ–ലോടുഴലും–പാപിയാമെ–ന്നെ വെടിഞ്ഞു
ദൂരവെ പോയിടരുതേ–ദാവീദിൻ കുമാരനേ— സ്തോത്രം

൫ താതനേ! എൻ–നാഥനേ–പാതകർ സ–ങ്കേതമേ
നീതിയോടെ–ഭൂതലം വാ–ണീടുവാൻ വ–രേണമേ— സ്തോത്രം

---

൩൫ കൌശിക (ക്യാൽ) ആദിതാളം 35

## പല്ലവി

ശ്രീയേശുദേവാ സ്തുതി നിനക്കു—അതി
പ്രീതിയോടനുദിനം ചെയ്തീടുവേൻ

## ചരണങ്ങൾ

൧
നിത്യവും ദൂ–ത ഗണാദികളാൽ—ബഹു
ഭക്തിപൂർവ്വം സ്തുതി–ലഭിച്ചീടുന്ന— ശ്രീ

൨
മാനവവേ–ഷം വന്നു ധരിച്ചു—അവ–
മാനം എനിക്കായ്–സഹിച്ചവനാം— ശ്രീ

൩
എൻദുരിതം–നിമിത്തം നിന്തിരു—1നിണം
ചിന്തി വൻദുരിതം–ഏറ്റവനാം— ശ്രീ

൪ [സ–ന്തോ
മൃത്യുവെ ജയി–ച്ചതിമോദത്തോടെ—
ശക്തിയോടകം വൃക്ഷ–വസിച്ചീടുന്ന— ശ്രീ

൫
അന്നവസ്ത്രാ–ദികൾ നൽകി എന്നും–എന്നെ
നന്നേ സൂക്ഷിച്ചു പരി–പാലിക്കുന്ന— ശ്രീ

൬
രക്ഷകാ തിരു–നാമം കീർത്തിച്ചീടാൻ—മമ
പക്ഷമോടരുളുക–2ആശിസ്സുകൾ— ശ്രീ

---

൩൬ ## പല്ലവി 36

മാനസമേ ശ്രീ–യേശുവെ ഭജ നീ
മതികെട്ടു പോകാതെ

## ചരണങ്ങൾ

൧
മന്നവമന്നവ–നുന്നത നായക
നന്ദനനാം മനു–വേലനെ എന്നും—

൨
ബേതലപുരിയതി–ലൊരു പശുശാലേ
യൂദജയായൊരു–നാരിയിൽ ജനിച്ചോൻ—

---

1. നിണം = രക്തം. 2. ആശിസ്സു = അനുഗ്രഹം.

൩

പാരിടരുടെ പര-മാധികൾ തീർപ്പാൻ
ശ്രുരതയേറിന-വേദന സഹിച്ചോൻ—

൪

യെരുശലെംനഗരിയി-ലുയിരു വെടിഞ്ഞു
ഒരു കുരിശതില-ങ്ങേറി മരിച്ചോൻ—

൫

നരകാരിക്ഷത-തീർത്തുടനെ മൃൻ
അരുൾപോൽ മൂന്നാം-ദിവസമുയിർത്താ

൬

നരരിപുവരനെ-ജയിച്ചതി ഘോഷം
പരമണ്ഡലമതി-ലേറിയിരിപ്പോൻ—

## ൩൭ ഖണ്ഡങ്ങൾ 37

൧ [നു

അഖിലേശനന്ദനനു-അഖിലാണ്ഡനായക
അഖിലഗുണമുടയോരു-പരമേശനു [വനു
ഇഹലോകമതിൽ മനുജ-മകനായിവന്ന-
സകലാധികാരമുള്ള-മനുവേലനു
ജയമംഗളം നിത്യ-ശുഭമംഗളം

൨ [ല്ലം

ദുരിതാഴിയതിൽ വീണു-പരിതാപമോടുഴ-
നരരോടുപെരുതായ-കരുണപൂണ്ടു [നടെ
കരളലിഞ്ഞുകനകതല-മതിൽമരുവുംതാത-
തിരുമാർവ്വ് വിട്ടോരു-മനുവേലനു
ജയമംഗളം നിത്യ-ശുഭമംഗളം

൩ [തലേം

ധരണിയതിലെളിയോരു നരനായി ബേ-
പുരിയിൽതിരുവവതാരം ചെയ്തുവന്നു [ളിൽ
പരിചോടുപന്തിരുവ-രോടുംയൂദനഗരിക-
തിരുമൊഴികൾ പൊഴിഞ്ഞോരു-മനുവേല
ജയമംഗളം നിത്യ-ശുഭമംഗളം [നു

൪ [യും

കുഷ്ഠരോഗങ്ങളെയും-പൊട്ടിയ കണ്കളെ-
മറ്റും പല ദീന-മുള്ളോരെയും
മുറ്റും സുഖമാക്കി-മൃത്യുവന്നോർകളെയും
പെട്ടെന്നുയിർപ്പിച്ച-മനുവേലനു
ജയമംഗളം നിത്യ-ശുഭമംഗളം

൫ [രിച്ചവന

ഘനപീഡ പൂണ്ടവനു-കാൽവരിയിൽ മ
ദിനമൂന്നിലുയിർത്തെഴുന്നു വന്ന പരനു [
കനകതലമെഴുന്നപിതൃ-വലമമർന്നമദ്ധ്യസ്ഥ
കനിവിനോടു ചെയ്യുന്ന-മനുവേലനു
ജയമംഗളം നിത്യ-ശുഭമംഗളം

൬ [ലിച്ചിടവെ

കാഹളങ്ങൾധ്വനിച്ചിടവെ-മേഘാഗ്നിജ
വേഗമോടു ദൂതഗണം-പാഞ്ഞു വരവെ
ലോകാവസാനമതിൽ-മേഘങ്ങളിൽ കോ
സൂര്യനെപ്പോലെ വരും-മനുവേലനു
ജയമംഗളം നിത്യ-ശുഭമംഗളം

൭ [ത്തിര

ശത്രുവാം സാത്താനെ-കെട്ടിവരിഞ്ഞാഴ-
ഇട്ടടച്ചു മുദ്രയും-വെച്ചനവനു [യിരമാ
1ഇദ്ധരയെ പുതുതാക്കി-ഭക്തരോടിങ്ങാ-
ണ്ടുത്തമമായ്വാഴുന്ന-മനുവേലനു
ജയമംഗളം നിത്യ-ശുഭമംഗളം

൮

പരമസുതരായോർക്കു-പാരിടമടക്കിയും
പരമസാലേംപുരി-പാരതിലിറക്കിയും
പരമസന്തോഷങ്ങൾ-പാരതിൽ വരുത്ത
പരിചോടു വാഴുന്ന-മനുവേലനു, [യു
ജയമംഗളം നിത്യ-ശുഭമംഗളം.

# CHRISTMAS LYRICS

# ക്രിസ്തുമസ് ഗീതങ്ങൾ

## ൩൮ ക്യാൽ 38

൧

ഇന്നു നമുക്കൊരുശിശു ജാതനായിതാ- ചിത്രം
ഇന്നു നമുക്കൊരുപുത്രൻ നല്കപ്പെട്ടല്ലോ

൨ [നു

ആധിപത്യംആയവൻതൻ തോളിലിരിക്കും
ആലോചനക്കാരനെന്നു തന്നുടെ നാമം

1. ഇദ്ധരയെ =ഈ ഭൂമിയെ.

൩ [സർവ്വ

തന്റെ നാമം അത്ഭുതൻ എന്നുമാകുന്നു—
ശക്തനായ ദൈവം നിത്യനായ പിതാവു

൪ [തന്റെ

ദാവീദിൻസിംഹാസനത്തിൻ മേലിരുന്നിട്ടും
രാജ്യമവസാനമില്ലാതെന്നുമിരിക്കും

൫ [തന്റെ

ന്യായമോടും നീതിയോടും താൻ ഭരിച്ചിട്ടും—
ആധിപത്യം വർദ്ധിച്ചിടും അന്തമില്ലാതെ

൬ [നിത്യം

ഹല്ലെലൂയ്യാ ഹല്ലെലൂയ്യാ ദൈവസുതന്നു—
ഹല്ലെലൂയ്യാ യേശുരാജന്നല്ലെലൂയ്യാമെൻ.

---

## ൩൯ ജാവളിമട്ടു 39

### ഖണ്ഡങ്ങൾ

൧

ന്നംപരസുതനംബരനായകൻ
എമ്മാനുവേലൊരു നാരിയാകും മറി—
ന്നുടെ ഓമന ബാലകനായവൾ—
മടിയിലിരുന്നാനല്ലൊ വിസ്മയം

൨

മന്നിൽ നരനുടെ വടിവു ധരിച്ചു
പിറന്നൊരു സുരവരനുടെ ജനനത്തെ
അംബരസുരഗണമിടയരോടറിയി—
ച്ചതിമോദിച്ചാരല്ലൊ വിസ്മയം

൩

ഇടയർ സുരർ ചൊല്ലിയ വാചകം
കേട്ടുടനോടിയ ബേതലഹെംപുര—
കുട്ടിലമർന്ന ശിശുവിനെ വന്നവർ
വന്ദനചെയ്താരല്ലൊ വിസ്മയം

൪

സേനകളിൻ പരനാം യഹോവാ പരി—
ശുദ്ധനെന്നും സുരർ വാഴ്ത്തിടവെ വന്നു
മാനിച്ചൌസേപ്പിന്നുടെ ഹിതവും
സാധിപ്പാൻ നിന്നല്ലൊ വിസ്മയം

൫

പാർസികളാകിയ ശാസ്ത്രികൾ വന്നൊരു
താരകമതിനുടെ വഴിയെ ഗണിച്ചവർ
പാർത്ഥിവനമ്പൊടു കാഴ്ചയെ വെച്ചവർ
തൃപ്പാദം കുമ്പിട്ടാർ വിസ്മയം

---

## ൪൦ നാട്ട ചായ്പ്താളം 40

൧

ആലെലൂയ്യാ— ആലെലൂയ്യാ—പാടി
ആകാശമൊക്കെ മുഴക്കി ദൂതർ
വലയാരംഭിച്ച നേരം—പരൻ
ആജ്ഞ കൊടുത്തപോൽ ആയ കാലം

൨

ആലെലൂയ്യാ ആലെലൂയ്യാ—കൊണ്ടു
വാനവർ വാനം ഞെട്ടക്കി മന്നാം
ബാലേമിൻപ്രബല ഭുവനെ വന്നു
മാനുഷനായി പിറന്ന നേരം

൩

ആലെലൂയ്യാ—ആലെലൂയ്യാ—സ്വരം
ആകാശം തന്നിൽ എഴുന്നു മന്നാം
ബലവെയടിമയാക്കി—മടി—
മയെപ്പരൻ നടത്തിയ നേരം

൪

ആലെലൂയ്യാ ആലെലൂയ്യാ—സ്തുതി
ആധിക്യമായിട്ടിരിക്കുമെന്നു
ഈലോകാലോകങ്ങളെല്ലാം—വെറും
നീറായി വെന്തൊഴിയുന്ന നാളിൽ

൫

ആലെലൂയ്യാ ആലെലൂയ്യാ—ഗീതം
ആനന്ദമായി വർത്തിക്കുമന്നു
ഈലോകാലോകങ്ങൾ രണ്ടും—നവ—
ലോകങ്ങളാക്കി പാർത്തിട്ടും അന്നു

൬

ആലെലൂയ്യാ ആലെലൂയ്യാ—പാടി
ആനന്ദം വാഴും പരിശുദ്ധന്മാർ
ചേലോടെ പാടിച്ചിഹത്തിൽ—പിന്നെ
നിത്യതയിൽ നീണ്ടുനീണ്ടിരിക്കെ.

## ൪൧ ഇംഗ്ലീഷ്

### പല്ലവി

മാട്ടിൻതൊഴുത്തിൽ പിറന്നിന്നാൾ
മഹത്വം നിറഞ്ഞ ജഗത്തിന്നധിപൻ—

### അനുപല്ലവി

ബേതലേം പുരത്തിൽ സ്വന്ത
മാത്തെ ത്യജിച്ചിട്ടുടമ്പും ധരിച്ചു— മാ

### ചരണങ്ങൾ

സ്വന്തമഹത്വം വെടിഞ്ഞിട്ടു
ക്ഷയിച്ച നരക്കുപ്പടച്ചവരന്തൻ
ചങ്കിന്നുരുക്കപ്പെരുക്കത്തെ
മരുക്കുപ്പടത്താൽ ധരിപ്പിപ്പതിനും
ഹന്ത! പരം വിട്ടിറങ്ങി വ-
ന്നവതരിച്ചു നൽ അതിശയം പര-
ന്നന്തങ്ങളിൽ മഹത്വവും
നിരപ്പും ജഗത്തിൽ മഹത്വം പരന്നും
തിണ്ണം മാനവക്കും ബന്ധം
ഭവിപ്പിച്ചിഹത്തിൽ പരന്നും നട്ടക്ക-
പ്പൊന്നൻ പോ[1]യുരഗദന്തം
സമസ്തം പിടിച്ചങ്ങടത്തിപൊടിപ്പാൻ—മാ

൨

ആട്ടിൻകാവലിട്ടിരുന്നിരു-
ന്നിടത്തിലടിയിക്കുദിച്ച വെളിച്ചം
കണ്ടുനിന്നവർ ഭയന്നപ്പോൾ
തെളിഞ്ഞമഹത്വസുരൻ സമ്മോദിച്ചു
ചൊന്ന ഗിരത്തിൻ പൊരുളെന്തെ-
ന്നെളുപ്പം തിരഞ്ഞപ്പുരത്തിൽ കടന്നി-
ട്ടുണ്ണിയേ നമിച്ചവർ ഒന്മേൽ
പുതഞ്ഞുള്ള വസ്ത്രപ്പുഴകത്തെ കണ്ടു
ചിന്തിച്ചാർ സുരന്റെ ചൊല്ലും
കുറിയും പെരുത്തു വിചിത്രം കിരസ്തു
[2]വേന്തൻ ദാവീദിന്റെ ജന്മ-
മിടത്തിലുദിച്ചെന്നറച്ചു ഘോഷിച്ചാർ—

൩

പുല്ലതിൽ കിടന്നുറങ്ങിയേ-
മ്മാനുവേൽ തൊഴുത്തിൽ തനിക്കുള്ള[3]ജങ്ങ
ഉള്ളം മദിച്ചു പിഴച്ചിട്ടു
അലഞ്ഞും വലഞ്ഞും ഉഴലുന്നേരത്തിൽ
നല്ല ഇടയൻ കനിഞ്ഞിട്ടു
അഹ്ലത്താലിരുട്ടിച്ചിരിക്കും ജഗത്തിൽ
നല്ലമനസ്സോടുദിച്ചിതാ
തൊഴുത്തിൽ തനിക്കുള്ളജത്തെ വരുത്തീ-
ട്ട[4]ല്ലലും ഹനിച്ചിട്ടിഷ്ടം
പെരുത്ത കുലത്തെ പരത്തിലിരുത്താൻ
ഹല്ലെലൂ തനിക്കു നിത്യം
പുകഴ്ച്ച മഹത്വം സമസ്തം ഇരിക്കും—

---

## ൪൨ പുന്നാഗവരാളി ആദിതാളം

### പല്ലവി

രാജരാജ ദൈവജാതൻ-യേശുമഹാരാജൻ താൻ—
നീചനീച മാനുഷരിൽ-ജാതനായ് ഭവിച്ചിന്നാൾ—

### ചരണങ്ങൾ

൧ രാജനാം ദാവീദുവംശെ-[5]ജാതയായ കന്യകയിൽ—
ദാസവേഷമോടു വന്നു-ജാതിപാലനം ചെയ്വാൻ—

൨ ഭീതി മാനുഷക്കകന്നു-മോദവൃത്തിയാകുവാൻ—
നീതിമാൻ മശിഹാ വന്നു-മേദിനിയിൽ ബേത്ലഹേ—

൩ കാനനത്തിലാടു മേച്ച-ജ്ഞാനമററിടയരോടു—
വാനസേന കൂടിവന്നു-[6]ഗാനമൊത്തു പാടുവാൻ—

൪ [7]താരകാന്തൽ ശോഭ കണ്ടു-ദൂരദേശരാജരും—
മൂരു പൊന്നു കുന്തുരുക്കം-കാഴ്ചവെച്ചു കാണുവാൻ—

---

1. ഉരഗദന്തം = സർപ്പത്തിന്റെ പല്ലു. 2. വേന്തൻ = രാജാവു. 3. അജങ്ങൾ = ആട്ടുകൾ. 4. അല്ലൽ = ദുഃഖം. 5. ജാതയായ = ജനിച്ചവളായ. 6. ഗാനം = പാട്ടുകൾ.
7. താരകാന്തൽ ശോഭ = നക്ഷത്രത്തിന്റെ പ്രകാശം.

൬. നാരിയിൽ പിറന്ന ദേവ–നേറെ വേദന സഹിച്ചു
പാരിടത്തിൽ വന്നു ചത്തു–യിർത്ത വിസ്മയം വരം—രാജരാജ ദൈവജാതൻ

---

## ൪൩ ഹിന്ദുസ്ഥാൻ ആദിതാളം 43

### പല്ലവി

അതിമംഗല കാരണനേ!
സ്തുതിതിങ്ങിയ പൂരണനേ!–നരർ

### അനുപല്ലവി

വാഴ്‌വാൻ വിണ്ണ് തുറന്നുഴിയിൽ പിറന്ന
വല്ലഭതാരകമേ— അതി

### ചരണങ്ങൾ

൧ മതിമങ്ങിയ ഞങ്ങളെയും വിധിതിങ്ങിയോർ തങ്ങളെയും–നിന്റെ
മാ മഹത്വം ദിവ്യ–ശ്രീത്വവും കാട്ടുവാൻ വന്നോ [2]പുംഗവനേ— അതി

൨ മുടിമന്നവർ മേടയെയും–മഹാ ഉന്നത വീടിനെയും–വിട്ടു
മാട്ടിടയിൽ പിറ–ന്നാട്ടിടയർ തൊഴാൻ–വന്നുവോ ഈ തറയിൽ— അതി

൩ തങ്കക്കട്ടിലുകൾ വെടിഞ്ഞു–പശുത്തൊട്ടിയതിൽ കിടന്നു–ബഹു
കാറ്റുമഞ്ഞിൻകഠി–നത്തിലുൾപ്പെട്ടു മാ–കഷ്ടം സഹിച്ചുവോ നീ— അതി

൪ ദുഷ്ടവൈഗുണ്യം ഓട്ടുവാനും–ശിഷ്ടർവാഗ്ഗുണം പാടുവാനും–നിന്നെ
പിന്തുടരുന്നവർ–തുമ്പമെന്ന്യേ വാഴാൻ–ഏറെ നിൻ കോലമിതോ— അതി

൫ എല്ലാ പാപങ്ങളകലാൻ–ജീവദേവവരം ലഭിപ്പാൻ–ഒരം നിൻ
പാദങ്ങളെന്ന്യേ വേറൊന്നും–പുംഗവാ നിന്തിരു–മേനിക്കു കണ്ടീലയോ— അതി

---

## ൪൪ ചെഞ്ചുരുട്ടി ആദിതാളം 44

൧ [വാൻ
നരർ രക്ഷപെടുവാൻ–തിരുജീവൻവെടി–
ധരണിയിൽ യേശുദേവൻ
വന്നാൻ വന്നാൻ— നെഞ്ചേ

൨
വാനത്തിൻരാജൻ–സേനകൾക്കീശൻ
ജ്ഞാനസൽഗുരുനാഥൻ
വന്നാൻ വന്നാൻ— നെഞ്ചേ!

൩
ദൈവപിതാവിൻ–ദിവ്യകുമാരൻ
ഭൂവിൽ തൻ ഹിതം ചൊല്ലാൻ
വന്നാൻ വന്നാൻ— നെഞ്ചേ!

൪
മൃത്യു ഇല്ലാത്തോൻ–നിത്യനും ആയോൻ
മർത്യനായ് പാരിടത്തിൽ
വന്നാൻ വന്നാൻ— നെഞ്ചേ!

൫
ശാപങ്ങൾ തീർപ്പാൻ–വാഴ്വ്വും ചേർപ്പാൻ
ദേവൻ മനുഷ്യനായി
വന്നാൻ വന്നാൻ— നെഞ്ചേ!

൬
ആശയ്ക്കു യോഗ്യൻ–യേശു എൻ പ്രിയൻ
മോശ നാശങ്ങൾ തീർപ്പാൻ
വന്നാൻ വന്നാൻ— നെഞ്ചേ

---

1. വരം = ശ്രേഷ്ഠം.
2. പുംഗവൻ = ശ്രേഷ്ഠൻ.

## ൪൫ ആഹരി ആദിതാളം 4

൧

അത്ഭുതനേ യേശുനാഥാ,
അത്യുന്നതാ ദൈവസുതാ സ്വാമീ— ഭവാൻ
അടിമയെപ്പോൽ പുൽക്കൂട്ടിൽ
അവതരിച്ചതതിശയമേ നാഥാ !

൨

ആക്കം അടുപ്പാൻ [1]അരിതാം
ആനന്ദമോക്ഷമഹിമ എല്ലാം—ഭവാൻ
ആകവെ വിട്ടിട്ടു വന്നു
യാചകനെപ്പോലുദിച്ചോ ? നാഥാ

൩

ഉന്നതാ ! മഹേശ്വരനേ !
ഉൾക്കരുണ ഏറിയതാലല്ലോ—ഭവാൻ
ഉള്ള പ്രഭാവം വെടിഞ്ഞു
പുല്ലിലുറങ്ങാൻ തുനിഞ്ഞു നാഥാ!

൪

എണ്ണമെന്യേ ദൂതസംഘം [വാ
എന്നും നിന്നെ കീർത്തിച്ചല്ലോ-സ്വാമീ—
എങ്ങും വ്യാപിയായിരിക്കെ
എന്നെപ്പോൽ ജഡം ധരിച്ചോ നാഥാ !

൫

ഓടിവന്നോ എൻ നിമിത്തം [ഭവാ
ഓർത്തലിഞ്ഞോ നിൻ മനമെൻ-സ്വാമീ—
ഓരടിമ പോൽ നിലത്തിൽ
[2]ഓമനയില്ലാതെ പള്ളികൊണ്ടോ ?

---

## ൪൬ പരാളി ആദിതാളം 4

൧ [ദേവൻ

അത്ഭുതംകേളത്ഭുതം കേൾ-[3]ദേശികരേ
ഈ ഭുവി പിറന്ന ചെയ്തി-ആലെല്ലൂയ്യാ

൨ [സ്വർഗ്ഗ

ആട്ടിടയരാം ഞങ്ങൾക്കു-ദേശികരേ-
കൂട്ടമെല്ലാം കാണപ്പെട്ടോർ-ആലെല്ലൂയ്യാ

൩ [കാവൽ

പാർത്തു ഞങ്ങളാട്ടിൻകൂട്ടം-ദേശികരേ-
കാത്തുകൊണ്ടു നില്ക്കുന്നേരം-ആലെല്ലൂയ്യാ

൪

കർത്തൃതേജസ്സു ജ്വലിച്ചു-ദേശികരേ-ഞങ്ങൾ
എത്രയും പരിഭ്രമിച്ചു-ആലെല്ലൂയ്യാ

൫ [നിങ്ങൾ

ദൂതവാക്യമപ്പോളുണ്ടായ് ദേശികരേ-
ഭീതിപോക്കിയാലുമെന്നു-ആലെല്ലൂയ്യാ

൬ [എങ്ങും

നല്ല വാർത്ത കൊണ്ടുവന്നേൻ-ദേശികരേ-
[4]കല്യമോദമുത്ഭവിക്കും-ആലെല്ലൂയ്യാ

൭ [യിന്നു

രക്ഷകനേകൻ നിങ്ങൾക്കു-ദേശികരേ-
ഇക്ഷിതിയിൽ ജാതനായി-ആലെല്ലൂയ്യാ

൮ [ക്രിസ്തു

ദാവീദിൻെറ പട്ടണത്തിൽ-ദേശികരേ-
ദേവനവതാരനായി-ആലെല്ലൂയ്യാ

൯ [സ്തുത

ഉന്നതത്തിൽ ദൈവത്തിനു-ദേശികരേ-
എന്നുമെ മഹത്വം കീർത്തി-ആലെല്ലൂയ്യാ

൰ [

മേദിനിയിൽ സമാധാനം-ദേശികരേ-ന
ജാതികൾക്കൊക്കെ സംപ്രീതി-ആലെല്ലൂയ്യാ

൧൧ [സ്വർഗ്ഗ

സ്തോത്രഗീത[5]മേവം പാടി-ദേശികരേ-
കർത്തൃദൂതർ പോയശേഷം-ആലെല്ലൂയ്യാ

൧൨ [ദൂത

ചെന്നവിടെ കണ്ടു ഞങ്ങൾ-ദേശികരേ-
ചൊന്നലക്ഷ്യം സൂക്ഷ്മംതന്നേ-ആലെല്ലൂയ്യാ

൧൩ [നിങ്ങൾ

ഉത്തമഗീതങ്ങൾ പാടി-ദേശികരേ-
[6]ആത്തമോദം പാർത്തിടുവിൻ-ആലെല്ലൂയ്യാ

൧൪ [

ആലെല്ലൂയ്യാ വാനം ഭൂമി! ധർമ്മസൂര്യൻ-
മേലിൽനിന്നിറങ്ങി ചിത്രം-ആലെല്ലൂയ്യാ

---

1. അരിതാം = കഴിയാത്തുള്ള. 2. ഓമനയില്ലാതെ = വിശേഷതയില്ലാതെ. 3. ദേ
ശികർ = ഗുരുക്കന്മാർ. 4. കല്യമോദം = വലിയ സന്തോഷം. 5. ഏവം = ഇപ്രകാ
രം. 6. ആത്തമോദം = ബഹുസന്തോഷം.

# THE PASSION

# കഷ്ടാനുഭവം

## ൪൭ ഉശേനി ആദിതാളം 47

൧ മറ്റദിവസം മറിയമകൻ
യെരൂശലേമിൽ വരുന്നുണ്ടെന്നു
അറിഞ്ഞു ബഹു ജനമവനെ
എതിരേല്പാൻ പുറപ്പെട്ടു പോയ്

൨ ഈന്തപ്പന കുരുത്തോലകൾ
ചേർത്തു കയ്യിൽ എതിരേറ്റു
ചീർത്തമോദം പൂണ്ടവനെ
വാഴ്ത്തി മഹാനന്ദത്തോടെ

൩ മന്നവനാം ദാവീദിന്റെ
നന്ദനനു ഹോശയന്നാ!
ഉന്നതങ്ങളിൽ ഹോശന്നാ
എന്നട്ടഹാസിച്ചു ചൊല്ലി

൪ കർത്താവിന്റെ തിരുനാമത്തിൽ
വരുമിസ്രായേലിൻ രാജാവു
വാഴ്ത്തപ്പെട്ടോനാകയെന്നു
ആർത്തവർ കീർത്തിച്ചീടിനാർ

൫ കഴുതക്കുട്ടി കണ്ടിട്ടേശു
കയറിയതിന്മേലിരുന്നു
അരുതു ഭയം നിനക്കേതും
പരമസീയോന്മല മകളേ!

൬ കണ്ടാലും നിന്മഹിപൻ
കഴുതക്കുട്ടിപ്പുറത്തു കേറി-
കൊണ്ടുവരുന്നെന്നെഴുതീ-
ട്ടുണ്ടതുപോൽ നിവൃത്തി വന്നു

൭ പരമനോടു കൂടെ വന്ന
പുരുഷാരം മുന്നടന്നു
മരിച്ചവരിൽ നിന്നവൻ ലാ-
സറിനെ നാലാംദിനമുണർത്തി

൮ എന്നു സാക്ഷി പകർന്നിരുന്നാ-
രെന്നതു കേട്ടുടൻ ജനങ്ങൾ
വന്നു മഹാനന്ദത്തോടു
മന്നവനെ എതിരേറ്റു

൯ അരിശം പൂണ്ടു പരീശർ തമ്മിൽ
പറഞ്ഞു നമുക്കൊരു ഫലവും
വരുന്നില്ലെന്നു കണ്ടോ ലോകം
അവനോടിതാ ചേർന്നുപോയി!

൰ അഴകിയൊരു മണവാളനെ
കഴലിണയെ കരുതിവന്ന
അഴകിനാറ്റമിപ്പുഴതിയാളെ
കഴുകി നിന്റെ കാന്തയാക്ക!

---

## ൪൮ പുന്നാഗവരാളി മുറിയടന്തതാളം 48

പല്ലവി

പരമതനയനാകും-യേശുദേവനേറവും
പരിഭ്രമിച്ചും വലഞ്ഞും വ്യസനപ്പെട്ടും തുടങ്ങി

ചരണങ്ങൾ

൧ മരണംവരെയുമെന്റെ-ദേഹി മഹാ ദുഃഖത്തിൽ
മരുവുന്നെന്നോടുകൂടെ-നിങ്ങളുണർന്നിരിപ്പിൻ— പരമ

൨ എന്നവരോടു ചൊല്ലി-മുന്നോട്ടല്പം ചെന്നുടൻ
മണ്ണിൽ മുഖം കവിണ്ണു-വീണു പ്രാർത്ഥിച്ചാനേശു— പരമ

൩ കഴിയുമെന്നാലാനേരം-ഒഴിഞ്ഞു നീങ്ങിപ്പോകേണം
കഴിയുമെ നിന്നാലെല്ലാം-അബ്ബാ പിതാവേ! താതാ!— പരമ

൪ ഇപ്പാനപാത്രമെന്നിൽ-നിന്നു നീക്കിക്കൊള്ളുക
അബ്ബാ പിതാവേ! പരി-ശുദ്ധമുള്ള ദൈവമേ!— പരമ

൫ എന്നാലുമെന്നിച്ഛയിൻ–വണ്ണമല്ല പിതാവേ
നിന്നിച്ഛയിൻവണ്ണമാ–കുന്നതു നല്ലതെന്നാൻ— പരമ

൬ വാനിൽനിന്നൊരു ദൈവ–ദൂതനേശുനാഥനു
കാണായ്വന്നിതന്നേരം–അവനെ ശക്തിപ്പെടുത്താൻ— പരമ

൭ അത്യാസന്നസ്ഥിതിയി–ലായി വന്നോരളവിൽ
അത്യന്ത ശ്രദ്ധയോടെ–പ്രാർത്ഥിച്ചാൻ യേശുദേവൻ— പരമ

൮ തിരുമേനിയിൽനിന്നയ്യോ–കറയില്ലാത്ത വിയർപ്പു
തറയിൽ വീണു വലിയ ചോരത്തുള്ളികൾ പോലെ— പരമ

൯ ഇപ്പാട്ടുകളെല്ലതി–നിപ്പാപിയല്ലോ ഹേതു
ഇപ്പുണ്യത്തിന്നീടാമോ?–ഇപ്പോഴ് നിന്നടിമ– പരമ

---

## ൪൯ ക്യാൽ ആദിതാളം 49

### പല്ലവി

ഹാ! എന്തിപ്പാടയ്യോ! ഞാൻ
എന്തു തരുവേൻ ഇതിന്നീടയ്യോ!

### അനുപല്ലവി

ആനന്ദക്കാതലേ! പിഴ–
യാളികൾക്കു മോക്ഷവാതിലേ!

### ചരണങ്ങൾ

ഗത്ത്ശമനസ്ഥലേ പോവതും–അതിൻ
കുതുകപ്പൂങ്കാവനേ മേവതും
അത്ഭുതനേ മനം നോവതും–ഉള്ളിൽ
അളവില്ലാ ദുഃഖം അതാവതും—

൨

മുഴങ്കാൽ കുത്തിനിന്നു താണതും–മുഖ
മടങ്ങു മുഖം താഴ്ത്തി വീണതും
നടുങ്ങി മനം നൊന്തു കേണതും–മനം
കലങ്ങി തപിച്ചേറ്റം വാണതും—

൩

അപ്പാ പിതാവേ! വിളിച്ചതും–ക്ലേശം
അകലെച്ചെയ്യേണമെന്നപേക്ഷിച്ചതും
അപ്പിതാവിഷ്ടം ഉരച്ചതും–ഒരു
1സ്വർഗ്ഗ്യമാൻ ആശ്വസിപ്പിച്ചതും—

൪

ആത്മം 2പരിക്ലേശം കൊണ്ടതും–ചോര–
യോടൊപ്പം വിയർപ്പുടൻ പൂണ്ടതും
ശാന്ത്യം തികച്ചെല്ലാമാണ്ടതും–തന്റെ
ദാസർ വിശ്വാസം കൈക്കൊണ്ടതും—

---

## ൫൦ ഇംഗ്ലീഷ് രൂപകതാളം 50

൧

അയ്യയ്യോ! മഹാ ആശ്ചര്യം ഇതയ്യോ!
യേശുദേവൻ, പ്രിയ നാഥൻ :—
നില്ക്കുന്ന ഭാവത്തെ നോക്കി ചിന്തചെയ്വിൻ

൨

പുഴവാം–പീലാത്തോസിൻ മുമ്പിലതാ!
പുണ്യനാഥൻ–പൂർണ്ണദേവൻ :—നില്ക്കുന്ന

൩

ആട്ടപോൽ–അനങ്ങാതെ പൊന്നുടയോൻ
പാട്ടനേടാൻ–നമ്മെ നേടാൻ:—നില്ക്കുന്ന

൪

തിരുവുൾ–ഇരിപ്പെന്തിതാക്കറിയാം?
ദേവജാതൻ ഭുവിൻ നാഥൻ :—നില്ക്കുന്ന

൫

ജഗത്തിൻ–പാപഭാരത്താൽ ഞെരങ്ങി
സ്വർഗ്ഗനാഥൻ–ഉൾക്കലങ്ങി :—നില്ക്കുന്ന

൬

നിനക്കായ്–കേൾക്ക കല്ലാം പാപി നെഞ്ചേ
നിർമ്മലൻ താൻ–നിത്യദേവൻ !— നില്ക്കുന്ന

1. സ്വർഗ്ഗ്യമാൻ = സ്വർഗ്ഗത്തിൽനിന്നൊരു പുരുഷൻ. 2. പരിക്ലേശം = വലിയ ദുഃഖം.

## ൫൧ ആഹരി ആദിതാളം 51

### പല്ലവി

എങ്ങോ ചുമന്നുപോകുന്നു ?–കുരിശുമരം
എങ്ങോ ചുമന്നുപോകുന്നു ?

### ചരണങ്ങൾ

൧ എങ്ങോ ചുമന്നുപോകുന്നിങ്ങീ–കാനലിൽ നിന്റെ
അംഗം മുഴുവൻ തളൎന്നയ്യോ !–എൻ യേശുനാഥാ— എങ്ങോ

൨ പാപികളാലെ വന്ന–ഭാരച്ചുമടോ ? ഇതു
ദേവാ നിൻ തോളിലേറ്റു–1വേവല്ലെടുന്നതും നീ— എങ്ങോ

൩ ഭാരം വഹിപ്പാനേതും–2കായബലമില്ലാതെ
പാരം പരിശ്രമപ്പെ–ട്ടായാസത്തോടു കൂടെ— എങ്ങോ

൪ കൈകാൽ തളൎന്നും ഇരു–കണ്ണുകൾ ഇരുണ്ടും നിന്റെ
3മെയ്ക്കാന്തി വാടി ഏറ്റം–നാവും വരണ്ടും അയ്യോ !— എങ്ങോ

൫ കഷ്ടമീദ്രോഹികളാൽ–കഷ്ടപ്പെട്ടതു കണ്ടാൽ
പൊട്ടും മനം എൻ ദോഷം–കൂടെ എടുത്തുംകൊണ്ടു— എങ്ങോ

൬ വെച്ചും വിറച്ചും അടി–വെച്ചും പോകവെ ഒരു
വീഴ്ചകൂടാതെ ശീമോൻ–താനും പിന്തുടൎന്നുകൊ— ണ്ടെങ്ങോ

൭ മാതാവാ4തുരാ തന്റെ–ജാതി ജനങ്ങളോടും
മായമില്ലാതെ നാരി–കൂട്ടം വിലാപമോടും— എങ്ങോ

൮ കൊല്ലാനോ നിൻ ദേഹത്തെ ?–5വെല്ലാനോ മരണത്തെ ?
എല്ലാ പാപങ്ങളെയും–ഇല്ലാതെ ആക്കുവാനോ ?— എങ്ങോ

൯ കുറ്റക്കള്ളർ നടുവിൽ–കൊണ്ടു തൂക്കീടുവാനോ ?
ചണ്ഡാളന്മാരെ ഒക്കം–തലയോട്ടിൻ മേട്ടിന്നോ ?— എങ്ങോ

൰ നാശവിനാശനാ ! സ–ൎവ്വേശൻ യേശുവേ ! നിന്റെ
ദാസർ നാശം ഒഴിവാൻ–ഭാരം ചുമടും എടുത്തു— എങ്ങോ

## ൫൨ ആനന്ദഭൈരവി ആദിതാളം 52

### പല്ലവി

ദേവ ദേവ നന്ദനൻ–കുരിശെടുത്തു
പോവതു കാണ്മിൻ പ്രിയരേ !

### അനുപല്ലവി

കാവിലുണ്ടായ ശാപം–പോവാനിഹത്തിൽ വന്നു
നോവേറ്റു തളൎന്നയ്യോ–ചാവാനായ് ഗോല്ഗോഥാവിൽ— ദേവ

### ചരണങ്ങൾ

൧ പരമപിതാവിനുടെ–തിരുമാൎവ്വിലിരുന്നവൻ
പരമഗീതങ്ങൾ സദാ–പരിചിൽ കേട്ടിരുന്നവൻ— ദേവ

1. വേവല്ലെടുക = മഹാ പ്രയാസത്തിലാക. 2. കായം = ദേഹം. 3. മെയ്ക്കാന്തി = ദേഹശോഭ. 4. ആതുരാ = പരവശാ. 5. വെല്ലാനോ = ജയിപ്പാനോ.

പരമദ്രോഹികളാകും-നരരിൽ കരമലിഞ്ഞു
സർവ്വമഹിമയും വി-ട്ടുർവ്വിയിങ്കൽ വന്നയ്യോ— ദേവ

൨ കുററമററവൻ കനി-വററ പാതകനാലെ
ഒററപ്പെട്ടു ദുഷ്ടരാൽ-കെട്ടി വരിയപ്പെട്ടു
ദുഷ്ടകൈകളാലടി-പെട്ടുഴുത നിലംപോൽ
കഷ്ടം തൻ തിരുമേനി-മുററും ഉഴന്നു വാടി— ദേവ

൩ തിരു[1]മുഖാംബുജമിതാ-അടികളാൽ വാടീടുന്നു
തിരുമേനിയാകെ ചോര-ചുടുചുട ഒലിക്കുന്നു
[2]അരികളിന്നരിശമോ-കുറയുന്നില്ലല്പവുമേ
കുരിശിൽ തറയ്ക്കയെന്നു-തെരുതെരെ വിളിക്കുന്നു— ദേവ

൪ കരുണ തെല്ലുമില്ലാതെ അരികൾ ചുഴന്നുകൊണ്ടു
ശിരസ്സിൽ മുൾമുടിവെച്ചു-തിരുമുഖം തുപ്പി ഭാര-
കുരിശങ്ങെടുപ്പിച്ചയ്യോ-കരയേറീടുന്നിതാ കാൽ-
വരിമലയിങ്കൽ തന്നെ-കുരിശിച്ചീടുവാനായി— ദേവ

൫ കുററമററവൻ പാപ-പ്പെട്ടവൻപോൽ പോകുന്നു
ദുഷ്ടർ കൂട്ടം ചുഴന്നു-ഘോരം പങ്കം ചെയ്യുന്നു
പെററ മാതാവങ്ങയ്യോ-പൊട്ടിക്കരഞ്ഞീടുന്നു
ഉററ നാരിമാർ-കൂട്ടം എത്രയുമലറുന്നു— ദേവ

൬ എത്രയും കനിവുള്ള-കർത്താവേ! ഭർത്താവേ! ഠരം
ചത്ത ചെള്ളാം പാപിമേ-ലെത്ര സ്നേഹം നിനക്കു
കർത്താവേ! നീ നിന്റെ രാ-ജ്യത്തിങ്കൽ വരുമ്പോൾ ഈ
ഭൃത്യനെയും കൂടെയ-ങ്ങോർത്തുകൊണ്ടീടേണമേ— ദേവ

---

## ൫൩ കർണ്ണാടകം ആദിതാളം 53

൧ ദൈവമേ! എൻ ദൈവമേ!
എന്നെ നീ കൈവിട്ടതു
എന്തിനെന്നിമ്മാനുവേൽ
സന്താപാൽ വിളിച്ചിതു

൨ സൂര്യശോഭ മറിപ്പോയ്
രാത്രിപോൽ മദ്ധ്യാഹ്നമായ്
ക്രിസ്തുനാഥൻ പാപിക്കായ്
ക്രൂശിൽ തൂങ്ങുന്നയ്യയ്യോ

൩ നന്മ ചെയ്വാനോടിയ
നാഥാ നിൻ തൃപ്പാദങ്ങൾ
വന്മുറിവുകൊണ്ടൊരാണി-
യിൽ പതിഞ്ഞു തൂങ്ങുന്നു

൪ സ്വസ്ഥം തന്ന യേശുവിൻ
തൃക്കൈകൾ രണ്ടാണിയാൽ
മർത്ത്യപാപത്തിൻ നിമിത്തം
ചേർത്തറഞ്ഞു തൂങ്ങുന്നു

൫ പാറകൾ പിളക്കുന്നു
പാരിടം കുലുങ്ങുന്നു
കീറി തിരശ്ശീലയും
മേലിൽനിന്നു കീഴററം

൬ പാപിയേ നിൻ പാപത്താൽ
പുണ്യനാഥൻ യേശു താൻ
പാരിന്നും പരത്തിന്നും മ-
ദ്ധ്യേ മരത്തിൽ തൂങ്ങുന്നു

൭ നിന്റെ പേർക്കു ചാകുവാൻ
നില്ക്കുന്നുണ്ടു ക്രൂശിന്മേൽ
തന്റെ ശാന്തം കാണ്ക പാപി
താണ്മയുള്ളൊരാടുപോൽ

൮ നമ്മുടെ സ്രഷ്ടാവിവൻ
സർവ്വലോകനാഥൻ താൻ
നമ്മുടെ പാപം ചുമന്നു
നില്ക്കുന്നയ്യോ ക്രൂശിന്മേൽ

---

1. മുഖാംബുജം = മുഖമാകുന്ന താമരപ്പൂവ്. 2. അരികൾ = ശത്രുക്കൾ.

൯ മന്നവാ എൻ യേശുവേ! | നിൻെറ പുണ്യത്തിൽ ഒരംശം
എന്നെ ഓർത്തുകൊള്ളുകേ | എൻെറ രക്ഷയാക്കുകേ.

---

## ൫൪ ശങ്കരാഭരണം ആദിതാളം 54

### പല്ലവി

സത്യഗുരോ യേശുനാഥാ! സർവ്വപുണ്യനേ
നിത്യരക്ഷ തൻമൃത്യുവാൽ സമ്പാദിച്ചോനേ

### ചരണങ്ങൾ

൧ മാനുഷരെ രക്ഷിപ്പാനായ്—മാന്യം വെററത്ത
മാനുഷവേഷം എടുത്ത—മഹാ ദൈവമേ!— സത്യ

൨ ഭൂതലത്തിൽ സഞ്ചരിച്ചു—ഭക്ഷണം ചെയ്തു
ഭൂമിയിൽ നന്മ നിറച്ച—ഭാഗ്യ കർത്താവേ!— സത്യ

൩ ഇഷ്ടമുള്ള ദൈവപുത്രൻ—ദുഷ്ടന്മാർക്കായി
കഷ്ടപ്പെട്ടരിഷ്ടം നീക്കി—സംപൂർണ്ണമായി— സത്യ

൪ ശത്രുക്കൂട്ടം മശിഹായെ—[1]വ്യാഘ്രങ്ങൾ പോലെ
യാത്രയായി രക്ഷകനെ—ഉപദ്രവിപ്പാനായ്— സത്യ

൫ ചെന്നു അവർ അന്നേരം—ചെയ്തു ദോഷങ്ങൾ
പിന്നെ ഏവർ ചൊല്ലിതീക്കും അദ്ഭുതങ്ങൾ— സത്യ

൬ ചിത്തു ചെല്ലു ഹാസ്യം ചൊല്ലി—വൈരാഗ്യം പൂണ്ട
പാത്തലത്തിൽ മർത്ത്യർ പരി—ഹാസങ്ങൾ ചൊന്നാർ— സത്യ

൭ മെയ്യിങ്കലേററ ദണ്ഡങ്ങൾ—മ്ലേച്ഛന്മാർ മൂലം
കയ്യാലും കോലാലും എത്ര—യോ അഹോപാരം— സത്യ

൮ [2]ഖലന്മാർ വിടിച്ചീശോയെ കള്ളനെപ്പോലെ
കലഹത്തിൽ ബലത്തോടു—വലിച്ചതുപോലെ— സത്യ

൯ പിന്നെ അവർ യേശുവിനു—പീഡകൾ ചെയ്തു
അന്നാസിൻ മുമ്പിൽ കൊണ്ടു നി—റുത്തി അന്നേരം— സത്യ

൧൦ മേല്പട്ടക്കാരനവൻ താൻ—അക്കാലത്തിങ്കൽ
തല്പരനീശോയോടേറെ—ചോദ്യങ്ങൾ ചെയ്തു— സത്യ

൧൧ സകലേശൻ അരുൾചെയ്തു—സാവധാനത്തിൽ
അകലെ നിന്നൊരു ഖലൻ—അടിച്ചന്നേരത്തിൽ സത്യ

൧൨ തന്മുഖത്തിങ്കലും തുപ്പി—ചെയ്തു, കഷ്ടമഹോ
ജന്തുവോടിതു ചെയ്യുമോ—നീചമാനുഷർ— സത്യ

൧൩ ദൈവസുതൻ പൊന്തിയുപീ—ലാത്തൻ മുമ്പാകെ
ചെന്നു പല പാടുപെടാ—നും മനസ്സായി— സത്യ

൧൪ കുരിശിലപ്പോൾ ഈശോയെ—ക്രൂശിപ്പാനായി
വൈരികൾക്കനുവാദം കൊടു—ത്താനവനുടൻ— സത്യ

൧൫ വലിയ തടിയാം കുരിശു—വഹിപ്പതിന്നായി
ബലാല്ക്കാരം ചെയ്താരവർ—യേശുനാഥനെ സത്യ

---

1. വ്യാഘ്രങ്ങൾ = കടുവാകൾ. 2. ഖലന്മാർ = ദുഷ്ടന്മാർ.

൧൬ ചെന്നു പരൻ ഗോൽഗോഥായിൽ-ക്രൂശിനെക്കൊണ്ടു
വന്നു അപ്പോൾ ഘാതകന്മാർ-ക്രൂശിപ്പാനായ്— സത്യ

൧൭ ആണി തറച്ചുടനെ തൂക്കി-ആലോകർ കൂടി
മാനഹീനം ഭാഷിച്ചു നാ-നാവിധത്തിങ്കൽ— സത്യ

൧൮ കുരിശും പൊക്കി നിറുത്തി-പാറയിലയ്യോ
ഞരമ്പുവലി ദുഃഖമോ-ഇതു താൻ പൊയ്യോ— സത്യ

൧൯ ബുദ്ധിയററ സൃഷ്ടികളും-സൂര്യ്യാദികളും
ബദ്ധതയോടു തുടങ്ങി-പ്രലാപിച്ചഹോ— സത്യ

൨൦ കല്ലുകളും പൊട്ടി ഹാഹ-ദുഃഖത്താൽ യഥാ
കല്ലിച്ച മനസ്സേ നീയും-ചെയ്യായോ തഥാ— സത്യ

൨൧ എൻ ദോഷത്താലല്ലയോ കാരുണ്യനാഥനേ
നിൻ ദേഹി ദേഹത്തിങ്കൽ ഠരം-ബാധകളേററു— സത്യ

൨൨ ഭാര ദുഃഖ മൃത്യു ഇവ-എക്കാലത്തിലും
സാരമായോക്ക മനമേ-എൻ ജീവനാന്തം— സത്യ

൫൫ ആഹരി ആദിതാളം 55

പല്ലവി

കണ്ടോ-കുരിശുമരത്തിൽ-മശിഹാ തൂങ്ങി
കൊണ്ടു മരിച്ചു നിലത്തിൽ—

ചരണങ്ങൾ

൧ അക്രമത്താൽ നരകെ-ഒക്കെയും വീഴുമെന്നു
ദുഃഖം മനസ്സിൽ തിങ്ങി-മെയ്യും മുറിവതേററു— കണ്ടോ!

൨ സകല ഭുവനമൊരു-1ശകലപ്രമാണമുള്ളോൻ
അഖില വാസികൾ-ക്കൊരു-ഗതി വരുത്തീടാനിന്നു— കണ്ടോ!

൩ നാവും വരണ്ടു ദാഹം-നോവുംകൊണ്ടുടൽ തള-
ന്നാകാശഭൂമദ്ധ്യേ 2നിരാധാരം തൂങ്ങുന്നതും— കണ്ടോ.

൪ 3ജ്യോതിർമ്മയനവൻെറ-വേദന സഹിയാഞ്ഞോ
ആദിത്യനും വിറെച്ചു-ഖേദംപൂണ്ടിരുക്കുന്നു— കണ്ടോ!

൫ തന്മാർവ്വിൻ മുറിവിൽ നി-ന്നിന്നിലത്തിൽ/ചൊരിഞ്ഞ
പൊൻകുരുതി ജലത്തി-ന്നെന്തു പകരമുണ്ടു ? കണ്ടോ!

൬ എൻ ആത്മസ്നേഹിതാ നീ-നിൻപുണ്യത്താലടിയ-
ന്നെൻ പാപത്തിൻ മോചനം-തന്നനുഗ്രഹിച്ചാലും— കണ്ടോ!

൫൬ തോടി ആദിതാളം 56

പല്ലവി

വീണാൾ സീയോൻകുമാരി-താണാളഴലാഴിയിൽ
പ്രാണനാഥൻെറ തിരു-മേനി ക്രൂശിന്മേൽ കണ്ടു—വീണാൾ

1. ശകലപ്രമാണമുള്ളോൻ = സാരമില്ല എന്നു വിചാരിക്കുന്നവൻ. 2. നിരാധാ-
രം = താങ്ങുകൂടാതെ. 3. ജ്യോതിർമ്മയൻ = പ്രകാശരൂപൻ.

## അനുപല്ലവി

കാണുന്നിതാരയ്യോ എൻ—പ്രാണനാഥനോ ക്രൂശിൽ
ആണിമേൽ തൂങ്ങുന്നിതെ—ന്നാനന്ദമോ
ഞാനിനി പോകുന്നിതെങ്ങോ—ഇടം
കാണുന്നില്ലെനിക്കയ്യോ—കാണുന്നില്ലേ
മനുവേലനേ! യെന്നെ താനേ വിട്ടുനീ പോയോ
മാനസത്തിങ്കലിടി—വീണേയെന്നങ്ങലറി— വീണാൽ

## ചരണങ്ങൾ

൧ മന്നാ! കൃപാക്കടലേ!—എന്നുള്ളുരുകുന്നേ
എന്നെയൻപോടു നോക്കി—ടുന്നതാലെ
എന്നിൽ പ്രേമത്തീയയ്യോ—നന്നായി ജ്വലിപ്പിക്കും തൃ-
ക്കണ്ണെന്തയ്യോ തിരു മുൻ—വന്നു നിന്നു
കുന്നുപോലും നോക്കാതെ—നന്നായടച്ചിരിക്കു-
ന്നെന്നങ്ങവൾ ചൊല്ലിയും—കണ്ണീർ ചൊരിഞ്ഞുംകൊണ്ടു— വീണാൽ

൨ അരുമയോടെന്നെ മുത്തും—തിരുവായിൽ നിന്നൊഴുകി
വരുന്ന തേനും പാലുമാം—പരമ ഭോജ്യം
പരിപൂർണ്ണമായെന്നിൽ ദാഹം—വിരവോടൊഴിച്ചെന്നുള്ളിൽ
പരമാനന്ദം തരുമെ—പരമ കാന്താ!
അരുമകാന്തായുൾവെന്തു—തിരുമുന്നിതാ നിന്നു നിൻ
തിരുവായടഞ്ഞതെന്തെ—ന്നലറിയലറിക്കൊണ്ടു— വീണാൽ

൩ എന്നിൽ വെച്ചിട്ടുള്ളൊരു—നിന്നുള്ളിലെ പ്രിയത്താൽ
കണ്ണേ! പ്രിയേ! എൻ—പ്രാവേ!—എന്നു ചൊല്ലി
എന്നിരു കന്നങ്ങളിൽ—വന്നു ചുംബനംചെയ്തു
എന്നുള്ളെല്ലാം കവരും—വർണ്ണമയ്യോ
എന്നെത്താങ്ങിത്തഴുകും—പൊന്നിൻ കരങ്ങളയ്യോ
പൊന്നേ! ക്രൂശിൽ വിരിപ്പാൻ—വന്നോ സംഗതിയെന്നു— വീണാൽ

---

## ൫൭ മുഖാരി അടതാളം 57

൧

ഗോൽഗോഥാ മലമേൽ അതാ! പൊങ്ങി
കുരിശിന്മേലുയരുന്നഹോ!—യേശു
കാൽകരങ്ങളിൽ—ആണി പാ—ഞ്ഞയ്യോ
കായം ആവിയും വാടിയേ

൨

ഞരമ്പുകൾ വെട്ടുന്നേ, ഉള്ളം വാടി
നാഡികൾ തുടിച്ചീടുന്നേ—കണ്കൾ
കുരുതിപോൽ ചുവന്നീടുന്നേ—വെയിൽ
കൊണ്ടു മേനിയും വാടുന്നേ

൩

വീണു വേദന പൂണ്ടു കാല്കരം
വിങ്ങി നീറി വലിക്കുന്നേ—നെഞ്ചേ
നാണിച്ചോ അടക്കുന്നു നീ ദുഃഖം
നാഥൻെറ പാടു കണ്ട പിൻ

൪

ദാഹമേറുന്നു നാവുണങ്ങുന്നു
തല്ലുകൊണ്ട പൊൻമേനിയിൽ—നോവു
ഏകമായ് നിറഞ്ഞീടുന്നേ! യേശു
എന്തോരത്ഭുത കാഴ്ചയോ!

൫

നോക്കി, കണ്ണുനീർ ചിന്തി ചുംബിക്ക
നോവു തിങ്ങും തൃപ്പാദങ്ങൾ—നെഞ്ചേ!
ആർക്കുവേണ്ടി? നിൻപേർക്കല്ലോ—യേശു
ആണ്ടു തൂങ്ങുന്നു ക്രൂശിന്മേൽ.

## ൫൮ അഹരി — അടതാളം 58

പല്ലവി

പാപീ! ഗോൽഗോഥാ മലമുകളിൽ
പ്രിയനാഥൻ-യേശുക്രിസ്തൻ
പാപികളുടെ പേൎക്കായ്
ചാകുന്നിതാ പ്രിയനാഥൻ

ചരണങ്ങൾ

൧ ഭൂവിലുള്ള മൎത്യരാകെ—ചെയ്ത
പാപം ബഹു ദുഷ്കൃതയാകെ—ദൈവ
കോപവും തീ സമമാകെ—ജ്വലി
ച്ചീ വിശ്വവും ഭസ്മമാകെ
ഏവം ആവതിനെ-യേശു ദൈവസുതൻ
കണ്ടു തീവ്രമോടി വന്നു
കോപം ശമിപ്പാൻ— പാപീ!

൨ കല്പനകൾ പത്തിനേയും-മൎത്യർ
സ്വല്പംപോലും ഭയമെന്യെ-ലംഘി-
ച്ചല്പവും നന്മ ചെയ്യാതെ—നിത്യം
കീഴ്പ്പോട്ടിറങ്ങുകമൂലം
പേയിൻകൂപമതിൽ-കോടാകോടി വൎഷം
ആധിയോടെരിവാൻ വിധി
നേടുന്നതു നീക്കാൻ— പാപീ

൩ കാലും കയ്യും ശിരം ദേഹം—അടി-
യാലശേഷം മുറിവായി—ഭീതി
യാലുള്ളിലെ ക്രമം മാറി—നീതി-
യാലെ മാ ശാപങ്ങളേറ്റു
ഇരിമ്പാലും കരം-ഭുക്തിയാലും അടി
ഇടിയാലും പരൻ കൊടും-
വേദനയേല്ക്കുന്നു— പാപീ

൪ സൎവ്വശക്തൻ മുഴുശക്തി—തന്മേൽ
നിൎവ്വാഹഭാരത്തെ ചേൎത്തു—ദിവ്യ
ഗൎവ്വഭാരത്തിൻ കീഴ് വീണു—ക്രിസ്തു
സൎവ്വഭാരം തന്മേൽ ചേൎത്തു
തിരുപൂൎവ്വശക്തി-യേശു ഏറെ നീക്കി
നരദേഹശക്തിയോട-
തൊക്കെ ചുമക്കുന്നു— പാപീ

൫ പാറകളും തെറിക്കുന്നേ—ഭൂമി
പാരം ഞെട്ടി വിറയ്ക്കുന്നേ— [തിര
സൂൎയ്യൻകാരുടുപ്പിട്ടൊളിക്കുന്നേൻ-
കീറി വഴി തുറക്കുന്നേ
കരുണാകര നിൻ-തിരുപുണ്യരക്തം
പരനോടു നമ്മെ ഒരു-
മപ്പെടുത്തുന്നിതാ— പാപീ

---

## ൫൯ പാഡി — ഏകതാളം 59

പല്ലവി

കാൽവരി മലമേൽ മഹാ കാഴ്ച
കാണുന്നേൻ ഞാൻ ഹല്ലെലൂയ്യാ

ചരണങ്ങൾ

വാനം ഭൂമി പാതാളം സ്ഥിതി
മാറുന്നേ എന്തോരത്ഭുതം— കാൽ

൨

ലോകപാപത്തിൻ ശാപത്തെ പര-
ലോകനാഥൻ ഏറ്റിടുന്നേ— കാൽ

൩

ദിവ്യശക്തികൾ നീക്കി വല്ലഭൻ
തിരുബലി ചെയ്തു തൂങ്ങുന്നേ— കാൽ

൪

മരത്തിനാൽ വന്ന പാപ ശാപത്തെ
മരത്തിൽ തൂങ്ങിയകറ്റുന്നേ— കാൽ

൫

പുണ്യവാൻ നീ തൂങ്ങി ലോകൎക്കു
പുണ്യമോചനം നേടുന്നേ— കാൽ

൬

നീതികാരുണ്യത്തെയും യേശുതാൻ
നിലകളിൽ നിറുത്തീടുന്നേ— കാൽ

൭

അഭയം പ്രാപിച്ച അഗതികൾ രക്ഷ
അനുഭവിച്ചീടുന്നേ എന്നും— കാൽ

## ൬൦ ഉശേനി ആദിതാളം 60

### പല്ലവി

വന്നേൻ കാൽവറി കുരിശതിൻ അരികെ—നോക്കി
നിന്നേൻ എൻ പാപബലിയായവനെ

### ചരണങ്ങൾ

൧ എന്നെ പ്രതി മുറിഞ്ഞ കാൽകരങ്ങൾ—ക്ഷീണം
ഏറെ സഹിച്ച തിരു അരുമ ജഡം
തന്നിൽ തന്നെ വ്യസനം അടക്കിയതും—പ്രാണൻ
താനായി വിട്ട ദിവ്യ നിലയെയും ഞാൻ—കണ്ടു

൨ കണ്ടേനെന്നോടു തിരുസ്നേഹ ബലം—തിരു
കരുണ നീതിയും ഒന്നായ് ചേർന്നവിധം
പണ്ടെ യാഗത്തെ പാപത്തിൻനിമിത്തം—ചെയ്വാൻ
പറുദീസായിൽ നിയോഗിച്ചതിൻ നിവൃത്തി—കണ്ടു

൩ എൻപേർക്കു കൊണ്ട അടിമുറിവുകളും—കായം
എങ്ങും നുറുങ്ങി രക്തം ഓടിയതും
എൻപേർക്കു വിട്ട ദീർഘശ്വാസങ്ങളും—എല്ലാം
ഇപ്പാപി എന്നും ധ്യാനിച്ചിഹ വസിപ്പേൻ—താണു

൪ അയ്യോ പാപത്തിൻ ശിക്ഷ ഭയങ്കരമേ—ഇനി
അടിയൻ എൻ ശരണം നിനക്കായിരിപ്പേൻ
മെയ്യായെൻ ദേഹം ദേഹി ആത്മാവും—മേലാൽ
വിനയത്തോടെ നിനക്കായ് ചിലവിട്ടുവേൻ—പാപി

---

## ൬൧ മുഖാരി അടതാളം 61

൧ സർവ്വേശ്വരാ ജീവ-നാഥാ മഹേശ്വരാ-യേശുവേ—എന്റെ
പാപഹരം ചെയ്വാ-നാസ്സീ മഹാ ഖേദം-പൂണ്ടോ?
ഉർവ്വിയിൽ നിന്നെ പോ-ലിത്ര കഷ്ടപ്പെട്ട-മാനുഷൻ-എങ്ങും
കേൾവിയിൽ കൂടെയും-ഇല്ലല്ലോ എൻ പ്രാണ-നാഥാ!

൨ വഞ്ചകന്മാരായ-യൂദരാചാര്യന്മാർ-യേശുവേ—നിന്നെ
വഞ്ചകൻ ദ്രോഹി എ-ന്ന[1]ഞ്ചാതെ ചൊന്നതെ-ന്തേശുവേ!
പുഞ്ചിരിയും പൂണ്ടു-ശോഭയുമുള്ള ദേ-വേശ്വരാ—ശത്രു
[2]സഞ്ചയമെല്ലാം നിൻ-[3]അഞ്ചിതം കാണാഞ്ഞോ-യേശുവേ!

൩ മാർവ്വും മുതുകും ക-വിളും കൈ പാദവും-യേശുവേ—മുറി
ഞ്ഞാറുപോലെ രക്തം-ഓടിയതെൻ അതി-പാപമേ!
മാറി മാറി വാറാൽ-ചീറി ഭവാനെ മാ പാപികൾ—വാശി
കൂറി അടിച്ചതും-തുപ്പി ഇടിച്ചതുമെൻ-പാപമേ!

---

1. അഞ്ചാതെ = ഭയപ്പെടാതെ. 2. സഞ്ചയം = കൂട്ടം.
3. അഞ്ചിതം = മഹത്വം, ഭംഗി.

൪ മർത്ത്യരെല്ലാം ചെയ്ത-ദുഷ്കൃതത്താലല്ലൊ-യേശുവേ—ക്രൂശിൻ
മൃത്യുഭവിച്ചതും-കഷ്ടം സഹിച്ചതും-യേശുവേ!
എത്രയും പാപി ഞാൻ-നിൻപുണ്യത്താൽ പര-മേശ്വ-രാ—എന്റെ
ദുഷ്കൃതം തീർത്തരുൾ-1ഭക്തപരായണനൻ-യേശുവേ!

---

൬൨ ശങ്കരാഭരണം മുറിയടന്തതാളം 62

## പല്ലവി

എന്തോരൻപിതപ്പനേ! ഈ പാപിമേൽ
എന്തോരൻപിതപ്പനേ!

## അനുപല്ലവി

2അണ്ടകോനേ! നീ യീ-ച്ചണ്ഡാള ദ്രോഹിയിൽ
കൊണ്ടോരൻപു പറ-യേണ്ടുന്നതെങ്ങിനെ— എന്തോ

## ചരണങ്ങൾ

൧

3അൻപോലും തമ്പുരാനേ
നിന്റെ മഹാ-അൻപുള്ളോരു മകനെ
ഇമ്പംനിറഞ്ഞുള്ള-നിന്മടിയിൽനിന്നു
തുമ്പം നിറഞ്ഞ 4പാരിങ്കലയച്ചതു—

൨

കണ്മണിയാം നിന്മകൻ
പൂങ്കാവിങ്കൽ-മണ്ണിൽ വീണിരന്നതും
പൊന്നിൻതിരുമേനി-തന്നിൽനിന്നു ചോര
മണ്ണിൽ വീണതുംനിൻ-കണ്ണെങ്ങിനെകണ്ടു?

൩

കരുണയററ യൂദന്മാർ
നിന്മകന്റെ-തിരുമേനിയാകെ നാഥാ!
കൊരടാവുകൊണ്ടടി-ച്ചുഴുതനിലമാക്കി
കുരിശിപ്പതിന്നായ്ക്കുരിശെടുപ്പിക്കുന്നു—

൪

ദാഹം വിശപ്പുകൊണ്ടു
തളർന്നു കൈ കാ-ല്കൾ കുഴഞ്ഞീടുന്നു
ദേഹ5മഴലുന്നു-ദേഹിയുഴലുന്നു
സ്നേഹം പെരുകുന്നീ-പാതകനോടയ്യോ!—

൫

ശത്രുക്കൾ മദ്ധ്യേക്കൂടെ
പോകുന്നിതാ-കുററമററ കുഞ്ഞാടു
കഷ്ടമെരുശലേംപുത്രി-കൾ കണ്ടു മാ-
റത്തടിച്ചയ്യൊ വാ-വിട്ടലറീടുന്നു—

൬

കരുണ നിറഞ്ഞവൻ തൻ
കൈകാൽകളെ-കുരിശിൽ വിരിച്ചിട്ടുന്നു
കരുണയററ ദുഷ്ടർ-ക്രൂരകൈകളാലെ
കുരിശോടുചേർത്താണി-വെച്ചിട്ടുന്നയ്യയ്യൊ

൭

ആകാശ ഭൂമി മദ്ധ്യേ
നിന്റെ മകൻ-ഹാ! ഹാ! തൂങ്ങീടുന്നയ്യൊ
കാൽകരങ്ങളൂടെ-ചോരയൊഴുകുന്നു [ൻ—
വേകുന്നു നിൻകോപ-ത്തീയിങ്കൽ വീണവ

൮

ദൈവമേ! എൻ ദൈവമേ
എന്തുകൊണ്ടു-കൈവെടിഞ്ഞതെന്നെ നീ
ഏവമിതാ നിന്റെ-ഏകമകൻ തന്റെ
വാവിട്ടലറുന്നു-നീ കേൾക്കുന്നില്ലൊട്ടും—

൯

ചങ്കു തുറന്നൊഴുകി-
യതാം രക്ത-ത്തിങ്കലെന്നെ കഴുകി
പൊൻകരംകൊണ്ടു നട-ത്തി പുത്രസാലെ-
മിങ്കൽചേർക്ക യേശു-സങ്കേതമെ! യെന്നെ—

൰

ഇപ്പുഴുവിനെയിത്ര
സ്നേഹിപ്പതി-നപ്പനേ! എന്തുള്ള ഞാൻ?
ഇപ്പുണ്യത്തിന്നടി-യാനെന്തു-ചെയ്യേണ്ടു?
അപ്പാ! പിതാവേ! മ-ഹത്വംനിനക്കെന്നു

---

1. ഭക്തപരായണനൻ = ഭക്തന്മാരെപ്പററി വാത്സല്യമുള്ളവൻ. 2. അണ്ടകോൻ = സാമ്രാജ്യാധിപൻ. 3. അൻപോലും = സ്നേഹം വൎദ്ധിക്കുന്ന. 4. പാരിങ്കൽ = ഭൂമിയിങ്കൽ
5. അഴലുന്നു = ദുഃഖിക്കുന്നു.

## ൬൩ ശങ്കരാഭരണം മുറിയടന്തതാളം 63

പല്ലവി

പാപി ഞാൻ എന്തു ചെയ്യും–നാഥാ!
ജീവൻ നീ വിട്ടതിന്നായ്—

അനുപല്ലവി

ദൈവകോപത്തിനാൽ ഹീനക്കുരിശതിൽ
ദേവൻ ഉയിർവിട്ടു ജീവിച്ചെന്നെപ്രതി—

ചരണങ്ങൾ

തേടി എന്നെ 1നരകാൽ
ഉദ്ധരിപ്പാൻ ഓടിവന്നോ വിമലാ
ആടുകൾക്കായിട്ടു 2നീടാനുയിർ തരാൻ
പാടുപെട്ടു കുരിശിന്മേൽ മരിച്ചോ നീ

൨

പൊന്നുലകാധിപനേ
ദേവാ നീ എന്തു ചെയ്തു നാഥനേ
നിന്ദിക്കപ്പെടാനും കന്നത്തടികൊൾവാനും
ചെന്നിയിൽ മുൾമുടി നീ താൻ വഹിപ്പാനും

൩

വാറാൽ അടിക്കപ്പെട്ടു
ബഹുവിധമായി നീ പാടുപെട്ടു

ധീരാ! മനുഷ്യാവതാരാ! രക്ഷാകരാ!
വീരാ! പരമകുമാരാ! സർവ്വേശപരാ—

൪

ബാധ നിനക്കേതിനാൽ
ഉണ്ടായതു പാതകപാപത്തിനാൽ
വേദം നിറവേററി ആദിപാപമററാൻ
നീതി തരും യേശുനാഥായെൻ സ്വാമിയേ

൫

ആശ്ചര്യം താൻ ചാകാൻ
വരുന്നു അൻപേറുമാദിനാഥൻ
താഴ്ചയോടു മേയ്പാൻ കാഴ്ചയായിട്ടിന്നു
തവ ജീവനെ വെച്ചു അഞ്ചിടാഭയമെ—

൬

കുററം തീരെ പൊറുത്തോൻ
പാപക്കടം മുററുമെല്ലാം തീർത്തോൻ
ഉററവക്കും ഉണർവ്വുററവക്കും സുരർ
മററവക്കും അളവററ നൽ പ്രീതിയെ—

൭

ഇമ്മാനുവേൽ കുരിശിൽ
മരിച്ചു ദുർമ്മാർഗ്ഗക്കാർ ജീവിപ്പാൻ
സന്മാർഗ്ഗം അററു നമ്മൾ കെട്ടുപോകാതെ
ദുർമ്മാർഗ്ഗം തന്നിൽ പരിതപിച്ചീടാതെ—

# THE RESURRECTION

AND

# ASCENSION

# ഉയിർത്തെഴുന്നേല്പ്, സ്വർഗ്ഗാരോഹണം

## ൬൪ 64

പല്ലവി

ഉണർന്നരുളി–യേശു സ്വാമി

അനുപല്ലവി

കുലുങ്ങി ലോക സ്ഥലങ്ങൾ–3സ്വർഗ്ഗാൽ
ഇറങ്ങി വന്നു ദൂതന്മാരും—

ഉണ

1. നരകാൽ = നരകത്തിൽനിന്നു. 2. നീടാനുയിർ = നിത്യജീവൻ.
3. സ്വർഗ്ഗാൽ = സ്വർഗ്ഗത്തിൽനിന്നു.

### ചരണങ്ങൾ

൧ ശാലോമിയാ–ദി സ്ത്രീകളും–പ്രേതാലങ്കാ–രം കരുതി
ചാലവെ സു–ഗന്ധവൎഗ്ഗ–1ജാലമോട–ണഞ്ഞീടുന്നു— ഉണ

൨ മഗ്ദലാമ–റ്റ്യാ കണ്ണീരിൽ–2മഗ്നയായി–പാൎത്തീടുന്നു
ഭക്തിഭയസ്നേഹം പൂ–ണ്ടപ്പോസ്തലർ ഉഴന്നീടുന്നു— ഉണ

൩ പാടുപെട്ടു–മരിച്ചടക്ക–പ്പെട്ട നാൾ മൂ–ന്നായിതല്ലൊ
മുട്ടുകെട്ടിൽ–മുന്നോർ ചൊന്ന–താകെ നിറ–വേറിയല്ലോ— ഉണ

൪ മുദ്രയും കാ–വലും കുഴി മൂടിയ ക–ല്ലതും നീങ്ങി
ശത്രുജന–ങ്ങളും പേടി–ച്ചോടി മ–നം കലങ്ങി— ഉണ

൫ സൎപ്പതല–ചതെപ്പെടട്ടെ–3തല്പതി അ–ടിപ്പെടട്ടെ
ദുൎഗ്ഗതി–മൂടപ്പെടട്ടെ–സ്വൎഗ്ഗവാതിൽ–ഉൾപ്പെടട്ടെ— ഉണ

൬ ക്രിസ്തു താൻ ഉ–യിൎത്തെഴുന്ന–വാൎത്ത ഘോഷം ലോ–കത്തിലെല്ലാം
സത്യസംഘ–ങ്ങളിൽ നിത്യം–കീൎത്തനം ചെയ്തീടവേണം— ഉണ

---

## ൬൫ ഇംഗ്ലീഷ് ആദിതാളം 6

### പല്ലവി

ഹല്ലെലൂ ഹല്ലെലൂയാ മഹത്വ ദേവ നിൻ സുതനെ!
ഹല്ലെലൂ–ഹല്ലെലൂയാ ജയം ജയം അനന്ത4വന്ദിതനേ!

### അനുപല്ലവി

നല്ലോൻ അനാദി 4വന്ദ്യൻ–വന്നു മരി–
ച്ചുയിൎത്തെഴുന്നു ഇന്നു വിജയമേ!— ഹല്ലെ

### ചരണങ്ങൾ

൧

ജയമതു ഘോഷിച്ചു—കൊട്ടുംവേ–
താളത്തെ സംഹരിച്ചു—മുറിച്ചു
പാപികളെ കുറിച്ചു—മരിച്ച
പാടുപെട്ടുദ്ധരിച്ചു—കിരസ്തു— ഹല്ലെലൂ

൨

വേദം നിറവേറി—നേർ തെററി–
യോരെക്കരയേററി—കാർ മാററി
പാപികളെ തേററി—കൊണ്ടാററി
ഭദ്രാസനം കയററി—വാഴിച്ചു—ഹല്ലെലൂ

൩

ചാവിൻ കൂരൊടിഞ്ഞു—മടിഞ്ഞു
നടുമതിലും ഇടിഞ്ഞു—മറിഞ്ഞു
ജീവനെയും വെടിഞ്ഞു—ദൈവാലയ–
ത്തിര രണ്ടായ്ക്കീഴിഞ്ഞു—ഒഴിഞ്ഞു— ഹ

൪

ദൈവകോപം തീൎന്നു—പിശാചിൻ
തിന്മയെല്ലാം അകന്നു—തകൎന്നു
ആവലോടു ചേൎന്നു–വണങ്ങിക്കു–
ഞ്ഞാട്ടിൻ സ്തുതി പകൎന്നു–പുകഴ്ത്തുവിൻ—

---

1. ജാലം = കൂട്ടം. 2. മഗ്ന = മുഴുകിയവൾ. 3. തല്പതി = അവൻെറ യജ–മാനൻ. 4. വന്ദിതൻ = വന്ദിക്കപ്പെട്ടവൻ.

## ൬൬ ഇംഗ്ലീഷ് ആദിതാളം 66

൧ ഇ-ന്നേശു രാജ-നുയിർത്തെഴു-ന്നേററല്ലേലൂ-യാ!
വ-ന്നാശ ശാപ-ചാവുകൾ ജ-യിച്ചല്ലേലൂ-യാ!

മഹാ സന്തോഷമേ!-മഹാ സന്തോഷമേ!
പരാപരസുതനേശു നാഥനെ-വാഴ്ത്തിപ്പാട്ടുവിൻ
ജയഗീതം പാട്ടുവിൻ-ജയഗീതം പാട്ടുവിൻ
[1]പകലോനുദിച്ചിരുളോടിയൊളിച്ചിതാ വന്നീട്ടുവിൻ
മഹാ സന്തോഷമേ!-മഹാ സന്തോഷമേ!

൨ ദൈവദൂതൻ കല്ലുരുട്ടി നീക്കി-വാതിലിൽ നിന്നു
അക്കാവല്ക്കാർ മരിച്ചവരെ-പ്പോലെയായ്വന്നു— മഹാ

൩ അതിരാവിൽ പേത്രു യോഹന്നാന്മാ-രോടി വന്നഹോ!
ശവക്കല്ലറയ്ക്കുള്ളിൽ നോക്കി വിശ്വസി-ച്ചീടിനാരഹോ— മഹാ

## ൬൭ യമുനാകല്യാണി ആദിതാളം 67

### പല്ലവി

ജീവനായകനേ മനുവേ-ലെ-എൻ-എൻ-എൻ- ജീവ

### ചരണങ്ങൾ

൧ ജീവകൃപയിൻ നിജ വിയർപ്പുവെള്ളം-എന്റെ
മേലൊഴിച്ചു പാപത്തിൽ നിന്നുണർത്തി
നാവിലൊരു പുതിയ പ്രാർത്ഥനയെ പകർന്ന-
വൻ-എൻ-എൻ-എൻ-എൻ— ജീവ

൨ തന്നുയിരിന്നിരിപ്പതാം രുധിരം-തന്നി-
ലെന്നുമിരിക്കുമുണ്ണം തന്നെനിക്കു
എന്നുയിരിൽ മരുവും-മരണവിഷമൊഴിച്ച-
വൻ-എൻ-എൻ-എൻ-എൻ— ജീവ

൩ വിശുദ്ധി വരുത്തുമാറ്റലിന്നാത്മാവിനെ-നല്കി-
ട്ടശുദ്ധമാമിരുളെന്നുള്ളിൽ നിന്നകററി
വിശ്വാസം പ്രത്യാശ സ്നേഹ-മെന്നാത്മാവിങ്കൽ തന്ന-
വൻ-എൻ-എൻ-എൻ-എൻ— ജീവ

൪ ഉയിർത്തു മറിയയ്ക്കു പ്രത്യക്ഷമായപോ-ലിപ്പാ
പിയാമെന്നുള്ളത്തിൽ പ്രത്യക്ഷമായവൻ
ഒഴുകും സ്നേഹവാക്കാലെ-നുള്ളമൊക്കെയും കവന്ന—
വൻ-എൻ-എൻ-എൻ-എൻ— ജീവ

൫ തന്നുടെ ജഡത്തോടുമസ്ഥിയോടുമൊന്നാ-യെന്നെ-
യെന്നും പിരിയാതവണ്ണം ചേർത്തുകൊണ്ടവൻ
തന്നുള്ളം തുറന്നു മന-മെല്ലാമെന്നോടറിയിച്ച-
വൻ-എൻ-എൻ-എൻ-എൻ— ജീവ

1. പകലോൻ = സൂര്യൻ.

൩ ആധികളൊഴിച്ചെന്നെ കാക്കുന്നവൻ-ഭക്ഷ-
ണാദികൾ തന്നു നിത്യം പോററുന്നവൻ
നീതിവഴിയിലെന്നെ-നടത്തിക്കൊണ്ടുവരുന്ന-
വൻ-എൻ-എൻ-എൻ-എൻ— ജീവ

൪ ഞാനവനുമവനിനിക്കുമെന്നും-സ്വന്തം
ഞാനവനൊഴികെ മററാരെയുമെ
നൂനമറിയുന്നില്ല-വനിനിക്കെല്ലാമായ-
വൻ-എൻ-എൻ-എൻ-എൻ— ജീവ

---

൬൮ ഹിന്തുസ്ഥാൻ ആദ.താളം 68

## പല്ലവി

യേശുവിൻ സാദൃശ്യമെന്നിൽ പതിക്ക ദേവാത്മാ മാവല്ലഭ ദേവാത്മാ
യേശു തൻ പ്രതിമയില്ലുരുവാക്കീട്ടുകെന്നെ—

## ചരണങ്ങൾ

൧ യേശുവിൻ നാമത്തിൽ സ്നാന-പ്പെട്ട നാമെല്ലാരും
ക്രൂശിൽ തന്നോടായ് ചേർന്നു-ഏററടക്കപ്പെട്ടു— യേശു

൨ മരണ സാദൃശത്തിലേ-കീഭവിച്ചോരെല്ലാം
ധരിച്ചു പുനരുത്ഥാന-സാദൃശ്യവും കൂടെ— യേശു

൩ പാപത്തിന്നേശുവിൽ നാം മ-രിച്ചുപോയി തീരെ
പാപത്തിലിനി നാം വസി-ച്ചീടരുതഞ്ഞൊട്ടും— യേശു

൪ പാപത്തിന്നവയവങ്ങൾ-ഓരോന്നും വെവ്വേറെ
ശാപ മരത്തിൽ തറച്ചു-കൊന്നുപോയി സത്യം— യേശു

൫ വീണ്ടും പാപത്തിന്നെന്നെ-ഉദ്യോഗിപ്പിക്കും വൈരീ!
വേണ്ടാ നിൻ ശ്രമങ്ങളൊക്കെ-മാററിക്കൊൾക വേഗം— യേശു

൬ വിനയം ദൈവാശ്രയം-വണക്കവുമേശുവിൽ
വിളങ്ങി ശോഭിച്ചപോൽ നി-യെന്നുള്ളിലും— യേശു

൭ മരണത്തിൻ രൂപം മമ്മതെ-ഗ്രഹിപ്പിച്ചേശുവിൻ
മരണത്തിൻ ശക്തിയെന്നിൽ-വ്യാപരിച്ചീടട്ടേ— യേശു

൮ ഉയിപ്പിൻ മാ ശക്തിയിൽ ഞാൻ-യേശുവെയറിഞ്ഞു
ഉയിർബലത്തിൻ പുതുക്കം-എന്നിൽ നിറയട്ടേ— യേശു

൯ ദൈവ വലഭാഗത്തുയ-ന്നിരിക്കുമേശുവിൻ
ജീവനെന്നിൽ വസിച്ചു ജ-യോത്സവം കൊള്ളട്ടേ— യേശു

---

൬൯ മദ്ധ്യമാവതി ആദിതാളം 69

## പല്ലവി

വാനലോകത്തെഴുന്നെള്ളിനാൻ-ശ്രീ യേശുനാഥൻ
വാനലോകത്തെഴുന്നെള്ളിനാൻ

### അനുപല്ലവി

വാനലോകത്തെഴുന്നെള്ളി—നാനൊലിവുമലയിൽ നി—
ന്നാനന്ദമുയർത്തി ശിഷ്യർ—വാനിൽ നോക്കി നിന്നീടവെ— വാന

### ചരണങ്ങൾ

൧ വിണ്ണുലകത്തിൽ നിന്നിറങ്ങി—മനുജനായി
വന്നു മാഗുരുവായ്വിളങ്ങി
ചൊന്നു ശിഷ്യരോടുപദേശം നന്മ ചെയ്തു ന—
ടന്നറിയിച്ചു സുവിശേഷം
മന്നിടത്തുള്ളോർക്കു ചോര—ചിന്നി മരിച്ചു മരണം
വെന്നുയിർത്തു നാല്പതാം നാ—ളിന്നിലം വിട്ടു ജയമായ് വാന

൨ മെല്ക്കീസദേക്കിന്റെ ക്രമത്തിൽ—പുരോഹിത വേ—
ലെക്കു തന്റെ സ്വന്ത രക്തത്തെ
തൃക്കരത്തങ്കത്തളികയി—ലേന്തിയതിങ്കൽ
മുക്കിയ വിരലുള്ളവനായ
ഇക്കലപാപമൊക്കെക്കും—തക്ക പരിഹാരം ചെയ്വാൻ
സ്വർഗ്ഗമാം വിശുദ്ധസ്ഥലം—നോക്കി മഹാപുരോഹിതൻ— വാന

൩ തന്നിൽ വിശ്വസിക്കുന്നോർക്കായി—ട്ടുഴിവില്ലാത്ത
മന്ദിരമൊരുക്കുവാനായി
എന്നുമവരോടിരിപ്പാനാ—സ്സത്യാത്മാവെ പ—
കർന്നവർക്കു കൊടുപ്പാനായി
ഉന്നതൻ വലഭാഗത്തി—രുന്നു പക്ഷവാദം ചെയ്തു
തന്നടിയാർക്കു മോചനം—തന്നു രക്ഷിപ്പതിന്നായി— വാന

൪ സേനയിൻ കർത്തൻ പരിശുദ്ധൻ—എന്നു സ്വർഗ്ഗീയ
സേനകൾ സ്തുതിച്ചു പാടവെ
വാനമാർന്ന ശിഷ്യർ മുഖത്തേൽ—തിരുകടാക്ഷം
വീണവിടന്നു വിളങ്ങവെ
വാനവർ സാക്ഷി നല്കവെ—മാനവർ പാപം നീങ്ങവെ
കാണികൾ കാഴ്ചയിൽനിന്നു—വാനമേഘത്തിൽ മറഞ്ഞു— വാന

---

## ൧൦ ആനന്ദഭൈരവി ഏകതാളം 70

### പല്ലവി

ഞങ്ങടെ പ്രധാനാചാര്യനേ—പാപം ഹനിക്കു
ഞങ്ങളുടെ പുണ്യ കാര്യനേ—

### അനുപല്ലവി

മങ്ങിയ കാലത്തില്ലുള്ള—മാറ്റമാം നിഴൽ കർമ്മാദി
പൊങ്ങിയ കാലെ കുരിശിൻ—പാടുകളാൽ പുതുപ്പിച്ച— ഞങ്ങ

### ചരണങ്ങൾ

൧ വാതിലാം ദൈവാലയെ വന്നു–അനുതാപമോടെ
വാവിട്ടലറി പറയുന്നു
പാതകരാം ഞങ്ങളിന്നു–പാപപരിഹാരത്തിന്നു
പരമാട്ടിൻകുട്ടിതന്റെ–ഖ്യാവിന്മേൽ കൈകൾ വയ്ക്കുന്നു— ഞ,ഞ

൨ ഞങ്ങടെ നാമങ്ങൾ നിൻ നെഞ്ചിൻ–ധൂപം രക്തവും
നിൻ കരെയേന്തി കൃപാസനെ
മംഗല പ്രാർത്ഥനയേററു–മദ്ധ്യസ്ഥതയിൽ കഴിപ്പാൻ
തിങ്ങിയ മനസ്സാൽ ഞങ്ങൾ–തഞ്ചമാട്ടിൻ പാദാശ്രയം— ഞ,ഞ

൩ ഞങ്ങളുടെ ആട്ടിൻകുട്ടിയേ–ഞങ്ങൾ നിന്റെ മേൽ
നന്ദിയോടാശ്രയം കൊള്ളുന്നു
മംഗലമായ് ഞങ്ങൾ ദിവി–വാഴ്കിൽ മഹത്വം തവ
ഭംഗമായാൽ തിരുവുള്ളം–പരിതാപം ആകില്ലയോ ?— ഞ,ഞ

൪ അനുഗ്രഹം കൊണ്ടുവരേണം–ആർദ്ര ഹൃദയാ
അടിയാർ വെളിയിൽ നില്ക്കുന്നു
അനുതാപമോടെ ജപി–ച്ചന്തിവരെ കാത്തിരിപ്പാൻ
മനശ്ശക്തി തന്നീടേണം–ശാപമരുതേ വരുമ്പോൾ— ഞങ്ങ

---

## ൭൧ ഇംഗ്ലീഷ് ആദിതാളം 71

### പല്ലവി

മഹി–മാപതി മശിഹാ—മേഘ
വാഹനമതിന്മേൽ
ജയപ്രഭാവത്തോടഹോ
സ്വർല്ലോകത്തിന്നെഴുന്നാൻ

### അനുപല്ലവി

ബഹുദൂതസൈന്യങ്ങൾ–ജയഗീതം പാടുന്നു

### ചരണങ്ങൾ

മഹസ്സുരനഭോതലങ്ങൾ—മേഘ–
വാഹനം കടന്നു
ബഹുനിരദൂതഗണങ്ങൾ—പുണ്യ–
പാദം കുമ്പിടുന്നു [ങ്ങൾ
മഹത്വത്തിൻ രാജനു–തുറന്നു സ്വർദ്വാര–

൨

എതിരേററു ദൂതസംഘം—മോടി–
യോടും വിൺപതിയെ
അതിഘോഷസേവ ചെയ്തു—കീർത്തി
ആർത്തു പാടി നിന്നു
പരമണ്ഡലങ്ങളിൽ–പല രാഗം കേൾക്കുന്ന

൩

നരലോകരക്ഷകനായ്—ദേഹം
നാഥൻ പൂണ്ടിരുന്നു
കുരിശിൽ തന്നെ ബലിയായ്—നല്കി
ഘോഷത്തോടുയിർത്തു [ന
മരണത്തെ പാപത്തെ സാത്താനെയും വെ

൪

ഇഹലോകത്തിൽ പരത്തിൽ—എങ്ങും
ഏകധാ നിറഞ്ഞു
മഹിമാസനത്തിലങ്ങു—വിണ്ണിൽ
വാഴുന്നേശു രാജൻ [ത്വ
ഗ്രഹിപ്പാനത്യത്ഭുതം–ജഡം പൂണ്ട ദൈവ–

൫

ജയിക്കുന്ന രക്ഷകർത്തൻ—പാരിൽ
ജാതികളഖിലം
മയക്കങ്ങൾ വിട്ടു തന്നെ—വാഴ്ത്തി
വന്ദിച്ചീടുവോളം [കാ
വിയത്തിന്നു മേൽ അങ്ങു–വിളങ്ങുന്നു നായ–

൧൨ 72

## ഇംഗ്ലീഷ് — ഏകതാളം

### പല്ലവി

സന്തോഷിപ്പിൻ-ആഘോഷിപ്പിൻ
താണുവന്ദിച്ചീടിൻ
യേശുമഹാ രാജൻ എന്നും
വാണരുളീടുന്നോൻ

### ചരണങ്ങൾ

൧ രക്ഷകൻ താൻ-ബലിയായോൻ
ഉന്നതത്തിൽ പോയി
സത്യപതി-സ്നേഹരൂപൻ
വാണരുളീടുന്നു— സ

൨ ഇഹം പരവും-പാതാളവും
തൻ അധികാര തലം
യേശുപരൻ-വാണീടുന്നോൻ
തൻ ഹിതംപോലെന്നും— സ

൩ വൈരികളാം ഏവരും തൻ
പാദം കുമ്പിടും വരെയും
വല്ലഭത്വത്തിൻ വലഭാ-
ഗത്തു വാണീടുന്നു— സ

൪ വീണ്ടും അവൻ എഴുന്നരുളും
ഭക്തരെല്ലാരെയും താൻ
മേദിനിയിൽനിന്നുയർത്തും
മറുരൂപമാകും നാം— സ

൧൩ 73

## ഇംഗ്ലീഷ് — രൂപകം

൧ [തല
മുൾകിരീടത്താൽ-മുറിവേററ യേശുവിൻ-
മേടിയേറ്റം മാമഹത്വ-മകുടം ചൂടുന്നു—
ജയമകുടം ചൂടുന്നു

൨ [അതി
സ്വർഗ്ഗത്തിൽ മഹാ-ഉയരത്തിൽവാഴുന്നോൻ-
ശോഭയോടു മാമഹത്വ-രാജരാജൻ താൻ
കർത്താധികർത്തൻ താൻ

൩
വാനലോകത്തിൽ-പരമാനന്ദംതന്നേ-തിരു
മാമഹത്വം ഇങ്ങറിഞ്ഞ-ഭക്തർക്കാനന്ദം—
തിരുസ്നേഹമാനന്ദം

൪ [ബഹു
കുരിശിൻ ലജ്ജകൾ-തരുംനിത്യഭാഗ്യങ്ങൾ-
കോടികോടി കാലം വാഴും സ്വർഗ്ഗരാജ്യ-
[ത്തിൽ
തിരുരക്ഷ നേടിയോർ

൫ [നര
പണ്ടുതാൻ പെട്ട-കഷ്ടപ്പാടും മരണവും-
പാപികൾക്കു നിത്യമോക്ഷ-ഭാഗ്യകാരണം
സുവിശേഷഘോഷണം

---

# EXHORTATION AND WARNING

# ഗുണദോഷം

൧൪ ആനന്ദഭൈരവി ആദിതാളം 74

ഹേ ഹേ! പ്രിയസ്നേഹിതാ സോദരാ!
സാദരം [1]ശൃണു [2]മേ വചനം

### അനുപല്ലവി

[3]ഹാലാഹല തുല്യ-യായ മായ നമ്മെ
ഹന്ത നരകത്തിൽ-തള്ളികളയുമേ— ഹേ

1. ശൃണു = കേട്ടാലും. 2. മേ = എന്റെ. 3. ഹാലാഹലതുല്യം = വിഷംപോലുള്ള.

### ചരണങ്ങൾ

൧ കായമിരിക്കിലെ–മായയെ ജയിക്കാവു
കായം പോയാൽ പിന്നെ–ന്യായം വിസ്തരിക്കുമെ
ന്യായവിസ്താര സഭാ–നായകനാമേശുവെ
മായമെന്നിയെ 1ഭജ–മായയകലവെ— ഹേ

൨ പാരിൽ പാപമില്ലാതെ പൂരുഷരില്ലായ്കയാൽ
നേരായ്മരണം നമ്മിൽ ഘോരമായ്വരികയാൽ
പാരം പെരുകും കൃപാ–ധാരൻ നീതിയെ2സുത–
സാരമേധത്താൽ പരി–പൂരണം ചെയ്തു നാഥൻ— ഹേ

൩ വേദസ്വരൂപൻ മഹാ–വേദന പരനായി
3ഖേദമധു മധുര–സ്വാദേന മൃതനായി
പാതകം തീർത്തു നമ്മെ–നീതീകരിപ്പാനുയി–
ർത്താദിഗുരുവാം ക്രിസ്തു–നാഥനെ ഭജിക്കെടോ!— ഹേ

൪ പാവനമായ തന്റെ–4ഭവ്യശോണിതം തന്നാൽ
പാപികളായ നമ്മെ–പാലനം ചെയ്വതിന്നാ(യ്)
പാവനാത്മാവിൽനിന്നു–ബോധമുദിപ്പിക്കുന്ന
5ഭാഗധേയനാം 6ഭക്ത–പാലനെ ഭജിക്കെടോ!— ഹേ

൫ രക്ഷിതാവിങ്കൽനിന്നു–രക്ഷയെ ലഭിക്കാതെ
7കുക്ഷി ദൈവമായ്പല–ഭിക്ഷ നടന്നുടൻ
8കക്ഷാഗ്നിപോലെ മൃത്യു–ശിക്ഷാസ്വരൂപമായ്ഭവി
ലക്ഷണഹീനമായ–രക്ഷസ്സിൽ രക്ഷ ചൊല്ലും— ഹേ

൬ പാപി! യനുതപിക്ക–പാപി! യനുതപിക്ക
പാപിയനുതപിച്ചാൽ– പാപമോചനം വരും
ഇത്ഥ്യവം പറയുന്ന–മർത്യനെ ദുഷിച്ചു9അഘ–
കൃത്യമായ മായയിൽ മർത്യാ നീ മുഴുകായ്ക— ഹേ

൭ ക്രിസ്തോ ജഗൽഗുരോ!–ക്രിസ്തോ പരമഗുരോ!
ക്രിസ്തോ വേദഗുരോ!–ക്രിസ്തോ വിജ്ഞാനഗുരോ!
ക്രിസ്തോ ദൈവപുത്രാ!–ക്രിസ്തോ മനുഷ്യപുത്രാ!
ക്രിസ്തോ! 10രക്ഷ രക്ഷ മാ–11മിത്ഥ്യവം സ്തുതിക്കെടോ— ഹേ

---

## ൭൫ ദ്വിജാവന്തി സ്വരുട്ടി ആദിതാളം 75

### പല്ലവി

നാളുകൾ പോയിട്ടുന്നു–സഹോദരാ
നാളുകൾ പോയിട്ടുന്നു

---

1. ഭജ = സേവിച്ചാലും. 2. സുതസാരമേധത്താൽ = പുത്രൻമൂലമുള്ള സാരമായ ബലിയാൽ. 3. ഖേദമധു മധുരസ്വാദേന മൃതനായി = ഖേദമാകുന്ന മധുവിനെ മധുരമായി രുചിച്ചതിനാൽ മരിച്ചു. 4. ഭവ്യശോണിതം = പരിശുദ്ധരക്തം. 5. ഭാഗധേയൻ = ഭാഗ്യവാൻ. 6. ഭക്തപാലൻ = സേവിക്കുന്നവരെ പാലിക്കുന്നവൻ 7. കുക്ഷി = വയറു. 8. കക്ഷാഗ്നി = ഉണങ്ങിയ പുല്ലിലെ തീയ്. 9. അഘകൃത്യമായ = പാപപ്രവൃത്തിയായ. 10. രക്ഷ രക്ഷ മാം = എന്നെ രക്ഷിക്ക രക്ഷിക്ക. 11. ഇത്ഥ്യവം = എന്നിങ്ങനെ.

### അനുപല്ലവി

നാളുകൾ നാലുവിരൽ–നീളമെയുള്ളതിനാൽ
ചേലോടു നീയിതു–ചിന്തിച്ചുണർന്നുകൊൾക

### ചരണങ്ങൾ

൧ പൂവും പിഞ്ചും വിളഞ്ഞും–പഴുത്തുമൊരു
മാവിൽനിന്നു വീഴുംപോൽ
ചാവാൽ പിടിപെട്ടു നിൻ–ചുററിലുള്ള അനേകർ
ഭൂവിൽനിന്നെടുക്കപ്പെ–ട്ടീടുന്നില്ലേയോ ! നിന്റെ— നാളു

൨ തന്ത തള്ള പോയില്ലേയോ?–സഹോദരാ!
എന്തിങ്ങനെയിരിക്കുന്നു !
ഹന്ത യെന്നേക്കുമായി–നിന്റെ ഭവനമതിൽ
ചന്തമോടിരുന്നീടാ–മെന്നോ നിനയ്ക്കുന്നു? നിൻ— നാളു

൩ ഇന്നും ദൈവം കനിഞ്ഞല്ലോ–ജീവനോടു
നിന്നെ വെച്ചിരിക്കുന്നഹൊ
ഉന്നതൻ കനിവെ വെ–ടിഞ്ഞു നടന്നാൽ ചാവു
ഒന്നമൊരുങ്ങാ നേരം–നിന്നെയെടുത്തീടും നിൻ— നാളു

൪ യേശു കുരിശിൽ നിനക്കായ്–സഹോദരാ!
ഏററി മരിച്ചതോർക്ക
ലേശവും താമസിയാ–തേശുവിൻ പാദത്തെ നീ
ആശ്ലേഷം ചെയ്തവനിൽ–വിശ്വസിച്ചാശ്വസിക്ക— നാളു

൫ ഇഷ്ടകാലമിതല്ലല്ലോ–സഹോദരാ!
കഷ്ടകാലം പിൻ വരുന്നു
ഇഷ്ടകാലത്തിൽ ഗുണ–പ്പെട്ടീടാഞ്ഞാൽ നരകാ–
രിഷ്ടതയിൽ വീണല്ലോ–കഷ്ടമുഴന്നീടും നിൻ— നാളു

---

## ൭൬ ആനന്ദവിലാസം 76

### പല്ലവി

മറന്നുപോകാതെ നീ–മനമേ ! ജീവൻ
പറന്നുപോ–കും വേഗം–ജഡം മണ്ണായിടുമേ
മറന്നുപോ–കാതെ നീ–മനമേ !

### ചരണങ്ങൾ

൧

പിറന്ന നേ–രം മുതൽ നിന്നെ–എപ്പോൾ
മുറിച്ചീടാ–മോ–എന്നു–മരണം നി–ല്ക്കുന്നേ
കുറഞ്ഞൊന്നും–താമസം–എന്ന്യേ–നിന്നെ
മറുലോക–ത്താക്കീടു–വാനൊരു–ങ്ങുന്നേ—

൨

ശക്തി സു–ഖം ധനം എല്ലാം–സർവ്വ
ശക്തൻ നി–ന്നെ വിളിച്ചീടുന്ന–കാലം
മാത്രനേ–രം ജപം–ചൊല്ലാൻ–കൂടെ
ചേർത്തീടു–മോ ? ഇല്ല ! ഇല്ല ! ഇ–തെല്ലാം—

൩

മൃത്യു വ–ന്നീടുന്ന–കാലം–ബാല്യ
വൃദ്ധശി–ശുതബ–ല യൌവ്വനത്തോ ?
രാത്രിയി–ലോ പകലത്തോ–എന്തോ
മർത്ത്യര–റിയുന്നി–ല്ലന്ത്യകാ–ലത്തെ—

൪

വീട്ടിൽ വെ–ച്ചോ കാട്ടിൽ–വെച്ചോ–അതി
കോളുമു–ള്ള സമുദ്രത്തിങ്കൽ–വെച്ചോ ?
കട്ടിൽക്കി–ടക്കയിൽ വെച്ചോ–മൃത്യു
വെട്ടുവാൻ മൂർച്ചകൂട്ടുന്നെങ്ങു–വെച്ചോ !

൬

രോഗം ക്ഷാ-മം ശങ്ക-കൊണ്ടോ-വിഷ
നാഗം ദു-ഷ്ടമൃഗം-മിന്നിടി-കൊണ്ടോ ?
വേറെ-വി-പത്തുകൾ-കൊണ്ടോ-ജീവൻ
മാറും കാ-യം-മണ്ണായ്ത്തീരും നീ-കണ്ടോ—

൭

ഇപ്പോഴേ-തുടങ്ങേണം നെഞ്ചേ-ഇനി
വില്ലാടാ-കട്ടെന്നു-വെക്കാതെ-നെഞ്ചേ !
തല്പര-ന്നേല്പിക്ക-നിന്നെ-എന്നാൽ [ന്നേ
സ്വർപ്പുര-ത്തിലെന്നും-വാണീടാം-വി-

---

## ൭൭ ആഹരി ആദിതാളം 77

### പല്ലവി

മൃത്യു വന്നണയും-നിനക്കു-നിൻ വീട്ടുകാര്യം
കൃത്യമായൊരുക്കുക വേഗം
മൃത്യു വന്നണയുമല്ലോ-കർത്തനുറയിൽനിന്നു മൺ
കട്ടയാം ശരീരമിതാ-വെട്ടുവാൻ വാളൂരീടുന്നു— മൃത്യു

### ചരണങ്ങൾ

൧ ഉന്നത ദേവവചനമാ-മിതു നിനക്കു
ഇന്നറിയിച്ചീടുന്നല്ലോ നീ
മന്നർ മന്നനാം മശിഹ സന്നിധിയിൽ നിന്മരണം
വന്ന പിൻ നില്ക്കേണ്ടതെന്നു-ഉന്നിയുണർന്നെഴുന്നേല്ക്ക— മൃത്യു

൨ വെട്ടുവാൻ വാൾ മിനുക്കുന്നല്ലോ നിൻ കണ്ഠമതിൽ
തിട്ടമായ്വന്നു വീണീടുമേ
എത്രയും നിൻ നല്ല മേനി-യത്രയും വേഗം പുഴുത്തു
കണ്ടമഴിയുന്നതിന്ന-ടുത്തിരിക്കുന്നല്ലോ കാലം— മൃത്യു

൩ മെത്തയിൽ കിടന്ന നിൻ ദേഹം-അല്ലോ നാളെ
വെട്ടിയോർ കുഴിയിൽ കിടക്കും
ചത്ത നിൻ മേനിയെ-തിന്നു-തൃപ്തി വരുത്തുവതിന്നാ-
യ്കാത്തിരിക്കുന്നേ പുഴുക്ക-ളുററു ചിന്ത ചെയ്ക മൂഢാ !— മൃത്യു

൪ പുത്രകളത്രങ്ങളും നിന്റെ-മിത്രവർഗ്ഗവും
ചുററിനിന്നു കണ്ണീർതൂകവെ
കെട്ടി വലിച്ചീടും കഫം-വട്ടമായുരുട്ടും കണ്ണും
വിട്ടകന്നു നിന്നിൽ നിന്നു-തിട്ടമായ്പോയീടും ജീവൻ— മൃത്യു

---

## ൭൮ കാപി ആദിതാളം 78

### പല്ലവി

കല്ലും അല്ലെടോ! കായം-മല്ലും അല്ലെടോ !-ഇതു !

### അനുപല്ലവി

വെള്ളി പൊൻ വിലമതിയാ-മുത്തും അ-ല്ലെടോ !—

## ചരണങ്ങൾ

൧ വല്ലതും ചൊല്ലാതെ നാളെ-വരുവതറിയാ-അതാൽ
നല്ല വഴി തേടി ദേവ-നാമത്തെ ഓർക്ക— കല്ലും

൨ സൂൎയ്യനു കീഴ് കണ്ടതെല്ലാം-മായ അല്ലയോ ?-ശ്ലോമോൻ
കാൎയ്യം ഇതു ചൊന്നതെ നീ-പാൎത്തറിയായോ ?— കല്ലും

൩ കാററടിക്കും മേഘം പുക-യ്ക്കൊപ്പമായഹോ-നരൻ
ഊററം എണ്ണീടുന്ന ജീവൻ-പോയ്മറയുമേ— കല്ലും

൪ വേഗമായൊഴുകും ആററിൻ-നീററിനൊപ്പമേ-മായാ
ദേഹനര നാശകമതി-[1]ജവം കഴിയുമേ— കല്ലും

൫ രാപ്പകലിതൾ വെളിവും മാറുംവണ്ണമേ-അയ്യോ !
യുവതികൾ വാഴ്ചകൾക്കും-മാററപാടുണ്ടേ— കല്ലും

൬ പൂമലർ ചൂടേററു പെട്ടാൽ വാടി ഉതിരും-അതു
പോലെ ഈ കായത്തിൻ ഭംഗിമങ്ങി മായുമേ— കല്ലും

൭ അല്പനാൾ ജയം നടിക്കും-സല്പ ! മാനുഷൻ-അവൻ
അല്ല നോവെങ്കിൽ കിടക്കും കെല്പുകെട്ടവൻ— കല്ലും

൮ മേല്കീഴാം കീഴ്മേലാം-വണ്ടിയുരുൾപോൽ-നര
മേനിയും തൻ പൌരുഷവും-മേല്കീഴാമേ— കല്ലും

൯ മാനവും ഭൂവാഴ്ചയും എന്നാ-ലതിദരിദ്രനും-സൎവ്വ
മാന്യനാം ഭൂപാലനും ചാ-വൊപ്പം അല്ലയോ ?— കല്ലും

൧൦ ഓട്ടം ഓട്ടം ജീവൻ ഓട്ടം-സൎവ്വവും ഓട്ടം-തിട്ടം
ഓട്ടം ഒടുങ്ങുമ്പോൾ ആത്മ തന്നേ ശിഷ്ടം— കല്ലും

൧൧ ഭക്തജീവാത്മാക്കൾ മരിയാ-തെരിയും-തീയിൽ-പിന്നെ
ശിക്ഷനരാത്മാക്കൾ മരിയാ-തിരിക്കും മോക്ഷ— കല്ലും

---

## ൭൯ ഭൈരവി ആദിതാളം 79

### പല്ലവി

നമ്പ വേണ്ടാ ഉലകം നമ്പ വേണ്ടാ

### അനുപല്ലവി

നമ്പിടേണ്ടാ ഈയുലകം-എല്ലാം മായയെന്നു ശ്ലോമോൻ
നല്ലപോൽ അറിഞ്ഞു ചൊന്നാൻ ഈ ഭുവി അലഞ്ഞുഴന്നു—നമ്പ

### ചരണങ്ങൾ

൧ നന്മ ചെയ്കല്ലാതെ വേറെ
ഒന്നുതകാ നിനക്കു
ഇന്നോ എന്നോ മൃത്യു വരും
എന്നതിനാൽ ഭവസ്ഥിരം— നമ്പ

൨ മന്നർ മഹത്തുക്കൾ ബാലർ
ധന്യരുമോർ നിമിഷത്തിൽ
ഇന്നിലം വിട്ടൊഴിഞ്ഞു പോം
പിന്നെ വഴക്കൊന്നുമില്ലാ— നമ്പ

1. ജവം = വേഗത്തിൽ.

൩ കായമതു ജീവൻ വിട്ടു
മാറിയൊരു നാൾ കിടന്നാൽ
മാതാ മക്കൾ ഭാൎയ്യ ബന്ധു-
വായവരകന്നു നില്ക്കും— നമ്പ

൪ പിള്ള കല്ലറ വരെയും
പെൺകൊടി വാതിൽ വരെയും
തുള്ളിട്ടും തോഴർ പൊരുൾ കൈ-
ക്കുള്ളവരെയുള്ളു നീയും— നമ്പ

൫ ആശയാസ്ഥിന്റെ സ്വാന്തത്തിൽ
യേശുവെപ്പതിച്ചു നിത്യം
ഓശയായി ജപം തുടൎന്നാൽ
നാശമില്ലാ വേറൊന്നും നീ— നമ്പ

---

## വ്യ൦ ചെഞ്ചുരുട്ടി ത്രിപുടതാളം 80

### പല്ലവി

വാപത്തിലിരിപ്പതു മോശം തവ പാപം തന്നെ നാശം

### ചരണങ്ങൾ

൧

പാപത്തെ മോചിപ്പതിന്നായി ഭുവിൽ
പാപമില്ലാത്തേശു ജാതനായെന്നു
പാപി നീ [1]ഭക്ത്യാ ചിന്തിക്കാതിരിക്കിൽ
പാപം—പാപം—പാപം എപ്പോഴും—

൨

തന്നുടെ ജീവനെ ചിന്തിയാതെ താൻ
വന്നു മരിച്ചു നിനക്കായി സത്യം
ഇത്രമേൽ നിന്നെ സ്നേഹിച്ച ശ്രീയേശുവെ
ഭക്ത്യാ—ഭക്ത്യാ—ഭക്ത്യാ—ഭജിക്ക—

൩

പാപിയാം നിന്നെ തിരുരക്തത്താലെ
പാപത്തിൽനിന്നേശു വീണ്ടുകൊണ്ടല്ലോ
ഹന്ത നീ ചിന്തിച്ചുണൎന്നുകൊള്ളായ്കിൽ
ഹാഹാ—ഹാഹാ—ഹാഹാ—ദുരിതം—

൪

മൎത്യന്മാർ രക്ഷപെടേണ്ടതിന്നായി
ക്രിസ്തേശുവെന്ന നാമം നല്കപ്പെട്ടു
മറ്റൊരു നാമവുമില്ല [2]രക്ഷാൎത്ഥം
ക്രിസ്തും—ക്രിസ്തും—ക്രിസ്തും—നമിക്ക—

൫

ശ്രീയേശുക്രിസ്തുനെ സേവിച്ചുകൊൾകിൽ
ശ്രീയും സൌഭാഗ്യവും സൌലഭ്യമാകും
ശ്രീയേശു ദേവൻ താൻ എല്ലാവരാലും
[3]ധ്യേയൻ—ധ്യേയൻ—ധ്യേയൻ—നിൎണ്ണയം—

൬

കൎത്താവിൽ വിശ്വാസമില്ലാത്തവരെ
കൎത്താ നരകത്തിലാക്കീടും സത്യം
കൎത്താവിൻ കല്പന ലംഘിപ്പോൎക്കയ്യോ
കഷ്ടം—കഷ്ടം—കഷ്ടം—അധികം—

൭

യേശുചരിത്രത്തെ വായിച്ചുകൊണ്ടു
ആശു നീ തദ്ഭക്തനാകുക യെന്നാൽ
കുശലമായീടുമല്ലായ്കിലാത്മ
നാശം—നാശം—നാശം—ആയീടും—

---

## വ്യ൧ ഹിന്തുസ്ഥാൻ ഏകതാളം 81

### പല്ലവി

വരുന്നു നാശമയ്യോ—സോദോമിന്മേൽ
വരുന്നു നാശമയ്യോ

### അനുപല്ലവി

വരുന്നു നാശം—തിരിഞ്ഞു നോക്കാ—
തറിഞ്ഞു സീയോനെ!—വിരഞ്ഞോടുക നീ— വരു

---

1. ഭക്ത്യാ = ഭക്തിയോടുകൂടി. 2. രക്ഷാൎത്ഥം = രക്ഷയ്ക്കായി.
3. ധ്യേയൻ = ധ്യാനിക്കപ്പെടേണ്ടവൻ.

ചരണങ്ങൾ

അഗ്നിമഴ വരുന്നയ്യോ–ഭാൎയ്യ
മക്കളും നീയും വെന്തീടും
വെക്കം നീയോടാതെ നിന്നാൽ–നിത്യ
അഗ്നിക്കിരയാകുമയ്യോ— വരു

൨

നാളെയെന്നു നീ ചൊല്ലാതെ–അര
നാഴിക പോലും നില്ലാതെ
പാഴ്‌വാക്കു ചൊല്ലിക്കാല–മെല്ലാം
പാഴിൽ കളഞ്ഞീടാതയ്യോ— വരു

൩

സോദോം കുടികളിൻ വാക്കു–അതി
പാതകൻെറ ചതിവാക്കാം
കാതതിന്നു കൊടുക്കാതെ–അഗ്നി
ബാധയിൽ വെന്തഴിയാതെ— വരു

൪

അയ്യോ മഹാ പാപീ! നിന്മേൽ–നസ–
റയ്യൻ വെച്ചിട്ടല്ലോരൻപു
അയ്യോ ചെറുതല്ലെന്നോൎക്ക–ഇതു
പൊയ്യെങ്കിൽ ക്രൂശിന്മേൽ നോക്കു— വരു

൫

ക്രൂശിൽ കിടപ്പതാരയ്യോ–പര–
മേശ സുതനാകുന്നയ്യോ
നീചപാപീ! നിനക്കല്ലോ–ആ–
കാശ ഭൂമദ്ധ്യേ തൂങ്ങുന്നു— വരു

൬

ഉള്ളമതു പൊങ്ങുന്നില്ലേ?–നിൻെറ
വല്ലഭൻ വേദന കണ്ടു
വെള്ളമൊഴുകും പോലയ്യോ–ചോര–
യെല്ലാം ഒഴുകുന്നിതയ്യോ— വരു

൭

പാപീ! തിരുമുഖം കാൺക–അതി
പാപീ! ശിരസ്സതു കാൺക
പാപീ! യവൻ പുറം കാൺക–ക്രൂശിൽ
പാപീ! വിരിച്ച കൈ കാൺക— വരു

൮

പാപീ! തുളച്ച കാൽ കാൺക–തുറ–
ന്നോരു വിലാവിനെ കാൺക
പാപീ! തിരുമേനി കാൺക–അതി
പാപീ! യോട്ടും ചോര കാൺക— വരു

൯

പാപീ! തിരുസ്വരം കേൾക്ക–അവൻ
ജീവൻ വിടുവതും കാൺക
പാപീ! കോപാഗ്നിയെ കാൺക–തന്മേൽ
പാപീ! കത്തുന്നതും കാൺക— വരു

൧൦

സോദോമിലെ നിൻെറ പാപം–കൊണ്ടു
പാതകാ! നിൻ ജീവനാഥൻ
വേദനയോടു ക്രൂശിന്മേൽ–ഹരം
പാടുകൾ പെട്ടീടുന്നയ്യോ— വരു

൧൧

കൎത്തനാകുമിവൻ വാക്കു–പഴു–
തററതെന്നുള്ളിലങ്ങോൎക്ക
പുത്രാ! ജീവന്നായിട്ടോടെ–ന്നിതാ
എത്രയൻപോടുരെയ്ക്കുന്നു— വരു

൧൨

കണ്ണീർ തൂകിയുരെക്കുന്നു–അവൻ
നിന്നെ കണ്ടുള്ളുരുകുന്നു
പൊന്നേ! കണ്ണേ! വായെന്നയ്യോ ഇതാ
നിന്നെ വിളിക്കുന്നിതയ്യോ— വരു

---

൮൨ 82

## കാപി — ആദിതാളം

### പല്ലവി

ഓഹഹാ! പാപമാൎഗ്ഗം വിട്ടോടായോ?
ഉള്ളമേ, യേശു അൻപേ തേടായോ?

### ചരണങ്ങൾ

വൻകൃപയായി,–ദേവൻ അൻപായി
വന്നതില്ലയോ? ഭുവനെ നിനക്കായ്—

൨

നാല്പതു നാളായ്–തീപ്പശിക്കാളായ്
നാഥൻ ഉപോസിച്ചീലേ? നിനക്കായി?—

൩

ഭൂതലെ ജനിച്ചു,–വേദന സഹിച്ചു
1 ഭൂഭാരം അഖിലം താനെ വഹിച്ചു—

൪

കുരിശതിൽ അറഞ്ഞു,–കവറകം പതിഞ്ഞു
ദുരിതം നിനക്കതിനാലെ കുറഞ്ഞു—

൫

ക്ഷണം ഇഹം അഴിയും,–വിധിദിനം അ– [ണയും
ത്തുണ അവൻ ആകോ? അഴൽ അവനൊ– [ഴിയും

൬

അയ്യോ! എൻ മനമേ!–പൊയ്യേ ഭുവനമെ
അഴിയാ ഭാഗ്യം ചിന്തിക്ക അനുദിനമെ—

---

1. ഭൂഭാരം അഖിലം = ഭൂമിയുടെ (പാപ) ഭാരത്തെ മുഴുവനും.

വൃ ൩ ക്യാൽ ആദിതാളം 83

### പല്ലവി

നില്ക്ക! നില്ക്ക!-പാപിയേ!
നോക്കുക നിൻ-പാതയേ!

### അനുപല്ലവി

വെക്കരുതേ-പാദം ഇനി
തക്ക വഴി കാണും മുമ്പേ— നില്ക്ക!

### ചരണങ്ങൾ

൧ മൂഢനാം പി-ശാച്ച ശത്രു-ശീഘ്രം കൈ-വിട്ടിടുമേ
തക്ക വഴി-യല്ല നാശ-വക്കിലല്ലോ-നിന്റെ നില— നില്ക്ക!

൨ നാളെയോ ഇ-ന്നോ എന്നോ-കാലം ഒ-ടുങ്ങും എന്നു
വേളയറി-യാതുള്ള നീ-പാഴിലഴി-ക്കല്ലേ ഇന്നു— നില്ക്ക!

൩ കാലിനടു-ത്തല്ലയോ കോ-ടാലിയാം മ-രണവും
കാലമുള്ള-കാലം ഭക്തി-കാലിലണി-ഞ്ഞു നടക്ക— നില്ക്ക!

൪ വെട്ടെന്നു മ-രണം നിന്നെ-വെട്ടുവാൻ വ-ന്നീടുമ്പോൾ
ദുഷ്ടനായാൽ-നിന്റെ മുമ്പിൽ-കാട്ടുമെ നിൻ-പാപമപ്പോൾ— നില്ക്ക!

൫ അന്ത്യ വിധി-നാളിൽ ലോകം-വെന്തുരുകി-പ്പോകുമ്പോൾ
എന്തരിഷ്ട-നായിട്ടും നീ-സ്വന്തരക്ഷ-നേടിടാഞ്ഞാൽ— നില്ക്ക!

൬ നിത്യം അഗ്നി-കൂപത്തിൽ നീ—ചത്തിടാതെ നീറുവാൻ
കർത്തനും വി-ധിക്കുമ്പോൾ നീ-എത്രയോ-ഖേദിക്കും പോകാൻ—നില്ക്ക!

---

വൃ ൪ ആനന്ദഭൈരവി അടതാളം 84

### പല്ലവി

രക്ഷപ്പെടാൻ ഇതേ കാലം!
നല്ല കാലം! നല്ല കാലം!

### അനുപല്ലവി

രക്ഷണ്യ സുവിശേഷ-വചനമിതാമെ

### ചരണങ്ങൾ

൧ പാരിൻ മാ-യ ഇമ്പ-ത്തിന്നായി—യേശു
പരനിൻ മാ-കൃപയെ ഉ-പേക്ഷിച്ചീ-ടായ്വിൻ— രക്ഷ

൨ ഇഹലോക-സ്നേഹം വി-നാശം—ഇതിൽ
ഇണങ്ങാതെ-മോക്ഷത്തെ-കരുതുവിൻ-വേഗം— രക്ഷ

൩ ഭയവും സ-ന്ദേഹവും-നീക്കിൻ—യേശു
പരൻ രക്ഷി-പ്പാൻ ശക്തി-മാൻ കൃപാ-പൂർണ്ണൻ— രക്ഷ

൪ നരവരൻ-താനായി-വന്നു—യേശു
നരപാപ-ത്തിന്നു യാഗം-ചെയ്തായി-ത്തല്ലോ— രക്ഷ

൫ തിരുരക്തം–നിൻ പാപ–ത്തെയും—നീക്കും
ക്ഷണം തിരു പുണ്യത്തിൽ–ശരണം വെ–ച്ചിട്ടുകിൽ— രക്ഷ

൬ കൃപയാൽ അ–ല്ലാതാക്കും–മോക്ഷം—കിട്ടാൻ
കഴിവില്ല, തിരുകൃപ–തേടിക്കൊൾ–വേഗം— രക്ഷ

---

## വൃ൫ ജാവളി ഏകതാളം 85

പല്ലവി

കാലം പാഴിൽ പോക്കൊല്ലാ വേഗം
യേശുവിന്നരികിൽ നീ വാ—ഹേ പ്രിയനേ

ചരണങ്ങൾ

കാലമതോർത്താൽ–സ്വപ്നസമാനം
നാളുകളോടിപ്പോം–നാമറിയാതെ– കാലം

൨

മിന്നൽപിണർ പോൽ–മാനുഷനുള്ള
മന്നിലെജീവിതം–എന്തവനോർത്താൽ— കാ

൩

പുല്ലിനു തുല്യം–ധൂമം പോലെയും
അല്ലയോ മനുജൻ–ഇല്ലൊരു സാരം–കാലം

൪

ലോകത്തിൻമാനം–ശക്തി ധനങ്ങൾ
ആകവെ നശ്യമെന്നോർത്തറിയെണം—കാ

൫

എത്ര മനോജ്ഞൻ–യേശു മഹേശൻ
അത്തലകറ്റുമേ–നീ വരുമാകിൽ— കാലം

൬

രക്ഷാസമയം–ഇക്ഷണമത്രെ
രക്ഷപെട്ടീടുക–താമസമെന്യേ— കാലം

---

## വൃ൬ സൌരാഷ്ട്രം ആദിതാളം 86

പല്ലവി

ദേഹം മണ്ണാ–കും മുമ്പെ
തേടിക്കൊൾ ദൈ–വ കൃപാ

അനുപല്ലവി

ലോകവാഴ്ച–ഒടുങ്ങും–കാലം വാഴുവാൻ
ഏകരക്ഷാ–കരനാം–യേശുവേ ചേർന്നുകൊൾക

ചരണങ്ങൾ

൧ ബാലത, കോമളത്വം–വാട്ടം പൂവോടു തുല്യം
ബലവും രക്തതിളെപ്പും–സൌഖ്യവും എല്ലാം
പാരിൽ ആക്കും ഉറെപ്പാൻ–പാടുള്ളതല്ലയല്ലോ— ദേഹം

൨ രോഗങ്ങൾ അങ്ങും ഇങ്ങും–ദേഹത്തിൽ പാർത്തീടുന്നു
ഏകൻ കല്പിച്ചീടുമ്പോൾ–ഏകമായവ
വേഗം കൂടി ഞെരുങ്ങും–പോകും ജീവൻ അതിനാൽ— ദേഹം

൩ ചുറ്റിലും ആപത്തുകൾ തൂക ബഹുവായിട്ടുണ്ടേ
തെറ്റി നില്പാൻ നിനക്കു ശേഷിയില്ലയ്യോ
പറ്റിക്കൊൾ നീ പരനേ–ഭയന്നുകൊൾ നേരമെല്ലാം— ദേഹം

൪ കാഴ്ച മങ്ങീടും മുമ്പേ–കാതടച്ചീടും മുമ്പേ
കായമെങ്ങും തരിച്ചു മരവിക്കും മുമ്പേ
ബോധം നീങ്ങീടും മുമ്പേ–ഭയങ്കരം പിടിക്കും മുമ്പേ— ദേഹം

൫ ക്രൂരപ്പേ കൂട്ടം വന്നു–കൊണ്ടുപോയീടും മുമ്പേ
ഘോരപാതാളത്തീയിൽ–വീണുപോം മുമ്പേ
കാരുണ്യ കർത്തൻ യേശു–നാഥനെ ചേർന്നുകൊൾക— ദേഹം

൮൭ ലാവണി ആദിതാളം 87

പല്ലവി

മുൻപേ മുൻപേ നടക്ക
മേലോട്ടു ലക്ഷ്യം നോക്കി—അയ്യോ
പിൻപേയുള്ളവ തീരെ—നീയു—
പേക്ഷിച്ചോട്ടുക നേരെ—വേഗം— മുൻപേ

അനുപല്ലവി

ഡംഭം പകയും എണ്ണും
പങ്കം നിറഞ്ഞ ലോകം—ഇതിൻ
സംപർക്കം ആകെ നീക്കി—ഇതിൻ
ഇമ്പം വന്നല്ല എന്നു—വേഗം— മുൻപേ

ചരണങ്ങൾ

സമ്പാദ്യം ബന്ധുജനം
അമ്പാരമായ ധനം
അൻപുള്ള തരുണിസുതന്മാർ—ഒന്നും
നമ്പാതെ ഓടി ഗമിക്ക—എല്ലാം
പിമ്പേ വിട്ടോടി ഗമിക്ക—ക്രിസ്തിൻ
സമ്പൽഗതിക്കു ഗമിക്ക—വേഗം— മുൻപേ

൨

ഒട്ടും നില്ക്കാതെ ഇങ്ങു
ദുഷ്ടജന വഴിയിൽ
ഓട്ടം തുടന്നു വേഗം—ശക്തി
കൂട്ടി ഗമിക്ക വേഗം—നിന്നാൽ
ഗോഷ്ഠി ചെയ്യും പോലോകം—പുറ—
കോട്ടു തിരിഞ്ഞുപോകും—വേഗം—മുൻപേ

൩

ഒന്നും ഭയപ്പെടാതെ
നന്നേ ധൈര്യപ്പെടുക
മന്ദം ഭവിച്ചീടാതെ—നിദ്ര
സ്വപ്നം നടിച്ചീടാതെ—സുഖം
ഒന്നും ആശിച്ചീടാതെ—ക്ഷീണം
ഒന്നും മതിച്ചീടാതെ—വേഗം— മുൻപേ

൪

ഖേദം നിന്ദയിൽ വേണ്ടാ
സോദോമിൽ നീ നോക്കേണ്ടാ
മോദിക്കേണ്ടാ നീ ഭൂമൌ—യേശു
നാഥന്റെ ചിന്തയോടെ—മനോ—
ഖേദം ധരിച്ചു കൂടെ—ധ്യാനം
വേദത്തിൽവെച്ചു പാടെ—വീണ— മുൻപേ

൫

വഞ്ചിച്ചീടുന്ന പേയെ
അഞ്ചാതെ ആയുധങ്ങൾ
നെഞ്ചിൽ ധരിച്ചു കാലെ—കൃപ
വാഞ്ഛിച്ചു ശക്തിയാലെ—1പഞ്ച—
ലാഞ്ഛനം നോക്കി—മേലെ—ദിവ്യ
സഞ്ചാരം ചെയ്ക കാലെ—വേഗം—മുൻപേ

## INVITATION TO CHRIST

## ക്രിസ്തുവിങ്കലേക്കു ക്ഷണനം

൮൮ സുറിയാനി 88

൧ വാ വരികേശു നിന്നെ—കാത്തു കാത്തിരിക്കുന്നു
ഹാ വഴിക്കാരാ വേഗം—വാ വരികേശു മുമ്പിൽ

൨ വാ വരികേശു നിന്നെ—രക്ഷിച്ചുകൊള്ളും നൂനം
ഹാ നിത്യടിമക്കാരാ—വാ വരികേശു മുമ്പിൽ

൩ വാ വരികേശു നിന്റെ—ഭാരമൊഴിച്ചു കാക്കും
2ഭാരവാഹിയേ ശീഘ്രം—വാ വരികേശു മുമ്പിൽ

1. പഞ്ചലാഞ്ഛനം = (മശിഹായുടെ) അഞ്ചു തിരുമുറിവടയാളങ്ങൾ. 2. ഭാര-
വാഹിയേ = ഭാരംചുമക്കുന്നവനേ.

൪ വാ വരികേശു നല്ല-കാഴ്ച തരും നിനക്കു
ഹാ കുരുടാ നീ തപ്പി-വാ വരികേശു മുമ്പിൽ

൫ വാ വരികേശു നിന്നെ-താങ്ങിക്കൊള്ളും പ്രിയമായ്
ആലസ്യമുള്ളവനേ !-വാ വരികേശു മുമ്പിൽ

൬ വാ വരികേശു നിന്നെ-മാൎവ്വിലണച്ചുകൊള്ളും
ഹാ കുഞ്ഞാടേ സുഖേന-വാ വരികേശു മുമ്പിൽ.

---

## ൮൯ 89

## ആനന്ദവിലാസം — അടതാളം

ഹാ വരുവിൻ പാപികളേ പാപ
ഭാരത്തിൻകീഴിൽ ഞെരുങ്ങുന്നവരേ
ഭാരം ലഘുവാക്കീട്ടുവാൻ—സൎവ്വ
പാപക്കറയെത്തുടച്ചുകളവാൻ

൨

വിശ്വാസം മാത്രമേ പോരും—എന്നാൽ
വിശേഷരക്ഷയെ നിങ്ങൾ പ്രാപിക്കും
ചിത്തമവനുകൊടുക്ക—അപ്പോൾ
ചിത്തശുദ്ധി വരുത്തും പരമാത്മ

൩

ലോകത്തിൽ വന്നതും യേശു—തന്റെ
ലോകൎക്കു രക്ഷ വരുത്തുന്നതിനു
പാടനേകം സഹിച്ചതും—ലോക
പാപികളെ പ്രതിയത്രെ മശിഹാ

൪

ക്രൂശിൽ മരിച്ചതും നിങ്ങൾ—ക്കുള്ള
ക്രൂരപാപതിമിരത്തെ യൊഴിപ്പാൻ
മുറിവുകളിൽ നിന്നൊലിക്കും—രക്ത
ഉറവ പാപത്തെ അറുക്കുന്നു തീരെ

൫

മരണത്തിൽനിന്നുയിൎത്തതും—യേശു
മരണത്തിൻ ഭീതി നമുക്കൊഴിപ്പാനായ്
മഹത്വം ധരിച്ചു പിതാവിൻ—തന്റെ
വലത്തുഭാഗത്തിരിക്കുന്നു ലോകത്തിൽ

൬

ഇരിക്കും വിശ്വാസികൾക്കായി—യേശു
ഇരക്കുന്നു തൻ പിതാവിന്റെ കൃപയെ
ധരിക്ക വിശ്വാസമേശുവിൽ—മുക്തി
ലഭിക്കാം സ്വൎഗ്ഗത്തിൽ സുഖിച്ചെന്നും വാഴാം

൭

പാപവിഷത്താൽ മരിച്ച—മൎത്ത്യ
പാപികളെ നിങ്ങൾ കുരിശുമരത്തേൽ
നോക്കുവിൻ ത്രാണ കൎത്താവെ—നിത്യം
നോക്കി വിശ്വാസത്താൽ ജീവിച്ചുകൊൾ—
ഹാ വരുവിൻ പാപികളേ ! [വിൻ

## ൯൦ 90

## ആനന്ദഭൈരവി — ആദിതാളം

### പല്ലവി

നാഥനേശുവിനു-സ്തുതി
ചൊൽ-ചൊൽ-ചൊൽ-ചൊൽ-ചൊൽ

### ചരണങ്ങൾ

ഇഹപര നന്മകൾ-സൎവ്വവും തന്നു
ബഹുതര തിന്മകൾ-ക്ഷമിച്ചീടുന്ന
യഹോവയാം ത്രി-യേകനെന്നും സ്തുതി
ചൊൽ-ചൊൽ-ചൊൽ-ചൊൽ-ചൊൽ—

൨

പരലോകം വിട്ടു-പാരിടത്തിൽ വന്നു
നരകുല രക്ഷക-നായവനും
പരമഗുരുവുമാം-യേശുവിന്നും-സ്തുതി
ചൊൽ-ചൊൽ-ചൊൽ-ചൊൽ-ചൊൽ—

൩

ധനവും ഘനവും-1പനിപോൽ പറക്കും
നന്മകൾ തിന്മകൾ-നിന്മേലുറക്കും
തിന്മയാകും-ലൌകികം വിട്ടോടി നീ
പോ-പോ-പോ-പോ-പോ—

൪

മണ്ണു മോഹാദിയിൽ-മനസ്സു വെക്കാതെ
വിണ്ണിനു പോകുവാൻ-വിരഞ്ഞിട്ടു നീയേ
കണ്ണിൽ കാണുന്ന ഈ-മായാ സുഖം വിട്ടു
പോ-പോ-പോ-പോ-പോ—

൫

ദുഷ്ടസാത്താനുടെ-നഷ്ടതാവഴിയിൽ
ഒട്ടുമിഷ്ടപ്പെട്ടു-നഷ്ടമാകാതെ
സ്പഷ്ടമായ് ക്രിസ്തു കാട്ടിയ പാതയിൽ
വാ-വാ-വാ-വാ-വാ — നാഥ

1. പനി = മഞ്ഞു.

## ൯൧ 91

### ജ്ഞാവളി—ആദിതാളം

#### പല്ലവി

യേശുവേപ്പോലൊരു രക്ഷകൻ മറെറങ്ങു-
യേശുവേപ്പോലൊരു രക്ഷകൻ [മില്ല

#### ചരണങ്ങൾ

എന്മഹാ പാപങ്ങളും—തിന്മദുഃഖങ്ങളെല്ലാം
തന്മേൽവഹിച്ചിനിക്കാശ്വാസം—തരുന്നൊരു

൨

കർത്തൃസന്നിധിയിലെൻ—ഭാരച്ചുമടുകളെ
പ്രാർത്ഥനമൂലംവയ്പതിന്ന—നുവദിക്കു— ന്നേശു
൩ [ചൊന്നാൽ

എൻപരീക്ഷകളെല്ലാം.തൻ1പാദെകൊണ്ടു
അൻപോട്ടടനിനിക്കിവയിൽ—ജയംനല്കും

൪

ആലസ്യമുള്ള ഭാര—വാഹിയേ നീ വരിക
പാലിക്കും നിന്നെയുമവൻ—അരുമയോടെ

൫

ഉത്തമസ്നേഹിതൻ—വിശ്വസ്ത വഴികാട്ടി
സത്യത്തിൽ നടത്തീടുംനിന്നെ—യെന്നുമവൻ
൬ [ടയൻ

അൻപുള്ള പുരോഹിതൻ—കാരുണ്യവാനി-
ഇമ്പമായ് പഠിപ്പിക്കും നല്ല—ഗുരുനാഥൻ
൭ [മ്പിൽ

സ്നേഹസഹോദരനാകും—ആത്മവല്ലഭൻ മു-
ദാഹത്തോടെയണഞ്ഞു വന്നീ—ട്ടുക വേഗം
൮ [ൽ

സന്തോഷമോടെയവൻ തന്തിരുക്കരങ്ങളി
ലേന്തിട്ടും നിന്നെ വരികിൽ—അരികിലഹോ

൯

തന്നുടെമാർവ്വിലവൻനിന്നെയണച്ചുകൊള്ളും
പിന്നെ സദാ നിനക്കനന്ത ഭാഗ്യമല്ലോ—

---

## ൯൨ 92

### ക്യാൽ—അടതാളചാപ്പ്

വരികവരിക യേശു—അരികിൽ വാ പാപീ
അരുമരക്ഷകൻ നിന്നെ ക്ഷണിക്കുന്നി-
൨ [ന്നേരം

ഭാരം നീ വഹിക്കേണ്ടാ—പാരംഭീതിവേണ്ടാ
കാരുണ്യവാനേശു—തരുമേയാശ്വാസം

൩

വരികയെന്നാത്മാവും സഭയും ചൊല്ലുന്നു
വരിക താമസിയാതെ—തുറക്കനിൻ ഹൃദയ

൪

പാപിയെന്നോർത്തു പിൻ—മാറേണ്ട തെല്ലു
പാപമെല്ലാമേശു—മോചനം ചെയ്യും

൫

പാപത്തെ മറെക്കാതെ—ഏററുചൊല്ലുകിലെ
പാപികൾക്കഭയമാം യേശുവിൻ മുമ്പിൽ

൬

ശരണം മറെറാരുവനും—വരികില്ല നൂനം
പരമ സങ്കടമേറും—മരണനാഴികയിൽ

---

## ൯൩ 9

### പന്തുവരാളി — അടതാളം

#### പല്ലവി

യേശുവിന്നരികിൽ വാ പാപീ

#### അനുപല്ലവി

ഈശൻ നിൻ ദുരിതങ്ങൾ മോചിക്കും വേ
[ഗാം

#### ചരണങ്ങൾ

[വീ
പാപത്തിൽ കിടന്നു നീ—നരകത്തീയതിൽ
എരിയാതീനിമിഷം നീ—വരികവൈകാ

൨

നിൻ പാപമഖിലവും—തങ്കണ്ണിന്നു മുമ്പാ
കാണുന്നായതിനാലെ—താണു നീ വേഗം—

൩

പാപിക്കാശ്രയമായി—താനല്ലാതെയില്ലാരു
1പാദെ ചേർന്നിട്ടുന്നോരെ—പാലിക്കുന്നോ
൪ [ശ

ആണിപ്പാടുകളുള്ള—2പാണിനീട്ടിയുംകൊ
ക്ഷീണരെ വിളിക്കുന്നു—കാണുന്നില്ലേ നീ—
൫ [ഞാ

ഒന്നുകൊണ്ടുമെൻ ചാരെ—വന്നീടും നര
നിന്ദിച്ചു ത്യജിക്കയി—ല്ലെന്നു ചൊന്നോരു—
൬ [രിയു

നിന്നെ നോക്കിയുംകൊണ്ടു—കണ്ണുനീർചൊ
പിന്നെയെന്തു നീ ചിന്തെ—ചിന്തിച്ചിടാതെ
൭ [ന്നാ

ഉന്നതൻ വിളികേട്ടു—പിന്നാലെ വരികെ
പൊന്നുലോകത്തിലെന്നും സമ്മോദാൽ വാ
[ഴ

---

1. പാദെ = പാദത്തിങ്കൽ.

2. പാണി = കൈ.

## ൯൪ ഇംഗ്ലീഷ് ഏകതാളം 94

പരമാനന്ദമനുഭവിപ്പാൻ
വരുവിൻ നരരേ വിരഞ്ഞോടി നിങ്ങൾ

൨

പരമോന്നതനേശു ഇതാ
അരികിൽ വരുവാനരുളചെയ്തിടുന്നു

൩

പരിശുദ്ധമതീവചനം
ഒരുകാലത്തിലും വരികില്ല ഭേദം

൪

അരികിൽ വരുമാരെയുമേ
പിരിയാതെയെന്നും കരുതീടുമെന്നു

൫

പരമോന്നത വാക്യമിതാ
ശരിയായ് നിന്നോടി-നരുളചെയ്തിടുന്നു

൬

വരിക തിരു സന്നിധിയിൽ
പരമാർത്ഥമെല്ലാം പറഞ്ഞീടുക നീ

൭

ഒരുമാത്രയും പാർത്തിടാതെ
വെറുത്തേററു പറഞ്ഞൊഴിഞ്ഞീടു പാപം

൮

തിരുച്ചോരയിനാലെ നിന്റെ
പെരിയോരു പാപം കഴുകീടുമവൻ

൯

പിറകോട്ടെറിഞ്ഞീടാമെന്നു
പറയുന്നതിനെ അറിഞ്ഞീടുക നീ

## ൯൫ കാമോദരി ആദിതാളം 95

### പല്ലവി

നസറയ്യനാകും യേശുനാഥൻ-ദൈവ
നന്ദനൻ എഴുന്നരുളീ-ടുന്നു കൃപ-യോടിന്നേരം

### അനുപല്ലവി

നാശമുണ്ടാക്കുന്ന പാപ-നഷ്ടകഷ്ടങ്ങളകററി
മാ സുവിശേഷ രക്ഷയെ-മംഗലമായ് നല്കീടുവാൻ— നസ

### ചരണങ്ങൾ

൧ ആണി ചേർത്ത പാദങ്ങളാൽ-അൻപിൽ നടകൊണ്ടു
അലിവുള്ള തിരുകണ്ണുകൾ-ചുററും നോക്കികൊണ്ടു
ക്ഷീണമെന്ന്യേ നന്മ ചെയ്യും-തൃക്കരങ്ങൾ നീട്ടികൊണ്ടു
ദേവ നീതി നിവർത്തിച്ചു-ദിവ്യ കൃപാ ശോഭയോടെ— നസ

൨ പാപ രോഗങ്ങൾക്കു തക്ക-ഔഷധങ്ങൾ കൊണ്ടു
പാപപ്പെട്ടവർക്കു നല്കാൻ-നന്മ ബഹു കൊണ്ടു
കോപമില്ലാത്ത ഗുണവാൻ-ഗുരുവായുദിച്ചപരൻ
കോടി ലോകങ്ങൾക്കു രാജൻ-കരുണ കണ്ണുകളുള്ളവൻ— നസ

൩ പാപ കുഷ്ഠരോഗികളെ-പക്ഷത്തോടു നോക്കി
പക്ഷവാദം നീക്കും ശക്തി-കാണിച്ചീടാൻ നോക്കി
ശാപ കുരുടർക്കു കാഴ്ച-ചന്തമേ നല്കുന്നതിനും
ചത്ത പാപികൾക്കു ജീവൻ-ശക്തിയും അരുൾവതിനും— നസ

൪ പേടി ലജ്ജയുള്ളവരെ-കടക്കണ്ണാൽ നോക്കി
പിഴച്ച മാ പാപികളെ-അലിവോടു നോക്കി
വാടിനില്ക്കും പാപികളെ-വിളിച്ചു കരുണയോടെ
മഹത്വം രക്ഷ നല്കീടാൻ-എഴുന്നരുളുന്നൻപോടെ— നസ

# SAVIOUR'S CALL

# രക്ഷിതാവിൻെറ വിളി

൯൬ സുരുട്ടി അടതാളം 96

## പല്ലവി

തനയാ നിന്നുടെ പേക്കായി-ട്ടെന്നുടെ ചോര
ബലിചെയ്യായതിനെ ഓൎക്ക

## അനുപല്ലവി

വിനയാൽ നീ നരകത്തീ-ക്കനലിൽ വീഴുവാറായി
മനസ്സാലെന്നുടെ ജീവൻ-നിനക്കായ്തന്നു വീണ്ടില്ലേ— തന

## ചരണങ്ങൾ

൧ ഇതിനെ നീ കരുതീടാതെ-മായമോഹത്താൽ
മതികേടായ്മടന്നീടാതെ
ചതിയനാം പിശാചിനെ-യതിദൂരെയകററാഞ്ഞാൽ
പതിയും നീ നരകത്തിൽ-അതിനില്ലേതുമേ മാററം— തന

൨ ഇതിനു തുല്യമായെന്തോ നീ-തന്നിട്ടും പാപി!
കുതുകമോടിതു ചിന്തിക്ക
അതിരററുള്ളൊരു മോദം-അകമെ തന്നതിന്നായി
പതിയാമെന്നുടെ പാദെ-വരിക നീ മടിയാതെ— തന

൩ ദുരിതം ഞാൻ പലതുമേററു-നിൻ ദുരിതങ്ങൾ
ശിരസ്സിൽ ഞാൻ ചുമന്നു തീൎത്തു
കരുതുകിന്നിതിനെ നീ-യരുതു സംശയമേതും
വിരുതു വാങ്ങുവാനാസ്ഥി-കരിശുംകൊണ്ടു ശീഘ്രം വാ— തന

൪ വരുമോരോ ഞെരുക്കം 1ഭൂമൌ-ഭീയതിനാലെ
പരിതപിച്ചിരുന്നീടാതെ
മരണനാഴികയോളം-ഇരി നീ വിശ്വസ്തനായി
തരുവേൻ ജീവകിരീടം-അതിനു സംശയിക്കേണ്ടാ— തന

൫ ദിനവും നീ മരിച്ചീടേണം-എന്നിൽ ജീവിപ്പാൻ
വിനയം നീ ധരിച്ചീടേണം
അകമെ ഞാൻ വളരേണം-പുറമെ നീ നശിക്കേണം
കറയെ ഞാൻ കളയുമ്പോൾ-ഭ്രമിച്ചീടേണ്ട നീയേതും— തന

൯൭ കൌശിക ആദിതാളം 97

## പല്ലവി

വിശ്വാസ ഹീന പാപി! എൻ വാഗ്ദത്തം—ചെമ്മെ
വിശ്വസിച്ചതിലാശ്വസിച്ചീടുക

1. ഭൂമൌ = ഭൂമിയിൽ (വച്ചു്).

## ചരണങ്ങൾ

൧ വിശ്വസിച്ചങ്ങു ജ്ഞാനസ്നാനമേല്ക്ക—എന്നാൽ
നിശ്ചയമായ് നീ രക്ഷിക്കപ്പെട്ടും— വിശ്വാ

൨ ഹാ! ഹാ! പ്രയാസപ്പെട്ടുന്നോർ വരുവിൻ—വേഗം
ഹന്ത ഞാനെല്ലാക്കുമാശ്വാസം നല്കും— വിശ്വാ

൩ ഭാരം ചുമക്കുന്നവരേ വരുവിൻ—അപ്പോൾ
പാരാതെ ഞാൻ നിങ്ങൾക്കാശ്വാസം തരും— വിശ്വാ

൪ ദാഹമുള്ളവനേ നീ എൻ സമീപെ—വന്നു
1പ്രഹർഷത്തോടാശു കുടിച്ചുകൊൾക— വിശ്വാ

൫ എന്നരികെ മുദാ വരുന്നോരെ ഞാൻ—എന്നും
എപ്പിധവും തള്ളിക്കളകയില്ല— വിശ്വാ

൬ എങ്കൽ വരുന്നവന്നു 2ക്ഷുത്തു നാസ്തി—പിന്നെ
എന്നിൽ വിശ്വസിപ്പവനില്ല ദാഹം— വിശ്വാ

൭ എന്റെ വചനം കാത്തുകൊള്ളുന്നവൻ—സത്യം
എന്നേക്കും മരണത്തെ കാണ്കയില്ല— വിശ്വാ

൮ എന്നെ പിന്തുടർന്നീടുമാടുകൾക്കു—നല്കും
എന്നന്നേക്കുമുള്ളൊരു ജീവനെ ഞാൻ— വിശ്വാ

൯ 3ജീവപൂപമാം എന്നെ ഭക്ഷിക്കുന്നോർ—എല്ലാം
ജീവിച്ചുകൊണ്ടീടുമെ എന്നന്നേക്കും— വിശ്വാ

൰ മർത്ത്യന്മാർ രക്ഷിക്കപ്പെടേണ്ടതിന്നു—ഇല്ല
മറ്റൊരു നാമമയ്യോ എന്റേതെന്ന്യേ— വിശ്വാ

---

## ൯൮ (ന്റവ്യ) ആനന്ദഭൈരവി ആദിതാളം 98

### പല്ലവി

അയ്യോ! പാപീ നീ എൻ-പാടു കാണുക!

### അനുപല്ലവി

പാതകം നീ ചെയ്തതാൽ ഈ
പാടു ഞാൻ പെട്ടേൻ— അയ്യോ!

### ചരണങ്ങൾ

പരമാനന്ദം ഞാൻ-വിട്ടു നിമ്മലം
വെരുംകാട്ടിനുൾ ഞാൻ-വന്നു നിർമ്മലം
കീറിയ വസ്ത്രവും പുതച്ചേൻ
പാരിന്നടയോൻ— അയ്യോ!

൨

നരമാതാവിൻ ചൊൽ-കീഴടങ്ങി ഞാൻ
ഒരു യാചകൻ പോൽ-ജീവനം ചെയ്തേൻ
ഏറെ വിശപ്പും ദാഹവും
ഏറ്റു നിർമ്മലം— അയ്യോ!

൩ [ത്താൽ
ഇടികൊണ്ടെന്റെ മെയ്-നിന്റെ പാപ-
അടികൊണ്ടേറെ ഞാൻ-നിന്റെ ദോഷ-
കെട്ടുകൾ തൊഴികൾക്കുമോ [ത്താൽ
അറ്റമില്ലല്ലോ— അയ്യോ!

൪ [ന്നേ!
ഇരിമ്പാണിയാൽ എൻ-കൈകൾ നോക്കു-
ഇരുപാദങ്ങൾ ഓർ-ആണിമേലായേ
കരളിലും കുന്തം കടന്നു
ചൊരിയുന്നേ രക്തം— അയ്യോ!

൫ [ണ്ണം
നിന്റെ പാപത്താൽ ഞാൻ-നോകുന്നിവ-
നിന്റെ പേക്കല്ലോ ഞാൻ-തൂങ്ങുന്നിവണ്ണം
നിന്റെ പാപത്തിനു വേണ്ടി
ഞാൻ അടി കൊണ്ടേൻ— അയ്യോ!

---

1. പ്രഹർഷത്തോടെ = സന്തോഷത്തോടെ. 2. ക്ഷുത്തു = വിശപ്പു. 3. ജീവപൂപം = ജീവന്റെ അപ്പം.

൬
പാറകൾ പോലും എൻ-പാട്ടു കാണുന്നേ
പാരം ഞെട്ടുന്നേ കൺ-നീരൊഴുക്കുന്നേ
ധീരനാഥ്നീ എന്നെ നോക്കി
തല കുലുക്കാതെ— അയ്യോ !

൭
കന്നൻ പേയോടെ നീ-ചേൎന്നില്ലാതെ
എന്നെ ക്രൂശിന്മേൽ നീ-വീണ്ടും തൂക്കാതെ
നിന്നുടെ പേക്കുള്ള ശിക്ഷ
എന്നിലായിതാ— അയ്യോ

# THE HOLY SPIRIT
# പരിശുദ്ധാത്മാവു

൯൯ ഭൈരവി • ത്രിസ്യരതാളം 99

### പല്ലവി

വരിക നൽവരങ്ങളെ നീ തരിക ആവിയേ !-ശുഭ
കരുണ 1വാപിയേ !—

### ചരണങ്ങൾ

൧ തവജനാഭിഷേകത്തിൻ സു-ഗന്ധതൈലമേ !-ദിവ്യ
സ്നാന തൈലമേ— വരിക

൨ പ്രാവുപോലെയോ ദഹന-ജ്വാല പോലെയോ-കതി-
രൊളിവുപോലെയോ— വരിക

൩ വൃാഴ്ക മനസ്സിൻ ദുൎവ്വിചാരം-ആകെ മാറുവാൻ-ഗുണം
ഏറിത്തേറുവാൻ— വരിക

൪ പാപക്കടലിൽ ആഴം കണ്ട-പാപി ഞാൻ അയ്യോ !-എന്നിൽ
കോപിയാതയ്യോ— വരിക

൫ ദോഷച്ചെളിയിൽ മുഴുകി വാഴും-ദോഷി ഞാനല്ലോ-ഗുണ-
ദോഷി നീയല്ലോ— വരിക

൬ പ്രകൃതികൊണ്ടു വികൃതമായ-ഹൃദയം മാറുവാൻ-നവ-
ഹൃദയം ആകുവാൻ— വരിക

൭ ഇരുൾ അകന്നങ്ങകം അതുങ്കൽ-വെളിവണയുവാൻ-വേദ-
ത്തെളിവുണരുവാൻ— വരിക

൮ സത്യ ധൎമ്മ നീതി മാൎഗ്ഗ-മുറകൾ ആകുവാൻ-കൃപ
വളരെ നല്കുവാൻ— വരിക

൧൦൦ മോഹനം ഏകതാളം 100

### പല്ലവി

ഉന്നതാസനാ നിൻെറ ആവി ഞങ്ങളിൽ
വന്നു ചേരുവാൻ കൃപ ഇന്നു നല്കുകേ—

### അനുപല്ലവി

മുന്നം മാനവർ പാപം മാറുവാൻ ഭുവി
നിന്ദ സൎവ്വദാ തന്നിൽ ഏറ്റ [illegible]—

### ചരണങ്ങൾ

മതിമയങ്ങുന്നേ പേയും മനസ്സിളക്കുന്നേ
മലമതാം കടൽതിര മറിഞ്ഞലയ്ക്കുന്നേ—

1. വാപി = തടാകം.

[ന്റെ

൨

മോഹ പാപങ്ങൾ വിഷം ഏറ്റംപോലെ-
ദേഹദേഹികൾക്കതി നാശം ചെയ്യുന്നേ—

൩

ശുദ്ധാത്മാവിനെ ശിഷ്യർക്കെത്തിക്കാമെന്നു
സത്യമായരുൾചെയ്തു, ഉത്തമ ദേവനേ—

൪

ദേഹമോഹമോ മഴ മേഘം പോലെന്നിൽ
വേഗമോടുന്നു ചതി യോഗം കൂട്ടുന്നു—

൫

പെന്തക്കോസ്തെന്ന മഹാ ഉത്സവ ദിനേ
സ്വന്ത ആത്മാവെ അവർക്കയച്ചപോലിന്നു-

൬

ദാസനാമെന്നിൽനിന്റെ ആശ്വാസപ്രദൻ
വാസമാകുവാനരുൾ യേശുദേവനേ—

---

## ൧൦൧ നാഥനാമക്രിയ ആദിതാളം 101

### പല്ലവി

വന്നാവസിക്ക ദേവാത്മാവേ നീ
വന്നാവസിക്ക!

### അനുപല്ലവി

വന്നാവസിക്ക വേഗം-നിന്നുടെ മാ കൃപയാൽ
ഇന്നീയടിയാരിന്മേ-ലുന്നതത്തിങ്കൽനിന്നു— വന്നാ

### ചരണങ്ങൾ

൧ കർത്താവിൻ ഭൃത്യർ പെന്തി-ക്കോസ്തുപ്പെരുനാളിങ്കൽ
ഒത്തൊരുമയോടെ-പ്രാർത്ഥിച്ചിരിക്കുന്നേരം
ഏറ്റവും ശക്തിയുള്ള-കാറ്റോട്ടം പോലവർ മേൽ
എത്തി ആവസിച്ച പോ-ലിദ്ദാസരിലുമിന്നു— വന്നാ

൨ കർത്താവരുളിച്ചെയ്ത-വാർത്തകളെല്ലാമവർ-
ക്കുൾക്കാമ്പിങ്കലോർമ്മ വ-രുത്തിക്കൊടുത്തു നല്ല
ശക്തിയോടേശുവെ പ്ര-സിദ്ധപ്പെടുത്തിപ്പാനായ്
അഗ്നിനാവാലവർമേ-ലന്നു വന്നപോലിന്നു— വന്നാ

൩ അന്നാളിൽ മൂവായിര-മാത്മാക്കളിന്മേൽ ശക്തി
ഒന്നായ് ജ്വലിപ്പിച്ചേശു-തൻ നാമത്തിങ്കൽ ചേർത്തു
പിന്നെയയ്യായിര-ത്തിന്മേലുമൊരു നാളിൽ
ഒന്നായ്പ്രകാശിച്ചപോ-ലിന്നീയടിയാർമേലും— വന്നാ

൪ അക്കാലം തൊട്ടു ദിവ്യ-ശക്തിയാൽ തിരുസഭ
ഉൾക്കാമ്പിൽ ഭക്തിയാൽപ്പാ-ലിക്കപ്പെടുന്നതുപോ-
ലിക്കാലത്തിലും നിന്റെ-പ്രത്യേക [1]ദീപ്തിമൂലം
ഇക്കൂട്ടത്തെയും പാലി-ച്ചീടുവാനായ്ക്കൊണ്ടിപ്പോൾ— വന്നാ

---

## ൧൦൨ മലയാമി അടതാളം 102

### പല്ലവി

ആത്മാവേ! വന്നീടുക-വിശു-
ദ്ധാത്മാവേ! വന്നീടുക

### ചരണങ്ങൾ

ആത്മാവേ! വേഗംവ-ന്നെന്നതിപാപങ്ങ-
ളാകെ നീയോട്ടിക്കുക-ഞാൻ

---

1. ദീപ്തി = പ്രകാശം.

ആയവയോൎത്തു അ-ലറിക്കരവതി-
ന്നായി തുണെച്ചീടുക— ആത്മാ

൨

കേഫാവിൻകണ്ണുനീ-രെപ്പോളൊഴുകുമെ-
കണ്ണിൽനിന്നു ദൈവമേ !-നിൻ [ൻ
തൃപ്പാദത്തിങ്കൽ വീ-ണിപ്പോളപേക്ഷിക്കു-
ന്നിപ്പാപിയെ വിടൊല്ലാ— ആത്മാ

൩

കല്ലാം മനസ്സിനെ-തല്ലി തകൎക്ക നിൻ
ചൊല്ലാലെ വേഗമയ്യോ-ദിനം
വെള്ളക്കുഴിയാക്കി-ക്കൊള്ളുക എന്നിരു-
കണ്ണുകളെ വേഗം നീ— ആത്മാ

൪

യേശു കുരിശിൽ മ-രിച്ച സ്വരൂപമെ-
ന്മാനസം തന്നിൽ ദിനം-പ്ര-
കാശിപ്പതിന്നു തു-ണെക്കുക ദൈവമേ!
ലേശവും താമസിയാ— താത്മാ

൫

നിന്നെയെത്ര തവ-ണ ദുഃഖിപ്പിച്ചിരി-
ക്കുന്നു മഹാ പാപി ഞാൻ-നിൻെറ
പൊന്നാമുപദേശം-തള്ളിക്കളഞ്ഞു ഞാൻ
തന്നിഷ്ടനായ്നടന്നേൻ— ആത്മാ

൬

നിഗളം ദുൎമ്മോഹമ-വിശ്വാസം വഞ്ചന
പകയെന്നിവയെയൊഴിച്ചു-എ-
ന്നകമെവിശ്വാസം പ്ര-ത്യാശസ്നേഹങ്ങളെ
വേഗം തന്നീടുക നീ— ആത്മാ

൭

അപ്പോസ്തലരിലി-റങ്ങിയവണ്ണമി-
പ്പോളാകാശം പിളൎന്നു-നീ
ഇപ്പാപിമേലി-റങ്ങി ഹൃദയം തന്നി-
ലെപ്പോഴും വാണീടുക— ആത്മാ

൮

ജീവ ജലമേ! ക-നിഞ്ഞെൻപോടെന്നിൽനീ
മേവാതിരിക്കുമെങ്കിൽ-നിത്യ
ചാവിന്നിരയായീ-ടും മഹാ പാപി ഞാൻ
ദൈവമേ ! കൈവിടൊല്ലാ— ആത്മാ

൯

ചൊല്ലിക്കൂടാത്ത ഞ-രക്കങ്ങളോടതി-
വല്ലഭൻ മുമ്പിലയ്യോ-രം
ചെല്ലാമിനിക്കായ-പേക്ഷിപ്പതിന്നു നീ
തെല്ലും താമസിക്കൊലാ— ആത്മാ

---

## ൧൦൩ 103

## ഉശേനി — അടതാളചാപ്പ്

### കുമ്മിവണ്ണം

ശുദ്ധരൂഹായേ ! എഴുന്നരുൾകാ—നിൻെറ
അത്യുന്നത വെളി-വിൻ കതിർകൾ
ഉത്തമലോകത്തിൽ-നിന്നു താഴെ-ഇപ്പോൾ
പ്രത്യക്ഷമായിട്ടു-യച്ചീടുകാ

൨

ദീനജനങ്ങളിൻ-പാലകനേ !—ദിവ്യ
ദാനങ്ങളിങ്ങു ന-ല്കുന്നവനേ!
മാനുഷക്കുള്ളിൽ പ്ര-കാശമേ ! നീ-തിരു
മാനസം വെച്ചെഴു-ന്നെള്ളേണമേ

൩

എത്രയും നല്ലാശ്വാ-സപ്രദനേ !— ലോക
മൎത്യാത്മത്തിൻ മധു-രവിരുന്നേ
നിത്യാമൃതമായു-ള്ള തണുപ്പേ !—സൎവ്വ
അത്യുഷ്ണാലച്ചിൽക-ളിൽ സുഖമേ!

൪

ചൂട്ടുകൾ വൎദ്ധിച്ചി-ട്ടുള്ളവയിൽ—ഒരു
കേട്ടും കൂടാതെയു-ള്ള തണുപ്പേ !
വാടിക്കരയുന്നോ-ൎക്കാശ്വാസമേ—ബല്യ
മോടിയോടിന്നിങ്ങെ-ഴുന്നരുൾകെ

൫

വാടിയ ഉള്ളത്തെ-നീ നനെക്ക—സുഖ-
ക്കേട്ടുള്ളതാകെ-പൊറുപ്പിക്കുക
പാടെ വരുത്തിണ-ങ്ങാത്തതിനെ-കുളി-
രോടിരിക്കുന്നതു-ചൂടാക്കുക

൬

വീഥിപിഴച്ചതു-ചൊവ്വാക്കുക—നിന്നിൽ
ഭേദമെന്യേ ആശ്രയിച്ചീടുന്ന [ദാനം
സാധു വിശ്വാസികൾ-ക്കൊക്കെ നിൻെറ
നാഥാ! ഇന്നേരം നീ-നല്കേണമേ

൭

ഉന്നത നന്മയു-ടെ ഫലവും—രക്ഷ-
യെന്നുള്ളതും-നൽമരണത്തെയും [ങ്ങൾ
എന്നേക്കും ഉള്ള മോക്ഷാനന്ദവും—ഞ-
ക്കൊന്നൊഴിയാതെ നല്കേണമാമേൻ.

## ൧൦൪ 104

### മലയാമി — അടതാളം

പല്ലവി

ശുദ്ധറൂഹായേ! വരിക—പരി-
ശുദ്ധ വരം തരിക

ചരണങ്ങൾ

ശുദ്ധതയും വെളി-വല്ലവുമില്ലാത്ത
മൎത്ത്യൻ മതികെട്ട ഞാൻ-സൎവ്വ
ബുദ്ധിവിശേഷത്തിൻ-മൂലം നീയല്ലോ അ-
ബദ്ധപ്പെട്ടുന്നടിയൻ— ശുദ്ധ

൨

ഏറ്റം മധുരിക്കപ്പെട്ടതി-മൌനമാം
നീററുറവയൊഴുക്കം-കതിർ
ഊററി അടിയനെ-തേററി വളൎത്തുക
ഉത്തമലോകെ നിന്നു— ശുദ്ധ

൩

ഉത്തമാശ്വാസപ്രദനേ!-ആത്മാവിന്റെ
നിത്യാനന്ദവിരുന്നേ-പ്രയ-
ത്നത്തിന്റെയും-വിയൎപ്പിന്റെയും സത്യമാം
സ്വാസ്ഥതയെ ഇഹത്തിൽ— ശുദ്ധ

൪ [ത്തിൽ

നിന്നിൽ വിശ്വാസിയാ-മെന്നുടെ ആത്മ-
ഉന്നത നിൻ സ്നേഹമാം-അഗ്നി-
യിന്നു ജ്വലിച്ചീട്ടു-കിൽ അടിയൻ ബഹു
ധന്യനായീടുമല്ലോ— ശുദ്ധ

൫

ജീവിത കാലം നീ എന്നെ സഹായിക്ക
ദൈവമേ നിൻ കൃപയാൽ-എന്റെ [ഞാൻ
ജീവൻ പിരിഞ്ഞപിൻ-ദൈവലോകത്തിൽ
വാഴ്വാൻ അനുഗ്രഹിക്ക— ശുദ്ധ

## ൧൦൫ വസന്തഭൈരവി ആദിതാളം 105

൧ ചാവതാമെന്നിൽ ജീവൻ നല്കുകേ-ദൈവാത്മാവേ—ഇപ്പോൾ
ചേരുകാ എന്നിൽ ഞാൻ ചാരീട്ടുവാൻ

൨ പാപത്തെപ്പററി ദുഃഖിപ്പാനെന്നെ-ദൈവാത്മാവേ—ഇപ്പോൾ
പാപത്തിൻ ദോഷം നന്നായ് കാണിക്ക

൩ യേശുവിലിനിക്കാശ നല്കുക-ദൈവാത്മാവേ—ഇപ്പോൾ
യേശുവിൻ ഭംഗി എന്നെ കാട്ടുക

൪ പ്രാൎത്ഥനയതിൽ ശക്തനാക്കെന്നെ-ദൈവാത്മാവേ—ഇപ്പോൾ
തീൎത്തരുളീട്ടുകെന്റെ കേടുകൾ

൫ ഹൃദയേ ദൈവപ്രീതി നല്കുക-ദൈവാത്മാവേ—ഇപ്പോൾ
ഭക്തി എന്നുള്ളിൽ നീ ജനിപ്പിക്ക

൬ ചിത്തമായതിൽ ശുദ്ധം നല്കുക-ദൈവാത്മാവേ—ഇപ്പോൾ
ഭക്തിയിൽ എന്നെ നീ വളൎത്തുക

൭ ഹൃദയേ ദൈവപ്രീതി നല്കുക-ദൈവാത്മാവേ—ഇപ്പോൾ
ചത്തൊഴിയട്ടെ പാപചായ്വുകൾ

൮ യേശുവിന്നു നൽദാസനാക്കെന്നെ-ദൈവാത്മാവേ—ഇപ്പോൾ
നീ നിറെക്കുന്നെ നിൻ വചനത്താൽ

൯ വീണ്ടെടുപ്പതിൻ ആണ്ടുവരെക്കും-ദൈവാത്മാവേ—ഇപ്പോൾ
വീഴ്ചകൂടാതെ എന്നെ പാലിക്ക.

## ൧൦൬ സാവേരി ആദിതാളം 106

പല്ലവി

ദേവാത്മാവേ!-നിനക്കെന്നും
തേജസ്സുണ്ടാക

### അനുപല്ലവി

പാപയിരുൾ-മൂടി മേവും
ഠരം വെള്ളങ്ങളിന്മേ-ലാവസിച്ചീടെണമേ— ദേവാ

### ചരണങ്ങൾ

൧ അല്ലാസ്ഥിലുരുവാക-യില്ലവയെന്നു തിരു-
വുള്ളമറിയുന്നില്ലയോ ?
വെള്ളം നാറുന്നല്ലയ്യോ-എല്ലാം ചീമൊട്ട പോലാം
തള്ളയാം ദൈവമേ ! നിന്നുള്ളമലിഞ്ഞിടെണം— ദേവാ

൨ നിന്നാലെല്ലാം കഴിയു-മൊന്നുമസാദ്ധ്യമല്ലാ
പൊന്നേ ! കനിഞ്ഞീടെണമേ
ഒന്നാമാദാമ്യർ വെറും-മണ്ണെന്നോക്കുന്നില്ലയോ ?
ഒന്നിനുമാകാത്തയീ-മണ്ണോടോ കോപിക്കുന്നു ?— ദേവാ

൩ പാപം വദ്ധിച്ചെന്നക-കാമ്പിൽ വിചാരിച്ചിട്ടോ
കോപമായിരിക്കുന്നതു ?
പാപം വദ്ധിച്ചെടത്തു-ജീവകൃപയേററവും
ദേവനേ ! വദ്ധിച്ചെന്നു-നീ പറഞ്ഞിട്ടില്ലയോ ?— ദേവാ

൪ ആയതുകൊണ്ടു ചത്ത-നായാമടിയനിതാ
നായകനോടുരെക്കുന്നു
ആയവരിൽനിന്നെന്നെ-നീയല്ലോ വലിച്ചെശു-
ദ്ധായ ജീവ നഗര-മായതിലാക്കിയതു— ദേവാ

൫ പാതകനീകൃപെക്കു പാത്രമല്ലാതിരുന്നും
നാഥാ ! നീ കനിഞ്ഞില്ലയോ ?
ജാതികളല്ലയ്യോ നാശ-പാത്രങ്ങളായിരിക്കു-
ന്നാദരവോടു വേഗം-നീ ദർശിച്ചീടേണമേ— ദേവാ

൬ ചിത്തം കനിഞ്ഞു നിൻ സ-മ്പത്താം സഭയെയുറ-
ക്കത്തിൽനിന്നുണത്തീടുക
കത്തൻവരവു നോക്കി-കാത്തിരുന്നീടാൻ ജീവ
ശക്തിയെ നീ നല്കി ന-ടത്തീടെണമേ നാഥാ !— ദേവാ

---

൧൦൭ **107**

## മലയാമി — അടതാളം

### പല്ലവി

വിശുദ്ധാത്മാവേ ! വരിക-ദോഷിയാം
എൻ നെഞ്ചിൽ വസിക്ക !

### ചരണങ്ങൾ

൧

നിൻ ഹിതം എത്ര അ-റിഞ്ഞാലും പാപമെ
നിത്യം ചെയ്തീടുന്നു ഞാൻ—എന്മേൽ [ൻ
നീകടാക്ഷിക്കേണം-അല്ലെങ്കിൽപാപി ഞാ
നിത്യ ചാവി-ന്നിരയാം— വിശു

൨

പാപിയെന്റെ മൂലം-പാടുപെട്ടേൻ യേശു
പാരിൽ മരിച്ചതിനെ-പല
പ്രാവശ്യം പാപി മ-റന്നു മാ പാപങ്ങൾ
പക്ഷമായ് ചെയ്തുപോയേൻ— വിശു

൩

ജീവനുണ്ടെന്നൊരു-നാമമേ ഉള്ളെന്നിൽ
ജീവനില്ലേ പരനേ !—ഭവാൻ [മേ
കൈവിട്ടാൽ പാപിഞാൻ-ചാവാനിടയാ-
കോപിച്ചു പോകരുതേ— വിശു

൪

നിന്നോടപേക്ഷിച്ചു-വന്ദനം ചെയ്വാനും
നിൻ സത്യം കേൾപ്പതിന്നും-മന്ദം
എന്നിൽ പലപ്പോഴും-വന്നവെക്കു ക്ഷമ
തന്നു നീ വന്നീടുക— വിശു

൫

ഇഹലോക മായയിൽ-കാലം കഴിച്ചു ഞാൻ
മേൽലോകത്തെ മറന്നേൻ—ഇനി
ആ ലോക കാര്യങ്ങൾ-ചിന്തിപ്പതിന്നു നീ
ആഗ്രഹം തന്നീടുക— വിശു

൬

കല്ലുപോലുള്ള എൻ-വല്ലാത്ത നെഞ്ചിനെ
നല്ലവണ്ണം ഇളക്കി—ഉള്ള
വല്ലാത്ത ചിന്തകൾ-നീക്കി എന്നുള്ളിൽ നീ
വാളികൊണ്ടീടേണമേ— വിശു

---

## ൧൦൮ പല്ലവി 108

ഓ പരിശുദ്ധാത്മനേ ശക്തിയേറും ദൈവമേ
വന്നു രക്ഷിക്കേണമേ—വേഗമേ

### ചരണങ്ങൾ

പാപിയെന്നുള്ളിൽ ന്യായങ്ങൾ
വാദിച്ചുണർത്തീടുക എൻ
പാപവഴികൾ തോന്നിക്കുക— വേഗമേ

൨

പാപബോധം നല്കുക നീ
നീതി ന്യായ തീർപ്പിനെയും
പക്ഷമോടിങ്ങോർമ്മ നല്കുക— വേഗമേ

൩

യേശുവോടു ചേരുവാനും
സത്യം ഗ്രഹിച്ചീടുവാനും
എന്നെ ആകർഷിച്ചടുപ്പിക്ക— വേഗമേ

൪

നല്ല ജീവ വിശ്വാസവും
മോക്ഷ ഭാഗ്യ മുദ്രയതും
നല്കുക വീണ്ടുംജനനവും— വേഗമേ

൫

പരിശുദ്ധനാക്കുകെന്നെ
പഠിപ്പിക്ക ദൈവ ഇഷ്ടം
പരനേ! വഴി നടത്തെന്നെ— വേഗമേ

൬

ബലഹീനത വരുമ്പോൾ
തുണെച്ചാശ്വസിപ്പിക്കെന്നെ
പരലോകാനന്ദം കാട്ടുക— വേഗമേ

---

## ൧൦൯ ചെഞ്ചുരുട്ടി ആദിതാളം 109

### പല്ലവി

പെന്തിക്കോസ്തിൻ വല്ലഭനേ യെഴുന്നരുൾക

### അനുപല്ലവി

നിൻ ദാനം യാചിക്കുന്ന-നിൻ ദാസരിന്നുള്ളത്തിൽ
ചിന്തും തീജ്വാല ഒത്ത-തിരു പ്രസന്നതയോടെ— പെന്തി

### ചരണങ്ങൾ

൧ വിശ്വാസം സ്നേഹം ആശയും-അഗതികളിൽ
വേഗം വർദ്ധിപ്പിച്ചീടേണം
നിൻ ശ്വാസം ഇല്ല എങ്കിൽ-നിർജ്ജീവ രൂപം ഞങ്ങൾ
നീ താമസം ചെയ്യല്ലേ-ശക്തി പകർന്നീടുവാൻ— പെന്തി

൨ പേരല്ലാതൊന്നുമില്ലയ്യോ-നിലകളെല്ലാം
വിഴച്ചപമാനമായയ്യോ
ഓരോ മനസ്സുകളും-ഓരോ നില തിരിഞ്ഞു
ഒരുമനമെന്ന ശക്തി-ഒഴിഞ്ഞുപോയല്ലോ സ്വാമി— പെന്തി

൩ കല്ലായ നെഞ്ചുകളെല്ലാം-ഉരുക്കി മന-
ക്കാടെല്ലാം വെട്ടിക്കളക
എല്ലാ വഞ്ചനകളും-ഇല്ലാതെയാക്കേണമേ
ഏവൎക്കും അനുതാപം-അനുഗ്രഹിച്ചീടെണമേ—

൪ പാപത്തിന്നുറവകളെ-അകററിയുള്ളം
പാവനമാക്കീടേണമേ
താല്പൎയ്യത്തോടെ ഞങ്ങൾ-യേശുവെ പിന്തുടരാൻ
സത്യ ക്രിസ്തുവരായി-കാക്കേണം അടിയാരെ—

---

## ൧൧൦ ഹിന്തുസ്ഥാൻ ഏകതാളം

വാ വാ വിശുദ്ധാത്മാ! എൻ നെഞ്ചകത്തിൽ

### ചരണങ്ങൾ

൧ വാ വാ കാരുണ്യവാനേ-മഹത്വശക്തിയുള്ളോനേ
നീ വാ നീതിസത്യത്തിൻ-ബോധമിനിക്കു തരുവാൻ—

൨ പാപബോധവും അനുതാപവും ഉണ്ടാകാനും
കോപവിധിനാളിനെക്കുറിച്ചുണൎച്ച നല്കാനും—

൩ ദൈവസ്നേഹം ഭയവും കൂടികൊണ്ടിരുന്നീടാനും
സൎവ്വകാലവും ജപതല്പരനായീടാനും—

൪ വല വരദാനങ്ങൾ നീ-പണ്ടപേക്ഷിച്ചവൎക്കു
നിലയായി നല്കിയതു നിമിത്തം-യാചിച്ചീടുന്നേൻ—

൫ എന്നുള്ളം ശുദ്ധമാക്കി-എന്നും വസിച്ചീടുവാൻ
എന്നേശു ചൊന്നപോലെ-എഴുന്നരുളേണം സ്വാമീ—

---

## ൧൧൧ ഇംഗ്ലീഷ്

൧ ശുദ്ധ ശുദ്ധ കൎത്താ ദേവാ-ജീവദായകനേ
ചിത്ത ശുദ്ധി നല്കി എന്നെ-രക്ഷിക്കിന്നേരമേ

൨ വാസം ചെയ്യുന്നുള്ളിൽ ദേവാ-പാപബോധത്തെ താ
നാശമായ്പ്പോകായ്വാനെന്നെ-പാലിച്ചീടെണമേ

൩ സത്യാത്മാവേ വാ യെന്നുള്ളിൽ-നിത്യവും നീ പാൎക്ക
ക്രിസ്തേശുവിൻ മുദ്രയെന്നിൽ-പതിക്ക നീ ഇപ്പോൾ

൪ സ്നേഹാദി ഫലങ്ങൾ എന്നിൽ-ആവാനധികമായ്
സ്നേഹവാനേ തുണയ്ക്കണം-ഹീന പാപിയെന്മേൽ

൫ താതസുതാ ശുദ്ധാത്മാവേ-നാഥൻ ത്രിയേകനേ
താ നിൻ കൃപാവരങ്ങളെ-നിൻ സേവ ചെയ്തീടാൻ

# THE WORD OF GOD

## ദൈവവചനം

൧൧൨ ക്ല്യാൻ ആദിതാളം 112

പല്ലവി

ദൈവ ഇഷ്ടം കാട്ടും–നല്ല
ദിവ്യ സുവിശേഷം

അനുപല്ലവി

ഉർവ്വിനാഥൻ യേശു–ക്രിസ്തു അരുളിയ
ഉത്തമമായുള്ള–സത്യ സുവിശേഷം— ദൈവ

ചരണങ്ങൾ

൧ ആദിദീപം–ഉദിപ്പാൻ നല്ല–അറിവധികം ലഭിപ്പാൻ–സത്യ
നീതിയിൻവേർ ഉറെപ്പാൻ–അതു നിശ്ചയമായ് ധരിപ്പാൻ
ജാതികളായ സ–കല മനുഷ്യരും
സത്യ വേദമെന്നു–സൂത്യമായ്ച്ചൊല്ലിടാൻ— ദൈവ

൨ അൻപു നിറയുവാനും ദോഷ–ആശ കുറയുവാനും മോക്ഷ
ഇൻപം പെരുകുവാനും–പാപ ഇരുൾ മറയുവാനും
മുമ്പിൽ നടന്ന മാ–മൂഢമാർഗ്ഗം വിട്ടു
മുക്തിമാർഗ്ഗത്തിൽ മാ–ശുദ്ധരായ്വാഴുവാൻ— ദൈവ

൩ പൊന്മുത്തുമാലയെക്കാൾ തങ്ക–പുഷ്പ–എല്ലാറ്റെയുംകാൾ പൊന്നിൻ
നൽമണി മാലയെക്കാൾ–നവരത്നാദികളെക്കാൾ
കന്മഷമററ ക–നകമണിപ്രഭ
കണ്മണിയാകുന്ന–വിണ്മണിയാമതു— ദൈവ

൪ അന്ധതകളൊഴിവാൻ പാപ–ബന്ധനങ്ങളഴിവാൻ–ദൈവ
ബാന്ധവം ഏറീടുവാൻ–നിത്യ ശാന്തതയും വരുവാൻ
സന്താപാൽ മർത്ത്യരും–ശാന്തനാമീശനെ
പിന്തുടർന്നോടി ര–ക്ഷാവഴി തേടുവാൻ— ദൈവ

൫ ബാലകർ കൂടുവാനും നിത്യം–മേൽഗതി തേടുവാനും–ജീവ
കാലം നീണ്ടീടുവാനും–മോക്ഷ ഘനമുടി ചൂടുവാനും
മാലകന്നോൻ മണ–വാളനാം ക്രിസ്തുവെ
ചേലോടനുദിനം–പാടി സ്തുതിച്ചീടാൻ— ദൈവ

---

൧൧൩ ശങ്കരാഭരണം അടതാളം 113

പല്ലവി

തേൻ മധുരമതിലും–സത്യവേദം
ദിവ്യമായ മധുരം

അനുപല്ലവി

ജ്ഞാനമതിൽ നിറയും–വേദമതിലിനിക്കു
നാഥനേ അരുളാശ–അനുദിനം രുചിപ്പാൻ— തേൻ

### ചരണങ്ങൾ

൧ കാരുണ്യ ഗുരുവചനം—കളങ്കനി-
വാരണമായൊ [1]രശനം
പൂരണമായതു—ഞാനുൾക്കൊണ്ടീട്ടുകിൽ
[2]പാവനാലയത്തിന്നു—യോഗ്യനായീടുമേ തേൻ

൨ ബുദ്ധിയിൻ കൺ ഇരുണ്ടു—ബോധമററു
പോയതിനാൽ വിരണ്ടു
[3]സിദ്ധി ലഭിച്ചതിന്നുൾ—അതിശയങ്ങളെ കണ്ടു
തേറീടുവാനെൻ മന—ക്കൺ തുറന്നരുൾക നീ— തേൻ

൩ [4]പാദോപയോഗദീപം—നൽവേദം
പാറുകിൽ അതിലാഭം
ബാധ ചെയ്യീടും പല—ശോധനകളും എതിർ
വരികിൽ അഖിലം വെൽവാൻ—തക്കോരായുധമതു— തേൻ

൪ വിണ്ണുലകൊഴിഞ്ഞാലും—അതോടിഹ
മണ്ണുലകഴിഞ്ഞാലും
നിർണ്ണയമായെന്നും—[5]ശ്രീകരമാകും ജീവ
തിരുമൊഴി ഹൃദി തിങ്ങി—ഫലിപ്പാനനുഗ്രഹിക്ക— തേൻ

൫ സകല ഭൂതരും വാഴ്ത്താൻ—അഹോ ദേവാ
ഏകാ ! നിൻ അറിവു കൊൾവാൻ
ശുദ്ധ സുവിശേഷം വിളങ്ങി പ്രകാശിപ്പാൻ
ശുദ്ധമാമാത്മാവെ—ല്ലാവർക്കും നല്കുക— തേൻ

---

൧൧൪ മണിരങ്കു ആദിതാളം 114

പൊന്നിനെക്കാൾ വിലയേറിയതാകും
ദൈവവചനമതിനു—സമം [യൊരു
[6]മന്നിലെങ്ങുമില്ലൊന്നും [7]ദൈവദത്തമാ-
സാധ്യ നിക്ഷേപമതു

൨

ഹൃദയത്തിൽ വിശുദ്ധാത്മപ്രകാശമു-
ദിച്ചീടുന്നോരളവിൽ—ശുദ്ധ
വേദപ്രമാണം തേനിനെക്കാളും
മാധുര്യമായ് ഭവിക്കും

൩

ദൈവപിതാവിനു പാപികളോടുള്ള
അത്ഭുതമാം സ്നേഹം—അതു
[8]ജീവദായകമാം ദിവ്യ വചനത്തിൽ വി-
ളങ്ങുന്നു സൂക്ഷ്മമായി

൪

ജീവമൊഴിയാം വേദപ്രമാണത്തിൽ
പ്രിയപ്പെടുന്നവർക്കു—സദാ
ദൈവവചനമാകും യേശുരക്ഷകനിൽ
സ്നേഹം വളർന്നു വരും

൫

പാപത്തിന്മോചനം ചിത്ത വിശുദ്ധിയും
ആത്മസന്തോഷമതും—സദാ
ആപത്തിലഭയം ഇരുളിൽ പ്രകാശം
നല്കുന്ന തിരുവചനം

൬

സത്യവിശ്വാസികൾ ലോകത്തിൽസഹിക്കു-
സർവ്വദുഃഖങ്ങളിലും—അതു
ഉത്തമാശ്വാസവും ആത്മിക ബലമതും
സർവ്വദാ നല്കീടുന്നു

---

1. അശനം = ഭക്ഷണം. 2. പാവനാലയം = വിശുദ്ധാലയം. 3. സിദ്ധി = അ… ഗ്രഹം. 4. പാദോപയോഗദീപം = പാദങ്ങൾക്കു ശോഭയെ നല്കുന്ന വെളിച്ചം. 5. … കരമാകും = സൌഭാഗ്യമാകും. 6. മന്നിൽ = ഭൂമിയിൽ. 7. ദൈവദത്തം = ദൈവ… നല്കിയ. 8. ജീവദായകം = ജീവനെ കൊടുക്കുന്ന.

൭

ദൈവവചനമാമാത്മാവിൻ വാളിനെ
കൈക്കൊണ്ടീടുന്നവർക്കു—ഇഹ
സർവ്വവൈരികളെയും [1]വെന്നീടുവതിനു
ശക്തി ലഭിക്കുമഹോ

൮

മന്നായാം വചനമെന്നും [2]ഭുജിപ്പവർ
ശുദ്ധതയിൽ വളരും—അവർക്കു
ഉന്നത ദൈവസംസർഗ്ഗമനുദിനം
ആനന്ദമായ് വന്നീടും

൯

വേദപ്രമാണത്തെ സ്നേഹിക്കുന്നോരുടെ
ഭാഗ്യമനന്തമല്ലോ—അവർ [ണീടും
മോദമായിഹ വാസം ചെയ്തു പിൻ വാ-
മോക്ഷപുരത്തിലെന്നും.

---

## ൧൧൫ 115

### ബലഹരി — ഏകതാളം

പല്ലവി

പരമതാതനേ നിന്റെ
തിരുവചനമെങ്ങൾക്കു
കരുണയോടെ തന്നതാൽ
സ്തുതി നിനക്കു സർവ്വദാ

ചരണങ്ങൾ

൧ നിന്തിരുവചനത്തിൽ
അന്തമററ മഹത്വം
എന്തുമാത്രമയ്യയ്യോ
ചന്തമായ്വിളങ്ങുന്നു— പര

൨ വാടി തളർന്നുള്ളത്തിൻ
കേടകററും ജീവനീർ
മോടിയോടുയർന്നു വ-
ന്നീടുന്നെപ്പോഴുമിതിൽ— പര

൩ ദാഹിപ്പോർക്കു പാനവും
മാധുര്യാന്നവുമിതിൽ
വേഗം കണ്ടനുഭവി-
ച്ചാശ്വാസപ്പെടാമഹോ— പര

൪ വീണ്ടെടുത്ത രക്ഷക-
നേശുവിൻ വിളിയുടെ
സന്തോഷസ്വരമതിൽ
ഇമ്പമായി കേട്ടീടാം— പര

൫ ജീവൻ നിത്യസന്തോഷം
തൻസ്വരത്തിലുണ്ടതാൽ
മോദം പ്രാപിക്കാമിതു
ധ്യാനിപ്പോർക്കു സർവ്വദാ— പര

൬ ഠരം നിൻ ദിവ്യവാക്യമെൻ
ആനന്ദമായ് ഞാൻ സദാ
ധ്യാനം ചെയ്വാൻ നീ തുണ-
യ്ക്കേണമേയെൻ ദൈവമേ— പര

൭ ഞാനെന്നുമിതിൽ പുതു
ജ്ഞാനവും പ്രകാശവും
സാനന്ദം കാണ്മാൻ-കൃപ
ദാനം ചെയ്തീടേണമേ— പര

൮ നിൻ വചനത്തെ സദാ
സ്നേഹിച്ചുനിന്നെയിതിൽ
നിർവ്യാജം കണ്ടാനന്ദിപ്പാൻ
കൃപ നല്കേണമേ— പര

൯ അത്ഭുതകാര്യങ്ങളെ
നിത്യമിതിൽ കാണ്മതി-
ന്നത്ഭുതഗുരോ എന്റെ
കണ്ണുകളെ തുറക്കുക— പര

---

## ൧൧൬ 116

### ആനന്ദഭൈരവി— ആദിതാളം

പല്ലവി

സത്യ പരിശുദ്ധവേദം-നല്കിയ ത്രിയേകാ
നിത്യവും സ്തുതിനിനക്കുണ്ടാകാൻ -ഹല്ലെലൂ-
[യ്യാ

ചരണങ്ങൾ

അന്ധതനിറഞ്ഞുഴന്ന-മർത്ത്യവംശത്തിന്നു [ദം
അത്ഭുതപ്രകാശംസർവ്വ- ശക്തനേനിൻവേ-

൨ [സ്നേഹം
നിന്തിരു ഹിതം മനുഷ്യരോടു നിന്റെ-
നീതി കാരുണ്യ നിലയും ചൊല്ലുന്നു നിൻ
[വേദം.

൩ [മെല്ലാം
നിൻ മഹത്വം ശക്തിയധികാരം തത്വ-
നീച മാനുഷർക്കു നിശ്ചയം വരുത്തും വേദം

1. വെന്നീടുവതിനു = ജയിപ്പാൻ.
2. ഭുജിപ്പവർ = ഭക്ഷിക്കുന്നവർ.

൪

അത്ഭുതകാര്യങ്ങൾ-രഹസ്യങ്ങൾ പറയുന്ന
ആദിനാഥൻ പാരിന്നു-കല്പിച്ചുതന്ന വേദം

൫

രാപ്പകൽ എന്നേരവും-ധ്യാനിച്ചീടുന്നവൎക്കു
രക്ഷ ഭാഗ്യം ജ്ഞാനം ബുദ്ധി വൎദ്ധിപ്പിക്കും
വേദം.

൬

വ്യാജമാൎഗ്ഗ വേദങ്ങൾക്കു-നാശമുണ്ടാകിട്ടു
വ്യക്തമായെന്നും വിളങ്ങി നില്ക്കും സത്യ
വേദ

൭

വാനവും ഭൂലോകവും ഇല്ലാതെയായെന്നാല
മാവിശുദ്ധദിവ്യവേദം-എന്നും നിലനില്ക്കു

# REPENTANCE

# അനുതാപം

## ൧൧൭ 117

### ചെഞ്ചുരുട്ടി — ആദിതാളം

#### പല്ലവി

ദേവാ ! കരുണയില്ലയോ യേശു
ദേവാ ! കരുണയില്ലയോ ?— ദേവാ

#### അനുപല്ലവി

ജീവാപരമോന്നതെ-മേവും സൎവ്വപ്രധാന
മൂവരിൽ ഒരുവനാം—ദൈവപുത്രനേയേശു

#### ചരണങ്ങൾ

എല്ലാം അറിയും പൊരു-ളേ ! ഞങ്ങൾ
ക്കില്ലായ്മ നീക്കും അരു-ളേ ! കരി-
കല്ലാം മനസ്സുടയ-എല്ലാ പാപികളുടെ
അല്ലൽ ഒഴിച്ചരുളും-നല്ല നായകൻ യേശു

൨

എങ്ങും നിറഞ്ഞ വെളി-വേ ! ഇരുൾ
തിങ്ങും നടുവിൽ [1]ഒളി-വേ ! അതി
സങ്കടമാകും [2]നര-പങ്ക ശോകങ്ങൾ തീക്കും
തുംഗാധിപതി [3]രക്ഷാ-ശൃംഗം ദാവീദുപു-
[ത്രാ !

൩

വേദവചന മുടി-വേ ! ജഗത്തി-
ന്നാധാരം ആയ വടി-വേ ! ദേവാ യേശു
[4]താതാവും ഞങ്ങൾക്കുള്ള-മാതാവും നീയേ-
നാഥാ രക്ഷിക്കവേറെ-ആധാരം ഞങ്ങൾ-
ക്കില്ലേ

1. ഒളിവേ = പ്രകാശമേ. 2. നരപങ്കശോകങ്ങൾ = മനുഷ്യൎക്കു പാപംമൂലമുണ്ടാകുന്ന ദുഃഖങ്ങൾ. 3. രക്ഷാശൃംഗം = രക്ഷയുടെ കൊമ്പ്. 4. താതാവു =പിതാവു.

## ൧൧൮ 118

### കുറത്തിപ്പാട്ടിന്റെ രീതി

൧ വസ്തുപോയ ബുദ്ധി വരും
എന്നചൊല്ലുപോലെ
[5]അൎത്ഥനാശകനു ബുദ്ധി
വന്നുരച്ചതാലെ

൨ എത്ര ദാസൎക്കോ [6]മൃഷ്ടാന്നം
എൻ പിതാവിൻ വീട്ടിൽ
ചിത്രമെ കിട്ടുന്നവർ സു-
ഖിച്ചിടുന്നു നാട്ടിൽ

൩ ബുദ്ധിഹീനൻ ഞാൻ വലയു-
ന്നിത്ര ബഹു ദൂരെ
മിത്രരും [7]മല്ലാക്ഷിമാരും
അത്രയും പോയ് ദൂരെ

൪ [8]നിദ്രയിൽ പോലും നിനച്ചി-
ല്ലെന്റെ ദൈവമേ ഞാൻ
ഇത്ര ഹീനനാകുമെന്നെൻ
യാത്ര തിരിക്കായ്വാൻ

൫ താതനുടെ വീട്ടിലങ്ങു
പോയിരന്നീടും ഞാൻ
പാദസേവ ചെയ്‌വതിന്നു
ദാസനാക്കികൊൾവാൻ

൬ ഇത്രയും ചിന്തിച്ചു യാത്ര
ചെയ്തു കഷ്ടപ്പാടിൽ
എത്രയും വിരൂപവേഷ-
ത്തോടു തന്റെ വീട്ടിൽ

5. അൎത്ഥനാശകൻ = ധനത്തെ നശിപ്പി
ച്ചവൻ (മുടിയനായ പുത്രൻ). 6. മൃഷ്ടാന്നം
=തൃപ്തിയായ ഭക്ഷണം. 7. മല്ലാക്ഷിമാർ =
സുന്ദരിമാർ. 8. നിദ്രയിൽ = ഉറക്കത്തിൽ.

൭ നാട്ടുവിട്ടു പോയ മകൻ
വീണ്ടും വരുമെന്നു
പാട്ടുപെട്ടു പ്രാപ്തിയാക്കി
വിട്ടു താതൻ എന്നും

൮ നോക്കി നോക്കി കാത്തിരിക്കും
നേരമൊട്ടു ദൂരെ
യോഗ്യമെന്ന്യേ ജീർണ്ണവസ്ത്ര-
ധാരിയായങ്ങാരോ

൯ കോലിടിച്ചു വാടി ഭിക്ഷ-
ക്കാരനെന്നപോലെ
മാലപോൽ കണ്ണീരൊഴുക്കി
വന്നീടുന്നു കാലെ

൧൦ കണ്ടു താതൻ തന്റെ മക-
നെന്നറിഞ്ഞു വേഗം
രണ്ടുനില മാളികയിൻ
കീഴിറങ്ങി ഏകം

൧൧ തേറി മകനിൽ കനിഞ്ഞ-
ങ്ങോടി എതിരേറ്റു
മാറി വന്ന തൻ സുതനെ
ഏറെ മുത്തമിട്ടു

൧൨ കല്ലുരുകാൻ മകന-
ങ്ങുള്ളുടഞ്ഞു ചൊന്നാൻ
നല്ല പിതാവേ നിനക്കും
നാകപരനും ഞാൻ

൧൩ കൊള്ളരുതാതുള്ള ദോഷം
ചെയ്തു പാപിയായേൻ
ഇല്ലെനിക്കു യോഗ്യത നിൻ
പുത്രനെന്നു ചൊൽവാൻ

൧൪ ദാസനാക്കിക്കൊള്ളണമേ-
ന്നേറെ ഭക്തിയോടെ
ആശു കേണപേക്ഷിച്ചപ്പോൾ
താതൻ ഭൃത്യരോടു

൧൫ ഭംഗിയേറും വസ്ത്രമങ്കി
പാദരക്ഷ നോക്കിൻ
ഇങ്ങുകൊണ്ടുവന്നു മോദാ-
ലിട്ടു മോടിയാക്കിൻ

൧൬ നൃത്തഗീത വാദ്യഘോഷ-
ക്കാരെ വേഗം കൂട്ടിൻ
നൽതരമായാശ്രുവിരു-
ന്നിന്നു വട്ടം കൂട്ടിൻ

൧൭ ചത്ത മകനെ തിരികെ
കിട്ടി ജീവനോടെ
ഇത്തരം കല്പിച്ചു മോദം
കൂടി ഒരു പാടെ.

---

## ൧൧൯ 119

### മലയാമി — ത്രിസ്വരതാളം

#### പല്ലവി

അയ്യയ്യോ ! ഞാൻ പാപീ, എന്നെ
കാത്തരുൾകാ പരനേ !

#### ചരണങ്ങൾ

പൊയ്യാം ഈ ലോകഉ-ല്ലാസത്തിനാൽമനം
പോയവഴി നടന്നേൻ-അ-
മേയാ ! അഭയം അ-ഭയം അരുൾക മെ-
ശിഹാ ! എൻ ദാതാവേ ! — അയ്യയ്യോ !

൨

ഇക്കണ്ട മായ പ്ര-പഞ്ചം പ്രമാണിച്ച-
നേകപാപങ്ങൾ ചെയ്യേൻ-എ
നിക്കിനിമേൽ ഗതി-മുട്ടി അടിയമി-
രക്കുന്നു സങ്കേതമേ !— അയ്യയ്യോ !

൩

കഷ്ടം നിനക്കനി-ഷ്ടങ്ങളായ നി-
ഷ്ഠുരങ്ങൾ ചെയ്തുപോയേൻ-നിൻ
ഇഷ്ടപ്പടി നട-പ്പാൻ ഇനിമേലിൽക-
ടാക്ഷിച്ചരുളേണമേ— അയ്യയ്യോ!

൪

വഞ്ചനയും മദ-മാത്സര്യകോപമീ-
ർഷ്യാദികളാലെ വരും-മനോ-
ചഞ്ചലം നീക്കി തു-ണെക്ക നീയെന്നെ സ-
മസ്ത നന്മക്കടലേ— അയ്യയ്യോ!

൫

കള്ളവും ഭള്ളും ഉ-രുട്ടും പിരട്ടും ഉ-
പായതന്ത്രങ്ങളെയും-മനം
തള്ളിവിടാൻ തിരു-വുള്ളം ഉണ്ടാകയ-
നാദി ദയാപരനേ !— അയ്യയ്യോ !

൬

കൃത്യങ്ങളെല്ലാം ഉ-പേക്ഷിച്ചനേക ദു-
ഷ്കൃത്യം പ്രവർത്തിച്ചോരു-എൻ
അത്തൽ കെടുത്തി ഗു-ണപ്പെടുത്തീടു മ-
ഹത്വപൂർണ്ണ പ്രഭുവേ !— അയ്യയ്യോ !

൭

നിന്നെയെല്ലാററിലും-ഏററംപ്രിയപ്പെട്ടു
വന്ദനം ചെയ്യതിനും-ഞാൻ [ൻ അ-
എന്നെപ്പോലെ മററെ-ല്ലാരെ സ്നേഹിപ്പാ-
നുഗ്രഹം ചെയ്ക ദേവാ!— അയ്യയ്യോ!

---

## ൧൨൦ 120

### ആനന്ദഭൈരവി — അടതാളം

പാപി ഞാൻ മഹാ പാപി ഞാൻ പരാ—
യേശുനാഥാ സ്വാമീ
കോപിച്ചീടല്ലേ- ദൈവജാതനേ—
യേശുനാഥാസ്വാമീ

൨

നാവിനാൽ മനം-ക്രിയയാലുമേ—
യേശുനാഥാ സ്വാമീ
നിൻ വിരോധിയായ്-പാപിഞാൻപരാ-
യേശുനാഥാ സ്വാമീ

൩

നീതിനോക്കിയാൽ-ഭീതിയേറുന്നേ-
യേശുനാഥാ സ്വാമീ
ഹേതുവിങ്ങില്ലേ-വാദിച്ചീടുവാൻ—
യേശുനാഥാ സ്വാമീ

൪

ഞാൻ ചെയ്യാത്തൊരു-തിന്മയിങ്ങില്ലേ—
യേശുനാഥാ സ്വാമീ
പിൻതിരിയല്ലേ-എൻ പരാ പരാ—
യേശുനാഥാ സ്വാമീ

൫

തിന്മയല്ലാതെ ന-ന്മയിങ്ങില്ലേ—
യേശുനാഥാ സ്വാമീ
നന്മ തിന്മയാൽ തീൻപോകുന്നേ—
യേശുനാഥാ സ്വാമീ

൬

ചിന്തിച്ചെൻ ഉള്ളം-വെന്തു നീറുന്നേ—
യേശുനാഥാ സ്വാമീ
എന്തു ഞാൻ ചെയ്യേൻ-എൻപരാ പരാ—
യേശു നാഥാ സ്വാമീ

൭

അന്നു കള്ളനു ദത്തമാം ക്ഷമാ—
യേശുനാഥാ സ്വാമീ
ഇന്നീ പാപിക്കും തന്നീടേണമേ—
യേശുനാഥാ സ്വാമീ

൮

നീവെടിയല്ലേ-പാപിയാമെന്നെ—
യേശു നാഥാ സ്വാമീ
പോവതിന്നൊരു പാത മററില്ലേ—
യേശുനാഥാ സ്വാമീ

൯

എന്നെ മോചിച്ചാൽ-തന്നേ നിൻ കൃപ—
യേശുനാഥാ സ്വാമീ
നന്നേ ശോഭിക്കും-നന്മ ദായകാ—
യേശുനാഥാ സ്വാമീ

൧൦

കാലം പോകുന്നേ-മാലിൽ ചാകും ഞാൻ—
യേശുനാഥാ സ്വാമീ
ചേലോടെ കൃപ-ചെയ്തീടേണമേ—
യേശുനാഥാ സ്വാമീ.

---

## ൧൨൧ 121

### ആനന്ദഭൈരവി — മുറിയടന്ത

പല്ലവി

പരിതാപപ്പെട്ടെന്നെന്റെ-ദുരിതമകലുവാ
കരുണയരുളുക നാഥാ! [ൻ

അനുപല്ലവി

സുരമാനവ സംഘ-മഖിലവും വണങ്ങും
പരമദേവകുമാരാ!-1വരദായേശുനാഥേ-
ന്ദ്ര!—പരി

ചരണങ്ങൾ

പാപികൾക്കുയർന്ന സങ്കേതമേ!-പരി-
താപഹൃദയത്തിന്നമൃതമേ!
കോപതനയനാമീ പാപിമേ-ലുള്ള
ശാപം തീർത്തനുഗ്രഹിക്കേണമേ സ്വാമിൻ!
൨ [—പരി
സാത്താൻ 2കേസരിപോലലറുന്നു മഹാ
ചീർത്തയുലകം പകതുടരുന്നു
ഏറാം ജഡമിങ്ങു തളരുന്നു-പാപ
നാററംകൊണ്ടുമനംപതറുന്നു-സ്വാമിൻ!
—പരി

---

1. വരദാ = വരത്തെ ദാനം ചെയ്യുന്ന
വനേ. 2. കേസരി = സിംഹം

൩

ന്യായപ്രമാണം കുററമേകുന്നു-ഹാ 1മ-
ദീയ ക്രിയകൾ തീയതാകുന്നു
മായാലോകമിച്ഛയുണ്ടാക്കുന്നു-മഹാ-
പായവഴികളിൽകൊണ്ടാക്കുന്നു-സ്വാമിൻ!

൪ [—വരി

രാവും പകലും കണ്ണീരോടുന്നു-മന-
ന്നോവും ശോകവും പെരുകീടുന്നു
ചാവുമെന്നോടു പോരാടീടുന്നു-യെന്റെ
നാവും നിൻ കൃപയെ കൊണ്ടാടുന്നു-സ്വാ-
മിൻ!—വരി

## ൧൨൨ 122

### ഭൈരവി—ആദിതാളം

പല്ലവി

പരനേ! എന്നേശുനാഥാ
പാപി ഞാൻ പരാ!

ചരണങ്ങൾ

൧ വചനം എൻ ചിന്ത കർമ്മം
സർവ്വവും പാപം— പരനേ

൨ ദിനവും എൻ ഭാവമെല്ലാം
ദോഷം മാത്രമേ— പരനേ

൩ കണ്ണാൽ ഞാൻ ചെയ്ത പാപം
എണ്ണുവാൻ മേലാ— പരനേ

൪ നാവാൽ ഞാൻ ചൊന്നതിലും
പാപം ഏറെയാം— പരനേ

൫ കയ്യാൽ ഞാൻ ദോഷം ചെയ്തു
പോയി നാഥനേ— പരനേ

൬ കാലും പാപത്തിന്നോടി
ചെല്ലുകെട്ടല്ലോ— പരനേ

൭ എന്മേൽ കൃപയോടിപ്പോൾ
നോക്കണം പരാ— പരനേ

1. മദീയക്രിയകൾ=എന്റെ പ്രവൃത്തികൾ.

## ൧൨൩ 123

### ഹിന്തുസ്ഥാൻ—ആദിതാളം

പല്ലവി

പാഹിമാം അടിയാൻ പിഴ പൊറുത്തു
പാഹിമാം

ചരണങ്ങൾ

2പാഹിമാം 3തല്പദം മേ ഗതി;-ഏഴ-
പാപിമേൽ കണ്ണാത്തിറങ്ങി;-യേശു—പാ

൨

4ദീനതാനുതപൻ ചോരനെ-പറു-
ദീസയാംതലേ ചേർത്തപരാ!-യേശു— പാ

൩

ക്രൂനിയിൻ ക്രൂര തീർത്ത പരാ-പാപ-
ക്രൂരംഎന്റെനിവിക്കരുതോ?-യേശു —പാ

൪

5ലോകപാപഹനായ പരാ! സുര-
ലോകവാഴ്ച്ചനിക്കേകണമേ-യേശു— പാ

൫

ആരുമില്ലൊരു ശരണം അഹോ-എന്റെ
നായകാ! നീയൊഴിഞ്ഞു പരാ-യേശു—

൬ [പാ

ആമയങ്ങളൊഴിക്കേണമേ-എന്റെ
ആധിയാകെ അകറേറണമേ-യേശു —പാ

൭

ഭാരപീഡിതരേ വരുവിൻ-ലഘു
ഭാരം ആക്കമെന്നേകിയൊരു-യേശു—പാ

൮

നീചക്കായ് പിണയായ്ഭവിച്ച-പര-
മീശനേ! കരുണാകരനേ!-യേശു— പാ

2. പാഹിമാം=എന്നെ രക്ഷിക്കേണമേ. 3. തല്പദം = നിന്റെ പാദം. 4. ദീനതാനുതപൻ = (സ്വന്ത) വീഴ്ചയെപ്പററി ദുഃഖിച്ചവൻ. 5. ലോകപാപഹൻ = ലോകത്തിന്റെ പാപത്തെ ഇല്ലാതെയാക്കുന്നവൻ.

## ൧൨൪ 124

### ആനന്ദഭൈരവി — ആദിതാളം

**പല്ലവി**

ദൈവമേ ! മഹാ പാപിയാം
എന്നോട്ടു കൃപയുണ്ടായ്ത്താൻ
ചെയ്ത പാപം മോചിക്കേണമേ !

**അനുപല്ലവി**

ദോഷമല്ലാതെന്നിൽ നന്മ
ലേശവുമില്ലേ കർത്താവേ !
1ചോരമാൎഗ്ഗം പോയ പാപി-
ക്കാരുമാശ്രയം മററില്ലേ—ദൈവമേ !

**ചരണങ്ങൾ**

൧ നാശപുത്രൻ പാപിയായേൻ
ആശയോടെ പാപം ചെയ്യേൻ
നൽവഴി വെറുത്തു നടന്നേൻ
യേശുവേ നിന്നെക്കുരിശിൽ
നീചപാതകൻ തറച്ചേൻ
ഏറിയ പ്രാവശ്യം നാഥനേ
അയ്യയ്യോ ! ഞാൻ മാ പാപി
അയ്യയ്യോ ഞാൻ മാ ദ്രോഹി
അൻപേറും രക്ഷിതാവേ [വ
നിൻ പാദത്തിൽ വീഴുന്നേൻ—ദൈ-

൨ നന്ദികെട്ട പാപിയായേൻ
പൊന്നുടയവനേ എന്നെ
നാശമാക്കിയാലും ന്യായമേ
നിന്നുടെ കരുണകൾ ഞാൻ
ഒന്നുമേ ആലോചിച്ചില്ലേ
നിൻമനം കൈപ്പിച്ചനീചൻഞാൻ
കൊന്നാലും നീതിയാമേ
വൻനരകത്തിൽ പോകാൻ
കുററം തികഞ്ഞുപോയേ
മറെറാരാശ്രയമില്ലേ— ദൈവ

൩ ഗോല്ഗോഥാ മലമുകളിൽ
കുരിശിൽ എൻ പാപം മൂലം
മേൽകയറി തൂങ്ങിയ നാഥാ !
ദുഷ്കൃതം ഞാൻ ചെയ്തതിന്നും
ദുഃഖശിക്ഷയേററല്ലോ നീ
ചൊല്ലുകൾ അടങ്ങാത്ത വിധത്തിൽ
നിൻ കാല്ക്കൽ വീഴുന്നയ്യോ !
നീയേ ശരണമെന്നു
നിൻ കൃപയാലെൻ പാപം
നീക്കി നന്നാക്കേണമേ— ദൈവ

൪ നിന്തിരുപാദത്തിൽ വീണ
നീചനാമടിയൻ മേൽ നീ
ചിന്തിയരക്തം തളിക്കുകേ
ചിന്ത തളൎന്നീടുന്നയ്യോ !
തിന്മഭാരം കൂടുന്നയ്യോ !
നൊന്തു ഞാൻ വന്നീടുന്നപ്പനേ !
ഉള്ളിൽ തൂകൈ തൊട്ടമ്മുൻ
ഉയരെ എഴുന്നുള്ളല്ലേ
കള്ളനു മാപ്പു ചെയ്ത
കരുണാത്തിരുവടിവേ !— ദൈവ

1. ചോരമാൎഗ്ഗം = കള്ളന്റെ വഴി.

## ൧൨൫ 125

### കൌശിക — ആദിതാളം

**പല്ലവി**

[എന്റെ
പരനേ ! തൃക്കടക്കണ്ണാൽ-നോക്കേണമേ—
പാപ ദുഃഖമൊക്കെയും-തീൎക്കേണമേ

**ചരണങ്ങൾ**

സ്ഥിരമില്ലാത്ത എന്നെ-വെടിയാതെ-ഞാൻ
ചെയ്ത കുററം ഒന്നും നീ-ഓൎക്കാതെ— പര

൨

ആദിയന്തമില്ലാത്ത-സകലേശാ—സത്യം
അളവതില്ലാത്ത-നിത്യവാസാ— പര

൩

മായവലയിൽപെട്ടു-കുടുങ്ങാതെ—ലോക-
വാഴ്വിൽ മയങ്ങി മനം-കലങ്ങാതെ—പര

൪

അടിയന്നിന്നരുൾചെ-യ്തീടരുതോ-നിന്റെ
അടിമെക്കു നീ എന്നി-ഗതി-ഏതോ?—പര

൫

വഞ്ചക മനസ്സിനെ- മാറെറണമേ-എന്റെ
നെഞ്ചകം നീ പുതു-താക്കേണമേ— പര

## ൧൨൬ 126

### മലയാമി—ത്രിസ്വരതാളം

**പല്ലവി**

ശ്രീദേവാ-ട്ടിൻകുട്ടി-യേ-തിരു-
പാദമെ-ന്റെ ശരണം

### ചരണങ്ങൾ

ജീവനേ നിൻതിരു-പുണ്യ രക്തമെന്യേ
പാപി ഞാൻ രക്ഷപ്പെട്ടാൻ-വേറെ
ആവതില്ലായ്കയാൽ-സർവ്വമുപേക്ഷിച്ചു
പാപിയിതാ വരുന്നേൻ— ശ്രീ

൨

ഭാരം ചുമക്കുന്ന-പാപികളെ ഭവാൻ
ചാരത്തു വന്നീടുവാൻ-തിരു [പ്പോൾ
കാരുണ്യത്താൽ വിളി-ച്ചീടുന്നതോർത്തി-
പാപിയിതാ വരുന്നേൻ— ശ്രീ

൩

കാട്ടൂടെ ഓടിയ-ആടിനെ നേടുവാൻ
തേടി നീ വന്നതിനാൽ-പാപ
കാട്ടിൽനിന്നോടി-മാ-ശ്രേഷ്ഠ ഇടയനേ
പാപിയിതാ വരുന്നേൻ— ശ്രീ

൪

പാപികളെ രക്ഷ-ചെയ്‌വതിന്നായി നീ
ശാപമൃത്യു സഹിച്ച-ദിവ്യ
സ്നേഹകാരുണ്യത്തെ ചിന്തിച്ചുധൈര്യമായ്
പാപിയിതാ വരുന്നേൻ— ശ്രീ

൫

ഒന്നിനാലും അഞ്ചു-ചെന്ന അടിയാരെ
മന്നൻ നീ തള്ളുകയി-ല്ലെന്നു
ചൊന്നതു മൂലമീ-തിന്മ നിറഞ്ഞ മാ-
പാപിയിതാ വരുന്നേൻ— ശ്രീ

---

## ൧൨൭ 127

### തോടി — ആദിതാളം

#### പല്ലവി

നാശമാകുന്നേ ഞങ്ങൾ
യേശുനാഥാ നിൻ കൃപ
നല്കുവാൻ കാലമിതല്ല്യോ!

#### അനുപല്ലവി

നീച പാപക്കടലിൽ
ദാസർ താണുപോകുന്നേ!
നിലയില്ല്യോ തിരകൾ
തലമേൽ കയറുന്നല്ല്യോ— നാശ

#### ചരണങ്ങൾ

൧ വീശും കാറ്റിൻ ശക്തിയാൽ
ആശയെല്ലാം മങ്ങുന്നേ
വീണാൽ കണ്ടെത്തുമോ ഞങ്ങൾ
യേശുരക്ഷകർത്താവേ!
ആശ്രയം നീയേ നാഥാ!
എഴുന്നരുളുവാൻ ഞങ്ങൾ
തൊഴുന്നു തൃപ്പാദത്തിങ്കൽ— നാശ

൨ കോപം ചതി വകകൾ
ലോഭം കാമം മറ്റുള്ള
ക്രൂരജന്തുക്കൾ ചാടുന്നേ
പാപികളെ വിഴുങ്ങി
പേ പിശാചുക്കളുള്ള
പാതാള തീക്കുഴിയിൽ
തട്ടിച്ചീടുമേ നാഥാ— നാശ

൩ തൃക്കൈ നീട്ടി നിൻ വാക്കാൽ
നല്കേണം ശാന്തം അല്ല്യോ
ദ്രോഹികളെ നീ തള്ളല്ലേ!
ദുഃഖക്കടൽ പോവോളം
ചുക്കാൻ പിടിക്കേണമേ
ദോഷം വരാതെ ഞങ്ങൾ
മോക്ഷ നാട്ടിൽ ചേർന്നീടാൻ—നാശ

---

## ൧൨൮ 128

### ക്യാൽ — ആദിതാളം

#### പല്ലവി

എന്തു ചെയ്യേണ്ടു ഞാ-നെൻജീവനാഥാ!
ചിന്ത കലങ്ങിയു-ഴലുന്നു താതാ!—
എന്തു ചെയ്യീടേണ്ടു ഞാൻ?

#### ചരണങ്ങൾ

ഇത്ര നാളായിട്ടു-മിത്തിരിപോലുമെൻ
ചിത്തമതു ഗുണപ്പെട്ടിട്ടില്ല്യോ— എന്തു

൨

എൻ പുണ്യങ്ങൾ തിരു-മുമ്പിലറെപ്പോ(യി)
തമ്പുരാനേ! കാണ-പ്പെട്ടിടുന്നല്ല്യോ-എന്തു

൩

നീതിയെന്നെണ്ണി സ്വ-നീതി തന്നിൽ ചാരി
പാതകനായ്നാശ-പാതയിൽ പോയല്ല്യോ—
എന്തു

൪

കള്ളന്റെ വാക്കു കേ-ട്ടുള്ളം നന്നായുറ-
ന്നില്ലേ നിനക്കു ഞാൻ-പൊല്ലാത്തോനായ-
യ്യോ—എന്തു

൫

കള്ളസ്സമാധാനം-ഉള്ളിലാക്കിക്കൊണ്ടു
നല്ലസുഖമായു്-ടന്നുകൊണ്ടേനയ്യോ-എന്തു
[യ്യോ

൬

മരണത്തിൻ വേരെട്ടു-ത്തെറിയായ്കയാല-
മരണവിഷമെന്നുൾ-മരുവീടുന്നയ്യോ —എ
[യ്യോ—

൭

നാളെല്ലാം ഞാൻ പതിർ-പോലെ കഴിച്ചു-
കാളിക്കത്തീടുന്ന-നാൾകൾവരുന്നയ്യോ- എ

൮

എല്ലാംകൊണ്ടും പിഴെ-ച്ചല്ലോയീപ്പാതകൻ
നല്ലവാ ! നീയെന്നെ-തള്ളീടരുതയ്യോ — എ

൯

ഒന്നുമില്ലാ എന്നി-ലെന്നറിഞ്ഞെനിപ്പോൾ
മന്നനേ ! നിൻ പാദം-തന്നിൽ വീണീടു-
[ന്നേൻ—എ

൧൦

നിൻ വലകൈകൊണ്ടു-എന്നെപിടിച്ചുനിൻ
പൊന്നുലോകം തന്നി-ലെന്നെ നടത്തുക—
എന്തു

---

## ൧൨൯ 129

### ആനന്ദഭൈരവി

൧ കുമ്പിട്ടുന്നേനെൻ ജീവനാഥനാം
ദേവാദിദേവാ!
നിൻ പാദപീഠത്തിങ്കൽ പാപിഞാൻ
ദേവാദിദേവാ!

൨ എൻ ദുഃഖം തിരുമുന്നിൽ ചൊല്ലുവാൻ
തീരെക്കഴിവില്ലാതെൻറ
നെഞ്ചടെക്കുന്നേ നാവു താഴുന്നേ
ദേവാദിദേവാ !

൩ അപ്പനേ സാത്താൻപാപലോകങ്ങൾ
തങ്ങൾ വാകളാലെന്നെ
ചപ്പുന്നയ്യോ കൈനീട്ടോ വേഗത്തിൽ
ദേവാദിദേവാ !

൪ എന്നു തീർന്നെൻറ പാപനാററങ്ങൾ
എൻ തന്തയാം നിന്നെ
വന്നു ചുംബനം ചെയ്യും ഞാനെന്നും
ദേവാദിദേവാ !

൫ വിടുവിച്ചീട്ടുകെന്നരികളിൽനിന്നു
ചെററപൈതലാമെന്നെ
കഠിനപ്പോരിൽഞാൻതളന്നിരിക്കു-
ദേവാദിദേവാ ! [ന്നേ

൬ ന്യായവിധിയിൽ കേററരുതയ്യോ
ഒരം ക്ഷീണനാമെന്നെ
ന്യായമെനിക്കു നായകാ നീയേ
ദേവാദിദേവാ !

൭ എന്തപ്പാ ദൂരെ മാറിപ്പോകുന്നു
വേഗമണഞ്ഞു വരിക
വെള്ളനീററമെന്നുള്ളിൽ ധൈര്യം ത
ദേവാദിദേവാ !

൮ ദൈവരാജ്യത്തിൻപന്തിചേർത്തെന്നെ
പോററി പോഷിപ്പിക്കയെൻ
ദേവാ! നിൻപാദെ വീണു കേഴുന്നേ
ദേവാദിദേവാ !

൯ വന്ദനം നിനക്കെന്നും താതനേ
നിൻ പൊൻചെവി തുറ-
ന്നെന്നപേക്ഷ നീ വേഗംകേൾക്കണേ
ദേവാദിദേവാ !

---

## ൧൩൦ ഖണ്ഡങ്ങൾ 130

൧ ജീവനായകനാകുമേശുവേ
പാപിയാകുമെൻ യാചന
കോപിയാതെ നീ കേട്ടരുളുക
ദാവീദ്രാജൻറ നന്ദനാ—

൨ ആദരവററ പാപി ഞാനേശു
നാഥനേയെൻ സങ്കേതമേ
ഭൂതലത്തിങ്കൽ നീയല്ലാതെനി-
ക്കാദരവായിട്ടാരുള്ളു—

൩ അപ്പനേ ! പാപി വീണു കേഴുന്നു
തൃപ്പാദം തുണയെന്നയ്യോ
ഇപ്പാതകൻറ സങ്കടം കേൾക്കാ-
തപ്പുറം തിരിഞ്ഞീടല്ലേ—

൪ പാപിയെന്നെന്നെ ചൊല്ലുകിൽനീയും
പാപിയെ തേടിയല്ലയോ
ഭൂവിൽ വന്നു നിൻ ജീവൻ വിട്ടതു
പാപികളിൻ സങ്കേതമേ !—

൬ ഉള്ളം നീറി വരുന്ന പാപിയെ
തള്ളുമോ കൃപാകണ്ണനേ!
ഉള്ളങ്ങളറിഞ്ഞീടുന്നോനേയെ-
ന്നുള്ളുനീറലെ കാണുക—

൭ തള്ള താൻ മറന്നീടുമോ ചെറു-
പിള്ളയെ കനിവുള്ളോനെ!
തള്ളയെന്നെ മറക്കിലും പൊന്നു-
തള്ളയാം നീ മറക്കുമോ?—

൮ പാദത്തിൽ വീണ പാപിയെ തിരു-
പാദത്താൽ മെതിച്ചീടുമോ!
പാദത്തിൽ വീണ പാപിയാം സ്ത്രീക്കു
മോദത്തെ കൊടുത്തില്ലയോ?—

൯ സാത്താനായവനുള്ളിൽ തീയമ്പു
ഏറ്റവും ചൊരിയുന്നതാൽ
ഏറ്റവും തളർന്നീടുന്നേനിതാ
ഏറ്റവും കനിവുള്ളവാ!—

---

## ൧൩൧ ഖണ്ഡങ്ങൾ 131

൧
അയ്യോ ഞാനൊരു മഹാ-പാപിയാകുന്നു
നസ്രായനേ! കനിയുക-മനുവേലനേ!

൨
കൈകാൽതളർന്നീടുന്നെൻ-ഉള്ളംഉരുകീടുന്നു
അയ്യോ കനിയേണമേ-മനുവേലനേ!

൩ [കണ്ണാൽ
കരുണ നിറഞ്ഞവനേ!-കരുണയിൻകട-
തിരിഞ്ഞെന്നെനോക്കേണമേ-മനുവേലനേ

൪ [യ്യോ
മുറിവുചതവുമെന്നിൽ-അഴുകി നാറീടുന്ന-
തിരുമുന്നിൽ വരുന്നിതാ-മനുവേലനേ!

൫
പാതകം ചെയ്വതിന്നാ-യോടിയ കാല്കളിതാ
നാഥാ! മടക്കീടുന്നേ-മനുവേലനേ!

൬
ഏറ്റം മടികൂടാതെ-പാതകമാകവെ ഞാൻ
നാഥാ! ചെയ്തുപോയയ്യോ-മനുവേലനേ!

൭ [യ്യേൻ
മന്നാ! മന്നു നിന്നെ-മദിച്ചു നടന്നു ചെ-
യെണ്ണമില്ലാ പാപങ്ങൾ-മനുവേലനേ!

൮ [ൻറ
നിന്നോടുനിന്നോടയ്യോ- തന്നെപിഴച്ചു നി-
കണ്ണിൻമുൻ ദോഷം ചെയ്യേൻ-മനുവേല-
നേ!

൯ [ചെയ്വാൻ
അറപ്പും വെറുപ്പുംമഹാ-അതിക്രമങ്ങളും-
വിരഞ്ഞോടി മൃഗംപോലെ-മനുവേലനേ!

൧൦
ഇരുളുംമറവിടവു-മിവയെ ചെയ്വതിന്നായി
തിരഞ്ഞു നടന്നേനയ്യോ-മനുവേലനേ!

൧൧ [ന്നെപ്പോ-
കാവിൽ നീ വിലക്കിയ-കനിയെത്തിന്നുനി-
ലാവാനോടിയ പാപി-മനുവേലനേ!

൧൨ [കൊന്ന
ഹാബേലാം സോദരനെ-അന്യായമായി-
പാപിയാം കായേൻ ഞാനേ-മനുവേലനേ!

൧൩ [മവനെ
സോദരൻയോസേഫിൻറെ-കണ്ണീർ കണ്ടു-
ഘാതകനായ്[1] വിറ്റോൻ ഞാൻ-മനുവേ-
ലനേ!

൧൪ [കട്ട
നല്ലവാ! യെറിഹോവിൻ-ശാപവസ്തുക്കൾ-
കള്ളനാഖാനും ഞാനേ-മനുവേലനേ!

൧൫ [ളെ ഞാൻ
നിന്നെ കൊൽവതിന്നായി-തന്നേ ശിശുക്ക-
കൊന്ന ഹെരോദാവയ്യോ-മനുവേലനേ!

൧൬
നിന്നെ തലകീഴായി-തള്ളുവാനായിട്ടയ്യോ!
നന്നായ്ശ്രമിച്ചോൻ ഞാനേ-മനുവേലനേ!

൧൭ [ത്തി!
ഉറ്റസ്നേഹിതൻപോലെ-തങ്കമുഖത്തിൽ മു-
ദ്രുക്കൾക്കായ്വിറ്റോൻ ഞാനേ-മനുവേലനേ!

൧൮
മൂന്നുരുവല്ലയെന്നു-മില്ലാതവണ്ണമയ്യോ
നിന്നെ തള്ളിയോൻ ഞാനേ-മനുവേലനേ!

൧൯ [ഹി ഞാൻ
മന്നാ! ദ്രോഹങ്ങളെല്ലാം-നന്നായ്ച്ചെയ്തു ദ്രോ-
നിൻ മുൻ വീഴുന്നേൻ കനിക-മനുവേലനേ!

---

1. ഘാതകൻ = കൊലപാതകൻ.

൧൩൨ ## ഉശേനി 132

### പല്ലവി

എൻ പാപം മാ പാപം മാ പാപമേ—പരനേ
ഇമ്മാനുവേലേ ക്ഷമിക്കേണമേ—

### ചരണങ്ങൾ

൧ തൃപ്പാദത്തിങ്കൽ വീണു കരഞ്ഞീടുന്നേൻ—എന്നെ
തിരിഞ്ഞു നോക്കി നീ മാപ്പു നല്കീടുക

൨ ഉച്ചരിപ്പതിനു വാക്കു തോന്നുന്നില്ലേ—നാഥാ
ഉള്ള പാപങ്ങൾക്കെല്ലാം ഞാൻ അടിമയായേൻ

൩ ആശ്വാസം ഇല്ല ഏതും അൻപനീശോ—എന്റെ
ആവലാധി കേൾക്കേണമേ രക്ഷിതാവേ

൪ ചത്തവരെ ജീവിപ്പിച്ച യേശുനാഥാ—നിന്റെ
ശക്തി കുറവായിട്ടില്ല രക്ഷകനേ

൫ “ കരയേണ്ട ” യെന്നു ചൊന്ന യേശുനാഥാ—നിന്റെ
കുരിശിങ്കൽ വന്നീടുന്നു കൃപ തരിക

൬ നിനക്കു നിൻ പാപങ്ങൾ ഞാൻ ക്ഷമിച്ചു—എന്നു
നീ കല്പിച്ചീടേണം നിൻ ദാസനോടു

൭ നിവൃത്തിയായെന്നുരച്ച ദിവ്യവായാൽ—മഹാ
നിവൃത്തികെട്ടയെൻ പാപം പോക്കേണമേ.

---

൧൩൩ ### പല്ലവി 133

ആദിപിതാവിൻ അരുമ കുമാരാ
ആധികൾ തീർത്തരുൾ അനുദിനമടിയരിൽ

### ചരണങ്ങൾ

൧ കാണാതെപോയോ-രാടിനെ പോലെ
കാടനേകം പുക്കി വലഞ്ഞേൻ ഞാൻ
ആട്ടുകളിൻ നല്ലിടയനേ യേശു
തേടണമേ ഏഴ പാപിയാമടിയനെ— ആ

൨ അമ്പേറും താതൻ തൻ-അരമന വെടിഞ്ഞു
അഹംകരിച്ചു ദൂരം പോയേൻ ഞാൻ
വെറിയനാം പേയിൻ കണിയതിൽ കുടുങ്ങി
അറിവില്ലാ മൃഗംപോലെ ദുരിതവഴി അലഞ്ഞേൻ— ആ

൩ അപ്പാ പിതാവേ പൊറുക്കയെൻ പിഴകൾ
അപ്പാ പൊറുക്കേണം എൻ പിഴകൾ
തൃപ്പാദമെയെന്നും ശരണമേ താതാ
ഇപ്പാപി പേരിൽ കടാക്ഷിക്ക കരുണയോടെ— ആ

## ൧൩൪ പല്ലവി 134

എന്മേൽ കനിഞ്ഞിടേണമേ
ദേവദേവനേ—എന്മേൽ
യേശുനാഥനേ—എന്മേൽ
മാനുവേലനേ—എന്മേൽ—

### ചരണങ്ങൾ

൧ തന്മഹിമ വെടിഞ്ഞ-
ങ്ങിമ്മഹീതലെ വന്നു
എന്മേലലിഞ്ഞ ദാവീ-
ദിന്മകനേ പാപിയാം— എൻ

൨ പൊന്നിൻ തിരുമേനിമേ-
ലെണ്ണമില്ലാതടികൾ
എണ്ണമില്ലാത്തെൻ പാപ-
ത്തിന്നായേറ്റോനേ നാഥാ— എൻ

൩ തങ്കക്കിരീടം ശിര-
സ്സിങ്കൽ പാപികൾ ചൂടാൻ
ശങ്ക കൂടാതെയൊരു
മുൾമുടി ധരിച്ചോനേ— എൻ

൪ ആദാമിൻ മക്കൾ മരി-
യാതിരിപ്പാൻ പുതിയ
ആദാമായുന്നു മര-
ണാധികളൊഴിച്ചോനേ— എൻ

൫ നീചനാമെനിക്കായി
നീ ചൊരിഞ്ഞ രക്തമീ
നീചഹൃദയം തന്നിൽ
നീ തളിച്ചീടുവാനായ്— എൻ

൬ നിന്നെ മറുത്ത ശിമോൻ
തന്നെ കൈക്കൊണ്ടല്ലോ നീ
എന്നപോലെന്നെയും ചേ-
ർത്തിന്നനുഗ്രഹിപ്പാനായ്— എൻ

൭ നിന്നടുക്കൽ വന്നാലോ
എന്നും തള്ളുകയില്ല
എന്നു നിൻ വചനത്തിൽ
ചൊന്നവണ്ണമിന്നു നീ— എൻ

൮ 1അമ്പിയലുന്ന യേശു-
തമ്പുരാനേ ശരണം
നിമ്പാദങ്ങളിൽ വീണു
കുമ്പിടും മാപാപിയാം— എൻ

1. അമ്പിയലുന്ന = സ്നേഹം വർദ്ധിക്കുന്ന.

## ൧൩൫ 135

### തോടി — ആദിതാളം

### പല്ലവി

ജീവജലാശയമേ-കൃപാകരാ
ദേവകുമാരദേവാ

### ചരണങ്ങൾ

2പാവനഭാവനാ-പാപനിവാരണാ
ചാവിനെ വെന്ന പരാ-കൃപാകരാ— ജീ

൨

ഭൂനരപാലകാ-വാനലോകാധിപാ
ആനന്ദവന്ദിതനേ-പാപികളിൻ— ജീ

൩

പാതകമാകവെ-മോദമായ് ചെയ്തു
താതനേ നീദയവായ്-മോചിക്കേണം— ജീ

൪

പാപികളാകുമീ-ദാസരിലാകെ നിൻ
ആവിയെ നല്കീടുക-കൃപാകരാ— ജീ

---

## ൧൩൬ പല്ലവി 136

വേറൊരാശ്രയമില്ല പാപിക്കി-
ങ്ങേറെയും ഭയം യേശുവേ-നിന്റെ
കരുണയാൽ എന്നെ തിരിച്ചുരക്ഷിപ്പാൻ
ശരണം ചൊല്ലുന്നേൻ യേശുവേ—

### ചരണങ്ങൾ

൧ ഏദൻതോട്ടത്തിൽ ആദാം തിന്നൊരു
3പാദപഫല പാതകം
മേദിനി വിട്ടൊഴിഞ്ഞു പോകുവാൻ
മൃത്യുവേററ ദയാപരാ— വേറൊ

൨ നിന്മുറിവിൽ പൊഴിച്ച രക്തത്തിൽ
കന്മഷം കഴുകേശുവേ
തിന്മയിൽ മുതനാം എനിക്കു നീ
സന്തതം തുണയേകണമേ— വേറൊ

൩ സന്തതാതൻ മാതാവുമന്തികെ
എന്തൊരാശ്രയം തന്നീടും
അന്ത്യകാലത്തിൽ നീയല്ലാതൊരു-
ബന്ധുവില്ല ദയാപരാ— വേറൊ

2. പാവനഭാവനാ = പരിശുദ്ധചിന്തകളോടു കൂടിയവനേ! 3. പാദപം = വൃക്ഷം.

൪ ബന്ധുനീയല്ലാതെന്തു മാനുഷ്യൻ
സ്വന്തമായിട്ടുകില്ലഹൊ
നൊന്തു വെന്തുരുകുന്ന ഞാൻ നീയേ
സന്തതം തുണയ്ക്കേണമേ— വേറൊ

൫ ദോഷിയെങ്കിലും—യേശുവേ നിന—
ക്കെ സുതൻ അടിയാനിതാ
ക്രൂശിൽ നിൻ വലഭാഗം തൂങ്ങിയ
ദുഷ്ടനിൽ കനിഞ്ഞില്ലയോ ?— വേറൊ

൬ ദുരിതകാരണം തിരുവടിയെന്നെ
ഒരിക്കലും കൈവിട്ടീടല്ലേ
ദുരിതം നീക്കുവാൻ കുരിശിൽ തൂങ്ങിയ
സർവ്വ ജീവദയാലുവേ— വേറൊ

---

## ൧൩൭ 137

### ശങ്കരാഭരണം — ആദിതാളം

### പല്ലവി

യേശുവേ ! കരുണാസമ്പത്തിയേ—നഷ്ടം
തിരിയും എന്നെ വീണ്ടുകൊൾ
യേശുവേ ! കരുണാസമ്പത്തിയേ !

### ചരണങ്ങൾ

൧ ഭൂതലത്തിൽ നീയൊഴിഞ്ഞു
ദാസൻ എനിക്കാദരവു
കണ്ടതില്ലാ ഹാ ! സകല
മണ്ഡലാധിപാ !
ചേതസ്സിൽ കൃപയുണ്ടായി
നാശം അണയാതെ കാത്തു
ചിത്ത ചഞ്ചലം അടക്കി
ചേർക്ക സൽബുദ്ധി വരുത്തി—

൨ വൈരിയാം പിശാചിനോടും
കായമോഹാദികളോടും
പോരതിൽ മടങ്ങിയടി—
പെട്ടുപോയി ഞാൻ
അടിമയെ ലോകക്കൊഴിച്ചോ—
രുടയ തമ്പുരാനേ നല്ല
ഇടയനേ! ഒരേഴയാടാം
അടിയനെ കണ്ണാക്കേണമേ—

൩ എണ്ണമററ പാപങ്ങൾ ഞാൻ
ചെയ്തവയാകെ പൊറുത്തു
പുണ്യവാൻ ഏകനേയെന്നെ
പുണ്യനാക്കേണം
നിന്നടിമ ആയിട്ടുമോ—
രുന്നതി എനിക്കുണ്ടാവാൻ
നിന്നടി വണങ്ങി നിത്യം
വന്ദനയെ ചെയ്തീടുന്നേൻ—

൪ നല്ലവരുലകിൽ ആരും
ഇല്ല നീയൊഴിഞ്ഞു സർവ്വ
വല്ലഭത്വമുള്ളവൻ നീ
അല്ലയോ ? ദേവാ
കൊള്ളരുതാതുള്ളതെന്നിൽ
തള്ളിനീക്കി നിന്നുടെയ
നല്ല നല്ല ദാനങ്ങളാൽ
ഉള്ളലങ്കരിക്ക എന്നെ—

---

# CONSECRATION

# പ്രതിഷ്ഠ

## ൧൩൮ 138

### മുഖാരി ആദിതാളം

### പല്ലവി

എൻ കാന്തനിവൻ തന്നെ—ശങ്കയില്ലഹോ ! നിർണ്ണയം

### അനുപല്ലവി

1 ചെങ്കതിരവൻ പോൽ ക—ളങ്കമററിതാ കാണ്ക—

1. ചെങ്കതിരവൻ = സൂര്യൻ.

## ചരണങ്ങൾ

൧ കൂരിരുളിലുദിച്ച1 കതിരൻ–പാപക്കറകൾ
തീരുവാനായൊഴിച്ച രുധിരൻ–അനുതപിക്കും
നേരം പാപികൾക്കേററം മധുരൻ–പരിശയക്കു
നേരുത്തരം കൊടുത്ത ചതുരൻ
കാണാതെപോയുള്ളാടുകൾ–തേടി നടന്ന കാലുകൾ
തന്നിലേററാണിപ്പാടുകൾ–കണ്ടിതാ ഞാനിപ്പാടുകൾ
കൈവിലാവിലും—

എൻ

൨ മുൾമുടി പൂണ്ട കോലാലടികൾ–ഏററതാലിതാ
വെണ്മനെററിമേലുള്ള വടുകൾ–അളവില്ലാത്ത
നന്മ നിമിത്തം ലോകക്കുടികൾ–രക്ഷപെടുവാൻ
തന്മേൽ കൊരടാവാലുള്ളടികൾ
കൊണ്ട പാടുകളുണ്ടിതാ–ചാവിൻ വിഷമുൾകൊണ്ടു താൻ
ചത്തു ജീവിച്ചുകൊണ്ടതാൽ–ചാകാത്ത മേനി കണ്ടിതാ
അല്ലയോ സഖീ !—

എൻ

൩ എൻ കാന്തനുടെ തിരുനാമം–സുഗന്ധം ഒഴുകു–
ന്നെങ്കലേശുന്നു തൻെറ 2ധാമം–അതിനാൽ ഞാനും
3തിങ്കൾ പോലെ മേവുന്ന ക്ഷേമം–എനിക്കവൻെറ
ചെങ്കോലിൻ കീഴിൽ പുതുനാമം
തന്നാനെനിക്കു മന്നവൻ–മണ്ണിൽ മനുവായ്വന്നവൻ
വാനലോകത്തെഴുന്നവൻ–എനിക്കു കാഴ്ച തന്നവൻ
ഇതാ കാണുന്നു—

എൻ

൪ തങ്കലുള്ള നിറം ചുവപ്പും–വെണ്മയും തല
തങ്കം കുന്തളമോ കറുപ്പും–ലക്ഷംപേരിൽ ക–
ളങ്കമററവൻെറ മതിപ്പും–തനിക്കുണ്ടിതാ
തൻകണ്ണുകൾ പാലിൽ കുളിപ്പും
തണ്ണീർത്തോട്ടിലിരിപ്പുമാ–യുള്ള–പ്രാക്കളോടൊപ്പമായ്
തൻെറ കവിൾ സൌരഭ്യമാം–വർഗ്ഗത്തടത്തിനൊപ്പമായ്
കാണുന്നു സഖീ!—

എൻ

൫ തന്നധരച്ചെമ്പുവിൽനിന്നു–നല്ല മൂറു ഒഴു–
കുന്നു രത്നം പതിച്ച പൊന്നിൻ–മോതിര കൈകൾ
തന്നുദരമോ നീലരത്നം–അമർത്തിയൊപ്പം
നന്നായിട്ടാനദന്തം തന്നേ
തങ്കച്ചോടിൽ നിറുത്തിയ–വെങ്കൽത്തൂണുകാലിണെയെത്തിയ
നേരത്തു ശൂലാമെത്തിയാം–ഞാൻ വീണു തൃക്കാൽ മുത്തിയെ
സന്ദേഹമില്ല—

എൻ

൬ തന്നുടെ രൂപം ലബാനോനെ–ദേവദാരുക്ക–
ളെന്നപോലെ ശ്രേഷ്ഠവുമാണെ–വായോ മധുര–
മെന്നുവേണ്ടാ തങ്കലെല്ലാമെ–ഓമനം തന്നേ
തന്നുടെ വാക്കെനിക്കു തേനെ

1. കതിരൻ = സൂര്യൻ. 2. ധാമം = പ്രകാശം. 3. തിങ്കൾ = ചന്ദ്രൻ.

അതിൽ മൊഴിഞ്ഞപോലിതാ–കാണുന്നേനിവനെ മുദാ
എന്നുടെ പ്രിയ സ്നേഹിതാ !–വന്നാലും വേഗം ഞാനിതാ
സ്നേഹാർത്ഥിയായെ—

എന്റെ

---

## ൱൩൰൯ 139

### ആനന്ദഭൈരവി — ആദിതാളം

#### പല്ലവി

യേശുവിൻ പക്ഷത്തിൽ നില്പേൻ—അവൻ
എന്നെക്കുറിച്ചു മരിച്ചുയിർത്തല്ലോ

#### ചരണങ്ങൾ

ഏറെ ലോകങ്ങളെക്കാളും–വില
ഏറിയ രക്തം ചൊരിഞ്ഞെനിക്കായി
പാരെങ്ങും തൻ രക്ഷ നേടാൻ പെട്ട
പാടിൻ ഫലം കണ്ടു തൃപ്തനാവാനായ്–യേ

൨

ക്രൂര പിശാചിന്റെ കൈയിൽ—വിട്ടു
കൊടുക്കാതെ സ്വവിശേഷമാർഗ്ഗത്തിലാക്കി
പേരിമ്പം ജീവനും നല്കി— നില
പിഴെക്കാതെ കാത്തു രക്ഷിക്കുന്നതാൽ ഞാ

൩ ൻ—യേ

ലൌകികം സർവ്വവും തള്ളി—സ്വർഗ്ഗ
ലോകത്തിലുള്ള തന്റെ ഹിതംപോലെ
ഭൂഗോളം എങ്ങും ആവോളം—തന്റെ
പൊന്നായപാദങ്ങൾനോക്കിനടപ്പേൻ–യേ

൪

കാണുന്നവരും കേൾപോരും—യേശു
കർത്തനാളെന്നെന്നെ വിശ്വസിച്ചീടാൻ
നാണിക്കാതെ നടക്കും ഞാൻ—യേശു
നസറയ്യനെ എൻ ശരണംഎന്നേക്കും—യേ

---

## ൱൪൰ 140

### ക്യാൽ — ആദിതാളം

#### പല്ലവി

ഇന്നും എന്നന്നേക്കും യേശു മതി
യേശു മതി എനിക്കു

#### അനുപല്ലവി

എന്നും മാറാതിരിക്കുന്ന ദൈവസുതൻ
യേശു രക്ഷാകരൻ–ഏകരാജേശ്വരൻ

#### ചരണങ്ങൾ

തന്നുടെ ഉന്നതത്വം–തൻ രാജസം
തൻ മഹാ ശക്തിയത്തും
തന്നെ തന്നെന്നെ താൻ വീണ്ടുകൊണ്ട കൃപ
സത്യനില മഹാ സ്നേഹവും കണ്ടു ഞാൻ–

൨ ഇന്നും

പാരിൻ ഇമ്പങ്ങളെയും–നിസ്സാരമാം
പാരിൻ മഹിമയെയും
ക്രൂര ചതിയനാം പേയിൻ കണികളാം
കൌശലമോഹങ്ങളെയും വെറുക്കുന്നേൻ–

൩ ഇന്നും

എന്നെപ്രതി ഇറങ്ങി–തന്നെ ബലി
യേശുനാഥൻ കഴിച്ചു
എന്നുടെ മുൻ നടന്നെന്നെ നടത്തുന്നു
യേശു മഹാ ഗുരു വേറെ ആരും വേണ്ടാ–

൪ ഇന്നും

വിട്ടീടുന്നേൻ പിശാചിൻ–നാനാ വിധ
വ്യർത്ഥ വഴികളെ ഞാൻ
കിട്ടണം ഏററവും മാഹാത്മ്യമായുള്ള
ക്രിസ്തേശുവാം മഹാ മുത്തെനിക്കാകയാൽ–ഇ

---

## ൱൪൰൧ 141

### ഇംഗ്ലീഷ് ഏകതാളം

#### പല്ലവി

നീയൊഴികെ,നീയൊഴികെ ആരുമില്ലീശോ

#### അനുപല്ലവി

സ്നേഹമയമേ വിശുദ്ധി നീതി നിറവേ

### ചരണങ്ങൾ

൧ [ശ

നീയെൻ രക്ഷ നീയെൻബന്ധുനീഎനിക്കാ-
നീഎൻസ്വന്തമായിവന്നതെൻ മഹാഭാഗ്യം

൨

എന്നും എങ്ങും യേശു നീ എന്നോടു കൂടവെ
അന്നിരുന്ന ശക്തി കൃപയോടു വാഴുന്നേ

൩ [നിക്കു

ജീവനെക്കാൾ നീ വലിയോൻ ആകുന്നെ-
ഭൂവിൽ അറിവാൻ നിനക്കു തുല്യം മററില്ലേ

൪

തന്നു സവ്വവും എനിക്കുവേണ്ടി നീയല്ലോ
നിന്നരുമ നാമം അടിയാനു സമസ്തം

൫

മംഗലമേ എൻ ധനമേ ക്ഷേമദാതാവേ
ഭംഗമില്ലാ ബന്ധുവേ മഹാ ശുഭവാനേ.

---

## ൧൪൨ 142

### താരാട്ടു—ആദിതാളം

൧

സ്നേഹമാമേശുവേ-സ്നേഹമേ നിറവായ്
സ്നേഹം നിൻമൊഴി ക്രിയയുമെല്ലാം
സ്നേഹം സവ്വവുമേ
സ്നേഹിച്ചേശു എന്നെ-ചോരയിൽ കഴുകി
സ്നേഹമാം താതനു എന്നെയാചാൎയ്യ-
രാജനാക്കിയല്ലോ

൨

ഇയ്യുലകാധിപൻ കണ്മണിയാക്കി
ആയതാൽ ഭംഗി രൂപവുമില്ലാ-
തായി നീ എനിക്കു
ദൈവാത്മാവെന്നുടെ-കാഴ്ചയെ നല്കി
ദേവസുതനപ്പോൾ എന്റെ കണ്ണിനു
കൌതുകമായ്വന്നു

൩

ദാസവേഷംപൂണ്ട-ദേവകുമാരൻ
യേശുദേവാ വിശ്വാസികൾക്കു നീ
വിലയേറിയവൻ
ആയിരങ്ങളുടെ-ആയിരങ്ങളിൽ
അതിസൌന്ദൎയ്യവാനാകുമേശു
ദേവൻ നീയല്ലയോ ?

൪

നീയല്ലാതാരുള്ളു ?-സ്വൎഗ്ഗമാം ലോകേ
നീയല്ലാതില്ല ഭൂവിലാരും ഞാൻ
ഇച്ഛിക്കത്തക്കവൻ
ഹാ മനോഹരൻ നീ-മാധുൎയ്യവാൻ നീ
ഹാ മഹാ ശുദ്ധനെന്നുടെ പാപം
ആകെ നീക്കിയവൻ

൫

നിറവായ കൃപ-പൂൎണ്ണമാം സ്നേഹം
നീതിയുൽകൃഷ്ടശ്രേഷ്ഠതകളോ-
ടുള്ളതേശുവേ നിൻ [വൻ താൻ
എൻ സ്രഷ്ടാവിവൻ താൻ-എൻ കൎത്താവി-
എന്നെ സൃഷ്ടിച്ചു രക്ഷിച്ചു നിത്യ
ജീവൻ തന്നതിവൻ

൬

സവ്വനാമങ്ങൾക്കും-സവ്വവസ്തുവിന്നും
സവ്വസൃഷ്ടിക്കും മേലായ്ത്തിന്നെ ഞാൻ
സ്നേഹിച്ചീടും നാഥാ
സ്തോത്രമേശുവിന്നു-താതന്നും സ്തോത്രം
സ്തോത്രമെന്നാശ്വാസപ്രദനുമെ
ആമേൻ ഹല്ലേലൂയ്യാ.

## ൧൪൩ • 143

---

### കൎണ്ണാടകം—ആദിതാളം

### ഖണ്ഡങ്ങൾ

൧ എന്റെ ജീവകാലം ഞാൻ
എന്നും നിന്നെ കീൎത്തിപ്പാൻ
നിന്റെ മുമ്പിൽ കാഴ്ചയായ്
നേൎന്നിതാ വെച്ചീടുന്നേൻ

൨ എന്റെ കൈ നിൻ സ്നേഹത്താൽ
എന്നും നന്മ ചെയ്യട്ടെ
നിന്റെ വേക്കേസ പാദങ്ങൾ
നിഷ്ഠയോടങ്ങോടട്ടെ

൩ നിന്റെ സ്തോത്രം മാത്രമെ
എൻ സംഗീതം ദൈവമേ
നിന്റെ വാക്കു മാത്രം ഞാൻ
എന്നും സംസാരിക്കേണം

൪ എന്റെ പൊന്നും വെള്ളിയും
നിന്റെ സ്വന്തം ആകട്ടെ
എന്റെ ബുദ്ധി പ്രാപ്തിയും
നിൻ യത്നങ്ങൾക്കാകട്ടെ

൫ നിന്റെ ഇഷ്ടം എന്നുമേ
എന്റെ ഇഷ്ടം ആകട്ടെ
നിന്റെ വാഞ്ഛയെന്നുമെ
എന്റെ നെഞ്ചിൽ ആകട്ടെ

൬ എന്റെ പൂർണ്ണ സ്നേഹവും
നിന്നിൽ ആയി തീരട്ടെ
ഞാൻ അശേഷം നിത്യവും
നിന്റെ സ്വന്തം ആകട്ടെ.

---

## ൧൪൪ 144

### മണിരംഗു—ആദിതാളം

യേശു അല്ലാതെ വേറൊരു രക്ഷകൻ
ഇഹത്തിലുണ്ടോ പറവാൻ—മനമേ! തന്നിൽ
ആശ്രയിച്ചീടുന്നവരേവരും—തിരുകൃപ
അനുഭവിച്ചിടുന്നുവല്ലോ—മനമേ!

൨

വല്ലഭപരൻ താൻ പരിശുദ്ധപരൻ താൻ
മഹത്വപരാപരൻ താൻ—മനമേ! പാപം
ഇല്ല സ്വല്പവും നരദേവനാം—യേശുവിൽ
ഇവനല്ലോ നമുക്കു ഗുരു—മനമേ!

൩

തിരുമൊഴി അനുസരിച്ചീടുന്നതെല്ലാം ശുഭം
തിരുനടപ്പതിശ്രേഷ്ഠം—മനമേ! തന്റെ
തിരുവടി പിന്തുടർന്നീടുന്നവ—ർക്കേവർക്കും
ചേരും മോക്ഷാനന്ദമേ—മനമേ!

൪

ദയകെട്ട പേയിന്നു നരരെ പാതാളത്തിൽ
ചതിച്ചു കൊണ്ടോടുന്നതു—മനമേ!—കണ്ടു
ദയ, കൃപ, സ്നേഹവും നിറഞ്ഞ പരൻവന്നു
സത്യവേദം അരുളാൻ—മനമേ!

൫

പാപികളെ എല്ലാം നാശം ചെയ്തീടുവാൻ
വല്ലഭ നീതി നില്ക്കേ—മനമേ! പരി—
താപത്തോടെ അവതാരം ചെ—യ്താൻപരൻ
ശാപം തന്മേൽ ചുമപ്പാൻ—മനമേ!

൬ [രക്തം
നരർക്കെല്ലാം വേണ്ടി തൻ പരിശുദ്ധ ജഡം
ജീവനും ബലികഴിച്ചാൻ—മനമേ!— ചത്തു
തിരിച്ചുയിർത്തെഴുന്ന തൻ തിരുകൃപ—തേടു—
ചേരും മോക്ഷാനന്ദത്തിൽ—മനമേ! [ന്നോർ

## 145 ൧൪൫

### ഇംഗ്ലീഷ് — ഏകതാളം

൧ മഹത്വപ്രഭു മരിച്ച—
വൻ കുരിശെ—പാർത്തേൻ
ഇഹത്തിൻ ലാ—ഭം ഉയർച്ച
ഹീനമെന്നെ—ണ്ണുന്നേൻ

൨ എൻപരൻ യേ—ശു മരിച്ച—
തെന്നും ഞാൻ കൊ—ണ്ടാടും
ഇൻപമിങ്ങു—ള്ളവ വിടുന്നേൻ
യേശു രക്തം—നേടാൻ

൩ ഖേദം, അൻപും, തന്മുറിവു—
തോറും ഒഴു—കുന്നു
വേദനാമുൾ—തൻ മഹത്വ
വന്മുടിയാ—കുന്നു

൪ ദിവ്യപക്ഷം—നേടുവാൻ
എൻ—ജീവൻ ദേഹി—യെയും
സർവ്വസ്വത്തി—നെയും ഏല്പി—
ക്കുന്നു ഞാൻ എ—ന്നെയും

൫ ഏകകർത്താ—വാം ക്രിസ്തുവിൻ
കുരിശതു—മാത്രം
ദേഹിയുള്ള— കാലം എല്ലാം
എൻമഹത്വ—സ്തോത്രം.

---

## ൧൪൬ 146

### പല്ലവി

അടിയാനിൽ വാണീടുക
അരുമ രക്ഷകനേ!

### അനുപല്ലവി

കഠിനപാപിയാം എന്നിൽ
കരുണ നിറഞ്ഞവനേ!— അടി

### ചരണങ്ങൾ

൧ അനുതാപത്താൽ എന്നുള്ളം
ആകെ നന്നായിളക്കി
കനിവേറും നിന്നാത്മാവാൽ
കളങ്കം ബോധമുണ്ടാക്കി— അടി

൨ തിരുകല്പ്പാടാൽ എന്റെ
ചിത്തം നന്നായിളക്കി
തിരുരക്തത്താൽ എന്നുള്ളം
ചെമ്മെ ശുദ്ധിവരുത്തി— അടി

൩ ചതിയരാം പേക്കൂട്ടരെ
തൽക്ഷണം ദൂരത്താക്കി
അതിവിശുദ്ധാത്മൻ നെഞ്ചിൽ
അകലാതെ വാസമാക്കി— ...ടി

൬ താങ്ങി നടത്തേണം ര-
ക്ഷ കർത്താവേ! പാരം
തളർന്നിതാ വന്നീടുന്നേൻ
ദയവാനേ-

---

## ൧൪൭ 147

### കൌശിക — ആദിതാളം

#### പല്ലവി

സ്വന്തം നിനക്കിനി ഞാൻ
യേശുദേവാ!-പാപ
ബന്ധം നീക്കെന്നിൽ നിന്നെൻ
പ്രിയനാഥാ!

#### ചരണങ്ങൾ

൧ സന്തോഷമെന്ന പേരിൽ
വഴി നടന്നേൻ-അതു
ചതിവെന്നറിഞ്ഞു നിന്നോ-
ടടുത്തു വരുന്നേൻ

൨ ഇമ്പം പാപം തരുമെ-
ന്നഴിഞ്ഞു ചെയ്യുന്നേൻ-അതു
ഏറെ തുമ്പം തന്നതാൽ
ഭയന്നു വരുന്നേൻ

൩ ലോകം തുണെക്കുമെന്നു
ചേർന്നിരുന്നേൻ-അതിൽ
ഒട്ടും സ്ഥിരതയില്ലാഞ്ഞോ-
ടിവരുന്നേൻ

൪ കായം ബലം സുഖവും
കരുത്തിൽവെച്ചേൻ-ഇതിൻ
കാര്യമനിത്യമെന്നി-
താ വരുന്നേൻ

൫ ദേഹം ജീവനും നിന്നിൽ
കാഴ്ചവെച്ചേൻ-ഇനി
ചെയ്യേൻ നിന്തിരു മനം
പോലെ എന്നും

൬ ശക്തി പ്രാപ്തി ധനവും
കാഴ്ച വെച്ചേൻ-തിരു
സന്തോഷം നേടുവാൻ ഞാൻ
അടുത്തു വരുന്നേൻ

## ൧൪൮ 148

(' മായയായ ലോകം സർവ്വവും '
എന്നപോലെ).

#### പല്ലവി

മർത്യനായി ദൈവപുത്രൻ
ചൊന്നപോലീ ഞങ്ങളും
സത്യമായ് ചൊല്ലീടുവാൻ താ
നിൻ കൃപയെ ദൈവമേ

#### ചരണങ്ങൾ

൧ ദൈവത്തെ സ്നേഹിപ്പവർക്കു
വ്യാപരിക്കുന്നു സദാ
സർവ്വവും നന്മക്കായ് ദൈവ-
ഇഷ്ടംപോലാകട്ടെന്നു

൨ സ്വന്തമായില്ലൊന്നുമെങ്ങൾ-
ക്കുള്ളതെല്ലാം ദാനമേ
എന്തു താൻ ദൈവമെടുത്താൽ
ഇഷ്ടംപോലാകട്ടെന്നു

൩ ദുഷ്ടങ്ങളാൽ നിറഞ്ഞ
മാർഗ്ഗേ സഞ്ചരിക്കിലും
സ്വർഗ്ഗ വാഞ്ഛയോടെ ദൈവ
ഇഷ്ടംപോലാകട്ടെന്നു

൪ കഷ്ടപ്പെട്ടുലകിലും
നഷ്ടമേർ വേർപെട്ടീടിലും
തുഷ്ടിയോടെ ദൈവമേ നിൻ
ഇഷ്ടം പോലാകട്ടെന്നു

൫ വാനവർ നിൻെറ ഇഷ്ടം
ഊനമെന്യേ ചെയ്യുമ്പോൾ
മാനവർ ചെയ്യേണമേ നിൻ
ഇഷ്ടംപോലെല്ലാററിലും

൬ താത ഹിതം ചെയ്വതു നൽ
ഭക്ഷണം പോൽ പുത്രനു
താതനേയെല്ലാററിലും നിൻ
ഇഷ്ടംപോലാകട്ടെന്നു

൭ കുഞ്ഞുനീരോടീജവത്തെ
മണ്ണിൽ ചൊല്ലി തീൎന്ന പിൻ
വിണ്ണവരോടൊത്തു ദൈവ-
ഇഷ്ടംപോലാകട്ടെന്നു.

---

## ൧൪൯ ഖണ്ഡങ്ങൾ 149

സൎവ്വവും കാഴ്ച വച്ചേശുവിൻ പാദത്തിൽ
സാഷ്ടാംഗം വീണങ്ങു വന്ദിച്ചീടുന്നു ഞാൻ
സൎവ്വ നിനവുകളും—എൻ വാക്കും
സൎവ്വ ക്രിയകൾ കൂടെയും തന്മുമ്പിൽ [വും

൨

എൻദിനം മുഴുവനും നിമിഷങ്ങൾ അഖില-
തൻതിരുമുമ്പിൽ ബലിയായ്ഞാൻവെക്കുന്നു
കരങ്ങൾ നിന്നാജ്ഞകളെ—ചെയ്യട്ടെ
കാലുകൾ നിൻ വഴിയിൽ ഓടട്ടെ

൩

മമ കൺകൾ യേശുവെ മാത്രം നോക്കീടട്ടെ
മോദമോടേശുവിൻ സ്തുതി പാടട്ടധരങ്ങൾ
മററുള്ള കാഴ്ചയെ ഞാൻ—വെറുത്തു
മറെറാരു വാൎത്തകളും വേണ്ടാ മെ

൪

അഴകിനെ വിലമതിച്ചീടുന്നു ലോകക്കാർ
തഴക്കുന്ന വൃക്ഷം പൊടി ധനം കീൎത്തിയും
ഇമ്പങ്ങൾ വെറുത്തീടുന്നു—ഞാനേററം
നമ്പുന്നെൻ രക്ഷകനെ എന്നേക്കും

൫

കണ്ണുകൾ യേശുവെ കണ്ട ദിനം മുതൽ
മണ്ണിൻ മഹിമകൾ മങ്ങിയെനിക്കഹോ
ക്രൂശിലെ മഹിമയെ ഞാൻ—കണ്ടേററം
ആശ്രയം പെരുകിടുന്നു മഹേശാ

൬

രാജാധിരാജനാമേശു മഹോന്നതൻ
നീചനാമീയെന്നെ തൻ പ്രിയയെന്നല്ലോ
വിളിക്കുന്നു വിസ്മയമേ—ഞാനെന്നും
ഒളിക്കും തൻ ചിറകടിയിൽ എന്നേക്കും.

---

## ൧൫൦ പല്ലവി 150

രക്ഷകനേ എടുക്കെന്നെ നിനക്കായിപ്പോൾ

ചരണങ്ങൾ

൧ പക്ഷമോടെയെന്നെ നീ
വീണ്ടെടുത്തതോൎത്തു ഞാൻ
രക്ഷകനേ നിനക്കെന്നെ
തരുന്നു നീ കൃപയാൽ— രക്ഷ

൨ തരുന്നെൻ ജീവനെ ഞാൻ
പരമദേവാ അതു
തിരുക്കരം തന്നിൽനിന്നു
ലഭിച്ചതത്രെ ഞാൻ— രക്ഷ

൩ തരുന്നെന്റെ സമയം
ദിവസങ്ങളെയും ഞാൻ
നിറയട്ടങ്ങവ നിന്റെ
സ്തുതിയാലെപ്പോഴുമേ— രക്ഷ

൪ നിനക്കുള്ള സ്നേഹം നിറ-
ഞ്ഞെന്റെ കരങ്ങൾ
നിനക്കായി പ്രവൎത്തിപ്പാൻ
തരുന്നു ഞാനവയെ— രക്ഷ

൫ നിനക്കായോടീടുവാൻ
വേഗമുള്ളതാകുവാൻ
എനിക്കുള്ള കാലുകളെ
തരുന്നു സന്തോഷമായ്— രക്ഷ

൬ നിനക്കായ്പാടീടുവാൻ
തരുന്നെന്റെ സ്വന്തം ഞാൻ
നിനക്കുള്ള സ്തുതിമാത്രം
പറയട്ടെന്നധരം— രക്ഷ

൭ തിരുസ്തുതാൽ നിറപ്പാൻ ത-
രുന്നെന്നധരം ഞാൻ
തിരുഹിതം പോലെ നിന്നെ
പ്രസംഗിക്കട്ടവയും— രക്ഷ

---

## ൧൫൧ 15

ജാവളി — ആദിതാളം

പല്ലവി

യേശുവിൻ സ്വന്തമത്രെ ഞാൻ! ഇന്നും എ
യേശുവിൻ സ്വന്തമത്രെ ഞാൻ— [ന

ചരണങ്ങൾ

നാഴിക ഇതുമുതൽ—നാഥാ! നിൻ കനിവാ
നാശകവഴി വെടിഞ്ഞേൻ—ഭൂനാഥാ—

൨ [നാ

പുത്രൻ്ജ് വന്നെനിക്കു—ദത്തമായെൻ നാഥ
നിത്യമെനിക്കു സുഖമേ—കൃപയാലെ—

൩ [നിൻനി

ശാന്തമാമെന്നാത്മാവെ—1കാന്തനാം നി-
ഹന്ത പിരിപ്പാനൊന്നിന്നും—കഴിവില്ല

---

1. കാന്തൻ = ഭൎത്താവു.

൪

എന്നുടെ [1]ഗാനമിനി–മന്നവ മന്നനീശോ
നിന്നുടെ മഹത്വത്തിന്നായ്–മാത്രമെന്നും—

൫

സ്വസ്ഥമെനിക്കുള്ളതു–ഭാഗ്യമെനിക്കു നിത്യം
സ്വസ്ഥതരെൻ സ്നേഹിതർ–കൃപയാലെ—

൬

സത്യ സമാധാനമേ–നിത്യസന്തോഷമല്ലോ
കർത്തനെനിക്കു സ്വന്തമേ–കൃപയാലെ—

൭ [ച്ചെൻ

പുത്രൻജീവനെന്നേശു–കർത്തനോടു ചോദി
ദത്തമായല്ലോ എനിക്കു കൃപയാലെ—

൮ [കുന്നേൻ

എന്റെ ഹൃദയമിതാ–നിന്റെ മുമ്പിൽ വെ–
നിന്റെ ചിന്തയെനിക്കു താ–കൃപയാലെ—

---

# FAITH
# വിശ്വാസം

ഫ്രമ **152**

കാപി — രൂപകതാളം

പല്ലവി

കർത്താവേ! വിശ്വസിക്കുന്നേ–നവി–
ശ്വാസത്തിന്നു–സഹായിക്ക

അനുപല്ലവി

ചിത്തം തെല്ലലി–ഞ്ഞിത്തിരി കൃപ
ചത്തതാമെന്നു–ള്ളത്തിൽ കാണിക്ക—

ചരണങ്ങൾ

യേശുവേ പാപനാശനാ! നസ–
രേശനേ കരുണാസനാ!–
നീചനാം ഞാൻ പിശാചിനാലവി–
ശ്വാസിയായ്മുഴു–ദോഷിയാ–യിപ്പോൾ—

൨

ചെറ്റും നിൻ വചനത്തിലീ–മഹാ
ദുഷ്ടനും മനപ്പറ്റില്ല
ഉറ്റു നോക്കി നിൻ–ശക്തിയെ കണ്ടും
ഒട്ടും വിശ്വസിച്ചിട്ടില്ലാ–യിപ്പോൾ—

൩

ഭൂതത്താനെന്നെ ബാധിച്ചെ–ന്നാത്മ–
ബോധത്തെ കെടുത്തീടിനാൻ
പാതകൻ ചതി–ചെയ്തതിലറി–
യാതെ ഞാനക–പ്പെട്ടുപോ–യിപ്പോൾ—

൪

തീയതാം തിന്മത്തീയിൽ വീ–ണെന്റെ
മെയ്യെല്ലാം വെന്തുപോയല്ലോ
അയ്യയ്യോ ചെറ്റും–വയ്യായെ കൃപ
ചെയ്യണേ നസ–റയ്യനേ–ഇപ്പോൾ—

൫

കർത്തനേ ഞാൻ വെള്ളത്തിൽ വീണേനാ–
ഴത്തിൽ താണുയിരറ്റു പോ–മീയാ–
പത്തിൽനിന്നെന്നെ–യുദ്ധരിക്ക വേ–
ഗത്തിൽ രക്ഷക–ന്മറ്റില്ലാ–യിപ്പോൾ—

൬

പാപത്തിൽ ജനിച്ചാപത്തിൽ–വീണ
കോപത്തിൻ മകനിപ്പാപി
നാവില്ലാ ചെകി–ടൻ വല്ലാത്ത ആ–
ത്മാവുള്ളോൻ മന–നോവുള്ളോൻ–ഇപ്പോൾ

൭

പിച്ചും പേയും പിടിച്ചവൻ–വാനു–
രച്ചവൻ മെയ് ഞെരിച്ചവൻ–എന്നെ
അച്ഛനാം നീ സൂക്ഷിച്ചില്ലെങ്കിൽ മ–
രിച്ചുപോയേനേ–നിശ്ചയം–ഇപ്പോൾ—

൮

നീചൻഞാൻ അവിശ്വാസി ഞാൻ–അവി –
ശ്വാസി ഞാൻ അവിശ്വാസി ഞാൻ
ദോഷിയിന്നവി–ശ്വാസത്തെ മൂല–
നാശമാക്കുക–യേശുവേ–ഇപ്പോൾ —

1. ഗാനം = പാട്ടു.

൧൫൩ 153

## സൈന്ധവി — ആദി താളം

### പല്ലവി

യേശുവേ! നിന്നിൽ എൻ വിശ്വാസം—കൃപ
എളിയ ദാസർക്കെന്നും ആശ്വാസം

### അനുപല്ലവി

ആശ ആശ്രയം വാസമെല്ലാം—ഞങ്ങൾ—
ക്കനുദിനവും കർത്താവിൽ മാത്രം—നാഥാ—

### ചരണങ്ങൾ

മാശക്തിമാനേ ദയാവാനേ—രക്ഷ
മാപാപികൾക്കരുളിടയാനേ
മാശത്രുവാം പേയെ വെന്നോനേ—പുണ്യ—
വാനേ! സത്യദൈവനന്ദനനേ—നാഥാ—

൨

സർവ്വശക്തനെ! ജ്ഞാനവാനേ—നീതി
സത്യം കൃപ വിശുദ്ധിമാനേ
സർവ്വകാലവും മാറാത്തോനേ—വാക്ക
സമസ്തം നടത്തും ഉടയോനേ—നാഥാ—

൩

ശക്തി സുഖം രക്ഷ തന്നോനേ—സർവ്വ
സങ്കടശാപം നീക്കുന്നോനേ
മുക്തി പാതകന്നു തന്നോനേ—തിരു
മുഖപ്രകാശമെൻ ഭാഗ്യം താനേ—നാഥാ—

൪

പ്രാർത്ഥന കേട്ടരുളുന്നോനേ—നിന്റെ
പ്രാപ്തി അതിശയം പ്രിയനേ
കാത്തിരിക്കുന്നഗതി ഞാനേ—തിരു
കരുണശക്തിയുംശോഭിപ്പോനേ—നാഥാ—

---

൧൫൪ 154

## നാഥനാമക്രിയ — ആദിതാളം

### പല്ലവി

യേശുയെന്നടിസ്ഥാനം
ആശയവനിലത്രെ
ആശ്വാസത്തിൻ പൂർണ്ണത
യേശുവിൽ കണ്ടേൻ ഞാനും—

### ചരണങ്ങൾ

൧ എത്ര മധുരമവൻ
നാമമെനിക്കു പാർത്താൽ
ഓർത്തുവരുന്തോറുമെ—
ന്നാർത്തി മാഞ്ഞു പോകുന്നു— യേശു

൨ ദുഃഖം ദാരിദ്ര്യമെന്നി—
വയ്ക്കുണ്ടോ ശക്തിയെന്മേൽ
കൈക്കു പിടിച്ചു നട—
ത്തിക്കൊണ്ടു പോകുന്നവൻ— യേശു

൩ രോഗമെന്നെ പിടിച്ചെൻ
ദേഹം ക്ഷയിച്ചാലുമെ
വേഗം വരുമെൻ നാഥൻ
ദേഹം പുതുതാക്കീടാൻ— യേശു

൪ പാപത്താലെന്നിൽ വന്ന
ശാപക്കറകൾ മാറി
ശോഭിത നീതിവസ്ത്രം
ആഭരണമായല്ലോ— യേശു

൫ വമ്പിച്ച ലോകത്തിര—
ക്കമ്പം തീരുവോളവും
മുമ്പും പിമ്പുമായവൻ
അൻപോടെന്നെ നടത്തും— യേശു

൬ ലോകമെനിക്കു വൈരി
ലോകമെന്നെ ത്യജിച്ചാൽ
ശോകമെന്തെനിക്കതിൽ
ഏതും ഭയപ്പെടാ ഞാൻ— യേശു

---

൧൫൫ 155

## കാപി — അടതാളചായ്പ്

### പല്ലവി

വിശ്വാസം തന്നരുൾക ദേവേശാ! നിൻ
ആശ്രിതനാമെനിക്കു

### അനുപല്ലവി

വിശ്വാസമില്ലാതെ നിർജ്ജീവനാമെന്നിൽ
നിശ്വസിക്കേണമീ മുഖ്യവരം ദേവാ— വി

### ചരണങ്ങൾ

ആശ്രയമില്ലാതെ ഞാൻ—ഉഴലുന്ന
കൃച്ഛ്രകാലങ്ങളിലും
നിശ്ചയം നിൻമാർവ്വു ചാരി സുഖം പൂണ്ടു
വിശ്രമിച്ചങ്ങു വസിപ്പാനെനിക്കു നീ— വി

൨

താതനേ നിൻ വചനം—അതിൻവണ്ണം
ചേതസി കൈക്കൊണ്ടു ഞാൻ
ഏറ്റു കാലത്തിലും ആതുരനാകാതെ
നാഥാ നിൻവാഗ്ദത്തമോർത്തു സുഖിപ്പാനായ് —വി

൩

വീട്ടു പോയാലെനിക്കു—ഖേദമെന്തു
മോടിയോടെ സ്വർഗ്ഗത്തിൽ
ഒന്നല്ലനേക വാസസ്ഥലങ്ങളുള്ള
മന്ദിരമുണ്ടതു കണ്ടു സുഖിപ്പാനായ്— വി

൪

നിക്ഷേപമുണ്ടെനിക്കു—സുരലോകെ
അക്ഷയനാമേശുവിൽ
ഇക്ഷിതിയിൻ ധനം നശ്യമല്ലോ യേശു
രക്ഷകൻ സത്യധനമെന്നു കാണുവാൻ-വി

൫

ദുഷ്ടനാം സാത്താനെന്നെ—വലയ്ക്കുവാൻ
വെട്ടെന്നണഞ്ഞിടുമ്പോൾ
ജ്യേഷ്ഠസഹോദരനേശുവീ ദുഷ്ടനെ
ആട്ടിയോടിപ്പതു കണ്ടു പ്രമോദിപ്പാൻ—വി

൬

ക്ഷീണതയോടു ഞാനും—കിടക്കയിൽ
വീണിടുമ്പോൾ രോഗിയായ്
ആണിയിൻപാടുള്ള പാണി നീട്ടീട്ടെന്റെ
മേനിതടവുന്നതോർത്തു സുഖിപ്പാനായ്— വി

---

## ൧൫൬ 156

### സഹാന — രൂപകതാളം

#### പല്ലവി

1പരമവത്സൻ ഉ-ണ്ടു നമുക്കുപാപക്ഷമ-
യും ഉണ്ടു

#### ചരണങ്ങൾ

പരംപര സ്ഥല—വാസികൾ പണിയും
പെരികെപ്പെരികെ—പ്രബലംകൊണ്ടൊരു
—പരമ

൨

നിത്യമാം കോപം ഏ—റ്റുൾത്തപിക്കേണ്ടുന്ന
മർത്യനിൽ എത്രയും ഉൾക്കനിവുള്ള— പര

൩

2ദിവതലം അതെ—തുറന്നിറങ്ങിയ
ദയയും കനിവും—പ്രിയവും നിറഞ്ഞ—പര

൪

പാപികൾ നാം പെട്ടു—വേണ്ടും മഹാപങ്ക-
പ്പാടുകൾ എല്ലാം സഹിച്ചു മരിച്ച— പര

൫

മരിച്ചു മണ്ണകം—പതിച്ചു പിന്നെയും
ജയത്തോടുയിർത്ത—കരുത്തനേശുവാം—പര

1. പരമവത്സൻ = ദൈവപുത്രൻ.
2. ദിവതലം = സ്വർഗ്ഗം.

---

## ൧൫൭ 157

### ഉശേനി — ആദിതാളം

#### പല്ലവി

എന്റെ ജീവനാമേശുവേ
നിന്റെ സ്വരമെൻ ചെവിയിൽ
ഇമ്പമോടെ വന്നടിച്ചീടുന്നു
ഞാൻ കേട്ടു നാഥാ

#### ചരണങ്ങൾ

൧ ക്ഷീണപാപിയേ വാ യെന്നിൽ
ആശ്വസിക്ക നീ സതതം
ക്ഷീണമുള്ള നിൻ തല യെന്മാറ്വിൽ
ചാരി സുഖിക്കെ— ന്നെന്റെ

൨ വന്നു കണ്ടു ശാന്തതയെ
യേശുവിന്റെ സ്നേഹമാറ്വിൽ
എന്നെ യുടുപ്പിച്ചു സന്തോഷത്താൽ
ദുഃഖങ്ങൾ മാററി— എന്റെ

൩ സർവ്വവും ഞാൻ ദാനമായി
നിർവ്യാജം തരുന്നു പാപീ
ജീവവെള്ളം നീ കുടിച്ചാനന്ദം
പ്രാപിച്ചീടുകെ— ന്നെന്റെ

൪ ജീവനദിയിൽനിന്നു ഞാൻ
മോദമോടെ പാനംചെയ്തു
കേവലമെൻ ദാഹം ശമിച്ചിപ്പോൾ
ജീവിക്കുന്നു ഞാൻ— എന്റെ

൫ കൂരിരുളാൽ മൂടിയോരീ
ലോകത്തിന്നു ഞാൻ വെളിച്ചം
പാരാതെ നീയെന്നെ നോക്കീടുകിലോ
നിത്യം സുഖിക്കെ— ന്നെന്റെ

൬ എന്റെ ജീവകാലമെല്ലാം
യേശുവെന്ന മെയ്വെളിച്ചം
കണ്ടു നടപ്പാൻ കൃപ നല്കേണം
ദേവാദിദേവാ— എന്റെ

# HOLINESS

# വിശുദ്ധി

## ൧൫൮ 158

### ശങ്കരാഭരണം — ആദിതാളം

പല്ലവി

ഓടി വാ കൃപയാം നദിയരികിൽ–നിന്റെ
മലിനത നീക്കാൻ പാപി
ഓടി വാ കൃപയാം നദിയരികിൽ

ചരണങ്ങൾ

൧ തേടി നിന്നെ കാണ്മാനേററം
വാടി മലന്നുവന്നുള്ളം
ഓടിവന്നുപാട്ടുകളങ്ങേററുകരിശിൽ
നേടി നിന്റെ രക്ഷ യേശു
മോടിയോടുയർത്തു പിതാ–
വോടിരുന്നു മദ്ധ്യസ്ഥനാ–
യ്ക്കുണമപേക്ഷിക്കുന്നു വേഗം— ഓടി

൨ അശുദ്ധികളൊഴിച്ചു നിൻ
അകൃത്യങ്ങളകററീടാൻ
വിശുദ്ധിയിന്നുറവയെ തുറന്ന മാർവ്വിൽ
കുളിച്ചു നീ യനുദിനം
വെളുപ്പിച്ചങ്കിയെ പിന്നെ
കുടിച്ചീടിൽ തടിച്ചു നീ
വിശുദ്ധനായ്വളർന്നീടും— ഓടി

൩ പരിശുദ്ധാത്മാവു നിന്റെ
മരണാവസ്ഥയെ കണ്ടു
കരളലിഞ്ഞരികിൽവന്നെടുത്തുനിന്നെ
തിരുജീവൻ ഊതി നിന്നിൽ
മറുരൂപമാക്കി നിന്നെ
തിരുസ്നാനം നല്കിയവൻ
പരിശുദ്ധനായ്നടത്തും— ഓടി

൪ സത്യമാം തിരുവചനം
ശുദ്ധി വരുത്തീടും നിന്നെ [നം
ശുദ്ധിയിൻ വഴിയതിൽ നടത്തുംവച
നിത്യം നിന്റെ പാദങ്ങൾക്കു
സത്യവെളിച്ചം തന്നിട്ടു
ശുദ്ധതയിൻ ശുദ്ധസ്ഥല–
ത്തെത്തുവോളം തുണച്ചീടും— ഓടി

൫ ശുദ്ധിയിന്നലംകാരത്തിൽ
ശുദ്ധിമാന്മാരെ സ്തുതിപ്പിൻ [നിങ്ങൾ
ശുദ്ധതയിൽ വസിക്കും യഹോവായെ
നിത്യം നിത്യം വളർന്നു നാം
ശുദ്ധതയിൽ മുതിർന്നു പാ–
പത്തെ നശിപ്പിച്ചീടുകിൽ
ക്രിസ്തുവിൽ ജീവിച്ചീടും നാം— ഓടി

---

## ൧൫൯ ആനന്ദഭൈരവി ആദിതാളം 159

൧ എനി–ക്കായ് പിളർന്ന പാറയായോനേ!
ഹീന–പാപി നിന്നിൽ മറഞ്ഞു പാർത്തിട–ട്ടേ
കുന്തം–ഏററ നിൻ വിലാവിൽ നിന്നൊലിച്ച
ഗ്ഗുണം–ഏറും രക്തവും വിസ്മയ ജല–വും
കടു–തായ പാപകുററം ശക്തിയെയും
കഴു–കേണം അശേഷം ശുദ്ധം അരുളേ–ണം— എനി

൨ തിരു–ന്യായകല്പനകൾക്കു നിവൃത്തി
ചെയ്വ–തെന്നാൽ അസാദ്ധ്യം അടിയാൻ പാ–പി
നിര–ന്തം വൈരാഗ്യ ഭക്തി പൂണ്ടാലും
നില്ക്കാ–തേറെ കണ്ണുനീർ പാപി ചൊരിഞ്ഞാ–ലും
ഒരു–പാപത്തിനും ഉപശാന്തി ചെയ്വാൻ
ഉപ–യോഗം അല്ലിവ നീയേ രക്ഷ ചെ–യ്ക— എനി

൩ കൈ-യിൽ ഒന്നുമില്ല വെറുതെ വരുന്നേൻ
കർത്താ-നേ നിൻ കുരിശിൽ അഭയം പിടി-ച്ചേൻ
നഗ്നൻ-ഞാൻ വന്നേൻ ഉടുപ്പു തന്നരുൾക
നാശ-പാപി, നിൻ കൃപക്കത്രെ കാത്തിട്ടു-ന്നേൻ
ശുദ്ധി-ഹീനൻ ഞാൻ, നീ കഴുകേണം എന്നെ
സുഖം-ജീവൻ തരേണം പ്രിയ രക്ഷക-നേ— എനി

൪ ഇഹ-ത്തിൽ അടിയാൻ ശ്വാസത്തോടിരിക്കെ
ഇനി-ലോകം വെടിഞ്ഞു വിണ്ണിനു തിരി-ക്കേ
അറി-യാത്ത ലോകങ്ങളെ ഞാൻ കടക്കേ
അൻപു-തിങ്ങും നിന്തിരു മുമ്പിൽ വന്നു നി-ല്ക്കേ
എനി-ക്കായ് പിളന്ന പാറയായോനേ!
ഹീന-പാപി നിന്നിൽ മറഞ്ഞു പാർത്തീട-ട്ടേ— എനി

---

## ൧൬൦ 160

### താരാട്ടു — ആദിതാളം

#### പല്ലവി

ആരിവർ ആരിവർ-നിലയങ്കി
ധരിച്ച ഇവരാർ?
അല്ലയോ ഏറിയ ഉപദ്രവ-
മതിൽനിന്നു വന്ന മനുജരിവർ

#### ചരണങ്ങൾ

അങ്കികൾ-കുഞ്ഞാട്ടിൻ—തിരു
ചങ്കതിൽ നിന്നൊഴുകും
തങ്കച്ചോര-യിൽ കഴുകി അവർ-നന്നായ്
അങ്കികൾ വെളുപ്പിച്ചഹോ— ആരിവർ

൨

ആകയാൽ- അവർ ഇനിയും—ദൈവ
സിംഹാ-സനത്തിൻ മുന്നിൽ
ആകവെ- ഇരുന്നു തന്നാലയ-ത്തിൽ രാ-
പ്പകലവർ-സേവ ചെയ്യും— ആരിവർ

൩

സിംഹാസ-നസ്ഥനീശൻ—വാസ
മാകുമ-വർ നടുവിൽ
ദാഹം വി-ശപ്പുമില്ലാ വെയിൽ ചൂടു-മില്ല
സുഖം അവർക്കെന്നും-അഹോ— ആരിവർ

൪

ജീവനീ-രുറവകൾക്കു—വഴി
ജീവനാ-യകൻ നടത്തും
ദൈവം തു-ടെച്ചിടും കണ്കളിൽ-നിന്നു
അവരുടെ-കണ്ണുനീർ താൻ— ആരിവർ

## ൧൬൧ 161

### കാമോദരി — ആദിതാളം

#### പല്ലവി

ശുദ്ധിയുള്ളോർ ധന്യരാം ദൈ-
വത്തെയവർ കാണുമെന്നു
കർത്തനുരച്ച വചനം
ഓർത്തുകൊള്ളേണം

#### അനുപല്ലവി

ശുദ്ധികൂടാത്തവരാരും
കർത്തനെ കാൺകയില്ലെ-
ന്നത്രയും കൃത്യമായ് വേദ-
പുസ്തകം ചൊല്ലീടുന്നഹോ— ശുദ്ധി

#### ചരണങ്ങൾ

൧ ആദമവ്വാ ഏദൻ കാവിൽ
പാതകം ചെയ്തതിനാലെ
ചേതമായ്വന്നീ മാ ദാനം
ഖേദമെത്രയും
മേദിനിയിൽ ദേവജാതൻ
യാഗമായ് ചിന്നി രുധിരം
പാതകക്കു വിശുദ്ധിയിൻ
പാതയെ തുറന്നു നാഥൻ— ശുദ്ധി

൨ ആഴിയിലൊ എണ്ണയിലൊ
ആഴമുള്ള നദിയിലൊ
ഊഴികാലം കഴുകിയാൽ
പാഴിലാകുമെ

ഏഴകളാം പാപികൾക്കും
ശേഷിയററ പാതകർക്കും
യേശുവിൻ വിശുദ്ധി നേടാൻ
ലേശവും താമസമില്ല— ശുദ്ധി

൩ ശുദ്ധിമാന്മാർ രക്തത്താലും
ശുദ്ധറൂഹായാലും പിന്നെ
സത്യവചനത്താലും വി-
ശുദ്ധരായിട്ടും
ശുദ്ധതയിൽ ദിനന്തോറും
ഭക്തിയായ്വളർന്നവർ
പൂർത്തിയിങ്കലേക്കു ചെന്ന-
ങ്ങെത്തുവോളം നടക്കുന്നു— ശുദ്ധി

൪ കുഷ്ഠരോഗിപോലെ ഞങ്ങൾ
ശബ്ദമുയർത്തിച്ചൊല്ലുന്നു
കഷ്ടമടിയങ്ങൾക്കയ്യോ
ശുദ്ധിയില്ലേതും
തൊട്ടു നിൻ തൃക്കരങ്ങളാൽ
ഇഷ്ടമോടെ കല്പിച്ചീടിൽ
സ്വസ്ഥത ലഭിച്ചു ഞങ്ങൾ
ശുദ്ധരായ്വരും നൂനം— ശുദ്ധി

## ൧൬൨ ഖണ്ഡങ്ങൾ 162

൧

[കുന്നോരു
മുറിവേററ കുഞ്ഞാടേ നിൻ-രുധിരമൊഴു-
ഉറവയതിൽ നീയെന്നെ-കഴുകേണമേ
പാപക്കറയെനീക്കാൻ-തുറന്നഉറവയിലെൻ
പാപമഖിലം പോക്കി-കഴുകേണമേ

൨

[കൽ
നിന്മുറിവിൽ മറഞ്ഞു പാർക്കിലെൻ വേദന-
നീങ്ങി സുഖമാകും നീ കഴുകേണമേ [യാൽ
കൂടെക്കൂടെ പാപത്തിൽ-വീഴുന്നക്ഷീണത-
പാടുപെടുന്ന ശക്തി-നല്കേണമേ

൩

[ന്നെൻറ
ശക്തനാകും കർത്തനേ-നീയെന്നുള്ളിൽ വ-
ശക്തിഹീനത നീക്കി-വാണീടുക [ന്നിയെ
അടവാക്കെന്നുള്ളമതിൽ-വേറാരും നീയെ-
കടക്കാതാക്കി നീ മുദ്ര-പതിക്കേണമേ

൪

നിന്നുടെ സ്നേഹവട്ടകെന്മേൽപതിഞ്ഞതങ്ങു
നന്നായ്വിളങ്ങുവാൻ നീ തുണെക്കേണമേ
ജീവൻ സുഖം ബലവും-നന്നായ് ലഭിക്ക-
[മേ നിൻ
മാർവ്വിൽ വാസം ചെയ്യുന്നോ-ർക്കെന്നേക്കുമേ.

---

# LOVE സ്നേഹം

## ൧൬൩ 163

### തോടി — ആദിതാളം

### പല്ലവി

സോദരരൈക്യതയിൽ-വസിപ്പതു
മോദമഹോ സതതം

### ചരണങ്ങൾ

എത്ര നന്മയതു-എത്ര സന്തോഷമേ
എത്ര മഹാനന്ദമേ-സഹോദരർ
സ്നേഹമായ്മേവുതഹോ !— സോദ

൨

മേദിനിയിൽ ബലം-സോദരങ്ങൾക്ക-ഹോ
സാദരമൈക്യതയിൽ-വസിപ്പതു
മോദമോടെ പ്രിയമായ്— സോദ

൩

അഹറോൻശിരസ്സതിൽ-വീഴ്ത്തിയതാം തൈലം
ഊറിത്തന്നങ്കിയതിൽ-വക്കോളവും
വ്യാപിച്ചീടുന്നതു പോൽ— സോദ

൪

പർവ്വതാഗ്രങ്ങളിൽ വീണൊഴുകീടുന്ന
മഞ്ഞുപോലൈക്യതയും-ക്രിസ്തുശുവിൽ
നിന്നൊഴുകുന്നു സദാ— സോദ

൫

ഐക്യതയുള്ളിട-ത്തേകുന്നു കർത്തനും
ഭാഗ്യകരങ്ങളാകും-വരങ്ങളെ
മാരി സമം സതതം— സോദ

## ൧൬൪ 164

### ഢപ്പാ — ഏകതാളം

**പല്ലവി**

കേൾപ്പിൻ ഒരു പുതു കല്പന
തിരുമേശയിലേശു
ഏല്പിച്ചവൻ ശിഷ്യർക്കൊരു
കൊടിപോൽ പിടിച്ചീടുവാൻ—

**ചരണങ്ങൾ**

സ്നേഹിപ്പാനൊരു ദൃഷ്ടാന്തം
നിങ്ങൾക്കെല്ലാം ഞാൻ കാണിച്ചവണ്ണം
സ്നേഹിപ്പിൻ നിങ്ങളന്യോന്യം
മമ ശിഷ്യരെന്നറിഞ്ഞിടുവാൻ— കേൾ

൨

തന്നെപ്പോലയല്ക്കാരനെയും
സ്നേഹിക്കേണമെന്നല്ലേയിതു
തന്നെത്താൻ വെറുത്തന്യനെ
സ്നേഹിപ്പാനൊരു പുതുകല്പന— കേൾ

൩

സ്നേഹമില്ലാതുരച്ചീടും സർവ്വ
ദിവ്യവാക്യങ്ങളാകവെ
ഭേദമില്ലാതു ശബ്ദിക്കുന്നൊരു
കൈത്താളത്തോടങ്ങൊപ്പമേ— കേൾ

൪

വിശ്വാസത്തിൻ മാശക്തിയാൽ
ദഹനത്തിന്നായിട്ടു ദേഹത്തെ
നിശ്ശേഷമുപേക്ഷിക്കിലും
സ്നേഹം അററവന്നതു നിഷ്ഫലം— കേൾ

൫

കണ്ണിനാൽ കാണും സോദരൻ
തന്നിൽ സ്നേഹമററ മർത്ത്യനവൻ
കാണാതുള്ളൊരു ദൈവത്തെ
സ്നേഹിച്ചീടുന്നതവനെവ്വിധം— കേൾ

൬

സത്യാത്മാവേ നിൻ ശുദ്ധതൈലമാം
സ്നേഹം കൊണ്ടഭിഷേകിക്ക
നിത്യവും സ്വർഗ്ഗസന്തോഷത്തോടെൻ
ഹൃത്തിൽ മേവണമേ സദാ— കേൾ

## ൧൬൫ 165

### മലയാമി — അടതാളചാപ്പ്

**പല്ലവി**

സ്നേഹമേററോനെന്തിനു? തൻ ജീവിതം
ആ! ഹന്ത! നിഷ്ഫലമെ—

**ചരണങ്ങൾ**

[തൊരു
കണ്ട സ-ഹോദരൻ-മേൽ അൻപി-ല്ലാ-
കൽനെഞ്ചു-ടയവൻ-താൻ-കാണാ[ഭക്തി
ത്തണ്ടർകോൻ-തന്നെ അ-റിഞ്ഞവ-നിൽ
കൂടുവ-തെവ്വിധ-മോ?— സ്നേഹ

൨

ഉററസ-ഹോദരൻ-തന്നെ വ-കച്ചവൻ
താൻ കുല-ക്കാരൻ-എന്നു-വേദം [തന്നെ
തെററെന്ന്യ-ചൊൽവതി-നാൽ-അപ്പഴിവ
ച്ചററിതു-ടന്നീട്ട-മെ— സ്നേഹ

൩

സ്നേഹവി-ഹീനനന-നുഭവം-ഏവമെ-
ന്നാകിൽ സ-ഹോദര-രേ!-അന്യ
ദേഹികൾ-ക്കാവശ്യ-മുള്ള ധർമ്മ-ത്തിൽ പ്ര-
ധാനമ-തെന്നറി-വിൻ— സ്നേഹ

൪

സ്നേഹസം-പൂർണ്ണം ഭ-യത്തെ വ-ഴി മാററി
നേരെ അ-ടുക്കും അ-തെ-അല്ല
നേരം അ-ല്ലാ നീയെ-ന്നേരവും-ഏററങ്ങ
നുഷ്ഠിച്ചു-കൊൾക സ-ദാ— സ്നേഹ

൫ [ങ്ങൾ

സ്നേഹം ഒ-ന്നിൽ വേ-ദശാസ്ത്രപ്ര-മാണ-
ആകെ അ-ടക്കി പ-രൻ-ഇനി
സ്നേഹം ഒഴി-ഞ്ഞന്യ-മൂലം മ-ഹാനന്ദം
ആർക്കും ല-ഭിപ്പത-ല്ലെ— സ്നേഹ

൬

സ്നേഹം പ-രൻ എന്നു-വേദം ക-ഥിക്കുന്ന
ന്യായം നി-രൂപിക്കി-ലൊ-പരൻ [യുക്തി
സ്നേഹം അ-റെറാനററ ദൈവം എ-ന്നും-
നേരെ വെളിപ്പെട്ടു-മെ— സ്നേഹ

൭

മാലാക-മാർക്കും അ-ഭൂതാകും-സ്നേഹത്തെ
പാലിച്ചീ-ടും മനു-ജൻ—തന്റെ
മാലകന്നാ-ലോകഭാഗ്യം ല-ഭിക്കും-സ-
ദാ ലോക-ഭാഗ്യം അ-തും— സ്നേഹ

## ൧൬൬ 166

### കാപി — അടതാളചാപ്പ്

#### പല്ലവി

തരിക നൽവരമാം സ്നേഹം
ദേവേശനേ
വിരവോടീയടിയാർക്കിപ്പോൾ—

#### അനുപല്ലവി

കരുണയിന്നുടയോനേ
വിരവിൽ നിന്നോടു ഞങ്ങൾ
ഇരന്നീടും വരമെല്ലാം
തരുമെന്നോതിയതോർത്തു— തരിക

#### ചരണങ്ങൾ

൧ പരനേ പാപികളായിട്ടും
ഞങ്ങളെ നീയും
വിരവിൽ സ്നേഹിച്ചു മുന്നമെ
കരുണാവാരിധിയാം നിൻ
പരമ ദൃഷ്ടാന്തമോർത്തു
പരിചോടെങ്ങളും പ്രിയം
1അരികളോടും കാണിപ്പാൻ—തരി

൨ സുഗുണങ്ങൾ സകലത്തിന്നും
സത്യബന്ധനം
ഹൃദയശാന്തതയ്ക്കുമെല്ലാം
ഇതുതന്നേ വിചാരിക്കിൽ
ഇതുകൂടാതെ ജീവിപ്പോൻ
മൃതനത്രേ ചരിച്ചാലും
ജീവനുള്ളവനെപോൽ— തരി

൩ ഫലമില്ലാത്തവയത്രേയീ
സ്നേഹമില്ലാഞ്ഞാൽ
നലമേറും ക്രിയകളെല്ലാം
ബലമായ് ചൊല്ലീടുന്നു നി-
ർമ്മലമാം നിന്തിരു വാക്യം
അഴിവില്ലീ വിധി ചൊല്ലും
വചനത്തിന്നൊരുനാളും— തരി

൪ ആശ വിശ്വാസസ്നേഹങ്ങ-
ളെന്നിവയിൽ വ-
ച്ചീശാ സ്നേഹമല്ലോ ശ്രേഷ്ഠം
നാശംകൂടാതെ നല്ലോ-
രാനന്ദം വരുമാറ-
ങ്ങാശയെ കുറവൊരു
ലേശമെന്നിയെ 2വാഴ്ത്തും— ത

൫ പരനേ പൂർണ്ണമായ്നിന്നെയും
ഞങ്ങടെ കൂട്ടു-
നരരെ ഞങ്ങളെ പോലെയും
പരിചോടെ പ്രിയപ്പെട്ടു
ഗുരുവാം നിൻ സ്വഭാവത്തെ
പരമാർത്ഥം ധരിച്ചെങ്ങൾ
മരുവാൻ തക്കവണ്ണം നീ— തരി

---

## ൧൬൭ 167

### ആനന്ദഭൈരവി — ആദിതാളം

#### പല്ലവി

കരുണാവാരിധേ ക്രിസ്തോ
തരണം സ്നേഹമാം ശ്രേഷ്ഠ-
വരമീദാസർക്കിന്നേരം
പരമദേവാ

#### അനുപല്ലവി

മരണതുല്യനത്രേയീ
വരമില്ലാതെ പാർപ്പവൻ
പരനേ നീ സ്നേഹമതാൽ
കരുണയോടെന്നെ നോക്കി— കരു

#### ചരണങ്ങൾ

൧ മനുജ ദൈവദൂത നാവാൽ
സംസാരിച്ചാലും
ധ്വനി കാട്ടും ഓട്ടുതാളം പോൽ
പ്രവചിച്ചാലും ഗൂഢമാം
സകലം ഗ്രഹിച്ചെന്നാലും
വിഫലമത്രേയിതെല്ലാം
സ്നേഹമില്ലെന്നു വന്നാൽ— കരു

൨ ഗിരികളെ മാറ്റാൻ തക്കതാം
ജീവവിശ്വാസം
വിരവിലുണ്ടെന്നു വന്നാലും
ധനമെല്ലാം സാധുക്കൾക്കായി
വ്യയമാക്കിയാലും വേകാൻ
ജഡമേല്പിച്ചാലുമെന്തു?
സ്നേഹമില്ലെന്നു വന്നാൽ— കരു

---

1. അരികൾ = ശത്രുക്കൾ.

2. വാഴ്ത്തും = വർദ്ധിക്കുന്ന.

൩ സ്നേഹം ദീർഘമായ് ക്ഷമിക്കും
ദയയുമുണ്ടു്
സ്നേഹത്തിലില്ലസൂയയും
സ്നേഹം തന്നെത്താൻ നോക്കി
പുകഴുന്നില്ലല്ലൊ വൃഥാ
സ്നേഹം ചീർക്കുന്നതല്ലീ
സ്നേഹമെത്ര വിശിഷ്ടം— കരു

൪ മര്യാദയെ വെടിഞ്ഞിട്ടു
നടക്കുമോ സ്വ-
കാര്യം മാത്രം നോക്കീടുമോ
1ക്രൌര്യമുണ്ടാമോ വേഗം
ദോഷം നിരൂപിക്കുമോ
ധൈര്യമാപ്പൊല്ലാമില്ല
സ്നേഹത്തിന്നിവയെന്നും— കരു

൫ സന്തോഷിക്കില്ലന്യായത്തിൽ
സത്യത്തിൽ മാത്രം
സന്തോഷിച്ചീടുന്നു സ്നേഹം
സർവ്വം മൂടുന്നു സദാ
സർവ്വം വിശ്വസിക്കുന്നു
സർവ്വം ആശപ്പെടുന്നു
സർവ്വം സഹിച്ചീടുന്നു— കരു

൬ സ്നേഹമത്രേ പൂർണ്ണ വരം
അതിനാൽ അതു
മാത്രം നില്ക്കുന്നു നിരന്തം
ദീർഘദർശനം ഭാഷാ
ജ്ഞാനമെന്നിവയെല്ലാം
മാഞ്ഞുപോമെന്നാകിലും
നില്ക്കുമീ ശ്രേഷ്ഠവരം— കരു

# HUMILITY
# വിനയം

## ഫന്യവ 168

### ആനന്ദഭൈരവി — ആദിതാളം

൧

ക്രിസ്തുയേശു ശിഷ്യരുടെ കാലുകളെ കഴു-
കീട്ടു തന്നുടുപ്പുകളുടുത്തശേഷം [ഞാൻ
പിന്നെയും ചാരിയിരുന്നു ചൊന്നവരോടു
ഇന്നു നിങ്ങളോടു ചൊന്നതിന്നതെന്നുള്ളിൽ

൨

നിങ്ങൾ അറിയുന്നുവോ ഗുരുവുമധിപനുമെ
ന്നിങ്ങനെ നിങ്ങൾ വിളിച്ചീടുന്നിതെന്നെ
അങ്ങനെ ഞാനാകയാൽ നന്നായുരയ്ക്കുന്നു-
യെന്നാൽ
നിങ്ങളുടെ നാഥനും ഗുരുവുമായ ഞാൻ

൩ [മ്മിൽ

നിങ്ങളിൻ പാദങ്ങളെ കഴുകിയെങ്കിൽ ത-
നിങ്ങളും പാദങ്ങൾ കഴുകേണ്ടതാകുന്നു
നിങ്ങളോടു ചെയ്തവണ്ണം നിങ്ങളും ചെയ്‌വാ-
നൊരു
മംഗല ദൃഷ്ടാന്തമിന്നു തന്നു നിങ്ങൾക്കു

൪ [തൻ ക-

ആമെനാമെൻ നിങ്ങളോടു ഞാനുരയ്ക്കുന്നു
ർത്താവിനെക്കാൾ ദാസനുമയച്ചവനെക്കാൾ
ദൂതനും വലുതല്ലിവ നിങ്ങളറിയുന്നെങ്കിൽ
ചെയ്യുവെന്നാലവ നിങ്ങൾ ധന്യരാകുന്നു

൫ [ഷം

ഇങ്ങനെ താഴ്മയുപദേശിച്ച യേശുവേ ദോ-
തിങ്ങിയേററം പൊങ്ങിയുള്ളോരടിയനെ
ഭംഗിയിൽ താഴ്മപ്പെടുത്തിമംഗലമാക്കി-കൃപ
തങ്ങുവാൻ തിരു കടാക്ഷമിന്നു നല്കുക.

1. ക്രൌര്യം = കോപം, ക്രൂരത.

# PRAYER

# പ്രാർത്ഥന

## ൧൬൯ 169

### ജുമ്മൻ — ഏകതാളം

**പല്ലവി**

ഉണർന്നെല്ലായ്പ്പോഴും പ്രാർത്ഥിക്ക
ഒരിക്കൽപോലും മടിയെന്ന്യേ
ഉണർന്നെല്ലായ്പ്പോഴും പ്രാർത്ഥിക്ക

**ചരണങ്ങൾ**

പ്രഭുത്വങ്ങൾ അധികാരങ്ങളും
പേയുടെ വൻ പടയാളികളും
വിപത്തുണ്ടാക്കി നിന്നെ ചതിപ്പാനിതാ
വേണ്ടും പ്രയത്നങ്ങൾ ചെയ്തിടുന്നേ— ഉണ

൨

ജ്ഞാനികളെ മൂഢരാക്കുവാനും
നല്ലവരെ നിലതെററിപ്പാനും
ഊനമെല്ലാർക്കുമുണ്ടാക്കുവാനും എന്നും
ഉററുണർന്നു ശ്രമിക്കുന്നു സാത്താൻ— ഉണ

൩

ചുററി ഞെരുക്കുന്നു പേപ്പടകൾ
ദോഷലോകം ജഡം കൂടിടുന്നു
അററമില്ലെ അവസാനമില്ലെ പേയിൻ
അഗ്നി അസ്ത്രങ്ങൾ അനവധിയാം— ഉണ

൪

നന്മയിൽ ദോഷമുണ്ടാക്കുവാനും
ജ്ഞാനമജ്ഞാനമാക്കീടുവാനും
തിന്മശാപങ്ങൾ വരുത്തുവാനും എന്നും
ശ്രമിച്ചീടുന്നു പേയിൻ പടകൾ— ഉണ

൫

ഭക്തിജപങ്ങളും ധ്യാനമെല്ലാം
ഫലമില്ലാതെ ആക്കീടുവാനും
ശക്തി കെടുത്തു വശംകെടുത്തു നിന്നെ
ക്ഷയിപ്പിപ്പാനും തുനിഞ്ഞീടുന്നേ— ഉണ

## ൧൭൦ 170

### ശങ്കരാഭരണം — ഏകതാളം

**പല്ലവി**

1കാരുണ്യ സാഗരമേ! – ദേവാ നിന്
കരുണാസനേ വരേണമേ

**അനുപല്ലവി**

2ആരുവാ-നിരുവരോ
മൂവരോ–എൻ നാമത്തിൽ
ചേരുമോ അവിടെ ഞാൻ
ചേരുമെന്നു-ചൊന്നപോലെ– കാരു

**ചരണങ്ങൾ**

൧ തിരുനാമം–ഉരച്ചീടുവാൻ
ഞങ്ങളിൽ–യോഗ്യം
ഒരു വിധ–ത്തിലുമി–ല്ലയ്യോ
തിരുസുതൻ–യേശു മൂലം
പരിശുദ്ധാ–വിയെ തന്നു
നരപാപി–കളാമെങ്ങൾ
മനസ്സുകൾ–ശുദ്ധമാക്കി— കാരു

൨ ലോക ചി–ന്തകളിനാലും
പലവി–ധമാം
ദേഹ ചി–ന്തകളിനാ–ലും
ലോക പ്ര–ഭവാം പേയിൻ
മായത–ന്ത്രങ്ങളാലും
ആകുല–പ്പെട്ടും ഞങ്ങൾ
3ശോകം തീ–ർപ്പതിന്നായി— കാരു

൩ കായെൻറ–ബലിയേ പോലെ
ഞങ്ങളും–നിന്നെ
വായാൽ മാ–ത്രം വണ–ങ്ങാതെ
മായമി–ല്ലാതെ ഹാബേൽ
ചെയ്ത ബ–ലി പോൽ തന്നെ
സംശയി–യാതും ചെയ്യാ–
നിപ്പോള–നുഗ്രഹിപ്പാൻ— കാരു

1. കാരുണ്യസാഗരമേ = കരുണാ സമുദ്രമേ (ഏററവും കരുണയുള്ളവനേ). 2. ആരുവാൻ = ആരെങ്കിലും. 3. ശോകം = ദുഃഖം.

## ൧൭൧ 171

### പുന്നാഗവരാളി — മുറിയടന്ത

൧ കരുണാവാരിധിയാകും
യേശുദേവൻ താൻ തന്നേ
അരുളി തൻ ശിഷ്യരോടു
പ്രാർത്ഥന ചെയ്വിനെന്നു

൨ മറുപടി യാചനയ്ക്കു
തരുമേ താൻ സൂക്ഷ്മമായി
വെറുത്തീടാതെ കൈക്കൊള്ളും
തന്നോടണയുന്നോരെ

൩ രാജമുമ്പിൽ യാചന
ചെയ്വാനായ്വന്നീടുമ്പോൾ
രാജമഹിമെക്കൊത്ത
വൻകാര്യം ചോദിച്ചുകൊൾ

൪ എന്റെ ചുമടിങ്കൽ നാഥാ
ഞാനിതാ കുഴങ്ങുന്നു
വൻചുമടാം പാപത്തെ
നീക്കി രക്ഷിക്ക ദേവാ

൫ പാപിക്കായി ചിന്തിയ
രക്തമെന്നിൽ തളിച്ചു
പാപക്കറയെ മുറ്റും
നീക്കി ശുദ്ധമാക്കെന്നെ

൬ എന്നുള്ളത്തെ നിൻ സ്വന്ത-
മാക്കി വിശ്രമം തന്നു
എതിരില്ലാതാളും നാഥാ
വാണുകൊൾക കർത്താവേ നീ

൭ പരദേശിയായ് ഞാനിങ്ങു
പാർക്കുന്ന നേരത്തു നിൻ
പരമസ്നേഹമിനിക്കു
ആമോദം നല്കിടട്ടെ!

൮ വഴികാട്ടി കാവല്യമെൻ
സ്നേഹിതനുമായ് എന്റെ
വഴിയിന്നന്ത്യംവരെ നീ
നടത്തീടേണമേ ദേവാ!

---

## ൧൭൨ 172

### ധനാസി — ആദിതാളം

പല്ലവി [ന്റെ

നിൻ നാമത്തിൻ നിമിത്തമെന്നേശുവേ-എ-
നിലവിളി കേട്ടുത്തരം അരുളേണമേ

ചരണങ്ങൾ

മുൻ നാളിലുള്ള ശക്തി തിരുകൃപയും-ഇന്നും
എന്നേക്കുമവ്വിധമായുള്ളവൻ നീ
എന്നാളുമടിയാരോടിരിക്കുമെന്നു ചൊന്ന
പൊന്നായ തിരുമൊഴിയെൻ ബലമേ—നി

൨

ഭാരംപ്രയാസവുമുള്ളവരെയെല്ലാം-ഭവാ
കാരുണ്യത്തോടു വിളിച്ചീടുന്നതു [ൻ
ഭാരം പ്രയാസം മനോവേദനയും-ഉള്ള-
താരുമില്ലടിയാനെ പോലെയെങ്ങും—നിൻ

൩ [ള്ളിൽ

അകത്തുനോക്കുന്ന നീയല്ലാതെ എന്റെ-ഉ-
ബഹുവിധ സങ്കടങ്ങൾ ആരറിയും [ന്റെ
വൃകമ്പ്ഷ്ക്കു യോഗ്യമാം തിരുവടിവേ-നി-
മഹത്വമെൻ രക്ഷയല്ലോ ദൈവസുതനേ—

൪

ആരും ജഗത്തിലില്ല എന്നെപ്പോലെ-പാപി
പാരം പ്രലാപിക്കുന്നേൻ അതിനാലെ
മാറാത്ത വചനം എനിക്കുവേണ്ടി-നിന്റെ
പേരോർത്തു നിവൃത്തിയാക്കീടേണമേ— നി

---

## ൧൭൩ 173

### പോർത്തുഗീസ് — ഏകതാളം

പല്ലവി

ഒരു നിമിഷവും മനമേ—അകലെ
ഇരിക്കരുതേ നീയേ

അനുപല്ലവി

അരുമ രക്ഷകൻ തിരുവടി കുടന്നീടുക
നിരന്തരമേ ശുഭമേ

ചരണങ്ങൾ

ഉക്ഷസ്സതിൻ ചിറകുകളാൽ-പറന്നു
ഉന്നതസമക്ഷപത്തിൽ
വസിക്ക നീ രാപകൽ നോക്കുക തിരുപദം
മംഗല മാർഗ്ഗമിതേ— ഒരു

൨

ആശ്രയം യോഗ്യപരൻ-തിരുമുൻ
അടുത്തവർക്കനുഗ്രഹമെ
യാചന സമസ്തവും സാധിക്കും അടുത്താൽ
യാതൊന്നും വ്യസനമില്ലേ— ഒരു

൩

കരുണയും തിരുബലവും—യേശുവിൻ
കരതലിലൈശ്വര്യവും
തരും നിനക്കതിശയ ദാനമെന്നറിക നീ
സംശയിച്ചിടാതെ— ഒരു

൪

അടുത്തവർക്കടുത്തവൻ—താൻ ആനന്ദം
അഖിലവും തരും പരൻ താൻ
മടിക്കരുതേ മയങ്ങിടരുതേ ശുഭ-
മംഗലകാരണമേ— ഒരു

---

൧൭൪ ഇംഗ്ലീഷ്മട്ട് 174

പെന്തെക്കോസ്തനുഗ്രഹം—ഞങ്ങൾക്കു തരി
അരുൾക നിൻ ആവിയിൻ—ശക്തിയെനി
വോ
പാപത്തിൻ ബോധത്തെ—ജനിപ്പിക്ക ഹൃദ
െ
പുതുഹൃദയമതും—തരിക നീ സദയം
അശുദ്ധതയഖിലം—ദഹിപ്പിച്ചിടേണമേ
ചൊരിക നിൻ സ്നേഹത്തെ—ഹൃദയത്തിൽ
[സതത
വചനത്തിൻ ധൈര്യവും—ഏകുക ദയവാ
സ്വർഗ്ഗസന്തോഷത്താൽ—ഹൃദയത്തെനിറെ
തീക്ക ഞങ്ങളെ നിൻ—സാക്ഷിയായ്ദിനവും

---

# SERVICE

# സേവ

൧൭൫ 175

## ഉശേനി — ആദിതാളം

൧ എൻ ജീവൻ ഞാൻ നിനക്കു തന്നു
എൻ രക്തവും ചൊരിഞ്ഞു പാപീ
നിന്നെ വീണ്ടുകൊള്ളുവാനായ്
നീയെന്നും ജീവിച്ചിടുവാൻ
എൻ ജീവൻ ഞാൻ നിനക്കു തന്നു
എന്തു തന്നു നീയെനിക്കു?

൨ ദീർഘകാലം കഴിച്ചു പാപീ
ദുരിതമോടെ ഞാൻ നിനക്കായ്
നിത്യമോദം നീ അറിവാൻ
നിത്യതയിൽ നീ സുഖിപ്പാൻ
ദീർഘകാലം ഞാൻ കഴിച്ചു
എന്തെനിക്കായ് നീ സഹിച്ചു?

൩ താതനുടെ വെണ്മ വീട്ടു
തേജസ്സേറും സിംഹാസനം
വെടിഞ്ഞു ഞാൻ ഭൂമണ്ണിനായ്
വലഞ്ഞലഞ്ഞു പാടു നേടാൻ
നിനക്കായി ഞാൻ വെടിഞ്ഞിതെല്ലാം
എനിക്കായ് നീ വെടിഞ്ഞതെന്തു?

൪ പാടനേകം പെട്ടയ്യോ ഞാൻ
പറഞ്ഞൊട്ടങ്ങാ വണ്ണമുള്ള
കഠിനമെന്റെ വേദന നിൻ
കൊടിയശിക്ഷ കഴിച്ചിടുവാൻ
പാടനേകം ഞാൻ സഹിച്ചു
എന്തെനിക്കായ് നീ സഹിക്കും?

൫ കൊണ്ടുവന്നു ഞാൻ നിനക്കു
സ്വർഗ്ഗമാം തന്നിൽനിന്നു
സൌജന്യമാം പൂർണ്ണരക്ഷ
മോചനമെൻ സ്നേഹമതും
കൊണ്ടുവന്നു പെരിയ വരം
എന്തെനിക്കായ്ക്കൊണ്ടുവരും?

---

൧൭൬ 176

## ചെഞ്ചുരുട്ടി — ആദിതാളം

### പല്ലവി

പിന്നാലെ വരിക—കുരിശെടുത്തെൻ
പിന്നാലെ നീ വരിക നിന്നെ വെറുത്തെ
പിന്നാലെ നീ വരിക

## അനുപല്ലവി

പിന്നാലെ നീ വരിക-പേയാട്ടം ചന്തവിട്ടു
ഇന്നേരം മായലാഭം-എല്ലാംഉപേക്ഷിച്ചുനീ

## ചരണങ്ങൾ

എന്നിൽആശ്രയിക്ക-എന്നിൽ അന്പു-വെക്ക
എന്നുടെ ആത്മ സഹായം കേട്ടുകൊൾക
മന്നിൽ ഗുരുവായ്വന്നോൻ
മഹത്വ കൎത്താവു ഞാനെ
ഒന്നും വിടാതെ തടം
ഓരോന്നും നോക്കികൊണ്ടേൻ— പിന്നാ

൧

പാപ പരീക്ഷ-ഭയമെന്ന്യെ നീ ജയിക്ക
താപം നിന്ദ ഹിംസകൾ-സൎവ്വവുംസഹിക്ക
രാപകൽ പരനോടു
രമിച്ചു ജപിച്ചുകൊൾക
കോപം വെടിഞ്ഞെല്ലാൎക്കും
ഗുണം ചെയ്ക തുനിവായി— പിന്നാ

൨

ചിന്ത നീയെന്നുടേതു-ചേതസി ധരിക്ക
സ്വന്ത ജഡ ഇച്ഛകൾ-ജയിച്ചൊഴിച്ചീടുക
അന്തം ചിന്തിച്ചു നിന്നെ
അഖിലം വെറുത്തിരിക്ക
സന്തതം തുടൎന്നുവാ-സകല സ്ഥലങ്ങളിലും—

൩

സുഖമില്ലാത്തിടത്തും ദുഷ്ട സ്ഥലത്തും
അകത്തു ഖേദിപ്പാൻ ഏക-
നായ് നീ നിന്നീടിലും
പകലുള്ള വെളിച്ചത്തും-ഭയമുള്ള ഇരുട്ടിലും
ഉകയോടെൻ തടം കണ്ടു
സൂക്ഷിച്ചു നടന്നെൻ— പിന്നാ

൪

ധീരനായ്വരിക-ചേൎന്നു പിൻ വരിക
പാരം സന്തുഷ്ടനായി-പരസ്യമായ്വരിക
വേറെ കാണുന്നവരെ-വിളിച്ചുകൂട്ടിവരിക
നേരെ കൂട്ടരോടെല്ലാം
സ്നേഹം കാണിച്ചുകൊണ്ടേൻ— പിന്നാ

൫

പാപിയായാലും-പകച്ചോനായാലും
താപിയാകാതെ നീ വാ
ദയയോടു വിളിച്ചേൻ
പാപികളെ രക്ഷിപ്പാൻ
പരമ കാനാനിൽ ചേൎപ്പാൻ
ശാപം ചുമന്നു തീൎത്തേൻ
സമയം പോയീടും മുൻ— പിന്നാ

---

## ൱൭൭ ഖണ്ഡങ്ങൾ 177

മന്നാ നീ സംസാരിക്ക എന്നോടു ദയവായി
നിന്നെ സേവിപ്പാൻ വഴി-മനുവേലനേ

൧ [തേടി

നിൻ സ്നേഹം ധരിച്ചു ഞാൻ നിന്നാടുകളെ
നിൻ സ്വരം കേൾപ്പിക്കുവാൻ-വരമേകുക

൨ [നിന്നു

തെററിൽ വീണലയും നിൻ മക്കളെയതിൽ-
മാററുവാൻ നടത്തെന്നെ-മനുവേലനേ

൩

നിരത്തണമുറപ്പുള്ള പാറതന്മേലീയെന്നെ
കൎത്താ ലോകമാം കടൽ-മദ്ധ്യേ സദാ

൪ [കൈ

നാശമാം കടൽ തന്നിൽനീന്തും നിന്മക്കൾക്കു
നീട്ടി കൊടുപ്പാൻ-കൃപ-നല്കീടെണം

൫ [നെൻെറ

ഭക്ഷണം വിശക്കും നിൻ മക്കൾക്കേകുവാ-
കുക്ഷിയെ നിറയ്ക്കണം-നിൻ നന്മയാൽ

൬ [വിളി-

എന്നെ എന്നെ ദൈവമേ എന്നെ തന്നേ നീ
ച്ചന്യൂനമയെക്ക നിൻ-വേലയ്ക്കഹൊ

൭

മറെറല്ലാരെ നീ വിളിച്ചീടുന്നേരമീയെന്നെ
ചെററും തള്ളീടരുതേ-കരുണാനിധേ

൮ [വരെ

നിന്മുഖം കാണുംവരെനിൻമാൎവ്വിൽചേരും-
നന്മദായകാ കൃപ-തന്നീടെണം

# SPIRITUAL WARFARE AND TEMPTATION

## ജ്ഞാനയുദ്ധവും പരീക്ഷയും

ഫൗവ്വ 178

ആനന്ദഭൈരവി— ത്രിപുടതാളം

പല്ലവി

ധരിപ്പിൻ—ആയുധങ്ങൾ
ധരിപ്പിൻ—മന്ദതവി-
ട്ടിരിപ്പിൻ—ദിവ്യ വിളി
ശ്രവിപ്പിൻ—നിദ്രാഭാരം
ഒഴിപ്പിൻ—ഉള്ളിലുണ്ണം
ധരിപ്പിൻ—കാത്തു പോരി-
ന്നൊരുങ്ങിൻ ക്രിസ്ത്യാനികളെ

അനുപല്ലവി

തിരിക്കിൻ—പോർക്കളത്തിൽ
നിരക്കിൻ—ഓടിച്ചാടി
പരക്കിൻ—വിശ്വാസപ്പോർ
മുറുക്കിൻ—കൂടക്കൂടെ
വെറുക്കിൻ—ഉല്ലാസങ്ങൾ
പൊറുക്കിൻ—വേദനകൾ
നുറുക്കിൻ—പേയിൻ തല
അറുക്കിൻ—സേവകരേ— ധരി

ചരണങ്ങൾ

നിരപ്പും—അല്ല വഴി—ചുരുക്കം—അല്ല ദൂരം
നിരക്കെ—കല്ലുംകുന്നും—കുറുകെ [1]വല്ലുടെപ്പും
ഒഴുക്കും—കൂപങ്ങളും—വഴുക്കും—പാറകളും
ചുഴിപ്പും—ബഹുതര—മുണ്ടേ
തിരെക്കും—കടലിന്നും
ഇരയാം—ചില നേരം
ഇരിപ്പാൻ—കാടല്ലാതെ
ഇരിക്കാ—ചിലെടത്തിൽ
നിരക്കെ—ശത്രു ചുററി
ഇരിക്കെ—മദ്ധ്യത്തിൽ നാം
ഇരിപ്പാൻ—സംഗതിക-
ളിരിക്കും—സേവകരേ— ധരി

൨

എടുപ്പിൻ—വാളു കുന്തം
എടുപ്പിൻ—ക്ഷീണമെന്ന്യേ
പിടിപ്പിൻ—ഓടി വെട്ടി
പൊടിപ്പിൻ—നായകനോ-
ടടുപ്പിൻ—വാക്കു ചെവി-
കൊടുപ്പിൻ—മുമ്പെ ചാടി
അടപ്പിൻ—ഭക്തി ധരിപ്പിൻ
പഠിച്ച—വിദ്യയൊന്നും
അടുക്കാ—തല്ലോ പേയിൻ
പടകൾ—വന്നു നിര-
ന്നീടുന്നു—അന്ധകാര
തടത്തിൻ—ശക്തികളും
തടിച്ചു—വന്നീടുന്നു
വിടല്ലേ—ധീരത കൈ-
വിടല്ലേ—സേവകരേ— ധരി

൩

പൊരുതാൽ—ജയം തിട്ടം
പൊരുവാൻ—ന്യായം ന്യായം
പരമാ—യുധമുണ്ടു
അരികെ—കാവൽ ദൂതർ
പൊരുതു—ജയിച്ചവർ
പെരികെ—പുണ്യവാന്മാർ
പെരുമാൾ ക്രിസ്തുയേശു—താൻ
തിരഞ്ഞീ—ടായ്വിൻ—ഒട്ടും
അറച്ചീ—ടായ്വിൻ വരി
മുറിഞ്ഞീ—ടായ്വിൻ വാക്കു
മറന്നീടായ്വിൻ പേയെ
മുറിപ്പിൻ—ദിവ്യബലം
ധരിപ്പിൻ—പിമ്പെ നോക്കാ-
തിരിപ്പിൻ—ഭാഗ്യം വിടാ-
തിരിപ്പിൻ—സേവകരേ— ധരി

1. വല്ലുടെപ്പു =വലിയ വെള്ളക്കുഴികൾ.

൫
ജയിക്കാം-വീരരേ
ലഭിക്കാം-രാജപ്രീതി
ലഭിക്കാം-സ്ഥാനമാനം
ലഭിക്കാം-കനാൻനാട്ടിൽ
വസിക്കാം-സന്തോഷിച്ചു-
ങ്ങിരിക്കാം-മാനിക്കപ്പെ-
ട്ടിരിക്കാം-പരമപുരേ
പിമ്പില്ലെ-ഓട്ടമോട്ടം
പിമ്പില്ലെ-കാട്ടും കുന്നും
പിമ്പില്ലെ-പാട്ടും ചൂട്ടും
പിമ്പില്ലെ-[1]ഏറും പോരും
പിമ്പല്ലൊ-ആർക്കും ശബ്ദം
പിമ്പല്ലൊ-നിത്യജീവൻ
പിമ്പല്ലൊ-സ്തുത്യഗീതം
പാട്ടും നാം-വീരന്മാരേ— ധരി

## ൧൭൯ 179

### ആനന്ദഭൈരവി—ത്രിസുരതാളം

പല്ലവി

ആയുധം ധരിപ്പിൻ ഭടരേ! മനസ്സിൽദി-
ആയുധം ധരിപ്പിൻ ഭടരേ! [വ്യ

അനുപല്ലവി

ആയുധം ധരിപ്പിൻ ലോകം
പേയോടു ജഡവും യുദ്ധം
മായമെന്യെ ചെയ്യുന്നേരം
ജയിച്ചിടുവാനിന്നേരം— ആയു

ചരണങ്ങൾ

൧ കെട്ടുവിൻ അരയിൽ സത്യം
ചട്ടമായിരിപ്പതിന്നു
ഇട്ടുകൊൾവിൻ പാദരക്ഷാ
ശിക്ഷസുവിശേഷ യത്നം
ദുഷ്ട പേയിൻ ബാണമെല്ലാം
തട്ടികളവാൻ വിശ്വാസം
വിട്ടുവിടാതെ പിടിപ്പിൻ
കെട്ടുവിൻ നീതികവചം— ആയു

൨ രക്ഷയിൻ പടത്തൊപ്പിയും
ശിക്ഷയായ് ധരിച്ചുകൊൾവിൻ
കക്ഷത്തും കരത്തും വെപ്പിൻ
[2]ഖഡ്ഗമാം തിരുവചനം
രക്ഷകർത്തന്നായ് ജീവിപ്പിൻ
രാജകത്തിൻ കീഴടങ്ങിൻ
പരമാശ്രയം ഭയവും
പരനിൽ നിത്യം പതിപ്പിൻ— ആയു

൩ ശത്രുവെ സ്നേഹിപ്പിൻ പീഡ
അത്രയും ക്ഷമിപ്പിൻ ജഡം
എത്രയും ഒതുക്കിൻ സർവ്വ
[3]ദുസ്സുരങ്ങളും ത്യജിപ്പിൻ
സൽപ്രവൃത്തി-ആഗ്രഹിപ്പിൻ
[4]ദൈന്യതയോടെ നടപ്പിൻ
സൽപ്രവൃത്തിക്കുത്സാഹങ്ങൾ
നിത്യവുംചെയ്തീടിൻ നിങ്ങൾ— ആയു

൪ ശാന്തത വിനയം ക്ഷമ
പ്രാർത്ഥന കുശലം നന്ദി
[5]സ്വാന്തരമ്യം ധർമ്മ ചിന്ത
ഔദാര്യം സൽക്കാരം വേണം
സങ്കട രോഗികളെയും
ദർശിച്ചീടിൻ ബദ്ധരെയും
പങ്കമാദി ശത്രുത്രയം
പറന്നുപോകുമേ സത്യം— ആയു

1. ഏറുംപോരും = പോരാട്ടങ്ങൾ.

## ൧൮൦ 180

### ധനാശി—ചെമ്പട

പല്ലവി

നിൻസന്നിധിയിൽ ദൈവമേ—പൂർണ്ണ
സന്തോഷം പൂർണ്ണ ഭാഗ്യമെ

അനുപല്ലവി

നിന്മക്കൾക്കെപ്പോഴും
സമ്മോദം ലഭിപ്പാനായി
ഉണ്മയായന്തമില്ലാ
നന്മകൾ നിറഞ്ഞുള്ള— നിൻ

2. ഖഡ്ഗം = വാൾ.
3. ദുസ്സുരങ്ങൾ = ഏറവും ദുഷ്ടതയായവ.
4. ദൈന്യത = വിനയം.
5. സ്വാന്തരമ്യം = ഐകമത്യം.

ചരണങ്ങൾ

൧ വൈരികളാൽ നിറഞ്ഞതാം—മഹാ
ഘോരവ വിനമാം ഭുവി
സൈ്വരമായ് നിൻ മക്കൾ
സഞ്ചാരം ചെയ്തിടാനായ്നിൻ
ചാരത്തു ചേർത്തു
ധൈര്യത്തോടെ നടത്തീടുന്ന— നിൻ

൨ ഉല്ലാസങ്ങൾ വൃഥാലാപം—വല
വല്ലാത്ത നിന്ദവചനം
ചൊല്ലാനരുതാതുള്ളഭള്ളേറും വചനങ്ങ-
ളെല്ലാം അല്ലാതെ കേൾപ്പാൻ
ഇല്ല ലോകമക്കളിൽ— നിൻ

൩ ( സംശയങ്ങൾകൊണ്ടും— മഹാ
വ്യാധി ചിന്താകുലംകൊണ്ടും
ഭീതി വളൎന്നു മനമാകെ
വിരണ്ടു ഞാൻ സ-
ങ്കേതം നാഥനേ നിൻ
തൃപ്പാദം പ്രാപിച്ചീടുമ്പോൾ— നിൻ

൪ വാനസേനകളെപ്പോഴും—സ്തോത്ര-
ഗാനങ്ങളാൽ നിൻ സന്നിധൌ
ഊനമില്ലാതെ മനതാരിൽ
നിറഞ്ഞ ഭക്തി
ആനന്ദങ്ങളോടെന്നും
പാടി സ്തുതിച്ചീടുന്ന— നിൻ

---

൧൮൧ 181

കാമോദരി — ആദിതാളം

പല്ലവി

1കഴലിണ കൈ തൊഴുന്നിതാ
കാരുണ്യ മൂൎത്തേ!
കഴലിണ കൈ തൊഴുന്നിതാ

അനുപല്ലവി

തഴുകിയെന്നെ കരങ്ങളാ-
ലഴലൊഴിക്കുക, പരാ പരാ— കഴ

ചരണങ്ങൾ

വരുന്നിതാ ഭൂതങ്ങളത്രയും-അസ്സൂറീയരിൻ
പെരുംപടകൾ വന്നങ്ങെത്രയും-വേഗത്തി
ങ്ങെരുശലേം പട്ടണം ചുററിയും [കല-
കൊണ്ടു യുദ്ധത്തി-
ന്നൊരുങ്ങിയപോലെയങ്ങെത്രയും
കോപത്തോടെന്നിൽ
ശരങ്ങൾ2മഴനികർ-പൊഴിഞ്ഞിതാ
അണഞ്ഞു അരികതിൽ-വരുന്നിതാ
കരഞ്ഞടിയനഴൽ-കലൎന്നിതാ
വരുന്നു വരമതു-കനിഞ്ഞു താ— കഴ

൨

ഉന്നതനാമേശുദേവനേ-ഭൂതലത്തുകൽ
വന്നു പിറന്നു പിശാചിനെ-മു...ംജയിച്ച-
വന്നുടെ തല ചതച്ചോനേ
അവന്റെ പോരിൽ
നിന്നു വീണ്ടുകൊണ്ടങ്ങവനെ
ജയിപ്പാനെന്നിൽ
കനിഞ്ഞു കരളലി-ഞ്ഞീടേണമേ
അണഞ്ഞു അരികതിൽ-വരേണമേ
ഇടിഞ്ഞ മനമതു-തൊടേണമേ
വിരഞ്ഞു വരമതു-തരേണമേ— കഴ

൩

സത്യമാം അരക്കെട്ടും തന്നു-നൽനീതി കര-
ണത്തിൻ മാൎക്കവചവും തന്നു സുവിശേഷ-
യത്നത്തിനുടെ ചെരിപ്പും തന്നു
എല്ലാററിൻ മീതെ
സത്യ വിശ്വാസ ഖേടം തന്നു
ധരിപ്പിച്ചെന്നിൽ
സുരക്ഷയാകും-3ശിരസ്ത്രവും
ശിരസ്സിൽ വെക്കുക-കരത്തിലും
വിശുദ്ധ വാക്കാം-4സുരസ്ത്രവും
വിശുദ്ധനേ! ത-ന്നനുഗ്രഹിച്ചുവാ നിൻ- കഴ

൪

5പാൎത്ഥിവേന്ദ്രാ! സമീപെ നിന്നു
പിശാചിന്നുടെ
ക്രൂരതാം ശരങ്ങളിൽനിന്നു
സദാ നീയെന്നെ
കാത്തു സൎവ്വായുധങ്ങളിന്നു
ധരിപ്പിച്ചൻപായ്
പാൎത്തു കണ്മണിപോലെയിന്നു
സൂക്ഷിച്ചെന്നെ നീ
തടുത്തു ശരമഴ-കെടുത്തുവാൻ
കടുത്ത 6രിപുബല-മൊടുക്കുവാൻ
കനത്തദുരിതമ-തകററുവാൻ
മഹത്വനഗരിയിൽ-കടത്തുവാൻ- കഴ

---

1. കഴലിണ = പാദങ്ങൾ രണ്ടും.

2. മഴനികർ = മഴപോലെ. 3. ശിരസ്ത്രം = തലക്കോരിക. 4. സുരസ്ത്രം = സ്വൎഗ്ഗീയ ആയുധം. 5. പാൎത്ഥിവേന്ദ്രാ! = ഹേ രാജശ്രേഷ്ഠനായുള്ളോവേ. 6. രിപുബലം = ശത്രുവിന്റെ ബലം.

## ൧൮൨ 182

### ശ്രീരാഗം — ആദിതാളം

#### പല്ലവി

കരുണ ചെയ്യാനെന്തു താമസം— ക്രിസ്തോ
കഴലിണ കൈ തൊഴുന്നേൻ

#### അനുപല്ലവി

കരുണശാലിയാം നിന്റെ
കഴലിനയൊഴിഞ്ഞൊരു
ശരണമില്ലടിയനു
കരുതുമലവിലഖിലജീവനാഥാ— കരു

#### ചരണങ്ങൾ

൧ പാരിടമതിൽ ബഹു
ഘോരവൈരികൾ നിത്യം
പോരിടുവതിന്നൊത്തു
നേരിടുന്നൊരു നേരം
നേരിട്ടു മടങ്ങാതെ
പോരിട്ടെതിർത്തു നില്പാൻ
ധീരതയുദിപ്പിക്ക
സതതമകമെ പരമ നീതിസൂര്യാ—കരു

൨ ധരണി വാസവുമതിൻ
പെരിയ സന്തോഷങ്ങളും
കരളിലൊരു നേരവും
പിരിയാതിരിക്കിലും ഞാൻ
1അരിയ പരമ മോക്ഷ
മഹിമയോർത്തനുദിനം
മരുവീടുവാനരുൾക
കനിവുപെരുകി കവിയുമേശുദേവാ!— [കരു

൩ ദുരിതകാരണത്താൽ പല
ജഡരോഗങ്ങൾ വർദ്ധിച്ചു
പെരുകി വന്നെന്റെ നേരെ
മരണം വന്നണയുമ്പോൾ
ഇരവും പകലും നിന്റെ
തിരുവചനം ധ്യാനിച്ചു
പരമപദം ചേരുവാൻ
കരുണയരുൾക കരളലിഞ്ഞു ദേവാ! [കരു

൪ 2ഉരഗനാഥനാം സാത്താൻ
പെരിയ കോപത്തോടെന്നിൽ
എരിയുമഗ്നിതുല്യമായ്
ചൊരിയു3മസ്ത്രജാലങ്ങൾ
സുരലോകാധിപാ! നിന്റെ
കൃപയാലവയൊക്കെയും
4ഹരമായ്പരുവാൻ വരം
തരിക സദയമഖിലലോകപാലാ–കരു

1. അരിയ = ശ്രേഷ്ഠ. 2. ഉരഗനാഥൻ = മഹാസർപ്പം. 3. അസ്ത്രജാലങ്ങൾ = അമ്പുക്കൂട്ടങ്ങൾ.

---

## ൧൮൩ 183

### ചെഞ്ചുരുട്ടി — ആദിതാളം

#### പല്ലവി

ദേവനേ! യേശുദേവനേ! മഹാ
പാപിയാമെന്മേൽ നോക്കി–എന്റെ
താപങ്ങൾ നീക്കിയാശീർവ്വാദം ത–
ന്നീടുക പാപം പോക്കി

#### ചരണങ്ങൾ

സഹിപ്പാൻ പാടില്ലാ പരീക്ഷാഗ്നിയെന്നെ
ദഹിപ്പിപ്പാൻ വരുന്നയ്യോ—എന്നെ
സഹിപ്പാനാളാക്ക അവയെ ഞാനെല്ലാം
സഹിച്ചവാ! കനിഞ്ഞെന്നിൽ— ദേവ

൨

സാത്താൻ തന്നുടെ കൃത്യയമ്പുക–
ളേററു തളരുവാനായ്—ഇതാ
ചീററിച്ചുഞ്ഞു വിട്ടീടുന്നപ്പനേ
പാത്രമുതളണമെന്മേൽ— ദേവ

൩

ജഡമിതാ തന്റെ കടുത്ത കൈകളെ
തട്ടുപ്പാൻ പാടില്ലാ വിധത്തിൽ—മഹാ
കട്ടുപ്പമായോങ്ങീട്ടടിച്ചിടിച്ചെന്നെ
ചതയ്ക്കുവാൻ പോകുന്നയ്യോ— ദേവ

൪

ജഡത്തിൻ ക്രിയകൾ തെളിവല്ലോ അവ
കെട്ടുക്കാനോരോന്നായെന്മേൽ—ഇതാ
അടുക്കുന്നപ്പനേ പൊടിക്കുന്നെന്നെ നീ
പിടിക്ക നിൻ വലങ്കയ്യാൽ— ദേവ

൫

ചതിച്ചീടുന്നൊരു ലോകവും കൂടെ
കുതിക്കുന്നെന്റെ മേൽ കേറാ–നിപ്പോൾ
കഥിക്ക അതിനോടടുക്കാതെൻ പിന്നിൽ
ഒളുക്കത്തോട്ടു–പോയീടാൻ— ദേവ

൬

കയർത്തുവരുന്ന 5രിപുക്കളെ ഞാനും
കയർത്തു പിന്നിൽ–നോക്കാതെ—കണ്ടു
എതിർത്തു ജയിപ്പാൻ കൃപ തന്നെന്നെ നീ
അയക്കേണമെൻ താതാവേ— ദേവ

4. ഹരമായ്പരുവാൻ = ഇല്ലാതെയാകാൻ. 5. രിപുക്കളെ = ശത്രുക്കളെ.

## ൧൮൪ 184

### സൈന്ധവി — ആദിതാളം

**പല്ലവി**

തരണമേ പരമ ശരീരി-ആപൽ
കാലേ തുണ പരോപകാരി

**അനുപല്ലവി**

നരകുല ദുരിതാപഹാരീ-സാക്ഷ്
പുരം യെറുശലേം അധികാരീ-ഉടൻ—ത

**ചരണങ്ങൾ**

സുരനരഗണ സേവ പാത്രാ-ദൈവ
ജനകനൊരുവനായ പുത്രാ
നരനൊരു പിണയായ[1]ഗാത്രാ !—യേശു
നായകാ [2]അമേയാ [3]പവിത്രാ-ഉടൻ— ത

൨

ആധാരം വേറെ എനിക്കാരും-ഇല്ലേ
നീയനുകൂലൻ ആയാൽ പോരും
വേദാന്ത സുഖം ഉടൻ ചേരും-എന്റെ
വേദനയതുകൊണ്ടു തീരും-ഉടൻ— ത

൩

നിത്യം നിത്യവും എന്റെ മേലെ-വരു-
ന്നെത്രയോ തുമ്പങ്ങൾ ഒരിക്കാലേ
അത്രയും നീക്കു നിൻ കൃപയാലെ-ദിവ്യ
ഉത്തമശീലൻ ഇമ്മാനുവേലേ-ഉടൻ— ത

---

## ൧൮൫ 185

### ഭൈരവി — അടതാളം

**പല്ലവി**

യേശുവേ കരുണാസനാ മഹാ
മോക്ഷിഞാനയ്യോ
കൃപ തോന്നേണമയ്യോ—

**ചരണങ്ങൾ**

൧ നീചനാമെൻ ദുരിതങ്ങളെ
നോക്കേണമിതാ-കൂടെ
പാർക്കേണം സദാ— യേശു

൨ പെരിയസാത്താനരിശത്തോടു
പെരിയമാരിപോൽ-അസ്ത്രം
ചൊരിയുന്നെന്റെ മേൽ— യേശു

൩ ജഡത്തിൻ മോഹം കടുത്ത വൈരി
അടുത്തണയുന്നു കൃപ
കൊടുക്കേണമിന്നു— യേശു

൪ ദുഷ്ടലോകം നിന്നിൽനിന്നു
വിട്ടകററുന്നു-കൃപ
കിട്ടേണമിന്നു— യേശു

൫ ലോകം ജഡം പിശാചു വളരെ
കേടു ചെയ്യുന്നു-കൃപ
തേടുന്നേൻ ഇന്നു— യേശു

൬ കഠിന പാപച്ചുമടു നീക്കും
കരുണയുള്ളവാ-കൃപ
തരേണം നല്ലവാ— യേശു

൭ ദുഷ്ടശീലമെന്നിൽനിന്നു
വിട്ടകററണം-പുതു
സൃഷ്ടിയാക്കേണം— യേശു

൮ പരിശുദ്ധാത്മാവായ ദൈവം
വന്നു പാർക്കേണം-എന്നെ
എന്നും കാക്കണം— യേശു

൯ മരണം വരെയും കരുണയോടെ
കാത്തരുളേണം-കൃപ
തന്നു പോററേണം— യേശു

൰ നിന്റെ രാജ്യം തന്നിലെന്നെ
ചേർത്തുകൊള്ളേണം-എന്നും
കാത്തുകൊള്ളേണം— യേശു

---

1. ഗാത്രാ = ദേഹത്തോടുകൂടിയവനേ. 2. അമേയാ = അളവററവനേ. 3. പവിത്രാ = പരിശുദ്ധനേ!

# LONGING FOR THE COMING OF CHRIST

# ക്രിസ്തുവിന്റെ വരവിന്നായി വാഞ്ഛ

൧൮൬ 186

പല്ലവി

നേരമാകും മുന്നെന്നിൽ
വരികാ വരികാ എൻപ്രിയാ
വന്നെൻ ദുരിതം മാറ്റുക–നാഥനേ !

ചരണങ്ങൾ

൧ [1]പാരിടത്തിൽ മനുഷ്യാവ–
താരം ചെയ്യോരേശുവേ ഞാൻ
പാരം പരിശ്രമപ്പെടുന്നേൻ,
എൻ നാഥനേ !— നേര

൨ [2]അന്തികെ വേഗം വന്നയെൻ
വെന്തുരുകും മനമാത്മ
ബന്ധുവെ തണുപ്പിച്ചീടുക,
എൻ നാഥനേ ! — നേര

൩ ലോകചിന്തയാലെൻ മന–
മാകെയ[3]ഴലായീടുന്നു
മനുവേലേ വേഗം വരികാ,
എൻ നാഥനേ !— നേര

൪ [4]കാന്താ വന്നീടുക മന–
ക്കാട്ടുകൾ വെട്ടിയകറ്റി
ചന്തമോടെന്നിൽ വസിക്കുകാ,
എൻ നാഥനേ !— നേര

൫ സിംഹാദികളാം മൃഗസ–
മൂഹങ്ങളെന്റെ ഹൃദയേ
സഞ്ചരിച്ചെന്നെയൊടുക്കുന്നു,
എൻ നാഥനേ !— നേര

൬ സിംഹംപോലലറിയെന്നെ
സംഹരിപ്പതിന്നു സാത്താൻ
ഉന്നിയോടി വരുന്നയ്യയ്യോ,
എൻ നാഥനേ !— നേര

൭ ചത്ത ചെള്ളാമെന്നെ നിന്റെ
ചിത്തത്തിലോർത്താലറെക്കും
കർത്താവേ കൈ വിടരുതയ്യോ,
എൻ നാഥനേ !— നേര

൮ നീയെന്നെ വിട്ടാൽ പിശാച്ച്
വായാലെടുത്തു നരക–
ത്തീയിന്നിരയാക്കീടുമയ്യോ,
എൻ നാഥനേ !— നേര

൯ നീതിയിൻ സൂര്യനേയെന്ന–
നീതിയുള്ളാത്മമതിങ്കൽ
മോദമോടെ വേഗം വാഴുകാ,
എൻ നാഥനേ !— • നേര

൧൦ നിന്നെ വിട്ടെവിടെ പോയി–
ടുന്നു ഞാനിനിക്കായ് രക്തം
ചിന്നി മരിച്ചോരെന്റെ ഭർത്താവേ,
എൻ നാഥനേ !— നേര

൧൧ നിന്നെ ഞാൻ വിട്ടീടുമോ നീ–
യെന്നെ അനുഗ്രഹിച്ചല്ലാ–
തെങ്ങും പോയ്ടരുതയ്യയ്യോ,
എൻ നാഥനേ !— നേര

---

൧൮൭ 187

പല്ലവി

വേഗം എന്നരികിൽ വാ–എൻ പ്രിയ നാഥാ
വേഗം എന്നരികിൽ വാ—

അനുപല്ലവി

വേഗം എന്നരികിൽ വന്നു എന്റെ അതി–
വേദനയെ കണ്ടു പാലിച്ചിടുകാ നീ—

1. പാരിടം = ഭൂമി. 2. അന്തികെ = അടുക്കൽ. 3. അഴൽ = ദുഃഖം. 4. കാന്തൻ = ഭർത്താവു.

### ചരണങ്ങൾ

൧ ആദിസർപ്പമാകുന്ന—കൊടിയ സാത്താ—നാക്രമിക്കുന്നാനെന്നെ
എമ്മാനുവേലേ! ഓടി നീ വന്നെന്റെ ചാരെ നിന്നില്ലെങ്കിൽ
ഓനായ് മുമ്പിൽ നില്ക്കുന്നാടിനെ പോലയ്യോ— വേഗം

൨ ലോകമോഹാദികളും—എന്റെ മേൽ വീണു—മാലിന്യമാക്കുന്നെന്നെ
അതിനാൽ ഞാനും വീഥിയിങ്കൽ നിന്നെ തേടി വിളിക്കുന്നു
ഏതുമൊരു തുണയില്ലിനിക്കു നാഥാ— വേഗം

൩ സാറായ് പണ്ടു ഗേറാറിൽ—ഭൂപതിയുടെ—വീട്ടിൽ താമസിച്ച നാൾ
അതിശയമായ് ദൂതനെ അയച്ചു സൂക്ഷിച്ചതിൻവണ്ണം
നാഥാ ശത്രു കയ്യിൽ ഞാൻ വീഴാതെ കാപ്പാൻ— വേഗം

൪ പാതകി ഞാനാകുന്നേ—അതിനാൽ നിന്റെ—പാദെ വന്ദിച്ചീടുന്നേൻ
ഒരു പൊഴുതും ഭേദമില്ലാ നിന്റെ പാദെ വന്ദിക്കുന്നു
പാതകർക്കു ഭയം നീയല്ലയോ നാഥാ— വേഗം

൫ വേഗം നീ വരാമെന്നു—പറഞ്ഞതോർത്തു—ദാഹത്തോടിരിക്കുന്നേ
എൻ പ്രിയാ നിന്റെ നാമം കേൾക്കുന്തോറും ഹേമിക്കുന്നെൻ മനം
കാണ്മാൻ നിന്നെ എന്റെ കണ്ണുകൾ കൊതിക്കുന്നു— വേഗം

---

## ൧൮൮ 188

### ചെഞ്ചുരുട്ടി — ആദിതാളം

### പല്ലവി

എഴുന്നരുളേണം യേശു മഹേശാ ഭവാൻ
വചിച്ചരുളിയവണ്ണം—വന്നരുൾ ഠരംശോ

### ചരണങ്ങൾ

൧ തൊഴുതു നിൻ തിരുസഭ
മുഴുപ്രഭ ധരിച്ചു നീ
വഴികൊണ്ടിങ്ങെഴുന്നീടാൻ
വരവു കാത്തീടുന്നു
കഴിയുന്നു കാലങ്ങൾ
ഒഴിയുന്നു ദിവസങ്ങൾ
പിഴയൊന്നും നിനെക്കാതെ
വഴികൊണ്ടു വേഗം— എഴു

൨ പെരുകുന്നു മതഭേദം
നരകാഗ്നി എരിയുന്നു
മുറുകുന്നുള്ളരിവാദം
കുറയുന്നു സ്നേഹവും
ഞെരുങ്ങുന്നു തിരുക്കൂട്ടം
കരയുന്നു തപശ്രേഷ്ഠർ
തിരിക്കേണം തിരുനീതി
ചൊരിക്കേണം വേഗം— എഴു

൩ അതി ഇമ്പം തിരുശബ്ദം
അതു കേൾപ്പിക്കേണമീശോ
മതിമോദം ഉദിപ്പിക്കും
മഹത്വം കാട്ടീടേണം
അതിനോടെ ഉയിർമുദ്ര
പുത്രദാനം തരുവാനും
സ്തുതി പൂജ നിരന്തരം
വദിച്ചു കാത്തീടുന്നേൻ— എഴു

൪ സകല സൃഷ്ടികളിങ്ങു
സഹിക്കുന്നു മഹാ ഖേദം
മഹത്തേറും ദിനത്തിന്നു
തപിച്ചു കാത്തീടുന്നു
പകൽ കൃഷി കാലങ്ങൾ
തികവായി വരുന്നല്ലോ
ഭഗവാനേ മശിഹായേ
വഴികൊണ്ടു വേഗം— എഴു

---

## ൧൮൯ ക്യാൽ 189

### പല്ലവി

എക്കാലം കാണുമോ? എൻ യേശുവെ ഞാൻ

### അനുപല്ലവി

സ്വർഗ്ഗാധിപൈകകുമാരനേ ഞാനിനി— എ

### ചരണങ്ങൾ

നരപരിപാലൻ ന-രരിപുപാലൻ
നരപരൻ ആയ ഇമ്മാനുവേലേ ഞാൻ—

൨

തന്നുയിർ കൊണ്ടിട്ടെ-ന്നുയിർ വീണ്ടോരു
മന്നവനെൻ മണവാള കൃപാളനേ—

൩

ഉരുസുഖമോക്ഷ മ-റ്റുകുടി ചെയ്വാൻ
വരുമെന്നരുളി ഗമിച്ച ദയാലുവേ—

൪

തിരുമിഴി കണ്ടും തി-രുമൊഴി കേട്ടും
അരികത്തിൽ വാഴ്വാൻ അതിനിടയെന്നോ ?

---

## ൧൯൦ പല്ലവി 190

എന്നു ഞാൻ കണ്ടുകൊണ്ടീട്ടും
എമ്മാനുവേലെ— എന്നു—
എൻ യേശുവിനെ— എന്നു—
എൻ രക്ഷകനെ— എന്നു—

### ചരണങ്ങൾ

൧ ഇന്നും ഞാൻ ഊഴിയിൽ കി-
ടന്നു വലയുന്നയ്യോ
നിന്നെ കാത്തിരുന്നെൻെറ
കണ്ണുകൾ മങ്ങീട്ടുന്നു— എന്നു

൨ പാപത്തിൽ കിടന്നു ഞാൻ
താപപ്പെട്ടുഴലുമ്പോൾ
ആപത്തൊഴിച്ചോരെൻെറ
ആത്മ മണവാളനെ— എന്നു

൩ തെററിയ ആടാമെന്നെ
തേടീടുവാനായി കൈ
ഏററു വന്നു മരിച്ചുയിർത്തു
വാനിൽ പോയോനെ— എന്നു

൪ വാനിൽ പിതാവിൻ വല-
ഭാഗത്തിങ്കലിരുന്നു
ഹീനനാമെനിക്കായ്
കേണപേക്ഷിക്കുന്നോനെ !— എന്നു

൫ മന്നവാ മശിഹായേ !
എന്നു നീ വന്നീടുമോ ?
നിന്നെ കാണ്മതിനെൻെറ
കണ്ണുകൾ കൊതിക്കുന്നു— എന്നു

൬ വേഗം വരുമെന്നു നീ
ലേഖനം തന്നില്ലയോ ?
കാഹളം കേൾപ്പതിന്നാ-
യ്ക്കാതുകൾ കൊതിക്കുന്നു— എന്നു

൭ കർത്താവേ ! വരേണമേ
ഭർത്താവേ ! വരേണമേ
കാത്തിരുന്നീടുന്നു ഞാൻ
കാവല്ക്കാരൻ പോലയ്യോ— എന്നു

---

## ൧൯൧ 191

### ദ്വിജാവന്തി — ആദിതാളം

### പല്ലവി

കാന്താ ! താമസമെന്തഹൊ ?
വരുവാനേശു
കാന്താ ! താമസമെന്തഹൊ !

### അനുപല്ലവി

കാന്താ ! നിൻ വരവിന്നായി
കാത്തിരുന്നെൻെറ മനം
വെന്തുരുകുന്നു കണ്ണും
മങ്ങുന്നെമ്മാനുവേലേ— കാന്താ

### ചരണങ്ങൾ

൧ വേഗത്തിൽ ഞാൻ വരുന്നെന്നു
പറഞ്ഞിട്ടെത്ര
വക്ഷമതായിരിക്കുന്നു
മേഘങ്ങളിൽ വരുന്നെന്നു
പറഞ്ഞതോർത്തു
ദാഹത്തോടെയിരിക്കുന്നു
ഏകവല്ലഭനാകും
യേശുവേ ! നിൻെറ നല്ല
ആഗമനം ഞാൻ നോക്കി
ആശയോടിരിക്കയാൽ— കാന്താ

൨ ജാതികൾ തികവതിന്നോ ?
ആയവർ നിൻെറ
പാദത്തെ ചേരുവതിന്നോ ?
യൂദന്മാർ കൂടുവതിന്നോ ?
കാനാനിലവർ
കുടികൊണ്ടു വാഴുവതിന്നോ ?
ഏതു കാരണത്താൽ നീ
ഇതുവരെ ഇഹത്തിൽ വ-
രാതിരിക്കുന്നു ? നീതി-
സൂര്യനാകുന്ന യേശു— കാന്ത

൩ എത്രനാൾ ഭരിച്ചുകൊള്ളും ?
പിശാചീലോകം
എത്രനാൾ ചതിച്ചുകൊള്ളും ?
എത്രനാൾ പറഞ്ഞുകൊള്ളും
അപവാദങ്ങൾ
ശുദ്ധിമാന്മാരുടെ മേലും
കർത്താവേ ! നോക്കിക്കാൺക
പാർത്തലത്തിൻ ദുരിതം
സാത്താൻെറ ധികാരത്തെ
നീക്കുവാനായി പ്രിയ— കാന്താ

൪ ദുഃഖം നീ നോക്കുന്നില്ലയോ ?
എൻെറ വിലാപ
ശബ്ദം നീ കേൾക്കുന്നില്ലയോ ?
തക്കം നോക്കീടുന്നില്ലയോ ?
പിശാചെന്മനം
വെക്കം ഹനിപ്പാനയ്യയ്യോ
തൃക്കണ്ണാലെന്നെ നോക്കി
ദുരിതങ്ങളാകെ പോക്കി
വെക്കം നിൻ മണവാട്ടി
ആക്കിക്കൊള്ളുവാൻ പ്രിയ—കാന്താ

---

## ൧൯൨ ബലഹരി 192

### പല്ലവി

മനുവേലാ നീയെന്തിത്ര
വരുവാൻ താമസിക്കുന്നു

### അനുപല്ലവി

വരവോർത്താനന്ദിച്ചിതാ
ദിനവും കാത്തിരിക്കുന്നു

### ചരണങ്ങൾ

൧ വരുവേൻ വേഗമായ്
ഞാനെന്നരുമരക്ഷകനേ നിൻ
തിരുവായാലുരചെയ്ത-
തൊരുനാളും നീക്കം വരാ

൨ വരുവാൻ താമസമെന്തെ-
ന്നറിഞ്ഞീടാഞ്ഞു നിന്നുടെ
തിരുവചനങ്ങളേറെ
തിരഞ്ഞു നോക്കിയന്നേരം

൩ ഒരു പാപി മരിക്കാതെ
വരേണം രക്ഷയിലെന്നു
പരനേ നീ നിരൂപിച്ചു
കരുതി കാത്തിരിക്കുന്നു

൪ ഇതിനെ ഞാനറിഞ്ഞപ്പോൾ
മതി നന്നായ്കുളിർത്തു ഞാൻ
ദിനവും നിൻ വരവിനെ-
യൊരുക്കാനാഗ്രഹിക്കുന്നു

൫ എടുക്ക നിന്നുടെ തിരു-
ക്കരത്തിലേഴയാമെന്നെ
നടക്കാം ഏതിടത്തിലും
നിനക്കായ് വേല ചെയ്തിടാൻ

൬ വരുവെൻ കള്ളനെപ്പോലെ-
ന്നുര ചെയ്തായതുപോലെ
പരനേ നീ വരികെൻെറ
ദുരിതം മാററുവാനായി

൭ എനിക്കുള്ള സകലവും
നിനക്കായേകുന്നീടുന്നു ഞാൻ
മനുവേലാ നീയിന്നെൻെറ
ബലിയെ കൈക്കൊണ്ടിടേണം

---

# SECOND COMING OF CHRIST

# ക്രിസ്തുവിൻെറ രണ്ടാമത്തെ വരവു്

## ൧൯൩ 193

### ശ്രീരാഗം — രൂപകതാളം

### പല്ലവി

യേശുരാജൻെറഴുന്നെള്ളത്തിൻ
മുൻദൂതുകളി-
താ ! നടന്നുകൊണ്ടുവരുന്നു

### അനുപല്ലവി

യേശുരാജനാകും നസ-
റേശനാം മശിഹാ ദേവൻ
ഭൂതലത്തിലേക്കെഴുന്നെ-
ള്ളുന്നതിന്നു വന്നു കാലം— യേശു

### ചരണങ്ങൾ

൧ കന്യക മകനായുന്നവൻ
മനുജക്കായി
ദണ്ഡമേററു ചത്തുയിർത്തവൻ
മഹിമയോടു
ഉന്നതൻ വലത്തുഭാഗ-
ത്തിങ്കലിരിക്കുന്ന രാജ-
നുന്നത പ്രതാപമോടി
മണ്ണിൽ വേഗം വരുവതാൽ— യേശു

൨ രാജ്യസുവിശേഷമാം കൊടി
പിടിച്ചു സാക്ഷ്-
രാജ്യമക്കൾ ചുററി നടന്നു
പ്രിയരേ ! നിങ്ങൾ
രാജരാജനാകുമേശു
നാഥനെഴുന്നെള്ളുവതി-
നായൊരുങ്ങി നില്പിനോയെ-
ന്നട്ടഹാസിച്ചുരയ്ക്കുന്നു— യേശു

൩ അണ്ടർകോനിതാ അയക്കുന്നു
തൻെറ ആത്മാവെ
പണ്ടു താനുരച്ച വാക്കുപോ-
ലതാൽ കഠിന-
ക്കണ്ണർ പലർ ചെയ്തു ദ്രോഹം
കണ്ടു നടുങ്ങിയലറി-
ക്കൊണ്ടു വീണു യേശുപാദം
രണ്ടുമണ്ടിതാ തൊഴുന്നു— യേശു

൪ ദാവീദിൻെറ വീണുപോയൊരു
കൂടാരം ദേവാ-
ത്മാവിതാ പണി നടത്തുന്നു
അതിൻെറ കേടു-
പാടുകളൊഴിഞ്ഞൊഴിഞ്ഞു
പോയിടുന്നതാൽ പുതിയ-
തായിടുന്നല്ലമല്ലാം നി-
വിന്നിടുന്നിതാ മശിഹാ— യേശു

൫ യുദ്ധം കലഹങ്ങൾ പകരും-
വ്യാധികൾ മററും
കർത്തൻ മശിഹായുരച്ചപോൽ
വന്നുകൊണ്ടഹൊ
എത്രയും നാശത്തെയിതാ-
യിദ്ധരയിങ്കൽ വരുത്തി
കർത്തൃഭക്തരെഴുന്നെ-
ള്ളത്തിനായൊരുക്കീടുന്നു— യേശു

൬ നിയമിതന്മാരുടെ കൂട്ടങ്ങൾ
കൂടിവരുന്നു
നിയമിതരല്ലാത്തവർകളും
കഠിനം പൂണ്ടു
അവിശ്വസിച്ചുണ്ടവിശ്വസിച്ചു
പരിഹസിച്ചു പരിഹസിച്ചു
കഴുത്തുകളെ കഠിനമാക്കി-
ട്ടൊരുങ്ങുന്നന്തിക്രിസ്തുവിന്നാ— യേശു

൭ രാജരാജൻെറ യാത്രയ്ക്കിതാ
അവൻെറ വഴി-
യാകവെ നന്നാക്കി വരുന്നു
നമ്മുടെ നാഥ-
ന്നായൊരു പെരുവഴി വ-
നത്തിലൊരുക്കി വരുന്നു
താണ പ്രദേശങ്ങളുമു-
യർന്നുയർന്നിതാ വരുന്നു— യേശു

൮ [1]വക്രതയുള്ളതു ചൊവ്വായി
തീർന്നു വരുന്നു
ദുർഘടമുള്ളതു സമമായ്
തീർന്നു വരുന്നു
ഒക്കെയിപ്രകാരമിങ്ങൊ-
രുങ്ങി വന്നീടുന്നതാലെ
ശീഘ്രമായെഴുന്നെള്ളത്തു-
ണ്ടാമതിന്നുണർന്നുകൊൾവിൻ— യേശു

---

## ഫൻര 194

### ആരഭ — ആദിതാളം

### പല്ലവി

യേശുരാജൻ വരുമേ
സീയോനേ ! നിൻെറ
ക്ലേശമൊക്കെയും തീരുമേ

### അനുപല്ലവി

യേശുരാജൻ വരവു
ലക്ഷം കോടി സൂര്യപ്ര-
കാശം പോലിരിക്കുമാ-
കാശമണ്ഡലത്തിങ്കൽ— യേശു

---

1. വക്രത = വളവ്.

### ചരണങ്ങൾ

മന്നവമന്നവൻ മനു-നന്ദനരെക്കാളതി-
സുന്ദരരൂപമുള്ളവൻ—കൃപ
തന്നധരങ്ങളിൽ പ-കർന്നതാലനുഗ്രഹ-
മെന്നുമേറ്റിരിക്കുന്നവൻ—ശക്തൻ [ട്ടും
ഉന്നത തേജസ്സോട്ടും-മിന്നും പ്രഭാവത്തോ
തന്നുടെ വാളു തുട-തന്നിൽ തിളങ്ങിടവേ

൨ [താ-

സത്യം സൌമ്യത നീതി-നിത്യം തനിക്കുള്ള-
ലെത്രയും മഹത്വത്തോട്ടും-അതി-
ശക്തിയോട്ടും പ്രബല-പ്പെട്ടവാഹനമേറും
കത്തൻ വലങ്കൈ തന്നോട്ടും ഭയം—
തട്ടാകാര്യങ്ങളോട്ടും-ശത്രുക്കളുള്ളിൽ തന്റെ
അസ്ത്രങ്ങൾ പാഞ്ഞു കേറി-ട്ടത്തലോടവർ-
വാഴ്ം

൩ [രിക്ക നിൻ

പുത്രീ! ചെവിക്കൊണ്ടാന്ദ-മുള്ളത്തിൽ വിചാ-
1ശ്രോത്രത്തെ ചായിച്ചീട്ടുക-സ്വജ- [നീ
നത്തെയും നിൻ പിതൃഗൃ-ഹത്തെയും മറക്ക
പാർത്ഥിവനപ്പോൾനിന്നുടെ—അഴ-[യാൽ
കേററംകൊതിക്കുംപ്രാണ-നാഥനവനാക-
കാൽത്തളിരിൽ വീണു കൈ-കൂപ്പി വന്ദി-
ച്ചീട്ടുകാ

൪

മന്നവമകളേ! കേൾ-നിന്നൾമുഴുവനും നി-
റഞ്ഞിരിക്കുന്നു മഹത്വം—നല്ല [വസ്ത്രം
പൊന്നിൻ കസവുള്ളതാ-കുന്നു നിന്നുടെ
കന്യകമാരാം തോഴിമാ-രോട്ടും
ഉന്നതാനന്ദത്തോടെ-മന്നവനുടെ പുരം
തന്നിൽ പ്രവേശിച്ചു നീ-എന്നും മോദമാ-
യ്വാഴ്ം.

---

## ൧൯൫ 195

### സൌരാഷ്ട്രം — ത്രിപുടതാളം

### പല്ലവി

വരുമേ ഉണർന്നിരിപ്പിൻ—യേശുനാഥൻ
വരുമേ ഉണർന്നിരിപ്പിൻ

### അനുപല്ലവി

വലിയോൎക്കും ചെറിയോൎക്കും
മാന്യൎക്കും ഹീനൎക്കും

1. ശ്രോത്രം = ചെവി.

അഖിലൎക്കും വിധി നല്കി
തക്ക ഫലം കൊടുപ്പാൻ— വരു

### ചരണങ്ങൾ

2ഭേരിയാൽ ബ്രഹ്മാണ്ഡ-
ഭിത്തികൾ കുലുങ്ങുവാൻ
പെരുംകാഹള ധ്വനിയാൽ
പേഗണം കുലുങ്ങുവാൻ
3അരിഗണം ചുളുങ്ങുവാൻ
തന്നിൽ 4ആശ്രിതന്മാരും
നിരയണിട്ടുതരും ചേൻ
തുടങ്ങിടുവാൻ— വരു

൨

വാനം ഭടഭടെന്നു, ഭുവനം കിടുകിടുങ്ങി
ഹീനപ്പേയെ ചേന്ന ഏവരും നടുനടുങ്ങി
മാനം ഇല്ലാതെ വാണ പാതകരോട്ടുവാൻ
ജ്ഞാനഗാനം പാടി നൽസഭ തുടങ്ങുവാൻ

൩

തുമ്പപ്പെട്ടോരെ ജീവ ഇമ്പ കനികളൂട്ടി
തൻപ്രസാദ പാത്രരെപൊൻമുടികൾചൂട്ടി
അൻപറ്റോരെ നരക വൻപാകവെകാട്ടി
അൻപുള്ള ദാസൎക്കു 5സമ്പൽഗതി കൂട്ടുവാൻ

൪

വിശ്വാസികളെ താൻ ഉയൎത്തിപുകഴ്ത്തിനും
മേലാം മോക്ഷവാസികൾ
ചാലെ ഘോഷിപ്പതിനും
വിശ്വാസഹീനരെ നിരസിച്ചകറ്റുവാനും
വിൺപരിവാരം ചൂഴ്ന്ന
അൻപൻ യേശു മഹേശൻ— വരു

---

## ൧൯൬ 196

### കാപി — ആദിതാളം

### പല്ലവി

വന്നീടും പരമദേവ-നന്ദനനീശോ

### അനുപല്ലവി

മുന്നം വന്ന ഭാവം മാറി
മേഘവാഹനത്തിൽ കേറി
വിണ്ണും മണ്ണും ഞെട്ടുങ്ങീടാൻ
വിക്രമം മൎത്യർ കണ്ടീടാൻ— വന്നീ

2. ഭേരി = പെരുമ്പറ എന്ന വാദ്യം. 3. അരിഗണം = ശത്രുക്കൂട്ടം. 4. ആശ്രിതന്മാർ = ആശ്രയിച്ചിട്ടുള്ളവർ. 5. സമ്പൽഗതി = സമ്പത്താകുന്ന ഭാഗ്യം.

### ചരണങ്ങൾ

൧ കണ്ണിനെമയക്കും പ്രഭ-യന്നു വിളങ്ങും
കണ്ടവർക്കെല്ലാക്കുംമഹാ-അത്ഭുതംതിങ്ങും
സ്വർണ്ണമയമാം ഖെറുബിൻ
സിംഹാസനത്തിലിറങ്ങും
സത്യ ദൈവ പുത്രനായ
സ്വർഗ്ഗനാഥൻ യേശു ദേവൻ— വന്നീ
[ങ്ങും

൨ കാച്ചിയ വാച്ചളപോലെ കാലുകൾമിനു-
കരത്തിലേഴ് [1]താരകങ്ങൾ-കാന്തിയിൽ
ഒച്ചയും കടൽമുഴക്കം [തിങ്ങും
ഒത്തു ഭീതിയോടെ മുഴങ്ങും
ഉന്നതകാഹളം ദൂതർ
ഊതുമേ ഭൂമി കുലുങ്ങും— വന്നീ

[ലിക്കും
൩ അഗ്നിപോലിരുകണ്ണുകൾ-അന്നുജ്വ-
ആദിത്യനുതുല്യം മുഖ-ശോഭ ഫലിക്കും
അന്നു തിരു[2]കേശം ഹിമം
എന്ന പോൽ ശോഭിച്ചിരിക്കും
അത്ഭുതം ഇരുമുന വാൾ ഒത്തീടും
കർത്തനിൻ വാക്കും— വന്നീ

൪ ആരവംചെയ്യുറെദൂതർ-അങ്ങുകൂടീടും
ആ വലിയനാളിൽ കർത്തൻ-ആജ്ഞത-
ആയിരം കോടിയായ് നരർ [ന്നീടും
അങ്ങു തന്മുമ്പിൽ നിന്നീടും
ആവലാധിയേറും ദുഷ്ടർ
ഏറെ പ്രലാപം ചെയ്തീടും— വന്നീ

---

## ൧൯൭ പന്തുവരാളി അടതാളം 197

### പല്ലവി

ത്രിലോക രാജൻ യേശു-പരംലോകാന്ത്യ
കാലേ വരുന്ന ഭദ്രം—

### അനുപല്ലവി

കാലം ഇല്ലതിൽ പിന്നെ-കരുണയില്ലതിൽ പിന്നെ
ഭൂലോകം വിയലോകം-ഭൂതങ്ങളും നശിക്കും— ത്രിലോ

### ചരണങ്ങൾ

൧ മേലെ ദൂതർ പറക്കും-കാഹളം ഊതും-ഭൂലോകവും വിറെക്കും
ഏലോഹിമീഹ തിരിക്കും-ആകാശത്തിൽ-ഏഴിടികൾ മുഴക്കും
കാലുനാഴികപോലും-കാലം താമസിയാതെ
മേലും കീഴിലും ബഹു-ചേലുകേടു ഭവിക്കും
മേഘവും ആകാശവും ചുററും-തിരയ്ക്കു തുല്യം
ഏകമായ് പറന്നു ഗമിക്കും
[3]അർക്കനും അന്ധത ചേരും-വ്യക്തമോ ചന്ദ്രപ്രകാശം
തക്കമെന്ന്യെ ലജ്ജയോടെ ശീഘ്രമങ്ങു മറഞ്ഞീടും— ത്രിലോ

൨ അന്ധകാരം ഭയവും-മിന്നൽ ഇടി-ഗംഭീര ശബ്ദങ്ങളും
സിന്ധുവിൻ ഗർജ്ജനംപോൽ-മനനുടെ-സംസാരശബ്ദങ്ങളും
[4]സ്വാന്തത്തിലുദിക്കാത്ത-സാദൃശ്യത്തിലുച്ചത്തെ
മണ്ഡലങ്ങളും വെന്തു-നീങ്ങിപ്പോയീടും ഹാ ഹാ
സംഖ്യയില്ലാത്ത ദൂരത്തിങ്കൽ-ശോഭ ചിന്തുന്ന
സംഘനക്ഷത്രങ്ങൾ ഗ്രഹങ്ങൾ
ഹന്ത ഭൂമിയിതിന്മേൽ അ-ത്യന്ത തീവ്രത്തോടു വീഴും
എന്തു ഭയങ്കര കാഴ്ച ചിന്തചെയ്യുറിക മർത്ത്യാ— ത്രിലോ

---

1. താരകങ്ങൾ = നക്ഷത്രങ്ങൾ. 2. കേശം = തലമുടി. 3. അർക്കൻ = സൂര്യൻ.
4. സ്വാന്തം = ഹൃദയം.

൩ പർവ്വതങ്ങൾ മലകൾ—സർവ്വം തിരു—ഗർവ്വത്തിൽ വിഭ്രമിക്കും
ഉർവ്വിതങ്കൽ കുലുങ്ങും—നിർവ്വാണമാം—സർവ്വ വസ്തു നശിക്കും
പൂർവ്വ ശക്തികളോടും—ഉർവ്വി രക്ഷകൻ യേശു
സർവ്വർക്കും തെളിവായ്—മേഘത്തിലിരുന്നീടും
ശോഭയുള്ള അങ്കി അരയിൽ—പൊൻ നടുക്കെട്ടും
സൂര്യശോഭപോലെ മുഖവും
തീയുടെ ജ്വാലപോലുള്ള—കണ്ണുകളും പഞ്ഞിപോൽ കേശം
തീയിലെ പിച്ചളപോലെ—പാദശോഭയോടു ഭൂമൌ— ത്രിലോ
൪ ഏഴു നക്ഷത്രം കയ്യിൽ—ചെങ്കോൽ നീട്ടി—ആരവാരം ബഹുധാ
ചൂഴുന്ന സംഖ്യയെന്ന്യേ—തൻ സേവക—ദൂതപ്പടകൾ സത്യം
ഏഴുനിറമായുള്ള—മേഘവിൽ തലയ്ക്കുമേൽ
ഏഴു കാഹളം ദൂതർ—ഊതും ഭൂമി കുലുങ്ങും
പാഴിലായ വ്യാജമാർഗ്ഗികൾ—1വിഗ്രഹാർച്ചികൾ
ദോഷികൾ സത്തുകൾ—അഖിലം
ഭീഷണിക്കാർ ഡംഭികൾ അ—ജ്ഞാനികൾ അന്ധർ ഇത്യാദി
തോഷമോ മാ ഖേദമോ അ—ന്നേരമുള്ളിൽ ധരിച്ചീടും— ത്രിലോ

## 198

ഫൻവ്യ

### നാഗവരാളി—ആദിതാളം

#### പല്ലവി

മനുവേൽ വരുമേ വേഗം ഉണർന്നുകൊൾ—
മനുവേൽ വരുമേ വേഗം [വിൻ

#### അനുപല്ലവി

മനുവേൽ വരുന്ന നാളും
നാഴികയും മനുഷ്യ
തനയന്മാരിലാരുമേ—
യറിയുന്നില്ലഹൊ നൂനം— മനു

#### ചരണങ്ങൾ

2ചോരനെപ്പോലെ വരുന്നു
ഞാനെന്നവൻ തൻ
കാരുണ്യവചനം തന്നിൽ
നേരായുരച്ചിരിക്കു—ന്നോരു വചനം മന—
താരിലുറച്ചു നിങ്ങൾ
ധ്യാനിച്ചു നിന്നീടെണം— മനു

൨

ക്രിസ്തു വരുന്നതിന്നു മുൻ—വിശ്വാസത്യാഗം
ക്രിസ്ത്യാനികളിലുണ്ടാകും
ഒത്തുവരുന്നതിപ്പോൾ
ക്രിസ്തുവർ ക്രിസ്തുവെ വി—
ട്ടത്യന്തദോഷതമാ—
യുറവുള്ളോരിൽ പറവുന്നു— മനു

൩

ക്രിസ്തു വരുന്നതിന്നു മുൻ—പരിഹാസക്കാർ
ക്രിസ്ത്യാനികളിലുണ്ടാകും
ക്രിസ്തു വരുന്നതിൻ വാ—
ഗ്ദത്തങ്ങളെവിടെന്നും
മറ്റും പറയുമതി—
ങ്ങിപ്പോൾ നിവൃത്തിപ്പതാൽ— മനു

൪

അവസാനനാളുകളി—ലനേകർ തങ്ങൾ
ചെവിയെ സത്യം വിട്ടു നീക്കി
കവിതാകഥകളിലേ—
ക്കു മറിഞ്ഞുഴന്നീടും
ഭൂവിലതു നിവൃത്തി—
ച്ചീടുന്നപ്പോളതിനാൽ— മനു

൫

ദുഷ്ടന്മാരനേകരുണ്ടാ—യഹാ വലിയ
ദുഷ്ക്രിയ നടത്തുന്നു
ക്രിസ്തുഭക്ത വേഷത്തെ—
യിട്ടവരതിൻ ശക്തി
വിട്ടു നിഷേധിച്ചു ത—
ന്നിഷ്ടം പോൽ നടപ്പതാൽ— മനു

൬

യേശുവിൻ രാജ്യവിശേഷം—ഭൂലോകമെ—
ഘോഷിക്കപ്പെടെണം നൂനം [ല്ലാം
യേശുവിൻ ദാസന്മാര—
ങ്ങാശയോടെയതിനെ
ഘോഷിച്ചു വരുന്നിപ്പോ—
ളീശൻ കൃപയാലിനി— മനു

1. വിഗ്രഹാർച്ചികൾ = വിഗ്രഹത്തെ പൂജിക്കുന്നവർ. 2. ചോരൻ = കള്ളൻ.

൬

കാഹളത്തോടുമാർപ്പോടു–മഗ്നിമേഘത്തിൽ
കാണപ്പെട്ടുമന്നേരത്തിൽ
ലോകമനുഷ്യരിൻ ക–
ണ്ണാകെ കാണുമവൻ കോ–
ലാഹലത്തോടസംഖ്യ–
ദൂതരായുരുന്നതു— മനു

൭

[1]ക്രിസ്ത്വാഗമനത്തെപ്പററി–ഗണ്യമാക്കാതെ
സ്വസ്ഥരായിരുന്നീടുന്ന
പാർത്തലഗോത്രമാകെ–
യാത്തപരവശരാ–
യ്പാർത്തങ്ങലറി നോക്കും
ക്രിസ്തുവിനെ മേഘത്തിൽ— മനു

൮

വിശ്വാസികളായ്മരിച്ചോരുയിർത്തുവന്നു
മേഘത്തിലെടുക്കപ്പെട്ടും
വിശ്വാസികളായി ജീ–
വിപ്പോരും മററുരൂപം
വന്നങ്ങവ്വണ്ണം മേഘം–
തന്നിലെടുക്കപ്പെട്ടും— മനു

൯

സോദര സോദരികളേ! യേശുക്രിസ്തുവെ
സേവിച്ചു വിശ്വസിച്ചീടിൻ
നാഥൻ വരുന്നതിന്നു
കാത്തിരുന്നീടിൻ ശുദ്ധ
വേദം പഠിച്ചു ദേവ–
ഗീതങ്ങൾ പാടീടുവിൻ— മനു

## ഹിമ്ന് 199

### ഉശേനി — മുറിയടന്തതാളം

### പല്ലവി

യേശു വരുന്നു–അതാ–ശ്രീയേശു വരുന്നു

### ചരണങ്ങൾ

യേശുരാജൻ വ–രുന്നതാ മഹി–
മാസനത്തിലി–രുന്നുകൊണ്ടു തൻ
ദാസരാകുന്ന–ദൂതസേനകൾ
ഘോഷമോടു ച്ച–ഴന്നുകൊണ്ടട്ട–
ഹാസിച്ചിമ്പമാ–യ്ഗീതം പാടി സ–
ന്തോഷിക്കുന്നതു–കേട്ടുകൊണ്ടതാ— യേശു

൨

എളിയ മറിയയി–ലവതരിച്ചവൻ
എളിയ മനുജനായ്–ഭുവി നടന്നവൻ
എളിയവരിരാ–മനുജരെ
വലിയ കരുണയോ–ടരികിൽ ചേർത്തവൻ
കുലുങ്ങവെ ഭൂമി–നടുങ്ങവെ നരർ
വലിമയോടതി–മഹിമയാകവെ— യേശു

൩

യെറുശലേമെന്ന–തിരുനഗരിയിൽ
ഗുരുവായിരുന്നുപദേശം കഴിച്ചവൻ
പരീശന്മാരുടെ–കപടഭക്തിയെ
പരിത്യജിച്ചുപ–ദേശം കൊടുത്തവൻ
പെരിയ അതിശയം–വളരെ ചെയ്തവൻ
പരമലോകം വി–ട്ടരികൾ[2] കാണകവെ—

൪

മർത്യർ ചെയ്ത ക–ടത്തിനായ് ദൈ–
വത്തിനുടെ കോ–പാഗ്നിയാകവെ
ചിത്തത്തിൽ കട–ന്നത്തലോടു വി–
യർത്തു ചോര ജഢത്തിലാകവെ
ഇത്തരം ദണ്ഡമേററു–കൊണ്ടോൻ മ–
ഹത്വമോടു വരത്തിൽ നിന്നതാ— യേശു

൫

ദുഷ്ടയൂദന്മാ–രാൽ പിലാതനു
കെട്ടി വരിഞ്ഞേ–ല്പിക്കപ്പെട്ടവൻ
കഷ്ടം തിരുമേനി–യാകെ കൊരടാവാൽ
ദുഷ്ടരാലടികൊണ്ടു–തളർന്നവൻ
പട്ടണത്തിൻ വെളി–യിൽ ക്രൂശിക്ക–
പ്പെട്ടവനഗ്നി–മേഘത്തിലതാ— യേശു

൬

മൂന്നു ദിനം കഴി–ഞ്ഞുടനെഴുന്നവൻ
മൂത്തസപ്തത്തിൻ–തലയെ തകർത്തോലി–
വെന്നമലയതിൽ–ദാസരോടു ചെ–
ന്നുന്നതത്തിലെ–ഴുന്നു പോയ്മഹാ
ഉന്നതൻെറ വ–ലത്തുഭാഗത്തി–
രുന്നവൻ ഭൂ–വാകെ കാണകവെ യേശു

൭

നാഥനൊരു ചൊൽ–വിളിയുയർത്തവെ
ഭൂതലമതു–നടുനടുങ്ങവെ
ദൂതന്മാരിൽ പ്ര–ധാനി മശിഹാ
രാജൻ വരുന്നെന്നു–നാദമുയർത്തവെ
ദൂതസംഘങ്ങ–ളാകെ–കാഹള–
ൂതവെ ഭൂ–വാകെ മുഴങ്ങവെ— യേശു

1. ക്രിസ്ത്വാഗമനം = ക്രിസ്തുവിൻെറ വരവു.

2. അരികൾ = ശത്രുക്കൾ.

൮

ദൂതന്മാർ തങ്ങൾ-ഭാഷയിൽ പര-
മോന്നതന്റെ പ്ര-താപചരിതങ്ങൾ
മോദമോടു സം-ഭാഷിച്ചു നൃത്ത-
മാടിക്കൊണ്ടിമ്പ-ഗീതം പാടവെ
ദൂതന്മാരിൽ സ-റാഫിമാർ പരി-
ശുദ്ധനെന്നു സ-ദാ ചൊല്ലിടവെ— യേശു

൯

മന്നിലുള്ളവർ-എന്തിനെന്നതി-
ഖിന്നരായഴ-ലോടു കൂടവെ
മന്നർ മന്നന്റെ-മഹത്വവരവതും
ഉന്നിപ്പാർത്തു ചി-ലർ വിറച്ചു ന-
ടുങ്ങവെ ചിലർ-രൂപം മാറിയു-
യർന്നുപോയവ-നോടു ചേരവെ— യേശു

൧൦

രാജരാജന്റെ-യാത്ര-കണ്ടിതാ
ദുഷ്ടമാനുഷർ-ഞെട്ടി വിറെക്കുന്നു
ആധിയോടവ-രലറുന്നു, മഹാ
വ്യാധിപൂണ്ടവ-രായി തീരുന്നു
നീതിയുള്ള വ-രവിനെ കണ്ടതി-
മോദമോടിതാ-ഗീതം പാടുന്നു— യേശു

൧൧

പാർത്തലത്തിലെ-ഗോത്രമാകവെ
പാർത്തു മേഘത്തി-ലലറിക്കരയവെ
കുത്തിയോർ മനം-കത്തവെ പരി-
ശുദ്ധനെക്കണ്ടു-വീണങ്ങലറവെ
ഇദ്ധരയിലെ-ശബ്ദമാകവെ
എത്രയുമുയ-ർന്നീടുമാറതാ— യേശു

൧൨

അന്തിക്രിസ്തനെ-യുമവന്റെ യ-
സത്യദീർഘദ-ർശിയെയുമാ-
യെവ്വുരുകുന്ന-അഗ്നികൂപത്തി-
ലുന്തി ജീവനെ-തോടു തള്ളിയ-
വന്റെയാളുക-ളെയഴിപ്പതി-
നായിതാ-അഗ്നി-മേഘവാഹനെ— യേശു

൧൩

നിദ്രകൊണ്ട വി-ശുദ്ധന്മാരെയു-
യിർത്തെഴുന്നേല്പിച്ച ശേഷമാ-
യുവാർത്തലമതിൽ-പാർത്തുകൊള്ളും വി-
ശുദ്ധരെ മറു-രൂപമാക്കി വി-
ശുദ്ധരോടതി-മോദമായിട്ടി-
പ്പാർത്തലമതിൽ-വാഴ്വതിന്നുമാ— യേശു

൧൪

കാന്തയാകുന്ന യെറുശലേം രത്ന-
കാന്തിയാർന്നുവാനിൽ-നിന്നിറങ്ങവെ
കാന്തനാകുന്ന-യേശുരാജനും
വീണ്ടെടുത്ത-വിശ്വാസികളോടും
ആണ്ടിങ്ങായിരം-വാഴുവാൻ [1]മാ-
ർത്താണ്ഡകോടിയു-ദിച്ചകാന്തിപോൽ— യേ

# WORSHIP AND ORDINANCES
# ശുശ്രൂഷയും വിശുദ്ധകർമ്മങ്ങളും

## At the Beginning of Service
## ശുശ്രൂഷാരംഭം

### ൨൦൦ 200

ഭൈരവി — ആദിതാളം

പല്ലവി

യേശുവേ ഗുരും സഭമേൽ
ആശുവ[2]ന്നാശിഷം താ— ബഹു

അനുപല്ലവി

ആശയോടീ-ദാസർ ചെയ്യും
യാചന കേൾക്കണമേ— യേശു

ചരണങ്ങൾ

൧ നിൻതിരു വാക്യമെങ്ങും
നൽവെളിവു കാട്ടീടുന്നു
സന്തതം കേൾപ്പവർക്കും
സംരക്ഷണവുമതായ്-പിന്നെ
എന്നുകൊണ്ടു പാപശീലം
ഞങ്ങളിൽ നീക്കമില്ല— യേശു

1. മാർത്താണ്ഡകോടി = കോടി സൂര്യന്മാർ.

2. ആശിഷം = അനുഗ്രഹം.

൨ നിന്നുടെ പാട്ടുകളെ
നീ നിനച്ചെങ്ങളുടെ
മന്നവാ കേട്ടുകളെ
മായിച്ചരുളേണമേ—തൃക്കൺ
ഒന്നുകൂടെ നോക്കുമാകിൽ
ഉയിർഗ്ഗുണരാം ഞങ്ങൾ— യേശു

൩ പാവമോ അല്ല നിന്റെ
ബലിയത്രേ താനു വലിപ്പം
കോപമോ അല്ല നിന്റെ
ഗുണം കൃപ താൻ വലിപ്പം—മന-
സ്താപമുള്ള രക്ഷകരാ
തള്ളരുതേ ഞങ്ങളെ നീ— യേശു

൪ താതനും ഞങ്ങളുടെ
1താതയും നീയല്ലയോ?
വേദവും ഞങ്ങളുടെ
ബോധവും അങ്ങനെതാൻ—ഇപ്പോൾ
മോദമായ്നീ താതൻ മുമ്പിൽ
വാദിച്ചരുൾ തരിക— യേശു

൫ മക്കളാം ഞങ്ങളിന്നു
മധുരമോടെ കൂവി
തക്കമേ നിന്നു നിന്റെ
ശരണം തേടുകയാൽ—ഇനി
ഇക്കരെ നിന്നക്കരയി-
ലെത്തുവോളം തുണെക്ക— യേശു

---

## ൨൦൧ 201

### നാഗവരാളി — ആദിതാളം

പല്ലവി

സേനയിൻ യഹോവയെ നീ
വാനസേനയോടെഴുന്നെ-
ള്ളേണമേ സാലേമിതിൽ

അനുപല്ലവി

സീനയെന്ന മാ മലയിൽ
വാനസേനയോടെഴുന്ന— സേന

ചരണങ്ങൾ

൧ ഹീനരാമീ മാനവരിൽ
മാനസം കനിഞ്ഞഹോ
മനുവേലനെ തന്നോരു
പ്രാണനായകാ! ഇന്നേരം— സേന

൨ ശാലമോൻ പണിഞ്ഞതാം
ദേ—വാലയത്തിലന്നനു-
കൂലമോടെഴുന്ന യിസ്ര-
യേലിൻ ദൈവമേ! ഇന്നേരം—സേന

൩ നാലു ജീവികളോടാറു-
നാലു മൂപ്പന്മാർ മദ്ധ്യേ
മാമഹത്വമോടഹോ
സിംഹാസനസ്ഥനായി വാഴും—സേന

൪ യെശായാപ്രവാചകൻ
ക—ണ്ടാലയത്തിലുള്ളതായ
മെച്ചമോടുയർന്നതാം സിം-
ഹാസനസ്ഥനേയിന്നേരം— സേന

൫ ആറു ചിറകുള്ള സ്രാഫ—ദൂ-
തസംഘമാകവെ യ-
ങ്ങാർത്തു പാട്ടുചൊല്ലി സർവ്വ
നാളിലും സ്തുതിക്കുന്നോരു— സേന

൬ നേരായ് നിന്നാത്മാവുരച്ച
കൂറുള്ളോരു ചൊല്ലുകളാൽ നിൻ
ആലയം ചേർന്നോങ്ങൾ പാട്ടു
പാട്ടും കേട്ടനുഗ്രഹിപ്പാൻ— സേന

---

## ൨൦൨ 202

### ഇംഗ്ലീഷ് — ആദിതാളം

പല്ലവി

വരിക2സുരാധിപ—പരമ പരാ—നിൻ
കരുണാസനം വഴി—യായ് സഭയിൽ

അനുപല്ലവി

ഒരുമനസ്സോടു നിൻ—തിരുഭവനെ
വരികോടടിയാർ—വരുന്നതുകാൺ— വരി

ചരണങ്ങൾ

ഭക്തിയോടടിയർ നിൻ—തൃപ്പാദത്തിൽ
പ്രാർത്ഥന ചെയ്തു വ—രം ലഭിപ്പാൻ
നിത്യവും നിൻ വരി—ശുദ്ധാത്മാ
ശക്തിതന്നരുളാൻ—ഭജിച്ചീടുമ്പോൾ— വരി

൨

തിരുമനസ്സിനെക്കുറി—ച്ചൊരുമനസ്സായ്
ഇരുവരോ—മൂവരോ—വരുന്നിടത്തിൽ
കരുണയോടെ എഴു—ന്നരുളുമെന്നു
തിരു3വാചാഅരുളിയ—പരമസുതാ— വരി

---

1. താത = മാതാവു.

2. സുരാധിപൻ = ദൈവദൂതന്മാരുടെ രാജാവു. 3. വാചാ = വാക്കിനാൽ.

൩
വന്നടിയാരുടെ-കന്മഷവും
തിന്മയശേഷവും ദുർമ്മനസ്സും
ഒന്നോടശേഷവും-നീക്കിടേണം
എന്നും മോക്ഷെ-അടിയർ നില്പാൻ—വരി

൪
ദൂതരുടെ സ്തുതി-യിൽ വസിക്കും
നീതിസ്വരൂപനാം-യഹോവായ്ക്കും
ഭൂതലരക്ഷക-മശിഹായ്ക്കും
പരിശുദ്ധാത്മാ-വിന്നും സ്തോത്രം— വരി

## ൨൦൩ 203

### ഭൈരവി — ത്രിസ്വരതാളം

പല്ലവി

പരമദേവാ! നിൻ വിലാസം
അരുൾ ഇന്നേരമേ, കൃപ-വളരും തീരമേ!

ചരണങ്ങൾ

കരുണയാസന പ്രതാപ
സകല വന്ദിത സ്വർ-പരമ ഉന്നതാ! —

൨
സുരവരനരർ നമിച്ചു വാഴ്ത്തും
പരമനായകാ! നൽ-കരുണദായകാ!—

൩
ഉന്നതത്തിൽ നിന്നെന്നെക്കാക്കും
ഒരു പരാപരാ! നൽ-കരുണയംബരാ!—

൪
പെരിയ പാപം തീർപ്പതിന്നവ-
തരിച്ച കർത്തനേ! ഗതി-അരുളും രക്ഷകാ!

൫
നരകമരണം അകററി സകലം
അടിമ വീണ്ടൊരു തൻ-അടിമകൊണ്ടൊരു

൬
ദിനം ദിനം കനിഞ്ഞിറങ്ങുകെങ്ങളിൽ
നീതിവാളനേ! സർവ്വ ജീവപാലനേ!—

## ൨൦൪ 204

### തോടി — ആദിതാളം

൧ വന്നിടേണം യേശുനാഥാ
ഇന്നീയോഗമദ്ധ്യേ നീ
തന്നരുൾക നിൻ വരങ്ങൾ
നിൻ സ്തുതി കൊണ്ടാടുവാൻ

൨ മന്നിടത്തിൽ വന്ന നാഥാ
പൊന്നു തിരുമേനിയേ
നന്ദിയോടിതാ നിൻ ദാസർ
വന്നുകൂടുന്നോ മുമ്പിൽ

൩ താതനേ കൃപാനിധേ
ശ്രീയേശുനാമം മൂലമേ
തന്നിടേണം ആത്മദാനം
പ്രാർത്ഥന ചെയ്തീടുവാൻ

൪ വേദവാക്യങ്ങളെയിന്നു
മോദമോടുൾക്കൊള്ളുവാൻ
താതനേ തുറക്കയെങ്ങ-
ളുള്ളത്തെ തൃക്കൈകളാൽ

൫ പാപമൊക്കെയററു ചൊന്നു
മോചനം ലഭിച്ചീടാൻ
പാപബോധമേകിയിന്ന-
നുഗ്രഹിക്ക ദൈവമേ

൬ ഇന്നു നിൻ തിരുവചനം
ഘോഷിക്കും നിൻ ദാസനും
നിന്നനുഗ്രഹ നിറവിൻ
ശക്തിയെ നല്കീടേണം.

## ൨൦൫ 205

### പോർത്തുഗീസു — ഏകതാളം

൧ വരസുന്ദര-പരമണ്ഡല
വരനേശുനാഥനേ! വന്നരുൾ, സ്വാമിൻ
സ്തുതിമംഗളം ജയമംഗളം
നിനക്കേ യഹോവായേ

൨ ധരമണ്ഡലം—പരമണ്ഡലം
സൃഷ്ടിചെയ്ത ദേവനേ!
വന്നരുൾ-സ്വാമിൻ— സ്തുതി

൩ നരദേവനേ-ഗുരുനാഥനേ!
നരരക്ഷ കർത്തനേ
വന്നരുൾ-സ്വാമിൻ— സ്തുതി

൪ പശുക്കൂടതിൽ-മുഴക്കാടതിൽ
നരനായ കർത്തനേ!
വന്നരുൾ സ്വാമിൻ— സ്തുതി

൫ നരക്കായൊരു-ബലിയായ ദേ-
വനേ പ്രിയ കർത്തനേ
വന്നരുൾ-സ്വാമിൻ— സ്തുതി

൬ മുറിവഞ്ചിനാൽ-നര പഞ്ചപാ-
തകം തീർത്ത കർത്തനേ!
വന്നരുൾ-സ്വാമിൻ— സ്തുതി

൭ തവ ഭക്തരിൽ–ജപം താതൻ മുൻ
ശുഭമാക്കും കർത്തനേ
വന്നരുൾ–സ്വാമിൻ— സ്തുതി

൮ പരമാസനം–കരുണാസനം
വഴി നിൻ സഭയിതിൽ
വന്നരുൾ സ്വാമിൻ
സ്തുതിമംഗളം ജയമംഗളം
നിനക്കേ–യഹോവായേ— സ്തുതി

---

## ൨൦൬ 206

### കാപി — ആദിതാളം

#### പല്ലവി

വാ രക്ഷകാ–ഇക്കൂട്ടത്തിങ്കൽ
വാ രക്ഷകാ–ഇക്കൂട്ടത്തിങ്കൽ

൧ പാപികളായീടും നിൻ
ദാസർ മദ്ധ്യേ വന്നു
ആത്മവരം ചൊരിഞ്ഞീടുവാനായ്—

൨ ഓരോരോ ഉള്ളമതിൽ
ആത്മവെള്ളം നിറഞ്ഞു
വൻ നദികൾ ഇന്നൊഴുകീടുവാൻ—

൩ ലോകത്തെ വേർപിരിഞ്ഞു
വേതാളത്തോടെതിർത്തു
പാപികളെ നിന്നോടണപ്പാൻ—

൪ നീചരാം ഞങ്ങളുടെ
യാചന കേട്ടു തിരു
വായ്മൊഴി പോലിന്നേരത്തിൽ നീ—

൫ പാർത്തു വിളിച്ചീടുമി-
പ്പാതകരിൽ കനിഞ്ഞു
പ്രാർത്ഥന കേട്ടരുൾ തരുവാൻ—

## ൨൦൭ 207

### ക്യാൽ—അടതാളചാപ്പ്

#### പല്ലവി

പരനേ നിന്തിരു മുമ്പിൽ
വരുന്നോരീ സമയേ
ശരിയായ് പ്രാർത്ഥന ചെയ്വാൻ
കൃപയെ തന്നരുൾക

#### ചരണങ്ങൾ

൧ ഉരുകിയിന്നടിയാർ നി-
ന്നോടു യോജിച്ചീടുവാൻ
തരിക നിന്നാത്മാവേ
പുതുമാരിപോലെ— വര

൨ ഞരങ്ങി ഞങ്ങളിൻവേക്കാ-
യിരന്നീടുന്നവനേ
വരികിന്നിയടിയാരിൽ
ചൊരിക നിൻ വരങ്ങൾ— വര

൩ അനുഗ്രഹ മുറിയിൻ പൂ-
ട്ടുകൾ താനേ തുറപ്പാൻ
മനസ്സിന്നേശുവിനോട്
ലയിപ്പാനായരുൾക— വര

൪ ഉണർത്തിക്കും വരമെല്ലാം
ക്ഷണം തന്നീടേണമേ
തുണ നീയെന്നിയെ വേറി-
ല്ലറിഞ്ഞു നല്കേണമേ— വര

൫ പരമാനന്ദ മോദം വ-
ന്നകമെ തിങ്ങണമേ
പരനാം നിന്നോടാനന്ദി-
ച്ചിടുവാൻ നല്കേണമേ— വര

---

# THE LORD'S DAY

# കർത്തൃദിവസം

## ൨൦൮ 208

### ആനന്ദഭൈരവി— ആദിതാളം

#### പല്ലവി

ശാബതാദിനം സ്ഥാപിച്ചരുളിയ
ഉന്നതാ നിനക്കേ സ്തോത്രം

#### അനുപല്ലവി

[ക്കൊണ്ടു
ദൈവവേദ സാരങ്ങൾ ചിത്തത്തിൽ ഉൾ–
വാഴ്ത്തി നിന്നെ പുകഴ്ത്തുവാനും–ആശ്ലേക്കൊണ്ടു

#### ചരണങ്ങൾ

ദേഹഭരണത്തൊഴിൽ ആകെയും ഒഴിച്ചു
ദിവ്യ ചിന്തയാൽ ഞങ്ങൾദിനംഇതെക്കഴിച്ചു

[രിച്ചു
ഏകൻനിൻഅരുൾകൊണ്ടീശുഭനാൾആച-
ഏവരും തിരുനാളായ്കൊണ്ടാടാൻ ഉള്ള-
ഴിച്ചു—

൨

വാനവരോടൊന്നിച്ചു ആവിയിൽ കൂടി
ദേവാ നിന്നെ പുകഴ്ത്തി മംഗളം പാടി
മൺ ഉലകപ്പോർ മദ്ധ്യേ ചാലവെ ചാടി
ജയം അതെടുപ്പതിന്നു നിൻ കൃപ തേടി—

൩

മുക്തിവഴി തടുക്കും ഉല്ലുണം മാററി
മുൻനിന്നെന്നെ നടത്തി മേൽ കരയേററി
സത്യ സഭാജനത്തെ ഏകമായ് പോററി
രക്ഷിച്ചരുൾക നിൻെറ ആവിയെ ചാററി-

---

## ൨൦൯ 209

ആനന്ദഭൈരവി
കാമ്മോദരി } ആദിതാളം

### പല്ലവി

കത്തനേ! ഠരം ദിനം നിൻെറ
ഉത്തമ മണവാട്ടിയാം
സത്യ സഭാ മദ്ധ്യേ വന്നിങ്ങെത്തുക വേഗം

### അനുപല്ലവി

മൃത്യുവെ ഇന്നാളിൽ വെന്നു-
യിർത്തെഴുന്നാദിസൃഷ്ടിത്തിൻ
മസ്തകം തകർത്ത യൂദാ-
ഗോത്ര സിംഹാധിപനാകും— കത്ത

### ചരണങ്ങൾ

൧ ആറുദിനങ്ങൾ കൊണ്ടധി—
കാര വചനത്താലെല്ലാം
പാരിടമതിങ്കൽ പട-
ച്ചൊരു നാഥനേ!
കാരണഭൂതനാം നിന്നെ
നേരോട്ട നരർ സേവിപ്പാൻ
ചാരുതരമേഴാം ദിനം
പൂരണമായ് ശുദ്ധിചെയ്തു— കത്ത

൨ അപ്പനേ! നിൻെറ വേദത്തിൽ
ചൊല്ലപ്പടിപ്രകാരമിന്നും
എപ്പൊഴുതും നടന്നു ധ്യാ-
നിപ്പതിന്നായി
ഉൾപ്പരിതാപങ്ങൾ നീക്കി
സൽപ്രമോദമുള്ളിലാക്കി
അല്പരാമടിയങ്ങൾക്കു
കെൽപു തന്നിടുവാനായ്— കർ

൩ നിന്നുടയ വേദത്തിൽ നി-
ന്നുന്നതാതിശയങ്ങൾ കാ-
ണുന്നതിനെങ്ങൾ കണ്ണുക-
ളിന്നു തുറക്ക
ഇന്നു കേൾക്കുന്ന കാര്യങ്ങ-
ളൊന്നൊഴിയാതെകണ്ടുള്ളം
തന്നിൽ വീണു പതിയുന്ന-
തിന്നു തുണപ്പതിന്നായി— കത്ത

൪ ദുഷ്ടലോകം ജഡം പിശാ-
ചിട്ടിരിക്കുന്ന കണികൾ
കഷ്ടമടിയങ്ങൾക്കയ്യോ
ഇഷ്ടനാഥനേ!
നഷ്ട വലയിൽ വീണക-
പ്പെട്ടു നശിച്ചിടാതെ ക-
ണ്ടിഷ്ടമോടടിയങ്ങൾക്കു
നീട്ടുക തൃക്കൈകൾ വേഗം— കത്ത

൫ നിന്നുടെ ദാസർ പ്രാർത്ഥിച്ചീ-
ട്ടുന്നതിന്നും പ്രസംഗിച്ചീ-
ട്ടുന്നതിന്നും നിന്നാത്മാവെ
ഇന്നു നല്കുക
ഇന്നവരുടെ സേവ നി-
ന്മുന്നിലതി പ്രിയമായ്വി-
ളങ്ങുവതിന്നു തുണപ്പാ-
നുന്നതങ്ങളിൽ നിന്നഹൊ— കത്ത

---

## ൨൧൦ 210

ഇംഗ്ലീഷ് — ആദിതാളം

൧ കർത്തനേ ഠരം ദിനം നീ
കൃപയോടീ സഭയെ
കടാക്ഷിക്കേണമേ
നീ ദയയോടെ വന്നു
നിന്നാശീർവ്വാദം തന്നു
1സന്തതം പാലിക്ക-സന്തതം പാലിക്ക
നമോനമഃനമോനമഃ സന്തതംപാലിക്ക

൨ 2ആശു നീ നിൻ 3മന്ദിരെ
ആഗമിച്ചു ഞങ്ങളിൽ

---

1. സന്തതം = എല്ലായ്പ്പോഴും. 2. ആശു=
വേഗം. 3. മന്ദിരെ = ആലയത്തിൽ.

ആവസിക്കേണമേ! ആവസിക്കേണമേ!
നിൻ കൃപയിൽ വളർത്തി
നാൾക്കുനാൾ ശുദ്ധരാക്കി
നിൻ രക്ഷ നല്കുക—നിൻ രക്ഷ നല്കുക
നമോനമഃ—നമോനമഃ കാത്തുകൊണ്ടീ-
[ട്ടുക

൩ നിൻ വാക്യം ഹൃത്തിലാശു
മുദാ സംഗ്രഹിച്ചിടാൻ
നല്കുക റൂഹായെ—നല്കുക റൂഹായെ
നീ ഭക്തരാക്കിതീർത്തു
താല്പര്യത്തോടെ നിത്യം
കാത്തുകൊണ്ടീടുക—കാത്തുകൊണ്ടീടുക
നമോനമഃ—നമോനമഃ—കാത്തുകൊ-
[ണ്ടീടുക

൪ നാഥനേ നീ [1]ത്വദീയ-
കാലോചനയിൻ കീഴിൽ
നടത്തീടേണമേ
നടത്തീടേണമേ
പിന്നത്തെ നില തരാൻ
മഹത്വത്തിങ്കലേക്കു
കൈക്കൊണ്ടീടേണമേ
കൈക്കൊണ്ടീടേണമേ
നമോ നമഃ നമോ നമഃ
കൈക്കൊണ്ടീടേണമേ.

# HOLY BAPTISM

## ബപ്തിസ്മ

൨൧൧ **211**

പല്ലവി

വന്നാവസിക്കുക (വിശുദ്ധാത്മാവേ!
സ്വർഗ്ഗീയ പ്രാവേ!
ഈ ശിശുവിന്മേൽ)

അനുപല്ലവി

സ്നാപകനാമാത്മാവേ—സ്നാനം ചെയ്ക പരാ
സ്നാനമാം നിന്നഭിഷേകമീപൈതലിൽ
ദാനമതാകേണമേ ഗുണവാനേ— വന്നാ

ചരണങ്ങൾ

ഈ ശിശുവിന്നുടെ മനഃകുരുന്നിൽ
യേശുനാഥൻ നാമം—എഴുതേണമേ
ക്രൂശിലെ സ്വരൂപത്തെ—വരെക്കേണമേ
നാശമാകാതിരിപ്പാൻ [ത്തെ
ദാസൻതൻവേഷം പൂണ്ട—യേശുസ്വഭാവ-
പാപിയിലെഴുതുക—ദിവ്യവിരലിനാൽ
പാപസ്വഭാവമതാകെയകററി നീ—വന്നാ

൨

ജീവൻ വഴി സത്യവും ആകുമേശുതൻ
ജീവമൊഴിപഠിച്ചു- ഈ ശിശു തന്റെ
ജീവകാലം കഴിച്ചു—പിന്നവൻ നിത്യ
ജീവനനുഭവിപ്പാൻ [ന്നു
സത്യംകൊണ്ടരകെട്ടി—മൃത്യുതൻവായിൽനി-
പാലനം ചെയ്യുക—ബാലനാമിവനെ
ചേലോടു കനിയുക—മാലകന്നീടുവാൻ—വ

൩

ക്രിസ്തുവിന്റെകൊടിക്കീഴിൽനിന്നുധൈര്യമായ്
ഉത്തമപോർ ചെയ്യുവാൻ—കൊടുക്കേണമേ
നിത്യബലമിവനു—മരണംവരെ
സത്യസേവ ചെയ്യുവാനും
ഏററിട്ടുള്ളുടമ്പടി—കാത്തുകൊള്ളുവാൻ കൃപ
അരുളുകാ പരനേ—കശ്മലമായുള്ളട-
പൊരുവതിനും കൃപ വിരവോടു വേഗം—

൨൧൨ **212**

ക്യാൽ — ആദിതാളം

പല്ലവി

ഈ ചെറുപൈത (ങ്ങളെ) ലിനെ
ഏറ്റുകൊൾക ഈശോ!—

അനുപല്ലവി

പാരിൽ ശിശുവായുള്ള
പരനേ രക്ഷാകരനേ!

ചരണങ്ങൾ

൧ പണ്ടു ബാലരെ കൈയി-
ലെടുത്തനുഗ്രഹിച്ചോനേ!

1. ത്വദീയ = നിന്റെ.

'പൈതങ്ങൾ എന്റെ വരാൻ
വിട്ടുവിൻ' എന്നരച്ചോനേ! —ഠരം

൨ ബാലകരോടു സ്നേഹം
ഏറിയ നൽ പിതാവേ!
പക്ഷത്തോടീ ബാലരെ (നെ, യെ)
തിരുപുത്രരാ(നാ,ത്രിയാ) ക്കേണമേ—

൩ ബാലക്കും മോക്ഷഭാഗ്യം
ഒരുക്കിയ രക്ഷകനേ!
ബലിചെയ്തു ബാലക്കായും
മരിച്ച ദേവകുഞ്ഞാടേ!— ഠരം

൪ സ്നാനത്തോടെ വിശുദ്ധാത്മാവേ
അരുളേണമേ
നല്ല നിന്മക്കളാ(കനാ,കളാ) യി
വളർത്തി പാലിക്കേണമേ— ഠരം

---

## ൨൧൩ 213

### ഇംഗ്ലീഷ് — ആദിതാളം

൧

വിശുദ്ധാത്മാവേ ശുദ്ധീകരിക്കും ദേവാ [ൾ
അശുദ്ധി നീക്കുവതിന്നായ് വരേണമിപ്പോ-

൨

അശുദ്ധി നീങ്ങുംവണ്ണം കുളിപ്പിക്കുവാൻ
വിശുദ്ധാത്മാ നിനക്കത്രേ കഴിഞ്ഞീടുന്നു

൩

ശിശുക്കളോടലിവുള്ള പരമനേയി
ശിശുക്കളെ കൊണ്ടുവരുന്നു നിന്നരികെ

൪

ശിശുക്കളെ നിനക്കുള്ള വകയായിട്ടു
പതിക്ക നിന്നടയാള മതിരഹസ്യം

൫

യേശുവിന്റെ തിരു ചങ്കു തുറന്നൊഴുകും
വിശുദ്ധ രക്തത്തെക്കൊണ്ടു തളിച്ചീടേണം

൬

പിതാസുതാവിയാം ദൈവമിതു സമയം
ശിശുക്കളെ പരിശുദ്ധീകരിച്ചീടേണം

൭

ജനിപ്പിക്ക പുതുതായി ശിശുക്കളെ നീ
ജ്വലിപ്പിക്ക തവ സ്നേഹമിവരിലിപ്പോൾ

൮

ഇഹത്തിലിവരെ കാത്തു പരിപാലിച്ചു
മഹത്പ്രദേശത്തിലിടം കൊടുക്കേണമേ.

---

## ൨൧൪ 21-

### പന്തുവരാളി — അടതാളം

പല്ലവി

രക്ഷകൻ രാജാവായ്വാഴും

അനുപല്ലവി

ഇക്ഷണം മുതലെന്നും എന്റെ ഹൃദയേ

ചരണങ്ങൾ

൧ ആധിപത്യമവന്റെ
തോളിന്മേൽ വഹിച്ചെന്റെ
അന്തർഭാഗത്തിൻ സർവ്വ
കോണുകളിലും— രക്ഷ

൨ എന്നെ കീഴമർത്തുന്ന
എല്ലാ വൈരികളെയും
വെന്നു നിമിഷംതോറും
എന്നിൽ സാനന്ദം— രക്ഷ

൩ ചിന്തേച്ഛകളഖിലം
സന്തതം വിശുദ്ധമാം
തന്തിരുഹിതത്തിൻ കീഴ്
കൊണ്ടുവന്നെന്നിൽ— രക്ഷ

൪ കേൾക്കുന്നവർക്കു കൃപ
ലഭ്യമായിടാൻ നല്ല
വാക്കുകൾ സദാ നാവിൽ
തന്നുയെന്നുള്ളിൽ— രക്ഷ

൫ തന്നുടെ കുരിശതിൽ
എൻ സ്വയത്തെ തറച്ചു
എന്നുടെ ഹൃദയത്തിൻ
സിംഹാസനത്തിൽ— രക്ഷ

൬ പൊൻവെള്ളി മുതലാമെൻ
സർവ്വ സമ്പത്തുകൊണ്ടും തൻ
പൊന്നിഷ്ടപ്രകാരം ചെയ്തെ-
ന്നിൽ എപ്പോഴും— രക്ഷ

൭ സന്തോഷം സുഖവുമെൻ
അംശമായിട്ടുമ്പോഴും
സന്താപം സഹിക്കുന്ന
കാലത്തിലുമെൻ— രക്ഷ

## ൨൧൫ ഭൈരവി ആദിതാളം 215

### പല്ലവി

യേശുവേ! ദാസരാകും ഞങ്ങളെ അനുഗ്രഹിക്ക!—നിന്റെ

### അനുപല്ലവി

ആശിൎവ്വാദമേകീടുക! ഞങ്ങളിലിന്നുമെന്നും— യേശു

### ചരണങ്ങൾ

൧ നിന്നുടെ ആത്മാവേ നീ ഞങ്ങളിലേക്കയക്ക
വന്നവൻ ഞങ്ങളിന്മേലാവസിച്ചീടേണമേ—മഹാ
ഉന്നതനാമേശുദേവാ നൽവര ദായകനേ— യേശു

൨ നിന്നുടെ കൊടിയതിന്റെ കീഴിലായിന്നു ഞങ്ങൾ
മന്നിടം കായമോടും മന്നിടരാജനോടും—യുദ്ധം
എന്നുമേ ചെയ്തീടുവാനായ്നിൻ ഭടരാക്കേണമേ— യേശു

൩ നിന്തിരു ക്രൂശു ഞങ്ങൾ കൊടിയടയാളമായി
സന്തതം കയ്യിലേന്തി പിന്തിരിയാതെ നിന്നു—മഹാ
അന്ധകാരാധിപതിയിൻ വൻതലയെ തകൎപ്പാൻ— യേശു

൪ തൃക്കരം നീട്ടി ഞങ്ങൾ ശിരസ്സതിൽ വെക്കേണമേ
തക്കതായുള്ള വാഴ്വീമക്കൾക്കരുളേണമേ—നിന്റെ
പൊക്കമുള്ളോരാസനത്തിൻ മേലിരുന്നീദിനം നീ— യേശു

൫ നിന്നുടെ ആവിയാൽ നീ ഞങ്ങളെ ജാതരാക്കി
പൊന്നെറുശാലേമതിൽ വന്നീടും നാൾവരെയും—യേശു
മന്നനേ നിന്നാവിയാൽ നീ കാത്തീടുകിന്നുമെന്നും— യേശു

---

## ൨൧൬ 216

### തോടി — ആദിതാളം

### പല്ലവി

സേവിച്ചീടും നിന്നെ ഞാൻ—എന്നേശുവേ
സേവിച്ചീടും നിന്നെ ഞാൻ

### ചരണങ്ങൾ

ജീവനെനിക്കായി-ക്രൂശിൽ വച്ചുതന്നെൻ
ജീവനെ വീണ്ടെടുത്ത-പ്രാണനാഥാ—

൨

ദേഹംദേഹി ആത്മം-ഏകമായ്, ന്നുനിന്നെ
സ്നേഹമായ് സേവചെയ്വാൻ-താ നിൻകൃപ

൩

പാപം വെടിഞ്ഞുള്ള-പാവന ജീവിതം
പാപഹരാ ഞാൻ ചെയ്വാൻ-തുണയ്ക്കണം

൪

നിങ്കണ്ണാലെന്നെ നീ വഴി നടത്തേണം
നിങ്കരത്താലെന്നെ നീ-താങ്ങീടണം—

൫

എൻ ഹൃദയമിതാ-മന്നവനേശുവേ
നിന്നാവിയാൽ നിറെക്ക-നിൻ സേവയ്ക്കായ്

൬ [ഞാൻ

ലോകം ജഡം പിശാ-ചോടു പോർചെയ്തു
നിങ്കൊടിക്കീഴിൽനിന്നു-ജയം കൊള്ളും—

---

## ൨൧൭ മുഖാരി അടതാളചായ്പ് 217

൧ കാരുണ്യനാം വിശുദ്ധാത്മ-മഹേശപരാ ഇപ്പോൾ—നിന്റെ
കാരുണ്യത്താൽ വന്നീ-ബാലരിലാവസിച്ചീടുക

പാത്തലത്തിൽ നിന്നെ കാ-ത്തിരുന്ന സഭ തന്മേൽ-നിൻെറ
ഉത്തമാനുഗ്രഹം-നല്കുവാനായ്വന്ന ദേവാ

൨ ശൈശവത്തിലവർ-സ്നാനമേററ നാൾതൊട്ടിന്നു—വരെ
ശാശ്വതാത്മാവേ! സംരക്ഷണം ചെയ്തു നീ അവരെ
ആയവർ തങ്ങളിൽ സ്നേഹിതനായിന്നെ ആക്കി—എന്നും
ആനന്ദരായ്വാഴാനേകുകാനുഗ്രഹം ഇപ്പോൾ

൩ സത്യം ഗ്രഹിപ്പാൻ പ്രകാശം നല്കി നിനക്കായി—അവർ
നിത്യം ജീവിപ്പാനുയിരരുളീട്ടുക നാഥാ!
ജീവ മുടി നേടാൻ വിശ്വാസ കാന്തിയെ നല്കുക-ശക്തി
പാപത്തിന്മേൽ ജയം കൊൾവാനനുദിനമേകുക

൪ കാത്തീടേണമേ പരീക്ഷക്കാരൻെറ കണിയിൽ—നിന്നു
മൃത്യുവിൻ നാൾവരെ വിശ്വസ്തരായ് സൂക്ഷിച്ചീട്ടുക
പുണ്യമാം നേച്ചയെ ചെയ്യുന്ന നേരത്തും നിൻെറ—ദാസൻ
ധന്യകരങ്ങൾ വെച്ചാശീർവദിച്ചീടുമ്പോഴും

൫ ശക്തിയുടെ വരമേഴിരട്ടിയായ്പകർന്നു—ഭയ—
ഭക്തികരമാമീനാഴികയെ നീ വാഴ്ത്തീട്ടുക
വന്നീടുക ദേവാത്മാവേ! വന്നോരോ ഹൃദയം—ഇങ്ങു
മന്ദിരമാക്കി നീ ആവാസം ചെയ്യുക നാഥാ!

---

# ORDINATION
# പട്ടംകൊടുക്കൽ

## ൨൧൮ 218

ഇംഗ്ലീഷ് — ആദിതാളം

### പല്ലവി

എഴുന്നരുൾക യേശുവേ!
ഇന്നു ദിവ്യ 1മന്ദിരെ

### അനുപല്ലവി

തൊഴുന്ന നിൻെറ ദാസർമദ്ധ്യേ
2ത്വരിതം നിൻ കൃപാസനേ— എഴു

### ചരണങ്ങൾ

൧ വഴി വെടിഞ്ഞു കാട്ടിനുൾ
വലയും മർത്ത്യക്കൂട്ടത്തെ
തൊഴുത്തിൽ കൂട്ടി ചേർത്തിടാൻ
തുനിഞ്ഞു വന്ന നാഥനേ— എഴു

൨ നിനക്കു കീർത്തി യോഗ്യമേ
നിരന്തരം യേശു ദേവനേ!
വനത്തിൽ ഓടി ഞങ്ങളേ
വരിച്ച ശ്രേഷ്ഠപാലനേ— എഴു

൩ തിരുരക്ഷാ വിശേഷത്തെ
തിരിഞ്ഞു ഘോഷിച്ചീടുവാൻ
തെരിഞ്ഞെടുത്ത ശിഷ്യർക്കു
തെളിച്ചു ബോധിപ്പിച്ച നീ— എഴു

൪ ഇന്നു ദിവ്യ സേവയെ
ഏല്ക്കും നിൻെറ ദാസനി(രി)ൽ
നിന്നനുഗ്രഹങ്ങളെ
നീ പകർന്നീടേണമേ— എഴു

൫ നീതി പൂണ്ടീ ദാസനും(രും)
നിൻ ശുശ്രൂഷ ചെയ്യിടാൻ
നാഥനേ നിന്നാവിയെ
നല്കേണം ഇന്നേരത്തിൽ—

൬ അജ്ഞരിൽ സന്താപവും
ആത്മരക്ഷാ വാഞ്ഛയും

1. മന്ദിരെ = ഭവനത്തിൽ. 2. ത്വരിതം = വേഗത്തിൽ.

ലജ്ജാലാഭം ദ്വേഷവും
ലാഭിപ്പിക്ക നാഥനേ— ഏഴ

൬ വാക്ക ക്രിയയാലുമേ
മർത്യർക്കുപദേശിപ്പാൻ,
കാക്കേണം നിൻ ദാസനെ (രെ)
കർത്തനേ സൽ ഭക്തിയിൽ— ഏഴ

൭ എങ്ങും ദിവ്യ വേലക്കായി
ഏല്പ്പെട്ടും നിൻ ദാസർമേൽ
ഭംഗിയായ് നിൻ ദാനങ്ങൾ
ഭാഗം ചെയ്തീടേണമേ— ഏഴ

൮ കൊയ്ത്തുണ്ടേറെ എങ്ങുമേ
കുറവു നൽ ശുശ്രൂഷക്കാർ
അയയ്ക്ക ലോക നാഥനേ !
അധികം പേരെ വേഗത്തിൽ—ഏഴ

൯ സർവ്വലോകനാഥനേ !
സർവ്വരും നിൻ കീർത്തനം
സർവ്വകാലം പാടുവാൻ
സംഗതി ഉണ്ടാക്കുകേ— ഏഴ

# THE LORD'S SUPPER
# വിശുദ്ധ സംസർഗ്ഗം

## ൨൧൯ 219

### ചെഞ്ചുരുട്ടി — ആദിതാളം

### പല്ലവി

മന്നായെ ഭുജിക്ക-ജീവ അപ്പമാം
മന്നായെ നാം ഭുജിക്ക-ദിവ്യ മൊഴിയാം
മന്നായെ നാം ഭുജിക്ക-

### അനുപല്ലവി

മന്നായാം യേശുവെ നാം
മോദമോടെ ഭുജിക്ക
എന്നേക്കും ജീവിച്ചു
നിത്യാനന്ദം ലഭ്യമാകാൻ— മന്നാ

### ചരണങ്ങൾ

൧ നാശവലയിൽ നാം
ആശയറ്റോരായ്
വാസം ചെയ്യാതെ ശ്രീ
യേശുവേ നമ്പുക
ക്രൂശിൽ പതിക്ക കണ്കൾ
കാരുണ്യവാനെ കാണ്മാൻ
മാ ശാപമെല്ലാമേറ്റ
മാനുവേൽ ചൊന്നപോലെ— മന്നാ

൨ എന്നെ തിന്നുന്നവൻ
എന്നാലെ ജീവിക്കും
എന്നിലോർ പാപി വി-
ശ്വാസം വെച്ചീടുകിൽ
എന്നും ജീവിക്കുമവ-
നെന്നും വിശക്കയില്ല
എന്നും ദാഹിക്കയില്ല
എന്നു ചൊന്ന യേശുവാം— മന്നാ

൩ ജീവപിതാവെന്ന
ഭുവിങ്കലയെച്ചു
ജീവിച്ചീടുന്നതും
താതൻ മൂലമല്ലോ
എന്നെ ഭുജിപ്പവനും
അവ്വണ്ണം ഞാൻ മൂലമായ്
ഉന്നത ജീവനുണ്ടാം
എന്നു ചൊന്ന നാഥനാം— മന്നാ

൪ എന്നിൽ വിശ്വസിക്ക
എന്നിൽ നീ ജീവിക്ക
എന്നുടെ ആത്മ പ്രകാശം
കൈക്കൊള്ളുക
ഇരുളിൽ നടക്കയില്ലാ
ഇടറി വീഴുകയില്ലാ
മരിക്കിലും ജീവിച്ചിടും
എന്നിൽ വിശ്വസിപ്പവൻ— മന്നാ

൨൨൦ ഇംഗ്ലീഷ് 220

൧ വിശ്വാസമോടെ നിങ്ങൾ-ആസ്വദിച്ചുകൊൾവിനെ-
ന്നേശുപരനരുളി-ആശു മുറിച്ചപ്പം താൻ
നല്കി ശിഷ്യർക്കായി-മൊഴി ഏകി
'ചെയ്വീൻ നിങ്ങളിതെന്നോർമ്മയ്ക്കായി'

൨ മന്നൻ യേശുമഹേശൻ-മാനുഷർക്കായ് ചോര
ചിന്നി മരിച്ചതിനെ-ചിന്ത ചെയ്ക തൻ സഭ
കൂടി മോദമോടീ-സ്തുതി പാടി
നന്ദിയോടീ സൽകർമ്മം കൊണ്ടാടി

൩ സ്വർഗ്ഗപുരത്തിനേക-മാർഗ്ഗമല്ലോ ക്രിസ്തു
സ്വർഗ്ഗഅപ്പം ഭുജിച്ചു-സ്വർഗ്ഗവീഞ്ഞു കുടിച്ചു
ജീവൻ നിത്യജീവൻ-അതു യാവൻ
ഇച്ഛിക്കുന്നു! സമ്പാദിക്കുമവൻ

൪ ജീവബലി കൊടുത്ത-ജീവനായകനേശു
ജീവൻ വെടിഞ്ഞതു നിൻ-ജീവനെന്നോർത്തു സ്വർഗ്ഗ
ഭോജ്യം ക്രിസ്തുരാജ്യം-അതു ത്യാജ്യം
എന്നെണ്ണായ്കിൽ നിൻേറതാം ആ രാജ്യം

൫ നുറുക്കി ക്രൂശുമരത്തിൽ-മുറിച്ചു ക്രിസ്തുശരീരം
അറിഞ്ഞു നീ ഭുജിച്ചീടിൽ-നിറയുമേ നിന്നിൽ ജീവൻ
സത്യം ജീവൻ നിത്യം-അല്ലായ്കിൽ മൃത്യു
വന്നു വെട്ടുമേ നിൻ നാശം കൃത്യം.

---

൨൨൧ 221

നാഥനാമക്രിയ — ആദിതാളം

പല്ലവി

കർത്താ നേമിച്ചു-രാത്രിഭക്ഷണം
കർത്താ നേമിച്ചു

അനുപല്ലവി

കർത്താവെടുത്തപ്പം
വാഴ്ത്തി നുറുക്കി പിൻ
ഭക്തന്മാർക്കു താൻ കൊ-
ടുത്തു പറഞ്ഞു

ചരണങ്ങൾ

൧ നിങ്ങളിതു വാങ്ങി
ഭക്ഷിക്കുവിനിതു
നിങ്ങൾക്കുവേണ്ടി നു-
റുക്കപ്പെടുന്നയെൻ
അംഗമാകുന്നിതെ-
ന്നോർമ്മയ്ക്കായിട്ടിതു
മംഗലം വരുമാറു
ചെയ്വിനെന്നാനേശു—

൨ അത്താഴം കഴിഞ്ഞ പി-
ന്നപ്രകാരം തന്നെ
കർത്തൻ പാനപാത്രമെ-
ടുത്തു ചൊല്ലി നിങ്ങൾ
ഒത്തെല്ലാവരുമിതിൽ
നിന്നു കുടിക്കുവിനീ-
പാത്രമെൻ രക്തത്തിൽ പു-
തുനിയമമാകുന്നു—

൩ പാപമോചനത്തിന്നു
നിങ്ങൾക്കും പലർക്കുമായ്
ഓവിയോടൊഴിച്ചയെൻ
ചോരയത്രെയിതു
പാനംചെയ്യുമ്പോളിതു-
യെന്നോർമ്മയ്ക്കായി ചെയ്വിൻ
ഞാനോ നിങ്ങളോടുര-
ചെയ്തിടുന്നേനിതു—

൪ മുന്തിരിവള്ളിയുടെ
അനുഭവത്തെയെന്റെ
തന്തയിൻരാജ്യത്തിൽ
നിങ്ങളോടുകൂടെ
ചന്തമോടു പുതുതാ-
യ്പാനം ചെയ്യുന്നാൾവരെ
ഹന്ത ഞാനിതിൽനിന്നു
പാനംചെയ്കില്ലിനി—

൫ മന്നാ! ജീവമന്നാവേ
നിന്നുടെ മരണത്തെ
മന്നിൽ നീ വരുംവരെ-
യെന്നുമോർപ്പാനായിതു
തന്നരുളിയവനേ!
നിന്നുടെ മാംസരക്തം
തിന്നും കുടിച്ചും നിന്നി-
ലൊന്നാവാനാളാക്കെന്നെ—

---

## ൨൨൨ 222

### പിഹാക് — ആദിതാളം

൧

മനസ്സോടെ ശാപ-മരത്തിൽ തൂങ്ങിയ
മനുവേലേ ദൈവ-ജാതാ!
നിനക്കീ വേദന-വരുത്തിവെച്ചതീ
നീചൻ ഞാന-ല്ലോ

൨

പരമ നീതി എൻ-ദുരിതത്താലെന്നെ
അറിവാൻ നിന്നൊരു-നേരം
പരമൻ നീ അതാൽ-അറിയപ്പെട്ടിടാൻ
ഇറങ്ങിവന്ന-ല്ലോ

൩

മലപോലെ ശാപം-ജ്വലിച്ചിറങ്ങിയ
നിലത്തിൻ പാതകം-മൂലം
അലിഞ്ഞു നീ ശാപം-തലയിൽകൊണ്ടിടാൻ
വലിമ വിട്ട-ല്ലോ!

൪

നന്ദികെട്ട ഠരം-നരരെ നരക
അഗ്നിയിൽനിന്നു-നേടാൻ
മന്നവാ! തിരു-പൊൻകുരുതി നീ
ചിന്നിനിന്ന-ല്ലോ!

൫

ദൈവകോപത്തിൻ ദർശനം വിട്ടു
പാപി ഞാനൊളി-ച്ചീടാൻ
സർവ്വലോകത്തിൻ നായകാ നിൻ വി-
ലാവും വിണ്ട-ല്ലോ

൬

മരിച്ചവർക്ക്-മൂത്തായ് നിൻ ദേഹത്തെ
നുറുക്കിയോ ജീവ-നാഥാ!
മുറിഞ്ഞുടഞ്ഞ നിൻ-തിരുമെയ്യിൻ രക്തം
ചൊരിഞ്ഞല്ലോ പാ-രിൽ

൭

അരിഷ്ടപാപി നിൻ-തിരുപുണ്യങ്ങളിൽ
ശരണംവെച്ചു വ-ന്നല്ലോ
തിരുപ്രതിമയാ-ക്കടിയനെ കൃപ
നിറഞ്ഞ കർത്താ-വേ!

---

## ൨൨൩ 223

൧

പൊന്നേശു നരർ തിരുബലി
മരണം നിനെപ്പാൻ
തന്നാനൊരു നിയമം അതിശയമേ

൨

പൊന്നായ തിരുജഡം നരക്കു
വേണ്ടി നുറുങ്ങി
ഒന്നോടെതിരുരക്തംചൊരിക്കുമെന്നും

൩

അപ്പം ഒന്നെടുത്തവൻ ജപി-
ച്ചു നുറുക്കി നല്കി
തൃപ്പാദം തൊഴുന്ന തന്നുടെ ശിഷ്യർക്കേ

൪

കാസായിൽ [1]ദ്രാക്ഷാരസം പ-
കന്ന്യത്തിയരുളി
ഠരംശോ തൻ രക്തമതെന്നകത്തിരിപ്പാൻ

൫

മാഹാത്മ്യം അതിന്നനവധിയുണ്ടു
രഹസ്യമേ
ഏകൻ പോകുന്നു ബലി കഴിവതിനേ.

---

## ൨൨൪ 224

### പോർത്തുഗീസ് — ഏകതാളം

പല്ലവി

സ്നേഹവിരുന്നനുഭവിപ്പാൻ
സ്നേഹദൈവമക്കളെല്ലാരും കൂടുവിൻ
ജയം ജയം നമുക്കെ

---

1. ദ്രാക്ഷാരസം = വീഞ്ഞു.

അനുപല്ലവി

പക തിങ്ങി ലോകമക്കൾ
പല കുലം ജാതികളായ്
പിരിഞ്ഞു നാൾക്കുനാൾ
പരനോടകലുന്നു— സ്നേഹ

ചരണങ്ങൾ

നമുക്കൊരു പിതാവു തന്നേ
നമുക്കേവക്കും ജീവൻ അരുളീടുന്നതും
ദൈവാത്മാവു തന്നേ
നമുക്കേക രക്ഷകനാം
നമുക്കേവക്കും കുടിയിരിപ്പതിനിനി
സ്വർഗ്ഗം ഒന്നു തന്നേ— സ്നേഹ

൨

നമുക്കേക ഭോജനമേ
നമുക്കേവക്കും നിഴൽ വെളിച്ചമുണ്ണുന്നതും
യേശുനായകനേ
വഴി വാതിൽ സ്നാനമൊന്നേ
ക്രിസ്തു വിധി ചൊല്ലുന്നേരം—നമുക്കെല്ലാവക്കും
വലത്തുഭാഗമൊന്നേ— സ്നേഹ

൩

സ്നേഹക്കുറി തൊട്ടീടേണം നാം
നിയമം ഇതേശുവിൻ ജനങ്ങൾക്കേവക്കും
നിയമിച്ചേശുപരൻ
പക പേയുടെ കുറിയാം
പരനേറെ സങ്കടം കോപവും വരും
പിണങ്ങും ലോകരോടെ— സ്നേഹ

൪

ക്രിസ്ത്യൻ തിരുചിന്ത ധരിപ്പിൻ [വിൻ
കുരിശെടുത്തു താണ്മയോടവൻ പിഞ്ചെല്ലു-
തിരുകൃപ ലഭിപ്പാൻ
ഏകമനസ്സോടെ ജപിപ്പിൻ
അവസാനത്തോളവും നിലനിന്നീടുവിൻ
വരും ഭാഗ്യം നമുക്കേ— സ്നേഹ

---

## ൨൨൫ 225

### മലയാമി — മുറിയടന്തതാളം

ചെയ്യും ഞാനെന്നുമിതു—നിന്നെ
മെയ്യായോർപ്പാനേശുവേ—

ചരണങ്ങൾ

അയ്യയ്യോ നിൻ വചനത്തിൻ പടി നിത്യം
മെയ്യാം വിനയത്തോടെ—എന്റെ
ഇയ്യുലകായുസ്സിൻ നാളെല്ലാം നിൻ മൃതി
മെയ്യായോർപ്പാൻ നിരന്തം— ചെയ്യും

൨

ഗദ്ധശമെനെ സ്ഥലെ നിനക്കുണ്ടായ
വ്യഥയും പോരാട്ടവും—പ്രാണ-
നാഥാ നിൻ രക്തവിയർപ്പും ഞാനെപ്പിധം
ഓക്കാതിരുന്നീടുന്നു— ചെയ്യും

൩

ക്രൂശിലെൻപേക്കു ബലിയായ്ജഗത്തുകൾ-
ക്കീശന്റെ കോപാഗ്നിയിൽ—നസ-
റേശാ നീ വെന്തതും ഓർത്തെന്റെ മാനസം
ക്ലേശിച്ചു നന്ദിയോടെ— ചെയ്യും

൪

എൻനിമിത്തം ചതെക്കപ്പെട്ട നിൻമേനി
എന്നാത്മ ഭോജനമേ—ദേവാ
നിൻരക്തപാനത്താലെന്നാത്മദാഹം തീ-
ന്നെന്നും പ്രമോദിപ്പാനായ്— ചെയ്യും

൫

ഞാൻ വരുവോളമിപ്പണ്ണം ചെയ്യേന്നനിൻ
പൊൻ വചനത്തിൻ പടി—ഞങ്ങൾ
കാൽവരിമേട്ടിൽ ചതഞ്ഞനിൻ പൊന്മേനി
ഓൎത്തനുഷ്ഠിക്കുന്നിതു— ചെയ്യും

---

## ൨൨൬ 226

### കാപി — മുറിയടന്തതാളം

പല്ലവി

പരനേ മമ ചിത്തം
നിറയുന്നു തവ സ്നേഹാൽ
വരണമീ സഭയിൽ നീ
ചൊരിക വരം എന്മേൽ

ചരണങ്ങൾ

൧ ആരുമറച്ചു തള്ളും
നാറ്റം ഉള്ളുമുള്ളോൻ ഞാൻ
നേരെ നിൻ തിരു പീഠം
ചേരാൻ നീ വിളിച്ചതാൽ— പര

൨ പല ദോഷങ്ങൾ ചെയ്തു ഞാൻ
വലിയ ദ്രോഹിയായിട്ടും
വലപോൽ നിൻ പ്രിയമെന്നെ
വലിച്ചീടുന്നതോർത്തയ്യോ— പര

൩ നിൻ ശരീരരക്തങ്ങൾ-
ക്കംശിയായ് ഭവിപ്പാനീ
മൺ ശരീരനോടുള്ള
വാത്സല്യ വിളി കേട്ടു— പര

൭ ശ്ലേച്ഛനാമെനിക്കായ്‌ നീ
ക്രൂശിൽ കാട്ടിയ സ്നേഹം
നിശ്ചയം മറക്കില്ലെ-
യെൻ ശ്വാസമിരിപ്പോളം— വര

൮ നിന്മേശയ്ക്കു മുമ്പിൽ ഞാൻ
എന്നേനിക്കുനികുമ്പോൾ
നിന്മെയ്യ് രക്തങ്ങളാലെ-
ന്നാത്മാവെ തണുപ്പിക്ക— വര

# MARRIAGE

# വിവാഹം

## ൨൨൭ 227

### ദ്വിജാവന്തി — ആദിതാളം

#### പല്ലവി

ഇന്നീ മംഗലം ശോഭിക്കുവാൻ
കരുണ ചെയ്ക
എന്നും കനിവുള്ള ദൈവമേ!

#### അനുപല്ലവി

നിന്നടി കാനാവിൽ മണ-
പ്പന്തൽ പണ്ടലങ്കരിച്ചു
അന്നു രസവീഞ്ഞുണ്ടാക്കി
എന്നപോൽ ഇന്നേരം വന്നു—ഇന്നീ

#### ചരണങ്ങൾ

൧ ആദിമുതല്ക്കൻപേ ധരിച്ചാൻ
നരകുലത്തെ
ആണും പെണ്ണും ആയി നിർമ്മിച്ചാൻ
നീതിവരം നാലും ഉരച്ചാൻ
പെററു പെരുകി
മന്നിടം വാഴ്കെന്നരുൾ വെച്ചാൻ
ആദമാദികൾക്കും അനു-
വാദമേകിയോരു ദേവാ
നീതി പരിപാലിച്ചേശു-
നാഥൻ അന്നു മാനിച്ചൊരു— ഇന്നീ

൨ സത്യസഭയ്ക്കനുകൂലനേ!-സുന്ദരീ സഭ-
യ്ക്കുത്തമനാം മണവാളനേ!
ചിത്തനാഥാനന്ത ബാലനേ!-
പഴയ തണവും
അററ ദേവനേശുപാലനേ!
ഒത്തപോൽ ഗുണാധികാരം
എത്തി മോദമായ് സുഖിച്ചു
പുത്രഭാഗ്യമോടു പാപ-
മുക്തിയും കൊടുക്കുമാറു— ഇന്നീ

൩ ഉത്തമസ്ത്രീ ആയ ബാലയെ
തിരഞ്ഞബ്രാമിൻ
ഭൃത്യവരൻ ചെയ്ത, വേലയെ
തൽഗ്ഗുണാ തുടൻപോലെ
ഇവിടെയും നീ
ചേർത്തരുൾ കല്യാണമാലയെ
നല്ല മണവാളൻ തനി-
ക്കുള്ള മണവാട്ടിയുമായ്
കല്യമോദം ചേർന്നു സുഖി-
ച്ചുല്ലൽ വെടിഞ്ഞീടുവാനും— ഇന്നീ

---

## ൨൨൮ ആനന്ദഭൈരവി ത്രിസ്യരതാളം 228

#### പല്ലവി

യേശുനായകാ! വന്നാലും-തന്നാലും വരം
യേശുനായകാ! വന്നാലും

#### അനുപല്ലവി

ആശീർവ്വാദം ഏകുകിന്നീ ദാസർ കരം ചേരുംനേരം— യേശു

### ചരണങ്ങൾ

൧ തല്പരാകൃപാസനാ മഹത്വ കൃൽ പ്രതാപം!
അത്ഭുതകരാ! കൃപയെ ചെയ്ക, ദയ ചെയ്ക— യേശു

൨ സുന്ദരത്വം ചേൎന്ന മുൻകല്യാണ മണവീട്ടിൽ
ചെന്നരുൾ നീ ചെയ്ത, ദയപോലെ അൻപാലെ— യേശു

൩ ദാസൻ ഏലിയാസരും വിശ്വാസമോട്ട പേശും
വാചകപ്രമാണം നിജമായി വശമായി— യേശു

൪ ഉത്തമസന്മാൎഗ്ഗ നെറി, ഭക്തി സുവിശ്വാസം
നിത്യസമാധാനം ഉററുകാപ്പാൻ ഇവർ വാഴ്പ്പാൻ— യേശു

൫ മംഗല മുറകളിൽ വിളങ്ങി ഗതിയാവാൻ
സംഗതി വരുത്തി സുഖം ചേൎക്ക, ജയം ചേൎക്ക— യേശു

൬ നിത്യശുഭശോഭനമോടെട്ടിശയിലും പെരുകി
പുത്രസുഖമോടിവർ വസിപ്പാൻ സുഖിപ്പാൻ— യേശു

---

## ൨൨൯ ഇംഗ്ലീഷ് ആദിതാളം 229

### പല്ലവി

പരനേശുവേ കരുണാനിധേ വരമേകുക ദംപതികൾ-
ക്കരുളേണമേ കൃപയെ ദിനംപ്രതി മാരിപോൽ ദൈവജാതാ— വര

### ചരണങ്ങൾ

൧ ഏദൻ കാവിലാദം ഹവ്വായെ വാഴ്ത്തിയ ദൈവമേ ഈ സമയം
ഈ ദമ്പതികളിൻ കൈകളെ തമ്മിൽ ചേൎത്തു വാഴ്ത്തീടേണമേ— വര

൨ തവ ദാസരാമിവരൈകമത്യമോടെ വസിച്ചീട്ടുവാനും
അവസാനകാലമണഞ്ഞീട്ടുംവരെ പ്രീതിയിൽ മേവതിനും— വര

൩ പരമാവിയാലിവരെ നിറെക്ക മഹോന്നതനേ ദിനവും
തിരുനാമകീൎത്തിസദാ നിനച്ച തങ്ങൾ വസിച്ചീട്ടുവാനും— വര

൪ പരനേശുതൻ പ്രിയയാം തിരുസഭയെ വരിച്ചാദ്യതിന്നായ്
മരണം സഹിച്ചതുപോലീ ദാസൻ തൻപത്നിയെ ചേൎത്തുകൊൾവാൻ—വ

൫ തവ ദാസിയാമിവളും അനുസരിച്ചീടേണം നിത്യവും തൻ
1ധവനെ പുരാ സാറായും അബ്രാമിനെയെന്നപോൽ മോദമോടെ—വര

൬ പല മാററവും മറിവും നിറഞ്ഞ ലോകേയിവർ നിത്യവും നിൻ
അലിവേററമുള്ളവയാം ചിറകിടചേൎന്ന സുഖിപ്പതിനും— വര

---

1. ധവനെ = ഭൎത്താവിനെ.

# PRAYER IN AFFLICTION

## ദുഃഖസമയത്തേക്കുള്ള പ്രാർത്ഥന

൨൩൦ ചെഞ്ചുരുട്ടി ആദിതാളം 230

### പല്ലവി

താ താ സുഖം പരനേ!-നിൻ ദാസർ(ക്കു) (സീക്കു) നീ

### അനുപല്ലവി

നാഥാ! ദാസർക്കു നിത്യം-നന്മരക്ഷകൾ തന്നു
ഖേദം ഒഴിച്ചു കാത്തു കൃപയെ പ്രകാശിപ്പിച്ചു— താ താ

### ചരണങ്ങൾ

൧. നീയല്ലാതാരു ശരണം-നിൻ മക്കൾക്കു നീ
മനമേ വരുന്നതു കരുണ താമസിക്കല്ലേ
കായം ധരിച്ചു ഭൂവിൻ കഷ്ടങ്ങളെ വഹിച്ചു
ക്രൂശിൽ മരിച്ചുയിർത്തു മേവും കാരുണ്യവാനേ!— താ താ

൨. ദോഷം ക്ഷമിക്ക നാഥനേ!-പാപികൾക്കുള്ള
ഖേദം ഒഴിക്ക നാഥനേ!-ഇന്നേരം തിരു
ത്രാണം അരുളും കൃപ സൂക്ഷ്മം അടിയാർ കാണ്മാൻ
സുഖം കല്പിച്ചീടേണമേ-സന്തോഷ കാരണനേ— താ താ

൩. ഭാഗ്യം തരും പരമനേ!-അനുഗ്രഹങ്ങൾ
ഭോഗം ചെയ്യേണമിപ്പോൾ-സ്തുതി നിനക്കു
ആരോഗ്യം ഇന്നും എന്നേക്കും-ആരോഗ്യം നിൻ കൃപ മൂലം
ആരോഗ്യം കീർത്തനം ചെയ്വാൻ-ഇമ്മാനുവേലേ! ഇപ്പോൾ— താ താ

---

൨൩൧ 231

ആനന്ദഭൈരവി— ഏകതാളം
ക്യാന്ത്

സുഖം അരുൾക യേശു പരിപാലകനേ
രോഗദുരിതം അകറ്റി മോദം അരുളേണ-[മേ

൧

തിരുദാനം മക്കൾക്കേകുവാൻ പരനേ!
അരുളേണം സുഖ ബലവും നായകനേ!—

൨

പാപം ദാസർ ചെയ്തതെല്ലാം നീ ക്ഷമിച്ചു
താപം വേഗം നീക്കി സന്തോഷം താ പര-[നേ!

൩

ശക്തി കാരുണ്യവും ബഹു ഉള്ളവനേ! [മേ
മുക്തിസന്തോഷംസുഖംബലം അരുളേണ-

൪

ചെറ്റും താമസിച്ചീടല്ലേ കേട്ടരുളാൻ
അറ്റമില്ലാത്ത കൃപാകരനേ! കിരണ്യാ!

൫

സർവ്വപുണ്യവാനാം യേശുവിൻ നിമിത്തം
ജപം ഇന്നേരം കേട്ടരുൾക ദൈവപിതാ

---

൨൩൨ 232

ക്യാന്ത് — അടതാളചാപ്പ്

### പല്ലവി

[1]തീരാപത്തി വീണാലും ചീറാതെ മനമേ!
വല്ലഭനേശു നിന്റെ നല്ല താരകനേ

### ചരണങ്ങൾ

നരകപ്പുലി[2]കേസരി പോൽ വന്നാലും
[3]നരകദ്വാരവാരണൻ-സ്മരണം ചെയ്താലും

---

1. തീരാപത്തി = തീരാത്ത ദുഃഖ ആപത്തിൽ. 2. കേസരി = സിംഹം. 3. നരകദ്വാരവാരണൻ = നരകവാതിൽ അടക്കുന്നവൻ.

൨

മരണംനേർക്കെത്തുന്ന[1]തരുണംവന്നാലും
[ല്ലം
മരണം[2]വെന്നോനെ നീ-ശരണം കൊണ്ടാ
൩ [ല്ലം
[3]ഇക്ഷോണിജനം നിന്നെ-[4]തുച്ഛീകരിക്കി-
രക്ഷകനൊരുവന്റെ-പക്ഷം വിടാതെ

൪

പെറ്റ പിതാ നിന്റെ-കുറ്റം എണ്ണുമോ?
ഇഷ്ടനായാൽ നിന്നെ-വിട്ടു വിടുമോ?—

൫

നല്ലാട്ടിടയന്റെ-ചൊൽ കേട്ടു കൊണ്ടാൽ
അല്ലലെല്ലാം തീർന്നു-സ്വർലോകെ വാഴാം—
൬ [ക്കം
കണവനെ പോൽ നിന്റെ-തുണയവനാ-
പ്രണയിനിയിൽനാഥൻ-ദയാഹീനനാമോ?
൭ [നെ
പ്രാണൻ കൊടുത്താത്മ-കാണം ചെയ്തോ-
താണു തൊഴുതു-സേവിക്ക ദിനവും—

## ൨൩൩ 233

കമാസ്സു — ആദ താളം

പല്ലവി

മനുവേൽ മന്നവനേ!-പരനേ!
മനുവായ്വന്നവനേ!

അനുപല്ലവി

മനുവേലേ! നിന്മനമലിഞ്ഞരികിൽ
വരിക വൈകാതെ-പരനേ!- മനു

ചരണങ്ങൾ

൧ കരുണയിന്നുടയോനേ!-എന്നതി
ദുരിതം കാണണമേ
പരവശനായിടുന്നല്ലോയെൻ
പാതകമതിനാലെ—പരനേ-മനു

൨ അപ്പനും അമ്മയുമാ-യെനിക്കു
എപ്പൊഴുതും നീയേ
ഉൾപരിതാപം കണ്ടു കനിഞ്ഞീ-
യല്പനു തുണ ചെയ്ക—പരനേ-മനു

൩ പെരുമഴപോലഗ്നി-യസ്ത്രം
നരരിപുവാം സാത്താൻ
തെരുതെരെയെയ്യുന്നല്ലോ എന്നിൽ
കരളലിഞ്ഞീടണമേ—പരനേ-മനു

൪ ശരണം നീയല്ലാ-തടിയനു
ഒരുവനുമില്ലല്ലോ
മരണം വരെയുമരികിലിരുന്നു
പരിപാലിക്കണമേ—പരനേ- മനു

൫ നിന്നെ വിട്ടിട്ട-ങ്ങടിയ-
നെങ്ങു പോയിടും?
കണ്മണിപോൽനിന്നെഞാൻനോക്കു-
മെന്നരുൾചെയ്തോനേ—പരനേ-മനു

൬ അരികിൽ വരായ്കിൽ നീ
യെന്റെ-മരണം വന്നീടും
കരുണാവാരിധിയേ! വന്നെന്റെ
കരളു തണുപ്പിക്ക-പരനേ-മനു

# BURIAL

# ശവമടക്കം

## ൨൩൪ 234

ചെഞ്ചുരുട്ടി — ആദിതാളം

൧ ഒരിക്കൽ ഏവനും മരിക്കും നിർണ്ണയം
ഒരുങ്ങെല്ലാവരും മരിപ്പാൻ
ദരിദ്രൻ ധനികൻ വയസ്സൻ ശിശുവും
മരിക്കുന്നില്ലയോ ലോകേ

൨ പുരമേൽ മുളയ്ക്കും പുല്ലിനു സമം
നരന്റെ ജീവിതം ഉലകിൽ
വാടി പൊഴിയും പുഷ്പംപോലവൻ
ഓടിപോം നിഴൽപോലെ

൩ നാലു വിരലേ മർത്യനായുസ്സു
നില്ക്കുന്നോരെല്ലാം മായ

---

1. തരുണം = സമയം. 2. വെന്നോൻ= ജയിച്ചവൻ. 3. ഇക്ഷോണി = ഈലോകം. 4. തുച്ഛീകരിക്ക = നിസ്സാരമാക്കുക.

വൃക്ഷനിഴലിൽ നടന്നു ഞങ്ങൾ നാൾ
കഴിക്കുന്നു കഥപോലെ

൪ ആയുസ്സെഴുപതു വർഷമാകിലും
ആയതിൻ ബലം ഖേദം
ആണ്ടായിരം ഒരു ദിവസമായിട്ടു
ആണ്ടവൻ കണക്കാക്കും

൫ മണ്ണാൽ മനയപ്പെട്ട നൽ മേനി
മണ്ണായ് അഴിയും കുഴിയിൽ [ന്റെ
ശ്വാസംനില്ക്കുമ്പോൾ ആത്മാവോത-
വാസം തേടി പോം വേഗം

൬ ഒന്നും നാം ഇഹെ കൊണ്ടുവന്നില്ല
ഒന്നുംകൂടാതെ പോകും
സമ്പാദിച്ചതു പിന്നിൽ തള്ളേണം
നമ്പിക്കൂടല്ലോ ലോകം

൭ കർത്തനേശുവിൽ നിദ്ര കൊള്ളുന്നോർ
വാഴ്ത്തപ്പെട്ടവർ മേലാൽ
ഇഹത്തിൻ ദുരിതം ഒഴിഞ്ഞവർക്കെന്നും
മഹത്തോ ഭാവുകം ലഭിക്കും

൮ ചിത്തം ജ്ഞാനത്തിൽ അഭ്യസിപ്പിപ്പാൻ
എത്ര നാൾ ഇരിപ്പെന്നു
കൃത്യം തിട്ടമായ് ഞങ്ങൾ എണ്ണുവാൻ
കർത്താ! താ ഉപദേശം.

---

## ൨൩൫ 235

### ദ്വിജാവന്തി — ആദിതാളം

#### പല്ലവി

[ൽ നീ
ആശ്വാസം കൊൾക മനമേ–രക്ഷിതാവി
ആശ്വാസം കൊൾക മനമേ

#### അനുപല്ലവി

വിശേഷ പാപത്തിന്നുടെ
വിളവാം മരണഭയം
[1]നിശ്ശേഷം നീക്കിയ നായകൻ
തന്നെ നോക്കി— ആശ്വാ

#### ചരണങ്ങൾ

൧ നമ്പുതൽ അററവരെപ്പോൽ
മരിച്ചവർക്കായ്
[2]കമ്പംകൊള്ളുന്നതെന്തിന്നു
തമ്പുരാൻ മേഘത്തിന്മേൽ
വെളിപ്പെട്ടമ്പോൾ
ഇമ്പമായുയിർക്കുമന്നു
സംഭ്രമത്തോടു കരയേണ്ടാ
ക്രിസ്തേശുനാഥൻ
അൻപോടു ചൊന്ന മൊഴി
സാരം നീ രുചി നോക്കി— ആശ്വാ

൨ കർത്തൻ വരും ആകാശത്തിൽ
ദൈവദൂതന്മാർ
കാഹളം ഊതും നേരത്തിൽ
ധാത്രി തന്നിൽ യേശുവിങ്കൽ
മരിച്ചോരെല്ലാം
ധരിക്കും ജീവൻ പിൻ മേഘത്തിൽ
ആശയായെല്ലും നാമും
അനുരൂപപ്പെട്ടു കൂടെ
യേശുവിനോടൊന്നിച്ചു
[3]ശാശ്വതമായി വാഴും— ആശ്വാ

൩ ജീവനദികൾ ഓടുമേ–യെറുശലേമിൽ
തിങ്ങി ജനങ്ങൾ കൂടുമേ
ദേവഗാനങ്ങൾ പാടുമേ
യേശുക്രിസ്തുവിൻ
ജയത്തെ വാഴ്ത്തിക്കൊണ്ടാടുമേ
ആവിയിലാഹാ! നാമും
അതിനെ അനുഭവിപ്പാൻ
ജീവവചനം തന്നേ
സ്ഥിരമായ്പിടിച്ചുംകൊണ്ടു— ആശ്വാ

---

1. നിശ്ശേഷം = മുഴുവനും, എല്ലാം

2. കമ്പം = ഇളക്കം. 3. ശാശ്വതമായി = എന്നേക്കുമായി.

# HAPPINESS OF HEAVEN

## മോക്ഷാനന്ദം

### ൨൩൬ 236

മാനവതി — ആദിതാളം

പല്ലവി

ആനന്ദപുര—മാനന്ദപുരമേ !
ആനന്ദപുരമേ—പെരിയോരാനന്ദപുരമേ

അനുപല്ലവി

ആനന്ദമല്ലാതൊ—രാമയമില്ലയീ
ആനന്ദപുരത്തിൽ—അതിശയം
ആനന്ദപുരത്തിൽ— ആനന്ദ

ചരണങ്ങൾ

രാജാധിരാജനെ—ഹോവായുടെ പുരം
നല്ല വിലാസമല്ലോ—മഹാപുരം
നല്ല വിലാസമല്ലോ—അലങ്കാരം
നല്ല വിതാനമല്ലോ—അതിശയം
ചൊല്ലാനരിമയല്ലോ
രാജാക്കളാക്കി വാ—ഴിച്ച പുരം മഹാ
യോഗ്യം വികല്പമല്ലാ—അതിലുള്ള
ഭാഗ്യം അതല്പമല്ലാ—സുവിശേഷ
വാക്യം വികല്പമല്ലാ
വാക്യം വികല്പമല്ലാ നമുക്കുള്ള
ഭാഗ്യം അതല്പമല്ലാ— ആനന്ദ

൨

ദൈവദൂതരോടൊ—രുമിച്ചു സംഗീതം
പാടുന്നതെത്ര മോദം—അല്ലേലൂയ്യാ
പാടുന്നതെത്ര മോദം—ഹോശന്നാ
പാടുന്നതെത്ര മോദം—ഒരുമിച്ചു
കൂടുന്നതെത്ര മോദം
നിർമ്മലനായ കു—ഞ്ഞാട്ടിന്റെ രക്തത്തിൽ
മുക്കിയ വസ്ത്രമിതോ—നമുക്കു
കിട്ടിയ വസ്തുവിതോ—ശിരസ്സിൽ
വച്ച കിരീടമിതോ
വച്ച കിരീടമിതോ—ലഭിച്ച
സ്വച്ഛസൗഭാഗ്യമിതോ— ആനന്ദ

൩

ഭൂമിയിൽ നാം പെട്ട—പാട്ടുകൾക്കൊക്കെയും
കിട്ടിയ ഭാഗ്യമിതു—സന്തോഷം
കിട്ടിയ മോക്ഷമിതു—നമുക്കു
കിട്ടിയ സൌഖ്യമിതു—പിതാവി-
ന്നിഷ്ടമായുള്ളതിതു—
സൂര്യനില്ലെങ്കിലും ശോഭ നിരന്തരം
പാലൊഴുകുന്ന ദേശം—മധുരമാം
തേനൊഴുകുന്ന ദേശം—സ്തുതികളാം
പൂ പൊഴിയുന്ന ദേശം
പൂ പൊഴിയുന്ന ദേശം—ജീവനുടെ
നീരൊഴുകുന്ന ദേശം— ആനന്ദ

൪

അനന്തകാലവും—നമുക്കു ദൈവത്തെ
ഭജിച്ചിരുന്നുകൊള്ളാം—ഇനിമേൽ
സ്തുതിച്ചിരുന്നുകൊള്ളാം—സന്തോഷം
സുഖിച്ചിരുന്നുകൊള്ളാം—സുഖാദ്യം
രുചിച്ചിരുന്നുകൊള്ളാം
അന്തമില്ലാതുള്ള—തന്റെ കൃപെക്കായി
അല്ലേലൂയ്യാ പാടുവിൻ—പിതാവി-
ന്നല്ലേലൂയ്യാ പാടുവിൻ—തനയ-
ന്നല്ലേലൂയ്യാ പാടുവിൻ
അല്ലേലൂയ്യാ പാടുവിൻ—1വിമലാവി-
ക്കല്ലേലൂയ്യാ പാടുവിൻ— ആനന്ദ

### ൨൩൭ 237

ബിഹാഗ് — ആദിതാളം

പല്ലവി

യെറൂശലേമെൻ ഇമ്പ വീടെ
എപ്പോൾ ഞാൻ വന്നു ചേരും
ധരണിയിലെ പാടും കേടും
എപ്പോൾ ഇങ്ങൊഴിയും—

ചരണങ്ങൾ

൧ ഭക്തരിൻ ഭാഗ്യതലമേ !
പരിമള സ്ഥലം നീയേ !
ദുഃഖം വിചാരം പ്രയത്നം
നിങ്കലങ്ങില്ലേ !— യെറു

൨ രാവും അന്ധകാരം വെയിൽ
ശീതവും അങ്ങില്ലേ !
ദീപതുല്യം ശുദ്ധരങ്ങു
ശോഭിച്ചീടുന്നേ— യെറു

1. വിമലാവി = വിശുദ്ധാത്മാവു.

൩ രത്നങ്ങളല്ലോ നിൻമതിൽ!
പൊന്നും മാണിക്യങ്ങൾ!
പന്ത്രണ്ടു നിൻ വാതിലുകളും
മിന്നും മുത്തല്ലോ!— യെറു

൪ യെറുശലേമെൻ ഇമ്പവീടെ
എന്നു ഞാൻ വന്നു ചേരും!
പരമരാജാവിൻ മഹത്വം
അരികിൽ കണ്ടീടും!— യെറു

൫ ശ്രേഷ്ഠനടക്കാവുകളും
തോട്ടങ്ങളും എല്ലാം
കാട്ടുവാനിണയില്ലാത്ത
കൂട്ടമരങ്ങൾ— യെറു

൬ ജീവനദി ഇമ്പശബ്ദം
മേവി അതിനൂടെ
പോവതും ഓരോ വൃക്ഷം
നില്പതും മോടി— യെറു

൭ ദൂതരും അങ്ങാർത്തു സദാ
സ്വരമണ്ഡലം പാടി
നാഥനെ കൊണ്ടാടീടുന്ന
ഗീതം മാമോദ്— യെറു

൮ യെറുശലേമിൻ അധിപനീശോ
തിരുമുൻ ഞാൻ സ്തുതി പാടാൻ
വരുംവരെയും അരികിൽ ഭവാൻ
ഇരിക്കേണം നാഥാ— യെറു

## ൨൩൮ 238

### അസാവേരി — ആദിതാളം

പല്ലവി

മംഗളം ജയ മാനം സ്തുത്യവും
1സിംഹാസനാരൂഢനെന്നും

അനുപല്ലവി

ഭംഗിയിൽ പത്മ-രാഗം യശസ്സിയും
പുംഗവന്നിണ-ഇല്ലൊരല്പവും—
[മംഗ

ചരണങ്ങൾ

൧ തൻസിംഹാസന-മതിന്നു ചുറ്റും
വൻമരതക-ധനുവും ചുറ്റും
പൊൻമുടിയോടു-പീഠങ്ങൾ മേൽ
ഇരുപത്തുനാലു മൂപ്പന്മാരുണ്ടു— മംഗ

൨ മിന്നി ഇടി-മുഴങ്ങി ബഹു
ജനശബ്ദം പോൽ-കേൾക്കും
2വഹ്നിപോലെ-ഏഴു തിരു-
ആവികളും-വിളങ്ങിനില്ക്കും— മംഗ

൩ പളുങ്കിന്നൊത്ത-സ്ഫടികക്കടൽ
3പളിരൊന്നുണ്ടാം അതിനു മുമ്പിൽ
വെളിഞ്ഞകവും-കൺ നിറയും
വലിയ ജീവികൾ-നാലങ്ങുണ്ടു— മംഗ

൪ സിംഹം 4വൃഷഭം-നരമുഖവും
ഗരുഡനിവ-സ്ഥവ സമവും
ഇരുമൂന്നു-ചിറകണിഞ്ഞിവ
പെരിയആസനം.വഹിച്ചുനില്ക്കും.മം

൫ എക്കാലം-ഉള്ള സർവ്വ-
ശക്തനായ-ദൈവപിതാ
ശുദ്ധൻ പരി-ശുദ്ധനെന്നിവ
നിത്യം പരി-കീർത്തിക്കുന്നു— മംഗ

൬ 5അഞ്ജസാ നാ-ലാറു പേരും
ആജ്ഞയോടാ-സനത്തിൻ മുമ്പിൽ
ശക്തി ബഹു-മാനം സർവ്വം
അത്യുന്നത-ന്നെന്നും വാഴ്ത്തും— മംഗ

൭ ഇത്തരം സ്വ-ർല്ലോക ശ്രേയ-
സ്സത്യന്തമു-ണ്ടവയെ ചൊൽവാൻ
പാർത്തലത്തിൽ-വചനമില്ലാ
ഓർത്തറിവാൻ ഹൃദയമില്ല— മംഗ

## ൨൩൯ ഖണ്ഡങ്ങൾ 239

ശോഭയേറും നാടു, സ്വർഗ്ഗ-നാടുന്നത ദേശം
ശുദ്ധിമാന്മാരാനന്ദിച്ചു വാഴും ഭാഗ്യവാസം

൧

പാപ താപ ശാപങ്ങളില്ലാത്തപുണ്യദേശം
ഭക്തരാഘോഷിച്ചു ഹല്ലേലൂയ്യാപാടുംദേശം
[ശം

൨

സ്വർണ്ണകാന്തിയിൽ വിളങ്ങും ശോഭനപ്രദേ
സ്വർഗ്ഗകനാൻനാടു മാവിസ്താരപറുദീസാ

൩

പാലൊഴുകും തേനുംഒഴുകും ഭാഗ്യകനാൻദേശം
പാടിയാൽ തീരാത്ത പരമാനന്ദപ്രകാശം

1. സിംഹാസനാരൂഢൻ = സിംഹാസനത്തിന്മേൽ കരേറിയിരിക്കുന്നവൻ.

2. വഹ്നി = അഗ്നി. 3. പളിരെന്നുണ്ടാം = മിന്നിക്കാണും. 4. വൃഷഭം = കാള. 5. അഞ്ജസാനാലാറുപേരും = ഉടനെ ഇരുപത്തുനാലുപേരും.

൩

ദേവദൂതന്മാർ അണിയിട്ടീടും സ്വർഗ്ഗലോകം
ദിവ്യരൂപം കണ്ടു ഭക്തർ സേവിച്ചീടുംലോ-
കം

൪

രക്തസ്സാക്ഷിക്കാർ ജയം കൊണ്ടാടും പര-
ലോകം
രക്ഷകൻ ക്രിസ്തേശു സർവ്വമാന്യനായലോകം

൫

മുമ്പു ലോകംവിട്ടുപോയബന്ധുക്കളുറോം
മോദമായിട്ടേകനെ കണ്ടീടുന്നെയെല്ലാരു

൬

ആയിരം വർഷങ്ങളല്പനേരമെന്നപോലെ
ആയിടും സ്വർഗ്ഗലോകം മഹാത്ഭുത-
മതാ

# CLOSE OF SERVICE

## ആരാധനമംഗളം

൨൪൦ പോത്തുഗീസ് ഏകതാളം 24

൧

അനുഗ്രഹ–ത്തോടെ ഇപ്പോൾ–അയക്ക
അടിയാരെ യഹോവായേ!
മനസ്സലി–വുടയ മഹോന്നത പരനേ!
വന്ദനം നിനക്കാമേൻ

൨

കരുണയിൻ–ആസനത്തിൽ–നിന്നു
കൃപ അടിയങ്ങൾമേൽ

[പക

വരേണം എ–ല്ലായ്പ്പോഴും ഇ രിക്കേണം–ര
വന്ദനം നിനക്കാമേന

൩

തിരുസമാ–ധാനവാക്യം–ദാസരിൽ
സ്ഥിരപ്പെടാൻ–അരുൾക ഇപ്പോൾ
അരുമനിജ–വേദത്തെ അരുളിയ പര
ഹാലെല്ലൂയാ! ആമേൻ.

# MISSIONARY LYRICS

## സുവിശേഷകഗീതങ്ങൾ

൨൪൧ വേടക ആദിതാളം 24

### പല്ലവി

ചൊന്നാൻ ശ്രീയേശുരാജ–
നെന്നു ജാതികളോടു
ചൊല്ലേടോ മനുനന്ദനാ!

### അനുപല്ലവി

മന്നവ മന്നൻ പര–
മോന്നത ദൈവപുത്രൻ
മന്നിടെ നരനായ്പ്പി–
റന്ന മനുവേലന്നു— ചൊന്നാ

### ചരണങ്ങൾ

൧ പുല്ലാകുന്നിതു ജഡ–
മെല്ലാമോക്കിലതിൻറ
ചൊല്ലാനുള്ള ഭംഗിക–
ളെല്ലാം പൂവിനു തുല്യം
പുല്ലുണങ്ങുന്നു പൂ–
വെല്ലാം വാടുന്നെന്നാലെൻ
ചൊല്ലെന്നും നിലനില്ക്കു–
മില്ല സംശയമെന്നു— ചൊന്ന

൨ എന്നിൽ വിശ്വസിക്കുന്ന-
വന്നു നിത്യമരണം
വന്നിടാതവൻ മോക്ഷ
1മന്ദിരെ വാഴ്വവാനാ-
യുന്നിതു ദൈവം കനി-
ഞ്ഞെന്നെ നിങ്ങൾക്കാകയാ-
ലെന്നിൽ വിശ്വസിച്ചു നി-
ന്നീടിൽ ജീവനുണ്ടെന്നു— ചൊന്നാ

൩ ദുഷ്ടൻ മരിച്ചു നിത്യ
കഷ്ടതയിങ്കൽ വീണു
നഷ്ടമാകുവാനെനി-
ക്കിഷ്ടമില്ലായ്കയാലെ-
ന്നിഷ്ടമറിഞ്ഞവൻ തൻ
ദുഷ്ടത വെടിഞ്ഞു വി-
ശിഷ്ടനായ്ടിലാത്മ-
നഷ്ടനാകയില്ലെന്നു— ചൊന്നാ

൪ കണ്ടാലുമെല്ലാമെന്നാ-
ലുണ്ടായിതെന്നിൽ നില-
കൊണ്ടിരിക്കുന്നി തവ
പണ്ടേ തന്നെ ഞാനല്ലാ-
തുണ്ടോ രക്ഷകനവ-
2ണ്ടലിൽ പോകുവാൻ വേറി-
ട്ടുണ്ടെങ്കിലതു നോക്കി-
കണ്ടു ചൊല്ലുവിനെന്നു— ചൊന്നാ

---

## ൨൪൨ 242

### ശങ്കരാഭരണം — ആദിതാളം

**പല്ലവി**

നാഥാ! നീ വേഗം ചൊരിക
പുറജാതികളിൽ കൃപ
മാരി നിറവാ(യ്)— നാഥാ

**അനുപല്ലവി**

നാഥാ വലങ്കൈയി-ടങ്കൈ യേതെന്നു
ഏതുമറിയാത്ത-ജാതികളിൽ നീ—നാഥാ

**ചരണങ്ങൾ**

നിന്നുടെ സന്തതി തന്നിൽ-ഭൂമി
തന്നിലെ ജാതികളാകവെ തന്നേ
നന്നായനുഗ്രഹി-ക്കപ്പെട്ടുമെന്നു
അന്നബ്രഹാമോടു-ചൊന്നപോലിന്നു—നാ

൨
എന്നോടു ചോദിച്ചീടുക-എന്നാൽ
നിന്നവകാശമായ് ജാതികളാകെ
തന്നീടുമെന്നു നിൻ താതൻ നിന്നോടു
ചൊന്ന വചനമോ-ർത്തിന്നു കനിഞ്ഞു—നാ

൩
നിന്നിൽ മനം തിരിഞ്ഞീട്ടും-കടൽ
തന്നുടെ കൂട്ടങ്ങളാകവെ തന്നേ
വന്നീടും ജാതികൾ-തങ്ങളിൻ കൂട്ടം
നിന്നരികെയെന്നു-ചൊന്നില്ലയോ നീ!—

൪
തൊഴുത്തിതിലുള്ളതല്ലാതെ-ഇനി
വരുത്തേണ്ടുമാടുകളെനിക്കുണ്ടുവേറെ[ഴിഞ്ഞ
അവയുമെൻസ്വരത്തെ-കേട്ടിടുമെന്നു മൊ-
പ്രവചനനിവൃത്തിക്കു-സമയമിതല്ലോ— നാ

൫
ജാതികളാമവകാശം-മഹാ
പാതകന്നാധീനമായെത്ര കാലം
നാഥാ കൊടുക്കുമ-വക്കു നീ ചെയ്തു
മോദവാഗ്ദത്തങ്ങ-ളാകെ നീയോർക്ക— നാ

൬
നിനുവ പുരി തന്നിൽ വാണ-നൂ-
റ്റിരുപതിനായിരം പേർകളിലധികം
മനുജരെ കണ്ടു നിൻ-മനമലിഞ്ഞല്ലോ
മനമലിവില്ലയോ-തുകയില്ലാ നരരിൽ—നാ

൭
ചങ്കിലെ ചോരയിൻ നേട്ടം-മഹാ
സങ്കടത്തിൽ വീണുഴലുന്നു കഷ്ടം
കങ്കളാൽ നോക്കി ക-രളലിവോടു
തങ്കക്കരങ്ങളെ-കൊണ്ടെടുക്കേണം— നാ

൮
ജാതികൾ ശാല നിറവാ-നതിൻ
വാതിൽ തുറന്നീടാനായ്തിന്നാത്മാവാൽ
നാഥാ! കനിഞ്ഞീയ-പേക്ഷ നീ വേഗം
മോദമായ്കേട്ടു കൃ-പയരുളേണം— നാ

---

## ൨൪൩ കുമ്മി 243

ജാതികൾക്കെല്ലാമെ-പ്രാർത്ഥിക്കുന്നു
ഞങ്ങളാദിനാഥാ നിന്നാൽ-സൃഷ്ടരവർ
ഏകം3ജനിമൃതിയുണ്ടവർക്കായവ- [ക്കാ
ക്കാകവെ ചിന്തി ശ്രീ-യേശുരക്തം-അവ-

---

1. മന്ദിരം = ഭവനം. 2. ഇണ്ടൽ=ദുഃഖം.

3. ജനിമൃതി =ജനനവും മരണവും.

൨
സത്യവേദത്തെ പഠിച്ചങ്ങു ബ്രാഹ്മണർ
നിത്യവും ക്രിസ്തുപ്ര-സംഗികളായി
ജാതിനിഗളം വെടി-ഞ്ഞാത്മനി വിന-
യാദി ചമയമ-ണിഞ്ഞീടേണം-വിന

൩
വാനവകാശമ-പേക്ഷിച്ചു തങ്ങടെ
മാന ധന ശക്തി-നിരേറതാക്കി
1സാനന്ദം ദുർമ്മരി-യാദ വിട്ടു ശൂദ്രർ
മാനസെ ശുദ്ധിമാ-ന്മാരാകേണം-ശൂദ്രർ

൪
മെയ്യ്വെളിച്ചത്തെക്ക-ണ്ടീഴവർ ചാന്നാന്മാർ
ദൈവത്തെ വാഴ്ത്തേണം-വീട്ടുതോറും
നാശദുർവ്വൃത്തങ്ങളെ വെടിഞ്ഞു ക്രിസ്തു-
യേശുമഹിമയ്ക്കായ്ജ്ജീവിക്കേണം-ക്രിസ്തു

൫
ചിത്തസ്വാതന്ത്ര്യമ-പേക്ഷിച്ചു നികൃഷ്ട
ശക്തനടിമക-ളായ്പ്പുലയർ
ദുഷ്കൃതം വിട്ടു പ-റയരും ക്രിസ്തുവി-
2ലുൽകൃഷ്ടബുദ്ധികളാ-കവേണം-അവർ

൬ [ഞ്ഞേക
ജാതികൾ തമ്മിൽ വൈ-രാഗ്യം വെടി-
ജാതിയും തങ്ങളി-ലൈക്യവുമാ (യി)
ദൈവംപിതാവെന്നും-നമ്മിലോരോരുവൻ
തമ്മക്കളെന്നും സ്നേ-ഹിക്കവേണം-അവർ

൭
കർത്താ തിരുസ്നാന-വിശ്വാസമേകമായി
കർത്താവിലെല്ലാരു-മൊന്നാകേണം
തർക്കം കലഹം വി-ണക്കം നിലയറ്റു
സ്വർഗ്ഗീഭുവിലാരംഭിക്കേണം-സ്വർഗ്ഗരാജ്യമീ

---

## ൨൪൪ 244

### ദ്വിജാവന്തി—ത്രിപുടതാളം

**പല്ലവി**

ദേശം രക്ഷിക്ക-ദയയുള്ള യേശുദേവനേ!

**അനുപല്ലവി**

ഈശനേ! ബഹുഭംഗിയും സമ-
ഭൂമി കുന്നുകൾ കാടുകൾ കൃഷി-
യും സുഭിക്ഷവുമുള്ള വഞ്ചിപ-
ധർമ്മ രാജ്യമതായ ഞങ്ങടെ— ദേശം

**ചരണങ്ങൾ**

കേരളമതിൽ-തിരുവിതാം-കോട്ടുഭൂമിയെ
കാരണവന്മാ-രിരുന്നവേ-ണാട്ടുദേശത്തെ
പുരാണാതിശയങ്ങളാൽ മൃഗ-
പക്ഷി വൃക്ഷഫലങ്ങളാൽ വില-
യേറുമാത്മമതുള്ള പല ഗോ-
ത്രങ്ങളാൽ നിറവായ ഞങ്ങടെ— ദേശം

൨
പത്മനാഭ നി-ന്നടിമ വൻ-കൂരിരുളിലും
ആത്മരക്ഷയി-ന്നറിയായ്മ-ദൈവമത്സരം
തിന്മയാം പൈശാചവിഗ്രഹ-
വന്ദനാദികൾ മൂലമായി ബഹു
കന്മഷങ്ങൾ നിറഞ്ഞ പല നര-
ദേഹികൾ നിലയുള്ള ഞങ്ങടെ— ദേശം

൩ [ടിക്ക
ഞങ്ങളുള്ളത്തിൽ-സ്വർഗ്ഗീയപ്ര-കാശം ശോ-
ഞങ്ങളോടെന്നും-ദിവ്യകൃപ-കൂടെവാഴ്ക
മംഗലൻ വിമലാത്മദേവനൊ-
ഴിച്ചു കന്മഷമൊക്കെയും ഹൃദ-
യങ്ങളിൽ നിറവായി യേശുവി-
ന്നൻപുകൊണ്ടണിയിക്ക-ഞങ്ങടെ— ദേ

---

## ൨൪൫ 245

### മലയാമി — അടതാളം

**പല്ലവി**

തിരുവാംകോടേ നിനക്കേ രക്ഷ—
വരുന്നതും എന്നാളോ?

**ചരണങ്ങൾ**

പരിചോട്ടു ശാസ്ത്രങ്ങൾ-വിദ്യകൾ വർദ്ധിച്ചു
വരുന്നു നിന്നിൽ ബഹുത്വം—കീർത്തി
പെരുകിയ വഞ്ചിമ-ഹീപതി താനു നിന്നെ
ഭരിക്കുന്നു കീർത്തിയോടെ— തിരു

൨
മേട്ടം മലകൾ ക-രനിലം നീർനിലം
മോടി കടൽ നിലയും—നിന്നിൽ
കേട്ടുകൂടാതെ-അടങ്ങിയിരിക്കയാൽ
കൂട്ടുന്നു നിൻ മഹത്വം— തിരു

൩
നീതിന്യായങ്ങളും-നാഗരികങ്ങളും
ഏതെല്ലാം വർത്തകവും-ലോകർ
ബോധിച്ചു കൊണ്ടാട്ട-വാൻ പെരുകീടുന്നു
ഭേദമെന്ന്യേ ദിനവും— തിരു

---

1. സാനന്ദം = ആനന്ദത്തോടുകൂടി.
2. ഉൽകൃഷ്ടം = ശ്രേഷ്ഠം.

൪

കീൎത്തി ഇതെല്ലാം ഇ-തുന്നാളും നിന്നുടെ
മാൎഗ്ഗത്തെ നോക്കീട്ടമ്പോൾ—അയ്യോ
ആൎത്തിയേറുന്നു, മൂ-ഢത്വം അജ്ഞാനവും
മാത്രം നിൻ മാൎഗ്ഗമല്ലോ— തിരു

൫ [വില്ലുൾ

എത്രയോ ക്ഷേത്രങ്ങൾ,-ബിംബങ്ങൾ കോ
ചിത്രമേ ചെയ്തുവെച്ചു-അവ
അത്രയും നിൻ ആത്മ-നാശം വരുത്തുന്ന
ശത്രുക്കൾ എന്നറികാ— തിരു

൬

ഏക സത്യദൈവ-ത്തെയും നൂതൻ യേശു
ലോകരക്ഷകനെയും ചേൎന്നു-
ഏകൻ അരുളിയ-ക്രിസ്തുവേദം ഇതിൽ
വേഗം നീ കൂടിക്കൊൾക— തിരു

൭

ശ്രേഷ്ഠതയായ് വിള-ങ്ങീടുന്നു നാടെങ്ങും
വാടാതെ ക്രിസ്തുസഭ—കണ്ടും
കേട്ടുംവരുന്ന നീ-താമസം ചെയ്യാതെ
നേടിക്കൊൾ ആത്മരക്ഷ— തിരു

---

## ൨൪൬ 246

### മലയാമി — അടതാളചാപ്പ്

#### പല്ലവി

ദേവാ കടാക്ഷിക്കുക-കൊച്ചി
ദ്ദവാസികളെയെല്ലാം

#### ചരണങ്ങൾ

അബ്രഹാമിന്നുടെ വംശക്കാരും തവ
സ്വന്ത ജനവുമാകും—യൂദർ [ണ്ടു
അബ്രാമിൻ പാലകനാം നിന്നെക്കൈക്കൊ-
വിഭ്രമമെന്യേ വാഴാൻ— ദേവാ

൨

യിസ്രായേൽവംശക്കാരായുള്ള സൎവ്വരും
രൂക്ഷത വിട്ടു വേഗം—തവ
ഭക്തരായ് സൌമ്യസ്വഭാവസംയുക്തരായ്
വൎത്തിച്ചുകൊണ്ടീടുവാൻ— ദേവാ

൩

ഉൽകൃഷ്ടജാതിയെന്നുള്ളോരു തള്ളലാൽ
ഉള്ളം തെളിഞ്ഞിരിക്കും—ജനം
ഉൽകൃഷ്ടരായി ഭവിപ്പതിന്നു നിന്നെ
ഉത്സാഹമായി ഭജിപ്പാൻ— ദേവാ

൪

അന്തണർ ചൊല്ലു കേട്ടായതുപോലവെ
സന്തതം വൎത്തിച്ചിടും—നരർ
അന്ധക്കു കാഴ്ചയെ നല്കും തവാന്തികെ
ആദരാൽ വന്നീടുവാൻ— ദേവാ

൫ [ഴും

ആത്മാവിൻകാൎയ്യത്തിൽ ചിന്തയെന്യേവാ-
ഠരം രാജ്യവാസികൾക്കു—എല്ലാം
ആത്മരക്ഷാകരനാകിയ നി-ന്നിൽനി-
ന്നാത്മ രക്ഷ ലഭിപ്പാൻ— ദേവാ

൬

മൂഢഭക്തിയിൽ മുഴുകിയ ക്രിസ്തുവ-
രാടൽ കൂടാതെയഹോ—വേഗം
നീ മാത്രമേകമദ്ധ്യസ്ഥനെന്നറി-
ഞ്ഞാത്മശുദ്ധി പ്രാപിപ്പാൻ— ദേവാ

---

## ൨൪൭ 247

### സൌരാഷ്ട്രം — ആദിതാളം

#### പല്ലവി

പറവാൻ വരമരുളുക-ദേവാത്മാവേ! നീ
പറവാൻ വരമരുളുക

#### അനുപല്ലവി

പറവാൻ വരമരുൾക-പരമഗുരുവാമേശു
ചരിതമെല്ലാവൎക്കുമ-
ങ്ങറിവാൻ തക്കവണ്ണമായി— പറ

#### ചരണങ്ങൾ

൧ പറവാൻ സഭാമദ്ധ്യത്തിങ്കൽ
നില്ക്കുമ്പോൾ നിങ്ങൾ
പറയേണ്ടും കാൎയ്യങ്ങളെല്ലാം
പറവാനറിവും നാവും
പരമപിതാവിന്നാത്മാ-
വരുളീടും നിങ്ങൾക്കെന്നു
ഗുരുവേശു ചൊന്നപോൽ— പറ

൨ അറിവിൽ ശിശുവാകുന്നോരു
അടിയനെ നീ
വെറുതെ ഇരുത്തീടരുതേ
തിരുവേല ചെയ്വതിന്നും
തിരുവാക്യങ്ങളിൻ സാരം
തെളിയിച്ചെന്നുള്ളിൽ ധൈൎയ്യം
തരികാ സദാത്മാവേ നീ— പറ

൩ വിക്കനാകുന്ന മോശയെ
കൊണ്ടു യിസ്രായേൽ
മക്കൾക്കു പറയിച്ചോനേ
ഇക്കൃമിയെയും നിന്റെ
തൃക്കൺ തുറന്നു നോക്കി
തക്ക വരങ്ങൾ തന്നു
വെക്കമെല്ലാവരോടും— പറ

൪ പറവാനപ്പൊസ്തലന്മാരെ
പെന്തിക്കോസ്തെന്ന
പെരുനാളിൽ ജനങ്ങൾ മുമ്പിൽ
തിറമോടങ്ങു നിറുത്തി
തിരുരക്ഷകൻ മഹത്വം
തെളിവായുള്ള ഭാഷയിൽ
പറയിച്ചോനേ എനിക്കും— പറ

൫ തിരുമക്കളായവരോടും
തെററി വലയും
പുറമക്കളായവരോടും
തിരിവുള്ളോരോടും തീരെ
തിരിവില്ലാത്തവരോടും
അറിവുള്ളവരോടുമേതു-
മറിവില്ലാത്തവരോടും— പറ

൬ പറവാൻ തക്ക വാക്കുകളേ
എൻ നാവുകൽ നീ
നിറവാക്കുന്നെങ്കിൽ മാത്രമെ
പറവാനാളാവു തീരെ-
കുറവു കൂടാതടിയൻ
കരളങ്ങലിഞ്ഞു നല്ല
വരമിങ്ങു തന്നിടേണം— പറ

---

## ൨൪൮ 248

### തോടി — ആദിതാളം

#### പല്ലവി

എൻ കർത്താവേ! കൃപയാ-
യെന്നുടെയപേക്ഷയ്ക്കു
നിൻ ചെവി തുറക്കേണമേ.

#### അനുപല്ലവി

നിന്മകനാമടിയൻ-നിന്ദ്യനെങ്കിലും കൃപ
എന്മേൽ നീ പൊഴിച്ചു
അൻപു വെക്കയില്ലയോ? എൻ

#### ചരണങ്ങൾ

൧ മന്ദമുള്ളോനെങ്കിലും
നിന്നിലുള്ളുത്സാഹത്തെ
എന്നിൽ നീ വെക്കയില്ലയോ?
എന്നോടപേക്ഷിച്ചാൽ
നന്നായുത്തരമെന്നു നീ
മുന്നമെ കല്പിച്ചില്ലയോ?
ചെന്നായ്ക്കളിൻ മദ്ധ്യത്തിൽ
ചെല്ലാമടിയൻ പോവാൻ
നിന്നനുഗ്രഹം വേണ്ടായോ?
ഉന്നതനേ നീ വന്നു
ചിന്നി വിട്ട രുധിരം
എന്നുടെ പാപത്തെയു-
മില്ലാതാക്കാനല്ലയോ? — എൻ

൨ കരുണയുള്ളവനേ! നീ
തരികയില്ലയോ ശക്തി?
നേരായിട്ടുപദേശിപ്പാൻ
കരം കുറുകീട്ടില്ലല്ലോ?
കഞ്ഞാണാതായിട്ടില്ല
ശരണമാം തമ്പുരാനേ!
വരമില്ലാതെങ്ങിനെ ഞാൻ
പറയും നിൻ മഹത്വത്തെ?
അറിഞ്ഞിട്ടില്ലാത്തോർക്കു നാഥാ!
പരദേശിപോലെ നിന്നെ
പാർത്തുവിളിക്കുമെന്നിൽ
ഗുരുവിനെ കല്പിച്ചാക്കി
അരികിൽനില്ക്കയില്ലയോ?—എൻ

൩ കണ്ണിന്റെ മണിയെപ്പോൽ
നിന്നെ സൂക്ഷ്മമായ്ക്കാക്കും
എന്നു കല്പിച്ച പിതാവേ!
ഹന്നായിന്നപേക്ഷയ്ക്കു
നിന്നുടെ കൃപയാലെ
നല്ലുത്തരം കൊടുത്തോനേ!
മന്നായെക്കൊണ്ടു നിന്റെ
എണ്ണമില്ലാ ജനത്തെ
നന്നായ്പോഷിപ്പിച്ചവനേ!
മണ്ണായുള്ളവനാകും
എന്നുടെയപേക്ഷയ്ക്കു
നിന്നുത്തരമരുളി
എന്നാത്മം പോഷിപ്പിക്ക— എൻ

൪ പരിശുദ്ധാത്മാവേ! നീയും
കരുണയായെന്നുള്ളത്തിൽ
വരിക താമസിയാതെ
ദരിദ്രാത്മാവിൽനിന്നുണ്ടാം
പരിതാപമില്ലാതാക്കാൻ

ചൊരിക എന്നിൽ നിൻ വരങ്ങൾ
കരയുന്നു ഞാൻ ദൈവമേ!
മുറയിടുന്നു രക്ഷകാ!
തിരുസ്നേഹമെന്നിൽ വർദ്ധിപ്പാൻ
മരണത്തോളമിങ്ങിനെ
കരുണയിൽ വളൎന്നു നിൻ
കരങ്ങളിലെന്നാത്മാവെ
ഭരമേല്പിപ്പാൻ തുണയ്ക്ക— എൻ

---

## ൨൪൯ 249

### കാമോദരി — ആദിതാളം

#### പല്ലവി

രാജാവായ മനുവേലാ മനസ്സലിക-മഹാ
രാജാവായ മനുവേലാ! മനസ്സലിക

#### ചരണങ്ങൾ

നാഥാ രക്ഷയെ-ല്ലാക്കുമൊരുക്കിയ
നസറായൻ നീയേ—
വേതാളത്തല-വെട്ടിയറുത്ത സ-
മാധാന പ്രഭുവേ!— ഇമ്മാ

൨

ദാസൻ അബ്രാമുടെ-സന്തതികളെ നീ
ദൎശിച്ചീടേണമേ-
നിൻ സുവിശേഷ സഭാജനമാവാൻ
നിമിഷം ചേൎക്കണമേ— ഇമ്മാ

൩

എല്ലുകൾപോലുയി-രില്ലാതായവർ
എങ്ങും ചിതറിപ്പോയ്—
കല്ലുകളാം പുറ-ജാതികൾ നിൻ പ്രഭ
കണ്ടെഴുനീല്ക്കുന്നു— ഇമ്മാ

൪

കുത്തിയ നിന്നെ-കുമ്പിടുവാൻ അവർ
കൂടാനിട ചെയ്ക—
ശക്തിപെരുത്ത വി-ശുദ്ധാത്മാവേ നീ
ദാനം ചെയ്തരുൾകാ— ഇമ്മാ

൫

ജാതികളിൻ തിക-വാവതിനും സഭ
സന്തോഷിപ്പതിനും—
നീതിയിൻ സൂൎയ്യനെ! യൂദരിൻ അന്ധത
നീക്കുക മശിഹായേ— ഇമ്മാ

---

## ൨൫൦ 250

### ഉശേനി — ആദിതാളം

#### പല്ലവി

സീയോൻസഭയെകനിഞ്ഞീടേണം—യേശു
ദേവാ സമയമാകുന്നായതിന്നു—

#### അനുപല്ലവി

മായാവലയിലവർ വീണു കേണു-പരി-
താപാലുഴലുന്നതു കണ്ടു വേഗം—സീയോ

#### ചരണങ്ങൾ

നിൻ ദാസരായവരിൻ കല്ലുകളി-ലിഷ്ട-
പ്പെട്ടു പൂഴിക്കു ദയ കാട്ടീടുന്നു
അമ്പോടു നിൻകരളലിഞ്ഞുവേഗം-നിന്റെ
സ്വന്തം ജനങ്ങളെ ദൎശിച്ചീടേണം— സീ

൨ [ങ്ങൾ-

സീയോനെ നീ പണ്ടതീട്ടമ്പോളല്ലോ ഞ-
ക്കാമോദമുള്ള കാലം വന്നിടുന്നു
നീയെ നിമിഷമിങ്ങു വന്നിടാനും-നിന്റെ
തേജസ്സോടെ വെളിപ്പെട്ടീടുവാനും— സീ

൩

ശാലേമധിപനായ നിന്നെ യൂദർ-ഉള്ളെ
ത്രിലോക രാജനെന്നറിഞ്ഞിടാനും
ശാലേമിലായവർ വന്നണ്ടുകൂടി-മനു-
വേലാ നിൻ പാദമവർ തേടുവാനും—സീ

൪

നിന്നാത്മദാനമവരേവരിലും-നൽകി
നിന്നോടെല്ലാവരെയും ചേൎത്തീടേണം
നിന്നാലസാദ്ധ്യമായ കാൎയ്യമില്ലായ-താൽ
നിന്നോടീദാസരപേക്ഷിച്ചീടുന്നു— സീ

---

## ൨൫൧ 251

### ഭൈരവി — മുറിയടന്തതാളം

#### പല്ലവി

ജാതികളിൻ സ-ഭയാം സഹോദരർ!
നാഥനേശുവിൻ-ദൂതിനെ കേൾക്ക

#### അനുപല്ലവി

ആദിയന്തമില്ലാതവൻ നിന്റെ
താതനെന്നറിയാതുള്ള— ജാതി

ചരണങ്ങൾ

ദേവൻ നിന്നുടെ-നിർമ്മാതാവാകുന്നു
ജീവവീഴ്പ്പുകൾ തീർന്നുടുപ്പുക-
ളേവയുമവനേകിയേ
കാത്തുസൂക്ഷിച്ചു പോററുന്നവൻ നിന്നെ
കാത്തിടുന്നവനെ മനമതി-
ലോർത്തീടാതമരുന്നു നീ— ജാതി

൨

നാഥൻ നിന്നിൽ ക-നിവുള്ളോനാകുന്നു
നീ തിരിഞ്ഞു വരുവതിന്നവ-
നാദരവോടു നോക്കിയെ
കാത്തിരിക്കുന്ന-താൽ നിൻ ക്രിയകളെ
ഓർത്തകം കരുതാതിതുവരെ
പാർത്തിരുന്നരുളുന്നിതാ— ജാതി

൩

ദേവദേവൻെറ ദീർഘക്ഷമ നിൻെറ
ജീവരക്ഷയതെന്നു നീ കരു-
താതിരിക്കിലവനിനി
കോപത്തോടു ദ-ശിക്കും നീ ചെയ്ത
പാപമൊക്കയുമോർമ്മയിൽ വരു-
മാവതൊന്നുമില്ലാതെയാം— ജാതി

൪

ആകയാൽ വേഗ-മുള്ളം തിരിഞ്ഞു നീ
ആകവെ ചെയ്ത പാതകം തിരു-
മുന്നിലേററു ചൊല്ലീടുക
എന്നാലീശൻ തി-രുമകൻ മൂലമായ്
നിന്നുടെ ദുരിതങ്ങളൊക്കെയു-
മോർത്തിടാതെ പൊറുത്തീടും— ജാതി

൫

മണ്ണിൽ വന്നു മ-നുജനായ ദേവ-
നന്ദനൻ തിരു യേശു താനഖി-
ലർക്കു രക്ഷയെ നല്കുവാൻ
തന്നുടെ ചോര നിന്നുടെ പേർക്കായും
ചിന്നിയെ മൃതിയേററു ചാവിനെ
വെന്നുയിർത്തെഴുന്നെള്ളിനാൻ— ജാതി

---

൨൫൨ 252

ഹിന്ദുസ്ഥാൻ — രൂപകതാളം

പല്ലവി

യേശുവ-രൻ വാണീ-ടും പാരിൽ
എങ്ങും മഹാ രാജനായ്

ചരണങ്ങൾ

൧ യേശുപരൻ വാണീടും
യേശു എന്നും വാണീടും
ഠരം സൂര്യചന്ദ്രന്മാരും
തീരെ ഇല്ലാതെ പോയെന്നാലും— യേ

൨ വൻകരകളിന്മേലും
വലിയ രാജ്യങ്ങൾമേലും
മാലോകർ ഏവർമേലും
ദൂരെ ദ്വീപാന്തരങ്ങൾമേലും— യേശു

൩ സാധുജാതികൾമേലും
വീരജാതികൾമേലും
സർവ്വകുലങ്ങൾമേലും
പാരിൽ സകല ഭാഷക്കാർമേലും— യേ

൪ രാജർ പ്രഭുക്കൾ ചക്ര-
വർത്തികൾ സകലരും
രാജാധിരാജനുമ്പിൽ
വീണു വണങ്ങി കുമ്പിട്ടുനില്ക്കും— യേ

൫ സത്യസുവിശേഷത്തിൻ
സാധുകല്പനപോലെ
സകല രാജാക്കന്മാരും
ചെയ്യും നീതി വസിക്കും എങ്ങും— യേ

൬ കുററം ശിക്ഷകളില്ല
ഗുണമല്ലാതൊന്നും ഇല്ല
കൊണ്ടാടും ലോകരെല്ലാം
യേശു ഏക ചക്രവർത്തിയാം— യേശു

൭ സന്ധ്യയുഷസ്സുകളിൽ
സകല ദേശത്തുള്ളോരും
സംഗീതം യേശുപേരിൽ
പാടി വന്ദനം ചെയ്യും എന്നും— യേശു

---

൨൫൩ 253

സുറിയാനി — ആദിതാളം

പല്ലവി

യേശുനാഥൻ ജയിക്കുന്നു-ഹാലേല്ലൂയാ
ഇഹലോകം മുഴുവനും-ഹാലേല്ലൂയാ

ചരണങ്ങൾ

ഓരോരോ രാജ്യങ്ങളിൽ സുവിശേഷം
ഓടി നിറഞ്ഞീടുന്നു ഹാലേല്ലൂയാ
ഏറെപ്പേരാണ്ടുതോറും ചേർന്നീടുന്നു
യേശുവിൻ സഭയിതിൽ ഹാലേല്ലൂയാ

൨

പേയിൻ മാർഗ്ഗങ്ങളെല്ലാം ക്ഷയിച്ചിടുന്നു
പേടിച്ചോടുന്നു സാത്താൻ ഹാലേലൂയ്യാ
ശ്രീയേശുമാർഗ്ഗമെങ്ങും ബലപ്പെടുന്നു
തിരിയുന്നു ലോകരിതിൽ ഹാലേലൂയ്യാ—

൩

ജാതിഭേദങ്ങൾ പലതും നീങ്ങിടുന്നു
ജയിക്കുന്നു സ്നേഹക്കൊടി ഹാലേലൂയ്യാ
പാതകങ്ങൾ പാരിൽനിന്നു കുറഞ്ഞിടുന്നു
ഫലിക്കുന്നു സുവിശേഷം ഹാലേലൂയ്യാ—

൪

ആലയങ്ങൾ ഉയരുന്നു യേശുവിന്നു
ആരാധനയേറുന്നു ഹാലേലൂയ്യാ
നാലുപാടും വിഗ്രഹങ്ങൾ വീണിടുന്നു
നാശവഴി അടയുന്നു ഹാലേലൂയ്യാ—

൫

വളർന്നു നിറഞ്ഞിടുന്നു യേശുരാജ്യം
മങ്ങുന്നു പേയിൻരാജ്യം ഹാലേലൂയ്യാ
വിളങ്ങുന്നു ദിവ്യ ശക്തിയധികാരം
മേദിനിയിൽ ദിനം ദിനം ഹാലേലൂയ്യാ—

---

## ൨൫൪ 254

ആനന്ദഭൈരവി — ആദിതാളം

### പല്ലവി

പാടുവിൻ പാടുവിൻ സോദരന്മാരേ
പരനേശുവിൻ സ്തുതി
പാടുവിൻ പാടുവിൻ സോദരന്മാരേ

### അനുപല്ലവി

കൂടുവിൻ കാഹളനാദത്താൽഘോഷിപ്പിൻ
പാടുവിനേശുവിന്നല്ലേലൂയ്യാ സ്തുതി—പാടു

### ചരണങ്ങൾ

സോദരരേ നിങ്ങളുയർത്തുവിൻ ശബ്ദം
മഹാ കാഹളധ്വനിപോൽ
മോദമോടെ സർവ്വലോകത്തോളവും
കുരിശിന്റെ കീഴെ
സാദരം ചേരുന്നു ലോകമെല്ലാമേശു
പാദത്തിൽ താഴുന്നു ഭൂമിരാജാക്കളും—പാടു

൨

ഏറ്റുപ്പിൻ ജയത്തിൻ മുടികളെ നിങ്ങൾ
യേശുശിരസ്സിൽ വയ്പിൻ [യോ-
തൊടുപ്പിൻ ശരങ്ങളെതൃപ്പാൻ വൈരി-
ട്ടിന്നു പ്രിയരേ കൊടിയും
പിടിച്ചു പാതയിൽ തകർത്തു വൈരിയെ
മുടിച്ചു ജയത്തെ കൊടുപ്പിൻ രാജന്നു—പാ

൩

രാജ്യസുവിശേഷ വിജയത്തിൻ കൊടി
അങ്ങുയർത്തി പിടിച്ചു
രാജ്യമക്കൾ ഭൂവിയെങ്ങുമോടുന്നു
അവർ ശബ്ദമുയർത്തുന്നു
രാജരാജനേശുനാഥൻ വരുവതി-
ന്നായൊരുങ്ങിടുവിൻ നിങ്ങളെല്ലാമെന്നു—.

൪

അടിമയിൻ ഭവനത്തിൽ നിന്നഹോ
യേശുരാജൻ നമുക്കു
വിടുതൽ തന്നതാൽ സ്തുതിച്ചു ഘോഷിപ്പിൻ
മഹാ വൈരി നമ്മെ
പിടിച്ചുകെട്ടിയോരടിമയിൻ നുകം
ഒടിച്ചു തകർത്തു സ്വാതന്ത്ര്യം തന്നവൻ—പാ

൫

ഞങ്ങൾക്കല്ലേ മഹാ ദൈവമേ സ്തുതി
നിനക്കും നിൻ സുതന്നും
മംഗളാത്മാവിന്നും യോഗ്യമാമതു
ലോകത്തിലെങ്ങും
തിങ്ങിനിറഞ്ഞ പാപത്തിന്നിരുൾ മാററി
ഭംഗിയോടെ വെളിവാക്കി സുവിശേഷം—

---

## ൨൫൫ 255

### പല്ലവി

ജയിക്കമേ! സുവിശേഷം ലോകം
ജയിക്കമേ! പേയുടെ ശക്തികൾ
നശിക്കമേ! സകല ലോകരും
യേശുവിൻ നാമത്തിൽ-വണങ്ങുമേ-തല
കുനിക്കമേ അതു-വലു സന്തോഷമേ—

### ചരണങ്ങൾ

കൂടുവിൻ-സഭകളെ! വന്നു
പാടുവിൻ-യേശുവിൻ കീർത്തി കൊ-
ണ്ടാടുവിൻ-സുവിശേഷം ചൊല്ലാൻ
ഓടുവിൻ-നിദ്ര വിട്ടുണ-ർന്നീടുവിൻ മനം
ഒത്തെല്ലാരും നി-ന്നീടുവിൻ വേഗം— ജയി

൨

ഇടിക്കേണം—പേയിൻകോട്ട നാം
ഇടിക്കേണം—ജാതിഭേദങ്ങൾ
നടിക്കേണം—സ്നേഹത്തിൻ കൊടി
പിടിക്കേണം—യേശുരാജന്റെ
സുവിശേഷക്കൊടി
ഘോഷത്തോടുയ—ർത്തീടേണം വേഗം—ജ

൩

മരിച്ചു താൻ—നമുക്കു മോക്ഷത്തെ
വരുത്തി താൻ—വെളിച്ച മാർഗ്ഗത്തിൽ
ഇരുത്തി താൻ—എളിയ കൂട്ടരെ
ഉയർത്തി താൻ—യേശുദേവന്റെ
രക്ഷയിൻ കൊടി
ഘോഷത്തോടുയ—ർത്തീടേണം നമ്മൾ—ജ

൪

ചിലവിടീൻ—സുഖം ബലത്തെയും
ചിലവിടീൻ—ബുദ്ധി ജ്ഞാനത്തെയും
ചിലവിടീൻ—വസ്തുസമ്പത്തുകൾ
ചിലവിടീൻ—യേശുരാജന്റെ
മഹിമയിൻ കൊടി
ഏവരും ഉയ—ർത്തീടേണം നമ്മൾ— ജയി

൫

യോഗ്യമേ—ഇതു നമുക്കിതി
ഭാഗ്യമേ—രക്ഷിതാവിന്റെ
വാക്യമേ—സർവ്വലോകരോ—
ടൈക്യമേ—യേശുരാജ്യപ്ര—
സി—ദ്ധിക്കായി നാം
ഏവരും പ്രയ—ത്നിച്ചിടേണമേ— ജയി

## ൨൫൬ 256

### കുറത്തിപ്പാട്ടിന്റെ രീതി

൧ [1]ഇക്ഷിതി നിവാസികളെ
രക്ഷ ചെയ്യതിന്നു
അക്ഷയ കുമാരനേശു
മർത്ത്യനായി വന്നു

൨ ബെത്ലഹേം പുരെയൊരു ഗോ—
ശാലയിൽ പിറന്നു
ജാതമോദം കൂടി ദേവ—
ദൂതർ പാടി അന്നു

൩ ആട്ടിടയർ കേട്ടു ചെന്നു
കുട്ടിയെ തൊഴുതു
ചട്ടമോടെട്ടാം ദിനേ കു—
ട്ടിക്കു ചേല ചെയ്തു

൪ നാല്പതാം നാളുണ്ണിയെ പ്ര—
തിഷ്ഠ ചെയ്യാരന്നു
സുപ്രമോദം വൃദ്ധയായൊ—
രുത്തി വാഴ്ത്തി തന്നെ

൫ കണ്ടു മരിപ്പാൻ തപസ്സി—
രുന്നൊരു ശിമെയോൻ
കണ്ടു കയ്യിലേന്തി ഗതി—
ചേർന്നു വൃദ്ധനായോൻ

൬ താരകാഗതി തുടർന്നു
ശാസ്ത്രികൾ തിരിച്ചു
ദൂരദേശാൽ വന്നു കാഴ്ച
വച്ചവർ നമിച്ചു

൭ ഹേറോദേസെ പേടിച്ചെജി—
പ്തെന്ന ദിക്കു ചെന്നു
പാരാതെ തിരിച്ചു നസ്രേ—
ത്തൂരിൽ വന്നു പാർത്തു

൮ ദ്വാദശ വയസ്സിലെറു—
ശാലേമിന്നു പോയി
വേദപാരഗരോടു സം—
വാദമന്നുണ്ടായി

൯ മുപ്പതാം വയസ്സിലേശു
ജ്ഞാനസ്നാനമേറ്റു
അപ്പോളാവി പ്രാവുപോലി—
റങ്ങി തന്മേൽ പററി

൧൦ നാല്പതു നാൾ പിന്നെ വനേ
നോമ്പു നാഥൻ നോറ്റു
തല്പരെ പരീക്ഷിപ്പാന—
ണഞ്ഞ സാത്താൻ തോറ്റു

൧൧ കനാവൂരിൽ അത്ഭുതം പ്ര—
വർത്തിപ്പാൻ തുടങ്ങി
താനവിടെ വേദം ഉപ—
ദേശിച്ചും തുടങ്ങി

൧൨ പന്തിരണ്ടു ശിഷ്യക്കളെ
ചേർത്തു പഠിപ്പിച്ചു
പിന്തിരിയാതെ അവർ ത—
ന്നിഷ്ടമാചരിച്ചു

1. ഇക്ഷിതി നിവാസികൾ = ഭൂമിയിൽ വസിക്കുന്നവർ.

൧൩ കുഷ്ഠരോഗികൾക്കു ക്രിസ്തു
സ്വസ്ഥതയെ നൽകി
പൊട്ടരെയും ഭ്രാന്തരെയും
സൌഖ്യമാക്കി വിട്ടു

൧൪ കണ്ണുകാണാത്തുള്ളവർക്കു
കാഴ്ച താൻ കൊടുത്തു
കാതുകേളാത്തുള്ളവർക്കു
കേൾവിയും കൊടുത്തു

൧൫ ചത്ത പ്രേതങ്ങൾക്കു വീണ്ടും
ചേർത്തു ജീവനാഡി
ചിത്തമോദത്തോടവയെ
കണ്ടവർ കൊണ്ടാടി

൧൬ പക്ഷവാതക്കാരു ചുമ-
ടേറ്റു നടന്നോടി
ശിക്ഷയോടനേകർ തന്നെ
കേട്ടു വന്നു കൂടി

൧൭ സർവ്വരോഗികൾക്കുടനെ
ശാന്തത ലഭിച്ചു
സർവ്വബാധ പീഡകളും
സർവ്വേശനൊഴിച്ചു

൧൮ കോപിച്ച കടലെ വാക്കാൽ
ശാസിച്ചങ്ങടക്കി
കാൽ നനെക്കാതെ കടലിൻ
മേലവൻ നടന്നു

൧൯ അല്പം അപ്പം കൊണ്ടവന-
യ്യായിരത്തെ തീറ്റി
അല്പമർത്ത്യന്മാരെ ദൈവ-
പുത്രരായീടേറ്റി

൨൦ നല്ലുപദേശങ്ങൾ ചൊല്ലി
നന്മയെ വളർത്തി
നല്ലുപമകൾ പറഞ്ഞ-
ങ്ങുണ്മയെ കലർത്തി

൨൧ അത്ഭുതപ്രവൃത്തികളാൽ
തൻ പ്രഭുത്വം കാട്ടി
നൽക്രിയകൾകൊണ്ടു തന്റെ
ഉൾകൃപയെ നീട്ടി

൨൨ പാപഹീനനാമവനീ-
പ്പാപികളെ താങ്ങി
പാപികൾക്കുവേണ്ടി ബലി-
യാവതിന്നൊരുങ്ങി

൨൩ താൻ പെടേണ്ടും പാടുകളെ
മുന്നറിഞ്ഞു ചൊല്ലി
താൻ നരർക്കു ജാമ്യമായി
മർത്ത്യകടം വീട്ടി

൨൪ പാപിക്കു വഹിച്ചുകൂടാ-
ത്തുള്ള ദൈവകോപം
പാപിക്കുവേണ്ടി വഹിച്ചു
മാറ്റി ദൈവശാപം

൨൫ യൂദർ കയ്യിൽ താനെ താൻ ഏ-
ല്പിച്ചു തന്നെ കെട്ടി
യൂദരടിച്ചു മുഖത്തു
തുപ്പി ഹാസം കൂട്ടി

൨൬ മുൾമുടി വെച്ചു ചിരിച്ചി-
ഴച്ചവർ വലിച്ചു
ഉണ്മയേറും യേശുവെ കു-
രിശുമേൽ തറെച്ചു

൨൭ കുന്തംകൊണ്ടു കുത്തിയവർ
നെഞ്ചിനെ പിളർത്തി
ഹന്ത ദൈവപുത്രനേശു
ജീവനെ വിടുത്തി

൨൮ സൂര്യനൊന്നിരുണ്ടുടനെ
ഭൂമിയും കുലുങ്ങി
പാരിൽനിന്നുയിർത്തു ചത്ത
മർത്ത്യരും ചിലരു

൨൯ യെറുശലേമിന്റെ തിരു
ശ്ശീല താനെ കീറി
വൈരികൾക്കും ഉള്ളിലൊരു
സംശയവുമേറി

൩൦ മുമ്പു ചൊന്നപോലുയിർത്തു
മൂന്നു നാൾക്കു പിമ്പു
തമ്പുരാൻ മരണത്തെ ജ-
യിച്ചു ജയംകൊണ്ടു

൩൧ അമ്പിനോടി വാർത്ത ലോക-
മെങ്ങും പ്രസംഗിപ്പാൻ
തൻ പ്രിയ ശിഷ്യജനത്തോ-
ടേശു താൻ കല്പിച്ചു

൩൨ ആശിർവ്വാദമേറ്റു തന്റെ
ശിഷ്യർ നോക്കി നില്ക്കേ
യേശു മേഘവാഹനേ
ഉയർന്നു വാനത്തേക്കു

൩൩ പോയപോൽ വരുമെന്നൊരു
ഗീരുടൻ കേട്ടു
പോയവൻ തന്നാവി നിജ
ലോകരിൽ നിലച്ചു

൩൪ വീണ്ടുമേശു തൻ പ്രതാപ-
ത്തോടു വരുമന്നീ
മണ്ഡലങ്ങളെ അഴിച്ചു
ശുദ്ധമാക്കി പാർക്കും

൩൫ വാനവും ഭൂലോകവും വൃ
തിയതാക്കി തീൎക്കും
മാനവർ മരിച്ചവര-
ശേഷവും ഉയിൎക്കും

൩൬ ക്രിസ്തുവിൻ വിശ്വാസികളെ
മോക്ഷെയവൻ ചേൎക്കും
ദുഷ്ടരെയെല്ലാവരെയും
നരകത്തിലാക്കും

൩൭ നിത്യഭാഗ്യം നീതിമാന്മാ-
ൎക്കേത്തുവെട്ടും സത്യം
നിത്യരിഷ്ട ദോഷികൾ സ-
ഹിക്കവേണം സത്യം

൩൮ സത്യമിതു പാടുന്നവ-
രുൾ ധരിച്ചുകൊൾവിൻ
ക്രിസ്തുതന്നിലാശ്രയിച്ചു
രക്ഷപെട്ടുകൊൾവിൻ

൩൯ ലോകമൊക്കെ നേടി നിൻറ
ജീവനെ കളഞ്ഞാൽ
ശോകമല്ലാതെ നരകെ
ലാഭമുണ്ടോ ചൊല്ലു

൪൦ ലോകമൊക്കെ ത്യജിച്ചു
ജീവനെ രക്ഷിച്ചാൽ
യോഗ്യഭാഗ്യമോടു സ്വൎഗ്ഗേ
വാണിരിക്കാമല്ലോ

൪൧ ക്രിസ്തുവെ നമ്പാതവൎക്കു
രക്ഷയില്ലറിവിൻ
ക്രിസ്തുവെന്നീ പാപിക്കു മ-
റ്റാശ്രയമില്ലോൎപ്പിൻ

൪൨ ക്രിസ്തുവല്ലോ പാപപരി-
ഹാരം ചെയ്തു ദൈവം
ക്രിസ്തുവല്ലോ മൃത്യുവെ ജ-
യിച്ച മഹാ ദൈവം

൪൩ പാപക്കടലക്കരെക്കു
കപ്പലല്ലോ ക്രിസ്തു
പാപികൾക്കു വേണ്ടി രക്തം
ചിന്തിയല്ലോ ക്രിസ്തു

൪൪ എന്തിനയ്യോ പാപികളേ
നിങ്ങൾ നശിക്കുന്നു
ഹന്ത ക്രിസ്തു തന്നിൽ വിശ്വ-
സിച്ചു ജീവിച്ചാലും

൨൫൭ **257**

## ഇംഗ്ലീഷ് — അടതാളം

### പല്ലവി

അടിമവേല ഒഴിഞ്ഞു നമ്മുടെ
അടിമയോല അഴിഞ്ഞുതേ—

### അനുപല്ലവി

അടിമ ഞങ്ങൾ നിനക്കതാലിനി
വെടിയൊലാ നീ യേശുവേ!

### ചരണങ്ങൾ

ആടുമാടു നിലങ്ങൾ വീടുകൾ
മോടിയേറെയുണ്ടാകുവാൻ
വേടിച്ചോടിയ കൂട്ടരെ ഇതാ
നാട്ടിലാക്കി മശിഹ താൻ— അടി

൨

താതനെ ഒരിടത്തിലും തഥാ
മാതരം വേറിടത്തിലും
സുതകളെ പുനർ മറ്റൊരു സ്ഥലെ
വിറ്റു ഞങ്ങളെ ഇപ്പോഴോ— അടി

൩

അടിമയാക്കിയ ഉടയവർ പലർ
പാടുകൾ ബഹു ചെയ്തതെ
അടിയോടത്രയും നെട്ടകെ ചൊല്ലുകിൽ
വാടി മാനസമാറുമോ— അടി

൪

കൊട്ടുവെയിൽ മഴയോടു കുളിർ പനി
വാടി മെയ്യിൽ ധരിച്ച പിൻ
കൊടിയ മാനസമോടു പിടിച്ചടി
കോടി കോടി അടിച്ചവർ— അടി

൫

നടതെരുക്കളിൽ കടകൾ കോടതിൽ-
നാട്ടിൽ നാസ്കൂൾ നടക്കിലും
അടുത്തു ഞങ്ങൾ നടക്കിലപ്പുറം
ഓട്ടുവാനടിച്ചാട്ടിയും— അടി

൬

കുഷ്ഠരോഗി അശുദ്ധനെന്നതാൽ
കാട്ടിലോടി ഒളിച്ചപോൽ
ഭ്രഷ്ടരായ് വഴി മാറി ഏറിയ
ഗോഷ്ഠി കാട്ടി പിൻ ഇപ്പോഴോ— അടി

൭

അധിക ദുഃഖിതരായെജീവിച്ചിൽ സൈ-
ഢ്രദരടിമ മുഖാന്തരം
അതിനെ നീക്കിയപോലെ നമ്മുടെ
ആധി നീക്കി പരാപരൻ— അടി

൮

സുതനോടു പിതാവാത്മനരുളിയ
വേദജ്ഞാനികൾ വന്നിതാ
അതുനിമിത്തമീ അടിമ തീർന്നി-
സ്വാതന്ത്ര്യം ലഭിച്ചേകനാൽ— അടി

൯

അക്ഷരം കണക്കോടു ഗീതവും
ശിക്ഷയായ്പഠിപ്പിച്ചവർ
അക്ഷവും തെളിവോടു കാണുവാൻ
മോക്ഷപാതയിലാക്കിനാർ— അടി

൧൦

തെരുതെരെ വരുവിൻ സഹോദരർ
ആരുമൊട്ടു മടിച്ചീടാ
അറിവിനേശുമഹേശനെ മന-
താരിൽ നമ്പി വണങ്ങിടാൻ— അടി

൧൧

ശ്രേഷ്ഠന്മാർ വരുവിൻ ജനങ്ങളെ
ചേർപ്പിൻ പള്ളിയിലേകമായി
തീർപ്പിൻ ആത്മകൾ യേശുവിൻ കൃപ-
ചാർപ്പിൻ ഇന്നുമെന്നേക്കുമേ— അടി

൧൨

ജ്ഞാനസ്നാനമതാഴവും അനു-
ഷ്ഠാനം ചെയ്യുകന്നീടുവിൻ
മാനസാന്തരമായ പാതയിൽ
ജ്ഞാനമായ്നടന്നീടുവിൻ— അടി

---

## ൨൫൮ 258

### ഭൈരവി — ആദിതാളം

#### പല്ലവി

മോദമതിമോദം മോദം ഹേ
വാഗ്ദത്തകാലം
സാദരമണഞ്ഞിടുന്നഹോ

#### അനുപല്ലവി

ജാതിഭേദം വാദം തീർന്നു
ജാതികളൊന്നായിടുന്നു
യൂദജാതിയും മതിൻ
ജാതമോദം പാടിടുന്നു—

#### ചരണങ്ങൾ

൧ അന്നു കാനനങ്ങൾ പൂക്കുമേ
സീയോന്റെ മക്കൾ
നന്ദിയോടു പാടിയാർക്കുമേ
അന്നു സുവിശേഷക്കൊടി
മന്നിടെ ജയം കൊണ്ടാടി
ഉന്നതമായ്മിന്നും ജനം
സന്നുതി പാടി വസിക്കും— മോദം

൨ അന്നു സീയോനിൽനിന്നുണ്ടാകും
ആജ്ഞാവിശേഷം
മന്നിടമെല്ലാമതു കേൾക്കും
മന്നവർ മന്ത്രി പ്രജകൾ
എന്നിവരെല്ലാവരിലും
ഒന്നുപോലാവസിച്ചീടും
വന്നു സത്യാനുഗ്രഹങ്ങൾ— മോദം

൩ കാട്ടുപാമ്പോടൊത്തു മേളിക്കും
കുട്ടികളെന്നാൽ
വാട്ടമുണ്ടാകയില്ലേതുമേ
കാട്ടുപുലികളുമാട്ടിൻ-
കൂട്ടവുമൊന്നിച്ചു മേയും
നാട്ടിലെല്ലാ നന്മകളും
പുഷ്ടിയായി വർദ്ധിച്ചീടും— മോദം

൪ വാളുകുന്തങ്ങൾക്കില്ലാവശ്യം
കൊഴുക്കളാക്കി
ചാലുപോക്കാനാകുമായവ
നാലുദിക്കും സമാധാനം
ചാലവെ പരന്നിരിക്കും
വാളെടുക്കയില്ലാരുമേ
ചേലുകേടില്ലൊന്നിനുമേ— മോദം

൫ ആലെല്ലൂയ്യാഗീതം പാടുമേ
യെരുശലേമും
ആലെല്ലൂയ്യാരാഗം പാടുമേ
ആലെല്ലൂയ്യാ വാനത്തിലും
ആലെല്ലൂയ്യാ ഭൂമിയിലും
ആലെല്ലൂയ്യാ മാലാഖമാർ
ചൊല്ലുമെ മാനുഷരെല്ലാം— മോദം

---

## ൨൫൯ 259

### സൌരാഷ്ട്രം — ആദിതാളം

#### പല്ലവി

ദേവദേവനു മംഗളം—മഹോന്നതനാം
ദേവദേവനു മംഗളം

#### അനുപല്ലവി

ഇന്നുമിന്നലെയുമെന്നേക്കു-
മൊന്നുപോൽ മഹാ
മന്നർശിഖാമണിയായ്വാഴും പരമദേവ

### ചരണങ്ങൾ

൧ പാപത്തിൽ വീണുപോയോരു
ലോകത്തെ നിത്യ
കൂപത്തിൽ നിന്നുയൎത്തുവാൻ
ശാപലോകത്തിൽ വന്നു
സ്നേഹം നിറഞ്ഞു ഹൃദി
ആപത്തൊഴിച്ചുന്നത-
സിംഹാസനത്തിൽ വാഴും— ദേവ

൨ പോകുവിൻ ലോകമൊക്കെയും
ഏവൻഗെലിയോൻ
വേഗം പ്രസിദ്ധമാക്കുവിൻ
ഏവം നീ ചൊന്ന വാക്കു
കേട്ടു നിൻ പ്രിയജനം
ഏകമായ്പ്പോയ്ച്ചെയ്യും വേല-
യാകെ വാഴ്ത്തീട്ടുന്നൊരു— ദേവ

൩ അപ്പനേ നിൻമഹത്വമാം
വേലയിൽ ഞങ്ങൾ
അല്പം പ്രവൎത്തിച്ചീട്ടുവാൻ
കെല്ലുമനുഗ്രഹവുമി-
പ്പുഴുക്കൾക്കു നല്കാൻ
ഉൾപ്പൂവലിഞ്ഞ ദേവ-
നെന്നെപ്പോഴും വന്ദനമേ— ദേവ

൪ ഇന്നും പുത്രനായ്നിൻ സ്വരം
കുഴൽനാദം പോൽ
വന്നു തട്ടുന്നു ചെവിയിൽ
എന്നുമൊരുപോലെയിരുന്നു
തുണയ്ക്കുമേശു
ഇന്നുമെങ്ങൾക്കു കൃപ
തന്നു നടത്തേണമേ— ദേവ

൫ നാട്ടും കടലുമാകവെ
രക്ഷകൻപാദ-
പീഠെ ചേരുംവരെയുമെ
കേടററ സുവിശേഷം
ഓടി പ്രബലപ്പെട്ടു
നീടാൻനല്ലോരു ജയം
നേടാൻ കരുണ ചെയ്ക— ദേവ

---

## ൨൬൦ 260

### പല്ലവി

പിറുപിറുപ്പേതുമില്ലാതെ ഇതാ—പരമരാജ്യവർദ്ധന-
സ്സായി—ഞാൻ കാണിക്ക തരുന്നിതംഗീകരിക്കേശുപരാ

### ചരണങ്ങൾ

൧ പെരിയ സ്വൎഗ്ഗം എനിക്കായി വെടിഞ്ഞവനേ—ഹീന
കുരിശിൽ എൻ പാപംമൂലം മരിച്ചവനേ
ദരിദ്രനെ പോലെ വന്നെൻ
കുറെച്ചലൊഴിച്ച മശിഹായെ !— പി

൨ അടിയന്നു വേണ്ടി എല്ലാം വെടിഞ്ഞവനേ—ഇനി
അടിയന്നുള്ളവ എല്ലാം നിനക്കു തന്നേ
വടിവോടെൻ ദേഹം ധനം
അടിയറവെച്ചു തൊഴുതിട്ടന്നേൻ— പി

൩ നീ തന്നതല്ലാതെനിക്കേതുമില്ലേ—അതാൽ
ഏവം ഒളിക്കാതിതാ ഞാൻ തരുന്നേൻ
മേദിനിയിൽ നിൻ സുവി-
ശേഷ പ്രസിദ്ധം ചെയ്വാനായി— പി

൪ അരുമരക്ഷകനേ നിൻ വേലെക്കു ഞാൻ—അല്പം
തരുവാൻ ഇട വന്നതെൻ ഭാഗ്യമല്ലോ
പെരിയ നിൻ സ്നേഹം എന്നിൽ
നിറെവാൻ തുണെക്കു മശിഹായേ— പി

൫ വല്ലതു നിന്നെക്കാൾ എനിക്കേതുമില്ലേ—തിരു
വിലമതിക്കാത്ത രക്തം ചെരിഞ്ഞവനേ
നലംകെട്ട പാപിയെന്മേൽ
അലിവോടു വന്ന മശിഹായെ— പി

---

## ൨൬൧ 261

### ഉശേനി — ആദിതാളം

൧ മഹിമാസനത്തിൽനിന്നേശു
ഇഹത്തിൽ വന്നു അരിഷ്ടതയിൽ
നിന്നു നിന്നെ രക്ഷിപ്പാനായ്
തന്നുടെ ജീവൻ നല്കിയ
അന്തമില്ലാ സ്നേഹത്തിന്നു
എന്തുകൊടുത്താൽ മതിയാം ?

൨ അധരസേവ നിഷ്ഫലമെ
ഹൃദയമവന്നു കൊടുക്ക
കർത്താവിൽനിന്നു ലഭിച്ച
സ്വത്തിൽനിന്നു ഹൃദയപൂർവ്വം
ആവതുപോലെയവന്റെ
സേവയ്ക്കായ് നീ ചെലവുചെയ്ക

൩ ദൈവത്തിന്റെ ശുദ്ധമുള്ള
ഭവനമതിൽ വെറുങ്കൈയ്യായ്
ഒരിക്കലും നീ കാണപ്പെടാ-
തിരിപ്പതിന്നു കരുതീടുക
അവനവന്റെ പ്രാപ്തിപോലെ
ദൈവത്തിന്നു കൊടുത്തീടേണം

൪ ലോഭത്തോടെ വിതെക്കുന്നവൻ
ലോഭത്തോടെ കൊയ്തീടുമെ
ധാരാളമായ് വിതെക്കുന്നവൻ
ധാരാളത്തോടെ കൊയ്യും
സാനന്ദം കൊടുപ്പവനെ
വാനപിതാ സ്നേഹിക്കുന്നു

൫ ദരിദ്രന്റെമേൽ കനിവുള്ളവൻ
പരനു വായ്പ കൊടുത്തീടുന്നു
ദൈവത്തിന്നു കൊടുത്തതിനെ
അവൻ നിനക്കു തിരികെയഹോ
ഒന്നിന്നു നൂറിരട്ടിയായി
തന്നിടുമെ നിന്മടിയിൽ

൬ ഇഹത്തിലെ നിൻ സമ്പത്തെല്ലാം
ബഹുവേഗമായ് പറന്നുപോകും
കർത്താവിന്നു കൊടുക്കുന്നതു
നിത്യധനമായിരിക്കും
നിന്നുടെ നിക്ഷേപമതു
ഉന്നതത്തിൽ സൂക്ഷിക്കുക.

---

## ൨൬൨ ഇംഗ്ലീഷ് 262

യേശുക്രിസ്തുൻ തന്നേ—പാപിക്കു ശരണം
മാമഹിമയെ അവൻ—മനുഷ്യനായ് മറന്നു
നാരിയിൽ നരവേഷം—ധരിച്ചിഹെ ചരിച്ചു
പാടുകൾ ഏററു വൻ—കുരിശിൽതാൻ മ-
രിച്ചു
പാതാളം പ്രാപിച്ചു—മരണത്തെ ജയിച്ചു
ഇരിക്കുന്നു മഹിമയിൽ—താതന്റെ വലത്തു
വരുമേശു ആപ്പോടെ—ലോകത്തെ വിധി-
പ്പാൻ
യേശുവേ അടിയക്കു—ശരണമായ് വരിക

# OCCASIONAL LYRICS

# പ്രത്യേകസമയത്തേക്കുള്ള ഗീതങ്ങൾ

## Occupying A New House

### ഭവനപ്രവേശം

**263**

൨൬൩

ജ്ഞമ്മൻ — ഏകതാളം

പല്ലവി

വരിക ദാസരിൻ–വീടിതിൽ
മഹത്വദേവാ ! ഈ–നേരത്തിൽ

അനുപല്ലവി

അരുമയുള്ള നിൻ–അനുഗ്രഹം വരാൻ
അടിമകൾ–ഇരന്നീടുന്നേ—

ചരണങ്ങൾ

൧
ഇതു നിന്നുടെ–വീടാകുവാൻ
ഇതിൽ നിൻ കീർത്തി പൊങ്ങീടുവാൻ
സ്തുതി അപേക്ഷകൾ–ദിനംപ്രതി ഇതിൽ
ശോഭയായ് കഴിച്ചീടുവാൻ— വരി

൨
ഇതിൽ പരിശുദ്ധം കൂടുവാൻ
ഇതിൽ തിന്മകൾ വാ–ണീടുവാൻ
ഇതിൽ സന്തോഷവും–നൽ സമാധാനവും
ഇതുമുതൽ വസിച്ചീടുവാൻ— വരി

൩
തിരുകൃപാനിഴ–ലാകുവാൻ
തിരുദൂതർ കാവ–ലാകുവാൻ
തിരുസുതൻ തുണ–യാകുവാൻ കൂടെ
തിരുശുദ്ധാത്മൻ വാ–ണീടുവാൻ— വരി

## New Year

### പുതുവർഷം

**264**

൨൬൪

ഘണ്ടാരം — ആദിതാളം

പല്ലവി

ഇന്നേരം യേശുദേവനേ!–കടക്കൺ നോക്കി
എന്നെ രക്ഷിക്ക നാഥനേ!

ചരണങ്ങൾ

൧ നിന്നെ മറന്ന മഹാ
നീചപാപി ഈ വർഷം
ഒന്നുകൂടെ ജീവിപ്പാൻ
ഉള്ളം അലിഞ്ഞല്ലോ നീ— ഇന്നേ

൨ വമ്പുല്ലാസങ്ങളായ
കൊമ്പും ഇലയുമെന്യേ
മന്നാ! കനികളൊന്നും
തന്നില്ല പാതകൻ ഞാൻ— ഇന്നേ

൩ നല്ല വിത്തിട്ട മന്നാ !
കല്ലായിപ്പോയെൻ ഉള്ളം
നാനാ വിധം കളകൾ
താനേ മുളച്ചുപോയേ— ഇന്നേ

൪ ഇങ്ങൊന്നുകൂടെ നില്പാൻ
അനുവാദം നേടിയോനേ !
വേണ്ട കോപമിന്നേരം
വെട്ടരുതെന്നെ സ്വാമീ— ഇന്ന

൫ ചുറ്റും കിളെക്ക വാക്കാൽ
ചൊരിക നിൻ ആത്മവെള്ളം
മുറ്റും ആത്മഫലങ്ങൾ
മോടിയായ് ഞാൻ തരുവേൻ—ഇന്നേ

൬ വർഷം ഒന്നു പോകുന്നേ
മാ പാപി ചെയ്തു, ദോഷം
വൈഷമ്യഭാരമായ്
മലപോൽ പൊങ്ങിനില്ക്കുന്നേ— ഇ

൭ ഈ ഭാരച്ചുമട്ടുംകൊ-
ണ്ടെങ്ങിനെ ക്ഷീണനാം ഞാൻ
തിങ്ങുള്ള ലോകക്കാട്ടിൽ
തീവ്രം നടപ്പനയ്യോ— ഇന്നേ

൮ കൈ നീട്ടി ഇപ്പോൾ എന്റെ
കനത്ത ചുമടാം പാപം
മാനുവേലേ! നീ നീക്കി
മറ്റവർഷം നല്കീടുക— ഇന്നേ

൨൬൫ 265

## ആനന്ദഭൈരവി — ആദിതാളം

### പല്ലവി

പുതിയാണ്ടിൽ ആശീർവാദം
പുതുശോഭ തിരുപ്രസാദം
പുതു ദാസർക്കരുളേണം
ഇന്നേരമേ

### ചരണങ്ങൾ

൧ വന്നുപോയ കാലവും വ-
രുന്ന കാലാകാലവും
ഒന്നുപോലെ എന്നുമുള്ളവാ
ദേവേശനേ— പുതിയാ

൨ പോയ വർഷത്തിൽ വിപത്താ-
നർത്ഥമൊന്നുമെന്നിയെ
നീയരുൾ ചെയ്തിങ്ങു പാലനം
ദേവേശനേ— പുതിയാ

൩ ക്ഷാമരോഗബാധകൾ
വസന്തയാദിയെന്നിയെ
ക്ഷേമപാലനം കല്പിച്ചു നീ
ദേവേശനേ— പുതിയാ

൪ നന്മയായി സർവ്വവും ന-
ടത്തും മാ കൃപാകരാ
നിന്മനം കനിഞ്ഞീടേണമേ
ദേവേശനേ— പുതിയാ

൫ നിൻമഹത്വത്തിന്നു തക്ക
ജീവിതം ചെയ്തീടുവാൻ
നന്മയാൽ സമ്പൂർണ്ണരാക്കുകേ
ദേവേശനേ— പുതിയാ

൬ സത്യഭക്തി നീതി സ്നേഹം
താഴ്മയും വിശ്വാസവും
നിത്യമിങ്ങു വർദ്ധിപ്പിക്കുകേ
ദേവേശനേ— പുതിയാ

൭ ദിവ്യസമാധാനവാക്യം
നിന്നനുഗ്രഹങ്ങളും
ഏവരോടും കല്പിക്കയക
ദേവേശനേ— പുതിയാ

൨൬൬ ആനന്ദഭൈരവി ആദിതാളം 266

### പല്ലവി

വന്ദനം വന്ദനം സത്യ ദൈവപിതാവേ നിനക്കു
നന്ദനനാം യേശുമൂലം വന്ദനം ഉണ്ടാക. ആമേൻ

### അനുപല്ലവി

ഇന്നിലം തന്നിൽ ഉളവാം എത്രയോ വിപത്തിൽനിന്നു
ഇന്നുവരെ ഞങ്ങളെ നീ കാത്തു രക്ഷിച്ചു അതിന്നു— വന്ദ

ചരണങ്ങൾ

൧ പാർത്തലെ പാപത്തിൻ കൂലിയായൊരു മരണത്താൽ ഠരം
പാരരചരോട[1]മാത്യർ മന്ത്രതന്ത്രികൾ പലരും
ചീർത്ത ബലമുള്ളവർ ധനികരായവരും മറ്റും
[2]ആർത്തിയോട്ടു ജീവൻ വിട്ടും ഞങ്ങൾ ശേഷിച്ചു അതിന്നായ്— വ

൨ ഇക്ഷിതിതന്നിൽ ഭവിച്ച ക്ഷാമരോഗാദികളൊരു
ശിക്ഷയെന്നപോൽ പടന്നു [3]രോഷണം-കൊൾവാരനേകർ
ഇത്രവല്യാപത്തിൽനിന്നു ശത്രുവാം പിശാചിൽനിന്നും
ഭദ്രമായി ഞങ്ങളെ നീ കാത്തു രക്ഷിച്ചു അതിന്നായ്— വ

൩ സത്യമാം തിരുവചനം മൃത്യുവശന്മാക്കശനം
പഥ്യമായെല്ലാവരും കൈക്കൊണ്ടു നടന്നിടുവാനും
ഓടിയ കാലം അതിങ്കൽ വാടിയ ധരാതലത്തിൽ
മോടിചേർത്തനുഗ്രഹിച്ച നിൻ കൃപയ്ക്കായി നിനക്കു— വ

൪ ഇന്നിനിപ്പുതുവർഷത്തിൽ മന്നിടെ വാഴും മനുഷ്യർ
നന്ദിയോടുപജീവിപ്പാൻ തന്നരുൾക നിൻ കൃപയെ
ഭൃത്യരും സർവ്വസംഘവും സത്യവിശ്വാസികൾ മറ്റും
നിത്യവും ശുഭപ്പെടുവാൻ നിർമ്മലാ അനുഗ്രഹിക്ക— വ

---

## Prayer for Rain

### മഴക്കായി അപേക്ഷ

൨൬൭ ഭൈരവി ത്രിസ്രതാളം 26

പല്ലവി

വരിക വർഷക്കുറവു തീർപ്പാൻ
വരിക നാഥനേ
മാരി തരിക ജീവനേ—

ചരണങ്ങൾ

൧ പാരിൽ പെരുത്ത വറൾചയാലെ
ദാഹം ഏറുന്നേ
നരദേഹം മാറുന്നേ— വരിക

൨ ഇട്ട സസ്യം മഴയില്ലാതെ
വെട്ടുപോകുന്നേ
കഷ്ടം വളരെ കൂട്ടുന്നേ— വരിക

൩ ധരണിയേറെ ഉഷ്ണത്താലെ
ഉണങ്ങിപ്പോകുന്നേ
ദാരിദ്ര്യംവളരെ ആകുന്നേ— വരിക

൪ കരുണയോടെ തക്ക മഴ നീ
തരിക യേശുവേ!
നരജീവപാലനേ!— വരിക

൫ നരരെല്ലാരും ക്ഷാമംകൊണ്ടു
നശിച്ചുപോകുന്നേ
പാരം വലഞ്ഞുപോകുന്നേ— വരി

൬ കൊടിയ പാപം ചെയ്കമൂലം
മുടിയുന്നേ ഞങ്ങൾ
വാടിക്കലങ്ങുന്നേ ഇന്നും— വരി

൭ ഭൂമി ശേഷിപ്പാനായ് മഴ നീ
തരിക വേഗത്തിൽ
രക്ഷാകരനേ യേശുവേ!— വരി

---

1. അമാത്യർ = മന്ത്രികൾ. 2. ...ത്തി = ദുഃഖം. 3. രോഷണം = അല...

## Prayer in Time of Cholera

### വിഷൂചികയുള്ളപ്പോൾ

൨൩൮ ആനന്ദഭൈരവി. രൂപകതാളം 268

പല്ലവി

ഞങ്ങളെ രക്ഷിക്ക നാഥനേ!
കരുണയോടെ
രോഗഹാരി! ജീവനാഥനേ!

അനുപല്ലവി

ഞങ്ങളുടെ രക്ഷകനേ
മംഗലപ്രകാശനീശോ
ഇങ്ങു ചുറ്റും ഏറെ മർത്യർ
ഏങ്ങി മരിക്കുന്നു നാശം— ഞങ്ങളെ

ചരണങ്ങൾ

൧ മാരിയേറ്റം തുടർന്നീടുന്നേ
അതിനാൽ ഞങ്ങൾ
പാരം ഇങ്ങു വലഞ്ഞീടുന്നു
ഇഷ്ടബന്ധു മാതാപിതാക്കൾ
തനയന്മാരും
കഷ്ടപ്പെട്ടു മാഞ്ഞുപോകുന്നോ
വിശ്വപാലകാ നീ കൈ-
വിട്ടുവിടാതെ ഞങ്ങളെ
ഇഷ്ടമായി കാത്തുകൊൾവാൻ
ഇരക്കുന്നു യേശുദേവാ!–ഞങ്ങളെ

൨ യേശുവേ നിൻ സങ്കേതം എന്ന്യേ
അഗതികൾക്കു
ഇക്ഷിതിയിൽ ആരുമില്ലല്ലോ
നാശമേറെ ചെയ്യുന്നേ ചുറ്റും
പകച്ചവ്യാധി
നല്ല നാഥാ നോക്കി കാക്കുകേ!
ആശ നിന്മേൽ വെച്ചു ഞങ്ങൾ
അനുതാപത്തോടിന്നേരം
യാചന ചെയ്യുന്നിക്കാലം
ദൈവമേ കരുണ ചെയ്ക—ഞങ്ങളെ

൩ ഹീനർ ജപം കേട്ടു വേഗത്തിൽ
ആരോഗ്യം നല്കി
മാനിലത്തെ ദർശിച്ചീടുകേ
മാനവ പരിപാലകനേ
ഇതു പോലവോളം
സേനദൂതർ കാവലാക്കിട്ടു
നന്ദിയോടെ ഞങ്ങൾ നിന്നെ
വന്ദന ചെയ്തീടുവാനും
നിന്നുടെ ചിറകടിയിൽ
എന്നും ആശ ചേർത്തിടാനും–ഞങ്ങളെ

---

## Prayer in Time of War

### യുദ്ധസമയത്തു

൨൩൯ ഹിന്തുസ്ഥാൻ ആദിതാളം 269

പല്ലവി

യേശുപരാ! എങ്ങും നൽ സമാധാനം
ഇക്കാലം അരുൾക പരാ!

ചരണങ്ങൾ

നാശമുള്ള പാരിൽ–നന്മ നിറെച്ചിടാൻ
ആശിച്ചു വന്ന നാഥാ–പാപ
നാശകാ! ദൈവജാതാ— യേശു

൨

പാരിൽ സമാധാനം–പക്ഷമാം നൽദാനം
പൂരിപ്പാൻ വന്ന ദേവാ!–രക്ഷ
പാരിൽ പകർന്ന ദേവാ— യേശു

൩

ചോരയൊന്നിൽനിന്നു തോന്നിയവർതമ്മിൽ
ഏറെ ശല്യം ചെയ്യുന്നു–ക്രൂര
പോരിൽ പലർ ചാകുന്നു— യേശു

൪

സാരമററതായ-സംഗതിയാൽ തുള്ളി
ഏറെപ്പേർ ചാകുന്നല്ലോ-പേയും
ഏറെ ജയിക്കുന്നല്ലോ— യേശു

൫

വൃദ്ധർ ക്ഷീണർ ഏറെ-മക്കൾ ഭാര്യമാരും
അത്തൽ പെടുന്നിതാലെ-ദാരി
ദ്ര്യത്തുൾപ്പെടുന്നിക്കാലം— യേശു

൬

ഏറ്റം യത്നമെന്യേ-ഏറെ പേർ ചാകുന്ന
പാതാളത്തിൽ ചേരുന്നേ-അതാൽ
വേതാളം തെളിയുന്നേ— യേശു

൭

യുദ്ധം ശങ്ക നീക്കി-യോഗ്യസമാധാനം
അത്യാവശ്യം തന്നിടാൻ-എന്നും
സത്യാനുഗ്രഹം കൂടാതെ— യേശു

---

## Laying the Foundation of a Church

പള്ളിക്കു കല്ലിടുക

൨൭൦ ശങ്കരാഭരണം ആദിതാളം 270

പല്ലവി

വാനരാജനാം ത്രിയേകനേ എഴുന്നരുൾക!

ചരണങ്ങൾ

൧ ദേവദൂത സേവിതാ! ബഹു
വാനലോക നായകാ!
ഗാനം പാടും ദാസർ-നടുവിൽ നീ
വാ പരാപരാ! കൃപാകരാ!— വാന

൨ ഒന്നുപോലെ എങ്ങുമെ നിറ-
യുന്ന ശ്രേഷ്ഠദൈവമേ!
നിന്നു വാഴ്ത്തും ദാസർ-നടുവിൽ നീ
വാ പരാപരാ സർവ്വേശ്വരാ!— വാന

൩ ഇന്നു കല്ലിടുന്ന നിൻ തിരു-
മന്ദിരത്തിൻ വേലയെ
വന്നനുഗ്രഹിക്ക കൃപക്കടലേ
പരാപരാ! മഹേശ്വരാ!— വാന

൪ ജ്ഞാനഭാര്യയാം സഭെക്കടി-
സ്ഥാനമാം ക്രിസ്തുയേശുവേ!
വാനത്തിൽ നിന്നീ നൽ [നേ
പണിനട-ത്താനെഴുന്നരുൾ കൃപാസ

൫ പേയിന്നാലയങ്ങളെ എല്ലാം
നീയില്ലാതെ ആക്കുകേ!
നീയിഹത്തിലെന്നും-ഭരിക്കേണം
ശ്രീയഹോവായേ മഹോന്നത— വാന

൬ ഭക്തരാം നല്ലക്കല്ലുകളാൽ ഇങ്ങു
ശുദ്ധജ്ഞാന മന്ദിരം
ശക്തനേ ഉയർത്തി ഇതിൽ വസി-
ക്കേണമേ മഹാ ദയാപരാ— വാന

൭ താതജാതനാത്മനേ! ജഗ-
ന്നാഥനാം ത്രിയേകനേ!
മോദമോടു ദാസരിടയിൽ വ-
ന്നീടേണം മഹാതേജോമയാ!— വാന

## Dedication of a Church

## പള്ളിപ്രതിഷ്ഠ

### ൨൭൧ ഝംപ്പാ ആദിതാളം 271

പല്ലവി

പരലോകാധിപനേ! പരനേ!
വരേണം തിരുഭവനേ!

അനുപല്ലവി

പരനേ! കൃപയായ്-തിരുമന്ദിരത്തിൽ
ഇറങ്ങി ആവസിക്കേണമേ!—പരനേ— പ

ചരണങ്ങൾ

൧ പരത്തിലും ഭൂമിയിലും-ഇതെന്ന്യേ
പല ലോകങ്ങളിലും
ഒരുവിധം നിറഞ്ഞും-ഒന്നിലും അടങ്ങാ
ഉന്നതനായവനേ!—പരനേ— പര

൨ അടിയർ ആലയത്തെ-ലഭിപ്പാൻ
ഇടവരുത്തിയ നാഥാ!
അടിമകൾ നിന്നെ-അടിതൊഴുതിടുന്നേ
അംഗീകരിക്കേണമേ—പരനേ— പര

൩ തിരുകൃപ തിരുബലവും-ദയയും
തിരുമഹിമയും ക്ഷമയും [ൽ
പരിചോടു പരനേ! അരുളീ ആലയത്തി-
നിറച്ചുവെച്ചിടേണമേ—പരനേ— പ

൪ സ്തുതി ജപം തിരുധ്യാനം-പ്രസംഗം
ഇതുമുതൽ നിൻ ഭവനേ
അധിക ഭക്തിയോടും
ശ്രദ്ധയോടും നടപ്പാൻ ഇതിൽ
അധിവസിച്ചീടേണമേ—പരനേ— പ

൫ നീതിയെ ധരിച്ചവരാ-ന്നിൻ ദാസർ
നിന്തിരു സേവ ചെയ്‌വാൻ
നീ ദയയോടെ-നിത്യമീ സഭയിൽ
നിൻകൃപ പകരേണമേ—പരനേ—പ

൬ അനുതപിച്ചീടുവാനും-ക്ഷമകൾ
അനുഭവിച്ചീടുവാനും
മനസമാധാനം-പലർ ലഭിപ്പാനും
കനിവായ് ഈ സമയം—പരനേ— പ

---

## Starting on a Journey

## യാത്രാഗീതം

### ൨൭൨ ഹിന്ദുസ്ഥാൻ രൂപകതാളം 272

പല്ലവി

ഇന്നിങ്ങെഴുന്നു വായേ-രംഗേശാ!
ഉമ്മാനുവേലേ! നീയേ

ചരണങ്ങൾ

൧ വിണ്ണിൽ നിന്നടിയാർക്കായ്
വിരഞ്ഞു യാത്ര ചെയ്തോനേ!
പൊന്നീശോ! ഗുണവാനേ! -സ്വാമീ!
പോറ്റുന്നടിയാർ നിന്നെ— ഇന്നി

൨ "ഗമനം ആഗമനവും
കനിഞ്ഞു നടത്തേണമേ"
ക്ഷമയോടെഴുന്നു വായേ-സ്വാമീ!
സകല നന്മയുള്ളോനേ!— ഇന്നി

൩ ഇന്നീ ഭവനം വിട്ടു
യാത്ര ചെയ്യുന്നവർക്കു
നന്നേ നന്മകൾ തായേ-സ്വാമീ!
നാഥൻ നീ കാവലായേ— ഇന്നി

൪ ഇങ്ങു വസിപ്പവർക്കും
യേശു നീയേ ശരണം
ഭംഗിയായ് പാലിക്കേണം-സ്വാമീ!
പല നന്മകൾ നല്കേണം— ഇന്നി

൫ പാപ പരീക്ഷകളും
പല കഷ്ടനഷ്ടങ്ങളും
കേവലം അടുക്കാതെ-സ്വാമി
കൃപയോടു കാത്തുകൊൾവാൻ— ഇ

# PSALMS
# സങ്കീർത്തനങ്ങൾ

## ൧൬൩ ബലഹരി 273

പല്ലവി

മനുജനിവൻ ഭാഗ്യവാൻ
മനുജനിവൻ ഭാഗ്യവാൻ

അനുപല്ലവി

1വിനയാം ദുഷ്ടരിന്നാലോ-
ചനയിൽ നടക്കാതുള്ള— മനു

ചരണങ്ങൾ

൧ തിരിഞ്ഞു പാപികളുടെ
വഴിയിൽ നിന്നിടാതെയും
പരിഹാസികളിൻ പീഠ-
ത്തിരുന്നീടാതെയുമുള്ള— മനു

൨ തന്നതിഷ്ടം ദേവവാക്കിൽ
ദിനവും വച്ചതിൽനിന്നു
മനസ്സിലെല്ലാ നേരവും
നിനച്ചു ധ്യാനം ചെയ്യുന്ന— മനു

൩ ആററരികത്തു നട്ട
വാട്ടം ഇലയ്ക്കില്ലാതെ
ഏററ കാലത്തു കനി
കായ്ക്കും വൃക്ഷത്തോടൊത്ത— മനു

൪ ചെയ്യുന്നതെല്ലാമവൻ
മെയ്യായ് സാധിക്കും ദുഷ്ട
കയ്യർ പാററിക്കളയും
തീയ്യ പതിർപോൽ തന്നേ— മനു

൫ നല്ലോർ വഴിയെ സർവ്വ
വല്ലഭനറിയുന്നു
വല്ലാത്ത ദുഷ്ടർവഴി
എല്ലാം നശിച്ചുപോകും— മനു

൬ അതിനാൽ ദുഷ്ടന്മാർ ന്യായ-
വിധിയിങ്കലും പാപികൾ
എഴുനീററിടാ നീതിയു-
ള്ളവരിൻ സഭയിങ്കലും— മനു

൭ ക്രിസ്തു നാമമേ ജയം
ക്രിസ്തുനാമമേ ജയം
ക്രിസ്തേശു നാമത്തിന്നു
എന്നും ജയം ജയമേ— മനു

1. വിനയാം = പാപമുള്ളതായ.

## ൧൬൪ 274

മുഖാരി — ആദിതാളം

൧ അയ്യയ്യോയെൻ യാചനയെ
കേൾക്ക നാഥനേ !—എൻെറ
ധ്യാനം വിചാരിച്ചുകൊള്ളേ-
ന്നാത്മപാലനേ !
അയ്യയ്യോ നിന്നോടു തന്നേ
എൻ പ്രാർത്ഥനകൾ—എൻെറ
ആവലാധിയെ 2സദയം
ഹേ രാജൻ നീ കേൾ

൨ രാവിലെ ദൈവമേ എൻെറ
നാദം നീ കേൾക്കും—അതി-
രാവിലെ ഞാൻ നിന്നെ നോക്കി
പ്രാർത്ഥിച്ചു കാക്കും
ദുഷ്ടതയിലിഷ്ടഹീന
ദൈവം നീയല്ലോ—ചെററും
ദോഷം നിൻെറ കൂടെ വാസം
ചെയ്കയില്ലല്ലോ

൩ ദുർമ്മതിജനം 3തവാഗ്രെ
നില്ക്കയില്ലല്ലോ—സർവ്വ
ദോഷികളെ നീ സദാ വെ-
റുക്കുന്നവല്ലോ
വ്യാജ സംസാരികളെ നീ
നാശം ചെയ്തീടും—4രക്ത-
പ്രേമവും വ്യാജവുമുള്ളോ-
രെ ത്യജിക്കും നീ

൪ നിന്നളവററ കാരുണ്യ-
ത്തെ ഞാൻ നിനെച്ചു—നിൻെറ
മന്ദിരത്തിൽ സമ്മോദത്തോ-
ടുൾപ്രവേശിച്ചു
നിന്നുടെ വിശുദ്ധ സന്നി-
ധാനത്തെ നോക്കി—കൊണ്ടു
നിന്നെ ഞാൻ ഭയഭക്തിയോ-
ടെന്നും വന്ദിക്കും.

2. സദയം = ദയയോടുകൂടി. 3. തവാഗ്രെ = നിൻെറ മുമ്പിൽ. 4. രക്തപ്രേമം = രക്തത്തിന്നായുള്ള കൊതി.

## ൨൭൫ 275

### ഭൈരവി — ആദിതാളം

#### പല്ലവി

ഞങ്ങളിൻ കർത്താവേ !–യഹോവായേ !
ഞങ്ങളിൻ കർത്താവേ !

#### അനുപല്ലവി

മംഗലാ! നിൻ നാമം ഭൂമി–
യെങ്ങുമതി ശ്രേഷ്ഠം നിന്റെ
തിങ്ങിയ മഹത്വമാകാ–
ശങ്ങളിന്മീതെയാക്കി നീ— ഞങ്ങ

#### ചരണങ്ങൾ

൧ വൈരിയെയും പകയനെയു–
മടക്കുവാൻ നിൻ
വൈരികൾ നിമിത്തം നാഥാ!
പാരം പൈതങ്ങൾ ബാല–
ന്മാരെന്നിവർകളുടെ
ചാരുവായിൽനിന്നു ബലം
പൂരണമായ്സ്ഥാപിച്ചു നീ— ഞങ്ങ

൨ നിന്നുടെ [1]കരാംഗുലികളിൻ
ക്രിയയാം വാന–
മണ്ഡലങ്ങളിന്ദുതാരങ്ങൾ
എന്നിവ നോക്കുമ്പോൾ മനു–
നന്ദനനെ നീയോർത്തു കാ–
ണുന്നതിനവനെന്തുള്ളു ?
ഉന്നത മഹത്വദേവാ!— ഞങ്ങ

൩ വാനദൂതന്മാരെക്കാളല്പം
ചെറിയവനാക്കി
മാനമഹിമകളെ കൊണ്ടു നീ
മാനവനെ മുടി ചൂടി
വാനവരാധിപാ! നിന്റെ
പാണിയിൻ ക്രിയകളിന്മേ–
ലാനരനെ നാഥനാക്കി— ഞങ്ങ

൪ ആടു മാടു കാട്ടുമൃഗങ്ങ–
ളെയുമാകാശ–
ത്തൂടെ പറക്കും പക്ഷിക–
ളോടു കടലിൽ കളി–
ച്ചോടും [2]മീനങ്ങളെയും
പാടെ പരാ! നീ നര–
പ്പാടിന്നടിക്കീഴാക്കി— ഞങ്ങ

൫ നായകാ! നിൻ നാമം
ഭൂവെങ്ങു[3]മതീവ മഹ–
നീയമായിരിക്കുന്ന ദേവ
ദേവാ! താതസുതാത്മാ–
വായ ത്രിയേക യഹോ–
വായേ! മഹത്വം കരു–
ണായതനാ തവാമേൻ— ഞങ്ങ

## ൨൭൬ 276

### സുറിയാനി

൧ കർത്താവെന്നുടെ ഇടയൻ താൻ
എത്രയോ ഭാഗ്യ മനുഷ്യൻ ഞാൻ
എത്ര വിചാരത്തോടെന്റെ
മുട്ടുകൾ തീർത്തരുളുന്നു താൻ

൨ കർത്താവെന്നുടെ ഇടയൻ താൻ
മാത്രം മമ [4]ഭാഗ്യത്തരു താൻ
വസ്ത്രാന്നാദികളെത്തന്നു
നിത്യം പോററുന്നെന്നെത്താൻ

൩ കർത്താവെന്നുടെ ഇടയൻ താൻ
തിരുകല്പനകൾ കാക്കും ഞാൻ
ഭക്ത്യാ തന്നുടെ മാർഗ്ഗത്തിൽ
ചിത്തഭയേന നടക്കും ഞാൻ

൪ കർത്താവെന്നുടെ ഇടയൻ താൻ
ദുഷ്കൃത മാനുഷനെന്നാലും
കർത്താവെൻ പാപം പോക്കി
[5]ചിത്തവിശുദ്ധി വരുത്തും താൻ

൫ കർത്താവെന്നുടെ ഇടയൻ താൻ
ചത്താലും അതിധന്യൻ ഞാൻ
[6]മരണ തമോനിഴലിൽ പോലും
ഒരു ഭയമുണ്ടാകാ മനസ്സിൽ

൬ കർത്താവെന്നുടെ ഇടയൻ താൻ
കർത്താവിൻ സ്തുതി പാടും ഞാൻ
കർത്താവെന്നെ വിളിക്കുമ്പോൾ
നിത്യതയിൽ സ്തുതി പാടും ഞാൻ

---

1. കരാംഗുലികൾ = കൈവിരൽ.
2. മീനങ്ങൾ = മത്സ്യങ്ങൾ.

3. അതീവമഹനീയം = ഏററവും മഹത്വമുള്ള. 4. ഭാഗ്യത്തരു = ഭാഗ്യത്തിന്റെ വൃക്ഷം. 5. ചിത്തവിശുദ്ധി = ഹൃദയശുദ്ധി. 6. മരണ തമോനിഴലിൽ = മരണമാകുന്ന അന്ധകാരനിഴലിൽ.

## ൨൭൭ ഇംഗ്ലീഷ് 27

൧ യേശുവിന്റെ ആടു ഞാൻ–അവനിടയൻ എനിക്കു
അതുനിമിത്തം യേശുവിലൊ–പോരാതെയാകയില്ല ഒന്നുമിനിക്കു
ജീവപരിപാലനത്തിന്നു–ശാന്തമാം
ജലവും നല്കിയെ–മേച്ചിലിനിടം വാടാതതും
തെളിവായ് കാട്ടിയെ നലമോടെയരുളി നീട്ടിയെ
അരികിൽനിന്നു പോഷിച്ചു രാപകൽ ദിനവും പോററുവോൻ
ശീലക്കേടുള്ളതും അവനാകെയകററുവോൻ—

൨ അവനെന്റെ ആത്മാവെ–അനുദിനവും നാശത്തിൻ
വഴിയിൽനിന്നു മാററിയവൻ തന്നാമം മൂലമെന്നെ നീതിവഴിയിൽ
മെയ്യായ്നടത്തീടുന്നു എന്നാൽ ഞാനഹോ
മരണഛായയിൻ വക്കത്തും നടകൊണ്ടീടിലും
ഒരു ദോഷത്താൽ ഭയം വരുവതു നഹിമെ പാർക്കിലും
അമലപരാ നാഥനേ–ആദരവിനിക്കായുണ്ടു നീ
ആശ്വസിപ്പിപ്പോം നിൻ വടി ശാസനകൾ എന്നെ—

൩ പരനേയെൻ മുമ്പിൽ നീ–പരിചിലൊരു മേശയെ
രിപുഗണങ്ങൾ സന്നിധിയിൽ തയ്യാറാക്കുന്നു എണ്ണയാൽ ശിരസ്സിനെ
ആകെയഭിഷേകവും ചെയ്തിടുന്നു എൻ
പരനാൽ പൂർണ്ണമായ് വക്കോളം പാത്രം പാനീയത്താൽ
കവിഞ്ഞീടുന്നു എൻ ദിനമതിൽ മുഴുതും ആയുസ്സിൽ
കനിവുമെന്നെ നന്മയും–ചാരവെ തുടരും നിശ്ചയം
ദൈവത്തിൻ വീടതിൽ അഹം വാണീടുമെന്നുമേ—

## ൨൭൮ മുഖാരി അടതാളം 27

൧

എൻ യഹോവായേ! പാപിക്കാശ്രയം
നിന്നുടെ തിരുപാദമേ–ഇപ്പോൾ
എന്നെ നിന്തിരു നീതിയിൽ രക്ഷി–
ച്ചെന്നും താങ്ങി പാലിക്കുകേ

൨

പൊന്നേ നിൻ ചെവി ചായിക്കേണമേ
എൻ നിലവിളി കേട്ടിടാൻ–പാപി
പോവതിനൊരു പാത മററില്ല
പാപികൾക്കു സങ്കേതമേ!

൩

നീയെൻ പാറയും കോട്ടയും എന്റെ
പ്രിയപാലനും ആകുകേ–യേശു
നിന്നുടെ നാമം ഓർത്തു പാപിയെ
എന്നും താങ്ങി രക്ഷിക്കുകേ

൪

സർവ്വലോകങ്ങൾ താങ്ങുന്ന ശക്തി
സർവ്വമുള്ള തൃക്കൈകളിൽ–ഏക
സത്യദൈവമേ! ഞാൻ എൻ ആവിയെ
നിത്യം ഏല്പിച്ചു പാർക്കുന്നേൻ

൫

ദുഃഖമേറുന്ന ദൈവമേ എന്റെ
പക്കൽ നിൻ കൃപ കാട്ടുകേ–മഹാ
ദുഷ്ടനാം മകനായ പാപിയെ
ഇഷ്ടപുത്രനാക്കേണമേ

൬

എൻ അകൃത്യത്താൽ ദേഹം ജീവനും
ഒന്നുപോൽ ക്ഷയിച്ചീടുന്നേ–ചുററും
ഇങ്ങു വൈരികൾ കൂടുന്നേ എന്നെ
മങ്ങിപ്പാൻ തുനിഞ്ഞീടുന്നേ

൭

ജീവൻ ഭാഗ്യവും പാപിക്കുള്ളവ
ദിവ്യകൈകളിൽ യേശുവേ!–ആത്മ
ജീവനും സർവ്വഭാഗ്യവും നല്കി
പാപിയെ രക്ഷിക്കേണമേ.

## ൨൭൯ 279

### മദ്ധ്യമാവതി— ആദിതാളം

#### പല്ലവി

എന്നുടെയുള്ളം പൊങ്ങിടുന്നു
നൽ വചനത്താൽ
എന്നുടെയുള്ളം പൊങ്ങീടുന്നു

#### അനുപല്ലവി

എന്നുടെ ക്രിയകൾ രാജ-
നാകെയെന്നുരെക്കുന്നു ഞാൻ
എന്നുടെ നാവെഴുത്തുകോൽ
വേഗമുള്ള ലേഖകൻറെ— എന്നു

#### ചരണങ്ങൾ

മാനവപുത്രരിൽ നീ മഹാ-സുന്ദരനാം-ലാ
വണ്യമൊ നിന്നധരങ്ങളിൻ [ണ്ടു
മേലിതാ പൊഴിഞ്ഞിരിക്കുന്നു-ആയതുകൊ-
ദേവനോ നിന്നെ എന്നന്നേക്കും
ആയനുഗ്രഹിച്ചിരിക്കു-
ന്നോജസ്സും പ്രഭയുമായി
വീൎയ്യവാനേ! നിന്നുടെ വാൾ
നീയരയ്ക്കു കെട്ടിടുക— എന്നു

൨

സത്യവും വിനയം നീതിയും-രക്ഷിപ്പതിന്നു
ഇപ്രഭയിലെഴുന്നെള്ളി നീ
സിദ്ധിവരുത്തുകാ നിന്നുടെ വലങ്കയ്യും നി-
നക്കു ഭയങ്കരമുള്ളതു
സൂക്ഷ്മമായുപദേശിക്കും
1അസ്ത്രജാലങ്ങൾ നിന്നുടെ
കൂൎത്തവയവയാൽ നിൻ കീ-
ഴ്വീണിടും വംശങ്ങളാകെ— എന്നു

൩

മന്നവൻറെ വൈരികളുടെ-ഹൃദയത്തിലാ-
കുന്നവ ദൈവമേ! നിന്നുടെ
ഉന്നതസിംഹാസനമെന്നും-മുള്ളതു രാജ്യ-
ദണ്ഡിതം നേരെയുള്ള ചെങ്കോൽ
നീതിയെ സ്നേഹിച്ചു ദോഷം
നീ പകെക്കുന്നതാൽ ദേവാ!
നിന്നെയഭിഷേകം ചെയ്താ-
നന്ദതൈലത്തിനാൽ ദേവൻ— എന്നു

൪

നിന്നുടെ കൂട്ടുകാരെക്കാളും-അധികമാകും-
വണ്ണമിതാ ചെയ്തഹോ ദേവൻ
നിന്നുടെയ വസ്ത്രങ്ങളാകെ—മൂറുമഗരു-
വും ലവംഗത്തോലുമുള്ളവ
ആന തൻ കൊമ്പുകൊണ്ടുള്ള
രാജധാനികളിൽനിന്നു
നിന്നെയങ്ങാനന്ദിപ്പിച്ചീ-
ട്ടുന്നിതാ ദൈവമേയവർ— എന്നു

൫

നിന്നുടയ ശ്രേഷ്ഠമാരുടെ-ഇടയിൽ രാജ-
2നന്ദിനികളുണ്ടു രാജ്ഞി താൻ
നിന്നുടെ വലഭാഗത്തോഫീർ-തങ്കമണിഞ്ഞു
നിന്നീടുന്നില്ലയോ പുത്രീ നീ
ഉന്നിയെ കേൾ കാണ്ക ചെവി
നല്ലപോലെ ചായിച്ചീടുക
നിന്നുടെ ജനവും താതൻ
തന്നുടെ വീടും മറക്ക— എന്നു

൬

മന്നവനന്നേരം നിന്നുടെ-നാഥനാകയാൽ
നിന്നഴകു വാഞ്ഛിച്ചീടുമേ [തീറിൻ
വന്ദനം ചെയ്ക നീ അവനെ-എന്നായൊ-
നന്ദിനിയാദിയായ് ജനത്തിൻ
ഉന്നത ധനവാന്മാർ സ-
മ്മാനമോടു കൂടെയഹോ
നിന്നുടെ മുഖപ്രസാദം
തേടുമാമേനല്ലെല്ലയ്യാ— എന്നു

---

## ൨൮൦ ഖണ്ഡങ്ങൾ 280

൧ മഹിമാസനനാമഖിലേശന-
ങ്ങെഴുന്നേല്ക്കയിൽ തന്നുടെ വൈരികൾ
ചിതറീടുമവൻ തിരുമുന്നിൽനിന്നു പകയാളികളോടുമഹോ
പുകപോലെ-നീയവരെ പാറുമേററവും ദുഷ്ടരഹോ

1. അസ്ത്രജാലം = അമ്പുകളുടെ കൂട്ടം. 2. നന്ദിനികൾ = പുത്രിമാർ.

തിരുമുന്നിൽ-അഴിഞ്ഞീടും മെഴുകുരുകും നികർ തീ മുന്നിൽ
തിരുസന്നിധിയിൽ സന്തോഷിക്കും നീതിയുള്ളോർ
അവരുല്ലസിച്ചാനന്ദിച്ചീട്ടമേററമഹോ
പരന്നു പാടിട്ടുവിൻ-കീൎത്തിച്ചിട്ടുവിൻ തിരുനാമം

൨ വഴി ചെത്തി നിങ്ങൾ വെടിപ്പാക്കുവിൻ
വനമാൎഗ്ഗമതായെഴുന്നെള്ളുന്നവന്നു
യാഹെന്നവൻ തിരുനാമമഹോ തിരുമുന്നിലത്യുല്ലസിപ്പിൻ
പരിശുദ്ധ-പാൎപ്പിടത്തിൽ നാഥനനാഥരിൻ താതനവൻ
വിധവകളിൻ-വിധികൎത്താ കുടിയിരുത്തുന്നവനേകാകികളെ
അവൻ ബദ്ധരെ ശ്രീത്വത്തിൽ പുറപ്പെട്ടുവിക്കുന്നോൻ
വരണ്ടിടത്തെ വസിപ്പൂ മത്സരക്കാർ
പരന്നു പാടിട്ടുവിൻ-കീൎത്തിച്ചിട്ടുവിൻ-തിരുനാമം

൩ നിഖിലേശ! നിന്റെ ജനം മുന്നിൽ നീ
നടന്നു മരുമാൎഗ്ഗമായ്പ്പോകയിൽ
പരനിസ്രയേലിന്നധിപൻ തിരുമുമ്പിൽ സീനായിൽ തന്നെ
പാരിളകി-വാനങ്ങളും ഉന്നതന്മുന്നിൽ പൊഴിഞ്ഞിതഹോ
മഴ നിറവാ-യ്പ്പൊരിയിച്ചു തളൎന്നു നിന്നവകാശം നീ നിവൃത്തി
തിരുസംഘം കുടിയേറിയ നാട്ടിൽ ദൈവമേ! നിന്റെ
ദയയിലെളിയവൎക്കു പാൎപ്പൊരുക്കി
പരന്നു പാടിട്ടുവിൻ-കീൎത്തിച്ചിട്ടുവിൻ തിരുനാമം

൪ പരമേശനഹോ മൊഴിയേകുന്നു
ജയവാൎത്തികളോ ബഹുസൈന്യമേ
പടമന്നർ വിരണ്ടോടി വീട്ടിലിരുന്നവളപഹൃതം പങ്കിട്ടമേ
കിടനട്ടുവെ-കിടന്നെങ്കിലും വെള്ളിപൊതിഞ്ഞുള്ള പ്രാക്കളോട്ടും
വൻപൊന്നിൻ-പ്രഭ പൊതിഞ്ഞ ഇറകുകളോട്ടും നിങ്ങൾ സമമാകുമേ
സൎവ്വവല്ലഭൻ മന്നവന്മാരെ ചിതറിക്കുന്നാൾ
ശല്മോൻ ഹിമംപോലെയതിൽ വെണ്മയാകും
പരന്നു പാടിട്ടുവിൻ-കീൎത്തിച്ചിട്ടുവിൻ-തിരുനാമം

൫ മലബാശാൻ മലപരമേശ നിൻ
മലബാശാൻ മല കൊടുമുടികളുള്ള മല
കൊടുമുടികളുടെയ ശിഖരികളെ പരൻ തന്റെ പാൎപ്പിടമാ (യി)
ആശിച്ചുള്ള ശൈലത്തോടു എന്തിനു സ്പൎദ്ധിച്ചീടുന്നു നിങ്ങൾ ?
എന്നുമതിൽ-മന്നനഹോ വസിക്കും താനുമെന്നാലൊ ദേവരഥങ്ങൾ
ഇരുപതിനായിരം രട്ടിച്ച ലക്ഷങ്ങൾ തന്നേ
ദേവനുണ്ടതിൽ സീനായിൽ ശുദ്ധസ്ഥലത്തായ്
പരന്നു പാടിട്ടുവിൻ-കീൎത്തിച്ചിട്ടുവിൻ തിരുനാമം

൬ ഉയരത്തിലേക്കു പരമോന്നതാ!
ജയമോടു ഭവാൻ കരയേറിപ്പോയിട്ടു
തോററവരെ കെട്ടിമാനുഷരോട്ടും മത്സരക്കാററരോട്ടും
ദാനങ്ങളെ-വാങ്ങിയതും യാഹെന്ന ദൈവമതായ്വസിപ്പാൻ
ആകുന്ന നാൾ തോറുമവൻ അനുഗ്രഹിക്കപ്പെട്ടവനാക നമ്മിൽ
ഭാരം ചുമത്തിയാലീശൻ തന്നേ നമ്മുടെ രക്ഷ
യേശുനാമത്തിന്നു ജയം ജയമെന്നഹോ
പരന്നു പാടിട്ടുവിൻ-കീൎത്തിച്ചിട്ടുവിൻ തിരുനാമം.

## ൨൮൧ 281

### കാദംബരി — ആദിതാളം

#### പല്ലവി

തിരുച്ചെവി ചായിക്കേണമേ ദരിദ്രനാമെൻ
കരച്ചിലും നീ കേട്ടീടേണമേ!

#### അനുപല്ലവി

പരത്തിൽ ദൂതരിൻ പാട്ടുകൾ
പെരുത്ത മോദമായ് കേട്ടിട്ടും
പെരുത്തുയർന്ന ക്രിസ്തേശുവെ
നിറഞ്ഞു സങ്കടമാകയാൽ— തിരു

#### ചരണങ്ങൾ

൧ ശരണമെന്നു നിന്മുൻ വീഴുന്നേൻ
പരനേ എന്നെ
ഒരിക്കലും നീ കൈ വെടിയല്ലേ
ഓരോ ദിനവും
ഇരന്നു ഞാൻ കരഞ്ഞീടുന്നിതാ
തുറന്നു ഞാൻ പറഞ്ഞീടുന്നിതാ
ഉരുക്കമുള്ള എൻ നായകാ
പൊറുക്കുകെൻ പിഴയാകവേ—തിരു

൨ നിലവിളിക്കുന്നേൻ അടിയൻ
നീ കേൾക്കേണമേ
വലിയവനാമെൻ തമ്പുരാനേ!
നിലയില്ലയ്യോ!
അലയുവാൻ നിൻ അടിയനെ
അകലെ ഓടിച്ചീടരുതേ
സ്ഥലത്തിൽ വന്നെൻ ജപത്തിനു
ഫലം നീ കല്പിച്ചീടേണമേ— തിരു

൩ നിനക്കു തുല്യം ദൈവങ്ങളില്ലേല്ല
നിൻ ക്രിയയെല്ലാം
നിനെച്ചറിവാനു ബുദ്ധിമാനില്ലേ
മന്നവനീശോ
മനസ്സലിഞ്ഞീടേണം പരാ
അനുഗ്രഹിച്ചീടേണം പരാ!
അനർത്ഥനാളായിതോ പരാ
നിനക്കഭയം വീഴുന്നിതാ— തിരു

൪ പെരുത്തു പാപവ്യാധിയെന്നുള്ളിൽ
നിൻ നന്മകൾക്കു
ഒരിക്കലും ഞാൻ യോഗ്യനല്ലയ്യോ
എൻ രക്ഷിതാവേ!
പെരുത്ത നിൻ നന്മയാലിതാ
വരുത്തമുള്ളോരടിയന്നെ
നിറുത്തി നിൻ മുൻ വരുംവരെ
കരത്തിനാൽ താങ്ങീടേണമേ— തിരു

## ൨൮൨ 282

### പന്തുവരാളി— അടതാളച്ചായ്പ്

#### പല്ലവി

വരുവിൻ നാം യഹോവായ്ക്കു പാടുക—രക്ഷ
തരുന്ന ജീവപാറെക്കാർത്തീടുക

#### അനുപല്ലവി

തിരുമുമ്പിൽ സ്തുതിയോടാ-ദരവായ്ച്ചെന്നു നാമെല്ലാ-
വരും സങ്കീർത്തനങ്ങളോ-ടൊരുമിച്ചാർത്തു ഘോഷിക്ക— വരു

#### ചരണങ്ങൾ

൧ യഹോവയായവൻ മഹാ ദൈവം—അവൻ
സകല ദേവകൾക്കുംമേൽ രാജൻ
മഹിമയിൽ താണിടങ്ങളവന്റെ—കയ്യിൽ
മഹിധരോന്നതങ്ങളും തന്റെ
1 മഹോദധിയുമവന്റെ— വകയാകുന്നു താനതു
പടച്ചിതു കരയെയും-മഹാൻ കൈകൾ മനഞ്ഞിതു— വരു

1. മഹോദധി = വലിയ സമുദ്രം.

൨ വരുവിൻ നാം തൊഴുതു വന്ദിക്കുക—ദേവ
തിരുമുൻ ചെന്നു നാം മുട്ടുകുത്തുക
പരൻ നമ്മെ പടച്ചവനാകയാൽ—തന്നേ
പരമൻ നമ്മുടെ ദേവനാകുന്നു
കർത്തൻ മേച്ചിലിൻ ജനം കരത്തിന്നാടുകൾ നാം തൻ
സ്വരത്തെ നിങ്ങളിന്നു-സ്വരത്തോടിന്നു കേൾക്കുവിൻ— വ

൩ പൊരുൾ വിവാദമാം മെറിബായിലും—അർത്ഥം
പരീക്ഷയാകുന്ന മസ്സാനാളിലെ
മരുഭൂവിങ്കലുമെന്നപോലവെ— നിങ്ങൾ
കഠിനമാക്കരുതുള്ളമന്നെന്റെ
കരത്തിൻ വൻ പ്രവൃത്തികൾ-മരിച്ച നിങ്ങളിന്നച്ഛർ
ദരിശിച്ചാറെയുമെന്നെ-പരീക്ഷിച്ചങ്ങു ശോധിച്ചു— വ

൪ എനിക്കു നാല്പതാണ്ടാവംശത്തോടു—രസം
ജനിച്ചില്ലായവരുള്ളിൽ തെറ്റുന്ന
ജനവുമെൻ വഴിയറിയാത്തോരു-മെന്നു
മൊഴിഞ്ഞേൻ സ്വസ്ഥതയിങ്കലായവർ
അണഞ്ഞുൾപ്പൂകയില്ലെന്നു-1 ചിനത്തോടാണയിട്ടു ഞാൻ
ദിനമെന്നും ത്രിയേകനെ- വണങ്ങി വാഴ്ത്തീടാമാമേൻ— വ

---

ഉവൃന്ദ പല്ലവി 283

പാടുവിൻ-സകല ഭൂമിയെ!
ദേവനു-പുതിയ പാട്ടായ്
പാടുവിൻ നാഥനു പാടി
നാമം വാഴ്ത്തുവിൻ-നാൾതോറുംതന്റെ
രക്ഷയെ നിങ്ങൾ അത്തറിയിപ്പിൻ

ചരണങ്ങൾ

൧ ജാതികൾ-അറിവതിന്നു തൻമഹിമയെ
സകല ജനങ്ങ-ളോടും തൻ
അതിശയങ്ങളും-വിവരിപ്പിൻ
എന്തെന്നാലവൻ-വലിയവൻ
ഏറ്റവും സ്തുതി-ക്കേറ്റവൻ വാന-
ഭൂതലങ്ങൾക്കു-നാഥനുനിങ്ങൾ—പാടു

൨ ജാതികൾ-തൊഴുന്നദേവകളൊക്കെയും
അസത്തുക്കൾ തന്നേ-ദൈവമോ
ചമച്ചവനാ-കാശങ്ങളെ
ഭയങ്കരൻ ദേവ-ന്മാരെക്കാൾ
ഉന്നതൻ തിരു മുന്നിൽ വാനവും
മിന്നും പ്രഭയു-മെന്നുമുണ്ടെന്നു—പാടു

൩ ശക്തിയും-അഴകും വിശുദ്ധസ്ഥലത്തു
ജനങ്ങളിൻ-കുടുംബങ്ങളേ [ണ്ടു
കൊടുപ്പിൻ-ദേവനു മഹിമയെ
കൊടുപ്പിൻ-ദേവനു ശക്തിയെ
നാഥന്റെ തിരു-നാമമഹിമ
നാൾതോറും നിങ്ങൾ-നല്കിനല്കി—പാ

൪ കാഴ്ചയെ-എടുത്തവൻ മതിലകങ്ങളി
ചെന്നവ-ന്മുന്നിൽ വച്ചുടൻ
വിശുദ്ധിയി-ന്നലങ്കാരത്തിൽ
ദേവനെ-തൊഴുതീടുവിൻ
സകല ഭൂമിയെ!-തിരുമുന്നിൽ നിങ്ങ
നടുങ്ങുവിനവൻ-ഭയങ്കരനെന്നു-പാടു

൫ വാനവൻ-വാഴുന്നതിനാലൂഴിയും
ഇളകാതെ-സ്ഥിരപ്പെടുന്നു
നേരായ്ന്യായകൻ-ജനങ്ങൾക്കു
ന്യായം വിസ്തരിക്കുമെന്നു
ജാതികളോടു-മോദമായ്പറ-
ഞ്ഞീടുവിന്നാദി-നാഥനു നിങ്ങൾ-പാ

൬ വാനങ്ങൾ-സന്തോഷിക്കയുമൂഴിയു-
മാനന്ദിക്കയുമാഴിയും
അതിൻ നിറവോടു-കൂടവെ
മുഴങ്ങീടുകയും ചെയ്യട്ടെ
എല്ലാ വയലി-ലുള്ളതൊക്കെയും
ഉല്ലസിക്കട്ടെ-നല്ലതായിട്ടു— പാ

൭ അന്നഹോ-കാട്ടിലെ മരമൊക്കെയും
ആർത്തീടും ദേവ തിരുമുന്നിൽ
ദേവൻ വരുന്നു—ഭൂമിയെ

1. ചിനം = കോപം.

ന്യായം വിധിപ്പാൻ-വരുന്നിതാ
നീതിയില്പൂഴി-യെയും ജനങ്ങ-
ളെയുംവിധിക്കു-ന്നുണ്മയിൽതന്നെ-പാട്ടു

൬ ജയം ജയം-പരമ താതന്നു ജയംജയം
പരമ സുതന്നു-ജയം ജയം
പരമാത്മാവിന്നു-ജയം ജയം
ത്രിയേകദേവന്നു-ജയം ജയം
ജയം ജയം ജയം- യേശുനാമത്തിന്നു
ജയമാമേൻജയ-മാമേനാമേനെന്നു-പാ

---

## ഉവൃ൪ 284

പല്ലവി

പരവിൻ പരവിൻ പുറജാതികളോടു
പരമ യഹോവാ ഭരിക്കുന്നിതെന്നു

അനുപല്ലവി

പരവിൻ പരവിനവർ
തൊഴുന്ന ദേവകളെല്ലാം
ഉയിരില്ലാത്തുരുവങ്ങൾ
തരിമ്പും ഭേദമില്ലെന്നു— പാ

ചരണങ്ങൾ

൧ പരവിൻ പരവിൻ പരൻ
പെരികെ പെരികെ സ്തുതി
നിറവുള്ള പുരാൻ തന്റെ
വിരലിൻ ക്രിയകൾ വാനം
വിരിച്ചു സേവ ചെയ്യും തൻ
പണിക്കാർ വാനവരൊക്കെ
കരത്തിന്നുക്കു കാണിക്കു-
ന്നിതാവാനവിരിവെന്നു— പാ

൨ പരവിനെതിരില്ലാത്ത
കരുത്തൻ കർത്തനെന്നാർത്തു
പരവിൻ പൂരണ തേജ-
സ്സുരുവനൊരുവനെന്നു
പരവിൻ താൻ മഹത്വത്തി-
ന്നരചനെന്നുരച്ചു
പരവിൻ പാടിയാഘോഷി-
ച്ചുരത്തുള്ള സ്വരത്തോടു— പാ

൩ പരവിൻ പരവിൻ യേശു
ഭരിക്കുന്നു വിലങ്ങരെ
പുറത്താക്കും വെളിവാക്കു-
മിരുളിലുള്ളവരെത്താൻ
കരയുന്ന ജനങ്ങളിൻ
കരളിനെ തണുപ്പിക്കും
വരുത്തപ്പെട്ടവർക്കുള്ളിൽ
വരുത്തുമാറ്റമെന്നു— പാ

൪ പരവിൻ പാപികളെയു-
ദ്ധരിപ്പാൻ യേശു വന്നെന്നു
പരവിൻ ക്രൂശിൽ ത്തന്നെ
മരണത്തെ ജയിച്ചെന്നു
പരവിൻ മേഘമേറിപ്പോ-
യിരിക്കുന്നു പരനെന്നു
പരവിൻ പോയതുപോലെ
വരുമേശു വരുമെന്നു— പാ

൫ പരവിനമ്പിയലുന്ന
പരമയേശുരാജന്റെ
ഭരണമെത്ര നന്നെന്നു
പുറത്തുള്ള വരോടെല്ലാം
പരവിൻ താനവർക്കുള്ള
വിരുന്നെല്ലാമൊരുക്കിവ-
ച്ചിരിക്കുന്നു ക്ഷണം നിങ്ങൾ
വരുവിൻ വരുവിനെന്നു— പാ

൬ പരവിൻ യേശുവിൻ ജീവ-
ചരിതമൊക്കെയും നിങ്ങൾ
ഉരപ്പിന്നുള്ളുറപ്പോടു
ദുഷ്കർമം ജ്ഞാനവരുള്ളം
വെറുക്കും വിഗ്രഹമെല്ലാം
ദൂരപ്പനെലികൾക്കവർ
എറിഞ്ഞേശുക്രിസ്തു തന്റെ
അരികിൽ ചേരുമന്നേരം— പാ

---

## ഉവൃ൫ 285

൧

സകല ഭൂതലമേ-സകലാധിപതിക്കു
സകല നേരവും ഘോഷിച്ചീടുവിൻ നിങ്ങൾ

൨

മോദത്തോടെയഹോ-വായെവണങ്ങി സം
ഗീതത്തോടവൻ മുൻ വന്നീടുവിൻ നിങ്ങൾ

൩

കർത്തൻ തന്നെ ദൈവ-മെന്നറിഞ്ഞീടുവിൻ
സൃഷ്ടിച്ചതവനത്രെ നാമല്ല നമ്മെ

൪

ആയവന്റെ ജന-മാകുന്നഹോ നാം
ആയവന്നുള്ളാട്ടുകളാകുന്നു നാം

൫

അത്യുന്നതനുടെ—വാതില്കളിൽ നിങ്ങൾ
സ്തോത്രത്തോടെ കടന്നീട്ടുവിൻ നിങ്ങൾ

൬

സ്തുതിയോടുമണ്ഡപങ്ങ—ളിൽപ്രവേശിപ്പിൻ
സ്തുതിച്ചവന്റെ നാമം വാഴ്ത്തുവിൻ നിങ്ങൾ

൭

കൎത്താവുനല്ലവൻ—അവന്റെ കരുണസത്യം
നിത്യവുമായുള്ളതാകുന്നു സത്യം

൮

ക്രിസ്തേശുനാമത്തിന്നു—ജയം ജയമേ
ക്രിസ്തേശുനാമത്തിന്നു ജയം ആമ്മേൻ.

---

## ൨൮൬ 286

### നാട്ട — അടതാളം

### പല്ലവി

സൎവ്വ മാനുഷരേ പരന്നു— പാടി
സന്തോഷത്തോടു വന്ദിച്ചീടുവിൻ

### ചരണങ്ങൾ

൧ സേവിപ്പിൻ ആനന്ദിച്ചവനെ—ഗീതം
ചേലോടു പാടി തൻമുൻ വരുവിൻ
സൎവ്വലോക നാഥൻ യഹോവാ—ഇതു
ചന്തമോടാൎത്തു വന്ദിച്ചീടുവിൻ—സൎവ്വ

൨ നമ്മുടെനിൎമ്മിതാവെഹോവ—എന്നാൽ
നാമവന്നാടും ജനങ്ങളുമാം
തന്മഹത്വത്തെ പാടി നിങ്ങൾ—ഇന്നു
തൻഗൃഹവാതില്കകത്തു വരീൻ—സൎവ്വ

൩ നാമകീൎത്തനം പാടീടുവിൻ— നിങ്ങൾ
നന്ദിയോടുൾപ്രവേശിച്ചിടുവിൻ
നാഥനായ ത്രിയേക ദൈവം— എത്ര
നല്ലവനെന്നു ചിന്തിച്ചീടുവിൻ— സൎവ്വ

൪ എത്ര കാരുണ്യശാലി പരൻ—സത്യം
എന്നും തനിക്കുള്ളതെന്നറിവിൻ
ക്രിസ്തുന്നും താതാത്മാക്കൾക്കുമെ—നിത്യം
കീൎത്തിയുണ്ടാകഹല്ലെല്ലുയ്യാമ്മീൻ—സൎവ്വ

---

## ൨൮൭ 28

### പല്ലവി

യാഹാം—ദൈവം—കൎത്താ തന്നൊടു
മൊഴിഞ്ഞിതു നീയെന്റെ
വലഭാഗമമൎന്നരുൾക
കാൽക്കീഴ് രിപുക്കളെയാകുവോളം

### ചരണങ്ങൾ

യഹോവ നിന്നുടെ—ശക്തിയിൻ ചെങ്കോ[ൽ]
സീയോനിൽ നിന്നയക്കും
പകയരിന്മദ്ധ്യയധികരിക്ക
എന്നു പരൻ—പറഞ്ഞിതഹൊ— യാഹാ[ം]

൨

നിന്നുടെ ശക്തിയിൻ—നാളതിൽ നിൻജന[ം]
മനഃപൂൎവ്വ ദാനങ്ങളാം
അരുണോദയമതിന്നുദരത്തിൽ
നിന്നു ജനി—ച്ചീടുമഹോ— യാഹാ[ം]

൩

വിശുദ്ധ പ്രഭയിൽ—നിനക്കു യുവാക്ക—
ളെയാകുന്ന മഞ്ഞു തന്നേ
മെല്ക്കീസദേക്കിൻ ക്രമംപോൽ നീ
എന്നുമൊരു—ആചാൎയ്യൻ— യാഹാ[ം]

൪

എന്നു യഹോവാ—ആണയിട്ടനുതപി—
ച്ചീടാ വലമമരും
മന്നവൻ ക്രോധദിനത്തിങ്കൽ
മന്നവരെ—കുത്തീടും— യാഹാ[ം]

൫

ജാതികൾ മദ്ധ്യേ—യവൻ വിധി നടത്തി
ശവങ്ങളാലിടങ്ങളെല്ലാം
മൂടീടും വിസ്താരനിലത്തിൽ
തലവനെത്താൻ—മുറിപ്പെടുത്തും— യാഹാ[ം]

൬ [ടിക്കു[ം]

വഴിയിൽ വച്ചവൻ—നദിയതിൽനിന്നു കു—
അതുകൊണ്ടവൻ നന്നായി
അഴകൊടു തന്നുടയ തലയെ
ജയമോടെ—താനുയൎത്തും— യാഹാ[ം]

൭

മഹിമ വിളങ്ങിയ മഹിമാസനനാം
മശിഹാ രാജനെന്നും
മഹാ ജയം ജയം—ഹോശിയന്നാ
ഹല്ലെല്ലുയാ—യേശു വരും— യാഹാ[ം]

---

## ൧൧൯ 288

### കേദാരഗൌഡം — അടതാളം

പല്ലവി

നല്ലപോൽ തിരുവാക്കിൻ പ്രകാരമേ
നടത്തി കാക്കും പരാ! ഭവാൻ വാഴ്ക

അനുപല്ലവി

ചൊല്ലെഴും ജ്ഞാനം നല്കുക ദൈവമേ!
മോക്ഷിക്കാശ്രയം നിന്തിരു വേദമേ— നല്ല

ചരണങ്ങൾ

നല്ല നാഥനേ! ദുഃഖിച്ചതിന്മുൻപിൽ
നാശമാർഗ്ഗത്തിൽ ഞാന്തെറ്റിപ്പോയേൻ
അല്ലൽപെട്ടു നിൻആജ്ഞകൾകാത്തു ഞാൻ
അടിയാനോടുപദേശിക്ക നിൻ ഹിതം—ന

൨

നിഗളികൾ വ്യാജം നിർമ്മിച്ചല്ലോ 1മയി
നിൻ വചസ്സുപോൽ ചെയ്തീടുവേൻ ഞാൻ
അകമെ ദുഷ്ടർ പുഷ്ടിപ്പെട്ടുന്നേകനേ
അടിയൻ നിൻവാക്കിൽഇഷ്ടപ്പെട്ടീടുന്നേൻ

൩

നന്മയേറും നിൻ വാക്യം ഗ്രഹിച്ചിടാൻ
ഞാൻ ദുഃഖം കൊണ്ടതേറെയും നന്നേ
നിന്മഹാ ശുദ്ധവേദോപദേശങ്ങൾ
നിത്യനേ! കോടി ദ്രവ്യത്തിൽ നന്നല്ലോ.

---

## ൧൨൮ 289

### ബലഹരി

പല്ലവി

അണ്ടർകോനെ ഭയന്ന്—
വന്റെ വഴികളൂടെ
ഇണ്ടലെന്നിയെ നട—
ന്നീടുന്നേവനും ധന്യൻ

ചരണങ്ങൾ

൧ നിൻ കൈകളിൻ പ്രയത്നം
നീ ഭക്ഷിച്ചീടുമഹോ
നീ ഭാഗ്യവാനായീടും
നന്മ നിനക്കുണ്ടാകും— അണ്ട

൨ നിൻ കാന്ത നിൻ ഗൃഹത്തി—
ന്നരികെ ഫലം നൽകുന്ന
മുന്തിരിവള്ളിപോലെ
ചന്തമായ്വാണീടുമേ— അണ്ട

൩ നിന്മക്കൾ നല്ലൊലിവു—
തൈകളെന്നപോലവെ
നിന്മേശയ്ക്കു ചുറ്റുമായി
ചെമ്മെയോടു വാണീടും— അണ്ട

൪ കണ്ടാലും യഹോവായെ
ഭയന്നീടുന്ന മാനവൻ
ഇണ്ടൽ കൂടാതെ തന്നേ
ഇവ്വണ്ണം ഭാഗ്യവാനാം— അണ്ട

൫ നിന്നെയനുഗ്രഹിക്കും
സീയോനിൽനിന്നെഹോവാ
നിന്നായുസ്സിൻ നാളെല്ലാം
ശാലേമിൻ നന്മ കാൺക അണ്ട

൬ നിന്മക്കളിൻ മക്കളെ—യും
നീ കാൺക യിസ്രയേ—
ലിന്മേൽ സമാധാനത്തെ—
യും നീ കാണുമാറാക— അണ്ട

൭ താതസുതാത്മാക്കൾക്കു—
ണ്ടാകട്ടെ മാ മഹത്വം
ആദിയിലുമിപ്പോഴു—
മെന്നുമുള്ള പോലാമേൻ— അണ്ട

---

## ൧൩൫ ഖണ്ഡങ്ങൾ 290

പരിശുദ്ധ പരനെ—നിരന്തരം സ്തുതിപ്പിൻ
പാടി തൻ നാമംകൊ—ണ്ടാടി കുമ്പിടുവിൻ
തിരുജനങ്ങളേ! ഉണർവിൻ—തൻ ദാസർ
തിരുമുമ്പിൽ വണങ്ങീടുവിൻ – എന്നേക്കും

൨

നാഥനും നമുക്കു—താതനും ആയുള്ള
നല്ല യഹോവായെ—എല്ലാരും സ്തുതിപ്പിൻ
ഏതും ആയാസമെന്യേ—തൻ വീട്ടിൽ
ഏകനെ പുകഴ്ത്തീടുവിൻ—എന്നേക്കും

൩

നന്മക്കടലിനെ—ചെമ്മെ നാം സ്തുതിച്ചാൽ
നമുക്കില്ല കുറച്ചിൽഎ—ന്നറിഞ്ഞുകുമ്പിടുവിൻ
ഇമ്മഹാ പദവിയെ നാം—എല്ലാരും
ഇഷ്ടത്തോടാചരിക്കാം—എന്നേക്കും

൪

വാനവും പാരും—താനത്രേ ചമെച്ചു
വല്ലഭൻ നല്ലവൻ—എല്ലാരിലുയർന്നോൻ
ജ്ഞാനത്തോടെ സ്തുതിപ്പിൻ—തൻ പേരിൽ
നല്ല കീർത്തികൾ കൊടുപ്പിൻ—എന്നേക്കും

1. മയി = എന്നിൽ.

൫

ദൈവപിതാവേ! ദിവ്യകുമാരാ!
ദൈവശുദ്ധാത്മ! ത്രി-യേക ദേവേശാ!
സർവ്വകാലവും പുകഴ്ച-ഭവാന്നു
ഭവിക്കേണം ഹല്ലെല്ലൂയാ—ആമേൻ.

---

## ൨൯൧ 291

ദ്വിജാവന്തി — അടതാളം

കുമ്മിവര്‍ണ്ണം

൧ സർവ്വേശ്വരനെ സ്തുതി-ചെയ്തീടുവിൻ-നി-
ഉർവ്വിനിവാസിക-ളായവരെ! [ങ്ങൾ
തച്ഛക്തി വ്യാപിക്കു-മാകാശത്തട്ടിലും
തച്ശുദ്ധ ലോകത്തി-ലും സ്തുതിപ്പിൻ

൨ തന്മഹാ വല്ലഭ-കർമ്മങ്ങളെ—ഹൃദി
ചെമ്മെ ധരിച്ചു പ്ര-ശംസിക്കുവിൻ
തന്മഹാ ശ്രേഷ്ഠമ-ഹിമകളോർത്തങ്ങു
നന്മയോടെ സ്തുതി-ചെയ്തീടുവിൻ

൩ കാഹള നാദങ്ങ-ളെ മുഴക്കി-നിങ്ങൾ
ആഹാ! മഹീപതി-യെ സ്തുതിപ്പിൻ
തംബുരു കൊട്ടിയും-വീണയെവായിച്ചും
തമ്പുരാനെ സ്തുതി-ചെയ്തീടുവിൻ

൪ തപ്പുടിച്ചു നൃത്ത-മാടി നിത്യം—നിങ്ങൾ
ഏറ്റപ്പേരുമപ്പര-നെ സ്തുതിപ്പിൻ
കമ്പിവീണ കിന്ന-രങ്ങൾ പ്രയോഗിച്ചു
തൻപദം വാഴ്ത്തി സ്തു-തിച്ചീടുവിൻ

[ദൈവ

൫ കൈത്താളത്തിന്റെ ധ്വനികൾകൊണ്ടും
കർത്താവിനെ സ്തുതി-ചെയ്തീടുവിൻ
അത്യുച്ചനാദമു-ള്ള കരതാളത്താൽ
അത്യുന്നതനെ പ്ര-കീർത്തിക്കുവിൻ

൬ ശ്വാസധാരിസർവ്വ-പ്രാണികളും—സർവ്വ
ശാസിതാവെ സ്തുതി-ചെയ്തീടട്ടെ
ഒട്ടൊഴിയാതുള്ള-സൃഷ്ടികളൊക്കെയും
അട്ടഹാസിക്കട്ടി-ന്നാലെല്ലൂയ്യാ

൭ ദൈവപിതാവിന്നു-വന്ദനമേ-സദാ
ദൈവതനയന്നു-വന്ദനമേ
ദൈവപരിശുദ്ധാത്മാ-വിന്നും വന്ദനം
ഏവമിന്നുമെന്നു-മാലെല്ലൂയ്യാ

---

# HYMNS FOR CHILDREN

# ശിശുഗാനം

## ൨൯൨ 292

ധന്യാ — ഏകതാളം

പല്ലവി

വരുവിൻ ചെറുപൈതങ്ങളെ
ഗുരുവാം യേശു അരികിൽ
തിരിവിൻ തിരുവചനങ്ങളിൽ
മരുവിപ്പെരുകീടുവിൻ

ചരണങ്ങൾ

൧ ബാലകാലമതെത്ര വേഗത്തിൽ
മറയും നിറം കുറയും
ചില കാലവും നിലനിന്നിടാ
നരെക്കും ജര അണയും— വരു

൨ ഇന്നു കണ്ട ഗുണങ്ങളൊക്കെയും
മങ്ങി മങ്ങി മറഞ്ഞുപോം
സുന്ദരം ബുദ്ധി ശക്തിയും
ഒന്നിനൊന്നു കുറഞ്ഞുപോം— വരു

൩ എത്രയോ പല ബാലകർ മനഃ-
ദുഃഖമായ്മരിച്ചില്ലയോ
അത്രയോ ചില ഭീതികൾ ദിനം
അടുക്കും നമുക്കല്ലയോ— വരു

൪ വേദവാക്യങ്ങളാകെ നാം മഹാ
ഗീതവാക്യമായ്പ്പാടുവാൻ
വേദനാഥനാം യേശു തന്നിൽ നാം
മോദമായത്തു തേടുവാൻ— വരു

൫ സ്നേഹമായതു പൂണ്ടിട്ടല്ലയോ
മശിഹാ ഇഹെ മരിച്ചാൻ
സ്നേഹമായതു കൊണ്ടിട്ടല്ലയോ
തിരുരക്തത്തെ ചൊരിച്ചാൻ— വരു

## ൨൯൩ 293

### പുന്നാഗവരാളി — ആദിതാളം

പല്ലവി

ദിവ്യമാർഗ്ഗ ബാലകർ നാം
ഭാഗ്യമോദശാലികൾ ഹാ!
ഭാഗ്യമോദശാലികൾ

അനുപല്ലവി

ചിത്രഭദ്രമീ സത്യവേദം
എത്രക്ഷേമം-നിത്യം ഹാ! ഹാ!—ദി

ചരണങ്ങൾ

൧ നിത്യവും ന-മുക്കു ദൈവം
സത്യ ദാനം-മേല്ക്കുമേൽ
[1]പഥ്യമായു-തുന്നവന്നു
സ്തോത്രമെന്നും-[2]അസ്തുഹാ! ഹാ!—ദി

൨ ജ്ഞാനഭാഗ്യ-ഹീനരായ അ-
ജ്ഞാനബാല്യക്കാർ-ഗണം
[3]മാനവേശ-സ്നേഹമെന്നി-
യെ നശിച്ചീ-ടുന്നു ഹാ! ഹാ!— ദി

൩ [4]വിഗ്രഹാർച്ച-നാ തമസ്സിൽ
എത്ര ബാലർ-മോദമായ്
ഉഗ്രപേയ്പി-ശാചുസേവ
[5]ജാഗ്രമഭ്യ-സിച്ചും ഹാ! ഹാ!— ദി

൪ രക്ഷിതാവെ-സ്നേഹിച്ചീടാൻ
രക്ഷവാക്യം-ധ്യാനിപ്പാൻ
മോക്ഷമാർഗ്ഗം-കാണിക്കുന്ന
രക്ഷകന്നു-സ്തോത്രം ഹാ! ഹാ!—ദി

൫ ജ്ഞാനഹീന ബാ-ലരെ നിൻ
സേനയോടു-ചേർക്ക നീ
[6]ദാനദാതാ-നിന്നെ ബാലർ
ഗാനം പാടി-ടട്ടെ ഹാ! ഹാ!— ദി

൬ സത്യവേദദീപ-ധ്യാനത്താൽ
ശിഷ്യരാകെ-വാഴുക
സത്യധർമ്മ-ത്താലീരാജ്യേ
മർത്യരെ-നിറെക്ക ഹാ! ഹാ!— ദി

൭ ദൈവതാത-പുത്രനാവിക്കു
ഉർവ്വിമീതെ-മർത്യരാൽ
സർവ്വഗീതം-സർവ്വനാളും
[7]നിർവ്വിവാദം-ആക ആമേൻ— ദി

---

## ൨൯൪ 294

### ധന്യാശി — ചെമ്പട

പല്ലവി

അമ്പുള്ളോരേശു രക്ഷകാ-ഞങ്ങൾ
നിമ്പാദെ വന്ദിച്ചീടുന്നു

അനുപല്ലവി

നിൻ പൈതങ്ങളടിയാർ
കുമ്പിടുന്നു തിരുമുൻ
നിൻ പ്രസാദമിന്നേരം
സമ്പാദിപ്പതിന്നായി

ചരണങ്ങൾ

൧ നിൻ ജഡദിവസങ്ങളിൽ-ബഹു
വാഞ്ഛയോടെ ശിശുക്കളെ
അഞ്ചാരവരുടയോർ .
നിൻ ചാരെ കൊണ്ടുവന്നു
കെഞ്ചുകയാലവരെ
നെഞ്ചോടണച്ചതോർത്തു— അമ്പു

൨ സ്വർഗ്ഗരാജ്യം പ്രവേശിപ്പാൻ-തക്ക
യോഗ്യത ലഭിപ്പതിന്നു
ശുദ്ധാത്മാവിൻ പ്രവൃത്തി
ചിത്തെ ചെയ്തു ഞങ്ങൾക്കു
പുത്തൻ ജനനം നല്കി
ശുദ്ധീകരിക്കേണമേ— അമ്പു

൩ മംഗലകർത്താനിൻകൈകൾ-ഇപ്പോൾ
ഞങ്ങൾമേൽ വച്ചീടേണമേ
ഞങ്ങൾ പ്രാർത്ഥനമൂലം
നിങ്കൽ എപ്പോഴും വന്നു
സങ്കേതം പ്രാപിപ്പാനായ്
നിൻ കൃപയരുളുക— അമ്പു

൪ വേദപ്രമാണത്തെയെന്നും-ഞങ്ങൾ
സാദരം സ്നേഹിപ്പതിന്നു
ആദിമുതൽ പഠിച്ചു
ശോധന ചെയ്വാനും സാ-
മോദം കാത്തുകൊൾവാനും
ബോധം [illegible]രുൾ സതതം— അമ്പു

---

1. പഥ്യമായി = വഴിപോലെ. 2. അസ്തു = ഭവിക്കട്ടെ. 3. മാനവേശൻ = ദൈവം. 4. വിഗ്രഹാർച്ചന = വിഗ്രഹസേവ. 5. ജാഗ്രം = ജാഗ്രതയോടെ. 6. ദാനദാതാ = ദാനങ്ങളെ നല്കുന്നവനേ.

7. നിർവ്വിവാദം = തർക്കംകൂടാതെ.

൭ മാതാപിതാക്കളെ സദാ–ഞങ്ങൾ
മോദമോടനുസരിച്ചു
സോദര സോദരിമാർ
ഏതുനേരവും തമ്മിൽ
പ്രീതിയിൽ മേവതിന്നു
നീ താ നിന്നനുഗ്രഹം— അമ്പു

൮ അമ്മയപ്പന്മാരെ നാഥാ–നിൻെറ
നന്മയാൽ നിറക്കേണമേ
നിന്മാർഗ്ഗത്തിൽ ഞങ്ങളെ
എന്നും നടത്തീട്ടുവാൻ
ചെമ്മെ തുണക്കേണമേ
നിന്നാവിയാൽ അവക്കു— അമ്പു

---

## ൨൯൫ 295

### ഉശേനി — അടതാളചാപ്പ്

കുമ്മി

യെറുശലേമിലെ–ബാലകന്മാർ—അവർ
യേശുനാമ സ്തുതി–പാടി മുന്നം
ഏവമിന്നുള്ള പൈ–തങ്ങളേ നിങ്ങളും
യേശുവിന്നോശന്നാ–പാടീട്ടുവിൻ

൨

കുട്ടികളും പാൽ കു–ടിക്കും ചോര— ചെറു
കട്ടക്കിടാങ്ങളും–ദൈവസ്തുതി
കൂട്ടമെന്നു നവ–നായകൻ ചൊന്നപോൽ
കുട്ടികൾ ഹോശന്നാ–പാടവേണം

൩

നമ്മളെ മുൻപ്പുസ്നേ–ഹിച്ചതിന്നും— ദൈവം
നമ്മൾക്കു വേദത്തെ–തന്നതിന്നും
നമ്മൾക്കു വേണ്ടി മ–രിച്ച സ്നേഹത്തിന്നും
നമ്മൾ ഇന്നോശന്നാ–പാടവേണം

൪

അന്നവസ്ത്രങ്ങൾ ത–രുന്നതിന്നും—നിത്യം
മന്നിടേ നമ്മെക്കാ–ക്കുന്നതിന്നും
അന്നന്നുള്ളാപത്തൊ–ഴിക്കുന്നതിന്നും മ–
ഹോന്നതന്നോശന്നാ–പാടവേണം

൫

തന്നുടെ ശാന്തശീ–ലങ്ങളോർത്തും—യേശു
തന്നുപദേശ വി–ശേഷമോർത്തും
തന്നുടെ നന്മക–ളൊക്കെയും ഓർത്തുംകൊ–
ണ്ടിന്നു നാം ഹോശന്നാ–പാടവേണം

൬

പാപം നമുക്കൊഴി–ച്ചീട്ടുവാനായ്—നീ
പാടനേകമവൻ–പെട്ടതിന്നും
പാപികളായ നാം–ഭക്തിയോടൊന്നിച്ചു
പാപഹന്നോശന്നാ–പാടവേണം

൭

മാതാപിതാക്കളും–ബാലകരും—എല്ലാം
ആമോദമൊ–ന്നിച്ചു ചേർന്നുവന്നു
ആകാശമൊക്കെ മു–ഴങ്ങുമാറുച്ചത്തിൽ
ആശു നാം ഹോശന്നാ–പാടവേണം

൮

ഹോശന്നാ യേശുരാ–ജാവിന്നെന്നും–സ
ഹോശന്നാ ക്രിസ്തുക–ർത്താവിന്നെന്നും
ഹോശന്നാ മർത്യപ്രി–യമേറും നാഥന്നു
ഹോശന്നാ നിത്യം ഹോ–ശന്നയാമ്മെൻ.

---

## ൨൯൬ 29

൧ യേശുവെപ്പോലാവാനിനി–
ക്കാശ താനെത്രയൊ സൌമ്യൻ
ശാന്തശീലൻ തൻെറ വാക്കു
ശാന്തി ചേർക്കും സന്താപിക്കു്

൨ യേശുവെപ്പോലാവാനിനി–
ക്കാശ ജപതല്പരൻ താൻ
ഏകനാം പിതാവിനെ മ–
ലമേൽ സദാ കണ്ടവൻ താൻ

൩ യേശുവെപ്പോലാവാനിനി–
ക്കാശ തൻ വിരോധികൾക്കും
യേശു ദയ വിട്ടൊന്നുമെ
പേശിയില്ലാ ചെയ്തുമില്ലാ

൪ യേശുവെപ്പോലാവാനിനി–
ക്കാശ നന്മയാംവോളവും
ചെയ്തവനി (ളി)വനെ (ളെ)ന്നെന്നെ
ചൊല്ലുവാരെല്ലാരും തന്നെ

൫ യേശുവെപ്പോലാവാനിനി–
ക്കാശ മാത്രം പോരായല്ലൊ
യേശുവേ ദയാ ചൊരിഞ്ഞെൻ
ആശ പൂർത്തിയാക്കേണമേ.

---

## ൨൯൭ 29

### ആഹരി — ആദിതാളം

പല്ലവി

ശക്തിമാൻ യേശു മഹാ രാജനേ
ഭക്തിയാൽ ബാലരെ നന്നാക്കുക—

ചരണങ്ങൾ

൧ ഭക്തിനര-ക്കൈത്ര്യയും
തക്കതായി നിത്യവും
യുക്തിയോടിഹത്തിൽ വസിപ്പാൻ
സൽബുദ്ധി തരിക നീ— ശക്തി

൨ സത്യവാ-ക്യത്തെ ഉള്ളിൽ
ഭദ്രമായ് ഗ്രഹിച്ചീടാൻ
രക്ഷ വരമൊക്കെ അരുളാൻ
തിരുമനസ്സാകേണം— ശക്തി

൩ നന്മ പരിപാകവും
പൂർണ്ണദയയും വരാൻ
കന്മഷമശേഷവും പോകാൻ
കരുണചെയ്ക വേണം— ശക്തി

൪ ശീലഗുണം ചാലവേ
ബാലരിലിങ്ങാകുവാൻ
മാലകന്ന ബാലകോലമായ്
ജഗത്തിൽ വസിച്ചോനേ— ശക്തി

൫ കൂടി ഞങ്ങൾ പാടീടാൻ
മോടിവരം തേടീടാൻ
നേടിയ വരങ്ങൾ അടിയാ-
ക്കരുൾക മശിഹായേ— ശക്തി

൬ നിത്യ പിതാവേ തിരു-
പുത്രനാം മശിഹായേ
സത്യശുദ്ധാത്മാവേ നിനക്കും
സ്തുതികൾ എന്നെന്നേക്കും— ശക്തി

## ൨൯൮ 298

### ഉശേനി — ആദിതാളം

പല്ലവി

ശാലേമിൻ അധിപതി-വരുന്നതിനെ- കണ്ടു
സീയോൻമലയിൽ ബാലർ സ്തുതിച്ചീടുന്നു

അനുപല്ലവി

കർത്താവിൻ നാമത്തിൽ-വരുന്നവനു-സ്തുതി
നിത്യം ഭവിക്കട്ടെ ഹോശന്നാ ആമേൻ—

ചരണങ്ങൾ

൧ കുട്ടിയാം [1]ഗർദ്ദഭത്തിന്മേൽ
യേശു തമ്പുരാൻ—[2]ഉപ-
ദിഷ്ടരാം, ശിഷ്യരോടെഴു-
ന്നരുളി വന്നു
വെട്ടിയങ്ങു പച്ചിലകൾ
യൂദഗണങ്ങൾ-പലർ
റോട്ടുകൾ നെടുകെ വാരി-
വിതറി നിന്നു— ശാലേ

൨ ലക്ഷോപലക്ഷം ദൂതർ
നിരന്നു നിന്നു-തന്റെ
മോക്ഷാസനത്തിൻ ചുറ്റും
പാടി വന്നു
രക്ഷിതരാം ബാലഗണം
കൂടി നിന്നു-തന്നെ
രക്ഷിതാവെന്നാർത്തീടുന്നു-
മോടി തന്നേ— ശാലേ

൩ കോലാഹലമാ യേശു-
[3]മഹീപതി താൻ-ബഹു
മാലോകരോടു ദൈവാ-
ലയത്തിൽ ചെന്നു
ചേലോടെഴുന്നരുളി
അവൻ വരവേ-പലർ
മേലങ്കികളെ വഴി-
യതിൽ വിരിച്ചു— ശാലേ

൪ കൂട്ടമായിരുന്നുതന്നു
നാമെല്ലാരും ഇന്നു
പാട്ടുകൾ പാടേണം തന്റെ
കരുണകൊണ്ടു
കൊട്ടേണം തംബുരുവോടു
താളങ്ങളും-വഴി
കാട്ടണം പലരും തന്നെ
സ്തുതിച്ചീടുവാൻ— ശാലേ

## ൨൯൯ 299

### മുഖാരി — ആദിതാളം

പല്ലവി

ക്രിസ്തു മുമ്പിൽ വന്നാലാർത്തി
നാസ്തിയാമല്ലോ എന്റെ
ക്രിസ്തു മൽ പ്രായബാലരെ
ചേർത്തുകൊണ്ടല്ലോ

ചരണങ്ങൾ

൧ [4]ചിത്തത്തിന്നാനന്ദമരുളും
[5]അത്തൽ അകറ്റും—എന്റെ
നിത്യകാവലായിരുന്നു
കാത്തുകൊള്ളും താൻ— ക്രിസ്തു

1. ഗർദ്ദഭം = കോവർകഴുത. 2. ഉപദിഷ്ടർ = ഉപദേശിക്കപ്പെട്ടവർ.

3. മഹീപതി = ലോകനാഥൻ. 4. ചിത്തം = ഹൃദയം. 5. അത്തൽ = ദുഃഖം.

൨ ക്രിസ്തു എന്നപേക്ഷ കേൾക്കും
ക്രിസ്തു സ്നേഹിക്കും—എന്നെ
ക്രിസ്തു എൻ പാപം ചുമന്നു
മൃത്യുവെക്കൊന്നു— ക്രിസ്തു

൩ യേശു എൻ കയ്യെപ്പിടിച്ചു
നാശമില്ലാത്ത—നല്ല
ദേശമതിന്നു നടത്തും
നാശമൊഴിക്കും— ക്രിസ്തു

൪ തത്ര ഭാഗ്യപ്പെട്ടതങ്ങളോ-
ടൊത്തു വെണ്മയാം—ചിത്ര-
വസ്ത്രധാരിയായി വാഴാം
നിത്യകാലവും— ക്രിസ്തു

൫ അക്ഷയാനന്ദപ്രദമാം
മോക്ഷരാജ്യത്തിൽ—എന്റെ
രക്ഷിതാവെ സുപ്രമോദം
1വീക്ഷണം ചെയ്യാം— ക്രിസ്തു

൩൦൦ 300

## ചെയ്യൂരുട്ടി — ആദിതാളം

### പല്ലവി

മഹത്വം! മഹത്വം! മഹത്വം! പാടുന്ന
ബഹുതപ ഗണത്തെ കാൺക

### അനുപല്ലവി

മഹത്വദേശത്തിൽ—മനുജമക്കൾ
വാഴുന്നു പാ—ടുന്നു— മഹത്വം

### ചരണങ്ങൾ

൧ വരമാലയത്തിൽ വര സിംഹാസനം
വരിച്ചുണ്ടു പതിനാ—യിരം
നരബാലകർ മഹിമയിൽ ഭാഗ്യം നി-
റഞ്ഞു—മനം—തെളിഞ്ഞു— മഹ

൨ അവരുയരെ വിശുദ്ധലോകമതു
പ്രാപിച്ചതെതുവിധം—അവർ
അവിടെ സ്നേഹമോട കുശലങ്ങളിൽ
മുഴുകി 2സമ്മുദരായി— മഹ

൩ നരരക്ഷകനാം പരനേശു തന്റെ
തിരുരക്തമായതിൽ—അവർ
കറയശേഷവും കഴുകി വെണ്മയാം
3തുകിൽ ധരിക്കയാലേവം— മഹ

൪ ധരണിയിലവർ ചരിച്ചനാൾ തന്റെ
മഹത്വം തേടിനാർ—അവർ
ധരണി വിട്ടു തൻമുഖപ്രസാദത്തിൽ
മരുവുന്നു സുഖമായി— മഹ

൩൦൧ 301

## ഇംഗ്ലീഷ് — ആദിതാളം

### പല്ലവി

വരം അരുളീടുക—പരമഗുരോ— 4വരം
ചെറുബാലകരാം—അടിയാരിൽ

### അനുപല്ലവി

വിരവോടു തിരുമുമ്പിൽ അടി വണങ്ങി
ഒരു മനസ്സായ് നിന്നെ—സ്തുതിച്ചീടുവാൻ

### ചരണങ്ങൾ

൧ നിത്യവും നിന്തിരു—നന്മകളെ
നന്ദിയോ—ടെന്നും നിനച്ചു ഞങ്ങൾ
സ്തുത്യഗീതങ്ങളെ—പാടീടുവാൻ
ശക്തിയും ഭക്തിയും—അരുൾ 4വ—രദാ

൨ രക്ഷകനേശുവി—ങ്ങിക്ഷിതിയിൽ
പക്ഷമോടടിയാരെ—രക്ഷചെയ്‌വാൻ
മോക്ഷപുരം വെടി—ഞ്ഞൊരു 5കന്യ-
കുക്ഷിയിൽ ആയ തൻ പക്ഷമോ-
ർപ്പാൻ

൩ ബാലകരാമടി—യങ്ങളുടെ
ശീലദോഷാദികൾ ആസകലം
ചേലോടു നീക്കി നിൻ—ആജ്ഞകളെ
കാലമതിൽ ഞങ്ങൾ—കാത്തുകൊൾവാൻ

൪ സത്യവേദോപദേശ—ങ്ങളെയും
സ്തുത്യം നിൻ തിരുവചന—ങ്ങളെയും
ബുദ്ധിയോടെ അടി—യാർ പഠിച്ചു
മുക്തിവിദ്യാദി ല—ഭിച്ചുകൊൾവാൻ—

1. വീക്ഷണം ചെയ്യാം = കാണാം.
2. സമ്മുദരായി = സന്തോഷമുള്ളവരായി.
3. തുകിൽ = വസ്ത്രം.
4. വരദാ=വരത്തെ ദാനം ചെയ്യുന്നവനേ
5. കന്യകുക്ഷിയിൽ = കന്യകയുടെ വയറ്റിൽ.

## ൩൦൨ 302

### ആനന്ദഭൈരവി— ആദിതാളം

#### പല്ലവി

ബാലരാം അടിയങ്ങളിൽ മനു-
വേലനേ കനിയേണമേ
അനുകൂലനേ അലിയേണമേ

#### ചരണങ്ങൾ

൧ ശീലദോഷമകന്നു ഞങ്ങൾ സു-
ശീലരായ്മരുവീടുവാൻ
ചേലൊടെ അടിയങ്ങൾ നിന്നുടെ
ആലയങ്ങളുമാകുവാൻ— ബാല
[നെ-

൨ ചെറിയ ബാലരെ അരികിൽവിട്ടുവി-
ന്നരുളിയോരഖിലേശനേ!
അരികിലടിയരണഞ്ഞു വരുവതി-
ന്നരുളേണം കൃപ നാഥനേ—ബാല

൩ അടിയരുടെ ചെറു പഠിന ശാലയിൽ
വടിവോടെഴുന്നരുളീടേണം
പഠിനമടിയരിന്നകതലങ്ങളിൽ
പതിവതിന്നരുളീടേണം— ബാല

൪ മംഗല നിയമങ്ങളിൻ മ-
മ്മങ്ങളെയറിഞ്ഞീടുവാൻ
ഞങ്ങളിൻ ഹൃദയങ്ങളിൻ മലി-
നങ്ങളെ കഴുകീടുവാൻ— ബാല

൫ ആശീർവ്വാദമുണ്ടാകേണം അടി-
യാരുടെ ഗുരുഭൂതരിൽ
ദാസരാമവർക്കധിക നന്മകൾ
യേശുവേ അരുളീടേണം— ബാല

൬ തന്തതള്ളകളെ വരിചൊട്ടു
സന്തതം പാലിക്കുക
നിന്റെ നല്ല വരങ്ങളെ സം-
ബന്ധികൾക്കരുളീടുക— ബാല

൭ കരുണയോടു പുതു ഹൃദയമടിയരിൽ
അരുൾകകരുണയിന്നാഴിയേ[രുവാൻ
മരണംവരെയും നിൻകൃപയിൽ അമ
അരുൾക പരമാത്മാവിനെ— ബാല

## ൩൦൩ 303

### ഢപ്പാ — ആദിതാളം

#### പല്ലവി

ദൈവ1താതാവേ-മശിഹാ ദേവാ
വിശുദ്ധാത്മ നിന്നരുൾ വരം
താ ദേവാ സതതം

#### അനുപല്ലവി

ലോക സ്രഷ്ടാവേ! ലോക കർത്താവേ!
ദേഹമെ-ടുത്ത വരനേ— ദൈവ

#### ചരണങ്ങൾ

൧ രക്ഷകർത്താവേ-ശിക്ഷകർത്താവേ!
ഇക്ഷിതിക്കേ-കഗുരുവേ!
പക്ഷം വെപ്പാനും-രക്ഷ ചെയ്വാനും
പാപിക-ളപേക്ഷിക്കുന്നു— ദൈവ

൨ ആദിയില്ലാതെ-അന്തമില്ലാതെ
ആദിയും-അന്തവും നീ-
മോദകരൻ നീ-2ഖേദഹരൻ നീ
നീ ദയ-യായ്വരിക— ദൈവ

൩ ബാലമിത്രൻ നീ-3മാലകന്നോൻ നീ
കുശലക-രനും നീയേ
ബാലരെ നോക്കി-ശീലം നന്നാക്കി
പാലനം-ചെയ്ക സദാ— ദൈവ

൪ ബുദ്ധി നല്കാനും-വിദ്യ നല്കാനും
നിത്യം നീ-എഴുന്നരുൾക!
ഭക്തി നല്കാനും-മുക്തി നല്കാനും
ശക്തി നി-നക്കു മാത്രം— ദൈവ

൫ ദൈവപിതാവേ!-ഏകസുതാ ശു-
ദ്ധാവി ത്രി-യേകവരാ!
ആദിയിലിന്നും-4അനാരതകാലം
ആകും സ്തു-തി നിനക്കു— ദൈവ

---

1. താതാവു = പിതാവു. 2. ഖേദഹരൻ = ദുഃഖം തീർക്കുന്നവൻ. 3. മാലകന്നോൻ = ദുഃഖത്തിൽനിന്നു വേർപെട്ടവൻ. 4. അനാരതകാലം = എന്നെന്നേക്കും.

# GENERAL LYRICS
# സാമാന്യഗീതങ്ങൾ

## ൩൦൪ 304

### പന്തുവരാളി — അടതാളം

പല്ലവി

അന്തികെ വരിക നീ പാപീ

അനുപല്ലവി

ചിന്തിയെന്നുടെ ചോര നിൻപാപംതീർപ്പാൻ

ചരണങ്ങൾ

൧ സന്താപാഗ്നി കൂപത്തിൽ
നീന്തിയന്തമില്ലാതെ
വെന്തീടുമിതിനെ നീ—ചിന്തിച്ചുവേഗം

൨ ഇഷ്ടകാലമിതിനെ
നഷ്ടമാക്കീടാതെ നീ
ദുഷ്ടമാർഗ്ഗങ്ങളെല്ലാം—വിട്ടോടിയെന്റെ

൩ കഷ്ടകാലമിതിൻ പിൻ
പെട്ടെന്നു വരുമപ്പോൾ
പൊട്ടി നീ മുറയിട്ടാൽ—ഒട്ടും കേട്ടിടാ

൪ ആദിഭൂതങ്ങളെല്ലാം
ചൂടാലഞ്ഞുരുകീടും
ആ നേരം നിനക്കു ന—ല്ലാനന്ദമാവാൻ

## ൩൦൫ 305

### ആനന്ദഭൈരവി— ആദിതാളം

പല്ലവി

പുത്രനിൽ വിശ്വസിക്കുന്നെല്ലാവനും
നിത്യജീവനുണ്ടു
പുത്രനിൽ വിശ്വസിക്കുന്നെല്ലാവനും

അനുപല്ലവി

സത്യമാംദൈവത്തിൻവചനം കേൾക്കുവിൻ
മർത്ത്യരാം നിങ്ങളെല്ലാവരും ശ്രദ്ധിപ്പിൻ—

ചരണങ്ങൾ

വിശ്വസിക്കുന്നവൻ പാപത്തിൻശാപത്താൽ
അഗ്നിക്കടലിൽ വീണു
നശിച്ചുപോകാതെ എന്നും ജീവിപ്പാൻ
ദൈവം സ്നേഹിച്ചു ലോകത്തെ
രക്ഷിപ്പതിനായ് തൻ പുത്രനെ അയച്ചു
ശിക്ഷിച്ചു പാപത്തെ അവന്റെ ജഡ
൨ ത്തിൽ—പുത്ര

മരണനിഴലിൽ കിടക്കും ഭൂമിമേൽ
ഒരു വെളിച്ചവും ഒരു
കരയും കണ്ടിടാതുള്ള മാനുഷർ
വീണ്ടും ആശ്വസിപ്പതിന്നായ്
പരമ താതാവു ജീവന്റെ വെളിച്ചം
കരുണ പൂണ്ടിട്ടുദിപ്പിച്ചു നമുക്കു— പുത്ര

൩

ഏകമനുഷ്യനാൽ ലോകത്തിൽ പാപവും
പാപക്കൂലിയാം മൃത്യുവും
ആകവെ പകർന്നു എന്നപോലിതാ
പുണ്ണ്യനുസരണത്തിൽ
ഏകനാമേശുവിൻ വിശുദ്ധ കുരിശിൻ
യാഗത്താൽത്തുറന്നു ജീവന്റെ വഴിയെ

൪

വനത്തിൽ മോശെ ആ പിച്ചള സർപ്പത്തെ
ഉയർത്തിയതുപോലെ
മനുഷ്യപുത്രനും ഉയർത്തപ്പെട്ടിതാ
ക്രൂശിൽ നോക്കി വിശ്വാസത്താൽ
അനുസരിച്ചീടും നേരത്തിലുടനെ
അനുഭവിച്ചീടും ആത്മിക ജീവനെ—പു

൫

കല്ലറയിൽനിന്നുയിർത്ത യേശുവേ
നിൻ ഉയിർപ്പിനാൽ എത്ര
നല്ലൊരു ആശ ഉദിച്ചു എനിക്കു
നീ ജീവിക്കുന്നെന്നേക്കും
വല്ലഭനുള്ള നിൻ വാഗ്ദത്തത്താൽ ഞാനു
അല്ലലില്ലാതെ നിൻ അരികിൽ ജീവിക്കു

൬ [പ്പെ
ദൈവത്തിൻസ്നേഹംതൻപുത്രനിൽ വെളി
അതിൽനിന്നു വേർപ്പെട്ടതാൻ
ഏവൻ വന്നാലും ഇല്ലൊരു സാദ്ധ്യവും
ഈ ഭൂമിയിൽ നേരിടും
ചാവതും ആപത്തും നഷ്ടവും കഷ്ടവും
സേവയെ ചെയ്യുന്ന നമുക്കായ് മക്കൾ

൭

മരണമേ നിന്നെ പേടിക്കുന്നില്ല ഞാൻ
നിന്നെ ജയിച്ച യേശു
ശരണം എനിക്കും ഹരണം നിനക്കും
അവൻ എനിക്കു ജീവൻ
തരുവാൻ ദൈവത്തിൻ വലത്തുഭാഗത്തു
ഭരണംചെയ്യുന്നു സർവ്വാധികാരിയായ്—

---

## ൩൦൬ 306

### മലയാമി — അടതാളചാപ്പ്

പല്ലവി

നിനക്കേതു വേണം അയ്യോ!
ഏതിഷ്ടം ചൊൽക പാപീ
ജീവൻ നീങ്ങിപ്പോയിട്ടും മുമ്പെ

ചരണങ്ങൾ

പാപത്തെ വെറുത്തു മാ ദൈവകാരുണ്യ-
ഭാഗ്യം ലഭിച്ചീടേണമോ
വേണമോ വേണമോ—നീച
പാപത്തിൽ രസിച്ചു മാ ദൈവകോപത്താൽ
പാതാളം ചേരേണമോ?— നിന

൨

ആശയാൽ ലോകത്തിൻ മാനംധനം തേടി
ആത്മം നശിച്ചീടേണമോ
വേണമോ വേണമോ—നിന്റെ
ആശവിശ്വാസവും യേശുവിൽ ആക്കിപ്പോർ
ആനന്ദം നേടേണമോ?— നിന

൩

തന്നിഷ്ടവും സ്വയനീതിയും പൂണ്ടു നീ
ദൂരത്തായീടേണമോ
വേണമോ വേണമോ—അതോ
യേശുവിന്നിഷ്ടം തൻ നീതിയും ധരി-
ച്ചാലോകം നേടേണമോ!— നിന

൪

വേഷങ്ങൾ നാമങ്ങൾ ഭാവങ്ങളും പൂണ്ടു
വ്യർത്ഥനായീടേണമോ
വേണമോ വേണമോ—വെളി- [ൽ
വേഷത്തെ നോക്കാത്ത ദൈവകടാക്ഷത്താ-
മേൽഗതി നേടേണമോ?— നിന

## ൩൦൭ 307

### മണിരംഗു — ആദിതാളം

൧ ദൈവമേ യെത്രയഗാധമഹോ നിൻ
ദിവ്യവിചാരണകൾ-ഓർക്കിൽ
എവ്വിധമതിലെ ദിവ്യരഹസ്യങ്ങൾ
ചൊൽവോടറിഞ്ഞീടുന്നു

൨ വാനവും ഭൂമിയുമാഴവുമൊരുപോൽ
വാണരുളുന്നു സദാ-മഹാ- [യ്
ജ്ഞാനമോടവയെ നിന്മഹത്വത്തിന്നാ
നീ നടത്തീടുന്നഹോ

൩ നിൻ പ്രിയമക്കടെ നന്മയിലേക്കായ്
അമ്പിയലും പരനേ-എല്ലാം
ഇമ്പമോടൊന്നായ് വ്യാപരിച്ചീടുന്നു
തുമ്പമവർക്കു വൃഥാ

൪ മൊട്ടിനു കൈപ്പു രുചിക്കിലുമായതു
പൊട്ടി വിടർന്നീടുമ്പോൾ-അതു
കാട്ടുമതിൻ മധുരാകൃതിയും തേൻ
കട്ടയുമുണ്ടകമേ

൫ ശിക്ഷയിലും ബഹു കഷ്ടത തന്നിലും
അക്ഷയനാം പരനേ-നിന്റെ
രക്ഷയിൻ മാ മധുരം രുചിക്കാമതു
നിശ്ചയമീയിനിക്കു [നാൽ

൬ എന്തിനു പൊങ്ങി വരുന്നൊരു കാറ്റി-
ചിന്ത തളർന്നീടുന്നു-വരം
ചിന്തിടുമാറതു പൂർണ്ണമതോർത്താൽ
സന്തോഷമേയിനിക്കു

൭ വങ്കടലിൽ തിരകൊണ്ടു മറിഞ്ഞാൽ
സങ്കടമെന്തിന്നതിൽ-എനി-
ക്കെങ്കണവന്റെ ശക്തിയെ കാണാം
ശങ്കകൂടാതുടനെ

൮ എത്ര കറുത്തൊരിരുട്ടിലുമീ ഞാൻ
കർത്തനേ നിൻ വലകൈ-കണ്ടെൻ
അന്തലടക്കി മനോസുഖമെപ്പോഴും
എത്തിടാമെ പരനേ

൯ മന്നനേ നിന്നുടെ വൻക്രിയയെ ഞാൻ
ഒന്നിനെ കണ്ടുടനെ-മഹാ
മന്ദനായ്വിധി ചെയ്യാതിരിപ്പാനായ്
തന്നീടേണം കൃപയെ.

## ൩൦൮ ദ്രാവിഡസൈന്ധവി ഏകതാളം 308

### പല്ലവി

യേശു രക്ഷിതാവെനിക്കു നല്ല സ്നേഹിതൻ

### അനുപല്ലവി

ഏററം വിലയുള്ള മുറിൻകെട്ടെനിക്കവൻ

### ചരണങ്ങൾ

൧ എന്നെ രക്ഷിച്ചീടുവാൻ–സ്വർ ഭാഗ്യം വെടിഞ്ഞു
മണ്ണിൽ വന്നു ജീവൻ വിട്ട–പ്രാണ നാഥനാം— യേശു

൨ ഒന്നുകൊണ്ടും കൈ വെടിയാതെ–തന്നാത്മാവാൽ
എന്നും കൂടെ പാർത്തിടുന്ന–മാ കൃപാലുവാം— യേശു

൩ തന്മഹത്വ സന്നിധിയാൽ–എന്നെയെപ്പോഴും
കണ്മണിപോൽ കാത്തിടുന്ന–കാരുണ്യവാനാം— യേശു

൪ ഈ ലോകത്തിൽ കൂടെയുള്ള–യാത്രയിലെൻറ
കാലടികളെ ക്ഷണം പ്രതി നടത്തുന്ന— യേശു

൫ ശുദ്ധതയിൽ ഞാൻ ദിനവും–വർദ്ധിപ്പാനെൻറ
ഹൃത്തിൽ വസിച്ചു സദാ ശ–ക്തിപ്പെടുത്തുന്ന— യേശു

൬ എൻ പ്രയാസങ്ങൾ സകല–വും സതതം തൻ
മുമ്പിൽ കൊണ്ടുചെല്ലുവതി–ന്നു ക്ഷണിക്കുന്ന— യേശു

൭ മേദിനിയിൽ നേരിടുന്ന–ഖേദങ്ങൾ മൂലം
വേദനപ്പെട്ടീടുമ്പോൾ–ആമോദം നല്കുന്ന— യേശു

൮ തൻ നിറവിൽ നിന്നനുദിനം–ക്ഷണംതോറും
എന്നാവശ്യങ്ങൾ അഖിലം–തീർത്തുതരുന്ന— യേശു

൯ മൃത്യുവിൻ നേരത്തുമെല്ലാ–ശത്രുവിൽനിന്നും
കാത്തു നിത്യ ഭാഗ്യലോകെ–ചേർത്തുകൊണ്ടീടും— യേശു

൧൦ ഈയരുമ രക്ഷകനൊ–ന്നിച്ചെല്ലാനാളും
ജീവിക്കുന്നതു എനിക്കു–ഭൂവിൽ സ്വർഗ്ഗമേ— യേശു

---

## ൩൦൯ 309

### ഹിന്ദുസ്ഥാൻ — ആദിതാളം

### പല്ലവി

വീണ്ടും ജനിപ്പിക്ക എന്നെ
മാ പരിശുദ്ധാത്മാ!
മാ വല്ലഭ ദേവാത്മാ!
വീണ്ടും ജനിപ്പിക്ക ദേവ
വാക്കിനാൽ ദേവാത്മാ!

### ചരണങ്ങൾ

൧ ഏററം പാപത്താൽ മരിച്ചു
ശക്തി കെട്ടുപോയേൻ
ഇക്കൂട്ടവും പിശാചിനൊത്തു
ശുദ്ധിയില്ലാതായേൻ

൨ കാഴ്ച കേൾവി ഉണ്മം രുചി
സന്തോഷവും പോയേ
കർത്തനേ! നിൻ രൂപമാക്കി
തീർക്കയെന്നെ നീയേ

൩ എല്ലുപോലുണങ്ങിപ്പോയോൻ
ജീവനില്ലാതായോൻ
ഏറെ ശക്തിയുള്ള കാറ്റേ
വന്നൂതുക നീയേ!

൪ കാൽ കരം നാവും ചെവി കൺ
നെഞ്ചും ശുദ്ധമാക്കി
കർത്തന്നു മഹത്വമായി
ജീവിപ്പിക്ക എന്നെ

൫ ദൈവസ്നേഹം പാപദ്വേഷം
നീതിയും ഉണ്ടാക്കി
ദിവ്യവിശുദ്ധാത്മനേ! നീ
വാസം ചെയ്യേണം ഉള്ളിൽ.

---

## ൩൧൦ 310

### ബിഹാഗ് — ആദിതാളം

#### പല്ലവി

വഞ്ചക നെഞ്ചെന്നിൽ-നിന്നകറ്റി പുതു
നെഞ്ചടിയാനരു-ളേണമേ വേഗമേ
ദൈവശുദ്ധാത്മാ

#### ചരണങ്ങൾ

വഞ്ചക പേ കുടി-കൊണ്ടു ദിനമ്പ്രതി
വഞ്ചന പാതക-ചിന്തയുണ്ടാക്കുന്നാൻ —

൨

കാമം കോപം പക-ഡംഭം ചതിവെന്നിൽ
താമസിക്കാതെ അ-കറ്റുക വല്ലഭാ! —

൩

കള്ള സമാധാനം-തോന്നാതിരിപ്പാനും
ഉള്ള കുറ്റം തെളി-വായി കണ്ടീടാനും —

൪

ജഡമോഹങ്ങൾ ജ-യിക്കാതിരിപ്പാനും
അടങ്ങി തോറ്റു ന-ശിക്കാതിരിപ്പാനും —

൫

രക്ഷകൻ യേശുവിൻ-ചിന്തയെന്നിൽ തന്നു
രക്ഷിച്ചെന്നെ ജനിപ്പി-ക്ക നീ വീണ്ടുമേ —

---

## ൩൧൧ 311

### ഉശേനി — ആദിതാളം

#### പല്ലവി

എൻ രക്ഷകനാമേശുവേ
എന്നെ ദയയോടു കാത്തു
എന്നെ ദൈവഭക്തിയിൽ വളർത്തി
നന്നാക്കീടുക

#### ചരണങ്ങൾ

൧ പാപസമുദ്രത്തിലല്ലോ
പാഴിലുഴന്നീടുന്നല്ലോ
പാലകാ എൻ ചിത്തം ശുദ്ധമാക്കി
പാലിച്ചീടുക— എൻ

൨ കന്മഷ പരിഹാരാർത്ഥം
ചിന്തിയ തിരു രക്തത്തിൽ
കാരുണ്യത്താൽ മാം കഴുകി ദേവാ
ശുദ്ധീകരിക്ക— എൻ

൩ നിന്നാലെ സൌജന്യമായി
സമ്പാദിതമാം രക്ഷയിൽ
എന്നെയവകാശിയാക്കി കൊൾക
കൃപാസാഗരാ— എൻ

൪ വേദപ്രമാണത്തിൽനിന്നു
വേഗം ജ്ഞാനത്ഭുതകാര്യം
സാദരം കാണ്മാനെൻ കണ്ണുകൾ നാഥാ
തുറക്കേണമേ— എൻ

൫ വ്യാജവഴിയിൽ നിന്നെന്നെ
വേഗം നീയകറ്റി നിന്റെ
വേദപ്രമാണത്തെ കൃപയോടെ
നല്കീടേണമേ— എൻ

൬ മായയെ നോക്കാതവണ്ണം
മമ കണ്ണുകൾ നീ തിരിച്ചു
മഹൽഗുരോ നിൻ വഴിയിലെന്നെ
നടത്തേണമേ— എൻ

൭ ഭൂലോകവാസം കഴിച്ചു
സ്വർല്ലോകത്തെ ഞാൻ പ്രാപിച്ചു
കൊള്ളുവാൻ വേണ്ടുന്നതെല്ലാമെന്നെ
കാണിക്കേണമേ— എൻ

---

## ൩൧൨ 312

### ഹിന്തുസ്ഥാൻ — ആദിതാളം

#### പല്ലവി

സ്തുതി സ്തുതി നിനക്കെ-ന്നും ചൊല്ലീടുവേൻ
മോക്ഷച്ചുമടൊഴിച്ചു രക്ഷ തന്നവനേ!

#### ചരണങ്ങൾ

൧ ആത്മവിചാരം-ഇല്ലാതെ കിടന്നേൻ
അരുളി ഉണർച്ച ഭവാൻ
ഹല്ലേലൂയ! ഹല്ലേലൂയ!

൨ ശാന്തം ഇല്ലാതെ ബാധിച്ച മനസ്സിൽ
തന്നു സന്തോഷം ഭവാൻ
ഹല്ലെല്ലൂയ ! ഹല്ലെല്ലൂയ !
[നീയേ

൩ ഭ്രമിച്ചു ഞാൻ കിടന്നേൻ-കൃപയോടു
പരമ ശാന്തം കല്പിച്ചു
ഹല്ലെല്ലൂയ ! ഹല്ലെല്ലൂയ !

൪ നന്ദി, സന്തോഷം, ലജ്ജ, വിസ്മയവും
നന്നേ നിറയുന്നുള്ളിൽ
ഹല്ലെല്ലൂയ ! ഹല്ലെല്ലൂയ !
[നീ

൫ ഏറെ പിഴെച്ചു ഞാൻ-ഏറെമോചിച്ചു
എന്നും നിന്നടിമ ഞാൻ
ഹല്ലെല്ലൂയ ! ഹല്ലെല്ലൂയാ !

---

## ൩൧൩ ഹിന്ദുസ്ഥാൻ — ഏകതാളം 313

### പല്ലവി

രക്ഷകനേ നിനക്കു കീർത്തനം-അനന്തം

### ചരണങ്ങൾ

൧ തിരുരക്തം ചൊരിച്ചു തിന്മപെട്ട എന്നെ നീ
പരന്നു വീണ്ടെടുത്ത മാ വലിയ കൃപകൾക്കുമേ— രക്ഷ

൨ മരിച്ചു ഞാൻ കിടന്നേൻ നാറി ഉരുവഴിഞ്ഞേൻ
തിരിച്ചുയിർ ശക്തി സുഖം തന്ന പ്രിയനേശുവേ— രക്ഷ

൩ കുരുടനായിരുന്നേൻ തൊട്ടു കാഴ്ച തന്നു നീ
നിറഞ്ഞ കുഷ്ഠ പാപത്തെ നീക്കി ശുദ്ധി നല്കി നീ— രക്ഷ

൪ നീതി ശുദ്ധി ബോധം നിന്തിരു നൽ രൂപം
ചേതസ്സിൽ കല്പിച്ചു തന്ന ദിവ്യ കൃപക്കടലാം ! രക്ഷ

൫ തിരുരക്തത്താലെൻ തിന്മ കുറ്റം മായിച്ചു
പരമ ജീവ പുസ്തകത്തെഴുതി എൻ നാമം നീ— രക്ഷ

൬ ഇനി പിഴെക്കാതെ എന്നും നടന്നീടാൻ
കനിഞ്ഞു നിന്നാവി നിത്യം കൂടെ വസിച്ചീടെണം— രക്ഷ

---

## ൩൧൪ 314

### പല്ലവി

അകത്തും പുറത്തും വേദനയോടു
കുരിശിൽ-തൂങ്ങി
അടിയാനെ രക്ഷിച്ച ക്രിസ്തോ
നിനക്കെന്നും സ്തോത്രം

### ചരണങ്ങൾ

൧ മഹിമയുള്ള സ്വർഗ്ഗം വിട്ടു
താണു വന്നോനേ-പാപ
വലയിലടിയാൻ കുടുങ്ങി
നശിച്ചുപോയേനെ-എന്നാൽ— അ

൨ സൂര്യനെക്കാൾ ശോഭവാനേ
ജഡം ധരിച്ചോനേ-മഹാ
ദോഷകുഷ്ഠം പിടിച്ചിടിയാൻ
മരിച്ചുപോയേനെ-എന്നാൽ— അ

൩ കോടി ദൂത സേവ വിട്ടു
തനിച്ചു വന്നോനേ-പേയിൻ
കൂടെ നടന്നടിയാൻ പടു-
കുഴിയിൽ വീണേനെ-എന്നാൽ— അ

൪ കെരൂബുകൾ മേലെഴുന്നവൻ നീ
നടകൊണ്ടെന്നാലേ-കാടു
കയറി ഞാൻ മാ ക്രൂരസാത്താന്ന്-
ഇരയായ്തീർന്നേനെ-എന്നാൽ— അ

൫ മുൾമുടി ശിരസി ധരിച്ച്
ഒരു പൊന്നീശോ-തിരു
മുഖത്തിൻ മുൻ ഞാൻ വീണു
നമസ്കാരം ചെയ്യുന്നേൻ-സ്വാമീ— അ

൬ വൻകുരിശു തോളിൽ
ഏറ്റോനേ നമസ്കാരം—മണ്ണിൽ
മറിഞ്ഞു വീണു ചതഞ്ഞ
മുട്ടോർത്തും നമസ്കാരം—സ്വാമീ— അ

൭ ആണി തുളപ്പാൻ തൃക്കൈകളെ
വിടർത്തോനേ—തിരു
അരുമയുള്ള പാദെ വീണു
ബഹുനമസ്കാരം—സ്വാമീ— അ

൮ വിരിഞ്ഞു പൊട്ടി കുരുതി ചിന്താൻ
ഹൃദയം തുറന്നതാൽ—ബഹു
വിനയ നമസ്കാരം രക്ഷ
ചെയ്ക കർത്താവേ—സ്വാമീ— അ

---

## ന.൧൯) 315

### യമുനാകല്യാണി—രൂപകതാളം

പല്ലവി

പാദം വന്ദനമെ തിരുകൃപ
പാപികൾ ധനമെ

ചരണങ്ങൾ

൧ പാരിതിൽ തിരുവേദം
അരുളി ഭരിക്കും അത്ഭുതനേ
ദൈവസുതനേ! കൃപാകരനേ!
ക്രിസ്തോ തിരു—പാദം

൨ വാക്കിനുള്ളടങ്ങാത്ത
മഹത്വ വലിയ രാജാവേ
ശക്തിമാനേ! ദയവാനേ!
ക്രിസ്തോ! തിരു—പാദം

൩ മാനുഷർക്കുയിർ നല്കിയ
രക്ഷകാ! നയശീലാ!
മനുവേലാ! അനുകൂലാ!
ക്രിസ്തോ! തിരു—പാദം

൪ പാപം നീക്കി ശുദ്ധാവിയാൽ
ഉപ—ദേശിക്കുന്നോനേ!
പുണ്യവാനേ! ഗുണവാനേ!
ക്രിസ്തോ! തിരു—പാദം

൫ പാദത്തിൽ വണിഞ്ഞോരെ
നിത്യവും പാലിക്കുന്നോനേ!
സത്യവാനേ! നിത്യവാനേ!
ക്രിസ്തോ! തിരു—പാദം

---

## ന.൧൬) 316

### ഉശേനി — ആദിതാളം

പല്ലവി

സന്തോഷമേ! പരമസന്തോഷമേ—യേശു
തമ്പുരാനിൽ—ഭക്തിയുള്ളോർക്കെന്നേക്കുമേ

ചരണങ്ങൾ

൧ സന്തതവും തൻ തിരു മ—
ഹിമപുരത്തിൽ തിരു
സന്നിധിയിൽ കൂടിപ്പാടി—വാണിരിക്കാം
ചന്തമുള്ള സ്വർണ്ണമുടി—ശ്രേഷ്ഠവസ്ത്രം കിട്ടും
തമ്പുരാനേശുവിൻ പുണ്യം
ലഭിച്ചവർക്കേ! എന്നും—സന്തോ—

൨ നേരെ പരമ താതനുടെ—പ്രഭകൾകണ്ടു
നിത്യവും അരികിൽ മക്ക—ളായിരിക്കും!
ആരുംശത്രുക്കളില്ല—അവർക്കിനിമേൽ ജയം
ആഘോഷിക്കും യേശുവിൻ
കൃപ ലഭിച്ചോർ എന്നും—സന്തോ—

൩ ഇങ്ങുപെട്ട കഷ്ടതകൾമറന്നീടും—വിണ്ണിൽ
ഏതുമില്ല സങ്കടങ്ങൾ—കേൾപ്പതിന്നും
സംഗതിയങ്ങുള്ളതെല്ലാം
പാടീടുവാൻ എന്നിൽ
ശക്തിയില്ല വാക്കുമില്ല
അതിവിപുലം! എന്നും—സന്തോ—

൪ കീർത്തനങ്ങൾ പാടി നമ്മൾ
വാണിരിക്കാം അങ്ങു
തെല്ലുമൊരു ശങ്കയെന്യേ—സേവ ചെയ്യാം
ആത്തുതഗായകരിൻ—പാട്ടുകൾക്കു ന—
ടുത്തു സ്വരമണ്ഡലം [മ്മൾ
മുഴക്കി നില്ക്കാം എന്നും—സന്തോ—

൫ ജീവതരുവിൻ ഫലങ്ങൾ
ഭുജിച്ചുകൊള്ളാം നമ്മൾ
ജീവ1തോയം പാനംചെയ്തു—സുഖിച്ചിരി—
ഭൂവിലെ കഷ്ടം മറന്നു [ക്കാം
വസിച്ചുകൊള്ളാം പരി—
പൂർണ്ണഭാഗ്യം ലഭിച്ചങ്ങു
വാണിരിക്കാം!—സന്തോ—

൬ ജാതി കുലം ധനം സ്ഥാനം
ചവറുകളെ വിട്ടു
തമ്പുരാനേശുവിൻ തിരു—സേവ ചെയ്യു

1. തോയം = വെള്ളം.

ഭേദമെന്ന്യേ ദൈവദാസ-
നായി നിത്യം പോയി
പേരാനന്ദം നിരന്തം അ-
നുഭവിപ്പേൻ എന്നും—സന്തോ

---

൩൧൭ 317

ഭൈരവി— അടതാളം

പല്ലവി

മാനുവേലിൻ സ്തുതിയെ പാടീട്ടുവാൻ
നാണിക്കൊലാ മനമേ

അനുപല്ലവി

മാനുവേൽ തൻതിരു-മാനസേ ഏററവും
മാനഹാനി നിനക്കായി സഹിച്ചല്ലോ—

ചരണങ്ങൾ

സേനസ്തുതക്കവൻ താൻ-സൈന്യാധിപൻ
വാനലോകാധിപൻ താൻ [ൽ
1ഭാനുപോലാകാശ-ത്തിനുമേൽ ലോകത്തി-
താനെ ശോഭിച്ചവൻ-താണു നിന്നെപ്രതി-

൨

ലോകാലോകങ്ങളിൽ താൻ-വ്യാപിച്ചവൻ
ശോകമില്ലാത്ത പരൻ
ദാഹം ദുഃഖങ്ങളും-ഏറെ സഹിച്ചു തൻ
ദേഹം ജീവൻ ബലി-ചെയ്തു നിന്നെപ്രതി

൩

ദീപം ജീവൻ വഴി താൻ-സമ്പാദ്യവും
2ഭാവുകവും അവൻ താൻ
താപം പരീക്ഷയും-ശാപം മാ ശിക്ഷയും
സർവ്വ3വിപത്തും സഹിച്ചു നിന്നെ പ്രതി—

൪

അന്യനുടെ സ്തുതി നീ-ചൊന്നാലപ-
മാനമല്ലോ മനമേ
തന്നെത്തന്നേ നിന-ക്കായി തന്നോനെ നീ
എന്നും ഭക്ത്യാ സ്തുതി-ചൊന്നാലല്ലോ നീതി.

---

൩൪ സങ്കീർത്തനം ൨൦—൨ൻ

൩൧൮ 318

ശ്രീരാഗം — ചെമ്പട

പല്ലവി

൦രം പരദേവനഹോ നുക്ക
പരിത്രാണനത്തിന്നധിപൻ-മര-
ണത്തിൽ നിന്നൊഴിവു-കർത്തനാമഖില-
ശക്തനിൻ തിരുകരത്തിലുണ്ടനിശമീ—

ചരണങ്ങൾ

നാഥനതെ-തന്നരികളിൻ
വൻതലയെ തകർക്കും-പിഴച്ചുനടക്കു-
ന്നവൻെറ മുടികൾ
മൂടിയാ നെറുകയെ തന്നെ മുറിക്കും
ആദിനാഥനുരചെയ്തു താനനിശം— ൦രം

൨

നിൻകാൽ ചോര-യിൽ ചവിട്ടുവാൻ
നിന്നരികളിൽനിന്നു-നിന്നായ്ക്കളുടെ നാ-
വിന്നാസ്വാദിപ്പാനും
ബാശാൻദേശമതിൽനിന്നുഞാൻ തിരിപ്പി-
ച്ചാഴിയാഴത്തുനിന്നരികളെ വരുത്തും— ൦രം

൩

കണ്ടു നിൻ സഞ്ചാരമിവർ
എൻ പരനാമരചൻ-വിശുദ്ധസ്ഥലത്തു
നടക്കുന്നതിനെ
മുന്നിൽ പാടുന്നവർ പിന്നിൽ മീട്ടുന്നവർ
ചെന്നു തപ്പടിക്കും കന്നിമാർനടുവിൽ— ൦രം

൪

യിസ്രായേലുറവിലുള്ള
നിങ്ങളനുഗ്രഹിപ്പിൻ-സകല ജഗത്തിൻ
പതിയെ സഭയിൽ [ന-
ശത്രുമേലധികരിച്ചിട്ടും ചെറിയബെന്യമീ-
വിടം തന്നിലുണ്ടനിശം— ൦രം

൫

അങ്ങവരെ കരേറവുന്ന
യൂദജന പ്രഭുക്കൾ-സെബുല്ലുൺ പ്രഭുക്കൾ
നഫ്താലി പ്രഭുക്കൾ
ഏകി നിൻെറ ബലമേകി നാഥനടിയാക്ക
ചെയ്തുറപ്പിക്ക നീ സതതം— ൦രം

൬

ശ്രീ യെറുശാലേമിലുള്ള
നിൻ മന്ദിരം നിമിത്തം അരചർ നിനക്കു
ഭയന്നു തിരുമുൻ
കാഴ്ച കൊണ്ടുവരുമേശുവിന്നു ജയ-
മേശുവിന്നു ജയമേശുവിന്നു ജയം— ൦രം

---

1. ഭാനു = സൂര്യൻ. 2. ഭാവുകം = സുഖം. 3. വിപത്തു = ആപത്തു.

## ൬൮ സങ്കീർത്തനം ൩൦—൩൫

൩൧൯ **ഖണ്ഡങ്ങൾ** 319

൧ നീരോടയിലുള്ള വൻ മൃഗത്തെയും കാളക്കൂട്ടത്തെയും
പാരം ഭത്സിക്കുക ജനങ്ങളാം പൈക്കിടാക്കളോടും കൂടെ

൨ ആയവർ വെള്ളിവാളങ്ങളുമായ്വന്നടി വണങ്ങുംവരെ
നായകാ ചിതറിക്ക നീ പോരിലിഷ്ടമുള്ള ജനങ്ങളെ

൩ മിസ്രദേശത്തിൽ നിന്നുടൻ വരുമിങ്ങു മാടമ്പിമാരഹൊ
കൂശതിൽ വേഗമീശനിൽ തന്റെ കൈകളെ നീട്ടും നിർണ്ണയം

൪ ദേവദേവനു പാട്ടുവിൻ നിങ്ങൾ ഭൂവിലുള്ള രാജ്യങ്ങളെ
നാവിനാൽ സ്തുതിച്ചീശനെ കീർത്തിച്ചീട്ടുവിൻ നിങ്ങളെന്നുമെ

൫ ആദിവാനങ്ങടെ വാനങ്ങളിൻ മേലെഴുന്നെള്ളുന്നോനിതാ
ഊററനാദമായ് തന്നുടെ ശബ്ദം താൻ പുറപ്പെടീക്കുന്നഹോ

൬ ശക്തിയുമിസ്രയേലിന്മേൽ മഹാ പ്രാഭവവുമെന്നുള്ള
നിത്യനാം സവ്വശക്തനു നിങ്ങൾ ശക്തിയെ കൊടുത്തീട്ടുവിൻ

൭ ഈശനിൻ വിശുദ്ധസ്ഥലങ്ങളിൽനിന്നു നീ മാ ഭയങ്കരൻ
യിസ്രായേൽ തന്നീശൻ ജനത്തിന്നു ശക്തിയും ബലം നല്കുന്നോൻ

൮ ഈശനാം നസറേശനെന്നു മനുഗ്രഹിക്കപ്പെട്ടവനു
മാ ജയം ജയമെ ജയം ജയം ജയം യേശുനാമത്തിന്നു ജയം

---

## Morning Watch

## പ്രഭാത ജാഗരണം

൩൨൦ താരാട്ട് 320

അൻപുള്ള പിതാവേ! നിൻ സന്നിധി മഹാ
ഇമ്പമായുള്ളതെന്നുമെയതി-രാവിലെയി-
ഞാനെല്ലാദിനവും സൽഭാഗ്യമതാം [നിക്ക
ഈശ നിൻ സംസർഗ്ഗത്തിൽ ജീവിച്ചിടാൻ
തന്നരുൾക കൃപ

൨

ഓരോരോ ദിനത്തിൽ 1ശാബ്ബതാ സമയം
നേരായ് ഞാൻ വിശുദ്ധീകരിക്കണം
എന്നുമെ നിനക്കായ്
ആദ്യഫലമതു ശുദ്ധമെങ്കിൽ സദാ
പിണ്ഡവും ശുദ്ധമാകയാൽ ഇപ്പോൾ
ആശീർവദിക്കെന്നെ

൩

നിന്തിരുവചനം തന്നിലീ സമയം
സന്തോഷമോടെ ധ്യാനിച്ചു നിൻ വി-
ശുദ്ധഹിതമതു
ഞാനറിഞ്ഞതിനെ ചെയ്യുതിന്നിനിക്കു
ദാനഞ്ചെയ്ക നിൻ വാഗ്ദത്തത്തിന്നാ-
ത്മാവിനെ ദിനവും

൪

തൃക്കരങ്ങളിൽ ഞാൻ-ഏല്പിച്ചീട്ടന്നെന്നെ
ശക്തി നല്കുക എൻ മുറകളെ
ഇന്നു ചെയ്യുതിന്നു
ഈശ ദിനമതിൽഞാൻക്രിസ്തുവിൽവസിപ്പാൻ
താതനേ നിന്നാത്മാവിനെ ഇപ്പോൾ
നല്കുക നിറവായ്

൫

സവ്വശത്രുക്കളെ 2വെന്നിട്ടുവതിന്നു
ജീവനുള്ള വിശ്വാസം നല്കി ബ-
ലപ്പെടുത്തുകെന്നെ
എന്നുള്ളത്തിൽ നിന്റെ 3മാ സമാധാനം
ഇന്നു മുഴുവനും സദാ വാണു-
കൊണ്ടിരിക്കേണമാമെൻ

---

1. ശാബ്ബതാസമയം = ആരംഭസമയം.

2. വെന്നിട്ടുക = ജയിക്ക. 3. മാ = മഹാ.

൩൨൧ ജംഗ്ലാ — ദ്വിപദങ്ങൾ — ഏകതാളം 321

൧ നിന്നാത്മാവിനുടെ വരമിനിക്കു നാഥാ
തന്നീടേണം നിൻ വചനം ഗ്രഹിപ്പാൻ—സദാ

൨ ഞാനെന്നും രാവിലെ നിൻ വേദപ്രമാണത്തിൽ
ധ്യാനിപ്പാൻ യേശു മുമ്പിൽ വരേണമേ—നാഥാ

൩ വേദം മൂലമായ്നീ എന്നോടരുൾ ചെയ്യുന്നു
മോദമായനുസരിക്കേണമേ ഞാൻ—എല്ലാം

൪ നിന്തിരു വചനമതിൽനിന്നു ഞാൻ നിന്റെ
അന്തമില്ലാ സ്നേഹം രുചിക്കേണമേ—എന്നും

൫ ഞാൻ പാപം ചെയ്യാതിരിപ്പാനായെന്നുള്ളിൽ നിൻ
അമ്പേറും വചനം സംഗ്രഹിക്കേണം—സദാ

൬ നിൻ വചനമാകുന്ന നിർമ്മായപാലിനാൽ
ഞാൻ വളരേണം രക്ഷയ്ക്കായ് ദിനവും—നന്നായ്

൭ വിശ്വാസമതാൽ ഞാനനുദിനം നിന്നുടെ
വിലയേറും വാഗ്ദത്തങ്ങൾ പ്രാപിക്കേണം —ഏറ്റം

൮ ക്രിസ്തുവിൻ സമാധാനം എന്നിൽ വാണീടുവാൻ
നിത്യം ഞാൻ സ്നേഹിക്കേണം നിൻ വചനം—നാഥാ

൯ യേശുവിന്റെ സ്വരൂപമോടു ദിനംപ്രതി
എന്നെയനുരൂപനാ(യാ)ക്കീടേണമേ—നാഥാ

---

## Christ Dwelling in the Heart

## ക്രിസ്തുവിൻ വാസത്തിന്നായി വാഞ്ഛ

൩൨൨ പിഹാക് ഏകതാളം 322

പല്ലവി

രക്ഷകനേ! എന്നിൽ വസിക്ക

ചരണങ്ങൾ

൧ നിന്നുടെ ജീവൻ കൊടു-
ത്തെന്നെ വീണ്ട പ്രിയനേ
സ്നേഹിച്ചിടും ഞാൻ നിന്നെയെന്നും

൨ എന്നെ മുഴുവനും ഞാൻ
തന്നീടുന്നു നിനക്കു
എന്നേക്കും ഞാൻ നിനക്കു സ്വന്തം

൩ ശുദ്ധജലത്താലെ (ന്ന്)
അശുദ്ധതയാസകലം
നീക്കേണമേ ഹൃദയത്തിൽനിന്നു

൪ എന്നുടെ സ്വയമതു
നിന്നോടുകൂടെയഹോ
ക്രൂശിക്കപ്പെട്ടിരിക്കേണമെന്നും

൫ നിന്നിലെ വിശ്വാസത്താൽ
എന്നരി[1]കളെ സദാ
ജയിപ്പതിന്നു തുണച്ചീടേണമേ

൬ നിന്നെ മഹത്വപ്പെടു-
ത്തുന്നതിനെന്മേൽ സദാ
ആത്മവരം ചൊരിക നിറവായ്

൭ എൻ പ്രിയ രക്ഷകാ! നിൻ
ഇമ്പസ്വരം ഞാനെന്നും
കേൾക്കണം നിൻ വചനത്തിൽനിന്നു

൮ സ്വർഗ്ഗമാകുന്ന നിൻ സം-
സർഗ്ഗമതിൽ സദാ ഞാൻ
ജീവിച്ചിടാൻ കൃപതന്നരുൾക

൯ നിന്റെ [2]മാ സമാധാനം
എന്റെ ഹൃദയമതിൽ
വാഴണമേ [3]പ്രതിനിമിഷം.

---

1. അരി= ശത്രു. 2. മാ = മഹാ. 3. പ്രതിനിമിഷം = നിമിഷംതോറും.

## Abiding in Christ

## ക്രിസ്തുവിൽ വസിക്കുന്നതു

൩൨൩ ചെഞ്ചുരുട്ടി അടതാളചാപ്പു് 323

### പല്ലവി

എൻ പ്രിയനേശുവിൽ ഞാൻ
വസിക്കേണമേ എന്നും

### അനുപല്ലവി

കൊമ്പു മുന്തിരിവള്ളിയിൽ-എന്നപോലെ

### ചരണങ്ങൾ

ക്രിസ്തുവൊന്നിച്ചഹോ
മൃത്യുവേററങ്ങുയിർത്ത ഞാൻ
നിത്യവും തൻ കൃപയാൽ
ജീവനിൽ വാഴ്വാൻ— എൻ

൨

ദൈവഹിതമതു-സർവ്വകാര്യങ്ങളിലും ഞാൻ
ചെയ്യതിനെന്നെയവന്നു സമർപ്പിച്ചു— എൻ

൩

സർവ്വഭാരങ്ങളും രക്ഷകൻ തോളതിലേററി
സതതമവനിൽപൂർണ്ണാശ്രയത്തോടെ—എൻ

൪

കർത്താവിനോടുഞാൻഏററവുമാനന്ദമോടെ
നിത്യസംസർഗ്ഗത്തിൽ ജീവനം ചെയ്വാൻ—

൫

ദൈവാത്മ ശക്തിയാൽ ഞാൻ
നടത്തപ്പെട്ടുന്നോനായ്
ജീവവിശ്വാസമതിനാൽ ദിനംതോറും—

൬

എൻപിതാവിനുടെ നിത്യ മഹത്വമതിന്നു
ഇമ്പഫലം വളരെ കായ്പതിന്നായി— എ

---

## The Presence of Christ

## ക്രിസ്തുവിൻ സന്നിധി

൩൨൪ പന്തുവരാളി അടതാളചാപ്പു് 324

### പല്ലവി

യേശുസന്നിധി 1മമ ഭാഗ്യം

### അനുപല്ലവി

ക്ലേശം മാററി മഹാ സന്തോഷം ഏകുന്ന

### ചരണങ്ങൾ

[ച്ചെന്നെ
ശുദ്ധാത്മാവനുദിനം എന്നുള്ളിൽ വസി-
പ്രാർത്ഥിപ്പാൻ പഠിപ്പിക്കുന്നേരമെപ്പോഴും

൨

ദൈവവചനമതിൽ ധ്യാനിച്ചീട്ടവാനതി-
രാവിലേ തൻ പാദം പ്രാപിക്കുന്നേരം

൩

പാപത്താലശുദ്ധനാ-യ്തീരും സമയമനു-
താപഹൃദയമോടെ ഞാനണയുമ്പോൾ-

൪

ലോകചിന്തകളാകും ഭാരച്ചുമടതിനാൽ
ആകുലപ്പെട്ടു തളർന്നീടുന്ന നേരം—

൫ [മ്പോൾ
ദുഃഖങ്ങൾ ഹൃദയത്തെ മുററും തകർത്തിട്ടു-
മ്പൊക്കെയും സഹിച്ചീടാൻ ശക്തി നല്കുന്ന—

1. മമ = എനിക്കു

൬

യാതൊരു സമയമെന്നന്ധതയതു മൂലം
പാതയറിയാതെ ഞാൻ വലയുമ്പോൾ—

൭

തക്കസമയമെല്ലാം മുട്ടും പ്രയാസവും തൻ
മക്കൾക്കു തീർത്തുകൊടുത്തീടുന്നോരെൻ—

൮ [ന്നോര

ശത്രുവിൻ പരീക്ഷയെൻ നേരെ വന്നിട്ടു
മാത്രയിൽ ജയം നല്കി രക്ഷിച്ചീടുന്ന—

൯

മന്നിടമതിലെന്റെ കണ്ണടഞ്ഞതിൻശേഷം
പൊന്നുലോകവാസത്തിൽ എന്നുമെന്നേക്കു

---

# Truth

## സത്യം

### ൩൨൫ 325

പരസു — അടതാളച്ചാപ്പ്

൧ സത്യവാനായ ദൈവം തൻ മക്കൾ
നിത്യവും സത്യവാന്മാരായിരിപ്പാൻ
കാത്തിരുന്നീടുന്നു നിത്യം—അതാൽ
സത്യത്തെ പാലിച്ചു ജീവിക്കേണം നാം

൨ സാത്താനസത്യവാൻ തന്നേ–യവൻ
പുത്രരത്രെ നാം അസത്യം പറകിൽ
ചത്താലുമാ പേരിന്നയ്യോ ദുഃഖ
പാത്രരായ്ത്തീരുമതല്ലോ പ്രിയരേ

൩ വേണം സത്യമന്തരംഗേ–സദാ
1വാണിയിലും 2വൃത്തി തന്നിലും സത്യം
കാണിക്കുന്നോരുടെ ചിത്തേ–ദൈവം
വാണീടുന്നെല്ലാ സമയവും നൂനം

൪ ധൈര്യമായ് സത്യം പറയാം–എല്ലാ
കാര്യത്തിലും സത്യം പാലിക്കേണം നാം
ഉർവ്വിയിൽ സത്യമൊഴിച്ചു–സദാ
പർവ്വതംപോൽ സ്ഥിരമായില്ലതെന്തു ?

൫ നഷ്ടം നേരിട്ടാലുമയ്യോ–മഹാ–
രിക്തതയിൽ വീണുഴന്നാലുമി മാ–
ശ്രേഷ്ഠമാം തത്വം വിടാതെ–യങ്ങ–
നുഷ്ഠിപ്പതിന്നായ് നമുക്കൊരുങ്ങീടാം

൬ ഗർവ്വോടു നമ്മെയനേകം–ദുഷ്ടർ
നിന്ദ്യസ്ഥമോടെ വലഞ്ഞാലുമയ്യോ
സർവ്വജയത്തെ നല്കുന്നു–സത്യം
ചൊവ്വെ ജീവിപ്പതിന്നീ വഴി മുഖ്യം

൭ സത്യത്തിന്നായുഴച്ച് ജീവൻ–വഴി
സത്യവും ജീവനുമായുള്ള യേശു
ശുദ്ധരെല്ലാരുമവർണ്ണ്യം–ചെയ്യാ–
രുത്തമപാതയിൽ നടന്നീടാം
സത്യം നല്കുന്നു ജയത്തെ—

### ൩൨൬ 326

ഭൈരവി — അടതാളച്ചാപ്പ്

പല്ലവി

സത്യംചൊൽവാൻ വരം തന്നരുൾ ദേവ

അനുപല്ലവി

ക്രിസ്തുനാമമെ–ടുത്തവരിലും
സത്യമെത്രയോ ദുർല്ലഭം—

ചരണങ്ങൾ

വഞ്ചന ചതിവെന്നിവർ സൈന്യമായ്
സഞ്ചരിക്കുന്നു നാടു നീളവെ
അഞ്ചിടാതതി ധൈര്യമായ്— സത്യം

൨

വ്യാജംകൊണ്ടോരോ കാര്യങ്ങൾ നേടുന്ന
യോഗ്യരായവർ തന്നെയെന്നല്ലോ
രാജ്യക്കാർ പുകഴ്ത്തീടുന്നു— സത്യം

൩

ദുഷ്ടസേനയെ നാട്ടിൽനിന്നോടിക്ക
സത്യമാം ദിവ്യ സൈന്യമിന്നോരോ
ചിത്തത്തിൽ നിരന്നിടട്ടെ— സത്യം

൪

അന്തരംഗത്തിൽ സത്യം വേണമല്ലോ
അന്തർഭാഗേ നീ വന്നു പാർത്തീടിൽ
സത്യമപ്പോഴുണ്ടായ്വരും— സത്യം

൫

ഇത്തരം ജനം വർദ്ധിച്ചു നാടെങ്ങും
സത്യത്തെ ബലമായ്പ്പിടിച്ചു വി
സ്തീർണ്ണമായ്പ്പരന്നീടട്ടെ— സത്യം

൬

സത്യത്തെപ്രതി ജീവനെ വെച്ചോനേ
സത്യം ചൊല്ലി ഞാനും മരിക്കുകിൽ
ഉത്തമം മഹാ ഭാഗ്യമേ ! സത്യം

---

1. വാണി = വാക്കു. 2. വൃത്തി=പ്രവൃത്തി.

# Obedience

## അനുസരണം

### ൩൨൭ ഇംഗ്ലീഷ് 327

പല്ലവി

അതിമഹത്തായ നിൻ കല്പനകൾ–ഞാൻ
അനുസരിപ്പാൻ തുണയ്ക്കുക പരനേ

അനുപല്ലവി

ഇതു ശുഭമിഹപര–ങ്ങളിൽ നിജമെ
അതിശയകൃപയനുസരിച്ചവർക്കേ

ചരണങ്ങൾ

൧ അനവധി യാഗ കാഴ്ചകളെക്കാൾ
അനുസരണം നിനക്കാഗ്രഹമെ
മനുജരിന്നാത്മശരീരസുഖം
മനപ്രിയത്തോടനുസരിച്ചവർക്കാം—

൨ തിരുസുതനേശു നിന്തിരു ഹിതത്തെ
തികെച്ചനുസരിച്ചതുപോലടിയാൻ
തിരുവടി പിന്തുടർന്നനുദിനവും
ചെയ്യതെന്നാനന്ദമാകണമേ—

[ൻ
൩ വിശുദ്ധ നിൻ തിരുഹിതം അറിഞ്ഞീടുവാ–
വേദത്തിൽ പ്രീതി വെച്ചിടുന്നവർക്കും
ദിനംപ്രതി ധ്യാനം ചെയ്തീടുന്നവർക്കും
നിരന്തരം ശുഭം ജയം വരും ഫലമെ—

൪ അനുസരിപ്പവർക്കനുദിനം കൃപയും
ആത്മികദാനവും ശുഭവരവും
മനസ്സിന്നപേക്ഷകളതിശയമാം
മറുപടികളും തരുന്നതു നിജമെ—

### ൩൨൮ ജാവളി 328

പല്ലവി

നിന്റെ ഹിതം പോലെയെന്നെ
നിത്യം നടത്തീടേണമേ

അനുപല്ലവി

എന്റെ ഹിതം പോലെ അല്ലേ
എൻപിതാവേ യഹോവേ—നിന്റെ

ചരണങ്ങൾ

൧ ഇമ്പമുള്ള ജീവിതവും
ഏറെ ധനം മാനങ്ങളും
തുമ്പമററ സൌഖ്യങ്ങളും
ചോദിക്കുന്നില്ലേ അടിയാൻ— നി

൨ നേരു നിരപ്പാം വഴിയോ
നീണ്ടനടയോ കുറതൊ
പാരം കരഞ്ഞോടുന്നതൊ
പാരിതിലും ഭാഗ്യങ്ങളൊ— നി

൩ അന്ധകാരം ഭീതികളോ
അപ്പനെ പ്രകാശങ്ങളോ
എന്തു നീ കല്പിച്ചീടുന്നൊ
എല്ലാം എനിക്കാശീർവ്വാദം— നി

൪ ഏതു ഗുണമെന്നറിവാൻ
ഇല്ല ജ്ഞാനമെന്നിൽ നാഥാ
നീ തിരുനാമം നിമിത്തം
നീതിമാർഗ്ഗത്തിൽ തിരിച്ചു— നി

൫ അഗ്നിമേഘസ്തംഭങ്ങളാൽ
അടിയനെ എന്നും നടത്തി
അനുദിനം കൂടെ ഇരുന്നു
അപ്പനേ കടാക്ഷിക്കുകെ— നി

# Prayer for Revival

## ഉണർവ്വിന്നായി പ്രാർത്ഥന

### ൩൨൯ നാഥനാമക്രിയ ഏകതാളം 329

പല്ലവി

ജീവനായകാ! ജീവനായകാ!
ജീവനറ്റതാം സഭയിൽ ജീവനരുളുക

ചരണങ്ങൾ

൧ ലോകമിതാ പാപംകൊണ്ടു
നശിച്ചുപോകുന്നേ—ഓരം

ലോകമഹിമയിൽ മുഴുകി
മറന്നു ദൈവത്തെ— ജീവ

൫ ലോകരിൻ രക്തത്തിന്നു
ഷുമതലപ്പെട്ടോർ—അയ്യോ
ലോകമായയിൽ
കിടന്നുറങ്ങുന്നേ കഷ്ടം— ജീവ

൬ അന്യകല്പനയനുസ-
രിച്ചുകൊള്ളുവാൻ-ഒരു
ചിന്തപോലുമില്ല സഭ
തന്നിലിന്നഹോ— ജീവ

൭ പെന്തെക്കോസ്താത്മാവിനെ
അയക്ക ദൈവമേ !-൦രം
ചിന്തയററ ഞങ്ങളെ
നിൻ സാക്ഷിയാക്കുക— ജീവ

൮ ശക്തി വന്നീടുമ്പോൾ ലോക-
യറുതികൾവരെ-നിൻ
സാക്ഷിയാകുമെന്നുരച്ച-
പോലരുൾക നീ— ജീവ

൯ ജീവയാവിയാൽ കത്തിക്ക
നിൻ സഭയതിൽ-നാശ
പാപിയ്ക്കായുള്ളം
നീറുന്ന സ്നേഹതീയിനെ— ജീവ

---

## Service

## സേവ

### ൩൩൦ 330

### മോഹനം — ഏകതാളം

പല്ലവി

യേശു രക്ഷിതാവിൻ ശിഷ്യനായോനേ !
നിൻക്രൂശിനെ എടുത്തവനെയനുഗമിക്ക

ചരണങ്ങൾ

നിന്നെ നിത്യ[1]നാശെ
നിന്നു വീണ്ടുകൊൾവാൻ
തന്നെത്താൻ തന്നോരു
പ്രിയ രക്ഷിതാവിന്നു
നിന്നുടെയ ദേഹം-ദേഹിയുമാത്മാവും
മന്നിൽ നിനക്കുള്ള സർവ്വം അർപ്പിച്ചീടുക
കർത്തൃസന്നിധിയിൽ-നിന്നുടെ പ്രതിജ്ഞ
ഉത്തമഹൃദയത്തിൽനിന്നു-വന്നീടുകിൽ

1. നാശെ = നാശത്തിൽ.

വിശുദ്ധമാക്കീടും-അഗ്നിയിറങ്ങി നിൻ
അശുദ്ധത സകലവും ദഹിപ്പിച്ചീടും

൨

യേശുവോടുകൂടെ-നിന്നുടെ സ്വയവും
ക്രൂശിക്കപ്പെട്ടിരിക്കുന്നെന്നെണ്ണുക സദാ
വിശുദ്ധാത്മ ദാന-വും അനുദിനം നീ [ന്നു
വിശ്വാസത്താൽ-പ്രാപിക്ക പിതാവിങ്കൽനി
നിങ്കണ്ണുകളേശു-വിന്മേൽ പതിപ്പാനും
തങ്കൽനിന്നു നിനക്കു വേണ്ടുന്ന സർവ്വവും
ഓരോനിമിഷവും ലഭിച്ചീടുവാനും
അരുമ രക്ഷകനിലാശ്രയിച്ചീടുക

൩

യേശുരക്ഷകനാം-സത്യമന്തിരിയിൽ
വാസംചെയ്യുകൊള്ളുക നീ നിമിഷംപ്രതി
വേദവചനത്തിൽ-ധ്യാനിക്ക്[2]അഹോരാത്രം
എതുനേരവുമാത്മാവിൽ പ്രാർത്ഥിച്ചീടുക [വി
ക്രിസ്തുവിൻെറ സ്നേഹത്താൽ-നിർബന്ധിതനാ
നിത്യവും പ്രയാസങ്ങളെ സഹിച്ചുകൊണ്ടു
വിശുദ്ധാത്മ ശക്തി-യതിൽ ദിനംതോറും
യേശുവിങ്കൽ പാപികളെ കൊണ്ടുവരിക

൪

ദാരിദ്ര്യം മാരോഗം ദുഃഖമെന്നിവയാൽ
പാരം വലയുന്നവരെ ചെന്നു കാണുക
ദൈവവചനമാം സത്യ സുവിശേഷം
ഭൂവിലെങ്ങുമറിയിപ്പാൻ പ്രയത്നം ചെയ്യു
ദൈവമക്കൾക്കും തൻ-രാജ്യത്തിന്നുംവേണ്ടി
ജീവവിശ്വാസമോടെ നീ പ്രാർത്ഥിച്ചു സദാ
അരകെട്ടിയും വിള-ക്കെരിഞ്ഞുമെന്നും നിൻ
അരുമ നാഥൻ വരവു കാത്തു നില്ക്കുക.

---

### ൩൩൧ 331

### ശങ്കരാഭരണം — ചെമ്പട

പല്ലവി

മത്സരിച്ചീടാതെ പാപീ-ദൈവ
കൃപയെ കരുനാളും ഭത്സിച്ചീടാതെ

അനുപല്ലവി

മത്സരക്കാരെയനു-താപെ വന്നീടാൻ
വാത്സല്യമോടെ വിളിച്ചിടുന്ന ദൈവം—

2. അഹോരാത്രം = രാവും പകലും.

## ചരണങ്ങൾ

നൂററിരുപതാണ്ടോളം ദീർഘദർശിയാം നോ-
ഹയെ ഭത്സനം ചെയ്യോർ—നൂ
നീററിലാകെ മുങ്ങി ചത്തതങ്ങോർത്തയ്യോ
തേററത്താൽ വേഗം നീ-യൂഹായെ കേൾക്ക

൨

സോദോം ഗോമോറായിൽ ലോത്തും-മഹാ
ഖേദമോടെചൊന്നവാക്കുകളെല്ലാം-സോ-
പാതകർ ദേഷിച്ചു മത്സരിക്കമൂലം
നാശമാക്കി ദൈവം അഗ്നിഗന്ധകത്താൽ—

൩

യൂദകുലം ഇന്നും ലോകെ-മഹാ
ഖേദമോടോടിയലയുന്ന കഷ്ടം—യൂദ
പാതകർദൈവദൂതരെല്ലാം ദേഷിച്ചതാൽ
ഏതും കരുണ കൂടാതെ നശിക്കുന്നയ്യോ—

൪

ആത്മാവേ നിൻ ദൂതെല്ലാം ഞാൻ ഇനി
മത്സരിക്കാതെ കൈക്കൊണ്ടു നടപ്പാൻ-ആ
ആർദ്രതയോടെന്നിൽ വന്നാവസിച്ചെന്നെ
ചേർത്തു നിൻ രക്ഷയ്ക്കു പാത്രനാക്കീടുക—

൫

തിരുവിഷ്ടമറിഞ്ഞു-ചോദിച്ചീടുവാനായ്
കരളലിഞ്ഞകതാരിൽ വരേണം ദൈവാത്മാ

൬

മനമൊത്തപ്പൊസ്തലർ പ്രാർത്ഥിച്ച നേരം
ഘനമോടെ ദാനങ്ങൾ അയച്ചപോലിന്നും

൭

അയ്യോ നീ വേഗം ചെവിക്കൊള്ളേണമെ
പൊയ്യല്ലാത്മാവു തളരുന്നെങ്ങളിൽ—

൮

കേൾക്കണമീപ്രാർത്ഥന യേശുമൂലം
ദുഃഖമോടടിയങ്ങൾ കുമ്പിടുന്നയ്യോ—

---

## ൩൩൨ 332

### ക്യാൽ — അടതാളം

#### പല്ലവി

പ്രാർത്ഥിപ്പാൻ പഠിപ്പിക്ക
ദൈവാത്മാവേ നീ
യാക്കോബിൻ ദൈവമേ
കൃപചെയ്തീടെണമേ

#### ചരണങ്ങൾ

പ്രാർത്ഥനയ്ക്കായ് ഞങ്ങളെ ഒരുക്കേണം
കാത്തീടുന്നെങ്ങൾ നിൻസന്നിധിതന്നിൽ—

൨

ശുഷ്കനിലം ജലം ദാഹിക്കുംപോലെ
തൽകൃപയ്ക്കായ് ഞങ്ങൾ ദാഹിക്കുന്നയ്യോ

൩

മനമൊത്തു പ്രാർത്ഥിച്ചാൽ കേട്ടീടാമെന്നു
കനിവോടെവാഗ്ദത്തം തന്നവൻ നീയെ—

൪

യേശുവിൻ നാമത്തിൽ യാചിക്കും കൃപകൾ
ലേശവും താമസിയാ-തരുൾ ചെയ്ക—

---

## ൩൩൩ 333

#### പല്ലവി

നിൻ തിരുമുഖ ശോഭയെ-ദിനംതോറും—
മേ കാണേണമേ

#### ചരണങ്ങൾ

യേശുവേ നിൻ തങ്കമുഖം
ആശ ദാസന്നേകുമേ-ദിനംതോറും-മേ

൨

കണ്ടിടുമ്പോളുണ്ടിനിക്കു
വേണ്ടുവോളമാശ്രയം-ദിനംതോറും-മേ

൩

എന്നിലുണ്ടായുണ്ടഹൊ നിൻ
കണ്ണിൽനോക്കുന്നേരമെ-ദിനംതോറും-മേ

൪

യേശു ജീവിക്കുന്നതാൽ
ദാസൻ ജീവിച്ചീടുമേ-ദിനംതോറും-മേ

൫

ശക്തി എന്നിൽ പെരുകുന്നു നിൻ
ശക്തിയേറുമാവിയാൽ ദിനംതോറും-മേ

൬

ഉള്ളമെന്നിൽ ജ്വലിച്ചിടും നിൻ
ഉള്ളിൻ സ്നേഹമോർത്തങ്ങു-ദിനംതോറും-മേ

൭

പാപസ്നേഹം പരിത്യജിപ്പാൻ
പാപനാശ നാഥനേ-ദിനംതോറും-മേ

൮

ദൈവസ്നേഹം പെരുകീടുവാൻ
ദൈവദാനമേകുകേ-ദിനംതോറും-മേ

ൻ
തേജോമയനാം നിൻശോഭ
തേജസ്സോടു താ ദേവാ—ദിനംതോറും—മ

## ൩൩൪ 334

### ഇംഗ്ലീഷ്മട്ട് — ആദിതാളം

പല്ലവി

മനുവേലനെ ദിനവും
മമ മനമേ സ്തുതി നീ സതതം
മനസ്സിൻ ശക്തിയഖിലം
കൊണ്ടീശനെ വാഴ്ത്തി പുകഴ്ത്തീടുക

ചരണങ്ങൾ

൧ മറന്നീടാതെൻ മനമേ
കർത്താവരുളുമുപകാരമൊന്നും,
അരുളീടുന്നു പിഴമോചനം
സർവ്വരോഗശാന്തിയുമവൻ— മനു

൨ തവ ജീവനെ നാശത്തിൽ
നിന്നങ്ങു താൻ വീണ്ടുകൊള്ളുന്നു സദാ
തവ ജീവനുമതേകി
രൂപാന്തരശക്തി വരുത്തീടുന്നു— മനു

൩ മുടി ചൂട്ടുന്നവൻ നിന്നെ
തൻ പ്രീതിവാത്സല്യം കരുണയാലും
വിതറീടുന്നു പരൻ നന്മകൾ
വാരി തന്നിരുകൈകളാലും— മനു

൪ പുതുതാക്കപ്പെട്ടും ശക്തി
അതാനറാഞ്ചൻപക്ഷി എന്നപോലെ
കുതിപ്പോടെഴുന്നു മേൽ
മണ്ഡലം തന്നിലേറി വസിച്ചീടാമേ—മനു

൫ പുഴുപോൽ മലിനമോഹം
തന്നിലിഴഞ്ഞു നീ കുഴഞ്ഞിടാതേ
എഴുന്നീറ്റു തുമ്പിതുല്യം
പറന്നുയരേ വസിക്കാം നിരന്തരം— മനു

൬ ലവലേശം ക്ഷീണമെന്യേ
നിൻ കർത്തനിലത്യന്ത ശക്തിയോടെ
ദിവസേന സ്വർഗ്ഗജീവി-
തമായത്തു സാദ്ധ്യമതെന്തു ഭാഗ്യം! മനു

൭ ജയജീവിതമിതല്ലോ
ദയാലുവാം ദേവനിൻ ദാനമിതും
ജയഘോഷമായ് [യം—മ
നടന്നീടുവാനീശൻ മുന്നൊരുക്കി സല

## ൩൩൫ 33

### ഇംഗ്ലീഷ — ആദിതാളം

പല്ലവി

കൃപയേറും ദൈവപിതാവേ
നിന്നടിയാരെ രക്ഷിക്കേണമേ
പകയേറും വഞ്ചകപ്പേയിൻ
പാപപരീക്ഷയിൽനിന്നു ചെമ്മെ

ചരണങ്ങൾ

൧ അതിമോഹപാപമുണ്ടാകും
കാഴ്ചകൾ നോക്കിക്കാണാതിരിപ്പാൻ
പുകയോടു തുല്യ ഭൂലോക
മായയിൽ ആശ വെക്കാതിരിപ്പാൻ

൨ പരിഹാസം ദൂഷണം വ്യാജം
ഏഷണി വ്യർത്ഥവാക്കകറ്റാൻ
ഭയഭക്തിവാഞ്ഛയില്ലാത്ത
പ്രാർത്ഥന ഉച്ചരിക്കാതിരിപ്പാൻ

൩ കൊട്ടതാം ചിറ്റിമ്പവും മോടി-
യാശയും ദൂരെയകന്നുനില്പാൻ
പക വഞ്ചകം ദയകേട്
അനീതിയും ചെറ്റുമില്ലാതിരിപ്പാൻ

൪ പല പാപപാതക ക്രിയ-
യാശയും നീങ്ങിപ്പോയീടണമേ
തിരു മാ കൃപാകരത്താലെ-
ന്നേരവും കാത്തു പാലിക്കണമേ

൫ തിരുവാത്സല്യസുതനേശു!
മൂലമിപ്രാർത്ഥന കേൾക്കണമേ
ദയയോടു നിൻ ബലഹീന
ദാസരെ കാത്തു രക്ഷിക്കണമേ

# APPENDIX

## MORNING HYMNS

## പ്രഭാതകീർത്തനങ്ങൾ

### ൩൩൬ 336

ഢപ്പാ — മുറിയടന്ത

പല്ലവി

അതിരാവിലെ തിരുസന്നിധി
അണയുന്നൊരു സമയേ
അതിയായ് നിന്നെ സ്തുതിപ്പാൻ കൃപ
അരുൾക യേശു പരനേ

ചരണങ്ങൾ

൧ രജനീയതിലടിയാനെ നീ
സുഖമായ് കാത്ത കൃപയ്ക്കായ്
ഭജനീയമാം തിരുനാമത്തി-
ന്നനന്തം സ്തുതി മഹത്വം— അതി

൨ എവിടെല്ലാമീ നിശയിൽ ഭീതി
നടന്നിട്ടുണ്ടു പരനേ
അവയിൽന്നെന്നെ പരിപാലിച്ച
കൃപയ്ക്കായ് സ്തുതി നിനക്കേ— അതി

൩ നെടുവീർപ്പിട്ടു കരഞ്ഞീടുന്ന
പല മർത്യരീസമയെ
അടിയനുള്ളിൽ കൗതുകം തന്ന
കൃപയ്ക്കായ് സ്തുതി നിനക്കേ— അതി

൪ കിടക്കയിൽ വെച്ചരിയാം സാത്താ-
നടുക്കാതിരിപ്പതിനെൻ
അടുക്കൽ ദൂതഗണത്തെ കാവ-
ലണെച്ച കൃപയനല്പം— അതി

൫ ഉറക്കത്തിനു സുഖവും തന്നെ-
ന്നരികെ നിന്നു കൃപയാൽ
ഉറങ്ങാതെന്നെ ബലമായ് കാത്ത
തിരുമേനിക്കു മഹത്വം— അതി

൬ അരുണൻ ഉദിച്ചുയർന്നിക്ഷിതി-
ദ്യുതിയാൽ വിളങ്ങീടുമ്പോൾ
പരനേയെൻറയകമേ വെളി-
വരുൾക തിരുകൃപയാൽ— അതി

### ൩൩൭ 337

ഢപ്പാ — മുറിയടന്ത

പല്ലവി

പരനേ തിരുമുഖ ശോഭയിൻ
കതിരെന്നുടെ ഹൃദയെ
നിറവാൻ കൃപയരുളേണമീ-
ദിവസാരംഭസമയെ

ചരണങ്ങൾ

൧ ഇരുളിൻബലമഖിലം മമ
നികടെനിന്നങ്ങൊഴിവാൻ
പരമാനന്ദ ജയകാന്തിയെൻ
മനതാരിങ്കൽ പൊഴിവാൻ— പര

൨ പുണ്യജീവനിൻ വഴിയേ മമ
ചരണങ്ങളിന്നുറപ്പാൻ
അതിശോഭിത കരുണാഘന-
മിഹ മാം വഴി നടത്താൻ— പര

൩ ഹൃദയെ തിരുകരമേകിയ
പരമാത്ഭുത ജീവൻ
പ്രതിവാസരം വളർന്നേറവും
ബലയുക്തമായ് ഭവിപ്പാൻ— പര

൪ പരമാവിയിൻ തിരുജീവനിൻ
മുളയീയെന്നിൽ വളർന്നി-
ട്ടരിസഞ്ചയ നടുവിൽ നിൻറെ
ഗുണശക്തികൾ വിളങ്ങാൻ— പര

൫ മരണംവരെ സമരാങ്കണ-
മതിൽ ഞാൻ നിലനിന്നി-
ട്ടമർചെയ്യുമെൻറെ നില കാക്കുവാൻ
തവ സാക്ഷിയായിരിപ്പാൻ— പര

൬ അമിതാനന്ദ സുഖശോഭന
നിലയേ വന്നങ്ങണവാൻ
അവിടെന്നുടെ പ്രിയനോടൊത്തു
യുഗകാലങ്ങൾ വസിപ്പാൻ— പര

## ൩൩൮ 338

### ആനന്ദഭൈരവി — ആദിതാളം

പല്ലവി

സ്തുതിച്ചീടുന്നു ഞാനെൻ പിതാവിനെ
പോയരാവിലെ നന്മയ്ക്കായ്
സ്തുതിച്ചീടുന്നു ഞാനെൻ പിതാവിനെ

അനുപല്ലവി

ഹൃദയത്തിൽനിന്നു ഈ ദിനാരംഭത്തിൽ
ഉദിച്ചുപൊങ്ങുന്ന നന്ദിയോടു കൂടെ—സ്തുതി

ചരണങ്ങൾ

൧ രാവിൽ ഞാനെന്റെ നിദ്രയിൽ
ആയ പിൻ അനേകം ആളുകൾ
ജീവൻ വിട്ടിഹ ലോകത്തിൽനിന്നു
എന്നെ വൻകൃപയാലവൻ
ഭുവിൽ ഇന്നാൾവരെ
ക്ഷേമമായ് തൻതിരു
കാവലിൽ സൂക്ഷിച്ച
താനെത്ര നല്ലവൻ— സ്തു

൨ വ്യാധികൾരോഗങ്ങൾഎന്നിവകളാ
ഈ കഴിഞ്ഞ രാത്രിയിൽ
ബാധിതരായവർ ഉണ്ടസംഖ്യം പേ
മററു നാനാവിധത്തില്ല-
ല്ലാധികൾ കഷ്ടനഷ്ടങ്ങളുമെന്നി
ഭൂതലെ ഭദ്രമായന്നെ
സൂക്ഷിച്ചതാൽ— സ്തു

൩ മേദിനീതന്നിലുള്ളെൻ പ്രവൃത്തിക്കാ
ജീവശക്തികൾ തന്നു
ഇദ്ദാസനെ ഇതോളം പാലിച്ച തൻ
മഹാസ്നേഹത്തിന്നായെൻ
താതനാം ദൈവത്തെ
സാമോദം വാഴ്ത്തി പ്ര-
ഭാതെ തൻപാദം വണങ്ങി
ഇന്നേരത്തിൽ— സ്തു

# EVENING HYMNS

# സന്ധ്യാകീർത്തനങ്ങൾ

## ൩൩൯ 339

### ഇംഗ്ലീഷ് — ആദിതാളം

പല്ലവി

ഇന്നു പകൽ മുഴുവൻ
കരുണയോടെന്നെ സൂക്ഷിച്ചവനേ!
നന്ദിയോടെ തിരുനാമത്തിന്നു
സദാ വന്ദനം ചെയ്തീടുന്നേൻ

ചരണങ്ങൾ

൧ അന്നവസ്ത്രാദികളും
സുഖം ബലമെന്നിവകൾ സമസ്തം
തന്നടിയാനെ നിത്യം
പോററീടുന്ന ഉന്നതൻ നീ പരനേ—

൨ മന്നിടം തന്നിലിന്നും
പലജനം ഖിന്നരായ്മേവീടുമ്പോൾ
നിന്നടിയാനു സുഖം
തന്ന കൃപ വന്ദനീയം പരനേ— ഇ

൩ തെററുകുററങ്ങളെന്നിൽ
വന്നതളവററ നിന്റെ കൃപയാൽ
മുററും ക്ഷമിക്കേണമേ
അടിയനെയുററു സ്നേഹിപ്പവനേ—

൪ എൻ കരുണേശനുടെ
ബലമെഴും തങ്കനാമമെനിക്കു
സങ്കേതപട്ടണമാം
അതിലഹം ശങ്കയെന്യേ വസിക്കും—

൫ വല്ലഭൻ നീ യുറങ്ങാതെ [
നിന്നെന്നെനല്ലപോൽകാത്തീടുമ്പോ
ഇല്ല രിപുഗണങ്ങൾക്ക-
ധികാരമല്ലൽ പെടുത്തീടുവാൻ— ഇ

൬ ശാന്തതയോടു കർത്താ തിരു-
മുമ്പിൽ ചന്തമായിന്നുറങ്ങി
സന്തോഷമോടുണരേണം
ഞാൻതിരുകാന്തികണ്ടുല്ലസിപ്പാൻ-

## ൩൪൦ 340

### ബലഹരി—ആദിതാളം

൧ ഇന്നു പകലിലെന്നെ
നന്നായനുഗ്രഹിച്ച
മന്നവാ സ്തുതി നിന-
ക്കെന്നേക്കും ചെയ്തിടുന്നേൻ

൨ സർവ്വശക്തിയുള്ള
നിൻ ചിറകിൻകീഴടിയനെ
സർവ്വനേരവും രാജ-
രാജനേ കാത്തുകൊൾക

൩ ഈ ദിവസം ഞാൻ ചെയ്ത
ദോഷമാകവെ നിന്റെ
പ്രീതിയേറും മകനെ
ഓർത്തു ക്ഷമിക്ക ദേവാ!

൪ ഇന്നു ഞാനുറങ്ങും മു-
മ്പന്യൂന മനസ്സാക്ഷി
നിന്നോടും ജനത്തോടു-
മുണ്ടാവാൻ തുണയ്ക്ക നീ

൫ മരണം നിർമ്മലശയ്യാ-
ശയനനിർഭയമായി
സാദരം തോന്നുമാറെൻ
ദൈവമേ പഠിപ്പിക്ക

൬ കാഹളധ്വനി കേട്ടു
വേഗം നിൻ മഹത്വത്തെ
കാണ്മാൻ ഞാൻ കൊതിക്കുന്നു
കരുണാവാരിധേ ദേവാ!

---

## ൩൪൧ 341

### കർണ്ണാടകം — ധന്യാശി

### ഏകതാളം

#### പല്ലവി

കർത്തനേയീപ്പകലിലെന്നെ നീ
കാവൽ ചെയ്തതിമോദമായ്
ചേർത്തണച്ച നിൻ പാദത്തിലായ-
ത്തോർത്തടി പണിയുന്നു ഞാൻ

#### ചരണങ്ങൾ

൧ പക്ഷികൾ കൂടണഞ്ഞുകൊണ്ടവ
നിർഭയമായ് വസിക്കുംപോൾ
പക്ഷമോടെന്റെ രക്ഷകാ തവ
വക്ഷസ്സിലണഞ്ഞീടുന്നേൻ— ക

൨ ഭൂതലേയുദിച്ചയന്ന സൂര്യ-
ശോഭ പോയ്മറഞ്ഞീടുന്നു
നീതിസൂര്യനെ മോദമോടക-
താരിൽ നീയുദിക്കേണമേ— ക

൩ കേശാദി പാദം സർവ്വവും ഭരി-
ച്ചീടേണം പരിശുദ്ധനേ
ദാസൻ നിൻ തിരുസന്നിധിയിൻപ്ര-
കാശത്തിൽ വസിച്ചീടുവാൻ— ക

൪ നിദ്രയിൽ നിൻ ചിറകിൻകീഴെന്നെ
ഭദ്രമായ്മറയ്ക്കേണമേ
രാത്രിമുഴുവന്നാവിയാലെന്നെ
ശത്രുവിൽനിന്നു കാക്കുകേ— ക

൫ രാത്രി ഞാനെൻ കിടക്കയിൽ പ്രാണ-
നാഥനേ വേദവാക്യങ്ങൾ
ഓർത്തു ധ്യാനിച്ചു മോദമായ് പ്രാർത്ഥി-
ച്ചീടുവാൻ കൃപ നല്കുകേ— ക

൬ പ്രാണനായകനേശുവേ നീയീ-
രാത്രിയിൽ എഴുന്നെള്ളിയാൽ
ആനന്ദത്തോടെ ദാസനും എതി-
രേല്ക്കുവാൻ തുണയ്ക്കേണമേ— ക

൭ ഇന്നു രാത്രിയിൽ എന്റെ ജീവനെ
നീയെടുത്തീടുകിൽ വിഭോ!
നിന്നിൽ ഞാൻ നിദ്രകൊണ്ടുവിശ്രമി-
ച്ചീടുവാൻ കൃപ നല്കുകേ— ക

---

## ൩൪൨ 342

### ക്യാൽ -- ആദിതാളം

#### പല്ലവി

ദൈവതാത പുത്ര നൽ
പാവനാവിയെ നമോ

#### അനുപല്ലവി

കേവലം വിശുദ്ധിയിൽ
മേവും സർവ്വ വല്ലഭാ— ദൈവ

#### ചരണങ്ങൾ

൧ ദൈവമേ വരേണ്യമേ
ഠരം 1വിധേയർ മദ്ധ്യേ നിൻ
ആവിയെ അരുളുകെ
ദൈവസ്തോത്രം ചെയ്യുവാൻ— ദൈവ

---

1. വിധേയർ = ദാസന്മാർ.

൨ ഠരം പകലിൽ ഞങ്ങളെ
സ്വർപരാ നീ കാത്തതാൽ
ഉൾപ്പൂതിങ്ങി നിൻ സ്തുതി
ഇപ്പോൾ ഞങ്ങൾ ചെയ്യുന്നു— ദൈവ

൩ സന്ധ്യയിൻ വിളക്കിതാ
ഉന്തിമാറ്റിട്ടന്നിരുൾ
നിന്തിരു പ്രസന്നത
1സ്വാന്ത മാലകറ്റുകെ— ദൈവ

൪ ഇന്നു ചെയ്ത പാപങ്ങൾ
ഒന്നിടാതെ പോക്കുകെ
മന്നനേശുവിനുടെ
പൊന്നു ചോരമൂലമായ്— ദൈവ

൫ ഞങ്ങൾ നിൻ യശസ്സിനായ്
ഇങ്ങു ചെയ്തതാകവെ
ഭംഗിയാക്കി വാഴ്കെ
മംഗലാ ദയാലയേ— ദൈവ

൬ ആടുകൾക്കിടയനേ
കൂടിരുന്നു കാക്കണേ
ഗാഢമായ നിദ്രയിതു
കൂടെ നിന്നെ കാട്ടുകെ— ദൈവ

൭ രാത്രി തന്നിൽ നിത്യമാം
നിദ്രയിൽ പതിക്കിലൊ
ഭക്തരിൻ ഉയിർപ്പുനാൾ
കാത്തു മാർവ്വിൽ മേവണം— ദൈവ

൮ ദുഃഖിത രോഗികളെ
ഒക്കെയുമീരാത്രിയിൽ
ഉൾക്കനിഞ്ഞു ശാന്തിയിൽ
കാക്കണേ ദയാനിധേ— ദൈവ

൯ നാളെ ഞങ്ങൾ രാവിലെ
നന്ദിയോടുണർന്നു നിൻ
നാമത്തിന്നു ദൈവമേ
നൽ സ്തുതി ചെയ്വാനരുൾ— ദൈവ

# SONGS OF PRAISE
# സ്തോത്രഗീതങ്ങൾ

## ൩൪൩ പല്ലവി 343

യേശു മഹോന്നതനേ നിനക്കു
സ്തോത്രമുണ്ടാകയെന്നേക്കുമാമേൻ

ചരണങ്ങൾ

൧ നീചരാം ഞങ്ങളെ വീണ്ടിടുവാൻ
വാനലോകം വെടിഞ്ഞോടിവന്നു
താണു നരാകൃതി പൂണ്ടതിനെ
കാണുവാൻ നീ കൃപ ചെയ്യണമേ—

൨ വാനസേനാദികളിൻ സ്തുതിയും
ആനന്ദമാം സ്വർഗ്ഗഭാഗ്യമതും
ഹീനരായിട്ടുമീ ഞങ്ങളുടെ
ഊനമകറ്റുവാനായ് വെടിഞ്ഞോ—

൩ ഭൂതലം ചുറ്റി നീ സഞ്ചരിച്ചു
പാപികളെയരികെ വിളിച്ചു
നീതിയിൻമാർഗ്ഗമെല്ലാമുരച്ചു
വേദനയേറ്റവും നീ സഹിച്ചു— യേ

൪ പാപനിവാരണനായ നിന്മേൽ
പാപമശേഷവുമേറ്റുകൊണ്ടു്
പാപബലിക്കു നിൻ ചോര ചിന്തി
പാരിന്മദ്ധ്യേ മരത്തിൽ മരിച്ചു— യേ

൫ ഈയുപകാരമെന്റെ മനസ്സിൽ
രാപ്പകലോർത്തു നിന്നോടണഞ്ഞു
ലോകയിമ്പങ്ങളെ തള്ളീട്ടുവാൻ
നീ കൃപ ചെയ്ക ദിനംപ്രതി മേ— യേ

## ൩൪൪ 344

ഇംഗ്ലീഷ് — ആദിതാളം

പല്ലവി

വന്ദനം യേശുപരാ! നിനക്കെന്നും
വന്ദനം യേശുപരാ!
വന്ദനം ചെയ്യുന്നു നിന്നടിയാർ
തിരു നാമത്തിന്നാദരവായ്

ചരണങ്ങൾ

൧ ഇന്നു നിൻസന്നിധിയിതു
അടിയർ-വന്നുചേരുവതിന്നായ്
തന്ന നിന്നുന്നതമാം
കൃപയ്ക്കു ഭി-വന്ദനം ചെയ്തിടുന്നേ— വ

1. സ്വാന്തമാൽ = ഹൃദയത്തിലെ കറകൾ.

൨ നിൻ രുധിരമതിനാൽ
പ്രതിഷ്ഠിച്ച-ജീവപുതുവഴിയായ്
നിന്നടിയാർക്കു പിതാ-
വിൻ സന്നിധൌ-വന്നിടാമെ സതതം

൩ ഇത്ര മഹത്വമുള്ള
പദവിയെ-ഇപ്പുഴുക്കൾക്കരുളാൻ
പാത്രതയേതുമില്ലാ
നിന്റെ കൃപ-യെത്രവിചിത്രമഹൊ—

൪ വാനദൂതഗണങ്ങൾ
മനോഹര-ഗാനങ്ങളാൽ സതതം
ഊനമെന്യേ പുകഴ്ത്തി
സ്തുതിക്കുന്ന-വാനവനേ നിനക്കു— വ

൫ മന്നരിൽ മന്നവൻ നീ
മനുകുല-ത്തിന്നു രക്ഷാകരൻ നീ
മിന്നും പ്രഭാവമുള്ളോൻ
പിതാവിന്നു-സന്നിഭൻ നീയല്ലയോ—

൬ നീയൊഴികെ ഞങ്ങൾക്കു
സുരലോകെ-യാരുള്ളു ജീവനാഥാ !
നീയൊഴികെയിഹത്തിൽ
മറ്റാരു-മില്ലാഗ്രഹിപ്പാൻപരനേ—

വിശിഷ്ടഫലം സർവ്വദാ
ഇഷ്ടംപോൽ ഭക്ഷിക്കാം—

൬ ഈലോകത്തിൻ ചിന്താകുലം
ദൈവാശ്രിതർക്കില്ലാ
തൻ പൈതങ്ങളിൻ ആവശ്യം
താൻ കരുതും സദാ—

൭ കർത്താവിൻ നാമം നിമിത്തം
അനേക കഷ്ടവും
നേരിടുമ്പോഴും ധന്യർ നാം
ഇല്ലൊരു നഷ്ടവും—

൮ ഈ വിതെക്കുന്ന കാലം നാം
ചിലപ്പോൾ കരയും
പിതാവോ കണ്ണുനീരെല്ലാം
തുടച്ചുകളയും—

൯ തൻ നിത്യരാജ്യം നല്കുവാൻ
പിതാവിന്നിഷ്ടമായ്
തൻമുഖത്തിൻ മുമ്പാകെ താൻ
നിത്യം തൻ സ്തുതിക്കായ്—

---

## ൩൪൫ 345

### രാഗം ഇംഗ്ലീഷ്

൧ കർത്താവിനെ നാം സ്തുതിക്ക
ഹേ ദൈവമക്കളേ !
സന്തോഷത്തിൽ നാം അർപ്പിക്ക
സ്തോത്രത്തിൻ ബലിയെ
നാംസ്തോത്രം-സ്തോത്രം-സ്തോത്രംകഴിക്ക
സ്തോത്രം-സ്തോത്രം-നാം സ്തോത്രംകഴിക്ക

൨ വിശുദ്ധ സ്നേഹബന്ധത്താൽ
ഒരേ ശരീരമായ്
നാം ചേർക്കപ്പെട്ടതാകയാൽ
ചേരുവിൻ സ്തുതിക്കായ്—

൩ പിതാവു ഏകജാതനെ
നമുക്കു തന്നല്ലോ
ഹാ സ്നേഹത്തിൻ അഗാധമേ
നിന്നെ ആരായാമോ ?—

൪ നാം പ്രിയപ്പെട്ട മക്കളായ്
വിളിച്ചപേക്ഷിപ്പാൻ
തൻ ആത്മാവെ അച്ചാരമായ്
നമുക്കു നൽകി താൻ—

൫ ഒർ ഏദൻതോട്ടംപോലിതാ
തൻ വചനങ്ങൾ ആം

## ൩൪൬ 346

### കണ്ണാററിക് — ആദിതാളം

#### പല്ലവി

സ്തോത്രമനന്തം-സ്തോത്രമനന്തം-സർവ്വ-
കർത്തനിൻനാമത്തിനെന്നും-സ്തോത്രമനന്തം

#### ചരണങ്ങൾ

൧ നിത്യദൈവമേ !
സത്യനാഥനേ !-നിന്നു-
പത്യതയിൻ-ദത്തിനായി
സ്തോത്രമനന്തം—

൨ മുൻനിയമിത-
വൃന്ദമതിൽ നീ-യെന്നെ
മുൻ നിയമിച്ചെന്നതിനാൽ
സ്തോത്രമനന്തം—

൩ ആദിപിതാവിൽ
ഹാ മൃതനായ-എന്റെ
ജീവനിന്നുയിർപ്പിനായി
സ്തോത്രമനന്തം—

൪ തൻ ജഡമായ പുതു
വണ്ണവഴിയായി-സ്വർഗ്ഗെ
എന്നെയുമിരുത്തിയതാൽ
സ്തോത്രമനന്തം—

൫ ശുദ്ധമാം നിലയിൽ
നിത്യജീവനി-ലിന്നും
കാത്ത നിൻ കൃപയ്ക്കു വേണ്ടി
സ്തോത്രമനന്തം

൬ നിന്നുടെ തിരു-
സന്നിധിമൂലം-ഇപ്പോൾ
എന്നെ നീ ശുദ്ധീകരിക്ക
സ്തോത്രമനന്തം—

൭ നിന്നുടെ ബലമെന്നിൽ
തന്നരുളി നിൻ ജീവ
സന്നിധിയിൽ കാത്തുകൊൾ നീ
സ്തോത്രമനന്തം—

൮ നിൻകൃപയിൽ ഞാ-നെൻ
മൃതിയോളം-നില്പാ-
നെന്നെ നീയാശീർവ്വദിക്ക
സ്തോത്രമനന്തം—

൯ തൻ ഹിതംപോലെ
സർവ്വവും ചെയ്യും നിത്യ
മന്നവനേ നിൻ കൃപയ്ക്കായ്
സ്തോത്രമനന്തം—

൧൦ ഉന്നതമായ
നിന്നുടെ നാമം-സർവ്വ
സന്തതമായ് ഭവിക്കട്ടെ
സ്തോത്രമനന്തം—

---

## ൩൪൭ 347

### അമീർകല്യാണി — ആദിതാളം

#### പല്ലവി

സ്തോത്രം ശ്രീ മനുവേലനേ!
മമ ജീവനേ! മഹേശനേ!

#### ചരണങ്ങൾ

൧ പാർത്തലത്തിൻ-പരിശ്രയമായ്
പാരിൽ വന്ന നാഥനേ!
മമ ജീവനേ-മഹേശനേ— സ്തോത്രം

൨ ആദിപിതൃ-വോതിയതാ-
മാദിവേദനാദമേ-മമ—

൩ മാനവസ-മ്മാനിതനേ
മാനനീയരൂപനേ-മമ—

൪ സാദരമാ-ദൂതഗണം
ഗീതംപാടി വാഴ്ത്തിടും-മമ—

൫ ജീവകൃപാ-ജലം ചൊരിയും
ജീവസാരമേഘമേ-മമ—

൬ സ്വന്തരക്തം-ചിന്തിയെന്നെ
ഹന്ത വീണ്ടെടുത്തതാൽ-മമ—

൭ മർത്ത്യജനാം-ഭൃത്യനു നിൻ
നിത്യജീവനേകിയ-മമ—

൮ രാജസുതാ-പൂജിതനേ!
രാജരാജനേശുവേ-മമ—

൯ താവകമാം-നാമമഹോ
ഭാവനീയമാം സദാ-മമ—

---

## ൩൪൮ 348

### മലയാമി — അടതാളം

#### പല്ലവി

സ്തോത്രം ചെയ്യും ഞാനെന്നും-രക്ഷിതാവെ
മാത്രം വാഴ്ത്തും ഞാനിന്നും

#### അനുപല്ലവി

പാത്രഹീനനാമീ-ചെളിമടിയനെ
പാർത്ഥിവനേ എന്നെ-ചേർത്തുകൃപയ്ക്കായി—

#### ചരണങ്ങൾ

൧ മന്നൻ ദാവീദിൻ സുതനേ
വന്നുദിച്ച മന്നനാം മനുവേലാ
സന്നാഹമോടെന്നും
സന്നിധൌ പാടുവാൻ
ഉന്നതനേയെന്നെ
നിന്നിലായ് കാക്കേണം— സ്തോത്രം

൨ അതിശയമുള്ളവനേ
അതിരററ-അനുഗ്രഹവാരിധിയേ
അധിപനാം യേശുവേ
അഖിലേശനന്ദനാ
അഖിലർനായകനേ
അഖിലാണ്ഡ കർത്താവേ—സ്തോത്രം

൩ അടിയനെ വീണ്ടവനേ
അടിമയെ-മോടിയിൽ തീർത്തവനേ
ജഡത്തിൽ കുടികൊള്ളും
അടിയാനെ നിന്നുടെ
കൊടിക്കീഴിൽ നാൾതോറും
ജയത്തോടു കാക്കേണം— സ്തോത്രം

## ൩൪൯ 349

### തോടി — ആദിതാളം

#### പല്ലവി

സ്തോത്രമെന്നേശുപരാ—നിൻനാമത്തെ
മാത്രം പുകഴ്ത്തുന്നു ഞാനു

#### ചരണങ്ങൾ

൧ ആർത്തികൾ തീർത്തെന്നെ
ചേർത്തീടുവാനായി
പാർത്തലം തന്നിൽ വന്ന
കർത്താവിനെ മാത്രം പുകഴ്ത്തുന്നു ഞാൻ

൨ ജീവനെ നീയെനി-
ക്കായ്വെടിഞ്ഞെന്നുടെ
ജീവനെ വീണ്ടതിനെ
നിനച്ചു നിൻ-നാമം പുകഴ്ത്തുന്നു ഞാൻ

൩ പാവനലോകെയെൻ
ജീവനെയുംകൊണ്ടു
രാപ്പകൽ വാണീടുന്ന [ഞാൻ
സർവ്വേശാ നിൻ-നാമം പുകഴ്ത്തുന്നു

൪ ജീവനെ നീയെന്നിൽ
രാപ്പകൽ നല്കി നിൻ
ആവിയിൽ കാത്തീടുന്ന [ഞാൻ
കൃപാലോ നിൻ-നാമം പുകഴ്ത്തുന്നു

൫ താതസുതാത്മന-
നാരതവും സ്തുതി
നീതിയിൽ സൃഷ്ടനേ നീ [സദാ
പ്രകാശമായ്-വാണീടുകെന്നിൽ

## ൩൫൦ 350

### കണ്ണാററിക് — ആദിതാളം

#### പല്ലവി

സ്തോത്രമേശുവേ!
സ്തോത്രമേശുവേ!—നിന്നെ
മാത്രം നന്ദിയോടെയെന്നും
വാഴ്ത്തിപാടും ഞാൻ

#### ചരണങ്ങൾ

൧ ദാസനാമെന്റെ
നാശമകററാൻ—നര-
വേഷമായവതരിച്ച
ദൈവജാതനേ!—

൨ പാപത്തിന്നുടെ
ശാപശിക്ഷയാം—ദൈവ
കോപത്തീയിൽ വെന്തെരിഞ്ഞ
ജീവനാഥനേ— സ്തോത്ര

൩ ശത്രുവാമെന്നെ നിൻ
പുത്രനാക്കുവാൻ—എന്നിൽ
ചേർത്ത നിൻ കൃപയ്ക്കനന്ത
സ്തോത്രമേശുവേ!— സ്തോത്ര

൪ ആർത്തികൾ തീർത്ത
കരു—ണാ സമുദ്രമേ—നിന്നെ
സ്തോത്രം ചെയ്വാനെന്നെയെന്നും
പാത്രനാക്കുകാ— സ്തോത്ര

൫ ജീവനാഥനേ!
ദേവനന്ദനാ —നിന്റെ
ജീവനെന്നിൽ തന്നതിന്നായ്
സ്തോത്രമേശുവേ— സ്തോത്ര

൬ നാശലോകത്തിൽ
ദാസനാമെന്നെ—സൽപ്ര-
കാശമായ് നടത്തീടേണ-
മേശുനാഥനേ — സ്തോത്ര

## ൩൫൧ 351

### ഗുൽറോല്ല് — ആദിതാളം

#### പല്ലവി

യേശുനാഥാ! നിൻ കൃപയ്ക്കായ്
സ്തോത്രമെന്നേക്കും

#### അനുപല്ലവി

ഈശനേ നിൻ നാമമെന്റെ ക്ലേശമകററും

#### ചരണങ്ങൾ

൧ നാശമയനായോരെന്നിൽ
ജീവനരുളാൻ-വൻ
ക്രൂശിനെ സഹിച്ചപ-
മാനം വഹിച്ചോരു— യേശു

൨ പാവനമാം നീതിയിൽ ഞാ-
നെന്നുമിരിപ്പാൻ—നിന്റെ
ജീവനിലൊരംശമിനി-
ക്കേകിയതിനാൽ— യേശു

൩ നിൻ ഹൃദയം തന്നിലെന്നെ
മുൻ കുറിച്ചപ്പോൾ
എൻ ജനനം തന്നെയും ഞാ-
നന്നറിഞ്ഞില്ലേ— യേശു

൬ തൻ ജഡശരീരമരണം
നിമിത്തം നീ
നിൻ പിതാവോടെന്നെ
നിരപ്പിച്ചതുമൂലം— യേശു

൭ എത്രകാലം നിൻ കൃപയെ
വ്യർത്ഥമാക്കി ഞാൻ
അത്രനാളുമന്ധകാരം
തന്നിലിരുന്നേൻ— യേശു

൮ ജീവലതയായ നിന്നിൽ
ഞാൻ നിലനില്പാൻ—നിന്റെ
ജീവരസമെന്നിലെന്നും
തന്നു പാലിക്ക— യേശു

൯ വിശ്രമദേശത്തിലീ ഞാ—
നെത്തുംവരെക്കും—നിന്റെ
വിശ്രുത കൃപകളെന്നെ
പിന്തുടരേണം— യേശു

## നദവ 352

പല്ലവി

പരിശുദ്ധപരനേ—സ്തുതി നിനക്കു—സുര
ലോകം വിട്ടവനേ—സ്തുതി നിനക്കു

അനുപല്ലവി

തിരുമനസ്സാലീ—ധരയിൽ വന്നോനേ
കരുണക്കടലേ—സ്തുതി നിനക്കു—

ചരണങ്ങൾ

പെരിയ ശത്രുവിനാൽ നരഗണമാകെ
കരകണ്ടീടുവതിന്നറിയാതെ [ട്ടുന്ന—
തിരിഞ്ഞു വഴി വെടിഞ്ഞു നടന്നുവലഞ്ഞി—
തറിഞ്ഞു നിൻതിരു മനം കനിഞ്ഞോനേ

൨

നീതിയിൻസൂര്യാ നിഖിലേശാ!—നിൻതൃ—
പ്പാദമല്ലാതൊരു ഗതിയേതു?
ദുരിതങ്ങളഖിലവും ശിരസ്സിൽ നീ
ചുമന്നൊഴിച്ചതിനെ ഞാൻ മറവോനേ—

൩

പാപിയിൻ ബലമേ മനുവേലാ—നിന്നിൽ
ചാരിടുന്നവരോടനുകൂലാ
കോപത്തീയതിൽ വീണു മുഴുകാതെ—എന്നെ
കാവൽ ചെയ്തീടുക ദിനംതോറും

൪

പെരിയ ശത്രുവിനാൽ നരകാഗ്നിക്കിട
വരുവതിന്നിടയായ് വന്നിടാതെ
ആത്മരക്ഷക—എന്നെ തിരുകൃപയാലെന്നെ
പരിശുദ്ധനാക്കി നിൻ ഇടം ചേർക്ക.

## മേദമ 353

ഹിന്ദുസ്ഥാനി — രൂപകം

ആടുകൾക്കുവേണ്ടി ജീവനെ വെടിഞ്ഞതാം
ദേവാട്ടിൻകുട്ടിയേ നിനക്കനന്ത വന്ദനം

൨

കാട്ടിലെ ഓടി ആടലോടുഴന്നിട്ടും കു—
ഞ്ഞാടുകൾക്കഭയമാം നിൻ പാദം വന്ദനം

൩

ഭീതിപോക്കിആടുകൾക്കുമുൻനടന്നുനീ_സം—
പ്രീതിയായ് നടത്തീടും കൃപയ്ക്കു വന്ദനം

൪

പച്ചമേച്ചില്പുറം പ്രശാന്തതോയവും സദാ നീ
വീഴ്ചയെന്നിയെ തരുന്നതോർത്തു വന്ദനം

൫

താതപുത്രനാത്മനാം ത്രിയേകദൈവമേ—സ
ർവ്വാത്മനാ നിനക്കനന്ത കീർത്തനം സദാ.

## നദിര 354

ക്യാൽ — ഏകതാളം

പല്ലവി

പരമദയാലോ പാദം വന്ദനമേ
പാലയദേവാ പാദം വന്ദനമേ

ചരണങ്ങൾ

൧ പാദാരവിന്ദമേ—പരനേ ഗതിയേ
പാലയമാം പരമേശകുമാരാ

൨ ലോകരക്ഷാകരാ—ശോകനിവാരണാ
ആകുലമാകവെ പോക്കും സർവ്വേശാ

൩ ആധാരമാറവ—കരുണോദയമേ
ആനന്ദവല്ലിതനേ മനുവേലാ

൪ നീതിയിൻ സൂര്യനേ—കരുണാകരനേ
ആദിയനാദിയെൻ താതനും നീയേ

൫ താതസുതാത്മനേ—പരികീർത്തനമേ
പാദമതിൽ പണിയുന്നഹം ആമേൻ

## ൩൫൫ 355

### പല്ലവി

ജീവനേ! എൻ ജീവനേ! നമോ! നമോ!!

### അനുപല്ലവി

പാപികൾക്കമിതാനന്ദ
പ്രദനാം കൃപാകരാ!–നീ
വാ–വാ–വാനോർ വാഴ്ത്തും നായകാ!–

### ചരണങ്ങൾ

൧ പാപനാശകാരണാ നമോ–നമോ
പാരിതിൽ നരനായുദിച്ച
പരാപരപ്പൊരുളേ–നീ
വാ–വാ–വാനോർ വാഴ്ത്തും നായകാ!

൨ സർവ്വലോക നായകാ നമോ–നമോ
ജീവനാറവരിൽ കനിഞ്ഞ
നിരാമയാ വരദാ–നീ
വാ–വാ–വാനോർ വാഴ്ത്തും നായകാ!

൩ ജീവജാലപാലകാ നമോ–നമോ
ദിവ്യകാന്തിയിൽ വ്യാപിച്ചന്ധത
മാറ്റും ഭാസ്കരാ–നീ
വാ–വാ–വാനോർ വാഴ്ത്തും നായകാ!

൪ മന്നവേന്ദ്ര! സാദരം നമോ–നമോ
മനുകുലത്തിനീ–വലിയ രക്ഷ നൽ–
കിയ ദയാപരാ–നീ
വാ–വാ–വാനോർ വാഴ്ത്തും നായകാ!

---

## ൩൫൬ 356

### ജംഗ്ലാ — ഏകതാളം

൧ എന്നോടുള്ള നിൻ സർവ്വ
നന്മകൾക്കായി ഞാൻ
എന്തു ചെയ്യേണ്ടു നിന–
ക്കേശുപരാ—ഇപ്പോൾ

൨ നന്ദികൊണ്ടെൻ്റുള്ളം
നന്നേ നിറയുന്നേ
സന്തോഷമോടെ സ്തുതി
പാടീടുന്നേൻ—ദേവാ

൩ പാപത്തിൽനിന്നു എന്നെ
കോരിയെടുപ്പാനായ്
ശാപശിക്ഷകളേറ്റ
ദേവാത്മജാ—മഹാ

൪ എന്നെയൻപോടു ദിനം
തോറും നടത്തുന്ന
പൊന്നിടയനാം നിന്നും
വന്ദനമേ—ദേവാ

൫ അന്ത്യംവരെയുമെന്നെ
കാവൽചെയ്തീടുവാൻ
അന്തികെയുള്ള മഹൽ
ശക്തി നീയേ—നാഥാ

൬ താതൻസന്നിധിയിലെൻ
പേർക്കു സദാ പക്ഷ–
വാദം ചെയ്യുന്ന മമ
ജീവനാഥാ!—പക്ഷ

൭ കുറ്റം കൂടാതെയെന്നെ
തേജസ്സിന്മുമ്പാകെ
മുറ്റും നിറുത്താൻ കഴി–
വുള്ളവനേ—എന്നെ

൮ മന്നിടത്തിലടിയൻ
ജീവിക്കുന്നാളെന്നും
വന്ദനം ചെയ്യും തിരു–
നാമത്തിന്നു—ദേവാ

---

## ൩൫൭ 357

### ജാവളി — ആദിതാളം

### പല്ലവി

രാജരാജേന്ദ്രാ യേശുദേവ
സ്തുതി നിനക്കു
രാജരാജേന്ദ്രാ യേശുദേവ

### ചരണങ്ങൾ

൧ ഒന്നുമില്ലാത്ത എന്നെ
ഉന്നതിക്കാളാക്കുവാൻ
ഉന്നി നീ താണോ മന്നവാ
സ്തുതി നിനക്കു—

൨ ദുഃഖമെൻ്റേതു നീക്കി
സൌഖ്യമെനിക്കു നല്കി
ദുഃഖമഖിലമേറ്റവാ
സ്തുതി നിനക്കു

൩ താതനോടൈക്യമാക്കാൻ
1ദാതനായ്തീർന്നല്ലോ നീ
2ധൌതനെ പ്രാണനായകാ
സ്തുതി നിനക്കു—

1. ദാതൻ = മുറിക്കപ്പെട്ടവൻ.
2. ധൌതൻ = (ശുദ്ധൻ) വെള്ളയായവൻ.

൪ നാകലോകാധികാരാ
1നൌകനായ്വന്നിങ്ങനെ
നാകവാസത്തിന്നേട്ടത്തോ
സ്തുതി നിനക്കു—

൫ ശക്തനേ ഞാനും നിന്റെ
ശക്തനായീടാനാത്മ-
ശക്തി തന്നരുളേണമേ
സ്തുതി നിനക്കു—

---

## ൩൫൮ 358

### തോടി — ആദിതാളം

പല്ലവി

അനുദിനം തിരുനാമം എൻ ധ്യാനമേ
അതിശയങ്കരൻ ഈശോ!

ചരണങ്ങൾ

സമസ്ത വല്ലഭ സത്യ-ജ്ഞാന കാരുണ്യ നിത്യ
സർവ്വവ്യാപക വിശുദ്ധ-ദൈവകുമാരാ!
അതിശയങ്കരൻ ഈശോ!— അനു

൨

ആദിയന്തമില്ലാത്ത അത്ഭുത നിർല്ലയനേ!
അഖില സ്രഷ്ടകൻ നീയെ-ദൈവവചസ്സാം
അതിശയങ്കരൻ ഈശോ!— അനു

൩

മാനവ പാപപരി-ഹാരമാം യാഗം നീയെ
മഹത്വരക്ഷക ഗുരുവാം രാജേശനേ!
അതിശയങ്കരൻ ഈശോ!— അനു

൪

ഭൂത പ്രേത പിശാച-വിഗ്രഹ സേവകർക്കു
ബുദ്ധിയരുളും കാലം വരുത്തിയ നീ
അതിശയങ്കരൻ ഈശോ!— അനു

൫

സർവ്വരും തിരുനാമ-കീർത്തനം-ചെയ്വതിനു
ശക്തി പ്രത്യക്ഷമാക്കും നസറായനേ!
അതിശയങ്കരൻ ഈശോ!— അനു

---

# CHRISTMAS LYRICS
# ക്രിസ്റ്റ്മസ ഗീതങ്ങൾ

## ൩൫൯ 359

### ചെഞ്ചുരുട്ടി — തിശ്രം

൧ നിത്യനാകുന്ന മാ ദൈവം ഇതാ
മർത്യരെ ത്രാണനം ചെയ്വാൻ
ഭൂതലത്തിൽ ശിശുവായി-വന്നു
ബേത്ലഹേമിൽ പിറന്നിന്നു

൨ വാനത്തിൻ സേനകളെല്ലാം-ഒന്നി-
ച്ചാനന്ദഗീതങ്ങൾ പാടി
മാനവോദ്ധാരണത്തിന്നായി-അവർ
സേനയിൻ കർത്തനെ വാഴ്ത്തി

൩ അത്യുന്നത ദൈവത്തിനു-സ്വർഗ്ഗേ
നിത്യമഹത്വമുണ്ടാക
പാർത്തലത്തിൽ സമാധാനം-അതും
മർത്ത്യരിൽ പ്രീതിയും ആക

൪ ആട്ടിടയരുമദ്ദേശെ-നിന്നു
നാട്ടിലെല്ലാടവും ചെന്നു
കൂട്ടരോടങ്ങറിയിച്ചു-തങ്ങൾ
കേട്ടതാമീ-സുവിശേഷം

൫ വാനത്തിൽ താരകശോഭ-കണ്ടു
ജ്ഞാനികൾ ദൂരത്തുനിന്നു
പൊന്നു മൂരാദിയാം കാഴ്ച-കൊണ്ടു
വന്നു തന്റെ മുമ്പിലന്നേരം

൬ അന്ധകാരപ്രബല തന്റെ-നിത്യ
ബന്ധനത്തിൽ വലഞ്ഞോർക്കു
ബന്ധുവായ് ഭൂമിയിൽ ഈശൻ-വന്നാ-
യന്തമില്ലാത്ത സന്തോഷം

൭ ദൂതരൊന്നിച്ചു നാൾതോറും-നാഥം
മോദിച്ചു ഗീതങ്ങൾ പാടി
മേദിനിവാസത്തിനുശേഷം-സ്വർഗ്ഗ
മോദത്തിൽ വാഴട്ടെ എന്നും.

---

1. നൌകൻ = (രക്ഷാ) വള്ളക്കാരൻ.

## ൩൬൦ 360

### ഹിന്ദുസ്ഥാൻതോടി—ആദിതാളം

പല്ലവി

യേശുവേ! കീർത്തനം എന്നേക്കും നിനക്കേ

ചരണങ്ങൾ

അഖിലാണ്ഡംകോടിലോകസ്രഷ്ടകൻനീയേ
ആരാധിച്ചെന്നും ദൂതർ വാഴ്ത്തും നായകനേ!
എന്നേക്കും നിനക്കേ

൨

നീചരാം മർത്യരിൽ പാപം നീക്കുവതിന്നായ്
നിൻദിവ്യഭാവംവെടിഞ്ഞോ നീ രക്ഷകനേ
എന്നേക്കും നിനക്കേ

൩

അഖിലപ്രവാചകരും മുൻവചിച്ചപോൽ
[യിൽ
അഘഹാരിയായ് ഉദിച്ചോദേവാ! ബേതല
എന്നേക്കും നിനക്കേ

൪

ഇരുൾ ധരണിയെ വിട്ടു മാറുവതിന്നായ്
മറിയാഗർഭത്തിൽ ഉദിച്ചോനേ! മനുവേലേ
എന്നേക്കും നിനക്കേ

൫

മായപേയിൻ ക്രിയകൾ നാശമായീടാൻ
മന്നിൽ വെളിപ്പെട്ടവൻ നീയെ മാമശിഹേ
എന്നേക്കും നിനക്കേ

൬

മണ്ണായ ലോകർ ദൈവമക്കളായീടാൻ
മാപുണ്യരക്ഷനേടിയോനെ! അത്ഭുതനേ!
എന്നേക്കും നിനക്കേ

൭

മാനം സ്തോത്രവും അധി-കാരവും എന്നും
മാറാതെ നിനക്കുണ്ടാകേണം-മാ പരനെ
എന്നേക്കും നിനക്കേ

---

# THE PASSION

# കഷ്ടാനുഭവം

## ൩൬൧ 361

### ഇംഗ്ലീഷ് — ആദിതാളം

൧ ദൈവത്തിന്റെ ഏകപുത്രൻ
പാപികളെ രക്ഷിപ്പാൻ
മാനുഷനായ് പാടുപെട്ടു
കുരിശിന്മേൽ മരിച്ചു
ഇത്ര സ്നേഹം ഇത്ര സ്നേഹം
ഇത്ര സ്നേഹം എരിവാൻ
മാനുഷരിലെന്തു നന്മ
കണ്ടു നീ രക്ഷാകരാ

൨ പാപികളും ദ്രോഹികളു-
മായ നരവർഗ്ഗത്തെ
വീണ്ടെടുപ്പാൻ എത്ര കഷ്ടം
സഹിച്ചു നീ ശാന്തമായ്

൩ നിർമ്മലന്മാർ ഭുജിക്കുന്ന
പരലോക അപ്പം താൻ
പാപികൾക്കു ജീവൻ നല്കി
രക്ഷിക്കുന്നീ രക്ഷകൻ

൪ കൃപയാലെ രക്ഷപെട്ട
പാപിയായ ഞാനിതാ
ഹൃദയത്തിൽ ദൈവസ്നേഹം
എരിവാൻ വാഞ്ഛിക്കുന്നേ

൫ പാപിയിൽ പ്രധാനിയായി-
രുന്ന എന്നെ രക്ഷിപ്പാൻ
ശാപമൃത്യുവേററ നിന്നെ
നിത്യകാലം വാഴ്ത്തും ഞാൻ.

---

## ൩൬൨ 362

### ശങ്കരാഭരണം—അടതാളം

പല്ലവി

ഓർക്ക നീ മനമേ!-ശ്രീയേശു നിൻ
പേർക്കു ചാവതിനെ

അനുപല്ലവി

അടി കൊണ്ടു തിരുമേനി
അതിമാത്രം മുറിഞ്ഞയ്യോ

ഇടക്കൂടാതൊലിക്കുന്ന
നിജരക്തമുടലൂടെ— ഓക്ക്

### ചരണങ്ങൾ

൧ ഭള്ളു പറഞ്ഞും—ബലാൽ
തന്റെ ചെള്ളയ്ക്കടിച്ചും
മുള്ളിൻമുടി വെച്ചവർ
തല്ലി ശിരസ്സിന്മേൽ
അല്ലലെല്ലാമവ—
നേററില്ലേ നിൻപേർക്കി— തോക്ക്

൨ ഉഗ്രതയോടെ—മുറിച്ചവർ
ഗാത്രം സുശീഘ്രം
പിടിച്ചുംതള്ളിയുംകൊണ്ട—
ങ്ങേശുവിനെ തെരുവൂടെ
ഭാരമേറും കുരിശേന്തി—
ട്ടൂടിവെപ്പാനരുതാതെ— നോക്ക്

൩ കാൽവറിമലയിൽ കള്ള—
രോടെണ്ണപ്പെട്ടവതിനൊരുങ്ങി
കരം കാലും കുരിശിന്മേൽ
തറച്ചു നിന്നുടെ പേർക്കു
പരനേവം രുജയേററു
നരരെ വീണ്ടെടുത്തെന്ന— തോക്ക്

൪ കുരിശിന്മേൽ കിടന്നും വേദന—
യേററം ക്ഷമയോടെ സഹിച്ചും
അറിയാതിന്നിവർ ചെയ്യു—
ന്നവയെല്ലാം പൊറുക്കാനായ്
പരമാത്മം നിനക്കായും
പരനോടന്നിരന്നോനെ— നോക്ക്

൫ തികഞ്ഞെന്നങ്ങുരച്ചും നിന്നുടെ
ജീവൻ പിതൃകയ്യിൽ കൊടുത്തും
ചതിയനാം പിശാചിന്റെ
തലയേററം ചതച്ചേവം
പരസ്യമാക്കിവച്ചതിന്നതി—
ധൈര്യം നിനക്കേകാൻ— ഓക്ക്

# RESURRECTION
# ഉയിർത്തെഴുന്നേല്പ്

## 363

൩൬൩

രാഗം ഇംഗ്ലീഷ്

൧ മരണം ജയിച്ച വീരാ
എൻ കർത്താവാം യേശുവേ
എന്റെ മരണവും തീരെ
വിഴുങ്ങിയ ജീവനേ
നിന്റെ ജീവൻ എന്നിൽ വേണം
വേണ്ടാ സ്വന്ത ജീവിതം
നീ എന്നുള്ളിൽ വസിക്കേണം
എന്നത്രെ എൻ താല്പര്യം

൨ ലോകത്തിനും—പാപത്തിനും
ക്രൂശിന്മേൽ ഞാൻ മരിച്ചു
ജീവന്റെ പുതുക്കത്തിനും
ഉടൻ നിന്നെ ധരിച്ചു
സ്വർഗ്ഗത്തിലിപ്പോളെൻ ജീവൻ
യേശുതാനാണെൻ പാർപ്പിടം
ഉന്നതങ്ങളിൽ ഈ ഹീനൻ
വാഴുന്നെന്തോരാശ്ചര്യം

൩ ജീവവെള്ളം ഒഴുകുന്ന
നനെക്കുന്നെൻ ഹൃദയം
പുഷ്പങ്ങളായ് പുഷ്പിക്കുന്നു
ശാന്തി സ്നേഹം ആനന്ദം
ഇതെൻ പ്രിയനുള്ള തോട്ടം
ഇതിൽ നടക്കുന്നു താൻ
രാവും പകലും താൻ നോട്ടം
ഉണ്ടതിന്മേൽ കാക്കുവാൻ

൪ നിന്റെ ശക്തി എന്റെ ശക്തി
എല്ലാററിനും മതി ഞാൻ
നിന്റെ ഭക്തി എന്റെ ഭക്തി
ഹാ നിന്നിൽ ഞാൻ ധനവാൻ
എന്റെ പ്രിയനിനിക്കുള്ളോൻ
അവനുള്ളോൻ ഞാനുമായ്
ക്രൂശിൽ സ്വന്ത രക്തം തന്നോൻ
എന്നെ വാങ്ങി തനിക്കായ്

൫ യേശു എൻ വിശ്വാസക്കണ്ണു
കാത്തു സൂക്ഷിക്കേണമേ
അതിൽ ഇഹലോക മണ്ണു
വീണു മയക്കരുതേ
സാത്താൻ ഓരോ ചിന്തകളെ
ഈച്ചകളെ എന്നപോൽ
അയച്ചാൽ കണ്ണോളകളെ
ഉടൻ നീ അടച്ചുകൊൾ

൬ ലോകം വേണ്ടാ ഒന്നും വേണ്ടാ
മതി യേശു എനിക്കു
സാത്താനേ നീ ആശിക്കേണ്ടാ
കൊണ്ടുപോ നിൻ ചരക്കു
കഴുപോലെ പറക്കുന്നു
മേലോട്ടു എൻ ഹൃദയം
ഭൂമി താഴെ കിടക്കുന്നു
ദൂരെ പാരിൻ അശുദ്ധം

൭ യേശുവേ നീ ജീവിക്കുന്നു
ഞാനും എന്നും ജീവിക്കും
നിത്യജീവൻ നിന്നിൽനിന്നു
എന്നിൽ എന്നും ഒഴുകും
സ്വർഗ്ഗത്തിൽ നീ ഇരിക്കുന്നു
വേഗം ഞാനും ഇരിക്കും
സ്നേഹത്തിൻ സംസർഗ്ഗത്തിന്നു
നിന്റെ കൂടെ വസിക്കും.

# EXHORTATION AND WARNING

## ഗുണദോഷം

### ൩൬൪ 364

കാംബോധി — ആദിതാളം

പല്ലവി

വീണ്ടും നാം ജനിച്ചീടെണം–സോദരന്മാരെ
കണ്ടീടുവാനായ് സ്വർഗ്ഗപുരം

അനുപല്ലവി

അകമേയുള്ള ശുദ്ധമോ
പുറമെ ചെയ്യും കർമ്മത്താൽ
ശകലം നീങ്ങുകയില്ലെ–
ന്നോർക്ക നിൻ മനമതിൽ
സകല സൽക്രിയകളും
ജപതപങ്ങളും പാപം
അകലെ നീക്കുവതിന്നു
ഫലിക്കയില്ലൊട്ടും അതിന്നു

ചരണം

കരുണാകരനാം ദൈവം
തിരുസുതൻ യേശുമൂലം
അരുളിയ തിരുഹിതം
കരുതി കേട്ടീടുവിൻ
പെരുതാം പാപത്തിൻ ഫലം
മരണമത്രെയെന്നോർപ്പിൻ
നരക്കു വേണ്ടും മോചനം
തരും ദൈവം ദാനമായ്
വെറുത്തേറ്റു പറഞ്ഞീടിൽ
പൊറുക്കും നിൻ സർവ്വപാപം
പരമനേശുവിൽ മാത്രം
ശരണം പൂർണ്ണമായ് വെപ്പിൻ
ജീവിക്കും നീതിമാൻ എന്നും
തൻവിശ്വാസമതാൽ അനു–
ഭവിക്കും നിത്യ ജീവനും
ഭാഗ്യവും സംശയമെന്യേ.

### ൩൬൫ 365

പിഹാക് — ഏകതാളം

൧

യേശുതാൻരക്ഷകൻ–യേശുതാൻരക്ഷകൻ
യേശുവല്ലാതില്ലെ–രക്ഷകൻ ഒരുവൻ

൨

യേശുതാൻ വഴിയും–യേശുതാൻ വഴിയും
യേശുമൂലം ചെല്ലാം–സ്വർഗ്ഗരാജ്യമതിൽ

൩

യേശുതാൻ സത്യവും–യേശുതാൻ സത്യവും
യേശുമാത്രം സത്യ രക്ഷകൻ നിശ്ചയം

൪

യേശുതാൻ ജീവനും.യേശുതാൻ ജീവനും
യേശുമാത്രം നല്കീടുമെ–നിത്യ ജീവൻ

൫ [താൻ

പാപം മോചിക്കുംതാൻ–പാപം മോചിക്കും
പാപം ആകെ താൻ മോചിക്കും–സൌജ–

൬ [ന്യമായ്

കഴുകീടുമവൻ–കഴുകീടുമവൻ
കഴുകീടും നിൻപാപം–തന്റെ രക്തത്താൽ

൭

ശുദ്ധിയാക്കുമവൻ–ശുദ്ധിയാക്കുമവൻ
ശുദ്ധിയാക്കും നിന്നെ ഹിമതുല്യമവൻ

൮

പാപി നീ വരിക–പാപി നീ വരിക [ക്കും
പാപി നിന്നെയുംതാൻ–പക്ഷമായ്രക്ഷി–

൯

വിശ്വസിക്കവനിൽ–വിശ്വസിക്കവനിൽ
വിശ്വസിക്കിൽ രക്ഷ–ഉടൻപ്രാപിച്ചീടും

൰ [ഇപ്പോൾ

കേൾക്ക പാപി ഇപ്പോൾ–കേൾക്ക പാപി
കേൾക്ക പാപി തന്റെ–സ്നേഹമേറും വിളി

## ൩൬൬ 366

### പിഹാൽ — രൂപകം

൧

ലോകധനമാന–വീയ്യപരാക്രമ
ശക്തികളാൽസ്വഗ്ഗ–രാജ്യത്തിലെത്തുമോ ?
നിഷ്ഫലമായിട്ടെന്നും നി–നെക്കാതെപോകുമെ
ശോകം പിടിപെട്ടീടും–വെക്കം നശിച്ചീടു–
മേ—ഹേ! മനുഷ്യാ

൨

പുണ്യകമ്മക്രിയ–ദാനങ്ങൾകൊണ്ടു നീ
പുണ്യലോകത്തെ ക–വൎന്നു പിടിക്കുമോ ?
ക്രിസ്തേശുനാഥന്റെ–രക്തംകൂടാതെ നീ
സ്വസ്ഥാനംകണ്ടെത്തുമോ?– ദുഃഖാപഹംവ
ന്നെത്തുമോ?—ഹേ ! മനുഷ്യാ

൩

നാനാവിധാചാര–ജാതിഭേദങ്ങളെ
കാലപറിക്കുന്നേൽ ത–കത്തില്ലെ ക്രിസ്തുതാൻ
പുണ്യരക്തമൊഴി–ച്ചില്ലെ സവ്വക്കായും
കാൽകരംതറച്ചില്ലെ–കുരിശിന്മേൽ–മരിച്ചി–
ല്ലേ—ഹേ ! മനുഷ്യാ

൪

കള്ളക്കഥകളാൽ ഉള്ളു–മറിച്ചു വൻ
കള്ളസമാധാന–ത്താൽ നിന്റെ ജീവനെ
പൊള്ളിച്ചുകൊല്ലുന്ന–കള്ളപ്പിശാചിനെ
ഉള്ളിൽനിന്നകറ്റീടുക–ചെല്ലുകയേശു അ–
രികിൽ—ഹേ ! മനുഷ്യാ

൫

ആദിമുതലവൻ–ആളെക്കൊല്ലിയെന്നു
ആദിനാഥൻക്രിസ്തുതാൻ ചൊന്നതോക്കെടൊ
ആദം പിഴപെട്ടു–നാളുതൊട്ടിന്നോളം
അലഞ്ഞുംകൊണ്ടുലകത്തിൽ ചലനംചെയ്യുന്നു
നിത്യം— ഹേ ! മനുഷ്യാ

൬

ആശു നീ സൂക്ഷിച്ചു–വെക്കാതെനിൻപാപം
യേശുക്രിസ്തുവിനോ– ടേററുപറക നീ
പുണ്യതിരുരക്തമാം തീൎത്ഥകുളിച്ചെന്നാൽ
വന്നുപോം മുക്തിയും ഭക്തിയും ഇതുസത്യം
ഹേ ! മനുഷ്യാ

---

## ൩൬൭ 367

### നാട്ട — തിശ്രം

൧ പാപികളിൻ ശാപം തീൎപ്പാൻ
പക്ഷമോടെ–രക്ഷ നല്കാൻ
സത്യേകദേവൻ യേശു താൻ
പിതൃനിയോഗത്താൽ വന്നാൻ

൨ സത്യദൈവത്തിൻ നാമത്തിൽ
നിത്യം വിളിച്ചപേക്ഷിക്കിൽ
നിത്യശിക്ഷ അകന്നീടും
നിത്യരക്ഷ പ്രാപിച്ചീടും

൩ പാപാന്ധകാരത്തിൽപെട്ടും
പാതവിട്ടു തെറ്റീടുന്നോർ
കൃപാവെളിച്ചം കാട്ടീടും
ക്രിസ്തേശുവിങ്കൽ വന്നീടിൻ

൪ തന്നിൽ മാത്രം ആശ്രയിപ്പിൻ
തന്നാമത്തിൽ അപേക്ഷിപ്പിൻ
താൻ മൂലമെ നിത്യജീവൻ
തന്നിൽ ശരണം വെക്കുവിൻ

൫ അത്യന്തകഷ്ടകാലത്തും
മൃത്യു വന്നീടും നേരത്തും
വിധിനാളും രക്ഷിപ്പവൻ
ക്രിസ്തേശുവല്ലാതില്ലാരും.

---

## ൩൬൮ 36

### ബലഹരി — തിശ്രം

#### പല്ലവി

വിശ്വാസം യാവനുണ്ടോ ക്രിസ്തുവി
നിത്യായുസ്സവനുണ്ടു സത്യം

#### ചരണങ്ങൾ

൧ എല്ലാ കന്മഷം–ഇല്ലാതാക്കീടും
തന്നിൽ പൂൎണ്ണമായ് ആശ്രയിച്ചാൽ
സംശയംകൂടാതെ വന്നീടുവിൻ
നിശ്ചയംകൎത്തൻവാക്കിന്നില്ലഭേദം—

൨ ശിക്ഷാവിധിയിൽനിന്നു പൂൎണ്ണമായ്
രക്ഷിച്ചുതരും സ്വാതന്ത്ര്യം
പുത്രനിൽ വിശ്വസിച്ചീടുന്നവർ
അത്രയും നിത്യജീവൻപ്രാപിച്ചീടും-

൩ പാപീ നീ അനുതാപമോടിപ്പോൾ
വന്നീടുക യേശു അരികിൽ
മോചനം തന്നീടും നിശ്ചയമായ്
മോക്ഷരാജ്യത്തിൽ വാണീടാമെന്നേ
[ക്കും—വ

൪ ഇപ്പോൾ വരിക ദൈവത്തിൻ വിളി
കേൾപ്പിൻ സോദരാ ഈ നേരത്തിൽ
നിന്നെ നിൻപാപം [illegible]
പിന്നെ ദൈവകൃപ [illegible]—വ

## ന൬൯ 369

### ഖരഹരപ്രിയ — ആദിതാളം

പല്ലവി

ചേരുവതിടം ഏതു ? പാപീ
ചേരുവതിടം ഏതു ?

ചരണങ്ങൾ

൧ ചാവിൻ നിഴൽ പരന്നു
ജീവൻ ഉടൻ പറന്നു
ആയുസ്സിൻ അസ്തമനം
ആയ പിൻ നിന്റെ ആത്മം

൨ ലോകം കടന്നുപോകും
ശോകം മാത്രം ശേഷിക്കും
ന്യായവിധി അടുക്കും
ഭയങ്കരമാം അന്നാളിൽ

൩ കർത്തൻ വെളിപ്പെടുമ്പോൾ
കാഹളം ധ്വനിക്കുമ്പോൾ
മാമഹിമയോടപ്പോൾ
മേഘങ്ങളിൽ വരുമ്പോൾ

൪ ഓടി രക്ഷകന്നിടം
തേടി പാപമോചനം
നേടി രക്ഷയിൻ ഭാഗ്യം
പാടി ജീവിച്ചിടാഞ്ഞാൽ.

---

## ന൭൦ 370

### പരശു—ആദിതാളം

പല്ലവി

പാപികളിൻ രക്ഷകൻ താ-
നിവൻ പാദം വണങ്ങീടു നീ

ചരണങ്ങൾ

൧ പാപശാപം തീർപ്പാൻ
പാരിൽ ജനിച്ചോരു
ദേവസുതനാകുമേശു
നായകനിവനറിക— പാപി

൨ ആദിവചനമായ്
ഭേദമെന്യേ നിന്നു
മേദിനിയോടഖിലവും
മോദമായ് ചമച്ചതിവൻ— പാപി

൩ ആദിപിതാക്കൾക്കൊ-
രേകശരണമായ്
സാദരമായ് നിന്ന ദിവ്യ-
ദാനവസ്തുവായതിവൻ— പാപി

൪ ദിവ്യബലികൾക്കൊ-
രവ്യാജശക്തിയായ്
ഭവ്യമായിരുന്ന നിത്യ
ഹവ്യവസ്തുവായതിവൻ—പാപി

൫ ക്രൂശിൽ മരിച്ചതാൽ
നാശമൊഴിച്ചു ത-
ന്നാശയം തെളിഞ്ഞുടൻ
പ്രത്യാശയിൻ വഴി തുറന്നാൻ— പാ

൬ ജീവനിൽ പൂകേണ്ട
വാതിലാം തന്നില്ലൂ-
ടാവലായടുപ്പോർ
ദിവ്യജീവനിൽ കടന്നീടുന്നു—പാപി

---

## ന൭൧ 371

പല്ലവി

പാപക്ഷമ ലഭിപ്പാൻ
സമയമിതേ-അയ്യോ
കോപാഗ്നിയിൻ നാൾ
കൊടുതാതേ

ചരണങ്ങൾ

൧ ക്ഷണത്തിൽ ഈ ലോകവും
അതിലുള്ള വസ്തുക്കളും
നീക്കമെന്യേ വെന്തു
പോകുമേ-പോകുമേ

൨ ഇന്നിരിക്കുന്ന ജീവൻ
നാളെയിരിക്കുമോയെ-
ന്നോർത്തുകൊൾ മന-
മുരുകി-ഉരുകി

൩ ആസ്തിസ്ഥാനമാനങ്ങൾ
നാസ്തിയായിടുമയ്യോ
ക്രിസ്തുവിൻ പാദം
ചേരു നീ ചേരു നീ

൪ ജീവന്റെ കൂടു മണ്ണായ്
പോകും മുന്നമെയിതു
അറിഞ്ഞു വണങ്ങ്
മനമേ-മനമേ

൫ ഫലം തരാ മരങ്ങളെ
മുറിപ്പാൻ കോടാലി തന്റെ
കരത്തിലിരിക്കുന്നു-
ള്ളയ്യോ-അയ്യയ്യോ.

---

## ൩൭൨ 372

### രാഗം ഇംഗ്ലീഷ്

൧

ഏകദൈവപുത്രനാർ?-യേശുരക്ഷിതാവു
ഏകമദ്ധ്യസ്ഥനുമാർ?-യേശുരക്ഷിതാവു
യേശുവിനെ തേട്ടവിൻ
യേശുവിനെ നേട്ടവിൻ
യേശുവെ പിഞ്ചെല്ലുവിൻ
യേശുരക്ഷിതാവു

൨

സ്വർഗ്ഗം വിട്ടു വന്നതാർ? -യേശുരക്ഷിതാവു
മർത്യർക്കായ് പിറന്നതാർ?— ,, —

൩

സത്യമാർഗ്ഗനായകൻ— ,, —
നിത്യജീവദായകൻ— ,, —

൪

പാപം ക്രൂശിൽവഹിച്ചോൻ—,, —
ശാപമെല്ലാം സഹിച്ചോൻ— ,, —

൫

കല്ലറയിൽ ഇറങ്ങി— ,, —
മല്ലൻ വിഷം വിഴുങ്ങി— ,, —

൬

ഉയിർത്തവൻ മൂന്നാംനാൾ— ,, —
ജയിച്ചവൻ ശുദ്ധിയാൽ— ,, —

൭

സ്വർഗ്ഗേ കേറി വീരനായ്— ,, —
പ്രാർത്ഥിക്കുന്നു ഭക്തർക്കായ്— ,, —

൮

തേജസ്സിൽ മടങ്ങിടും— ,, —
രാജാവായ് വാണിടും— ,, —

൯

രക്ഷയ്ക്കായീ നാമമേ— ,, —
ശിക്ഷയ്ക്കായും വരുമേ— ,, —

൰

എല്ലാനാവും ചൊല്ലീടും— ,, —
ഹല്ലേലുയ്യാ നിത്യവും— ,, —

---

## ൩൭൩ 373

### രാഗം ഇംഗ്ലീഷ്

൧

കൂരിരുട്ടിൽ കിടന്നീ ഭൂ മുഴുവൻ
ലോകത്തിൻ പ്രകാശം യേശു
സൂര്യനേപ്പോലുദിച്ചിതാ രക്ഷകൻ
ലോകത്തിൻ പ്രകാശം യേശു
പഠിക്ക നാം ക്രിസ്തൻ പാദത്തിൽ
കടക്ക നാം നിത്യജീവനിൽ
നടക്ക നാം തൻ വെളിച്ചത്തിൽ
ലോകത്തിൻ പ്രകാശം യേശു

൨

അജ്ഞാനമാം ബന്ധനം അഴിഞ്ഞിടാൻ—
ലോകത്തിൻ പ്രകാശം യേശു
സത്യാനന്ദം ദുഃഖിതർ കണ്ടെത്തുവാൻ—

൩

തൻദൈവത്തെ തേടീട്ടുന്നെല്ലാവനും—
ലോകത്തിൻ പ്രകാശം യേശു
സന്മാർഗ്ഗവും സത്യവും താൻ ജീവനും —

൪

അശുദ്ധിയെ കണ്ടിട്ടു നീക്കീടുവാൻ—
ലോകത്തിൻ പ്രകാശം യേശു
വിശുദ്ധിയെ പ്രാപിച്ചു ഗുണം ചെയ്വാൻ —

൫

ഈ ദീനർക്കാശ്വാസമായ്വന്നവൻ ആർ?—
ലോകത്തിൻ പ്രകാശം യേശു
ഈ ഹീനർക്കു മഹത്വം തന്നവൻ ആർ?—

൬

ഈ മരണനിഴലിൻ താഴ്വരയിൽ —
ലോകത്തിൻ പ്രകാശം യേശു
നീ വെളിച്ചം കാണും ഉയിർത്തവനിൽ —

൭

വല്ലോർ ലോകജ്ഞാനിയും സത്യം കണ്ടോ
ലോകത്തിൻ പ്രകാശം യേശു
എല്ലാവരും വ്യർത്ഥരായ് പോയില്ലയോ?

൮ [ത്തും—

കൺകാണുന്ന സൂര്യൻപോൽ എല്ലാട-
ലോകത്തിൻപ്രകാശം യേശു
തൻ വചനത്താൽ എല്ലാ ജാതികൾക്കും—

൯

ഈ സൂര്യൻ അസ്തമിക്കുംമുൻ വരുവിൻ—
ലോകത്തിൻ പ്രകാശം യേശു
ശ്രീയേശുവിന്നു ഹൃദയം തുറപ്പിൻ.

## ൩൭൪ 374

### ആനന്ദഭൈരവി — ആദിതാളം

#### പല്ലവി

ഇനിയും സ്ഥലമുണ്ടേ പാപി
സ്ഥലമുണ്ടാഹാ
വന്നു പ്രവേശിക്ക വേഗത്തിൽ

#### അനുപല്ലവി

ദൈവകുഞ്ഞാടായ ക്രിസ്തു
ദേവദേവനപ്രമേയൻ
ജീവദേവനാകുമീശൻ
മംഗലഗൃഹെ വളരെ— ഇനിയും

#### ചരണങ്ങൾ

൧ സ്തോത്രഗീത വാദ്യ ഘോഷക്കാർ
ക്രിസ്തുവിൻ മുൻപിൽ
ഒത്തൊരുമിച്ചാർത്തിടുന്നഹൊ
ഉത്തമശാലേം പുരത്തിൽ
നിത്യവും വസിച്ചിടുവാൻ
കർത്തനാം ക്രിസ്തേശു വിളിക്കുന്നു
ഹേ പാപീ ശീഘ്രം വാ— ഇനി

൨ നാളെ നാളെ എന്നു വെക്കാതെ
വേഗം വരിക
നാളുകൾ ചുരുക്കമല്ലയോ
ആളുകളെ കൊണ്ടു ശീഘ്രം
ശാല നിറഞ്ഞീടുന്നു നീ
ചേലോടെ വന്നു ചേർന്നു സ-
ന്തോഷമായിരുന്നീടാമെ— ഇനി

൩ വരിക പാപത്തോടെ നീയും
സ്നേഹത്തിൻ വാതിൽ
തുറന്നു തന്നെ കിടക്കുന്നു
പുരുഷാരം വന്നു ശാല
നിറഞ്ഞു നിറഞ്ഞീടുന്നു
വരിക സംശയം വേണ്ട
വരിക വേഗം വരിക— ഇനി

൪ സ്നേഹപാത്രം സ്വാതന്ത്ര്യമത്രെ
വന്നു കുടിക്ക
സ്നേഹിതാ കടന്നുവരിക
ഭാഗ്യസന്തോഷാദികളാൽ
പൂർണ്ണമാം സ്വർഗ്ഗത്തിൽ നിത്യം
ദാഹവും ഖേദവുമില്ല
വേഗമായ്വരിക നീയും— ഇനി

൫ എത്രയും മധുരസ്വരമായ്
ആ സ്നേഹവിളി-
ച്ചത്തമണ്ഡയന്നു കേൾക്കുന്നു
ഉത്തമദൈവദൂതരും
കർത്തനും വിളിച്ചിടുന്നു
ചിത്തത്തിൽ സംശയം വേണ്ടാ
ബുദ്ധിയോടാലോചിക്ക നീ— ഇനി

൬ ഇല്ല സ്ഥലമെന്നു കേട്ടിടും
രാത്രൗ കതകു
മെല്ലവെ പൂട്ടിടും സമയെ
ചൊല്ലുവാൻ പണി ഖേദത്തെ
വാതിലിൻ പുറത്തായ്നിന്നാൽ
നല്ല സമയം ഇതിനെ ലാഭമാക്കി
വാ വരിക— ഇനി

---

## ൩൭൫ 375

### ഹിന്തുസ്ഥാൻ — ആദിതാളം

#### പല്ലവി

ആശ്രയമെന്തയ്യോ
നിനക്കെന്റെ സഹോദരാ—ഏവം
വിശ്രമിച്ചിടുന്നു നീ-
യിളക്കമെന്നിയെ

#### ചരണങ്ങൾ

൧ മൃത്യുവശരായ്ഭുവിക്കു-
ന്നെത്ര മർത്യന്മാർ—അതിൻ
വർത്തമാനം കാതുകളിൽ
എത്തീടുന്നില്ലേ— ആശ്ര

൨ തന്ത തള്ള സോദരരും
ബന്ധുവായോരും—പലർ
ഹന്ത പോയില്ലേ നിനക്കു
ചിന്തയില്ലല്ലോ— ആശ്ര

൩ നാളെ നാളെ എന്നു ചൊല്ലി
കാലം പോക്കാതെ—അയ്യോ
നാളെ വന്നീടുന്നതെന്തെ-
ന്നാരറിയുന്നു— ആശ്ര

൪ മൃത്യുവിൻ മുഖത്തു നേരെ
എത്തീടും നീയും—അയ്യോ
അത്തരുണത്തിൽ ബലങ്ങൾ
കെട്ടുപോയിടും— ആശ്ര

൫ എന്തു ബലം കണ്ടിരിക്കു-
ന്നാദിഭൂതങ്ങൾ—എല്ലാം
വെന്തഴിയും നാഴികയിൽ
ചിന്തചെയ്ക നീ— ആശ്ര

൬ കർത്തനേശു തൻ അരുമ-
ദൂതിനെ നീയും—അയ്യോ
എത്രനാൾ ത്യജിച്ചു നട-
ന്നീടുമീവണ്ണം— ആശ്രു

൭ ഇന്നു കൃപയോടു കർത്തൻ
നിന്നെ നോക്കുന്നു—അവൻ
തന്നുടെ പൊൻ കൈകൾ
നീട്ടീടുന്നു നിനക്കായ്— ആശ്രു

൮ നിന്നെ രക്ഷിപ്പാനൊരുങ്ങി
നിന്നീടുന്നോരു—നിൻ
പൊന്നു രക്ഷാനായകങ്കൽ
വന്നു ചേരുക— ആശ്രു

---

## ൩൭൬ 376

### മദ്ധ്യമാവതി — ആദിതാളം

**പല്ലവി**

വരണം അരികെ പ്രിയ! തരണം
അമ്പോടു തവ-ശ്രവണം

**അനുപല്ലവി**

മരണം-സകല മനുജവരന്മാക്കും
വരണം-അതിനൊരുതടവില്ലെന്നു നീ
സ്മരണം-ചെയ്കഖില മനുജമല
ഹരണം-തവരമണംതൊഴണം— വര

**ചരണങ്ങൾ**

൧ പ്രിയനെ-ഭൂജീവൻ നിത്യമോ?
അതാൽ സകലം വെടിഞ്ഞു നിൻെറ
പ്രിയനെ-തേടീടുകെ ശീഘ്രം
നരനെ-തവ ഹൃദയമതിനെ തുറ [ിച്ച
പരനെ-അറിഞ്ഞിട്ടു തെ നിണംചൊ-
തവനെ-അവനമലനവന്ന നിനക്കു
ധവനെ-ദേവസുതനെ ഇതു നേർ—വ

൨ നിനക്കായ്-തൻ ജീവൻ തന്നോനെ
അകമലരതിൽ വിരവൊടു
നിനെക്കാ-തിരുന്നിടാമോ ചൊൽ
നമിക്ക-പരമഗുരു തൻ പദമതു
ഗണിക്കാ-തൊരു തിലസമമപമാനം
ഗമിക്ക-മലപുരമതിൽനിന്നു ജവം
ധരിക്ക-ഇതു മറക്കാ-തിരിക്ക— വര

൩ സമസ്തം-പരിശോധിക്കേണം
അതിൽ പരമഗുണമതിനെ
കരുത്തായ്-ഗ്രഹിച്ചീടേണം കേൾ
ഇഹത്തിൻ-മനുദുരിതമതിനാൽ വന്ന
മരത്തിൽ-പരമസുതനേശു മരിച്ചു
വരുത്തി-ഗുണമഖിലക്കുമവൻ മൂന്നാം
ദിനത്തിൽ-തിരിച്ചുയിർത്താൻ കരുത്തൻ-

൪ പരിതാ-പം പൂണ്ടുഴന്നീടും
മനു നിഖില ഹൃദയങ്ങൾക്കും
അമൃതാം-ദേവസുതനേശു
[1]അനുതാ-പാരരമതു തുറന്നുടൻ
ദുരിതാഴിയിലുഴലും മനുജരെ തൻ
അകതാ-രലിഞ്ഞതിലൂടെ കടത്തുവാ
നിജതാ-തനോടവിധാ-ബഹുധാ—

---

## ൩൭൭ 37

### ഇംഗ്ലീഷ് — ആദിതാളം

**ഖണ്ഡങ്ങൾ**

൧ ഉള്ളുടഞ്ഞുപോകും മുമ്പെ
ഉള്ളതില്ലെന്നാകും മുമ്പെ
ഉള്ളു പുറത്താകും മുമ്പെ
നീ ഒരുങ്ങിക്കൊൾക ഇന്നെ

൨ വേണ്ടയിതെന്നാകും മുമ്പെ
വേണ്ടതില്ലെന്നാകും മുമ്പെ
ആണ്ടു തികഞ്ഞീടും മുമ്പെ
നീ ഒരുങ്ങിക്കൊൾക ഇന്നെ

൩ കാലമില്ലെന്നാകും മുമ്പെ
കോലമിതു മാറും മുമ്പെ
കാലിളകിപ്പോകും മുമ്പെ
നീ ഒരുങ്ങിക്കൊൾക ഇന്നെ

൪ അക്കരകൾ കാണും മുമ്പെ
ഇക്കര വിട്ടീടും മുമ്പെ
തക്കമെല്ലാം തീരും മുമ്പെ
നീ ഒരുങ്ങിക്കൊൾക ഇന്നെ

൫ ആശയില്ലെന്നാകും മുമ്പെ
ശ്വാസമടഞ്ഞീടും മുമ്പെ
ആ ശവം പോലാകും മുമ്പെ
നീ ഒരുങ്ങിക്കൊൾക ഇന്നെ

---

1. അനുതാപാരരം = അനുതാപത്തിൻെറ വാതിൽ.

## ൩൭൮ 378

### പുന്നാഗവരാളി — ആദിതാളം

പല്ലവി

ദേവ ദേവ ശ്രേഷ്ഠ സേവ
ചെയ്യുതിന്നു നാം ലഭിച്ച
ഭാഗ്യം സത്യ ഭാഗ്യമേ !

അനുപല്ലവി

ജീവകാലം എന്നും നമ്മൾ
ചെയ്തീടേണംദൈവ സേവകം—ദേ

ചരണങ്ങൾ

൧ സംഖ്യ ൧൦൦ വാനദൂതർ
സർവ്വജീവ സൃഷ്ടിയും
ശങ്കയെന്യേ സേവിക്കുന്നു
സത്യ ഏകദൈവത്തെ സദാ— ദേവ

൨ നമ്മെ ദൈവം നിർമ്മിച്ചിങ്ങു
നാം തന്നെ ആരാധിപ്പാൻ
നന്മ എന്നു നല്കുന്നിങ്ങു
നാംസ്തുതിച്ചുസേവിപ്പാൻ-സദാ— ദേ

൩ ഏക ചിത്തത്തോടു മാ ത്രി-
യേകനോടപേക്ഷിച്ചാൽ
ഏകും ആശീർവ്വാദം സത്യ-
ഏകദൈവമാംയഹോവ-താൻ—ദേ

൪ സ്വർഗ്ഗലോകർ ഒന്നുചേർന്നു
വാഴ്ത്തി വന്ദിച്ചീടുന്നു
സ്വർഗ്ഗരാജ്യപുത്രർ നാമും
അവ്വിധംവന്ദിക്കേണം-സദാ— ദേ

൫ ഏക ചിത്തം താഴ്മ സ്നേഹം
ഏവരും ധരിക്കേണം
യോഗംകൂടി ദൈവത്തെ ആ-
രാധിക്കേണംനീതിയായ്-സദാ—ദേ

൬ സ്വർഗ്ഗത്തിങ്കലെന്നപോലെ
പാരിതിൽ ദൈവഹിതം
തക്കമെന്നിയെ നടപ്പാൻ
സംഗതി വരുത്തീടേണം-നാം— ദേ

൭ ൧ ആവാരത്തിൽ വിശേഷ-
യോഗം കൂട്ടം നാൾകളിൽ
കർത്തൃകർത്താവിൻ തൃപ്പാദം
കാത്തു വന്ദിച്ചീടണം-നമ്മൾ— ദേ

൮ യോഗംകൂടി പ്രാർത്ഥിച്ചീടാൻ
ആജ്ഞ തന്ന കർത്തനേ
നല്കേണം നിൻ ആശീർവ്വാദം
നാഥനേ ഈ യോഗത്തി-ന്നിന്നും—ദേ

---

## ൩൭൯ 379

### ചെഞ്ചുരുട്ടി — ഏകതാളം

പല്ലവി

കൃപാദിനം വേഗമിതാ
പോയീടുന്നേ—അയ്യോ
കോപദിനം വേഗം അണഞ്ഞീടുന്നേ

ചരണങ്ങൾ

൧ നിൻ ദൈവവുമായിന്നു
നിരന്നുകൊൾക എന്നു
സ്നേഹമോടിതാ ഞങ്ങൾ
ക്ഷണിച്ചീടുന്നേ— കൃപാ

൨ കേൾക്ക പാപീ ഇന്നേരം
രക്ഷകന്നുടെ സ്വരം
കൈക്കൊള്ളുമേവരെയും
ഭേദം എന്നിയെ— കൃപാ

൩ നിത്യമാം വേപ്പാട്ടു
വന്നീടും ഉന്നമേ
സത്യമാം രക്ഷാവഴി
തേടി ഓടുക— കൃപാ

---

## ൩൮൦ 380.

### മഹാരാഷ്ട്രം — ഏകതാളം

രക്ഷിതാ-വിനെ കാ-ണ്ക പാപീ !
നിൻെറ-പേക്കല്ലയോ-ക്രൂശിന്മേൽ- തൂങ്ങു-
[ന്നു

൨

കാൽവറി-മലമേൽ-നോക്ക നീ
കാൽകരം-ചേർന്നിതാ-ആണിമേൽതൂങ്ങുന്നു

൩

ധ്യാനപീ-ഠമതിൽ-കയറി
ഉള്ളിലെ-കണ്ണുകൾ-കൊണ്ടു നീ-കാണുക

൪

പാപത്തിൽ-ജീവിക്കു-ന്നവനേ
നിൻെറപേ-ക്കല്ലയോ-തൂങ്ങുന്നീ-രക്ഷകൻ

൫

തള്ളുക-നിൻെറ പാ-പമെല്ലാം
കള്ളമേ-തും നിനയ്ക്കേണ്ടാ നി-ന്നുള്ളിൽ നീ

൬

ഉള്ളം നീ-ഉഴവൻ-തുറന്നു
തള്ളയാ-മേശുവിൻ-കയ്യിലേ-ല്പിക്ക നീ

# INVITATION
# ക്ഷണനം

## ൩൱൮൰൧ 381

### ഇംഗ്ലീഷ് — മുറിയടന്ത

#### പല്ലവി

വന്നുകേൾപ്പിൻ സ്നേഹിതരേ!
ദൈവത്തിന്റെ വചനം
ഇന്നു ഞങ്ങൾ ഘോഷിക്കുന്ന
രക്ഷയിൻ വിളംബരം

#### ചരണങ്ങൾ

൧ നാശപാത്രരായവൎക്കു
രക്ഷയിൻ നൽദൂതിനെ
ഘോഷിപ്പാൻ ഞങ്ങൾ വന്നു
യേശുവിന്റെ നാമത്തിൽ— വന്നു

൨ കേട്ടുകൊൾവിൻ കേട്ടുകൊൾവിൻ
ദിവ്യദൂതു സാദരം
കേട്ടു നിങ്ങൾ വിശ്വസിച്ചു-
കൊൾവിൻ എന്നാൽ ജീവിക്കും—വ

൩ ലോകമെല്ലാം ലാഭമാക്കി
ദേഹിയെ കെടുക്കുകിൽ
ശോകമല്ലാതെന്തുലാഭം
ഉണ്ടു ലഭ്യമാകുവാൻ— വന്നു

൪ സ്വന്ത രക്ഷ തേടീടാതെ
ഹന്ത ജീവിച്ചീടുകിൽ
എന്തരിക്കുരായ്ഭവിക്കും
അന്ത്യവിധി നാളിങ്കൽ— വന്നു

൫ ഇത്ര വല്യ ഇത്ര വല്യ
രക്ഷയെ നിഷേധിച്ചാൽ
കൎത്തൻ വിധി ചൊല്ലുംനാളി-
ലെങ്ങിനെ ഒഴിഞ്ഞുപോം— വന്നു

൬ ഇക്ഷണത്തിൽ ഇക്ഷണത്തിൽ
രക്ഷകന്റെ പാദത്തിൽ
പക്ഷമോടണഞ്ഞുവന്നു
രക്ഷ പ്രാപിച്ചീടുവിൻ— വന്നു

---

## ൩൱൮൰൨ 3

#### പല്ലവി

സ്നേഹിതന്മാരേ! വരുവിൻ
സ്നേഹമാം വിരുന്നിലേക്കു
സ്നേഹമായ ഭക്ഷണവും
ദാഹം തീൎപ്പാൻ ജലവുമുണ്ടേ

#### ചരണങ്ങൾ

൧ ഉണ്ടു നിങ്ങൾക്കൊരു വിരു-
ന്നാദിനാഥൻ താനൊരുക്കി-
ട്ടുണ്ടു നിങ്ങൾക്കാവശ്യമായ്
കണ്ടു സൎവ്വവും തൻ പക്കൽ—

൨ യേശുവിൻ ശബ്ദം നിൻ കാതിൽ
ജീവനാദമായ് മുഴങ്ങേ
ലേശവും താമസിയാതെ
യേശുപാദേ ചേൎന്നീടുക—

൩ കാൽവറി മലമുകളിൽ
പാപിയാം നിന്നെ രക്ഷിപ്പാൻ
ദേഹത്തിൽ താനേററ മുറി-
വഞ്ചും കാട്ടി വിളിച്ചീടുന്നോൻ—

൪ നിന്നെ കണ്ടിട്ടുള്ളുരുകി
കൎത്തൻ കണ്ണീർ വാൎത്തീടുന്നേ
നിന്നെ നേടാൻ പാപീ! പാപീ!
ജീവൻ വെച്ചതോൎത്തുകൊണ്ടു—

൫ വെള്ളിപൊൻ വിലമതിയാ
യേശുവിന്റെ ജീവരക്തം
കള്ളമെന്നു തള്ളാതെ നിൻ
ഉള്ളം ശുദ്ധിയാക്കീടുവാൻ—

---

## ൩൱൮൰൩ 38

#### കണ്ണികൾ

൧ വന്നിടിൻ പാപികളേ!
യേശുക്രിസ്തുവിൻ പാദത്തിങ്കൽ
വരുവിൻ-വരുവിൻ-വരുവിൻ
ഇപ്പോൾ വാങ്ങുവിൻ പാപക്ഷമ

൨ പാപത്തെക്കണ്ടുണൎന്നു
ഉടൻ ദുഃഖിക്കും പാപികൾക്കു
പുണ്യ-മായ-രക്തത്തിനാൽ
പാപക്ഷമ ലഭിക്കും

൩ കാൽവറി മലയിന്മേൽ
ഉള്ള കുരിശിങ്കൽ യേശുവിനെ
നോക്ക—നോക്ക—നോക്ക—
ഇപ്പോൾ—പാപിയെ നിനക്കായി

൪ പഞ്ചമുറിവുകളെ
കർത്തൻ അഞ്ചാതെ യേററതോർക്ക
പഞ്ച—പാപി—യായ
നീചൻ—നിനക്കുംകൂടെയല്ലോ

൫ കാലതാമസമെന്ന്യേ
യേശു കർത്തന്റെ മാർവ്വിടത്തിൽ
വരുവിൻ—വരുവിൻ—വരുവിൻ
അപ്പോൾ—ശോകമെല്ലാം നീങ്ങിപ്പോം

---

## ൩൮൪ 384

### തോടി — ചെമ്പട

#### പല്ലവി

പാപീ! പരന്നരികിൽ വരിക നീ
നിന്റെ ദുരിതമകററുമവൻ—പാപീ—

#### അനുപല്ലവി

ദീനരിൽ മനസ്സലിവുടയവനാമിവനെ
കണ്ടു കേണു പിഴ താണു പറഞ്ഞീടുക—

#### ചരണങ്ങൾ

൧ മഹത്വസിംഹാസനത്തെ
വെടിഞ്ഞു നിൻപേർക്കു
ബഹുദൂത സേനകളുടെ
സ്തുതികൾ മറന്നു
ഇഹത്തിൽ നരവടിവു
ധരിച്ചെളിയോനായി
മഹത്വം നിനക്കു വരുത്തു—
വതിന്നിതു നിനച്ചു—പാ

൨ തല ചായിച്ചിടുവതി—
ന്നിടം കിടയാതെ
അലഞ്ഞു നിന്നുടെ പാപ
വലയറുപ്പാനായി
വലിയ ദൈവം നിന്നോടു
ബലമായ്വാദിച്ചീടുന്ന—
തലിവുകൊണ്ടല്ലയോ നിൻ
മലിനത നീക്കുമവൻ—

൩ അലഞ്ഞു വഴിവെടിഞ്ഞു
നടന്നുലഞ്ഞോരോ—
ടണഞ്ഞു വരുവതിന്നു
പറഞ്ഞു വൈകാതെ
നിറഞ്ഞ കരുണയോടു
പറഞ്ഞിട്ടുന്നിപ്പോഴും നീ
മറഞ്ഞീടാതോടി വാ നിൻ
നിറഞ്ഞ പാപമകററും—

൪ പെരിയ പാടുകളേററു
കരുണയെക്കാട്ടി
തിരുനിണം ചൊരിഞ്ഞു
നിന്നുടെ കടം വീട്ടി
അരികിൽ വരുന്നവരെ—
യണപ്പാൻ തൃക്കരം നീട്ടി
മരുവുന്നോരഖിലേശ—
ന്നരികിൽ വാ തിന്മ വിട്ടു—

൫ എളിയവരോടു തിരു—
കരുണകൾ തോന്നി
തെളിയിച്ച വിശുദ്ധ വഴി—
യിന്നുപദേശം
കളിയല്ലിന്നിതു നിന്റെ
മനതളിരിൽ പതിക്കി—
ലഴിയാ ഭാഗ്യം ലഭിക്കു—
മതിന്നു സംശയമില്ല—

---

## ൩൮൫ 385

### ആനന്ദഭൈരവി — ആദിതാളം

#### പല്ലവി

ഹാ! ഇതറിക മർത്ത്യാ

#### അനുപല്ലവി

ഈ ലോകം പാഴ്ലോകം
പേലോകം മാ ശത്രു—

#### ചരണങ്ങൾ

൧ മോദം ജഗത്തിലില്ലെ—ഉള്ളിൽ
ബാധപുറമെബഹു—ശോധനകളുമിങ്ങു
നാഥം ഭജിക്ക നല്ല—എങ്കിൽ [ ...
ഖേദം പറന്നു പൃഷ്ഠ—മോദംഉദിക്കും ഉ—
വേദാന്തം ഖേദാന്തം—ബോധാന്തം ചൊ...
...ല്ലുന്നിതു

൨ മോക്ഷം ജഗത്തിലില്ലെ—എങ്ങും
സൂക്ഷിച്ചാൽ ഇതു ഭക്തർ ആക്ഷേപി—
ക്കുന്ന പാട്ടു...
കാംക്ഷ ഇതിൽ അരുതേ—ഇങ്ങു
രാക്ഷസനായ് ... —പാട്ടുപ്രബല...
...രന്നു
ഇക്ഷോണി നശ്വരം—ദുഃഖാദികൾ...
കൂട്ടാ...

൩ വീട്ടം ജഗത്തിലില്ല-ഇതു [മേലെ
കാടല്ലാതെന്തു? നാട്ട-നേടിക്കൊള്ളുക-
മോടി നടിച്ചീടല്ലെ-ഇതിൽ
കോടി വനമൃഗങ്ങൾ-ഓടിനടന്നിട്ടന്നേ
പേടിയാൽ വാടിയാൽ-കൂടിയാൽ കേട്ടു
വരും—

൪ നേടി നശിച്ചവർ—ലോക [ങ്ങൾ
മോടിധനം സുഖങ്ങൾ-വീട്ടുപണം നി-
വാടി നശിച്ചു പലർ-ചതി-[തന്ത്രത്താൽ
വോട്ടു പിശാചു ചെയ്യ-കോടി മായാ-
നേടിക്കൊൾ ദൈവകൃപ-തേടിക്കൊൾ
ഇന്നു തന്നേ—

൫ കണ്ടു നിനയ്ക്ക നെഞ്ചേ-കണ്ണാൽ
കണ്ടതെല്ലാം അനിത്യം കാണാത്തതെ-
ന്നും നിത്യം
കണ്ടുവരിക നെഞ്ചേ-ഉള്ളിൽ [പാദം
ഇണ്ടൽകൂടാതെ താണു-കൊണ്ടുക്രിസ്തുശു
മണ്ടിക്കൊൾ യേശുരക്ഷ-തെണ്ടിക്കൊൾ
മോക്ഷഭാഗ്യം—

---

## ൩൮൬ 386

### കമാശ് — ആദിതാളം

#### പല്ലവി

വാ വരികേശു മുമ്പിൽ-അതിവിരവൊട്ടു
വാ വരികേശു മുമ്പിൽ

#### അനുപല്ലവി

പാപമാം ഭാരത്താൽ-പാരം തളർന്നോനേ
പാപവിമോചനം പാരാതെ പ്രാപിപ്പാൻ

#### ചരണങ്ങൾ

മുററും വിശ്വാസം മതി-മുക്തി ലഭിപ്പാൻ
ചെററും താമസിക്കൊലാ
മറെറാരു നാമം-ഇല്ലെ രക്ഷയ്ക്കായ് പഴു-
തറെറാരു വേദവും-തെറെറന്യേ ചൊല്ക-

൨ യാൽ—വാ

മായ മോഹാദികളാൽ-വലയുന്നോനേ
കായനാശം വരുംമുൻ
നായകനാമേശു-തൻ തിരുപാദം നീ
മായമെന്യേ ഭജ-[illegible]നേടാൻ അതാൽ-വാ

൩

ദുഷ്ടപ്രപഞ്ചത്തിൽ നീ-നഷ്ടപ്പെടാതെ
ഇഷ്ടരാജ്യം പ്രാപിക്ക
കഷ്ടം വിധിനാൾ അ-രിഷ്ടപ്പെടായ്വാൻ നീ
സ്പഷ്ടമാംവേദത്തിൽ-ഇഷ്ടപ്പടിയുടനെ-വാ

---

## ൩൮൭ 387

### മോഹനം—തിശ്രം

#### പല്ലവി

[സ്ഥായ്
പാപീ ഓടി വാ-ഈശൻസമീപേ-രക്ഷ-
പാപീ ഓടി വാ ഈശൻ സമീപേ

#### ചരണങ്ങൾ

൧ ഈലോകം അതിൻമോഹവും
തീരെയൊഴിയുമെന്നറിഞ്ഞുടൻ—പാപീ

൨ മായപ്രപഞ്ചത്തിൽ കാണും
മായമൂലം മയങ്ങീടാതെ വാ— പാപീ

൩ വാനത്തിൻ കീഴുള്ളതെല്ലാം
മാ നാശത്തിൽപെട്ടീടും മുന്നമെ—പാപീ

൪ ന്യായവിധി നാളിൽ അതി-
ഘോരശിക്ഷാവിധിയൊഴിഞ്ഞീടാൻ—വാ

൫ പാപഹാരിയാകുമേശു
ശാപമേററു മർത്ത്യരക്ഷ നേടാൻ—വാ

൬ ശാശ്വതമാം ഭാഗ്യമേകാൻ
ശാപഹരൻ ക്ഷണിക്കുന്നിന്നേരം—വാ

൭ ദാനമാകും നിത്യജീവൻ
താമസത്താൽ നഷ്ടപ്പെടുത്താതെ-പാപീ

---

## ൩൮൮ 388

### കാപ്പി—ആദിതാളം

#### പല്ലവി

യേശു അരികിൽ-വരുവിൻ വരുവിൻ

#### ചരണങ്ങൾ

യേശു അരികിൽ-വരുവിൻ വരുവിൻ
നാശപാതയെ-വിട്ടിക്ഷണം പിന്തിരിവിൻ
സംശയം ലേശവും-വേണ്ടാ വരുവിൻ
ആശു നിന്നെ കൈക്കൊള്ളുവാൻ
ഒരുങ്ങി കാത്തുനില്ക്കുന്നു— യേശു

൨

യേശു അരികിൽ-വരുവിൻ വരുവിൻ [ൾ
സർവ്വംസൌജന്യം സ്നേഹമാം തൻവിളികേ
സത്യമാം വചനം-ഏകൻ വരുവിൻ
വരുന്നോനെ തള്ളുകയി-
ല്ലൊരുകാലത്തും ആയതാൽ— യേശു

൩

യേശു അരികിൽ-വരുവിൻ വരുവിൻ
പാപംമോചിക്കുംകൃപയോടെകൈക്കൊള്ളും
ശരണംഅവനിൽ-മാത്രംവെക്കുവിൻ[താൻ
മരണംവരെയും നിന്നെ
പരിചിൽ കാത്തീടുമവൻ.

---

## ൩൮൯ 389

### ആനന്ദഭൈരവി — തിശ്രം

൧

എന്നരികിൽ വന്നു വിശ്രമിച്ചീടുക
എന്നേശുവിൻ മൊഴി കേട്ടഹോ ഞാൻ
ക്ഷീണൻ, ദുഃഖിതൻ, വലഞ്ഞവനുമായി
അന്നേരം തന്നരികിൽ അണഞ്ഞു-ഉടൻ
ആനന്ദം വിശ്രമം നല്കി യേശു

൨

സൌജന്യമാധുരം ജീവവെള്ളം എന്നു
ശാന്തമായ് യേശുതൻ വിളി കേട്ടു
പൈദാഹം തീർന്നു ജീവിച്ചിട്ടന്നെന്നാത്മം
വീണ്ടും ജീവിക്കുന്നു ഞാൻഅവനിൽ-ഉടൻ
ജീവൻ ശക്തിയതും നല്കി യേശു

൩

ലോകത്തിൻവെളിച്ചംഞാനെന്നേശുചൊന്ന
വാക്യമതും കേട്ടു നോക്കിയെ ഞാൻ
ശോകം നീങ്ങി സൂര്യശോഭയാലെൻ മാർഗ്ഗേ
സഞ്ചരിച്ചീടുന്നു മോദമായ് ഞാൻ-ഉടൻ
ജീവവെളിച്ചവും നല്കി യേശു

---

## ൩൯൦ 390

### രാഗം ഇംഗ്ലീഷ്

൧ ഞാനിതാ വാതില്ക്കൽ നിന്നു
മുട്ടിവിളിക്കുന്നു കേൾ
എന്റെ പ്രിയേ എന്റെ പ്രാവേ
എനിക്കു നീ തുറക്ക

൨ എന്റെ ശിരസ്സാകെയിതാ
മഞ്ഞിനാൽ നനഞ്ഞല്ലോ
എന്റെ പ്രിയേ എന്റെ പ്രാവേ
എനിക്കു നീ തുറക്ക

൩ രാത്രിയിലെ തുള്ളിയാലെൻ
രോമമെല്ലാം നനഞ്ഞു
മാത്രയും താമസിയാതെ
എനിക്കു നീ തുറക്ക

൪ എന്റെ ശബ്ദം കേട്ടു വാതിലിന്നു
തുറന്നാകിൽ ഞാൻ
നിന്റെ കൂടെ വന്നു പന്തി-
ഭോജനം കഴിച്ചിടാം

൫ ആണിയാൽ തുളഞ്ഞ എന്റെ
പാണിയാൽ ഞാൻ മുട്ടുന്നു
കാണിപോലും താമസിയാ-
തെനിക്കു നീ തുറക്ക

൬ പാദമാകെ ചോരകൊണ്ടു
ഹീനമായി നോക്കുക
ഖേദമായെൻ നില കണ്ടു
വേഗമിന്നു തുറക്ക

൭ മുട്ടി മുട്ടി നില്പതാരെൻ
രക്ഷകാ നീ തന്നെയോ
ഒട്ടുമിതറിഞ്ഞില്ലാ ഈ
ദുഷ്ടനെന്റെ ദൈവമേ

൮ പ്രിയനേ ഞാനുറങ്ങുമ്പോൾ
നിന്റെ ശബ്ദം കേട്ടിതാ
പ്രേമമോടെ വന്നു നീയെൻ
ഉള്ളിൽ വാസം ചെയ്യുക

൯ എന്നാൽ വാസം ചെയ്ക യേശു
മന്നനേ നീയെന്നുമേ
എന്റെ ഹൃദയമിതാ നിൻ
പള്ളിയാക്കി തീർക്കുക.

---

## ൩൯൧ 391

### രാഗം ഇംഗ്ലീഷ്

൧ ദേവകുഞ്ഞാടാകു-
മേശുദേവനിന്നേരം—നിന്നെ
മാകൃപയോടു വിളി-
ച്ചിടുന്നു കേൾ പാപി

൨ ഭാരവാഹി വന്നീടു-
കിന്നേശുവിൻ ചാരേ—പാപ
ഭാരമെല്ലാം നീക്കി-
ടാമെന്നേശു ചൊല്ലുന്നേ

൩ ദാഹമുള്ള മർത്യരേ
വന്നാശു കുടിപ്പിൻ—യേശു
ജീവജലം ദാനമായി
തന്നീടുമേ വാ

൪ ഹാ കുരുടാ തപ്പി വന്നീ-
ടേശുവിൻ മുമ്പിൽ—നിന്റെ
മാ കുരുടങ്ങാകെ നീക്കി
കാഴ്ച നൽകും താൻ

൪ നഗ്നനാകിലും മടിയാ-
തോടിവാ ചാരേ—വെണ്മ
വസ്ത്രധാരിയാക്കി
യേശു ലജ്ജ നീക്കീടും

൫ ഒന്നുമില്ലാതല്ലലോട്ടു
വന്നീടുകെന്നാൽ—യേശു
അല്ലലെല്ലാം നീക്കി
നിന്നെ ധന്യനാക്കീടും

൬ ഭാഗ്യവാനാം ദൈവ-
കുമാരൻ വിളിക്കുന്നു—നിർ
ഭാഗ്യവാനാം നിന്നെ
യേശു ഭാഗ്യവാനാക്കാൻ

൭ പാപകുററം പാപശിക്ഷ
പാപശക്തിയും—നീക്കി
ശാപമോക്ഷം നല്കി
യേശു ആശ്വാസമേകും

൮ പാപപരിഹാരാർത്ഥമ-
ങ്ങേശു മരിച്ചു—സർവ്വ
പാപവും താൻ തൻ
ശിരസ്സിലേററി ഒഴിച്ചു

൯ മേറിസുതനേശു നിൻെറ
ജീവപാലകൻ—വൻക്രൂ-
ശേറി മരിച്ചായവൻ
നിൻ ജീവനെ നേടി

൰ ആകയാൽ നീ ആയവന്നു
സാനന്ദം പാടി—തൻെറ
മാ മഹിമയെ പുകഴ്ത്തി
സേവ ചെയ്യേണം

൰൧ ലോകപാപത്തെ ചുമന്ന
ദൈവകുഞ്ഞാടേ—സർവ്വ
കാലവും പുകഴ്ച നിന-
ക്കാകണമാമേൻ.

# THE HOLY SPIRIT

# പരിശുദ്ധാത്മാവു

൩൯൨ 392

ഇംഗ്ലീഷ് — ആദിതാളം

## പല്ലവി

വീശുക ദൈവാത്മാവേ
സ്വർഗ്ഗീയമാം ആവിയെ വീശണമേ
യേശുവിൻ രക്തത്താൽ ദാസന്മാ-
ക്കവകാശമായ്ത്തീർന്നവനേ

## ചരണങ്ങൾ

ദൈവത്തിൻ തോട്ടത്തിന്മേൽ-വീശീടുക
ലാവണ്യനാദമോടെ
ജീവൻെറ വൃക്ഷങ്ങൾ പൂത്തു കായ്ക്കുവാൻ
ദൈവത്തിൻ പുകഴ്ച്ചയ്ക്കായ്

൨

സ്നേഹത്തിൻ പാലകനേ നിൻ കാററിനാൽ
സ്നേഹാഗ്നിജ്വലിപ്പിക്കേ
ഇഹം നിൻ ശിഷ്യരിൽ യേശുനാമത്തിൻ
മഹത്വം കണ്ടിടുവാൻ

൩

സ്ഥിരസമാധാനവും സമുദ്രത്തിൻ
തിരപോൽ വർദ്ധിച്ചീടും
കരപ്രദേശങ്ങൾ ദാസർ വിട്ടെന്നും
ആഴത്തിൽ വാസം ചെയ്വാൻ

൪

കാററിൻെറ ചിറകിന്മേൽ സുഗന്ധങ്ങൾ
നാട്ടിൽ പരന്നീടുമ്പോൾ
പാട്ടിലും വാക്കിലും ജീവവാസന
പൊങ്ങുവാൻ നല്കേണമേ

൫

സാത്താൻെറ വ്യാജങ്ങളെ അനേകർ
കുഞ്ഞാടിനാൽ ജയിക്കുവാൻ
നാട്ടിലും കാട്ടിലും ദാസരെ സത്യ
സാക്ഷികൾ ആക്കിടുക

൬

ചാവിൻെറ പുത്രന്മാരെ നിൻ
ശ്വാസത്താൽ ജീവിപ്പിച്ചുണർത്തുകെ
ദൈവത്തിൻ-രാജ്യവും നീതിയും സത്യ
സേവയും തേടീടുവാൻ

൭

യേശുവിൻ വചനവും തൻ വിശുദ്ധ
ക്രൂശിന്റെ രഹസ്യവും
വിശ്വസിച്ചവനും ഉള്ളിൽ ഉടനെ
വിശ്രാമം കണ്ടെത്തുവാൻ

൮

വീശുക ഭുവിലെങ്ങും വരണ്ടതാം
ക്ലേശ പ്രദേശത്തിലും
നാശത്തിൻ പാശങ്ങളൊക്കെ നീങ്ങി
ദൈവാശിസ്സു വാഴുംവരെ.

൯ നീക്കുക ഭയം സകല
സംശയങ്ങളും—നിന്റ
ഭാഗ്യവാസത്താലെ ഉള്ളം
സ്വർഗ്ഗമാക്കുകെ.

---

## ൩൯൩ 393

### പല്ലവികൾ

൧ പെന്തെക്കോസ്തിൻ ശക്തിയെ
അയക്ക ദൈവമേ—നിൻ
സ്വന്ത ദാസർക്കേററം ജീവൻ
ലഭ്യമാകുവാൻ

൨ ലോകം തൻ വശത്തിലാക്കി
നിൻ ജനങ്ങളെ—ആത്മ—
ദാഹമുള്ള ദൈവമക്ക—
ളെത്ര ദുർല്ലഭം

൩ നാമമാത്രരായ് ജനം തി—
രിഞ്ഞു ഹാ വിഭോ—മാ—
കേമമായിട്ടുണ്ടു ബാഹ്യ—
മായ കർമ്മങ്ങൾ

൪ കേട്ടുപററി നിൻ സഭയ്ക്കി—
താകെ നാഥനേ—ദിവ്യ
ച്ചൂട്ടലേശമില്ലയെന്ന—
തെത്ര സങ്കടം

൫ നെഞ്ചുപൊട്ടി വേദനപ്പെ—
ട്ടന്നു കർത്തനേ—നിൻ
തങ്കച്ചോരയല്ലോ നീ ചൊ—
രിഞ്ഞീ മർത്ത്യർക്കായ്

൬ പ്രാണനാഥനേ അയെക്ക
നിന്റെ ആവിയെ—തീരെ
പ്രാണനററ നിൻ സഭയു—
ണർന്നു ജീവിപ്പാൻ

൭ ഉജ്ജ്വലിച്ചുയർന്നിടേണ—
മാത്മപാവകൻ—മ—
ഹാത്ഭുതപ്രകാശമോടു
നിൻ സഭാന്തരേ

---

## ൩൯൪ 394

### ഇംഗ്ലീഷ് — ഏകതാളം

൧ പരിശുദ്ധാത്മാവേ ഇപ്പോൾ
ഈയടിയാർമേൽ
കരളലിഞ്ഞു വന്നു
വരം നല്കീടേണമേ

൨ പെന്തക്കോസ്തിൻ നാളിൽ
സ്വന്ത അപ്പോസ്തലർ മേൽ
ചന്തമോടിറങ്ങിവന്ന
പരിശുദ്ധാത്മാവേ

൩ നല്ല ദാനങ്ങൾക്കുടയ
വല്ലഭനേ നീ
സ്വർല്ലോകത്തിൽനിന്നിറങ്ങി
വരിക ഞങ്ങൾമേൽ

൪ വന്നു വരപ്രസാദങ്ങൾ
എല്ലാവർമേലും
തന്നിട്ടാശീർവ്വാദത്തോട—
യച്ചീടേണമേ.

---

## ൩൯൫ 395

### മണിരംഗ് — ആദിതാളം

എന്നുള്ളിലെന്നും വസിച്ചിടുവാൻ സ്വർഗ്ഗ—
മണ്ഡപം വിട്ടിറങ്ങി—വന്ന
ഉന്നതനാം തങ്കപ്രാവേ ! നീ വന്നെന്നിൽ
എന്നുമധിവസിക്ക

൨

തങ്കച്ചിറകടി എത്രനാൾ കേട്ടിട്ടും
ശങ്കകൂടാതെ നിന്നെ—തള്ളി
സങ്കേതം ഞാൻ കൊടുത്തന്യർക്കെന്നോർത്തി— [താ
സങ്കടപ്പെട്ടിടുന്നു

൩

കർത്തനേ ! എത്ര അനുഗ്രഹങ്ങളയ്യോ
നഷ്ടമാക്കി ഈ വിധം—ഇന്നും
കഷ്ടതതന്നിൽ വലയുന്നു ഞാനിതാ
തട്ടിയുണർത്തേണമേ !

൪

ശൂന്യവും പാഴുമായ് തള്ളിയതാമീ നിൻ
മന്ദിരം തന്നിലിന്നു—ദേവാ!
വന്നു പാർത്തു ശുദ്ധിചെയ്തു നിൻ വീട്ടിന്റെ
നിന്ദയകറ്റേണമേ

൫

ജീവിതമിന്നും ശരിയായിട്ടില്ലയ്യോ
ജീവിപ്പിക്കും കർത്തനേ!—വന്നു
ജീവനും ശക്തിയും സ്നേഹവും തന്നെന്നെ
ജീവിപ്പിച്ചീടേണമേ

൬

ശക്തിയിൻ സിംഹാസനമതിലേറിവ-
സിക്കുന്ന യേശുരാജൻ—എന്നിൽ
ശക്തിയോടെ വന്നു വാണീട്ടും നേരത്തിൽ
ശക്തനായ് ജീവിക്കും ഞാൻ

൭

എന്നലങ്കാരവസ്ത്രം ധരിച്ചിട്ടും ഞാൻ
ഇന്നുമുതൽ ദൈവമേ!—മേലാൽ
എന്നിലശുദ്ധനും ചേലയില്ലാത്തോനും
ചേർന്നുവരികയില്ല

൮

ഈ വിധത്തിൽ പരിപാലിക്കപ്പെട്ടീടാൻ
ദൈവാത്മാവേ! വന്നെന്നിൽ—എന്നും
ആവസിച്ചു തവ തേജസ്സാലെന്നുടെ
ജീവൻ പ്രശോഭിപ്പിക്ക.

# THE WORD OF GOD
# ദൈവവചനം

## ൩൯൬ 396

ബിഹാഗ്— ഏകതാളം

പല്ലവി

നിൻ വചനം മഹാമധുരം

ചരണങ്ങൾ

൧ പാപഭാരത്താലേററം
താപപ്പെട്ടോർക്കാശ്വാസം
ഏകീടുന്ന നിൻ വാഗ്ദത്തങ്ങൾ—നിൻ

൨ ശുദ്ധിയിൽ എന്നും
അഭിവൃദ്ധിയുണ്ടാവാൻ ചിത്തെ
ശക്തിയോടെ പ്രവർത്തിക്കുന്നു— നിൻ

൩ അന്ധകാരത്താൽ പാരം
നൊന്തുവലയുന്നോർക്കു
ഏകുന്ന സൽപ്രകാശമതു— നിൻ

൪ ഖേദിക്കുന്നോരുള്ളത്തിൽ
മോദം നല്കുന്നു ദിവ്യ
സാക്ഷ്യങ്ങളാൽ ശുദ്ധാത്മാവെന്നും—നി

൫ ക്ഷീണമുള്ളോർക്കു ശക്തി
ദാനം ചെയ്യുന്നു പേട-
മാനിനെപ്പോൽ ഓടാൻ സതതം—നി

൬ മാധുര്യമുള്ളനേകം
വാഗ്ദാനങ്ങളാൽ ഹൃദി
ആനന്ദത്തെ പ്രദാനം ചെയ്യും— നിൻ

൭ ദിവ്യസംസർഗ്ഗം
ജയജീവിതമതും തിരു-
ന്യായപ്രമാണാദ്ധ്യയനത്താൽ—നിൻ

൮ ബുദ്ധിയെ കവിയുന്ന
ക്രിസ്തുവിൻ മഹൽ സ്നേഹം
ഹൃദയത്തിന്നാഹ്ലാദകരം— നിൻ

൯ സ്വർഗ്ഗലോകെ ലഭിക്കും
ഭാഗ്യങ്ങളെ കാണിച്ചു
അന്തരംഗെ സന്തോഷം തരും—നിൻ

## ൩൯൭ 397

൧

നിൻ വചനത്തെ ധ്യാനിപ്പാനിനി-
ക്കാശ തന്നരുൾകേശുവേ
മന്ദമുള്ളവനെങ്കിലും കൃപ
തന്നരുൾക എൻ ദൈവമേ

൨

പൊന്നിനെക്കാളും വിലയേറുന്ന
തങ്കത്തെക്കാളും മതിപ്പാൻ
മന്നനേ എന്നെ ധന്യനാക്കുക
നിൻ വചനത്താലിന്നു നീ

൩

തേനിനെക്കാളും മാധുൎയ്യമെന്റെ
നാവിനു രുചിച്ചിട്ടുവാൻ
ദേവനേ എന്റെ നാവിനെ തൊട്ടു
ജീവൻ നല്കുക വേഗമേ

൪

അത്ഭുതമുള്ള കാൎയ്യങ്ങൾ കണ്ടിട്ടൂൾ
പ്പൂവിൽ മോദം തിങ്ങുവാൻ
അപ്പനേ തുറന്നീടെണമെന്റെ
ബുദ്ധിയിൻ കണ്ണുകളിപ്പോഴും

൫

നിന്തിരുവചനത്തിൻവണ്ണം ഞാൻ
എന്നുമേ ജീവിച്ചിട്ടുവാനു
സന്നദ്ധനാക്കുക എന്നെ എന്നുമേ
നിന്റെ ആവിയാൽ യേശുവേ

൬

ഹല്ലെല്ലുയ്യാ പിതാവിന്നും സുത-
ന്നല്ലെല്ലുയ്യാ ശുദ്ധാവിക്കും
ഹല്ലെല്ലു നിത്യം ഹല്ലെല്ലു സത്യ
ത്രിത്വമാം പരിശുദ്ധനേ.

---

## ൩൯൮ 398

### കല്യാണി — ആദിതാളം

#### പല്ലവി

ദൈവദാനമാം സത്യവേദമേ എന്നും
ഏവൎക്കും ഒരുപോലുള്ള
ദൈവദാനമാം സത്യവേദമേ

#### ചരണങ്ങൾ

പൊൻവെള്ളികളെക്കാൾ നല്ല
രത്നങ്ങളെക്കാൾ വിലയാം
ഉന്നതജ്ഞാനം അടങ്ങും
സുവിശേഷമേ
ഹീനപാപികളായീട്ടും
മാനവൎക്കു ദൈവഹിതം
ഒന്നുപോൽ എങ്ങും ഏവൎക്കും
ഭംഗിയായ് വെളിപ്പെടുത്തും— ദൈവ

൨

പാത വിട്ടുഴന്നീടുന്ന
പാപികളെയെല്ലാം സത്യ-
പാതയതിലാക്കീടുന്ന
തിരുവചനം

൩

കൃത്യമായ ഗുണദോഷം
ചെയ്യു കൃപയാൽ നടത്തും
മൃത്യുവിന്നേരത്തും നമ്മെ
കാത്തിടും ധൈൎയ്യം തന്നീടും— ദൈവ

---

## ൩൯൯ 399

### ഇംഗ്ലീഷ് — ആദിതാളം

#### പല്ലവി

തിരുവേദത്തിൻ പൊരുളേ !
മമ ഗുരുവായ മഹേശജനേ
അരുളേണമീ സമയം തവ
പരമാമൃതമാം വചനം

#### ചരണങ്ങൾ

൧ പരിശുദ്ധ വേദമതിൽ നി-
ന്നത്ഭുതകാൎയ്യങ്ങൾ കാണുമതിന്നായ്
തുറക്കേണമേ മമ കണ്ണുകൾ നീ
കൃപയോടു പരാപരനേ— തിരു

൨ പരമാവിയിൻ വരമേകണം
വിരവോടെയീ ദാസനു നീ
പരമാനന്ദകരമാം മൊഴി
പരിചോടു ഗ്രഹിപ്പതിന്നായ്— തിരു

൩ ഉലകമതിൻ പല ചിന്തകൾ
ബലമായി വന്നെന്മനസ്സി-
ന്നലമ്പൽ ചെയ്യാതിരിപ്പാ-
നടിയനെ കാത്തു സൂക്ഷിക്കേണമേ —

൪ മധുരം തവ വചനം എനിക്കു
തേൻകട്ടയെക്കാളധികം
സതതം മഹാനിധിയാമിതു
സദയം തരണം പരനേ— തിരു

൫ ഉലകമതിൽ വിലയേറിയ
പല മുത്തുരത്നങ്ങളെക്കാൾ
അലങ്കാരമായ് വിലസീടുന്നു
ബലമേറിയ നിന്മൊഴികൾ— തിരു

൬ മറവായുള്ള മഹാ മൎമ്മങ്ങൾ
മനതാരിൽ പതിവതിന്നായ്
മറക്കാതെ ഞാൻ കരുതീടുവാൻ
തരണം കൃപയധികം— തിരു

---

## ൪൦൦ 400

൧ നിന്തിരു വചനത്തിൽ
നിന്നത്ഭുതകാൎയ്യങ്ങൾ
ചന്തമായ് ഗ്രഹിപ്പതിന്നു
നിന്തുണ നൽകീശോ

൨ അന്ധകാര രാജനെന്റെ
ചിന്ത കലക്കാതെ
കാന്താ നിൻ ചിന്തയെന്നിൽ
തന്നാദ്യന്തം പാലിക്ക

൩ സത്യവചനത്തിൽ നിന്നു
നിത്യ ജീവവാക്യം
ചിത്തേ പതിപ്പിച്ചീടുക
ശുദ്ധാത്മനായകാ!

൪ വിശ്വാസത്തോടെന്നുള്ളിൽ
നിൻ വിശ്വാസമൊഴികൾ
നിശ്ചയമായ്–കലൎന്നിനി-
ക്കാശ്വാസമുണ്ടാവാൻ.

---

## ൪൦൧ 401

൧

നല്ല ദേവനേ ഞങ്ങൾ എല്ലാവരേയും
നല്ലതാക്കി നിൻ ഇഷ്ടത്തെ ചൊല്ലീടേണമേ

൨

പച്ചമേച്ചിലിൽ ഞങ്ങൾ മേഞ്ഞീടുവാനായ്
മെച്ചമായാഹാരത്തെ നീ നല്കീടേണമേ

൩

അന്ധകാരമാം ഈ ലോകയാത്രയിൽ
ബന്ധുവായിരുന്നു വഴി കാട്ടീടേണമേ

൪

ഇമ്പമേറിയ നിൻ അൻപുള്ള സ്വരം
മുമ്പെ നടന്നു സദാ കേൾപ്പിക്കേണമേ

൫

വേദവാക്യങ്ങൾ ഞങ്ങൾക്കാദായമാവാൻ
വേദനാഥനേ നിന്റെ ജ്ഞാനം നൽകുകേ

൬ [ഴാൻ

സന്തോഷം സദാ ഞങ്ങൾ ചിന്തയിൽവാ-
സന്തോഷത്തെ ഞങ്ങൾക്കിന്നു ദാനംചെയ്യു-

൭ [കേ

താതനാത്മനും പ്രിയ നിത്യപുത്രനും
സാദരം സ്തുതി സ്തോത്രം എന്നുംചൊല്ലുന്നേ-
ൻ ആമേൻ.

## ൪൦൨ 402

### മണിരംഗു — ചെമ്പടതാളം

### പല്ലവി

ദൈവവചനമേ ദിവ്യവിശേഷം
സൎവ്വദാ മോദമോടെ–അതിൽ
ദൈവമേ നോക്കുവാൻ കണ്ണിനിക്കേകുക
ജീവദയാപരനേ—

### ചരണങ്ങൾ

കൂരിരുളിൽ വഴിപോകുന്നു നല്ല പ്ര-
കാശം തെളിച്ചു കാട്ടി–സദാ
നേരെ തൻവഴി നടത്തീടും മണിവിള-
ക്കേതിഹ ലോകമതിൽ— ദൈവ

൨

മേദിനിയിൽ ധനധാന്യം നിറഞ്ഞുള്ള
ഭണ്ഡാരശാലയേതു–ആത്മ
പൈദാഹമേറി വലഞ്ഞീടുന്നോൎക്കൊരു
ഭേദമെന്യേ കൊടുപ്പാൻ— ദൈവ

൩

സ്വൎഗ്ഗപുരം നോക്കി യാത്രചെയ്യുന്നവ-
ൎക്കൊക്കെയുമുള്ള മഹാ–നല്ല
യോഗ്യനാം മിത്രനെ തെറ്റുകൂടാതങ്ങു
കൂട്ടിക്കൊടുപ്പതെന്തു?— ദൈവ

൪

ഉണ്ടൊരു വൃക്ഷമതിൻ ഫലമെപ്പോഴും
കുണ്ഠിതനാം പാപിയിൻ–മഹാ
ഇണ്ടലകറ്റി സന്തോഷം കൊടുത്തീടു-
ന്നേതതു ലോകമിതിൽ— ദൈവ

൫

പാപത്താൽ നൊന്തു വലഞ്ഞീടും രോഗിക്കു
വൈദ്യനാമേശുവിനെ–കാട്ടി
രാപ്പകൽ കൂടിരുന്നാശ്വാസവാക്കുകൾ
ചൊല്ലിക്കൊടുപ്പതെന്തു?— ദൈവ

൬

എൻവഴിക്കുള്ള മണിവിളക്കും സദാ
ജീവന്റെ ഭോജനവും–നല്ല
ജീവതരുവിൻ സുഖമേകും ഫലമതും
നിൻ വചനം പരനേ— ദൈവ

# REPENTANCE

# അനുതാപം

## ൪൦൩ 403

### പല്ലവി

അരുമതാതാ !-അയ്യോ-നിന്റെ
അടിമലർഗതി മമ ത്രിയേകനാകുമെൻ—
അരുമതാതാ

### അനുപല്ലവി

പരമകൃപാനിധിയല്ലോ നീ—എന്തി
പരമനീചനിലിത്ര ദയ തോന്നി—നിന്റെ
മകനെ-ന്നിനിയെങ്ങിനെ ഞാൻ
മൊഴിവേനയ്യോ-എൻ— അരുമ

### ചരണങ്ങൾ

നിന്റെവടി വിട്ടോടിപ്പോയേനെ— കഷ്ടം
പഞ്ചപാതകനടിപണിഞ്ഞേനെ
നെഞ്ചിൻ തിരുക്കനിവെ
വെടിഞ്ഞോനെ—മാമോ-
നഞ്ചിപ്പന്നികൾ മേയ്പാൻ പോയേനെ
ക്ഷുത്താൽ മെലിഞ്ഞേനെ
തവിടിന്നലഞ്ഞേനെ
കണ്ണീർ ചൊരിഞ്ഞേ-പൊരിഞ്ഞേ
വരുന്നേനടിമയയ്യോ-എൻ—അരുമ

൨

സല്പ്സന്തതിയുള്ളിൽ വഹിച്ചേനെ-നിന്നു-
യിർപ്പിൻകുട്ടികളാക്കി വരിച്ചേനെ
അപ്പാനിൻധനമെല്ലാം മുടിച്ചേനെ-ലോക-
ക്കുപ്പക്കുഴിയിലേവം മദിച്ചേനെ
മണ്ണെ അണിഞ്ഞേനെ
വിണ്ണെ ഉരിഞ്ഞേനേ
അയ്യോ പാവാ-നരുതേ
കൃപതേ-ശരണമിനിക്കു—എൻ—അരുമ

൩

തിരുമുഖത്തു നോക്കുവാൻ മടിക്കുന്നേ-തിരു
ക്കരൾക്കനിവോർത്തെൻ വായ് തുറക്കുന്നേ
തിരുക്കയ്യണപ്പാൻ മനമുരുക്കുന്നേ— നിന്റെ
തിരുവായ് ചുംബനം ദേഹം തളർത്തുന്നേ
ഉള്ളം ഉരുകുന്നു-വെള്ളം നികരുന്നു
തിരുച്ചരണം-ശരണം
ശരണം കരുണാനിധേ-എൻ— അരുമ

---

## ൪൦൪ 404

### ഖമാശ് — രൂപകം

### പല്ലവി

മാനസാന്തരപ്പെടേണം
ദൈവം കല്പിച്ചീടുന്നേ
മോചനം തന്നീടുമെ താൻ
എന്നു വേദം ചൊല്ലുന്നേ

### ചരണങ്ങൾ

൧ അറിയായ്മയിൻ കാലങ്ങൾ
കണക്കാക്കിയില്ല താൻ
അറിഞ്ഞവിൻ വേഗം നിങ്ങൾ
മനം തിരിഞ്ഞീടുവാൻ— മാന

൨ അതിരററ സ്നേഹമോടെ
നിങ്ങളെ ക്ഷണിക്കുന്നേ
ഏതുമെ മടിച്ചിടാതെ
രക്ഷ പ്രാപിക്കാം ഇന്നെ— മാന

൩ ദീർഘമായ് ക്ഷമിച്ച ദൈവ-
ദയയെ അഗണ്യമായ്
തള്ളീടാതെ വേഗം വന്നു
അനുതാപമോടിപ്പോൾ— മാന

൪ നിന്റെപേക്കായേശുദേവൻ
തിരു പുണ്യയാഗത്താൽ
നിവൃത്തിച്ച രക്ഷയതിൽ
മാത്രം വിശ്വസിച്ചിപ്പോൾ— മാന

൫ ചിന്തയററ ജീവിതത്തിൻ
അന്തം എന്തെന്നോക്കുവിൻ
സന്താപത്താൽ വെന്തു നിത്യം
നൊന്തിടാതിരിക്കുവാൻ— മാന

---

## ൪൦൫ 405

### ജയനാരായണി — ആദിതാളം

### പല്ലവി

മനം തിരിഞ്ഞീടുവിൻ-നീ
മനം തിരിഞ്ഞീടുവിൻ
മരിക്കുന്നതെന്തിനു-നീ
മനം തിരിഞ്ഞീടുവിൻ

അനുപല്ലവി

വൻകൃപയായി-നിൻ ഗുണം തേടിയ
അൻപേറും ദൈവവിളി
കേൾക്ക നീ പാപിയേ— മനം

ചരണം

പക്ഷമോടെ വിളിക്കുന്നേ
രക്ഷകൻ നിന്നെ
നിസ്സാരമാക്കീടരുതെ
സംശയം അരുതെ
പരിഭോടെ കൈക്കൊള്ളും
വരുന്നവരേവരെയും
ഒരുങ്ങിനില്ക്കുന്നേശുതാൻ
വരിക തന്നരികിൽ നീ— മനം

# CONSECRATION

## പ്രതിഷ്ഠ

### ൪൦൬ 406

രാഗം ഇംഗ്ലീഷ്

൧ ഞാൻ കർത്താവിന്നായി പാടും
ജീവിച്ചീടും നാളെല്ലാം
ദൈവമഹത്വം കൊണ്ടാടും
കീർത്തിക്കും തൻ വാത്സല്യം

൨ ഭാരമുള്ളോർ മനമല്ല
ദൈവാത്മാവിൻ ലക്ഷണം
സാക്ഷാൽ അഭിഷിക്തർക്കെല്ലാ-
കാലത്തും സന്തോഷിക്കാം

൩ ദൈവമുഖത്തിൻ മുമ്പാകെ
വീണയാലെ സ്തുതിപ്പാൻ
യേശുവിൻ തിരുരക്തത്താലെ
എന്നെ പ്രാപ്തൻ ആക്കി താൻ

൪ കേൾക്ക ദൂതന്മാരിൻഗാനം
ബേത്ലഹേമിൻവയലിൽ
നോക്കുക പിതാവിൻ ദാനം
ചേരുക സംഗീതത്തിൽ

൫ പാലും തേനും ഒഴുകീടും
നല്ലോർ രാജ്യം എന്റേതാം
ആശ്വാസങ്ങൾ നിറഞ്ഞീടും
ക്രിസ്തൻമാർവ്വിൽ പാർപ്പിടം

൬ പാടും ഞാൻ സന്തോഷത്താലേ
ഉള്ളം എല്ലാം തുള്ളുമ്പോൾ
പാടും എന്നെ അഗ്നിയാലെ
ശോധന ചെയ്തീടുമ്പോൾ

൭ അത്തിവൃക്ഷം വാടിയാലും
മുന്തിരിങ്ങാവള്ളിയും
ഒന്നും നല്കാതിരുന്നാലും
ഞാൻ കർത്താവിൽ പുകഴും

൮ എൻ നിക്ഷേപം സ്വർഗ്ഗത്തിങ്കൽ
ആകയാൽ ഞാൻ ഭാഗ്യവാൻ
ലോകരുടെ ദുഃഖത്തിങ്കൽ
എനിക്കുണ്ടോ ദുഃഖിപ്പാൻ

൯ ദൈവത്തിങ്കലെ സന്തോഷം
ആശ്രിതരിൻ ബലം ആം
ആശയറ്റുപോയ ക്ലേശം
ദൂരത്തെറിയുക നാം

൧൦ ഹല്ലേലൂയ്യാ ദൈവത്തിന്നും
ഹല്ലേലൂയ്യാ പുത്രന്നും
ഹല്ലേലൂയ്യാ ആത്മാവിന്നും
ഇന്നും സർവ്വകാലത്തും.

### ൪൦൭ 407

രാഗം—ഇംഗ്ലീഷ്

൧ യേശുവെപ്പോലെ ആകുവാൻ
യേശുവിൻ വാക്കു കാക്കുവാൻ
യേശുവെ നോക്കി ജീവിപ്പാൻ
ഇവയെ കാംക്ഷിക്കുന്നു ഞാൻ
ഉറപ്പിക്കെന്നെ എൻ നാഥാ
നിറെക്കയെന്നെ ശുദ്ധാത്മാ
ക്രിസ്തൻ മഹത്വത്താലെ ഞാൻ
മുറ്റും നിറഞ്ഞു ശോഭിപ്പാൻ

൨ ശൈശവപ്രായ വീഴ്ചകൾ
മോശമാലുള്ള താഴ്ചകൾ
നീക്കുക എല്ലാം നായകാ
ഏകുക നിൻ സംപൂർണ്ണത— ഉ

൩ പ്രാർത്ഥനയാൽ എപ്പോഴും ഞാൻ
ജാഗരിച്ചു പോരാടുവാൻ
നിന്റെ സഹായം നല്കുക
എന്റെ മഹാപുരോഹിതാ— ഉ

൪ വാഗ്ദത്തമാം നിക്ഷേപം ഞാൻ
ആകെയെൻ സ്വന്തം ആക്കുവാൻ
പൂർണ്ണപ്രകാശം രക്ഷകാ
പൂർണ്ണവിശ്വാസത്തെയും താ— ഉ

൫ ഭീരുത്വത്താൽ അനേകരും
തീരെ പിന്മാറി ഖേദിക്കും
ധീരത നല്കുകേശുവേ
വീരനാം സാക്ഷി ആക്കുകേ— ഉ

൬ വാഞ്ഛകയല്ല ഉത്തമം
താങ്ങുക ഏറെ ശുദ്ധമാം
എന്നു നിന്നോടുകൂടെ ഞാൻ
എണ്ണുവാൻ ജ്ഞാനം നല്കണം— ഉ

൭ തേടുവാൻ നഷ്ടമായതും
നേടുവാൻ ഭ്രഷ്ടമായതും
കണ്ണുനീർ വാക്കും സ്നേഹം താ
വന്നു നിൻ അഗ്നി കത്തിക്ക— ഉ

൮ കഷ്ടതയിലും പാടുവാൻ
നഷ്ടം അതിൽ കൊണ്ടാടുവാൻ
ശക്തി അരുൾക നാഥനേ
ഭക്തിയിൽ പൂർണ്ണൻ ആക്കുകെ— ഉ

൯ യേശുവിൻകൂടെ താഴുവാൻ
യേശുവിൻ കൂടെ വാഴുവാൻ
യേശുവിൽ നിത്യം ചേരുവാൻ
ഇവയെ കാംക്ഷിക്കുന്നു ഞാൻ— ഉ

---

## ൪൦൮ 408

### ക്യാൽ — അടതാളച്ചാപ്പ്

#### പല്ലവി

രക്ഷകാ നിന്റെ പിന്നാലെ വരുന്നോൻ
പക്ഷമോടെന്നെ നീ താങ്ങിക്കൊണ്ടാലും

#### ചരണങ്ങൾ

൧

ലോകം ജഡം സാത്താൻ വലവീശിയാലും
നിൻ ബലംകൊണ്ടു ഞാൻ ചാടിമാറീടും—

൨

സങ്കടങ്ങൾ വന്നെന്നെ ചുററിയാലും
ശങ്കയില്ലാതെ ഞാൻ നിന്നെ വാഴ്ത്തീടും—

൩

സ്നേഹിതർ ചേർന്നെന്നെ പരിഹസിച്ചാലും
സ്നേഹിതൻ കർത്താവിൽ ശരണപ്പെടും ഞാൻ

൪

ആയിരമായിരം ആത്മാക്കൾക്കായി
ആശയായ് യുദ്ധത്തിൽ മരിപ്പാനരുൾക—

൫

എനിക്കായി വേദനപ്പെട്ട എൻ നാഥാ!
നിനക്കായിഞാനെന്റെ ജീവനെ വെപ്പാൻ

൬

പാപികളെ തിരുപ്പാദത്തിൽ ചേർപ്പാൻ
പാപവിനാശകാ! നീ കൃപചെയ്ക—രക്ഷ

---

## ൪൦൯ 409

### തോടി — ആദിതാളം

#### പല്ലവി

യേശുവിൻ ദിവ്യഹിതം-പ്രസാദമെൻ
മാനസമേ സതതം

#### ചരണങ്ങൾ

൧ ഈശനവനെന്റെ-പാപമശേഷവും
മോചനം ചെയ്കതിനാൽ-പ്രസാദമെൻ
മാനസമേ സതതം— യേശു

൨ ഞാനവനോടനു-രൂപനാവാനെന്റെ
ഊനമെല്ലാമകററി-ദിനംതോറും
വാണീടുന്നെന്നിലതാൽ— യേശു

൩ ശോകമശേഷവും-നീക്കി ദിനംപ്രതി
ലോകത്തിൽ നിന്നകററി-യനാരതം
കാത്തുപോററുന്നവനാം— യേശു

൪ ജീവനവനിനി-ക്കാവിയിനാൽ നല്കി
ചാവിൻ ശരീരമതിൽ-പ്രതിദിനം
മേവും സർവ്വേശ്വരനാം— യേശു

---

## ൪൧൦ 410

### ചെഞ്ചുരുട്ടി — ആദിതാളം

൧

യേശുവിൻ നാമമതെന്നുടെ കാതി-
ന്നേററവും ഇമ്പമല്ലോ—അതെൻ
ആശയമതിന്നു ആനന്ദമാം ഈ
ക്ലേശത്തിൻ താഴ്വരയിൽ

൨

എന്നെ സ്നേഹിച്ചെന്റെ പേർക്കു മരിച്ചോ-
രെന്നരുമനാഥൻ—സദാ
എന്നകതാരിൽ മന്നനായ്വാഴ്വാൻ
എന്നേക്കും യോഗ്യനല്ലോ

൩ [താൻ

പൊൻകൈകളാൽ സദാ താങ്ങുന്നെന്നെ
എൻകാൽ വഴുതിടുമ്പോൾ—എന്റെ
സങ്കേതം എന്നും ശങ്കയില്ലേതും
തങ്കലെന്നാശ്രയമെ

൪

എൻ പ്രിയ രക്ഷകൻ എന്നും എന്നോടു
കൂടെ വസിച്ചീടുന്നു—തന്റെ
ശാന്തമാം മാർവ്വിൽ ചാരുകിൽ എനിക്കു
ഭാഗ്യമിഹത്തിൽ സദാ

൫

മാധുര്യമേറുന്ന വാഗ്ദത്തങ്ങൾ തൻ
വേദത്തിലുണ്ടസംഖ്യം—അവ
സാദരമെന്റെ പാതയിലെന്നെ
ശക്തീകരിച്ചീടുന്നു

൬

എന്നുടെ കാന്തൻ മന്നവർ മന്നൻ
കർത്താധികർത്തനത്രെ—അവൻ
ഉന്നത ദൈവനന്ദനൻ നൂനം
ധന്യരിൽ ധന്യയഹം

൭

പത്തു സഹസ്രങ്ങളിലതിശ്രേഷ്ഠൻ
സൌന്ദര്യവാൻ മുഴുതും—എന്റെ
ഉത്തമസ്നേഹിതൻ ഇഹപരങ്ങളിലെൻ
സർവ്വത്തിലും സർവ്വമേ

൮

തൻപ്രിയനാമം എൻ ഇമ്പമാം ഗാനം
ഭൂവിൽ ഞാൻ ജീവിക്കുമ്പോൾ—തന്റെ
മുമ്പിൽ സ്വർല്ലോകെ ചെന്നതിൻശേഷം
എന്നും എന്നേക്കുമഹൊ

# FAITH
# വിശ്വാസം

## ൪൧൧ 411

രാഗം — ഇംഗ്ലീഷ്

വേദത്തിൽ ദൈവം താൻ എഴുതിനാൻ
യേശുരക്ഷിക്കുന്നിപ്പോൾ
ഭേദമില്ലതിന്നു സാക്ഷിയും ഞാൻ
യേശുരക്ഷിക്കുന്നിപ്പോൾ
യേശു രക്ഷിക്കുന്നിപ്പോൾ
എന്നെ രക്ഷിക്കുന്നിപ്പോൾ [ന്നാൻ
അതെ ഇന്നും എന്നും താൻ രക്ഷിക്കു-
യേശു രക്ഷിക്കുന്നിപ്പോൾ

൨

ദൈവത്തോടകന്നു കിടന്നു ഞാൻ
സർപ്പത്തിൻ ചതിവിനാൽ
കേവലം തിരിഞ്ഞു നിരന്നു ഞാൻ
യേശുകൊണ്ടടികളാൽ— യേശു

൩

ക്ലേശത്തിൽ ക്രൂശിന്മേൽ ചുമന്നു താൻ
പാപത്തിൻ ശാപമെല്ലാം
ആശ്രിതക്കശുദ്ധി നീക്കീടുവാൻ
തുറന്നോർ ഉറവിതാ— യേശു

൪

ചാവിനെ ജയിച്ചുയിർത്തതിനാൽ
ശക്തനാം രക്ഷകൻ താൻ
ജീവനാം താൻ എങ്കൽ മേവുന്നതാൽ
ദൈവം എൻ പക്ഷത്തിലാം— യേശു

൫

സ്വർഗ്ഗത്തിൽ ഭക്തരിൻ മദ്ധ്യസ്ഥനായ്
വാഴുന്നു താൻ എന്നുമേ
ലോകത്തിൽ വിശ്വസ്തകാര്യസ്ഥനായ്
നല്കി തൻ ആത്മാവിനെ— യേശു

൬

തൻസുവിശേഷത്തിൻ ആശ്വാസത്താൽ
മാറുന്നെൻ ചഞ്ചലങ്ങൾ
പൊൻ ഉപദേശപ്രകാശത്തിനാൽ
തീരുന്നെൻ സംശയങ്ങൾ— യേശു

൭

ജ്ഞാനവും നീതിയും വിശുദ്ധിയും
വീണ്ടെടുപ്പും യേശുതാൻ
മാനവും സ്ഥാനവും സൽബുദ്ധിയും
തന്നിൽ കണ്ടെത്തുന്നു ഞാൻ— യേശു

൮

പേയും തൻ അസ്ത്രങ്ങൾ എയ്യും അപ്പോൾ
യേശു എൻ പരിചയാം
തീയും ഈ ഭൂമിമേൽ പെയ്യും അപ്പോൾ
പാർപ്പിടം തൻ മാർവ്വിടം— യേശു

൯

വീഴ്ചകൾ താഴ്ചകൾ എന്നിൽ വരാം
രക്ഷകൻ വീഴുന്നില്ലാ
ചേർച്ചയിൽ തീർച്ചയായ് കാത്തീടും താൻ
തൻകൃപ തീരുന്നില്ലാ— യേശു

൬
വേഗത്തിൽ വരും താൻ മേഘത്തിലും
മാലെല്ലാം മാററീട്ടുവാൻ
തികഞ്ഞുദ്ധാരണം ദേഹത്തിലും
പ്രാപിച്ചു പാടീടും ഞാൻ— യേശു

## ൪൧൨ 412

### രാഗം ഇംഗ്ലീഷ്

൧ എൻ യേശു എൻ സംഗീതം
എൻ ബലം ആകുന്നു
താൻ ജീവന്റെ കിരീടം
എനിക്കു തരുന്നു
തൻ മുഖത്തിൻ പ്രകാശം
ഹാ എത്ര മധുരം
ഹാ നല്ലോർ അവകാശം
എന്റേതു നിശ്ചയം

൨ എൻ യേശു എൻ സംഗീതം
എൻ ബലം ആകുന്നു
എനിക്കു വിപരീതം
ആയ കയ്യെഴുത്തു
തന്റെ ക്രൂശിൻ തിരുരക്തം
മായിച്ചുകളഞ്ഞു
ശത്രുത തീർത്തു സ്വർഗ്ഗം
എനിക്കു തുറന്നു

൩ എൻ യേശു എൻ സംഗീതം
എൻ ബലം ആകുന്നു
എൻ ഹൃദയത്തിൻ ഖേദം
ഒക്കെ താൻ തീർക്കുന്നു
എന്റെ വഴിയിൽ പ്രയാസം
ഞെരുക്കം സങ്കടം
വരുമ്പോൾ നല്ലാശ്വാസം
യേശുവിൻമാർവ്വിടം

൪ എൻ യേശു എൻ സംഗീതം
എൻ ബലം ആകുന്നു
താൻ നിത്യ സ്നേഹംകൊണ്ടു
എന്നെ സ്നേഹിക്കുന്നു
താൻ തുടങ്ങിയ വേല
എന്നിൽ നിവർത്തിക്കും
താൻ കൃഷ്ണമണിപോലെ
എന്നെ കാത്തുകൊള്ളും

൫ എൻ യേശു എൻ സംഗീതം
എൻ ബലം ആകുന്നു
തൻ വരവു സമീപം
നേരം പുലരുന്നു
ദിവ്യമഹത്വത്തോട്ടു്
താൻ വെളിപ്പെട്ടീടും
ഈ ഞാനുമവനോടു
കൂടെ പ്രകാശിക്കും.

# UNITY

# ഐക്യത

## ൪൧൩ 413

### ബലഹരി — ആദിതാളം

### പല്ലവി

പരമരഹസ്യമേ-ഒരുമയിൻ ജീവിതം
പരമദേവപ്രസാദം-വരുവതിൻ കാരണം

### ചരണങ്ങൾ

൧ ഒരുമയത്രെ ബലം
നരകുലത്തിന്നു പാർത്താൽ
ഒരുമ വിട്ടാൽ പിന്നെ
വരുവതു നാശമാം— പര

൨ ഹനിച്ചു കായേൻ ഹാബേ-
ലിനെ മനോഭേദത്താൽ
അനൈക്യതാന്തം കുല
മനസ്സുകൊണ്ടെന്നാലും— പര

൩ സദാ വിഭിന്നം സാത്താൻ
സുതരിഹ ലോകത്തിൽ
സദാ സുഖിക്കുന്നേശു
സുതരൈക്യാവിയിൽ— പര

൪ പരമപൂരുഷനാം
പരസുതനേശുവിൽ
നിരതഭക്തർക്കുള്ള
പരമചിഹ്നമതു— പര

൫ പരമമോക്ഷ നിത്യം
ഒരുമയിന്നാത്മാവിൽ
തിരുപ്രസാദത്തിലവർ
രമിച്ചീടുന്നെല്ലാരും— പര

# HOLINESS

# വിശുദ്ധി

൪൧൪ 414

ഷ്ലി

൧

സർവ്വേശ്വരാ സദാ നിന്നെ സ്തുതിച്ചീടാൻ
നിർവ്യാജചിത്തമിനിക്കു നല്കി
1ഉർവ്വിയിൽവച്ചെന്നെ കാണിക്ക പാപത്തെ
വിട്ടുള്ള ജീവിതത്തിൻപ്രമോദം—പാപം

൨ [ശ്ലോ

എൻപേർക്കായ് നിൻ ചങ്കു പൊട്ടിത്തുറന്ന—
അൻപാം ജലമൊഴുകീടുന്നഹൊ
ഇമ്പമോടെൻ ഹൃദയത്തിലതിൽ നിന്നു
നിൻപൊൻകരത്താൽ തളിച്ചീടേണം—
ഇപ്പോൾ

൩

എന്നുടെ ചിത്തം നിനക്കധീനം സദാ
പൊന്നുടയോനിരിപ്പാനിടമെ
മന്നവനേശു വസിക്കും മനസ്സിൽ തൻ
പൊന്നാം സ്വരംസദാകേട്ടീടാമെ—തൻ

൪

സർവ്വവിചാരങ്ങളും പുതുതാകുന്നു
ദിവ്യമാം സ്നേഹം നിറഞ്ഞൊഴുകും
ദൈവസുതൻ വസിച്ചീടുന്ന ചിത്തത്തിൽ
അവ്യയാത്മാവിൻപ്രവേശത്തിനാൽ സദാ—

൫

ഒരംവണ്ണമുള്ളൊരു ചിത്തം ലഭിച്ചു ഞാൻ
ദൈവത്തെ വാഴ്ത്തി സ്തുതിപ്പതിനായ്
ദൈവമേ പുത്തൻ ഹൃദയം തരാമെന്ന
ദിവ്യവാക്കെ നിവർത്തിക്കേണമേ—ഇപ്പോൾ

---

# LOVE

# സ്നേഹം

൪൧൫ 415

പന്തുവരാളി — ആദിതാളം

## പല്ലവി

സ്നേഹിച്ചീടേണം നിങ്ങൾ തമ്മിൽ തമ്മിലും
സ്നേഹിച്ചീടേണം നിങ്ങൾ

## അനുപല്ലവി

സ്നേഹിച്ചു നിങ്ങളെ ഞാൻ
അതുപോൽതന്നെ
എൻ ശിഷ്യരാം നിങ്ങളും
ഹൃദയപൂർവ്വം— സ്നേഹി

## ചരണങ്ങൾ

താതൻ എന്നെ സ്നേഹിച്ചതു
പോൽ നിങ്ങളെ
ഞാനും സ്നേഹിച്ചു നൂനം
തൻകല്പന ഞാൻ
കാത്തു തൻ സ്നേഹത്തിൽ
പാർത്തിടുംപോൽ നിങ്ങൾ
പാർക്കും എൻ സ്നേഹത്തിൽ
എൻ കല്പന കാത്താൽ— സ്നേഹി

൨ നിങ്ങൾക്കു തമ്മിൽ തമ്മിൽ
സ്നേഹമുണ്ടെങ്കിൽ
നിങ്ങൾ എന്റെ ശിഷ്യരെന്നു
അതിനാൽ ലോകം
എങ്ങും അറിയും, വിളക്കും
നിങ്ങൾ വെളി—
ച്ചങ്ങളായ് ദിവ്യപ്രഭ
മങ്ങീടാതെന്നും— സ്നേഹി

൩ എന്നെ സ്നേഹിക്കുന്നവൻ
എൻ വചനത്തെ
ഉണ്മയിൽ പ്രമാണിക്കും
എന്നുടെ താതൻ
തന്നാൽ സ്നേഹിക്കപ്പെടും
അവൻ, ഞങ്ങളും
വന്നവനോടൊന്നിച്ചു
എന്നും വസിക്കും— സ്നേഹി

---

1. ഉർവ്വി = ഭൂമി.

൪ ഞാൻ നിങ്ങൾക്കുവേണ്ടി-
യെന്റെ പ്രാണനെയും
തന്നതിനാൽ സ്നേഹത്തെ
നിങ്ങൾ അറിഞ്ഞു
നിങ്ങളും സോദരർ
തങ്ങൾക്കുവേണ്ടി പ്രാ-
ണങ്ങളെ വെയ്ക്കുകള-
യേണ്ടതാകുന്നു— സ്നേഹി

൫ ദൈവം സ്നേഹമാകുന്നു
സ്നേഹത്തിൽ പാർപ്പോൻ
ദൈവത്തിൽ വസിക്കുന്നു
സ്നേഹത്തിൻ മക്കൾ
ഭൂവിൽ അല്പകാലം
ജീവിച്ചതിൻശേഷം
പാവനലോകെയെന്നും
പാർക്കും തന്മുമ്പിൽ— സ്നേഹി

---

## ൪൧൬ 416

### ശങ്കരാഭരണം — മുടിയടന്ത

പല്ലവി

എൻപ്രിയരക്ഷകനേ നിന്റെ സ്നേഹം
ഏറവും അത്ഭുതമേ

അനുപല്ലവി

എൻ പാപത്തിൽനിന്നു
എന്നെ മോചിപ്പാനായ്
അൻപേറുന്നോനേ നീ
സൗഭാഗ്യത്തെ വിട്ടു— എൻ

ചരണങ്ങൾ

മാപരിശുദ്ധനായ ഈശന്റെ പ്ര-
മാണങ്ങൾ ലംഘിക്കയാൽ
ശാപപാത്രമാമിപ്പാപിക്കു ദൈവത്തിൻ
കോപാഗ്നിയിൽനിന്നു മോചനമേകിയ —

൨

ദാസന്റെ വേഷത്തെ നീ പൂണ്ടീലോകെ
വാസം ചെയ്തെന്റെ പേർക്കായ്
ദേഹത്തിൻ ക്ഷീണത ദാരിദ്ര്യത്തിൻദുഃഖം
ദാഹം വിശപ്പും സഹിച്ചു എനിക്കായ്—

൩

ദൈവത്തിൻനൽഹിതത്തെ എന്നേരവും
ചെയ്യേണ്ടതിൻവിധത്തെ
തൻവിശുദ്ധമുള്ള ജീവിതംമൂലമായ്
ഏവർക്കും കാണിച്ച സർവ്വകൃപാലുവാം—

൪

നന്ദികേടും ദ്രോഹവും എന്നിൽ നാഥാ
എണ്ണമില്ലാതുണ്ടഹൊ
ഇന്നിലത്തിൽ ഞാൻ പിറന്ന നേരം മുതൽ
നിന്നെ കോപിപ്പിച്ചേൻ ഇന്നോളം
എന്നിട്ടും—

൫

ക്രൂരന്മാർ കൈകളിൽ നീ അകപ്പെട്ടു
പാരം കഷ്ടപ്പെട്ടഹൊ
ക്രൂരവേദനയിൽ ക്രൂശിൽ തൂങ്ങി നിന്റെ
ചോരയാലെന്നെയുദ്ധാരണം ചെയ്തൊരു—

൬

ദൈവവും മനുഷ്യരും നിന്നെ മുറ്റും
കൈവിട്ട നേരത്തിലും
പാവപ്പെട്ട എന്നാത്മാവിനെ ലേശം നീ
കൈവെടിഞ്ഞില്ലയെൻജീവന്റെനാഥനാം

൭

പാരമയോഗ്യനെന്നെ നീ സ്നേഹിപ്പാൻ
കാരണമെന്തു നാഥാ
കാരുണ്യവാനെ നീ ഈവണ്ണംസ്നേഹിപ്പാൻ
കാരണം നിൻ മാ വാത്സല്യവിശേഷമെ—

൮

എന്നെ സ്നേഹിച്ചതിനാൽ നിന്മേൽ നാഥാ
വന്ന കഷ്ടങ്ങളെ ഞാൻ [പ്പാൻ
നന്നായോർത്തു നിന്നെ പൂർണ്ണമായ് സ്നേഹി-
പ്പൊന്നു രക്ഷകനേ തന്നീടണം കൃപ—

---

## ൪൧൭ 417

### കമാശ് — തിശ്ര

സത്യവേദം ചൊല്ലിടുന്നതും
ദൈവം സ്നേഹം തന്നെയാം

൧ മർത്ത്യരോടറിയിക്കുന്നതും
ദൈവം സ്നേഹം തന്നെയാം

൨ ദൈവദാസർ ഘോഷിക്കുന്നതും
ദൈവം സ്നേഹം തന്നെയാം
൩ ദിവ്യസുവിശേഷസാരവും
ദൈവം സ്നേഹംതന്നെയാം.

---

## ൪൱൰൮ 418

### മണിരങ്കു — ചെമ്പട

### പല്ലവി

എന്തതിശയമേ! ദൈവത്തിൻ സ്നേഹം
എത്ര മനോഹരമേ—അതു
ചിന്തയിലടങ്ങാ-സിന്ധുസമാനമായ്
സന്തതം കാണുന്നു ഞാൻ

### ചരണങ്ങൾ

ദൈവമേ നിൻ മഹാ സ്നേഹമതിൻ വിധം
ആർക്കു ചിന്തിച്ചറിയാം-എനി-
ക്കാവതില്ലേയതിൻ-ആഴമളന്നീടാൻ
എത്ര ബഹുലമതു— എന്ത

൨
ആയിരമായിരം നാവുകളാലതു
വർണ്ണിപ്പതിന്നെളുതോ-പതി-
നായിരത്തിങ്കലൊ-രംശം ചൊല്ലീടുവാൻ
പാരിലസാദ്ധ്യമഹോ— എന്ത

൩
മോദമെഴും തിരുമാർവ്വിലുല്ലാസമായ്
സന്തതം ചേർന്നിരുന്ന-ഏക
ജാതനാമേശുവെ പാതകർക്കായ് തന്ന
സ്നേഹമതിശയമേ— എന്ത

൪ [ള്ളൊരു
പാപത്താൽ നിന്നെ ഞാൻ കോപിപ്പിച്ചു-
കാലത്തിലും ദയവായ്—സ്നേഹ [ന്നിൽ
പാപിയേ നീയെന്നെ സ്നേഹിച്ചതോർത്ത-
ആശ്ചര്യമേറിടുന്നു— എന്ത

൫
ജീവിതത്തിൽ വല വീഴ്ചകൾ വന്നിട്ടും
ഒട്ടും നിഷേധിക്കാത-എന്നെ
കേവലം സ്നേഹിച്ചു പാലിച്ചീടും തവ
സ്നേഹമതുല്യമഹോ— എന്ത

---

# PRAYER

# പ്രാർത്ഥന

## ൪൱൰൯ 419

### തോടി — ആദിതാളം

### പല്ലവി

പ്രാർത്ഥന കേൾക്കേണമേ!
കർത്താവേ! യെൻ
യാചന നൽകണമേ!

### ചരണങ്ങൾ

പുത്രൻെറനാമത്തിൽ-ചോദിക്കും കാര്യങ്ങൾ
ക്കുത്തരം തന്നരുളാ-മെന്നുള്ളൊരു
വാഗ്ദത്തംപോൽ ദയവായ്— പ്രാർത്ഥ

൨
താതനും മാതാവും-നീയെനിക്കല്ലാതെ
ഭൂതലം തന്നിലില്ലേ-വേറാരുമെൻ
ആതങ്കം നീക്കീടുവാൻ— പ്രാർത്ഥ

൩
നിത്യതയിൽനിന്നു-ള്ളത്യന്തസ്നേഹത്താൽ
ശത്രുതയെയകററി-എനിക്കു നൽ
പുത്രത്വം തന്നതിനാൽ— പ്രാർത്ഥ

൪
സ്വന്തകുമാരനെ-യാദരിയാതെന്മേൽ
സിന്ധുസമം കനിഞ്ഞ-സംപ്രീതിയോ-
ടന്തികെ ചേർന്നിരുന്നേൻ— പ്രാർത്ഥ

൫
ഭൃത്യരനേകരിൻ-പ്രാർത്ഥന കേട്ടു നീ
ഉത്തരം നല്കിയതോ-ർത്തത്യാദരം
തൃപ്പാദം തേടിടുന്നേൻ— പ്രാർത്ഥ

൬
കള്ളൻെറ യാചന-കേട്ടുള്ളലിഞ്ഞ നിൻ
തുല്യമില്ലാ ദയയോ-ർത്തിതാ വന്നേൻ
നല്ലവനേ സദയം— പ്രാർത്ഥ

൭
യേശുവിൻമൂലമെൻ യാചന നൽകുമെ-
ന്നാശയിൽ കെഞ്ചീടുന്നേ-നല്ലാ-തെന്നിൽ
ലേശവും നന്മയില്ലേ— പ്രാർത്ഥ

൪൨൦ 420

## തോടി—ആദിതാളം

പല്ലവി

ക്യപ ചെയ്യണെ-യേശുദേവനേ
ക്യപ ചെയ്യണെ

അനുപല്ലവി

കാൽവരിയിൻ കുഞ്ഞാടായുള്ളോനെ
മാൽ ആകെ നീക്കി രക്ഷിച്ചോനെ— ക്യപ

ചരണങ്ങൾ

എന്നുടെ യാചന-ഇന്നേരം തന്നിൽ
നിന്മഹാക്യപയാൽ-കേൾക്കേണമെ
കന്മഷങ്ങളാകെ-നീക്കേണമെ
നിർമ്മലനാക്കെന്നെ-ദേവേശ നീ— ക്യപ

൨

ഇന്നുമുതൽ എന്നും നിൻ സ്വന്തമായ്
എന്നെ ഏൽക്കണമെ-ക്രിസ്തേശുവെ
ക്ഷീണിച്ചീടുന്നേരം-നിൻ ശക്തിയാൽ
എന്നെ താങ്ങീടുവാൻ-ദേവേശ നീ— ക്യപ

൩

നിന്നോടുള്ളെൻ സ്നേഹം-വർദ്ധിച്ചിടാൻ
ദിനംതോറും തുണ-ചെയ്യേണമെ
ഒന്നിനാലും സ്നേഹം കുറഞ്ഞിടാൻ
സംഗതി വരാതെ-ദേവേശ നീ— ക്യപ

---

൪൨൧ 421

## ആഹരി — ആദിതാളം

പല്ലവി

ആത്മാവിൽ പ്രാർത്ഥിപ്പാനീസമയത്തിൽ
ആത്മീയശക്തിയരുളേണം ദേവാ

ചരണങ്ങൾ

ജീവാത്മാവിൻ മാരി ഞങ്ങൾക്കയച്ചു
ജീവജപംചെയ്വാൻ നീ ക്യപചെയ്ക-ആത്മ

൨

ബലഹീനദാസർക്കു ബലം നല്കീടേണം
ബലഹീന നാവെ നീ മാറേറണം നാഥാ!

൩

വാനം തുറന്നേശു നാഥനേയിപ്പോൾ
മാനമേറും കയ്യാലാശീർവ്വദിക്ക— ആത്മ

൪

പ്രാർത്ഥിക്കും വായെ നീ തൊട്ടടിയാക്ക
പ്രാർത്ഥിപ്പാൻ വാക്കുകൾ നല്കേണംനാഥാ!

൫

യേശുവിൻ രക്തത്തിൽ ശുദ്ധീകരിക്ക
ആശയോടേകമായ് പ്രാർത്ഥിച്ചീടുവാൻ —

൪൨൨ 422

## ആദിതാളം

പല്ലവി

ഇന്നേരംപ്രിയദൈവമേ!-നിന്നാത്മദാനം
തന്നാലും പ്രാർത്ഥിച്ചീടുവാൻ

അനുപല്ലവി

നിന്നോടു പ്രാർത്ഥിച്ചീടാൻ
നിന്നടിയങ്ങൾ നിൻെറ
സന്നിധാനത്തിൽ വന്നു
ചേർന്നിരിക്കുന്നു നാഥാ!— ഇന്നേ

ചരണങ്ങൾ

നിന്തിരുപാദപീഠത്തിൽ-അണയുവതി-
നെന്തുള്ളു ഞങ്ങളപ്പനേ!
നിൻതിരുസുതനേശു-വിൻ തിരുജഡംഭുവി
ചിന്തിയോർ പുതുവഴി
തുറന്നു പ്രതിഷ്ഠിച്ചതാൽ— ഇന്നേ

൨

മന്ദതയെല്ലാം നീക്കുകെ-നിന്നടിയാരിൽ
തന്നരുൾ നല്ലുണർച്ചയെ
വന്നീടുന്നൊരു ക്ഷീണം-നിദ്രാമയക്കമിവ-
യൊന്നാകെ നീയകററി-
തന്നീടുകാത്മശക്തി— ഇന്നേ

൩

ഓരോ ചിന്തകൾ ഞങ്ങളിൽ-വരുന്നേ മന
സ്സോരോന്നും പതറീടുന്നേ
ഘോരവൈരിയോടു നീ പോരാടിയടിയ-
ചോരയാൽ ജയം നല്കി- [ക്ക
ടേണം പരമനാഥാ— ഇന്നേ

൪

നിന്തിരുവാഗ്ദത്തങ്ങളെ-മനതളിരിൽ
ചിന്തിച്ചു നല്ല ധൈര്യമായ്
ശാന്തതയോടും ഭവാൻ
സന്നിധിബോധത്തോടും
സന്തതം പ്രാർത്ഥിച്ചീടാൻ
നിന്തുണ നൽകീടേണം— ഇന്നേ

൫

നീയല്ലാതാരുമില്ലല്ലോ ഞങ്ങൾക്കഭയം
നീയല്ലോ പ്രാണനാഥനേ!
നീ യാചന കേട്ടിടാ-തായാൽപിശാചിനുടെ
മായാവലയിൽ നാശ-
മായിടുമായതിനാൽ—
ഇന്നേ

# SPIRITUAL WARFARE

## ജ്ഞാനയുദ്ധം

### ൪൨൩ 423

ശങ്കരാഭരണം — ത്രിശ്രം

പല്ലവി

ജയഗീതം പാട്ടും നാം
ജയിക്കും നാം ജയിക്കും നാം
ജയഗീതം പാട്ടും നാം

ചരണങ്ങൾ

ശൌൎയ്യമോടെന്നും-വൈരിഗണത്തെ
ധൈൎയ്യംപൂണ്ടു നാം എതിൎക്കുമ്പോൾ—ജയ

൨

രാവും പകലും മദ്ധ്യസ്ഥനായി
രക്ഷകനേശു-വാദിക്കയാൽ— ജയ

൩

ആത്മാവിൻവാളാം-ആയുധത്താലെ
ആദായപ്പെട്ടു-ആത്മാക്കളും— ജയ

൪

ശത്രുവിൻ ശക്തി-നീക്കുവാൻ പ്രാപ്തി
ക്രിസ്തുവിൽ ഭക്തി-മാത്രം മതി— ജയ

൫

സത്യത്തിന്നായും-ദൈവത്തിന്നായും
സാക്ഷികളായി നിന്നിടുമ്പോൾ— ജയ

൬

ക്രൂരപിശാചിൻ-കൌശലങ്ങളെ
ധീരതയോടെ നേരിടുമ്പോൾ— ജയ

൭

പ്രാൎത്ഥനയോടെ-പോരിടുന്നേരം
പ്രാപിക്കും ജയം-നൂനമതാൽ— ജയ

---

### ൪൨൪ 424

ഇംഗ്ലീഷ് — ഏകതാളം

പല്ലവി

ജയം ജയം കൊള്ളും നാം
ജയം കൊള്ളും നാം
യേശുവിന്റെ കൊടിക്കീഴിൽ
ജയംകൊള്ളും നാം

ചരണങ്ങൾ

൧ നായകനായ് യേശു തന്നെ
നടത്തുന്ന സൈന്യം
മായലോകം പേടിക്കേണ്ട
ജയം കൊള്ളും നാം— ജയം

൨ സൎവ്വലോകസൈന്യങ്ങളെ
സാത്താൻ കൂട്ടിയാലും
സ്വൎഗ്ഗനാഥൻ ചിരിക്കുന്നു
ജയം കൊള്ളും നാം— ജയം

൩ കൌശലങ്ങൾ തത്വജ്ഞാനം
യേശുവിന്നു വേണ്ടാ
വചനത്തിൽ ശക്തി മതി
ജയം കൊള്ളും നാം— ജയം

൪ ക്രിസ്തുൻ ക്രൂശിൻ രക്തത്താലും
നിത്യജീവനാലും
വിശുദ്ധാത്മ ശക്തിയാലും
ജയം കൊള്ളും നാം— ജയം

൫ ക്ലേശിക്കേണ്ട ഹല്ലേലൂയ്യാ
ദൈവത്തിന്നു സ്തോത്രം
യേശുകൊണ്ടു ജയത്താലെ
ജയം കൊള്ളും നാം— ജയം

---

### ൪൨൫ 425

സുരാജ് — ചെമ്പട

പല്ലവി

യേശുവിൻ വീരന്മാരേ!
ധൈൎയ്യത്തോടെ നടപ്പിൻ
ആശു നമുക്കുണ്ടു ജയം
വൈരിയോടു പൊരുതാൽ

ചരണങ്ങൾ

൧ ലേശവും ഭയം വേണ്ടാ
നമുക്കിന്നു ജയിക്കാം
യേശുതാൻ കൂടെയുണ്ടു
നായകനായെപ്പോഴും— യേശു

൨ സ്നേഹത്തിൻ കൊടി പിടി-
ച്ചെല്ലാടവും ചുററി നാം
കാഹളങ്ങൾ ഊതുക വൻ-
കോട്ടകൾ ഇടിയുമേ— യേശു

൩ ശത്രുത്വം എന്ന നടു
മതിലവൻ ഇടിച്ചു
പുത്രത്വത്തിൻ ആവിയെ
തന്നു നടുകതിനാൽ— യേശു

൪ സുവിശേഷക്കൊടിയെ
പിടിച്ചുയർത്തീടുക
സുവിശേഷം വിവരിക്ക
കുരിശിന്റെ രഹസ്യം— യേശു

൫ സത്യമാം അരക്കെട്ടും
നീതിയെന്ന കവചം
സത്യസുവിശേഷയത്ന
ചെരിപ്പതും ധരിച്ചു— യേശു

൬ രക്ഷയിൻ കൊടി നടുക്കി-
ക്ഷണമുയർത്തണം
രക്ഷപ്പെട്ട ജനത്തിന്റെ
ധൈര്യമവർ കാണുവാൻ— യേശു

൭ രക്ഷയിൻ ശിരസ്ത്രവും
വിശ്വാസമെന്ന പരിച
രക്ഷകന്റെ വചനമാം
ആത്മവാളും ധരിച്ചു— യേശു

൮ ജയത്തിൻ കൊടിയുണ്ടു
നടുകിന്നു പിടിപ്പാൻ
ഭയപ്പെടാൻ അടിമയിൻ
ആവിയല്ല നടുക— യേശു

൯ വീരന്മാർക്കാവശ്യം നൽ
ധീരതയതല്ലയോ!
ഭീരുത്വം നടുക്കിനി
തീരെ വേണ്ട നിശ്ചയം— യേശു

൰ ജയത്തെ നടുകേശു
മൂലം തരുന്നവന്നു
ജയം ജയം ഹല്ലേലുയ്യാ
ഹല്ലേലുയ്യാ നിരന്തം— യേശു

[illegible] 426

൧ എൻ ക്രിസ്തുൻ യോദ്ധാവാകുവാൻ
ചേർന്നേൻ തൻ സൈന്യത്തിൽ
തന്റെ ദിവ്യവിളി കേട്ടു ഞാൻ
ദൈവാത്മ ശക്തിയിൽ
നല്ലപോർ പൊരുതും ഞാൻ
എൻ ക്രിസ്തുൻ നാമത്തിൽ
വാടാകിരീടം പ്രാപിപ്പാൻ
തൻ നിത്യരാജ്യത്തിൽ

൨ തൻ ക്രൂശു ചുമന്നീടുവാൻ
ഇല്ലൊരു ലജ്ജയും
എനിക്കു കഷ്ടപ്പെട്ടു താൻ
എന്നെന്നും ഓർത്തീടും— നല്ല

൩ പിശാചിനോടു ലോകവും
ചേർന്നീടും വഞ്ചിപ്പാൻ
വേണ്ടാ നിൻ ചപ്പും കുപ്പയും
എന്നുരച്ചീടും ഞാൻ— നല്ല

൪ ഒർ മുൾകിരീടം അല്ലയോ
എൻ നാഥൻ ലക്ഷണം
തൻ യോദ്ധാവാഗ്രഹിക്കുമോ
ഈ ലോകാഡംബരം— നല്ല

൫ ഞാൻ കണ്ടു വല്യ സൈന്യമാം
വിശ്വാസ വീരരെ
പിഞ്ചെല്ലും ഞാനും നിശ്ചയം
ഈ ദൈവധീരരെ— നല്ല

൬ കുഞ്ഞാട്ടിൻ തിരുരക്തത്താൽ
എനിക്കും ജയിക്കാം
തൻ സർവ്വായുധവർഗ്ഗത്താൽ
എല്ലാം സമാപിക്കാം— നല്ല

൭ വല്ലൊരു മുറിവേൽക്കുകിൽ
നശിക്കയില്ല ഞാൻ—
തൻ ശത്രുവിന്റെ കൈകളിൽ
ഒളിക്കയില്ല താൻ— നല്ല

൮ എൻ ജീവനെയും വെക്കുവാൻ
എൻ നാഥൻ കല്പിക്കിൽ
സന്തോഷത്തോടൊരുങ്ങും ഞാൻ
തൻ ക്രൂശിൻ ശക്തിയിൽ— നല്ല

൯ വിശ്വാസത്തിന്റെ നായകാ
ഈ നിന്റെ യോദ്ധാവെ
വിശ്വസ്തനായി കാക്കുക
നൽ അന്തത്തോളമേ— നല്ല

# SECOND COMING OF CHRIST

# ക്രിസ്തുവിന്റെ രണ്ടാമത്തെ വരവു

## ൪൨൭ 427

### പല്ലവി

യേശു വരും വേഗത്തിൽ—ആശ്വാസമേ
യേശു വരും വേഗത്തിൽ—ക്രിസ്തേശു—

### ചരണങ്ങൾ

മേഘം തന്റെതേരും അനേകരാം ദൂതരും
ശേഖരിപ്പാൻ തന്നിലേയ്ക്കെല്ലാ ശുദ്ധരെ—

൨

ദൈവത്തെ സത്യത്തിൽ സേവചെയ്യുവക്കു
ചാവിനെ ജയിച്ചുതൻജീവനെ കൊടുപ്പാൻ

൩

തന്തിരുവരവിന്നായ് സന്തതം കാത്തവർ
അന്തമില്ലാത്തൊരു സന്തോഷം ലഭിപ്പാൻ

൪

ഭൃത്യന്മാർ താൻ ചെയ്തു സത്യപ്രകാരം
നിത്യമഹത്വത്തിന്ന രാജ്യത്തിൽ വാഴാൻ

൫

തൻ ജനത്തിന്നെല്ലാം നിന്ദയെ നീക്കി
അൻപുള്ള കൈകൊണ്ടുകണ്ണുനീർ തുടപ്പാൻ

൬

തൻ തിരുമുഖത്തെ നാം കൺകൊണ്ടു കണ്ടു
സന്തുഷ്ടരായെന്നും തൻ നാമം സ്തുതിപ്പാൻ

൭

ലോകത്തിൻ ചിന്തകൾ പോകട്ടെയെല്ലാം
ഏകപ്രത്യാശ ഉണ്ടാക എൻ യേശു—

---

## ൪൨൮ 428

### കന്നികൾ

കുഞ്ഞാട്ടിന്റെ കല്യാണം വരുന്നേ
കാലതാമസമില്ലെന്നറിവിൻ
കാത്തിരുന്ന—കാത്തിരുന്ന—പത്തു
കന്നിമാരെ നിങ്ങൾ ഓർത്തുകൊൾവിൻ

൨

കാലതാമസമുണ്ടെന്നു കണ്ടു
ക്ഷീണിച്ചുറങ്ങിയാക്കന്യകമാർ
പാതിരാവിൽ കേട്ടുണർന്നു—മണ-
വാളൻ വരുന്നെന്നൊരാർപ്പുവിളി

൩

കാത്ത കന്നിമാരിൽ ബുദ്ധിയുള്ളോർ
കൈകളിൽ എണ്ണയും സംഭരിച്ചു
ബുദ്ധികെട്ടോർ—ബുദ്ധികെട്ടോർ—അഞ്ചു
കന്നിമാരെണ്ണയ്ക്കായ് പോയി കഷ്ടം !

൪

ബുദ്ധിയുള്ളോർ തെളിയിച്ചു ദീപം
കർത്തനും വന്നണഞ്ഞക്ഷണത്തിൽ
സന്നാഹമായ്—സന്നാഹമായ്—അവർ
ചെന്നു കടന്നു മണിയറയിൽ

൫

എണ്ണ തേടിപ്പോയ കന്യകമാർ
വന്നുചേർന്നപ്പോൾ കതകടച്ചു
ദുഃഖമോടെ—ദുഃഖമോടെ—അവർ
മുട്ടിവിളിച്ചറവാതിലിങ്കൽ

൬

കർത്താ ഞങ്ങൾക്കു തുറക്കയെന്നു
കെഞ്ചിയേററം അഞ്ചു ബുദ്ധിഹീനർ
ചൊന്നിതപ്പോൾ—ചൊന്നിതപ്പോൾ—നാഥൻ
പോകുവിൻ നിങ്ങളെവിടത്തുകാർ ?

൭

ഈവിധം നമ്മിൽ വരാതിരിപ്പാൻ
പ്രാർത്ഥിച്ചുണർന്നു നാം കാത്തിരിക്ക
കാത്തിരുന്നാൽ—കാത്തിരുന്നാൽ—നമു-
ക്കാനന്ദമുണ്ടാകുമെന്നേക്കുമെ.

---

## ൪൨൯ 429

### രാഗം ഇംഗ്ലീഷ്

൧ ദേവസുതൻ യേശുനാഥൻ
വാനമദ്ധ്യത്തിങ്കൽ
ശോഭയോടുദിച്ചിടുന്ന
നാളെന്നു ഞാൻ കാണും

൨ നീതിസൂര്യൻ തന്നുടയ
ചെട്ടകളിൻ കീഴിൽ
ഏതു ദിവസത്തിങ്കലാ-
രോഗ്യത്തോടുദിക്കും

൩ തൻ തിരുശരീരമായ തൻ
കാന്തയെ ചേർപ്പാൻ
അന്തരീക്ഷേ വരും ക്രിസ്തൻ
സന്തുഷ്ടനായേററം

൩ മണ്ണിലുറങ്ങുന്ന തന്റെ
വിശ്വസ്തദാസരെ
നിണ്ണയമെഴുന്നേല്പിക്കും
തന്നോടിരിപ്പാനായ്

൪ ജീവധാരികളായുള്ള
വിശ്വാസികളെല്ലാം
രൂപാന്തരമൂർത്തികളായ്
വാനിൽ പ്രവേശിക്കും

൫ കുഞ്ഞാട്ടിൻ വിശേഷമായ
കല്യാണത്തിങ്കലീ
സഞ്ജാതജീവരൂപിക-
ളംശികളായ് തീരും

൬ നിത്യജീവനുറവയാം
ക്രിസ്തേശുവിൽനിന്നു
ശുദ്ധജീവജലം വാർന്നിട്ടു-
ജ്ജീവനെ കാക്കും

൭ വാനമല്ല്യത്തിങ്കൽ തന്റെ
മാനിനിയോടു ചേ-
ർന്നാനന്ദമാർന്നു വാണീടും
സീയോൻ സനാഥൻ.

---

## ൪൩൦ 430

### രാഗം — ഇംഗ്ലീഷ്

൧ എൻ ആത്മാവേ ചിന്തിക്കുക
നിൻ മണവാളൻ വരവെ
നിൻ രക്ഷകൻ പ്രത്യക്ഷത
ഉള്ളിൽ പ്രത്യാശ ആക്കുകെ
എൻ പ്രിയന്റെ മുഖം കാണും ഞാൻ
തൻ കീർത്തി നിത്യം പാടുവാൻ

൨ ധ്വനിക്കമേ തന്റെ കാഹളം
ഉയിർക്കും എല്ലാ ശുദ്ധരും
മിന്നിടും മേഘവാഹനം
ലക്ഷോപലക്ഷങ്ങൾ ദൂതരും— എൻ

൨ ഞാൻ ക്രിസ്തൻ ക്രൂശിൻ രക്തത്താൽ
തന്മുമ്പിൽ നിഷ്കളങ്കനായ്
സ്നേഹത്തിൽ വാഴും കൃപയാൽ
സർവ്വവിശുദ്ധന്മാരുമായ്— എൻ

൩ എനിക്കായ് കണ്ണുനീർ ഒഴിച്ച
തൃക്കണ്ണിൻസ്നേഹശോഭയും
ആണികളാലെ തുളച്ച
തൃക്കൈകളെയും കണ്ടിട്ടു— എൻ

൪ എൻ കാന്തനെ എൻ ഹൃദയം
നിൻ സ്നേഹത്താലെ കാക്കുകെ
പ്രപഞ്ചത്തിൻ അശുദ്ധികൾ
എന്നിൽനിന്നകറ്റീടുകെ— എൻ

൫ നിൻ സന്നിധാനബോധത്തിൽ
എൻ സ്ഥിരവാസം ആക്കുകെ
നിൻ വരവിന്റെ തേജസ്സിൽ
ഉൾക്കണ്ണിൻ മുമ്പിൽ നില്ക്കുകെ— എൻ

൬ ഒർ ആയിരം സംവത്സരം
നിൻ മുമ്പിൽ ഒരു ദിനം പോൽ
അതാൽ എൻ ഉള്ളം താമസം
എന്നെണ്ണാതെന്നെ കാത്തുകൊൾ— എ

൭ നീ ദുഷിച്ചാലും ലോകമേ
വൃഥാവിലല്ലെൻ ആശ്രയം
നീ ക്രുദ്ധിച്ചാലും സർപ്പമേ
ഞാൻ പ്രാപിക്കും തൻ വാഗ്ദത്തം— എ

൮ തൻ പുത്രൻ സ്വന്തമാകുവാൻ
വിളിച്ചെന്നെ ദൈവം കൃപയാൽ
വിശ്വസ്തൻ താൻ തികെക്കുവാൻ
ഈ വിളിയെ തൻ തേജസ്സാൽ— എൻ

---

# HAPPINESS OF HEAVEN

# മോക്ഷാനന്ദം

## ൪൩൧ 431

### വിഹാക് — അടതാളചായ്പ്പ്

പല്ലവി

നിത്യഭാഗ്യസ്ഥലമാകും
സ്വർഗ്ഗസീയോൻ പുരമെ
ഓർത്തിടുമ്പോൾ എത്രയോ
സന്തോഷമെന്റെ മനസ്സിൽ

ചരണങ്ങൾ

൧ രാജരാജ തലസ്ഥാനം
തേജസ്സേറും നഗരീ
രാവു നിന്നിൽ ഇല്ല ഒരിക്കലും

ദൈവസന്നിധി നിനക്കെന്നുമേ
തന്നിടുന്ന വെളിച്ചം
നിൻ സുതർ ധന്യരല്ലോ— നിത്യ

൨ ഐശ്വര്യം മനോഹരം വി-
ചിത്ര നിർമ്മിതങ്ങളായ
രത്നവാസസ്ഥലങ്ങൾ എത്ര
എൻ ശാശ്വതമാം അവകാശമേ
അനുഭവിച്ചീടുമേ ഞാൻ
ധരണീ വിട്ടതിൻ പിൻ— നിത്യ

൩ ശുദ്ധിമാന്മാർ വസിക്കുന്ന
നിത്യമാം ഭവനമേ
സത്യസ്നേഹം വാണീടുന്നങ്ങു
ശത്രുവില്ലഹോ സ്വർഗ്ഗമതിൽ
ശ്വസിക്കും വായു തന്നെയും
സ്നേഹമേ-സ്നേഹമേ— നിത്യ

൪ ദൂതരിൻ ചേതോഹരമാം
ഗീതങ്ങൾ കേട്ടു സദാ
മോദമോടെ സുഖത്തിൽ വാഴാം
കുഞ്ഞാട്ടിനുടെ ദിവ്യസന്നതി
വീണ്ടെടുക്കപ്പെട്ടവർ
കൊണ്ടാടും-എന്നേക്കുമേ— നിത്യ

൫ ദോഷമൊരിക്കലും പറദീ-
സയിൽ കടന്നീടാ
നാശമില്ലാത്തൊരു ദേശമേ
ക്ലേശം ലേശവും ഉൾപ്രവേശിക്കാ
ആശ്വസിക്കും സദാ
വിശ്വാസികളേശു അരികിൽ—നിത്യ

൬ എന്നെ സ്നേഹിച്ചവനാമെൻ
പൊന്നു രക്ഷകനെ ഞാൻ
ചെന്നഭിമുഖമായ് കാണുമ്പോൾ
എന്നാനന്ദമൊ പരിപൂർണ്ണമാം
തൻ തിരുസന്നിധി
മഹാ ഭാഗ്യമേ-ഭാഗ്യമേ— നിത്യ

## ൪൩൨ 432

### രാഗം ഇംഗ്ലീഷ്

൧ രാജൻമുമ്പിൽ നിന്നു നാം
കണ്ടീടും തൻ സൌന്ദര്യം
ഹല്ലേലുയ്യാ-ഹല്ലേലുയ്യാ
ദൂതന്മാർക്കു തുല്യരായ്
വാഴും നാം സന്തുഷ്ടരായ്
ഹല്ലേലുയ്യാ-ഹല്ലേലുയ്യാ
രാജൻ മുമ്പിൽനിന്നു നാം
കണ്ടീടും തൻ സൌന്ദര്യം
കീർത്തിക്കും തൻ മഹത്വം
ഹല്ലേലുയ്യാ വേഗത്തിൽ
രാജൻ മുമ്പിൽ നില്ക്കും നാം

൨ രാജൻ മുമ്പിൽ നിന്നു നാം
നീക്കും പോരിൻ ആയുധം
ഹല്ലേലുയ്യാ-ഹല്ലേലുയ്യാ
തീർന്നു യുദ്ധാഭ്യാസവും
തീർന്നെല്ലാ പ്രയാസവും— ഹല്ലേ

൩ രാജൻമുമ്പിൽ നിന്നു നാം
പ്രാപിക്കും തൻ വാഗ്ദത്തം— ഹല്ലേ
നാം പിതാവിൻ രാജ്യത്തിൽ
വാഴും നിത്യ തേജസ്സിൽ— ഹല്ലേ

൪ രാജൻ മുമ്പിൽ നിന്നു നാം
ശോഭിക്കും നിരന്തരം— ഹല്ലേ
തീർന്നു ബലഹീനത
തീർന്നു എല്ലാ ക്ഷീണത— ഹല്ലേ

൫ രാജൻ മുമ്പിൽ നിന്നു നാം
പ്രാപിക്കും നിത്യാനന്ദം— ഹല്ലേ
നിത്യജീവൻ ഇമ്പങ്ങൾ
തേജസ്സിൻ കിരീടങ്ങൾ— ഹല്ലേ

൬ രാജൻമുമ്പിൽ നിന്നു നാം
ചെയ്യും സ്നേഹസംസർഗ്ഗം— ഹല്ലേ
എല്ലാ ദൈവമക്കളും
എന്നും ഒന്നായ്വാണീടും— ഹല്ലേ

൭ രാജൻമുമ്പിൽ നിന്നു നാം
ചെയ്യും നിത്യവന്ദനം— ഹല്ലേ
നാമും സ്വർഗ്ഗസൈന്യവും
ഇപ്രകാരം പാടീടും. ഹല്ലേ

## ൪൩൩ 433

### രാഗം ഇംഗ്ലീഷ്

എത്ര എത്ര ശ്രേഷ്ഠം!-സ്വർഗ്ഗസീയോൻ
എത്ര എത്ര ശ്രേഷ്ഠം!
കർത്തൻ വാണീടും സിംഹാസനവും നല്ല
കീർത്തനങ്ങൾ പാടും ദൂതരിൻ വീണയും
സ്തോത്രഗീതങ്ങൾ പാടുന്നവർ നാദവും-എ

പന്ത്രണ്ടു വാതിലുകൾ-
കടുത്തൊഴുകുന്ന പളുങ്കുനദി
മിന്നും നവരത്നം പോൽ
വീഥിയെല്ലാം മിന്നിത്തിളങ്ങീടുന്ന
മുത്തുഗോപുരങ്ങൾ-ശ്രേഷ്ഠമാകുംവണ്ണം
ശുദ്ധപൊന്നിൻതെരു-വീഥി മഹാചിത്രം
ചൊല്ലിക്കൂടാത്തുള്ള-തേജസ്സുദിക്കുന്ന
വല്ലഭൻ പട്ടണം നീ
കാണുന്നേരം അല്ലലെല്ലാമൊഴിയും—എത്ര

൨

ജീവനദി സ്വച്ഛമായ്
ഒഴുകുന്ന സിംഹാസനത്തിൻ മുന്നിൽ
ജീവവൃക്ഷം തഴച്ചീ-
രാറുവിധ ജീവഫലം തരുന്ന
സ്വർഗ്ഗസീയോൻ തന്നിൽ-സൂര്യചന്ദ്രന്മാരും
ശോഭയേറും നല്ല-ദീപങ്ങളും വേണ്ട
ദൈവതേജസ്സ-തിനെ പ്രകാശിപ്പിച്ചു
കുഞ്ഞാടതിൻ വിളക്ക
ദിവ്യകാന്തിയെങ്ങും വിളങ്ങീടുന്നു— എത്ര

൩

ദൂതർ ചുഴന്നു നില്ക്കെ
ആസനത്തിൽ ദൈവമക്കളിരിക്കെ
ദൈവമക്കൾ നടുവിൽ
തേജസ്സോടെ ദൈവകുഞ്ഞാടിരിക്കെ
ക്രോബർ സറാഫിമാർ-പത്രങ്ങളാൽവാ-
നേത്യന്നതൻ മുൻ അ-ലങ്കാരമായ് സ്തുതി
നിത്യം ചെയ്യുന്നതും-ആയുള്ള കാഴ്ചകൾ
എത്ര എത്ര ഇമ്പം!
മനോഹരം എത്ര എത്ര ശ്രേഷ്ഠം—എത്ര

൪

ഹല്ലേലുയ്യാ ഗീതം
പാടിയാടും ദൂതന്മാർ കോടാകോടി
വല്ലഭനെ സ്തുതിച്ചു
വന്ദിച്ചീടും സ്രാഫഗണം വളരെ
ശുദ്ധൻ ശുദ്ധൻ പരി-ശുദ്ധൻ മാകുഞ്ഞാടു
നിത്യം സ്തുതി തനി-ക്കെന്നുമാശബ്ദമായ്
ഒത്തുപാടും ദൈവ-ദൂതർ കോടാകോടി
കിന്നരനാദമോടും
പലതരം ഗീതങ്ങൾ പാടീടുന്നു— എത്ര

# MARRIAGE

# വിവാഹം

## ൪൩൪ 434

### ആനന്ദഭൈരവി—ആദിതാളം

പല്ലവി

വന്നിടേണമേ പൊന്നേശുവേ!
കാരുണ്യത്തോടെ
ഇന്നീമംഗലം ശുഭമാവാൻ

അനുപല്ലവി

നിന്നുടെയ ദാസരിന്നീ
മന്ദിരെ കൂടിയൊന്നായി
വന്നിടുംനേരം കർത്താ നിൻ
സന്നിധി പ്രസന്നതയാൽ— വന്നി

ചരണങ്ങൾ

൧ നിന്നിലാരംഭിച്ചുള്ളതെല്ലാം
നല്ലവസാനം
എന്നുമെ പ്രാപിച്ചീടുന്നഹൊ
നിന്നുടെയാശിസ്സതിനാൽ
ഇന്നിവിടെ വേണം ഞങ്ങൾ-
ക്കെന്നു യാചിക്കുന്നു നാഥാ
മന്നവാ കാരുണ്യവാനേ—വന്നി

൨ മന്നിടത്തിൽ സ്ത്രീപുമാന്മാരായ്
മനുവംശത്തെ
മന്നവാ നീ നിർമ്മിച്ചാദിയിൽ
ഉന്നതനാം നിൻ ഹിതത്തിൻ-
വണ്ണമിന്നീ ഭവനത്തിൽ
ചേർന്നുവന്ന ദമ്പതികൾ
എന്നുമാശിസ്സോടു മേവാൻ— വന്നി

൩ കർത്തനേശു തൻ പ്രിയയായി
തിരുസഭയെ
ചേർത്തപോൽ തമ്മിൽ സ്നേഹിച്ചിവർ
കർത്തനേശുവിൽ ജീവിക്കും
പുത്രസമ്പത്തേറിയുള്ളോ-
രുത്തമകുടുംബമായി-
ട്ടിദ്ധരയിൽ വർദ്ധിച്ചീടാൻ— വന്നി

൪ പണ്ടു കാനാവിൽ കല്യാണത്തെ
നിൻ സന്നിധിയാൽ
വേണ്ടപോലലങ്കരിച്ചവാ
ഉണ്ടതിന്നുള്ളോരാമോദ-
മ്പണ്ടു മാത്രമല്ല ഞങ്ങൾ
കണ്ടുനിൻ സന്നിധിയതെ
കൊണ്ടുസന്തോഷിച്ചീടുവാൻ—വന്നി

൫ മംഗളം ചേൎന്നു വസിക്കേണം
ദംപതിമാരും
തങ്ങടെ മാതാപിതാക്കളും
മംഗളം ഭവിക്കേണം തൽ

സോദര സോദരികളും
മംഗളം ചേൎന്നു മേവണം
ഇങ്ങു വന്നിട്ടുള്ളോരെല്ലാം— വന്നി

---

# THE LORD'S DAY

# ശബ്ബത്ത്നാൾ

൪൩൫ 435

ചെഞ്ചുരുട്ടി — അടതാള ചാപ്പ്

പല്ലവി

ശാബതനാളഹൊ–എൻ ഹൃദയത്തിനുമോ–
[ദം

അനുപല്ലവി

സ്വൎഗ്ഗസന്തോഷത്തെയീഭൂമിയതിൽ നല്കും

ചരണങ്ങൾ

[ന്നോക്ക
ശുദ്ധമായ് ശാബ്ബത കാപ്പതിന്നോൎത്തീട്ട–
കൎത്തൃസന്നിധൌ അടുത്തു ചെന്നിടാമന്നു—

൨

ദേഹമനസ്സുകൾക്കീയനുഗ്രഹമുള്ള നാൾ
ഏകീട്ടന്നെന്നും വിശിഷ്ടവിശ്രമത്തെയും—

൩

ലോകവിചാരമാംഭാരമെല്ലാമകന്നു
സ്വൎഗ്ഗീയവായു ശ്വസിക്കാമട്ടിനം തന്നിൽ—

൪

ദൈവമക്കൾ ഇഹ ദിവ്യസംസൎഗ്ഗമതിന്നായ്
ഐകമത്യത്തിൽ ഒരുമിച്ചു വരുന്നോരു—

൫ [പോലെ
സൽപ്രവൃത്തികളിൽ രക്ഷകൻ ചെയ്തതു–
ഏൎപ്പെട്ടന്നതിനു ദിവ്യാവസരമേകും—

൬

ആദ്യഫലമതു കൎത്തനു കാഴ്ചവെച്ചെന്നാൽ
ആഴ്ചമുഴുവൻ അനുഗ്രഹം വരും നൂനം–

൭ [ള്ളോരു
നിത്യമായ് സ്വൎപ്പുരെ ദൈവജനത്തിന്നു–
സ്വസ്ഥതയതിന്നുടെ അച്ചാരമാകുന്നു—

---

# BEGINNING OF SERVICE

# ശുശ്രൂഷാരംഭം

൪൩൬ 436

ഹരികാംബോധി — തിശ്രം

൧ നിന്റെ ദാസരിൻ മദ്ധ്യത്തിൽ
യേശുദേവനേ
നിന്റെ സ്വന്ത വാഗ്ദത്തംപോൽ
വന്നിടേണമേ
നിന്റെ സ്നേഹം കീൎത്തിപ്പാൻ
നിന്റെ ദൂതറിയിപ്പാൻ
ശക്തി, പ്രാപ്തി തന്നീടേണമെ

൨ സന്നിധാനത്താൽ ഈ യോഗം
നീ നിറെക്കുക
ആത്മദാനത്താൽ നീ വേഗം
ധൈൎയ്യം നല്കുക

പാപികളെ രക്ഷിപ്പാൻ
ചാവിൽനിന്നുദ്ധരിപ്പാൻ
കൃപ, ജ്ഞാനം, സ്നേഹമേകുക.

---

൪൩൭ 437

സിന്ധുമന്ദാരി — ആദിതാളം

പല്ലവി

കരുണചെയ്ക നീ–ഈ സമയമതിൽ
നരരക്ഷകനെ–നിൻസ്തുതി പാടിടാൻ

അനുപല്ലവി

മാനവൎക്കുവേണ്ടി–ദൈവസന്നിധാനെ
മാദ്ധ്യസ്ഥം ചെയ്തീട്ടും–പ്രധാനാചാൎയ്യനെ

ചരണം

മഹത്വം നിറയും-സിംഹാസനത്തിൻ
മുമ്പിൽ നില്ക്കും ദൂത-സേനകളെന്നും
നാമകീർത്തനം-യോഗ്യമാംവണ്ണം
പാടീടുന്നതുപോൽ-അടിയാരും ചെയ്വാൻ.

---

## ൪൩൮ 438

### കാപി — ആദിതാളം

പല്ലവി

വരിക നാഥാ ! ഈ യോഗത്തിങ്കൽ
വരിക നാഥാ ! ഈ യോഗത്തിങ്കൽ—നീ

ചരണങ്ങൾ

മന്ദബുദ്ധിയോടിതാ-ദാസന്മാർവന്നീടുന്നേ
തരിക നാഥാ-സൽബുദ്ധിയിപ്പോൾ—വരി

൨

മണ്ണുമയമാം ഞങ്ങൾ- മദ്ധ്യത്തിൽവന്നിറങ്ങി
നിറയ്ക്ക നാഥാ-നിന്നാത്മാവിനാൽ— വരി

൩ [ണിട്ടുന്നേ

ആശയോടിതാ ഞങ്ങൾ-സാക്ഷ്യാംഗം വീ-
ആശിഷം താ മഴ-പെയ്യുമ്പോലെ— വരി

൪

ഹല്ലേലൂയ ഹല്ലേലൂയ്യാ-പാടുവിൻ യേശുവിനു
കൊട്ടിപ്പിൻസദാ-സ്തുതിസ്തോത്രങ്ങളെ-വരി

൫

താതസുതാത്മാവിനു-വന്ദനം ഇന്നുമെന്നും
ആക സദാ കാലാന്ത്യത്തോളം— വരി

---

## ൪൩൯ 439

### തോടി — ചെമ്പട

൧ ഈ സഭാന്തരേ വരേണ-
മേശുവേ കരുണേന നീ
ദാസരോടു നീതിവാക്യ-
മോതുവാനിന്നേരമേ

൨ രണ്ടിലേറെയാളു ചേർന്നി-
രുന്നീടുന്നതാകിലോ
അന്നു നീ കൃപാസനേയി-
രുന്നിടാമെന്നുള്ളൊരു

൩ നിന്നുടെ മൊഴിക്കു നീക്ക-
മില്ലിതോർത്തു ഞങ്ങളും
വന്നുകൂടി നിന്നെ നോക്കി
വാഞ്ഛയോടു കെഞ്ചുന്നു

൪ അബ്രഹാമിനോടുകൂടെ
സഞ്ചരിച്ച ദൈവമേ
വിഭ്രമിച്ചീടുന്ന ഞങ്ങളിൽ
കൃപ തരേണമേ

൫ യാക്കോബിന്നു കണ്ടോരേണി-
യാകുമേശുനായകാ !
നീക്കമെന്നിയെ ചൊരിഞ്ഞിടേ-
ണമിന്നു നൽവരം

൬ മുൾപടർപ്പെരിഞ്ഞിടാതെ
മോശ കണ്ട ജ്വാലയേ
ഇപ്പോഴീജനത്തിന്നാത്മ-
ദാനം നീ നല്കേണമേ

൭ കാനനത്തിലന്നുയർത്തി-
യോരു സർപ്പസാമ്യനേ
വാനസേനയോടെഴുന്നെ-
ള്ളേണമേ സഭാന്തരേ

൮ ചോരകൊണ്ടു ഞങ്ങളെ
വിലയ്ക്കു കൊണ്ട നിന്നെയി-
ദാസരിന്നു കാണുവാൻ
കൃപ ചൊരിഞ്ഞീടേണമേ

൯ ആണിയാൽ തുളച്ച നിന്റെ
പാണി കണ്ടിന്നേവരും
വീണു നിന്നോടേകമാകുവാൻ
കൃപ തരേണമേ

൰ കുന്തമേറ്റ നിൻ വിലാവിനെ-
യനേകർ കണ്ടു നിൻ
അന്തികെയണഞ്ഞീടാനരുൾക
പൊന്നുനായകാ.

---

## ൪൪൦ 440

### നാഥനാമക്രിയ — ആദിതാളം

പല്ലവി

യേശുനാഥാ വന്നീടേണം
ദാസരെ ആശീർവ്വദിപ്പാൻ

അനുപല്ലവി

ലേശവും താമസിയാതെ
ഈശനേ നീയെഴുന്നെള്ളാൻ
ആശയോടെ കാത്തീടുന്നേ
ദാസരിന്നീ സഭാന്തരേ— യേശു

ചരണങ്ങൾ

൧ നിന്നുടയ സന്നിധിയിൽ
ഉണ്ടു പരമാനന്ദമെ
നിന്നുടെ വലഭാഗത്തിൽ
നിത്യം പ്രമോദങ്ങളുണ്ടു
നിന്നടിമലർ പണിയും
നിന്നടിയാരിൽ കനിഞ്ഞു
തന്നരുൾക നിൻ കൃപകൾ
ഇന്നു നിറവായ് പരനേ— യേശു

൨ വാനലോകം തന്നിലുള്ള
ആത്മീയാശിസ്സുകളെല്ലാം
മാനവൎക്കു നല്കീടുവാൻ
നിന്നിൽ നിറഞ്ഞിരിക്കുന്നു
എന്നതിനാൽ ആരും വൃഥാ
പോകുവാൻ സംഗതിയില്ല
നിൻനിറവിൽനിന്നു കൃപ
മേല്ക്കുമേൽ പകരേണമേ— യേശു

൩ അപ്പമഞ്ചെടുത്തു വാഴ്ത്തി
അഞ്ചുസഹസ്രംപേൎക്കു നീ
തൃപ്തി വരുമാറു നല്കി
ശേഷിച്ചതീരാറു പാത്രം
പൂരിതമായെടുത്തപോൽ
നിൻവചനം തൃക്കൈകളിൽ
നേരമിതു തന്നിലെടു-
ത്താശീൎവ്വദിച്ചരുളുക— യേശു

# HARVEST FESTIVAL

# ആദ്യഫലപ്പെരുനാൾ

൪൪൧ 441

മണിരംഗു — ആദിതാളം

൧

ഞങ്ങടെ കൈകളിൻ വേലയെല്ലാം
ഭംഗിയായ്വൎദ്ധിപ്പിച്ച-ദേവാ
തിങ്ങിനമോദമായിന്നടിയാർ സ്തുതി
തന്നിടുന്നാദരവായ്

൨

മുൻമഴ പിൻമഴ വേനലതെല്ലാം
അൻപിനോടെ പകൎന്ന—നാഥാ
ഇമ്പമോടീ ധനധാന്യങ്ങളോടിതാ
സന്നിധി ചേൎന്നിടുന്നെ

൩

പലവിധ ധാന്യങ്ങൾകൊണ്ടു നിറയട്ടെ
മലകൾ നിലങ്ങളെല്ലാം—അതു
വിളയട്ടെ പലമേനി ഒഴിയട്ടെ ക്ഷാമവും
തെളിയട്ടെ നിൻ മഹത്വം

൪

അറകൾ നിറയട്ടെ ധാന്യങ്ങളാൽ പരി-
പൂൎണ്ണമതായ്പരനേ—പര-
മാനന്ദം തുകട്ടെ വീടുകൾതോറും നിൻ
ദാനങ്ങളാൽ ദിനവും

൫

ഞങ്ങടെ ആടുകളായിരമായ്പെരു-
കീടണമെ പരനെ—പശു-
ക്കൂട്ടവുമായിരമായിരമാകട്ടെ
നിന്നനുഗ്രഹമതാൽ

൬

ഏകകുമാരനെ ഏഴകൾക്കായ് തന്ന
ദാനമതിശയമെ—ഇതി-
ന്നേതു തരുന്നിന്നീ പാപികൾ ദൈവമേ
ഏഴകൾക്കേതുമില്ലെ

൭

ചൊല്ലിക്കൂടാതൊരു ദാനത്തിന്നായ് നിന
ക്കല്ലേലൂയ്യാ പരനെ—സ്തുതി
ഹല്ലേലൂയ്യാ ഇന്നും ഹല്ലേലൂയ്യാ എന്നും
ഹല്ലേലൂയ്യാ സതതം

൮

ഏററമസാരമായുള്ളയി ഞങ്ങടെ
കാഴ്ചകൾ സ്വീകരിച്ചു—ഇപ്പോൾ
ഊററമതാകുമനുഗ്രഹമേകി
പോററിടെണം പരനേ

൯

ഞങ്ങളിതാ ഇന്നു ഞങ്ങളെ തന്നെയും
മംഗളമായ്തരുന്നു—ജീവ-
നുള്ളൊരു യാഗമായുന്നതനേ ഇതു
അംഗീകരിക്കേണമേ

## ൪൪൨ 442

### ൨൩-ാം സങ്കീർത്തനം

൧ എന്നെ മേയിച്ചീടുന്നോൻ
ഏകനാം യഹോവ താൻ
എന്നും മുട്ടില്ലാതെ കാത്തു
എന്നെ പാലിച്ചീടും താൻ

൨ പച്ചയുള്ള മേച്ചിലിൽ
ഭദ്രമായി തീററും താൻ
സ്വച്ഛശാന്തവെള്ളം കാട്ടി
സൂക്ഷിച്ചീടും എന്നെ താൻ

൩ താൻ തണുപ്പിച്ചീടുന്നു
ദാസനാം എൻ പ്രാണനെ
താൻ നടത്തുന്നെന്നെ നീതി-
ശാലയിൽ തൻ നാമത്താൽ

൪ കൂരിരുൾതാഴ്വരത്തിൽ
കൂടെ ഞാൻ പോയീടിലും
ഒരനർത്ഥത്തെയും എന്റെ
ഉള്ളിൽ ഞാൻ ഭയപ്പെടാ

൫ മാപരൻ എന്നോടെന്നും
വാഴുന്നോൻ തൻ കോൽവടി
ശോഭയോടെന്നെ നടത്തി
ശോകം നീക്കി കാക്കുന്നു

൬ ശത്രുക്കൾ കാൺകെ സദ്യ
താൻ എനിക്കൊരുക്കുന്നു
ചിത്രതൈലം എൻ ശിരസ്സിൽ
തേച്ചു രക്ഷിച്ചീടും താൻ

൭ എന്റെ പാനപാത്രവും
എന്നും പൂർണ്ണമാകുന്നു
എന്റെ ആയുഷ്കാലം നന്മ
ഏകും താൻ കാരുണ്യവും

൮ ദൈവആലയത്തിൽ ഞാൻ
സർവ്വകാലം വാണീടും
ദൈവതാതപുത്രനാവി-
ക്കെന്നുമേ ഹല്ലേലൂയ്യാ.

---

## ൪൪൩ 443

### ൧൦൩-ാം സങ്കീർത്തനം ൧—൧൩.

ന്യാൽ — ആദിതാളം

പല്ലവി

എൻ മനമേ! എൻ മുഴു ഉള്ളമേ! നീ
വാഴ്ക മാ യഹോവായെ
തന്റെ മഹാ-നന്മകൾ-ചിന്തചെയ്തു
വാഴ്ത്തുക മാ യഹോവായെ

ചരണങ്ങൾ

൧ നിൻ അകൃത്യം എല്ലാം
അവൻ ക്ഷമിച്ചീടുന്നു
നീക്കുന്നു ഭയങ്കരരോഗ-
മെല്ലാം—നീ വാഴ്ത്തുക

൨ നാശത്തിൽനിന്നു നിന്റെ
ജീവനെ വീണ്ടു
നൽകുന്നു ദയ കൃപ
നിനക്കണിവാൻ—നീ വാഴ്ത്തുക

൩ കഴുകന്നു തുല്യം നവ
യൌവനം വരുവാൻ
കർത്തൻ നൽകുന്നു നന്മ
ചെമ്മ നിറവായ്—നീ വാഴ്ത്തുക

൪ പീഡിതന്മാർക്കെല്ലാം
നീതിയും ന്യായവും
ഭേദമെന്യേ നടത്തീടുന്നു
താൻ—നീ വാഴ്ത്തുക

൫ തൻവഴികൾ മോശെക്കും
ഇസ്രായേൽമക്കൾക്കും മുൻ
തൻ പ്രവൃത്തികളെയും
അറിയിച്ചു താൻ—നീ വാഴ്ത്തുക

൬ മാ കൃപ കാരുണ്യവും
പൂണ്ട ദൈവം യഹോവ
മഹൽദയ ദീർഘക്ഷമ
ഇവ ഉടയോൻ—നീ വാഴ്ത്തുക

൭ ഏകപരാപരൻ താൻ
ഭത്സിക്കയില്ലെപ്പോഴും
എന്നേക്കും കോപത്തെ സം-
ഗ്രഹിക്കയില്ല—നീ വാഴ്ത്തുക

൭ നമ്മുടെ പാപങ്ങൾക്കും
പാതകങ്ങൾക്കും ദൈവം
നമ്മോടു ചെയ്യുന്നില്ല
പ്രതിപകരം—നീ വാഴ്ത്തുക

൮ പാരിതിൽനിന്നാകാശം
ഉന്നതമാകുംവണ്ണം
ഭക്തന്മാരോട്ടതിരു-
ദയ വലുതാം—നീ വാഴ്ത്തുക

൧൦ ഉദയാസ്തമയം തമ്മിൽ
ദൂരമാംപോലെ നമ്മിൽ
ഉണ്ടായ ലംഘനങ്ങൾ
അകററുന്നു താൻ—നീ വാഴ്ത്തുക

൧൧ മക്കളോടു പിതാവിനു-
ള്ള കാരുണ്യംപോലെ
മഹത്വദൈവം ഭക്തക്കു
കൃപ തരുന്നു—നീ വാഴ്ത്തുക.

## HYMN FOR CHILDREN

## ശിശുഗാനം

### ൪൪൪ — 444

ശങ്കരാഭരണം — ഏകതാളം

പല്ലവി

വൈതലാകും ഞാൻ
യേശുനാഥൻ അരികിൽ ആശീർ-
വാദത്തിന്നായ്വന്നീടുന്നേനിപ്പോൾ

ചരണങ്ങൾ

മന്നവ പരനേശുവേ
മന്നിൽ ജീവിക്കും നാളിൽ നിൻ [നീ
മുന്നിൽ അമ്മമാർ കൊണ്ടുവന്ന ശിശുക്കളെ
ഒന്നായനുഗ്രഹിച്ചതിനെ ഓർത്തു— വൈത

൨

മാർവ്വിൽനിന്നൊഴുകിയതാം
പാപം നീക്കുന്ന ചോരയിൽ
ചാവിന്നിരയായൊരു പാപിയെന്നെക്കഴുകി
ജീവൻ നല്കുക വിശുദ്ധാവിയാൽ—വൈത

൩

നിന്തിരു വചനമതു
ചിന്തചെയ്തു ദിനംപ്രതി [കൊണ്ടു
സന്തോഷത്തോടെ പഠിച്ചന്തരംഗെ കൈ-
ചന്തമായ്സൂക്ഷിപ്പാൻ കൃപയരുളേണം—വൈ

൪

നിന്നെ പൂർണ്ണമായ് സ്നേഹിച്ചു
നിന്നുടെ പ്രതിഛായയിൽ
വന്നീടുവാനെനിക്കു മന്നവാ നിൻ കൃപയെ
തന്നരുൾക സദയം ദിനംതോറും—വൈത

൫

നന്മയിൽ പ്രിയമുള്ളൊരു
നിർമ്മലമായ ജീവിതം [ർവ്വതിന്നു
എന്നായുസ്സിൻനാളെല്ലാംമന്നിൽഞാൻചെ-
നിന്നാവിയാൽ തുണെക്ക കർത്താവേ—വൈ

## GENERAL

## സാമാന്യഗീതങ്ങൾ

### ൪൪൫ — 445

ചെഞ്ചുരുട്ടി — ആദിതാളം

പല്ലവി

യേശു എന്നുള്ളിൽവസിക്കിൽ–എനിക്കുഭാഗ്യം
യേശു എന്നുള്ളിൽ വസിക്കിൽ

ചരണങ്ങൾ

൧ നല്ലിടയനേശുവിൻ
ചൊല്ലനുസരിക്കുകിൽ
തെല്ലും ഭയമെന്നിയെ
പാക്കാമെല്ലാനാളും— യേശു

൨ ആത്മവൈദ്യനാമേശു
തന്മഹത്വസന്നിധൌ
എന്മഹാരോഗങ്ങളെല്ലാം
പറന്നുപോകും— യേശു

൩ സർവ്വശക്തനാം എന്റെ
ദിവ്യസ്നേഹിതൻ സദാ
നിർവ്വഹിക്കുന്നു സർവ്വവും
എനിക്കായെന്നും— യേശു

൪ ജീവനുള്ള നാളെന്നും
കൈവിടാതെ സദയം
ദിവ്യസഖിത്വം നല്കും
സ്നേഹവാനാകുന്നു— യേശു

൫ സർവ്വദായെൻ വിരുന്നായ്
താൻ ഹൃദയെ പാർത്തെന്നാൽ
ഭുവിൽ നിത്യവിരു-
ന്നെനിക്കനുഭവമാം— യേശു

൬ ക്രിസ്തു എൻ അന്തരംഗെ
നിത്യവാസം ചെയ്യുകിൽ
ശത്രുക്കൾമേൽ ജയം കൊള്ളാം
പ്രതിനിമിഷം— യേശു

൭ നീതിയിൻ സൂര്യനെന്റെ
ചേതസ്സിലുദിക്കുകിൽ
നിത്യപ്രകാശമെനിക്കു
ഇരുളുണ്ടാകാ— യേശു

൮ താനെന്നെ സ്നേഹിക്കുന്ന-
താലെന്നകതാരിങ്കൽ
ആനന്ദം നിറഞ്ഞീടുന്നു
ഞാനെത്ര ധന്യൻ— യേശു

൯ പാപത്താൽ ഞാനവന്നു
താപം നല്കാതെ ശുദ്ധ
ആവിയാലെപ്പോഴും
നടത്തെന്നെ കർത്താവേ— യേശു

## ൪൪൬ 446

ബലഹരി — ആദിതാളം

പല്ലവി

ശക്തി അത്യത്ഭുതമേ! യേശുവിൻ തിരു-
രക്തമതിന്നെന്നുമേ!

ചരണങ്ങൾ

൧ കൊടിയ പാപം നീക്കി
വിടുതൽ പൂർണ്ണമായി-
ട്ടുടനരുളീടും ശുദ്ധി
വടിവൊടേകിടുന്നൊരു— ശക്തി

൨ കമ്പം വരുത്തുമൊരു
ഡംഭരാഗങ്ങൾക്കെല്ലാം
അന്തം വരുത്തി ജയത്തിൻ
സന്തോഷം നല്കിടുന്നൊരു— ശക്തി

൩ നീക്കും പാപക്കറകൾ
പോക്കും ശാപദോഷങ്ങൾ
ആക്കും ഹിമതുല്യനായി
കാക്കും അവസാനം വരെ— ശക്തി

## ൪൪൭ 447

ഹിന്ദുസ്ഥാൻ — ഏകതാളം

പല്ലവി

വിലയേറിയ കാലം, അഴിക്കരുതേ

ചരണങ്ങൾ

൧ വലിയ ധനത്തെക്കാളും
മഹിമ കീർത്തിയെക്കാളും
വല ഭാഗ്യങ്ങളെക്കാളും
പാരിൽ എല്ലാറ്റെക്കാളും— വില

൨ വിൺ കൃപ നേടുവാനും
വിനയം സമ്പാദിപ്പാനും
വിൺ പ്രസാദം ലഭിച്ചു
വിളങ്ങി ശോഭിച്ചിടാനും— വില

൩ മോചനം, നീതി, മനോ-
സ്വസ്ഥത, വിശുദ്ധിയും
നീച പാപി ലഭിച്ചു
നിരന്തം പ്രകാശിപ്പാനും— വില

൪ ഉള്ളം പുറവും മാറി
ഉന്നത ദിവ്യശോഭ
തെല്ലും സന്ദേഹമെന്യേ
തെളിഞ്ഞു വിളങ്ങുവാനും— വില

## ൪൪൮ 448

യമുനാകല്യാണി— ആദിതാളം

പല്ലവി

യേശുനാമം ജീവനാദം
യേശുപാദം എൻ സങ്കേതം
യേശുനാമം ജീവദായകം

ചരണങ്ങൾ

൧ പാരിൽ സമസ്ത ദേശക്കാരും
ഭാഷക്കാരും സ്തുതിച്ചുപാടും— യേശു

൨ അന്ധകാര മതകുഠാരി
അഖിലർക്കും സന്തോഷകാരി— യേശു

൩ അതിശയങ്കര വിശുദ്ധരക്ഷകൻ
ആനന്ദന്തരും ദൈവ ആത്മജൻ— യേ

൪ മഹസ്സുരനഭോതലങ്ങൾക്കപ്പുറം
മഹത്വശോഭകൾ കാണിച്ചിടുന്ന— യേ

൫ എളിയ പാപിയിൻ യാചനകൾ
ഏകപരനിൻ തിരുമുൻ ചേർക്കും— യേ

## ൪൪൯ 449

### ശ്രീചിത്തിരവഞ്ചിശമംഗളം

ഹുസേനി — ആദിതാളം

പല്ലവി

സ്വസ്തി

ശ്രീചിത്ര-വഞ്ചിമഹീപതിസുചിരം—
ശ്രീയാൻ-വാഴേണം വി-ശേഷതരം

അനുപല്ലവി

ആമോദം-തിങ്ങും ദീർഘാ-
യുസ്സും സുഖവും—എന്നും
ആസ്ഥാന-മഹിമയും
ഭവിക്ക നവം—ശുഭം— ശ്രീ

ചരണങ്ങൾ

൧ പ്രഖ്യാതി-തിങ്ങും രാജ്യ-
ഭരണമതും—നാനാ
പ്രജകൾ സ്നേ-ഹിച്ചെല്ലാരും
വഴങ്ങുന്നതും—
സഖ്യം ഭൂപാലസഭാ-
പതിനിലയും—രാജ-
സൌമ്യൻ വ-ഞ്ചീശരത്നം
ലഭിച്ചിടേണം—ശുഭം— ശ്രീചിത്ര

൨ നാടെങ്ങും-നാഗരികം
നിറഞ്ഞിടേണം—കാട്ടും
നാട്ടുംകൊ-ണ്ടാടി നന്മ
ലഭിച്ചിടേണം
കേടൊന്നും-നാട്ടിലില്ലാ-
തായിടേണം—എങ്ങും
കേട്ടീടേ-ണം വഞ്ചിഭൂ-
വിതിൻ മഹത്വം—ശുഭം—ശ്രീചിത്ര

൩ ദേവാധി-ദേവകൃപ
പ്രതിദിനവും—നേടി
ദീർഘായു-സ്സോടു പൌത്ര-
ജാതരേയും
ശ്രീവാഴും-കോടിൽ ശ്രീത്വ
പൂർത്തിയെയും—കാണ്മാൻ
ത്രിയേകൻ-അനുവദി-
ക്കുക മംഗളം—ശുഭം— ശ്രീചിത്ര

## ൪൫൦ 450

ഹരികാംബോധി — രൂപകം

പല്ലവി

അന്ത്യനാൾ സമീപമെ
ചിന്തചെയ് സോദരാ നീ

അനുപല്ലവി

നീതിമാന്മാർ വലത്തും
നീതികെട്ടവർ ഇടത്തും
വേർതിരിക്കപ്പെട്ടും നാളിന്നായ് (നീ)
ഇരുന്നീടുന്നോ ഒരുക്കമായ്—അന്ത്യ

ചരണം

രക്ഷകനെ സ്നേഹിക്കുന്ന
ഏവർക്കും അതു ഭാഗ്യനാളാം
ശിക്ഷിക്കപ്പെട്ടുംപാപികൾക്ക് (ഹൊ)
ഭയംകരമേറ്റംമഹാകഷ്ടനാളാം—അ

## ൪൫൧ 451

ചെഞ്ചുരുട്ടി — രൂപകം

പല്ലവി

നിത്യനാം വിധികർത്തനാ-
യേശു വീണ്ടും വന്നിടുമെ
അയ്യോ പാപീ-യേശു വന്നിടുമെ
മേഘങ്ങളിൽ-യേശു വന്നിടുമെ
ഗംഭീരമായ്-യേശു വന്നിടുമെ
അന്ത്യനാളിൽ-യേശു വന്നിടുമെ
വിധിപ്പാനായ്-യേശു വന്നിടുമെ

ചരണങ്ങൾ

൧ സിംഹാസനസ്ഥനായിറങ്ങും
ആ മഹാ ദിനം— നിത്യ

൨ തൻ തീർപ്പിനെ കല്പിക്കുവാൻ സ്വർ-
ദൂതർ ചൂഴവെ— നിത്യ

൩ വൻകാഹളങ്ങളാകവെ
എങ്ങും മുഴങ്ങവെ— നിത്യ

൪ അന്നാളിൽ ഭീതി നീങ്ങുവാൻ
ഇന്നേ ഒരുങ്ങണം— നിത്യ

## ൪൫൨ 452

മുഖാരി — ഏകതാളം

പല്ലവി

പരമതാതന്റെ വലമമരുന്ന
പരമവത്സലാ! പരമവത്സലാ!-നിൻ
കുരുതികൊണ്ടു വീണ്ടെടുത്ത
ജനത്തിൻ ദുരിതം കാണുകാ

ചരണങ്ങൾ

൧ ബഹുജനങ്ങളിൻ നടുവെ നിന്നു നിൻ
സാക്ഷി ചൊന്നവർ
സാക്ഷി ചൊന്നവർ–നിന്റെ
മഹത്വനാമത്തെ ഭൂഷിപ്പാനിഹ
വൻമൂലമായല്ലൊ— പര

൨ പരമസ്നേഹാഗ്നിയെരിഞ്ഞനുദിനം
ആനന്ദിച്ചവർ–ആനന്ദിച്ചവർ–ഇതാ
പെരുത്തവ്യാകുലം പിടിച്ചഹോ മനം
തണുത്തുപോകുന്നേ— പര

൩ ബലിയായ്സർവ്വവുംതിരുപ്പാദത്തിങ്കൽ
കാഴ്ചവെച്ചവർ
കാഴ്ച വെച്ചവർ- ഇപ്പോൾ
ബലിപീഠത്തിൽനിന്നകലെമാറിക്കൊ-
ണ്ടൊഴിഞ്ഞുപോകുന്നേ— പര

൪ ഏററം ജ്വലിച്ചു വെളിച്ചം കൊടുത്ത
നിൻജനമിതാ–നിൻജനമിതാ–വല
കാററിൻ ശക്തിയാലണഞ്ഞിരുണ്ടു
കൂരിരുളായ് തീർന്നിതാ— പര

൫ സുവിശേഷകരിൽ പലരിലും നാഥാ!
വേഷമേയുള്ളൂ–വേഷമേയുള്ളൂ–ആത്മ
ജീവൻ നിൻജനങ്ങളിൽദിനംതോറും
കുറഞ്ഞുപോകുന്നേ— പര

൬ ഈവിധം ജനം ഇനിയും ജീവിച്ചാൽ
നശിച്ചുപോകുമേ
നശിച്ചുപോകുമേ–നിന്റെ
ജീവവചനമയച്ചു ജനത്തിൽ
ജീവനെ നല്കുക— പര

---

## ൪൫൩ 453

പല്ലവി

യേശുരാജാവേയെന്നുള്ളിൽ
വാഴ്കയെന്നേക്കും

അനുപല്ലവി

യേശുവേ നിൻ രാജത്വമെ-
ന്നുള്ളിൽ സ്ഥാപിക്ക— യേശു

ചരണങ്ങൾ

൧ എത്രനാൾ ഞാൻ നിന്നെ
പുറത്തു തള്ളി അയ്യോ
അത്രനാളുമെൻ സ്വയ-
മെന്നുള്ളിൽ വാണല്ലോ— യേശു

൨ അക്രമിക്കൊഴിഞ്ഞുകൊടുത്ത-
താലെന്നുള്ളിൽ–മ-
ഹാക്രമം പലതുമയ്യോ
നന്നെ നടന്നു— യേശു

൩ ആധിപത്യം തോളിലുള്ള
നാഥനല്ലാതെൻ
ആധികളകററി വാഴാ-
നില്ല വേറാരും— യേശു

൪ നാശത്തിൽനിന്നെന്നെ വീണ്ടു-
കൊണ്ടവൻ നീയെ–പൊ-
ന്നേശുവേ നീ താനെൻ
രാജാവെന്നുമെന്നേക്കും— യേശു

൫ ശുദ്ധൻ നീയതാലെന്നുള്ളം
ശുദ്ധമാക്കുക–ദൈവ
ശക്തിയുമപ്പോളെന്നി-
ലധിവസിച്ചിടും— യേശു

---

## ൪൫൪ 454

ജാവളി — ആദിതാളം

പല്ലവി

എന്നകമേ വരിക ശ്രീ മനുവേലാ

അനുപല്ലവി

നിന്മൊഴിപോലെ—മന്നവനേ നീ—എന്ന

ചരണങ്ങൾ

നിൻവിളി കേട്ടു വാതിലിൻ പൂട്ടും
ഞാൻതുറന്നേനെഴുന്നെള്ളീടുക വേഗം—എ

൨

നിന്നധികാരം–എന്നിലെന്നേക്കും
മന്നവനേ നടത്തേണ്ടുന്നതിന്നായി—എന്ന

൩

എന്നോടുകൂടെ–നീ വസിക്കാമെ-
ന്നുണ്മയാംവാക്കുനീ തന്നായതുപോലെ—എ

൪

എന്നിൽ നീയെന്നും–രാജനായ്വാണു
നിന്നുടെ ജീവനിലെന്നെ വളർത്താനായ്—

൫

എൻ വലങ്കൈമേൽ- നീ പിടിച്ചെന്നെ
ഉന്നതനാടതിനോളം നടത്താനും— എന്ന

---

## ൪൫൫ 455

ജാവളി — ആദിതാളം

പല്ലവി

യേശുവിൻതിരുമുഖമേ— എനിക്കേററം
ആശ്വാസം പ്രതിദിനമെ

ചരണങ്ങൾ

൧ നാശലോകത്തിൽനിന്നു
ദാസനാമെന്നെയവൻ
ആശയോടെ വീണ്ടെടുത്ത-
തോർക്കുന്നേരം— യേശു

൨ വാനദിനേശനാമെൻ
നായകനെ ഞാ-നെന്റെ
മാനസേ ധ്യാനിച്ചീടുമ്പോൾ
സ്നേഹമാന്ന്— യേശു

൩ നാഥനാമേശുവിന്റെ
പാദത്തിലിരുന്നു ഞാൻ
വേദവാക്യങ്ങൾ കൃപയാൽ
ധ്യാനിക്കുമ്പോൾ— യേശു

൪ അരുണോദയ സമയേ
പരിചോടെഴുന്നു തിരു-
ചരണസമീപെ ചെല്ലുമ്പോൾ
ഇമ്പമേറും— യേശു

൫ ഓരോ കാര്യങ്ങളെന്റെ
നേരെ വന്നെതൃത്തുകൊ-
ണ്ടോരോന്നായ് വിഷമിപ്പിക്കും
നേരമെന്റെ— യേശു

൬ മോടിയേറും മുഖത്തി-
ലേറെ പാടുകളേററു
വാടിയതോർത്തു നോക്കുമ്പോൾ
പ്രാണനാഥൻ— യേശു

൭ മേഘവാഹനത്തിൽ സ-
ല്ലോകദൂതരുമായി
ആഘോഷമോടെ വരുമ്പോൾ
ശോഭതിങ്ങും— യേശു

---

## ൪൫൬ 456

കർണ്ണാടകം — ധനാശി

ഏകതാളം

൧ യേശുവേ നിന്റെ രൂപമീയെന്റെ
കണ്ണുകൾക്കെത്ര സൌന്ദര്യം
ശിഷ്യനാകുന്ന എന്നെയും നിന്നെ-
പ്പോലെയാക്കേണം മുഴുവൻ

൨ സ്നേഹമാം നിന്നെ കണ്ടവൻ പിന്നെ
സ്നേഹിക്കാതെ ജീവിക്കുമോ
ദഹിപ്പിക്കണം എന്നെ അശേഷം
സ്നേഹം നല്കണം എൻ പ്രഭോ!

൩ ദീനക്കാരെയും ഹീനന്മാരെയും
ആശ്വസിപ്പിപ്പാൻ വന്നോനേ
ആനന്ദത്തോടു ഞാൻ നിന്നെപ്പോലെ
കാരുണ്യം ചെയ്വാൻ നല്കുകേ

൪ ദാസനെപ്പോലെ സേവയെ ചെയ്തു
ദൈവത്തിൻ ഏകജാതനേ
വാസം ചെയ്യേണം ഈ നിൻ വിനയം
എന്റെ ഉള്ളിലും നാഥനേ

൫ പാപികളുടെ വിപരീതത്തെ
എല്ലാം സഹിച്ച കുഞ്ഞാടേ!
കോപിപ്പാനല്ല ക്ഷമിപ്പാനുള്ള
ശക്തി എനിക്കും നല്കുകേ

൬ തന്റെ പിതാവിൻ ഹിതമെപ്പോഴും
മോദമോടുടൻ ചെയ്തോനേ
എന്റെ ഇഷ്ടവും ദൈവ ഇഷ്ടത്തി-
ന്നനുരൂപമാകേണമേ

൭ തിരുവെഴുത്തു ശൈശവം തൊട്ടു
സ്നേഹിച്ചോരാഞ്ഞ യേശുവേ
ഗുരു നീ തന്നേ വചനം നന്നെ ഗ്രഹി-
പ്പിക്ക നിൻ ശിഷ്യനെ

൮ രാത്രി മുഴുവൻ പ്രാർത്ഥിച്ചുണർന്ന
ഭക്തിയുള്ളോരു യേശുവേ
പ്രാർത്ഥിപ്പാനായും ഉണരാനായും
ശക്തി തരേണം എനിക്കേ

൯ ലോകസ്ഥാനങ്ങൾ സാത്താൻ മാന-
വെറുക്കും ദൈവവീരനേ [ങ്ങൾ
ഏകമാം മനം തന്നിട്ടെൻ ധനം
ദൈവം താൻ എന്നോർപ്പിക്കുകേ

൧൦ കൌശലങ്ങളും ഉപായങ്ങളും
പകെക്കും സത്യരാജാവേ
ശിശുവിന്നുള്ള പരമാർത്ഥത
എന്നിലും നിത്യം കാക്കുകേ

൧൧ ഇഹലോകത്തിൻ ചിന്തകൾ ഒട്ടും
ഇല്ലാത്താശ്രിത വത്സലാ
മഹൽശക്തിയാം നിൻ ദൈവാശ്രയം
കൊണ്ടെന്നുള്ളം ഉറപ്പിക്ക

൧൨ മനുഷ്യരിലും ദൂതന്മാരിലും അതി-
സുന്ദരനായോനേ
അനുദിനം നിൻ ദിവ്യസൌന്ദര്യം
എന്നാമോദമാകേണമേ.

## ൪൫൭ 457

### സുരാജ് — ചെമ്പട

**പല്ലവി**

നീയല്ലോ ഞങ്ങൾക്കുള്ള
ദിവ്യസമ്പത്തേശുവേ
നീയല്ലാതില്ല ഭുവിൽ
ആഗ്രഹിപ്പാനാരുമേ

**ചരണങ്ങൾ**

൧ നീയല്ലോ ഞങ്ങൾക്കായി
മന്നിടത്തിൽ വന്നതും
നീചരാം ഞങ്ങളുടെ പാപ-
മെല്ലാമേറ്റതും— നീയല്ലോ

൨ കാൽവറി മലമുകളേറി
നീ ഞങ്ങൾക്കായ്
കാൽകരം ചേർന്നു തൂങ്ങി
മരിച്ചുയിരേകിയ— നീയല്ലോ

൩ അന്നന്നു ഞങ്ങൾക്കുള്ളതെല്ലാം
തന്നു പോറ്റുന്നോൻ
ഇന്നുമെന്നും കൂടെയുണ്ടെ-
ന്നുള്ള വാക്കു തന്നവൻ— നീയല്ലോ

൪ ശത്രുവിന്നഗ്നിയസ്ത്രം
ശക്തിയോടെതൃക്കുന്ന
മാത്രയിൽ ജയം തന്നു
കാത്തുസൂക്ഷിച്ചീടുന്ന— നീയല്ലോ

൫ ജനകനുടെ വലമമർന്നു
നീ ഞങ്ങൾക്കായ്
ദിനംപ്രതി പക്ഷവാദം
ചെയ്തു ജീവിച്ചീടുന്ന— നീയല്ലോ

൬ ലോകത്തിൽ ഞങ്ങൾക്കുള്ള-
തെല്ലാം നഷ്ടമാകിലും
ലോകക്കാർ നിത്യം ദുഷിച്ചീടിലും
പൊന്നേശുവേ— നീയല്ലോ

൭ നിത്യജീവമൊഴികൾ
നിന്നിലുണ്ടു പരനേ
നിന്നെ വിട്ടടിയങ്ങൾ
എങ്ങുപോയി വസിക്കും— നീയല്ലോ

## ൪൫൮ 458

### ചെഞ്ചുരുട്ടി — അടന്ത

**പല്ലവി**

അയ്യോ! എൻ ദൈവമേ!
കരുണ ചെയ്യേണമേ
അയ്യോ! ഞാനെന്തു ചെയ്വൂ

**ചരണങ്ങൾ**

തിന്മയല്ലാതെന്നിൽ-നന്മയില്ലൊന്നുമെ
എന്മനം നീറീടുന്നേ— അയ്യോ

൨

കണ്ണുകൾകൊണ്ടുഞാൻ-കണ്ടുമോഹിച്ചവ
എണ്ണിയാൽ എണ്ണമില്ലേ— അയ്യോ

൩

കാതുകളോ ദുഷ്ട-ബോധനകൾക്കായി
സാദരം വിട്ടേനയ്യോ— അയ്യോ

൪ [യ്യോ

വാകൊണ്ടു ഞാൻ ചൊന്ന-വാണികളയ്യ-
ആകെ അശുദ്ധിയല്ലോ— അയ്യോ

൫ [ക്കൊരു

കൈകളാൽ ഞാൻ ചെയ്ത-ദുഷ്ക്രിയകൾ-
ക്കില്ലം കണക്കുമില്ലേ— അയ്യോ

൬

കാലുകളോടിയ-പാതകളോർക്കുകിൽ
മാലിന്യം തന്നെയല്ലോ— അയ്യോ

൭

സന്തതം എന്നുടെ-ചിന്തകളാകവെ
ഹന്ത മാ പാതകമേ— അയ്യോ

൮

നിന്നോടു നിന്നോടു-തന്നേ പിഴച്ചു നിൻ
സന്നിധൌ പാപം ചെയ്തേൻ— അയ്യോ

൯

രക്തപ്പുകയിൽ നിന്നെന്നെ വിടുവിക്ക
ശക്തനേ നിൻ കൃപയാൽ— അയ്യോ

## ൪൫൯ 459

**പല്ലവി**

ആശിഷം നല്കേണമേ-മശിഹായെ
ആശിഷം നല്കേണമേ

**ചരണങ്ങൾ**

൧ ഈശനേ നീയെന്ന്യെ
ആശ്രയമാരുള്ളു
ആശ്രിത വത്സലനേ
അനുഗ്രഹമാരിയയക്കണമേ— ആശി

൨ ആഗ്രഹിക്കുന്നവ-
ക്കായി നിന്നെത്തന്നേ
ശീഘ്രം നീ നല്കീടുമേ [ന്നേൻ
സന്ദേഹമില്ലാത്തിതാ കെഞ്ചീടു-

൩ ആശ്രയം നീ തന്നേ
ദാസരാം ഞങ്ങൾക്കു
വിശ്രുതവന്ദിതനേ [—ആശി
നിന്നെത്തന്നെശീഘ്രം നീ നല്കണമേ

൪ കാശിനുപോലുമീ-
ദാസക്കില്ലേ വില
മാശില്ലാവല്ലഭനേ [ണമേ-ആശി
നിൻ നാമത്തിൽ ദാസരെ കേൾക്കേ-

൫ രാജകുമാരനേ
പൂജിതപൂർണ്ണനേ
സർവ്വജനേശ്വരനേ-
യനാരതംകാത്തരുളും പരനേ-ആശി

൬ തേജസ്സിനാൽ നിന്റെ
ദാസരെയാകെ നീ
ആശ്ചര്യമായ് നിറയ്ക്ക [ആശി
നിൻനാമത്തെ വാഴ്ത്തിപ്പുകഴ്ത്തീടുവാൻ-

## ൪൬൦ 460

### രാഗം ഇംഗ്ലീഷ്

൧

വിതെച്ചീടുക നാം സ്വർഗ്ഗത്തിന്റെ വിത്താം
ക്രിസ്തൻ സുവിശേഷം-ഹൃദയങ്ങളിൽ
ആത്മമാരി പെയ്യും-ദൈവം കൃപചെയ്യും
തരും കൊയ്ത്തിനേയും-തക്ക കാലത്തിൽ
കൊയ്ത്തുകാലത്തിൽ നാം സന്തോഷിച്ചും
കററകൾ ചുമന്നും-കൊണ്ടു വന്നീടും

൨

വിതെച്ചീടുക നാം-സ്നേഹത്തിൻ അദ്ധ്വാനം
ഒരുനാളും വ്യർത്ഥം-അല്ല ആകയാൽ [ടിൻ
എന്നും പ്രാർത്ഥിച്ചീടിൻ-വേലയിൽ നിന്നീ-
വിത്തു നനെച്ചീടിൻ-കണ്ണുനീരിനാൽ—

൩

വിതെച്ചീടുക നാം-വർദ്ധനയെ ദൈവം
നല്കും സർവ്വനേരം-തൻ വൻശക്തിയാൽ
വേനല്ക്കാലം വർഷം-കാററു ശീതം ഉഷ്ണം
ചെയ്യും ദൈവ ഇഷ്ടം-ഭൂമി നില്ക്കുംനാൾ—

൪

വിതെച്ചീടുക നാം-തടസ്ഥം അനേകം
സാത്താൻകൊണ്ടെന്നാലും-തൻവൈരാഗ്യ-
ത്തിൽ
തളർന്നുപോകാതെ-സ്നേഹവും വിടാതെ
നില്ക്കുക്ഷീണിക്കാതെ-ക്രിസ്തൻശക്തിയിൽ—

൫

വിതെച്ചീടുക നാം-വിതെക്കുന്ന കാലം
അവസാനിച്ചീടും എത്ര വേഗത്തിൽ [തെ
ഇപ്പോൾ വിതെക്കാതെ-ഇരുന്നാൽകൊയ്ത്താ-
രക്ഷകൻ മുമ്പാകെ-നില്ക്കുംലജ്ജയിൽ—

൬

വിതെച്ചീടുക നാം-ദിവ്യസമാധാനം
മുളെച്ചീടുവോളം ശൂന്യദേശത്തിൽ
മരുഭൂമി കാട്ടും-ഉത്സവം കൊണ്ടാട്ടും
പർവ്വതങ്ങൾ പാട്ടും-ദൈവതേജസ്സിൽ—

## ൪൬൧ 461

### രാഗം ഇംഗ്ലീഷ്

൧ യഹോവാ വാഴുന്നു
ഭൂലോകം സകലം
തൻ പാദപീഠമാകുന്നു
സ്വർഗ്ഗം സിംഹാസനം
യഹോവാ വാഴുന്നു
സന്തോഷിക്കുക നാം
താൻ സത്യദൈവമാകുന്നു
താൻ നിത്യരാജനാം

൨ യഹോവാ വാഴുന്നു
സ്വർല്ലോകത്തിൽ എല്ലാം
സദാ ഒരുങ്ങി നില്ക്കുന്നു
ചെയ്വാൻ തൻ നിർണ്ണയം

൩ യഹോവാ വാഴുന്നു
സൂര്യനും ചന്ദ്രനും
തൻചൊൽ പ്രമാണിച്ചോടുന്നു
ആകാശം സർവ്വവും

൪ യഹോവാ വാഴുന്നു
കാററും സമുദ്രവും
തൻ വാക്കിന്നു കീഴ്പ്പെടുന്നു
പ്രപഞ്ചം ഒക്കെയും

൫ യഹോവാ വാഴുന്നു
മിന്നീടുന്നു തൻ വാൾ
വൻപാറകൾ പിളരുന്നു
തൻവാക്കിൻ ശക്തിയാൽ

൬ യഹോവാ വാഴുന്നു
താൻ സാത്താൻ രാജത്വം
എല്ലാം നിഷ്ഫലം ആക്കുന്നു
പുത്രൻ മുഖാന്തരം

൭ യഹോവാ വാഴുന്നു
പാപത്തിൻ വാഴ്ച താൻ
ഉള്ളിൽനിന്നു നീക്കീടുന്നു
തൻ വാഴ്ച സ്ഥാപിപ്പാൻ

൮ യഹോവാ വാഴുന്നു
തൻ രാജ്യം ആത്മാവിൽ
സന്തോഷം നീതിയാകുന്നു
വിശുദ്ധ സ്നേഹത്തിൽ

൯ യഹോവാ വാഴുന്നു
തൻ സമ്മതം വിനാ
നിൻ ശിരസ്സിൻ ഓർ രോമവും
നശിപ്പാൻ പാടില്ല

൧൦ യഹോവാ വാഴുന്നു
തൻ ഭക്തർ നന്മയ്ക്കായ്
സുഖത്തിലും ദുഃഖത്തിലും
എല്ലാററിലും തൻ കൈ

൧൧ യഹോവാ വാഴുന്നു
രാജ്യവും ശക്തിയും
എന്നേക്കും തന്റേതാകുന്നു
എല്ലാ മഹത്വവും.

---

## ൪൬൨ 462

### രാഗം ഇംഗ്ലീഷ്

൧ വേലയ്ക്കു വേലയ്ക്കു
ദൈവദാസന്മാർ നാം
ക്രിസ്തൻ കാണിച്ച പാത
നാം പിൻ ചെല്ലണം
ഇങ്ങു വാഴുവാൻ അല്ല
ശുശ്രൂഷ ചെയ്വാൻ
ഇഹത്തിൽ പിറന്നു
സ്വർഗ്ഗരാജാവു താൻ
യത്നിക്ക–യത്നിക്ക
തേടുക–നേടുക
ആശിക്ക–പ്രാർത്ഥിക്ക
കർത്താവു വരും വേഗത്തിൽ

൨ വേലയ്ക്കു വേലയ്ക്കു
ചുറ്റും നോക്കുക നാം
എങ്ങും വാഴും അസത്യ-
ത്തെ പോക്കുക നാം
സർവ്വസൃഷ്ടിയും യേശു-
വെ കാണുംവരെ
ഉയർത്തീടുക നാം സത്യ-
മാം കൊടിയെ— യത്നി

൩ വേലയ്ക്കു വേലയ്ക്കു
ദൈവദ്രോഹങ്ങളും
വ്യാജമാർഗ്ഗങ്ങൾ
നാശത്തിൻ മോഹങ്ങളും
ദൈവഭൂമിയിൽ
വർദ്ധിക്കുന്നോർ സമയെ
സ്വസ്ഥത യോഗ്യമോ
ക്രിസ്തൻ ദാസന്മാരേ— യത്നി

൪ വേലയ്ക്കു വേലയ്ക്കു
ഇന്നു രക്ഷയിൻ നാൾ
എങ്കിലും നിത്യവും
പാപ ശിക്ഷകളാൽ
ആയിരം ആയിരം
നശിച്ചീടുന്നിതാ
രക്ഷിപ്പാൻ രക്ഷിപ്പാൻ
എൻ സഹോദരാ, വാ— യത്നി

൫ വേലയ്ക്കു വേലയ്ക്കു
ഓരോ കഷ്ടങ്ങളും
പരിഹാസങ്ങൾ
ഹിംസകൾ നഷ്ടങ്ങളും
സഹിച്ചും വഹിച്ചും–
കൊണ്ടദ്ധ്വാനിക്ക നാം
എന്നാൽ നാം ക്രിസ്തുവിൻ
സത്യസേവകർ ആം— യത്നി

൬ വേലയ്ക്കു വേലയ്ക്കു
പിന്നെ സ്വസ്ഥതയും
കർത്തൻ ദാസരാം നാം
നിത്യം ആസ്വദിക്കും
എൻ സന്തോഷത്തിലേക്കു
പ്രകാശിക്കുക
എന്നു താൻ അരുളിച്ചെയ്യും
ഹല്ലേലുയ്യാ— യത്നി

---

## ൪൬൩ 463

### രാഗം ഇംഗ്ലീഷ്

൧ കേൾക്ക കേൾ ഓർ കാഹളം
മോചനം സ്വാതന്ത്ര്യം
ദൈവത്തിൻ വിളംബരം
മോചനം സ്വാതന്ത്ര്യം
നാശമാകും ഏവർക്കും
ഭാഗ്യയോബേൽ വത്സരം
ഘോഷിപ്പിൻ എല്ലാടവും
മോചനം സ്വാതന്ത്ര്യം

൨ ചൊല്ലുവിൻ കാരാഗൃഹേ
മോചനം സ്വാതന്ത്ര്യം
കേൾക്കുവിൻ ഹേ ബദ്ധരേ
മോചനം സ്വാതന്ത്ര്യം
ക്രൂശിന്മേലെ കാണുവിൻ
നിത്യമാം ഉദ്ധാരണം
യേശുവോടു വാങ്ങുവിൻ
മോചനം സ്വാതന്ത്ര്യം

൩ ദുഃഖന്മാരെ രക്ഷിപ്പാൻ
മോചനം സ്വാതന്ത്ര്യം
ശിഷ്ടരാക്കി തീർക്കുവാൻ
മോചനം സ്വാതന്ത്ര്യം
ദൈവസ്നേഹം കാണുവിൻ
വാഴ്ത്തുവിൻ തൻ കാരുണ്യം
ജീവൻ ദാനം പ്രാപിപ്പിൻ
മോചനം സ്വാതന്ത്ര്യം

൪ പാപഭാരം മാറ്റുവാൻ
മോചനം സ്വാതന്ത്ര്യം
മായ സേവ തീരുവാൻ
മോചനം സ്വാതന്ത്ര്യം
ഹാ സൌഭാഗ്യവാർത്തയെ
എങ്ങിനെ നിഷേധിക്കാം
ഇത്ര വല്ല്യോർ രക്ഷയെ
മോചനം സ്വാതന്ത്ര്യം

൫ സ്വർഗ്ഗം സാക്ഷി പുത്രനിൽ
മോചനം സ്വാതന്ത്ര്യം
തർക്കം വേണ്ടാ ഭൂമിയിൽ
മോചനം സ്വാതന്ത്ര്യം
വിശുദ്ധാത്മ മുദ്രയാൽ
ഉണ്ടു പൂർണ്ണ നിശ്ചയം
പ്രാപിക്കും വിശ്വാസത്താൽ
മോചനം സ്വാതന്ത്ര്യം

൬ വാഗ്ദത്തങ്ങൾ കേൾക്കട്ടെ
മോചനം സ്വാതന്ത്ര്യം
ആഴങ്ങൾ മുഴങ്ങട്ടെ
മോചനം സ്വാതന്ത്ര്യം
ദ്വീപും കേട്ടു ചൊല്ലട്ടെ
യേശുനാഥാ വന്ദനം
സൃഷ്ടിയെല്ലാം പാടട്ടെ
മോചനം സ്വാതന്ത്ര്യം

---

## ൪൬൪ 464

### ഇംഗ്ലീഷ് — ഏകതാളം

#### പല്ലവി

ദൈവത്തിന്നും കുഞ്ഞാട്ടിന്നും
ഉള്ള സിംഹാസനത്തിൻ
കീഴിൽനിന്നൊഴുകുന്നിതാ
ശുഭ്രമാം ജീവനദി

#### ചരണങ്ങൾ

൧ എന്നുള്ളിൽ ത്രിയേകൻ തന്റെ
സിംഹാസനം സ്ഥാപിച്ചു
അതിലധിവസിച്ചെന്റെ
ജീവനെ പുതുക്കുന്നു— ദൈവ

൨ എന്റെ മാലിന്യം കഴുകി
പുണ്യമാക്കുന്നു സദാ
ജീവൻ സ്നേഹം എന്നകമെ
നിറയ്ക്കുന്നല്ലെല്ലയ്യാ— ദൈവ

൩ അഴിയാത്ത ജീവശക്തി
അന്തർഭാഗേ ഒഴുകി
എന്നെയേററം ശക്തനാക്കി
ഒരുക്കുന്നാശ്ചര്യമായ്— ദൈവ

൪ ഈ നദി കടന്നു ചെല്ലും
ദേശമൊക്കെ ജീവിക്കും
വരണ്ട ഹൃദയം മേലാൽ
ഏദനെപ്പോലായിടും— ദൈവ

൫ കാട്ടുപ്രദേശം വനവും
പുഷ്പിച്ചാനന്ദിച്ചീടും
ശാരോൻശോഭയുമതിന്നു
ഭംഗിയില്ലുണ്ടായ്വരും— ദൈവ

൬ ദൈവതേജസ്സെന്നുള്ളിൽ ശോ-
ഭിക്കുമതിന്നാനന്ദം
കൊണ്ടു ഞാനും സ്തോത്രജീവൻ
തുടർന്നീടും നിരന്തം— ദൈവ

൭ ഈ നദിയിലെൻ സങ്കേതം
പൂർണ്ണമാകും നേരത്തിൽ
ശത്രുവിൻ ശല്യങ്ങളൊന്നും
യേശുകില്ല എന്റെ മേൽ— ദൈവ

൮ എന്റെ സൂര്യനില്ല പിന്നെ
അസ്തമനം നിർണ്ണയം
മങ്ങലില്ല എൻ ചന്ദ്രനും
ശോഭയെന്നും എരിയും— ദൈവ

൯ എന്റെ കാൽ വേഗത്തിലോട്ടും
ശോഭയുള്ള പാതയിൽ
സ്വർഗ്ഗപടിവാതിൽ തേടും
ചേരാൻ മണവറയിൽ— ദൈവ

൰ ദൈവത്തിൻ സ്നേഹസാഗരം
ഓർത്തെന്നിൽ പെരുകുന്നു
വിസ്മയം അതിന്റെ ഭാരം
എന്നിലേററം തുളുമ്പുന്നു— ദൈവ

൰൧ ഇപ്പുഴപോലിത്ര സ്നേഹം
അപ്പനേ! നിനക്കുണ്ടോ?
ആനന്ദ വിവശതയാൽ
ഞാനടിപെടുന്നഹോ!— ദൈവ

൪൬൫ 465

൧ കുഞ്ഞാടാം ക്രിസ്തേശുവിൻ
രക്തത്തിൻകീഴ് സങ്കേതം മമ
കഷ്ടദുഃഖങ്ങളകററി വീ-
ണ്ടഹോ—ദൈവ
കോപമാകെ നീക്കി എന്നെ
ചേ-ർത്തഹോ!

൨ യേശുവിൻ മരണമാം
ചെങ്കടലിൽ മുങ്ങുകമൂലം
യേശു ജീവനോടടിയനേ-
കമായ്-പാപ
നാശജീവൻ ചെങ്കടലിൽ
താ-ണുപോയ്

൩ എന്നകമേ വാഴുന്ന ശ്രീയേശുവിന്നു-
യിർപ്പുജീവൻ
തന്നിലെൻ ജീവൻ പുഷ്ടമാ-
യല്ലോ-മഹാ
ഉന്നതനോടു സംബന്ധം
ചേ-ർന്നല്ലോ

൪ ദൈവസാന്നിദ്ധ്യമല്ലോ എൻ മനസ്സിൽ
പ്രശോഭിച്ചീടുന്നു
ദൈവപരിശുദ്ധത സാമീ-
പ്യമായ്-ഹാ! എൻ
ദൈവസംസർഗ്ഗ വിഘ്നവും
നീങ്ങിപ്പോയ്

൫ പരിശുദ്ധനന്തരംഗ വാസിയായ്
ഭരിച്ചീടുന്നു
പരിശുദ്ധജീവൻ മുതിർന്നീ-
ടുന്നു-എന്നിൽ
പരിശുദ്ധാലയം
ഉയർന്നീ-ടുന്നു

൬ മഹത്വധാരിയാമേശു തൻ
വിശുദ്ധാവിയാലെന്നിൽ
മഹൽശക്തി പകർന്നു ക-
ടാക്ഷിച്ചു-ദൈവ
ബഹുമതിയായതും
പ്രകാ-ശിച്ചു

൭ കർത്ത നിൻ സ്വപ്രതിമയായ്
എന്നെ മറുരൂപമാക്കി
കാത്തു തേജസ്സരിക്കേണം
നാൾ-കനാൾ-മാർവ്വിൽ
ചേർത്തു സ്വർഗ്ഗരൂപിയാക്കി
മേൽക്കു—മേൽ.

---

൪൬൬ 466

നാഥനാമക്രിയ — ആദിതാളം

ഖണ്ഡങ്ങൾ

൧ യേശുരക്ഷകനെന്റെ
ഏററമരുമനാഥൻ
നാശപാത്രമായൊരെൻ
ക്ലേശത്തെയൊഴിച്ചു താൻ—

൨ താതന്റെ മടി വിട്ടു
ഭൂതലമതിൽ വന്നെൻ
പാതകത്തിനായ് താൻ
ഗോൽഗോഥാവിൽ മരിച്ചല്ലോ—

൩ ഇത്ര സ്നേഹവാനാമെൻ
രക്ഷകന്നെനിക്കുള്ള-
തൈശ്വര്യം കൊടുക്കുന്നോൻ
ഏത്തിൻ പൂർണ്ണതയോടെ—

൪ ശുദ്ധതയിൻ മാർഗ്ഗേ
കൃത്യമായ് നടപ്പാൻ തന്റെ
സത്യവചനമെന്റെ
നിത്യാഹാരമാകേണം

൫ മന്നിൽ വാസമുള്ളെന്നും
തന്നോടുള്ള സംസർഗ്ഗം
എന്നോഹരിയായെന്നാൽ
ധന്യൻ ഞാൻ സദാ നൂനം—

൬ ലോകത്തിൽ എനിക്കുണ്ടാം
ശോകങ്ങളിലാശ്വാസം
ഏകുന്നെന്റെ പ്രിയര-
ക്ഷാകരൻ കനിവോടെ—

൭ മാനസേ വസിച്ചാത്മ-
ദാനങ്ങൾ ചൊരിഞ്ഞേററം
താനെന്നും ഹൃദയത്തിൽ
ആനന്ദമരുളുന്നു—

൮ കാണും വേഗമീ കൺകൾ
പ്രാണനാഥനെയപ്പോൾ
ആനന്ദമതിന്നു സം-
പൂർണ്ണത വരും ആമേൻ—

---

൪൬൭ 467

ഹംസധ്വനി — രൂപകം

ഖണ്ഡങ്ങൾ

൧ ദുഃഖതാപ്ത-രമതാകും
ഭൂമിവാസം-വിട്ടു ഞാൻ
സ്വർഗ്ഗനാട്ടി-ലേക്കു യാത്ര
ച്ചിപ്പോഴൊരു-[illegible]

൨ എൻ പ്രിയപ്പെ-ട്ടോരെയെല്ലാം
ഏല്പിച്ചിട്ടു-ന്നേനിതാ
ശാന്തി തിങ്ങും-സ്വർപിതാവെ
നിൻ കരങ്ങ-ളിലിപ്പോൾ—

൩ നിത്യഭാഗ്യ-നാടതിൽ വ-
ന്നെത്തിടുന്ന-നാൾവരെ
കാത്തുകൊള്ളു-ണമേ നാഥാ
ഭദ്രമായെ-ല്ലാരെയും—

൪ ഒന്നുപോലും-നഷ്ടമാകാ-
കാതെ വാതിൽ-നിന്നുടെ
സന്നിധിയിൽ-വന്നുചേരാൻ
ഉന്നതാ തു-ണെയ്ക്കുക—

൫ ദൈവദൂതർ-കൈകളിലെ-
ന്നെ വഹിപ്പ-തിന്നിതാ
ഭുവിൽ വന്നി-റങ്ങീടുന്നു
ദ്യോവിൽനിന്ന-നേകം പേർ—

൬ ദൂതരിൻ ഗാ-നമതു കേൾ-
കാതിന്നിമ്പ-മേററവും
മോദമേകും-സ്വർഗ്ഗവീണാ-
നാദവും മ-നോഹരം—

൭ സ്വർഗ്ഗയെറു-ശലേമിന്റെ
തങ്കവാതിൽ-കളിതാ
ഭാഗ്യലോക-വാസികളെ
കൺകളാൽ കാ-ണുന്നു ഞാൻ—

൮ സൂര്യകാന്തി-യോടുകൂടെ
ചാരെ നില്ക്കു-ന്നാരഹൊ
ക്രൂശിലെൻ പേ-ർക്കു മരിച്ചാ-
[illegible]രക്ഷി-താവിതോ ?—

൯ ആണിയിൻ വ-ടുവിതാ ഞാൻ
കാണുന്നു തൻ-പാണിയിൽ
പ്രാണനാഥൻ-തന്നേ നൂനം
ഹാ! പരമാ-നന്ദമേ.

---

## ൪൬൮ 468

൧ കൃപ കൃപ കൃപ തന്നേ
കൃപയുടെ പൈതൽ ഞാൻ
കൃപയാലെൻ ഹൃദയത്തെ
കവർന്നു രക്ഷാകരൻ

൨ പ്രതികൂലങ്ങളെ നീക്കി
അതിമോദം ഹൃദയേ
സതതം തന്നീടുന്നെന്നിൽ
കൃപയാലത്യുന്നതൻ

൩ നിത്[illegible]യ രക്ഷകന്റെ
രക[illegible]ൽ കഴുകി

പുത്രനാക്കി നിത്യജീവൻ
മാത്രതോറും തരുന്നു

൪ ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ
ദൈവമാം ത്രിയേകനു
ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ
ഹല്ലേലൂയ്യാ വന്ദനം!

---

## ൪൬൯ 469

൧ സമയമാം രഥത്തിൽ ഞാൻ
സ്വർഗ്ഗയാത്ര ചെയ്യുന്നു
എൻ സ്വദേശം കാണ്മതിന്നു
ബദ്ധപ്പെട്ടോടീടുന്നു

ആകെ അല്പനേരം മാത്രം
എന്റെ യാത്ര തീരുവാൻ
യേശുവേ നിനക്കു സ്തോത്രം
വേഗം നിന്നെ കാണും ഞാൻ

൨ രാവിലെ ഞാൻ ഉണരുമ്പോൾ
ഭാഗ്യമുള്ളോർ നിശ്ചയം
എന്റെ യാത്രയുടെ അന്തം
ഇന്നലേക്കാൾ അടുപ്പം

൩ രാത്രിയിൽ ഞാൻ ദൈവത്തിന്റെ
കൈകളിൽ ഉറങ്ങുന്നു
അപ്പോഴും എൻ രഥത്തിന്റെ
ചക്രം മുമ്പോട്ടോടുന്നു

൪ തേടുവാൻ ജഡത്തിൻ സുഖം
ഇപ്പോൾ അല്ല സമയം
സ്വന്തനാട്ടിൽ ദൈവമുഖം
കാണ്കെയത്രെ വാഞ്ഛിതം

൫ ഭാരങ്ങൾ കൂട്ടുന്നതിന്നു
ഒന്നും വേണ്ടാ യാത്രയിൽ
അല്പം അപ്പം വിശപ്പിന്നു
സ്വല്പം വെള്ളം ദാഹിക്കിൽ

൬ സ്ഥലം ഹാ മഹാ വിശേഷം
ഫലം എത്ര മധുരം
വേണ്ട വേണ്ട ഭൂപ്രദേശം
അല്ല എന്റെ പാർപ്പിടം

൭ നിത്യമായോർ വാസസ്ഥലം
എനിക്കുണ്ടു സ്വർഗ്ഗത്തിൽ
ജീവവൃക്ഷത്തിന്റെ ഫലം
ദൈവപറുദീസായിൽ

൮ എന്നെ എതിരേല്പാനായ്
ദൈവദൂതർ വരുന്നു
വേണ്ടുമ്പോലെ യാത്രയ്ക്കായ്
പുതുശക്തി തരുന്നു

൯ ശ്രേഷ്ഠലോക വെളിച്ചത്തിൽ
ഉള്ള അവകാശത്തിന്
പങ്കു തന്ന ദൈവത്തിന്നു
സ്തോത്രം സ്തോത്രം പാടും ഞാൻ.

## ൪൭൦ 470

### സിങ്കളം — ആദിതാളം

൧ സങ്കടത്താൽ ഞാൻ തളർന്നു
സങ്കേതം തേടി നടന്നു
തങ്കരുധിരം പകർന്നു
ചങ്കു രക്ഷകൻ തുറന്നു

൨ പാപഭാരം നീക്കി തന്നു
ശാപവുമെല്ലാമകന്നു
പാവനാത്മാവെ പകർന്നു
ദൈവസ്നേഹം എന്നിൽ തന്നു

൩ ഉള്ളമതിലെൻ ദൈവം താൻ
വള്ളികൊണ്ടു വാണീടുവാൻ
വല്ലഭൻ എഴുന്നെള്ളിയാൻ
കൽനെഞ്ചിനെ മാംസമാക്കാൻ

൪ കല്പനകൾ കാക്കാൻ ശക്തി
അല്പമില്ലാഞ്ഞെന്നിൽ പ്രാപ്തി
അപ്പനനുഗ്രഹിച്ചന്നു
കെൽപുതാനങ്ങുണ്ടായ്‌വന്നു

൫ പാപശക്തികളകന്നു
ദൈവശക്തിയുള്ളിൽ വന്നു
ദൈവഭവനമതാക്കി
ദൈവവാസമുള്ളിലാക്കി

൬ ഇത്തരമനുഗ്രഹങ്ങൾ-
ക്കെത്രയോ അപാത്രനാമീ
ചത്ത നായിതാ നിൻ പാദം
മുത്തി വണങ്ങി പാടുന്നേൻ.

## ൪൭൧ 471

൧ എപ്പോഴും ഞാൻ സന്തോഷിക്കും
എൻ യേശു എന്റെ ഗാനം
എല്ലാടവും ആഘോഷിക്കും
എൻ രക്ഷകന്റെ ദാനം

യേശുവേ നീ സ്വർഗ്ഗത്തിൽ
എന്റെ നാമം എഴുതി
ആരും എടുക്കാത്ത ഈ
ഭാഗ്യം എൻ സന്തോഷം

൨ നിൻ രാജ്യത്തിന്നൊരന്യനായ്
ഭൂമിയിൽ ഞാൻ ഉഴന്നു
നീ വന്നതാലെ ധന്യനായ്
പ്രവേശനം നീ തന്നു— യേശു

൩ മഹത്വമുള്ള രക്ഷകാ നീ
തന്നേ സ്വർഗ്ഗവാതിൽ
സ്വർഗ്ഗീയഗീതങ്ങൾ ഇതാ
ധ്വനിക്കുന്നെന്റെ കാതിൽ— യേശു

൪ ഈ ലോകത്തിൽ ഓർ മാനവും
എനിക്കില്ലെങ്കിലെന്തു?
സ്വർഗ്ഗീയ പേരും സ്ഥാനവും
തരും എൻ ദിവ്യബന്ധു— യേശു

൫ എൻനാമം മാച്ചുകളവാൻ
പിശാചിനാൽ അസാദ്ധ്യം
എൻ യേശു ശക്തൻ കാക്കും താൻ
തൻ രക്തത്തിൻ സമ്പാദ്യം— യേശു

൬ മൃത്യുവിൻനാൾ സമീപിച്ചാൽ
ഇണ്ടില്ല ക്ലേശം താപം
എൻ ജീവൻ ക്രിസ്തൻ ആകയാൽ
മരിക്കയാലും ലാഭം— യേശു

൭ തൻ ന്യായതീർപ്പു കേൾക്കുമ്പോൾ
അനേകർ ഭ്രമിച്ചീടും
എനിക്കോ യേശുരാജൻ ചൊൽ
നിത്യാനന്ദം നല്കീടും— യേശു

൮ സന്തോഷമേ സന്തോഷമേ
എൻ ദൈവത്തിന്നു സ്തോത്രം
എൻ ജീവനാം എൻ യേശുവേ
നീയും സ്തുതിക്കു പാത്രം— യേശു

## ൪൭൨ 472

### തെമ്പാങ്കു

ആലോചിക്കാഞ്ഞാൽ
അയ്യോ ഭയങ്കരമേ
ആലോചിക്കാഞ്ഞാൽ
നിർഭാഗ്യമല്ലോ

൧ സന്തോഷസംഭവങ്ങൾ
ഒന്നുമില്ല മന്നിടത്തിൽ
സങ്കടം മാ സങ്കടം
സമസ്തശാപമന്നിടത്തിൽ— ആലോ

൨ കാഴ്ചയെന്തു വാഴ്ചയെന്തു
കണ്ട മോടി മായയെന്തു
താഴ്ചയെന്തു വീഴ്ചയെന്തു
സത്യനില പാലിക്കേണ്ടു— ആലോ

൩ സൌഖ്യമെന്തു ഭംഗിയെന്തു
ശക്തിയാനന്ദങ്ങളെന്തു
ഭാഗ്യവും നിർഭാഗ്യവും
സന്തുഷ്ടിയും മായയല്ലോ— ആലോ

൪൭൩ **473**

### പല്ലവി

സീയോൻ സഞ്ചാരികളേ !
നിങ്ങൾ ശീഘ്രമുണർന്നുകൊൾവിൻ
സീയോൻ-യാത്ര-മദ്ധ്യേ
നിങ്ങൾ-എന്തിനുറങ്ങീടുന്നു ?

### ചരണങ്ങൾ

൧ നിദ്രയിൽനിന്നുണരാൻ
നേരം വന്നുകഴിയുന്നിതാ
നിദ്രാ-ഭാരം-നിങ്ങൾ
വിട്ടെ-ഴുന്നു ശോഭിച്ചുകൊൾവിൻ—

൨ വർഷകാലം കഴിഞ്ഞു
മാറിപ്പോയി മഴയും പ്രിയരേ
പുഷ്പ-ങ്ങളി-താ ഭൂ-മിമേൽ
കാണപ്പെടുന്നു നന്നായ്— സീ

൩ പാട്ടു പാടുന്ന കാലം
വന്നിരിക്കുന്നു പക്ഷികൾക്കു
കാട്ടു-പ്രാവിൻ-ശബ്ദം
നമ്മുടെ ദേശത്തു കേൾക്കുന്നിതാ— സീ

൪ അത്തിവൃക്ഷം തളിർത്തു
തന്റെ പച്ചക്കായ്കൾ തരുന്നു
മുന്തി-രിയി-ളക്കു-
ലകൾ സൌരഭ്യം തൂകിടുന്നു— സീ

൫ എത്രത്തോളമുറങ്ങും
നിങ്ങൾ ബോധമില്ലാതിനിയും
മാത്ര-നേര-ത്തിന്നുൾ
കർത്തൻ വന്നണഞ്ഞീടുമഹോ— സീ

ക്രിസ്തൻ വരുന്ന നേരം
നിങ്ങൾ നിദ്രയിലാകുമെങ്കിൽ
എത്ര-പരി-താപ-
മെന്നു ഓർത്തുകൊണ്ടീക്ഷണത്തിൽ—

വേഗമുണർന്നുകൊൾക
സ്വർഗ്ഗ സീയോൻ തിരുസഭയേ
വേഗം-നീയു-ണർന്നു
കാണ്മാൻ കാത്തിരിക്കുന്നു കർത്തൻ—

---

൪൭൪ **474**

൧ കനിവുള്ള യേശുവേ
നോക്കേണമേ
നശിക്കുന്ന ജഗത്തിനെ
നോക്കേണമേ
നീ ചെയ്യാഞ്ഞാൽ യേശുവേ !
ആര് രക്ഷിക്കും ജനത്തെ ?
നിന്റെ രക്ഷാവേല
ചെയ്യേണമേ—

൨ മനുഷ്യന്റെ പുത്രനേ
നോക്കേണമേ
സ്വന്ത ജഡരക്തത്തെ
നോക്കേണമേ—

൩ ജീവൻ നൽകും നാഥനേ
നോക്കേണമേ
പാപത്താലെ ചത്തോരെ
നോക്കേണമേ—

൪ വെളിച്ചമാം യേശുവേ
നോക്കേണമേ
ഇരുളാം ആത്മാക്കളെ
നോക്കേണമേ—

൫ ചികിത്സന്റെ വൈദ്യനേ
നോക്കേണമേ
കേൾവി പോയ ചെവിയെ
നോക്കേണമേ—

൬ സാത്താനെ ബന്ധിച്ചോനേ
നോക്കേണമേ
അവൻ ബന്ധിച്ചവരെ
നോക്കേണമേ—

൭. താക്കോൽ കയ്യിലുള്ളോനേ
നോക്കേണമേ
ഹൃദയപ്പൂട്ടുകളെ
നോക്കേണമേ—

൮ വിതെപ്പാൻ വന്നവനേ
നോക്കേണമേ
വിതെക്കുന്ന ശിഷ്യരെ
നോക്കേണമേ—

൯ ശക്തിയുടെ നാഥനേ
നോക്കേണമേ
ബലഹീന ദാസരെ
നോക്കേണമേ—

൧൦ രാജാവായ യേശുവേ
നോക്കേണമേ
നിൻ ചെറിയ സൈന്യത്തെ
നോക്കേണമേ—

൧൧ കൊയ്ത്തിൻ യജമാനനേ
നോക്കേണമേ
നിന്നെ നോക്കും ഭൃത്യരെ
നോക്കേണമേ—

5